அங்குள்ள பெண்மணிகள் அதை வெகு சந்தோஷத்துடன் வரவேற்றது மில்லாமல் அதற்காக என்ன உதவி வேண்டுமானாலும் செய்யத் தயாராயி ருக்கின்றார்கள் என்று இந்த சபையில் சொல்ல விரும்புகிறேன். பத னீர் அதாவது sweet toddy என்ற வார்த்தையை வரிசையில் சேர்க்கவில்லை என்ற பட்டிகையிலிருந்து நீக்கப்படவில்லையென்ற ஒரு வருத்தம் எனக்கு இருக்கிறது. இந்தப் பிரதிநிதி சபையில் நான் சொல்ல விரும்புகிறேன். மேலும் கள் எடுக்கக்கூடிய ஆயுதங்களை எவன் ஒருவன் வைத்துக் கொண்டிருக் கின்றானோ அவன் இந்த சட்டத்தின்கீழ் குற்றவாளியாகக் கருதப்படுவான் என்று தெரியப்படுகிறது. அன்பர்களே! கள் எடுக்க முடியாமல் செய்ய வேண் டும். அரிவாள் அவசியம். சுருள் முதலியவைகளும் வேண்டியிருக்கின்றன. பாளை சீவுவதற்குப் பாளையரிவாள், மட்டையரிவாள் முதலியவைகள் வேண் டும். அதே சமயத்தில் இந்தப் பதனீர் எடுக்கவும் இதே ஆயுதங்களை உபயோகிக்கிறார்களென்று இங்குள்ள அங்கத்தினர்களுக்கும் தெரிந்திருக் குமென்று நம்புகிறேன். பதனீர் எடுக்கவேண்டுமானால் முட்டியைக் கட் டியில்லாமல் முடியாது. பாளையரிவாள் இல்லாமலும் முடியாது. ஆத லால் இவைகளையெல்லாம் நன்றாகக் கவனித்து கனம் மதுவிலக்கு மந்திரி அவர்கள் தமது கூர்மை புத்தியைச் செலுத்தி இவைகளுக்கொரு பரிகா ரம் செய்வாரென்று நம்புகிறேன். மீண்டும், நான் சொல்லுகிறேன்ன வெனில், எங்கள் நாட்டிற்குச் சென்று பார்த்தால் மீன் அறுக்கவும் காய் கறி நறுக்கவும் கள் எடுக்கவும், பதனீர் எடுக்கவும் இந்த ஆயுதங்களையே உபயோகிக்கிறார்கள். ஆதலால் இந்த சபையில் நான் சொல்லுகிறேன்ன வென்றால் காய்கறி நறுக்குவதற்கு வேண்டி அந்த ஆயுதங்களை வைத்தி ருப்பவனை கள் எடுப்பவன் என்று குற்றம் சாட்டினால் அது கொடுமையான வ மாகும். நிரபராதிகள் என்ன செய்வார்கள். மேலும் "அதிகாரச் சீட் டென்று" மந்திரியவர்கள் சொன்னார்கள். சென்னை மாகாணத்திலும், இந்தியா கவர்மெண்டிலும் மது விலக்குத் திட்டம் வந்து விட்ட தென்றும், நாங்கள் முழுக்க முழுக்க அதைத் தழுவிப் படியே copy அடித்து விட்டோமென்றும் சொன்னார்கள். நான் அதை மறுக்க வில்லை. ஆனால் அங்குள்ள சூழ்நிலையல்ல தென் திருவிதாங்கூரிலுள்ள சூழ்நிலை. அங்குள்ள Date palms அல்ல இங்குள்ள Date palms. ஏனென்று கேட்டால் திருநெல்வேலி ஜில்லாவில் சென்று பார்த்தால் ஒரு முதலாளியின் கீழ் முப்பது பனையேறிகள் இருப்பார்கள். ஆனால் தென் திருவிதாங்கூரில் பார்த்தால் ஐந்து அல்லது பத்து முதலாளிகளின் கீழ் ஒரு பனையேறி பனைகள் ஏறுவான். சாதாரணமாக ஒரு பனையேறி நாற் பது பனைகள் ஏறுவான். இந்த நிலையில் ஒரு ஊரை எடுத்துப் பார்த்தால் "அதிகாரச் சீட்டு" இல்லாத ஆளைப் பார்க்கவே முடியாது. இங்கு நமது திட்டத்தில் பனையேறுவதற்கு ஒரு லைசென்ஸ் வேண்டும், கலயம் கட்டு வதற்கு ஒரு லைசென்ஸ் வேண்டும், பதனியைக் கொண்டு போவதற்கு ஒரு லைசென்ஸ் வேண்டும், பதனியை விற்பதற்கு ஒரு லைசென்ஸ் வேண்டுமென்றும் கூறப்பட்டிருக்கிறது. ஆதலால் கனம் மந்திரி அவர்களிடத்திலும் இங்கமர்ந்திருக்கும் பிரதிநிதிகளிடத்திலும் நான் தாழ்மை யாகத் தெரிவித்துக் கொள்வதென்னவென்றால் இந்த "அதிகாரச் சீட்டை" மாற்றா விட்டால் அது நம் பொருளாதாரத் திட்டத்திற்குக் கேடாக ஒரு முழு முதல் காரணமாக யிருக்குமென்று நான் ஊக்கமாகச்

சொல்கிறேன். பகுதிக்கட்டுப்பாடுகள் கட்டாயம் வேண்டும். அதிருந்தால் தான் இந்தத் திட்டம் வெற்றிகரமாக நிறைவேறும். அதை யாராலும் மறுக்க முடியாது. அந்தப் பகுதியில் நல்ல கொள்கையுள்ளவர்களும் மதுவருந்தாதவர்களும் தான் [illegible] வேண்டும். ஆனால் ஒரு தடை. பார்லிமென்டில் [illegible] ஜனங்களுக்குப் பயமாயிருக்கிறது. இந்த நிலையில் அவர்களை இதில் புகுத்திவிட்டால் மிகவும் கஷ்டம் ஏற்படும். [illegible] இந்தத் திட்டம் வெற்றிகரமாக முடியவேண்டுமானால் போலீஸ் [illegible] வேண்டுமென்று [illegible]. ஆனால் இந்த [illegible] போலீஸ் [illegible] [illegible] பயமாயிருக்கின்றது. [illegible] Excise Department [illegible] இத்திட்டத்தை வெற்றிகரமாக அமுலில் கொண்டு வரவேண்டுமென்று சொல்லிக் கொண்டு [illegible] பொறுப்பை நிறைத்துக் கொள்கிறேன்.

MR. R. K. RAM :—இந்த மதுவிலக்குத் திட்டத்தை நான் ஆதரிக்கின்றேன். கனம் மந்திரி அவர்கள் சொன்னார்கள், மஹாத்மா காந்தியடிகளால் கொண்டுவரப்பட்ட அந்த நிர்மாணத் திட்டம் இருக்கும் [illegible] நடக்க வேண்டுமென்று. அதை நான் ஒப்புக்கொள்கிறேன். ஆனால் அவர்கள் திட்டம் மாதிரி இருந்தால் மட்டும் போதாது. அவர்கள் மாதிரியுள்ள மனப்பான்மையும் இருக்க வேண்டும். அன்று கனம் மந்திரி அவர்கள் நாசர்கோவிலிற்கு வந்திருந்த பொழுது [illegible] ஒரு பெரிய வரை அழைத்து இதைப் பற்றிக் கேட்டபொழுது அவர் சொன்னார். இந்தத் திட்டம் நல்லது தான். ஆனால் இதை நடத்துபவர்களைப் பார்க்க வேண்டும். அவர்கள் யோக்கியர்களா ! இல்லை, அயோக்கியர்களாவென்று. ஆதலால் இதைக் கொண்டு வருகிறவர்கள் நல்லவர்களா, அல்லது மக்களை அடக்குவதற்கு இதை ஒரு கருவியாக வைத்துக் கொண்டிருக்கிறார்களாவென்று பார்க்கவேண்டும். மதுவிலக்கென்று சொல்லிக் கொண்டு மக்களை அடக்கும் முறையில் திட்டம் அமுலாவது நன்றல்ல. License, License என்று எல்லாவற்றிற்கும் License வைத்தல் கூடாது. பனை ஏறுதல் எங்கள் நாடுகளில் மிகவும் வளர்ந்துள்ள ஒரு தொழில். அதிலிருந்து எடுக்கிறதுதான் கருப்புக்கட்டி. அதை எடுக்க ஒரு License, பனை ஏற ஒரு License, என்று, இப்படியெல்லாம் வைத்தால் அவர்கள் இந்தத் தொழிலையே நிறுத்தி விடுவார்கள். அப்படி License ஐப் புகுத்தினால் 'பனையேறி' என்ற பட்டம் [illegible] என்று அவர்கள் பயப்படுகிறார்கள். சென்னைமாகாணச் சட்டத்தைப் போன்று இங்கும் சட்டம் போட்டிருப்பதாக மந்திரி சொன்னார். சென்னையிலுள்ள நிலை அல்ல இங்கு. இங்கு ஒரு பனையேறுந் தொழிலாளி பத்து இருபது பேர்களுக்கு மேற்பட்டவர்களுடைய பனைகள் ஏற நேரிடும். ஒரு சர்வே நம்பரில் ஒரு மூலையில் [illegible] பனைகள், மற்ற ஒருவருக்கு அதற்கப்பால் இரண்டு மூன்று பர்லாங்குகளுக்கு மேலுள்ள இடத்தில் 2 பனைகள் என்று இவ்வனம் பற்பல இடங்களிலிருந்து பனைகளுக்கு லைசென்ஸ் எடுப்பது என்பது நடைமுறைக்கொவ்வாது மூன்று. பின் பனையேறிகள் எடுத்து அதைக் கொண்டு ஒன்றிரண்டு மைல்கள் போக நேரிடும். அதற்கும் ஒரு License வேண்டுமென்று இப்படியெல்லாம் இருந்தால் மிகவும் கஷ்டம்

[Mr. R. K. Ram]

இப்பொழுது மது எடுப்பதற்குள்ள License உரிமை அரசாங்கம் கைவிடுகிறது. பதநீர் மக்களுக்கு முக்கியமான ஒரு உணவுப் பொருள். இதற்கும் லைசென்ஸ் என்றால் இந்த பாமர மக்களை அடக்குவதற்கான ஒரு சூழ்ச்சியா என்று அறிய விரும்புகின்றேன். போலீஸ் அதிகாரிகளுக்கு உரிமை வேண்டும். இது சம்பந்தமாக அதிகாரங்கள் கொடுக்கவேண்டுமென்றார்கள். அது மிகவும் கவலைக்கிடமானது. இதுவரையுள்ள சரித்திர அனுபவத்தில் திருவிதாங்கூர் போலீஸ் அதிகாரிகள் பற்றி பலர் அறிவர். அதிலும் ஏழை மக்களை எவ்வளவோ அப்புறம் தெரிய வருகிறது என்று நினைக்க மிகவும் வருத்தமாயிருக்கிறது. Adult Franchise, அதாவது வயது வந்தோர் வாக்குரிமை அடிப்படையில் தேர்தல் நடக்கப்பெறாதது அப்பொழுதிருந்த அரசாங்கமும், இப்பொழுதுள்ள அரசாங்க நிர்வாகம் ஏற்று நடத்தும் ஆட்களும் சேர்ந்து செய்த அட்டூழியங்களைப் பார்த்தால் இன்று இப்பொழுதுள்ள நிலைமையில் அந்த அரசாங்கத்தில் வகை ஆட்களிடமும், போலீஸ் அதிகாரிகளிடமும் இதைக் கொடுத்தால், பாவப்பட்ட எங்கள் ஏழை மக்கள் கதி என்னவாகுமென்று நினைக்க நினைக்க, நான் மிகவும் அச்சமடைகிறேன். ஆதலால், நான் சொல்லுகிறது என்னவென்றால், நல்ல மனப்பான்மையுள்ளவர்களிடத்தில், பொது மக்கட்பால் அன்பு கொண்டவர்களிடத்தில் இந்த மதுவிலக்குத் திட்டம் அமுலை நடத்தும் பொருட்டு ஒப்புவிக்க வேண்டும். கமிட்டி அமைப்பதற்கு இப்பொழுது கையாளப்பட்டிருக்கும் முறையும் நல்லதல்ல. களம் மதுவிலக்கு மந்திரி, மதுவிலக்கு கமிஷனர், மதுவிலக்கு நடைமுறையில் கொண்டுவரும் இடத்திலுள்ள பிரதிநிதிகள் முதலியவர்களைக் கொண்ட ஒரு மத்திய கமிட்டி நிறுவ வேண்டும். இந்த கமிட்டி இதோடு ஒத்துழைக்கும் பொருட்டு பகுதிக் கமிட்டி தாலூக்கு கமிட்டிகள் அமைத்துக் கொள்ள வேண்டும். இங்ஙனம் போலீஸாரால் செய்யப்படுவதை மாற்றி நல்ல மனப்பான்மையுள்ளவர்களிடம் கொடுத்து இதை திருவிதாங்கூரில் கொண்டு வர வேண்டுமென்ற அடிப்படையில் நான் இந்தத் திட்டத்தை ஆமோதிக்கிறேன்.

MR. K. SIVARAMA PILLAI: Let me first congratulate the Minister concerned for introducing this Act which he described as the most beneficial Act ever introduced in this Legislature and I am glad that we are the first recepients of the fruits of the Act. I assure the Minister of our full support. So far as the Act is concerned, let me point out to the Minister that there are certain provisions in the Act, which if used, will be more harmful than the evil effects of drinking. It has been pointed out first that the system of licensing is doubtful. If licensing is introduced, I am told in this House that the jaggery industry will completely go out of Travancore. Then again, as regards the method...

MR. G. NILAKANTAN: May I know whether the Hon'ble Member is aware that the system of licensing is in force elsewhere?

MR. K. SIVARAMA PILLAI: I am aware that the system of licensing is in force at present in the Madras Province and I am equally aware that there is a strong volume of opposition to it now, and in the near future, it will be removed when it comes into force, in

respect of jaggery industry, in Tinnevelly by next October. I am certain about it.

Regarding the enforcement of this Act, there are certain provisions by which it could be used for the most beneficial purposes, or it could be used for quite a different purpose also. I agree in all respects with the learned Minister, excepting that the Bill should be passed in such a hurried manner. What we should require is that we only wish to point out the Sections that have got the double effect, and as far as possible, if with good intentions we are moving, and if it is to be for the most beneficial use of the Country, and if all the people must appreciate it, those things must be calmly and not hurriedly considered. All the amendments we should be allowed to move and discuss and, if possible, pass the Bill by next Monday. No harm will be caused by delaying it by two or three days, On the other hand, if without going through all the implications of the provisions of this Act, it would be an eternal shame to us, if in such a beneficial Act, unguardedly or unknowingly we introduce most harmful provisions in the Act. So my only request is that the second reading must be had by next Monday when surely with the support of the whole House, we can have the whole mat r discussed in detail and pass the Bill in time.

HON'BLE MR. A. THANU PILLAI: May I know from the Hon'ble Member whether we could not have it on Thursday?

MR. K. SIVARAMA PILLAI. But there is one difficulty. There is a Section by which amendments have to be moved before two clear days.

MR. PRESIDENT: There can be no objection...

HON'BLE MR. A. THANU PILLAI: Let there be agreement among all the Members.

MR. K. SIVARAMA PILLAI: We hav agreed well in this respect. All will appreciate it.

MR. N. DANIEL JOSE *(Neyyattinkara III--S. I. U. C.)* All the speakers have welcomed and supported the scheme for prohibition. I also welcome and support the scheme. But when I do this, I do this with certain reservations or fears, if I should put it like that. Whenever the subject of prohibition is mentioned, I cannot forget the colossal failure prohibition was in America. I do not know whether prohibition has been a complete success in other parts of India. But one thing I know. It has become almost a sacred topic in India the subject of prohibition. So much support is offered to prohibition that it is given often in an ecstatic fashion. I cannot do it like that, because I feel that in introducing measures on prohibition, I have sometimes felt that we are putting the cart

[Mr. K. La[illegible] Jo[illegible]]

before the horse. I have felt that there are some factors in our Society which drive men to drink and unless these factors are removed completely, I feel prohibition cannot be a complete success. Vices cannot be driven out unless the impetus comes from within. I feel that in our society, poverty which leads to degradation and misery leads men to drink. In foreign countries like America, I feel this fact can be attributed to mechanistic civilisation. I do not want to digress on that at all, but on a cursory reading of this Bill, I feel that wide powers and unnecessarily wide powers have been given to police officers and others engaged in the task of enforcing prohibition. (1) They can arrest people without warrant. (2) Persons who are arrested and persons articles used in the manufacture of liquor etc. are presumed to be guilty until they prove their innocence. I do not know whether this is in consonance with accepted ideas in law. All the same, I support this Bill heartly and welcome this Bill and hope that this may be of good to the people.

MR. N. V. CHACKO : There is no doubt, that the principle of the Bill is acceptable and that it has to be passed with law as quickly as possible consistent with wisdom and caution. There is great importance attached to the North in this world, at any rate in the Northern Hemisphere. The land system of the world is grouped in the Northern Hemisphere. Even in this House you will find Members who are seated in the Northern wing take greater advantage over those in the Southern wing in speaking. Even the statue, blocking the passage to the people light and air to the Assembly Hall stands facing north mocking us all in haughty scornful contempt turning its back to the south, showing the importance of the North. (Laughter)

HON'BLE MR. A. THANU PILLAI: Does the Hon'ble Member know that the Members on the northern side here mostly come from the south? (Laughter)

MR. N. V. CHACKO : I am coming to that Sir, Travancore has the appearance of a scorpion, with its tail stinging towards the south. There cannot be any offence in comparing Travancore to a scorpion. The bright star is called Day star. Our constellation is named scorpion the head of Travancore is towards the north. Almost the whole of Travancore is in its northern part. Still with regard to Travancore, its northern parts seem to be ignored neglected and forgotten by the government.

The Gvernment introduces prohibition only in the southern taluks. That means people in the northern taluks are allowed to continue drinking and at the same time pay heavily in its price and as excise duty. Before prohibition is introduced the northern taluks should not be penalised with sales tax. I am not jealous of the south. I am only glad that good comes to the south. People in the north ask us why we did not plead for prohibition in the northern taluks

also. You give preference to the north in the matter of collections and you collected excise duty from the north already. At least in the matter of prohibition the same consideration may be shown to us in the north to our fellow beings in the south. The scheme must be made applicable to the north also as early as possible. To the Government, north Travancore ends with the southern boundary of Central Travancore. That should not be You must widen the horizon of your vision up to northern most portions of Travancore, and since we form part and parcel of the union of India, up to the Himalayas and to the whole of Asia. Sales tax should not be introduced in the northern taluks of Travancore unless and until prohibition is also introduced there.

MR. G. NILAKANTAN: I support the Bill for two reasons; one is economical. By the introduction of prohibition, Government foregoes a revenue of 69 lakhs. This means that those who are addicts to intoxicating drinks and drugs will have at least 3 times this amount or 207 lakhs of rupees available for food and other necessaries for them and their families. When I went to some places in the Madras province where prohibition is in force, the labouring classes were found rejoicing that they had money to enable them to live a decent life and even to contribute to public funds. No scheme of industrial development could bring about such a result in so short a time.

The other reason is that it is highly undesirable for a Government to derive a revenue from toddy from the taluks chosen for enforcement of prohibition, as the toddy sold in these taluks is mostly got from sweet toddy mixed with fermented toddy which is proscribed by rules. This illicit practice is permitted for the sake of revenue as in the Madras province where toddy is obtained from palmyra trees. Our popular Government deserve high praise for giving up this revenue in the interests of the peoples' moral and well being.

MR. K. RAMAKRISHNA PILLAI: ഇങ്ങനെ കലർപ്പു ചേർന്ന കള്ള് വിൽക്കുന്നതറിഞ്ഞുകൊണ്ടു വല്ലോ. മെമ്പർ എത്രകാലം ആ ഉദ്യോഗത്തിൽ ഇരുന്നുവെന്നറിഞ്ഞാൽ കൊള്ളാം.

MR. G. NILAKANTAN: As this question is not relevant to the discussion at hand, I am not going to answer it. Now, Sir, Prohibition in the taluks does not create unemployment among tappers as it would create in the case of coconut tree tappers in the area in which toddy is obtained from coconut and sago palms. On the other hand Prohibition will release huge quantities of sweet toddy which will restore to the cottage industry of jaggery manufacture its old vigour,

MR. KRISHNAN AIYAPPAN : ഞാൻ ഈ ബില്ലിനെ ഹാർദ്ദമായി സ്വാഗതം ചെയ്യുകയും ഉടൻ തന്നെ നിയമമായി കാണുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. തിരുവിതാംകൂറിൽ റീജൻസി ഭരണം നിലവിലിരുന്നകാലത്ത് പല ക്ഷേത്രങ്ങളിലും മററും നടപ്പിലിരുന്ന കോഴിവെട്ടും, ചേർത്തല മുതലായ താലൂക്കുകളിൽ നടന്നുവന്ന പൂരപ്പാട്ടുംമററും ഒരു വിളംബരം മൂലം നിരോധനം ചെയ്തു. എന്നാൽ ചേർത്തല താലൂക്കിലെ സർവ്വാർവക ക്ഷേത്രത്തിലെ "പൂരം" ആഘോഷത്തിനും, ഉത്സവത്തിനും അതായത് മീനമാസത്തിലെ ആയില്യം നാൾ തുടങ്ങി നടത്തുന്ന ചടങ്ങുകൾക്ക് താലൂക്കിന്റെ വിവിധഭാഗങ്ങളിൽ നിന്നും വരുന്ന ആളുകളുടെ തെറിപ്പാട്ടുകളും, വർത്തമാനങ്ങളും, മററുവികൃതികളും കണ്ടിട്ടും കേട്ടിട്ടും ഉള്ള എനിക്ക മദ്യപാനം മനുഷ്യന്റെ സദാചാരനിഷ്ഠയേയും, സാന്മാർഗ്ഗിക ബോധത്തെയും എത്രമാത്രം അധഃപതിപ്പിക്കുമെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മീനമാസത്തിലെ പൂരം ഉത്സവത്തിൽ നടന്ന തെറിപ്പാട്ടുകളും, വർത്തമാനങ്ങളും മററുംകേൾക്കാതെ കഴിച്ചുകൂട്ടുവാൻ ഞാൻ ഗേററും മുറികളുടെ വാതിലുകളും അടപ്പിക്കുക ഉണ്ടായി.

MR. R. SANKAR : ഗേററടച്ചിരുന്നാൽ തെറിപ്പാട്ടുകൾ കേൾക്കാതിരിക്കുമോ?

MR. KRISHNAN AIYAPPAN : ഗേററ് മാത്രമല്ല, വാതിലുകളും അടപ്പിക്കുകയും ചെയ്തു എന്നു ഞാൻ പറയുക ഉണ്ടായി. വാതിലുകൾ അടച്ചിരുന്നാൽ ശബ്ദത്തിന് കുറെ കുറവു കിട്ടുമെന്ന് ശബ്ദത്തിന്റെ ഗതിയെ കുറിച്ച് അറിയാവുന്ന ആക്കും മനസ്സിലാകും. ഈ ബില്ല് തെക്കൻ തിരുവിതാംകൂറിലെ ചില താലൂക്കുകളിൽ നടപ്പിലാക്കുന്നതിൽ എനിക്ക വലിയ സന്തോഷമാണുള്ളതെങ്കിലും ചേർത്തല താലൂക്കിലും കൂടി മദ്യവർജ്ജനം നടപ്പിലാക്കാത്തതിൽ എനിക്ക് വലിയ ഇച്ഛാഭംഗം ഉണ്ട്. തിരുവിതാംകൂറിലെ ഒരു വലിയ ഭാഗമായ ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം അവരുടെ സംസ്കാരവും സന്മാർഗ്ഗിക ബോധവും ഈ ചേർത്തല പൂരം നടക്കുന്ന അവസരത്തിൽ വളരെ താണുപോകുന്നു എന്ന സംഗതി വളരെ വ്യസനസമേതം ഈ സഭയിൽ പറയാതെ നിവൃത്തിയില്ല. മദ്യവർജ്ജനം വടക്കൻ തിരുവിതാംകൂറിൽ ചേർത്തല താലൂക്കിലും കൂടി നടപ്പിലാക്കുന്നത് പ്രയോജനകരമായിരിക്കുകയില്ലേ എന്നു ഞാൻ ചോദിക്കുകയും പ്രയോജനകരമാകുമെന്നു തോന്നുന്നു എങ്കിലും അതു പ്രായോഗികമല്ലെന്നു ബഹുഃമന്ത്രി മറുപടി പറയുകയുമുണ്ടായി. ഏതായാലും തെക്കൻ തിരുവിതാംകൂറിൽ മദ്യവർജ്ജനം

നടപ്പിലാക്കുകയും ക്രമേണ എങ്കിലും തിരുവിതാംകൂറിന്റെ എല്ലാഭാഗങ്ങളിലും വ്യാപിപ്പിക്കുകയും ചെയ്യണമെന്നു [illegible] ചെയ്യുമ്പോഴും തിരുവിതാംകൂറിലെ ജനങ്ങളുടെ [illegible] സംസ്കാരത്തിനും [illegible] താല്പര്യത്തിലും കൂടി നടപ്പിൽ [illegible] കൊള്ളുന്നു.

MR. S. KUTTAN : ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ അവതരിപ്പിച്ച മദ്യവർജ്ജന ബില്ലിനെ ഞാൻ സർവാത്മനാ [illegible] ചെയ്യുന്നു.

MR. M. GOVINDAN (*Trivandrum III—General*): സർ, [illegible] ഓഫ് ഓർഡർ Sir, I move that the discussion on the motion may be terminated,

MR. PRESIDENT : You are moving a closure motion?

MR. S. KUTTAN : സർ, എനിക്കു സംസാരിക്കുന്നതിന് അവസരം തന്ന സ്ഥിതിക്ക് എന്നെ പ്രസംഗം തുടരുവാൻ അനുവദിക്കണമെന്നാണ് എന്റെ അപേക്ഷ. തെക്കൻ തിരുവിതാംകൂറിലെ ജനപ്രതിനിധികളായി ഇവിടെ വന്നിരിക്കുന്ന ഞങ്ങൾ ഈ ബിൽ ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ നിമിഷം മുതൽ ഭാഗ്യവാന്മാരാണെന്നു ഞാൻ അഭിമാനിക്കുന്നു. ഒരു പക്ഷേ വടക്കൻ തിരുവിതാംകൂറിൽ നിന്നും വന്നിട്ടുള്ള ബഹുമെമ്പറന്മാർ അസൂയാകലുഷിതമായ ദൃഷ്ടിയോടു ഞങ്ങളെ വീക്ഷിക്കാനിടയായിട്ടുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അത് എന്റെ ചില ബഹുമാന്യസ്നേഹിതന്മാർ ഇവിടെ പ്രസ്താവിക്കുകയും ചെയ്തു. ചിരകാലമായി മദ്യപാനസമുദായത്തിന്റെ സാമൂഹ്യവും സാന്മാർഗ്ഗികവും, സാമ്പത്തികവും ഇതരങ്ങളുമായ ജീവിതചര്യയെ സകല വിധത്തിലും സ്പർശിച്ചുകൊണ്ടിരിക്കുന്ന ഈ ദുർഭൂതത്തെ നിർമ്മാർജ്ജനം ചെയ്യണമെന്നും, വിപാടനം ചെയ്യണമെന്നും ഉള്ള സദുദ്ദേശത്തോടുകൂടിയാണ് ബഹു:മന്ത്രി ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. കാളീക്ഷേത്രങ്ങളിലും മററും ജന്തുബലിപോലെ തന്നെ മദ്യപൂജ ചെയ്യുന്ന ഏർപ്പാടുമുണ്ട്. അതിനെ നിരോധിക്കാനും ഈ ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടതാണു. ഹൈക്കോടതി വിധികൾക്കുപോലും തർക്കിടം മറിക്കുവാൻ സാദ്ധ്യമല്ലാത്തവിധം വ്യക്തവും സുദൃഢവും പരിഷ്കൃതവുമായ വ്യവസ്ഥകളോടുകൂടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബില്ലിലെ വ്യവസ്ഥകൾ മനുഷ്യന്റെ എല്ലാപ്രവർത്തനങ്ങളേയും ബാധകമാക്കപ്പെടു

[Mr. S. Kuttan.]

ത്തുവാൻ പോകുന്നു എന്നാണു ഞാൻ കരുതുന്നതു്. ഈ ബില്ല് നിയമമായി അതിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുമ്പോൾ എല്ലാ തരത്തിലും അതു നമ്മുടെ പുരോഗതിക്ക് അനുയോജ്യമായിത്തീരുമെന്നുള്ളതിൽ യാതൊരു തർക്കത്തിനും അവകാശമില്ല. ഈ ബില്ലിന്റെ വ്യാപ്തി കുറേ കൂടി വിപുലപ്പെടുത്തേണ്ടതാണെന്ന് എനിക്കൊരഭിപ്രായമുണ്ട്. എന്റെ ബഹുമാന്യസ്നേഹിതൻ പറഞ്ഞതുപോലെ ഈ ഷുബലി നിവൃത്തിയത്തോടെ ദേവന്മാരും ദേവികളുമൊക്കെ സാധാരണക്കാരായിത്തീർന്നിട്ടുണ്ട്. ചില ഭദ്രകാളിക്ഷേത്രങ്ങളിൽ മധുപൂജ ചെയ്യുന്നുണ്ട്. ഈ ബില്ലിൽ അത്തരം ദേവന്മാരേയും ദേവികളേയും കൂടെ വലയം ചെയ്യാനുള്ള വ്യവസ്ഥകളുണ്ടാകണമെന്നാണ് ഞാൻ പറയുന്നതു്.

MR. ABDUL AZIZ : ഈ ബില്ലിൽ ദേവന്മാരേയും ദേവിമാരേയും exemptചെയ്തിട്ടുണ്ടെന്നറിയാമോ?

MR. S. KUTTAN : ചില ഭേദഗതികൾ വരുത്തി അവരെയും കൂടെ ഉൾപ്പെടുത്തണമെന്നാണ് ഞാൻ പറയുന്നതു്. എന്തായാലും, മനുഷ്യരുടെ സദാചാരത്തേയും, സാന്മാർഗ്ഗികബോധത്തേയും എന്നല്ലാ മനുഷ്യരുടെ എല്ലാ ജീവിത ചര്യകളേയും പുരോഗമിപ്പിക്കുന്നതിനും സാംസ്കാരികമായ വളർച്ചയെ ഉണ്ടാക്കിത്തീർക്കുന്നതിനും പര്യാപ്തമായ ഒരു ബില്ലാണ് ഇതെന്നു ഞാൻ വിചാരിക്കുന്നു.

MR. P. M. VARGHESE : ഇപ്പോൾ തമിഴ് നാട്ടു കാൺഗ്രസിലുള്ളവർക്ക് ഇതിനെക്കുറിച്ചാലോചിക്കുന്നതിന് അൽപ്പം സമയം കൊടുക്കണം എന്നു പറഞ്ഞു. ബില്ലിനെ പൊതുവേ അവർ സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും ലൈസൻസിനെ സംബന്ധിച്ച വ്യവസ്ഥകളിൽ അവർ അസംതൃപ്തി പ്രകടിപ്പിക്കുകയും അതേക്കുറിച്ചാലോചിക്കുവാൻ അൽപ്പ സമയം ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. ആ സ്ഥിതിക്ക് ഈ ബില്ല് ഉടനെ തന്നെ വടക്കൻ താലൂക്കുകളിൽ പ്രയോഗത്തിൽ കൊണ്ടുവന്നു കൂടെ?

MR. S. KUTTAN : ഈ ബില്ലിലെ വ്യവസ്ഥകൾ തെക്കൻ തിരുവിതാംകൂറിൽ പ്രയോഗത്തിൽ വരുത്താതെ വടക്കൻ താലൂക്കുകളിലേക്ക് മാറുകയാണെങ്കിൽ അതിൽ ഞങ്ങൾക്കു നിശ്ചയമായും വലിയ പ്രതിഷേധം ഉണ്ട്. തമിഴ്നാട്ടു കാൺഗ്രസ്സുകാർ ലൈസൻസിനെ സംബന്ധിച്ച വ്യവസ്ഥകളിൽ ചില ഭേദഗതികൾ വേണമെന്നുമാത്രമേ ആവശ്യപ്പെടുന്നുള്ളു. ബില്ലിനെ അവർ പൊതുവേ ഹാർദ്ദമായി സ്വാഗതം ചെയ്യുക

യാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ബില്ല് തിരുവിതാംകൂറിലെ വേറൊരു ഭാഗത്തേയ്ക്ക് മാററി അവിടെ നടപ്പിൽ വരുത്തണമെന്ന് വടക്കൻ തിരുവിതാംകൂറുകാരായ ചിലർ ആഗ്രഹിക്കുന്നത് ശരിയല്ല. ഈ ബില്ല് ഏതൊരു ഭാഗത്തേക്കാണോ ഉദ്ദേശിച്ചിരിക്കുന്നത് അവിടെ തന്നെ ബില്ലിലെ വ്യവസ്ഥകൾ അത്യാവശ്യമായി പ്രവർത്തനത്തിൽ കൊണ്ടു വരണമെന്നുള്ള അഭിപ്രായമാണെനിക്കുള്ളത്. അതുകൊണ്ട് ഈ ബിൽ എന്റെ ബഹുമാന്യസ്നേഹിതൻ മി. ശിവരാമപിള്ള ആവശ്യപ്പെട്ടതുപോലെ കുറഞ്ഞത് രണ്ടുമൂന്നു ദിവസംകൂടി അന്വേഷിച്ച് ആവശ്യമുള്ള ഭേദഗതികളോടുകൂടി പാസ്സാക്കി നടപ്പിൽ വരുത്തുന്നതുമൂലം ഈ രാജ്യത്തിലെ നൂറു ലക്ഷം ജനങ്ങൾക്കുമാത്രമല്ല ജനസമൂഹത്തിനു പൊതുവേ പ്രയോജനകരമായിത്തീരുമെന്നുള്ളതിന് യാതൊരു സംശയവുമില്ലെന്നാണെന്റെ അഭിപ്രായം.

MR. PRESIDENT : ഇവിടെ വാദപ്രതിവാദം അവസാനിപ്പിക്കണമെന്ന് ഒരു ക്ലോഷർമോഷൻ വന്നിരിക്കുന്നു. അതുകൊണ്ട് ഇതു സംബന്ധിച്ചുള്ള വാദപ്രതിവാദം തുടരണമോ വേണ്ടയോ എന്നുള്ള കാര്യത്തെപ്പററി സഭയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

MR. D. GNANASIGAMONI : As so many members wish to speak on this important measure will it not be infringing the rights of the members to close the discussion at this juncture.

MR. PRESIDENT : That depends upon the sense of the House.

The motion for closure of the debate was put and carried.

The motion was passed.

HON'BLE MR. G. RAMACHANDRAN : Sir, I now beg to move that the Bill be taken into consideration on next Thursday the 5th August 1948.

MR. K. A. MATHEW : വ്യാഴാഴ്ച ബഡ്ജററിനെപ്പററിയുള്ള ജനറൽ ഡിസ്കഷന് സമയം വച്ചിരിക്കയാണ്. ഈ ബില്ലിനെപ്പററിയുള്ള പര്യാലോചന അന്നത്തേക്കു മാററി വച്ചിരിക്കുന്നതുമൂലം ബഡ്ജററിന്റെ ജനറൽ ഡിസ്കഷനു വേണ്ടിയുള്ള അവസരം നഷ്ടപ്പെട്ടുപോകുമോ എന്ന് അറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : അജണ്ടായിൽ കാണിച്ചിരിക്കുന്ന നടപടികൾ ന്യായമായി നാലുമണിക്ക് അവസാനിക്കുമെന്നാണ് എന്റെ അറിവ്. അതനുസരിച്ച് നാലരമണിവരെ ബഡ്ജററിനെപ്പററിയുള്ള ജനറൽ ഡിസ്കഷൻ നടക്കും. അത് കഴിഞ്ഞ് ഈ ബില്ലിനെപ്പററിയുള്ള പര്യാലോചന നടത്തുന്നതാണ്.

MR. PANDAVATHU SANKARA PILLAI : ഈ ബിൽ അവതരിപ്പിച്ചിരിക്കുന്ന രീതിയ്ക്ക് സർക്കാരിന്റെ ആലോചന വരെ [illegible] മാററി വച്ചതിന്റെ കാരണം എന്താണെന്നു മനസ്സിലാകുന്നില്ല. ബിൽ അവതരിപ്പിച്ചിരിക്കുന്ന എന്ന [illegible] ധരിക്കേണ്ടതുണ്ട്.

MR. PRESIDENT : ബിൽ അവതരിപ്പിക്കുന്നതിനാണ് അനുവദിച്ചത്. അതനുസരിച്ച് ബിൽ അവതരിപ്പിക്കുകയും ചെയ്തു കഴിഞ്ഞു. ബിൽ രണ്ടാം വായനയ്ക്കാണ് വ്യാഴാഴ്ചത്തേക്ക് മാററി വയ്ക്കാൻ നിശ്ചയിച്ചത്. ബില്ലിന്റെ രണ്ടാം വായന ആഗസ്റ്റ് 5-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം നാലര മണിക്ക് നടക്കുന്നതാണ്.

THE TRAVANCORE UNIVERSITY ACT(AMENDMENT BILL)

MR. PRESIDENT : അടുത്തത് ട്രാവൻകൂർ യൂണിവേഴ്സിററി ആക്ട് അമെൻറുമെൻറു ബിൽ ആണ്.

HON'BLE MR. T. M. VARGHESE: തിരുവിതാംകൂർ സർവകലാശാല ആക്ട് ഭേദഗതി ബിൽ അവതരിപ്പിക്കുവാൻ ഉണ്ടായ കാരണങ്ങളെപ്പററി എനിക്ക് ഒന്നും പ്രത്യേകം പറയേണ്ടതായിട്ടില്ല. അതിന്റെ ഉദ്ദേശകാരണവിവരണം ബഹുമാനപ്പെട്ട മെമ്പറന്മാർക്ക് അറിയുവാനായി വിതരണം ചെയ്തിരിക്കുന്നല്ലോ. [illegible] ഭേദഗതിക്കു വേണ്ടിമാത്രമാണ് നിലവിലിരിക്കുന്ന സർവകലാശാല ആക്ട് ഭേദഗതി ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു. അതായത് റദ്ദു ചെയ്യപ്പെട്ട ൧൧൦൭-ലെ രണ്ടാം ആക്ട് അനുസരിച്ച് സംഘടിക്കപ്പെട്ട നിയമസമിതിക്കു രണ്ടു മണ്ഡലങ്ങൾ ഉണ്ടായിരുന്നു. ശ്രീചിത്രാ സ്റ്റേററുകൗൺസിൽ എന്ന ഉപരിമണ്ഡലവും ശ്രീമൂലം അസംബ്ളി എന്ന അധോമണ്ഡലവും. ഈ മണ്ഡലങ്ങളിൽനിന്നും ൧൧൧൨-ലെ ഒന്നാം ആക്ടായ യൂണിവേഴ്സിറ്റി ആക്ട് അനുസരിച്ചു മൂന്നംഗങ്ങളെ അസംബ്ളിയിൽനിന്നും രണ്ടംഗങ്ങളെ ശ്രീചിത്രാ സ്റ്റേററ് കൗൺസിലിൽനിന്നും സർവകലാശാലാ സെനററിലേക്ക് തെരഞ്ഞെടുക്കാം എന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ [illegible] ആയിരത്തിഒരുനൂററിഇരുപത്തിമൂന്നിലെ തിരുവിതാംകൂർ ഇടക്കാലഭരണ വ്യവസ്ഥ ആക്ട് പ്രകാരം നമുക്ക് ഒരു മണ്ഡലമേയുള്ളു. ഉപരിമണ്ഡലമില്ല. ലജിസ്ലേററിവ് അസംബ്ളി മാത്രമേയുള്ളു. മുൻപ് രണ്ടു മണ്ഡലങ്ങളിൽനിന്നും ആകെ അഞ്ച് അംഗങ്ങളെ തെരഞ്ഞെടുത്തിരുന്നതുകൊണ്ട് ഇപ്പോൾ ഈ ഒരു മണ്ഡലത്തിൽനിന്നും അഞ്ചംഗങ്ങളെ തെരഞ്ഞെടുത്തയയ്ക്കുവാനുള്ള

അധികാരം ഈ നിയമസഭയ്ക്ക് ഉണ്ടോ എന്ന് ഒരു സംശയം ചിലർക്ക് ഉണ്ടാകുകയും നിയമസഭയിൽ നിന്നും സെനറ്റിലേക്ക് അംഗങ്ങളെ തെരഞ്ഞെടുത്തയക്കുന്നതിനുള്ള അധികാരത്തെപ്പറ്റിത്തന്നെ ചോദ്യം ചെയ്യുകയും ചെയ്തിരിക്കുന്നതുകൊണ്ട് [illegible] തെരഞ്ഞെടുക്കുന്നതിനുള്ള [illegible] ആവശ്യമുള്ള [illegible] കൾ മാത്രം ഭേദഗതി ചെയ്യുന്ന [illegible] ഈ ബിൽ [illegible] ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബില്ലിന് തിരുവിതാംകൂർ സർവകലാശാല ആക്ട് (ഭേദഗതി) ബിൽ എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. ഭേദഗതി ചെയ്യേണ്ടത് [illegible] ലെ തിരുവിതാംകൂർ സർവകലാശാല ആക്ട് [illegible] (എ) ഖണ്ഡത്തിൽ [illegible] ഉപഖണ്ഡത്തിന് പകരം നിയമസഭയിലെ അംഗങ്ങൾ അവരുടെ ഇടയിൽനിന്ന് തെരഞ്ഞെടുക്കുന്ന [illegible] അംഗങ്ങൾ എന്ന് ചേർക്കണം. (ബി) പത്താം ഉപഖണ്ഡം [illegible] എന്നും മാത്രമാണ്. ഇതിൽ കൂടുതൽ വിവരണമൊന്നും ആവശ്യമില്ല. ഈ ബിൽ ഞാൻ സഭയുടെ സ്വീകരണത്തിനായി അവതരിപ്പിച്ചുകൊള്ളുന്നു

HON'BLE MR. A. THANU PILLAI: I second it.

MR. N. D. J[illegible]SE: There are certain popular student demands· Will it not be possible to include those demands in these amendments For instance, the inclusion of the Faculty of Ayurveda in the University.

HON'BLE MR. T. M. VARGHESE: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ഭേദഗതികളെപ്പറ്റി ചിന്തിച്ചിട്ടില്ല. ഈ അമെൻഡ്മെൻറ് ബില്ലിൽ [illegible]. ഇതിൽ [illegible] ഭേദഗതികൾ [illegible] ആവശ്യം ഈ ആക്ടിന് ഉണ്ടായിരിക്കാം. എന്നാൽ [illegible] ആവശ്യം അല്ല. ഈ ഭേദഗതി [illegible] ആയിരിക്കുന്നു. എന്നിരുന്നാലും ഈ ഭേദഗതി [illegible] ക്കുകയും മററു ഭേദഗതികൾ [illegible] യിൽ [illegible] സാധ്യം ഉണ്ട് [illegible].

MR. [illegible] A SI[illegible] M[illegible]: Suppose we don't send representatives to the Senate, can the Senate go on?

HON'BLE MR. T. M. VARGHESE: [illegible] കിലും [illegible] എപ്പോഴും [illegible].

MR. G. NARAYANA PILLAI (*Mavelikara I—General*): യൂണിവേഴ്സിററി ആക്ടിന്റെ [illegible] താതെ ഭേദഗതി മാത്രം [illegible] തന്നാൽ ഇത് [illegible] ക്കേണ്ടതാണോ [illegible] എന്ന് [illegible] ക്കുവാൻ വിഷമമാണ്.

HON'BLE MR. T. M. VARGHESE: ആക്ടിന്റെ കാപ്പികൾ എല്ലാ വർഷം കൊടുക്കുക എന്നുള്ളത് വലിയ ആവശ്യമാണെന്ന തോന്നുന്നില്ല. വേണമെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്ക് പ്രത്യേകം ഒരു കാപ്പി തരാൻ ഏർപ്പാടു ചെയ്യുകയും ചെയ്യാം. യൂണിവേഴ്സിറ്റി ആക്ട്, റെഗുലേഷൻ ആർഡ് പ്രൊക്ലമേഷൻ വാല്യം പത്ത്, [illegible], [illegible], [illegible], [illegible]-ഈ ആണ്ടുകളിലെ വാല്യങ്ങൾ ചേർന്നിട്ടുണ്ട്. [illegible] പരസ്യപ്പെടുത്തിയ ആക്ടുകളുടെ പ്രത്യേകം കൊടുക്കേണ്ടത് ആവശ്യമാണെന്ന തോന്നിയില്ല.

MR. P. T. CHACKO: ഈ സമിതിക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് അധികാരമുണ്ടോ അതോ മൂന്നംഗങ്ങളെ തെരഞ്ഞെടുക്കുവാനുള്ള അധികാരമേ ഉള്ളോ എന്ന ഒരു സംഗതി അല്പദിവസിക്കുമുമ്പ് ഇവിടെ വാദപ്രതിവാദത്തിന് വരികയുണ്ടായി. അപ്പോൾ ഇവിടത്തെ നിയമപണ്ഡിതന്മാർ രണ്ടഭിപ്രായം പറഞ്ഞു. അധികാരമില്ലെന്ന നിയമപണ്ഡിതന്മാരായ മററു മൂന്നോ നാലോ പേർ പറഞ്ഞു, അഞ്ചു പേരെ തെരഞ്ഞെടുക്കാൻ അധികാരമില്ലെന്നും മൂന്നുപേരെ തെരഞ്ഞെടുക്കാൻ അധികാരമുണ്ടെന്നും. അവരെയെല്ലാപേരെയും കാൾ നിയമപണ്ഡിതനാണെന്നു ഭാവിച്ചുകൊണ്ട് ഇവിടത്തെ വൈസ് ചാൻസലർ പറഞ്ഞു, ഒരു മെമ്പറേയും തെരഞ്ഞെടുക്കുവാനുള്ള അധികാരം ഈ സഭയ്ക്കില്ലെന്ന്. ഈ സഭയിലെ മെമ്പറന്മാരിൽ കുറെ പേർ പറഞ്ഞു ശ്രീമൂലം അസംബ്ളി എന്നും ശ്രീചിത്രാ സ്റ്റേററ കൗൺസിൽ എന്നും പേർ പറഞ്ഞിരിക്കുന്നതിന്റെ ഉദ്ദേശം നിയമസമിതി എന്ന അർത്ഥത്തിൽ മാത്രം ആണെന്നും അതിനും പകരം ഇപ്പോൾ നിലവിലിരിക്കുന്ന ഈ നിയമസമിതിക്ക് അതുകൊണ്ട് അംഗങ്ങളെ തെരഞ്ഞെടുക്കുവാൻ നിശ്ചയമായും അധികാരമുണ്ടെന്ന്. അതു് ഒരു വിവാദവിഷയമായിരിക്കുകയാണ്. അതേപ്പററി ആലോചിക്കുകയും ചെയ്യാമെന്ന് പ്രധാനമന്ത്രി പറയുകയും ചെയ്തു. എന്നാൽ ഇതിനെപ്പററി ഇവിടത്തെ നിയമപണ്ഡിതന്മാരുടെ അതായത് ലീഗൽ റിമംബറൻസർ, അഡ്വക്കേററ് ജനറൽ മുതലായ നമ്മുടെ ഗവണ്മെൻറിന്റെ അധികാരപരിധിയിൽ നിന്നും ഇപ്രകാരമുള്ള നിയമപണ്ഡിതന്മാരുടെ നിയമപരമായ ഉപദേശം അടിസ്ഥാനമാക്കിയാണോ ഈ ഭേദഗതി ബിൽ ഇവിടെ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്, അതോ ആ ഉപദേശം ഒന്നും ഇല്ലാതെ തന്നെ ഇങ്ങനെ ഒരു ഭേദഗതി ഇവിടെ ഹാജരാക്കുവാൻ ഉള്ള അധികാരം നിയമപ്രകാരം ഈ നിയമസമിതിക്കുണ്ടോ, ഇങ്ങനെ പല സംശയങ്ങൾ എനിക്കുണ്ട്. എന്റെ സംശയനിവൃത്തി വരുത്തിതന്നാൽ കൊള്ളാമെന്ന് ഞാൻ അപേക്ഷിക്കുന്നു.

HON'BLE MR. T. M. VARGHESE: യൂണിവേഴ്സിററി ആക്ററ് ഭേദഗതി ചെയ്യുക എന്നുള്ളതു് ആരും കൂടുന്ന ഒരു പ്രശ്നമാണോ എന്നു തന്നെ ഞാൻ സംശയിക്കുന്നു. ഈ സംബന്ധമായി ഒന്നു കൂടാതെ തന്നെ എല്ലാ കാര്യങ്ങളെപ്പററിയും നിയമങ്ങളെക്കുറിച്ചും അധികാരം ഈ സമിതിക്കുണ്ടു്. അതിനെ ചോദ്യം ചെയ്യുവാൻ ആർക്കും അധികാരമില്ല. അംഗങ്ങളെ ഈ സഭക്കു തന്നെ തെരഞ്ഞെടുക്കാം. എന്നാൽ നിയമം പാസ്സാക്കിയാൽ അതു ചോദ്യം ചെയ്യുവാൻ മറെറാരധികാരസ്ഥാനങ്ങൾക്കും അവകാശമുണ്ടായിരിക്കുന്നതല്ല. മുമ്പു നിലവിലിരുന്ന നിയമപ്രകാരം അംഗങ്ങളെ തെരഞ്ഞെടുത്തതിൽ ശരി ഏതാണു് തെററു് ഏതാണു് എന്നു സംശയമുണ്ടായി. ഇന്നതു ശരിയെന്നും ഇന്നതു തെററെന്നും ആർക്കും അറിയാം. നിയമത്തിനു് എപ്പോഴും രണ്ടു വശം കാണും. എന്നാൽ ഈ സമിതിക്കു് ഇപ്പോൾ അതേപ്പററി ആലോചിക്കേണ്ട കാര്യം ഇല്ല.

MR. P. T. CHACKO: നിയമമുണ്ടാക്കുവാൻ നമുക്കധികാരമുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി ഞാൻ സംശയം പുറപ്പെടുവിക്കയല്ല ചെയ്തതു്. നിയമമനുസരിച്ചു നമുക്കു അധികാരമുണ്ടെന്നു് ഒരു കൂട്ടരും അധികാരമില്ലെന്നു് മററൊരു കൂട്ടരും പറയുന്നു. ഇങ്ങനെ തർക്കം വന്ന നിലയ്ക്കു് ആ തർക്കം തീർക്കുവാൻ ഉടൻതന്നെ ഒരു നിയമം കൊണ്ടു സാധിക്കുക എന്നുള്ളതു് ......

MR. PRESIDENT: ഈ ഘട്ടത്തിൽ ഒരു പ്രസംഗം ചെയ്യുവാൻ പാടില്ല. ചോദ്യം വേണമെങ്കിൽ ചോദിക്കാം.

MR. P. T. CHACKO: ഞാൻ ചോദ്യം ചോദിക്കുകയാണു് ചെയ്തതു്. ഇതു സംബന്ധിച്ചു് നിയമജ്ഞന്മാരുടെ നിയമോപദേശം സ്വീകരിച്ചു ശേഷം ഈ ബിൽ അവതരിപ്പിച്ചു പാസ്സാക്കുകയല്ലേ നന്നു് എന്നാണു ഞാൻ ചോദിക്കുന്നതു്.

HON'BLE MR. T. M. VARGHESE: വിദഗ്ദ്ധോപദേശം ഉൾക്കൊള്ളുന്ന ഒരു ബിൽ അവതരിപ്പിക്കുന്നതിനു് സഹായകമാണെന്നു ഗവൺമെൻറിനു് ബോദ്ധ്യമുണ്ടു്.

MR. EAPEN ARAKKAL (*Ambalapuzha I—Latin catholic*): യൂണിവേഴ്സിററിയുടെ ഭരണ സമിതിയെ നിയന്ത്രിക്കുന്നതിനു് ഈ സഭയ്ക്കു് അധികാരമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം?

It is in accordance with the provisions of the University Act that the administration of the University is carried on. Have we got a right to amend the University Act? Have we got actual control over the University?

MR. PRESIDENT: That question does not arise.

MR. C. NARAYANA PILLAI: വിദഗ്ദ്ധാഭിപ്രായമനുസരിച്ചു ഇന്നു നിലവിലുള്ള നിയമം പോരെന്നു ഗവൺമെന്റുകൂടി സമ്മതിക്കുന്നു എന്നാണോ ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്?

HON'BLE MR. T. M. VARGHESE: ഏതെങ്കിലും നിയമത്തെപ്പററിയോ നമ്മുടെ വ്യാഖ്യാനത്തെപ്പററിയോ സംശയമുണ്ടാകുമ്പോൾ സംശയാതീതമായ ഒരു നില ഉണ്ടാകുന്നതിനു് പ്രത്യേകം നിയമം പാസ്സാക്കേണ്ടതായി ആവശ്യം വരും. ഈ ഭേദഗതി ബില്ല് അങ്ങനെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതാണു്.

MR. THARIATH KUNJITHUMMAN (*Moovattupuzha II—General*): ഇങ്ങനെ സംശയം വരുമ്പോൾ നിയമപണ്ഡിതന്മാരുടെ ഉപദേശത്തിനു് പോകാതെ ഇങ്ങനെ നിയമമുണ്ടാക്കി ഒഴിഞ്ഞുമാറുകയാണോ വേണ്ടതു? അതു് ഒരു ചീത്ത പാരമ്പര്യമല്ലേ.

HON'BLE MR. T. M. VARGHESE: ഇതു നമ്മുടെ രക്ഷയ്ക്കു വേണ്ടിയും എല്ലാ പരിഷ്കൃതരാജ്യങ്ങളിലും സ്വീകരിച്ചിട്ടുള്ളതുമായ ഒരു നടപടിയാണു്. നിയമങ്ങൾക്കോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും വ്യാഖ്യാനങ്ങൾക്കോ എപ്പോൾ സംശയം ഉണ്ടാകുന്നുവോ അപ്പോൾ അതു തീർക്കാൻ ഒരു നിയമം തന്നെ ഉണ്ടാകും. അങ്ങനെ സംശയനിവൃത്തി ഉണ്ടാക്കുന്നതിനു് വേണ്ടി പ്രത്യേക നിയമമുണ്ടാക്കേണ്ടതാണെന്നു് എല്ലാ കോടതികളും നിയമപണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. അങ്ങനെ ചെയ്തില്ലെങ്കിൽ നിയമത്തെ അടിസ്ഥാനപ്പെടുത്തുവാനും നിയമനിർവഹണത്തിനും ചിലപ്പോൾ ജഡ്ജിമാർതന്നെ വിഷമപ്പെടേണ്ടിവരും. അതുകൊണ്ടു് സംശയത്തിനു ഇടയാകുമെന്നു ഉത്തമബോദ്ധ്യം വരുന്ന സന്ദർഭത്തിൽ സംശയം തീരെ ഉണ്ടാകാതിരിക്കത്തക്ക വിധത്തിൽ ഒരു നിയമനിർമ്മാണം ഉണ്ടാകുന്നതു് രാജ്യത്തെ എപ്പോഴും ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യമാണു്. ഇതു് കഴിഞ്ഞതു മറന്നതിനു വേണ്ടി ഒന്നും ചെയ്യുന്നതല്ല. കേവലം തെററിദ്ധാരണകൊണ്ടാണു് ഈ വാദം തന്നെ ഇവിടെ വന്നതു്. രണ്ടു നിയമജ്ഞന്മാർ രണ്ടു വിധത്തിൽ അഭിപ്രായം പറയുന്നതിനു് പഴുതുണ്ടായേക്കാവുന്ന ഒരു നിയമം അതേ രൂപത്തിൽ ഇടുവാൻ പാടില്ല. ആരു നോക്കിയാലും മററു തരത്തിൽ വ്യാഖ്യാനിക്കുവാൻ നിവൃത്തിയില്ലാത്ത വിധത്തിലും സംശയം ഉണ്ടാകാൻ പാടില്ലാത്ത തരത്തിലും നിയമം അത്ര വ്യക്തമായിരിക്കണം. സംശയത്തിനു വല്ല മാർഗ്ഗവും ഉണ്ടെങ്കിൽ നിയമം കൊണ്ടു് ആ സംശയം തീർക്കണമെന്നുള്ളതു് എല്ലാ നിയമജ്ഞന്മാരുടേയും അഭിപ്രായം. ഇതിൽ അധികാരത്തെപ്പററിയുള്ള ചോദ്യമേ ഉത്ഭവിക്കുന്നില്ല.

MR. THARIATH KUNJITHOMMAN: ഈ മാതിരി കാര്യങ്ങളിൽ സംശയം വരുന്ന അവസരത്തിൽ ഈ സഭയ്ക്കു് വോട്ടിട്ട് സംശയനിവൃത്തി വരുത്തരുതോ?

MR. K. A. MATHEN: തിരുവിതാംകൂർ യൂണിവേഴ്സിററി ഒരു ആട്ടോണമസ്സ ബോഡി — അതായതു്, സ്വതന്ത്രമായി പ്രവർത്തനം നടത്തുന്ന ഒരു സ്ഥാപനം — ആണെന്നു വൈസ്ചാൻസലർ പറഞ്ഞിട്ടുണ്ട്. ആ അഭിപ്രായത്തിനു വിരുദ്ധമായിട്ടല്ലേ ഇപ്പോൾ ഈ ഭേദഗതിബിൽ കൊണ്ടുവന്നിരിക്കുന്നതു്?

MR. P. T. CHACKO: നിയമജ്ഞാനമില്ലാത്ത ഒരു ഉദ്യോഗസ്ഥൻ — നമ്മുടെ വൈസ്ചാൻസലർ ഒരു നിയമജ്ഞനല്ലെന്നാണു ഞാൻ ധരിച്ചിരിക്കുന്നതു — നിയമത്തിൽ കയറി കൈവച്ചു് ഈ സമിതിക്കു പ്രതിനിധികളെ അയക്കാൻ അധികാരമില്ലെന്നും മററും പറയുകയും, അങ്ങനെ ഒരു തെററു കാണിക്കുകയും ചെയ്തു. അദ്ദേഹം ചെയ്ത തെററിന് ആവശ്യമില്ലാത്ത ഒരു സംരക്ഷ നാം നൽകുകയല്ലേ ഈ ഭേദഗതിബിൽ മൂലം ചെയ്യുന്നതു എന്നാണ് എന്റെ സംശയം. പ്രതിനിധികളെ തെരിഞ്ഞെടുത്തയയ്ക്കുവാൻ ഈ സഭയ്ക്കു് അധികാരമുണ്ടോ ഇല്ലയോ എന്നുള്ളതായിരുന്നു പ്രശ്നം. നിലവിലിരിക്കുന്ന നിയമം അതിന് അനുവദിക്കുന്നില്ലെന്നാണു വൈസ്ചാൻസലർ നൽകിയ വ്യാഖ്യാനം. ഇപ്പോൾ ഈ ഭേദഗതിബിൽ അവതരിപ്പിച്ചിരിക്കുന്നതു് അദ്ദേഹത്തിന്റെ വ്യാഖ്യാനത്തെ ഈ സമിതി വകവച്ചുകൊടുക്കുന്നതിനു തുല്യമാകുന്നില്ലേ?

HON'BLE MR. T. M. VARGHESE: ഇതിനുമുമ്പു ഈ സഭയിൽ ഇതു സംബന്ധിച്ചുണ്ടായ ചർച്ചകളാം മുഴുവനും ഈ സഭയിൽനിന്നും മൂന്നുപേരെ തെരഞ്ഞെടുത്തയക്കണമോ വേണ്ടയോ എന്നുള്ളതായിരുന്നു. അഞ്ചുപേരെ തെരഞ്ഞെടുത്തയക്കണമെന്നുള്ള വ്യവസ്ഥയേ ഉണ്ടായിരുന്നില്ല. നിയമജ്ഞന്മാരുടെ അഭിപ്രായം അറിഞ്ഞതിനുശേഷം ഇതേപ്പററി ഗവൺമെൻറു ഗാഢമായി ചിന്തിക്കുകയും അഞ്ചുപേരെ തെരഞ്ഞെടുത്തയയ്ക്കുന്നുള്ള ഒരു ഭേദഗതിബിൽ ഈ സഭയിൽ അവതരിപ്പിക്കണമെന്നു് തീരുമാനിക്കുകയും ആണു് ചെയ്തിട്ടുള്ളതു്. ഇനി ഇതുകൂടാതെ നമ്മുടെ ഭാവി ഭരണഘടനയിൽ ഒരു ഉപരിമണ്ഡലംകൂടി ഉണ്ടാകുന്നപക്ഷം രണ്ടുപേരെക്കൂടി ആ സഭയിൽനിന്നും തെരഞ്ഞെടുത്തയക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുകയും ചെയ്യും. അഭിപ്രായം എങ്ങനെയിരുന്നാലും അഞ്ചുപേരെ ഈ സമിതിയിൽനിന്നും തെരഞ്ഞെ

[Hon'ble Mr. T. M. Varghese]

ത്തെടുക്കുവാനുള്ള അവകാശം സംശയമില്ലാത്തവിധത്തിൽ നിയമംമൂലം ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതാണു. വൈസ് ചാൻസലരുടെ അഭിപ്രായം എന്തായാലും അതും ഈ വിഷയവുമായി യാതൊരു ബന്ധവുമുണ്ടെന്നു തോന്നുന്നില്ല.

MR G NILACANTAN : Sir, I rise to a point of order. When Government have introduced a bill, is it right on the part of any member to question whether legal advice has been taken for the introduction of the Bill.

MR. PRESIDENT: ചോദിക്കുന്നതുകൊണ്ടു് ദൂഷ്യമൊന്നുമില്ല.

MR. R. SANKAR : യൂണിവേഴ്സിററി ഒരു ആട്ടോണമസ്സ്ബോഡിയാണെന്നുള്ള അഭിപ്രായം സ്വീകരിക്കാതെ, ജനകീയാഭിപ്രായത്തെ ആദരിക്കുവാനുള്ള ഒരു സുഗമമായ മാർഗ്ഗമെന്ന നിലയിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം കൂടുതൽ നൽകുന്നതിനാവശ്യമായ പ്രതിനിധികളെ സെനററിലേക്കു തെരഞ്ഞെടുത്തയയ്ക്കുവാൻ വേണ്ടി ഈ അവസരം ഉപയോഗപ്പെടുത്തരുതോ?

MR. THARIATHU KUNJITHOMMAN : അഞ്ചു അംഗങ്ങൾ എന്നുള്ളതിനു പകരം സെനററിലെ അഞ്ചിലൊന്നംഗങ്ങൾ എന്നു വ്യവസ്ഥ ചെയ്യുന്നതു കുറെക്കൂടി നല്ലതല്ലേ?

MR. PRESIDET: ഇങ്ങനെ ഒന്നിനുപുറകെ ഒന്നായി മെംബറന്മാർ ചോദ്യങ്ങൾ മാത്രം ചോദിക്കുന്നതായാൽ ബഹുമാനപ്പെട്ട മന്ത്രിക്കു ഒരു ചോദ്യത്തിനും ഉത്തരം പറയാൻ സാദ്ധ്യമല്ലാതെവരും. ബിൽ അവതരിപ്പിക്കുകയും, പിൻതാങ്ങുകയും ചെയ്തിരിക്കുന്ന സ്ഥിതിക്കു ബില്ലിനെ അനുകൂലിച്ചോ പ്രതികൂലിച്ചോ മെംബറന്മാർക്കു സംസാരിക്കാനുണ്ടെങ്കിൽ ഈ അവസരം അതിനായി ഉപയോഗിക്കുന്നതു നന്നായിരിക്കും.

MR. A. P. UDAYABHANU (*Karunagapally II—General*) : സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. യൂണിവേഴ്സിററി ഒരു ആട്ടോണമസ്സ്ബോഡിയാണോ അല്ലയോ എന്നു സംശയമുണ്ടായിരിക്കുന്നു. യൂണിവേഴ്സിററി നടത്തിപ്പിനു ആവശ്യമായ പണം കൊടുക്കുന്നതു നമ്മുടെ ഗവർമെൻറാണു. അതുകൊണ്ടു് യൂണിവേഴ്സിററിയുടെ ഭരണകാര്യങ്ങൾ നിയന്ത്രിക്കുവാനുള്ള അധികാരം നമുക്കില്ലേ എന്നു ചിലർ ഇവിടെ ചോദിക്കുകയുണ്ടായി. നമ്മുടെ അധികാരത്തെപ്പററി

ഇങ്ങനെയുള്ള ഒരു ബോധത്തോടുകൂടി മുൻപോട്ടു പോകയാണെങ്കിൽ പല തകരാറുകളും ഉണ്ടാകുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഹൈക്കോടതിയിലേയും മററു സബോർഡിനേററു ജുഡിഷ്യറിയിലേക്കുമുള്ള പണം കൊടുക്കുന്നതു നമ്മുടെ ഗവൺമെൻറാണ്. അതുകൊണ്ടു നമ്മുടെ അഭിപ്രായത്തിനും ഹിതത്തിനും വിധേയമായിട്ടാണു ഈ ജഡ്ജിമാർ വിധിയെഴുതുന്നത് എന്നു പറയുന്നപക്ഷം അതു നമ്മുടെ ന്യായാസനങ്ങളോടുള്ള ബഹുമാനത്തെയും മതിപ്പിനെയും നശിപ്പിക്കുകയായിരിക്കും ചെയ്യുന്നതു്. അതുപോലെ യൂണിവേഴ്സിററി വിദ്യാഭ്യാസത്തിന്റെ മേൽനോട്ടം വഹിക്കുവാൻ നിയുക്തനായ വൈസ് ചാൻസലരായി വരുന്നയാൾ യഥാർത്ഥത്തിൽ ഉന്നതനായ ഒരാൾ ആയിരിക്കണമെന്ന സംഗതി സൂക്ഷിക്കേണ്ടതു നമ്മുടെ ആവശ്യമാണ്. എന്നാൽ ഒരു വൈസ് ചാൻസലർ ഉണ്ടായിക്കഴിഞ്ഞാൽ ആ യൂണിവേഴ്സിററിക്കു ലോകത്തിന്റെ മുൻപാകെ സ്ഥാനവും മാനവും ഉണ്ടാകുന്നതിനെപ്പററി നാം ഏറെക്കുറെ വൈസ് ചാൻസലരുടെ അഭിപ്രായത്തിനും, യൂണിവേഴ്സിററി സെനററിന്റെ അഭിപ്രായത്തിനും വിധേയമായിരിക്കേണ്ടതും ആവശ്യമാണു്.

MR. PRESIDENT: That is not relevant to the question under discussion. The only question is whether the University Act is to be amended and whether the particular amendment is acceptable. There is no question here of control over the University.

MR. A. P. UDAYABHANU: ഇവിടെ നടന്ന പല ചോദ്യങ്ങളിൽനിന്നും യൂണിവേഴ്സിററിയുടെ ഭരണപരമായ കാര്യങ്ങളിൽ ഈ സഭയ്ക്കു നിയന്ത്രണമുണ്ടായിരിക്കണമെന്നുള്ള ഒരഭിപ്രായഗതി പ്രകടമായിക്കണ്ടു. അതുകൊണ്ടു അതേപ്പററി ഞാൻ പറഞ്ഞുവെന്നേയുള്ളു. ഈ സഭയുടേതായാലും, യൂണിവേഴ്സിററിയുടേതായാലും രണ്ടിന്റെയും മാനം പാലിക്കേണ്ടതു നമ്മുടെ ചുമതലയാണു. യൂണിവേഴ്സിററിയിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള ഒരു ബില്ലാണു ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. യൂണിവേഴ്സിററിയിലേക്കു എത്ര മെംബറന്മാരെ അയയ്ക്കണമെന്നും അങ്ങനെ ചെയ്യുവാൻ സഭക്കു അധികാരമുണ്ടോ എന്നും ഉള്ളതിനെപ്പററി യൂണിവേഴ്സിററി വൈസ് ചാൻസലരും മററു നിയമജ്ഞന്മാരും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുകയും ആ വിഷയം ഇതിനുമുൻപു ഇവിടെ ചർച്ചക്കു വരികയും ചെയ്തു. നിലവിലിരിക്കുന്ന യൂണിവേഴ്സിററി ആക്ടിലെ

[Mr. A. P. Udayabhanu]

ചില വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി നിയമജ്ഞന്മാർതന്നെ ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടായിരിക്കുന്നു. നിയമങ്ങൾക്കു എപ്പോഴും സംശയാതീതമായ വ്യാഖ്യാനമാണുണ്ടാകേണ്ടതു്. നിയമം അത്ര വ്യക്തവും സ്പഷ്ടവും ആയിരിക്കണം. നിയമജ്ഞന്മാർക്കുമാത്രമല്ല, നിയമം അറിയാൻ പാടില്ലാത്ത സാമാന്യനായ ഒരാളിനുകൂടി ഏററവും സുവ്യക്തമായ അർത്ഥഗ്രഹണം ഉണ്ടാകത്തക്ക ഒരു നിലയിലായിരിക്കണം നിയമങ്ങൾ ഉണ്ടാകുവാൻ. എപ്പോഴും അവ്യക്തതക്കും വിവാദത്തിനും ഇടകൊടുക്കുന്ന ഒരു നിയമം നിലവിലിരിക്കുന്നതായി കാണുമ്പോൾ അവ ഇല്ലാതാക്കുന്ന നിയമം ഉടനടി ഉണ്ടാകേണ്ടതു് അത്യന്താപേക്ഷിതമാണു്. ഈ സഭക്കു മൂന്നുപേരെയോ, അഞ്ചുപേരെയോ എത്രപേരെയാണു തെരഞ്ഞെടുത്തയക്കേണ്ടതെന്നും അങ്ങനെ തെരഞ്ഞെടുത്തയക്കാനുള്ള അധികാരംതന്നെ ഈ സഭക്കുണ്ടോ എന്നും സംശയം വന്നിരിക്കുന്നതുകൊണ്ടു ഇങ്ങനെ ഒരു ഭേദഗതിബില്ലിന്റെ ആവശ്യമുണ്ടെന്നു കാണുന്നു. നിലവിലിരിക്കുന്ന നിയമത്തിലെ അവ്യക്തതകളെ മാററുന്നതിനുള്ള ഈ സംരംഭത്തെ ഞാൻ അനുകൂലിക്കുന്നു.

MR P. T. CHACKO : സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഇതിനെ അനുകൂലിക്കുന്നതോടൊപ്പം ഒന്നു രണ്ടു കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപെടുത്തുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഈ ബിൽ അവതരിപ്പിക്കേണ്ടതായി വന്ന പരിതഃസ്ഥിതിയെ വിവരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. തിരുവിതാംകൂറിലെ യൂണിവേഴ്സിററി ആക്ട് ഉണ്ടായ കാലത്തു് ഇവിടത്തെ നിയമസഭയ്ക്കു രണ്ടു മണ്ഡലങ്ങൾ ഉണ്ടായിരുന്നു. ഒന്നു ശ്രീ ചിത്തിരസ്റ്റേററുകൗൺസിലും, മറെറാന്നു ശ്രീമൂലം അസംബ്ലിയും. ലെജിസ്ലേച്ചറിൽനിന്നു് അംഗങ്ങളെ യൂണിവേഴ്സിററിയിലേക്കയയ്ക്കുന്നതിനു വ്യവസ്ഥചെയ്തപ്പോൾ രണ്ടു മണ്ഡലങ്ങളിൽനിന്നും ആകെ അഞ്ചു മെംബറന്മാരെ തിരഞ്ഞെടുക്കുകയായിരുന്നു ചെയ്തിരുന്നതു്. കൗൺസിലിൽനിന്നും ഇത്ര മെംബറന്മാർ, അസംബ്ലിയിൽനിന്നും ഇത്രപേർ എന്നു് അന്നു വ്യവസ്ഥ ചെയ്യുകയുണ്ടായി. ഈ പരിതഃസ്ഥിതി വച്ചുകൊണ്ടു സാമാന്യന്മാരായ ബുദ്ധിക്കു മനസ്സിലാക്കാൻ സാധിക്കുന്നതും നിയമപണ്ഡിതന്മാരോടു ആലോചിച്ചതിൽ അവർക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതുമായ ഒരു വസ്തുത, ഈ സഭയ്ക്കു മുൻപു അയച്ചിരുന്നതുപോലെ അഞ്ചാളുകളെ അയയ്ക്കാൻ അവകാശമുണ്ടെന്നുള്ളതാണു്. അപ്പോൾ വിചിത്രമായ ഒരു വാദം ഉണ്ടായതു മൂന്നംഗങ്ങളെ തെരഞ്ഞെടുത്തയയ്ക്കാനുള്ള അവകാശംമാത്രമെ ഈ സഭയ്ക്കുള്ളു എന്നായിരുന്നു. വൈസ് ചാൻസലർ മറെറാരു വാദംകൊണ്ടു

വന്നു. ഈ സഭയ്ക്കു ഒരു പ്രതിനിധിയേയും തെരഞ്ഞെടുത്തയയ്ക്കുവാനുള്ള അവകാശമില്ലെന്നു്. ഇന്നത്തെ അസംബ്ലിയുടെ പേർ ലെജിസ്ലേറ്റീവ് അസംബ്ലി എന്നാണു് കാണുന്നതു്. തിരുവിതാംകൂറിന്റെ ഭരണഘടനാപരമായ നിയമനിർമ്മാണപരിപാടിയിൽ നാം ഏർപ്പെട്ടിരിക്കുകയാണു്, അതിലേക്കായി തെരഞ്ഞെടുത്തിരിക്കുന്ന പ്രതിനിധികളുടെ ആയ ഒരു സഭ നിയമസഭ ആകുന്നില്ലെന്നുള്ള ഒരു വാദഗതിയാണു് വൈസ് ചാൻസലർ അംഗീകരിച്ചിരിക്കുന്നതു് എന്നു തോന്നുന്നു. ശ്രീചിത്രാ സ്റ്റേറ്റു കൗൺസിൽ എന്നും, ശ്രീമൂലം അസംബ്ലി എന്നും പറഞ്ഞിരിക്കുന്നതുകൊണ്ടു ഈ സഭ അതിലൊന്നിനെയും പ്രതിനിധീകരിക്കുന്നില്ലെന്നു വൈസ് ചാൻസലർ കൊണ്ടുവരുന്ന വാദത്തെ ഒരു പക്ഷെ ഈ നിയമം പാസാക്കുന്നതോടുകൂടി നമ്മൾ സമ്മതിച്ചുകൊടുക്കുകയാണു ചെയ്യുന്നതു്. ഭരണഘടനാനിയമം ഉണ്ടാകുമ്പോൾ ഒരു ബൈ ക്യാമറൽ ലെജിസ്ലേച്ചർ ഉണ്ടാക്കി എന്നുവരാം. അതിന്റെ പേർ എന്തായിരിക്കുമെന്നറിഞ്ഞുകൂടാ. ഒരു പക്ഷെ മറെറാരു പേരായിരിക്കാം അതിനുണ്ടാകുന്നതു്. അങ്ങനെയാണെങ്കിൽ ഇന്നത്തെ വാദമനുസരിച്ചു മറെറാരു ഭേദഗതിബില്ലുകൂടി അന്നു ഹാജരാക്കേണ്ടതായിവരും. നിയമപരമായി നോക്കുമ്പോൾ ഇതിന്റെ ഒന്നും ആവശ്യമില്ലെന്നു എനിക്കു തോന്നുന്നു. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഈ ബിൽ പാസാകുന്നതുകൊണ്ടു നിയമം കുറെക്കൂടി വ്യക്തമാകുമെങ്കിൽ അതിൽ തെററൊന്നുമില്ല. ഈ സഭയുടെ ജോലി നിയമങ്ങൾ ഉണ്ടാക്കുകയാണു. അല്ലാതെ നിയമങ്ങളുടെ വ്യാഖ്യാനങ്ങൾ ഉണ്ടാക്കുകയല്ല എന്നറിയണം. ഇവിടെ ഉണ്ടാക്കപ്പെടുന്ന നിയമങ്ങളുടെ വ്യാഖ്യാനങ്ങൾ ഓരോ ദിവസവും ഓരോ കോടതിയിലും നടന്നുകൊണ്ടിരിക്കുകയാണു്. ഇങ്ങനെ നിയമത്തിനു് പല വ്യാഖ്യാനങ്ങൾ ഉണ്ടാകുകയില്ലായിരുന്നുവെങ്കിൽ കോടതികളുടെ ജോലികൾതന്നെ വളരെ വേഗം തീരുമായിരുന്നു. നിയമത്തിനു എവിടെയെങ്കിലും ഒരു വ്യാഖ്യാനം ഉണ്ടായാൽ ഉടനെ നിയമം ഉണ്ടാക്കുകയല്ല നിയമസഭയുടെ ജോലി. നിയമത്തിൽ വളരെ അവ്യക്തത ഉണ്ടെങ്കിൽ, തെററുണ്ടെങ്കിൽ മാത്രം പുതിയ ഭേദഗതി കൊണ്ടുവന്നാൽ മതിയാകും. ഏതായാലും ഇങ്ങനെ ഒരു ഭേദഗതിബിൽ ആവശ്യമാണെന്നു ഗവണ്മെൻറു വിചാരിക്കുന്നതുകൊണ്ടു ഞാനും ഈ ബില്ലിനെ അനുകൂലിക്കുന്നു. എന്നാൽ ഈ സഭ ഇപ്രകാരം ഒരു ഭേദഗതിബിൽ പാസാക്കാൻ വിചാരിക്കുന്നതുകൊണ്ടു നിയമജ്ഞാനമില്ലാത്ത ഒരു വൈസ് ചാൻസലർ വളരെ അബദ്ധമായി അദ്ദേഹത്തിന്റെ അധികാരപരിധിക്കു അപ്പുറത്തുനിന്നു ചെയ്തിട്ടുള്ള നിയമ

[Mr. P. T. Chacko]

വ്യാഖ്യാനങ്ങളെല്ലാം ഈ സഭ ഏകകണ്ഠമായി സ്വീകരിച്ചു എന്നും അദ്ദേഹത്തെ എന്നന്നേക്കുമായി സംരക്ഷിച്ചുകൊള്ളാമെന്നുള്ള ഒരു വാഗ്ദത്തം ഈ സഭ ഏറെറടുത്തു എന്നും ഉള്ള ഉത്തമവിശ്വാസത്തോടു കൂടിയാണ് ഈ ബില്ല് പാസ്സാകുന്നതു എന്നു ധരിക്കേണ്ടതാണെന്നുമാത്രം എനിക്ക് അപേക്ഷയുണ്ടു്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

MR. P. M. VARGHESE : സർ, ഈ യൂണിവേഴ്സിററിബില്ലിനെപ്പററി ഒന്നും പറയണമെന്നു ഞാൻ വിചാരിച്ചിരുന്നതല്ല. എന്നാൽ മി. ഉദയഭാനുവിന്റെ പ്രസംഗം കേട്ടപ്പോൾ രണ്ടു വാക്കു എനിക്കും പറഞ്ഞാൽ കൊള്ളാമെന്നു തോന്നി. മി. ഉദയഭാനു നിയമപരമായ ചില കാര്യങ്ങളെപ്പററിയാണ് പറഞ്ഞതു്. ഹൈക്കോടതിക്കും, ഹൈക്കോടതിജഡ്ജിമാർക്കും ഉള്ള പദവി അനുവദിച്ചുകൊടുക്കുന്നതു നാമാണെങ്കിലും, അവർ ഒരു ആട്ടോണമസ്സ് ബാഡി ആണെന്നും മററുമായിരുന്നു മി. ഉദയഭാനു പറഞ്ഞതു്. എനിക്ക അതിൽ അഭിപ്രായവ്യത്യാസമില്ല. എന്നാൽ ഒരു കാര്യം മനസ്സിലാക്കണം. അവർ നാം നിശ്ചയിക്കുന്ന നിയമങ്ങൾക്കുള്ളിൽനിന്നുകൊണ്ടാണ് ഒരു ആട്ടോണമസ്സ് ബാഡിയായി പ്രവർത്തിക്കുന്നതു്. നാം ഉണ്ടാക്കുന്ന നിയമങ്ങളെ സ്വതന്ത്രമായി അവർക്കു വ്യാഖ്യാനിക്കാമെന്നേയുള്ളു. അതിലപ്പുറം പോയാൽ നാം അവരേയും നിയന്ത്രിക്കുന്നതാണ്. അതുപോലെ യൂണിവേഴ്സിററിയേയും നിയന്ത്രിക്കുവാനുള്ള അവകാശം നമുക്കുണ്ട്, ആ മൗലികാടിസ്ഥാനത്തിൽ കൂടി നോക്കുമ്പോൾ നിശ്ചയമായും കാണാൻ കഴിയും. ഏതായാലും ഗവണ്മെൻറ് ഇപ്പോഴെങ്കിലും ആ ന്യായം അംഗീകരിച്ചു പ്രയോഗത്തിൽ വരുത്തുന്നു എന്നു വ്യംഗ്യന്തരേണ സമ്മതിക്കുന്നതിനു തുല്യമാണു ഇപ്പോൾ ഈ ഭേദഗതിബിൽ അവതരിപ്പിച്ചിരിക്കുന്നതു്. ആ ന്യായത്തെ സ്വീകരിച്ചുകൊണ്ടു ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

MR. K. A. MUHAMMED : സർ, യൂണിവേഴ്സിററി ആക്ടിനു ഒരു ഭേദഗതി നിർദ്ദേശിച്ചുകൊണ്ടു വിദ്യാഭ്യാസമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബില്ലിനെ ഞാൻ എതിർക്കുകയാണു ചെയ്യുന്നതു. നിലവിലുള്ള യൂണിവേഴ്സിററി ആക്ടുപ്രകാരം ശ്രീചിത്തിര സ്റ്റേറ്റ് കൗൺസിലിൽനിന്നു രണ്ടും ശ്രീമൂലം അസംബ്ലിയിൽനിന്നു മൂന്നും ഇങ്ങനെ അഞ്ചു മെമ്പറന്മാരെ തെരഞ്ഞെടുത്തു. അയക്കുന്നതിനു നിയമസഭകൾക്ക് അധികാരമുണ്ടു്. ഇങ്ങനെ തെരഞ്ഞെടുത്തു

അയയ്ക്കുന്നതുതന്നെ നിയമസഭകളിലെ തെരഞ്ഞെടുക്കപ്പെട്ട മെമ്പന്മാരാണു. സെനററു സംഘടിപ്പിച്ചിട്ടുള്ളതു ബഹുഭൂരിപക്ഷം നോമിനേറ്റഡ് മെമ്പന്മാരെക്കൊണ്ടാണു്. യൂണിവേഴ്സിറ്റിക്ക് [illegible] തിനായിട്ടവും ദ്രവ്യ സംഭാവന ചെയ്തിട്ടുള്ളവർ സെനററിലെ ആജീവനകാല അംഗങ്ങളാണു്. കൂടാതെ ഓരോ ഫാക്കൽറ്റിയേയും ഓരോ കാളേജിനേയും പ്രതിനിധീകരിക്കുന്നതിനു മെമ്പന്മാരെ സെനററിൽ നാമിനേറ്റു ചെയ്തിട്ടുണ്ടു്. തെരഞ്ഞെടുക്കപ്പെട്ട മെമ്പന്മാർ സംഖ്യ വെറും ദുർല്ലഭമാണു്. ഇങ്ങനെ സ്ഥാപിത താല്പര്യം കൊണ്ടു ഭൂരിപക്ഷമുള്ള സെനററിലേക്കു പഴയപടി വെറും അഞ്ചു് അംഗങ്ങളെ മാത്രം തിരഞ്ഞെടുത്തയയ്ക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നതുകൊണ്ടാണു് ഞാൻ ഈ ബില്ലിനെ എതിർക്കുന്നതു്. പഴയ സ്റ്റേറ്റ് കൗൺസിലിലെ തെരഞ്ഞെടുക്കപ്പെട്ട ൨൩ അംഗങ്ങൾക്കു ൨-ം അസംബ്ലിയിലെ തെരഞ്ഞെടുക്കപ്പെട്ട ൪൩ അംഗങ്ങൾക്കു ൩-ം അംഗങ്ങളെ തെരഞ്ഞെടുക്കുവാൻ അവകാശമുണ്ടായിരിക്കേ, ഇപ്പോൾ അത്രയും അംഗങ്ങളെ മാത്രം തെരഞ്ഞെടുക്കുവാനുള്ള ഒരു ഭേദഗതി അപര്യാപ്തമാണു്. ജനപ്രതിനിധി നേടുന്ന പക്ഷം ൧൨ സാമാജികന്മാരുള്ള ഈ സഭയ്ക്കു കൂടുതൽ അംഗങ്ങളെ തെരഞ്ഞെടുത്തു് അയയ്ക്കുന്നതിനു അധികാരമുണ്ടാകുന്ന ഒരു ഭേദഗതിയാണു് അവതരിപ്പിക്കേണ്ടിയിരുന്നതു്. സ്ഥാപിതതാല്പര്യക്കാർക്കു ഭൂരിപക്ഷമുള്ള സെനററിൽ വെറും ൫ പേർ പോയതുകൊണ്ടു ഈ സഭയ്ക്കും പൊതുജനങ്ങൾക്കും യാതൊരു പ്രയോജനവും ഉണ്ടാകുവാൻ പോകുന്നില്ല. കുറഞ്ഞപക്ഷം ൨൫ അംഗങ്ങളെ എങ്കിലും തെരഞ്ഞെടുത്തു് അയയ്ക്കുന്നതിനു ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടതായിരുന്നു.

MR. ABDUL MAJEED (*Chirayankil III—Muslim*) : അത്രയും കൂടി കൂടുതലായാൽ എന്താണു് ?

MR. K. A. MOHAMMED : ആ വശത്തുകൂടി നോക്കിയാലെന്തോ ഞാൻ പറഞ്ഞുള്ളൂ. സെനററിൽ മെജോറിറ്റിയും ഇവിടെനിന്നു തിരഞ്ഞെടുക്കപ്പെട്ട മെമ്പന്മാരായിരിക്കുന്നതിലും എനിക്കു വിരോധമില്ല. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് ഈ സഭയിലെ അംഗങ്ങളിൽ നിന്നും, തിരഞ്ഞെടുക്കുന്ന അംഗങ്ങളും, രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സും തിരഞ്ഞെടുക്കുന്ന അംഗങ്ങളും ചേർന്നാൽ സെനററിൽ ഭൂരിപക്ഷം കിട്ടത്തക്കവണ്ണം യൂണിവേഴ്സിറ്റി നിയമത്തെ ഭേദഗതി ചെയ്യേണ്ടതാണെന്നാണു്. ഇങ്ങനെ നിയമസഭയിൽനിന്നുമാത്രം കൂടുതൽ അംഗങ്ങളെ

[Mr. K. A. Mohammed.]

തിരഞ്ഞെടുക്കുന്നതിൽ വൈഷമ്യമുണ്ടെന്ന് എനിക്കറിയാം. യൂണിവേഴ്സിററി ആക്ററ് അനുസരിച്ച് സെനററിൽ ഇത്ര അംഗങ്ങളേ പാടുള്ളു എന്നുണ്ട്. അവരിൽ, ഇത്രയേ നിയമസഭയിൽനിന്നും തിരഞ്ഞെടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളു. ഇതിനെല്ലാം പരിഹാരം യൂണിവേഴ്സിറ്റി ആക്ററ സമൂലം മാററുക മാത്രമാണ്

MR. P. T. CHACKO : സെനററിൽ വിദ്യാർത്ഥികളേയും അയയ്ക്കുന്നതോ ?

MR. K. A. MOHAMMED : അതിനും വിരോധമില്ല എന്നാകാമെന്നാണ് എന്റെ അഭിപ്രായം. അതാണ് ഞാൻ ഗ്രാഡുവേററ്സിനേയും മററും എന്നു പറഞ്ഞത്. അതിനാൽ ഏതായാലും തിരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാരെ കൂടുതലായി സെനററിലേക്ക് അയയ്ക്കണമെന്ന അഭിപ്രായമാണു എനിക്കുള്ളത്.

MR. P. S. MOHAMMED : ഈ ബില്ലിന് അടിസ്ഥാനമായ സംഗതികളേക്കുറിച്ച് ഇത്രവളരെ വാദപ്രതിവാദങ്ങളുടെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. യൂണിവേഴ്സിററി ആക്ററ് പൊതുവേ അമൻറ് ചെയ്യുന്നതിനുള്ള ഒരു ബിൽ ഇവിടെ വന്നിട്ടില്ല. ഈ ഹൌസിന്റെ ദൃഷ്ടിയിൽ ഇന്നത്തെ യൂണിവേഴ്സിററി ആക്ററിലെ ഒരു *Interpretation* സംബന്ധിച്ചു ചില വൈഷമ്യങ്ങൾ ഉണ്ടായി. അതിനെ വ്യക്തമാക്കുകമാത്രമാണ് ഈ ബില്ലിന്റെ ഉദ്ദേശം. അഞ്ചുപേർ പഴയ നിയമസഭയിൽ നിന്നും—അതായത്, സ്റ്റേററുകൌൺസിലിൽനിന്നു രണ്ടുപേരും, അസംബ്ളിയിൽനിന്നു മൂന്നുപേരും—ഇങ്ങനെ അഞ്ചുപേരെ യൂണിവേഴ്സിററി സെനററിലേക്ക് തിരഞ്ഞെടുത്തു അയയ്ക്കണമെന്നുള്ളതിനേക്കുറിച്ചുള്ള അഭിപ്രായവ്യത്യാസമില്ലാതാക്കി, അഞ്ചുപേരെ, സംശയം കൂടാതെ, ഈ സഭയിൽനിന്നും തിരഞ്ഞെടുക്കത്തക്കവണ്ണമുള്ള ഒരു അമൻറുമെൻറാണ് ഇതിൽ ഉള്ളത്.

MR. K. A. MOHAMMED : യൂണിവേഴ്സിററി സെനററിൽ പോകുന്നതെന്തിനാണെന്നറിയാമോ ?

MR. P. S. MOHAMMED : എന്തിനായാലും പോകേണ്ടതാം. സാധാരണക്കാരുടെ പ്രായപൂർത്തി അവകാശത്തിന്മേലുള്ള പ്രതിനിധികളാണ് യൂണിവേഴ്സിററിയിൽ പോകുന്നതെങ്കിൽ യൂണിവേഴ്സിററി ആക്ററ് മുഴുവൻ തന്നെ ഭേദപ്പെടുത്തത്തക്കവണ്ണമുള്ള ഒരു ബിൽ ആണ് ഇവിടെ കൊണ്ടുവരേണ്ടിയിരുന്നത്. ഇച്ച് റിപ്രസെൻറേറ്റീവ് ബാഡിയാണ്.

മുമ്പുണ്ടായിരുന്നതു അസംബ്ലിയും കൌൺസിലും ആണു്. അതിനാൽ ഇതിൽനിന്നും അയയ്ക്കുന്ന മെമ്പറന്മാരുടെ സംഖ്യ ക്ലിപ്തപ്പെടുത്തുക എന്നതാണു ബില്ലിലെ ഉദ്ദേശം. മിക്കവാറും ഈ മാതിരി പ്രശ്നങ്ങളെക്കുറിച്ചു വാദം വരുമ്പോൾ വ്യക്തിപരമായോ വ്യക്തിവിദ്വേഷമോ കൂടി കലർത്തുക നമ്മുടെ ഇടയിൽ പതിവുണ്ടു. അതുകൊണ്ടാണ് വൈസ് ചാൻസിലർ ആരായിരുന്നാലും കൊള്ളാം, ഗവൺമെന്റു് ആരുതന്നെയിരുന്നാലും കൊള്ളാം, ഈ മാതിരി പ്രശ്നങ്ങൾ വരുമ്പോൾ വ്യക്തിപരമായി പോകാതെ നിയമപ്പെടുത്താൻ നോക്കണം, അതു ഫലപ്രദമായ രീതിയിൽ കൊണ്ടുപോകയും ചെയ്യേണ്ടതാണു. ഇപ്പോഴത്തെ പ്രശ്നം വ്യാഖ്യാനത്തെ സംബന്ധിച്ചുള്ളതാണു്. അതു് ക്ലിയർ ചെയ്യണം. അത്രേയുള്ളു. അഞ്ചുപേരെ തെരഞ്ഞെടുത്തയയ്ക്കുന്നതിനു ഈ ഹൌസിനവകാശമുണ്ടെന്നുള്ളതു് നിയമം മൂലം വ്യക്തമാക്കണം. അതു് സാധിക്കാവുന്നതുമാണു. അല്ലാതെ പ്രതിനിധികളെ കൂട്ടണമെന്നു പറയുമ്പോൾ ഏതെല്ലാം യോഗ്യതയുള്ളവരെയാണു് പ്രതിനിധികളായി എടുക്കേണ്ടതു്, ഏതെല്ലാം സമുദായത്തിന്നു് പ്രാതിനിധ്യം വേണം ഇങ്ങനെയുള്ള പല പ്രശ്നങ്ങളും വരുന്നതാണു. അതു ഞാൻ തന്നെ ഉന്നയിച്ചു എന്നും വരും. അതിനാൽ അതിന്റെ ആവശ്യം ഇപ്പോൾ കാണുന്നില്ല. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ബില്ലിനെ അനുകൂലിച്ചുകൊള്ളുന്നു.

Mr. MANNATHU PADMANABHA PILLAI : സർ, ചെറുവിരൽ പോലെ ഏററവും വലിപ്പം കുറഞ്ഞ ഈ ബില്ലിലെ ആശയങ്ങളെപ്പററിയും അതിന്റെ ആവശ്യത്തെപ്പററിയും ഉണ്ടായിട്ടുള്ള സംശയങ്ങൾ എല്ലാം ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലരുടെ നീണ്ട പ്രസംഗങ്ങൾ കൊണ്ടു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടു. ബില്ലിലെ കാര്യങ്ങളെപ്പററി പ്രത്യേകമായി വിമർശിച്ചുകൊണ്ടു്, ബില്ലിനെ അനുകൂലിക്കാതെയുള്ള അഭിപ്രായവും പുതുതായി വെളിപ്പെട്ടതായിരിക്കുന്നു. ഇങ്ങനെയുള്ള ഒരു ബിൽ നാം ഇവിടെ കൊണ്ടുവന്നു പാസ്സാക്കുന്നതു് ഈ നിയമസഭയുടെ ഇപ്പോഴുള്ള അധികാരത്തെ ചോദ്യം ചെയ്യുന്നതാണെന്നും ചിലർ സംശയിക്കുന്നു. ഏതൊരു നിയമത്തിന്റെ വ്യാഖ്യാനത്തിനും ചിലപ്പോൾ നിയമജ്ഞന്മാരുടെ ദൃഷ്ടിയിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാവുന്നതാണു്. അങ്ങനെ സംശയം വരാതിരിക്കത്തക്കവണ്ണം അതാതു കാര്യങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളെ സംബന്ധിച്ചു് വാദങ്ങളുണ്ടാകാതിരിക്കത്തക്കവണ്ണം സംശയാതീതമായ നിലയിൽ നിയമങ്ങൾ സൃഷ്ടിക്കുകയാണു് നിയമസഭയുടെ കർത്തവ്യം. അല്ലാതെ അധികാരം കയ്യിൽ കിട്ടിപ്പോയതു

[Mı .Iaunathu padmanabha Pillai]

കൊണ്ടു് വ്യക്തമായ നിയമം ആവശ്യമില്ലെന്നു പറയുന്നതും നമുക്കു ഇഷ്ടം പോലെ പ്രവർത്തിക്കാമെന്നു പറയുന്നതും തെറ്റാണു്. അങ്ങനെയാണെങ്കിൽ മദ്യവർജ്ജനം നടപ്പിലാക്കാൻ ഒരു ബില്ലിന്റെ ആവശ്യം ഇല്ലായിരുന്നല്ലോ. നമുക്കു് പോലീസുണ്ടു്, പട്ടാളമുണ്ടു്, എക്സൈസ് ശിപായിമാരുണ്ടു്, ഓരോ വീട്ടിലും ഓരോ ഷാപ്പിന്റെ വാതുക്കലും നിന്നു്, മദ്യവർജ്ജനം നടപ്പിൽ വരുത്തിയിരിക്കുന്നു എന്നു പറഞ്ഞാൽ പോരെ? അങ്ങിനെയല്ലല്ലോ ചെയ്യുന്നതു്. രാജ്യത്തേക്കു് ആവശ്യമുള്ള നിയമങ്ങൾ എഴുതി ഉണ്ടാക്കി കുഴപ്പം കൂടാതെ കാര്യങ്ങൾ നടത്താൻ വ്യവസ്ഥ ചെയ്യുന്നതാണു് ഏതു ഗവണ്മെന്റിന്റേയും ധർമ്മം.

മുമ്പുള്ള അസംബ്ലിയിൽ നിന്നു മൂന്നും കൌൺസിലിൽ നിന്നു് രണ്ടും പേരെ സർവകലാശാലയിൽ നിന്നും തെരഞ്ഞെടുത്തയച്ചുകൊണ്ടിരുന്നു. ഇപ്പോൾ ആ സ്ഥാപനങ്ങളില്ലാത്തതിനാൽ നിയമത്തിൽ അതിനു തക്കവണ്ണമുള്ള ഭേദഗതി വരുത്തണമെന്നു നിയമശാസ്ത്രം ആവശ്യപ്പെടുമ്പോൾ മുമ്പുള്ള നിയമസഭകളുടെ അധികാരം ഇതിൽ ലയിച്ചിരിക്കുന്നതുകൊണ്ടു്, അങ്ങനെ മാറേണ്ട ആവശ്യമില്ല, നമുക്കു് അഞ്ചുപേരെ തിരഞ്ഞെടുത്തയയ്ക്കാം എന്നെല്ലാം പറയുന്നതു് ശരിയായിട്ടുള്ളതല്ല. വൈസ്ചാൻസലരെക്കാൾ അധികാരം ഈ സഭയ്ക്കില്ലെന്നും അങ്ങിനെ ഒരു നടപടി ഉണ്ടാക്കുന്നതു് ഈ സഭയുടെ അധികാരത്തിനു തന്നെ ബാധകമാണെന്നും വാദിക്കുന്ന നിയമജ്ഞന്മാരായ മെമ്പന്മാരെപ്പറ്റി വ്യസനിക്കുകയേ നിവൃത്തിയുള്ളു. അതിനാൽ സംശയമുള്ള വാദങ്ങൾക്കു് പരിഹാരമുണ്ടാക്കുന്നതിനായി കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതികൾ, തീരെ സമയമില്ലാതിരിക്കുന്ന ഈ സഭയുടെ ഉള്ള സമയം കൂടി കളയാതെ സ്വീകരിച്ചു് നിയമം സംശയാതീതമാക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു. പല ഭേദഗതികളും യൂണിവേഴ്സിറ്റി ചട്ടങ്ങളിൽ മാത്രമല്ല, നിലവിലിരിക്കുന്ന പല ചട്ടങ്ങളിലും വരുത്തേണ്ടതായിട്ടുണ്ടെന്നു് ഞാൻ സമ്മതിക്കുന്നു. അതെല്ലാം ഈ ബഡ്ജറ്റു കാലത്തു് ആലോചിച്ചു് നിയമസഭയുടെ സമയം ദുർവിനിയോഗം ചെയ്യുന്നതു് ഔചിത്യമാണോ എന്നു് ആലോചിക്കണം. അതായതു് തിരഞ്ഞെടുപ്പു രീതി പ്രാതിനിധ്യ വ്യവസ്ഥ, ഭരണരീതി, ഇവയൊക്കെ മാറേണ്ടതായിട്ടുണ്ടു്. അതൊക്കെ അങ്ങനെ ഒരു ചട്ടം പുതിയതായി മാറ്റി എഴുതുമ്പോൾ ആലോചിക്കേണ്ട കാര്യങ്ങളാണു്. അതിനാൽ

വിദ്യാഭ്യാസ മന്ത്രി കൊണ്ടുവന്നിട്ടുള്ള, സംശയദൂരീകരണത്തിനായിട്ടുള്ള ഭേദഗതി സ്വീകരിച്ചുകൊണ്ട്, ഈ ആക്ട് പാസാക്കുന്നതിനോട് ഞാൻ യോജിക്കുന്നു. അതിന് അപേക്ഷിക്കയും ചെയ്യുന്നു

MR. T. A. ABDULLA: മി. മങ്കളത്തു പത്മനാഭപിള്ള ബഹുമാനപ്പെട്ട മന്ത്രി മി. റ്റി. എം. വർഗീസ് അവതരിപ്പിച്ച യൂണിവേഴ്സിററി ആക്ട് അമൻറുമെൻറു ബില്ലിനെ അനുകൂലിക്കുന്നതിനു പറഞ്ഞ അതേ കാരണങ്ങളാൽ തന്നെ ഞാൻ ഭേദഗതിയെ പ്രതികൂലിക്കുന്നു. ഒരു സംഗതി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. [illegible] തിരുവിതാംകൂർ യൂണിവേഴ്സിററി അധികൃതന്മാർ നമുക്ക് ഉത്തരവാദഭരണം സിദ്ധിച്ച്, ജനപ്രതിനിധികളിലേക്ക് ഭരണാധികാരം കിട്ടിയതിനുശേഷം അവലംബിച്ചിട്ടുള്ള മനോഭാവം എന്താണെന്നു സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. യൂണിവേഴ്സിററി ഒരു സ്വതന്ത്ര (ഓട്ടോണമസ്) സ്ഥാപനമാണെന്നും ജനകീയ ഗവൺമെൻറിനോ നിയമസഭക്കോ അതിനെ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരമോ, അവകാശമോ ലേശംപോലും ഇല്ലെന്നുമുള്ള ഭാവത്തിലാണ് അവർ പ്രവർത്തനം നടത്തുന്നത്. വിദ്യാഭ്യാസപരമായി പിന്നണിയിൽ നില്ക്കുന്ന സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് കാളേജുകളിൽ പ്രവേശനകാര്യത്തിൽ മുൻഗണന നൽകുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണെന്നു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ഈ സഭക്കു ഉറപ്പു തരികയുണ്ടായി. എന്നാൽ അനുഭവം എന്താണെന്നുള്ളതു്. ഇവിടത്തെ പ്രധാന സമുദായ സംഘടനകൾ പാസാക്കിയിട്ടുള്ള നിശ്ചയങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. എസ്. എൻ. ഡി. പി. യും തിരുവിതാംകൂർ സ്റ്റേററ് മുസ്ലീം ലീഗും ഗവൺമെൻറിൽ നിന്നും കൊടുത്തിട്ടുള്ള ഉറപ്പു പ്രകാരം പറയത്തക്ക യാതൊരു ആനുകൂല്യങ്ങളും പിന്നോക്കസമുദായങ്ങൾക്കു ലഭിച്ചിട്ടില്ലെന്ന പ്രതിഷേധനിശ്ചയം പാസ്സാക്കുകയുണ്ടായി ഇതിൽ നിന്നും ഞാൻ മനസ്സിലാക്കുന്നതു് യൂണിവേഴ്സിററിയിൽ ഗവൺമെൻറിനുള്ള അധികാരം വെറും നാമമാത്രമാണെന്നാണു. ആ സ്ഥിതിക്ക് നിയമസഭയിൽ നിന്നും മെമ്പറന്മാരെ തിരഞ്ഞെടുത്തു അയച്ചതുകൊണ്ട് എന്തു വിശേഷമാണുണ്ടാകാൻ പോകുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ജനകീയ ഗവൺമെൻറിന്റെ അധികാരശക്തി യൂണിവേഴ്സിററിയിൽ വേണ്ടപോലെ പ്രയോഗിക്കാൻ സാധിക്കാത്തിടത്തോളം കാലം ൭ മെമ്പറന്മാരെന്നല്ല; പത്തു മെമ്പറന്മാരെ തിരഞ്ഞെടുത്തയച്ചാലും വിശേഷമില്ല. ഇന്നത്തെ യൂണിവേഴ്സിററി ഭാരവാഹികളുടെ മനോഭാവം വെച്ചുനോക്കിയാൽ മെമ്പറന്മാരുടെ

[Mr. T. A. Abdulla]

യാതൊരു നിർദ്ദേശങ്ങൾക്കും അവ അർഹിക്കുന്ന പരിഗണന ഉണ്ടാകുന്നതല്ല. കാരണം ഗവർമ്മെൻറിനും യൂണിവേഴ്സിററിക്കും തമ്മിലുള്ള ബന്ധം അത്രയ്ക്കേയുള്ളു. ഈ ന്യൂനത പരിഹരിയ്ക്കുന്നതിനു വേണ്ടി യൂണിവേഴ്സിററി ആക്ട് തന്നെ പുനഃപരിശോധന ചെയ്തു വിപുലമായ ഭേദഗതി ചെയ്യേണ്ടതാണ്. അതുകൊണ്ടു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി, ഇവിടെ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലിനെ പിൻവലിച്ച്, നിലവിലിരിക്കുന്ന യൂണിവേഴ്സിററി ആക്ടിനെ സൂക്ഷ്മമായി പരിശോധിച്ചു ഗവർമ്മെൻറിന്റെ അധികാരം യൂണിവേഴ്സിറ്റിയിൽ വേണ്ടതുപോലെ പ്രയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു ഭേദഗതി ബില്ല് അവതരിപ്പിക്കുന്നതായിരിക്കും ഉത്തമം. അല്ലാതെ, പെട്ടെന്നു സെനററിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതായ ഏതുക ആവശ്യത്തിനു വേണ്ടി ഒരു ഭേദഗതി ആവശ്യമില്ല. ഈ സഭയ്ക്കു യൂണിവേഴ്സിററിയുടെ മേൽ അധികാരമുണ്ടെന്നു വ്യക്തമാക്കുകയും നമ്മുടെ പ്രതിനിധികളുടെ അഭിപ്രായത്തിനു പ്രാമാണ്യം സിദ്ധിക്കുമെന്നു ഉറപ്പാക്കുകയും ചെയ്തതിനുശേഷം പ്രതിനിധികളെ തിരഞ്ഞെടുത്താൽ മതിയാകും. ഏതായാലും piecemeal legislation അഭിലഷണീയമല്ലെന്നാണ് എന്റെ പക്ഷം. ബില്ലിലെ phraseology തന്നെ ശരിയായിട്ടില്ല. പുതിയ ഭരണഘടനയിൽ ദ്വിമണ്ഡലനിയമസഭയ്ക്കാണ് വ്യവസ്ഥ ചെയ്യുന്നതെങ്കിൽ ലെജിസ്ലേററിവ് അസംബ്ലി എന്നുള്ള ഈ ബില്ലിലെ പ്രയോഗം പിന്നെയും ഒരു ഭേദഗതിയുടെ ആവശ്യം വരുത്തിവയ്ക്കുകയാണ് ചെയ്യുന്നത്. Legislature എന്ന കൂടുതൽ വ്യാപകാർത്ഥമുള്ള (Comprehensive term) വാക്കു ഉപയോഗിക്കാമായിരുന്നു. ഈ കാരണങ്ങളാൽ ബില്ലിനെ ഞാൻ എതിർക്കുന്നു.

MR. K. M. CHANDY: സർ, യൂനിവേഴ്സിററി ആക്ററ് അമൻറുമെൻറു ബില്ലിൽ സാരമായ ഭേദഗതി വരുത്താതെ അവതരിപ്പിക്കാൻ പാടില്ലെന്നുള്ള മി. അബ്ദുള്ളയുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. റിപ്രസൻറേററിവ് ബാഡിയിൽ നിന്നോ അല്ലെങ്കിൽ നിയമസഭയിൽ നിന്നോ നാലോ അഞ്ചോ മെമ്പറന്മാരെ തെരഞ്ഞെടുത്തു സെനററിലേക്ക് അയയ്ക്കുന്നതുകൊണ്ടു വിദ്യാഭ്യാസപരമായി അവശതകൾ അനുഭവിക്കുന്നവർക്ക് യാതൊരു പരിഹാരവും സാധിക്കാൻ പോകുന്നില്ല. യൂനിവേഴ്സിററി ഗവർമ്മെൻറിന്റെ അധികാരാതിർത്തിയിൽ പെടുത്തക്കവണ്ണം വേണ്ട വ്യവസ്ഥ ഇപ്പോഴത്തെ ആക്ററിൽ ഇല്ല തന്നെ. ആ സ്ഥിതിക്കു മെമ്പറന്മാർക്കും അതനുസരിച്ചുള്ള സ്ഥാനമേ അവർ കൊടുക്കുകയുള്ളു. അങ്ങനെയാണെങ്കിൽ, ഇത്ര പെട്ടെന്നു മെമ്പ

റന്മാരെ തിരഞ്ഞെടുത്തു സെനററിലേക്ക് അയക്കേണ്ടതിന്റെ ആവശ്യം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. രാജ്യഭരണം തന്നെ പഴയ സമ്പ്രദായത്തിൽ നിന്നും ഒരു പുതിയ സമ്പ്രദായത്തിലേക്ക് മാറിയിരിക്കുന്നു. ഓരോ ദിവസം കഴിയുംതോറും പൊതുജനങ്ങളുടെ പുരോഗമനോന്മുഖമായ ആശയങ്ങളും അഭിപ്രായങ്ങളും ഒരു പരിവർത്തനദശയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. പരിഷ്കൃത രാജ്യങ്ങളിൽ വിദ്യാഭ്യാസപരമായി പല നവീന പദ്ധതികളും സ്വീകരിച്ചിരിക്കുന്നു. നമ്മുടെ യൂണിവേഴ്സിററി ഇതൊന്നും അറിയുന്നില്ലെന്നു തോന്നുന്നു. ഒരു സമ്പ്രദായത്തിൽ ഇവിടെ ഒരു യൂണിവേഴ്സിററി ഉണ്ടായി, കുറെ മെമ്പറന്മാരടങ്ങിയ ഒരു സെനററും രൂപീകരിച്ചു. പക്ഷെ, പ്രവർത്തനം യൂണിവേഴ്സിററിയുടെ ഇഷ്ടം പോലെയും. ഉത്തരവാദഭരണസമ്പാദനത്തിനു ശേഷവും വിദ്യാഭ്യാസസംബന്ധമായി പൊതുജനങ്ങളുടെ അവകാശസമത്വം യൂണിവേഴ്സിററി അംഗീകരിക്കുന്നില്ലെങ്കിൽ, അതിനു ഉത്തരവാദി നിലവിലിരിക്കുന്ന യൂണിവേഴ്സിററി ആക്റ്റാണ്. അതുകൊണ്ടു, നിയമസഭയിലുള്ള മെമ്പറന്മാരായാലും കൊള്ളാം, പുറത്തു നിന്നുള്ള മെമ്പറന്മാരായാലും കൊള്ളാം, അവരുടെ നിർദ്ദേശങ്ങളെ വിഗണിക്കാതിരിക്കത്തക്കവണ്ണമുള്ള ഒരു സമൂലപരിവർത്തനം ഈ ആക്റ്റിൽ ഉണ്ടാക്കിയതിനു ശേഷം, മെമ്പറന്മാരുടെ തെരഞ്ഞെടുപ്പും മററും നടത്തിയാൽ മതിയെന്നാണ് എന്റെ അഭിപ്രായം. എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാരും ഈ അഭിപ്രായത്തോടു യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. P. K. KUNJU: സർ, ഈ സഭയുടെ അംഗീകാരത്തിനുവേണ്ടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ഇവിടെ അവതരിപ്പിച്ച യൂണിവേഴ്സിററി ഭേദഗതി ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. നിലവിലിരിക്കുന്ന യൂണിവേഴ്സിറ്റി ആക്റ്റിൽ പല ഭേദഗതികളും വന്നതിനു ശേഷം ഈ ബിൽ അവതരിപ്പിച്ചാൽ മതിയെന്നുള്ള മി. അബ്ദുള്ളയുടെ വാദഗതിയെ ഞാൻ ഖണ്ഡിച്ചോ, മി. ചാണ്ടിയുടെ അഭിപ്രായത്തെ പ്രതികൂലിച്ചോ അല്ല ഇതിനെ അനുകൂലിച്ചതു. അവർ പറയുന്നതുപോലെ ആക്റ്റിന്റെ പല ഭാഗങ്ങളും ഭേദഗതി ചെയ്യണം. അതിന്റെ വ്യാപ്തി വിപുലമാക്കണം, യൂണിവേഴ്സിറ്റി ഭരണം ഗവർമ്മെന്റിനോടു കൂടുതൽ ബന്ധിപ്പിക്കണം. മെമ്പറന്മാർക്കു വേണ്ടവണ്ണം പ്രാതിനിദ്ധ്യമുണ്ടാകണം. ഇങ്ങനെ തുടങ്ങി പലതും. ഇവയൊക്കെ ശരിയും തന്നെ. എന്നാൽ

[Mr. P. K. Kunju.

ഇപ്പോഴത്തെ പ്രശ്നം അതല്ല. നിയമസഭയിൽ നിന്നും അഞ്ചു മെമ്പറന്മാരെ സെനറ്റിലേക്ക് അയയ്ക്കുന്നതിനാണ് വിദ്യാഭ്യാസമന്ത്രി നമ്മോട് അഭിപ്രായം ചോദിച്ചിട്ടുള്ളത്. ഈ ഒരു ഏർപ്പാട് മുൻപിനാലെ ഉള്ളതാണ്. നിയമപരമായി വല്ല തകരാറുകളും ഉണ്ടായാൽ അത് പരിഹരിക്കുന്നതിനു നിയമം പൂർണ്ണവും വ്യക്തവുമായിരിക്കേണ്ടതാണ്. യൂണിവേഴ്സിറ്റിയുടെ പ്രാരംഭകാലം മുതൽക്കു അസംബ്ലിയിലും കൗൺസിലിലും നിന്ന് [illegible] അംഗങ്ങളെ തെരഞ്ഞെടുത്തയച്ചുകൊണ്ടിരുന്നു. ഇപ്പോഴും തിരഞ്ഞെടുക്കണമെങ്കിൽ നിലവിലിരിക്കുന്ന ആക്ടിനെ സമൂലപരിവർത്തനം ചെയ്തിട്ടേ പാടുള്ളൂ എന്നു പറയുന്നതിനും ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി ആക്ടിന്റെ തത്വത്തിനും തമ്മിൽ ബന്ധമൊന്നുമില്ല. അതുകൊണ്ട് ഈ ബിൽ അതേപടി അംഗീകരിക്കണമെന്നു ഞാൻ ഈ സഭയോട് അഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. K. RAMACHANDRAN: I move that the question be now put.

The closure motion was put and carried.

HON'BLE MR. T. M. VARGHESE. Sir, I beg to move that the Bill be taken into consideration atonce.

HON'BLE MR. A. THANU PILLAI: I second the motion.

The motion was put and carried.

HON'BLE MR. T. M. VARGHESE; I move that the billbe passed.

HON'BLE MR. A. THANU PILLAI: I second it.

MR. P. T. CHACKO: Instead of the term "Legislative Assembly" the term "Legislature" may be used.

MR. P. K. KUNJU: Is this the second reading stage or the third reading stage?

MR. PRESIDENT: This is the third reading stage. No amendments can now be moved.

The motion that the Bill be passed was put and carried.

The Travancore Income Tax Act (Amendment) Bill.

MR. PRESIDENT. The House will now take up the sixth item in the Legislative business, viz., the Income Tax Act (Amendment) Bill.

HON'BLE MR. C. KESAVAN: തിരുവിതാംകൂർ ഇൻകം ടാക്സ് ആക്ട് ഭേദഗതിബിൽ ഈ സഭയുടെ മുമ്പിൽ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. അങ്ങനെ ചെയ്യുന്നതോടുകൂടി താഴെ പറയുന്ന കാര്യങ്ങളും സഭയുടെ ശ്രദ്ധയിൽ

കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ൧൧൨൫-ലെ ഒന്നാം ആക്ടായ ഇൻകംടാക്സ് ആക്ട് ൧൦-ാം ഖണ്ഡികയിലെ ഒരു ചെറിയ ഭേദഗതി മാത്രമേ ഈ ബിൽ കൊണ്ടു ഉദ്ദേശിക്കുന്നുള്ളു. ടി ആക്ടിലെ ൧൦-ാം ഖണ്ഡികയിലെ ൧൧൨൫ എന്നുള്ളതു ൧൧൨൭ എന്നു ഭേദഗതി ചെയ്യണമെന്നുള്ളതാണ് ബില്ലിന്റെ ഉദ്ദേശം. ടി ആക്ട് ൧൧൨൬ ചിങ്ങം ൧-ാംനു മുതൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടാണ് അന്നു നിയമമാക്കിയതെങ്കിലും പ്രായോഗികമായ ചില വൈഷമ്യങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് അതു നടപ്പിൽ വരുത്തുവാൻ സാധിച്ചില്ല. വരവിനങ്ങൾ അദ്ധ്വാനിച്ചതെന്നും അല്ലാത്തതെന്നും രണ്ടായി തരം തിരിച്ചിരുന്നതു ആക്ടിലെ ഷെഡ്യൂളിൽ ചില ഭേദഗതികൾ കൂടി ചെയ്യാതെ നടപ്പിലാക്കുവാൻ വൈഷമ്യം നേരിട്ടു. ആ ഭേദഗതിവരുത്തിയ ശേഷം അതു ൧൧൨൭ ചിങ്ങം ഒന്നാം തീയതി മുതൽ നടപ്പിൽ വരുത്തേണ്ട ആവശ്യം നേരിട്ടിരിക്കുന്നതു കൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്. അതുകൊണ്ടു മേൽ പറഞ്ഞതുപോലെ ൧൦-ാം ഖണ്ഡികയിലെ ൧൧൨൫ എന്നുള്ളതു ൧൧൨൭ എന്നു ഭേദഗതിചെയ്യണമെന്നു അപേക്ഷിക്കുന്നു. ഈ അഭിപ്രായത്തോടുകൂടി ഈ ബിൽ സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

HON'BLE MR. K. M. KORAH : I second it.

MR. PRESIDENT : ഈ ബില്ലിന്റെ തത്വത്തെപ്പററി അഭിപ്രായം ആക്കും ഇല്ലെന്നു തോന്നുന്നതിനാൽ അവതരിപ്പിക്കാൻ അനുവദിച്ചതായി വിചാരിക്കുന്നു.

HON'BLE MR. C. KESAVAN : ഈ ബില്ല ആലോചനക്കെടുക്കണമെന്നു അപേക്ഷിക്കുന്നു.

HON'BLE MR. K. M. KORAH: I second it.

MR. P. S. MOHAMMED : ഈ ബില്ലിനെ ഞാൻ എതിർക്കുന്നു. അതിനുള്ളകാരണം കഴിഞ്ഞ നിയമ സഭയിൽ......

MR. K. K. CHELLAPPAN PILLAI : ഒരു പോയിൻറ് ആഫ് ആർഡർ, സർ, ഈ ബിൽ ആദ്യം ഇവിടെ കൊണ്ടു വന്നപ്പോൾ എതിർക്കാതെ ഇപ്പോൾ എതിർക്കുകയാണു ചെയ്യുന്നത്. അങ്ങനെ ചെയ്യാമോ?

MR. PRESIDENT : ആദ്യത്തെ റീഡിംഗിൽ ഈ ബില്ലിനെപ്പററി അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിൽ പറയാമായിരുന്നു. ഈ ബില്ല് ആലോചനക്കെടുക്കണമെന്ന മോഷൻ സഭ അംഗീകരിച്ചിരിക്കുന്നതായി വിശ്വസിക്കുന്നു.

HON'BLE MR. C. KESAVAN : ഈ ബിൽ പാസാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

HON'BLE MR. K. M. KORAH : I second it.

MR. PRESIDENT : ഈ ബിൽ പാസ്സാക്കണമെന്ന അപേക്ഷയെ സ്വീകരിക്കുന്നവർ കൈപൊക്കണം. (കൈപൊക്കി) എതിർക്കുന്നവർ കൈപൊക്കണം. (കൈപൊക്കി) ഭൂരിപക്ഷം അനുകൂലിക്കുന്നവർ ആയതുകൊണ്ട് ബിൽ പാസ്സാക്കിയിരിക്കുന്നു.

THE TRAVANCORE TEA CONTROL ACT (AMENDMENT) BILL.

HON'BLE MR. T. M. VARGHESE : ഞാൻ തേയില നിയന്ത്രണ ഭേദഗതി ബിൽ അവതരിപ്പിച്ചുകൊള്ളുന്നു. ഇൻറർ നാഷണൽ റ്റീ കൺട്രോൾ ആക്‌ററിലെ താല്പര്യപ്രകാരം ഇൻഡ്യാഗവണ്മെൻറു ൧൯൩൮-ൽ നടപ്പിലാക്കിയ ബിൽ ൧൯൪൮-ൽ വീണ്ടും ആവർത്തിച്ച് ൧൯൫൦ വരെ ഉൗർജിതത്തിൽ വരുത്തിയിരിക്കുന്നു. റ്റീ ഇവിടെ ഉള്ളതുകൊണ്ട് ഈ ബില്ല് നമ്മുടെ രാജ്യത്തിനും വിധേയമാണ്. നമുക്ക് ഈ ബിൽ ഇപ്പോൾ വളരെ ആവശ്യമാണെന്നു ബോദ്ധ്യമുള്ളതിനാലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. മുൻപ് ഒരാക്‌ററായി പാസ്സാക്കിയ ബില്ലു തന്നെ ഇൻഡ്യാഗവണ്മെൻറിനെ അനുകരിച്ചു ൧൯൫൦ വരെ ഉൗർജ്ജിതത്തിൽ വരുന്നതിനു വേണ്ടിയാണു വീണ്ടും പാസ്സാക്കുന്നത്. അതിനാൽ ഈ ബിൽ ഈ സഭയുടെ അംഗീകാരത്തിനായി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

MR. T. A. ABDULLA : Sir, while seconding the Bill I wish to make a few observations. As will be seen from the Bill itself, for the purpose of continuity this Bill should have been brought before the House very much earlier so that it could have been passed before the day on which it is to come into effect according to the present Bill. That is, this Bill is now a belated one because in consonance with the policy with regard to these matters, for the purpose of uniformity a parallel legislation to the Indian Act should have been passed here before the date on which the previous Act expired. In any case, since it is a belated Act I am positively of the opinion that all the stages must be rushed through today itself. At the same time I wish to point out that a very serious matter has to be considered by this House. The Bill gives retrospective effect to the legislation. Any legislation which gives retrospective effect must be carefully considered. By the indifference of the Travancore Government there came into existence a period in which every citizen of Travancore had the right to plant tea as he wished without any restriction. Under the original Tea Control Act there are certain penal provisions. If retrospective effect is given to this Act, the actions done when the legislation was not in force

would be penalised. Things done lawfully at the time would become penal. I would bring this matter for the consideration of the Hon'ble Minister and suggest to him to find out a way so that nobody who had done things lawfully would be penalised. I second the Bill.

MR. K. A. MATHEW: ഇൻഡ്യാഗവണ്മെൻറ് എന്നാണ് ഈ ആക്റ്റ് എക്സ്റ്റൻഡു ചെയ്തതു ? ൧൯൪൮-ലാണോ അതിനു മുമ്പാണോ ?

HON'BLE MR. T. M. VARGHESE : അതു തീർച്ചയായി അറിഞ്ഞുകൂടാ. എങ്കിലും കഴിഞ്ഞ ഏപ്രിൽ ൧-ാം തീയതിക്കു മുൻപായി പാസ്സാക്കി എന്നറിവുണ്ട്.

MR. K. A. MATHEW : അപ്പോൾ ഇവിടെ ഒരു വലിയ ബലഹീനതയാണല്ലൊ വന്നിരിക്കുന്നതു.

HON'BLE MR. T. M. VARGHESE : അതേ, എങ്കിലും റിട്രോസ്പെക്റ്റീവ് എഫക്റ്റിൽ ഏതെങ്കിലും ബില്ല് പാസ്സാക്കാമെങ്കിൽ അമെൻറുമെൻറും പാസ്സാക്കാം. ബഹു: മെമ്പർ മി. അബ്ദുള്ളാ പ്രസ്താവിച്ചതുപോലെ ഏതെങ്കിലും അവകാശത്തിന് ന്യൂനത സംഭവിക്കുന്നുണ്ടെങ്കിൽ ചെയ്യാൻ പാടില്ലെന്നല്ലാതെ റിട്രോസ്പെക്റ്റീവ് എഫക്റ്റിൽ നിയമങ്ങൾ കൊണ്ടുവരാൻ പാടില്ലെന്നില്ല. പക്ഷെ അതത്ര നന്നല്ല. ഇതു മുമ്പു തന്നെ ചെയ്യേണ്ടതായിരുന്നു. അന്നത്തെ ഗവണ്മെൻറ് അതു ചെയ്തിട്ടില്ല. ഞാൻ ഏതെങ്കിലും ഗവണ്മെൻറിനെ കുററപ്പെടുത്തുകയല്ല. ൧൯൪൮ മാർച്ച് അവസാനത്തിലാണ് ഈ ഗവണ്മെൻറു വന്നതു. ഇതിനിടയ്ക്കുള്ള അന്തരാളഘട്ടത്തിൽ അങ്ങനെ കിടന്നുപോയതായിരിക്കാം.

MR. K. A. MATHEW : നിലവിലില്ലാത്ത ഒരു ആക്റ്റിനെ അമെൻറു ചെയ്യുന്നതെങ്ങിനെയെന്നാണ് പിന്നെയും ഞാൻ സംശയിക്കുന്നതു?

HON'BLE MR. T. M. VARGHESE : ഇപ്പോൾതന്നെ ഇതു താമസിച്ചുപോയി. ഇനിയും താമസിപ്പിക്കുന്നതു ശരിയല്ലെന്നു കരുതിയാണ് ഇപ്പോൾതന്നെ കൊണ്ടുവന്നതു. ബ്രിട്ടീഷ് ഇൻഡ്യയിൽ ഇങ്ങനെയൊരു ബില്ല് പാസ്സാക്കിയിട്ടുണ്ട്. അതു ൧൯൫൦ വരെ ഊർജ്ജിതത്തിലിരിക്കുന്നതാണെന്നും ബില്ലിൽ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഇതു ഗവണ്മെൻറിൻേറയും ഒരാവശ്യമാണ്. റീപ്ലാൻറു ചെയ്യുന്ന സ്ഥലങ്ങളെ സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറു പാസ്സാക്കിയിട്ടുള്ള നിയമം അനുസരിച്ച് നാമും അങ്ങനെ ഒരു നിയമം പാസ്സാക്കുന്നതാണ്.

MR. P. S. MOHAMMED: അതുകൊണ്ട് അത് ഇപ്പോൾ മുതൽ എഫെക്റ്റിൽ വരുത്തിയാൽ പോരെ?

HON'BLE MR. T. M. VARGHESE: മൂന്നു മാസം നിയമം ഇല്ലാതെ ഇരുന്നു എന്ന അപരാധം വേണ്ടാ. മുമ്പേതന്നെ പാസ്സാക്കി എന്നു പറയുന്നതുകൊണ്ടു ദോഷമൊന്നുമില്ല. നിയമജ്ഞന്മാർ പറഞ്ഞതും അങ്ങനെ ചെയ്യാൻ മതിയെന്നാണ്.

MR. S. NILAKANTA IYER: പഴയ ആക്റ്റ് ഉയർജ്ജിതത്തിൽ ഇരിക്കുകയാണെങ്കിൽ അതിനെ എക്സ്റ്റെൻറു ചെയ്യാം. പഴയ ആക്റ്റില്ലാത്ത സ്ഥിതിക്ക് പുതുതായി ഒരു ബില്ലു കൊണ്ടുവരാമെന്ന ല്ലാതെ എക്സ്റ്റെൻറു ചെയ്യുകയെന്നു പറയുന്നതിന് അർത്ഥമൊന്നുമില്ല. പഴയ ആക്റ്റു ഉണ്ടായിരുന്നെങ്കിൽ റിട്രോസ്പെക്റ്റീവ് എഫെക്റ്റിൽ അമൻറുമെൻറു കൊണ്ടുവരാം. ഒരാക്റ്റ്. ഇല്ലാതിരിക്കെ എക്സ്റ്റെൻറ് ചെയ്യുന്നതു ശരിയാണോ എന്നെനിക്ക് സംശയമായിരിക്കുന്നു. അതുകൊണ്ടു പുതുതായ ഒരു ആക്റ്റുകൊണ്ടു വരണം.

MR. PRESIDENT: ഇതിനെപ്പററിയുള്ള ചർച്ചയും ബാക്കിയുള്ള ലെജിസ്ലേറ്റീവ് ബിസിനസ്സും ആഗസ്റ്റു ൨൧-ാംതീയതി നടത്തുന്നതാണ്. ഈ സഭ ഇപ്പോൾ പിരിയുന്നതും ആഗസ്റ്റ് ൫-ാം തീയതി രാവിലെ പതിനൊന്നു മണിക്ക് വീണ്ടും കൂടുന്നതുമായിരിക്കും.

The House rose at 4-35 P. M.

R. KERALAVARMA THIRUMULPAD,
Ag. *Secretary to the Legislative Assembly.*

PROCEEDINGS
OF
THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION.

Vol. II—No. 2.

Thursday, the 5th August 1948/21st Karkatakam 1123.

The House re-assembled in the Legislative Chamber, Public Offices, at 11.0 A. M. on Thursday, the 5th August 1948 with the Honourable Mr. A. J. John, President, in the chair.

QUESTIONS AND ANSWERS.

വായനശാലകൾ.

35. **MR. P. K. KRISHNAN SASTRI** (*Meenachil II—Pulaya Reserved*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്ന വായനശാലകൾ എത്രയെന്നും എവിടെയെല്ലാമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിന്റെ മേൽനോട്ടത്തിൽ ൧൨ വായനശാലകൾ നടത്തിവരുന്നു. അവ, വെളിയത്തുനാട്, മാണിക്യമംഗലം, സർവ്വോത്തമപുരം, കുളക്കട, പാകോട്ട്, തോട്ടക്കാട്ട്, ഉദയംപേരൂർ, വട്ടിയൂർക്കാവ്, കീഴ്ചേരിമേൽ, കണ്ണഞ്ചേരി, ഏഴംകുളം, അരുവാമൊഴി എന്നിവിടങ്ങളിലാണ്.

MR. P. K. KRISHNAN SASTRI : പിന്നോക്കസമുദായാംഗങ്ങൾ അധികമായി താമസിക്കുന്ന സ്ഥലങ്ങളിൽ വായനശാലകൾ സ്ഥാപിക്കാൻ ഗവൺമെൻറു ദയവായി ശ്രമിക്കുമോ?

HON'BLE MR. G. RAMACHANDRAN : അങ്ങിനെയുള്ള സ്ഥലങ്ങളിൽനിന്നും അപേക്ഷകൾ വരികയോ മറേറതെങ്കിലും കാരണത്താൽ ആവശ്യമാണെന്നു ഗവൺമെൻറിനു തോന്നുകയോ ചെയ്യുമ്പോൾ അങ്ങിനെ ചെയ്യുന്നതിനു ഗവൺമെൻറിനു വളരെ സന്തോഷമായിരിക്കും.

ആശ്രാമത്തു വായനശാലയും, നിശാപാഠശാലയും.

36. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കൊല്ലം ആശ്രാമത്തു പിന്നോക്കസമുദായങ്ങളുടെ ആവശ്യാർത്ഥം ഒരു വായനശാലയും, ഒരു നിശാപാഠശാലയും സ്ഥാപിച്ചുകിട്ടണമെന്നുള്ള അപേക്ഷ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടിയെടുത്തു എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : (എ) ഉണ്ട്.

(ബി) ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുന്നു.

നെൽക്കൃഷി.

37. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*): കുന്നത്തുനാട്ടുതാലൂക്കിൽ ചേന്ന മഞ്ഞപ്ര, കോതകുളങ്ങര എന്നീ പകുതികളിൽ അനേകായിരം ഏക്കർ സ്ഥലത്ത് നെൽക്കൃഷി നടത്താൻ, ചാലക്കുടി പുഴയുടെ പർവ്വതനിരത്തിലുള്ള പ്രസിദ്ധമായ അതിരപ്പള്ളി വെള്ളച്ചാട്ടത്തിനു സമീപം, ചുരുങ്ങിയ ചെലവിൽ ഒരു തോടു വെട്ടിയാൽ പുഴയിൽ അണകെട്ടാതെ വെള്ളം കയററുവാൻ സാധിക്കുമെന്നുള്ള വിവരം ഏതെങ്കിലും തരത്തിൽ പൊതുജനങ്ങൾ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറിൽനിന്നും എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ എന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : (എ) ഉണ്ട്.

(ബി) ചാലക്കുടി പുഴയിൽനിന്നും വെള്ളം തിരിച്ചുകൊണ്ടുവരുന്നതു് കൊച്ചി ഗവണ്മെൻറിൻെറ സമ്മതത്തോടുകൂടി ചെയ്യേണ്ട കാര്യമാണ്. ഇക്കാര്യത്തിൽ കൊച്ചി ഗവണ്മെൻറുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്.

MR. T. T. KESAVAN SASTRI : അതിരപ്പള്ളി വെള്ളച്ചാട്ടം വിദഗ്ദ്ധന്മാരുടെ പരിശോധനയ്ക്കിടയാക്കീട്ടുണ്ടോ എന്നു പറയാമോ?

HON'BLE MR. K. M. KORAH : നോട്ടീസു വേണം.

കുന്നത്തുനാട്ട വള്ളം ഡിപ്പോ.

38. MR. T. T. KESAVAN SASTRI : കുന്നത്തുനാട്ട താലൂക്കിൽ ചേന്ന പെരുമ്പാവൂരിലും ആലുവായിലും ഇപ്പോഴുള്ള വള്ളം ഡിപ്പോകളിൽ നിന്നും ഇടയ്ക്കുള്ള പെരിയാർനദി തരണം ചെയ്യുന്നതിനുള്ള വൈഷമ്യവും വഴി അപകടവുംനിമിത്തം കൃഷിപ്രാധാന്യമർഹിക്കുന്ന മഞ്ഞപ്ര, കോതകുളങ്ങര, പാറക്കടവ് മുതലായ പകുതികളിലെ പൊതുജനങ്ങൾക്ക് വള്ളം ലഭിക്കാനുള്ള പ്രയാസവും അതിലേക്ക് അങ്കമാലിയിൽ ഒരു വള്ളം ഡിപ്പോ സ്ഥാപിച്ച് സഹായിക്കേണ്ട വിവരവും പൊതുജനങ്ങൾ ചേന്ന ഗവൺമെൻറിൻെറ ശ്രദ്ധയിൽ വരുത്തിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തിയെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : (എ) ഉണ്ട്.

(ബി) അതിനാവശ്യമായ നടപടികൾ കൃഷിഡയറക്ടർ എടുത്തു കൊണ്ടിരിക്കുകയാണ്.

MR. T. T. KESAVAN SASTRI : കുന്നത്തുനാട്ട താലൂക്കിൽ ഇപ്പോൾ ആകെ എത്ര വള്ളംഡിപ്പോകൾ ഉണ്ടെന്നു പറയാമോ?

HON'BLE MR. K. M. KORAH : എത്രയുണ്ടെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ആവശ്യമുള്ളിടത്തെല്ലാം അനുവദിച്ചുകൊടുക്കുന്നതിന് ഗവൺമെൻറു ശ്രദ്ധ പതിപ്പിക്കുന്നതാണ്.

MR. P. M. VARGHESE (*Thodupuzha II—General*) : സർ, ഈ ചോദ്യത്തിൽ (ബി) കാണുന്നില്ല.

HON'BLE MR. K. M. KORAH : ചോദ്യത്തിന് രണ്ടുപാർട്ടായി ഉത്തരം പറഞ്ഞു എന്നേയുള്ളു.

MR. N. P. VARGHESE (*Muvattupuzha I—General*) : എല്ലാ പകുതികളിലും വള്ളംഡിപ്പോകൾ സ്ഥാപിക്കുന്നതിന് ഗവൺമെൻറു ശ്രമിക്കുമോ?

HON'BLE MR. K. M. KORAH : തീർച്ചയായും ശ്രമിക്കുന്നതാണ്.

മൂക്കന്നൂർ കള്ളുഷാപ്പ്.

39. MR. T. T. KESAVAN SASTRI : കുന്നത്തുനാട്ടതാലൂക്കിൽ ചേന്ന മൂക്കന്നൂർ കള്ളുഷാപ്പ് ഇപ്പോൾ സ്ഥിതിചെയ്യുന്നതു സ്കൂളുകളുടേയും പ്രാർത്ഥനാലയങ്ങളുടേയും സമീപത്താകയാൽ അവിടെനിന്നും മാററി

[Mr. T. T. Kesavan Sastri]

സ്ഥാപിച്ചു സഹായിക്കേണ്ട ആവശ്യം പൊതുജനങ്ങൾ ഗവണ്മെൻറിനെ ധരിപ്പിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തിയെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : നിവേദനം കിട്ടിയിട്ടുണ്ട്. ആ ഷാപ്പ് ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്ത് വളരെക്കാലമായി പൊതുജനങ്ങളുടെ പരാതികളൊന്നും കൂടാതെ നടത്തി വന്നിട്ടുള്ളതാണ്. ഫസ്ലി ഒടുവിൽ കാൺട്രാക്ററു സ്ഥിരപ്പെടുത്തിപ്പോയതുകൊണ്ട് ഷാപ്പ് ഇപ്പോൾ അവിടെനിന്നും മാററുന്ന കാര്യം ആലോചിക്കുവാൻ സാദ്ധ്യമല്ല.

MR. T. T. KESAVAN SASTRI : ഈ ഷാപ്പ് ഇപ്പോൾ സ്ഥിതിചെയ്യുന്നതു പല കത്തോലിക്കാ ദേവാലയങ്ങളുടേയും സ്കൂളുകളുടേയും സമീപത്തായതുകൊണ്ട് മാററിക്കിട്ടണമെന്നുള്ള പൊതുജനങ്ങളുടെ അപേക്ഷ നിറവേററാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഇപ്പോൾ പറഞ്ഞതിൽ കൂടുതലായി ഒന്നും പറയാനില്ല.

MR. VARGHESE AUGASTINE (*Ambalapuzha III—General*) : വീടുകളുടെ അടുത്തും സ്ഥിതിചെയ്യുന്നതുകൊണ്ട് ഈ ഷാപ്പ് അവിടെനിന്നും മാററുവാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : അതാണ് ഞാൻ പറഞ്ഞത്. ഫസ്ലി ഒടുവിലുള്ള കാൺട്രാക്ററു സ്ഥിരപ്പെടുത്തിപ്പോയതുകൊണ്ട് പെട്ടെന്നു മാററാൻ വിഷമമാണെന്ന്.

MR. K. A. GANGADHARA MENON (*Nedumangad I—General*) : കാൺട്രാക്ററു കൊടുത്തുപോയതുകൊണ്ട് ഷാപ്പ് മറെറാരു സ്ഥലത്തേക്ക് മാററുന്നതിനുള്ള വിഷമമെന്താണ് ?

HON'BLE MR. G. RAMACHANDRAN : ഇപ്പോൾ ഷാപ്പു നടത്തിപ്പോരുന്ന ആ സ്ഥലത്തേക്കാൾ കൂടുതൽ സൗകര്യമുള്ള ഒരു സ്ഥലം കണ്ടുപിടിക്കേണ്ടതായിട്ടാണിരിക്കുന്നത്.

MR. K. A. GANGADHARA MENON : അങ്ങനെയുള്ള ഒരു സ്ഥലം കണ്ടുപിടിച്ചു ഷാപ്പ് മാററുന്നതിന് ഗവണ്മെൻറു ശ്രമിക്കുമോ?

HON'BLE MR. G. RAMACHANDRAN : കണ്ടുപിടിച്ചതിനുശേഷം ചെയ്യാം.

MR. MANNAR GOPALAN NAIR (*Thiruvalla I—General*) : ൧൧൨൭–ലേക്കുള്ള കാൺട്രാക്റ്റ് കൊടുക്കുമ്പോഴെങ്കിലും ഗവൺമെൻറ് ഇതിനെക്കുറിച്ചു ശ്രദ്ധിക്കുമോ?

HON'BLE MR. G. RAMACHANDRAN : നിശ്ചയമായും.

MR. K. R. ELANKATH (*Trivandrum IV—General*) : കാൺട്രാക്റ്റും സ്ഥലവുമായി എന്തെങ്കിലും ബന്ധമുണ്ടോ?

HON'BLE MR. G. RAMACHANDRAN : എക്സൈസ് കമ്മീഷണരോടു ചോദിച്ചതിൽ ഷാപ്പ് ഇന്ന സ്ഥലത്തു നടത്തുമെന്നുള്ള ഒരു ധാരണയിലാണ് കാൺട്രാക്റ്റ് കൊടുക്കുന്നതെന്നു പറയുന്നു.

MR. ABDUL AZIZ (*Trivandrum I—Muslim Reserved*) : കള്ളുഷാപ്പ് അവിടെ വേണ്ടായെന്നു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : കള്ളുഷാപ്പെന്ന പേരിൽ വേണ്ടാ എന്നു നിവേദനം കിട്ടിയിട്ടില്ല.

MR. MOHAMMED MUSTAFA (*Pathanapuram Muslim Reserved*) : പൊതുസ്ഥാപനങ്ങളുടെ അടുത്തു കള്ളുഷാപ്പ് പാടില്ലെന്നു വ്യവസ്ഥയുണ്ടോ?

HON'BLE MR. G. RAMACHANDRAN : ഉണ്ട്.

അവശസമുദായവും ഭൂമിപതിവും.

40. MR. T. T. KESAVAN SASTRI : കുന്നത്തുനാട്ടുതാലൂക്കിൽ അവശസമുദായക്കാർക്കു സൗജന്യനിരക്കിൽ പതിച്ചുനൽകാൻ ഒഴിച്ചിടപ്പെട്ട സ്ഥലങ്ങൾ ഏതെല്ലാം പകുതികളിലെന്നും, ഏതെല്ലാം സർവ്വേനമ്പരുകളിൽ എത്രയെത്ര ഏക്കർ, സെൻറു വീതമെന്നും ഇതേവരെ പതിച്ചു നൽകിയിട്ടുള്ള ഭൂമികൾ എത്രയെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR G. RAMACHANDRAN : ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങളടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് സെക്രട്ടറിയുടെ മേശപ്പുറത്തുവച്ചിട്ടുണ്ട്.*

MR. T. T. KESAVAN SASTRI : ആകെ എത്രഏക്കർസ്ഥലം സൗജന്യനിരക്കിൽ പതിച്ചുകൊടുത്തിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ൧൪൯ ഏക്കർ, ൪൯൮ സെൻറ്.

MR. ABDUL AZIZ : അവശസമുദായങ്ങളിൽ ആരെല്ലാം ഉൾപ്പെടുന്നു?

HON'BLE MR. G. RAMACHANDRAN : അതിനെസംബന്ധിച്ച് ഗവണ്മെൻറിൽനിന്ന് ഒരു പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആ പട്ടിക ഇപ്പോൾ കൈയിലില്ലാത്തതുകൊണ്ട് ഉടനെ മറുപടി പറയാൻ സാദ്ധ്യമല്ല.

MR. ABDUL AZIZ : അതു പിന്നോക്കസമുദായങ്ങളുടെ പട്ടികയല്ലേ?

HON'BLE MR. G. RAMACHANDRAN : അതേ, അങ്ങിനെ വിചാരിച്ചാണ് ഞാൻ പറഞ്ഞത്.

MR. ABDUL AZIZ : ഈ ചോദ്യം അവശസമുദായങ്ങളെ സംബന്ധിച്ചാണെന്ന് നോട്ടുചെയ്യുമോ?

HON'BLE MR. G. RAMACHANDRAN : ചെയ്യാം.

കോഴഞ്ചേരി പാലം.

41. MR. T. T. KESAVAN SASTRI : കോഴഞ്ചേരിപ്പാലംപണി പൂർത്തിയാക്കാൻ മൊത്തം ആകെ എത്ര രൂപ ചെലവായിട്ടുണ്ടെന്നും, അതിൽ ഇരുമ്പ്, സിമൻറ് മുതലായ സാധനസാമഗ്രികൾക്കുവേണ്ടി ആകെ എത്ര രൂപ ചെലവായെന്നും മററിനങ്ങൾക്കുവേണ്ടി ആകെ എത്ര രൂപാ ചെലവായെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. A. ATCHUTHAN : കോഴഞ്ചേരിപ്പാലത്തെ സംബന്ധിച്ചുള്ള കണക്കുകൾ പൂർത്തിയായിട്ടില്ല. കണക്കുകൾ തിട്ടപ്പെടുത്തിവരുകയാണ്. അതുകൊണ്ട് ശരിയായ കണക്ക ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. T. T. KESAVAN SASTRI : ആ പാലത്തിൻെറ പണി പൂർത്തിയാക്കാൻ എത്രകാലം വേണ്ടിവന്നു എന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : നാലുകൊല്ലം വേണ്ടിവന്നു എന്നാണ് കാണുന്നത്.

MR. PAUL THALIATH (*Parur III—General*): പാലത്തിൻെറ പണി എന്നു പൂർത്തിയായി എന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : മൂന്നുനാലുമാസമായി.

MR. PAUL A. THALIATH : മൂന്നാലുമാസമായിട്ടും കണക്ക തിട്ടപ്പെടുത്തിയിട്ടില്ലെന്നാണോ പറയുന്നതു്?

HON'BLE MR. A. ATCHUTHAN : കണക്കുകൾ തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണു്.

MR. K. RAMACHANDRAN (*Pathanamthitta I—Kammala Reserved*) : കാൺട്രാക്ററു സിസ്റ്റത്തിലാണോ ഗവമെൻറു നേരിട്ടാണോ പണി നടത്തിയതു്?

HON'BLE MR. A. ATCHUTHAN : ആദ്യം ഒരു കൺട്രാക്ററു കൊടുത്തിരുന്നു. കാൺട്രാക്ററു് ഏറ്റെടുത്തവർ പണി പൂർത്തിയാക്കാതെ പോയതുകൊണ്ടു് ഗവണ്മെൻറു് ഏറെറടുത്തു നടത്തുകയാണു് ചെയ്തതു്.

MR. K. R. ELANKATH : കാൺട്രാക്ററുടെ ഫൈനൽ ബില്ലു് കൊടുത്തിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : അന്വേഷിച്ചുപറയാനെ നിവൃത്തിയുള്ളു.

MR. K. RAMACHANDRAN : ആദ്യത്തെ കാൺട്രാക്ററു് അനുസരിച്ചു് കൺട്രാക്ററർക്കു് കൊടുത്ത സാധനങ്ങൾ ദുരുപയോഗപ്പെടുത്തിയതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : അതിപ്പോൾ പറവാൻ നിവൃത്തിയില്ല.

WORKSHOPS.

42. MR. G. NILAKANTAN (*Quilon III Kammala Reserved*) : Will the Hon'ble Minister for Public works be pleased to lay on the table a list of the plants and machines available in the P. W. H. Q. Workshops and to state whether they are all in use and if not, why not?

HON'BLE MR. A. ATCHUTHAN : * ഒരു സ്റ്റേറ്റുമെൻറു് മേശമേൽ വച്ചിട്ടുണ്ടു്. ചില യന്ത്രസാമഗ്രികൾ ഇപ്പോൾ ഉപയോഗിക്കുന്നില്ല. ആ വിവരവും ലിസ്റ്റിൽ കാണിച്ചിട്ടുണ്ടു്.

MR. ABDUL AZIZ : ഈ യന്ത്രസാമഗ്രികൾക്കു് എന്തു പണം ഗവമെൻറു ചെലവാക്കിയിട്ടുണ്ടു്?

---

* *Vide* Appendix B.

HON'BLE MR. A. ATCHUTHAN : അതു് ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ മറുപടിപറയുന്നതാണു്.

MR. ABDUL AZIZ : ഉപയോഗത്തിലല്ലാത്ത സാധനങ്ങൾ എന്തു ചെയ്യാനാണു് ഗവണ്മെൻറുദ്ദേശിക്കുന്നതു്.

HON'ALE MR A. ATCHUTHAN : വളരെക്കുറച്ചേ ഉപയോഗിക്കാത്തതായുള്ളു. അതും ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്.

MR. ABDUL AZIZ : ൨൦,൧൦,൦൦൦ രൂപ മുടക്കിയിട്ടു് അതു മുഴുവനും നഷ്ടംവന്നു എന്നാണോ ധരിക്കേണ്ടതു് ?

HON'BLE MR. A. ATCHUTHAN : ഉപയോഗശൂന്യമല്ല. പവ്വർ കിട്ടാത്തതുകൊണ്ടു വർക്കു് ചെയ്യുന്നില്ലന്നേയുള്ളു. കൂടുതൽ പവ്വർ കിട്ടിത്തുടങ്ങിയാൽ ഇവയും വർക്കു് ചെയ്യുന്നതാണു്.

MR. JOSEPH MALIECKAL (*Thodupuzha I—General*) : ഈ യന്ത്രസാമഗ്രികൾ എന്തിനു വേണ്ടിയാണു് വരുത്തിയതു്.

HON'BLE MR. A ATCHUTHAN ; ഇപ്പോഴുള്ള വർക്കുഷാപ്പിൻെറ ആവശ്യത്തിനാണു് അവ വരുത്തിയിട്ടുള്ളതു്.

കൊല്ലം—ആലപ്പുഴ ലൈനിലെ പാലങ്ങൾ.

43. MR. A. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) - കൊല്ലം-ആലപ്പുഴ ലൈനിലെ ബസ്സുയാത്രക്കാർ പാലങ്ങൾമൂലം എത്ര സ്ഥലങ്ങളിൽ ഇറങ്ങേണ്ടിവരുന്നുവെന്നു ഗവണ്മെൻറിനു അറിയാമോ?

(ബി) ഈ പതിവു് എത്ര കാലമായി തുടൻവരുന്നുവെന്നു് ഗവണ്മെൻറു് അന്വേഷിച്ചിട്ടുണ്ടോ?

(സി) പാലങ്ങൾ ശരിപ്പെടുത്താൻ എന്തെങ്കിലും കർശനനടപടി എടുത്തിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN :-(എ) അറിയാം. മൂന്നു സ്ഥലത്തു് ഇറങ്ങിക്കയറണം.

(ബി) അതു ചവറയിലും, കണ്ണേററിലും, തോട്ടപ്പള്ളിയിലുമാണു്. ചവറയിലും കണ്ണേററിലും ൫ കൊല്ലവും, തോട്ടപ്പള്ളിയിൽ ഒരു കൊല്ലവും ആയിട്ടുണ്ടു്.

(c) Yes, necessary action for strengthening the Thottappally bridge and reconstructing the Chavara and Kunnettil bridges is being taken.

MR. MOHAMMED MUSTAFA : എത്രകാലത്തിനകം ഈ പാലങ്ങൾ ശരിയാക്കാൻ സാധിക്കുമെന്ന് പറയാമോ?

HON'BLE MR. A. ATCHUTHAN : ഈ ആണ്ടിൽതന്നെ ശരിയാക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

MR. T. A. ABDULLA (*Ambalapuzha I—Muslim Reserved*): ഈ പാലം അതിൽകൂടി ലോറികൾ പോകുന്നതായി അറിവുണ്ടോ?

HON'BLE MR. A. ATCHUTHAN : ലോഡുചെയ്ത ലോറികൾ പോകുന്നതായി അറിവില്ല.

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*) : എട്ട് കൊല്ലമായി ഈ പാലങ്ങൾ അപകടാവസ്ഥയിൽ ഇരിക്കുകയാണെന്ന് പറഞ്ഞു. അത് എപ്പോൾ ശരിപ്പെടുത്താമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്?

HON'BLE MR. A. ATCHUTHAN : അതിനു കൃത്യമായ മറുപടി പറയാൻ നിവൃത്തിയില്ല. കഴിയുന്നതും വേഗം ശരിയാക്കുന്നതാണ്.

MR. T. A. ABDULLA : അടുത്തകൊല്ലത്തെ ബഡ്ജററിൽ ഇതിലേക്ക് തുക കൊള്ളിച്ചിട്ടുണ്ടോ?

MR. P. T. CHACKO (*Kottayam III—General*): തോട്ടപ്പള്ളിപ്പാലം ശാസ്ത്രീയമായി കെട്ടിവച്ച തടികൊണ്ടുണ്ടാക്കിയ ഒരു പാലമാണെന്നറിയാമോ?

HON'BLE MR. A. ATCHUTHAN : തടികൊണ്ടുണ്ടാക്കിയതാണെന്നറിയാം.

MR. P. T. CHACKO : അത് എത്രകാലം നിൽക്കുമെന്നായിരുന്നു ഗവണ്മെൻറിന്റെ പ്രതീക്ഷ?

HON'BLE MR. A. ATCHUTHAN : അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. P. T. CHACKO: ഇപ്പോഴും തടികൾക്ക് റീപ്ലേസ്മെൻറ് ചെയ്യാറുണ്ടോ?

HON'BLE MR. A. ATCHUTHAN : ഇപ്പോൾ ഇല്ല.

MR. MOHAMMED MUSTAFA : ചരക്കുകയറ്റിയ ലാറികൾക്ക് ഈ വഴി പോകുന്നതിൽ വലിയ വൈഷമ്യങ്ങൾ ഉണ്ടെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN : വൈഷമ്യങ്ങൾ ഉണ്ടാകാൻ ഇടയുണ്ട്.

MR. A. ABDUL AZIZ : ഇത്രയുംകാലം ബ്രിഡ്ജ് അൺസേഫ് എന്ന ബോർഡ് വയ്ക്കുന്നതിനു എന്തു ചെലവായിട്ടുണ്ട്?

HON'BLE MR. A. ATCHUTHAN : നോട്ടീസുവേണം.

MR. PANDAVATHU SANKARA PILLAI (*Karhtikapalli III—General*) : തോട്ടപ്പള്ളിപ്പാലത്തിൻെറ തകരാറ് എന്താണെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN : അതു ഉപയോഗത്തിന് സൗകര്യമുള്ളതല്ലെന്നറിയാം.

MR. P. T. CHACKO: ആ പാലം പണിഞ്ഞ അന്നുതന്നെ താഴെപ്പോയതായി അറിയാമോ?

MR. T. A. ABDULLA : സർ, എൻെറ ചോദ്യത്തിന് മറുപടികിട്ടിയില്ല.

MR. PRESIDENT : ഓർഡർ, ഓർഡർ. മെംബറന്മാർ കുറേക്കൂടി നിയന്ത്രണം പാലിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഒരേ സമയത്തുതന്നെ പലരും ചോദ്യങ്ങൾ ചോദിക്കുകയാണെങ്കിൽ ഒന്നിനും ഉത്തരം പറയുക സാദ്ധ്യമല്ലെന്നുവരും.

MR. K. RAMACHANDRAN : ബഹുമാനപ്പെട്ടമന്ത്രി തോട്ടപ്പള്ളിപ്പാലംനേരിട്ടു പരിശോധിച്ചിട്ടുണ്ടോ?

MR. K RAMAKRISHNA PILLAI :ബഹുമാനപ്പെട്ട മന്ത്രി ആ പാലം കണ്ടിട്ടുണ്ടോ?

HON'BLE MR. A. ATCHUHAN : കണ്ടിട്ടുണ്ട്.

MR. T. A. ABDULLA ഈ പാലം ബഹുമാനപ്പെട്ടമന്ത്രിയുടെ നിയോജകമണ്ഡലത്തിലല്ലേ?

HON'BLE MR. A. ATCHUTHAN ; ആ ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

മുനിസിപ്പാലിററികൾ.

44. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

സ്വയംഭരണസ്ഥാപനങ്ങളായ മുനിസിപ്പാലിററികൾ കമ്മീഷണർമാരുടെ സ്വേച്ഛാഭരണത്തിനു വിധേയമായിരിക്കുന്നതിനാൽ പൊതുജനങ്ങളുടെ ഇടയിൽ കഠിനമായ അതൃപ്തി ഉണ്ടെന്നുള്ളതു ഗവർമ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : ഇല്ല.

MR. T. A ABDULLA : തിരുവല്ലാ മുൻസിപ്പാലിററിയിൽനിന്നും അങ്ങനെയൊരു നിശ്ചയം പാസ്സാക്കിയിട്ടുള്ളതായി അറിയാമോ?

HON'BLE MR. G. RAMACHANDRAN : അറിവില്ല.

45. MR. MOHAMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) നമ്മുടെ വ്യവസായ ഡിപ്പാർട്ടുമെൻറ് എന്തെങ്കിലും നിർമ്മാണപരമായ (Manufacturing) പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം സാധനങ്ങളാണ് നിർമ്മിച്ചുവരുന്നതു്?

(ബി) ടി ഡിപ്പാർട്ടുമെൻറിൽ ൨൦൦ രൂപായ്ക്കുമേൽ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ സംഖ്യ എത്രയെന്നു വെളിപ്പെടുത്തുമോ?

HON'BLE MR. T. M. VARGHESE : (എ) ഉണ്ടു. പലതരം ഒപ്‌റ്റിക്കൽ സാധനങ്ങൾ ഉണ്ടാക്കുന്നു. അതായതു്, സ്പെക്‌ററിക്കിൾ ലെൻസുകൾ, മാഗ്നിഫൈയിങ്ങ് ലെൻസുകൾ, കാൺവെക്സും കാൺകേവും മിററുകൾ, പ്രിസംസ്, എന്നിവയും ഹാൻഡ്‌മേഡ ഫയൽ ബോഡും കൂടാതെ സൈൻറിഫിക്ക് സാമാനങ്ങളും ഉണ്ടാക്കുന്നുണ്ടു്.

(ബി) ഉദ്യോഗസ്ഥന്മാരുടെ പേരുവിവരം കാണിക്കുന്ന ലിസ്റ്റ് മേശമേൽ വച്ചിട്ടുണ്ടു്. അതു വളരെ കൂടുതൽ ഇല്ലാത്തതുകൊണ്ടു വേണമെങ്കിൽ വായിക്കാം.

1. Director of Industries.
2. Textile Assistant.
3. Industrial Engineer (Vacant).
4. Superintendent, S. M. R. V. Technical Institute, Nagercoil.
5. Headmaster, Government School of Commerce, Quilon.
6. First Assistant, Government School of Commerce, Quilon,
7. Manager, Office of the Director of Industries.

ഇവരാണു ഡിപ്പാർട്ടുമെൻറിൽ ൨൦൦ രൂപായിൽ കൂടുതൽ ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാർ.

MR. MOHAMMED MUSTAFA : ഈ സാധനങ്ങൾ എവിടെയാണ് വിററഴിച്ചുവരുന്നത്?

HON'BLE MR. T. M. VARGHESE : അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. T. A. ABDULLA : ഈ സാധനങ്ങൾ എല്ലാം മി. എച്ച്. പി. ചാരൻ ഉണ്ടാക്കുന്നതാണോ?

HON'BLE MR. T. M. VARGHESE : മി. എച്ച്. പി. ചാരൻ ആണ് ഇപ്പോഴത്തെ വ്യവസായഡയറക്ടർ. ആ സ്ഥിതിക്ക് അദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരിക്കും ഉണ്ടാക്കുന്നത്.

MR. K. A. MOHAMMED (*Quilon IV—Muslim*) : ഈ സാധനങ്ങൾ വിൽക്കുന്നതിന് എവിടെയാണ് പ്രദർശിപ്പിച്ചിരിക്കുന്നത്.

HON'BLE MR. T. M. VARGHESE : അത് വ്യവസായഡയറക്ടറാഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

MR. K. A. MOHAMMED : ഈ സാധനങ്ങൾ എവിടെയാണ് ഉണ്ടാക്കുന്നതെന്ന് പറയാമോ?

HON'BLE MR. T. M. VARGHESE : വാട്ടർവർക്ക്സ് കിട്ടുന്ന സ്ഥലത്ത് ഇതിനുവേണ്ടി ഒരു ശാല കെട്ടിയിട്ടുണ്ട്. അവിടെ ചെന്നാൽ കാണാവുന്നതാണ്. കൂടുതൽ ശാലകൾ കെട്ടിവരുന്നുമുണ്ട്.

MR. K. R. ELANKATH : നിർമ്മിച്ചിട്ടുള്ള സാധനങ്ങൾ കമേഴ്സ്യലായി ലാഭമുള്ള തരത്തിലാണോ ചെയ്തിട്ടുള്ളത്?

HON'BLE MR. T. M. VARGHESE : എല്ലാംകൂടി കണക്കാക്കി നോക്കുമ്പോൾ അല്പമെങ്കിലും ലാഭമുണ്ടെന്നാണ് ബോദ്ധ്യപ്പെട്ടിരിക്കുന്നത്.

MR. MANNAR GOPALAN NAIR : ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റുവകയായി ഒരു സെയിൽസ് ഡിപ്പോ ഉണ്ടോ എന്നു പറയാമോ?

HON'BLE MR. T. M. VARGHESE : പ്രത്യേകമുള്ളതായി അറിവില്ല. അന്വേഷിച്ചു പറയാം.

പൊതുമരാമത്തുജോലികൾ.

49. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യത്തിനു ബന്ധപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

൨൦൦൦൦ രൂപായിൽ കൂടുതൽ ചെലവു വരുന്ന പണികളുള്ള ജോലികൾ തുടങ്ങരുതെന്ന് എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറു ആ ഡിപ്പാർട്ടുമെൻറിനു നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെന്താണെന്നു വെളിപ്പെടുത്തുമോ?

HON'BLE MR. A. ATCHUTHAN : അങ്ങിനെ ഒരു നിർദ്ദേശവും ഗവൺമെൻറിൽനിന്നും കൊടുത്തിട്ടില്ല.

കൊല്ലം പോർട്ട്.

47. **MR. MOHAMMED MUSTAFA :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സമയം മറുപടി പറയുമോ?

(എ) കൊല്ലം പോർട്ട് ഒരു മേജർ ഹാർബർ ആയി അഭിവൃദ്ധിപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഗവൺമെൻറിൻെറ നയമെന്താണ്?

(ബി) അതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ? ഉണ്ടെങ്കിൽ ഇനിയും എത്രകാലത്തേയ്ക്കുകൂടി ഉണ്ടായിരിക്കും?

(സി) ആ തടസ്സം നീക്കുവാൻ ഗവൺമെൻറ് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : (എ) കൊല്ലം പോർട്ട് ഒരു മേജർ ഹാർബർ ആക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

(ബി) (സി). മുൻ നൽകിയ മറുപടി അനുസരിച്ച് ഈ ചോദ്യങ്ങൾക്ക് പ്രസക്തിയില്ല.

MR. MANNAR GOPALAN NAIR : സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഗവൺമെൻറിൻെറ നയത്തെസംബന്ധിച്ച് ചോദ്യമുപോലെ ചോദിക്കാമോ? ഈ ചോദ്യത്തിൻെറ (എ) വകുപ്പിൽ ഗവൺമെൻറിൻെറ നയമെന്താണെന്നു ചോദിച്ചിരിക്കുന്നു. അങ്ങിനെ ചോദിക്കാമോ?

MR. PRESIDENT : വിരോധമില്ല.

HON'BLE MR. T. M. VARGHESE : കൊല്ലം പോർട്ട് ഒരു മേജർ ഹാർബർ ആക്കാൻ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടില്ല, ഉദ്ദേശിക്കുന്നുമില്ല. ആ സ്ഥിതിക്ക് എന്തെങ്കിലും സാങ്കേതികതടസ്സമുണ്ടോ എന്നും, ഗവൺമെൻറ് അതിന് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ എന്നുമുള്ള ചോദ്യങ്ങൾ ഉദിക്കുന്നില്ല.

MR. MOHAMMED MUSTAFA : അവിടെ ഒരു പോർട്ടുണ്ടാക്കുന്നതിനുള്ള സൗകര്യം ഉണ്ടെന്നു ഗവൺമെൻറിന് അറിവുണ്ടോ?

HON'BLE MR. T. M. VARGHESE : സൌകര്യമുണ്ടെന്നുവരികിൽ ഗവൺമെൻറ് അതു ചെയ്യുമായിരുന്നു.

MR. K. RAMACHANDRAN : കൊല്ലം പോർട്ടിൽ എത്ര ടൺ ചരക്കുകളാണു കൈകാര്യം ചെയ്യുന്നതെന്നു ഗവൺമെൻറിനറിയാമോ?

HON'BLE MR. T. M. VARGHESE : അതു വേണമെങ്കിൽ കണക്കെടുത്തു പറയാം.

MR. K. A. MUHAMMED : അവിടെ ഒരു മേജർ പോർട്ട് ആക്കാൻ ഒക്കുകയില്ലെങ്കിൽ ഒരു പീയർ എങ്കിലും കെട്ടാൻ ഗവൺമെൻറു ശ്രമിക്കുമോ?

HON'BLE MR. T. M. VARGHESE ; അതാലോചിച്ചു തീർച്ച പറയാനെ നിവൃത്തിയുള്ളു.

MR. R. SANKAR (*Quilon IV—General*)) : കൊല്ലത്തുനിന്നും അന്യരാജ്യത്തേക്ക് അയക്കുന്ന അനേകം സാധനങ്ങൾ ഉണ്ടെന്നറിയാമോ?

HON' BLE MR. T. M. VARGHESE : അനേകം സാധനങ്ങൾ ഉണ്ടെന്ന് അറിഞ്ഞുകൂടാ. ചില സാധനങ്ങൾ ഉണ്ടെന്നറിയാം.

MR. K. A. MUHAMMED : കൊല്ലം ഒരു മേജർ പോർട്ടാക്കുന്നതിന് എച്ച്. ആൻറ് സി. കമ്പനിക്കാർ വല്ല നിർദ്ദേശവും സമർപ്പിച്ചിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : ഉള്ളതായിട്ടറിവില്ല. വ്യക്തിപരമായ നിലയിൽ പറയുകയാണെങ്കിൽ അങ്ങിനെ മുമ്പു ഉണ്ടായതായി കേട്ടിട്ടുണ്ട്.

MR. MOHAMMED MUSTAFA : കൊല്ലത്തു് ഒരു മേജർ ഹാർബർ ഉണ്ടാക്കുന്നതിലേയ്ക്കു് ഗവൺമെൻറ് എപ്പോഴെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : അവിടെ ഒരു മേജർ ഹാർബർ ഉണ്ടാക്കുന്നതിനു പ്രതിബന്ധങ്ങൾ ഉണ്ടെന്നു അറിയാൻ ഇടവന്നതു് അന്വേഷണത്തിന്റെ ഫലമായിട്ടാണ്?

Bridges.

48. MR. P. S. MUHAMMED (*Moovattupuzha I—Muslim*): Will the Honourable Minister for Public Works be pleased to state:

(*a*) whether it was brought to the notice of the Government about the unsafe condition of the 3 bridges, *i. e.*, Chavara bridge, Kannittil bridge and the Thottapalli bridge on road between Quilon and Alleppy;

(*b*) how long these bridges were found in the same condition; and

(*c*) the reasons why these bridges are being kept in the damaged condition?

HON'BLE MR. A. ATCHUTHAN : (എ) ഉണ്ട്.

(ബി) ചവറ-കണ്ണേററി പാലം എട്ടുകൊല്ലമായും, തോട്ടപ്പള്ളിപ്പാലം ഒരു കൊല്ലമായും കേടു സംഭവിച്ചുകിടക്കയാണെന്നുള്ള വിവരം അറിയാം.

(സി) ഇരുമ്പും സിമന്റും കിട്ടാത്തതുകൊണ്ടാണ് പാലം പണിയുന്നതിന് താമസം വന്നതു്.

Fishing in the sea.

49. MR. P. S. MUHAMMED: Will the Honourable Minister for Fisheries be pleased to state :

(*a*) whether Government have provided any facility for fishing in the sea for the coastal people of Ambalapuzha and Shertallai; and

(*b*) if the answer to part (*a*) be in the affirmative, please state what they are?

HON'BLE MR. K. M. KORAH : (*a*) No.

(*b*) The question does not arise in view of the answer to (*a*).

MR. P. S. MOHAMMED : ഈ രണ്ടു താലൂക്കുകളിലുമുള്ള മത്സ്യം പിടിത്തക്കാർ ക്രമത്തിലധികം വൈഷമ്യങ്ങൾ അനുഭവിക്കുന്നുണ്ടെന്നുള്ള വിവരം അറിയാമോ?

HON'BLE MR. K. M. KORAH : അറിയാം.

MR. P. S. MUHAMMED : അതിന് അവർക്കെന്തെങ്കിലും സൌകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നു ഗവണ്മെന്റിനു തോന്നിയിട്ടുണ്ടോ?

HON'BLE MR. K. M. KORAH : തോന്നിയിട്ടുണ്ട്. അതിന്റെ ഫലമായി ചെയ്തിട്ടുള്ളതു പറയാം. മുനമ്പം, വിഴിഞ്ഞം, നാഗർകോവിൽ, വൈക്കം എന്നീ നാലു സ്ഥലങ്ങളിൽ ഫിഷ്ക്യൂറിംഗ യാർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. പക്ഷെ ഇവയൊന്നും ഇപ്പോൾ ഉപയോഗത്തിലിരിക്കുന്നില്ല. ഉപയോഗപ്രദമായി മററു സ്ഥലങ്ങളിലും ഫിഷ് ക്യൂറിംഗ് യാർഡുകൾ പണിയാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ്. കന്യാകുമാരിയിൽ ഇതുപോലെ ഒന്നിന്റെ പണി നടക്കുന്നുണ്ട്. അതു വിജയപ്രദമെന്നു കാണുകയാണെങ്കിൽ അമ്പലപ്പുഴയും ചേർത്തലയുംകൂടി പണി കഴിക്കുന്നതായിരിക്കും.

MR. K. A. MUHAMMED : എന്തുകൊണ്ടാണ് ഈ ഫിഷ്ക്യൂറിംഗ് യാർഡുകൾ ഇപ്പോൾ ഉപയോഗിക്കുന്നില്ലെന്നു പറഞ്ഞതു്.

HON'BLE MR. K. M. KORAH : മുമ്പ് ഈ ഫിഷ്ക്യൂറിംഗ് യാർഡുകൾക്ക് ഉപ്പ് ഡ്യൂട്ടി കൂടാതെ കൊടുത്തുകൊണ്ടിരുന്നു. അതു് ഗവർമെ

[Mr. K. M. Korah.]

സെപ്റ്റംബർ മുതൽ ഇൻഡ്യാഗവൺമെൻറ് നിറുത്തലാക്കിയപ്പോൾ ഇവിടെയും നിറുത്തേണ്ടിവന്നു. അപ്പോൾ ഉപ്പ് ഉപയോഗിച്ച് മീൻ ക്യൂറ ചെയ്യുന്നതും നിറുത്തൽ ചെയ്തു.

MR. P. S. MUHAMMED : ഇൻഡ്യാഗവൺമെൻറ് നിറുത്തലാക്കുന്നതെല്ലാം ഇവിടെയും നിറുത്തണമെന്നുണ്ടോ?

MR. PRESIDENT : ആ ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

MR. ABDUL AZIZ : മത്സ്യം പിടിത്തത്തെ സംബന്ധിച്ച് ഏതെങ്കിലും കമ്മീഷണർമാർ ഒരു റിപ്പോർട്ട് ഗവൺമെൻറിനു സമർപ്പിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH : വെസ്റ്റ്കോസ്റ്റ് ഫിഷറീസ് കമ്മിഷനിൻെറ ഒരു റിപ്പോർട്ട് ഉണ്ട്.

MR. ABDUL FATAH (*Nedumangad I—Muslim Reserved*) : Are there any fishing boats provided in those places ?

HON'BLE MR. K. M. KORAH : ഫിഷിംഗ്ബോട്ടുകൾ ഇപ്പോൾ ഇല്ല. അതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

MR. K. R. ELANKATH : ഫിഷ്ക്യൂറിംഗ് യാഡുകൾ നിറുത്തലാക്കിയെങ്കിലും അതിനുള്ള ഉദ്യോഗങ്ങൾ നിറുത്തൽ ചെയ്തിട്ടുണ്ടോ?

HON'BLE MR. K. M. KORAH : I claim notice.

Ejection from land.

50. MR. P. S. MUHAMMED : Will the Honourable Minister for Land be pleased to state :

(*a*) Whether they have received complaints stating that jenmies of land have begun to eject kudians by force and otherwise ;

(*b*) whether Government have made any investigation on the complaint ;

(*c*) whether Government propose to take any action for protecting these poor kudians ?

HON'BLE MR. C. KESAVAN : (a), (b) and (c) : No.

ഭൂമിയിൽനിന്നും കുടിയാന്മാരെ ബലംപ്രയോഗിച്ച് ഇറക്കുന്നതായിട്ട് അറിവില്ല. കോടതികളിലെ തീർച്ചയനുസരിച്ച് ചെയ്യുന്നതായിട്ടറിവുണ്ട്. അങ്ങിനെ കുടിയിറക്കിയ ചില സ്ഥലങ്ങളിൽ നിന്നും വ്യക്തമായ തെളിവുകിട്ടാൻ വളരെ വിഷമമുള്ളതായ പരാതികൾ വന്നിട്ടുണ്ട്. അന്വേഷണത്തിൽ വ്യക്തമായ തെളിവുകൾ കിട്ടാത്തതുകൊണ്ട് വിട്ടിരിക്കയാണ്.

MR. P. S. MUHAMMED : പോലീസിൻെറ സഹായത്തോടുകൂടി ഇറക്കുന്നതായി പരാതികൾ കിട്ടിയിട്ടുണ്ടോ?

HON'BLE MR. C. KESAVAN : കോടതികളിൽനിന്നുമുള്ള വിധി പ്രകാരം വസ്തുക്കളെ എടുക്കുമ്പോൾ തടസ്സം ചെയ്യുന്നുവെങ്കിൽ പോലീസിന്റെ സഹായം അപേക്ഷിക്കാറുണ്ട്.

MR. A. NESAMONY (*Vilavancode—S. I. U. C.*) : *கல்குளம் தாலுகாவிலுள்ள அரிசிக்கடைப் பகுதியிலிருந்து அது மாதிரிப் புகார் ஏதாவது வந்ததுண்டா?*

HON'BLE MR. C. KESAVAN : കിട്ടിയിട്ടുള്ളതായി അറിവില്ല.

MR. T. K. NARAYANA PILLAI (*Parur II—General*) : പറവൂർ താലൂക്കിലെ പാലിയം കുടിയാൻ സംഘത്തിൽനിന്നും എന്തെങ്കിലും റിപ്രസന്റേഷൻ കിട്ടിയിട്ടുണ്ടോ?

HON'BLE MR. C. KESAVAN : എനിക്ക് കിട്ടിയിട്ടുണ്ട്. മന്ത്രി എന്ന നിലയിൽ കിട്ടിയിട്ടില്ല.

MR. T. K. NARAYANA PILLAI : അതു സംബന്ധിച്ച് ബഹു: മന്ത്രിയോ ഗവർമ്മെന്റോ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

HON'BLE MR. C. KESAVAN : നടത്തിയിട്ടില്ല.

MR. T. K. NARAYANA PILLAI : നടപടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN : ഭൂമിയുടമസ്ഥതയെ സംബന്ധിച്ച് ഗവർമ്മെന്റുപോളിസി എന്തായിരിക്കണമെന്നു തീരുമാനിച്ചതിനുശേഷമേ ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യുവാൻ സാധിക്കുകയുള്ളു.

MR. T. K. NARAYANA PILLAI : ഇക്കാര്യത്തിൽ ഒരു പോളിസി രൂപീകരിക്കുന്നതിന് തിരുവിതാംകൂറിലെ ജനങ്ങൾ എത്രകാലം ക്ഷമിച്ചിരിക്കേണ്ടിവരുമെന്നു ബഹു: മന്ത്രി പറയുമോ?

HON'BLE MR. C. KESAVAN : വ്യക്തമായിട്ടു പറയാൻ നിവൃത്തിയില്ലെങ്കിലും കഴിയുന്നതുംവേഗം ചെയ്യുന്നതാണ്.

MR. K. RAMACHANDRAN : ചങ്ങനാശേരിയിൽ വാഴൂർ പകുതിയിൽനിന്നും ആളുകളെ ഇറക്കി വിടുന്നതായി പരാതി കിട്ടീട്ടുണ്ടോ?

HON'BLE MR. C. KESAVAN : ഇല്ല.

MR. N. V. CHACKO (*Parur III—General*) : സ്റ്റേറ്റുകാൺഗ്രസ്സിന്റെ സംരംഭങ്ങളെ സഹായിക്കുന്നതുകൊണ്ടാണ് അതിൽ ഈർഷ്യപ്പെട്ട ജന്മിമാർ അവരെ ഇറക്കുന്നതെന്നു പരാതിപ്പെട്ടിട്ടുണ്ടോ?

HON'BLE MR. C. KESAVAN : ചില പരാതികളിൽ അങ്ങനെ പറഞ്ഞിട്ടുണ്ട്.

MR. N. V. CHACKO : കാലടിയിൽനിന്നും കുടികളെ ഇറക്കുന്നതിനുള്ള നടപടികൾ നടത്തുന്നതായി അറിയാമോ?

HON'BLE MR. C. KESAVAN : അറിവില്ല.

MR. N. V. CHACKO : കാലടിയിൽ ഉള്ള ചില വസ്തുക്കളിൽനിന്നും കുടികളെ ഇറക്കുന്നതിനുള്ള നടപടികൾ നടത്തുന്നുണ്ടോ?

HON'BLE MR. C. KESAVAN : കാലടിയിൽഉള്ള ചില വസ്തുക്കൾ ഗവണ്മെൻറിൽനിന്നും പൊന്നുംവില കൊടുത്തു് എടുക്കുന്നുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽനിന്നും കുടിയാന്മാരെ ഇറക്കിവരുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്.

MR. ABDUL MAJEED (*Chirayinkil III—Muslim*) : വളരെക്കാലമായി ഏതെങ്കിലും ഒരു സ്ഥലത്തു് താമസിച്ചു വരുന്നതായ ആളുകളെ പാടെ ഇറക്കിവിടാതിരിക്കുന്നതിനുള്ള എന്തെങ്കിലും നടപടി നടത്തുന്നതു ആവശ്യമാണെന്നു് ഗവണ്മെൻറിനു് തോന്നുന്നുണ്ടോ?

HON'BLE MR. C. KESAVAN : എന്തെങ്കിലും ഒരു വ്യവസ്ഥ ചെയ്യേണ്ടതാണെന്നു് ഗവണ്മെൻറിനറിയാം. ഒരു ലാൻഡ് ടെനൻവർ ആക്ടിൻ പ്രകാരം അതു സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങളേയും അഭിമുഖീകരിക്കത്തക്കവിധത്തിൽ എന്തെങ്കിലും നടപടി നടത്തുകയാണു് വേണ്ടതു്. സ്ഥിരമായി ഏതെങ്കിലും സ്ഥലത്തു് താമസിക്കുന്ന കുടിയാന്മാരെ പെട്ടെന്നു് ഇറക്കിവിടുന്നതിനെ തടയണമെന്നുണ്ടെങ്കിൽ ഇന്നത്തെ നിലയ്ക്കു ഒരു പ്രത്യേക നിയമനിർമ്മാണംതന്നെ ആവശ്യമാകുന്നു. ഗവണ്മെൻറു് അതേപ്പററി ആലോചിച്ചു വരികയാണു്.

MR. K. A. GANGADHARA MENON : ഇതു് ഒരടിയന്തിര കാര്യമാണെന്നു് ഗവണ്മെൻറിനു് തോന്നുന്നുണ്ടോ ?

HON'BLE MR. C. KESAVAN : ഉണ്ടു്.

MR. T. A. ABDULLA : ഗവണ്മെൻറു് ഇക്കാര്യത്തെ സംബന്ധിച്ചുള്ള ഒരു പ്രസ്സ്നോട്ടു് പുറപ്പെടുവിക്കുമോ ?

HON'BLE MR. C. KESAVAN : ഞാൻ ഇവിടെ പറഞ്ഞിട്ടുള്ളിടത്തോളം കാര്യങ്ങൾവച്ചുകൊണ്ടു് ഒരു പ്രസ്സ്നോട്ടു പ്രസിദ്ധപ്പെടുത്തുന്നതിനു വിരോധമില്ല. പക്ഷെ അതുകൊണ്ടു് യാതൊന്നും ആകുകയില്ല.

MR. A. P. UDAYABHANU (*Karunagapalli II -General*) : കുടിയിറക്ക നിയമത്തെ സംബന്ധിച്ചുള്ള പരാതികളുടെ ഒരു മദ്ധ്യസ്ഥത വഹിക്കുവാൻ ഗവണ്മെന്റിന് സാദ്ധ്യമല്ലേ?

HON'BLE MR. C. KESAVAN : ഇന്നത്തെ നിലയ്ക്ക് സാദ്ധ്യമാണെന്നു തോന്നുന്നില്ല. എന്നാൽ ബലപ്രയോഗമോ ഉപദ്രവമോ നേരിടാതെ സൂക്ഷിക്കുവാൻ കഴിഞ്ഞേക്കും. അതാണ് ഇതിലേക്ക് പ്രത്യേകം നിയമനിർമ്മാണം തന്നെ ഉണ്ടാകണമെന്ന് ഞാൻ പറഞ്ഞതു്.

MR. E. P. POULOSE (*Muvattupuzha III—General*) : ഗവണ്മെന്റിൽനിന്നും ഇതു സംബന്ധിച്ച് ഒരു തീരുമാനം ഉണ്ടാകാതെയിരുന്നാൽ ഇങ്ങനെയുള്ള പരാതികളെപ്പറ്റി ചില കോടതികളിൽ ഉണ്ടായിട്ടുള്ള നടപടികളും നിർത്തിവയ്ക്കുവാൻ ഗവണ്മെന്റ് ഉത്തരവു കൊടുക്കുമോ?

MR. K. A. GANGADHARA MENON : ഇങ്ങനെ ഒരു ലാൻഡ് പാളിസി ഗവണ്മെന്റ് സ്വീകരിക്കുമെന്ന് കരുതി ഇപ്പോൾ ജന്മിമാർ ധാരാളം കുടിയാന്മാരെ ഇറക്കാൻ ശ്രമിക്കുകയാണെന്നുള്ള വസ്തുത ഗവണ്മെന്റിനറിയാമോ?

HON'BLE MR. C. KESAVAN : അങ്ങിനെ ശ്രമിച്ചേക്കാം.

Trivandrum Aerodrome.

51. **MR. V K. VARGHESE** (*Pathanamthitta III—General*) : Will the Hnourable Minister for Public Works be pleased to state :

(*a*) the total expenditure so far incurred on the Trivandrum Aerodrome?

(*b*) whether it is a fact that the work of constructing the Trivandrum Aerodrome was given on contract to a foreign company exorbitant rate?

(*c*) whether it is a fact that this foreign company have been agreed to be paid 15 per cent profit on the total expenditure including value of cement used on the work? and

(*d*) what is the total amount paid to them and the amount of 15 per cent profit so far paid?

HON'BLE MR. A. ATCHUTHAN : (*a*) Rs. 34,46,062.

(*b*) The contract for the work was awarded to Messrs. The Combined Construction Corporation, Ltd., a Madras firm. The rates were not exorbitant as 15 per cent on a cost puls profit basis was considered reasonable at the time.

(*c*) No; the 15 per cent is to be calculated on the contractor's actual cost, which is exclusive of the value of cement, etc., supplied departmentally.

(*d*) (i) Rs. 15,22,926.

(ii) Rs. 1,85,879.

Paddy purchase.

52. **MR. A. CHIDAMBARANATHA NADAR** (*Kalkulam II—Hindu Nadar Reserved*):

கீழ்கண்ட வினாக்களுக்கு கனம் தங்கிய பிரதம மந்திரியவர்கள் விடையளிப்பார்களாக:—

1. 1123-ம் ஆண்டு, சம்பா வாசறமீண்டான் பூக்களில் அகஸ்தீஸ்வரம் தாலுகாவிலிருந்து சர்க்காரெடுத்த நெல் எவ்வளவு?

2. வித்து நெல் எடுக்கப்படவேண்டுமென்றும், வேறு வித்து நெல் கொடுக்கப்படுமென்றும் சர்க்கார் ஏதாவது உத்தரவு பிறப்பித்ததுண்டா?

3. உத்தரவு பிறப்பித்திருக்குமானால் —
   (a) எடுத்த வித்து நெல்லின் அளவென்ன?
   (b) கொடுத்த வித்துநெல்லின் அளவு என்ன?

4. அகஸ்தீஸ்வரம் தாலுகா, நீண்டகரை "A" பகுதி தாணுவிளை திரு. அழகுவேல் நாடார் அவர்கள் வீட்டில், சர்க்கார் உத்தியோகஸ்தர் ரசீதும் விலையும் கொடுக்காமல் நெல்லெடுத்த வரலாறு நம் சர்க்காருக்குத் தெரியுமா?

5. ரசீதும், பணமும் வேண்டுமென்று கேட்ட குடியானவன் மேல் சர்க்கார் லாரியை ஏற்றிக் கொன்ற விபரம் தெரியுமா? தெரியுமானால் :—

   (a) கொலைபாதகம் செய்து கொள்ளையடித்ததாக சர்க்கார் உத்தியோகஸ்தர்பேரில் கேஸ் தொடுக்கப்பட்டிருக்கிறதா?

   (b) அப்பிராதைக் குறித்து நாகர்கோவில் அஸிஸ்டென்று போலீஸ் சூப்பிரண்டு அவர்கள் ஏதாவது விசாரணை செய்ததுண்டா?

HON'BLE MR. K. M. KORAH:

1. 9,48,853 paras.
2. No.
3. In view of the answer to (2) above, these do not arise.
4. No.
5. No.

(a) and (b) In view of the answer to (5) above, these do not arise.

MR. ABDUL AZIZ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ലിസ്റ്റിലെ ൫൦-ാം ചോദ്യം മി. വി. കെ. വർഗ്ഗീസിന്റെ പേരിൽ ആണ് കാണിച്ചിരിക്കുന്നതു്. ചോദ്യം വിളിക്കുന്ന അവസരത്തിൽ ചോദ്യകർത്താവു് ഇവിടെ ഹാജരില്ലാതിരുന്നതിനാൽ അതു് സംബന്ധിച്ചു് മററുള്ള മെമ്പറന്മാർക്കു് ഉപചോദ്യങ്ങൾ ചോദിക്കുവാൻ അവകാശമുള്ളതാണു്. എന്നാൽ അതിനുള്ള സമയം കൊടുക്കാതെ ഇരുന്നതെന്താണെന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT: ചോദ്യം വിളിക്കുകയും ആ ചോദ്യം എടുക്കുന്നതിനു അനുവാദം ചോദിക്കുന്നതിനായി ആരെങ്കിലുമുണ്ടോ എന്നു ഞാൻ കുറെ നേരം കാത്തിരിക്കുകയും ചെയ്തു. എന്നാൽ ആരും ചോദ്യം ചോദിക്കുവാനായി എഴുന്നേൽക്കുകയുണ്ടായില്ല. അതുകൊണ്ട് അടുത്ത ചോദ്യത്തിലേക്കു കടക്കുകയാണ് ചെയ്തതു.

MR. ABDUL AZIZ : ചോദ്യകർത്താവ് തൽസമയം ഇവിടെ ഉണ്ടോ ഇല്ലയോ എന്നറിഞ്ഞുകൂടായിരുന്നു.

MR. A. CHIDAMBARANATHA NADAR: அகஸ்தீஸ்வரம் தாலுகாவிலிருந்து அளந்தெடுத்த நெல்லிலிருந்து அகஸ்தீஸ்வரம் தாலுகாவிற்கு மாத்திரம் எவ்வளவு நெல் செலவாக்கப்பட்டது?

HON'BLE MR. K. M. KORAN: Will the member kindly put that question in English?

MR. A. CHIDAMBARANATHA NADAR: Are the Government aware that the proverthicar and the Purchasing Officer were at the spot *i. e.*, the house of Mr. Azhahuvel Nadar and when it was found that he was reluctant to give paddy, the authorities of Government asked the driver to run the lorry over him?

HON'BLE MR. K. M. KORAH: No, not at all.

MR. A. NESAMONY: Does the Government know that there are three cases launched against Government officers on this particular matter of Azhahuvel Nadar's incident?

HON'BLE MR. K. M. KORAH: No.

MR. A. NESAMONY: Does the Government know that the Purchasing Officer of that locality, along with 20 other Government officers, is involved under Sec. 395 of the Penal Code in relation with that incident?

HON'BLE MR. K. M. KORAH: I claim notice.

MR. A. NESAMONY: Was any paddy imported from Valliyoor, Nanguneri and panagudi?

HON'BLE MR. K. M. KORAH: That question is not intimately connected with the present question on the Order Paper.

MR. A. NESAMONY: In answer to part 3(b), may I know whether any seed paddy has been imported into Travancore?

HON'BLE MR. K. M. KORAH: I claim notice.

Stocking of Paddy and Rice.

53. MR. A. CHIDAMBARANATHA NADAR: கனம் தங்கிய பிரதம மந்திரி கீழ்வரும் வினாக்களுக்கு விடையளிப்பாரா?

1. ஸர் சி. பி. இராமசுவாமி ஐயர் திவான் பதவியை விட்டகன்ற காலத்து எவ்வளவு உணவுப் பொருள் ஸ்டாக்கிருந்ததென கணக்கெடுத்ததுண்டா?

[Mr. A. Chidambaranatha Nadar]

2. திரு. உண்ணித்தான் அவர்கள் பதவியை விட்ட காலத்து ஸ்டாக் கணக்கெடுத்ததுண்டா?

3. பறை ஒன்றுக்கு இரண்டு ரூபாய் வைத்து வாங்கி மூன்று ரூபாய்க்கு நமது சர்க்கார் விற்க காரணம் யாது?

4. அவ்வித ஏற்பாடு, வேறு எந்த சர்க்காராலாவது பின்பற்றப்படுகிறதா?

5. அவ்விலை உயர்வுக்கு ஏற்றவாறு, உத்தியோகஸ்தர்கள் சம்பளம் கூட்ட ஏதாவது திட்டமுண்டா?

HON'BLE MR. K. M. KORAH:

1 No.

2 No.

3 To equate the selling prices of rice and paddy.

4 This Government are not aware of such system in other States.

5 No.

MR. A. CHIDAMBARANATHA NADAR: அப்படி ஸ்டாக் எடுக்காததின் காரணம் என்ன?

HON'BLE MR. K. M. KORAH: Will the honourable member kindly put the question in English?

MR. A. CHIDAMBARANATHA NADAR: நான் தமிழில்தான் பேச முடியும்.

HON'BLE MR. K. M. KORAH: The Depot Officers are responsible for the stocks entrusted with them. Higher grade officers conduct inspection of the stocks in various depots from time to time and the relevant figures are noted in Government records. Whenever an administration relinquishes charge, it has not been found necessary to take stock of food in the manner indicated in the question. That is the position.

MR. A. CHIDAMBARANATHA NADAR: நெல்விலையை உயர்த்தியதற்கு ஏற்றவாறு ஏதாவது உத்தியோகஸ்தர்களின் சம்பளத்தை உயர்த்தியதுண்டா?

HON'BLE MR. K. M. KORAH: No, the Government have not raised the salaries of such officers.

Kottukal Thodu.

54. MR. A. CHIDAMBARANATHA NADAR: Will the Honourable Prime Minister be pleased to state:

1. whether the Government are aware that there is a thodu called Kottukal Thodu in the Neyyattinkara taluk?

2. whether the Government are aware that there occurred many breaches in the thodu twelve years ago?

3. whether the Government are aware that as a consequence of the breaches in the thodu, many paddy fields have become shallow and unfit for cultivation?

4. if so, why Government have not taken steps to repair it?

HON'BLE MR. A. ATCHUTHAN : 1. Yes.

2. Yes. All the breaches were effectively closed in 1937, but due to the neglect on the part of the ryots in attending to the timely and proper repairs and maintenance of the channel bunds breaches occurred again.

3. Yes.

4. The matter has been investigated and an estimate is being prepared for the necessary repairs.

Distribution of Kerosene.

55. MR. A. CHIDAMBARANATHA NADAR : கீழ்காணும் வினாக்களுக்கு கனம் தங்கிய வியாபாரமந்திரி பதில் அளிப்பார்களா ?

1. திருவிதாங்கூரில் மண்ணெண்ணெய் எந்த இலாகாவால் விநியோகம் செய்யப்படுகிறது.

2. தற்போது நடந்துகொண்டிருக்கிற விநியோகம் அனுசரித்து பொது மக்களுக்கு சரியான முறையில் எண்ணெய் கிடைக்கவில்லையென்று பொதுமக்களுக்குத் தெரியுமா ?

3. விநியோகம் சம்மந்தமாக ஒரு மாறுதலான புது முறையை கையாடினால் நலம் என நம் சர்க்காருக்கு ஏதாவது அபிப்பிராயம் உண்டா?

4. அப்படியானால் அது எம் முறை?

HON'BLE MR. A. ATCHUTHAN : (1) The distribution of kerosene is controlled by the District Magistrates.

(2) The Government are not aware of this.

(3) No.

(4) In view of answer to (3) this does not arise.

MR. A. CHIDAMBARANATHA NADAR : போலீஸ் கையிலிருந்து மண்ணெண்ணெய் விநியோகத்தை அத்தாலுகாவிலுள்ள தாசில்தார் கையில் மாற்றக் காரணம் யாது ?

HON'BLE MR. A. ATCHUTHAN : May I request the member to put his question in English ?

MR. A. CHIDAMBARANATHA NADAR : போலீஸ் கையிலிருந்து அதைத் தாசில்தார் கையில் மாற்றிய பிறகும் மண்ணெண்ணெய் விநியோகத்தில் யாதொரு பயனுமில்லை என்பது மந்திரி அவர்களுக்குப் புலப்படுகிறதா ?

MR. A. NESAMONY : His point is, why was the jurisdiction transferred to the hands of the Tahsildar ?

MR. G. CHANDRASEKHARA PILLAI (*Neyyattinkara II—General*): Is that a supplementary question, Sir ?

പെരുമ്പിടിപ്പാലം.

56. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ലിയു. വകുപ്പു മന്ത്രി സദയം മറുപടിപറയുമോ?

(എ) തിരുവല്ലാ താലൂക്കിൽ കവിയൂർ—കല്ലൂപ്പാറ റോഡിലുള്ള പെരിമ്പിടിപ്പാലം പണിക്ക് കഴിഞ്ഞ ബഡ്ജറ്റിൽ എന്തു പണം അനുവദിച്ചിരുന്നു? അവിടെ എന്തു പണി ഇതുവരെ നടത്തി?

[Mr. K. A. Mathew]

(ബി) ഇപ്പോഴത്തെ പാലം നിരുപയോഗമായി കിടക്കുകയാണെന്ന ഗവണ്മെൻറിനറിയാമോ? ൧൧൨൪-ൽ എങ്കിലും ഈ പണി നടത്തുമോ?

HON'BLE MR. A. ATCHUTHAN : (എ) ആ പാലം പണിക്ക് ൧൧൨൩-ലേക്കു ബഡ്ജററിൽ അയ്യായിരം രൂപാ അനുവദിച്ചിട്ടുണ്ടായിരുന്നു.

(ബി) ൧൧൨൪-ൽ അതിൻെറ പണി തുടങ്ങുന്നതാണ്.

MR. K. A. MATHEW : ൧൧൨൩-ൽ എന്തുകൊണ്ടാണ് പണി നടത്താഞ്ഞത് എന്ന ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : അന്വേഷിച്ചിട്ടില്ല. അതിനെക്കുറിച്ച് അന്വേഷണം നടത്താം.

MR. K. A. MATHEW : എന്തു തുകയാണ് ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതെന്ന് അറിയാമോ?

HON'ALE MR. A. ATCHUTHAN : അതു് ബഡ്ജററു നോക്കിയാൽ കാണാവുന്നതാണ്.

MR. ABDUL AZIZ : ഓരോ കൊല്ലത്തിലും ചിലവായിക്കഴിഞ്ഞതും അതാതു പണിക്കായി നീക്കിവച്ചിട്ടുള്ളതുമായ തുകയെക്കുറിച്ച് ബഡ്ജററിൽ കാണാമെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്.

സർ, വിദ്യാഭ്യാസ ചിലവുകൾക്കായി ഒരുകോടി ൯൨ ലക്ഷം രൂപായും, മെഡിക്കൽകാളേജിനു ൧൦ ലക്ഷവും, ആശുപത്രികളിൽ രോഗികൾക്കു് ആഹാരം കൊടുക്കുന്നതിനു് കൂടുതൽ ചിലവിനുവേണ്ടി ൧ ലക്ഷം രൂപായും, രോഗനിവാരണത്തിനുവേണ്ടി ൫ ലക്ഷം രൂപായും നിശ്ചയിച്ചിരിക്കുന്നതു് ആശ്വാസജനകംതന്നെ. എന്നാൽ രാഷ്ട്രീയ സമരത്തിൽ പങ്കെടുത്തകാരണത്താൽ ജയിൽവാസം അനുഭവിക്കുന്ന തടവുകാർക്കുവേണ്ടി ഒന്നുംതന്നെ ബഡ്ജററിൽ കൊള്ളിച്ചുകാണാത്തതു് പരിതാപകരംതന്നെ. ഇന്നിവിടെ കൂടിയിരിക്കുന്ന മന്ത്രിമാർ ഉൾപ്പെടെ ബഹുമാനപ്പെട്ട ചില മെമ്പറന്മാർക്കും ജയിൽവാസം അനുഭവിക്കേണ്ടിവന്നിട്ടുള്ളതും അവിടെ അവർക്കു ലഭിച്ചുകൊണ്ടിരുന്ന സുഖസൗകര്യങ്ങളെപ്പററി നല്ലവണ്ണം അറിയാവുന്നതുമായ സ്ഥിതിക്കു് മേൽപ്പറഞ്ഞ തടവുകാരെപ്പററി അവഗണിച്ചിട്ടുള്ളതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ഈ ബഡ്ജററു് ഒരു സംഗതിയിൽ ആശ്വാസം നൽകുന്നുണ്ടു്. അതായതു് ഋണബാദ്ധ്യത യാതൊന്നും ബഡ്ജററിൽ ഇല്ലെന്നു കാണുന്നു. അതു് സന്തോഷാവഹംതന്നെ. ഇനിയും ഇവിടത്തെ ഭക്ഷ്യസാധനങ്ങൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള തുകയെപ്പററി പരിചിന്തിക്കയാണെങ്കിൽ അതു് ഏററവും ആശങ്കാജനകമായ ഒരവസ്ഥയെയാണു് പ്രാപിച്ചിരിക്കുന്നതു്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇവിടെ കൂടുതൽ ഭക്ഷ്യസാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും അവ കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനുംമററുമായിരിക്കണം ഒരു നല്ല തുക ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതെന്നു തോന്നുന്നു. ഫാറസ്ററു ഡിപ്പാർട്ടുമെൻറിൽ നിന്നും തടിവിൽപ്പന ഇനത്തിൽ ബഡ്ജററിൽ പ്രതീക്ഷിക്കുന്നതുപോലെയുള്ള തുക കിട്ടുമോ എന്നുള്ളതു് സംശയമാണു്. ഇനി ബഡ്ജററിൽ വിദ്യാർത്ഥികളുടെ ഫീസിനത്തിൽ ൫൦ ലക്ഷത്തോളം രൂപാ വരവുണ്ടാകുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു. ഇങ്ങനെ ഇരിക്കെ അവർക്കു് താമസസൗകര്യത്തിനുവേണ്ടിയുള്ള ഹോസ്റ്റൽ മുതലായവയ്ക്കുവേണ്ടി ഒരു കാശുപോലും നീക്കിവയ്ക്കാത്തതു് ലജ്ജാകരമായിപ്പോയെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

തിരുവിതാംകൂർ ജനതയിൽപ്പെട്ട പല വിഭാഗക്കാരുടെയും ദുരിതങ്ങൾക്കു അവസാനംവരുത്തി മററു പരിഹാരങ്ങൾ ഉണ്ടാക്കുമെന്നു പല സമ്മേളനങ്ങളിലും പല സന്ദർഭങ്ങളിലും ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ നാം

[Mr. K. Kuttappan]

ഭാക്കുന്നു. കൃഷിക്കാരേയും സാധുക്കളായ തൊഴിലാളികളേയും അവരുടെ ദുരിതങ്ങളിൽനിന്നും രക്ഷിക്കുന്നതിനോ അവർക്കു അല്പമെങ്കിലും ആശ്വാസം നൽകുന്നതിനോ ഈ വാഗ്ദത്തംമൂലം സാധിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. പ്രഗത്ഭമായ പ്രസംഗം എല്ലാപേർക്കും നടത്താം. പക്ഷെ പ്രവർത്തനം നേരേമറിച്ചുമാണ്. തൊഴിലാളികളെ സംബന്ധിച്ചാണെങ്കിൽ അവർക്കു കിട്ടിക്കൊണ്ടിരിക്കുന്ന കൂലി ഈ കാലസ്ഥിതി അനുസരിച്ചു ഒട്ടും പര്യാപ്തമല്ല. പിന്നെയോ പകൽ മുഴുവനും അദ്ധ്വാനംചെയ്തു കിട്ടുന്ന അല്പമായ കൂലിയും വാങ്ങിക്കൊണ്ടു രാത്രി കഴിച്ചുകൂട്ടാൻ ചെററക്കുടിലുകൾപോലുമില്ലാത്ത അനവധി തൊഴിലാളികൾ ഇന്നു നമ്മുടെ രാജ്യത്തുണ്ട്. കൂരയില്ലാത്ത അനേകം തൊഴിലാളികൾ, കുടുംബസമേതം ജീവിക്കുന്നു എന്നു പറഞ്ഞാൽ എത്രത്തോളം വൈഷമ്യം അവർ അനുഭവിക്കുന്നുണ്ടെന്നു നമുക്ക് ഊഹിക്കാവുന്നതാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരമായി ഒരു ചെറിയതോതിലെങ്കിലും ഭവന നിർമ്മാണ പദ്ധതിക്കുള്ള തുക ബഡ്ജററിൽ കാണുന്നില്ല. കുറേ സിൽബന്തികളേയും അവരുടെ ശമ്പളങ്ങളേയും കുറച്ചിട്ട് ൧൦ ലക്ഷം രൂപാ ലാഭം ഉണ്ടാക്കിയെന്നു ഗവണ്മെൻറ് അഭിമാനംകൊള്ളുന്നു. എന്നാൽ എൻ. ജി. ഓ. മാരുടേയും മററു ഡിപ്പാർട്ടുമെൻറു സിൽബന്തികളുടേയും ശമ്പളത്തോതു വർദ്ധിപ്പിക്കുന്നതിനെപ്പററി ഒന്നും പറയാതെ ഗവണ്മെൻറ് മൗനം ദീക്ഷിക്കുന്നു. ഇപ്രകാരം ജീവൽപ്രധാനങ്ങളായ ചില കാര്യങ്ങൾ ഒഴിച്ചാൽ ഈ ബഡ്ജററ് സ്വാഗതാർഹമാണെന്നു പറയാം.

MR. N. V. CHACKO (*Kunnathunad III—General*): Mr. President, it is ten years since some of us met together in the former Legislative Assembly to discuss the Budget in Karkadakam 1113. That was in another place; now we have shifted from the V. J. T. Hall to the present hall. But this is blocked and darkened by the black statue facing away from us, in haughty, scornful, but well deserved or ill-merited contempt turning its ignominious back to us. Have we lost all sense of shame and disgrace?

The world war was fought and won. As a result of the Indian National Congress agitation, the British quitted India and she got independence. There was a feverish attempt on the part of the previous Administration in Travancore to make this State of independent of India. Fortunately the stupidity of Travancore standing independent proved abortive. We have now joined the Indian Union and formed part and parcel of it. Otherwise our fate would have been worse than that of Kashmir or the unwise Hyderabad. Now the Congress Ministry have taken charge in Travancore as well as in India. We are now free to choose and follow our own path. We have an Assembly and Representative Body elected on the basis

of adult franchise. We have a Ministry of the Travancore State Congress Parliamentary Party. If the Ministers quarrel and if they and we fail in our duty, the result will undoubtedly be communalism or communism prevailing in our State. As between communalism and communism I prefer the latter. (*Hear, hear.*) There is no doubt about that. But for the violence, irreligion, immoral, unmoral and loose ways of communism, we would all agree with its good ideals. In other words, its violence and bad and unholy ways make its chief curses.

I hope the people of Travancore along with the rest of India will realise the conditions that obtained in Travancore for over a decade. The tragedy that was enacted in the years from 1112 to the end of 1122 gloomily lingers in our mind. There are several persons in the Government service, born and brought here, who played the parts of villains of the piece. Some of them cannot act any other part even now. Of course there are some others left here who can now play the part even of saints and sages. We, therefore have to wash our Travancore pure and clean. It continues to be a Aegian Sty and it requires Herculean efforts from the Ministers to purge and purify Travancore. It is rotten as Denmark in the days of Hamlet. I hope the Congress Ministry, with the assistance of the Congress Party and aided by the other parties, including the Tamil Nad and certainly the Muslim League, will be able to wash Travancore clean and pure, and that they will never feel themselves unequal to the task, however huge and delicate. But if the Congress Ministry, in spite of themselves, are unable to do the task, if they are discordant, disunited, weak-minded and knock-kneed, the result would be disastrous. In that case, communalism or communism will again crop up and destroy all our hopes of good, peace, prosperity and glory and make our future and even present worse than our past sufferings for the last 10 years. That should never be allowed to be the state of affairs. Let us not betray the interests of the people in silly selfishness or disgraceful discord or pitiable meekness.

Sir C. P. Ramaswami Aiyar was administering the land of Travancore from the year 1112. He began with oppression, repression and suppression, which were unbearably felt in many taluks including Kunnathnad, on the pretext of checking smuggling. The public were chased by the Police and the Excise in open day light along public roads for weeks and months in what is called "Idi Vandies" (ഇടിവണ്ടികൾ). He was subjugating the people to the meanest slavery and the lowest humiliation, I had the privilege of raising that question in the Legislature in 1112. Though very many Honourable Members expressed their sympathy, very few acted up to it. The result was calamitous to Travancore. Everybody got his turn and share. People were attacked and assaulted and even shot dead from one end of the State to the other. We have survived that regime. But a good many of those who acted most

[Mr N. V. Chacko.]

wickedly and cruelly and dishonestly and against the genuine interests of the State continue in the Public Service as favoured pets. It is the continuation of that cursed tradition that made one such Travancorean to keep a revolver or pistol exposed on the table when he acted as the Presiding Officer of a polling station at the last election. I know that officer is still in the service though I do not mention him by name.

MR. K. A. MATHEW: [illegible]?

MR. N. V. CHACKO: Yes. Such men appear in these days to take up the role of angels and deceive the superior authorities. We have to be cautious about them.

MR. K. A. MATHEW: [illegible]?

MR. N. V. CHACKO: I will now pass on to the most important problem of the day, namely, the food problem. We are confronted with the very grave problem of feeding the poor, the labourer, the middle class and the rich all alike. Those who have thought about it tell me that complete decontrol is the best and safest way, yielding the most desirable results in all respects. Partial decontrol will only defeat the very purpose which it is meant to advance. For Heaven's sake, Government should not accept the advice from their Food and Ration Officers. For, that would be like consulting cats about the interests of rats. Those officers are not really capable of giving disinterested advice. The Industrial or Factory employers want control for rice, but not for anything else. It is not really the factory labourers that want rice control. Any cultivator or proprietor of paddy land may be asked to sell to Government one para of paddy for one para of paddy land, or 7 paras per acre and that, at a price of Rs. 2½ per para. The rate of collection may be increased by gradation, say at 10 1/2 paras above 3 acres, 14 paras above 10 acres and so on. Even at 7 paras per acre, 42 lakhs of paras of paddy can be purchased for about 6 lakhs of acres of paddy lands. Keep the quantity thus collected, which is not appreciably less than what is now being collected through Purchasing Officers etc., as a buffer stock, and sell it wherever and whenever necessary through fair price shops at about Rs. 3 per para of paddy. Conditions can certainly be improved and soon brought to the normal, in this manner. The food control, food purchase and all other allied departments in their present form and nature must vanish or be wiped out all at once. A large quantity of paddy was easily collected from the people during 118 or 119 when the department was newly started and not well experienced in all the ways of bribery and corruption in the work. After that the collection went down steadily. We must buy all rice and paddy which we can get from outside Travancore also. Our attempt should be to make the State self-sufficient in the matter of food production as far as possible. Government should import rice on its own responsibility to the Cochin Harbour and from there merchants should be asked to take delivery for distribution in various parts of Travancore.

At the Cochin Harbour the price of a bag of rice may be Rs. 42 or so. If merchants are entrusted with the task of selling rice, they can take it to any part of Travancore at a cost of about Rs. 2 1/2 per sack; and the people would be safe to a very large extent. On every measure of rice a merchant can get a profit of one anna, if sold at the present ration-shop rates only, which is ample profit for his investmént and labour. The people too are benefited for they will be getting rice in better condition whenever they like without any inconvenience. Government can avoid the repetition of the huge loss of about two crores of rupees as in 1123. The loss suffered by the Government at present per single measure of rice sold through ration-shops works out at about 1 anna 3 pies. This loss can be avoided without increasing the price at all if sale of rice to the people is effected through the merchants. The Government have to take care of the buffer stocks with them. They can establish fair price shops and distribution of the buffer stock is to be done through such channels. Since agricultural labourers including myself form more than 90 per cent. of the people of Travancore, they can maintain themselves from the yield of agriculture. (It is only by accident that I am following the Advocate's profession wherein I get practically nothing from the days of the State Congress struggle from 1112). It is my firm belief that agricultural labourers can get on with what they get from the agricultural yield in Travancore A question may be asked what about the remaining 10 per cent. who are engaged in industrial or factory labour, Government servants and others. The K. D. H. P. Co. of Devicolam distribute rice at pre-war rates to their labourers. The Alwaye Potteries do the same thing. Again the Railway company supply rice at pre-war level to their servants. Even those punished for serious offences are fed fairly well in the Central Prison by the Government. In the same way our Government must supply Government servants with rice at pre-war price. But if rice could not be distributed to the Government servants in such manner, it is up to Government to increase their dearness allowance as compensation to enable them to purchase enough rice at available rates. What about the people of the places like Shertalai etc.? The rice purchased from outside and the buffer stock can be sold to them through fair price shops.

We can easily become self-sufficient in food in a very short time. There should be both intensive and extensive cultivation. I can make an effective suggestion, which certainly will prove as miraculous as "Alladin's Wonderful Lamp". The Government have only to strike it. It is not in China, and no African magician is necessary. It is in the Kunnathunad Taluk, where I believe, we have a larger area of paddy lands than in any other single Taluk. I refer to the Bhoothathan Kettu Weir or bund scheme in the Periyar river. Already the Periyar is yielding electricity for many parts

[Mr. N. V. Chacko]

of Travancore; and it can yield enough paddy to supply a great fraction of our deficiency in paddy. In the proper development of this scheme, our country can almost be made self-sufficient. Probably Mr. Kunjithommen may envy us in that such a scheme is not in his taluk; and I am assured that this scheme will not submerge his or other lands at a level higher than 10 ft. from the weir. If a bund 10 ft. high is made at Bhoothathan Kettu where the river bed is all solidly rocky, it will produce wonderful results. We have at present about 35 thousand acres of paddy lands to the right of the river and about 1 lakh of acres of paddy lands to its left side including about 30 thousand acres to be improved. I confine my attention at present only to the paddy lands to the left. We can cut a canal about 23 miles long up to Kizhakkampalam. The difference in levels of the two ends of the canal is only about 35 ft. No tunnel is necessary. The canal will have water about 8 ft. deep always. There need not be any fear that portions of the river below the weir would be dried up. In fact there would be a higher level of water below at Alwaye etc. than at present in summer. Sluices can be made and opened to let water flow down the river when necessary. The canal can be further extended by 15 miles more up to Edappalli to connect it with the Cochin Harbour. The FACT company can take fuel straight through this canal and get over one difficulty pointed out by the "Malayala Manorama". The High Ranges can be connected directly with the Cochin Harbour through this canal Irrigation channels also have to be cut. All this will cost only less than two crores of rupees. If one lakh of acres yield at 50 paras per acre, after the scheme is worked out it can easily be made to yield one hundred and fifty lakhs of paras of paddy or an annual excess of one hundred lakhs of paras of paddy which at Rs 2 per para will fetch at least two hundred lakhs of rupees in one year, which is more than the total cost. The Government can also realise water cess at least at Rs. 10 per acre which means 10 lakhs of rupees, that is, 5 per cent interest on the total outlay We can make roads and plant coconuts and other garden trees on the sides of the canal and channels. Our Ministers seem to have appreciated all these facts already and ordered a survey of the scheme. They are not like Gladstone or a cultured lady asking Faraday about the use of his electrical experiments and received the retorts, "Sir, you can tax it" and "Madam, what is the use of a new-born child?"

Our thanks and congratulations are abundantly due to our Ministers because of the great interest they take in solving our food problem by developing such schemes, etc. If the Government are not prepared to finance this scheme at present, I am sure private companies would be eager to work out the whole scheme. It might be enough if they are given the right to collect toll for a certain period But it would in every way be a wise step for Government to take it up as early and earnestly as possible. Together with the Puthenkurisu-Puthenchungom road when opened, we shall have two excellent land and water routes from the High Range and other places to the Cochin Harbour. (President's bell).

MR. ABDUL AZIZ: സർ, തിരുവിതാംകൂറിൽ ഇദംപ്രഥമമായി സ്ഥാപിതമായ ജനകീയ ഗവണ്മെൻറ് അവധാനതയോടെ ആലോചിച്ച് അവതരിപ്പിച്ചിട്ടുള്ള ആദ്യത്തെ ആയവ്യയപത്രികയാണ് ഇത്. ബഹു: പ്രധാനമന്ത്രിക്ക് അതിൽ അഭിമാനം കൊള്ളാവുന്നതാണ്.

എന്നാൽ ഇന്നാട്ടിലെ ബഹുലക്ഷം സാമാന്യജനങ്ങളുടെ ജീവിതത്തോതുയർത്തി പ്രത്യക്ഷത്തിൽ അവർക്ക് രക്ഷനൽകുന്നതും രാജ്യക്ഷേമകരങ്ങളായ സൃഷ്ടിപരിപാടികൾ ഉൾക്കൊള്ളുന്നതും ആയ ഒരു മാതൃകാബഡ്ജററാണ് ഇതെന്ന് പ്രശംസിക്കാൻ സാധിക്കാതെ വന്നതിൽ എനിക്ക് അനല്പമായ ഖേദവും അതിലേറെ നിരാശയും ഉണ്ട്. പ്രധാനമന്ത്രിയുടെ ബഡ്ജററ് പ്രസംഗത്തിൻെറ മുഖവുരയിൽ "ഈ സംസ്ഥാനത്തിലെ സ്വതന്ത്രജനതയുടെ ഗവണ്മെൻറിൻെറ പ്രഥമബഡ്ജററ്" എന്നൊരു സൂചന ഇല്ലാതിരുന്നുവെങ്കിൽ ഇത് ഒരു ജനകീയ ബഡ്ജററാണെന്ന് കണ്ടുപിടിക്കുവാൻ ഈ സഭയിലെ സാമ്പത്തികവിദഗ്ദ്ധന്മാരെ ഒഴിച്ച് എന്നെപ്പോലെയുള്ള സാധാരണക്കാർക്ക് സാധിക്കുമായിരുന്നോ എന്നുള്ള കാര്യം സംശയമാണ്.

രാഷ്ട്രീയസ്വാതന്ത്ര്യം നമുക്കു ലഭിച്ചു, ഡെമോക്രസിയും സ്ഥാപിതമായി. എന്നാൽ തിരുവിതാംകൂർകാർ ഡെമോക്രസിക്കു വളർന്നിട്ടില്ലെന്ന് ബഹു: പ്രധാനമന്ത്രി ഈയിടെ പ്രസംഗിച്ചതായി ഒരു പത്രറിപ്പോർട്ടു കണ്ടു. വളരെ ശരിയാണ്. ഡെമോക്രസി എന്നു പറഞ്ഞാൽ അതൊരു Totalitarian State അല്ല. ഒരു പാർട്ടി അധികാരം കയ്യടക്കിവച്ച്, തുല്യസൗകര്യങ്ങളോടുകൂടി പ്രതിപക്ഷകക്ഷികൾക്ക് പ്രവർത്തിക്കാൻ സ്വാതന്ത്ര്യം നൽകാത്ത സമ്പ്രദായം പ്രധാനമന്ത്രി പറയുന്നതുപോലെ ഡെമോക്രസി അല്ല. അതിൻെറ സ്വാഭാവികമായ പരിണതഫലങ്ങളിൽ ഒന്നാണ് വളരെ വേദനയോടും പരിഭ്രമത്തോടുംകൂടി ഇന്നാട്ടിലെ ജനത ഏതാനും നാളുകൾക്കു മുമ്പ് അഭിമുഖീകരിക്കേണ്ടിവന്ന മന്ത്രിസഭാകുഴപ്പം. അസുഖകരമായ ആ രംഗത്തിൻെറ മുമ്പിൽ വീണ കർട്ടൻ പൊക്കിനോക്കണമെന്നോ, ഉണങ്ങിയ വ്രണം ചികഞ്ഞു പുണ്ണാക്കണമെന്നോ എനിക്ക് അശേഷം ആഗ്രഹമില്ല. പക്ഷെ അസുഖകരമായ ആ സംഭവത്തിനു ഇടയാകാതിരുന്നു എങ്കിൽ കൂടുതൽ കാര്യക്ഷമവും പ്രയോജനപ്രദവുമായ ഒരു ബഡ്ജററ് നമുക്കു ലഭിക്കുമായിരുന്നു.

[Mr. Abdul Aziz]

അതുപോകട്ടെ, നമുക്കു ലഭിച്ചതു് എന്താണു്? ഈ ബഡ്ജററിന്റെ പശ്ചാത്തലമെന്താണു്? കാൺഗ്രസ്സ് അതിന്റെ തിരഞ്ഞെടുപ്പുപത്രികവഴി ഇന്നാട്ടിലെ ജനങ്ങൾക്കു നൽകിയ ആകർഷകമായ വാഗ്ദാനങ്ങളുടെ മുമ്പിൽ ഈ ബഡ്ജററിനു് എത്രത്തോളം നിവർന്നു നില്ക്കുവാൻ സാധിക്കുമെന്നു ഞാൻ ചോദിക്കുന്നു. ഇന്നാട്ടിലെ സ്ഥിതി എന്താണു്?

പണത്തിന്റെ പുറത്തുകിടന്നു് മറിച്ചുമറിയുന്ന കൂട്ടർ ഒരു വശത്തു്; പട്ടിണിയുമായി നിരന്തരം പടവെട്ടി ദുരന്തദുരിതമനുഭവിക്കുന്ന ബഹുലക്ഷം ജനങ്ങൾ മറുഭാഗത്തു്. ലോകമഹായുദ്ധം ധനവാനെ കൂടുതൽ ധനവാനും ദരിദ്രനെ കൂടുതൽ ദരിദ്രനുമാക്കി. "സോഷ്യൽ ജസ്റ്റിസ്" കണികാണുവാൻപോലും ഇല്ലാതായി. സ്വകാര്യസ്വത്തുടമയെ നിഷ്കാസനം ചെയ്തുകൊണ്ടുള്ള പരിപൂർണ്ണമായ സാമ്പത്തിക സമീകരണമാണു് ഈ ദുഷ്യങ്ങൾക്കുള്ള ഏകപരിഹാരമെന്നു് വാദിക്കുന്നവരിൽ ഒരാളല്ല ഞാൻ. എന്നാൽ ധനവാന്മാരുടെ കയ്യിൽകൂടി മാത്രം പണം കറങ്ങിക്കൊണ്ടിരിക്കുകയും ഏതാനും വ്യക്തികളുടെ പക്കൽ മാത്രം കുന്നിച്ചുകൂട്ടുകയും ചെയ്യുന്ന സാമ്പത്തികവ്യവസ്ഥിതി ഒരുകാലത്തും സാധൂകരിക്കത്തക്കതല്ല.

സമീപകാലത്തു് പലരും വലിച്ചുകൂട്ടിയിട്ടുള്ള സ്വത്തു് ന്യായമായ മാർഗ്ഗങ്ങളിൽകൂടി സമ്പാദിക്കപ്പെട്ടിട്ടുള്ളതല്ലെന്നു് പകൽപോലെ വ്യക്തമാണു്. അനേകലക്ഷം രൂപാ ആദായനികുതിയിനത്തിൽനിന്നു് വിജയപൂർവ്വം ഒഴിഞ്ഞുമാറി നില്ക്കുന്നു. കരിഞ്ചന്തയിലും, അഴിമതിയിലും, അക്രമത്തിലുംകൂടി പല പണസഞ്ചികളും മഹോദരംപോലെ വീർത്തുകയറിയിട്ടുണ്ടു്. ഈവക സംഗതികളെക്കുറിച്ചു് ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ ഒരക്ഷരംപോലും ഉരിയാടാതിരുന്നതു് അൽഭുതമാണു്. Direct taxation മൂലവും ഉചിതമായ ഇതരപദ്ധതികൾവഴിയും ന്യായമായി ഈടാക്കപ്പെടേണ്ട ഈ ധനം ഉപേക്ഷിച്ചിട്ടു് മദ്യനിരോധനംമൂലമുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ വീണ്ടും പാവങ്ങളുടെ വയററത്തടിക്കാൻ ഇടയാക്കുന്ന Sales Tax (വില്പനനികുതി) ഏർപ്പെടുത്താനുള്ള ജനകീയഗവണ്മെൻറിന്റെ സംരംഭം ഇന്നത്തെ പരിതഃസ്ഥിതികളിൽ സാധൂകരിക്കത്തക്കതല്ല. The Travancore Taxation on Income (Investigation Commission) Bill എന്നൊരു ബിൽ ഈ സഭയിൽ

അവതരിപ്പിക്കപ്പെടാൻ പോകുന്നകാര്യം ഞാൻ വിസ്മരിച്ചിട്ടില്ല. പക്ഷെ അതിന്റെ പ്രവർത്തനംമൂലം എന്തെങ്കിലും ആദായമുണ്ടാകുമെന്ന പ്രതീക്ഷ ഈ ബഡ്ജററിൽ ഇല്ല. നേരേമറിച്ച് ൧൯൫൫-ലെ ആദായനികുതിയിനത്തിലുള്ള വരവിനെ അപേക്ഷിച്ച ൧൯൫൬-ൽ ൪൦,൦൦,൦൦൦ രൂപയുടെ കുറവാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു. വഞ്ചിഅന്നദാനഫണ്ട് തുടങ്ങിയ പൊതുസ്ഥാപനങ്ങളുടെ പേരിൽ സംഭരിച്ചിട്ടുള്ള ലക്ഷക്കണക്കായ തുകകൾ ഏതേതു മണിമന്ദിരങ്ങളിലെ ദരിദ്രന്മാരുടെ കൈയിലാണു അകപ്പെട്ടുകിടക്കുന്നതു് എന്ന് അന്വേഷിക്കേണ്ടതാണ്. അനീതിയിൽക്കൂടി സമ്പാദിതവും കുന്നുകൂടിക്കിടക്കുന്നതുമായ ധനം പുറത്തുവരാതെ സാമാന്യമനുഷ്യന്റെ സാമ്പത്തിക നില അഭിവൃദ്ധിപ്പെടുത്തുന്നതു് എങ്ങനെ എന്ന് എനിക്കു മനസ്സിലാകുന്നില്ല.

കാൺഗ്രസ്സ്ഗവണ്മെന്റ് സ്ഥാപിതമായാലുടൻ വസ്തുഉടമ പരിമിതപ്പെടുത്തി ഇവിടെ ഒരു Socialist order നടപ്പാക്കുമെന്നു ജനങ്ങൾ വിശ്വസിച്ചു അതുപോലെ മററു പലതും പ്രതീക്ഷിച്ചു. "Visions alone will not raise the standard of life of the common man".

ഗവണ്മെന്റിന്റെ വരവു വർദ്ധിപ്പിച്ച് സാധാരണക്കാരന് ആസന്നഭാവിയിൽ കുറെയൊക്കെ ജീവിതസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ ഒരു ജനകീയഗവർമ്മെന്റിന് ബാദ്ധ്യതയുണ്ടു്. അതിനു കഴിവില്ലെങ്കിൽ അതു് നിലനിൽക്കുവാൻ പോകുന്നില്ല.

ധനവാന്റെകഴുത്തുഞെക്കി സാധുവിനെ ഉയർത്തണമെന്ന് എനിക്കഭിപ്രായമില്ല. പൊൻമുട്ടഇടുന്ന താറാവിനെ കൊല്ലണമെന്നു ഞാൻ പറകയില്ല. പക്ഷെ അതിനെ വളർത്താൻവേണ്ടി ഉടമസ്ഥന്റെ കുഞ്ഞിനെക്കൊണ്ടു് തീററികൊടുക്കുവാൻ സാദ്ധ്യമല്ല. പട്ടിണിക്കാരനായ തൊഴിലാളിയുടേയും സാധുകർഷകന്റെയും ദാരിദ്ര്യത്തിലും ദുരിതത്തിലുംകൂടി മാത്രമേ ഇവിടുത്തെ ധനവാന് ജീവിക്കാൻ കഴിവുള്ളുവെങ്കിൽ അങ്ങിനെയുള്ള ഒരു സാമ്പത്തിക മനുഷ്യഭുക്കിനെ നമുക്ക് ആവശ്യമില്ല. ഉടമസ്ഥന്റെ കുഞ്ഞു പൊൻമുട്ടയേക്കാൾ വിലയേറിയതാണ്.

എന്തുകൊണ്ടു് ഒരുലക്ഷംരൂപയിൽ കവിഞ്ഞുള്ള ഒരു ധനവാന്റെ ആദായം സ്റ്റേററിനു എടുത്തുകൂടാ എന്നു ഞാൻ ചോദിക്കുന്നു.

[Mr. Abdul Aziz]

വസ്തുഉടമ പരിമിതപ്പെടുത്തുന്നതുവരെയെങ്കിലും ഒരേക്കറിൽ കുറഞ്ഞ വസ്തുഉടമസ്ഥരായ കർഷകരെയും തൊഴിലാളികളെയും കരംകൊടുക്കുന്നതിൽനിന്ന് ഒഴിവാക്കാൻ പാടില്ലേ? വസ്തുക്കൾ ക്രയവിക്രയംചെയ്തു പണമുണ്ടാക്കുന്നതിനെ സംബന്ധിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതു നന്നായിരിക്കുകയില്ലേ? ഉദാഹരണമായി പട്ടണങ്ങളിൽ ഒരു വീടും പുരയിടവും ഉള്ള ഒരാൾ മററു സ്ഥലങ്ങൾ വാങ്ങാൻ പാടില്ലെന്നും, അപ്രകാരം വീടുള്ള ഒരാൾ ചുരുങ്ങിയതു ൧൦ വർഷത്തേക്ക് അതു വിൽക്കുവാൻ പാടില്ലെന്നും വ്യവസ്ഥചെയ്താൽ വസ്തു ക്രയവിക്രയം മൂലം പണം ഉണ്ടാക്കുന്ന ഏർപ്പാടിന് വലിയ ശമനം ഉണ്ടാകുന്നതിനും 'ഭൂമിയുടെ അമിതമായ വിലവർദ്ധനവ്' തടയുന്നതിനും സാദ്ധ്യമല്ലേ എന്ന് ആലോചിക്കേണ്ടതാണ്.

സാധാരണക്കാരുടെ ഏററവും പരിമിതമായ ജീവിതാവശ്യങ്ങളെ സംബന്ധിച്ച് പലതും ഉടനെ ചെയ്യാൻ കഴിയുമായിരുന്നു. ഭക്ഷ്യവകുപ്പിലെ നാനാവിധത്തിലുള്ള ചോർച്ചകൾ പരിഹരിച്ച് അരിവില കുറയ്ക്കുവാൻ പ്രധാനമന്ത്രി ദൃഢനിശ്ചയത്തോടെ വിചാരിച്ചിരുന്നുവെങ്കിൽ സാധിക്കുമായിരുന്നു. ഭക്ഷ്യധാന്യങ്ങളിന്മേലുള്ള നിയന്ത്രണം പുതുവർഷാരംഭത്തോടുകൂടി ഭാഗികമായും വർഷാവസാനത്തിനുമുൻപ് മുഴുവനായും നീക്കം ചെയ്യാനുള്ള ധൈര്യം ഗവണ്മെൻറിന് ഉണ്ടാകേണ്ടതാണ്.

ഭക്ഷ്യസംവർദ്ധന പദ്ധതിയെ സംബന്ധിച്ച് ഒരു വാക്കു പറയേണ്ടതുണ്ട്. ഗവണ്മെൻറ് എന്തുതുക ചെലവാക്കിയാലും ഈ പദ്ധതിയുടെ വിജയം സ്ഥിതിചെയ്യുന്നതു കർഷകൻെറ സന്മനോഭാവത്തിലും സംതൃപ്തിയിലുമാണ്. സർക്കാർജീവനക്കാരൻ പട്ടിണിയാണ്, തൊഴിലാളി പട്ടിണിയാണ്. എല്ലാപേർക്കും അവർ അർഹിക്കുന്നതു കൊടുക്കുക തന്നെ വേണം, അല്ലാ, കൂടുതലും കൊടുക്കുക. എന്നാൽ മററുള്ളവർക്കു വീതിക്കുന്നതിനുമുൻപ് കർഷകൻ ഉണ്ടാക്കുന്ന സ്വത്തിൻെറ ഓഹരി ആദ്യമായി അവനു നൽകണം. കർഷകൻെറ പക്കൽനിന്നും കുറഞ്ഞവിലക്കു നെല്ലുവാങ്ങി തിരിയെ കൂടുതൽവിലയ്ക്കു വിൽക്കുന്നതു ഒരു ജനകീയഗവണ്മെൻറിനു ഭൂഷണമല്ല. കർഷകൻെറ ജീവിതാവശ്യങ്ങൾക്കുവേണ്ടി പലതും ചെയ്യാവുന്നതാണ്. അവർക്കു കൃഷിആയുധങ്ങളും, കലപ്പ ഉണ്ടാക്കാൻ തടിയും, ആവശ്യമായ വസ്ത്രവും കണ്ണുകണ്ട് അത്താഴമുണ്ണുന്നതിനുള്ള മണ്ണെണ്ണയും സുഗമമായി ലഭിക്കത്തക്കവണ്ണം

വ്യവസ്ഥചെയ്യാൻ എന്തു് വിഷമമാണുള്ളതു്? നെടുംകൃഷിയും കട്ടംകൃഷിയും ഒക്കെ ചെയ്യുന്നതു് അവരാണെന്നുള്ള കാര്യം വിസ്മരിച്ചാൽ ഭക്ഷ്യസംവർദ്ധനപദ്ധതി കടലാസിൽ മാത്രം അവശേഷിക്കുകയേ ഉള്ളൂ.

ഗ്രാമോദ്ധാരണത്തിനു് സാമാന്യം നല്ല തുക നീക്കിവച്ചിരിക്കുന്നതു് അഭിനന്ദനാർഹമാണു്. പറയത്തക്ക പുരോഗമനം ഒന്നും ഇതുവരെ ഉണ്ടായിട്ടില്ലാത്ത ഈ പദ്ധതി പരിഷ്കരിച്ചു് പ്രവർത്തനം തുടങ്ങുമ്പോഴെങ്കിലും, മേൽത്തട്ടിൽ തുടങ്ങി താഴെ എത്തുമ്പോഴേക്കും ഈ വലിയ തുകകളുടെ ഒരംശമെങ്കിലും ഗ്രാമീണനു് പ്രയോജനപ്പെടണം. ഓരോ ഗ്രാമത്തെയും സ്വയം പര്യാപ്തതയിലേക്കു നയിക്കുക എന്നതായിരിക്കണം ഈ പദ്ധതിയുടെ പരമലക്ഷ്യം.

മെഡിക്കൽ ഡിപ്പാർട്ടുമെൻറു് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു വേണ്ടിടത്തോളം തുക നീക്കിവച്ചിട്ടില്ലെന്നാണു് എനിക്കു പറയുവാനുള്ളതു. കൂടുതൽ പ്രോത്സാഹനം അർഹിക്കുന്ന ആയുർവ്വേദം അപഗണിക്കപ്പെട്ടിരിക്കുകയല്ലേ എന്നു് ഞാൻ സംശയിക്കുന്നു. മെഡിക്കലിനു ർന്നു ലക്ഷംരൂപാ നീക്കിവച്ചപ്പോൾ ആയുർവേദത്തിനു് വെറും രണ്ടരലക്ഷമാണു് ഉൾപ്പെടുത്തിയിട്ടുള്ളതു്. മെഡിക്കൽ കാളേജ്, സ്ഥാപനം സ്വാഗതാർഹംതന്നെ. പക്ഷേ അതിൻെറ മുന്നോടിയായി ഒരു ഫസ്റ്റ്ഗ്രേഡ് ഹാസ്പിററൽ ഉണ്ടാക്കേണ്ടതു് ആവശ്യമാണു്. "The operation was successful, but the patient died," എന്ന നിലയാണു് നമ്മുടെ ആശുപത്രികൾക്കു് ഇന്നുള്ളതു്. ആ സ്ഥിതിക്കു് ,മെഡിക്കൽകാളേജ് സ്ഥാപനയത്നത്തിൽ കുതിരയുടെ മുമ്പേ വണ്ടി കെട്ടാൻ ഇടവരരുതു്.

വിദ്യാഭ്യാസകാര്യത്തിൽ ഏററവും അസൂയാർഹമായ ഒരു പദവി തിരുവിതാംകൂറിനുണ്ടു്. പക്ഷേ വിദ്യാഭ്യാസകാര്യത്തെപ്പററി പറയുമ്പോൾ മുഴച്ചുനിൽക്കുന്ന വ്യസനകരമായ ഒരു വസ്തുത അതു സാമുദായികവും വർഗ്ഗീയവുമായ വടംവലികൾക്കു് ഇടയാക്കുന്നു എന്നുള്ളതാണു. ബഹു: പ്രധാനമന്ത്രിയുടെ പ്രസംഗം അതിപ്രധാനമായ ഈ സംഗതിയിൽ ഒരു മൂകമനോഭാവം അവലംബിക്കുന്നാണു് ചെയ്തതു്. ഇന്നത്തെ ജനകീയഗവർമ്മെൻറിൻെറ വിദ്യാഭ്യാസനയം എന്താണെന്നു് വ്യക്തമാക്കണമെന്നു ഞാൻ ബഹു. പ്രധാനമന്ത്രിയോടും ബഹു. വിദ്യാഭ്യാസ

[Mr. Abdul Aziz]

മന്ത്രിയോടും അപേക്ഷിക്കുന്നു. യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടച്ചുകളയുന്നതു് അഭിനവ രാഷ്ട്രീയതന്ത്രജ്ഞതയുടെ ആപൽക്കരമായ ഒരു സ്വഭാവമായിത്തീർന്നിട്ടുണ്ട്. ഒന്നാകുവാൻവേണ്ടി ഭിന്നിച്ച ബഹു. മന്ത്രിമാർ ഈ സംഗതിയിലും ഭിന്നതയുണ്ടെങ്കിൽ പറഞ്ഞൊതുങ്ങി ഒന്നായി മുന്നോട്ടുപോകേണ്ടതു് രാജ്യശ്രേയസ്സിന് അത്യാവശ്യമാണ്.

വ്യാവസായികകാര്യങ്ങൾ, മുതലാളി—തൊഴിലാളിബന്ധം തുടങ്ങിയ മററു പ്രധാന സംഗതികളെക്കുറിച്ചു് ഡിമാൻറു ചർച്ചാവസരത്തിൽ എനിക്കു പറയുവാനുള്ളതു് പറഞ്ഞുകൊള്ളാം.

ഭരണകാര്യംകൂടി, റവന്യൂവിൻെറ ഒരു സിംഹഭാഗം അപഹരിക്കുന്ന Administration ചെലവു കുറയ്ക്കുവാൻ ചെയ്ത പ്രാരംഭയത്നത്തിൻെറ ഫലമായി പ്രതിവർഷം ൧൦ ലക്ഷത്തിൽപരം രൂപയുടെ ലാഭം ഉണ്ടായതു് സന്തോഷപ്രദംതന്നെ. ആവശ്യത്തിലധികം ഡിപ്പാർട്ടുമെൻറുകളും ഉദ്യോഗസ്ഥന്മാരും നിർഭാഗ്യവശാൽ ഉണ്ടാകാനിടയായി. പല ഡിപ്പാർട്ടുമെൻറിലും ഉദ്യോഗസ്ഥന്മാരെ അടുക്കിനിറച്ചുവച്ചിരിക്കുകയാണ്. ഒരുദാഹരണം പറയാം, സെക്രട്ടറിമാർതന്നെ എത്ര വിധം? ചീഫ് സെക്രട്ടറി, അഡമിനിസ്ട്രേറ്റീവ് സെക്രട്ടറി, സെക്രട്ടറി, ഡെപ്യൂട്ടിസെക്രട്ടറി, അഡിഷനൽസെക്രട്ടറി, അസിസ്റ്റൻറ് സെക്രട്ടറി, പ്രൈവററു സെക്രട്ടറി, അണ്ടർസെക്രട്ടറി ഇങ്ങനെ പോകുന്നു ആ പട്ടിക. അമിതമായ ചെലവുഭാരം മാത്രമല്ല നാം താങ്ങേണ്ടതു്. ഒന്നിൻെറയും ഉത്തരവാദിത്വം ആരും ഏറ്റെടുക്കുകയില്ല. ഒരാഫീസിൽ ഒരപേക്ഷ കൊടുത്താൽ അതു് ഡീൽചെയ്യേണ്ടതു് ആരാണെന്നുള്ള തർക്കത്തിൽ അതു് അങ്ങിനെ പല കൈകളും മറിഞ്ഞു മറിഞ്ഞു ഒടുവിൽ മായും. ഇന്ദ്രനും ചന്ദ്രനും വിചാരിച്ചാലും പിന്നെ അതു കണ്ടുകിട്ടുകയില്ല. ഇങ്ങനെ കാര്യക്ഷമതാരാഹിത്യവും ഉദ്യോഗസ്ഥസംഖ്യാബാഹുല്യത്തിൻെറ ഒരു വലിയ ദൂഷ്യമാണ്. അഴിമതിയെപ്പററി പറയേണ്ടതുമില്ല. ഇതിനു പരിഹാരമുണ്ടാകണം. അനുദ്യോഗസ്ഥ ഭൂരിപക്ഷമുള്ള ഒരു Economic Retrenchment കമ്മിററിയും ഒരു Corruption Investigation കമ്മിററിയും ഉടനടി രൂപീകരിച്ചു് പബ്ലിക്കുസർവീസിൽ ഒരു സമൂലപരിവർത്തനവും ശുദ്ധീകരണവും നടത്തേണ്ടതു് അത്യന്താപേക്ഷിതമാണ്. പരസ്യവും രഹസ്യവുമായ പല കാരണങ്ങളാലും നീതീകരിക്കാൻ പാടില്ലാത്ത നിരവധി നിയമനങ്ങളും പ്രമോഷനും നിലവിലുണ്ട്, അതിനെല്ലാം

പരിഹാരമുണ്ടാക്കാൻ കാലവിളംബം വരുത്തരുതെന്ന് അപേക്ഷിക്കുന്നു. പബ്ലിക്ക്സർവീസിൽ എല്ലാപേക്കും ഒരുപോലെ നീതിയും ന്യായവും ലഭിക്കത്തക്കവണ്ണം പ്രവർത്തിക്കുന്നതിന് ഒരു പബ്ലിക്ക സർവീസ്കമ്മീഷൻ ഉണ്ടായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. അതുപോലെ തന്നെ ഏററവും കുറഞ്ഞ ശമ്പളം ൨൦ രൂപയും കൂടിയതു് ൫൦൦ രൂപയും ആയി ക്ലിപ്തപ്പെടുത്തി ചെലവുകുറക്കുന്ന കാര്യവും ആലോചനാർഹമാണു.

MISS ANNIE MASCARENE *Trivandrum I—Latin Catholic*) : Taking a cursory glance of the Budget presented by democratic institutions during the past two centuries in the world, one will not be surprised at the Budget by this Ministry. We have inherited the past. If the Budget of the United Kingdom, the United States, and Switzerland were examined at the inception of Popular Governments, I must congratulate this Ministry for presenting to this House an exemplary Budget. But I said we have hitherto an iniquitous past with all its historic conflicting aims and records, and hence I do not think that within the short time of 3 or 4 months, however capable the Prime Minister may be, he will be able to study the past history of 16 years and produce before this House a defectless budget. Therefore, I beg to submit before this House that they must view this budget with leniency for the sake of changes in times. And now that two conflicting ideals have succeeded one another, democracy suceeeding autocracy, one should not with a strict sense of justice, sit in judgment over this budget. The budget presented by the Premier is unique in the history of this State. It is for the first time in the history of Travancore that public finance and expenditure have been handled by the people, for the people, through a popular Ministry and therefore all the defects of novelty will be present there Never in the annals of this State, never in the conflicting records we have had hitherto, was there a Ministry except this one which had the popular support, the strength and the sanction of the popular will and the sacred duty of service to the people.

When the Honourable Premier. with his characteristic emotion read through the budget, I could not help, during the solemnity of the moment, recall to memory the history and tradition that he has left behind, the sacrifice and suffering through which we have gone so that after 10 years of what was task and suffering we were able to sit here at least to make this so-called defective budget. We should be thankful to the Minister for taking such pains even in so short a time at his disposal for presenting the budget in the manner it is done. All that we can compliment today is in order to bring popular Governments into existence, we have created history which would have done honour to any democratic movement for freedom and self-determination. But there is one thing which this House should not forget and that is this. Here, this budget lays the first stone at the basis of that financial structure, 'which, for ages to

[Miss Annie Mascarene]

come, will decide the economic destiny of the State. It is clear from the details of the Budget, Sir, that the Ministry has made an honest attempt towards reconstruction, or the Ministry has sincerely taken up reconstruction fallen into its hands, which if properly handled and sincerely carried out, will raise the people of Travancore from the economic morass into which it has sunk during the past decades of ten to 16 years. It is true that the people of Travancore expected from this Ministry a more elaborate budget. But, when all is said and done, we should remember that they have done the best and with the best of intentions and in years to come, perhaps in the months to come, they will contribute all their strength to carry out the promises they have pledged to the people.

But the most salutary feature of the budget as I have understood it, is the introduction of the prohibition scheme, in six taluks of the State. This House cannot easily forget the attitude of the past Government towards this problem, nor could this House ignore the great financial loss of 69 lakhs of rupees which have to be made up by the sales tax. Yet, we can still congratulate ourselves on the results we are going to enjoy.

Sir, today memory fails not, nor imagination to picture the evils of drink that have stuck at the very root of humanity, that had struck at corruption at the very inception of society and had made almost every home miserable, but at the same time tomorrow will have sweet dreams of a peaceful home, of a pleasant wife, or merry children awaiting the arrival of a sane labourer at the end of a peaceful day. The difficulty of the Finance Department to cope with the present situation under the prohibition scheme is serious indeed. But financial wisdom, financial perspection and the administrative wisdom, I hope, will prompt the Government to resort to measures which will not be a burden to the man in the street, to the labourer and to the mother of several children who stays home to build up the unit of society—the home.

The next feature that attracted my attention is the allotment given to education. Rs. 1,93,00,000 set apart for education is a novelty in the history of budgets of the past 16 years. No amount is ever adequate for education—that is my humble opinion. That amount set apart for, education, that capital amount allotted for this item will reap capital effects, capital results that will extend to posterity and therefore, if not only one crore but three crores are set apart for education, I say we can reap the result with compound interest in ages to come. That is standing evidence to show that this Ministry has made an honest attempt to serve the people of Travancore not for today or tomorrow but for ages to come and that they have laid the foundation of real democracy which will attain fruition perhaps after a few years.

The next item of public health is really surprising. Not because they have allotted ten lakhs. My surprise, Sir, is that they have

allotted only ten lakhs. Public health is the backbone of society, the growing society, and the backbone of social and moral welfare and therefore public health should have been given more consideration. Ten lakhs which will go as a preliminary expense to build up a Medical College is too little an amount, I am sorry to say. But being a preliminary step, we will just tolerate. I hope this Ministry will at least give a crore of rupees next time to make a Medical College an ideal one which will give every village a doctor and every 25 houses a nurse and a midwife.

With regard to public health, I wish to express my opinion that the present situation of hospitals is really deplorable. There is a rule of Government that doctors should not take fees from patients, but the rule is not implemented as yet. I do not blame the doctors who take money from the patients because the pay given to the doctor is hardly enough to keep body and soul going. The pay given to nurses and warders and midwives are simply shameful. If this Ministry has any idea of reconstructing society physically and morally, I appeal to this Ministry that they must take proper care, pay proper attention to public health and sanitation which as they exist today are the departments which are very neglected. When once you fix up the salary of doctors, give them a decent pay, give the nurses a decent pay and then you implement the rule and ask them not to take bribes or fees from the patients, as it happens today, the position will be good. I had the privilege of visiting the hospitals of late and I have noticed that the attention of the doctors is always diverted to those patients who are able to pay and the poor patients who have nobody to look after are simply dying in harness. (President's bell). That is something that I have seen.

There is one more item which I have not dealt with. That is trade and commerce. It is clear from the Trade Statistics of 60 years —from 1061 to 1121 that we always had balance of trade in our favour. In 1061 we had a balance of trade of Rs. 25 lakhs and in 1121 we had a balance of trade of Rs. 7·4 lakhs That clearly shows that we are in favour of financial commitments, but the real fact is in spite of money coming into the State from elsewhere, poverty rages through the State. Why? Because the money coming from the balance of trade is going enblock into the hands of the capitalists into Kanan Devan Company, into Aspinwall, Darragh smail - to so many European firms that are in the State. Unless and until this popular Ministry nationalises trade and commerce and industry, their existence as popular Ministry has no justification. I wish to emphasise this point, Sir, because the interportal trade convention, the standstill agreement and the Cochin Harbour Scheme, are a direct financial loss to the State, and if this continue, we are getting ourselves exploited daily almost by Governments other than Travancore. Therefore it is necessary that this Ministry should take the first step of making Travancore an economically independent State. (President's bell).

[Miss Annie Mascarene]

One minute more, Sir. The late regime had an independent dream—the basis of that being the economic independence of Travancore—the favourable position of Travancore as the only maritime State in the whole of India, Kathiawar and Gujarat States not coming anywhere near it Therefore, if we develop our trade and commerce, we need not depend upon the world pool for rice. We can directly send our exports to America or the United Kingdom and get our rice straightway from Brazil. That will solve the food problem. Prices to wage earner and the collection of income-tax, sales tax etc. will be made more easy by licencing of trade, etc. (President's bell).

MR. K. P. NILAKANTA PILLAI: This is the first budget that has been presented to this House by the Congress Ministry. Of course, it is very difficult for a Congressman to view this budget in an impartial way. On the one side there is the Congress Ministry of which I am supposed to be part and parcel. On the other side there is the popular feeling and between these two to make a via-media is rather difficult. But the Ministry came into being only three months back. Therfore it was not within their capacity obviously to find out all the figures which may be eluding even a clever financier and so far as the budget figures of Travancore are concerned, it may be a difficult task even to study them than to present a proper financial statement for this House. Therefore it is very difficult for me to accuse anybody or to enter into a very harsh criticism but making sufficient room for all that, I must say, Sir, that with the resources available, as this present budget discloses, a different budget should have been possible to be presented before this House.

When the Congress Ministry came into being, the fear was we were in a very, very, very (laughter) difficult situation. The Congress Ministry was faced with difficulty and it was very difficult to get over the money situation because we could not find money even to purchase the quota of food materials allotted to us by the Indian Union. So I was told. Now, the present budget says there is a surplus after meeting all the expenses, as the drab figures of this budget disclose. t is the same drab, dull figures with which the two previous budgets were replete, that adorn this budget also, (Laughter). But I am not criticising anybody. There are very commendable features in the budget, very laudable allotments made for people's good. That apart, the drab and dull figures which the prior budgets contained are untouched. Therefore it appears that through our power, our reproductive capacity (laugther) we created a big family, the official family the members of which would somehow be provided. Therefore all are there without being disturbed by any and the major portion of the resources of the State are according to this budget utilised for paying the unwanted officers of the State (laughter). I started by saying that the only thing which was confronting was, where to go for money, for food material, We naturally thought there would be a need for Government economy. I ask the question whether this budget discloses that the

Government was very particular about economising the expenditure on public services in the State. That is the one question which I put. The first thing this Government could have done is to establish a retrenchment committee to see that expenditure on public service is brought down as far as it is possible. It is fresh in our minds, especially in the minds of Congressmen, that during the last ten years posts were created without any necessity and people were preferred not because they were found fit but because of political exigencies and so posts after posts were created and men after men were placed there. (Laughter). For nobody was to serve for the sake of the country. I am asking the question whether all these posts are not still there. All these persons are there. We are pioneering to place a budget but I am sorry Sir, that of course, it is a surplus budget so far as it goes that the basis of the surplus budget is artificially made. There is no doubt about it, because, the learned Minister for finance says "Total receipts from customs have been placed at Rs. 119·5 lakhs, only Rs. 2 lakhs in excess of the revised the normal volume of trade being expected to continue in 1124." Let us come to recipts. According to the revised statement for 1123 trade has come down, and the income from customs has come down. Therefore, if this is the picture presented to us by the revised estimate of 11 3, how can we naturally expect trade to improve next year and bring more revenue from customs? My friend Mr. Sankar was telling us that the coir industry is in a difficult predicament. People are without employment. Therefore, under those circumstances, to think that we would get more revenue from customs is not, I think, reality. Naturally, we will find that we are getting less income from customs when the year 1124 runs out. In the same way forest receipts are expected to improve and bring in an additional revenue of Rs. 23·66 lakhs. I again question the reality of that income. We are well aware that during these years, the past ten years, our forests have been indiscriminately exploited. All the available timber has been cut down and sent outside and sold. It is one thing to say that we can make more profits. We can get 23 odd lakhs of rupees next year from forests. That is one thing. Even if it is true, I would sound a note of warning. You should not hereafter think of getting more income by the sale of timber from our forests and exploit them indiscriminately and making more income out of our forest resources. But I do not believe that you would get more income from the forests next year. That is where we come to the question of housing. You can more or less understand what was the condition of the price of timber ten years ago and what it is now. Now it has become impossible for a Travancorean, to find timber for a decent house for Rs. 300 or Rs. 400 while it was easy to do so formerly. It is not the duty of the popular Government to make timber more cheap for our purpose especially for housing purposes? I would also ask the question whether they are aware of the fact that the future presents a gloomy picture so far as our forests are concerned, because during the last ten years I am not aware of any honest attempt being made to replant the forests with teak or black wood. On the other hand, it has become

[Mr. K. P. Neelakanta Pillai.]

almost impossible for a Travancorean to get teak or black wood even for fabulous prices because, practically the forests are deprived of this teak and black wood of which we boasted as the monopoly of Travancore.

That is one thing. That is why I said that this surplus budget is an artificial one. When the year 1124 runs out, if Government do not take greater care for retrenchment, probably this surplus will disappear and it will be a deficit budget I do not propose to level an attack on a deficit budget. We would have been more glad to meet a deficit budget. When it is said that there is no money for purchasing food materials what should the people expect? We expect to receive a deficit budget. My heart would not freeze if a deficit budget is presented to the House. On the other hand, a surplus budget is presented to the House. After all, this surplus budget is a deficit budget. Therefore, there is not much sanctity in producing a surplus budget of two lakhs. We would face a deficit budget even if it be twenty lakhs provided the more important problems are faced by the present Ministry. I am asking the question, if we lose revenue from abkari why not we impose a death duty. The Congress in its manifesto said that there will be some sort of socialisation of land That was our goal. If food and other elementary things which people want should be supplied, why should not a duty on estate be imposed? That would be the first step towards socialisation. That would have brought to the treasury a decent revenue. Similarly, Sir, I can devise several other methods of additional taxation. What about the amount from the income tax evaders? We could have got a decent income from that. Death duty could have been imposed and motor licence fees could have been doubled. There are other ways of bringing in more revenue to the treasury. On the whole, I submit, Sir, there are very commendable features in the budget. I am very proud of the budget. I have no time to touch on the various features of the budget. I congratulate the Government in their initiating commendable policies during the beginning of the Congress Ministry in the State.

MR. U. K. VASUDEVAN ACHARI (*Kottayam III—Kammala*): സർ, എന്തെന്നില്ലാത്ത ഒരു അസംതൃപ്തിയുടെ ഫലമായി സംജാതമായ ഒരു പരിവർത്തനഘട്ടത്തിലാണ് തിരുവിതാംകൂറിൽ ഒരു ജനകീയ ഗവണ്മെന്റ് രൂപീകൃതമായത്. അസഹനീയമായ പല യാതനകളും അനുഭവിച്ച ബഹുഭൂരിപക്ഷം ജനങ്ങളുടെ പിന്തുണയോടുകൂടി രൂപീകരിക്കപ്പെട്ട ആ ഗവണ്മെന്റിന്റെ നേരെ ജനങ്ങൾ വളരെ പ്രത്യാശയോടുകൂടി നോക്കിക്കൊണ്ടിരിക്കുക എന്നുള്ളത് ഏറ്റവും സ്വാഭാവികം തന്നെയാണ്. ഇങ്ങനെയുള്ള ഒരു ഗവണ്മെന്റ് സാമാന്യജനങ്ങളുടെ സംതൃപ്തിക്കുവേണ്ടി എന്തു ചെയ്യുന്നുണ്ട് എന്ന ഒരു മനോഭാവത്തോടെ

കൂടിയാണു ജനസാമാന്യം ഈ ജനകീയഗവണ്മെൻറിൻെറ ബഡ്ജററിനെ വീക്ഷിക്കുന്നതു്. തൽക്കാലപരിതഃസ്ഥിതിക്കു് സാമാന്യജനങ്ങൾക്കു ബാധകമെന്നു കരുതാവുന്നവിധത്തിലുള്ള ഒരു ബഡ്ജററല്ല ഇതു്. പ്രധാനമന്ത്രിയായ ഫൈനാൻസുമെംബർ സാമാന്യജനങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ശ്രമിക്കുമെന്നും, അവരുടെ കഷ്ടപ്പാടുകളിൽ നിന്നും അവരെ ഉയർത്തുമെന്നും, അവരുടെ സാമ്പത്തികവും ഭൗതികവുമായ ജീവിതത്തോതു് ഉയർത്തിക്കൊണ്ടുവരുന്നതിനു് ഗവണ്മെൻറു് ഏറ്റവും ഔൽസുക്യം പ്രദർശിപ്പിക്കുമെന്നും തൻെറ ബഡ്ജററു പ്രസംഗം മുഖേന ഇവിടുത്തെ സാമാന്യജനങ്ങളെ ഏവരേയും മനസ്സിലാക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. സാമാന്യജനങ്ങളുടെ അഭിവൃദ്ധിയാണു് ഒരു ജനകീയഗവണ്മെൻറിൻെറ നയമെന്നു നമ്മളെല്ലാവരും വിശ്വസിച്ചിരിക്കുന്ന നിലയ്ക്കു പ്രധാനമന്ത്രിയുടെ ആ പ്രസംഗം ജനങ്ങൾക്കു് വലിയ ആശ്വാസത്തിനു് വക തരുന്നുണ്ടു്.

ഈ ബഡ്ജററു പ്രധാനമായി നമുക്കു സ്വീകാര്യമായി വന്നിരിക്കുന്നതു് രണ്ടു സംഗതികളാലാണു്. ഒന്നാമതു്, ചില ദിക്കുകളെ എന്നു മാത്രമല്ല, ചില ജനവിഭാഗങ്ങളെക്കൂടി അവരുടെ സാമ്പത്തികമായും മററു പ്രകാരത്തിലുമുള്ള അധഃപതനത്തിനു കാരണമാക്കിത്തീർക്കുന്ന മദ്യപാനാസക്തിയെ നിരോധിക്കപ്പെട്ടിരിക്കുന്നതാകുന്നു. സാമ്പത്തികവും സാമൂഹ്യവുമായുള്ള അലങ്കോലങ്ങൾക്കും സർവ്വപ്രകാരേണയുള്ള അഴിമതികൾക്കും വകനൽകുന്ന ആ മദ്യപാനാസക്തിയെ നിരോധിക്കുന്നതിനുള്ള നടപടികൾ ഗവണ്മെൻറു കൈക്കൊള്ളുന്നതു് ആശ്വാസകരംതന്നെ എങ്കിലും അതിൽനിന്നു വരാവുന്ന നഷ്ടപരിഹാരത്തിനു ഒരു പോംവഴിയായി കണ്ടുപിടിച്ചിരിക്കുന്നതു് സെയിൽസ് ടാക്സു ആണെന്നു ഓർക്കുമ്പോൾ അതു സാമാന്യജനങ്ങളെ ബാല്യയേ കൂടുതലായി ബാധിക്കുന്നതു് എന്ന സംശയവും ഇല്ലാതില്ല. ഇങ്ങനെ സെയിൽസ് ടാക്സ് ഏർപ്പെടുത്തുന്നതിൽ ജനസാമാന്യത്തിനു കൂടുതലായ വൈഷമ്യം നേരിടുന്നുണ്ടെങ്കിലും മദ്യപാനംകൊണ്ടുണ്ടാകാവുന്ന വൈഷമ്യങ്ങളിൽനിന്നും ജനങ്ങളെ ഒഴിവാക്കുവാൻ അതു കാരണമാക്കിത്തീർക്കുമെങ്കിൽ അതിൽവച്ചു വരാവുന്ന നഷ്ടം അവരെ അത്രവളരെ അസഹ്യപ്പെടുത്തുകയില്ലെന്നും നേരെമറിച്ചു ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ അവർക്കു ആ നഷ്ടപരിഹാരം ഉണ്ടായിക്കൊള്ളുമെന്നും ആണു എൻെറ വിശ്വാസം. മദ്യനിരോധനംകൊണ്ടു ഗവണ്മെൻറു പ്രതീക്ഷിക്കുന്ന നഷ്ടം നൂറു ലക്ഷം രൂപയാണു്. സെയിൽസ്

[Mr. U. K. Vasudavan Achari.]

ടാക്സിൽനിന്ന് ഈടാകാവുന്നതായി പ്രതീക്ഷിക്കുന്നതു് ൫൦ ലക്ഷം രൂപയാണ്. ഇങ്ങനെ സെയിൽസ് ടാക്സിൽനിന്നു ലഭിക്കുന്ന തുക കൊണ്ടു മദ്യനിരോധനം ഏർപ്പെടുത്തുന്നതുനിമിത്തമുണ്ടാകുന്ന നഷ്ടം മുഴുവനും പരിഹരിക്കപ്പെടുകയില്ലെങ്കിലും കള്ളുഷാപ്പിലും, ചാരായ ഷാപ്പിലും പോകുന്ന ആ തുക മദ്യപാനികൾക്കു ആദായകരമായി തീരുമെന്നുള്ളതു് ആശ്വാസകരമാണ്.

രണ്ടാമതു് വിദ്യാഭ്യാസത്തിനുവേണ്ടി ൧൩൯.൪ ലക്ഷം രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നു എന്നുള്ളതാണ്. ഇതിൽ ൪൦ ലക്ഷം രൂപയും പ്രാഥമികവിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുവാൻ തീരുമാനിച്ചിരിക്കുന്നു. രാജ്യത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കു നിദാനമായ ഒരു നടപടിയാണ് ഇതെന്നുള്ളതിനു യാതൊരു സംശയവുമില്ല. വിദ്യാഭ്യാസം സാർവ്വത്രികമായി നടത്തണമെന്ന് ഇന്നത്തെ ജനകീയഗവണ്മെന്റിനു വലിയ അഭിലാഷം ഉണ്ടെന്നാണു ഇതുകൊണ്ടു കാണുന്നതു്. അന്ധന്മാക്കും, മൂകന്മാക്കും, ചെകിടന്മാക്കും കൂടി വിദ്യാഭ്യാസം നൽകുന്നതിനായി പണം നീക്കിവച്ചിട്ടുള്ളതു നോക്കുമ്പോൾ ഇന്നത്തെ ഗവണ്മെന്റിന്റെ വിദ്യാഭ്യാസപ്രചരണത്തിനുള്ള താല്പര്യം എത്രമാത്രമാണെന്ന് ആക്കും മനസ്സിലാക്കുവാൻ കഴിയും. ഈ രാജ്യത്തു് അത്യന്തം അജ്ഞരായി കിടക്കുന്നതും ഇതുവരെ വിദ്യാഭ്യാസം ചെയ്യുന്നതിനു സൗകര്യം ഇല്ലായ്മയാൽ അവശത അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാ ജനങ്ങൾക്കും വിദ്യാഭ്യാസംമൂലം അവരുടെ നില ഉയർത്തണമെന്നുമുള്ളതാണ് ഗവണ്മെന്റിന്റെ ആഗ്രഹമെന്നു ബഡ്ജററു നോക്കിയാൽ നമുക്കു കാണുവാൻ കഴിയും. ഇതു് ബഡ്ജറ്റിന്റെ ആദരണീയമായ ഒരു വശമാണെന്നുകൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒരു രാജ്യത്തിന്റെ സാർവ്വത്രികമായ അഭിവൃദ്ധി അതിലെ ജനസാമാന്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിയെ ആശ്രയിച്ചാണിരിക്കുന്നതെന്ന് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ബഡ്ജറ്റിൽ അതിന് രൂ. ച. കാ. എന്നുള്ള നിലയിൽ വലിയ പ്രോത്സാഹനം ഒന്നും തരുന്നില്ലെങ്കിലും വാഗ്ദാനംമൂലം അതു നിറവേറുന്നു എന്നു കാണുന്നതു് ഏറ്റവും സന്തോഷപ്രദവും ആശ്വാസപ്രദവുമാണ്. വ്യവസായം, കൈത്തൊഴിൽ ഈ കാര്യങ്ങൾ നോക്കുകയാണെങ്കിൽ ഗവണ്മെന്റു സ്വന്തമായി നടത്തുന്നതോ, ഗവണ്മെന്റിന്റെ നിയന്ത്രണത്തിൽ സ്ഥാപിക്കുന്നതോ ആയ കൈത്തൊഴിലുകൾക്കും, വ്യവസായങ്ങൾക്കും മാത്രമേ ജനകീയ

ഗവണ്മെൻറു ശരിയായി ധനസഹായം ചെയ്കയുള്ളു എന്നും, എന്നാൽ പ്രൈവററായി നടത്തുന്ന സംഘടിതവും അല്ലാത്തതുമായ വ്യവസായങ്ങൾക്കു വലിയ പ്രോത്സാഹനം നൽകുവാൻ തൽക്കാലം ഗവണ്മെൻറു ഉദ്ദേശിക്കുന്നില്ലെന്നും പ്രധാനമന്ത്രി തൻെറ പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആ നയം ഇവിടത്തെ ജനസാമാന്യത്തിൻെറ സാമ്പത്തികമായ അഭിവൃദ്ധിക്കു എത്രത്തോളം പര്യാപ്തമായിരിക്കുമെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. നമ്മുടെ രാജ്യത്തു് സാമ്പത്തികമായ ഉയർച്ച കൈവരണമെങ്കിൽ ഇവിടത്തെ അർദ്ധനഗ്നരും, ഭവനരഹിതരുമായി കഴിഞ്ഞുകൂടുന്ന പട്ടിണിപ്പാവങ്ങളുടെ നില ഉയരുകതന്നെ വേണം. ഇതിലേക്കു ഒന്നാമതായി ഗവണ്മെൻറു ചെയ്യേണ്ടതു അവർ നടത്തിക്കൊണ്ടുപോരുന്ന കൈത്തൊഴിലുകളെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ്. അതിലേക്കു ബഡ്ജററിൽ ശരിയായ ഒരു പ്രൊവിഷൻ കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. എങ്കിലും, സാധുക്കളുടെ ഉയർച്ചയാണ് ഗവണ്മെൻറിൻെറ ലക്ഷ്യം എന്നു കാണുന്നതു് ആശ്വാസകരമാണ്.

ഗവണ്മെൻറു ഒരു വലിയ സർപ്ലസ് ബഡ്ജററല്ല ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നു എൻെറ മാന്യസ്നേഹിതന്മാരിൽ പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. ൫ ലക്ഷം രൂപാ മാത്രമേ സർപ്ലസ്സായി കാണിച്ചിട്ടുള്ളു. മി. ആർ. ശങ്കർ, കഴിഞ്ഞകൊല്ലമാണു ഈ രാജ്യത്തിന് ഏററവും കൂടിയ വരവുണ്ടായിരുന്നതെന്നും, ഇപ്പോഴത്തെ വരവു ആ വരവിനെക്കാൾ അധഃപതിച്ചിരിക്കുന്നുവെന്നും പറയുകയുണ്ടായി. അങ്ങനെ രാജ്യത്തിൻെറ സാമ്പത്തികനില അധഃപതിച്ചുവരുന്ന ഈ കാലത്തു് നമ്മുടെ ജനകീയഗവണ്മെൻറു ഒരു വലിയ തുക സർപ്ലസായി കാണിക്കുന്നില്ലെങ്കിൽ കുററപ്പെടുത്താനില്ലെന്നാണു എൻെറ അഭിപ്രായം. സർപ്ലസ് ബഡ്ജററു് അവതരിപ്പിക്കുന്നതുകൊണ്ടു രാജ്യത്തിനു വലിയ പ്രയോജനമുണ്ടെന്നു കരുതുന്ന ഒരാളല്ല ഞാൻ. ഒരു ഗവണ്മെൻറു സാമാന്യജനങ്ങളുടെ രക്ഷയ്ക്കും അഭിവൃദ്ധിക്കുംവേണ്ടി രാജ്യത്തിൻെറ മുതലെടുപ്പു ഉപയോഗിക്കുന്നുണ്ടോ എന്നാണു നോക്കേണ്ടതു്. പ്രധാനമന്ത്രിയുടെ ബഡ്ജററുപ്രസംഗം അത്തരം പ്രതീക്ഷകൾക്കു വകനൽകുന്നുണ്ട്. നാമെല്ലാം ഗവണ്മെൻറിൻെറ പ്രവർത്തനപരിപാടികളിൽ വിശ്വാസമുള്ളവരാണ്. സാമാന്യജനങ്ങളുടെ സാമ്പത്തികവും, സാമൂഹ്യവുമായ ഉയർച്ചയ്ക്കുവേണ്ടി ആവശ്യമായ എല്ലാ കാര്യങ്ങളും ഗവണ്മെൻറു ചെയ്യുമെന്നാണു

[Mr. U. K. Vasudevan Achari.]

എന്റെ വിശ്വാസം. ആ നിലയ്ക്കു ഗവൺമെന്റിന്റെ എല്ലാ പരിപാടികളേയും നമ്മുടെ സർവശക്തികളും ഉപയോഗിച്ചു സഹായിക്കുകയും വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുകയും വേണം. എന്നാൽ കഴിവുള്ള സർവ്വവിധമായ ഒത്താശകളും ചെയ്തുകൊടുക്കാൻ ഞാൻ തയാറാണെന്നു പ്രസ്താവിച്ചുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. E. JOHN PHILIPOSE (*Thiruvalla III—General*): Sir, in rising to make my comments on this Budget, I recall the last occasion when along with the Leader of this House, the Deputy Leader of this House and the President of this House, we faced a gentleman who has just left us—thank God he has left us—and we decided then that we will stand together irrespective of community and fight for the good of this country and the integrity of this country. Sir, it is a matter of great privilege and pride today to stand here and speak on the budget which in the words of the Prime Minister is a free people's budget. Sir, I recall the past with a set purpose. On that occasion we solemnly promised to the people that we shall break that regime—we shall not only break that regime but shall break the tradition that was associated with that Government. I wish to remind this Government that that is what is expected of this Government. I say this because, I am afraid that there is a feeling in this country that this Government is betraying an anxiety to show a continuity of administrative policy. What we want is that the people should realise that we have broken the shackles. It is in the light of that that this budget has to be viewed.

I know that this Budget, hastily prepared, is open to criticism. I also know that the members of this House as well as the people of this country will be generous enough to bear with this Government owing to the difficulties and the shortness of time in which they had to prepare this Budget. A glance through this budget has convinced me of one thing—a thing that is imperative, a thing that should not be shirked. That is, our finances have to be enquired into by an Expert Enquiry Committee appointed by Government—confidentially it may be; but for the conviction of Government an enquiry by an Expert Committee should be conducted and our finances should be secured and placed on a sound basis. Today, Sir, I find in the Budget a lot of entries which are not altogether correct. I do not wish to take this House through all these things. I wish to take this opportunity of pointing out these things to the Prime Minister, who is also the Finance Minister. It has also shown one other thing—a lamentable lack of efficiency or lack of co-operation of those who prepared this Budget, of the civil service or the Finance Department that was responsible for preparing the figures. That is one thing which I want to raise here and point out to Government. The efficiency of a Government, the strength of a Government, the pulling power of Government, depends upon the

co-operation that it receives from the civil service. I ask this Government—whatever it may say openly—I ask every individual member of this Government: what co-operation did they get? I tell you, Sir, that the whole country will bear with this Government and will certainly encourage the Prime Minister in ridding this country of people who have done evil to this land. Why shirk this? Why postpone this? It is a question which is agitating throughout the country and I am just expressing their viewpoint. That is one thing, which I wanted to express in this House and through you, Sir, to the Prime Minister and the Cabinet.

The second thing I want to say is this. I am not entering into larger policies. I know the circumstances—I know them only too well—under which this budget was prepared. But I know that in preparing this budget our Prime Minister had to hurry through several things and I know that he must have been haunted by the feeling of the many things that have got to be done and of so many things that have to be undone. That is my tribute to the Prime Minister. I know he is conscious of that. I know he is conscious of the many things that have got to be done and of the many things that have got to be undone. It is due to the heritage we have inherited from the past. Why shirk it? It is for us to expose the past so that we may know the present and shape our future. Why shirk it? The country wants it and the people want it, and therefore, the Government also should want it.

I do not desire to take much more time. I ask this Government: what are they going to do for the moral rearmament of this country? That is one thing that has to be done. Finance we can raise: constructive schemes we can formulate; we can raise moneys and taxes; we can do all that. But what this country needs today is moral rearmament—the uplifting of character. That is what is wanted. What is this Government going to do to purify the public life in the country? That is the test of our success. It is not by producing a deficit or surplus budget, it is not by showing a balance of cash figures that this Government is going to be judged. When we lay our office and go back to the country for the votes of the people we will be judged by the moral rearmament of the country that we have been able to accomplish. That is what we want.

Recently I have seen the most scandalous and scurrilious attacks against men of great character, who have stood courageously against the mighty in this country. I ask this Government: is that going to be tolerated? If we are going to build up a democracy in this country, let the Government also know that we have to forsake some of the privileges that we have enjoyed by a seasoned democracy. We are prepared to forgo those privileges if we can live clear and lead pure lives. Great men are being tarred and brushed by the slum of this country. That is not going to be tolerated. That is the moral re-armament on which this ministry ought to take up and on which it is going to succeed or fail.

[Mr E. John Philipose.]

Lastly, I have to say one thing and that is mainly directed to members who are not members of the Congress Party. I am availing myself of this opportunity to tell my friends on the other side of this floor that we as a party have ceased to be a local party. Soon we would no longer be a State Congress Party. We have become part and parcel of that great and mighty organisation which is called the Indian National Congress. The old localised efforts and endeavours have ceased. With that exit let us have a new entry. I ask members on the other side of this House, I ask them, in the fair name of this country and for the good future of this country, com along and join the great Indian National Congress Let us all pull together; let us lend our weight. Let us not fight among ourselves. Let us all stand together as members of a great and mighty party and carry this country from strength to strength, from character to character, from the evils that have beset us to that greatness and strength that lies ahead of us.

MR P. K. RAMAN (*Shertallai II—General*): സർ, ജനങ്ങളുടെ ഇടയിൽ ഒരു സുവിശേഷപ്രസ്ഥാനവുമായി ഇറങ്ങി, അവരെ ഒരു പുതിയ സംപ്രദായത്തിൽക്കൂടി കടത്തിക്കൊണ്ടുപോകുകയും, അങ്ങനെ ഒരു ജനകീയയുഗത്തിലേക്ക് നയിക്കുകയും, ആ വിധത്തിൽ ഭാവിയിൽ ക്ഷേമവും ഐശ്വര്യവും പ്രദാനംചെയ്യത്തക്കനിലയിൽ ഒരു ബഡ്ജററു തയാറാക്കുകയും ചെയ്ത സ്റ്റേററുകാൺഗ്രസ്സ് പാർട്ടിയിലെ ഏററവും പ്രമുഖനും, നമുക്കെല്ലാം ആദരണീയനുമായ പ്രധാനമന്ത്രിയെ ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു. ഈ രാജ്യത്തെ ജനങ്ങൾ പലവിധത്തിലുള്ള വിഷമതകളും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. നമ്മുടെ ജീവിതത്തെ ഗാഢമായി സ്പർശിച്ചുകൊണ്ടിരുന്ന യുദ്ധത്തിന്റെ യാതനകൾ നീങ്ങി രാജ്യം ഒരു പുതിയ അഭിസന്ധിഘട്ടത്തെ തരണം ചെയ്തുകൊണ്ടിരിക്കുകയാണ്. യുദ്ധം എന്നു പറഞ്ഞാൽ, രാജ്യത്ത് പല സാമ്പത്തികമായ ഇളക്കങ്ങളും ഗതിവിഗതികളും ഉണ്ടാക്കുന്ന ഒരു സ്ഥിതിവിശേഷമാണ് അങ്ങനെ യുദ്ധകാലത്ത് സാമ്പത്തികമായി ഉണ്ടായിരുന്ന സുഭിക്ഷമായ അവസ്ഥയെ മാററി വളരെ വലിയ പണപ്പെരുപ്പം ഉണ്ടാക്കുകയും, നിലവിലിരുന്ന ഇമ്പീരിയൽ ഗവണ്മെൻറിന്റെ വിക്രിയകൾമൂലം നമ്മുടെ ധനശേഷി വളരെ കുറഞ്ഞുപോകുകയും ചെയ്തിരിക്കുന്ന ഒരു ഘട്ടംകൂടിയാണിത്. യുദ്ധം തുടങ്ങിയതിനുശേഷം അന്നത്തെ റിപ്പോർട്ടുകൾപ്രകാരം ൧൮൨ കോടി രൂപയുടെ മാത്രം ഉണ്ടായിരുന്ന ഇൻഡ്യൻ കറൻസി യുദ്ധത്തിനുശേഷം ൮൨൦ കോടി രൂപയായി വർദ്ധിച്ചതിന്റെ യഥാർത്ഥമായ അർത്ഥം ഈ നാട്ടിലെ ജനങ്ങൾ സമ്പാദിച്ച അർത്ഥഭാണ്ഡങ്ങളുടെ വില വളരെ കുറഞ്ഞുപോയി എന്നാകുന്നു. പണം പെരുകുക എന്നുവച്ചാൽ,

സാധാരണക്കാരന്റെ സമ്പാദ്യം പിഴിഞ്ഞെടുക്കുക എന്നാണു. അതു കൊണ്ടു വളരെ കരുതലോടുകൂടിയും, ശ്രദ്ധയോടുകൂടിയും രാജ്യത്തെ നയിക്കേണ്ട ഒരു ഘട്ടമാണിതെന്നു പ്രത്യക്ഷമാണു്. സാമ്പത്തികമായി ഇതിനു മുൻപുണ്ടായിരുന്ന ഭദ്രതയിലേക്കു രാജ്യത്തെ വീണ്ടും കൊണ്ടു വരുവാൻ ഭരണാധികാരികളുടെ മസ്തിഷ്കം വളരെയധികം ചെലവാക്കേണ്ട ഒരവസരമാണിതു്. നമ്മുടെ ഭരണാധികാരികൾ പല കാര്യങ്ങളും നമ്മോടു വാഗ്ദാനം ചെയ്യുകയും അതിനുവേണ്ടിയുള്ള തുക ബഡ്ജററിൽ കൊള്ളിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും രാജ്യത്തെ ഉന്നമിപ്പിക്കുന്നതിനു പററിയ നേഷൻ ബിൽഡിങ്ങിന് ആവശ്യമുള്ള പദ്ധതികൾക്കായി പണം കൊള്ളിക്കുവാൻ കുറച്ചു് അമാന്തിച്ചതായി കാണുന്നു്. പല മെമ്പറന്മാരും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു, ബഡ്ജററ് യാഥാസ്ഥിതികമായിരിക്കുന്നു വഴികാണുന്നുള്ള എന്നു്. പഴയ രീതിയിൽനിന്നും പുതിയ സ്ഥിതിഗതികളിലേക്കു് നാം വന്നിരിക്കുകയാണു്; വന്നുകഴിഞ്ഞിട്ടേയുള്ളു; അതുകൊണ്ടു് പെട്ടെന്നു് വലിയ പുരോഗതി ഒന്നും ആശിക്കാൻ വഴിയില്ല എന്നുതന്നെയാണു എനിക്കു തോന്നുന്നതു്. ഇപ്പോൾ ഈ രാജ്യത്തു് ഏതെല്ലാം വിധത്തിലുള്ള ഭരണക്രമങ്ങളും സാമ്പത്തികമായ പുരോഗതികളും വരുത്തുന്നതിനു നമ്മുടെ ഗവൺമെൻറ് ശക്തമാണെന്നുള്ള സംഗതി നമുക്കു ആലോചിക്കേണ്ടിയിരിക്കുന്നു.

MR. PRESIDENT: മി: രാമൻ പ്രസംഗം നാളെ തുടരും. ഇനി ലജിസ്ലേററീവ് ബിസിനസ്സാണു.

OFFICIAL LEGISLATIVE BUSINESS.

THE TRAVANCORE PROHIBITION BILL.

Second Reading and further stages

CLAUSE 1.

HON'BLE MR. G. RAMACHANDRAN: I move that in clause 1. sub-clause (3) (b) (1), for the words "at once", substitute the words and figures "on the first day of Chingom 1124."

HON'BLE MR. A. THANU PILLAI: I second it.

The motion was put to the vote of the House and carried.

The question that clause 1 as amended do form part of the Bill was put and carried and the clause was added to the Bill.

CLAUSE 2.

The question that clause 2 do form part of the Bill was put and carried and the clause was added to the Bill.

CLAUSES 3 to 6.

The question that clauses 3 to 6 do form part of the Bill was put and carried and the clauses were added to the Bill.

CLAUSE 7.

HON'BLE MR. G. RAMACHANDRAN: I move that in clause 7, sub-clause (20), for the words "treated so as to prevent any fermentation", substitute the words "freshly coated internally with lime or otherwise treated so as to prevent any fermentation,"

HON'BLE MR. A. THANU PILLAI: I second it.

MR. ABDUL AZIZ: In clause 7, sub-section 9, I have an amendment, with regard to the definition of "local body." The amendment is intended to bring into line with reference to other statutes in force now. I wish to call the attention of the mover of the bill to another bill that is shortly going to be introduced in this House, that is, the Travancore Village Panchayat Bill. That bill will be passed into law very soon. When this bill is passed into law the two existing Acts, the Village Panchayats Act and the Village Unions Act, will be abolished.

HON'BLE MR. A. THANU PILLAI: May I know whether the General Clauses Act does not provide against that difficulty?

MR. ABDUL AZIZ: It does. The difficulty is when these two Acts go this definition will bear no meaning and this definition cannot be changed by a notification.

HON'BLE MR. A. THANU PILLAI: I may refer to section 16 of the General Clauses Act;

"Where a Rregulation epeals and re-enacts, with or without modification, all or any of the provisions of a former Regulation, references to any other Regulation to the provisions so repeated shall be construed as references to the provisions so enacted, and if notifications have been published, Proclamations or certificates issued, powers conferred, forms prescribed, local limits defined, offices established, orders, rules and appointments made, engagements entered into, licences or permits granted and other things duly done, under the provisions so repealed, the same shall be deemed, so far as the same are consistent with the provisions so re-enacted, to have been respectively published, issued, conferred, prescribed, defined, established, made, entered into, granted or done under the provisions so re-enacted." That will cover the thing.

MR. ABDUL AZIZ: My doubt is whether the Travancore Panchayat Bill is not a re-enactment of the existing Village Panchayat Act and the Village Unions Act?

HON'BLE MR. A. THANU PILLAI: The Village Panchayat Bill provides for this. That reference will be taken in relation to the provisions of this Act.

MR. ABDUL AZIZ: Then I do not press.

The question that clause 7 do form part of the Bill was put and carried and the clause was added to the Bill.

CLAUSE 8.

HON'BLE MR. G. RAMACHANDRAN: I move that to sub-clause (2) of Clause 8, the following proviso be added "Provided that mere possession of an implement that may be used for tapping will not give rise to the presumption under this sub-section in respect of an area where tapping of sweet toddy may by notification be permitted.

Honourable Mr. A. Thanu Pillai seconded.

The amendment was put to vote and carried.

The question that clause 8 do form part of the Bill was put and carried and the clause was added to the Bill.

CLAUSES 9 TO 21.

The question that clauses 9 to 21 do form part of the Bill was put and carried and the clauses were added to the Bill.

CLAUSE 22.

MR ABDUL AZIZ: I do not press my amendment.

The question that clause 22 do form part of the Bill was put and carried and the clause was added to the Bill.

CLAUSE 23.

MR. ABDUL AZIZ: I do not move my amendment. The question that clause 23 do form part of the bill was put and carried and the clause was added to the Bill.

CLAUSES 24 AND 25.

The question that clauses 24 and 25 do form part of the Bill was put and carried and the clauses were added to the Bill.

CLAUSE 26.

HON'BLE MR. G. RAMACHANDRAN: In clause 26, insert the following as sub-clause (1) thereof, and re-number the existing clause as sub-clause (2) thereof:

Exemption regarding tapping for sweet toddy, etc.

"Our Government shall have the power to exempt from the operation of all or any of the provisions of this Act, by notification, the tapping of any class of trees for sweet toddy, the possession, transport and sale of such toddy and the manufacture therefrom of jaggery or other non-intoxicating food in any local area."

HON'BLE MR. T. M. VARGHESE: I second it.

The amendment was put to vote and carried.

The question that clause 26 as amended do form part of the Bill was put and carried and the clause was added to the Bill.

CLAUSES 27 TO 34.

The question that clauses 27 to 34 do form part of the Bill was put and carried and the clauses were added to the Bill.

CLAUSE 35.

HON'BLE MR. G. RAMACHANDRAN: In the last paragraph, delete the words "in a summary manner."

HON'BLE MR. T. M. VARGHESE: I second it.

The motion was put to vote and carried.

The question that clause 35 as amended do form part of the Bill was put and carried and the clause was added to the Bill.

CLAUSE 36.

The question that clause 36 do form part of the Bill was put and carried and the clause was added to the Bill.

CLAUSES 37 AND 38.

The question that clauses 37 and 38 do form part of the Bill was put and carried and the clauses were added to the Bill.

CLAUSE 39.

HON'BLE MR. G. RAMACHANDRAN: In clause 39 at the beginning of that clause for the words "the Police or Land Revenue Departments, "substitute the words "the Police Department"

HON'BLE MR. T. M. VARGHESE: I second it.

The amendment was put to vote and carried.

The question that clause 39 as amended, do form part of the Bill was put and carried and the clause was added to the Bill.

CLAUSE 40.

HON'BLE MR. G. RAMACHANDRAN: In clause 40, for the words "the Police or Land Revenue Department" substitute the words "the Police Department."

HON'BLE MR. T. M. VARGHESE: I second it.

The amendment was put to vote and carried

The question that clause 40 as amended do form part of the Bill was put and carried and the clause was added to the Bill.

CLAUSES 41 TO 62.

The question that clauses 41 to 62 do form part of the Bill was put and carried and the clauses were added to the Bill.

CLAUSE 63.

HON'BLE MR. G. RAMACHANDRAN The figure "VIII". in the heading 'Legal Proceedings' may be corrected into "VII," as it is a printer's mistake.

HON'BLE MR. A. THANU PILLAI: Chapter VIII is a misprint for chapter VII.

The amendment was put to vote and carried.

Chapter VIII was corrected as Chapter VII.

CLAUSE 64.

The question that clause 64 and the schedule do form part of the Bill was put and carried and the clause and the schedule were added to the Bill.

CLAUSE 1.

HON'BLE MR. G. RAMACHANDRAN: This Act may be called the Travancore Prohibition Act. Here it is printed as 1124. It may be substituted by 1123.

HON'BLE MR. T. M. VARGHESE: I second it.

The amendment was put to vote and carried.

Sub-clause 1 was corrected as "This Act may be called the Travancore Prohibition Act, 1123."

PREAMBLE AND TITLE.

The question that the Preamble and Title do stand part of the Bill was put and carried.

The Preamble and Title were added to the Bill.

HON'BLE MR. G. RAMACHANDRAN: I now move that the Bill be passed into law.

HON'BLE MR. T. M. VARGHESE: I second it.

The motion was put to vote and carried.

The Travancore Prohibition Bill was passed.

MR. PRESIDENT: ഇപ്പോൾ ഈ സഭ പിരിയുന്നതും നാളെ ൧൧ മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The House adjourned at 5-30 p. m.

R. KERALA VARMA THIRUMULPAD,
Ag. Secretary to the Travancore Legislative Assembly.

PROCEEDINGS

of

THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION.

Vol. II. No. 3.

Friday the 6th August 1948, 22nd Karkadakam 1124.

The Travancore Legislative Assembly met in the Legislative Chamber, Trivandrum, on Friday the 22nd Karkadakam 1124/6th August 1948 at eleven of the clock with the President (the Honourable Mr. A. J. John) in the Chair.

QUESTIONS AND ANSWERS.

കാളനിസ്ഥലം.

70. MR P. K. KRISHNAN SASTRI (*Meenachil – Pulaya Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കൊട്ടാരക്കര വെളിയം പകുതിയിൽ പിന്നോക്കസമുദായ കാളനിക്കുവേണ്ടി നീക്കിവച്ചിട്ടുള്ള സ്ഥലം ഡിപ്പാർട്ടുമെൻറിൽനിന്നും ഏറ്റുവാങ്ങിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

(ബി) ഉണ്ടെങ്കിൽ ടി സ്ഥലത്തു കാളനിവ്യവസ്ഥ അനുസരിച്ചു വല്ല പ്രവർത്തനവും ആരംഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തെല്ലാമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

(സി) ടി സ്ഥലത്തു ഒരു പയൽസ്കൂളും വായനശാലയും സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G RAMACHANDRAN: (എ) ഉണ്ട്.

(ബി) ഉണ്ട്. ശുദ്ധജലം കിട്ടത്തക്കവണ്ണം വേണ്ട സൗകര്യം ചെയ്തിട്ടുണ്ട്.

(സി) ഇല്ല. അതിനുവേണ്ട പ്രവർത്തനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

MR. P. K. KRISHNAN SASTRI : അവിടെ മററു കാളനി നിയമ പ്രകാരമുള്ള പ്രവർത്തനങ്ങൾ എന്താണു് ചെയ്യുന്നതു്?

HON'BLE MR. G. RAMACHANDRAN : കൃത്യമായി എന്തു വ്യവസ്ഥ യാണു് ചെയ്തിട്ടുള്ളതു് എന്നു പറയാൻ നിവൃത്തിയില്ല.

പിന്നോക്കസമുദായങ്ങൾക്കു പതിച്ചുകൊടുക്കുന്ന സ്ഥലങ്ങൾ.

71. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി ദയവായി മറുപടി പറയുമോ?

മീനച്ചൽ താലൂക്കിൽ ഓരോ പകുതിയിലും പിന്നോക്കസമുദായങ്ങൾക്കു പതിച്ചുകൊടുക്കുവാൻ നീക്കിവച്ചിട്ടുള്ള സ്ഥലങ്ങൾ എത്ര യെന്നും, അതിൽ പതിച്ചുകൊടുത്തിട്ടുള്ളവ എത്രവീതമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.*

MR. P. K. KRISHNAN SASTRI : എത്ര സ്ഥലം പതിച്ചുകൊടുത്തു എന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : പിന്നോക്കസമുദായക്കാർക്കു് പതിച്ചുകൊടുക്കാൻ ആകെ നീക്കിവച്ചിട്ടുള്ള സ്ഥലം ൯൫൪ ഏക്കർ ൨൫ സെൻറാണു്. അതിൽ പതിച്ചുകൊടുത്തിട്ടുള്ളതു് ൫൯൭ ഏക്കർ ൭൪ സെൻറു്.

MR. P. K. KRISHNAN SASTRI : ബാക്കി സ്ഥലം പതിച്ചുകൊടു ക്കാതിരിക്കാൻ വല്ല കാരണവും ഉണ്ടോ?

HON'BLE MR. G. RAMACHANDRAN : പ്രത്യേകിച്ചു കാരണം ഉള്ള തായി അറിവില്ല.

MR. K. R. ELANKATH (*Trivandrum IV—General*) : വല്ല നിർ ണ്ണിഷ്ട പദ്ധതിയും അനുസരിച്ചാണോ പതിച്ചുകൊടുക്കുന്നതു്?

HON'BLE MR. G. RAMACHAHNDRAN : അങ്ങനെ ആണെന്നാണു് അനുമാനിക്കേണ്ടതു്.

---

* Vide Appendix A.

MR. P. K. KRISHNAN SASTRI : അവശസമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള സ്ഥലം മറ്റാളുകൾ കൈവശപ്പെടുത്തിയിട്ടുള്ളതായി അറിയാമോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ അറിവില്ല.

MR. K. KUTTAPPAN (*Mavelikara III—Thandan*) : പിന്നോക്ക സമുദായക്കാരിൽ ഏതെല്ലാം ജാതിവിഭാഗക്കാർ ഉൾപ്പെടും എന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN: അതിന്റെ പട്ടിക പ്രസിദ്ധം ചെയ്തിട്ടുണ്ട്. അതിപ്പോൾ എന്റെ കൈവശമില്ല.

MR. K. KUTTAPPAN : എന്നാണ് പ്രസിദ്ധം ചെയ്തിട്ടുള്ളത്?

HON'BLE MR. G. RAMACHANDRAN : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. T. V. DEVAN (*Kottayam IV—Pulaya*) : അവശസമുദായക്കാർക്കുള്ള സ്ഥലങ്ങൾ അവർക്കു കിട്ടാതെയിരിക്കുന്നതായി ഗവണ്മെന്റിനറിയാമോ?

HON'BLE MR. G. RAMACHANDRAN : ഞാൻ ഇപ്പോൾ ഇവിടെ വായിച്ചതിൽനിന്നും അവശസമുദായക്കാർക്കു നീക്കിവച്ചിട്ടുള്ള സ്ഥലത്തിൽ ഒരുഭാഗംമാത്രമേ കൊടുത്തിട്ടുള്ളു എന്നു കാണാം. ബാക്കിയുള്ളതു കഴിയുന്നതുംവേഗം കൊടുക്കാൻ ശ്രമിക്കാം.

MR. T. V. DEVAN : അങ്ങനെയുള്ള സ്ഥലങ്ങൾ മറ്റുജാതിക്കാർ കൈവശപ്പെടുത്തിയിട്ടുള്ളതായി അറിയാമോ?

HON'BLE MR. G. RAMACHANDRAN : അറിവില്ല.

അവശസമുദായവും ഭൂമിപതിവും.

72. **MR. T. T. KESAVAN SASTRI** (*Kunnathnad I—Pulaya Reserved*): താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

നെടുമങ്ങാട്ടു താലൂക്കിൽ ഉഴമലയ്ക്കൽ പകുതിയിൽ അവശസമുദായക്കാർക്ക്, സൌജന്യനിരക്കിൽ പതിച്ചുനൽകാൻ ഒഴിച്ചിട്ടപ്പെട്ട സ്ഥലങ്ങൾ എത്ര ഏക്കർ എന്നും, ഇതേവരെ പതിച്ചു നൽകിയിട്ടുള്ള ഭൂമികൾ എത്ര ഏക്കറെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN: സൌജന്യനിരക്കിൽ പതിച്ചുകൊടുക്കുന്നതിനു നീക്കിവച്ചിട്ടുള്ളത് ൩൱൪ ഏക്കർ ൩൫ സെൻറ് സ്ഥലമാണ്. അതിൽ ഇതുവരെ ൨൫൩ ഏക്കർ ൨ സെൻറ് സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ട്.

MR. T. T. KESAVAN SASTRI : ബാക്കിയുള്ള സ്ഥലത്തിന് അപേക്ഷകന്മാർ ഉണ്ടെങ്കിൽ ഗവൺമെൻറ് പതിച്ചുകൊടുക്കുന്നതിനു വേണ്ട നടപടി എടുക്കുമൊ?

HON'BLE MR. G. RAMACHANDRAN : നിശ്ചയമായും.

MR. T. T. KESAVAN SASTRI : ഈയവർ മാർക്ക് ചെയ്തിട്ടുള്ള സ്ഥലങ്ങൾ അന്യർ കൈവശപ്പെടുത്തിട്ടുണ്ടെങ്കിൽ ഗവൺമെൻറ് അതിന് എന്തു നടപടി നടത്തി എന്നു പറയാമൊ?

HON'BLE MR. G. RAMACHANDRAN : അങ്ങനെയുള്ള കാര്യങ്ങളിൽ ഗവൺമെൻറ് വേണ്ടപോലെ അന്വേഷിച്ചു നടപടി നടത്തുന്നതാണ്.

MR P. M. VARGHESE (*Thodupuzha II—General*) : സൌജന്യനിരക്ക് എന്താണെന്നു പറയാൻ ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN : അതിന് നോട്ടീസ് വേണം.

ഹരിജൻ ഹോസ്റ്റലുകൾ.

73. MR. T. T. KESAVAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമൊ?

തിരുവനന്തപുരം, നാഗർകോവിൽ, കൊല്ലം, അടൂർ, കോട്ടയം, പറവൂർ എന്നീ സ്ഥലങ്ങളിലുള്ള ഗവൺമെൻറ് ഹരിജൻ ഹോസ്റ്റലുകളിൽ, ഈ സ്കൂൾവർഷത്തിൽ എത്ര അദ്ധ്യേതാക്കൾക്കു തം യഥാക്രമം പ്രവേശനം അനുവദിച്ചിട്ടുണ്ടെന്നു പറയാൻ ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN: ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്.*

MR. K. R. ELANKATH : അപേക്ഷകന്മാരുടെ എന്തെങ്കിലും അപേക്ഷകൾ നിഷേധിച്ചിട്ടുണ്ടൊ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ വരാൻ ഇടയുണ്ട്.

MR. T. V. DEVAN : ൧൬ വയസ്സ് ആയവർക്കുമാത്രമേ പ്രവേശനമുള്ളു എന്നു നിശ്ചയിച്ചിട്ടുണ്ടൊ?

---

* Vide Appendix B.

HON'BLE MR. G. RAMACHANDRAN : തീർച്ച പറയാൻ നിവൃത്തിയില്ല.

MR. P. C. ADICHAN (*Kunnathur II—Kurava*) : 18 വയസ്സിന് താഴെയുള്ളവരെ ഹോസ്റ്റലിൽ പ്രവേശിപ്പിച്ചുകൂടാ എന്ന നിയമം ഉണ്ടെങ്കിൽ ആ ഓർഡർ ഭേദഗതി വരുത്താൻ ഗവണ്മെന്റ് തയ്യാറാകുമോ?

HON'BLE MR. G. RAMACHANDRAN: ഇപ്പോൾ അങ്ങു പറയാൻ നിവൃത്തിയില്ല. അങ്ങനെ ഒരു നിയമമുണ്ടെങ്കിൽ അത് എന്തുകൊണ്ടുണ്ടായി എന്നറിഞ്ഞ ശേഷം അതിനെപ്പറ്റി ആലോചിക്കാം.

MR. P. C. ADICHAN : 18 വയസ്സ് തികഞ്ഞില്ല എന്ന കാരണത്താൽ ഹോസ്റ്റലിൽ പ്രവേശിക്കാൻ സാധിക്കാതെ പലരും കഷ്ടപ്പെടുന്നതായി ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

HON'BLE MR. G. RAMACHANDRAN : ഞാൻ മുൻപു പറഞ്ഞ മറുപടിയിൽ കൂടുതലായി ഒന്നും പറയാനില്ല.

MR. A. ABDUL RAZAK (*Nedumangad I—Musilm*): Will the Hon'ble member please explain what is meant by the term 'Harijan'?

HON'BLE MR. G. RAMACHANDRAN : Am I expected to answer this question, Sir? Does it arise out of this?

74. പുനലൂർ ടൗണിൽ ഇലക്ട്രിക് പവ്വർ വിതരണം.

MR. MOHAMMED MUSTAFA (*Pathanapuram—Muslim*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) പുനലൂർ ടൗണിൽ ഇലക്ട്രിക് പവ്വർ വിതരണം ചെയ്യുന്നതിനുള്ള എല്ലാ ഏർപ്പാടുകളും പൂർത്തിയായിട്ട് ഇപ്പോൾ ഒരു വർഷത്തിനു മേലായിട്ടും എന്തോ സാങ്കേതിക തടസ്സത്തിന്മേൽ ഇതുവരെയും പവ്വർ വിതരണം തുടങ്ങിയിട്ടില്ലെന്നുള്ളത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) അതിന്മേൽ പുനലൂർ നിവാസികൾക്ക് ഉണ്ടായിട്ടുള്ള കഷ്ടനഷ്ടത്തെപ്പറ്റി ഗവണ്മെന്റിനു പരാതികൾ കിട്ടിയിട്ടില്ലേ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി എന്നു വെളിപ്പെടുത്തുമോ?

HON'BLE MR. A. ATCHUTHAN : (എ) പുനലൂർ ടൗണിൽ ഇലക്ട്രിക്ക് പവ്വർ വിതരണത്തിനുള്ള ഏർപ്പാട് പൂർത്തിയായിട്ടുണ്ട്. ചില സാങ്കേതികതടസ്സങ്ങൾ മൂലം പവ്വർ വിതരണം നടപ്പിൽ വരുത്തിയില്ല.

(ബി) പരാതികൾ കിട്ടിയിട്ടുണ്ട്. കഴിയുന്നതും വേഗം പവ്വർ വിതരണം നടത്താൻ ഏർപ്പാടു ചെയ്യുന്നതാണ്.

MR. MOHAMMED MUSTAFA : പുനലൂർ പവ്വർ വിതരണത്തിന് ആരെങ്കിലും കൺട്രാക്ട് എടുത്തിട്ടുള്ളതായി അറിയാമൊ?

HON'BLE MR. A. ATCHUTHAN : ഒരു ലൈസൻസിക്ക് വിതരണം നടത്തുന്നതിനുള്ള അവകാശം കൊടുത്തിരുന്നു.

MR. MOHAMMED MUSTAFA : ആ അവകാശം അദ്ദേഹത്തിനിപ്പോഴും ഉണ്ടോ?

HON'BLE MR. A. ATCHUTHAN : അദ്ദേഹം ലൈസൻസ് വ്യവസ്ഥ അനുസരിച്ച് ക്ലിപ്തകാലത്തിനുള്ളിൽ ചെയ്യേണ്ട ജോലി ചെയ്തുതീർക്കാത്തതിനാൽ അദ്ദേഹത്തിന്റെ പേർക്കുള്ള ലൈസൻസു ക്യാൻസൽ ചെയ്തു. അതിന്മേൽ അദ്ദേഹം ഗവൺമെന്റിലേക്ക് റിവിഷൻ കൊടുത്തു. അതു ഗവൺമെന്റിന്റെ പര്യാലോചനയിൽ ഇരിക്കുന്നു.

MR. MOHAMMED MUSTAFA : അതിനു പകരം വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : ഇതുവരെ ചെയ്തിട്ടില്ല.

MR. MOHAMMED MUSTAFA : അവിടെ ഇപ്പോൾ പല കെട്ടിടങ്ങളിലും ഇലക്ട്രിക്ക് ലൈറ്റിടുന്നതിന് വയറിംഗ് കഴിഞ്ഞു നോക്കിയിരിക്കുന്നു എന്നു ഗവൺമെന്റിനറിയാമൊ?

HON'BLE MR. A. ATCHUTHAN : അറിയാം.

MR. MOHAMMED MUSTAFA : ഇനി അവിടെ ഇലക്ട്രിക്ക് പവ്വർ വിതരണം ചെയ്യുന്നതിന് എത്രകാലം വേണ്ടിവരും എന്നു പറയാമൊ?

HON'BLE MR. A. ATCHUTHAN : കഴിയുന്നതും വേഗം പവ്വർ വിതരണം ചെയ്യുന്നതിനു വേണ്ട ഏർപ്പാടു ചെയ്യാം. അവിടത്തെ ലൈസൻസിയുടെ റിവിഷൻ ഗവൺമെന്റ് ആലോചനയിൽ ഇരിക്കുന്നു.

MR. P. T. CHACKO (*Kottayam II—General*) : ഇവിടെ ചില സാങ്കേതികതടസ്സങ്ങൾ എന്നു പറഞ്ഞല്ലോ? ആ സാങ്കേതിക തടസ്സങ്ങളുടെ ഏകദേശരൂപമെങ്കിലും നൽകാമോ?

HON'BLE MR. A. ATCHUTHAN : ആ തടസ്സങ്ങൾ ഇവിടെ പറഞ്ഞുകഴിഞ്ഞു. അതായതു, ലൈസൻസി ക്ലിപ്തകാലത്തിനകം ജോലിചെയ്തുതീർക്കാത്തതിനാൽ ലൈസൻസ് ക്യാൻസൽചെയ്തു. അതിനാൽ ആ ലൈസൻസി ഗവൺമെൻറിലേക്കു റിവിഷൻ കൊടുത്തു. അതനുസരിച്ച് ഗവൺമെൻറ് സ്റ്റേ ഓർഡർ കൊടുത്തു. അപ്പോൾ മേൽനടപടി നടത്താൻവേണ്ടിയാണ് സ്റ്റേ ചെയ്തതു്.

മുട്ടത്തുകടവിൽ ഒരു പാലം പണിയിക്കേണ്ട ആവശ്യം.

75. **MR. MOHAMMED MUSTAFA** : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ആവണീശ്വരം-പത്തനാപുരം റോഡിൽ മുട്ടത്തുകടവിൽ ഒരു പാലം ഇല്ലാത്തതുമൂലം സ്ഥലവാസികൾ അനുഭവിക്കുന്ന ദുസ്സഹമായ വൈഷമ്യങ്ങളെപ്പറ്റി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയെന്നു പ്രസ്താവിക്കാമോ?

HON'BLE MR. A. ATCHUTHAN : കഴിഞ്ഞ ൫ ൭ കൊല്ലത്തിനിപ്പുറം യാതൊരു നിവേദനവും ഗവൺമെൻറിനു കിട്ടിയിട്ടില്ല.

മുനിസിപ്പാലിറ്റിക്കു കൊടുത്ത സഹായധനം.

76. **MR. MOHAMMED MUSTAFA** : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഇവിടത്തെ മുനിസിപ്പാലിറ്റികൾക്ക് ഗവൺമെൻറ് എന്തെങ്കിലും തുകകൾ കടമായി നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം മുനിസിപ്പാലിറ്റികൾക്ക്, എത്ര തുകകൾ, എന്താവശ്യത്തിനെന്നു പ്രസ്താവിക്കാമോ?

HON'BLE MR G. RAMACHANDRAN : ഉണ്ട് നാഗർകോവിൽ, വൈക്കം, ആലപ്പുഴ, ചെങ്കോട്ട ഈ മുനിസിപ്പാലിറ്റികൾക്കാണ്. ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറു മേശപ്പുറത്തു വച്ചിട്ടുണ്ട്. *

* Vide Appendix C.

MR. MOHAMMED MUSTAFA : ആ കോട്ടക്കുന്ന തുകകൾ ഏതാവശ്യത്തിനു വിനിയോഗിക്കുന്നു എന്നു ഗവൺമെൻറ് അന്വേഷിക്കാറുണ്ടോ?

HON'BLE MR. G. RAMACHANDRAN: ഉണ്ട്. എന്തു കാരണങ്ങൾക്കാണു വിനിയോഗിക്കുന്നതു് എന്നു സ്റ്റേറ്റുമെൻറിൽ ഉണ്ട്.

പ്രീ യൂണിവേഴ്സിററി.

77. MR. V. MADHAVAN (*Vaikam II—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി മറുപടി പറയുമോ?

(എ) ഈ കഴിഞ്ഞ സ്കൂൾവർഷത്തിൽ ഏതെല്ലാം പ്രീയൂണിവേഴ്സിററി സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളെ പ്രീയൂണിവേഴ്സിററി പരീക്ഷയ്ക്കു് അയച്ചിരുന്നു?

(ബി) ഓരോ സ്കൂളുകളിലും ഉണ്ടായിരുന്ന വിദ്യാർത്ഥികളെത്ര?

(സി) അവരിൽ എത്രപേർ അവസാന പരീക്ഷയിൽ പാസ്സായി?

(ഡി) പ്രസ്തുത പരീക്ഷയിൽ പാസ്സായവരുടെ ശതമാനമെത്ര?

HON'BLE MR. T. M. VARGHESE : തിരുവനന്തപുരത്തെ പ്രീയൂണിവേഴ്സിററി സ്കൂളും ചങ്ങനാശേരിയിലെ പ്രീയൂണിവേഴ്സിററിസ്കൂളും. ഈ രണ്ടു സ്കൂളുകളിൽ നിന്നുമാണ് വിദ്യാർത്ഥികളെ പരീക്ഷയ്ക്കു് അയച്ചതു്. തിരുവനന്തപുരത്തെ പ്രീയൂണിവേഴ്സിററിയിൽ നിന്നും ൩൭൨ വിദ്യാർത്ഥികളെ പരീക്ഷയ്ക്കു് അയച്ചു. അതിൽ ൧൨൭ വിദ്യാർത്ഥികൾ പാസ്സായി. ചങ്ങനാശേരി പ്രീയൂണിവേഴ്സിററിയിൽ നിന്നും ൨൪൦ വിദ്യാർത്ഥികളെ പരീക്ഷയ്ക്കു് അയച്ചതിൽ ൭൧ പേർ പാസ്സായി. തിരുവനന്തപുരം പ്രീയൂണിവേഴ്സിററിയിൽ ൪൯ ശതമാനവും ചങ്ങനാശേരിയിൽ നിന്നും ൨൯ ശതമാനം ശരം വിദ്യാർത്ഥികളും പാസ്സായിട്ടുണ്ടു്.

MR. V. MADHAVAN : മററു പരീക്ഷകളുമായി നോക്കുമ്പോൾ ഈ പരീക്ഷയിൽ ജയിച്ചിട്ടുള്ളവരുടെ ശതമാനം കൂടുതലാണോ? കറവാണോ?

HON'BLE MR. T. M. VARGHESE : കൂടുതലും ആകാം കുറവും ആകാം.

റേഷൻ വിതരണം.

78. MR. K. A. MATHEW (*Thiruvalla IV—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവല്ലാ താലൂക്കിൽ വിതരണം ചെയ്യുന്നതിനു ൧൧൨൪ ഇടവം അവസാനത്തെ ആഴ്ചയിൽ, ചങ്ങനാശേരി ഡിപ്പോവിൽനിന്നും കച്ചവടക്കാർക്കു നൽകപ്പെട്ട അരിയിൽ ഇരുനൂറിൽപരം ചാക്കുകളിലുള്ള അരി നനഞ്ഞു നാറുന്നതും ഉപയോഗശൂന്യവുമായ രീതിയിൽ ആയിരുന്നെന്നുള്ള വസ്തുത ഗവണ്മെന്റിനറിയാമോ?

(ബി) ഈ ചീത്ത അരി വിതരണം ചെയ്യുന്നതിനനുവദിക്കരുതേ എന്നാവശ്യപ്പെട്ടുകൊണ്ട് തിരുവല്ലാതാലൂക്കിൽനിന്നും പൊതുജനപ്രതിനിധികൾ അറിയിച്ചിരുന്നുവോ?

(സി) അറിയിച്ചിരുന്നെങ്കിൽ എന്നാണറിയിച്ചത്?

(ഡി) ഗവണ്മെന്റിൽനിന്നും ഈക്കാര്യത്തിൽ എന്തു നടപടി എടുത്തു?

(ഇ) ആ അരിയുടെ വിതരണം നിരോധിച്ചതെന്നാണു?

(എഫ്) പ്രസ്തുത അരിക്ക് കേടു വന്നതെങ്ങിനെയാണു?

(ജി) കൊച്ചിയിൽനിന്നും ചങ്ങനാശേരി ഡിപ്പോവിലേക്കു അരി കൊണ്ടുപോകുന്നതിന്റെ ചുമതല ആർക്കാണു?

(എച്ച്) മുൻപറഞ്ഞ ചീത്തഅരി കച്ചവടക്കാർക്കു നൽകുന്നതിനു ചങ്ങനാശേരി ഡിപ്പോ ആഫീസർക്കു ഗവണ്മെന്റിൽനിന്നും നിർദ്ദേശം നൽകിയിരുന്നോ? ഇല്ലെങ്കിൽ ആ അരി തിരുവല്ലാ താലൂക്കിലേക്കയച്ചതിന് ഉത്തരവാദി ആരാണ്?

HON'BLE MR. K. M. KORAH: (എ) ഈ വിവരങ്ങൾ കാണിച്ച് പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി) അറിയിച്ചിരുന്നു.

(സി) ൨൭-൧൦-൧൧൨൪-ൽ.

(ഡി) പരാതികൾ ലഭിച്ചശേഷം സിവിൽ സപ്ലൈ കമ്മീഷണരെ വിവരം ധരിപ്പിക്കുകയും അദ്ദേഹം മേലാൽ ആ തരത്തിലുള്ള അരിവിതരണം ചെയ്യരുതെന്നു അവിടത്തെ ഡിപ്പോ ആഫീസറെ അറിയിക്കുകയും ചെയ്തു.

(ഇ) ൧൨-൧൧-൧൧൨൪-ൽ.

[Hon'ble Mr. K. M. Korah.]

(എഫ്) അരി കടത്തുവാൻ ഇടയായത് ചങ്ങനാശ്ശേരിയ്ക്കു കായൽ വഴി പോന്ന വള്ളം മുങ്ങിപ്പോയതുകൊണ്ടാണ്.

(ജി) കായൽ വഴി കൊച്ചിയിൽനിന്നും ചങ്ങനാശ്ശേരിക്ക് അരി കൊണ്ടുവരുന്ന കാണ്ട്രാക്റ്റ് തിരുവനന്തപുരം വാട്ടർ ട്രാൻസ്പോർട്ട് കമ്പനിക്കാണ് കൊടുത്തിട്ടുള്ളത്.

(എച്ച്) ഇല്ല. എന്നാൽ ചങ്ങനാശ്ശേരി ഡിപ്പോ ആഫീസർ ഈ അരി മുൻ പതിവനുസരിച്ചു കൊടുത്തിരുന്നു.

MR. K. A. MATHEW: [illegible]-ൽ കിട്ടിയ പരാതിക്കു ശേഷം ഇതുപോലെയുള്ള അരി വിതരണം ചെയ്യരുതെന്ന് അറിയിച്ചതായി പറയുന്നു. അതിനുശേഷവും ഈ മാതിരി അരി വിതരണം ചെയ്തിട്ടുള്ളതായി ഗവണ്മെന്റിനറിയാമോ?

HON'BLE MR. K. M. KORAH: കൊടുത്തിരിക്കണം.

MR. K. A. MATHEW: അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH: അന്വേഷിച്ചിട്ടില്ല.

MR. K. A. MATHEW: ചീത്ത അരി കൊടുക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണ്?

HON'BLE MR. K. M. KORAH: ചീത്ത അരിയാണോ എന്നറിയുന്നതിന് കുറെ വിഷമമുണ്ട്.

MR. K. A. MATHEW: നാറുന്ന അരി ചീത്തയാണെന്നറിയാൻ വിഷമമുണ്ടോ?

HON'BLE MR. K. M. KORAH: നനഞ്ഞ അരി ഉണക്കിയാൽ ശരിയാകും.

MR. K. A. MATHEW: ആ അരി ചങ്ങനാശ്ശേരിയിൽ അയച്ചപ്പോഴും നാറുന്നു എന്നറിയാമോ?

HON'BLE MR. K. M. KORAH: നാറുന്നതാണെങ്കിൽ അതിനെപ്പറ്റി നടപടി നടത്താം.

MR. K. R. ELANKATH: കേടുവന്ന അരി വേറെ ഏതെങ്കിലും താലൂക്കുകളിൽ വിതരണം ചെയ്തിട്ടുള്ളതായി അറിയാമോ?

HON'BLE MR. K. M. KORAH: അറിയാൻ പാടില്ല.

MR. MANNAR GOPALAN NAIR (*Thiruvalla I—General*): വള്ളം മുങ്ങാൻ കാരണം എന്താണ്?

HON'BLE MR. K. M. KORAH: അത് പ്രകൃതിയുടെ ക്ഷോഭംകൊണ്ടാണ്.

MR. M. O. CHERIYAN (*Devicolam—General*): Do the Government insure rice to cover transport charges to other places as well?

HON'BLE MR. K. M. KORAH: Yes.

Supply of electricity in South Travancore.

79. MR. R. CHELLASWAMI NADAR (*Vilavancode—Hindu Nadar*): Will the Honourable Minister for Electricity be pleased to state:

(*a*) whether the Government are aware of the necessity of supplying electricity in the Southern taluks;

(*b*) whether the Government have taken any steps to supply electricity in the southern taluks; and

(*c*) the time the Government will require for supplying it?

HON'BLE MR. A. ATCHUTHAN: (*a*) Yes.

(*b*) Yes.

(*c*) Time required for completing the work is entirely dependent on the availability of materials, but it is expected that the major part of the work will be completed before the end of 1125.

MR. R. CHELLASWAMI NADAR: எவ்வளவு காலம் வேண்டியாகும் என்று சொல்ல முடியுமா?

HON'BLE MR. A. ATCHUTHAN: That will depend on the availability of materials.

MR. R. CHELLASWAMI NADAR: வேலை ஏதாவது தொடங்கப்பட்டிருக்கிறதா? இல்லையா?

HON'BLE MR. A. ATCHUTHAN: Yes. Already in Balaramapuram and Neyyattinkara the work is complete and there is a proposal to take up other works in certain parts of South Travancore.

Transport Department.

80. MR. R. CHELLASWAMI NADAR: Will the Honourable Minister for Transport be pleased to state:

(*a*) the official duties of the Director of Transport and the Administrative Officer; and

(*b*) the names with the official designations of the officers drawing a salary of Rs. 150 and above in the Transport Department?

HON'BLE MR. A. ATCHUTHAN: (*a*) The Director is in general control of the Department and its policy. The Administrative Officer is in Charge of the day to day administration of the Accounts, Traffic, Commercial and personnel in the Department.

(*b*) Messrs N. Ramamurthi—Director of Transport
M. Velu Pillai—Administrative Officer.
T. C. S. Pillai—Automobile Engineer.
S. Y. Muthuswami—Chief Accountant.
K. S. Subramonia Iyer—Maintenance Superintendent.
Kurien Thomas—Works Superintendent.
N. Bhaskaran Nair—Operating Superintendent (on special duty.)

Mr. N. Kunjunni Kurup—District Officer in independent charge of the duties of the Operating Superintendent.

Mr. P. Raghavan Nair—Secretary.

MR. R. CHELLASWAMI NADAR: Director, Administrative Officer—இதில் யார் மேலதிகாரி என்று சொல்ல முடியுமா? (No answer.)

MR. A. ABDUL RAZAAK: May I know how many of these officers are to be sacked due to retrenchment?

HON'BLE MR. A. ATCHUTHAN: There is no question of sacking any of these officers. Two posts are proposed to be retrenched *viz.*, the Administrative Officer and the Maintenance Superintendent.

MR. R. CHELLASWAMI NADAR: பிராமணர், நாயர், ஸிறியன் கத்தோலிக்கர் முதலிய சமுதாயத்தினரல்லாது வேறு யாராவது இருக்கிறார்களா?

HON'BLE MR. A. ATCHUTHAN: That can be seen from the list of names I read out.

MR. T. K. NARAYANA PILLAI (*Parur II—General*): Sir, is that a supplementary question? I do not find it arises from the main question put down in the order paper.

MR. PRESIDENT: I will find it out.

MR. T. K. NARAYANA PILLAI: I am only calling the attention of the President to that aspect.

MR. R. CHELLASWAMI NADAR: பிராமணர், நாயர், ஸிறியன் கத்தோலிக்கர் அல்லது வேறு சமுதாயத்திலிருந்து அபேட்சைகள் வந்ததுண்டா? 15 ரூபாய்க்குமேல்.

HON'BLE MR. A. ATCHUTHAN: I claim notice.

MR. A. ABDUL RAZAAK: Are the Government aware that the services of Mr. Ramamurthi have been earmarked for the Province of Madras?

MR. PRESIDENT: That question does not arise.

MR. K. R. ELANKATH: ൧൫൦ രൂപായ്ക്കുമേൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരെ ഗവണ്മെന്റു ഡയറക്ടായി നിയമിക്കുകയായിരുന്നോ, അതോ മററു ഡിപ്പാർട്ടുമെന്റുകളിൽനിന്നു തിരഞ്ഞെടുത്തു നിയമിക്കുകയായിരുന്നോ? (No answer)

MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar*): மேலே சொன்ன உத்தியோகங்களில் யாராவது தமிழர்கள் உண்டா?

HON'BLE MR. A. ATCHUTHAN: That question cannot be answered except with reference to the facts pointed out already.

MR. K. SIVARAMA PILLAI (*Thovala General*): Is it in order for the Hon: Minister to say that the question cannot be answered? Either he should say that he does not know the answer or claim notice. Am I right Mr. President?

HON'BLE MR. A. ATCHUTHAN: I have already read out the names of the officers and from there could be seen the community to which each officer belongs.

MR. A. P. UDAYABHANU (*Karunagappalli II—General*): Are not Mr. Ramamurthi and Mr. Muthuswami Tamilians?

HON'BLE MR. A. ATCHUTHAN: I think so.

MR. MANNAR GOPALAN NAIR (*Thiruvalla I—General*): ഭാസ്കരൻ നായരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിരിക്കയാണെന്നു പറഞ്ഞല്ലോ. എന്തു സ്പെഷ്യൽ ഡ്യൂട്ടിയാണെന്നു പറയാമോ?

HON'BLE MR. A. ATCHUTHAN: ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ റൂൾസ് റിവൈസ് ചെയ്യുന്നതിനാണ്.

MR. K. A. MATHEW: മി. രാമമൂർത്തി തന്നെയാണോ ഇപ്പോഴും ട്രാൻസ്പോർട്ട് ഡയറക്ടരായിരിക്കുന്നതു്?

MR. PRESIDENT: അതെ.

MR. K. A. MATHEW: അദ്ദേഹത്തിൻെറ പേരിൽ പരാതികൾ ഉണ്ടായിരുന്നു. അതിനെ സംബന്ധിച്ചു അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണെന്നു കഴിഞ്ഞ സമ്മേളനത്തിൽ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ അന്വേഷണത്തിൻെറ ഫലം എന്തായി എന്നു പറയുമോ?

(There was no answe).

Improvement of paddy cultivation in the State.

81. MR. V. O. MARKOSE (*Kottayam III—General*): Will the Honourable Minister for Agriculture be pleased to State:

(*a*) whether any scientific research has been made by the University department of Research or any Government institution or officer for the improvement of paddy cultivation in the State;

(*b*) if the answer to (a) is in the affirmative, what is the nature and what is the result of such research or researches;

(*c*) has any research been made with a view to improve the quality of paddy seed towards increasing production; if so what is the result of such research; and

(*d*) has any research been made towards making paddy plants proof against pests; if so, what is the result of such research?

HON'BLE MR. K. M. KORAH: (*a*) Yes. By the Department of Agriculture at the Paddy Farm, Nagercoil and at the Paddy Breeding Stations at Monkompu and Adoor.

(*b*) and (*c*) To evolve improved high yielding strains of paddy, fourteen improved strains have so far been fixed suitable to different localities.

(*d*) No.

MR. V. O. MARKOSE: May I know whether the people who are doing research are those who have had previous experience?

HON'BLE MR. K. M. KORAH: Yes.

MR. V. O. MARKOSE: May I know what their previous experience is?

HON'BLE MR. K. M. KORAH: At present I claim notice.

MR. V. O. MARKOSE: Will the Government be pleased to appoint for research work men who have had previous experience in the line?

HON'BLE MR. K. M. KORAH: Certainly.

MR V. O. MARKOSE: Will the Government consider the feasibility of getting down real experts from outside to conduct research in this matter?

HON'BLE MR. K. M. KORAH: That will be seriously considered.

MR. A. P. UDAYABHANU: May I know what happened to the work of the Economic Botanist at the Kayancolam station?

HON'BLE MR. K. M. KORAH: I claim notice.

MR. A. P. UDAYABHANU: Is the Hon'ble Minister aware of the two varieties of paddy evolved there?

HON'BLE MR. K. M KORAH: Yes.

MR. A. P. UDAYABHANU: Then what is the fate of that? Is the department continuing the experiment with that or has that been given up?

HON'BLE MR. K. M. KORAH: I will find out the matter.

Paddy Cultivation.

82. DR. M. O. CHERIYAN (*Devicolam–General*:) Will the Honourable Minister for Agriculture be pleased to state:

(a) the total area suitable for paddy cultivation in Anjunad area *viz.* Natchivayal, Marayoor, Keelanthoor and Vattavada pakuthies in Devicolam taluk;

(b) the total area actually under paddy cultivation in the above pakuthies; and

(c) whether in view of the food shortage, the Government will take the necessary steps to bring the available area under cultivation?

HON'BLE MR. K. M. KORAH: (a) 29,57 acres.

(b) 14,05 acres.

(c) Yes.

Acquisition of lands

83. MR. N. V. CHACKO (*Kunnathnad III—General*): Will the Honourable Minister for Land be pleased to state:

(a) whether complaints have been received from places in the Kunnathnad taluk and other parts, of attempts at acquisition of lands by the Government at the instance of third parties; and

(b) whether the Government are aware that such acquisitions caused untold hardship and irreparable miseries to the people in occupation or possession of such lands and that there are no unavoidable necessities or justifiable excuses for such evictions or acquisitions?

HON'BLE MR. C. KESAVAN: (*a*) Complaints have been received from Kunnathnad taluk and other places against acquisition of lands by Government.

(*b*) Acquisitions may cause inconvenience to the occupants when they are dispossessed of their lands. Acquisitions of lands are ordered only when the lands are found to be absolutely necessary for Government or public purpose.

MR. N. V. CHACKO: May I know whether lands are acquired for Government purpose?

HON'BLE MR. C. KESAVAN: Lands are acquired for Government and public purposes as well.

MR. N. V. CHACKO: Are the Government aware of a series of articles by Mr. Kumbalathu Sanku Pillai in several Dailies in Travancore about this matter? Have not the injustices of the acquisitions been pointed out therein?

HON'BLE MR. C. KESAVAN: I do know of certain articles written by Mr. Sanku Pillai and they contain grievances of the owners of lands.

MR. E. K. MADHAVAN (*Parur I—General*): എന്തു് ആവശ്യത്തിനു വേണ്ടിയാണു് ആ സ്ഥലം എടുക്കുന്നതെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN: ഏതു സ്ഥലം?

MR. E. K. MADHAVAN: കാലടിയിലുള്ള സ്ഥലം.

HON'BLE MR. C. KESAVAN: കാലടിയിൽ പല സ്ഥലങ്ങളുമുണ്ടു്. ഏതു സ്ഥലമെന്നു പ്രത്യേകം പറഞ്ഞാൽ ഉത്തരം പറയാം.

MR. E. K. MADHAVAN: ഈ ചോദ്യത്തിനു് അടിസ്ഥാനമായ സ്ഥലത്തെപ്പറ്റിയാണു് ഞാൻ ചോദിക്കുന്നതു്.

HON'BLE MR. C. KESAVAN: ആ സ്ഥലം എടുക്കുന്നില്ല.

MR. E. K. MADHAVAN: എടുക്കുന്നതിനു് ആലോചന ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. C. KESAVAN: ആലോചന ഇല്ല.

MR. MOHAMMED MUSTAFA: ആരുടെയെങ്കിലും പ്രേരണമൂലമാണു് ആ സ്ഥലം എടുക്കുന്നതു് എന്നുള്ള കാര്യം ഗവൺമെന്റു് അംഗീകരിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN: ഇല്ല.

Paddy cultivation.

84. MR. K. V. CHACKO (*Kunnathnad III—General*): Will the Honourable Minister for Agriculture be pleased to state whether the Government are aware :

(*a*) that ordinary paddy cultivations in places like the Kunnathnad taluk have been badly hit by the abnormal rise in the level of:

(i) wages to agricultural labourers, (ii) prices of all sorts of implements of husbandry, wooden and metalic, (iii) prices of ploughing animals, (iv) prices of green and other kinds of manure, (v) prices of seeds, (vi) difficulty to maintain animals for want of grazing grounds and fodder and owing to their early death, (vii) difficulty to get or buy labourers implements of husbandry, animals, manures, seeds etc., even at abnormally high prices.

HON'BLE MR. K. M. KORAH: (a) Government are aware that the agriculturists throughout the State experience some difficulties in the matter of securing labour, implements, manure etc., and as far as possible Government have taken steps to give them relief in these matters.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*) : ഈ ചോദ്യത്തിൽ പറയുന്നതരത്തിലുള്ള വൈഷമ്യങ്ങൾ തിരുവിതാംകൂറിലെ സാധാരണ കൃഷിക്കാർക്കെല്ലാം ഉണ്ടെന്നറിയാമോ ?

HON'BLE MR. K. M. KORAH : അറിയാം.

MR. K. K. CHELLAPPAN PILLAI : അതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

HON'BLE MR. K. M. KORAH : ആവശ്യമായ നടപടികൾ എത്രയും വേഗം എടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

MR. CHERIYAN J. KAPPAN (*Meenachil II—General*) : അഗ്രിക്കൾച്ചറൽ ഇംപ്ലിമെൻസ് വിതരണം ചെയ്യുന്നതിനു കോട്ടയം ഡിവിഷനിൽ എന്തെങ്കിലും ഏർപ്പാടുണ്ടോ ?

HON'BLE MR. K. M. KORAH : I claim notice.

MR. CHERIYAN J. KAPPAN : ഇല്ലെന്നു ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ ?

HON'BLE MR. K. M. KORAH : ഉവ്വ്. മെമ്പറെ വിശ്വസിക്കാവുന്നിടത്തോളം വിശ്വസിക്കാം.

MR. K. A. GANGADHARA MENON (*Nedumangad I—General*) : അഗ്രിക്കൾച്ചറൽ ഇംപ്ലിമെൻസ് വിതരണംചെയ്യാൻ എന്തെങ്കിലും ഏർപ്പാടുണ്ടോ?

HON'BLE MR. K. M. KORAH : ഉണ്ട്.

MR. K. A. GANGADHARA MENON : അതെവിടെയെല്ലാമാണെന്നു പറയാമൊ ?

HON'BLE MR. K. M. KORAH : I claim notice.

MR. K. R. ELANKATH : വളം മുതലായവ ബ്ളാക്കുമാക്കററിലാണു് കൃഷിക്കാക്കു കിട്ടുന്നതെന്നറിയാമൊ ?

HON'BLE MR. K. M. KORAH : ചിലപ്പോഠം അങ്ങിനെ ഉണ്ടായേക്കാം. പക്ഷെ അതു ഗവണ്മെൻറിൻെറ കുററമല്ല. ചില കൃഷിക്കാർ വാങ്ങിച്ചതിനുശേഷം അങ്ങനെ ചെയ്തിട്ടുണ്ട്.

MR. N. P. VARGHESE (*Muvattupuzha I—General*) : ഒരുപറ നിലം കൃഷിചെയ്യുന്നതിന് എന്തു ചിലവുവരുമെന്നു പറയാമൊ ?

HON'BLE MR. K. M. KORAH : പല സ്ഥലത്തും പലവിധത്തിലായിരിക്കും.

MR. N. P. VARGHESE : കുട്ടനാട്ടിലാണെങ്കിൽ എന്തു ചിലവാകുമെന്നു പറയാമൊ ?

HON'BLE MR. K. M. KORAH : തൽക്കാലം പറയാൻ നിവൃത്തിയില്ല.

MR. N. P. VARGHESE : ബഹു. മന്ത്രിയുടെ സ്വന്തം അനുഭവത്തിൽനിന്നു പറഞ്ഞുകൂടെ ?

HON'BLE MR. K. M. KORAH : എൻെറ സ്വന്ത അനുഭവങ്ങഠം ഇവിടെ പറയണമെന്നു വിചാരിക്കുന്നില്ല. എൻെറ സ്വന്തഅനുഭവങ്ങഠം കൂടി വച്ചുകൊണ്ട് വൈഷമ്യങ്ങഠം പരിഹരിക്കാൻ ശ്രമിക്കുന്നതാണു്.

MR. P. T. CHACKO : ഓരോ മെമ്പറന്മാരെയും വിശ്വസിക്കുന്നതിന് പ്രത്യേകിച്ച് വല്ല തോതും വച്ചിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. K. M. KORAH : ഞാൻ പറഞ്ഞതിൽനിന്ന് അങ്ങനെയൊരത്ഥം വരുന്നില്ല.

MR. P. T. CHACKO : അങ്ങനെയാണെങ്കിൽ മെംബറെ വിശ്വസിക്കാവുന്നിടത്തോളം വിശ്വസിക്കാം എന്നു പറഞ്ഞതെന്താണെന്നു പറയുമൊ ?

HON'BLE MR. K. M. KORAH: വിശ്വസിക്കാവുന്നിടത്തോളം എന്നു വച്ചാൽ പൂണ്ണമായി വിശ്വസിക്കുകയെന്നാണു ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു്.

MR. A. P. UDAYABHANU : What is the nature of the relief offered by Government ?

MR. N. V. CHACKO: What are the steps taken?

HON'BLE MR. K. M. KORAH: Government have provided measures, whereby the agriculturists can purchase agricultural implements.

MR. N. V. CHACKO: May I know whether there is any depot in Kunnathnad taluk, where the agriculturists can purchase implements or provisions for making implements.

HON'BLE MR. K. M. KORAH: Manures required by the ryots of Kunnathnad taluk can be purchased from the departmental depots at Perumbavoor and Alwaye.

MR. N. V. CHACKO: I was asking for implements and not about manures. I am asking whether the Government have made any arrangements to establish any depots to make purchase of implements and tools for cultivation or where we can buy metal or wood for these ploughs, yokes, etc.

HON'BLE MR. K. M. KORAH: They may be obtained from the Agricultural Inspectors in their offices.

MR. N. V. CHACKO: Have they got stocks anywhere in Kunnathnad?

HON'BLE MR. K. M. KORAH: They have tolerably good stock in the different Agricultural Inspectors' offices.

MR. N. V. CHACKO: May I know whether there is any stock in Kunnathnad taluk?

HON'BLE MR. K. M. KORAH: I claim notice.

Present system of procuring paddy.

85 MR. N. V. CHACKO: Will the Honourable Minister for Food be pleased to state:

(*a*) whether the Government are aware that the present system of procuring paddy from the cultivators causes untold hardships and miseries to the ordinary paddy cultivators in the State;

(*b*) that there are many lands in the Government records but are not or never have been paddy lands, but only garden lands or so?

HON'BLE MR. K. M. KORAH: (*a*) No. But Government are aware that there are paddy cultivators who complain and protest against the present system of procurement.

(*b*) There are some instances of wet lands having been converted into garden lands by the cultivators.

MR. N. V. CHACKO: Are the Government aware that some garden lands which have never been paddy lands have also been entered with the records?

HON'BLE MR. K. M. KORAH: Government are not aware. But I may assure the honourable member that the staff is making a detailed enquiry as to the present situation and then I may be able to furnish the necessary information.

MR. N. V. CHACKO: Are Government aware that the present system of procuring paddy is a means of oppression and suppression of cultivators?

HON'BLE MR. K. M. KORAH : It is likely to lead to such consequences.

MR. N. V. CHACKO: Will Government be pleased to adopt a smoother, easier and better means of procuring paddy ?

HON'BLE MR. K. M. KORAH : Government are considering a scheme which would enable the cultivator to be free from the so-called oppressions.

MR. N. V. CHACKO: Are the Government aware of the oppressions, so called ?

HON'BLE MR. K. M. KORAH : There is no complaint from any particular individual on this matter.

MR. N. V. CHACKO: Are the Government aware that the cultivators are not so poor that they can complain in such a way that the Honourable member cannot hear it?

HON'BLE MR. K. M. KORAH: That is a matter of opinion.

MR. N. V. CHACKO: Are Government of opinion that all the cultivators are such false people that they cannot be relied upon ?

HON'BLE MR. K. M. KORAH : I never meant that. If there is any actual complaint and if that petition is forwarded to Government, I may assure the honourable member that very stringent measures shall be taken in that matter.

MR. N. V. CHACKO: Is the Honourable member aware that Travancore consists mostly of cultivators and that any remark against cultivators means an insinuation against the whole State ?

(There was no answer).

MR. P. T. CHACKO: നെല്ലു വളരെ കൂട്ടങ്ങളുള്ള കൃഷിക്കാരിൽനിന്നും പാർവ്വത്യകാരന്മാർ പണംപററിക്കൊണ്ടു് നെല്ലെടുക്കാതിരിക്കുന്ന വിവരം അറിയാമൊ?

HON'BLE MR. K. M. KORAH : അറിവാൻ പാടില്ല.

MR. P. T. CHACKO : ഗവണ്മെൻറിന് ഇതു സംബന്ധിച്ച് പരാതികളൊന്നും കിട്ടിയിട്ടില്ലെന്നാണോ പറയുന്നതു് ?

HON'BLE MR. K. M. KORAH : I claim notice.

സിററി കാർപ്പറേഷൻ കൌൺസിൽ.

36. MR. T. T. KESAVAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സമയം മറുപടിപറയുമൊ?

തിരുവനന്തപുരം സിററി കാർപ്പറേഷൻ കൌൺസിലിൽ, നോമിനേഷൻ ലഭിക്കാൻ പുലയരിൽനിന്നും അപേക്ഷകന്മാർ ഉണ്ടായിരുന്നോ എന്നും, ഉണ്ടായിരുന്നുവെങ്കിൽ, അവരാരെല്ലാമായിരുന്നുവെന്നും, പറയാൻ ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN: ചോദ്യത്തിന്റെ ആദ്യഭാഗത്തിന് "ഇല്ല" എന്നാണ് മറുപടി. അതുകൊണ്ടു രണ്ടാമത്തെ ഭാഗത്തിനും മറുപടി "ഇല്ല" എന്നു തന്നെ.

MR. T. T. KESAVAN SASTRI: ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ നയം എന്താണെന്നു് പറയാൻ ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN: ഈ ചോദ്യത്തിനു നോട്ടീസു വേണം.

പുലയവിദ്യാർത്ഥികൾ.

87. MR. T. T. KESVAN SASTRI: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമൊ?

ഇക്കഴിഞ്ഞ സ്കൂൾഫൈനൽ പരീക്ഷയിൽ സ്റ്റേറ്റിൽ നിന്നും ചേന്നിട്ടുള്ള പുലയവിദ്യാർത്ഥികൾ എത്രയെന്നും അവരിൽ വിജയികളായിട്ടുള്ളവരുടെ എണ്ണം എത്രയെന്നും, പറയാൻ ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN: [illegible] സ്കൂൾഫൈനൽ പരീക്ഷയ്ക്കു ചേന്ന പുലയവിദ്യാർത്ഥികളുടെ എണ്ണം [illegible] ആണ്. അതിൽ വിജയികളായിട്ടുള്ളവരുടെ എണ്ണം [illegible] ആണ്.

MR. T. T. KESAVAN SASTRI: ഇതിൽ പെൺകുട്ടികളുടെ എണ്ണം എത്രയെന്നു് ദയവായി പറയുമൊ?

HON'BLE MR. G. RAMACHANDRAN: ഇപ്പോൾ നിവൃത്തിയില്ല.

MR. T. T. KESAVAN SASTRI: സ്റ്റേറ്റിൽ ആകെമൊത്തം എത്ര ആൺകുട്ടികളും പെൺകുട്ടികളും സ്കൂൾഫൈനൽ പരീക്ഷയ്ക്കു ചേന്നിരുന്നു എന്നു പറയാമൊ?

HON'BLE MR. G. RAMACHANDRAN: ചേന്നിരുന്നവരുടെ ആകെത്തുക മാത്രമെ എന്റെ കയ്യിലുള്ളു. അതുകൊണ്ട് ആൺകുട്ടികളുടെയും, പെൺകുട്ടികളുടെയും എണ്ണം തിരിച്ചു പറവാൻ തൽക്കാലം സാദ്ധ്യമല്ല.

MR. P. T. CHACKO: Sir, may I put the next question. The honourable member concerned is absent.

PRESIDENT: Yes.

Village Uplift.

88. MR. P. T. CHACKO: (On behalf of MR. JOSEPH MALIECKAL) (*Thodupuzha I—General*): Will the Honourable Minister for Local Self Government and Village Uplift be pleased to place on the table a statement giving a list of the villages where the village uplift scheme has been introduced, together with the date of sanctioning each village scheme the names of the office-bearers in each village,

the amount sanctioned for each and the amounts already spent for each of them, and the items of work for which expenditure has been incurred;

(b) will the Government be pleased to state the names of officers with pay employed in the Village Uplift Department besides those noted in the Civil List;

(c) what is the arrangements for checking the estimates and accounts of the village authorities; and

(d) is the Minister aware that large sums of money are misappropriated through the village uplift scheme?

HON'BLE MR. G. RAMACHANDRAN. (a) and (b) Necessary statements are placed on the Secretary's table.

(c) The draftsman and the accounts section in the office of the Village Uplift Officer check the estimates and accounts.

(d) No.

MR. P. T. CHACKO: ഗ്രാമോദ്ധാരണത്തിനുവേണ്ടി നൽകുന്ന തുകകൾ എങ്ങനെ ചെലവാക്കുന്നു എന്നുള്ളതിനെപ്പററി ഗവമ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN: തുകകൾ എങ്ങനെ ചെലവാക്കുന്നു എന്ന് അന്വേഷിക്കുക മാത്രമല്ല, അവ ചെലവാക്കുന്ന കാര്യത്തിൽ വേണ്ട നിബന്ധനകളും ഉണ്ടാക്കിയിട്ടുണ്ട്.

MR. P. T. CHACKO: ഈ തുകകളിൽ വലിയ ചോർച്ചകൾ വരുന്നതായി ഗവമ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN: ഇല്ല.

Supply of medicines.

89. MR. PAUL THALIAT (*Parur III—General*): Will the Honourable Minister for Medical be pleased to state:

(a) whether a supply of medicines free of cost was yearly made to the Dewan's house formerly;

(b) if the Answer to (a) is in the affirmative the cost incurred by the Government for that purpose in the years 1120, 1121 and 1122 respectively; and

(c) whether such a supply is now made to the house of the Honourable Ministers?

HON'BLE MR. G. RAMACHANDRAN:

(a) Yes.

(b) Years.		Approximate cost. Rs.	As.	P.
1120	...	2,770	3	6
1121	...	2,668	5	0
1122	...	3,697	5	6

(c) Yes.

MR. PAUL THALIAT : ദിവാൻജി ഉദ്യോഗത്തിൽ പ്രവേശിക്കുമ്പോൾ ഒരു കരാറ് ചെയ്യുന്ന ഏർപ്പാട് ഉണ്ടായിരുന്നോ? ആ കരാറിലെ വ്യവസ്ഥ അനുസരിച്ചാണോ ഇങ്ങനെ ചെലവു ചെയ്തിരുന്നത്?

HON'BLE MR. G. RAMACHANDRAN : അങ്ങനെ കൊടുത്തിട്ടുണ്ടെന്നല്ലാതെ അത് ഏതെങ്കിലും കരാറനുസരിച്ചാണോ എന്നറിയാൻ നിവൃത്തിയില്ല.

MR. PAUL THALIAT : ഗവൺമെൻറിൽനിന്ന് അങ്ങനെ കൊടുക്കുന്നത് ശരിയാണെന്നു തോന്നുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN: കഴിഞ്ഞ ഒരു കാര്യത്തെപ്പററി ഇങ്ങനെ ഒരു ചോദ്യം ചോദിച്ചാൽ പെട്ടെന്ന് മറുപടിപറയാൻ വിഷമമാണ്.

MR. PAUL THALIAT : ഇപ്പോഴും അങ്ങനെ കൊടുത്തു വരുന്നുണ്ടെന്നു മറുപടി പറഞ്ഞുകാണുന്നു.

HON'BLE MR. G. RAMACHANDRAN : ഇപ്പോഴും കൊടുത്തുവരുന്നുണ്ടെന്നു പറഞ്ഞുവെങ്കിലും അത് മുമ്പിലത്തെ മട്ടിലല്ല നടക്കുന്നത്.

MR. PAUL THALIAT : പിന്നെ ഏതു മട്ടിലാണെന്നു പറയാൻ ദയവുണ്ടാകുമൊ?

HONBLE MR. G. RAMACHANDRAN : പണ്ട് ഒരു ഡിസ്പെൻസറി ദിവാൻജിയുടെ ഔദ്യോഗികവസതിയിൽ തന്നെ ഉണ്ടായിരുന്നു. ഇപ്പോൾ അത് റസിഡൻസിയിലേക്ക് മാററിയിട്ടുണ്ട്. അന്വേഷണത്തിൽനിന്നു മനസ്സിലാകുന്നത് മുമ്പ് പല വഴികളിൽ മരുന്നു വാങ്ങിയതിൻെറ ഫലമായിട്ടാണ് കൂടുതൽ തുകയായിട്ടുള്ളതെന്നാണ്. ഇപ്പോഴത്തെ ഏർപ്പാടനുസരിച്ച് സാധാരണ ഒരു ഡിസ്പെൻസറിക്ക് ആവശ്യമുള്ള മരുന്നു മാത്രമേ അവിടെ ആവശ്യമുള്ളു. അതെല്ലാം മെഡിക്കൽ സ്റ്റോറിൽ നിന്നാണ് വാങ്ങുന്നത്. അതുകൊണ്ടു മുമ്പിലത്തെപ്പോലെ വലിയ ചെലവുകൾ വരാൻ നിവൃത്തിയില്ല.

MR. PAUL THALIAT : മന്ത്രിമാർക്കും സാധാരണ ഹോസ്പിററലുകളിൽനിന്ന് മരുന്നു വാങ്ങിയാൽ പോരെ?

HONBLE MR. G. RAMACHANDRAN : അതിനെക്കുറിച്ച് ആലോചിക്കാം.

MR. E. K. MADHAVAN : ഒരു രണ്ടുമൂവായിരം രൂപാവരെ മരുന്നിന് ചെലവായിട്ടുണ്ടെന്നു പറയുന്നു. ഇതിൽ മരുന്നുകൾ മാത്രമാണൊ അതോ ആഹാരസാധനങ്ങളുംകൂടി ഉൾപ്പെടുമൊ?

HON'BLE MR G. RAMACHANDRAN : മരുന്നുകൾ മാത്രമേ ഉൾപ്പെടുന്നുള്ളു എന്നാണറിവ്.

MR E. K. MADHAVAN : ഹാർലിക്സ് മുതലായ മേൽത്തരം സാധനങ്ങളെല്ലാം ഭക്തിവിലാസത്തു പോയിരുന്നുവെന്നാണ് കേട്ടിട്ടുള്ളത്. അതു ശരിയാണൊ?

HON'BLE MR. G. RAMACHANDRAN : അങ്ങനെയുള്ള സാധനങ്ങളെല്ലാം ഒരു സ്ഥലത്തുതന്നെ എത്തിച്ചേരുക സാദ്ധ്യമല്ലെന്നാണ് തോന്നുന്നത്.

MR. ABDUL AZIZ (*Trivandrum I—Muslim*) : ഇത്രയധികം മരുന്നുപയോഗിക്കത്തക്കവണ്ണം ഇവിടത്തെ ദിവാൻജി അത്ര വലിയ സുഖക്കേടുകാരനായിരുന്നൊ?

HON'BLE MR. G. RAMACHANDRAN: May I put to the Chair that if several members spring up and ask questions at one and the same time, it would be very difficult to deal with them. So I would respectfully beg the Chair that some method should be evolved by which we might be put to the necessity of answering one question only at a time.

MR. PRESIDENT ; That can be adopted. If two or three members stand up together, the Chairman will say "So and So will ask the question"

MR. ABDUL AZIZ : ഇത്ര അധികം മരുന്നുപയോഗിക്കത്തക്കവണ്ണം ഇവിടത്തെ ദിവാൻജി അത്രവലിയ സുഖക്കേടുകാരനായിരുന്നോ എന്നാണ് എന്റെ ചോദ്യം.

MR. PRESIDENT : That question does not arise. It is a matter of opinion.

MR. P. T. CHACKO : ഭക്തിവിലാസത്തേക്ക് ഹെയർ ആയിലും ഹെയർ ടാണിക്കും അയച്ചിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : മെഡിക്കൽ സ്റ്റോറിലുള്ള മരുന്നിനു പുറമെ അവിടത്തെ ആവശ്യത്തിനു വെളിയിൽനിന്നും മരുന്നു വാങ്ങിച്ചിട്ടുണ്ട്. എന്തെല്ലാമാണ് വാങ്ങിച്ചിരിക്കുന്നതെന്നറിവില്ല.

MR. ABDUL RAZAK : Do these figures include the cost of medicine supplied to him in connection with the dastardly attack on the person?

MR. PRESIDENT : That does not arise.

Collection of Water Cess and Basic Tax for Puduval lands.

90. MR. SREE V. DAS (*Kalkulam I—Hindu Nadar Reserved*): கனம் ரெவனியூ மந்திரி அவர்கள் கீழே காணும் வினாக்களுக்கு விடை தருவார்களா?

1. (அ) சமநிலவரி முறை நடப்பில் வந்ததினால் புதுவல் நிலங்களிலிருந்து தண்ணீர் வரியோடுகூட புதிய சமநிலவரியும் சர்க்காரால் வசூலிக்கப்படுகிறது தெரியுமா?

(ஆ) தண்ணீர் வரியை ரத்துசெய்து புதுவல் நிலங்களுக்கும் சமநிலவரியை மாத்திரம் ஏற்படுத்தவேண்டுமென்று சர்க்காரிடம் புதுவல் கிருஷிகர்களும் பிற பொது ஸ்தாபனங்களும் விண்ணப்பங்களும் தீர்மானங்களும் அனுப்பியிருப்பது சர்க்காருக்குத் தெரியுமா?

(இ) தெரியுமானால் என்ன நடபடிக்கைகள் அதுபற்றி எடுக்கப்பட்டிருக்கின்றன என்பதை சர்க்கார் தெரியப்படுத்துமா?

HONBLE MR. C. KESAVAN: (a) yes.

(b) yes.

(c) The matter is nnder investigation.

MR. SREE V. DAS: Water Cess ஏற்பட்டதற்குக் காரணம் என்னவென்று சர்க்காருக்குத் தெரியுமா?

HON'BLE MR. C. KESAVAN: അവിടെ വലിയ സംഖ്യ ചെലവാക്കി ഒരു അണ കെട്ടി. ആ അണയിൽ നിന്നും വെള്ളം കൊടുക്കുന്നു. അതിന് ഒരു സെസ്സ് വച്ചിട്ടുണ്ട്.

MR. SREE V. DAS: அந்த அணை கட்டின செலவு Water Cess மூலம் எடுக்கப்பட்டவுடன், இந்த Water Cess நின்றுவிடும் என்ற ஏற்பாடு ஏதாவதுண்டா?

HON'BLE MR. C. KESAVAN: ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന സെസ്സുകൊണ്ടു അതിനുവേണ്ടി ചെലവായ പണത്തിന്റെ പലിശ പോലും നടക്കുന്നില്ല.

MR. SREE V. DAS: When the interest is made up to meet the cost of the dam expense, are the Government prepared to cancel the expenditure.

HON'BLE MR. C. KESAVAN: Once it is paid up, of course, Government will have no objection to take away the cess.

MR. R. K. RAM (*Agasteeswaram—General*): வெள்ளவரியாக இதுவரையில் எவ்வளவு கிடைத்திருக்கிறதென்று சொல்ல முடியுமா?

HON'BLE MR. C. KESAVAN: I claim notice.

MR. A. NESAMONY (*Vilavancote S. I. U. C.*): Can the cess on puduval wet land be reduced to the level of the water cess on ayacut lands?

HON'BLE MR. C. KESAVAN: That is a matter to be considered.

ഗൃഹനിർമ്മാണപരിപാടി.

1. MR. K. K. CHELLAPPAN PILLAI: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമൊ?

സഹകരണസംഘങ്ങൾ വഴി ഗൃഹനിർമ്മാണപരിപാടി നടപ്പിൽ വരുത്താൻ ഗവണ്മെന്റു തീരുമാനിച്ചിട്ടുണ്ടൊ?

(എ) ഗൃഹനിർമ്മാണപരിപാടി ലക്ഷ്യമായി കരുതിയിട്ടുള്ള എത്ര സഹകരണസംഘങ്ങൾ നിലവിലുണ്ട്?

(ബി) അതുമാതിരിയുള്ള സംഘങ്ങൾക്ക് ഗവണ്മെന്റ് ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്?

(സി) സഹകരണാധിഷ്ഠാനത്തിന്മേൽ കൂട്ടുകൃഷി ആരംഭിക്കുന്നതിനുവേണ്ടി കുത്തകപ്പാട്ടമായൊ മററൊ സ്ഥലം സംഘങ്ങൾക്ക വിട്ടുകിട്ടുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടൊ?

(ഡി) എത്ര സംഘങ്ങളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

(ഇ) എത്ര സംഘങ്ങൾക്ക് ഗവണ്മെന്റിൽ നിന്നും സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്?

HON'BLE MR. G. RAMACHANDRAN: ചോദ്യത്തിന്റെ ആദ്യഭാഗത്തിന്ന് ഉത്തരം, സഹകരണസംഘങ്ങൾ വഴി ഭവനനിർമ്മാണപരിപാടി നടപ്പിൽ വരുത്തുവാൻ ചില പദ്ധതികൾ ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ട.

ഒന്നാം ഭാഗത്തിന ബി എന്നാണു മറുപടി. രണ്ടാംഭാഗത്തിന്, സംഘങ്ങളുടെ ചെലവിൽ ഭൂമി പൊന്നുംവില കൊടുത്തെടുക്കാൻ നടപടി നടത്തിയിട്ടുണ്ട്. ഭവനനിർമ്മാണപരിപാടിയെപ്പററി വേണ്ടതു പ്രവർത്തിക്കുന്നതിന് സഹകരണഡിപ്പാർട്ടുമെന്റിൽ നിന്നും ഒരു ഉദ്യോഗസ്ഥനെ പ്രത്യേകജോലിയിൽ നിയമിക്കുകയും ആ ഉദ്യോഗസ്ഥനെ മദ്രാസിൽ അയച്ച് അവിടെ നടപ്പിലിരിക്കുന്ന ഭവനനിർമ്മാണപദ്ധതി കണ്ടുപഠിച്ച്, പരിചയിപ്പിച്ച് വരുത്തുകയും ചെയ്തിട്ടുണ്ട്. ആ പദ്ധതിക്കുവേണ്ട ഉപദേശം നൽകുന്നതിന് മററു ജോലിക്കു പുറമെ ഒരു എക്സിക്യൂട്ടീവ് എൻജിനീയരെയും കൂടി നിയമിച്ചിട്ടുണ്ട്. കൂടാതെ മററു സഹായസഹകരണങ്ങൾക്കും വെള്ളം, വിദ്യുച്ഛക്തി, മുതലായവയുടെ വിതരണത്തിനും മററും ഇലക്ട്രിക്കൽ എൻജിനീയർ, വാട്ടർ വർക്ക്സ് ആൻഡ് ഡ്രെയിനേജ് എൻജിനീയർ, കാർപ്പറേഷൻ കമ്മീഷണർ, സംഘങ്ങളുടെ ഒരു പ്രതിനിധി, ഇത്രയും അംഗങ്ങൾ അടങ്ങിയ ഒരു കമ്മിററിയേയും നിയമിച്ചിട്ടുണ്ട്.

[Hon'ble Mr. G. Ramachandran]

(൩) ഉണ്ട്.

(൪) ഒന്ന്.

(൫) ഒന്ന്.

MR. K. K. CHELLAPPAN PILLAI : ആദ്യത്തെ വകുപ്പിന് ൨ എന്ന് ഉത്തരം പറഞ്ഞു. ആ സംഘങ്ങളുടെ പേരു പറയുവാൻ ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN : ഒന്നിന്റെ പേർ, തിരുവനന്തപുരം ബ്രാഹ്മണജന ഭവനനിർമ്മാണ സഹകരണസംഘം, നമ്പർ ൨൦൧൦. രണ്ടാമത്തേത്, തിരുവനന്തപുരം, ഹൗസ് കൺസ്ട്രക്ഷൻ സൊസൈററി നമ്പർ ൨൭൭.

MR. K. R. ELANKATH : ഈ സംഘങ്ങൾ കൂടാതെ ഭവനനിർമ്മാണസംഘങ്ങൾ ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. G. RAMACHANDRAN : ഉണ്ടായിരിക്കാം, സൂക്ഷ്മമായ അറിവില്ല.

MR. K. R. ELANKATH: സെൻട്രൽ കോവാപ്പറേറ്റീവ് ബാങ്കിൽ നിന്നും ഇതു സംബന്ധിച്ച സ്ഥലം വാങ്ങിക്കുകയും, ഭവനനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി നടത്താൻ തുടങ്ങുകയും ചെയ്തിട്ടുള്ളതായി അറിയാമൊ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ ചെയ്യുന്നുണ്ടെന്നറിയാം.

MR. P. T. CHACKO : ഒരു പോയിന്റ് ഓഫ് ആർഡർ. ഇന്നത്തേക്ക് അനുവദിച്ചിട്ടുള്ള ചോദ്യങ്ങളുടെ ഉത്തരമെല്ലാം പറഞ്ഞു കഴിഞ്ഞു.

MR. PRESIDENT : കഴിഞ്ഞിട്ടില്ല. ഇപ്പോഴും തുടർന്നുകൊണ്ടിരിക്കയാണ്,

MR. K. R. ELANKATH : ഗൃഹനിർമ്മാണം പ്രത്യേക കാര്യപരിപാടിയായി അംഗീകരിച്ചിട്ടില്ലാത്ത സംഘങ്ങൾക്ക് അതായത്, സഹകരണ ബാങ്കുകൾക്കും, ക്രെഡിററ് സൊസൈററികൾക്കും മററും ഈ ഗൃഹനിർമ്മാണപരിപാടി നടത്തിക്കൊണ്ടു പോകരുതേ?

HON'BLE MR. G. RAMACHANDRAN : പോകാമെന്നു തോന്നുന്നു.

MR. K. R. ELANKATH : അങ്ങനെയാണെങ്കിൽ പ്രത്യേക സംഘങ്ങൾ രൂപീകരിക്കേണ്ടതുണ്ടോ ?

HON'BLE MR. G. RAMACHANDRAN : അതിനും ഇതിനും പരസ്പര വൈരുദ്ധ്യമുണ്ടെന്നു തോന്നുന്നില്ല.

MISS ANNIE MASCARENE (*Trivandrum I— Latin Catholic*) മുസ്ലിം ഏരിയായിലാണ് ആദ്യമായി ഭവനനിർമ്മാണപരിപാടികൾ നടപ്പിലാക്കേണ്ടതെന്നറിയാമൊ?

HON'BLE MR. G. RAMACHANDRAN : അറിയാം. അതിലേക്കു പ്രത്യേക പദ്ധതിയൊന്നുമില്ല.

MR. K. P. NILAKANTA PILLAI (*Chirayinkil I—General*) : ഒരു എക്സിക്യൂട്ടീവ് എൻജിനീയരെ നിയമിച്ചുവെന്നു പറഞ്ഞല്ലോ. ഏതു ഗ്രേഡിലുള്ള എക്സിക്യൂട്ടീവ് എൻജിനീയരെയാണ് നിയമിച്ചിട്ടുള്ളത്; എത്ര കാലമായി?

HON'BLE MR. G. RAMACHANDRAN : I claim notice.

MR. A. P. UDAYABHANU : ഈ ഹൗസിംഗ് പദ്ധതി ഇപ്പോൾ തുടങ്ങിയിരിക്കുന്നതു് തിരുവനന്തപുരം കേന്ദ്രമാക്കിയാണ്. എന്നാൽ തിരുവനന്തപുരത്തിനപ്പുറത്തും രാജ്യങ്ങൾ ഉണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

HON'BLE MR. G. RAMACHANDRAN : അതിനെപ്പറ്റി തർക്കമില്ല. അതെല്ലാപേക്ഷം അറിയാം.

MR. A. P. UDAYABHANU : ആ നിലയ്ക്കു് ഈ ഭവനനിർമ്മാണപദ്ധതി ആലപ്പുഴ മുതലായ ഇൻഡസ്ട്രിയൽ സെൻറേഴ്സ് കേന്ദ്രമാക്കി ഏർപ്പെടുത്തുന്ന പക്ഷം അവിടങ്ങളിൽ ഇന്നുള്ള തൊഴിലില്ലായ്മയ്ക്കു ഒരു പരിഹാരമുണ്ടാക്കാൻ സാദ്ധ്യമാകയില്ലേ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ ചെയ്യാം. പക്ഷെ, അതു പരിതഃസ്ഥിതികൾ പോലെയും, ആവശ്യം പോലെയും, സൗകര്യം പോലെയും ചെയ്യാനേ സാധിക്കുകയുള്ളു.

Appendix A.

[*Vide* Answer to Question No. 71].

Name of Pakuthy.	Area earmarked.		Area assigned.	
	Acre.	Cent.	Acre.	Cent.
1. Ramapuram ...	156	99	100	63
2. Kondoor ...	100	57	41	48
3. Bharananganam ...	53	34	52	36
4. Uzhavoor ...	3	31	3	27
Total ...	314	21	197	74

Appendix B.

[*Vide* Answer to Question No. 73.]

Name of Hostel.	*No. of Students admitted.*
S. C. H. Hostel Trivandrum	34
Harijan Hostel Nagercoil	30
" Adoor	34
" Kottayam	30
H. H. for girls Quilon	30
" Parur	11

Appendix C

Vide Answer to Question No. [illegible].

Government have sanctioned loans to the following Municipal Councils for the purposes noted against each.

Name of Municipality.	*Amount sanctioned.*	*Purpose for which it was granted.*
1. Nagercoil ...	Rs. 50,000 (at 3[illegible] per cent. interest and repayable in 25 annual instalments.)	To pay off its prior liabilities and to have a sufficient working balance to carry on the routine work.
2. Vaikom ...	Rs. 5,000 (at 3½ per cent. interest and repayable in 10 annual instalments.) The amount has not yet been drawn.)	For the cost of acquisition of land for a Municipal park.
3. Half the capital outlay for water works in the following Municipalities ...		
(*a*) Alleppey ...	Rs. 5,80,168 (at 4½ per cent. interest repayable in 60 equated annual instalments.)	As per the agreement executed by the council on 13-10-1936.
(*b*) Nagercoil...	Rs. 11,76,283 (at 4½ per cent. interest repayable in 60 equated annual instalments.)	As per the agreement executed by the Council on 24-11-1936 and G. O. R. O. C. No. 9879/46/P. W. dated 21-6-1947.
(*c*) Shencottah.	Rs. 2,07,268 (at 4½ per cent. interest repayable in 60 equated annual instalments.)	G. O. R. O. C. No. 8176/44/P. W. dated 19-9-1946.

MR. P. T. CHACKO : ഇന്നത്തേക്കു വച്ചിരുന്ന ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഇന്നത്തെ പ്രോഗ്രാമിൽ തന്നെ ഉൾപ്പെടുത്തുവാൻ ഞാനും മററു പല മെംബറന്മാരും ചോദ്യങ്ങൾ അയച്ചിരുന്നു. സാധാരണ ഇവിടെ അയയ്ക്കുന്ന ചോദ്യങ്ങളിൽ ചുരുക്കം ചില ചോദ്യങ്ങൾക്കേ ഉത്തരം നൽകാറുള്ളു. മററു ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരിക്കലും തരാതെയാണിരിക്കുന്നതു്. അതുകൊണ്ടു് ഇന്നു് ഉത്തരം പറയണമെന്നു കാണിച്ചു് ഞാൻ അയച്ചിട്ടുള്ള ഒന്നു രണ്ടു ചോദ്യങ്ങൾ എങ്കിലും ഇപ്പോൾ ചോദിക്കുവാൻ എന്നെ അനുവദിക്കണമെന്നപേക്ഷിക്കുന്നു.

MR. PRESIDENT : ഈ സെഷനിലേക്കു് ഉദ്ദേശം ൫൯൦൦ ചോദ്യങ്ങൾ ഉണ്ടായിരുന്നു. അതിൽ എട്ടോ, പത്തോ ചോദ്യങ്ങൾ ഒഴിച്ചു ബാക്കിയുള്ള ചോദ്യങ്ങളെല്ലാം ഞാൻ സ്വീകരിച്ചിട്ടുണ്ടു്. ഇന്നു് ഉത്തരം പറയേണ്ട ചോദ്യങ്ങൾക്കെല്ലാം മറുപടി തരണമെന്നു് ആവശ്യപ്പെട്ടതനുസരിച്ചു് ഇന്നലെ ഉത്തരം തന്ന എല്ലാ ചോദ്യങ്ങളും ഇന്നത്തേക്കുള്ള അജൻഡായിൽ ചേർത്തിട്ടുണ്ടു്. ൨൨ ചോദ്യങ്ങൾക്കു മാത്രമേ ഇന്നലെ ഉത്തരം വന്നിട്ടുള്ളു. കൂടുതൽ ചോദ്യങ്ങൾക്കു് ഉത്തരം പറയുവാൻ ട്രഷറി ബെഞ്ചു് തയാറാക്കേണ്ടതായിരുന്നു. ഇത്രയും പറയാമെന്നല്ലാതെ ഇത്ര ചോദ്യങ്ങൾക്കു് ഉത്തരം പറയണമെന്നു മന്ത്രിമാരെ നിർബന്ധിക്കുന്നതിനു പ്രസിഡൻറു് എന്ന നിലയിൽ എനിക്കു യാതൊരധികാരവുമില്ല.

MR. P. T. CHACKO : ചോദ്യങ്ങളെ സംബന്ധിച്ചു് ഞങ്ങൾക്കു വളരെ പരാതിയുണ്ടു്. ഞങ്ങൾക്കു ചെയ്യുവാൻ കഴിയുന്നതു് നിബന്ധനകളനുസരിച്ചു് ക്ലിപ്തദിവസത്തിനു മുൻപു് തെററു കൂടാതെ ചോദ്യങ്ങൾ അയച്ചുകൊടുക്കുക എന്നുള്ളതാണു്. എന്നാൽ ഇവിടെ നോക്കിയതിൽ ചിലരുടെ ചോദ്യങ്ങൾക്കു മാത്രമേ ഉത്തരം പറയുന്നതിനായി ലിസ്റ്റിൽ വരികയുള്ളു. ചിലരുടെ ചോദ്യങ്ങൾ വരുന്നതേ ഇല്ല. എല്ലാ ചോദ്യങ്ങൾക്കും കഴിയുന്നിടത്തോളം മറുപടി പറയത്തക്ക രീതിയിൽ എന്തെങ്കിലും വ്യവസ്ഥ ചെയ്യണമെന്നപേക്ഷിക്കുന്നു.

MR. PRESIDENT : ഞാൻ പറഞ്ഞതിൽ കൂടുതലായി പ്രസിഡൻറിനു് ഒരധികാരവുമില്ല. വേണമെങ്കിൽ ഇക്കാര്യത്തെ പററി സഭ തന്നെ എന്തെങ്കിലും വ്യവസ്ഥ ചെയ്തുകൊള്ളട്ടെ.

MR. K. A. MATHEW : ഡിസ്അലൌ ചെയ്യുന്ന ചോദ്യങ്ങൾ എന്തുകൊണ്ടാണ് ഡിസ്അലൌ ചെയതതെന്ന് മുമ്പ് മെംബറന്മാരെ അറിയിക്കുന്ന പതിവ് ഉണ്ടായിരുന്നു.

MR. PRESIDENT : കാരണങ്ങൾ പറഞ്ഞുതന്നെയാണ് ചോദ്യങ്ങൾ ഡിസ്അലൌ ചെയ്യുന്നതു. അത് എല്ലാ മെംബറന്മാരെയും അറിയിക്കണമെന്ന് ഏർപ്പാടു ചെയ്തിട്ടുണ്ട്. മേലാൽ അപ്രകാരം അറിയിക്കുന്നതാണ്.

MR. K. K. CHELLAPPAN PILLAI : സർ, സമയമില്ലായ്മകൊണ്ടു ഉത്തരം പറയാതിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം അടുത്ത ദിവസം പറയുവാൻ ഏർപ്പാട് ചെയ്യുമൊ?

MR. PRESIDENT : ഉത്തരം പറയാതിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം അതാതു ദിവസം തന്നെ അസംബ്ളി മേശപ്പുറത്തു വയ്ക്കുന്നതാണ.

MR. K. K. CHELLAPPAN PILLAI : ഏതു മേശപ്പുറത്താണ് വച്ചിട്ടുള്ളതെന്ന് പറഞ്ഞാൽ കൊള്ളാം. ഞങ്ങളുടെ മേശപ്പുറത്ത് കണ്ടില്ല.

MR. PRESIDENT : അതേപ്പററി ഞാൻ മുൻപ് പറഞ്ഞിട്ടുള്ളതാണ്. അസംബ്ളി സെക്രട്ടറിയുടെ മേശപ്പുറത്തു വയ്ക്കുകയാണു പതിവ്.

MR. P. T. CHACKO : സർ, ഇന്നത്തേയ്ക്ക് ഉത്തരം പറയുവാൻ ഞാൻ അയച്ചിട്ടുള്ള ഒന്നുരണ്ടു ചോദ്യങ്ങൾ ചോദിക്കുവാൻ ഇപ്പോൾ എന്നെ അനുവദിക്കുമൊ?

MR. PRESIDENT : ആർഡർ, ആർഡർ. ചോദ്യോത്തരങ്ങൾക്കുള്ള സമയം കഴിഞ്ഞു.

MR. N. V. CHACKO : സർ, ഒരു പായിൻറ് ആഫ് ആർഡർ. ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുമ്പോൾ അതിന് നംബർ ഇടുന്നതിനേപ്പററിയുള്ള ഒരു സംശയം എനിക്കുണ്ട്. ഇപ്പോൾ അടിച്ചിരിക്കുന്ന ഡിമാൻറു ഷീററിൽ ഒരു നംബർ കൊടുത്തിട്ടുണ്ട്. എന്നാൽ ഡിമാൻറിൻെറ നംബറുകൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നതായി അറിയുന്നു. ആ നിലയ്ക്ക് ഞങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അയയ്ക്കുമ്പോൾ അതിൻെറഫാറത്തിൽ ഡിമാൻറ് നംബറിൻെറ സ്ഥാനത്ത് ഏതു നംബറാണു കൊടുക്കേണ്ടതെന്നറിഞ്ഞാൽ കൊള്ളാം. ഞങ്ങൾക്ക് കിട്ടിയിട്ടുള്ള ഡിമാൻറ് ഷീററിലെ നംബർ അനുസരിച്ചാണോ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കേണ്ടതു?

MR. PRESIDENT: ഡിമാൻഡ് നമ്പർ ഓർഡറിൽ ഇന്നുള്ളടിക്കുന്നുണ്ട്. അതു് ഇന്നലെ അംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്യുന്നതാണ്. അതനുസരിച്ചു ബഡ്ജററ്പ്രസംഗത്തിൽ ഡിമാൻഡ് നമ്പർ കാണിക്കുന്നതാണ്.

MR. P. K. RAMAN: സർ, ഏതു രാജ്യത്തുള്ളവരായിരിക്കുന്ന സാമ്പത്തിക കുഴപ്പത്തെയും ധനപ്പെരുപ്പവും നമ്മുടെ സാമ്പത്തികനിലയെ എങ്ങനെ ബാധിക്കുമെന്നുള്ളതിനെയും പററി ഞാൻ ഇന്നലെ പറഞ്ഞു. യുദ്ധകാലപരിതഃസ്ഥിതി എല്ലാ രാജ്യങ്ങൾക്കും സാമ്പത്തികക്കുഴപ്പം ഉണ്ടാക്കിത്തീർക്കുന്ന ഒന്നാണ്. അങ്ങനെയുള്ള ഒരു മഹാപ്രളയത്തിൽ നമ്മുടെ രാജ്യവും പെട്ടു കിടക്കുന്നു. അതിൽ നിന്നും രക്ഷപ്പെടുക എന്നു പറയാവുന്നതല്ലാത്ത ഒരു സ്ഥിതിയാണ് ഇപ്പോൾ ഈ രാജ്യത്തിനുള്ളതു്. അങ്ങനെ ജനങ്ങൾക്കനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണുകയും രാജ്യത്തെ സാമ്പത്തികസ്ഥിതിയുടെ ഭദ്രതയും നിലനില്പും ഉൾക്കൊള്ളുന്നതിനു വേണ്ടിയുള്ള ഉപശാന്തികൾ കണ്ടുപിടിക്കുകയും ചെയ്യേണ്ടിയിരിക്കുന്ന ഒരു ഘട്ടത്തിലാണ് നാം ഇപ്പോൾ നിലകൊള്ളുന്നതു്. അതുകൊണ്ടു് ഈ ബഡ്ജററ് വളരെ അവശ്യമായിരിക്കുന്നില്ലെങ്കിൽ തന്നെയും ചില കാരണങ്ങളാൽ അതു സഹിക്കാവുന്നതാണെന്നാണ് എന്റെ അഭിപ്രായം. ഈ ബഡ്ജററിന്റെ അടുക്കമാനമുള്ള ഒരു പരിശോധന സാമാന്യജനങ്ങൾക്കുമുള്ള [illegible] നടത്താവുന്നതാണ്. ഇതിന്റെ ഗുണദോഷങ്ങളെപ്പററി മനസ്സിലാക്കാൻ ശ്രമിക്കുന്നവർക്ക് അല്പം ശ്രമംകൂടാതെ സാധിക്കാവുന്നതുമാണ്. എന്നാൽ നാം ഇതിനെപ്പററി എന്തെങ്കിലും അഭിപ്രായം രൂപീകരിക്കുന്നതിനു മുൻപു് ഒരു കാര്യം ഓർക്കേണ്ടതുണ്ടു്. സാമ്പത്തികജ്ഞന്മാരുള്ള ആളുകൾ എല്ലാവരും തന്നെ ഒരുവക യാഥാസ്ഥിതികന്മാരാണ്. യാഥാസ്ഥിതികമായ അവരുടെ മനോഗതിയിൽ കൂടിയാകുന്നു ഇന്നത്തെ ബഡ്ജററ് രൂപപ്പെടുത്തിട്ടുള്ളതു്. ബഡ്ജററു രൂപീകരിക്കുന്ന വിഷയത്തിൽ, ഇന്നത്തെ ധനകാര്യമന്ത്രിയെ ഉപദേശിച്ചിട്ടുള്ള ആളുകൾ അവരുടെ പഴയ ചിന്താഗതിയിൽ കൂടി ഉപദേശിക്കുവാനാണു എളുപ്പം. ഈ പശ്ചാത്തലം വിസ്മരിച്ചു ജനങ്ങളുടെ അഭിലാഷഗതിയെയും നവീനാശയങ്ങളെയും സംസ്ക്കരിച്ചെടുത്തുകൊണ്ടു് പരിഷ്കൃതമായ ഒരു നിലയിൽ നിന്നുകൊണ്ടു ബഡ്ജററിനെപ്പററി ചിന്തിക്കുവാൻ അവർക്കു സാധ്യമല്ല. രണ്ടു മുഖ്യകാര്യങ്ങൾ ബഡ്ജററുതയ്യാറാക്കിയ ഘട്ടത്തിൽ ഓർമ്മിക്കേണ്ടവയായിരുന്നു. ഒന്നാമത്തു്, രാജ്യത്തെ ധനപരമായ കുഴപ്പം; രണ്ടാമത്തേതു്, തൊഴിലില്ലായ്മ. ഇവയെ രണ്ടിനെയും ഉൾക്കൊള്ളുന്ന യുദ്ധാനന്തര

പരിതഃസ്ഥിതിയോടെ കാർശ്യത്തിൽപ്പെട്ട് കഴിഞ്ഞുകൂടുന്ന അവസ്ഥയാണു നമ്മുടെ ഇന്നത്തെ അവസ്ഥ. ഈ വിഷമങ്ങളെല്ലാം തരണം ചെയ്തു കഴിവുള്ള നിലയിൽ ജനകീയാഭിപ്രായങ്ങളെ ആദരിച്ചും അവരുടെ അഭിലാഷങ്ങളെ ഏറെക്കുറെ തൃപ്തിപ്പെടുത്തിയും ഒരു ബഡ്ജററു അവതരിപ്പിക്കുവാൻ പ്രധാനമന്ത്രി അവർകൾക്കു സാധിച്ചതിൽ അദ്ദേഹം അഭിനന്ദനാർഹനാണെന്നു പറയാതെ തരമില്ല. എന്നാൽ സാധാരണ മനുഷ്യന്റെ ജീവിതങ്ങളെ ഉത്തേജിപ്പിക്കത്തക്കവിധത്തിലും, നമ്മുടെ ജനങ്ങളെ കുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളെ പരിഹരിക്കത്തക്കനിലയിലും എന്തെങ്കിലും വക ഈ ബഡ്ജററിലുണ്ടോ എന്നു നോക്കിയാൽ, പോസ്ററുവാർ റീകൺസ്ട്രക്ഷൻ എന്നപേരിൽ നേഷൻ ബിൽഡിംഗിനായി ഒരുകോടി രൂപാ നീക്കിവച്ചിട്ടുള്ള ആ ഒരിനമല്ലാതെ മറെറാന്നുംതന്നെ കാണുകയില്ല. അങ്ങനെ ഒരിനം നീക്കിവച്ചിട്ടുണ്ടെങ്കിലും അതിലെ ഓരോ ഐററവും പ്രത്യേകം പ്രത്യേകം പരിശോധിച്ചാൽ ഈ നാട്ടിലെ സാധാരണക്കാരുടെ ആവശ്യങ്ങൾ നിറവേററുവാൻ, അവരുടെ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുവാൻ, അവരെ ആശ്വസിപ്പിക്കുവാൻ പര്യാപ്തമായ പരിപാടികൾ അതിലുണ്ടോ എന്നു സംശയമാണ്. ഗവണ്മെൻറു ശ്രദ്ധാപൂർവ്വം ഈ വിഷയത്തെപ്പററി പര്യാലോചിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

നാല്പതുലക്ഷം രൂപാ പ്രാഥമികവിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. അതുകൂടാതെ [illegible] ലക്ഷം രൂപയോളം വരുന്ന തുക പലപല ചില്ലറ കാര്യങ്ങൾക്കായി ആരുടെയും കാര്യമായ ശ്രദ്ധയെ അർഹിക്കാത്ത വിഷയങ്ങൾക്കായി കൊള്ളിച്ചിരിക്കുന്നു. നമ്മുടെ രാജ്യത്തെ സാധാരണ മനുഷ്യർക്ക് ഈ വിഷയങ്ങൾ ഗ്രഹിക്കുവാൻതന്നെ പ്രയാസമായിരിക്കും. ഒരുപക്ഷെ, പല ഉദ്ദേശങ്ങളോടുകൂടിയായിരിക്കാം ഈ തുകകൾ കൊള്ളിച്ചിട്ടുള്ളത്. എന്നാൽ അവർക്കു ആശ്വാസം നൽകുന്ന ഐററങ്ങൾ ഒന്നുംതന്നെ അതിലില്ല. മുൻപ് ചില റിലീഫ് വർക്കുകൾക്കായി പണം അനുവദിച്ചിരുന്നു. എന്നാൽ അത്തരം റിലീഫ് വർക്കുകൾ എല്ലാം നിറുത്തുകയുണ്ടായി. ഇപ്പോൾ ആളുകൾ വേലയും കൂലിയുമില്ലാതെ വിഷമിക്കുന്നു. കമ്മ്യൂണിസ്ററുകാരുടെ കുത്തുകൾകൊണ്ടു ഗവണ്മെൻറിനു ഇപ്പോൾ ഈ വക സഹായിക്കുവാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നുവെന്ന് എനിക്കറിയാം. എങ്കിലും അതേ അവസരത്തിൽ അവർക്ക് ആശ്വാസം നൽകേണ്ട ചുമതലയും കടമയും ഗവണ്മെൻറിനുണ്ടെന്നും, അതിനുവേണ്ടി ഒരു നല്ല തുകതന്നെ ബഡ്ജററിൽ കൊള്ളിക്കേണ്ടതായിരുന്നുവെന്നും എനിക്കഭിപ്രായമുണ്ട്.

[Mr. P. K. Raman.]

എന്നാൽ ബഡ്ജററിലെ റീ കൺസ്ട്രക്ഷൻ സ്കീമിൽ അതിനുള്ള തുക കൊള്ളിച്ചിരിക്കുന്നതായി കണ്ടില്ല.

ഈ അവസരത്തിൽ ബഡ്ജററിൽ കുട്ടികളുടെ ഉച്ചഭക്ഷണത്തിനായി ൫ ലക്ഷം രൂപാ കൊള്ളിച്ചിരിക്കുന്നതിൽ ഞാൻ ധനകാര്യമന്ത്രിയെ അനുമോദിക്കുന്നു. ഇതു് ഏററവും സന്തോഷപ്രദമായ ഒരു കാര്യമാണ്. ആളുകൾക്ക് എന്തെങ്കിലും അസുഖകരമായ ഒരു സംഗതിയുണ്ടെങ്കിൽ അതു അവരുടെ കുഞ്ഞുങ്ങൾ വിശന്നിരിക്കുക എന്നുള്ളതുതന്നെയാണ്. അത്ര പാവനമായ ഒരു കാര്യത്തിന് അഞ്ചുലക്ഷം രൂപ നീക്കിവയ്ക്കുവാൻ ഗവണ്മെൻറിനു മനസ്സുണ്ടായതു കാര്യമായ ഒന്നുതന്നെയാണ്. ഒരു ജനകീയ ഭരണമാണു ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്നതു. അററലാൻറിക ചാർട്ടർ എന്നു പറയുന്ന ജനകീയഭരണകാര്യങ്ങളിൽ പ്രാവീണ്യം സിദ്ധിച്ച ആളുകൾകൂടിച്ചേർന്നു ആലോചിച്ചതിൻെറ ഫലമായി നിർമ്മിച്ച ആ പ്രമാണത്തിൽ പറയുന്നതു ഒരു ജനകീയഭരണത്തിൻെറ സാർവത്രികമായ വിജയം സ്ഥിതിചെയ്യുന്നതു് ഭയത്തിൽനിന്നു, ദാരിദ്ര്യത്തിൽനിന്നും അതുപോലെ അഭിപ്രായപ്രകടനത്തിനും ആരാധനയ്ക്കുമുള്ള തടസ്സത്തിൽനിന്നും ജനങ്ങളെ മോചിപ്പിച്ചു രക്ഷിക്കുക എന്നുള്ളതിൽ ആണെന്നാണ്. ആ നിലവച്ചുനോക്കുമ്പോൾ ഇപ്പോൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഈ ബഡ്ജററു ഈ നാട്ടിലെ ജനങ്ങളെ ദാരിദ്ര്യത്തിൽനിന്നും വളരെ മോചിപ്പിക്കുവാൻ പര്യാപ്തമായ ഒന്നാണെന്നു കാണുന്നില്ല. ഏതായാലും അതിൽ ഗവണ്മെൻറിനെ അധികം കുററപ്പെടുത്താനില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഞങ്ങളെല്ലാം വരുന്ന സ്ഥലങ്ങളിലുള്ള ജനങ്ങൾ വളരെ പ്രതീക്ഷയോടെയാണു ഇപ്പോഴത്തെ ഗവണ്മെൻറിനെ വീക്ഷിച്ചുകൊണ്ടിരിക്കുന്നതെന്നും അവരെ ഭയത്തിൽനിന്നും, ദാരിദ്ര്യത്തിൽനിന്നും മോചിപ്പിക്കുവാൻ ഇന്നത്തെ ഗവണ്മെൻറു കാര്യമായി ശ്രദ്ധിക്കുമെന്നുമുള്ള വിശ്വാസത്തോടെയാണു അവർ കഴിഞ്ഞുകൂടുന്നതെന്നും ഇവിടത്തെ ഭരണസാരഥ്യം വഹിക്കുന്ന ആളുകളെ അറിയിക്കുവാൻവേണ്ടി ഞാൻ ഇത്രയും പറഞ്ഞതാണ്. ഇനി ഒരൊററ കാര്യം മാത്രമെ എനിക്കു പറയുവാനുള്ളു. അതു പ്രത്യേകിച്ചും ഞാൻ വന്നിട്ടുള്ള സ്ഥലത്തെ സംബന്ധിച്ചുള്ളതാണ്. ചേർത്തല കമ്മ്യൂണിസ്ററുകാരുടെ ശക്തികേന്ദ്രമാണ്. അവിടെ കമ്മ്യൂണിസ്ററുകാരുണ്ടു്, കമ്മ്യൂണിസ്ററുകാരല്ലാത്തവരും അനവധിയുണ്ടു്. കമ്മ്യൂണിസ്ററുകാർ ചെയ്യുന്ന അക്രമങ്ങളെ തടയുവാൻ നിയുക്തരായിരിക്കുന്ന പോലീസും പട്ടാളവും അവിടെയുള്ള ജനങ്ങൾക്കു വളരെ വിഷമങ്ങൾ ഉണ്ടാക്കിത്തീർക്കുന്നു. ക്രമ നിയമത്തിൻെറയും നിർദ്ദയമായ

പ്രവൎത്തനത്തിൽ പലപ്പോഴും നിരപരാധികൾ അകപ്പെട്ടുപോകാമെന്നുള്ളതു് സാധാരണയാണെങ്കിലും കൈവശമിരിക്കുന്ന തോക്കും, ലത്തിയും കാട്ടി മററുള്ളവരെ ഭയപ്പെടുത്തുവാനും ഉപദ്രവിക്കുവാനും കൂടി അവർ ശ്രമിക്കുന്നുണ്ടെന്നും അക്കാൎയ്യം ഗവൎമ്മെൻറു പ്രത്യേകം ശ്രദ്ധിച്ചു അവിടത്തെ ജനങ്ങളെ രക്ഷിക്കണമെന്നുമാണു എനിക്കു ഈയവസരത്തിൽ ഗവൎമ്മെൻറിനെ അറിയിക്കുവാനുള്ളതു്. വിഷം ഒരു സിദ്ധൌഷധമാണു്; എന്നാൽ അതു് ക്രമംതെററി ഉപയോഗിച്ചാൽ മരണത്തിനു ഹേതുവായിത്തീരും. അതുപോലെ എന്തെങ്കിലും പ്രകോപനങ്ങൾ ഉണ്ടായാൽതന്നെയും ഗവൎമ്മെൻറിൻെറ ശരിയായ നിയന്ത്രണത്തിലും ആത്മസംയമനം നല്ലതുപോലെ സിദ്ധിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിലും ഈ പോലീസിനേയും പട്ടാളത്തിനേയും നിയോഗിക്കാതിരിക്കുന്നപക്ഷം, അതുകൊണ്ടു ജനങ്ങൾക്കു കൂടുതൽ ആപത്തുണ്ടാകാ എന്നുള്ളതു നിശ്ചയമാണു. അക്കാൎയ്യത്തിൽകൂടി ഗവൎമ്മെൻറു ശ്രദ്ധിക്കണമെന്നപേക്ഷിച്ചുകൊണ്ടും ഈ ബഡ്ജററു അവതരിപ്പിച്ചതിൽ ധനകാൎയ്യമന്ത്രിയെ ഒരിക്കൽകൂടി അനുമോദിച്ചുകൊണ്ടും വേലക്കാൎക്കും ജനങ്ങൾക്കും ഏററവും ഗുണപ്രദമായ രീതിയൽ ഉള്ള ഒരു ബഡ്ജററു അടുത്തകൊല്ലം അവതരിപ്പിക്കുവാൻ അദ്ദേഹത്തിനു സംഗതിയാകട്ടെ എന്നു് ആശംസിച്ചുകൊണ്ടും ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

MR. ABDUL RAZAK : May I know whether the Hon'ble member relishes the art of killing the Commnists? (No answer)

MR. MOHAMMED MUSTAFA : സർ, ഈ രാജ്യത്തിലെ ജനങ്ങൾക്കുവേണ്ടി ജനങ്ങളുടെ പേരിൽ ഭരണഭാരം ഏററിരിക്കുന്ന ഗവൎമ്മെൻറു ആദ്യമായി രൂപീകരിച്ചിട്ടുള്ള ബഡ്ജററാണു നമ്മുടെ മുൻപിൽ ഇരിക്കുന്നതു്. ൨[illegible] ലക്ഷം രൂപാ വരവും ൨[illegible] ലക്ഷം രൂപ ചെലവുമുള്ള ഒരു ബഡ്ജററാണു് അവതരിപ്പിച്ചിരിക്കുന്നതെന്നു കാണുമ്പോൾ സാധാരണയായി നമുക്കുണ്ടാകാവുന്നതായ അഭിപ്രായം നമ്മുടെ സാമ്പത്തികനില ഒരുവിധം ഭദ്രമാണെന്നാണു്. എന്നാൽ സാമ്പത്തികനില പരിശോധിക്കുന്നതിനുമുൻപു മററുചില കാൎയ്യങ്ങൾകൂടി നോക്കേണ്ടതുണ്ടു്. ഒരു സ്ഥാപനത്തിൻെറ, അല്ലെങ്കിൽ ഒരു ഗവൎമ്മെൻറിൻെറ സാമ്പത്തികനില ഭദ്രമാണൊ എന്നു പരിശോധിക്കുന്നതിനു് ഏററവും സുഗമമായ മാൎഗ്ഗം അതിൻെറ അസററ്സും ലയബിലിററീസും എങ്ങിനെയിരിക്കുന്നു എന്നു നോക്കുകയാണെന്നാണു് എനിക്കു തോന്നുന്നതു്. ഈ ഗവൎമ്മെൻറു് ഇന്നത്തെ നിലയ്ക്കു എത്ര [illegible]ല്ലാം കൊടുക്കുവാനുണ്ടെന്നും, ഗവൎമ്മെൻറിന് എത്ര മുതലുണ്ടെന്നു

[Mr. Mohammed Mustafa]

ഇങ്ങനെ രണ്ടു പ്രധാന കാൎയ്യങ്ങൾ മാത്രം പരിശോധിച്ചാൽ മതിയാകും. ഈ ബഡ്ജററിൽ അസററ്സും ലയബിലിററീസും എന്നു രണ്ടു വകുപ്പുകൾ നാം കാണുന്നുണ്ടു്. അതിൽനിന്നും ശരിയായി പരിശോധിച്ചു നോക്കുന്നപക്ഷം ഗവണ്മെൻറിനു ൧൧൨൨-ൽ ൧൨ ലക്ഷം രൂപ ലയബിലിററീസ് ഉണ്ടായിരുന്നതു ൧൧൨൩-ൽ ൨൫ ലക്ഷമായി വർദ്ധിച്ചു എന്നു മനസ്സിലാകുന്നതാണ്. ഒരു ഗവണ്മെൻറിനു ലയബിലിററീസ് അസററ്സിൽനിന്നു കൂടുതലാണെന്നു കാണുമ്പോൾ അതിൽനിന്നു മനസ്സിലാകുന്നതു ആ ഗവണ്മെൻറിൻെറ സാമ്പത്തികനില അത്ര ഭദ്രമല്ലെന്നാണ്. ൧൧൨൪-ൽ ൨൫ ലക്ഷം രൂപ അസററ്സ് കൂടും എന്നു് ഇതിലുള്ള മറെറാരു സ്റ്റേററുമെൻറുകൊണ്ടു കാണുന്നു. ഇപ്പോഴത്തെ നില പരിശോധിച്ചു നോക്കുന്നപക്ഷം ൨൫ ലക്ഷം രൂപ അസററ്സിൽനിന്നും ലയബിലിററീസ് കൂടുതലായി കാണുന്നുണ്ട്. ആ നിലയ്ക്കു ൧൧൨൪-ൽ ൨൫ ലക്ഷം രൂപയായി വർദ്ധിപ്പിക്കുമെന്നുള്ള ഒരു വാഗ്ദാനമല്ലെങ്കിൽ ഒരു സ്റ്റേററുമെൻറുകൊണ്ടുമാത്രം ഈ ഗവണ്മെൻറിൻെറ സാമ്പത്തികനില ഭദ്രമാണെന്നു വിശ്വസിക്കുവാൻ ന്യായമില്ല. കൂടാതെ അസററ്സിൽ കാണുന്ന ഇനങ്ങൾ ശരിയായി പരിശോധിച്ചു നോക്കുന്നപക്ഷം ഒരു ഗവണ്മെൻറിനെന്നല്ല, ഏതൊരു സ്ഥാപനത്തിനും എത്ര തന്നെ താൽപ്പൎയ്യങ്ങൾ ആ കാൎയ്യത്തിൽ ഉണ്ടായിരുന്നാലും കുറെ ഐററങ്ങൾ എപ്പോഴും കുറവെഴുതി തള്ളേണ്ടതായിവരും. എന്നാൽ ലയബിലിററീസ് ഒരു പൈസപോലും കുറവെഴുതേണ്ടതായിവരികയില്ല. എന്നു മാത്രമല്ല, പലിശയിനത്തിലും മററും ആ തുകനം കൂടിവരികയേയുള്ളു.

അതുകൊണ്ടു നമ്മുടെ സാമ്പത്തികനില അത്ര വളരെ ഭദ്രമാണെന്നു വിചാരിക്കാൻ വളരെയൊന്നും ന്യായം കാണുന്നില്ല. മറെറാരു കാൎയ്യം എനിക്കു ഈ അവസരത്തിൽ പറയുവാനുള്ളതു് ഇതൊരു സമാധാനകാലത്തെ ബഡ്ജററാണെന്നുള്ള കാൎയ്യം നമ്മുടെ മന്ത്രിമാർ അത്ര വളരെ കാൎയ്യമായി പരിഗണിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. യുദ്ധകാലത്തു ഉണ്ടായിരുന്ന അനേകം ചെലവുകളും അത്യാവശ്യത്തിനുവേണ്ടയാണ് ഉണ്ടാക്കിയിട്ടുള്ളതു്. യുദ്ധകാലത്തു് പല വൻചെലവുകളും പല അനാവശ്യച്ചെലവുകളും ഒരു ഗവണ്മെൻറിനുണ്ടാവുക സാധാരണമാണ്. എന്നാൽ ആ പദ്ധതികളെല്ലാം സമാധാനകാലത്തു തുടർന്നുകൊണ്ടുപോകുന്നതു ശരിയല്ല. യുദ്ധകാലത്തേയും സമാധാനകാലത്തേയും ബഡ്ജററുകൾ തമ്മിൽ തീർച്ചയായും വളരെ വ്യത്യാസപ്പെട്ടിരിക്കേണ്ടതാണ്, യുദ്ധകാലത്തെ ബഡ്ജററിൽ എസ്റ്റാബ്ലിഷ്മെൻറു് ചെലവു് വളരെ

വർദ്ധിച്ചിരിക്കും. എന്നാൽ സമാധാനകാലത്തെ ബഡ്ജററിൽ അതു വളരെ കുറഞ്ഞിരിക്കേണ്ടതാണ് മാത്രമല്ല, നമ്മുടെ ഈ സമാധാന കാലത്തെ ബഡ്ജററിൽ സൃഷ്ടിപരമായ കാര്യങ്ങൾ വളരെ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്. നമ്മുടെ ബഡ്ജററുകൾ പരിശോധിക്കുന്നപക്ഷം ൧൧൧൮-ലും, ൧൧൧൯-ലും, ൧൧൨൦-ലും ഉള്ളതിനെക്കാളും വളരെ വർദ്ധിച്ചാണ് എസ്റ്റാബ്ലീഷ്മെൻറ ചെലവുകൾ കൊള്ളിച്ചിരിക്കുന്നത്. അതുകൊണ്ട് ഇതു് ഒരു സമാധാനകാലത്തെ ബഡ്ജററാണെന്നുള്ള കാര്യം മനസ്സിൽ വച്ചുകൊണ്ട് ഇതു പരിശോധിക്കുന്ന പക്ഷം ഇതു പൊതുജനങ്ങളെ സംതൃപ്തിപ്പെടുത്തുവാൻ പര്യാപ്തമാണെന്ന് പറയുവാൻ സാധിക്കുന്നതല്ല. അതുപോലെതന്നെ യുദ്ധകാലത്തു് മിലിട്ടറി, പോലീസ് എന്നീ വകുപ്പുകളുടെ ചെലവും കൂടാറുണ്ട്. അതു് സമാധാനകാലത്തു് കുറയേണ്ടതാണ്. ഇന്നാണെങ്കിൽ ഈ രാജ്യത്തു് ആഭ്യന്തരസമരത്തിൻെറയോ, യുദ്ധത്തിൻെറയോ യാതൊരു വിധമായ പ്രത്യാഘാതവുമില്ല. ഒരു സമാധാനകാലത്തെ ബഡ്ജററ് ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതികൾ സ്വീകരിച്ചുകൊണ്ടും അതിനുള്ള അത്യാവശ്യമായ മററു ചെലവുകൾ ഉൾപ്പെടുത്തിക്കൊണ്ടുമാണ് രൂപവൽക്കരിക്കേണ്ടിയിരുന്നതു്. മറെറാരുകാര്യം പറയുവാനുള്ളതു് ഈ ബഡ്ജററ് പരിശോധിക്കുന്നപക്ഷം മുൻകാലങ്ങളിലെ ബഡ്ജററിൽനിന്നും ഇതു് വ്യത്യസ്തമല്ലെന്നാണ് മനസ്സിലാവുന്നതു്. മുൻകാലങ്ങളിൽ ബഡ്ജററ് രൂപീകരിച്ച അതേ കൈകൾ തന്നെയാണ് ഈ ബഡ്ജററും രൂപീകരിച്ചിട്ടുള്ളതെന്ന് കാണുന്നതിന് പ്രയാസവുമില്ല. മുമ്പു ആരോ ഒരാൾ പറഞ്ഞതുപോലെ ഭാര്യ പഴയതുതന്നെങ്കിലും സാരിമാത്രം മാറി എന്ന വ്യത്യാസമേയുള്ളു. മുമ്പ് സിൽക്കുസാരി ആയിരുന്നതു ഇപ്പോൾ ഖദർസാരിയായി മാറിയിട്ടുണ്ടെന്നുള്ള വ്യത്യാസം മാത്രമേയുള്ളു. മുമ്പു രൂപീകരിച്ചിട്ടുള്ള ബഡ്ജററും ഇപ്പോഴത്തെ ബഡ്ജററും തമ്മിൽ മുൻപിലത്തെ ഗവണ്മെൻറും ഇപ്പോഴത്തെ ഗവണ്മെൻറും പോലെ വ്യത്യാസപ്പെട്ടിരിക്കേണ്ടതാണ്. അതു പ്രായോഗികമാക്കുവാൻ ഇനിയെങ്കിലും നമ്മുടെ ഗവണ്മെൻറ് ശ്രമിക്കുമെന്ന് വിശ്വസിക്കുന്നു. അതുപോലെതന്നെ വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളഇനത്തിൽ വലിയ കുറവു വരുത്തേണ്ടതായിരുന്നു. അതിനുള്ള പരിപാടികൾ സ്വീകരിച്ചുകാണുന്നില്ല. മന്ത്രിമാരുടെ ശമ്പളം എഴുനൂററിഅൻപതുരൂപ ആയിരിക്കെ മററുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഒരിക്കലും അതിൽ കൂടുതലായിരിക്കാൻ പാടില്ല. ഏററവും വലിയ ഉദ്യോഗസ്ഥൻെറ ശമ്പളം അഞ്ഞൂറുരൂപയിൽ കൂടുതൽ പാടില്ല. അതുപോലെതന്നെ താഴ്ന്നതരം ഉദ്യോഗസ്ഥന്മാരുടെ ശമ്പളം അല്പംകൂടി ഉയർത്തു

[Mr. Mohammed Mustafa]

കയും ചെയ്യേണ്ടതാണ്. ഇതിനൊന്നിനും പ്രൊവിഷൻ ഈ ബഡ്ജറ്റിൽ കാണുന്നില്ല. അതു കൂടി ചെയ്യേണ്ടതാണ്. മറ്റൊരു കാര്യം യുദ്ധകാലത്തെപ്പോലെ തന്നെ ഡയറക്ട് ടാക്സേഷൻ പദ്ധതി ഇപ്പോഴും സ്വീകരിച്ചുകാണുന്നു. ഇന്ന് സാധാരണ ജനങ്ങൾ ഈ ടാക്സേഷൻ മൂലം അനുഭവിച്ചുകൊണ്ടിരിക്കുന്ന വൈഷമ്യങ്ങൾ ചില്ലറയൊന്നുമല്ല. സാധാരണ ഒരാൾ പത്തുപന്ത്രണ്ടിനും ടാക്സ് കൊടുക്കേണ്ടതായിരുന്നുണ്ട്. അതായതു സാധാരണ ടാക്സ്, ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, ലൈസൻസ് ഫീസ് എന്നിങ്ങനെ പലതരം ടാക്സുകൾകൊണ്ട് സാമാന്യജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഒരു പദ്ധതി ഈ ബഡ്ജറ്റിലും സ്വീകരിച്ചുകാണുന്നു. ശരിയായ ഗഡുക്കളിൽ കരം കെട്ടിവയ്ക്കുന്നതു ഒരാളിന്റെ കർശനമായ ചുമതലയാണ്. വല്ല കാരണവശാലും അയാൾക്കു അതു ശരിയായി അടയ്ക്കാൻ സൗകര്യപ്പെട്ടില്ലെങ്കിൽ അയാൾ വല്ലാത്ത വൈഷമ്യം അനുഭവിക്കുന്നുണ്ട്. അതിനാൽ ആദായം വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്കു ഫലപ്രദമായ രീതിയിൽ കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനും ഈ മാതിരിയുള്ള ടാക്സേഷൻ സമ്പ്രദായം വെടിഞ്ഞു് മറ്റു വല്ല മാർഗ്ഗവും അന്വേഷിക്കേണ്ടതാണെന്നു് ഞാൻ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. നമുക്കു് പല കാര്യങ്ങളും ആ വിധത്തിൽ സാധിക്കും. അതായതു് മിനറൽസ് സർവെ, ഫോറസ്റ്റുസർവെ ഇതൊക്കെ നടത്തി ആ വിധത്തിൽ ആദായം ഉണ്ടാക്കുകയും ഫാക്ടറി മുതലായവകൾ മുഖാന്തിരം അങ്ങനെയും ആദായം ഉണ്ടാക്കുകയും മറ്റും ചെയ്തു് നമ്മുടെ റവന്യൂ വർദ്ധിപ്പിക്കാവുന്നതാണ്. വേറൊന്നു പറയാനുള്ളതു നമ്മുടെ ഗവണ്മെന്റിനെ പല വിധത്തിൽ അഭിനന്ദിക്കേണ്ടതായിട്ടുണ്ട്. അതായതു്, മദ്യനിരോധനം, നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം, മെഡിക്കൽ കാളേജ് ഇവയെല്ലാമൊക്കെ ഈ ബഡ്ജറ്റിൽ പ്രൊവിഷൻ കാണുന്നുണ്ട്. എന്നാൽ അതേ സമയംതന്നെ അരിവില വർദ്ധിപ്പിക്കുകയും സെയിൽസ് ടാക്സ് മുതലായ മറ്റു കരങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തതു് പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ഭാരമേറിയ ചുമതലകളായിട്ടാണ് വന്നിരിക്കുന്നതു്. സമയം തീർന്നിരിക്കുന്നതുകൊണ്ടു് ഇനിയും പല കാര്യങ്ങളും പറയാനുണ്ടെങ്കിലും അതൊന്നും പറയുന്നില്ല. ഇത്രയും പറഞ്ഞുകൊണ്ടു് തൽക്കാലം വിരമിച്ചുകൊള്ളുന്നു.

MR. T. K. NARAYANA PILLAI (*Parur II—General*): സർ, ധനകാര്യമന്ത്രി ഈ സഭയുടെ സ്വീകരണത്തിനായി അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റ് ഒരു മിച്ച ബഡ്ജറ്റാണോ അതല്ല, ഒരു ഡെഫിസിറ്റ് ബഡ്ജറ്റാണോ

എന്നുള്ള വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനോ ഏതാനും കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഈ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി അത്ര സുരക്ഷിതമല്ലെന്ന് സ്ഥാപിച്ച് ഈ രാജ്യത്തെപ്പററി അന്യരാജ്യങ്ങളിലുള്ള ക്രെഡിററ നശിപ്പിക്കുന്നതിനുള്ള ഉദ്യമത്തിൽ വ്യാപരിക്കുന്നതിനോ ഞാൻ തൽക്കാലം ശ്രമിക്കുന്നില്ല. ഈ ബഡ്ജററ് ഡെഫിസിററാണെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെയും, ഈ ബഡ്ജററുകൊണ്ട് എത്ര ഗുണം കിട്ടുമെന്ന് മാത്രമേ നമുക്ക് തൽക്കാലം ആലോചിക്കേണ്ടതായിട്ടുള്ളു. ഒരു രാജ്യത്തിന്റെ ചെലവ് എത്രയാണെന്ന് ആദ്യമായി തിട്ടപ്പെടുത്തുകയും അങ്ങിനെ വേണ്ടിവരുന്ന ചെലവിലേയ്ക്കു ആവശ്യമായ ധനാഗമമാർഗ്ഗങ്ങളെപ്പററി ചിന്തിക്കുകയും അവയെ നടപ്പിൽവരുത്തുകയും ആണ് എല്ലാ പരിഷ്കൃതരാജ്യങ്ങളിലും പബ്ലിക്ക് ഫൈനൻസ് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നയം. ആ സ്ഥിതിക്കു ഇതു് ഒരു ഡെഫിസിററ ബഡ്ജററാണെങ്കിൽത്തന്നെ ആ വിധത്തിൽ അതിനെക്കുറിച്ച് എന്തെങ്കിലും പറയത്തക്കതായി തോന്നുന്നില്ല. നേരേമറിച്ചു ഡെഫിസിററ് ബഡ്ജററിൽതന്നെ, രാജ്യത്തിന് പൊതുവെ പുരോഗമനപരമായിട്ടുള്ള മാർഗ്ഗത്തിൽ വേണ്ടത്ര ചെലവുചെയ്യുന്നതിനുള്ള വ്യവസ്ഥകൾ അതിലുണ്ടോ എന്നുള്ളതിനെ അടിസ്ഥാനമാക്കി മാത്രമാണു നാം ഇതിനെ വീക്ഷിക്കേണ്ടതും പരിചിന്തിക്കേണ്ടതും. ഒരു ബഡ്ജററ് സാധാരണക്കാരന്റെ ബഡ്ജററാണോ (ordinary man's budget) ദരിദ്രലക്ഷങ്ങളുടെ ജീവിതഭാരം ലഘൂകരിക്കുന്നതിനും ഗ്രാമങ്ങളിൽ വസിക്കുന്ന സാധുജനങ്ങളുടെ ഇരുളടഞ്ഞ ജീവിതത്തിന് അല്പമെങ്കിലും വെളിച്ചം നൽകുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണോ പ്രത്യുൽപ്പാദനകരങ്ങളായ (റീ പ്രൊഡക്ററീവ്) സംരംഭങ്ങളെ നടപ്പിൽവരുത്തുന്നതിനും പുലർത്തുന്നതിനും പര്യാപ്തമായ നടപടികൾ ആസൂത്രണം ചെയ്യുന്ന തരത്തിലുള്ളതാണോ എന്നുള്ള മാനദണ്ഡത്തെ അടിസ്ഥാനമാക്കിയാണോ ബഡ്ജററ് രൂപവൽക്കരിച്ചിരിക്കുന്നതു്. എന്നാണ് നാം പരിചിന്തനം ചെയ്യേണ്ടതു്. അങ്ങനെയാണെങ്കിൽ ഈ ബഡ്ജററ് നിരാശാജനകമാണെന്ന് പറയുവാൻ നിവൃത്തിയില്ല. ചില കുറവും കുററങ്ങളും ഈ ബഡ്ജററിനും ഉണ്ടെന്ന് ഞാനും സമ്മതിക്കുന്നു. എന്നാൽ ഒരു മൌലികമായ വ്യത്യാസം, മററു ബഡ്ജററുകളിൽനിന്നും ഈ ബഡ്ജററിന് ഞാൻ കാണുന്നുണ്ട്. തിരുവിതാംകൂറിലെ ൮൦ ശതമാനം ആളുകളും ഗ്രാമങ്ങളിലാണ് നിവസിക്കുന്നതെന്നും തിരുവിതാംകൂറിന്റെ ഭാവി ഈ ഗ്രാമങ്ങളുടെ സുസ്ഥിതിയെ ആശ്രയിച്ചാണിരിക്കുന്നതെന്നും അതിനാൽ തിരുവിതാംകൂറിന്റെ പുരോഗതിക്ക് ഗ്രാമോദ്ധാരണം അത്യന്താപേക്ഷി

[Mr. T. K. Narayana Pillai.]

തമാണെന്നും ഗ്രാമങ്ങളിലെ ജീവിതത്തെ സ്വൈരമാക്കിയാൽ മാത്രമേ സമാധാനജീവിതം കൈവരികയുള്ളു എന്നുമുള്ള ഈ അടിസ്ഥാനതത്വം ഈ ബഡ്ജറ്റ് അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഗ്രാമോദ്ധാരണത്തിന് ഒരു വർദ്ധിച്ച തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടുമുണ്ട്. ഗ്രാമപഞ്ചായത്തുബിൽ ഈ സഭയിൽ പാസാക്കി അതുമൂലം ഗ്രാമങ്ങളിൽ സ്വയംഭരണം ആരംഭിക്കുന്നതിനുള്ള ഒരു നടപടി ഇന്നത്തെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്നുള്ളതും പ്രശംസാർഹമായ ഒരു കാര്യമാണ്. സർ, ഈ ബഡ്ജറ്റിനെപ്പറ്റി കൂടുതൽ വിമർശനം ചെയ്യണമെന്നു തോന്നുന്നില്ല. കാരണം അതുകൊണ്ട് പ്രത്യേകമായി യാതൊരു ഗുണവും ജനങ്ങൾക്കു സിദ്ധിക്കുവാൻ പോകുന്നില്ല. എന്നാൽ കാര്യങ്ങളുടെ നടത്തിപ്പിനു ചില നിർദ്ദേശങ്ങൾ നൽകാമെന്നു ഉദ്ദേശിക്കുന്നു. പ്രധാനമായി ഇന്നു തിരുവിതാംകൂറിനെ അഭിമുഖീകരിച്ചിരിക്കുന്ന രണ്ടു ജീവൽപ്രശ്നങ്ങൾക്കു എന്തെങ്കിലും പരിഹാരം കണ്ടുപിടിച്ചില്ലെങ്കിൽ അതു സാധുജനങ്ങളെ ഗൗരവമായി ബാധിക്കുന്നതായിരിക്കും. അതിൽ ഒന്ന് ഭവനനിർമ്മാണപദ്ധതിയാണ്. രണ്ടാമത്തേ തിരുവിതാംകൂറിലെ ഒരു ശതമാനം ആളുകൾക്കു കുടിയേറിപ്പാർക്കുന്നതിനു വാസസ്ഥലം ഇല്ലാതിരിക്കുന്നതിനു സ്ഥിരമായ ഒരു പരിഹാരം ഉണ്ടാക്കുകയാണ്. ഇതിലേയ്ക്കു ഗവൺമെന്റിന്റെ ലാൻഡ് പോളിസി എന്താണെന്ന് പ്രഖ്യാപനം ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇങ്ങനെയുള്ള ഭവനനിർമ്മാണപദ്ധതികൾ ഇൻഡ്യൻ യൂണിയനിൽ എന്നല്ല, മദ്രാസ് പ്രവിശ്യയിൽ മാത്രമല്ല മൈസൂറിലുംതന്നെ നടപ്പിൽ വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിരിക്കുന്നു. കൂടാതെ ഒരു ദശവത്സരപദ്ധതികൊണ്ട് തിരുവിതാംകൂറിൽ ആകമാനം വീടില്ലാതിരിക്കുന്നവർക്ക് വീടുണ്ടാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതി ഈ ബഡ്ജറ്റിൽ ആസൂത്രണം ചെയ്യേണ്ടതായിരുന്നു. അല്ലെങ്കിൽ അതിനുള്ള പ്രാരംഭനടപടിയെങ്കിലും ഗവൺമെന്റ് ഈ ബഡ്ജറ്റിൽ സ്വീകരിക്കേണ്ടതായിരുന്നു എന്നാണു എന്റെ വിനീതമായ അഭിപ്രായം. ഇന്ന് ഇൻഡ്യൻ യൂണിയനിലും മററു പ്രാവിൻസുകളിലും സാധുമനുഷ്യരുടെ കഷ്ടപ്പാടുകൾ പരിഹരിക്കുന്നതിനും മററുമായി സെമിന്ദാരിബിൽ അവതരിപ്പിച്ച് ഇടിഞ്ഞുപൊളിഞ്ഞ പഴയ സെമിന്ദാരി സിസ്റ്റം ഇല്ലാതാക്കുകയാണ് ചെയ്തിട്ടുള്ളത്. വളരെ വളരെ കാലങ്ങളായി ഗവൺമെന്റിന്റെ ലാൻഡ് പോളിസി വ്യക്തമാക്കണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ടിരുന്നിട്ടും അതു ഗവൺമെന്റ് ശ്രദ്ധിച്ചുകാണുന്നില്ല. അതിനു പ്രധാനമന്ത്രി ഇപ്പോൾ ഉന്നയിച്ച വാദം അടിസ്ഥാനരഹിതമാണെന്ന് ഞാൻ പറയുന്നുമില്ല. എന്നാൽ ഇതിന് ഒരു പരിഹാരം ഉണ്ടാക്കേണ്ടതു് അത്യന്താപേക്ഷി

തമാണ്. ഒരു എക്കണോമിക്ക് സർവെ നടത്തി ഒരു പ്ലാനിങ് കമ്മി ററിയെ ഈ കാര്യത്തിലേക്കായി നിയോഗിക്കണം അങ്ങനെയാണെങ്കിൽ ഗവണ്മെൻറിൻെറ ലാൻഡ് പോളിസിയെ സംബന്ധിച്ച് നിശ്ചിതമായ ഒരു നയം പ്രഖ്യാപനം ചെയ്യുന്നതിന് സാധിക്കുമെന്നാണ് എനിക്കു തോന്നുന്നത്.

The House adjourned for lunch at 12-30 P. M. and met again at 2-30 P. M. with the President (the Hon'ble Mr. A. J. John) in the Chair.

MR. T. K. NARAYANA PILLAI : സർ, ഞാൻ ഭവനനിർമ്മാണ പദ്ധതിയെപ്പററിയാണ് സംസാരിച്ചുകൊണ്ടിരുന്നത്. അപ്പോഴേക്കുംതന്നെ സഭ പിരിഞ്ഞതുകൊണ്ട് എൻെറ പ്രസംഗം നിറുത്തേണ്ടിവന്നു. ഇപ്പോഴും ഞാൻ ആ വിഷയത്തെക്കുറിച്ച് ഒന്നുരണ്ടു കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ആഗ്രഹിക്കുന്നു. സർ, ഭവനരഹിതരായ അനേകം സാധുജനങ്ങൾ തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിലും താമസിക്കുന്നുണ്ടെന്നുള്ള വസ്തുത നമുക്കെല്ലാവർക്കും അറിയാവുന്നുള്ളതാണ്. ഇതിൻെറ ഫലമായിട്ടു തിരുവിതാംകൂർ സഹകരണ ഇൻസ്റ്റിററ്യൂട്ടിൽനിന്നും ഭവനനിർമ്മാണ പദ്ധതിയെപ്പററി പാസാക്കിയിട്ടുള്ള പ്രമേയങ്ങൾ ഗവണ്മെൻറിൻെറ സത്വരശ്രദ്ധയിൽ പെടണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഗവണ്മെൻറിൻെറ ഇപ്പോഴത്തെ സാമ്പത്തികസാദ്ധ്യതകളെപ്പററി എനിക്കു നല്ല നിശ്ചയമില്ലെങ്കിലും അതിപ്രധാനവും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമായ ഈ പദ്ധതി കഴിയുന്നതും വേഗത്തിൽ നടപ്പിൽ വരുത്തുന്നത് ന്യായത്തിൻെറ പേരിൽ, ധർമ്മത്തിൻെറ പേരിൽ, സാധുക്കളോടു ചെയ്യുന്ന മഹൽ കൃത്യമായിരിക്കും. അതിനുവേണ്ടി ഭൂമി സംബന്ധിച്ച് ഗവണ്മെൻറു ധീരമായ ഒരു നയം സ്വീകരിക്കേണ്ടതു ഏററവും അത്യാവശ്യമാണ്. അതോടുകൂടി സ്വകാര്യസ്വത്തുടമയുടെ പരിധി നിർണ്ണയിക്കയും സ്വകാര്യസ്വത്തുടമയെ നിയന്ത്രിക്കയും ക്രമപ്പെടുത്തുകയും ചെയ്യേണ്ടതിൻെറ അത്യാവശ്യകതയും ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. നമ്മുടെ രാജ്യം വ്യവസായീകരിക്കുന്നതിനും ഉല്പാദനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള നയം എന്താണെന്നും അതു സാധിതപ്രായമാക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ള പ്രവർത്തനപരിപാടികൾ എന്തെല്ലാമാണെന്നും ഉള്ളതിനെപ്പററി പൊതുജനങ്ങളുടെ ഇടയിൽ യാതൊരറിവും ഇതുവരെ നൽകിയിട്ടില്ല. നമ്മുടെ രാജ്യത്തു കുടിൽവ്യവസായങ്ങൾ ധാരാളം

[Mr. T. K. Narayana Pillai]

ഉണ്ട്. എന്നാൽ ആ കുടിൽ വ്യവസായങ്ങൾ പോഷിപ്പിക്കുന്നതിനും അതിന്റെ സാദ്ധ്യതകൾ എന്തെല്ലാമാണെന്നും വലിയ മൂലധനമാവശ്യമില്ലാത്തതും എന്നാൽ ആദായകരമായതുമായ കുടിൽവ്യവസായങ്ങൾ ഏതെല്ലാമാണെന്നും അതു് പ്രായോഗികമാകുന്നതു് എങ്ങിനെയാണെന്നും മററും വിജ്ഞാനപ്രദമായ യാതൊരറിവും വ്യവസായക്കാർക്ക് ഗവണ്മെന്റ് മുഖേന നൽകുന്നില്ല. നമ്മുടെ രാജ്യത്തെ കുടിൽവ്യവസായത്തെ പരിപുഷ്ടമാക്കുന്നതിനുള്ള വിഭവങ്ങൾ ധാരാളം ഉണ്ട്. എന്നാൽ രാജ്യത്തെ അടിയന്തിരാവശ്യങ്ങളെ പരിഗണിച്ച് അധികൃതന്മാർ രാജ്യക്ഷേമകരമായി വേണ്ടതു് എപ്പോഴെല്ലാം പ്രവർത്തിക്കേണ്ടതാണ്. ഈ ആവശ്യങ്ങൾക്കായിട്ടാണ് ഒരു ഇക്കണോമിക് സർവെ ആൻഡ് പ്ലാനിംഗ് കമ്മിററി നിയമിക്കണമെന്നു ഞാൻ ആവശ്യപ്പെടുത്. ഇന്നു തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരെപ്പററി പല പരാതികളും പ്രചരിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. അവരുടെ അനാശാസ്യമായ പ്രവൃത്തികളും അനാസ്ഥയും കാരണം പൊതുജനങ്ങൾക്കു സാരമായ കഷ്ടനഷ്ടങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഇന്നു സാധുജനങ്ങൾപോലും വിശ്വസിച്ചുവരുന്ന ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയെ ഇല്ലാതാക്കത്തക്കവണ്ണം ഉള്ള ഒരു വ്യവസ്ഥ കഴിയുന്നതുംവേഗത്തിൽ നടപ്പിൽ വരുത്തേണ്ടതാകുന്നു. അതിലേക്കു ഒരു കമ്മിഷനെ നിയമിക്കണം. അതായതു് ന്യായബോധവും സദാചാരബുദ്ധിയും കൃത്യനിഷ്ഠയും ഉള്ള മൂന്നുനാലുപേർ അടങ്ങിയ ഒരു ആന്റി കറപ്ഷൻ കമ്മിററിയെ നിയമിച്ചാൽ നമ്മുടെ രാജ്യത്തു നടമാടിക്കൊണ്ടിരിക്കുന്ന അഴിമതിക്കും കൈക്കൂലിക്കും സാരമായ വ്യത്യാസം വരുകയും തന്മൂലം പൊതുജനങ്ങളുടെ ഇടയിൽ ഉളവായിക്കൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരെപ്പററിയുള്ള അവജ്ഞതയെ നീക്കുകയും ചെയ്യുന്നതാണ്. എനിക്ക് ഒരു കാര്യംകൂടി പറയണമെന്നു ആഗ്രഹമുണ്ട്. ഉദ്യോഗകാര്യമാണ് ഈ രാജ്യത്തിലെ സമുദായങ്ങൾ തമ്മിൽ ഉള്ള അകൽച്ചയും മാത്സര്യങ്ങളും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതു്. തന്നിമിത്തം സമുദായമത്സരം പൊതുജനങ്ങളുടെ ഇടയിൽ പടർന്നുപിടിക്കുന്ന ഒരു രോഗമായി തീർന്നിരിക്കുന്നു. അതുകൊണ്ടു ഉദ്യോഗവിതരണകാര്യത്തിൽ മൂന്നോ നാലോ അംഗങ്ങളടങ്ങിയ ഒരു പബ്ലിക് സർവീസ് കമ്മിഷൻ എത്രയും വേഗത്തിൽ നടപ്പിൽ വരുത്തേണ്ടതാണ്. ഇൻഡ്യാഗവണ്മെന്റിലും മററു പല ഗവണ്മെന്റുകളിലും നിയമനം നടത്തുന്നതിനുവേണ്ടി സർവീസ് കമ്മിഷൻ ഉണ്ട്.

സകല ഉദ്യോഗങ്ങളും അവർതന്നെ നടത്തുന്നു. എന്നാൽ തിരുവിതാംകൂർ രാജ്യത്തിൽ ഒരു സർവീസ് കമ്മീഷണർ ഉണ്ട്. അദ്ദേഹത്തിന്റെ നിയമനാധികാരപരിധി വളരെ പരിമിതമാണു. ഹൈക്കോടതി, മിലിട്ടറി മുതലായ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗംകൂടി സർവീസ് കമ്മീഷണരുടെ നിയന്ത്രണത്തിൽ ഉൾപ്പെടുത്തിയിരുന്നെങ്കിൽ നിയമനകാര്യങ്ങളിൽ മന്ത്രിമാർക്കുള്ള വിഷമതകൾ കുറയുമായിരുന്നു. എന്നാൽ പബ്ലിക്ക സർവീസ കമ്മീഷനെപ്പറ്റി യാതൊരു വ്യവസ്ഥയും ബഡ്ജററിൽ ചെയ്തുകാണാത്തതിൽ ഖേദിക്കയും ബഹുമാനപ്പെട്ട പ്രധാനമന്ത്രി എത്രയും വേഗത്തിൽ അതിനു വേണ്ട വ്യവസ്ഥ ചെയ്യുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു. ഇതേ ഉദ്ദേശിച്ചുതന്നെ ഒരു പേ കമ്മീഷനെ നിയമിക്കേണ്ടതും അത്യാവശ്യമാണു. standardisation of salaries-ഉം വ്യയന്യൂനീകരണം ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനു അതിന്റെ നിർദ്ദേശങ്ങൾ സഹായകമായിരിക്കും. മററൊരു സംഗതി എനിക്ക് പറയുവാനുള്ളതു കുടിയിറക്കലിനെപ്പററിയാണ്. ഈ കുടിയിറക്കൽ നിർത്തിവെക്കാതെ തിരുവിതാംകൂറിൽ ഇന്നത്തെ നവധി അനുഭവങ്ങൾ ഉരന്തരരീതിയിൽ തള്ളപ്പെടുന്നു എന്നുള്ളതു നാം വിസ്മരിക്കത്തക്ക ഒരു കാര്യമല്ല. പെട്ടെന്നു ഇതിനൊരു പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയില്ലായിരിക്കാം. അതിനായി ഒരു നിയമം ഉണ്ടാക്കുന്നതിൽ പല പ്രതിബന്ധങ്ങളും ഉണ്ടായേക്കാം. ഒരു നിയമംതന്നെ പെട്ടെന്നുണ്ടാക്കിയില്ലെങ്കിലും ഈ നിയമസഭയിലെ അനുമതിയോടുകൂടി എന്തെങ്കിലും ആർഡിനൻസോ മററോ ഉണ്ടാക്കി കുടിയിറക്കലിനു തൽക്കാലമെങ്കിലും ഒരു പരിഹാരം വരുത്തേണ്ടതു അത്യാവശ്യമാണ്. കൊച്ചി രാജ്യത്തു നടപ്പിലിരുന്ന കുടിയിറക്കു കേസുകളിലെല്ലാംതന്നെ മേലാൽ ഒരു നടപടിയും നടത്താതെ വ്യവസ്ഥ ചെയ്തു. അതിനു ഒരു രാജകീയവിളംബരംതന്നെ ഉണ്ടായി. അതുപോലെ ഇവിടെയും നടപടികൾ കൈക്കൊള്ളുന്നതു നന്നായിരിക്കും. ഈ ഘട്ടത്തിൽ ഒരു കാര്യം എനിക്കു പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുണ്ട്. ഇവിടെ ഒരു ക്യാബിനററ് സെക്രട്ടറിയററ് ഏർപ്പെടുത്തുന്നതിനെക്കുറിച്ചാണ്. അങ്ങിനെ ഒരു ക്യാബിനററ് സെക്രട്ടറിയററ് ഏർപ്പെടുത്തുകയും അതിൽനിന്നും വിഭിന്നമായ ഒരു പെർമനന്റ് സെക്രട്ടറിയററ് സ്ഥാപിക്കുകയും ചെയ്യുന്നതുകൊണ്ടു മാത്രമേ ഭരണകാര്യനിർവഹണം സുഗമമായിരിക്കൂ എന്നു എനിക്കു നിശ്ചയമായി പറയുവാൻ കഴിയും. ഡെമോക്രസി—അതായതു ജനകീയഭരണം ഉള്ള എല്ലാ രാജ്യങ്ങളും

[Mr. T. K. Narayana Pillai]

ക്യാബിനററ് സെക്രട്ടറിയേററ് സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ ഒരു ക്യാബിനററ് സെക്രട്ടറിയേററ് ഇവിടെ സ്ഥാപിക്കുകയും ഏററവും ഊർജ്ജസ്വലതയോടുകൂടി അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്യുന്നതായാൽ രാജ്യത്തുള്ള സകല ജനങ്ങളുടെയും സകലവിധമായ അവശതകളെയും പരിഹരിക്കുന്നതിന് പര്യാപ്തമാകുമെന്ന് എനിക്കു നിശ്ചയമായി പറയാൻ കഴിയും. സർ, നമ്മുടെ ഇന്നത്തെ സെക്രട്ടറിയേററിൽ കുറെ അധികം ഉദ്യോഗസ്ഥന്മാർ ഉണ്ട്. നിരുത്തരവാദികളായ ചില ഉദ്യോഗസ്ഥന്മാർ അവിടെ ഇരുന്നുകൊണ്ട് പത്രങ്ങൾക്ക് ലേഖനങ്ങൾ എഴുതുകയാണ് ചെയ്യുന്നത്. ഇതു് രാജ്യത്തോടുള്ള അവരുടെ ചുമതല എത്രത്തോളം നിർവഹിക്കുന്നുണ്ടെന്നു തെളിയിക്കുന്നുണ്ട്. ഈ ദുഷിച്ച ഏർപ്പാടുകളെ ഇവിടെനിന്നും ഉന്മൂലനം ചെയ്യേണ്ടതു് ഏററവും അത്യാവശ്യമാണെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിമാരെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. വേറൊരു കാര്യം എനിക്കു പറയുവാനുള്ളതു് ഈയിടെ ഉണ്ടായ അരിയുടെ വിലവർദ്ധനവിനെപ്പററിയാണ്. ഉള്ള റേഷൻകൂടി വാങ്ങിക്കാൻ ചക്രമില്ലാതെ വിഷമിക്കുന്ന സാധുജനങ്ങൾ അരിവിലകൂടി വർദ്ധിച്ചപ്പോൾ അനുഭവിക്കുന്ന വിഷമതകൾ എത്രയാണെന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. പക്ഷെ വിലകൂട്ടിയതിന് മതിയായ കാരണങ്ങൾ ഗവണ്മെന്റിനു ഉണ്ടായിരിക്കാം. എന്നിരുന്നാലും സാധുജനങ്ങളുടെ നിത്യജീവിതത്തെ സ്പർശിക്കുന്ന ഒരു പ്രശ്നമായതുകൊണ്ട് അവരുടെ ഇടയിൽ അസംതൃപ്തിക്കും അസമാധാനത്തിനും ഇടയായിട്ടുണ്ടു എന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. അടുത്ത ഭാവിയിൽതന്നെ എന്തെങ്കിലും പരിഹാരമാർഗ്ഗം ഇതിനുണ്ടാക്കണമെന്നും ഞാൻ ഗവണ്മെന്റിനെ ഉൽബോധിപ്പിക്കുന്നു. ഫുഡ് ഡിപ്പാർട്ടുമെന്റിനെപ്പററി ഇപ്പോൾ ഞാൻ ഒന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും ജനപ്രതിനിധി എന്ന നിലയിൽ എനിക്കു പറയുവാനുള്ളതു് സാധുക്കൾക്കെങ്കിലും അതായതു് ദാരിദ്ര്യം അനുഭവിച്ചുകൊണ്ടിരിക്കുന്ന സാധുക്കൾക്കെങ്കിലും അരിയുടെ വില കുറച്ചുകൊടുക്കാൻ സാധിക്കുമെങ്കിൽ അതു് ഗവണ്മെന്റ് അവരോട് ചെയ്യുന്ന ധർമ്മം മാത്രമായിരിക്കുമെന്നാണ്. ഇതിൽ ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കുമെന്നു വിശ്വസിച്ചുകൊണ്ട് പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. V. O. MARKOSE (*Kottayam II—General*): സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവർകൾ ഈ സഭയുടെ അംഗീകാരത്തിന സമർപ്പിച്ചിട്ടുള്ള ബഡ്ജറ്റിൻെറ രൂപീകരണത്തിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. അങ്ങിനെ ഞാൻ അഭിനന്ദിക്കുന്നതു് ഈ ബഡ്ജററ ഒരു സർപ്ലസ് ബഡ്ജറ്റായതുകൊണ്ടല്ല. എന്താണെന്നുവെച്ചാൽ എൻെറ മാന്യ സ്നേഹിതൻ മി. ടി. കെ. നാരായണപിള്ള പറഞ്ഞതുപോലെ ബഡ്ജററിൻെറ നന്മയെയോ തിന്മയെയോ അളക്കുന്നതിനുള്ള മാനദണ്ഡം, അതു് ഒരു ഡഫിസററ് ബഡ്ജററാണോ അല്ലെങ്കിൽ ഒരു സർപ്ലസ് ബഡ്ജററാണോ എന്നുള്ളതല്ല. ഇന്നത്തെ പരിതസ്ഥിതികൾക്കനു യോജ്യമായി വിപ്ലവാത്മകമായ ഒരു ബഡ്ജററാണു അതെന്നോ നാട്ടുകാരോടു നാം ചെയ്തിട്ടുള്ള വാഗ്ദത്തങ്ങൾക്കനുരൂപമായി പുരോഗമനപരമായ ഒരു ബഡ്ജററാണു അതെന്നോ ഞാൻ വിചാരിക്കുന്നതുകൊണ്ടുമല്ല ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ അഭിനന്ദിക്കുന്നതു്. പ്രത്യുത കഴിഞ്ഞ പത്തു പതിനഞ്ചു കൊല്ലങ്ങളായി സംശയാതീതമല്ലാത്ത സമ്പ്രദായത്തിൽ ഈ രാജ്യത്തു നടന്നുവന്ന സ്വേച്ഛാഭരണത്തിനുശേഷം അതിൽനിന്നുളവിച്ച അതിതവ്യയങ്ങൾക്കും, Budget manipulations—നും, താറുമാറുകൾക്കും ശേഷം, സ്ഥിതിഗതികൾ ശരിയായി പഠിക്കുന്നതിനോ, പരിഷ്കരിക്കുന്നതിനോ, പുതിയരൂപം ആലോചിച്ചുണ്ടാക്കുന്നതിനോ വേണ്ട സമയവും സൗകര്യവും ലഭിക്കുന്നതിനു മുമ്പായിത്തന്നെ, ഇന്നത്തെ രാഷ്ട്രീയസാമ്പത്തികപരിത സ്ഥിതിയിലും സർവ്വത്ര കുഴഞ്ഞ രാജ്യത്തെ ക്ലേശസ്ഥിതിയിലും ഇതുപോലെയുള്ള ഒരു ബഡ്ജറ്റെങ്കിലും രൂപീകരിക്കുന്നതിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കു സാധിച്ചതിലാണു് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നതു്. ഈ പ്രത്യേക പരിതഃസ്ഥിതികളിൽനിന്നുവിട്ടു, ആലോചിക്കുന്നപക്ഷം ഇപ്പോൾ പരിചിന്തനത്തിലിരിക്കുന്ന ബഡ്ജററിൻെറ ന്യൂനതകളെപ്പററിയോ, പ്രയോജനപ്രദമായി അതിൽ വരുമായിരുന്ന വ്യത്യാസങ്ങളെപ്പററിയോ ഈ അവസരത്തിൽ ചർച്ചചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല.

അതുപോലെതന്നെ എൻെറ ബഹുമാന്യ സ്നേഹിതൻ മി. ജോസഫ് മാളിയേക്കൽ വിശദമായി ഇവിടെ വിവരിച്ചു കാണിച്ച വിധത്തിൽ ഭീമമായ കറവുകൾ വന്നിട്ടുള്ള നമ്മുടെ സ്ഥിരമായ ആസ്തികളുടെ തിരോധാനത്തെ സംബന്ധിച്ചോ, അതിനുള്ള കാരണങ്ങളെ സംബന്ധിച്ചോ, ഗവണ്മെൻറിൽനിന്നും കൊടുത്തിരിക്കുന്ന കടങ്ങളുടെ പലിശവകയിൽ ഇതിനുമുമ്പു് ഉള്ള ബഡ്ജററും ഇപ്പോഴത്തെ ബഡ്ജററും

[Mr. V. O. Markose]

തമ്മിൽ താരതമ്യപ്പെടുത്തി നോക്കുമ്പോൾ കാണുന്ന വ്യത്യാസങ്ങളുടെ കാരണങ്ങളെ സംബന്ധിച്ചോ, നാൺവോട്ടബിൾ അയിറ്റങ്ങളിൽ കാണുന്ന പരിഭ്രമജനകമായ ചില ചെലവുകളെ സംബന്ധിച്ചോ, ഈ അവസരത്തിൽ വിമർശിച്ചതുകൊണ്ടും പ്രയോജനമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. കഴിഞ്ഞ അവസരത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി തന്നെ പറഞ്ഞിട്ടുള്ളതുപോലെ നാം ഇപ്പോൾ ഇവയുടെ ചരിത്രത്തിലേക്കു പ്രവേശിക്കുന്നതുകൊണ്ടു സ്ഥായിയായ പ്രയോജനം ഉണ്ടാകുകയില്ലായിരിക്കാം. എന്നാൽ ഒരു ജനകീയഭരണം ഏർപ്പെടുത്തിയിരിക്കുന്ന ഈ ഘട്ടത്തിൽ നമ്മുടെ ഭരണമേധാവികളായ ബഹുമാനപ്പെട്ട മന്ത്രിമാരോടു ഇതു സംബന്ധിച്ച് എനിക്കു പറയുവാനുള്ളത് അവർ ഇതിനുമുമ്പ് ജനങ്ങളോടു പല ഉറപ്പും വാഗ്ദാനം ചെയ്തിട്ടുള്ളതുപോലെ ഈ വക കാര്യങ്ങളെപ്പറ്റി അവർതന്നെ ശരിയായി അന്വേഷണം നടത്തേണമെന്നാണ്. ഇതിന്റെ കാരണങ്ങൾ കണ്ടുപിടിക്കുകയും ഇതിന്റെ കാരണങ്ങളെ സംബന്ധിച്ച് എന്തെങ്കിലും ചെയ്യാമെങ്കിൽ അതു ചെയ്യുകയും അങ്ങനെ ജനങ്ങളുടെ ഉൽക്കണ്ഠയെ ശമിപ്പിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്. അതോടൊപ്പംതന്നെ ഈ രാജ്യത്തെ ശാശ്വതമായ താല്പര്യങ്ങൾക്ക് വിഘാതം വരാത്ത വിധത്തിൽ ഇതു സംബന്ധിച്ചുള്ള വിവരം എത്രത്തോളം പൊതുജനങ്ങളെ മനസ്സിലാക്കുവാൻ സാധിക്കുമോ അത്രത്തോളം മനസ്സിലാക്കിക്കൊടുക്കുന്നതും നല്ലതാണ്. സർ സി പി. രാമസ്വാമിഅയ്യരുടെ കാലത്തുപോലും അദ്ദേഹം പലപ്പോഴും ജനപ്രതിനിധികളോടു I am taking you into my confidence എന്നു പറഞ്ഞു ചിലതു പറയുന്നതു കേട്ടിട്ടുണ്ട്. തീർച്ചയായിട്ടും അതിൽകവിഞ്ഞ നിലയിൽ നമ്മുടെ മന്ത്രിമാർക്ക് ഈ രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങൾക്കു ഹാനിവരാത്ത വിധത്തിൽ, ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, ആവശ്യമുള്ളിടത്തോളം മാത്രം വിവരങ്ങളെങ്കിലും, ജനങ്ങളെ മനസ്സിലാക്കുവാൻ സാധിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഒരുപക്ഷെ അതു് ജനങ്ങളും ഗവൺമെന്റും തമ്മിലുള്ള സമ്പർക്കത്തെ ശരിയായി പുലർത്തിക്കൊണ്ടുപോകുന്നതിനും, ജനങ്ങൾക്കു ഗവൺമെന്റിനോടുള്ള വിശ്വാസത്തെ വർദ്ധിപ്പിക്കുന്നതിനും സഹായകമായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

അങ്ങനെ പൂർവ്വചരിത്രങ്ങളിലേക്കു കടക്കാതെ, ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുള്ള ചില പ്രധാന ഇനങ്ങളേയും തുകകളേയും സംബന്ധിച്ചുമാത്രം, രാജ്യത്തിന്റെ ശാശ്വതതാല്പര്യങ്ങളെ മുൻനിർത്തി ചില കാര്യങ്ങൾ പറയാമെന്നു് ഞാൻ

വിചാരിക്കുന്നു. ഒന്നാമത്തെ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളെപ്പററിയാണ്. ഇവിടത്തെ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിൽ പ്രധാനമായവ മുനിസിപ്പാലിററികളും വില്ലേജ്‌യൂണിയനുകളും ആണ്. ബഡ്ജററിൽ വില്ലേജ് അപ്ലിഫ്ററിന് ഒരു നല്ല സംഖ്യ മാററിവച്ചുകൊണ്ട് ഈ രംഗത്തിൽ അതു സംബന്ധിച്ചുള്ള പ്രവർത്തനം ഊർജ്ജിതമായി നടത്തുവാൻ ഗവണ്മെൻറ് വിചാരിച്ചിരിക്കുന്നതായി തോന്നുന്നു. വില്ലേജ് അപ്ലിഫ്ററ് പ്രവർത്തനങ്ങൾ മേലിൽ വില്ലേജ് യൂണിയൻ മുഖേന നടത്തണമെന്ന് വിചാരിക്കുന്നതായി അറിയുന്നു. അതാണ് ഗവണ്മെൻറിൻെറ ഉദ്ദേശമെങ്കിൽ ഇപ്പോൾ അതിലേക്ക് നീക്കിവച്ചിട്ടുള്ള തുക മതിയാകുമെന്നു തോന്നുന്നില്ല. കൂടുതൽ തുക ഇതിനുവേണ്ടി അനുവദിക്കേണ്ടതാണ്.

ഈ രാജ്യത്തു നടപ്പാക്കുന്നതിനു നാം വിഭാവന ചെയ്തിരിക്കുന്ന ഭരണസമ്പ്രദായത്തിന് പ്രാദേശിക സ്വയംഭരണത്തെ ഇപ്പോൾതന്നെ ഏററവും വിപുലപ്പെടുത്തേണ്ടതും വിശദപ്പെടുത്തേണ്ടതും അത്യാവശ്യമാണ്. പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾ അതാതു സ്ഥലത്തെ ജനങ്ങൾതന്നെ ചുമതലയെടുത്തു നടത്തത്തക്കവണ്ണം ഒരു പരിതഃസ്ഥിതി സൃഷ്ടിച്ചുകൊടുക്കുന്നതു നാം വിഭാവനം ചെയ്യുന്ന രീതിയിലെ ഭരണസമ്പ്രദായത്തിനും പ്രയോജനകരമായിരിക്കും. ഗ്രാമീയലോകത്തിൻെറ കെട്ടുപാടുറപ്പിക്കാനും അതു് മഹാത്മാഗാന്ധി ആഗ്രഹിച്ചവിധത്തിൽ രൂപപ്പെടുത്തി എടുക്കുവാനും വേണ്ടിയുള്ള സംരംഭത്തിൽ ആദ്യത്തെ ചവിട്ടുപടിയായി ഈ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളെ ഗവണ്മെൻറും ജനങ്ങളും ഉപയോഗപ്പെടുത്തുവാനുള്ള സൌകര്യം എല്ലാ വിധത്തിലും ഉണ്ടാക്കിക്കൊടുക്കേണ്ടതാകുന്നു. അതുകൊണ്ട് ഗവണ്മെൻറിൽനിന്നും എല്ലാവിധ സഹായങ്ങളും സഹകരണങ്ങളും ഈ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾക്ക് ചെയ്തുകൊടുക്കേണ്ടതു് അത്യാവശ്യമാണ്.

ഇതിനു മുമ്പ് നിലവിലിരുന്ന ഗവണ്മെൻറിൻെറ നയം എന്തായിരുന്നു എന്നു ചൊല്ലാൽ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളേർപ്പെടുത്തി അതിൻെറ ഭരണം മുഴുവൻതന്നെയും ഗവണ്മെൻറു നടത്തുക എന്നുള്ളതായിരുന്നു. ആ നയം മാററി പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ കൊടുക്കേണ്ടതാണ്. ആ സ്ഥാപനങ്ങളിൽ ജോലിനോക്കുന്ന ഉദ്യോഗസ്ഥന്മാരുടെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന് മേൽനോട്ടം വഹിക്കാ

[Mr. V. O. Mrrkose]

വുന്നതാണെങ്കിലും അവയെ നിയമിക്കുന്നതിനും നിയന്ത്രിക്കുന്നതിനുള്ള അധികാരം അതാതു സ്ഥാപനങ്ങൾക്കുതന്നെ വിട്ടുകൊടുക്കേണ്ടതാകുന്നു. ഈ പ്രാദേശികസ്ഥാപനങ്ങൾ നല്ല നിലയിൽ നടത്തിക്കൊണ്ടുപോയാൽ ഇപ്പോൾ ഗവൺമെന്റ് നടത്തിക്കൊണ്ടുപോകുന്നതും മേലിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പല കാര്യങ്ങളും ഈ സ്ഥാപനങ്ങൾക്കുതന്നെ ചെയ്യുവാൻ സാധിക്കും. അതിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒന്ന് അതാതു സ്ഥലത്തെ ഗതാഗതസൗകര്യങ്ങൾ സംബന്ധിച്ചാണ്. ഈ കാര്യത്തിൽ മുനിസിപ്പാലിറ്റിയെ സംബന്ധിച്ചാണെങ്കിലും വില്ലേജുയൂണിയനെ സംബന്ധിച്ചാണെങ്കിലും വേണ്ടിടത്തോളം പരിജ്ഞാനവും പരിശീലനവും സിദ്ധിച്ചവരും സത്യസന്ധതയുള്ളവരുമായ ഉദ്യോഗസ്ഥന്മാരുടെ അഭാവമാണ് ഒരു പ്രധാന ന്യൂനതയായി കാണുന്നതു്. പ്രാപ്തിയുള്ള എൻജിനീയർമാരെ ഗവൺമെന്റിൽനിന്നും നിയമിച്ച് അതാതു സ്ഥാപനങ്ങളുടെ ഭരണത്തിൻകീഴിൽ വിട്ടുകൊടുക്കേണ്ടതു് അത്യാവശ്യമാണ്. മറ്റൊന്ന് ശുദ്ധജലവിതരണമാണ്. അതാതു സ്ഥലത്തുള്ള ആളുകൾക്ക് നല്ല വെള്ളം കുടിക്കുന്നതിനുള്ള ഏർപ്പാടുകൾ ഗവൺമെന്റിൽനിന്നും പണം ചെലവു ചെയ്തും പണം കടം കൊടുത്തും നടപ്പിൽ വരുത്തുന്നുണ്ട്. എന്നാൽ അതു് ഗവൺമെന്റ് സാർവത്രികമായി നടപ്പിലാക്കേണ്ട ഒരു നയമായി അംഗീകരിച്ചിട്ടുള്ളതായി തോന്നുന്നില്ല. ചില കാലങ്ങളിൽ കുടിക്കുന്നതിന് വെള്ളം അശേഷംപോലുമില്ലാത്ത കോട്ടയം പോലെയുള്ള ചില പട്ടണങ്ങളിൽ ഇനിയും ആ വക ജോലികൾ ചെയ്യേണ്ടതായിട്ടുണ്ട്. ഗവൺമെന്റിന്റെ അടിയന്തിരമായ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞു കാണുവാൻ ആഗ്രഹിക്കുന്നു.

മറ്റൊരുകാര്യം ആദായനികുതിയെ സംബന്ധിച്ചാണ്. തിരുവിതാംകൂറിൽ ൧൧൨൨ മുതൽക്കാണ് ഇപ്പോൾ നിലവിലിരിക്കുന്ന ആദായനികുതി നിയമം നടപ്പിൽ വരുത്തിയതു്. ആ നിയമത്തിന്റെ പരിധിയിൽ സാധാരണ വ്യവസായങ്ങളിൽനിന്നോ തൊഴിലുകളിൽനിന്നോ ഉള്ള ആദായത്തിന് പുറമേ കാർഷികാദായവും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. സാധാരണ ആദായനികുതി എന്നു പറഞ്ഞുവരുന്ന നികുതി മുഴുവൻതന്നെ ഇൻഡ്യൻ യൂണിയനിൽചേർന്ന രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം സെൻട്രൽ ഗവൺമെന്റിന്റെ ഒരു റവന്യൂ ആയിട്ടു വിട്ടുപോകാവുന്നതാണ്. എന്നാൽ കാർഷികാദായത്തിന്മേലുള്ള നികുതി അതതു ഘടകരാജ്യങ്ങൾക്കുതന്നെ ഇരിക്കുന്നതാണ്. അങ്ങനെ

വിട്ടുപോകുന്നതുകൊണ്ട് ഇന്നു നടപ്പിലിരിക്കുന്ന ആദായനികുതിനിയമം ഭേദഗതിചെയ്തു വ്യവസായങ്ങളിൽനിന്നും മററു തൊഴിലുകളിൽനിന്നുമുള്ള ആദായത്തിന്മേലുള്ള നികുതിയും കാർഷികാദായനികുതിയും മുമ്പിരുന്നതുപോലെ രണ്ടായി വിഭാഗിച്ച് ഈടാക്കുവാൻ നിയമം വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്. ഇപ്പോൾ ഗവൺമെൻറിന് കിട്ടിവരുന്ന ആദായനികുതി കുറക്കണമെന്നോ അല്ലെങ്കിൽ നികുതി വഹിക്കത്തക്ക ആദായമുള്ളവരെ ഏതെങ്കിലും വിധത്തിൽ ഒഴിവാക്കണമെന്നോ അല്ല ഞാൻ പറഞ്ഞതിൻെറ ഉദ്ദേശം. എന്നാൽ തത്വപരമായും നിയമപ്രകാരവും നോക്കുമ്പോൾ ഈടാക്കാൻ പാടില്ലാത്തതുമായ ചില നികുതി ബാദ്ധ്യതകൾ കാർഷികാദായനികുതി സംബന്ധിച്ചുള്ള വകുപ്പുകളിൽ ഉൾപ്പെടുത്തി ഈടാക്കിവരുന്നുണ്ട്. ഒരുദാഹരണം പറയാം. ഇപ്പോൾ നിലവിലിരിക്കുന്ന നിയമത്തിൽ ഭൂമി തുണ്ടുതുണ്ടായി വിഭജിച്ചുപോകാതിരിക്കാൻ വേണ്ടി ചില പ്രോത്സാഹനങ്ങൾക്കു വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. എന്നാൽ വസ്തുക്കൾ കൂട്ടുമായി അനുഭവിക്കുന്ന ആളുകളുടെ മേൽ നികുതി ചുമത്തുന്നതു സംബന്ധിച്ചു ഈ ഉദ്ദേശത്തിനു വിപരീതമായും, സാധാരണ നിയമത്തിനും നീതിക്കും വിരുദ്ധമായും, ഇപ്പോൾ നിലവിലിരിക്കുന്ന നിയമത്തിൻെറ മറവിൽ, കരം ചുമത്തൽ നടത്തുന്നുണ്ട്. ബ്രിട്ടിഷ് ഇൻഡ്യയിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന ആദായനികുതി നിയമം കാർഷികാദായത്തെ സംബന്ധിക്കുന്നതല്ല. എങ്കിലും ആദായനികുതിനിയമ വ്യവസ്ഥയിൽതന്നെ കൂട്ടുടമയിലിരിക്കുന്ന കെട്ടിടങ്ങളുടെ ആദായത്തെപ്പററി പ്രത്യേകം വ്യവസ്ഥയുണ്ട്. കെട്ടിടങ്ങളുടെ കൂട്ടുടമസ്ഥരെ ഒന്നായി, ഒരു വ്യക്തിയെപ്പോലെ, കരം ചുമത്താതെ ഓരോ ഉടമസ്ഥനേയും അയാളുടെ വീതത്തിനുള്ള ആദായത്തിനുമാത്രം പ്രത്യേകം നികുതി ചുമത്തണമെന്നാണ് ആ വ്യവസ്ഥ. ഇവിടത്തെ നിയമത്തിലും കെട്ടിടങ്ങളെ സംബന്ധിച്ചു അതേ വ്യവസ്ഥയുണ്ട്. എന്നാൽ കൂട്ടുടമയിലുള്ള ഭൂമിയുടെ ആദായത്തെ സംബന്ധിച്ചു മുൻ കാർഷികാദായനിയമത്തിൽ ഉണ്ടായിരുന്ന ഇതുപോലെയുള്ള വ്യവസ്ഥ എടുത്തുകളഞ്ഞിരിക്കയാണ്. അതു അനർഹമായ നികുതിഭാരത്തിനും കഷ്ടനഷ്ടങ്ങൾക്കും ഇടയാക്കുന്നു. ഈ സംഗതിയിൽ നമ്പൂരി കുടുംബങ്ങളെ സംബന്ധിച്ചു പിന്നീടു ചില ആനുകൂല്യവ്യവസ്ഥകളും ഉണ്ടാക്കിയിട്ടുണ്ട്. എല്ലാ കൂട്ടുടമസ്ഥർക്കും പ്രയോജനപ്പെടത്തക്കവണ്ണം നിയമത്തിൽ വ്യവസ്ഥ ചെയ്യണം. മുൻ കാർഷികാദായനിയമത്തിൽ ഉണ്ടായിരുന്ന വ്യവസ്ഥ വീണ്ടും ഉൾപ്പെടുത്തിയാൽ പര്യാപ്തമാകുന്നതാണ്. അല്ലെങ്കിൽ പല കൃഷി കൂട്ടുകുടുംബങ്ങളും കൂട്ടുടമ

[Mr. V. O. Markos]

സ്ഥലം നശിക്കുന്നതിനും ഭൂമി തുണ്ടുതുണ്ടായിപ്പോകുന്നതിനും വലിയ തോതിലുള്ള കൃഷിതന്നെ നശിക്കുന്നതിനും ഇടയാകുന്നതാണ്.

മറെറാരു സംഗതി മെഡിക്കൽ കാളേജിനെപ്പററിയാണ്. ബഡ്ജററിൽ പുതിയതായി ഒരു മെഡിക്കൽ കാളേജ് ഉണ്ടാക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി പത്തുലക്ഷം രൂപാ മാററിവച്ചിട്ടുള്ളതായി കാണുന്നതു് വളരെ സന്തോഷാവഹമായ ഒരു സംഗതിയാണ്. എന്നാൽ പത്തുലക്ഷം രൂപായുടെ ചെലവിനെ സംബന്ധിച്ച് ആലോചിക്കുമ്പോൾ, ഒരു പഴഞ്ചൊല്ല് ഉള്ളതുപോലെ, കുതിരയുടെ മുമ്പിൽ വണ്ടികെട്ടുന്ന സമ്പ്രദായം ഉണ്ടാകാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കണമെന്നുകൂടി പറയാതെ നിവൃത്തിയില്ല. ഒരു മെഡിക്കൽ കാളേജുണ്ടാക്കുന്നതിന് മുൻപു് ഏററവും അത്യന്താപേക്ഷിതമായിട്ടുള്ളതു് മെഡിക്കൽ കാളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ട പ്രായോഗിക പരിശീലനം കൊടുക്കുന്നതിനു പര്യാപ്തമായ ഒരു ഒന്നാംതരം ആശുപത്രി ഉണ്ടാകണമെന്നുള്ളതാണ്. ഇന്നു് തിരുവനന്തപുരത്തുള്ള ജനറലാശുപത്രി അതിന് മതിയാകുകയില്ലെന്നുള്ളതു് ഏവക്കും അറിയാവുന്നതും, വിദഗ്ദ്ധന്മാർ ഇതിനുമുൻപു അഭിപ്രായപ്പെട്ടിട്ടുള്ളതുമാണ്. ഒരു നാലഞ്ചുകൊല്ലങ്ങൾക്കു് ഇൻഡ്യൻ മെഡിക്കൽ വകുപ്പിന്റെ മേധാവിയായ സർ ഗോഡ്ഫ്റെ ജാളി ഇവിടത്തെ ജനറലാശുപത്രി കണ്ടതിന്റെ ഫലമായി ഞാൻ മുൻപു പറഞ്ഞരൂപത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനുശേഷം ൧൯൪൩-ൽ ഇൻഡ്യയിലെ ഹെൽത്തും ആശുപത്രികളും സംബന്ധിച്ച അന്വേഷണം നടത്തി റിപ്പോർട്ടുചെയ്യുവാൻ ഒരു കമ്മിററിയെ നിയമിച്ചിരുന്നു. ആ കമ്മിററിയുടെ പ്രസിഡന്റ് സർ. ജോസഫ് ബോർ ആയിരുന്നു. പ്രശസ്തരായ അനവധി ഡാക്ടറന്മാർ അംഗങ്ങളായി ചേർന്നിരുന്ന ഒരു കമ്മിററിയായിരുന്നു അതു്. ആ കമ്മിററി ഇൻഡ്യയൊട്ടുക്കു വളരെ വിപുലമായ അന്വേഷണങ്ങൾ നടത്തിയതിനുശേഷം ഇൻഡ്യാഗവണ്മെന്റിലേക്ക് ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിലെ അഭിപ്രായഗതി നോക്കിയാലും ഒരു മെഡിക്കൽ കാളേജിന്റെ ആവശ്യത്തിന് ഇവിടത്തെ ആശുപത്രി അശേഷം മതിയാകുകയില്ലെന്ന് കാണാവുന്നതാണ്. അതിലേക്ക്, ജോസഫ് ബോറിന്റെ റിപ്പോർട്ടിൽ പറയുന്നപ്രകാരം ഏകദേശം നൂറേക്കർ സ്ഥലം പ്രത്യേകമായി എടുത്ത് അവിടെ ഒരു കാളേജും അതോടനുബന്ധിച്ച് എല്ലാ ശാഖകളേയും ഉൾക്കൊള്ളുന്ന ഒരാശുപത്രിയും ഉണ്ടാക്കേണ്ടതാണെന്നും അതൊരു പ്രത്യേക സ്ഥാപനമായും മറെറാരുസ്ഥലത്തും ഉണ്ടാക്കുന്നതാണു നന്ന്.

സമയം ഇല്ലാത്തതുകൊണ്ടു് ഞാൻ ഇതേപ്പററി ഇതിൽ കൂടുതൽ ഒന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. ഈ കാളേജിന്റെ ആവശ്യത്തിന് കൂടുതൽ പണം ചെലവാക്കാൻ തയാറാകുന്നതിന് മുൻപ് ഞാൻ മുൻ പറഞ്ഞ കാര്യങ്ങളെപ്പററി അവഗാഢമായി പഠിക്കേണ്ടതും ചിന്തിക്കേണ്ടതുമാണ്.

ബഡ്ജററിൽ വിദ്യാഭ്യാസപരമായും മററു രാജ്യക്ഷേമകരമായുമുള്ള പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനങ്ങൾ നൽകുന്നതിന് മുഴുവൻ പര്യാപ്തമായിടത്തോളമല്ലെങ്കിലും തൽക്കാലം കഴിവുള്ള തുകകൾ കൊള്ളിച്ചിരിക്കുന്നതു അനുമോദനാർഹംതന്നെ. ഇപ്പോൾ മാററിവച്ചിട്ടുള്ള തുകകളും ഇനി മാററിവയ്ക്കാൻ സാധിക്കുന്ന തുകകളും ബുദ്ധിപൂർവമായി വിനിയോഗിച്ച് ഏററവും വിജയപ്രദമായ വിധത്തിൽ രാജ്യത്തിന്റെ സ്ഥായിയായ താല്പര്യങ്ങളെ പരിരക്ഷിക്കുവാൻ പര്യാപ്തമാകത്തക്കവണ്ണം ഗവണ്മെൻറും ജനങ്ങളും പരസ്പരം സഹകരിച്ച് പ്രവർത്തനം നടത്തി, രാജ്യത്തിന് കൂടുതൽ ക്ഷേമവും ഐശ്വര്യവും സംപ്രാപ്തമാകട്ടെ എന്നുള്ള ആശംസയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

MR. R. K. RAM (*Agasteeswaram General*): Sir, இப்பொழுது பதவி ஏற்றிருக்கின்ற நிதிமந்திரி, பழைய பட்ஜெற்று முறையை காப்பி அடித்திருப்பதற்கு எடுத்திருக்கின்ற முயற்சி பாராட்டற்குரியதே. பட்ஜெற்று என்பது அரசாங்கத்தின் வரவை எடுத்துக் காட்டி, அதற்கியைந்தபடி செலவையும் சரிக்கட்டி (surplus) சர்ப்பிளஸ்பட்ஜெற்று என்று எடுத்துக்காட்டுவதல்ல. நாட்டில் வாழும் மக்களின் வாழ்க்கைத் தரத்தை உயர்த்தும்பொருட்டும், உற்பத்தி முதலியவைகளைப் பெருக்கி நாட்டை வளமடையச் செய்யும்பொருட்டும், தயாரிக்கின்ற வரவுசெலவுக் கணக்குத் திட்டம்தான் பட்ஜெற்று. "Budgets are not merely matters of arithmeticout in a thousand ways go to the root of the prosperity of individuals, the relation of classes and the strength of the kingdom." என்று சொல்லியிருக்கிறார் Gladston. இந்த பட்ஜெற்றில் மக்களின் வாழ்க்கைக்கு ஆக்கம் தரும் திட்டம் என்னயிருக்கிறது? முதன் முதலாக மக்களுக்கு இன்றியமையாதது உணவு. உணவு பொருள்களைப் பெருக்க முயற்சி செய்யவேண்டியது அரசாங்கத்தின் முதற்கடமை. உணவு பொருள்களைப் பெருக்கவேண்டுமானால் கிருஷிக்கு வேண்டிய எல்லா உதவிகளும் செய்யவேண்டும். இந்த ஆண்டு பட்ஜெற்றைப் பார்த்தால் Kodayar project works என்ற இனத்தில் ஒரு தொகையும் ஒதுக்கப்படவில்லை. பேச்சுப்பாறை அணைக் கட்டில் ஒரு நாளும் பழுதுபார்க்க வேண்டிய நிலையே ஏற்படாது என்பது அரசாங்கத்தின் தோற்றம்போலும். இந்த அணையினால் எத்தனை ஏக்கர்கள் பயிர் ஏறப்படுகின்றன? இதற்கு ஏதாவது உடைவு ஏற்பட்டால் அதனால், நெல் உற்பத்தி எவ்வளவு பாதிக்கப்படும் என்பதைப்பற்றி அரசாங்கம் சற்றுவது சிந்தித்துத் தானா இந்த பட்ஜெற்று தயார் செய்யப்பட்டிருக்கிறது.

பெருஞ்சாணி அணை கட்டுவதற்கு என்று 11,52,656 ரூபாய் ஒதுக்கி வைக்கப்பட்டிருப்பதாகக் காணப்படுகிறது. இந்தத் தொகையினால்

[Mr. R. K. Ram]

இந்தத் திட்டம் நிறைவேறுமா என்பது ஆலோசனைக்குரியது. எத்தனை காலம் கொண்டு இந்தத் திட்டத்தை முடிக்க அரசாங்கம் தீர்மானித்திருக்கிறது? மற்றெல்லாத் திட்டங்களையும்விட இது மிகவும் முக்கியமானது என்பதை அரசாங்கம் உணர்ந்திருக்கிறதா? உணவு உற்பத்தி பெருக்கும் திட்டத்தின் செலவுத் தொகை போன்றவைகளைக் குறைத்துவிட்டு பட்ஜெற்றை சர்ப்பிளஸ் (surplus) என்று காட்டுவதனால் என்ன பயன்? மக்களெல்லோரும், அரசாங்கம் கட்டளையிட்டால் பட்டினி கிடந்துகொண்டு, அந்தப் பணத்தை அரசாங்கத்திற்கு அளிக்கவேண்டுமென்றால் அந்த வகையிலும் கொஞ்சம் தொகை மிச்சம் பிடிக்கலாம்!

உணவு நிலைமையைப்பற்றி நிதிமந்திரியவர்கள் தமது பட்ஜெற்றுச் சொற்பொழிவில "Government had to incur a loss of Rs. 96·28 lakhs till the end of 1122" என்று 1122-ம் ஆண்டைப்பற்றிக் குறிப்பிட்டிருக்கிறார். பின்னர் 1123-ம் வருடத்தைப்பற்றிக் குறிப்பிடுகையில் "The total estimated loss during the year 1123 on account of the subsidisation of the sale of rice is about 200 lakhs," என்று சொல்லியிருக்கிறார். 1123-ம் ஆண்டு முடிவில இரண்டு கோடி ரூபாய் நஷ்டம் வருமென்று எதிர்பார்க்கப்படுகிறது என்று நிதி மந்திரி சொல்லுகிறார். நேற்று ஒரு கேள்விக்குப் பதில் அளிக்கையில் கனம் மந்திரி கோரா அவர்கள் சொன்னார்கள் "1123-ம் ஆண்டு கணக்கு இதுவரையிலும் ஆடிட் செய்யப்படவில்லை. ஆதலால நஷ்டம் எவ்வளவென்று சொல்ல முடியாது" என்று. பட்ஜெற்றைப் புரட்டிப் பார்த்தால establishment charges முதலியவைகளைப்பற்றித் தான் குறிப்பிட்டிருக்கின்றனவே தவிர, இந்தக் கணக்கைப்பற்றி ஓரிடத்திலும் குறிப்பிட்டிருப்பதாகக் காணவில்லை. நான் எந்த மந்திரி சொல்லுவதைக் கேட்கவேண்டுமென்பது தெரியவில்லை. இந்தமாதிரி தெளிவாகக் குறிப்பிடாமல் நஷ்டம் என்று சொன்னால் இந்த நஷ்டத்திற்குப் பொறுப்பாளி யார்?

5% debenture loan-ஐ தீர்க்கும்பொருட்டு 1091-ல் ஒரு Sinking Fund ஏற்படுத்தப்பட்டது. 1118-ல் இந்த debenture loan திரட்சி அடைகிறது. 1120-ல இந்தக் கடன் ரூ. 55,100 என்று கூறப்பட்டிருக்கிறது. 1120 பட்ஜெட் மெமோரண்டத்தில "In respect of the 5% loan the balance under the sinking fund already came up to the loan amount and the same was already utilised for the repayment of this loan" என்று கூறப்பட்டிருக்கிறது. இந்த வாக்கியம் (sentence) 1121, 1122, 1123 இலும் கூறப்பட்டிருக்கிறது. இந்த ஆண்டு அதாவது 1124 பட்ஜெட் மெமோரண்டத்தில அந்த வாக்கியம் அப்படியே காப்பியடிக்கப்பட்டிருக்கிறது. இந்த ஆண்டு பட்ஜெட்டில் 5% Debenture loan 1124 முதலில் 22,600 ரூபாயாக எதிர்பார்க்கப்படுகிறது என்றும் குறிப்பிட்டிருக்கிறது. இதை நோக்கும்பொழுது நிதிமந்திரி பார்த்துத்தான் பட்ஜெட் தயாரித்தது அல்லது வேறு யாராவது எழுதி வைத்ததை கையொப்பம் போட்டாரா என்ற ஐயப்பாடு உண்டாகின்றது. 1091-ல ஏற்படுத்தப்பட்ட Sinking Fund எங்கே போயிற்று என்பதை பற்றிய கணக்கு காணவில்லை. இந்தப் பணத்திற்கு பொறுப்பாளி யார் என்பதைப்பற்றி இந்த சபை தீர்மானிக்கவேண்டும். அநேக ரூபாய்கள் காணப்படாமலிருந்தும் இவர்கள் பொறுப்பை ஏற்றபொழுது, அதற்கு இவர்கள் பொறுப்பல்ல. மேலுள்ளவைகளுக்குத் தான் இவர்கள் பொறுப்பாளிகள் என்று, இதுவரையிலும் எத்தனை

ரூபாய்கள், எந்த எந்த வகைகளில் காணப்படவில்லை என்று தெளிவாக எடுத்துக் காட்டவேண்டியது இவர்கள் கடமையல்லவா? அங்ஙனம் காட்டாமல் மறைத்து வைத்திருந்தால் இவர்களும் அதற்கு பொறுப்பாளிகள் தானே என்பதைத் தான் நான் இந்த சபையின் கவனத்திற்குக் கொண்டு வர விரும்புகிறேன்.

Unclaimed deposit என்று 10,00,000 (பத்து லட்சம்) ரூபாய் Revenue-வில் சேர்க்கப்பட்டிருக்கிறது. இந்த ரூபாயை ஒருவருமே அவகாசப்படமாட்டார்கள் என்று கனவு கண்டுகொண்டிருக்க முடியுமா? இவரென்று இந்த ரூபாயைக் கோரினால் அரசாங்கம் எங்கிருந்து கொடுக்கும்? இப்பொழுது 20,000 ரூபாய் surplus காண்பிக்கப்பட்டிருக்கிறதே அந்த பட்ஜெட்டின் கதி என்னவாகும். 1118 முதல் பார்த்தால் இந்த unclaimed deposit-ன் நிலைமை என்ன என்பது தெரியும். அதைப் பற்றி விரிவாகக் கூற சமயம் இல்லை.

நேற்று கனம் மந்திரி கேசவன் அவர்கள் சொன்னார்கள், பேச்சுப் பாறை அணைக்கட்டின் தொகையின் வட்டிகூட இன்னும் கிடைக்கவில்லை. தொகை முழுமையும் கிடைத்துவிட்டால் புதுவல் தலைவரியைக் குறைத்துவிடலாம் என்று. 1906-ல் இது கட்டப்பட்டதென்றும் சுமார் 87 லட்ச ரூபாயும் செலவு ஆயிற்று என்றும் அரசாங்க கணக்கில் காணப்படுகிறது. அந்த நாள் முதல் இதுவரையிலுமுள்ள வரியினால் இந்தத் தொகை ஈடாயிருக்குமென்று நம்புகிறோம். இல்லை என்று வைத்துக் கொண்டாலும் அந்த வரியைக் குறைக்கவேண்டியதுதான். வரியை விதித்து பணத்தைச் சேர்க்கவேண்டுமென்பதல்ல ஒரு அரசாங்கம் நினைக்கவேண்டியது. யாரிடத்திலிருந்து வரி வசூலிக்கப்படுகிறதோ அந்த மக்கள் வயிறார உண்டுகளித்திருக்கிறார்களா என்று பார்க்கவேண்டும். உழுது விதைத்து அறுத்துத் தருகின்ற மக்களை மடியவிட்டுவிட்டு அவர்களிடமிருந்து இந்த அநியாய வரியை வாங்குவது நியாயமன்று. வரிப்பளு தாங்க முடியாமல் தத்தளிக்கிறார்கள். ஆகையால் இந்த வரியை உடனேயே ரத்து செய்துவிட்டு இதை ஈடு செய்வதற்கு வேறு முறை கையாள வேண்டும். இதற்கு அநேக வழிகள் உண்டு, இப்பொழுது சமயமில்லையாதலால் அதைப்பற்றி சொல்லவில்லை.

ஒரு வார்த்தை—நேற்று எனது நண்பர் கனம் John Philipose அவர்கள் தமிழ்நாடு காங்கிரஸைப்பற்றி குறிப்பிட்டதனால் அதைப்பற்றி ஒரு வார்த்தை சொல்ல நான் கடமைப்பட்டிருக்கிறேன். மலையாளி தமிழன் என்ற வேற்றுமை மனப்பான்மையினாலல்ல நாங்கள் தமிழ் மாகாணத்தோடு சேரவேண்டுமென்று கோருகிறது. மொழிவாரி முதலியவைகள் அடிப்படையில் நியாயமாக எங்கு சேர்க்கப்படவேண்டுமோ அங்கு சேர்த்து ஐக்கிய இந்திய யூனியனோடு ஒன்றாகி இந்திய யூனியனை வலுப்படுத்த வேண்டும் என்ற பரந்த நோக்கத்தோடுதான். சமஸ்தான காங்கிரஸ் அ. இ. காங்கிரஸோடு இணைந்துவிட்டதனால் திருவிதாங்கூர் மாகாணக் காங்கிரஸின்கீழ் திருவிதாங்கூர் தமிழ்நாடு காங்கிரஸ் இருக்கவேண்டுமென்றில்லை. எங்களுக்குத் தெரியும் இந்த காங்கிரஸின் செயல்முறையை. இதுவரையிலும் நாங்கள் அனுபவித்துவருகிற இன்னல்களும் ஞாபகத்தில் இருக்கிறது.

எங்களது திருவிதாங்கூர் தமிழ்நாடு காங்கிரஸ் காரியக் கமிட்டி தாய்த் தமிழ்நாடு மாகாண காங்கிரஸோடு திருவிதாங்கூர் தமிழ்நாடு இணைக்கப்

[Mr. R. K. Ram]

படவேண்டுமென்றும், அதில் திருவிதாங்கூர் தமிழ்நாடு ஒரு டிஸ்டிரிக்டாக கருதப்படவேண்டுமென்றும் தீர்மானம் நிறைவேற்றியுள்ளது. எங்கள் உரிமையை அடைவதற்கு எந்த இன்னல்கள் நேர்ந்தபோதிலும், ரெத்த ஆற்றுப் பெருக்கில் பெருக்கியாவது போராடியே தீருவோம் என்பதை இந்த அரசாங்கத்திற்குத் தெரியப்படுத்திக்கொள்கிறேன்.

MR. P. K. KRISHNAN SASTRI: സർ, തിരുവിതാംകൂർ ജനകീയ ഗവണ്മെന്റിന്റെ, പ്രധാന മന്ത്രികൂടിയായ ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നതിനു എനിക്കു അതിയായ സന്തോഷമുണ്ട്. ഇന്നു ജനങ്ങളോടു പരിപൂർണ്ണമായി ഉത്തരവാദിത്വമുള്ള ഒരു ഗവണ്മെന്റാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്ക് ഉതകുന്ന പല നല്ല കാര്യങ്ങളും ഈ ബഡ്ജറ്റിൽ തന്നെ കാണാൻ കഴിയുന്നതാണ്. പഴയ ഗവണ്മെന്റിനെപ്പോലെയുള്ള ഒരു ഗവണ്മെന്റിന് ൧൦ കൊല്ലം കഴിഞ്ഞാലും ചെയ്യാൻ സാധിക്കാത്ത ഒരു സംഗതി, അതായത് മദ്യവർജ്ജനം നൂറ് ലക്ഷം രൂപാ നഷ്ടം സഹിച്ചും ഗവണ്മെന്റു നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. ഈ വസ്തുത തിരുവിതാംകൂർ ജനസാമാന്യത്തിനു അഭിമാനകരമായ ഒന്നാണെന്നു പറഞ്ഞാൽ അതിനെ ആരും എതിർക്കുകയില്ലെന്ന് എനിക്കു വിശ്വാസമുണ്ട്. ഞാനും ഞാൻ ഉൾപ്പെടുന്ന സമുദായവും ഗവണ്മെന്റിന്റെ ഈ സംരംഭത്തെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയും ഗവണ്മെന്റിന് സകലവിധ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. മദ്യവർജ്ജനംകൊണ്ട് ഈ രാജ്യത്തെ ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യവും സാന്മാർഗ്ഗികവുമായ പുരോഗതിക്കുതകുന്ന പരിതഃസ്ഥിതികൾ സൃഷ്ടിക്കുന്നതിന് ജനകീയഗവണ്മെന്റിന് അനായാസേന സാധിക്കുമെന്നു പറയുവാൻ എനിക്കു അതിയായ സന്തോഷമുണ്ട്. മദ്യവർജ്ജനം എന്നാൽ സാമ്പത്തികക്ഷേമത്തിനു അസ്തിവാരമിടുന്നു എന്നു അതിനുള്ള പൂർണ്ണമായ അർത്ഥത്തിൽതന്നെ ഞാൻ ഇവിടെ പറയുന്നു.

ഓരോ ഗ്രാമത്തിലും ജനകീയഭരണത്തിന്റെ സുമധുരമായ ഫലം എത്തിച്ചുകൊടുക്കുകയാണ് ഇതുകൊണ്ട് ചെയ്യുന്നത്. ഇതിൽ കൈക്കൊണ്ടിട്ടുള്ള ധീരമായ നിലയെ ഞാൻ ഒന്നുകൂടി അഭിനന്ദിക്കുന്നു.

സർ, കഴിഞ്ഞ കൊല്ലങ്ങളിലെപ്പോലെ കുഴഞ്ഞുമറിഞ്ഞ കണക്കുകൾകൊണ്ടുള്ള കളികളോ കണക്കുകളുടെ ഒരു നീണ്ട പട്ടികയോ അല്ല ഇന്നത്തെ ബഡ്ജറ്റ് എന്നു കാണാൻ കഴിയും. ഇപ്രകാരം ഉള്ള ഒരു ബഡ്ജറ്റ് ഒരുപക്ഷെ ഒരു മിച്ച ബഡ്ജറ്റ് അല്ലെങ്കിൽ

തന്നെയും സ്വാഗതം ചെയ്യുന്നതിന് അവകാശം ലഭിക്കുകയില്ലെന്നാണ് എനിക്കു തോന്നുന്നതു്. ധനം കൂടുതൽ മിച്ചം വരുന്നതുകൊണ്ടുമാത്രം ഒരു ബഡ്ജററ് നല്ലതാണെന്നു പറഞ്ഞുകൂടാ. പണത്തിന്റെ വിനിയോഗം രാജ്യത്തിന്റെ ഐശ്വര്യാഭിവൃദ്ധിയെ സുഗമമാക്കിത്തീർക്കുന്നുണ്ടോ എന്നാണു നോക്കേണ്ടതു്. ഗ്രാമോദ്ധാരണത്തിനുവേണ്ടി ൩൦ ലക്ഷം രൂപാ നീക്കിവച്ചിട്ടുള്ളതു് ഏററവും ആശാസ്യമായ ഒന്നാണെന്നു പറയുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. ഗ്രാമപ്രദേശങ്ങളുടെ, ഗ്രാമീണജനങ്ങളുടെ അഭിവൃദ്ധിയിലാണു് രാജ്യത്തിന്റെ ക്ഷേമൈശ്വര്യങ്ങൾ സ്ഥിതിചെയ്യുന്നതു് എന്ന കാര്യം ഒരു പരമാർത്ഥം മാത്രമാണു്. ഈ തുക ഗ്രാമാന്തരങ്ങളിൽ ശരിയായവിധത്തിൽ ചെലവഴിക്കുന്നതിലുള്ള ശ്രദ്ധയിലാണു് ഇതിന്റെ വിജയം സ്ഥിതിചെയ്യുന്നതു്. മഹാത്മാ ഗാന്ധിയുടെ ആദർശങ്ങളിൽ വിശ്വസിച്ചുകൊണ്ടു് ഒരു ഗ്രാമസ്വരാജ് നമ്മുടെ രാജ്യത്തു സ്ഥാപിക്കുന്ന കാര്യത്തിൽ തിരുവിതാംകൂർ മററു് ഇൻഡ്യയിലെ ഏതൊരു പ്രവിശ്യയുടെയും പിന്നിലല്ലെന്നു നമുക്കു് ന്യായമായി അഭിമാനിക്കാവുന്നതാണു്. സർ, ഈ അവസരത്തിൽ മറെറാന്നു പറയുവാനുള്ളതു് തിരുവിതാംകൂറിലെ ജനസംഖ്യയിൽ നാലിൽ ഒരു ഭാഗം വരുന്ന പിന്നോക്കസമുദായങ്ങളുടെ ഉന്നമനത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക വെറും നാലുകാൽ ലക്ഷം രൂപാ മാത്രമാണെന്നുള്ളതാണു്. ഇതിനെ ശ്ലാഘിക്കാതിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതൊരു പരിഷ്കൃത ഗവർമ്മെന്റിനും മഹാത്മാ ഗാന്ധിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ പിന്നോക്കസമുദായങ്ങളെ ചവിട്ടിത്താഴ്ത്തിയിട്ടിരുന്നതിന്റെ പാപപരിഹാരാർത്ഥമെങ്കിലും രാജ്യത്തെ ആകെ മുതലെടുപ്പിന്റെ ൧൫ ശതമാനം അവരുടെ ഉന്നമനത്തിനായി നീക്കിവയ്ക്കണമെന്നുള്ളതാണു് എന്റെ അഭിപ്രായം. ഇന്നു് പിന്നോക്കസമുദായങ്ങൾക്കു നീക്കിവച്ചിട്ടുള്ള സംഖ്യയുടെ കണക്കു നോക്കുകയാണെങ്കിൽ ഒരാളിനു ശരാശരി നാലണ മാത്രമാണുള്ളതു്. ഈ നാലണകൊണ്ടു് ഒരാളിന്റെ ഉന്നമനം ഏതുതരത്തിലാണു് സാധിക്കാൻ പോകുന്നതെന്നു ചിന്തിക്കേണ്ട ആവശ്യമുണ്ടു്. സർ, സാമ്പത്തികമായും, സാമുദായികമായും, സാംസ്കാരികമായും ഈ രാജ്യത്തെ ഉയർത്തണമെന്നു ആഗ്രഹിക്കുന്നെങ്കിൽ ഈ പിന്നോക്കസമുദായങ്ങളുടെ ഉന്നമനത്തിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുകതന്നെ വേണം. ഒരു വണ്ടിയിൽ കെട്ടിയിരിക്കുന്ന കുതിരകളിൽ ഒന്നു വളരെ മുമ്പിലും മറെറാന്നു വളരെ പുറകിലും ആയി നിന്നു് വണ്ടി വലിച്ചുകൊണ്ടുപോകുന്നതു കാണുമ്പോഴുണ്ടാകുന്ന വൈകൃത്യം തിരുവിതാംകൂറിൽ സർവ്വത്ര കാണുന്നുണ്ടു്. ഈ നില മാററേണ്ടതു് ഏററവും അത്യാവശ്യമായ ഒരു കാര്യമാണു്.

[Mr. P. K. Krishnan Sastri]

പിന്നോക്കം നില്ക്കുന്ന എല്ലാ സമുദായങ്ങളും മുന്നോക്കം നില്ക്കുന്ന സമുദായങ്ങളോടൊപ്പം ഉയർന്നുവരുവാൻ വേണ്ട പരിതഃസ്ഥിതികൾ ഉണ്ടാക്കിത്തീർക്കണം. എന്നാൽ മാത്രമേ മഹാത്മാഗാന്ധി വിഭാവന ചെയ്തിട്ടുള്ള ഗ്രാമസ്വരാജ് ഇവിടെ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളു. പിന്നോക്കസമുദായങ്ങളുടെ വളർച്ചയെ സഹായിക്കുന്നതിനു ആവശ്യമായ പരിതഃസ്ഥിതികൾ സൃഷ്ടിക്കുന്നതു് ഗവൺമെൻറിൻെറ ധാർമ്മികമായ കടമ മാത്രമാണെന്നു ഞാൻ വിചാരിക്കുന്നു. അവരുടെ സാമൂഹ്യവും സാമ്പത്തികവുമായ അവശതകളും അവരുടെ അസ്ഥിരമായ കുടിപാർപ്പ്, മാനുഷികമല്ലാത്ത അവരുടെ ജീവിതരീതി, ആഹാരം, ഭവനം, വസ്ത്രം, വൈദ്യസഹായം ഇതൊക്കെത്തന്നെ ഗവൺമെൻറിൻെറ പ്രത്യേക പരിഗണനയിൽപ്പെടേണ്ടവകളാണ്. വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏററവും അധഃപതിച്ചുകിടക്കുന്ന ഈ സമുദായങ്ങളെ ഉയർത്തിക്കൊണ്ടുവരുവാൻ ഈ ഗവൺമെൻറു ചെയ്തുവരുന്ന സഹായങ്ങളെ മറന്നിട്ടല്ല ഞാൻ ഇതു പറയുന്നതു്. ഇന്നത്തെ ജനകീയഗവൺമെൻറ് ജനങ്ങളുടെ താല്പര്യങ്ങളെ സംരക്ഷിക്കുവാൻ കൂടുതൽ താല്പര്യം പ്രദർശിപ്പിക്കേണ്ടതാണ് എന്നുള്ളതുകൊണ്ടുമാത്രമാണ്. പിന്നോക്കസമുദായങ്ങൾക്കുവേണ്ടി ബഡ്ജററ്പ്രസംഗത്തിലെ വിഭ്രമിപ്പിക്കുന്ന പദപ്രയോഗങ്ങളോ നീണ്ട പട്ടികകളോ കൊണ്ടു് പിന്നോക്കസമുദായങ്ങൾ സംതൃപ്തരാകാൻ പോകുന്നില്ല. അവക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുകകൾകൊണ്ട് അവർ തൃപ്തിപ്പെടുവാൻ പോകുന്നു എന്നും ഞാൻ വിശ്വസിക്കുന്നില്ല. പണിമുടക്കുകൾകൊണ്ടും വിപ്ലവങ്ങൾ ഇളക്കിവിട്ടും ഗവൺമെൻറിനെ തകിടംമറിക്കുവാൻ മുന്നോട്ടുവരാതെ ശാന്തമായിരിക്കുന്ന ഒരു സമുദായമാണെന്നുവച്ച് ഈ സമുദായത്തിൻെറ കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാതിരിക്കുന്നതു് ഏററവും പരിതാപകരമാണ്. ഇക്കാര്യത്തിൽ ജനകീയഗവൺമെൻറിൻെറ സവിശേഷമായ ശ്രദ്ധ പതിയണമെന്ന് ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. അടുത്തതായി എനിക്ക് ഭക്ഷ്യനിലയെ സംബന്ധിച്ചാണ് പറയുവാനുള്ളതു്. ഭക്ഷ്യനിലയെ സംബന്ധിച്ച് കൂടുതൽ ശ്രദ്ധിക്കേണ്ടതു് ഇപ്പോൾ ആവശ്യമാണ്. ഇനിയും ഒരു ലോകമഹായുദ്ധത്തിൻെറ ലക്ഷണങ്ങൾ കാണുന്നുണ്ടെന്ന് നാം ഓർമ്മിക്കണം. ഒരു യുദ്ധമുണ്ടായാൽ നമുക്ക് ഭക്ഷ്യക്ഷാമം ഉണ്ടാകാത്ത ഒരു നിലയുണ്ടാകണം. തിരുവിതാംകൂറിനു കാർഷികമായി സ്വയം പര്യാപ്തമായ ഒരു നില ഉണ്ടാകേണ്ടതു് ഏററവും അത്യാവശ്യമാണ്. കാർഷികമായി ഗ്രാമപ്രദേശങ്ങളെ അഭിവൃദ്ധിപ്പെടുത്തണം. എല്ലാ കൃഷിസൗകര്യങ്ങളും ഗവൺമെൻറു

ചെയ്തുകൊടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗവൺമെൻറ് കൂടുതൽ ശ്രദ്ധ പതിപ്പിക്കുമെന്ന് ഞാൻ കരുതുന്നു. കൃഷിക്കാവശ്യമുള്ള വിത്തും, വളവും കൃഷിയായുധങ്ങളും ഗ്രാമപ്രദേശങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾമുഖേന വിതരണം ചെയ്യുന്നുള്ള വ്യവസ്ഥകൾ ഗവൺമെൻറ് ഉണ്ടാക്കുമെങ്കിൽ രാജ്യശ്രേയസ്സിന് ഏററവും പര്യാപ്തമായ ഒരേർപ്പാടായിരിക്കും അത്. ഈ ബഡ്ജററിൽ കാണുന്ന മറെറാരു സംഗതി വിദ്യാഭ്യാസത്തിനുവേണ്ടി വൻപിച്ച ഒരു തുക നീക്കിവച്ചിരിക്കുന്നു എന്നുള്ളതാണ്. സാക്ഷരതയിൽ നമ്മുടെ രാജ്യം പണ്ടുപണ്ടേ മുന്നണിയിൽ നിൽക്കുകയാണു. നിർബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പിൽ വരുത്തിയിട്ടുള്ളതു് ഈ രാജ്യത്തെ പിന്നോക്കസമുദായങ്ങൾക്ക് കൂടുതൽ സൗകര്യം പ്രദാനം ചെയ്യുന്ന ഒന്നാണെന്ന് സന്തോഷത്തോടുകൂടി പറഞ്ഞുകൊള്ളുന്നു. തിരുവിതാംകൂറിന് എന്നെന്നും അഭിമാനിക്കത്തക്കവണ്ണം ഒരു യൂണിവേഴ്സിററി ഇവിടെയുണ്ട്. ആ യൂണിവേഴ്സിററിയും ഗവൺമെൻറുമായുള്ള ബന്ധം എന്താണെന്ന് സുവ്യക്തമാക്കേണ്ടത് ഏററവും അത്യാവശ്യമാണ്. ഈ യൂണിവേഴ്സിററിയുടെ കീഴിൽ ഒരു സംസ്കൃതകാളേജുണ്ട്. നമ്മുടെ സ്വന്തം ഭാഷകളെ, അതായത്, പൗരസ്ത്യഭാഷകളെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. നമ്മുടെ മാതൃഭാഷയായ മലയാളത്തെ പരിപോഷിപ്പിക്കണമെന്നു പറയുമ്പോൾ സംസ്കൃതത്തെക്കുറിച്ച് പ്രത്യേകം സ്മരണീയമാണ്. സംസ്കൃതഭാഷയെ പ്രോത്സാഹിപ്പിക്കുവാൻ നാം നിർബന്ധിതരായിത്തീരണം. മററു യൂണിവേഴ്സിററി പരീക്ഷാവിജയികളോടൊപ്പം പൗരസ്ത്യഭാഷാബിരുദധാരികൾക്കും—സംസ്കൃതകാളേജു പരീക്ഷാവിജയികൾക്കു ശമ്പളസ്കെയിലുകളോടുകൂടി പബ്ളിക്കുസർവ്വീസ്സിൽ പ്രവേശനം നൽകി പ്രോത്സാഹിപ്പിക്കണം. മററു യൂണിവേഴ്സിററി പരീക്ഷകൾ പാസായിട്ടുള്ളവർക്കെന്നപോലെ പൗരസ്ത്യഭാഷാബിരുദധാരികൾക്കും പബ്ളിക്കുസർവ്വീസ്സിൽ പ്രവേശനം അനുവദിക്കേണ്ടതാണ്.

എനിക്കു പറയുവാനുള്ള മറെറാരു കാര്യം വൈദ്യസഹായത്തെ സംബന്ധിച്ചാണ്. ഇന്നു നാട്ടിൻപുറങ്ങളിൽ വൈദ്യസഹായം ലഭിക്കാൻ വളരെ വൈഷമ്യങ്ങൾ ഉണ്ട്. ഏററവും കൂടുതൽ വൈഷമ്യങ്ങൾ അനുഭവിക്കുന്നത് പിന്നോക്കസമുദായാംഗങ്ങളാണ്. ആയുർവേദത്തെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതു് നമ്മുടെ ധർമ്മമാണ്. ഇന്ന് ഗവൺമെൻറാശുപത്രികളിൽ

[Mr. P. K. Krishnan Sastri.]

ആവശ്യത്തിന് മരുന്നുകളില്ലെന്ന് വലിയൊരു പരാതിയുണ്ട്. ഓരോ താലൂക്കിലും കഴിയുമെങ്കിൽ ഓരോ പകുതികളിലും ആശുപത്രികൾ സ്ഥാപിക്കുകയും അവയ്ക്ക് ആവശ്യമുള്ള മരുന്നുകളെല്ലാം ശേഖരിച്ച് സൗജന്യമായി നൽകുന്നതിനും ഗവൺമെൻറ് ഏർപ്പാടുകൾ ചെയ്യുന്നെങ്കിൽ അതു ഗണ്യമായ ഒരു പുണ്യമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ആയുർവേദകാളേജും യൂണിവേഴ്സിററി അംഗീകരിച്ച് പസ്സാകുന്നവർക്ക് ഡിഗ്രികൾ നൽകിയുംമററും പ്രോത്സാഹിപ്പിക്കേണ്ടതു ഏററവും ആവശ്യമാണ്. ഇംഗ്ലീഷു ചികിത്സാസമ്പ്രദായം ഇവിടെ വരുന്നതിനുമുമ്പ് ആയുർവേദചികിത്സാസമ്പ്രദായമാണ് ഇവിടെ ഉണ്ടായിരുന്നതു്. അതു നമ്മുടെ ഒരു പ്രത്യേക ചികിത്സാസമ്പ്രദായമാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. മലമ്പനി മുതലായ രോഗങ്ങളുടെ നിവാരണത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുകകൾ വളരെ കുറവാണെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ കാര്യങ്ങളിൽ ഗവൺമെൻറ് കൂടുതൽ ശ്രദ്ധിക്കുകയും കൂടുതൽ കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ഏർപ്പാടു ചെയ്യുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. സർ, ഈ രാജ്യത്തെ പിന്നോക്കസമുദായങ്ങളിൽ നല്ല ശതമാനവും കേറികിടക്കാൻ സ്വന്തം ഭൂമി ഇല്ലാത്തവരും അടകുടിക്കാരും ആണ്. അടകുടി ബലം പ്രയോഗിച്ചും അധികാരികളുടെ സഹായത്തോടുകൂടിയും ഇറക്കിവിടുന്ന ഒരു ദയനീയ വ്യവസ്ഥ സർവ്വത്ര കാണുന്നുണ്ട്. ഈ ദയനീയവും കഷ്ടതരവുമായ നിലകൾ എത്രയും വേഗം ആവുംവിധം പരിഹാരം ഉണ്ടാക്കുകതന്നെ ചെയ്യുമെന്നു ഞാൻ ന്യായമായും വിശ്വസിക്കുന്നു. തൊഴിലാളിക്കും മുതലാളിക്കും തുല്യമായി ജീവിക്കത്തക്കവണ്ണമുള്ള ഒരു പരിതഃസ്ഥിതി ഇവിടെ ഉണ്ടാകേണ്ടതാണ്. കുറെ ആളുകൾ സ്വത്തുക്കൾ സംഭരിക്കുകയും മററുള്ളവർ പട്ടിണിക്കാരായി തെരുവുനീളെ അലഞ്ഞുനടക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതി നശിക്കണം. തൊഴിലാളിയുടെ വേലയിൽനിന്നുണ്ടാകുന്ന ലാഭത്തിന്റെ ഒരു പങ്ക് അവനും ലഭിക്കണം. ഈ രാജ്യത്ത് അഞ്ചു സെൻറു ഭൂമിയെങ്കിലും ഇല്ലാത്ത ഒരു വ്യക്തിയും — ഒരു പൗരനും ഈ രാജ്യത്തുണ്ടായിരിക്കാൻ പാടില്ല എന്നൊരു വ്യവസ്ഥ ഇവിടെ ഉണ്ടാക്കുകതന്നെ ചെയ്യണമെന്നു ഞാൻ ആത്മാർത്ഥമായും ആഗ്രഹിക്കുന്നു.

MR. THARIATHU KUNJITHOMMAN (*Moovattupuzha II—General*): ചിരപ്രതീക്ഷിതമായ പ്രജായത്തഭരണത്തിന്റെ പ്രഥമ ബഡ്ജററ് വിമർശനത്തിനു വന്നിരിക്കുന്ന ഈ അവസരത്തിൽ അതിനെ എങ്ങിനെ

യാണ് നിരൂപണം ചെയ്യേണ്ടതെന്ന് ഞാൻ എന്നോടുതന്നെ ചോദിക്കുകയുണ്ടായി. ഞാൻ കഴിഞ്ഞ നാലു വർഷങ്ങളായി അതായത് ശ്രീമൂലം പ്രജാസഭയിലും പിന്നീട് നിയമസഭകളുടെ പല മണ്ഡലങ്ങളിലും ഇരുന്ന് രാജ്യത്തൊട്ടാകെയുള്ള എല്ലാ ജനപ്രതിനിധികളുമായി ആലോചിച്ചു ശക്തിയായ വിമർശനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഇന്ന് ഒരു ജനകീയഭരണമാണ് ഇവിടെ നടക്കുന്നത്. ജനകീയഭരണത്തിൽ വിശ്വസിക്കുന്ന ഞാൻ ഇവിടെ ജനകീയഭരണം നടത്തുന്ന പാർട്ടിയിലെ ഒരംഗം എന്നുള്ള നിലയിൽ ഈ ബഡ്ജറ്റിനെ വിമർശിക്കുവാൻ തയ്യാറാകുന്നില്ല. സൃഷ്ടിപരമായി ചില നിർദ്ദേശങ്ങൾമാത്രം നൽകുവാനാണ് ഞാൻ ഭാവിക്കുന്നത്. ജനകീയഭരണത്തിൽ വിശ്വസിക്കുന്നവരെല്ലാംതന്നെ ചില നിർദ്ദിഷ്ടവ്യവസ്ഥകൾക്ക് വിധേയരാണ്. അതുകൊണ്ട് ഞാൻ ആ ഭാഗത്തേക്കു കടക്കുന്നില്ല. സൃഷ്ടിപരമായ നിർദ്ദേശങ്ങൾ നൽകുവാൻ ഭാവിക്കുമ്പോൾ കണക്കുകളല്ല കാര്യങ്ങൾക്കാണ് പ്രാധാന്യം. ആ നിലയിൽ ചിന്തിക്കുമ്പോൾ അനവധി കാര്യങ്ങൾ ഈ ഹൗസിന്റെ മുമ്പാകെ കൊണ്ടുവരുവാനുണ്ട്. അവ ഓരോന്നും അക്രമമായിട്ടാണ് എന്റെ മനസ്സിൽനിന്നു പൊന്തിവന്നുകൊണ്ടിരിക്കുന്നത്.

മാതൃഭൂമിയോടും, മാതൃഭാഷയോടും, അവനവന്റെ സ്വന്തം നാട്ടിനോടും ഭാഷയോടും സ്നേഹവും ബഹുമാനവും വേണമെന്ന് പ്രത്യേകം പറയേണ്ടതില്ല. വിദേശീയഭരണം അവസാനിച്ച് ജനകീയഭരണം നടക്കുമ്പോഴെങ്കിലും നമ്മുടെ ഭാഷയെ വേണ്ടുവോളം ബഹുമാനിക്കുമെന്ന് എല്ലാവരും ആശിച്ചിരുന്നു. നേരെ മറിച്ചാണ് അനുഭവംകൊണ്ടു കാണുന്നത്. മലയാളഭാഷ മുമ്പിലത്തേതിനേക്കാളും അവഗണിക്കപ്പെട്ടിരിക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല. ഇവിടെ ഈ ബഡ്ജറ്റ് മലയാളത്തിൽ അവതരിപ്പിക്കുന്നതിന് എന്തെങ്കിലും വിഷമമുണ്ടായിരുന്നോ എന്നു ഞാൻ ചോദിക്കുന്നു. നിയമസംബന്ധമായ കാര്യങ്ങൾക്ക് ശരിയായ സാങ്കേതികപദങ്ങൾ മലയാളത്തിലില്ലെന്നാണ് സാധാരണ പുറപ്പെടുവിക്കാറുള്ള ആക്ഷേപം. അത് എങ്ങിനെയുമാകട്ടെ. ബഡ്ജറ്റിൽ ഇന്നയിന്ന കാര്യങ്ങൾക്ക് ഇത്രയിത്ര സംഖ്യകൾ ചെലവാകുമെന്ന് പറയാനും മലയാളത്തിൽ വാക്കുകളില്ലേ? മുമ്പാണെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ടെങ്കിലും മലയാളത്തിലും കൂടി അച്ചടിച്ചുതരുന്ന ഏർപ്പാടുണ്ടായിരുന്നു. ഇപ്പോൾ അതും ഇംഗ്ലീഷിലേ ഉള്ളു. മലയാളത്തിൽ അച്ചടിച്ചിട്ടേയില്ല എന്നാണ് സെക്രട്ടറിയോടു ചോദിച്ചപ്പോൾ മറുപടി കിട്ടിയത്. രാജ്യത്തിന്റെ എല്ലാ

[Mr. Thariathu Kunjithomman.]

ഭാഗത്തുമുള്ള എല്ലാത്തരം ആളുകൾക്കും ഭരണകാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കുവാൻ ആവശ്യമുള്ള സ്റ്റാറ്റിസ്റ്റിക്സും ഇംഗ്ലീഷിലേയുള്ളു, മലയാളത്തിലില്ല. ഈ രാജ്യത്തെ തൊണ്ണൂറു ശതമാനം ജനങ്ങളും മാതൃഭാഷ മാത്രം അറിയാവുന്നവരാണ്. പത്തുശതമാനം ആളുകളേ ഇംഗ്ലീഷറിയാവുന്നവരായിട്ടുള്ളു. ജനകീയഗവൺമെൻറിൻെറ സകല വിവരങ്ങളും അറിയണമെന്ന് രാജ്യത്തുള്ള എല്ലാവർക്കും ആഗ്രഹമുണ്ട്. ഈ സഭയിൽതന്നെ അനേകംപേർ സന്നിഹിതരായിട്ടുണ്ട്. വ്യക്തമായി മലയാളത്തിൽ ചോദിക്കാവുന്ന ചോദ്യങ്ങൾപോലും ഇംഗ്ലീഷിലാണ് പല ബഹു. മെമ്പറന്മാരും ചോദിച്ചുകാണുന്നത്. ബഹു. മെമ്പറന്മാർ ഇംഗ്ലീഷിൽ ചോദ്യങ്ങൾ ചോദിച്ചാലും അവയുടെ ഉത്തരങ്ങൾ മലയാളത്തിൽ പറഞ്ഞ് എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കുവാൻ ബഹു. മന്ത്രിമാർക്ക് എന്തെങ്കിലും വിരോധമുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. മലയാളത്തിൽ നല്ലവണ്ണം സംസാരിക്കുവാൻ നമ്മുടെ എല്ലാ മന്ത്രിമാർക്കും കഴിവുണ്ടല്ലോ.

അടുത്തതായി എനിക്ക് പറയുവാനുള്ളത് എം. എൽ. സി-മാർക്ക് താമസിക്കുന്നതിന് ഒരു ഭവനം ഉണ്ടാക്കുന്നതിന് യാതൊരു സംഖ്യയും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ള ഏററവും പരിതാപകരമായ വസ്തുതയെപ്പററിയാണ്. എം. എൽ. സി-മാരെല്ലാം ഒരിടത്തു താമസിച്ച് പൊതുപ്രശ്നങ്ങൾ ചർച്ചചെയ്ത് അതിൻെറ കരടും, മൊരടും കളഞ്ഞു ഈ സഭയിൽ വലിയ വാദപ്രതിവാദത്തിനും ചർച്ചയ്ക്കും ഇടയാകാത്തവിധം പഴിയുന്നതും ഐകമത്യത്തോടുകൂടി തീരുമാനങ്ങൾ ചെയ്ത് ജനകീയഭരണത്തെ വിജയിപ്പിക്കുവാൻ വന്നിരിക്കുന്ന ഞങ്ങളുടെ താമസത്തിന് സൗകര്യം ഉണ്ടാക്കുന്നതിന് ഒരു എം. എൽ. സി. മന്ദിരംതന്നെ ഉണ്ടാക്കേണ്ടതാണ്. ഇവിടെയുള്ളവർക്കും, പുറത്തുനിന്നു വരുന്നവർക്കും മറെറല്ലാ പൗരന്മാരുമായി സമ്പർക്കത്തിലേർപ്പെട്ടു പൊതുപ്രശ്നങ്ങൾ ഒരുമിച്ചിരുന്നു ചർച്ചചെയ്യുന്നതിന് വിശാലമായ ഒരു ഹാളും താമസിക്കുന്നതിനുവേണ്ട മുറികളും മററു സൗകര്യങ്ങളും ഈ മന്ദിരത്തിലുണ്ടായിരിക്കേണ്ടതാണ്.

വടക്കൻതിരുവിതാംകൂറിനെ സംബന്ധിക്കുന്ന പ്രധാനപ്പെട്ട പല കാര്യങ്ങളും കഴിഞ്ഞ കാലങ്ങളിൽ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. പക്ഷെ യാതൊരു പ്രയോജനവുമുണ്ടായിട്ടില്ല. ഇപ്പോഴും ജനകീയഗവൺമെൻറിൻെറ ശ്രദ്ധയിലും അക്കാര്യം കൊണ്ടുവരുവാൻ ഞാനുദ്ദേശിക്കുന്നു. വടക്കൻ തിരുവിതാംകൂറിന് ഒരു

റെയിൽവേ വേണമെന്ന് പലതവണ ഈ സഭയിൽ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിലൊന്നെങ്കിലും പട്ടാളമെന്നോ റെയിൽവേയെന്നോ ഒന്നും ആർക്കും പറഞ്ഞുകൂടാത്ത ഒരവസ്ഥയാണ് ഇവിടെയുണ്ടായിരുന്നത്. റെയിൽവേ എന്നു പറയുന്നതിൽ വിരോധമുണ്ടെങ്കിൽ അനേകം ആളുകളേയും വളരെയധികം ചരക്കുകളേയും കയററിക്കൊണ്ടുപോകത്തക്ക ചല്ലുമുള്ള ഒരു പാതയും വെട്ടിക്കൊണ്ടു നീട്ടണമെന്നേ പറയുന്നുള്ളു. അല്ലാതെ റെയിൽവേ തന്നെ വേണമെന്നു നിർബന്ധമില്ല. ജനകീയഭരണം വന്നിട്ടുപോലും ഇക്കാര്യം പരിഗണിച്ചിട്ടില്ലെന്നു പറയേണ്ടിവന്നതു വളരെ പരിതാപകരമാണ്.

പാണ്ടിയിൽനിന്ന് തിരുവനന്തപുരത്തേക്ക് റയിൽവേ കൊണ്ടുവരാൻ തുടങ്ങിയപ്പോൾ ഗവണ്മെൻറ് ഡിബഞ്ചർലോൺ എടുത്താണ് ആ പദ്ധതി ഏർപ്പെടുത്തിയത്. അങ്ങനെ ലോൺ എടുത്തിട്ടെങ്കിലും ഉത്തരതിരുവിതാംകൂറിലേക്കു റയിൽവേ നീട്ടണം. ഇന്ന് രാജ്യത്തിന് മുൻപുള്ള നിലയെ അപേക്ഷിച്ചു അനേകമടങ്ങ് കൂടുതലായി മുതലെടുപ്പുണ്ട്. ആ നിലയ്ക്കു സാമ്പത്തികമായ വിഷമംകൊണ്ടാണ് റയിൽവേ ലയിൻ നീട്ടുവാൻ ഗവണ്മെൻറ് താമസിക്കുന്നതെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല. മുൻപിരുന്ന ഗവണ്മെൻറ് ഉത്തര തിരുവിതാംകൂർകാരെ വളരെ അവഗണിച്ചുകൊണ്ടാണിരുന്നിരുന്നത്. ഇപ്പോഴത്തെ ഗവണ്മെൻറും അതേ നയംതന്നെയാണോ തുടർന്നുപോകുവാൻ നിശ്ചയിച്ചിരിക്കുന്നതെന്നു സംശയമായിരിക്കുന്നു. സംസ്ഥാനത്തിൻെറ വടക്കെ അററത്തുനിന്നും ഇങ്ങോട്ടു തിരുവനന്തപുരത്തേക്കു വരുവാൻ എത്രമാത്രം പ്രയാസമുണ്ടെന്നുള്ള വസ്തുത ഞങ്ങളെപ്പോലെ അവിടെനിന്നും വരുന്നവർക്കുമാത്രമെ അറിയുവാൻ സാധിക്കുകയുള്ളു. ഉത്തരതിരുവിതാംകൂറിലുള്ള പല സ്ഥലങ്ങളും തിരുവനന്തപുരവുമായി സംയോജിപ്പിക്കുന്ന ഷാർട്ടുലൈനുകൾ അനവധിയുണ്ട്. ആ ലൈനുകളിൽക്കൂടി ബസ്സുയാത്രകൾ അനുവദിക്കുന്നപക്ഷം അവിടെയുള്ള യാത്രക്കാർക്ക് ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന വൈഷമ്യങ്ങളെ കുറെയൊക്കെ പരിഹരിക്കാവുന്നതാണ്. അങ്ങനെ ഷാർട്ടുലൈനുകളിൽ പ്രധാനമായവയിൽ ട്രാൻസ്പോർട്ടുബസ്സുകൾ ഏർപ്പെടുത്തിയും ചെറിയ ലൈനുകളിൽ പ്രൈവററുബസ്സുകൾ ഓടിക്കാൻ അനുവദിച്ചും കഴിയുന്നതും വേഗത്തിൽ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കാവുന്നതാണ്. ഉത്തരതിരുവിതാംകൂറിലുള്ളവരും തിരുവിതാംകൂറുകാരാണെന്നും അവരും നല്ല നികുതി ഗവണ്മെൻറിനു തരുന്നവരാണെന്നും ഗവണ്മെൻറ് ഓർക്കേണ്ടതാണ്,

[Mr. Thariathu Kunjithomman.]

മദ്ധ്യതിരുവിതാംകൂർകാർക്കും ദക്ഷിണതിരുവിതാംകൂർകാർക്കും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഗതാഗതസൗകര്യങ്ങൾ ഉത്തരതിരുവിതാംകൂർകാർക്കു നൽകുവാൻ ഗവൺമെന്റ് എന്തുകൊണ്ടു മടിക്കുന്നു എന്നു മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുന്നു. ഒരു വിദേശി ആലുവായിൽ വന്നാൽ അയാൾക്കു തിരുവനന്തപുരത്തു് എത്തണമെങ്കിൽ ഇന്നത്തെ ഏർപ്പാടനുസരിച്ചു് മൂന്നു ദിവസത്തേക്കുള്ള ടിക്കറ്റെടുക്കണം. നേരെമറിച്ചു് ആലുവയും തിരുവനന്തപുരവും തമ്മിൽ ഘടിപ്പിക്കുന്ന ഒരു റെയിൽവെ ലയിനുണ്ടായാൽ ഒരു ദിവസത്തിനകം തന്നെ തിരുവനന്തപുരത്തെത്തുവാൻ സാധിക്കും. ഈ കാര്യം ഗവൺമെന്റു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. കൂടാതെ ഞാൻ മുൻപു പറഞ്ഞതുപോലെ ഹാർബർലൈനിൽ കൂടി ട്രാൻസ്പോർട്ടുബസ്സുകളും, ഗ്യാസ്എഞ്ചിൻ ഘടിപ്പിച്ച പ്രൈവറ്റുബസ്സുകളും ഉപയോഗിച്ചു് ഇതുസംബന്ധിച്ചുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കാവുന്നതാണു്.

ഈ ഘട്ടത്തിൽ എനിക്കു ട്രാൻസ്പോർട്ടിനെപ്പററി ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. ഇവിടെ ക്യൂ സിസ്റ്റമാണു് ഏർപ്പെടുത്തിയിരിക്കുന്നതു്. കൊട്ടാരക്കരെയാണെങ്കിൽ, ഓരോ ഇടത്തു കടലാസുകൾ യാത്രക്കാർക്കു കൊടുത്തുകൊണ്ടിരിക്കുന്ന ലേബൽസിസ്റ്റം, അഥവാ ചീതാ സിസ്റ്റമാണു്. കോഡ്യൂറിലുള്ള കൈപൊക്കി സിസ്റ്റം, ബസ്സിനകത്തോ ഉന്തും തള്ളും സിസ്റ്റം. ഇങ്ങനെ പല സിസ്റ്റങ്ങളിൽകൂടിയാണു ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെന്റുകാർ ഭരണം നടത്തുന്നതു്. യാത്രക്കാരുടെ സൗകര്യവും പ്രയോജനവും അവർ കാര്യമായി കരുതുന്നുണ്ടോ എന്നുതന്നെ സംശയമാണു്. ഈയിടെ ബഹുമാനപ്പെട്ട ഒരു മന്ത്രിയും ഞാനുമായി ഒരുമിച്ചു് ഒരു ബസ്സിൽ യാത്രചെയ്തു. എന്തു ദുരിതവും കഷ്ടപ്പാടും ഞങ്ങൾ അനുഭവിച്ചു് എന്നുള്ളതു ആ മന്ത്രിക്കു നല്ലതുപോലെ അറിയാം. ട്രാൻസ്പോർട്ടുബസ്സിലെ യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ എത്രമാത്രമുണ്ടെന്നു് ഇന്നത്തെ മന്ത്രിമാർക്കു എല്ലാവർക്കും നല്ലതുപോലെ അറിയാൻ കഴിയുമെന്നാണു് എന്റെ വിശ്വാസം. ട്രാൻസ്പോർട്ടുബസ്സുകൾ ഓടിക്കുന്ന ചില ലൈനുകൾ ഇന്നു് അവർക്കു് മോണോപ്പളിയാണു്. ഒരു ലൈനും ആർക്കും മോണോപ്പളിയായി കൊടുക്കരുതെന്നാണു് എന്റെ അഭിപ്രായം. മോണോപ്പളി ഇല്ലാതിരുന്നാൽ യാത്രക്കാരുടെ സൗകര്യവും സുഖവും കൂടുതൽ ആദരിച്ചു് യാത്രാസൗകര്യത്തെ വർദ്ധിപ്പിക്കുവാൻ ബസ്സുടമസ്ഥന്മാർ, അവർ ഡിപ്പാർട്ടുമെന്റുകാരായാലും ശരി, പ്രൈവറ്റുടമസ്ഥന്മാരായാലും, ശരി തയാറാകും. ഈ കാര്യവും ഗവൺമെന്റു ശ്രദ്ധിക്കണം.

പബ്ളിക്ക്സർവീസിനെപ്പററിയും ഒരു വാക്ക് എനിക്കു പറയുവാനുണ്ട്. ഇവിടത്തെ പബ്ളിക്ക്സർവീസിനെ സംബന്ധിച്ച് വളരെ അസ്വസ്ഥതയുണ്ടായിരുന്നു. ഒടുവിൽ അതിലേക്ക് ഒരു കമ്മീഷണർ വന്നു. ഒരുവിധം പരിഹാരമുണ്ടായി. ഇനിയും അങ്ങനെ ഒരു വാദം കൊണ്ടുവരാതിരിക്കുവാനാണു ഗവണ്മെന്റു നോക്കേണ്ടതു്. എന്റെ ബഹുമാന്യസ്നേഹിതനായ മി. ടി. കെ. നാരായണപിള്ള പറഞ്ഞതുപോലെ നാലോ, അഞ്ചോപേരടങ്ങിയ ഒരു പബ്ളിക്ക്സർവ്വീസു കമ്മീഷനെ ഇവിടെ ഏർപ്പെടുത്തി ഉയർന്നതും താഴ്ന്നതുമായ എല്ലാ ഉദ്യോഗനിയമനങ്ങളുടെയും ചുമതല ആ കമ്മീഷനു വിട്ടുകൊടുക്കേണ്ടതാണ്. ആ ജോലി ഒരാളിന്റെ അധീനതയിൽ വിട്ടുകൊടുക്കുന്നതുകൊണ്ടും ദോഷങ്ങൾ ഉണ്ടാകും. നീതിയായി നിഷ്പക്ഷമായി നിയമനങ്ങൾ നടത്തണമെന്നാഗ്രഹിക്കുന്നവർക്ക് ഈ കമ്മീഷൻ ഏർപ്പാടു വളരെ സ്വാഗതാർഹമായിരിക്കും. നമ്മുടെ മന്ത്രിമാർക്ക് അതു വളരെ സൗകര്യമാണ്. ഒരാൾ അങ്ങനെ ചെയ്തു, മറെറാരാൾ ഇങ്ങനെ ചെയ്തു, എന്നിങ്ങനെയുള്ള ആരോപണങ്ങളിൽനിന്നും അവർക്ക് ഒഴിഞ്ഞു നിൽക്കാം. ശരിയായ വ്യവസ്ഥയിൽ [illegible] ഈ കമ്മീഷൻ നിയമനങ്ങൾ നടത്തുന്നുണ്ടോ എന്നു അവർ നോക്കിക്കൊണ്ടിരുന്നാൽ മാത്രം മതി.

സർ, മദ്ധ്യതിരുവിതാംകൂറിൽ അടുത്തകാലത്തു തന്നെ ഒരു കാളേജു ഏർപ്പെടുത്തുവാൻ ഗവണ്മെന്റു വിചാരിക്കുന്നതായി കേൾക്കുന്നു. ബഡ്ജററിൽ അതിനുള്ള പ്രോവിഷനില്ല. എന്നാലും വിദ്യാഭ്യാസമന്ത്രിയുടെ ഒരു പ്രസ്താവനയിൽനിന്നും അങ്ങനെ ഒരു കാളേജു തുടങ്ങാൻ പോകുന്നതായി കേട്ടിട്ടുണ്ട്. മദ്ധ്യതിരുവിതാംകൂറിൽ ഒരു കാളേജു സ്ഥാപിക്കുന്ന കാര്യത്തിൽ ഞാൻ എതിരല്ല. അതു നല്ലതുതന്നെ. എന്നാൽ ഉത്തരതിരുവിതാംകൂറിൽ ഒരു കാളേജിന്റെ ആവശ്യമില്ലേ എന്നു ഞാൻ ഗവണ്മെന്റിനോടു ചോദിക്കുന്നു. കൊല്ലത്തിനും കോട്ടയത്തിനും മദ്ധ്യത്തിലായി അഞ്ചു കാളേജുകളുണ്ട്. തിരുവനന്തപുരത്തിനും നാഗർകോവിലിനും മദ്ധ്യേയായി അഞ്ചു കാളേജുണ്ടു. എന്നാൽ വടക്കൻതിരുവിതാംകൂർ മുഴുവൻ എടുത്താൽ ആലുവായിൽ ഒരു കാളേജുമാത്രമെ ഉള്ളു. മദ്ധ്യതിരുവിതാംകൂറിൽ എത്ര കാളേജുകൾ വേണമെങ്കിലും സ്ഥാപിച്ചുകൊള്ളുക. എനിക്കു വിരോധമില്ല. എന്നാൽ വടക്കൻതിരുവിതാംകൂറിലും ഒന്നു വേണം.

MR. ABDUL RAZAK : கட்டாயக்கல்வி அங்கே வேண்டாமா?

MR. THARIATHU KUNJITHOMMAN: *கட்டாயக்கல்வி வேண்டியது தான். அது அப்படியே நடக்கவேண்டியது தான்.*

വിദ്യാഭ്യാസകാര്യത്തെപ്പററിയും എനിക്കു ഒരു വാക്കു പറയുവാനുണ്ടു്. ഗ്രാൻറുവിദ്യാലയങ്ങളെ കഴിയുന്നതും പ്രോത്സാഹിപ്പിക്കുക എന്ന നയമാണു് ഗവൺമെൻറു കൈക്കൊള്ളേണ്ടതു്. അതു് സ്കൂളുകളായാലും കൊള്ളാം, കാളേജുകളായാലും കൊള്ളാം. അവയ്ക്കു ഗ്രാൻറു കൂട്ടണം. ഗ്രാൻറുവിദ്യാലയങ്ങളിലാണു കുട്ടികൾ പഠിക്കുവാൻ കൂടുതൽ ഇഷ്ടപ്പെടുന്നതു്. ഗ്രാൻറുവിദ്യാലയവും ഗവൺമെൻറുവിദ്യാലയവും തമ്മിലുള്ള വ്യത്യാസം എന്താണെന്നുവെച്ചാൽ ഗ്രാൻറുവിദ്യാലയത്തിൽ, ആ വിദ്യാലയത്തിൻെറ മാനേജരുടെയും, അതോടൊപ്പം ഡിപ്പാർട്ടുമെൻറുമേധാവികളുടെയും മേൽനോട്ടം ഉണ്ടായിരിക്കും എന്നുള്ളതാണു്. എന്നാൽ ഗവൺമെൻറുവിദ്യാലയത്തിലാകട്ടെ ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടം മാത്രമേ ഉണ്ടായിരിക്കുകയുള്ളു. ഇതും ഒരുപക്ഷെ സാമുദായികവാദമാണെന്നും ആക്ഷേപിച്ചേക്കാം. ഒരു സമുദായത്തിനോ അല്ലെങ്കിൽ ഒരു പ്രദേശത്തിനോ ഗവൺമെൻറു് എന്തെങ്കിലും പ്രത്യേക സൗജന്യം ചെയ്തുകൊടുക്കണമെന്നു ഞാൻ പറയുന്നില്ല. എന്നാൽ ചില പ്രദേശങ്ങളേയും, ചില സമുദായങ്ങളേയും ഗവൺമെൻറു് അവഗണിക്കുന്നതായി കണ്ടിട്ടുണ്ടു്. പ്രദേശങ്ങളെ അവഗണിക്കുന്നതായി പറയുമ്പോൾ പ്രാദേശികവാദം വരും. സമുദായങ്ങളെ അവഗണിക്കുന്നതായി പറയുമ്പോൾ സാമുദായികവാദം വരും. ഇതിനു രണ്ടിനും കാരണമുണ്ടാക്കാതിരുന്നാൽ ഈ രണ്ടു വാദങ്ങളും ഉണ്ടാകുന്നതല്ല. അതുകൊണ്ടു വീണ്ടും പഴയ ഈ വാദങ്ങൾ കൊണ്ടുവരാതിരിക്കുവാനുള്ള സന്ദർഭങ്ങൾ സൃഷ്ടിക്കാത്തവിധത്തിൽ കാര്യങ്ങൾ ശരിപ്പെടുത്തിക്കൊണ്ടുപോകുവാൻ എല്ലാ ജനവിഭാഗങ്ങളും ശ്രദ്ധിക്കുകയാണു വേണ്ടതു്.. ഗവൺമെൻറും അതു ശ്രദ്ധിക്കണം. ഇപ്പോഴത്തെ ബഡ്ജററു വടക്കൻതിരുവിതാംകൂർകാരെ അവഗണിക്കുന്നതായ ഒരു ബഡ്ജററാണെന്നു് അവിടെനിന്നും വന്ന പല മെമ്പറന്മാരും എന്നോടു പറയുകയുണ്ടായി. ഞങ്ങൾക്കു് എന്തുകൊണ്ടു് കാൺക്രീററുറോഡു് ഇല്ലെങ്കിൽ കീൽറോഡെങ്കിലും തന്നുകൂടാ എന്നു ഞാൻ ചോദിക്കുന്നു. തിരുവനന്തപുരംമുതൽ തെക്കോട്ടു കന്യാകുമാരിവരെ ഒരു കാൺക്രീററുറോഡു നിർമ്മിക്കുവാൻ തയാറായ ഗവൺമെൻറു് അതിനു പകരം വടക്കൻതിരുവിതാംകൂറിൽ ഒരൊററ കീൽറോഡെങ്കിലും ഉണ്ടാക്കിത്തരേണ്ടതല്ലേ? ഇങ്ങനെ നോക്കുമ്പോൾ അനവധി കാര്യങ്ങൾ പറയുവാനുണ്ടാവും.

ഭവനനിർമ്മാണത്തിനുവേണ്ടി ഒരു നല്ല സംഖ്യ ബഡ്ജററിൽ ചേർക്കേണ്ടതായിരുന്നുവെന്നു് ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ

ഇവിടെ പറയകയുണ്ടായി. ഒരത്യാവശ്യകാര്യമാണെന്ന് എന്നുള്ളതിനു സംശയമില്ല. പക്ഷികൾക്ക വൃക്ഷകോടരങ്ങളിലും, ദുഷ്ടജന്തുക്കൾക്ക വനങ്ങളിലും, വനങ്ങളിലുള്ള മാളങ്ങളിലും മററും അധിവസിക്കാം. എന്നാൽ കേറിക്കിടക്കാൻ വീടില്ലാതെ, റോഡുകളിലും കടകളുടെ തിണ്ണകളിലുംമററും കഴിഞ്ഞുകൂടുന്ന അനവധി ആളുകളുടെ സ്ഥിതി കണ്ടാൽ കഷ്ടതരം എന്നേ പറയേണ്ടു. അതുകൊണ്ട് അങ്ങനെയുള്ള സകല ജനങ്ങൾക്കും കിടപ്പാടം ഉണ്ടാക്കിക്കൊടുക്കുക എന്ന ഒരു ഉറച്ച നയത്തോടുകൂടി ഗവണ്മെൻറ ഭവനനിർമ്മാണനടപടികൾ എടുക്കേണ്ടതാണ്. അതിന് ഇപ്പോൾ ഉപയോഗയോഗ്യമല്ലാതെ ഗവണ്മെൻറ കൈവശത്തിലിരിക്കുന്ന തരിശുഭൂമികൾ ഉപയോഗപ്പെടുത്തണം. സ്ഥലം പോരാതെവരുന്നപക്ഷം ഇപ്പോൾ അധികം സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകളിൽനിന്നും ന്യായമായ വില കൊടുത്തു സ്ഥലം എടുക്കണം.

ലാൻറപോളിസിയെപ്പററി ഇവിടെ ചിലർ പറയുകയുണ്ടായി. അധികം സ്ഥലങ്ങൾ ആരും കൈവശം വച്ചുകൊണ്ടിരിക്കരുതെന്നാണ ഇവിടെ അഭിപ്രായപ്പെട്ടത്. അഞ്ചു സെൻറ സ്ഥലമെങ്കിലും ഇല്ലാത്തവർ ഇവിടെ ആരുംതന്നെ ഉണ്ടായിരിക്കരുതെന്നാണ് എൻെറ അഭിപ്രായം. സമയമില്ലാത്തതുകൊണ്ടു ഞാൻ അതിനെപ്പററി കൂടുതൽ പറയുന്നില്ല.

കാർഷികാദായനികുതി വേറെ ഒരിടത്തുമില്ല. ഇൻഡ്യയിൽ ജാഗീർദാർസിസ്റ്റം ഇരിക്കുന്ന സ്ഥലത്തുമാത്രമേ കാർഷികാദായനികുതി ഏർപ്പെടുത്തിയിട്ടുള്ളു. ജാഗീർദാരന്മാർക്ക് അനേകായിരം ഏക്കർ ഭൂമി കൈവശമുള്ളതുകൊണ്ട് ഒരു വ്യവസായമെന്ന നിലയിൽ അവിടെ അവർ കൃഷിചെയ്തുവരുന്നു. അതുകൊണ്ടു ഒരു കാർഷികാദായനികുതി അവിടെ ഏർപ്പെടുത്തുന്നതിൽ തെററില്ല.

HON'BLE MR. C. KESAVAN : ബേസിക്നികുതി വേറെ എവിടെ ഉണ്ട് ?

MR. THARIATHU KUNJITHOMMAN : ബേസിക്നികുതി ഏർപ്പെടുത്തിയതുകൊണ്ടു വലിയ ഗുണമൊന്നും ആർക്കും ഉണ്ടായിട്ടില്ല. ബേസിക് നികുതികൊണ്ടു സാധുക്കൾക്ക കൂടുതൽ ഉപദ്രവമാണുണ്ടായിക്കൊണ്ടിരിക്കുന്നത്. ഉണ്ടുതുണ്ടു ഭൂമികൾ കൈവശം വച്ചുകൊണ്ടിരിക്കുന്നവർ മുൻപു കൊടുത്തുകൊണ്ടിരുന്നതിനേക്കാൾ കൂടുതൽ കരം ബേസിക് നികുതി ഏർപ്പാടുമൂലം ഇപ്പോൾ കൊടുക്കേണ്ടതായി വന്നിരിക്കുന്നു. കാർഷി

[Mr. Thariathu kunjithomman.]

കാരമായ നികുതി ഇവിടത്തെ ഉൽപ്പന്നങ്ങളുടെ വിലയെ സാരമായി ബാധിക്കുന്ന ഒന്നാണെന്നുകൂടി നാം ഈയവസരത്തിൽ ഓർമ്മിക്കണം. ഈ രാജ്യത്തിൻെറ ക്ഷേമവും ഐശ്വര്യവും മുഴുവൻ സ്ഥിതിചെയ്യുന്നതു് ഇവിടത്തെ കയററുമതിയെ ആശ്രയിച്ചാണു്. നമ്മുടെ കയററുമതി സാധനങ്ങൾ എല്ലാംതന്നെ കാർഷികോൽപ്പന്നങ്ങളാകുന്നു. നമ്മുടെ കയററുമതിയേയും ഇറക്കുമതിയേയും പരിശോധിക്കുന്ന പക്ഷം ൩൨ കോടി രൂപയുടെ സാധനങ്ങൾ നാം കയററുമതി ചെയ്യുമ്പോൾ, ൩൦ കോടി രൂപയുടെ സാധനങ്ങൾ നാം പുറത്തുനിന്നും ഈ രാജ്യത്തേക്കു വരുത്തുന്നുണ്ടെന്നുള്ള കാര്യം വിസ്മരിച്ചുകൂടാത്തതാണു്. ഏലം, റബ്ബർ, കുരുമുളകു്, കയർ, തേങ്ങാ, കൊപ്രാ തുടങ്ങിയ സാധനങ്ങളിൽ നിന്നുള്ള വരവുകൊണ്ടാണു നാം നമ്മുടെ ഇറക്കുമതികൾക്കുള്ള പണം കൊടുത്തു പോരുന്നതു്. അതുകൊണ്ടു് ഇവിടത്തെ കാർഷികോൽപ്പന്നങ്ങളുടെ വരവു വർദ്ധിപ്പിക്കുന്നതു് രാജ്യത്തിൻെറ സാമ്പത്തികനിലയെ പുഷ്ടിപ്പെടുത്തുന്നതിനു സഹായകമായിരിക്കും. കാർഷികാദായ നികുതി ഏർപ്പെടുത്തിയതുകൊണ്ടു ജനങ്ങൾക്കു കൃഷിയിലുള്ള അഭിരുചി കുറഞ്ഞു പോകുന്നു. ഇങ്ങനെ കൃഷിക്കു് അധഃപതനം വന്നാൽ രാജ്യത്തിൻെറ വരവു കുറഞ്ഞു് രാജ്യത്തിനും അധഃപതനം വരും. ഇറക്കുമതിയെ കയററുമതി കൊണ്ടുവേണം അഭിമുഖീകരിക്കുവാൻ. മിക്കവാറും തുല്യ തുകകൾക്കുള്ള കയററുമതിയും ഇറക്കുമതിയുമാണു നമുക്കിപ്പോഴുള്ളതു്. ഉൽപ്പന്നങ്ങൾക്കുള്ള വില അങ്ങനെ കൃഷിക്കാർക്കു കുറയുന്നു. പോരെങ്കിൽ ഉള്ളതുമുഴുവനും ആദായനികുതിയായിട്ടും സൂപ്പർടാക്സായിട്ടും കെട്ടുകയും വേണം. ആദായനികുതി ഏർപ്പെടുത്തുന്നതിൽ ആക്കും ആക്ഷേപമില്ല. ക്രമാനുസരണം അതു് ഈടാക്കുന്നതിനു വേണ്ട വ്യവസ്ഥകൂടി ചെയ്യണമെന്നേയുള്ളു. ഇതേപ്പററി ഞാൻ സവിസ്തരം പിന്നീടു പറഞ്ഞുകൊള്ളാം. ഇപ്പോൾ സമയമില്ല. (Bell)

സർ, എനിക്കു് ഒരു വാക്കുകൂടി പറയുവാനുണ്ടു്. മി. എൻ. വി. ചാക്കോ ഇന്നലെ എന്നെ ഫിൻഡു ചെയ്തു് ഒരു കാര്യം പറയുകയുണ്ടായി. അതിനു് എനിക്കു ഒരു സമാധാനം പറയേണ്ടതായുണ്ടു്. മി. ചാക്കോ ഇന്നലെ പറഞ്ഞു, പെരിയാറസ്കീമിനു ഞാൻ എതിരാണെന്നു്. ഞാൻ ഒന്നിനും എതിരല്ല. ഇറിഗേഷൻ വർദ്ധിപ്പിക്കുന്നതിനും, താമ്പൂലംകൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഞാൻ എതിരല്ല. ഇറിഗേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കാതെ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാൻ സാദ്ധ്യമല്ലെന്നും എനിക്കറിയാം. എന്നാൽ ഇങ്ങനെയുള്ള വൻപിച്ച

പദ്ധതികൾക്കായി പണം ചെലവാക്കുമ്പോൾ അതേപ്പറ്റി ശരിയായ അന്വേഷണം നടത്തി ബഹുമാനപ്പെട്ട മന്ത്രിമാർ തന്നെ സ്ഥലം ചെന്നു പരിശോധിച്ച്, സാങ്കേതികവും പ്രായോഗികവുമായ പരിജ്ഞാനസിദ്ധിച്ച വിദഗ്ദ്ധന്മാരായ ആളുകളുടെ അഭിപ്രായംകൂടി ആരാഞ്ഞും അതിനു ശേഷം ഈ സഭയുടെ വിമർശനത്തിന് വിധേയമാക്കിയുംകൊണ്ടു സുചിന്തിതമായ ഒരു പദ്ധതി ഏർപ്പെടുത്തുകയാണെന്നുണ്ടെങ്കിൽ അങ്ങനെയുള്ള ഒരു പദ്ധതിയെ സ്വാഗതം ചെയ്യുവാൻ എനിക്കു അശേഷം മടിയില്ല. അല്ലെങ്കിൽ പെരിഞ്ചാണി അണപോലെ വന്നേക്കും. അനേകലക്ഷം രൂപാ ചെലവുള്ള ഒരു കാര്യമാണിത്. പെരിയാറണയെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഞാൻ താമസിക്കുന്ന സ്ഥലത്തുനിന്നും ആ അണ കെട്ടുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തേക്ക് ഏഴു മൈലിൽ കൂടുതൽ ദൂരമില്ല. അതുകൊണ്ട് എന്നെ സംബന്ധിച്ചോ, എനിക്കുള്ള വസ്തുക്കളെ സംബന്ധിച്ചോ ആ അണ ഏററവും സൗകര്യമായിരിക്കുമെന്നുള്ളതിനും സംശയമില്ല. എന്നാൽ പ്രാദേശികമൊ, അല്ലെങ്കിൽ വ്യക്തിപരമൊ ആയ കാര്യങ്ങൾക്ക് ഉപരി നിന്നുകൊണ്ടുവേണം ഈ മാതിരി കാര്യങ്ങൾ വീക്ഷിക്കേണ്ടതു്. രണ്ടുകോടി രൂപാ ഇതിനു ചെലവു വരുമെന്നും, ഇതു് വളരെ നല്ല ഒരു കാര്യമാണെന്നും ചിലർ പറയുകയുണ്ടായി. ചില പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരും ചില പെൻഷൻഡ് ഉദ്യോഗസ്ഥന്മാരും ഇതു നല്ലൊരു കാര്യമാണെന്നു പറഞ്ഞു് പ്രചരണവേലകൾ നടത്തുന്നുണ്ടു്. ചില പെൻഷൻഡ് ഉദ്യോഗസ്ഥന്മാർ അതിനു വേണ്ടി ഇവിടെ വന്നിട്ടുമുണ്ടു്. എന്റെ സ്നേഹിതന്മാർ കൂടിയാണവർ. രാഷ്ട്രീയകാര്യങ്ങളിൽ സ്നേഹവും പരിചയവും സ്വാധീനമാക്കിക്കൊണ്ടു് തങ്ങളുടെ ആവശ്യത്തിനും താല്പര്യങ്ങൾക്കും വേണ്ടി ചില വ്യക്തികൾ നടത്തുന്ന ഇത്തരം ശ്രമങ്ങളുടെ ഫലമായി ഒരു പ്രസ്ഥാനം എത്രതന്നെ ദുഷിച്ചതാണെങ്കിലും, തൽപ്പരകക്ഷികളിൽ അനുകൂലമനോഭാവമുണ്ടാക്കുവാൻ സ്വാഭാവികമായി അതു പ്രേരിപ്പിക്കുന്നതാണു്. അതുകൊണ്ടു് ആ സ്വാധീനത്തിൽ കുടുങ്ങരുതെന്നും യോഗ്യന്മാരായ ആളുകളെ വരുത്തി പരിശോധിപ്പിച്ചു് അവരുടെ വിദഗ്ദ്ധാഭിപ്രായം അറിഞ്ഞതിനു ശേഷമല്ലാതെ ഇങ്ങനെയുള്ള പദ്ധതികൾ നടപ്പിൽ വരുത്തരുതെന്നും ഞാൻ ഈ ഹൗസിനെയും ഗവൺമെൻറിനെയും ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

MR. N. V. CHACKO: സർ, ഇന്നാലെ ഞാൻ സംസാരിച്ചപ്പോൾ മി. കുഞ്ഞിരാമൻ അതിന് എതിരാണെന്നു ഞാൻ പറഞ്ഞില്ല.

[Mr. N. V. Chacko.]

ഞാൻ സംസാരിച്ചപ്പോൾ അദ്ദേഹം, ഇവിടെ ഇല്ലായിരുന്നു. ഉണ്ടായിരുന്നെങ്കിൽ തന്നെയും എന്റെ പ്രസംഗം ഇംഗ്ലീഷിൽ ആയിരുന്നതുകൊണ്ടു് അദ്ദേഹത്തിന് അതു മനസ്സിലായിരിക്കുകയില്ല. ഞാൻ പറഞ്ഞതു്, ആ പ്രദേശത്തു ഒരു അണ കെട്ടുന്നപക്ഷം പത്തടിവരെ വെള്ളപ്പൊക്കമുണ്ടായാലും സമീപപ്രദേശങ്ങളൊന്നും മുങ്ങിപ്പോകയില്ലെന്നും, അതുകൊണ്ടു മി. കുഞ്ഞിത്തൊമ്മനെപ്പോലെയുള്ളവർ അക്കാര്യത്തിൽ പരിഭ്രമിക്കേണ്ടതില്ലെന്നുമാണ്.

MR. THARIYATHU KUJITHOMMAN: എന്നെപ്പററി ഹിൻഡ് ചെയ്തുകൊണ്ടു് എന്തെങ്കിലും പറയുമ്പോഴെങ്കിലും അതു മലയാളത്തിലായിരുന്നാൽ കൊള്ളാമെന്നു് എനിക്കപേക്ഷയുണ്ടു്.

MR. K. N. SANKUNNI PILLAI (*Kottayam IV—General*): സർ, ചില ബഡ്ജററു വിമർശനപ്രസംഗങ്ങൾ ഞാൻ കേട്ടു. അവർ ആദ്യമേ ബഡ്ജററിനെ ഖണ്ഡിക്കുകയും, നിശിതമായി വിമർശനം നടത്തുകയും ചെയ്തതിനു ശേഷം ഒടുവിൽ അതിനെ അനുകൂലിക്കുകയും വളരെ ശാന്തമായി പ്രസംഗം അവസാനിപ്പിക്കുകയും ചെയ്യുന്നതായിട്ടാണു് കണ്ടതു്. ഇതു് ഒരു പ്രത്യേകതയാണെങ്കിലും അതിനു വലിയ തെററുണ്ടെന്നു തോന്നുന്നില്ല, അതേ നിലയിൽതന്നെ എന്റെ പ്രസംഗവും തുടരാമെന്നു വിചാരിക്കുന്നു.

ഗവണ്മെൻറു ഒരു മദ്യവർജ്ജന പരിപാടി ഇപ്പോൾ പുതുതായി ആരംഭിച്ചിട്ടുണ്ടു്. ഈ മദ്യവർജ്ജനപരിപാടിയോടുകൂടിത്തന്നെ മററു ചില വർജ്ജനപരിപാടികൾകൂടി നാം ഉടനെ സ്വീകരിക്കേണ്ടതായുണ്ടു്. അതു പറയാൻ ഇപ്പോഴെങ്കിലും സൗകര്യം കിട്ടിയതിൽ സന്തോഷിക്കുന്നു. അതിൽ ഒന്നാമത്തേതു് നമ്മുടെ ഇന്നത്തെ ജനകീയഭരണം വിജയിക്കണമെങ്കിൽ നാം ഇന്നു ഇവിടെ കാണുന്ന അധികാരദുർമ്മോഹം (Power Politics) വർജ്ജിക്കണം. ആ പടം ഉപയോഗിക്കാതിരിക്കത്തക്കവിധം നാം പ്രവർത്തിക്കണം. ഇവിടെയുണ്ടായ മിക്ക വിമർശനങ്ങളും പഴയ കാര്യങ്ങളെപ്പററിയും കൈയ്ക്കൂലി മുതലായവയെപ്പററിയും കുറിച്ചായിരുന്നു. ഇതിൽ നിന്നും ഒരു വിഭിന്നമായ രീതിയിൽ പോകണമെന്നാണ് എനിക്കു പറയുവാനുള്ളതു. അതിനു നാം ഒരു ആത്മപരിശോധന നടത്തേണ്ടതായിട്ടാണിരിക്കുന്നതു്. രണ്ടാമതായി നാം വർജ്ജിക്കേണ്ട ഒരു സംഗതി പ്രതികാരതല്പരതയാണു്. അതാണു ഇപ്പോൾ ഇവിടെ കൂടുതൽ കാണുന്നതു്. എന്റെ മാന്യസ്നേഹിതൻ മി. ജാൺഫിലിപ്പോസിന്റെ പ്രസംഗം വളരെ നന്നായിരുന്നു. വളരെ വളരെ നല്ല കാര്യങ്ങൾ

അതിൽ അടങ്ങിയിരുന്നു. പക്ഷെ ചില നാടകവേദിയിലെ രംഗങ്ങൾ പോലുള്ള ചില ഭാവങ്ങൾ ഇവിടെ കാണുകയുണ്ടായി. പ്രതികാരതല്പരത കൂടുതലായി കണ്ടു. അതു് ചിന്തയാണെന്നാണ് എന്റെ അഭിപ്രായം. ഞാൻ ബൈബിളിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നതു തെററായിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

MR. P. M. VARGHESE: സർ, ഒരു മെമ്പറിന്റെ പ്രസംഗത്തെയോ അയാളുടെ മനസ്ഥിതിയെയോ കുറിച്ചു് മറെറാരു മെംബർക്കു പറയാമോ?

MR. PRESIDENT: പറയാം.

MR. K. N. SANKUNNI PILLAI: എന്തും പറയാം. ഞാൻ പറയുന്നതു വേറൊന്നുമല്ല. ബൈബിളിൽ പറയുന്നു, "പ്രതികാരം നമ്മുടെതല്ല, അദ്ദേഹത്തിന്റെതാണ്" എന്നു. കഴിഞ്ഞകാര്യങ്ങളെക്കുറിച്ചാവർത്തിച്ചു പറയുന്നതു് ആർക്കും നല്ലതല്ല. അതുകൊണ്ടു് ഈ പ്രതികാരതല്പരത വർജ്ജിച്ചാൽ കൊള്ളാമെന്നു് എനിക്കു തോന്നുന്നു. അതു ജനകീയഭരണത്തിന്റെ മഹാമനസ്കതയ്ക്കു് ഒരു ദൃഷ്ടാന്തമായിരിക്കും. പിന്നെ ഒന്നു്, ഈയിടെയായി തലപൊക്കിവരുന്ന വർഗ്ഗീയ മനഃസ്ഥിതിയാണു്. അതു് വീണ്ടും വരുന്നതായികാണാം. മി. ടി. കെ. നാരായണപിള്ള പറഞ്ഞു, പബ്ളിക്ക്സർവീസ് കമ്മീഷന്റെ നിയമനം ഏറെക്കുറെ ഇതിനൊരു പരിഹാരമായിരിക്കുമെന്നു്. ഒരു കാര്യംകൂടി എനിക്കു പറയുവാനുള്ളതു്. അതോടുകൂടിത്തന്നെ നിയമനത്തെക്കുറിച്ചു ചില നിർദ്ദേശങ്ങൾകൂടി ആ കമ്മീഷനു കൊടുക്കണമെന്നാണ്. സ്പ്പീരിയർ സർവ്വീസിലുള്ള അതായതു് ൨൫൦ രൂപായ്ക്കു മേലുള്ള ഉദ്യോഗങ്ങൾക്കുള്ള നിയമനങ്ങളിലെങ്കിലും ഈ സമുദായപ്രാതിനിധ്യം എന്നുള്ളതു് മാററി സത്യസന്ധതയും കാര്യക്ഷമതയും മാനദണ്ഡമാക്കി ഗണിച്ചു് നിയമനം നടത്തണമെന്നു് അവർക്ക് നിർദ്ദേശം കൊടുക്കേണ്ടതാണ്. അതുപോലെ തന്നെ വർഗ്ഗീയത കൂടുതലായി ബാധിക്കുന്ന ഒരു രംഗം വിദ്യാലയസ്ഥാപനങ്ങളാണ്. ഇതു് പല അവസരങ്ങളിലും പ്രക്ഷുബ്ധമായ രംഗങ്ങൾ സൃഷ്ടിച്ചിട്ടുള്ളതുകൊണ്ടു് അതിനെപ്പററി മത്സരം ഉണ്ടാകത്തക്കവണ്ണം വല്ലതും പറയണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഹൈസ്കൂളുമുതൽ താഴോട്ടുള്ള സ്കൂളുകളെല്ലാം ഗവണ്മെന്റു് ഏറെറടുക്കുകയാണെങ്കിൽ ഇതിനൊരു പരിഹാരം കിട്ടുമെന്നു വിശ്വസിക്കുന്നു.

MR. THARJIYATHU KUNITHOMMAN: കാളേജുകളും കൂടി എടുത്താലോ.

MR. K. N. SANKUNNI PILLAI: വന്നല്ലോ സ്നേഹിതന്റെ ദേഷ്യം! എല്ലാം എടുക്കുന്നതും നല്ലതുതന്നെയാണ്.

MR. THARIYATHU KUNJITHOMMAN: ഫലിതമല്ല; മന്ദസ്മിതമാണ്.

MR. K. N. SANKUNNI PILLAI: ഏതായാലും അങ്ങനെ ചെയ്യുന്നത് ഒരു പരിഹാരമായിരിക്കുമെന്ന് എനിക്കു തോന്നുന്നു. അടുത്തതായി എനിക്കു പറയുവാനുള്ളത് ഇവിടത്തെ ജനപ്രതിനിധികളെപ്പററി ഒരാക്ഷേപം വെളിയിലുണ്ടെന്നുള്ളതാണ്. അതു മി. കുഞ്ഞിത്തൊമ്മൻ ഒരു സംഗതി പറഞ്ഞതുകൊണ്ടാണ് പറയുന്നത്. ഊണില്ല, ഉടുക്കാൻ തുണിയില്ല, കിടക്കാൻ വീടില്ല എന്നെല്ലാം പറഞ്ഞുകൊണ്ടിരുന്ന ജനങ്ങളെ അതൊക്കെ വീണ്ടെടുത്തു തരാം എന്നെല്ലാം മൈതാനപ്രസംഗങ്ങൾ തട്ടിവിട്ടിട്ട് ഇവിടെ വന്നപ്പോൾ അവരുടെ കാര്യം മറന്ന് മെംബറന്മാർ സ്വന്തം കാര്യം മാത്രം നോക്കുന്നുവെന്നുള്ള സംഗതി പലരും എന്നോടു പറയുകയുണ്ടായി. അതു വാസ്തവം തന്നെയാണ്. നമ്മുടെ അലവൻസും മൈലേജും ഒക്കെ മുമ്പിലത്തേതിലുംവളരെ വർദ്ധിപ്പിച്ചു. അതും ഐകകണ്ഠ്യേന പാസ്സാക്കി. ഞങ്ങളുടെ കാര്യം മറന്നല്ലോയെന്ന് പല ആളുകളും ചോദിക്കുകയുണ്ടായി. കഴിഞ്ഞ ദിവസത്തെ പ്രതിനിധി സഭയിലെ ഒരു രംഗം വാസസ്ഥലത്തെപ്പററി മാത്രമായിരുന്നു. അതു ശ്രദ്ധിച്ചപ്പോൾ എനിക്ക് അഭിമാനക്ഷയം ഉണ്ടായി. ഇവിടെ വന്നിരുന്നിട്ട് വീടുവേണം ഭക്ഷണം വേണം എന്നൊക്കെ നാം പറയുന്നതു് തീരെ മോശമാണ്. അതു് വെളിയിലുള്ളവർ കേൾക്കുമ്പോൾ ഇവർക്കു ഇതു മാത്രമേ ഇവിടെ പറയുവാനുള്ളോ എന്നു ചോദിക്കും. അതിനാൽ ഞാൻ പറയുന്നതു് അവരവരുടെ കാര്യം പറയുന്നതോടുകൂടിത്തന്നെ തന്റെ നിയോജകമണ്ഡലത്തിന്റെ കാര്യംകൂടി ഓർമ്മിക്കണമെന്നുള്ള സംഗതിയാണ്.

വേറൊന്നു റിട്രഞ്ച്മെൻറിനെപ്പററിയാണ്. റിട്രഞ്ച്മെൻറിനുള്ള പദ്ധതിയിൽ ൫൦ ലക്ഷം രൂപയോളം ലാഭമുള്ളതായി കാണുന്നു. പക്ഷേ അതു് ലോവർ സ്റ്റാഫിനെ സംബന്ധിച്ചാണ് ഈ റിട്രഞ്ച്മെൻറിൽ അധികവും. അതു തെററാണ്. കാൺഗ്രസ്സ് ഗവണ്മെൻറ് തൊഴിലില്ലായ്മക്കു് പരിഹാരം കണ്ടുപിടിക്കാൻ വന്നിട്ട് താഴ്ന്ന ജീവനക്കാരെ ഗളഹസ്തം ചെയ്യുന്ന രീതി നല്ലതാണെന്നു തോന്നുന്നില്ല. അതുകൊണ്ടു് നിവൃത്തിയുണ്ടെങ്കിൽ ൫൦൦ രൂപയ്ക്കു താഴെ ശമ്പളമുള്ള ആളുകളെ പിരിച്ചുവിടാതിരിക്കണം. അല്ലെങ്കിൽ തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതാണ്. ഒന്നാമതു് എൻ. ജി. ഒ. മാരുടെ വഴക്ക്, പിന്നെ ഈ പെൻഷൻകാരുടെ അസ്വസ്ഥത; ഇതോടുകൂടി ഇപ്പോൾ രാജ്യത്തുള്ള അലങ്കോലം. ഇതിനെല്ലാം പുറമേ ഈ തൊഴിലില്ലായ്മയും

കൂടി വന്നാൽ പിന്നെ അസ്വാസ്ഥ്യങ്ങൾ പലതും ഉണ്ടാകും. അതു കൊണ്ട് ഈവക കാര്യങ്ങൾ ഒന്നു ശ്രദ്ധിക്കേണ്ടതാണ്. പിന്നെ വേറൊന്ന്, വ്യവസായീകരണം, ദേശീയവൽക്കരണം, സാമ്പത്തിക സംവിധാനം എന്നെല്ലാം പറയുന്നതു കേട്ടു. ഇതൊക്കെ നല്ലതാണ്. എന്നാൽ ഇതെല്ലാം ഒരു ദിവസംകൊണ്ട് നടപ്പിൽവരുന്ന സംഗതികളല്ല. അതിന് ശരിയായി പ്ലാനിങ് ചെയ്ത് കമ്മിററി നിയമിച്ച് അങ്ങനെ വേണം നടപ്പിൽ വരുത്തുവാൻ. അതു പെട്ടെന്നു നടപ്പിൽ വരുന്നതല്ല. അതിനാൽ അതിലേക്ക് ഒരു വിദഗ്ദ്ധകമ്മററിയുടെ നിയമനം അത്യന്താപേക്ഷിതമാണ്. ഇത്രയേ എനിക്ക് പറയുവാനുള്ളു.

MRS. DEVAKI GOPIDAS (*Kottayam I—General*) : സർ, നമ്മുടെ ധനകാര്യമന്ത്രി ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് ചെയ്ത പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഒരു ഗവൺമെൻറിന്റെ ധനകാര്യനയം അതാതുകാലത്തെ സാമ്പത്തിക സംവിധാനത്തെ കഴിയുംവണ്ണം ശരിപ്പെടുത്തത്തക്കവിധം ആസൂത്രണം ചെയ്തതായിരിക്കണമെന്നുള്ള തത്വം ഏററവും സ്വീകാര്യമായ ഒന്നാണ്. അതിനെ അടിസ്ഥാനമാക്കി അദ്ദേഹം പദ്ധതികൾ വേണ്ടതരത്തിൽ രൂപീകരിച്ചിട്ടുണ്ടെന്നുള്ളതു സമ്മതിക്കുന്നു. അതിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു. എന്നാൽ ഈ ബഡ്ജററിനെ ഒരു സാധാരണക്കാരൻ എപ്രകാരം വീക്ഷിക്കണമെന്നുള്ള സംഗതി ചിന്തിക്കേണ്ടതാണ്. ഇന്നു ഇവിടെ കൂടിയിരിക്കുന്ന ജനപ്രതിനിധികളാകമാനം ഇവിടത്തെ സാധാരണക്കാർ അയച്ചിരിക്കുന്നവരാണ് എന്നുള്ള സംഗതി നാം ഓർമ്മിച്ചിരിക്കേണ്ടതാണ്. അങ്ങനെയുള്ള സാധാരണക്കാരൻ ഈ ബഡ്ജററിനെ ഏതുതരത്തിലാണു വീക്ഷിക്കുന്നതെന്നു നാം പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ആ വീക്ഷണഗതിയിൽകൂടി നാം ഇതിനെ നോക്കുന്നപക്ഷം ബഡ്ജററിൽ ചില വൈഷമ്യങ്ങളുള്ളതായി നമുക്കു കാണാവുന്നതാണ്. അവക്ക് ഇതു തൃപ്തികരമായിരിക്കുമെന്നു തോന്നുന്നില്ല. ഈ ബഡ്ജററിൽ പ്രശംസനീയങ്ങളായ പല വ്യവസ്ഥകളും അടങ്ങിയിട്ടുണ്ടെന്നുള്ളതു ശരിതന്നെ. അതായതു മദ്യനിരോധനം, സാധുക്കളായ കുട്ടികൾക്ക് ഉച്ചഭക്ഷണം, അവക്ക് വൈദ്യസഹായം, പ്രാഥമിക വിദ്യാഭ്യാസം എന്നിങ്ങനെ പല പദ്ധതികൾക്കും പണം നീക്കിവച്ചിട്ടുണ്ട്. എന്നാൽ ഒരു സാധാരണക്കാരന്റെ ഏററവും അത്യാവശ്യകാര്യം അവന്റെ വയറു പിഴയ്ക്കുക എന്നുള്ളതാണു. ഇന്ന് ഈ രാജ്യത്ത് അധികമായി കാണുന്ന അസ്വാസ്ഥതയ്ക്കു കാരണം

പ്പിച്ചും വളരെ കൂടുതൽ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വെട്ടിക്കുറച്ചും ശമ്പളനിരക്കിന് ഒരു ഏകീകരണം സിദ്ധിക്കമാറ് വേണ്ട വ്യവസ്ഥ ചെയ്യണമെന്ന് ഞാൻ ഗവണ്മെൻറിനോട് അപേക്ഷിക്കുന്നു. ഈ അഭിപ്രായം തന്നെ പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഇവിടെ ഉദ്ധരിക്കയും അതിനെ പ്രധാനമന്ത്രി അതേപടി സ്വീകരിക്കയും ചെയ്തിട്ടുണ്ടെന്നുള്ളത് ഞാൻ വിസ്മരിക്കുന്നില്ല. സർ, ഈയിടെ എൻ. ജി. ഒ. അസോസിയേഷൻെറ ഒരു ലഘുലേഖ ഞാൻ കാണുകയുണ്ടായി. അതിൽ തിരുവിതാംകൂർ രാജ്യത്തുള്ള ശമ്പളത്തോതും കൊച്ചി, മൈസൂർ, മദ്രാസ് മുതലായ രാജ്യങ്ങളിലെ ശമ്പളത്തോതും തമ്മിൽ ഒരു താരതമ്യവിവേചനം ചെയ്തിരിക്കുന്നു. സർ, നമ്മുടെ അയൽരാജ്യമായ കൊച്ചിയിൽ കുറഞ്ഞ ശമ്പളം ൨൫ രൂപ. ക്കുള്ളപ്പോൾ തിരുവിതാംകൂറിൽ ൧൭ രൂപയാണ്. അതുപോലെ മിനിസ്റ്റീരിയൽ ഗ്രേഡിൽ കൊച്ചിയിൽ ൨൨ രൂപയും അതിനെക്കാൾ മുതലെടുപ്പിലും വിസ്തൃതിയിലും വലിപ്പമുള്ള തിരുവിതാംകൂറിൽ ൧൫ രൂപയുമാണ് കിട്ടുന്നുള്ളൂ. ഇങ്ങനെ വരുവുകുറഞ്ഞ കൊച്ചിരാജ്യംപോലും ഈ കാലസ്ഥിതിക്കനുസരിച്ച് ഒരുവിധം ജീവിക്കത്തക്കവണ്ണമുള്ള ശമ്പളംകൊടുത്തിരിക്കെ തിരുവിതാംകൂർ മടിക്കുന്നതിൻെറ യുക്തി എനിക്കു മനസ്സിലാകുന്നില്ല. ഇന്നു ജനങ്ങളുടെ ഇടയിൽ പല തരത്തിലുള്ള അസ്വസ്ഥതകൾക്കും കാരണമുണ്ടാക്കിയതു് ഈ ശമ്പളക്കുറവു് ഒന്നുമാത്രമാണ്. അതിനുവേണ്ടിയുള്ള യാതൊരു പദ്ധതിയും ബഡ്ജററിൽ കൊള്ളിച്ചുകാണാത്തതു് പരിതാപകരമായിപ്പോയെന്നു പറയാതിരിക്കാൻ തരമില്ല. സർ, ഇനി എനിക്ക് ഒന്നു പറയാൻ ഉള്ളതു് കുടിൽവ്യവസായത്തെ സംബന്ധിച്ചാണ്. കുടിൽ വ്യവസായങ്ങൾ തിരുവിതാംകൂർ രാജ്യത്തിൽ അഭിവൃദ്ധി പ്രാപിച്ചിട്ടില്ലെങ്കിലും നിലവിലിരിക്കുന്ന പല കുടിൽവ്യവസായങ്ങളും തങ്ങളുടെ വ്യവസായഉൽപ്പന്നങ്ങളിൽ പല കള്ളത്തരങ്ങളും ചെയ്തുവിൽക്കുന്നതുകൊണ്ടു് വിദേശവിപണികളിൽ വില ഇടിഞ്ഞു് അധഃപതിക്കുന്നതിനിടയാകുന്നു. ഉദാഹരണമായി കയറിൻെറ കാര്യം തന്നെ എടുക്കാം. നല്ലകയർ പുറത്തു വച്ചു കെട്ടുകയും അകത്തു് ഒരുതരം കൊള്ളരുതാത്തവയും നനവുള്ളവയും പൊടിമണ്ണു പുരട്ടിയവയുമായ കയറുകൾ ചെലുത്തിയുമാണ് ഇന്നു വിററുവരുന്നതു്. ഈ ഏർപ്പാടു വ്യവസായത്തിനുതന്നെ ഹാനികരമാണ്. അതുപോലെ കുരുമുളകിൻെറ കാര്യ

[Mrs. Devaki Gopidas]

ത്തിലാണെങ്കിൽ ധാരാളം ചതിര് അതിൻെറകൂടെ കലർത്തിയാണു കയററുമതി ചെയ്യുന്നതു. ഇതും വ്യവസായത്തിൻെറ പരിപോഷണത്തിനെ തടയുന്നു. ഇങ്ങനെ തിരുവിതാംകൂറിൽ നിന്നും കയററുമതി ചെയ്യുന്ന സാധനങ്ങൾക്കു് അന്യരാജ്യങ്ങളിൽ മാർക്കറ്റില്ലാതെ പോകുന്നതു കഷ്ടമാണ്. ഹോളണ്ടു മുതലായ സ്ഥലങ്ങളിൽ കയററുപായു് മുതലായ സാധനങ്ങൾ മെഷ്യനിൽ നെയ്തു വിൽക്കുന്നതുകൊണ്ടു് വളരെ വിലകുറച്ചു് അവക്കു കൊടുക്കാൻ സാധിക്കുന്നു. തൻമൂലം നമ്മുടെ കയററുപായ്ക്കു് വിദേശങ്ങളിൽ നാം ഉദ്ദേശിക്കുന്ന വില കിട്ടാതെ നമ്മുടെ കയററുപായ്വ്യവസായം അധഃപതിച്ചു് ഇന്നു് കയർ ഫാക്ടറികൾ ചിലതെല്ലാം പൂട്ടുന്നതിനും അങ്ങനെ തൊഴിലാളികൾക്കു് തൊഴിലില്ലാതാകുന്നതിനും ഇടയായിരിക്കുന്നു. ആയതിനാൽ ഇവിടെ നിന്നും കയറിഴ കയററുമതിചെയ്യുന്നതിനു് നല്ല തീരുവചുമത്തുകയും നമ്മുടെ രാജ്യത്തുനിന്നും കയററി അയയ്ക്കുന്ന കയററുപായ്ക്കു് വലിയ തീരുവ ചുമത്താതിരിക്കുകയും ചെയ്യേണ്ടതാണ്. എനിക്കു് വേറെ ഒന്നു പറയുവാനുള്ളതു് ഇന്നത്തെ ജീവൽപ്രശ്നമായ വിദ്യാഭ്യാസത്തെപ്പററിയാണ്. ഞാൻ കഴിഞ്ഞ ഒരവസരത്തിൽ പറഞ്ഞതുപോലെ ഇവിടത്തെ വിമൻസ് കാളേജു് ഒരു ഫസ്റ്റ് ഗ്രേഡ് കാളേജ് ആക്കണമെന്നു ഒന്നുകൂടി പറഞ്ഞുകൊള്ളുന്നു. ഇന്നു യൂണിവേഴ്സിററി കാളേജിലുള്ള പെൺകുട്ടികളുടെ ശതമാനം നോക്കുകയാണെങ്കിൽ ഞാൻ പറഞ്ഞതു് വാസ്തവമാണെന്നു ബോദ്ധ്യമാകും. മിക്ക ക്ലാസ്സുകളിലും ൪൦ ശതമാനവും ചില ക്ലാസ്സുകളിൽ ൩൦ ശതമാനവും പെൺകുട്ടികളാണ് ഉള്ളതു്. കാളേജ്കളിൽ അഡ്മിഷൻ ഓരോ കുട്ടിക്കും കിട്ടിയിട്ടുള്ള മാർക്കിൻെറ ശതമാനം അനുസരിച്ചായതിനാൽ ഇന്നു ആൺകുട്ടികളെ അപേക്ഷിച്ചു പെൺകുട്ടികൾക്കാണ് ചാൻസുള്ളതു്. കാരണം, അവരാണ് കൂടുതൽ മാർക്കു വാങ്ങുന്നതു്. (ഹീയർ ഹീയർ) അതുകൊണ്ടു് ആൺകുട്ടികളുടെ ചാൻസു പോകാതിരിക്കത്തക്കവണ്ണം ഗവൺമെൻറു് വേണ്ടതു് ചെയ്യേണ്ടതാണ്. ഈ പ്രോബ്ലത്തിനു് അർഹിക്കുന്ന ഗൌരവം ഗവൺമെൻറു് കൊടുക്കുന്നില്ല എന്നു പറയാതെ തരമില്ല. കൂടാതെ ഇപ്പോൾ കാളേജ്കളിൽ പഠിപ്പിച്ചുവരുന്ന ഈ സയൻസും മററും ഒരു പെൺകുട്ടിക്കു് അവളുടെ ഭാവി ഗൃഹസ്ഥാശ്രമജീവിതത്തിൽ എന്തു ഗുണമാണു് ചെയ്യുന്നതെന്നു് ഞാൻ ചോദിക്കുന്നു. പെൺകുട്ടികൾക്കു് അവരുടെ ഭാവിജീവിതത്തിൽ ഉതകത്തക്ക വിഷയങ്ങൾ അതായതു് ഡൊമസ്റ്റിക്ക് സയൻസ് മുതലായ വിഷയങ്ങൾ പഠിപ്പിക്കത്തക്കവിധം വിമൻസ് കാളേജിനെ ഫസ്റ്റ്ഗ്രേഡാക്കി ഉയ

ത്തേണ്ടതു് അത്യാവശ്യമാണെന്നു് ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഞാൻ ആയുൎവ്വേദത്തെ സംബന്ധിച്ചുകൂടി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പു് ആയുവ്വേദകാളേജിലെ കുട്ടികൾ സ്റ്റ്രൈക്കു് നടത്തിയതായിട്ടു് നമുക്കെല്ലാവൎക്കും അറിയാമല്ലോ. എന്നാൽ ആയുർവേദകാളേജെന്നൊരു സ്ഥാപനമുണ്ടെന്നുപോലും അറിയാത്ത ആളുകൾ നമ്മുടെ നാട്ടിൽ ഇന്നും ധാരാളം ഉണ്ടു. അതായതു് ഞാൻ പറഞ്ഞതിന്റെ അൎത്ഥം ആയുവ്വേദത്തെ അത്ര അഗണ്യകോടിയിലേക്കു തള്ളിയിരിക്കുന്നുവെന്നാണു്. തിരുവനന്തപുരം നിവാസികൾക്കുപോലും ആയുർവേദകാളേജ് എവിടെയാണു് സ്ഥിതിചെയ്യുന്നതെന്നു ശരിയായിട്ടറിഞ്ഞുകൂടാ. ആയുർവേദകാളേജെവിടെയാണെന്നു ചോദിച്ചാൽ പഴയ ജില്ലാക്കോടതിയാണെന്നാണു് മിക്കവരുടേയും ഉത്തരം. അതുകൊണ്ടു് ആയുർവേദത്തെ പരിപുഷ്ടമാക്കേണ്ടതു് അത്യന്താപേക്ഷിതമായ ഒരു കാൎയ്യമാണു്. പൌരസ്ത്യ ആയുൎവ്വേദചികിത്സ വളരെ ഫലപ്രദമാണു്. അതോടുകൂടി ക്ഷീരപാനമെന്ന ഒരു പ്രകൃതിചികിത്സാസമ്പ്രദായവും ഉണ്ടു. ഇവകളൊക്കെ നമ്മുടെ സ്വന്തം നേട്ടങ്ങളാണു്. അലോപ്പതിസമ്പ്രദായംകൊണ്ടു് വാശിയാകാത്ത അനവധി രോഗങ്ങൾ ആയുർവേദചികിത്സകൊണ്ടു് ശമനം ഉണ്ടായിട്ടുണ്ടെന്നു് എനിക്കു് അനുഭവമുള്ള സംഗതിയാണു്. നാൾക്കുനാൾ രോഗികൾ വർദ്ധിച്ചുവരികയും എന്നാൽ ചികിത്സാസമ്പ്രദായം പഴയരീതിയിൽ നിന്നു യാതൊരു വ്യത്യാസവുമില്ലാതെ മന്ദഗതിയെ പ്രാപിച്ചിരിക്കയും ചെയ്യുന്നതു് വളരെ കഷ്ടമാണു്. സർ, രാജ്യത്തുള്ള യാചകരെ സംബന്ധിച്ചുകൂടി ഒരു വാക്കു പറഞ്ഞുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കാമെന്നു ഞാൻ വിചാരിക്കുന്നു. സാംക്രമികരോഗങ്ങൾ പിടിപെട്ടിട്ടുള്ള അനവധി യാചകർ നാട്ടിന്റെ നാനാഭാഗങ്ങളിലും അലഞ്ഞുതിരിയുന്നു. അതുപോലെ ക്ഷയരോഗത്തിനെ സംബന്ധിച്ചും ഒരു വാക്കു പറയാതെ തരമില്ല. നമ്മുടെ ക്ഷയരോഗാശുപത്രി തീരെ പോരാതെയാണിരിക്കുന്നതു. അവിടെ പ്രവേശനം കിട്ടുന്നതിനു് മാർഗ്ഗമില്ലാതെ, സ്ഥലമില്ലാതെ പല ക്ഷയരോഗികളും നാട്ടിൽ നടന്നു് ആ രോഗം പരത്തുന്നതായി നമുക്കെല്ലാവൎക്കും അറിയാം. ഈ രണ്ടു കാൎയ്യങ്ങളെ സംബന്ധിച്ചു് അതായതു് ക്ഷയരോഗത്തിനെപ്പററിയും രോഗികളായ യാചകരെപ്പററിയും യാതൊരു പരിഹാരമാൎഗ്ഗവും ചെയ്യുന്നതിനുള്ള ഒരു പ്രൊവിഷനും ബഡ്ജററിൽ കൊള്ളിച്ചുകാണാത്തതിൽ ഞാൻ ഖേദിക്കുന്നു. അതുകൊണ്ടു് ഗവണ്മെന്റിന്റെ സത്വരശ്രദ്ധ ഈവക കാൎയ്യങ്ങളിൽ പതിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. K. A. MATHEW: സർ, പ്രധാനമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജററിനെപ്പററി പല ബഹുമാനപ്പെട്ട മെമ്പറന്മാരുടേയും നിരൂപണങ്ങൾ നടന്നുകഴിഞ്ഞു. കഴിഞ്ഞ പതിനഞ്ചുപന്ത്രണ്ടു വർഷത്തെ നിരുത്തരവാദിത്വബഡ്ജററിനുശേഷം ജനകീയഗവണ്മെൻറിൻെറ ഒരു ബഡ്ജററ് കാണാൻ ഇടയായതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എന്നാൽ ൧൧൨൩-ലെ ബഡ്ജററ് നിയമസഭയിൽ കൊണ്ടുവരികയോ അതു പാസ്സാക്കുകയോ ചെയ്തിട്ടില്ല. അതിൽ നമുക്ക് സ്വീകാര്യമല്ലാത്തതും തിരസ്കൃതവുമായ പല ചെലവിനങ്ങളും അടങ്ങിയിട്ടുണ്ട്. തിരുവിതാംകൂറിൻെറ ധനം ഇച്ഛാനുസരണമായിട്ടാണ് ഇവിടത്തെ സ്വേച്ഛാധിപതിയായിരുന്ന മുൻഭരണാധിപൻ വിനിയോഗിച്ചിരുന്നത്. ഈ വിനിയോഗത്തെപ്പററി അന്വേഷിക്കേണ്ട ചുമതല നമുക്കുണ്ട്. Political Expenditure-ന് ൩൭ ലക്ഷം രൂപയും Travancore Houses-ന് ൭൫ ലക്ഷവും ചെലവാക്കിയതായി ൧൧൨൩-ലെ ബഡ്ജററിൽ കാണുന്നു. ഈ ഭീമമായ തുകകൾ എങ്ങിനെ ചെലവഴിച്ചു എന്ന് അന്വേഷിച്ച് അറിയേണ്ടിയിരിക്കുന്നു. അതിൽ കഴിഞ്ഞ പന്ത്രണ്ടു വർഷക്കാലത്തെ ഗവണ്മെൻറിൻെറ സാമ്പത്തികമായ ഇടപാടുകളെപ്പററി സസൂക്ഷ്മം അന്വേഷിക്കുന്നതിനായിട്ട് ഒരു Finance Expert-നെ നിയമിക്കേണ്ടത് ആവശ്യമാണ്. അതിലേക്ക് വേണ്ടിവന്നാൽ ഇൻഡ്യാഗവണ്മെൻറിൽനിന്നുതന്നെ ഒരു വിദഗ്ദ്ധനെ കടംവാങ്ങിയാലും തരക്കേടില്ല. സർ, എല്ലാ ഗവണ്മെൻറുകൾക്കും ഒരു ദീർഘകാലസാമ്പത്തിക പ്ലാനിംഗ് Long turn Financial Planning ഉണ്ടായിരിക്കേണ്ടതാണ്. വാർഷികബഡ്ജററിങ്ങിന് അതു മാർഗ്ഗനിർദ്ദേശകം (Guide) ആയിരിക്കും. സോവിയററ് റഷ്യായിലെ പ്ലാനിംഗ് ഇതിനൊരു ഉദാഹരണമാണ്. ഒരു സാമ്പത്തിക വിദഗ്ദ്ധൻ പറയുന്നു: "A Definite and Comprehensive five year plan should be prepared, revised and extended each year, and thus made to serve as the ground—work for the annual budget" അങ്ങിനെയുള്ള ഒരു ദീർഘകാല പ്ലാനിംഗ് ഈ ജനകീയ ഗവണ്മെൻറിൻെറ ബഡ്ജററിൽ കാണാഞ്ഞതിൽ എനിക്ക് ഇച്ഛാഭംഗം ഉണ്ട്.

സർ, ഈ ബഡ്ജററിൽ പഴയ ബഡ്ജററുകളുടെ ഛായ ധാരാളം കാണ്മാനുണ്ട്. ലൈഫ് ഇൻഷ്വറൻസ ഫണ്ട് (൪൭ ലക്ഷത്തിൽ ചില്വാനം രൂപാ) ടീച്ചേഴ്സ പ്രാവിഡൻറ് ഫണ്ട (൯ ലക്ഷത്തിൽ ചില്വാനം രൂപ) എസ്സ്. പി. ഫണ്ടു

[Mrs. Devaki Gopidas.]

ഒരാളിന്ന് അവന്റെ ഒരുചാൺ വയറ് പിഴയ്ക്കുന്നതിനു സാധിക്കുന്നില്ല എന്നുള്ളതാണ്. രണ്ടുരുള ചോറെങ്കിലും ദിവസവും കിട്ടിക്കൊണ്ടിരുന്ന ഒരുവന് ഒരുരുളപോലും ഇപ്പോൾ അരിവില കൂടിയതിനാൽ കിട്ടുന്നില്ല എന്നുള്ള സംഗതി ഒരു ഗൃഹനായികകൂടി ആയ എനിക്കു നേരിട്ടറിവുള്ളതാണു. അതിനാൽ ഒരു സർപ്ലസ് ബഡ്ജററ് അവതരിപ്പിക്കുകയും അരിക്കു വില കൂട്ടുകയുംചെയ്തതു് ഒട്ടും ന്യായീകരിക്കത്തക്കതല്ല. നമുക്ക് അല്പം നഷ്ടം നേരിട്ടാൽ തന്നെയും അരിയുടെ വില കൂട്ടാൻ പാടില്ലായിരുന്നുവെന്നാണു .എന്റെ അഭിപ്രായം. സാധാരണക്കാരന്റെ സഹകരണം ഗവണ്മെൻറിനു കിട്ടണമെങ്കിൽ അവന്റെ ജീവൽ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിക്കേണ്ടതാണ്. ഇന്നത്തെ അസ്വസ്ഥതയ്ക്കുള്ള പ്രധാന കാരണങ്ങളിലൊന്നു മേൽപ്പറഞ്ഞതു തന്നെയാണ്. മറെറാന്ന് പബ്ലിക്ക് സർവീസാണ്. പബ്ലിക്ക് സർവീസിൽ ബഹുഭൂരിപക്ഷം ആളുകൾക്കും ഇന്നു കിട്ടുന്ന ശമ്പളം വളരെ തുച്ഛമാണ്. ഒരഞ്ചാറു ദിവസത്തിനു മുൻപു് കൌമുദിയിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു ലേഖനം വായിക്കുന്നതിനിടയായി. അതിൽ ഒരു പാവപ്പെട്ട താഴ്ന്ന ശമ്പളക്കാരൻ പ്രസ്താവിച്ചിരുന്ന സംഗതി വളരെ പരമാർത്ഥമാണെന്നെനിക്കു തോന്നി.

സർ, എത്ര പരമാർത്ഥമാണ് ആ കത്തിൽ പ്രസ്താവിച്ചിരിക്കുന്നതു. സാമാനങ്ങളുടെ അമിതമായ വിലക്കൂടുതൽ നിമിത്തം തിരുവിതാംകൂറിലെ ഇടത്തരക്കാരായ ശമ്പളക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങളുടെ നഗ്നമായ ഒരു രൂപമാണ് ആ കത്തിൽ പ്രതിഫലിക്കുന്നതു്. പ്രതിമാസം ൩൦ സക്കാർ രൂപമാത്രം വേതനം വാങ്ങുന്ന ഒരു എൻ. ജി. ഓ.–യുടെ കത്താണതു്., അയാൾക്കു് മാതാവും പിതാവും ഭാര്യയും ആറു കുട്ടികളും ഉള്ള ഒരു കുടുംബത്തെയാണ് പുലർത്തേണ്ടിയിരിക്കുന്നതു്. ഈ ഒരു ദുഃസ്ഥിതി തുടർന്നുകൊണ്ടുപോകുവാൻ അയാളുടെ ക്ഷമ അധികംകാലം അനുവദിക്കുന്നില്ല. അയാൾ പറയുന്നു, താമസംവിനാ ഇതിനു് ഒരു പരിഹാരം ഗവണ്മെൻറുണ്ടാക്കിത്തന്നില്ലെങ്കിൽ തൂങ്ങിച്ചാകുമെന്ന്. സർ, ഈ ഒരു ദുഃസ്ഥിതി തിരുവിതാംകൂറിൽ തുടർന്നുകൊണ്ടുപോകുന്നപക്ഷം എൻ. ജി. ഓ.-മാർക്കു് കാര്യക്ഷമമായി ജോലിചെയ്യാനുള്ള കെല്പു നശിച്ചു് ഒരുവക നൈരാശ്യത്തിൽ പരിണമിക്കുന്നു. ഈ പ്രാബ്ലം ഗവണ്മെൻറ് അങ്ങനെ അലസതയിൽ തള്ളാനുള്ള ഒന്നല്ല. അതിനുവേണ്ടി ഇവിടെ ഒരു പേ കമ്മീഷൻ ഉണ്ടാക്കി താഴ്ന്നതരം ശമ്പളക്കാരുടെ ശമ്പളം വർദ്ധി

(൪൨ ലക്ഷത്തിൽ ചില്വാനം രൂപാ) മുതലായ ഫണ്ടുകൾ Gilt-edged securities-ൽ നിക്ഷേപിക്കേണ്ടതാണ്. അവ സക്കാർ ഖജനാവിൽ ഉണ്ടെങ്കിൽ അപ്രകാരം ഇട്ടിരിക്കുന്നതു് നഷ്ടകരമാണ്. Advances repayable ആയിട്ടു് ഒന്നരക്കോടി രൂപാ ലെഡ്ജററിൽ കാണുന്നു. ആർക്കാണ് ഈ തുക അഡ്വാൻസായി നൽകിയതെന്നും അവ മടക്കി കിട്ടുവാൻ ഇടയുണ്ടോ എന്നും അറിയേണ്ടിയിരിക്കുന്നു. ൩ ശതമാനം പലിശയോടുകൂടെ ൧൯൫൪-ലും മൂന്നര ശതമാനം പലിശയോടുകൂടെ ൧൯൫൬-ലും കൊടുത്തു തീർക്കേണ്ടതായ ഏതാനും സ്പെഷ്യൽ ലോൺസ് ഉണ്ടു്. ഈ വൻതുകയെല്ലാം തിരിയെ കൊടുക്കേണ്ടതു് എങ്ങിനെയാണെന്നു നാം ചിന്തിക്കേണ്ടതാണ്. സ്പെഷ്യൽ ലോൺസ് എടുക്കുന്ന സമ്പ്രദായം അപലപനീയമാണ്. ഒരു ഗവണ്മെൻറിന് ലോൺ എടുക്കേണ്ട ആവശ്യം വരുമ്പോൾ പരസ്യമായിട്ടല്ലാതെ രഹസ്യമായിട്ട് ചെയ്യാറില്ല. പ്രൈവററായി കടം എടുക്കുന്ന ഈ സ്പെഷ്യൽ ലോൺ സമ്പ്രദായം നഷ്ടഹേതുകമാണ്; സംശയാസ്പദമാണ്. അതു് നിറുത്തണം. ഇതിനും പുറമെ സസ്പെൻസ് അക്കൗണ്ട് (Suspense) എന്ന ഒരു ഇനത്തിൽ ൮൭ ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ടു്. ഇത്ര വലിയ തുക പ്രസ്തുത ഇനത്തിൽ കൊള്ളിച്ചിരിക്കുന്നതു് ശരിയല്ല. സംസ്ഥാനത്തെ അക്കൗണ്ട്സ് ഡിപ്പാർട്ടുമെൻറിനെ സമൂലം പരിഷ്കരിക്കേണ്ട ആവശ്യം നമുക്ക് നേരിട്ടിട്ടുണ്ടു്. അതിലേക്ക് ഫിനാൻസിനെപ്പററി നല്ല വൈദഗ്ധ്യം ഉള്ള ഒരാളെ നിയമിക്കേണ്ടതാണ്. അതിനു വേണ്ട നടപടികൾ ഗവണ്മെൻറ് സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഗവണ്മെൻറിൻെറ നിയന്ത്രണത്തിന് വിധേയമാകാതെ സ്വതന്ത്രമായി ഗവണ്മെൻറിൻെറ കണക്കുകൾ പരിശോധിക്കുന്നതിന് ഒരു Audit ഡിപ്പാർട്ടുമെൻറ് ഉണ്ടായിരിക്കണം. അനേക ഡിപ്പാർട്ടുമെൻറുകളുടെ ചുമതല വഹിക്കുന്ന ഇന്നത്തെ പ്രധാനമന്ത്രി ധനവകുപ്പ് മന്ത്രികൂടെ ആയിരിക്കുന്നതു് കാര്യക്ഷമതയ്ക്കു ഹാനികരമാണെന്ന് എനിക്ക് തോന്നുന്നു. അതുകൊണ്ടു് ഫിനാൻസ് ഡിപ്പാർട്ടുമെൻറ് ഒരു പ്രത്യേക മിനിസ്റ്ററുടെ ചുമതലയിലാക്കണമെന്ന് ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. പ്രധാനമന്ത്രി ധനവകുപ്പു മന്ത്രി കൂടെ ആയിരിക്കുന്നതു് സാധാരണയല്ല. ഇൻഡ്യാഗവണ്മെൻറിലോ പ്രവിശ്യ ഗവണ്മെൻറുകളിലൊ അപ്രകാരം ഒരു പതിവ് ഉള്ളതായി അറിയുന്നില്ല. Political Expenditure എന്ന ഇനത്തിൽ ൯ ലക്ഷം രൂപാ ചേർത്തിരിക്കുന്നതും അതു് Nonvotable ആക്കിയിരിക്കുന്നതും മുൻ ഗവണ്മെൻറിൻെറ നടപടിയുടെ പകർപ്പാണ്. മന്ത്രിമാ

[Mr. K. A. Mathew]

കൂടെ ഭരണത്തിന് വിട്ടുകൊടുത്തിരിക്കുന്ന State Guest Department, Government House എന്നിവ ഈ ഇനത്തിൽ ചേർത്തിരിക്കുന്നതു് ആക്ഷേപാർഹമായിരിക്കുന്നു. ഗവൺമെൻറിന് യാതൊരു ബന്ധമോ നിയന്ത്രണമോ ഇല്ലാത്ത ഡെയറി ഫാറത്തിന് (Dairy Farm) പതിനേഴായിരം രൂപാ ബഡ്ജററു് ചെയ്തിരിക്കുന്നതു് നീതീകരിക്കത്തക്കതല്ല. അതിൽനിന്നുള്ള ആദായം എന്തെന്ന് ഗവൺമെൻറിന് അറിവില്ല.

സർ, ഗവൺമെൻറു് സമാരംഭിക്കുന്ന സൃഷ്ടിപരമായ പദ്ധതികൾക്ക് വേണ്ടി നമ്മുടെ ഗവൺമെൻറിനെ അനുമോദിക്കുന്നു. മദ്യനിരോധനം, വയോജനവിദ്യാഭ്യാസം, ലൈബ്രറി പ്രസ്ഥാനം, പൊതുജനാരോഗ്യം, വൈദ്യസഹായം ഇവയെല്ലാം നമ്മുടെ ജനസാമാന്യത്തിന്റെ ഉൽക്കർഷത്തെ ലാക്കാക്കിയുള്ളതാണ്. മദ്യനിരോധനബില്ല് ഇവിടെ ആലോചനയ്ക്കു് വന്നപ്പോൾ എനിക്ക് പറയുവാനുള്ളതു പറഞ്ഞതുകൊണ്ടു പ്രസ്തുത വിഷയത്തെ പററി വീണ്ടും പ്രസ്താവിക്കണമെന്ന് ഉദ്ദേശിക്കുന്നില്ല. തിരുവിതാംകൂർ മുഴുവനും കാലവിളംബം കൂടാതെ മദ്യനിരോധനത്തിന്റെ പ്രയോജനം അനുഭവിക്കുന്നതിന് ഇടയാകണം.

വയോജനവിദ്യാഭ്യാസത്തിനായി ഒരു ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ടു്. അതു മതിയായ ഒരു തുകയാണെന്നു പറഞ്ഞുകൂടാ. വയോജനവിദ്യാഭ്യാസത്തിൽ ഗവൺമെൻറു കൂടുതൽ ശ്രദ്ധപതിപ്പിക്കുമെന്നും കൂടുതൽ സംഖ്യ അതിനുവേണ്ടി ചെലവാക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

സർ, നമ്മുടെ ജനകീയ ഗവൺമെൻറു് വിജയിക്കേണ്ടതു് സാമാന്യജനങ്ങളുടെ ആവശ്യമാണ്. നാം പ്രജായത്തഭരണത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. തിരുവിതാംകൂറിലെ സാധാരണജനങ്ങൾക്ക് വേണ്ടിയുള്ള ഒരു ബഡ്ജററാണെന്ന് ധനകാര്യമന്ത്രി അവകാശപ്പെടുന്നു. നമ്മുടെ രാജ്യത്തിന്റെ സാമൂഹ്യദോഷങ്ങളായ ദാരിദ്ര്യം, രോഗം, അജ്ഞത ഇവയോട് അനസ്യൂതമായി സമരം ചെയ്തു അവയെ ഉച്ചാടനം ചെയ്യുകയും ജനങ്ങളുടെ സാന്മാർഗ്ഗികവും, സാമൂഹ്യവും, സാമ്പത്തികവുമായ പുരോഗതിയെ ത്വരിതപ്പെടുത്തുന്നതിന് യത്നിക്കുകയും ആണ് നമ്മുടെ ജനകീയ ഗവൺമെൻറിന്റെ പ്രഥമവും പ്രധാനവുമായ

കർത്തവ്യം. ഇതു് സാധിക്കണമെങ്കിൽ Planning ആവശ്യമത്രെ. യുദ്ധകാലത്തു ഗവണ്മെൻറുകൾക്കു് രാജ്യത്തെ വിഭവങ്ങൾ resources വിജയപ്രദമായി organise ചെയ്യുന്നതിനും പ്ലാൻ ചെയ്യുന്നതിനും സാദ്ധ്യമാണെങ്കിൽ സമാധാനകാലത്തും അതു് സാദ്ധ്യമാകണം. എന്നാൽ ഗവണ്മെൻറിന്നു് ഒരു sense of urgency ഉണ്ടായിരിക്കണം. ഒരു പഞ്ചവത്സരപദ്ധതിയോ ദശവത്സരപദ്ധതിയോ ആസൂത്രണം ചെയ്യുന്നതിനു ഒരു planning committee യെ ഗവണ്മെൻറു് ഉടനെ രൂപീകരിക്കണം. പ്ലാൻ ചെയ്തു മുമ്പോട്ടുപോകുകയാണെങ്കിൽ വളരെ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും.

സർ, ഒരു ജനകീയഗവണ്മെൻറിന്റെ ഭരണം വിജയപ്രദമായിത്തീരണമെങ്കിൽ സിവിൽ സർവീസിന്റെ സഹകരണം അത്യാവശ്യമത്രെ. സിവിൽ സർവീസ് സത്യസന്ധതയോടും, കൃത്യബോധത്തോടുംകൂടി വർത്തിക്കുകയാണെങ്കിൽ ജനകീയ ഗവണ്മെൻറിന്റെ ശ്രമം നിശ്ചയമായും വിജയപ്രദമായിത്തന്നെ തീരുന്നതാണു്. ഉദ്യോഗസ്ഥന്മാർ അവരുടെ out look മാററണം. ഗവണ്മെൻറിനെ ഉലയ്ക്കുന്നതിനു ശ്രമിക്കുന്ന ഉദ്യോഗസ്ഥന്മാരോടു നിർദ്ദാക്ഷിണ്യം പെരുമാറണം. ഉത്തമന്മാരും സത്യസന്ധന്മാരും സാമാന്യജനങ്ങളോടു് അനുകമ്പയും സ്നേഹവും ഉള്ള ഉദ്യോഗസ്ഥന്മാർ ആയിരിക്കണം നമ്മുടെ പബ്ളിക്ക സർവ്വീസിൽ ഉണ്ടായിരിക്കേണ്ടതു്. അവർ ജനങ്ങളോടു് എങ്ങനെയാണു് പെരുമാറുന്നതെന്നു നോക്കിയാണു് തിരുവിതാംകൂറിന്റെ ഭരണത്തെ സംബന്ധിച്ചു് വിധികല്പിക്കുന്നതെന്നുള്ള കാര്യം മറന്നു പോകരുതു്. തിരുവിതാംകൂറിലെ സിവിൽ സർവീസ് ശുദ്ധീകരിക്കേണ്ടതു് വളരെ അത്യാവശ്യമാണു്. ഇന്നു് ഈ ഹൗസിൽ ഉന്നതഉദ്യോഗസ്ഥന്മാരുടെ അഴിമതികളെപ്പററിയും കൈക്കൂലിയെപ്പററിയും പല വിമർശനങ്ങൾ നടന്നു കഴിഞ്ഞു. ഇനി നടക്കാനും ഇരിക്കുന്നു. ജനകീയഭരണം വിജയിക്കുന്നതിനുള്ള ശ്രമങ്ങൾ ചെയ്യുമ്പോൾ ദുഷിച്ച ഒരു സിവിൽസർവ്വീസ് വലിയ ഒരു പ്രതിബന്ധമായിരിക്കുമെന്നുള്ളതിനു സംശയമില്ല. ഇന്നു നമ്മുടെ നാട്ടിൽ എല്ലാവരും വിശ്വസിക്കുന്നതു് കോഴകൊടുത്തല്ലാതെ ഒരു കാര്യവും സാധിക്കയില്ലെന്നാണു്. കൈക്കൂലിയും അഴിമതിയും ഇല്ലാതാക്കുന്നതിനുള്ള കർശന നടപടികൾ നിർദ്ദാക്ഷിണ്യമായി നമ്മുടെ മന്ത്രിസഭ സ്വീകരിക്കുമെങ്കിൽ വളരെ കാര്യങ്ങൾ സാധിക്കുമെന്നുള്ളതിനു സംശയമില്ല. ഇന്നു മുമ്പുണ്ടായിരുന്നതിലും കൂടുതൽ അഴിമതി

[Mr. K. A. Mathew]

നാട്ടിൽ ഉണ്ടെന്നാണ് പൊതുവെയുള്ള വിശ്വാസം. ആ ധാരണ നീക്കണമെങ്കിൽ മന്ത്രിസഭ വളരെ കർക്കശമായ നടപടികൾ സ്വീകരിച്ചേ മതിയാകുകയുള്ളു. ചിലപ്പോൾ ഈ സെക്രട്ടറിയേററിന്റെ വരാന്തയിൽക്കൂടി പോകുമ്പോൾ അനേകം സൂപ്രണ്ടന്മാരും ക്ലാർക്കന്മാരും അലസരായി സമയം കഴിച്ചുകൂട്ടുന്നതു് എനിക്കു കാണുന്നിടയായിട്ടുണ്ട്. സെക്രട്ടറിയേററിലെ സ്ഥിതി ഇങ്ങനെയാണെങ്കിൽ പ്രാദേശികസ്ഥലങ്ങളിലുള്ള ആഫീസുകളിൽ എങ്ങനെയിരിക്കുമെന്ന് ഊഹിക്കാമല്ലോ. ഈ അവസ്ഥമാറിക്കിട്ടേണ്ടതു് ഏററവും അത്യാവശ്യമായ ഒരു കാര്യമാണ്. അതുകൊണ്ട് ഈ വിധം അഴിമതികളേയും കൈക്കൂലിയേയും ഉച്ചാടനം ചെയ്യുന്നതിനു ഒരു Auti-Corruption (ആന്റികറപ്ഷൻ) കമ്മിററി ഉണ്ടായിരിക്കേണ്ടതാണ്. ഓരോ താലൂക്കിലും കഴിയുമെങ്കിൽ ഓരോ പകുതിയിലും അങ്ങനെ ഒരു കമ്മിററി രൂപീകരിക്കേണ്ടതാണ്.

പബ്ളിക്ക് സർവീസിൽ സമുദായ നീതി പരിപാലിക്കുന്നതിനും കാര്യക്ഷമതയും സത്യസന്ധതയും ഉള്ള ആളുകളെ തെരഞ്ഞെടുക്കുന്നതിനും വേണ്ടി എല്ലാ നിയമനങ്ങളും പബ്ളിക്ക് സർവ്വീസ് കമ്മിഷൻ മുഖേന മാത്രമേ ആകാവൂ. വർഗ്ഗീയ ചിന്തകൾക്ക് അതീതരും സ്വഭാവശുദ്ധിയുള്ളവരും ആയ മൂന്നു ആളുകളെ ചേർത്തു ഒരു കമ്മിഷൻ രൂപീകരിച്ചു ആ കമ്മിഷൻ മുഖേന ആയിരിക്കണം എല്ലാ ഉദ്യോഗങ്ങൾക്കും ആളുകളെ തിരഞ്ഞെടുക്കേണ്ടതു്. അങ്ങനെയായാൽ നമ്മുടെ മന്ത്രിമാർക്ക് സ്വൈരമായി ജോലിചെയ്യുവാൻ സാധിക്കും. തിരുവിതാംകൂറിലെ എല്ലാ നിയമനങ്ങളും ഹജൂരിലെ നിയമനങ്ങൾ ഉൾപ്പെടെ ആ കമ്മിഷന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. ഇന്നത്തെ ഗവൺമെന്റ് ജനങ്ങൾക്ക് പ്രയോജനകരമായ പല പദ്ധതികളും സ്വീകരിക്കുന്നതിന് ആലോചിക്കുന്നുണ്ട്. അവയെല്ലാം പ്രയോഗത്തിൽ വരണമെങ്കിൽ സത്യസന്ധന്മാരായ ഉദ്യോഗസ്ഥന്മാരടങ്ങിയ ഒരു സിവിൽ സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്. ജനസാമാന്യം ഇന്നത്തെ ഗവൺമെന്റിന്റെ ജനകീയഭരണത്തെ അളക്കുന്നതു് ഉദ്യോഗസ്ഥന്മാരുടെ പെരുമാററമാകുന്ന അളവുകോൽകൊണ്ടാണ്. ഇപ്പോൾ രാജ്യത്തു വന്നിരിക്കുന്ന പരിവർത്തനത്തിന് അനുസരണമായി ഉദ്യോഗസ്ഥവൃന്ദം പ്രവർത്തിക്കുന്നതിനു ഒരു ആഹ്വാനവും കർശനമായ താക്കീതും പ്രധാനമന്ത്രി അവർക്ക് നൽകേണ്ടതാണ്. സിവിൽ സർവ്വീസിനെ ശുദ്ധീകരിക്കുന്നതിനു നമ്മുടെ മന്ത്രിസഭ ശ്രമിക്കുന്നില്ലെങ്കിൽ അവർ പരാജയം

അടയുകയേ ഉള്ളു എന്നാണെനിക്കു പറയുവാനുള്ളതു്. ഈ സമയത്തു എന്റെ ഓർമ്മയിൽ വരുന്നതു് ഒരു ചൈനീസ് ഗവർണ്ണരുടെ വാക്കുകളാണ്. അവ ഇപ്രകാരമാണ്:

'For the re-making of the province I need two things. I need money; and I need men who will honestly expend that money. I can get the first; but I cannot get the second.'

അതുതന്നെയാണ് തിരുവിതാംകൂർ ഗവണ്മെന്റിനേയും ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നം. ഇതിനെ ഒരു വെല്ലുവിളിയായി സ്വീകരിച്ചു നമ്മുടെ ജനകീയഗവണ്മെന്റു സത്യസന്ധന്മാരായ ഒരു ഉദ്യോഗസ്ഥവൃന്ദത്തെ സമ്പാദിക്കുന്നതിനു് ശ്രമിക്കുകയാണെങ്കിൽ, അതുതന്നെയായിരിക്കും ജനകീയഭരണത്തെ വിജയിപ്പിക്കുന്നതിനുള്ള ഒന്നാമത്തെ പടി എന്നു് പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചു കൊള്ളുന്നു.

MR. R. ATCHUTHAN (*Kottarakara III—Kurava*) : സർ, ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ വളരെ ശുഭപ്രതീക്ഷകളോടുകൂടിയിരുന്ന പൊതുജനങ്ങളുടെ ദൃഷ്ടിയിൽ നാം ഒരു പുറകോട്ടുപോകുകയല്ലേ ചെയ്തിരിക്കുന്നതെന്നു ഞാൻ സംശയിക്കുന്നു. ലോകൈകവന്ദ്യനായ മഹാത്മാഗാന്ധിയുടെ ആദർശങ്ങളിലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലും നമുക്കെല്ലാവർക്കും—ഈ സഭാവാസികൾക്കും പുറത്തുള്ള ആളുകൾക്കും—വളരെ ഭക്തിയും ബഹുമാനവും ഉണ്ടെന്നുള്ള കാര്യം നാം പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ജനകീയഗവണ്മെന്റിന്റെ ആദ്യത്തെ ബഡ്ജററിനെ ഈ സഭാവാസികളായ മെമ്പറന്മാർ അനുകൂലിക്കുമ്പോൾ ഈ രാജ്യത്തെ എല്ലാ ജനങ്ങളും അതിനെ അനുകൂലിക്കുന്നുവെന്നാണ് അർത്ഥമാക്കേണ്ടതു്. ഈ ബഡ്ജററിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളേയോ സാമ്പത്തികപ്രശ്നങ്ങളെയോകുറിച്ച് എന്തെങ്കിലും ഇപ്പോൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും നമ്മുടെ ഗവണ്മെന്റു പ്രത്യേകം താല്പര്യത്തോടുകൂടി പ്രവർത്തിക്കുമെന്ന വിശ്വാസത്തിൽ ഒന്നു രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. മദ്യനിരോധനം ഈ ബഡ്ജററിലുള്ള ഏററവും നല്ല കാര്യങ്ങളിലൊന്നാണ്. എന്നാൽ മദ്യനിരോധനം നടപ്പാക്കുന്ന ഗവണ്മെന്റിനു് ഇവിടത്തെ സാധാരണക്കാരായ ആളുകളുടെയും ഉദ്യോഗസ്ഥന്മാരു

[Mr. K. Atchuthan]

ടെയും ആനുകൂല്യം അത്യന്താപേക്ഷിതമാണ്. വാസ്തവം പറയുകയാണെങ്കിൽ ഇവിടത്തെ താണതരം ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിച്ച് അവരുടെ ജീവിതത്തോത് ഉയർത്തുകയാണെങ്കിൽ അതുതന്നെയായിരിക്കും ജനകീയഭരണത്തെ വിജയിപ്പിക്കുന്ന ഒന്നാമത്തെ സംഗതി എന്നാണ് എനിക്കു പറയുവാനുള്ളത്. പോലീസിന്റെ സഹായം മദ്യനിരോധനത്തിൽ ഏററവും അത്യാവശ്യമാണ്. ൨൪ രൂപാ മുതൽ ൨൭ രൂപാവരെ ശമ്പളം വാങ്ങിക്കുന്ന പോലീസുദ്യോഗസ്ഥന്മാർ കൈക്കൂലിക്കാരും അഴിമതിക്കാരുമാണെങ്കിൽ അവരെ കുററപ്പെടുത്താൻ ആക്കും സാദ്ധ്യമല്ല. നമ്മുടെ ജനകീയഗവൺമെൻറിന്റെ അന്തസ്സിനും അഭിമാനത്തിനും യോജിച്ചതരത്തിൽ താണശമ്പളക്കാരായ പോലീസുദ്യോഗസ്ഥന്മാർക്കു കുറഞ്ഞത് ൪൦, ൫൦ രൂപായെങ്കിലും ശമ്പളം കൊടുത്തതിനു ശേഷം കൈക്കൂലിവാങ്ങരുതെന്നു ഒരു ആർഡർ കൊടുത്താൽ അത് മനസ്സിലാക്കാൻ കഴിയും. ഇത് പോലീസുദ്യോഗസ്ഥന്മാരെമാത്രം സംബന്ധിക്കുന്ന ഒരു കാര്യമല്ല. അഞ്ചൽ, എക്സൈസ് മുതലായ മററു എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഉള്ള താണ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരുടെ ജീവിതത്തോത് ഉയർത്തേണ്ടത് ജനകീയഭരണം നടത്തുന്ന ഇവിടത്തെ മന്ത്രിസഭയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കർത്തവ്യമാണ്.

പിന്നൊന്ന് എനിക്കു പറയുവാനുള്ളത് പിന്നോക്കസമുദായങ്ങളുടെ കാര്യമാണ്. മുൻകൊല്ലങ്ങളെ അപേക്ഷിച്ചു വളരെക്കൂടുതലായ ഒരു തുക ഇക്കൊല്ലത്തെ ബഡ്ജററിൽ പിന്നോക്കസമുദായങ്ങളുടെ സംരക്ഷണത്തിനും ഉദ്ധാരണത്തിനുംവേണ്ടി നീക്കിവച്ചിട്ടുണ്ടെന്നു കാണുന്നത് ഏററവും ചാരിതാർത്ഥ്യജനകമാണ്. കഴിഞ്ഞകൊല്ലം ഒരു മുന്നേമുക്കാൽ ലക്ഷത്തോളം രൂപാ പിന്നോക്കസമുദായസംരക്ഷണത്തിനു നീക്കിവയ്ക്കുകയും അതു ചെലവാക്കുകയും ചെയ്തിട്ടുണ്ടെന്നു ബഡ്ജററിൽ നിന്നു മനസ്സിലാകുന്നതാണ്. ഇക്കൊല്ലം ഒരു നാലേകാൽ ലക്ഷം രൂപാ നീക്കിവച്ചിരിക്കുന്നത് പിന്നോക്കസമുദായങ്ങളുടെ ഐശ്വര്യാഭിവൃദ്ധിക്കും അവശതാപരിഹാരത്തിനും ഏററവും പററിയ ഒരു തുകയാണെന്നു ഞാൻ കരുതുന്നു. ഓരോ ഗ്രാമത്തിലും ഗ്രാമപഞ്ചായത്തുകൾ സ്ഥാപിച്ചു അവശസമുദായോദ്ധാരണം സാധിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ജനകീയഭരണം നടത്തിക്കൊണ്ടു

പോകുവാൻ നാം ആഗ്രഹിക്കുന്നതെന്നുള്ള എന്റെ അറിവ് ശരിയാണെങ്കിൽ അതു പ്രയോജനകരമായിരിക്കും. ഇവിടത്തെ താണതരം ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൂട്ടിക്കൊടുത്തു് അവരുടെ ജീവിതത്തോതു് ഉയർത്തുകയും വീടില്ലാത്തവന് വീടും വസ്ത്രമില്ലാത്തവന് വസ്ത്രവും ആഹാരമില്ലാത്തവന് ആഹാരവും ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്. ഇക്കാര്യങ്ങൾ ഇതിനുമുമ്പും പല മെമ്പറന്മാരും നിയമസഭകളിൽ പറഞ്ഞിട്ടുള്ളതാണ്. പക്ഷെ അവയെല്ലാം നടപ്പിൽവരുത്തേണ്ട ഒരു കാലഘട്ടം ഇതാണ്. പിന്നോക്കസമുദായ സംരക്ഷണം ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയാണ്. വളരെ പിന്നണിയിൽ നിൽക്കുന്ന പത്തുപതിനെട്ടു ലക്ഷം ജനങ്ങൾ ഈ രാജ്യത്തുണ്ടെന്നു നാമേവരും ഓർമ്മിക്കണം. വളരെ വളരെ പിന്നണിയിൽ നിൽക്കുന്ന കുറവർ, പറയർ, വേടർ തുടങ്ങി ഹരിജനങ്ങൾ എന്നു പറയുന്നവരെയെല്ലാം ഉയർത്തിക്കൊണ്ടുവരേണ്ടതും ജനകീയഭരണം നടത്തുന്ന മന്ത്രിമാരുടെ കടമയാണ്. അവർക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക വഴിപോലെ വിനിയോഗിക്കുവാൻ മന്ത്രിസഭ ഉത്സാഹിക്കുകയും പ്രയത്നിക്കുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾതന്നെ പിന്നോക്കസമുദായ സംരക്ഷണഡിപ്പാർട്ടുമെൻറിൽ നിന്നു പല സ്ഥലങ്ങളിലും ഹരിജൻ ഹോസ്റ്റലുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഹരിജൻ കാളണികളും, വായനശാലകളും കൂടാതെ പയൽ സ്കൂളുകൾ എന്നൊരുവകയും ഏർപ്പെടുത്തിയിട്ടുണ്ട്. ഹരിജൻ വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കുന്നതിനും അവർക്കു ഗ്രാൻറുകൊടുക്കുന്നതിനും ഏർപ്പാടുകൾ ഉണ്ട്. എന്നാൽ വാസ്തവത്തിൽ ഇവയെല്ലാം ശരിയായി നടക്കുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഇപ്പോൾ ഹരിജൻ ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്കു ഇതുവരെയും പാഠപുസ്തകങ്ങളും വസ്ത്രങ്ങളും കൊടുത്തിട്ടില്ലെന്നാണ് എന്റെ അറിവ്. അവക്ക് വേണ്ടതുകൊടുക്കുവാൻ മന്ത്രിസഭ ഉത്സാഹിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ബഡ്ജററിനെക്കുറിച്ച് ഇത്രമാത്രമേ എനിക്കു പറയുവാനുള്ളു. ഈ രാജ്യത്തെ ൯൯ ശതമാനക്കാരായ പാവപ്പെട്ടവരുടെ വോട്ടോടുകൂടിയാണ് നാം ഇവിടെ വന്നിരിക്കുന്നതെന്നുള്ള കാര്യം എപ്പോഴും ഓർമ്മിച്ച് അവരുടെ അവശതാപരിഹാരത്തിനുവേണ്ടി വേണ്ടതു പ്രവർത്തിച്ചു ജനകീയഭരണം നയിച്ചുകൊണ്ടുപോകണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. SREE V. DAS : Sir, கடந்த பல வருஷங்களாக எதேச்சாதிகாரத்தின்கீழ் கிடந்து கஷ்டப்பட்ட நாம் மக்களாட்சி வந்ததும் நமது கஷ்டங்கள் நீங்கும், தேவைகள் பூர்த்தியாகும் என்று எதிர்பார்த்தோம். ஆனால் அதற்கு நேர்மாறாக நம் முன் சமர்ப்பிக்கப்பட்டிருக்கும் பட்ஜற்று பெருத்த ஏமாற்றத்தை அளித்துவிட்டது என்பதை வருத்தத்துடன் தெரிவித்துக்கொள்கிறேன்.

சுதந்திர சர்க்கார் வந்தவுடனேயே எல்லாக் குற்றங்களும் நீங்கிவிடும் என்று எதிர்பார்ப்பது முறையல்ல என்பது நன்கு தெரியும். நேருஜீ சொன்னார்கள், "சுதந்திர சர்க்கார் வந்தவுடன் மக்களின் குறைபாடுகள் அத்தனையும் ஒழித்துக்கட்ட எங்களிடம் மந்திரக்கோல் இல்லை. இப்பொழுது அடிப்படைத் திட்டங்களில்தான் முனைந்து நிற்கிறோம். அது சரிப்பட்டதும் சகல க்ஷேமங்களையும் எதிர்பார்க்கலாம்" என்று. ஆம் அதை நன்கு ஞாபகத்தில் வைத்துக்கொண்டுதான் பேசுகிறேன். அதை ஆதாரமாகக்கொண்டு இந்த பட்ஜற்றை பரிசீலனை செய்ததில் எந்தவிதமான அடிப்படைத் திட்டங்களையும் காணமுடியவில்லை. உண்மையில் நிதிமந்திரியின் நேரடி கவனத்தில் இப்பட்ஜற்று தயாரிக்கப்பட்டிருந்தால், சிறந்த பல அம்சங்களைக் கொண்டதாக இருக்குமென்று நிச்சயமாக நம்பலாம். ஆனால் பழங்காலந்தொட்டு சென்றுபோன திவான்களின் உண்மைச் சீடர்களாக இருந்து உழைத்துக் கோடிக் கணக்கான ரூபாய்களை கணக்கில் காண்பிக்கும் வல்லமைபடைத்த பட்ஜற்று நிபுணர்களின் தயாரிப்பில் வந்த பட்ஜற்று அம்முறையில் அல்லது வேறு எந்த முறையிலிருக்கும்? எது என்னவானாலும் மந்திரிசபை குழப்பங்களின் மத்தியில் ஜாதி அதிகார வெறியிடையே ஒரு கடைக்கணக்குப் பட்டிகையை தயாரித்தாவது இதுதான் பட்ஜற்று என்று ஒன்றை அளித்தார்களே அதற்காக எனது நன்றி.

எனக்கு அளிக்கப்பட்டிருக்கும் குறித்த சமயத்திற்குள் கூடுதலான விஷயங்களைப்பற்றி கூடுதல் பேசமுடியாமையால் உணவுப்பிரச்சனையைப்பற்றி ஒரு சிலவார்த்தைகள் பேச விரும்புகிறேன்.

நமது பிரதமர் பட்ஜற்று முகவுரையில், "உணவு தானியம் கையிருப்பு 34,000 டன். அது ஐந்து வாரங்களுக்குத்தான் போதுமானது. வெளியிலிருந்து வேறு தானியம் வந்தால்தான் நமது உணவுப்பஞ்சம் தீரும்" என்று ஒரு பட்டினி பட்ஜற்றை சுட்டிக்காண்பித்தார். மேலும் இன்னும் சில வருஷங்களுக்கு நாம் உணவு தானியத்திற்குப் பிறரை எதிர்பார்ப்பது சரியல்ல. நாமே நமக்குப்போதிய உணவு உற்பத்தி செய்ய வேண்டும் என்று ஹிதோபதேசம் செய்தார். அப்படிப்பட்ட பட்ஜெற்றில் என்னென்ன உணவு பெருக்குதல் திட்டங்களை உட்படுத்தியிருக்கிறார் என்று ஊடுருவிப் பரிசீலனை செய்துபார்த்ததில் பெருஞ்சாணி அணை கட்டுவதற்கு (11½) பதினொன்றரை லட்சம், குளங்களை விருத்தி செய்யக் கூட பல லட்சம், போஸ்டுவார் ரீகன்ஸ்ட்ரக்ஷனில் எங்கள் டெப்புட்டிலீடர் திரு. கே. சிவராமபிள்ளை கூறியதுபோல பொய்க்கணக்கு லட்சங்கள்.

இந்த பதினொன்றரை (11½) லட்சத்தை ஒருவேளை-சந்தேகந்தான்-இந்த வருஷத்திலேயே செலவு செய்ய முன்வந்தாலுந்தான்-அதுபதிவில்லை-

அணைக்கட்டுக்கு எத்தனை ரூபாய் செலவாகும்? அணைக்கட்டை மேல்பார்க்கும் அரசாங்க இலாகாவிற்கு 50 சதமானம் சம்பளம். அதாவது ஐந்தே முக்கால் ($5\frac{3}{4}$) லட்சம் ரூபாய். கண்டிருக்டர்களுக்கு லாபம் கால்பங்கு. மீதி ரூபாயில் சுமார் ஒன்றேகால் ($1\frac{1}{4}$) லட்சம் ரூபாய். Dapartment பதிவு பங்குத்தொகை வேறு. இவ்வளவும் போக ஆண்டவன்தான் அறிவான் எவ்வளவு ரூபாய் அணைக்கட்டில்செலவாகுமென்று. இதற்கிடையில் Expert யாரையாவது கொண்டுவந்து விட்டால் மிச்சமேயில்லை.

குளங்களை விருத்தி செய்ய பல லட்சம் ரூபாய்கள். ஆம். கடந்த பல வருஷப் பட்ஜற்றுகளில் உட்படுத்தப்பட்ட குளங்களேதான். திரும்பத் திரும்ப பல இடங்களில் உருமாறியும், பெயர் மாறியும் தலைகளை நீட்டுகின்றன. சானல்களை செப்பனிடும் விஷயத்தையே காணோம். ஒன்றிரண்டு இடங்களில் சம்பளங்களுக்குத்தக்க தொகை காணப்படுகிறது. இன்றும் கடைவரம்பு நிலங்கள் பல காலமாக வறண்டு கிடக்கின்றன. ஏன்? போதிய குளங்கள் இல்லாமலும், தேவையான ஜலத்தை சானல்கள் தாங்கிக்கொண்டுச் செல்ல சக்தி இல்லாததினால்தான். ஆம். கண்ணிருந்தும் காணமுடியவில்லையானல் கடவுள்தான் காப்பாற்றவேண்டும்.

இந்திய சர்க்கார் இந்த நெருக்கடியான சமயத்திலும்கூட ஹிராகுட், ராமபாதசாகர், கோதாவரி போன்ற பல முக்கியமான அணைக்கட்டுத்திட்டங்களை ஏராளமான பொருள் செலவில் கட்டிக்கொண்டிருக்கும்போது சுமார் ($3\frac{1}{4}$) மூன்றேகால் லட்சம் ரூபாய் செலவில் நாங்களும் ஒரு அணை கட்டப்போகிறோம் என்பது நகைப்புக்கு இடமானது. ஏதோ நமக்கு இருக்கும் புத்தியை உபயோகித்தாலே போதும். ஒரு வருஷத்திற்குள் திருவிதாங்கூரை நெற்களஞ்சியமாகச் செய்துவிடலாம். எங்ஙனம்? பொருள் இருக்கிறதா? பிரதமரே கூறுகிறார், இரண்டுவருடத்தில், அதாவது 1122 லும் 1123 லுமாக வெளியிடத்திலிருந்து உணவுதானியங்களை இறக்குமதி செய்து இங்கு விநியோகஞ் செய்ததால் ($296\frac{1}{4}$) இருநூற்றி தொண்ணூற்றி ஆறேகால் லட்சம் ரூபாய் நஷ்டம் ஏற்பட்டிருக்கிறதென்று (இதன் கணக்கு பட்ஜற்றில் கூட இல்லை). இன்னும் அடுத்துவரும் வருஷங்களிலும் இதற்கு ஒப்பான தொகை நஷ்டமடைய நேரிடுமென்று தெரிந்திருந்த போதிலும் அந்தத்தொகையை கடன் வாங்கியாவது உணவு தானிய உற்பத்தியை திட்டங்கள் மூலம் பெருக்கக் கூடாதா? திருவிதாங்கூரில் இவ்வருடத்தில் மொத்த வருமானமாகிய 8,54,61,150 ரூபாயில் 44·8 சதமானம் உத்தியோகஸ்தர்களுக்கு சம்பளமாகப் போகிறது.

பட்ஜட் மெமோராண்ட பக்கம் 9-ல் மொத்த வருமானத்தில் உத்தியோகஸ்தர்களின் சம்பளங்களைக் குறிப்பிடுவதாவது ஸர் சி. பி. காலத்தில்—

1120-ல்	29·88	சதமானம்
1121-ல்	34·14	,,
1122-ல்	37·74	,,
1123-ல்	37· 8	,,

பொறுப்பாட்சி கிடைத்ததன்று அதாவது 1124-ல் 44·8 சதமானம் சம்பளமாக கொடுக்கப்படும்.

[Mr. Sree V. Das]

இதனிடையில் ரிசர்வ் போலிசை இருமடங்காக்குவதற்கு திட்டம் வேறு. பட்டாளத்தைக் கூட்ட திட்டம் வேறு. ஆனைவரும் பின்னே, மணியோசை வரும் முன்னே என்ற பழஞ்சொல் போல தங்கள் எதேச்சாதிகாரங்களை நிலை நிறுத்த, பட்டினி கிடக்கும் மக்களைப் பயமுறுத்தி, அதிகார ஆட்சி பீடங்களை காக்க விருப்ப முள்ளதால் தான் இந்த பொல்லாத காரியங்களில் மிகுந்த பொருள் சிலவு செய்ய திட்டம் போட்டிருக்கிறார்கள். இதனிடையில் உணவு பிரச்சனைக்கு மாத்திரம் பணமில்லை. பரிதாபம். இரண்டு வருஷங்களில் கஷ்டப்பட்ட (296¼) இருநூற்றி தொண்ணூற்றி ஆறேகால் லட்சம் ரூபாய இன்னும் அந்த முறையில் கூடுதல் கடனை எதிர்பார்க்கும் பெருந்தொகையில் பாதித்தொகை சிலவு செய்ய மனம் வந்தால் போதும் மயங்காமல் வாழலாம்.

நெய்யாறு ஸ்கீமிற்கு 20 லட்சம் ரூபாய்கள்.
சிற்றாறு ஸ்கீமிற்கு 10 ,,
பெரியாறு அணைக்கு 50 ,,
சானல்கள் குளங்கள்
பழுது பார்க்க 20 ,,

என ஆக 1 கோடி சிலவு செய்து விட்டால் அடுத்து வரும் வருஷங்களில் எதிர் பார்க்கும் கடன் லாபம். உணவு தானியம் மிகுதியாகக் கிடைக்கும். சுபிட்சம் நிலவும். பொறுப்பாட்சி என்பது பழைய இரும்பாட்சி அல்ல என்பதை தெளிவு படுத்தி விடலாம். நாம் சொல்வதினால் பலன் என்ன?

அதிகார பீடம் அசைய வேண்டாமா? மக்களை பட்டினி நோய் பற்றும் போது பலன் கிடைக்கும்.

உலக மகாயுத்தம் வளர்ந்து படர்ந்து வரும் சமயத்தில் நமக்குப் போதிய உணவை நாமே தயாரிக்கவில்லையானால், பட்டினி நோய் வாய்பட்டு மக்கள் பரிதவிக்காமல் இருக்க வேண்டுமானால், ஆட்சிப் பீடங்கள் அதிர்ச்சியுற்று ஆட்டங்கண்டு அழிந்தொழிந்து அடிமாய்ந்து போகாமலிருக்க வேண்டுமானால், புதிய முறையில் பட்ஜற்றுத் திருத்தி அமைக்கப் பட வேண்டும் என்பது எனது துணிச்சலான எச்சரிக்கை. தலைவர் அவர்களின் மணி சப்தமிடுகிறது. கடைசியாக ஒரு விஷயத்தைக் கூறி விட்டு முடிக்கிறேன்.

அ. இ. கா. பொதுக் காரியதரிசி திரு. சங்கரராவ் தேவ் இங்கு விஜயம் செய்திருந்தபோது "எனது, கொச்சி, திருவிதாங்கூர் யாத்திரையின் போது மூன்று இடங்களில் சவுக்கைகளையும், வழிமறித்தான்களையுங்கண்டேன். இவைகளெல்லாம் வெள்ளையனின் சிருஷ்டி. மக்களைப் பிரித்து வைத்து, வேற்றுமைப் படுத்தும் சின்னம். சுதந்திர இந்தியாவில் இச்சின்னங்களுக்கு இனி இடமளிக்கக் கூடாது. இந்த கழிகளை களையவேண்டும். சுதந்திர இந்தியாவை பலப்படுத்தத் துணை செய்யுங்கள்," என்று சொன்னார்கள். அதையே நான் இப்பொழுது நினைவூட்டுகிறேன். கொச்சி மக்கள் நமக்கு அன்னியர்களா?

அவர்களை கொள்ளைக்காரர்களைப் போல, கள்ளர்களைப் போல, நமது பிரதேசத்தினுள் நுழையும்போது நாம் நடத்தும் முறை நியாயந்தானா? அவர்களுடைய பெட்டி, படுக்கை, துணி மணிகள், இவைகள் எல்லாவற்

றையும் சோதனை செய்வது பொதுப்பாட்டுக்கு உகந்ததுதானா? தமிழ் நாட்டு மக்களுக்கு ஆரல்வாய் மொழி சவுக்கை. முக்கியமாக வடக்கே கொச்சி எல்லைச் சவுக்கைகள். நாம் பட்டினி என்று கை நீட்டும் போது உணவை அளித்து உயிரை காப்பாற்றியவர்களிடம் நாம் நடத்தும் சவுக்கை முறைகள் ஒழுங்குதானா? ஒருவேளை அவர்களும் சற்று யோசித்து சவுக்கைகளை வைத்து நம்மையும் சோதனை போடுவதுடன் அங்கிருந்து வரும் சாமான்களுக்கும் சரியான தீர்வைகளையும் தேங்காய்க்கு இறக்குமதி தீர்வையும் விதிப்பார்களானால் நமது கதி என்னவாகும் என்று சிந்திக்க வேண்டாமா? முடித்துக் கொள்வோம். எப்பொழுதும் போல ஜனநாயகத்தின் பேரால் ஒரே இந்தியா என்ற உணர்ச்சியால் ஆங்கிலேயனின் வேற்றுமைச் சின்னங்களான சவுக்கைகளையும், வரம்புகளையும், அழித்தொழித்து ஒரு பலமான ஐக்கிய இந்தியாவை உடைத்து வார்த்தெடுக்க வேண்டும். வணக்கம்.

MR. RAPHAEL J. RODRIGUEZ (*Quilon IV—Latin Catholic*) : സർ, തിരുവിതാംകൂറിലെ ആദ്യജനകീയ ഗവണ്മെൻറിൻെറ ആദ്യബഡ്ജററ് അവതരിപ്പിക്കാൻ ഭാഗ്യമുണ്ടായ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ മററു മെംബറന്മാരോടൊപ്പം ഞാനും അഭിനന്ദിക്കുന്നു. ഇങ്ങനെ ചെയ്യുന്നതിൽ പത്തു വർഷത്തിലധികം സ്ഥൈര്യമായും ധൈര്യമായും സ്വാതന്ത്ര്യസമരം നടത്തിയ തിരുവിതാംകൂർ ജനതയെയാണ് ഞാൻ അഭിനന്ദിക്കുന്നത്. എന്തുകൊണ്ടെന്നാൽ അദ്ദേഹം ആ സമരത്തിൻെറ സേനാനായകനും വിജയചിഹ്നവും ആണ്.

ഇതു് ഒരു സാധാരണ മനുഷ്യൻെറ ബഡ്ജററല്ല എന്നു്, ഇവിടെ വിമർശിക്കപ്പെടുകയുണ്ടായി. അദ്ദേഹം അങ്ങനെയാണെന്നു് അവകാശപ്പെട്ടിട്ടില്ല. ഒരു ജനകീയഗവണ്മെൻറിൻെറ ബഡ്ജററിൻെറ മാനദണ്ഡം അതു് എത്രത്തോളം സാധാരണ മനുഷ്യൻെറ നിലയെ ഉയർത്തുന്നതിനു് സഹായിക്കുന്നു എന്നുള്ളതാണെന്നു് അദ്ദേഹം സമ്മതിച്ചു. അതേസമയംതന്നെ ഈ ബഡ്ജററ് ആ വിഷയത്തിൽ അപര്യാപ്തമാണെന്നും അദ്ദേഹം സമ്മതിച്ചു. അതിനു് സമാധാനമായി അദ്ദേഹം പറഞ്ഞതു് പരിതഃസ്ഥിതികൾ അനുവദിച്ചില്ല എന്നാണ്. പരിതഃസ്ഥിതികളാൽ പരാജിതനാകുന്നതിലല്ല അവയെ ജയിച്ചു് കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിലാണ് ഒരു വ്യക്തിയുടെയെന്നപോലെ ഒരു ഗവണ്മെൻറിൻേറയും നേട്ടം അടങ്ങിയിരിക്കുന്നതു് എന്നു് അദ്ദേഹത്തെ വിനയപൂർവം അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ബഡ്ജററിൽ ആരുടേയും സവിശേഷമായ ശ്രദ്ധയെ ആകർഷിക്കുന്നതു് മദ്യനിരോധനം ആണെന്നു കാണാം. അതിൽ ഞാൻ ഗവണ്മെൻറിനെ അനുമോദിക്കുന്നു. അതേസമയംതന്നെ ഇതു് ഗവണ്മെൻറിനു്

[Mr. Raphael J. Rodriguez]

കൂടുതൽ സമാഹരണം ആശാസ്യമാവുന്ന മൂന്നുനാല് താലൂക്കുകളിൽ കൂടെ ഏർപ്പെടുത്തിയിരുന്നെങ്കിൽ ഗവൺമെൻറിന് അത് കൂടുതൽ വിജയകരവും പ്രയോജനകരവുമാക്കി കാണിക്കാമായിരുന്നുവെന്ന് അറിയിച്ചുകൊള്ളട്ടെ. അതിന് തടസ്സമായി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കാണുന്നത് ഇതുമൂലം ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാനുദ്ദേശിക്കപ്പെട്ടിരിക്കുന്ന വില്പന നികുതി ബഡ്ജററു വർഷത്തിന്റെ മദ്ധ്യത്തോടുകൂടിയെ നടപ്പിൽ വരുത്താൻ സാധിക്കൂ എന്നുള്ളതാണ്. കാലേക്കൂട്ടി നിശ്ചയിച്ചിരുന്ന സ്ഥിതിക്ക് വില്പന നികുതി വർഷാരംഭത്തിൽ നടപ്പാക്കത്തക്കവണ്ണം അതുസംബന്ധിച്ച ബിൽ കാലേക്കൂട്ടി അവതരിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ പാടില്ലായിരുന്നോ എന്നുള്ള ചോദ്യത്തിന് അവകാശമുണ്ടെന്ന കാര്യം പ്രസ്താവിച്ചുകൊള്ളട്ടെ.

മേൽ പറഞ്ഞതിൽനിന്നും വില്പനനികുതിയെ ഞാൻ സ്വാഗതം ചെയ്യുന്നു എന്ന് ധരിക്കേണ്ടതില്ല. അതുമൂലം മദ്യപാനം ചെയ്യുന്നവരുടെമേൽ ചുമത്തിയിരുന്ന ഭാരം എല്ലാ ജനങ്ങളുടേയും ചുമലിലേക്ക് മാററിയെന്നേ അർത്ഥമാക്കേണ്ടതായി കാണുന്നുള്ളു. ഇങ്ങിനെ എല്ലാ ജനങ്ങളേയും ബുദ്ധിമുട്ടിക്കേണ്ടതായില്ലായിരുന്നു എന്നാണ് എന്റെ വിനീതമായ അഭിപ്രായം. അതിനു പകരം അമിതാദായനികുതിയാണ് കൂടുതൽ സ്വീകാര്യം. അതുമൂലം ജനങ്ങളറിയാതെ കച്ചവടക്കാരും വ്യവസായികളും ജനങ്ങളുടെമേൽ ചുമത്തി സ്വകാര്യത്തിലേക്ക് വിനിയോഗിച്ചുക്കാവുന്ന നികുതിയുടെ ഒരു ഭാഗം ഗവൺമെൻറ് പിടിച്ചെടുക്കുക മാത്രമേ ചെയ്യുന്നുള്ളു.

അടുത്തതായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നത് ഗ്രാമോദ്ധാരണത്തിനായി നീക്കിവച്ചിരിക്കുന്ന മുപ്പത്തിരണ്ടേമുക്കാൽ ലക്ഷം രൂപയാണ്. ഇത് ഏററവും അഭിനന്ദനീയമാണെന്നുള്ളതിൽ തർക്കമില്ല. പക്ഷെ ഒരു കാര്യം ഗൗനിക്കേണ്ടതായിരിക്കുന്നു ൧൧൨൩-ലെ എസ്റ്റിമേററിൽ ഈ ഇനത്തിൽ ഇരുപത്തിനാലുലക്ഷം രൂപാ കൊള്ളിച്ചിരുന്നുവെങ്കിലും പുനരാവർത്തിച്ച എസ്റ്റിമേററിൽ അത് ൨.൩ ലക്ഷമായി കുറഞ്ഞിരിക്കുന്നു. അതിനുള്ള കാരണം ൨൪ ലക്ഷം ചെലവാക്കാനുദ്ദേശിച്ചിരുന്ന ഗ്രാമോദ്ധാരണം സാധിതപ്രായമാകുന്നതിന് ശരിയായ ഒരു പദ്ധതി ആസൂത്രണം ചെയ്യാതിരുന്നതാണെന്ന് അനുമാനിക്കേണ്ടതല്ലേ? അങ്ങനെയാണെങ്കിൽ ഇപ്പോൾ നീക്കി വച്ചിരിക്കുന്ന മുപ്പത്തിരണ്ടേമുക്കാൽ ലക്ഷവും അതിലധികവും തുക ചെലവാക്കി ഗ്രാമോദ്ധാരണം

വിജയകരമാക്കുന്നതിലേക്ക് വേണ്ട പ്രവത്തനപദ്ധതി ആസൂത്രണം ചെയ്യുന്നതിൽ ഒട്ടും കാലതാമസം വരുത്താൻ പാടില്ലാത്തതാണ്.

ഗ്രാമീണപുനരുദ്ധാരണംകൊണ്ടു സാമാന്യജനത്തിന്റെ നില ഉയത്താമെന്നുള്ളതിന് യാതൊരു തക്കവും ഇല്ല. അതുമൂലം ഭരണാധികാരം വികേന്ദ്രീകരിക്കയാണ്. അതാണ് ഒരു ജനകീയ ഗവണ്മെൻറ് ചെയ്യേണ്ടതും. എന്നാൽ അതു് വിജയകരമാക്കണമെങ്കിൽ ആ പ്രവത്തനം സഹകരണാധിഷ്ഠാനത്തിൽ നടത്തപ്പെടണമെന്നുള്ളതു് ഏററവും അത്യന്താപേക്ഷിതമായി ഞാൻ കരുതുന്നു. ആ അധിഷ്ഠാനത്തിൽ മാത്രമേ ചുമതലാബോധവും സേവനബുദ്ധിയും ധർമ്മബോധവുമുള്ള പ്രവത്തകന്മാരെ അതിന്റെ വിജയകരമായ പ്രവത്തനത്തിനായി ലഭിക്കുകയുള്ളു. സഹകരണപ്രസ്ഥാനം അഭിവൃദ്ധിപ്പെടുത്തുന്നതിനായി ൩.൨ ലക്ഷം നീക്കിവച്ചിരിക്കുന്നതു് ശ്രദ്ധേയമായി ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ ഞാൻ പറയുന്നതു് അതു് മുന്നാണ്ടുകളെ അപേക്ഷിച്ചു് ഒരു ചെറിയ തുകയാണെന്നാണ്. ൧൧൨൩-ലെ എസ്റ്റിമേററിൽ ൩.൯ ലക്ഷം രൂപാ കൊള്ളിച്ചിരുന്നുവെങ്കിലും എസ്റ്റിമേററ് പുനരാവർത്തിച്ചപ്പോൾ അതു് ൩.൪൦ ലക്ഷമായി കുറഞ്ഞു. ൧൧൨൪-ലേക്ക് അതു് വീണ്ടും ൩.൨ ലക്ഷം രൂപയായി കുറഞ്ഞു. അതു് സഹകരണത്തെ പോഷിപ്പിക്കാനുള്ള ആഗ്രഹമല്ല കാണിക്കുന്നതു്. സഹകരണം അഭിവൃദ്ധിപ്പെടുത്തേണ്ടിയിരിക്കുന്നു. സഹകരണപ്രസ്ഥാനത്തെപ്പററി ഇപ്പോൾ ഭൂരിപക്ഷം ജനങ്ങൾക്കും ഒരവജ്ഞയാണുള്ളതു്. അതു് ഡിപ്പാർട്ടുമെൻറിന്റെ പോരായ്മയല്ലേ കാണിക്കുന്നതു്? ആ നില മാററണം. എന്നാൽ മാത്രമേ ഗ്രാമോദ്ധാരണം വിജയകരമാകയുള്ളു.

വിദ്യാഭ്യാസത്തിനായി മുന്നാണ്ടുകളെ അപേക്ഷിച്ചു് കൂടുതൽ തുക നീക്കിവച്ചിരിക്കുന്നതു് സമുചിതമായിട്ടുണ്ട്. എന്നാൽ പ്രൈവററ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ഗ്രാൻറിനെ സംബന്ധിച്ചു് തക്കതായ തീരുമാനം ചെയ്യാതിരിക്കുന്നതു് ശോചനീയമാണ്. എട്ടുമാസക്കാലമായി അല്പശമ്പളക്കാരായ ഈ അദ്ധ്യാപകന്മാരിൽ ഒരു വലിയ വിഭാഗത്തിന് ശമ്പളം കിട്ടാതെ കഷ്ടപ്പെടുന്ന സംഗതി അതർഹിക്കുന്ന പ്രാധാന്യത്തോടെ വീക്ഷിക്കേണ്ടതാണ്. വിദ്യാഭ്യാസപരിഷ്കാരം സംബന്ധിച്ചു് നിയമിതമായ വിദഗ്ദ്ധകമ്മിററിയുടെ മറെറല്ലാ ശുപാർശകളും സ്വീകരിച്ചു നടപ്പിൽ വരുത്തിയിരിക്കെ എന്തുകൊണ്ടു് പ്രൈവററ സ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചുള്ള കാര്യം മാത്രം സ്വീകരിക്ക

[Mr. Raphael J. Rodriguez.]

ന്നില്ല എന്നു് മനസ്സിലാകുന്നില്ല. ഡിമോക്രസി വിജയകരമാക്കണമെങ്കിൽ വിദ്യാഭ്യാസം കൂടുതൽ വ്യാപിക്കേണമല്ലോ. അതിനായി സ്തുത്യർഹമായ വിധത്തിൽ സേവനം ചെയ്തിട്ടുള്ള പ്രൈവററ ഏജൻസികളെ നിരുത്സാഹപ്പെടുത്തുന്നതു് ശരിയല്ല. വിദ്യാഭ്യാസം കൂടുതൽ പ്രചരിക്കുന്നതിനു് അവരെ സഹായിക്കേണ്ടതിൻെറ ആവശ്യകത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഈ അവസരത്തിൽ പ്രൈവററ സെക്കൻഡറിസ്ക്കൂൾ അദ്ധ്യാപകന്മാരുടെ കാര്യവും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. തുല്യയോഗ്യതയുള്ളവർ തുല്യജോലി ചെയ്യുമ്പോൾ അതിനു് തുല്യപ്രതിഫലം കൊടുക്കണമെന്നുള്ളതു് വെറും ഒരു മൌലികാവകാശമാണു്. ഈ മൌലികാവകാശം സംരക്ഷിക്കേണ്ടതു് ഏതൊരു പരിഷ്കൃതഗവണ്മെൻറിൻേറയും ചുമതലയാണു്. അതിനാൽ ഇക്കാര്യത്തിൽ വേണ്ടതു ചെയ്യണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

സാധാരണ ജനങ്ങളിൽ ഗണ്യമായ പങ്കു് കുറഞ്ഞ ശമ്പളക്കാരായ ഗവണ്മെൻറുദ്യോഗസ്ഥന്മാരാണു്. അവരുടെ കാര്യം വിഗണിക്കുന്നതു് സാധാരണ ജനങ്ങളുടെ നില ഉയർത്തുന്നതിൽ ഗവണ്മെൻറിനു് താല്പര്യമില്ല എന്നുള്ളതിനു് സമമാണു്. ഗവണ്മെൻറുദ്യോഗസ്ഥർക്കായുള്ള ശമ്പളത്തിൽ ഏററവും കുറഞ്ഞതു് ൫൦ രൂപാ ആയിരിക്കണമെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. അഞ്ചൽ ഡിപ്പാർട്ടുമെൻറു പരിഷ്കാരത്തിൽ ചില വ്യത്യാസങ്ങൾ ചെയ്തതായി കാണുന്നു. കുറഞ്ഞ ശമ്പളക്കാരെ വേണ്ടുവോളം സഹായിക്കുന്നില്ല. അഞ്ചൽ വകുപ്പിലേയും നീതിന്യായവകുപ്പിലേയും മൂന്നു ഗ്രേഡുകളിലുള്ള ക്ലാക്കന്മാരുടെ ശമ്പളക്രമം താരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ ൨൦–൫–൧൦൦ എന്ന സ്കെയിലിൽ ൧൫-ം ൪൫–൫–൬൫ എന്ന സ്കെയിലിൽ ൬൮-ം ൩൦–൩–൪൫ എന്ന സ്കെയിലിൽ ൨൮-ം ഉദ്യോഗങ്ങൾ ഉള്ളതായി കാണുന്നു. നീതിന്യായവകുപ്പിൽ, ജില്ലാക്കോടതികളും മുൻസിഫ്കോടതികളും മാത്രം നോക്കിയാൽ മേൽപ്പറഞ്ഞ സ്കെയിലുകളിൽ യഥാക്രമം ൪൬-ം ൪൨-ം ൨൨൬-ം ഉദ്യോഗങ്ങൾ ഉള്ളതായി കാണാം. എനിക്കിതിൽ പറയാനുള്ളതു് ഇവയുടെ ശതമാനം നോക്കുമ്പോൾ അഞ്ചൽവകുപ്പിലെ ക്ലാക്കന്മാക്കു് വലുതായ അസമത്വം ഉണ്ടെന്നാണു്. നീതിന്യായവകുപ്പിൽ ഈ ശതമാനം ൧൪.൫, ൧൪.൫, ൬൧, എന്നായിരിക്കുമ്പോൾ

അഞ്ചൽ വകുപ്പിൽ അതു ർ, ൨.൫, ൧൦ എന്നാണെന്നു കാണാം. തന്മൂലം അഞ്ചൽവകുപ്പിലെ ആളുകളിൽ കൂടുതൽ ശമ്പളസ്കെയിൽ ലഭിക്കാൻ സാധിക്കുന്നവരുടെ എണ്ണം മറ്റേ ഡിപ്പാർട്ടുമെൻറിനെ അപേക്ഷിച്ച് ഒട്ടും നീതീകരിക്കാൻ പാടില്ലാത്തവിധം കുറവായിതിരുന്നു. ഈ അസമത്വം നീക്കത്തക്കവണ്ണം സ്കെയിലുകൾ ക്രമപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഗവണ്മെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവന്നുകൊള്ളുന്നു. എനിക്ക് കുറഞ്ഞ ശമ്പളക്കാരായ ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ ശമ്പളക്രമത്തെപ്പററി പറയാനുള്ളത്, അത് പല ഡിപ്പാർട്ടുമെൻറുകളിലും പലതായിരിക്കരുത് എന്നുള്ളതാണ്. എല്ലായിടത്തും ഒരുപോലെയാക്കിയാൽ അസംതൃപ്തിക്ക് അവസാനമുണ്ടാകുന്നതാണ്.

നിയന്ത്രണങ്ങളെപ്പററി ഭക്ഷ്യധാന്യങ്ങളും വസ്ത്രവും നൂലും കൂടി പറഞ്ഞുകൊള്ളട്ടെ. എല്ലാവർക്കും ന്യായമായി ലഭിക്കത്തക്കവണ്ണം അവ ശരിപ്പെടുത്തും എന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഉറപ്പു തന്നിരിക്കുന്നത് ഏററവും ചാരിതാർത്ഥ്യജനകം തന്നെ. അതു കണിശമായി പാലിക്കപ്പെടുന്നതിന് വേണ്ടുവോളം ശ്രദ്ധ പതിപ്പിക്കണമെന്നു മാത്രമേ പറയുന്നുള്ളു. എന്നാൽ സിമൻറു വിതരണത്തിൽ ഇന്നു കാണുന്ന ക്രമക്കേട് പരിഹരിക്കുന്നതിന്റെ ആവശ്യകതയെപ്പററി പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. സിമൻറു വിതരണം ശരിയായി നടക്കുന്നില്ല. അപേക്ഷ കൊടുക്കുന്നവർക്ക് സിമൻറു ലഭിക്കുന്നില്ല. എന്നാൽ നിയന്ത്രിതവിലയുടെ നാലും അഞ്ചും ഇരട്ടി വിലയ്ക്ക് രഹസ്യക്കച്ചവടക്കാരിൽനിന്നും സുലഭമായി കിട്ടുന്നു എന്നു പറയപ്പെടുന്നു. ഇതു പരിതാപകരമാണ്. അതുകൊണ്ട് സിമൻറു വിതരണം നീതിപൂർവകമായും അഴിമതിയില്ലാതെയും നടത്തുന്നതിന് വേണ്ട ഏർപ്പാടുകൾ ഉടൻ ചെയ്യണം.

MR. PRESIDENT : ഈ സഭ ഇപ്പോൾ പിരിയുന്നതും വീണ്ടും ആഗസ്റ്റ് ൯-ാംതീയതി തിങ്കളാഴ്ച രാവിലെ പതിനൊന്നുമണിക്ക് കൂടുന്നതുമാണ്.

The House adjourned at 5 P. M. to meet again at 11 A. M. on Monday the 9th August 1948.

R. KERALAVARMA THIRUMULPAD,
Ag. Secretary to the Legislative Assembly.

PROCEEDINGS

of

THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION 1948/1123.

Monday the 9th August 1948/25th Karkatakam 1123.

The Travancore Legislative Assembly met again in the Legislative Chamber, Public Offices, at eleven of the clock on Monday the 9th August 1948/25th Karkatakam 1123, the President, (The Honourable Mr. A. J. John) in the Chair.

ഉപചോദ്യങ്ങൾ.

MR. PRESIDENT : ചോദ്യോത്തരങ്ങൾ തുടങ്ങുന്നതിനു മുൻപ് എനിക്ക് ഒരു പ്രസ്താവന ചെയ്യേണ്ടതായിട്ടുണ്ട്. ഇന്ന് ആകെ ൭൧ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതാണെന്ന് അജൻഡായിൽനിന്ന് കാണാൻ സാധിക്കും. ആ സ്ഥിതിക്ക് ഉപചോദ്യങ്ങൾ ചോദിക്കുന്നതിന് ഒരു നിയന്ത്രണം ആവശ്യമുണ്ടെന്നുള്ള വിവരം ഞാൻ വീണ്ടും അറിയിച്ചുകൊള്ളുന്നു. വളരെ പ്രധാനപ്പെട്ട ചോദ്യങ്ങൾക്കു മാത്രം ഉപചോദ്യങ്ങൾ ചോദിക്കുകയും ചോദ്യങ്ങൾ അയച്ചിട്ടുള്ള മെമ്പറന്മാർ ആ ചോദ്യങ്ങൾക്കു വരാവുന്ന ഉപചോദ്യങ്ങൾ പഠിച്ചുകൊണ്ടു വന്നിരിക്കാവുന്നതുകൊണ്ട് കഴിയുന്നതും അവർക്കുതന്നെ ഉപചോദ്യങ്ങൾ ചോദിക്കാനുള്ള സൌകര്യം നൽകുകയും ചെയ്യുന്നത് നന്നായിരിക്കും. അങ്ങനെയാകുന്നെങ്കിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുന്നതിന് സാധിക്കും. അതിനാൽ ഉപചോദ്യങ്ങൾ ചോദിക്കുന്നതു സംബന്ധിച്ചുള്ള നിയന്ത്രണം ആവശ്യമാണെന്ന് ഞാൻ വീണ്ടും വീണ്ടും അറിയിച്ചുകൊള്ളുന്നു.

MR. U. K. VASUDEVAN ASARI (*Kottayam III—General*) : ലിസ്റ്റിൽ ചോദ്യങ്ങൾക്ക് ഇന്ന തീയതികളിൽ ഉത്തരം പറയുമെന്നു ഉണ്ട്. എന്നാൽ ആ തീയതികളിൽ ഉത്തരം പറയാതെ ഇരിക്കുകയാണെങ്കിൽ പിന്നീട് ആ ചോദ്യങ്ങൾക്കു മറുപടി കിട്ടുമോ എന്നുള്ളതിനെ സംബന്ധിച്ച് ഒരു റൂളിംഗ് ഉണ്ടായാൽ കൊള്ളാം.

MR. PRESIDENT: കഴിയുന്നതും ആ തീയതികളിൽതന്നെ ഉത്തരം പറയണമെന്ന് ആഗ്രഹം ഉണ്ട്. എന്നാൽ അതു സാധിക്കാതെ വരുന്ന പക്ഷം പിന്നീട് ആ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതായിരിക്കും. ഇതു് സ്വീകാര്യമല്ലെങ്കിൽ അതിനെപ്പററി വേണ്ട നിർദ്ദേശങ്ങൾ കൊടുക്കാൻ സഭയ്ക്കു് അധികാരമുണ്ട്.

MR. K. A MATHEW (*Thiruvalla VI—Greneral* : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇന്ന് ഒരു ഷോർട്ട് നോട്ടീസ് ക്വസ്റ്റ്യൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യം അതിന് മറുപടി പറഞ്ഞാൽ കൊള്ളാമെന്ന് തോന്നുന്നു. അല്ലെങ്കിൽ പിന്നീട് ഒരുപക്ഷേ സമയം തീരുകയാണെങ്കിൽ ഇതു് ചോദിക്കാൻ സാധിക്കാതെ വരും.

MR. PRESIDENT : ഇതിനെ സംബന്ധിച്ച് സെൻട്രൽ അസംബ്ളിയിലെ നിയമം അവസാനമായി ഷോർട്ട് നോട്ടീസ് ക്വസ്റ്റ്യൻ എടുക്കുക എന്നുള്ളതാണ്. സമയം അവസാനിക്കുന്നതിന് രണ്ടു മൂന്നു മിനിട്ടിനു മുമ്പ് അതു് എടുക്കുന്നതായിരിക്കും.

QUESTIONS AND ANSWERS.
(ORAL ANSWERS.)

നെയ്യാററിൻകര താലൂക്ക സഹകരണ കാൺഫറൻസിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ.

92. **MR. P. K. KRISHNAN SASTRI** (*Minachil II—Pulaya*) : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

നെയ്യാറ്റിൻകര താലൂക്ക് സഹകരണ കാൺഫറൻസിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : Yes, the matter is engaging the attention of Government.

MR. P. K. KRISHNAN SASTRI : പതിനൊന്നാമത്തെ പ്രമേയത്തെ സംബന്ധിച്ച് എന്തു നടപടിയാണു ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതെന്നു പറയുവാൻ ദയവുണ്ടാകുമോ?

MR. PRESIDENT : എല്ലാ പ്രമേയങ്ങളും ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു എന്നു പറയുമ്പോൾ ഒരു പ്രമേയത്തെക്കുറിച്ച് പ്രത്യേകം ചോദിക്കേണ്ട ആവശ്യമില്ല.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറ്.

93. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ൧൧൨൦ മുതൽ നാളതുവരെ ഗവൺമെൻറിൽനിന്നും നേരിട്ടു നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതി തിരിച്ചുള്ള ഒരു ലിസ്ററു നൽകുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN : ബ്രാഹ്മണൻ ൨. നായർ ൧. മുസ്ലിം ൧. ഈഴവർ ൭. വെള്ളാളർ ൪. എസ്. ഐ. യു. സി. ൯. മാർത്തോമ്മാസിറിയൻ ൧. കമ്മാളൻ ൨. പുലയർ ൮. മററു ഹിന്ദുക്കൾ ൨. മററു ക്രിസ്ത്യാനികൾ ൩.

നിയമങ്ങൾ.

94. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya*) ആദായം സംബന്ധിച്ചുള്ള തീരുമാനത്തിൽനിന്നും വ്യത്യാസമായി പെരുമാറുന്ന കൃഷിയുടമസ്ഥന്മാരുടെ ദയനീയനയത്തിനു പരിഹാരമുണ്ടാകുവാൻ ആവശ്യമായ നിയമങ്ങൾ നടപ്പിലാക്കി സഹായിക്കാൻ പുഞ്ചപ്പാടം തൊഴിലാളികളുടെ അഭ്യർത്ഥന ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ എടുക്കുവാൻ സാധിച്ചുവെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN : No representation has been received from the agricultural workers of Punja cultivation for introducing legislation to enforce settlements of wage rates.

MR. T. T. KESAVAN SASTRI : പുഞ്ചപ്പാടം തൊഴിലാളികളുടെ സൊസൈററി എങ്കിലും ഉള്ളതായിട്ടറിയാമോ?

HON'BLE MR. C. KESAVAN : കുട്ടനാട്ട് അഗ്രികൾച്ചറൽ വർക്കേഴ്സ് യൂണിയൻ എന്ന ഒരു സംഘത്തിൽനിന്നും ഒരു പരാതി കിട്ടിയിട്ടുണ്ട്. അതിനെക്കുറിച്ച് വേണ്ട അന്വേഷണം നടത്തിയിട്ടുണ്ട്. ഇൻഡസ്ട്രിയൽ റിലേഷൻസ് ആഫീസറെക്കൊണ്ട് അന്വേഷണം നടത്തി അവർക്ക് ന്യായമായ കൂലി കൊടുപ്പിച്ചിട്ടും ഉണ്ട്.

Textiles.

95. MR. MOHAMMED MUSTAFA (*Pathanapuram I—Muslim*) : താഴെപ്പറയുന്ന ചോദ്യത്തിന് ബഹു: മന്ത്രി സദയം മറുപടി പറയുമോ?

[Mr. Mohammed Mustafa]

ഗവൺമെൻറു വാങ്ങിയിട്ടുള്ളതായി പറയുന്ന തുണികൾ ഇവിടെ വന്നു ചേൎന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ അവ എത്രയെന്നും എങ്ങനെ വിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നുവെന്നും പ്രസ്താവിക്കാമോ?

HON'BLE MR. A. THANU PILLAI : ഗവൺമെൻറിൽനിന്നും തുണി വാങ്ങിച്ചിട്ടില്ല.

MR. MOHAMMED MUSTAFA : കഴിഞ്ഞ അസംബ്ളിയിൽ ബാംബെയിൽനിന്നും കുറെ തുണി വാങ്ങിച്ചിട്ടുണ്ട്. അതു് ഉടനേ വന്നുചേരുന്നതാണെന്നു് ഗവൺമെൻറുഭാഗത്തുനിന്നും മറുപടി പറഞ്ഞു.

HON'BLE MR. A. THANU PILLAI : അതു് കച്ചവടക്കാരുടെ തുണിയെ സംബന്ധിച്ചാണു് പറഞ്ഞതു്. അല്ലാതെ ഗവൺമെൻറു് തുണി വാങ്ങിച്ചിട്ടില്ല.

Admission in English Schools.

96. MR. P. T. CHACKO (*Kottayam II—General*) : Will the Honourable Minister for Education be pleased to state :

(*a*) whether there is any English School in the State where students from all communities are not admitted ;

(*b*) whether there is any English school in the State where day scholars are not admitted ;

(*c*) if so, whether the Government have insisted any such conditions while sanctioning any school ; and

(*d*) if insisted, the grounds for so doing ?

HON'BLE MR. T. M. VARGHESE : (എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഈ സ്കൂളുകൾ സ്ഥാപിച്ചപ്പോൾ തന്നെ ആ വ്യവസ്ഥകൾ ഗവൺമെൻറിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ളതാണു്.

(ഡി) അതിനുള്ള കാരണം സ്കൂളുകൾ തമ്മിൽ അനാവശ്യമായ പിണക്കങ്ങൾ ഉണ്ടാകാതിരിക്കുന്നതിനാണു്.

MR. P. T. CHACKO : കോട്ടയത്തു് ഇങ്ങനെ ഒരു സ്കൂൾ ഉള്ളതായിട്ടറിയാമോ?

HON'BLE MR. T. M. VARGHESE : അറിഞ്ഞുകൂടാ.

MR. P. T. CHACKO : ഡേ സ്കോളേഴ്സിനു് അഡ്മിഷൻ കൊടുക്കാത്ത രണ്ടു സ്കൂളുകൾ സ്റ്റേറ്റിൽ ഉണ്ടെന്നു പറഞ്ഞതു് എവിടെയാണെന്നു പറയാമോ?

HON'BLE MR. T. M. VARGHESE : ഒന്നു കുളക്കട. മറ്റൊന്നു് മാവേലിക്കര.

MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*) : ചേർത്തല താലൂക്കിൽ അർത്തുങ്കൽ എന്ന സ്ഥലത്തു് ഇങ്ങനെ ഒരു സ്കൂൾ ഉള്ളതായിട്ടറിയാമോ?

HON'BLE MR. T. M. VARGHESE : അറിയാം.

MR. EAPEN ARAKKAL : ഡേ സ്കോളേഴ്സിനു് അഡ്മിഷൻ കൊടുത്താൽ അടുത്ത സ്കൂളുകൾ തമ്മിൽ പിണക്കമുണ്ടാകുമെന്നു് വിചാരിക്കുന്നതിനു് പ്രത്യേക കാരണം വല്ലതും ഉണ്ടോ?

HON'BLE MR. T. M. VARGHESE : ഡേ സ്കോളേഴ്സ് ആണു് വേറെ അടുത്തുള്ള സ്കൂളുകളിലും ഉള്ളതു്. ബോർഡിങ്ങ് ഉള്ള സ്കൂളുകളിൽനിന്നും ഡേ സ്കോളേഴ്സ് അവിടെ പ്രവേശിക്കുകയാണെങ്കിൽ രണ്ടും ഒരുപോലെതന്നെ പുരോഗമിക്കുന്നതിനു സംഗതിയാകും. അങ്ങനെ ആ സ്കൂളുകൾ തമ്മിൽ മത്സരിപ്പിനു് ഇടയാകും. അങ്ങനെ പിണക്കമുണ്ടാകുവാൻ ഇടയുണ്ടു എന്നാണു് ഗവൺമെൻറിൻെറ വിശ്വാസം.

Agricultural Income-Tax.

97. MR. P. T. CHACKO : Will the Honourable Minister for Income-Tax be pleased to state:

(*a*) whether any definite method is resorted to for assessing agricultural income for the purpose of income-tax;

(*b*) whether any responsible officer makes any local investigation for assessing the income;

(*c*) whether at least in cases where the assessed amount is disputed any local investigation is made;

(*d*) whether the Government are aware that at present the assessment is done quite arbitrarily;

(*e*) whether the Government are aware that as a result of the arbitrary assessment of income, many who have not any taxable income are victimised; and

(*f*) do the Government propose to make any improvement in the mode of assessment?

HON'BLE MR. C. KESAVAN: (*a*) Where proper accounts are maintained, the income is computed on the basis of the accounts. In the absence of such regular and correct accounts, the income is fixed with regard to the nature of the land, its fertility, yield per acre conceded by neighbouring cultivators etc. Information is also obtained from the Revenue authorities.

[Hon'ble Mr. C. Kesavan.]

(*b*) Yes. The Income-Tax Officers generally make local enquiries before completing the assessments.

(*c*) Yes.

(*d*) No.

(*e*) No.

(*f*) No change in the method of assessment is now under consideration.

MR. P. T. CHACKO : ഇൻകംടാക്സ് അസ്സെസ് ചെയ്യുമ്പോൾ ചില സ്ഥലങ്ങളിൽ വസ്തുവിന്റെ വിലയേക്കാൾ കൂടുതലായി അസ്സെസ്സ് ചെയ്യുന്നതായിട്ടറിയാമോ?

HON'BLE MR. C. KESAVAN : അറിവില്ല.

MR. P. T. CHACKO : അസ്സെസ്സ ചെയ്യുന്ന ആദായത്തെ സംബന്ധിച്ച് പാർശ്വകാരന്മാർ പാർട്ടിയുടെ വസ്തുക്കളെ സംബന്ധിച്ച് രഹസ്യ റിപ്പോർട്ടുകൾ അയയ്ക്കുന്നതിനെ [illegible] ഉള്ള വിവരം അറിയാമോ?

HON'BLE MR. C. KESAVAN : അയയ്ക്കുന്നുണ്ടാവാം. പക്ഷെ ഗവൺമെന്റിന് അറിവില്ല.

MR. P. T. CHACKO : ആ റിപ്പോർട്ടുകളെ ആശ്രയിച്ചാണ് ടാക്സ് അസ്സെസ്സ് ചെയ്യുന്നതെന്ന് അറിയാമോ?

HON'BLE MR. C. KESAVAN : അസ്സെസ്സ ചെയ്യുന്നതിനെപ്പറ്റി ഉള്ള വ്യവസ്ഥകൾ ഞാൻ മുമ്പേ പറഞ്ഞവയാണ്.

MR. P. T. CHACKO : ആദായം അസ്സെസ്സ ചെയ്ത വസ്തുവിന് ഉടമസ്ഥനില്ലെങ്കിൽ ആ വസ്തു വേറെ ആരെ എങ്കിലും ഏൽപ്പിക്കാമോ?

MR. PRESIDENT : ആ ചോദ്യം ഇതിൽനിന്നും ഉദ്ഭവിക്കുന്നില്ല.

Communist Leaders.

98. MR. P. S. MUHAMMED (*Muvattupuzha I—General*)) : Will the Honourable Minister for Law and Order be pleased to state :

(*a*) How long, the communist leaders arrested and kept in jail will be detained without trial :

(*b*) whether communist activities are against the interest of the State ;

(*c*) if the answer to part (b) is in the affirmative, why do Government hesitate to declare the activities of the communists as illegal ?

HON'BLE MR. A. THANU PILLAI : (*a*) As long as the communists are acting in a manner prejudicial to public safety or the maintenance of public order.

(b) Yes; the activities of the communists are against the interest of the State.

(c) Government will consider the desirability of doing so.

MR. P. S. MUHAMMED: കമ്മ്യൂണിസ്റ്റ് ആക്ടിവിറ്റീസ് എന്നു പറയുന്നത് അവരുടെ പ്രസംഗങ്ങളും ആണോ?

HON'BLE MR. A. THANU PILLAI: പ്രസംഗങ്ങളും ഉൾപ്പെടും.

MR. ABDUL AZIZ: (*Trivandrum I—Muslim*) കമ്മ്യൂണിസ്റ്റും കെ. എസ്. പി. യും തമ്മിൽ എന്തെങ്കിലും സാമ്യമോ വ്യത്യാസമോ ഉണ്ടോ?

MR. PRESIDENT: ആ ചോദ്യം ഇതിൽനിന്നും ഉൽഭവിക്കുന്നില്ല.

MR. A. ABDUL RAZAK (*Nedumangad I—Muslim*); Do the present Government give the same interpretation to the term 'public safety' as the previous regime did?

MR. PRESIDENT: The question does not arise.

MR. MOHAMMED MUSTAFA: കെ. എസ്. പി. എന്നു പറയുന്നതു വാസ്തവത്തിൽ, കമ്മ്യൂണിസ്റ്റുകാരിൽ നിന്നും വിഭിന്നമാണ്. ഗവണ്മെന്റിന്റെ നയം അവരെ സംബന്ധിച്ച് ഉള്ള നടപടികളിൽ—

MR. PRESIDENT: On a former occasion I have pointed out that questions on statement of policy cannot be answered. Therefore no further questions bearing on the Government policy can be asked.

Labour Congress.

99. MR. P. S. MUHAMMED: Will the Honourable Minister for Labour be pleased to state:

(a) whether he knows the working of labour organisation under the name 'Labour Congress';

(b) if so, whether these new unions have any allegiance to any political party?

HON'BLE MR. C KESAVAN: I do not know of any labour organisation by name "Labour Congress."

(b) In view of the answer to (a), the question does not arise.

Labour in the State.

100. MR. P. S. MUHAMMED: Will the Honourable Minister for Labour be pleased to state:

(a) whether he has made any enquiry for finding out the real causes for labour unrest in the State;

(b) if the answer to part (a) is in the affirmative, what are the causes;

[Mr. P. S. Muhammed]

(c) whether he had asked the labour leaders to place before the Government their demands and requirements in black and white?

HON'BLE MR. C. KESAVAN: (a) As and when labour disputes arise their real causes are always enquired into and found out by the officers of the Labour Department; but no enquiry has been made into the causes of labour unrest in general in the State.

(b) Labour disputes arise from one or other of labour demands. The more common labour demands are the following:

(1) demand for higher wages;
(2) reinstatement of discharged worker;
(3) compensation for discharged worker;
(4) demand for bonus;
(5) complaints against disciplinary actions taken by the management;
(6) demands for holidays with pay;
(7) demand for employment of the unemployed, etc.,

(c) Unusually the labour representatives place their demands in writing before the managements and officers of the Department.

Grievances of Labourers.

101. MR. P. S. MUHAMMED. Will the Honourable Minister for Labour be pleased to state:

(a) whether he has made any attempt for studying the grievances of labourers in the taluks of Shertalai and Ambalapuzha; and

(b) if so, the real cause of their complaints and unrest among them?

HON'BLE MR. C. KESAVAN: (a) Yes.

(b) One ot the grievances of the workers in Shertalai and Ambalapuzha taluks arises out of their unemployment due to the slump in the coir industry. But much of the present unrest is really due to the subversive activities of a certain political party.

Unrest among labourers.

102. MR. P. S. MUHAMMED: Will the Honourable Minister for Labour be pleased to state whether Government made any enquiry into the causes of unrest among the labourers?

HON'BLE MR. C. KESAVAN: No such general enquiry has been made.

MR. P. S. MUHAMMED: തൊഴിലാളികളുടെ ഇടയിൽ അസംതൃപ്തിയും സമാധാനക്കേറവും അവസാനിക്കണമെന്നുവരികിൽ യഥാർത്ഥത്തിൽ ഇന്നു് അവർക്കുണ്ടായിട്ടുള്ള അവശതകൾ എന്തെല്ലാമാണെന്നു് അന്വേഷിക്കേണ്ട ആവശ്യം ഗവണ്മെന്റിനു് ഉണ്ടെന്നറിയാമൊ?

HON'BLE MR. C. KESAVAN : തൊഴിലാളികളുടെ അവശതകൾ തിരുവിതാംകൂറിനു മാത്രമല്ല, ലോകത്തെയൊട്ടാകെ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ്. പരിഹരിക്കത്തക്ക അവശതകൾ ആണെന്നു ഗവൺമെന്റിനു ബോദ്ധ്യപ്പെട്ടാൽ ഗവൺമെന്റ് ശ്രദ്ധപതിപ്പിക്കുന്നതായിരിക്കും.

MR. A. K. PATCHU PILLAI (*Peermade—General*) : തൊഴിലാളികളുടെ ഇടയിൽ അസംതൃപ്തി ഇല്ലെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു ?

HON'BLE MR. C. KESAVAN : അസംതൃപ്തി ഉണ്ടെന്നറിയാം. അതിനെപ്പററി ഇൻഡസ്ട്രിയൽ റിലേഷൻസ് സബ്കമ്മിററി വേണ്ട അന്വേഷണം നടത്തിവരികയും ചെയ്യുകയാണ്.

MR. A. K. PATCHU PILLAI : തൊഴിലാളികളുടെ ഇടയിൽ ഉണ്ടാകുന്ന സ്വൈരക്കുറവിനെ അന്വേഷിക്കുന്നതിനായിട്ട് അനുദ്യോഗസ്ഥന്മാരുടെ ഒരു കമ്മിററി കൂടി വേണമെന്നു ഗവൺമെന്റിനു ബോദ്ധ്യമായിട്ടില്ലേ?

HON'BLE MR. C. KESAVAN : അങ്ങനെ ഗവൺമെന്റിനു ബോദ്ധ്യമായിട്ടില്ല.

MR. A. K. PATCHU PILLAI : അങ്ങനെ ഗവൺമെന്റിനു ബോദ്ധ്യം ഉണ്ടാകുന്നപക്ഷം ഒരു കമ്മിററിയെ നിയമിക്കുന്നതിൽ വല്ല വൈമനസ്യവുമുണ്ടോ?

HON'BLE MR. C. KESAVAN : അതു് അപ്പോൾ ആലോചിക്കാം.

Text Book Committee.

103. **MR. PAUL THALIAT** (*Parur III—General*) ; Will the Honourable Minister for Education be pleased to state :

(*a*) when the Text book Committee now functioning was constituted;

(*b*) the names of the members of the committee ;

(*c*) whether this committee will be re-constituted in the near future ?

HON'BLE MR. T. M. VARGHESE : (എ) നിലവിലിരിക്കുന്ന ഈ ടെക്സ്റ്റ്ബുക്കു കമ്മിററി രൂപീകരിച്ചതു് ൧൧൨൩-ൽ ആണ്.

(ബി) കമ്മിററി അംഗങ്ങളുടെ പേരുകൾ ഡയറക്ടറിയിൽ നോക്കിയാൽ കാണാവുന്നതാണ്. എങ്കിലും അവരുടെ പേരുകൾ ഞാൻ വായിക്കാം.

എക്സ്ഒഫിഷ്യോ മെമ്പറന്മാർ.

൧. ഡയറക്ടർ
൨. പേഴ്സനൽ അസിസ്റ്റൻറ്.
൩. ഇൻസ്പെക്ട്രസ്സ് (തിരുവനന്തപുരം, കോട്ടയം)
൪. ഡിവിഷൻ ഇൻസ്പെക്ടറന്മാർ (തിരുവനന്തപുരം, കൊല്ലം തിരുവല്ലാ, മൂവാററുപുഴ)
൫. ഫാക്കൽട്ടി ഡീൻ (ആർട്ട്സ്)
൬. ഫാക്കൽട്ടി ഡീൻ (ഫൈൻ ആർട്ട്സ്)
൭. ട്രെയിനിംഗ് കാളേജ് പ്രിൻസിപ്പാൾ
൮. ഇൻസ്പെക്ടർ (മുസ്ലീം എഡ്യൂക്കേഷൻ)

സാധാരണമെമ്പറന്മാർ.

മെസ്സേഴ്സ്:— എം. ഗോവിന്ദൻ
കെ. ജി. നാരായണപ്പണിക്കർ
എ. എൻ. സത്യനേശൻ,
ഷാഹുൽഹമീദ്
ബി. എം. രാമസ്വാമിശാസ്ത്രി
ററി. ററി. കേശവൻ ശാസ്ത്രി
ജേക്കബ് പുന്നൻ
മിസ്സ്. മാർട്ടിൻ
കെ. പി. കൃഷ്ണമേനോൻ
എൻ. ഗോപാലപിള്ള
സി. വി. കുഞ്ഞുരാമൻ
ഡാക്ടർ കെ. ഗോദവർമ്മ
വി. നാരായണകമ്മത്ത്
എ. ചുമ്മാർ
കൈനിക്കര എം. കുമാരപിള്ള
വി. സുന്ദരരാജനായിഡു
എം. രാഘവ അയ്യങ്കാർ
പി. എൻ. കുഞ്ഞൻപിള്ള
എം. കെ. ഗോവിന്ദൻ
ശ്രീമതി ലളിതാംബിക അന്തർജ്ജനം

(സി) വീണ്ടും അംഗങ്ങളെ ചേർത്തു് കമ്മിററി പുതുക്കുന്നതാണ്.

MR. P. T. CHACKO: ഈ സഭയിലെ ഏതോ മെമ്പറന്മാർ ടെക്സ്റ്റുബുക്ക കമ്മിററി സംബന്ധിച്ച് കോഴവാങ്ങിയ വിവരം പത്രത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതും ആ വിവരം കഴിഞ്ഞ സമ്മേളനത്തിൽ ഗവമ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും ആണല്ലോ. എന്നാൽ അതിനെപ്പറ്റി ഗവമ്മെൻറ് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE: പത്രത്തിൽ പ്രസിദ്ധം ചെയ്തിരുന്നതായിട്ടറിയാം. എന്നാൽ ആ സംഗതിയെപ്പറ്റി ഗവമ്മെൻറിന നടപടി നടത്തണമെന്നില്ല.

MR. P. T. CHACKO: ആ പത്ര പ്രസ്താവനയെപ്പററി ഈ സഭയിലെ മെമ്പറന്മാർക്കെല്ലാം അറിവുള്ളതാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് തോന്നിയിട്ടില്ലേ?

HON'BLE MR. T. M. VARGHESE: എല്ലാവക്കും അറിവുണ്ടായിരിക്കാം.

MR. P. T. CHACKO: എല്ലാ മെമ്പറന്മാക്കും അറിവുള്ള സ്ഥിതിക്ക് അതിൻെറ സൂക്ഷ്മാവസ്ഥയെ ഗ്രഹിക്കുന്നതിനുവേണ്ടി ഗവമ്മെൻറ് എന്തെങ്കിലും സ്റ്റെപ്പ് എടുക്കേണ്ടതല്ലേ?

HON'BLE MR. T. M. VARGHESE: ആ സംഗതിയെപ്പററി എന്തെങ്കിലും നടപടി നടത്തണമോ വേണ്ടയോ എന്നുള്ള കാര്യം ഗവമ്മെൻറിൻെറ ആലോചനയ്ക്കു് വിഷയമായിട്ടില്ല.

Eviction of Verumpattam Kudiyans.

104. MR. PAUL THALIAT: Will the Honourable Minister for Lands be pleased to state ;

MR. A. NESAMONY : Sir, the considered opinion of my party on this Budget has been ably put forward by the Deputy Leader and I have yet to hear from the members of the party in power that the opinion he expressed is wrong. Member after member of the State Congress party welcome this budget as the first budget of the people's Government. Whether this is a surplus budget or a deficit budget it is quite immaterial. Honourable member Mr. T. K. Narayana Pillai seemed to insinuate that we have been trying to prove that this budget is a deficit budget, to shake the credit of this State in the open money market. Those who make up their minds to lend money, or better financiers or experts of Public finance who look after the soundness of the securities may think so. They never consider it as a surplus budget though it is so written on paper. They know well that the credit of the State depends on the stability of the Government and the strength of its resources and revenue. On every ninetieth day we are faced with the Cabinet crisis. The budgetted revenue for 1123 is 9·34 crores but the expenditure is 9·07 crores ; but the budgetted revenue for the year 1124 is Rs. 8·54 crores and the expenditure, Rs. 8·53 crores of rupees. One who lends money, would think twice before he lends money to this State. This Government had not the courage of foresight to avail itself of the loan of Rs. 3 crores offered by the Dominion Government. Is it not because the revenues of this State are so unstable and uncertain, that this Government is unwilling to avail itself of the opportunity? Besides the liabilities of the State which exceeds assets by 2·5 crores, the two major items of our income *viz*, customs and income tax proper would soon be the Union financial matters.

HON'BLE MR. A. THANU PILLAI : May I know on what basis he makes this statement, that the Government of India offered a loan of 3 crores?

MR. A. NESAMONY: I understand this from a question I put to the Honourable Minister for Labour. I got the reply that this amount was made available.

HON'BLE MR. A. THANU PILLAI: It is a very serious matter and may I inform the House that there is absolutely no foundation for that statement.

MR. A. NESAMONY: I base my observations on this matter. According to the budgetted figures, these items will cost about 2·3 crores of rupees. If this big slice of income is out what is it that remains for the State to survive as a separate State with a separate entity of its own? Perhaps this State might look forward for any help from the Centre for a grant. If we are to be treated in the same way as we treat our municipalities by giving them a grant in lieu of the Vehicles tax it is a mere pittance, and it is impossible to keep the state machinery going on unless we impose some heavy tax. The question that arises is whether this State will go in for additional taxation like the sales tax which is now sought to be introduced to meet the cost of prohibition and the cost of executing and enforcing that scheme, and that is why, in our opinion the financial position of the State whether it is a surplus budget or a deficit budget, is rather gloomy. It is our duty to point out that it is our considered view and that we hold on to that opinion. In this connection it may be remembered that, as Mr. Thariath Kunjithommen stated, it looks like the budget of a democratic Government, and I would like to quote a passage from the speech of an expert on public finance.

> "A budget is at once a report, an estimate and a proposal. It is the instrument by which all the process of a financial administration are corrected compared with each other and co-ordinated into a complete whole. The budget system must provide for unity and centralisation for control at all stages of budget procedure, for simplicity, promptness and regularity, and efficiency of functioning and for trained capable and reliable personnel to work the system in the right spirit and to the best advantage. The budget should have the essential characteristics of comprehensiveness and unity, equilibrium, economy and accuracy. Unless the estimate is fairly correct, it ceases to be an estimate and degenerates into mere guess."

The budget is wanting in equilibrium and accuracy. In my opinion it exhibits all the characteristics of a democratic budget.

With a view to working out a comprehensive plan of Rural development, Medical and Public Health improvements, Public Works including the Perunchani Scheme, a considerable amount is provided in this budget. It lays the corner-stone for an extensive village uplift scheme. It has been pointed out that the liabilities of this Government exceed its assets by 2·5 crores. The sums alloted for the various schemes are, Medical and Ayurveda—49 lakhs, Public Health and Sanitation—10 lakhs, Village Unions and Village Panchayats—35lakhs, Public Works—100lakhs, and the total amount allotted comes to 93·5 lakhs of Rupees. Of this amount 15 lakhs are taken out of the Village Uplift Fund and the rest from the Post War Reconstruction Fund. These two funds had not existed as separate funds to be withdrawn by the Government when the

[Mr A. Nesamony.]

Government deemed it necessary to draw on them. It is found from the pages of the budget that they are invested in shares and companies and productive works. These amounts have to be withdrawn from the assets of the Government, which are less than the liabilities by 2·5 crores.

The finance Minister, in his speach, while dealing with the debt position stated " A statement of our assets and liabilities is furnished on pages 16 and 17 of the budget estimates. It will be seen there from that the liabilities at the close of 1124 including the balances on credit and some of the funds such as the General Reserve Fund, Revenue Recovery Fund, Post War Reconstruction Fund etc., which are not repayable in aggregate, come to Rs, 27·4 crores." It is a mystery then how a sum of 112 lakhs could be taken out of these funds. So this corner-stone is laid on the shifting quick sand of uncertainty and not on the solid rock of reality.

A perusal of the budget shows that it is a war time budget and not a peace time budget. All the resources of this State are marshalled towards the strengthening of Police and Military. More than 103 lakhs is budgetted for those items including the doubling of the armed reserve. An eighth of our income is spent towards it. The expenditure on Police has risen from 9 1/2 lakhs in 1118 to 39 lakhs in 1124 and that on the army from 24 lakhs in 1118 to 64 lakhs in 1124. The excess of expenditure in 1124 over that of 1123 is 21 lakhs. The defence is now a central subject and the expenditure on it is considerably increasing. We have no commitment, except paying out the customs and the income tax proper. We have not made provision for a navy to guard our coast line and we have left it to better hands. While colossal expenditure on war is over and we are free from external aggression the axe has to be applied here and here alone if this Government is based on popular will than on the good will of the people. To effect retrenchment on the Police and Military is an investment in stability and wants to be supported by armed might. No expenditure has risen so high between the years 1118 and 1124 as the expenditure on the military and the police. I may give figures for 1118 and 1124 showing the expenditure on education. In 1118 the amount was 63·95 lakhs, and 193·5 lakhs in 1124. For Public Health the amount allotted is Rs. 3·21, and for Medical and Ayurveda Rs. 12·8 lakhs. While the expenditure on other heads has risen only by 3 or 3 1/2 times it has risen 4 times for military. One question I may ask, against whom are these preparations, training and equipment of these forces made ? Is it to wage war ? Is it against the sickle and hammer plough and the water wheel, the N. G. Os., the minority, and the last but not least the Travancore Tamil Nad Congress ? Is it to re-enact the battles of Vayalar, Punnapra and Pettah ? If it were so, the fate that over-came the Government that fought those battles are in store for this Government who follow such a path. We agitate for our civil liberties, we fight for freedom of association and freedom of speech. Why this discrimination is shown against " Bharathi and Thyaganad " and " Travancore Times " by refusing them a seat in the press gallery during

this session? Is it because their editors are all Tamilians? Why this war against those who are N. G. Os.? A loyal and a contented service is the strength of any administration. Why not set up a pay commission and try to meet their demands as far as possible. With power in the hands of a party, every power it could command can be requisitioned to suppress the freedom of association and the freedom of speech. That suppression leaves behind a control which might one day sweep that power off its feet. But consider what effect it would have produced, if at least these 21 lakhs of rupees had been made for a housing scheme in Alleppey Quilon and other places. It would have been much better if these amounts have been spent on more humane matters. (bell).

Lastly though I have a lot to say on the matters, now that the bell has rung it is my duty to respond to the call which has been so personally made by my friend Mr. John Philipose. We assure him that we would not fail to respond to any such genuine call, and I must confess with sadness that no such genuine call was made this morning.

MR. MANNATHU PADMANABHA PILLAI: സർ, ഇതു് ഒരു മാതൃകാപരമായ ബഡ്ജററാണെന്നു് എനിക്കും അഭിപ്രായമില്ല. എന്നാൽ ദോഷൈകദൃഷ്ടിയോടുകൂടി ഇതിൽ കാണുന്നതെല്ലാം സർവ്വന്യൂനതകളുടെയും സംപൂർണ്ണമാണെന്നു പറയുന്നതിനോടും ഞാൻ യോജിക്കുന്നില്ല. തെററുകൾ മാത്രം ഭൂതക്കണ്ണാടിയിൽകൂടി നോക്കിക്കണ്ടു് നിരൂപണം ചെയ്യുന്നവർ ഇന്നത്തെ പരിതഃസ്ഥിതികളെയും നമ്മുടെ കഴിവുകളെയും പററി വേണ്ടവണ്ണം ആലോചിക്കുന്നുണ്ടോ എന്നു സംശയമാണു്. ഈ ബഡ്ജററു സാധാരണനെയും, സാധുവിനെയും സ്പർശിക്കുന്നതല്ലാ എന്നു ബഹുമാന്യന്മാരായ ചില മെംബറന്മാർ പ്രസ്താവിച്ചുകേട്ടു. ഈ ബഡ്ജററു സാധാരണനും, സാധുവിനും വേണ്ടിയുള്ളതല്ലെങ്കിൽ പിന്നെ ആരെയാണു് ഇതു ബന്ധിക്കുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. അസാധാരണനും, അസാധുവിനുംമാത്രമുള്ള ഒരു ഭാഗവും ഞാൻ ഈ ബഡ്ജററിൽ കണ്ടില്ല. സഞ്ചാരസൗകര്യത്തിനുവേണ്ടി, തൽസംബന്ധമായ എല്ലാ കാര്യങ്ങൾക്കുംവേണ്ടി, പി. ഡബ്ലിയു. ഡി.-ക്കു ഒരു കോടിഎൺപത്തൊൻപതുലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ടു്. നല്ല വഴിയും പാലവും ഉണ്ടായാൽ അവയിൽകൂടി സാധാരണനും സാധുവിനും സുഖമായി, നല്ലവണ്ണം സഞ്ചരിക്കാമെന്നാണു് എന്റെ വിശ്വാസം. ഈ രാജ്യത്തു് ആയിരം പേർക്കു് ഒരു ധനവാനെങ്കിലും ഉണ്ടോ എന്നു സംശയമാണു്. ഒരു നല്ല റോഡുണ്ടായാൽ ഒരു ധനവാന്റെ കാർ ഒരു പ്രാവശ്യം ആ റോഡിൽകൂടി പോകുന്നതിനു സൗകര്യപ്പെടുന്നസമയംകൊണ്ടു ആയിരം സാധുക്കൾക്കും സാധാരണന്മാർക്കും അതേ റോഡിൽകൂടി സുഖമായി നടക്കുവാനുള്ള സൗകര്യവും ലഭിക്കുന്നതാണു്.

[Mr. Mannathu Padmanabha Pillai.]

അതുപോലെ തന്നെ രണ്ടുകോടിരൂപാ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിട്ടുണ്ടു്. ഈ ഇനത്തിലും, കൂടുതൽ സൗകര്യമുണ്ടാകുന്നതു സാധുവിനും സാധാരണനുമാണു്. വൈദ്യസഹായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയും കൂടുതൽ ഉപയോഗപ്പെടുന്നതു് സാധാരണനും സാധുവിനും ആയിരിക്കുമെന്നു വിശ്വസിക്കാം. ഇതിനെല്ലാം പുറമെ ഗ്രാമോദ്ധാരണത്തിനായി ഒരു നല്ല സംഖ്യ നീക്കിവച്ചിരിക്കുന്നതായും കാണാം. സാധാരണനും സാധുവും ഗ്രാമത്തിൽ കാണുമെന്നുള്ളതു തീർച്ചയാണു്. അവരെ വർഗ്ഗഭേദമില്ലാതെ സംഘടിപ്പിക്കുവാനും, സാമാന്യവിദ്യാഭ്യാസം ചെയ്യിക്കുവാനും സ്വയംഭരണംപരിശീലിപ്പിക്കുവാനും തക്കവണ്ണമുള്ള ഗ്രാമീണസ്വരാജ്യങ്ങൾ ഉണ്ടാക്കണമെന്നുള്ള മഹാത്മജിയുടെ ആദർശം കഴിവുള്ളിടത്തോളം നടപ്പിലാക്കുവാൻ ആവശ്യമുള്ള പണം ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണാം. അതിനു് ആവശ്യപ്പെട്ട നിയമം സൃഷ്ടിക്കുവാൻ പോകുന്നതായും നാം അറിയുന്നു. അതെല്ലാം നടത്തുന്നതിനു് മന്ത്രിമാരിൽ, ഗാന്ധിയുടെ ശിഷ്യനായ ഒരു മന്ത്രിയെത്തന്നെ ചുമതലപ്പെടുത്തിട്ടുമുണ്ടു്. ഇതെല്ലാം ഉൾപ്പെടെ പറഞ്ഞാൽ സാധാരണനും സാധുവിനും ഈ ബഡ്ജറ്റിൽ സ്ഥാനമില്ലെന്നു പറയുന്നതു ശരിയല്ലെന്നു കാണാൻ കഴിയും.

അതുകൊണ്ടു വിനാശകരമായ ഒരു നിരൂപണം ചെയ്യാതെ കാൺഗ്രസ്സു ഗവണ്മെന്റു ഹാജരാക്കിയ ഈ ബഡ്ജറ്റിനെപ്പറ്റി ആ പാർട്ടിയിലുള്ളവർതന്നെ ആത്മഹത്യാപരമായി, ഇരിക്കുന്ന കമ്പിന്റെ ചുവടുമുറിക്കാൻ ശ്രമിക്കാതെ, നിരൂപണംചെയ്യാൻ ശ്രദ്ധിക്കണമെന്നാണു എന്റെ വിനീതമായ അഭിപ്രായം.

സർ, ഈ ബഡ്ജറ്റിൽ ചില ന്യൂനതകൾ ഉണ്ടെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ശത്രുക്കളേക്കാൾ, സ്നേഹിതന്മാരുടേയും ബന്ധുക്കളുടെയും ഉപദ്രവങ്ങൾകൊണ്ടു വിഷമിക്കുന്ന മന്ത്രിമാർ, രാജ്യഭരണകാര്യത്തിൽ അത്രവളരെ പരിചയം സമ്പാദിച്ചിട്ടില്ലാത്ത നമ്മുടെ മന്ത്രിമാർ, ഈ ചെറിയ കാലഘട്ടത്തിനകത്തു് ഇത്രയും ഗുണപ്രദമായ ഒരു ബഡ്ജറ്റു തയ്യാറാക്കിയതിൽ ഞാൻ സന്തോഷിക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്തുകൊള്ളുന്നു. ഈയവസരത്തിൽ രണ്ടുമൂന്നു നിർദ്ദേശങ്ങൾ ഈ അസംബ്ലിയുടെയും മന്ത്രിസഭയുടെയും ശ്രദ്ധയിൽ പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നുള്ളു. ബഡ്ജറ്റിൽ ഏറ്റവും കൂടുതൽ സംഖ്യ കൊള്ളിച്ചിട്ടുള്ളതു വിദ്യാഭ്യാസത്തിനാണു്. ഏകദേശം രണ്ടുകോടി രൂപയോളം അതിലേക്കു നീക്കിവച്ചിട്ടുണ്ടു്. നമ്മുടെ

രാജ്യത്തിന്റെ മുതലെടുപ്പിന്റെ ഏകദേശം നാലിലൊരു ഭാഗം ഈ സംഗതിക്കുവേണ്ടി മാററിവച്ചിരിക്കുന്നു. ഈ ഒരൊററ സംഗതിനോക്കിയാൽ നമ്മുടെ ബഡ്ജററ പുരോഗമനപരമായ ഒന്നാണെന്ന് ആരെയും ബോദ്ധ്യപ്പെടുത്താൻ സാധിക്കും. സാമാന്യജനങ്ങൾക്കെല്ലാം വേണ്ടവണ്ണം വിദ്യാഭ്യാസം സിദ്ധിക്കണമെന്നുള്ള കാര്യത്തിൽ ഈ ഗവണ്മെൻറു കൂടുതൽ ശ്രദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇതുകൊണ്ടു മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അങ്ങനെ ജനസാമാന്യത്തിനു ധാരാളമായി വിദ്യാഭ്യാസം ഉണ്ടാകുമ്പോൾ സ്വധൃതത്വവും സാധാരണത്വവും മാറുന്നതാണ്. തന്നിമിത്തം ഇതിനേക്കാൾ കൂടുതൽ നല്ലവരായ മെമ്പറന്മാരെ ഇവിടത്തേക്കു തിരഞ്ഞെടുത്തയക്കാനും കഴിയുന്നതാണ്. എന്നാൽ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിട്ടുള്ള ഈ പണം വേണ്ടവണ്ണം വിനിയോഗിക്കുവാനും വിദ്യാഭ്യാസപദ്ധതികളെ ശരിക്കു നയിക്കുവാനും മന്ത്രിമാർ ശ്രദ്ധ പതിപ്പിക്കേണ്ടതത്യാവശ്യം. ഇന്നത്തെ വിദ്യാഭ്യാസം ആകെ അടിമുതൽ മുടിവരെ കുഴഞ്ഞുകിടക്കുന്നുവെന്ന് പറയാതെ നിവൃത്തിയില്ല. ഇപ്പോൾ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കിയിട്ടുണ്ടെങ്കിലും, ഒരു ദേശീയമായ അടിസ്ഥാനത്തിൽ ഏററവും വ്യാപകമായ രീതിയിൽ തന്നെ ഇവിടെ വിദ്യാഭ്യാസം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും, ആ ദേശീയമായ മനോഭാവത്തിനടിയിൽ, അതിന്റെ നടത്തിപ്പിനു പ്രതിബന്ധം ഉണ്ടാകത്തക്കനിലയിൽ ചില ശിഥിലീകരണ സംപ്രദായങ്ങൾ ഒളിച്ചു കിടപ്പുണ്ടെന്നുള്ള വിവരം മറച്ചുവയ്ക്കുവാൻ സാദ്ധ്യമല്ല. അതുപോലെതന്നെ പഠിപ്പിക്കുന്ന കാര്യത്തിലും ഇപ്പോൾ ഒരു വിഷമം നേരിടുന്നുണ്ട്. ഇംഗ്ലീഷ്‌പള്ളിക്കൂടങ്ങളിൽ മലയാളത്തിൽകൂടിവേണം വിഷയങ്ങൾ പഠിപ്പിക്കുവാനെന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിലും, (ഈ ഘട്ടത്തിൽ പ്രസിഡൻറ ബെല്ലടിച്ചു).

സർ, ഞാൻ പതിനഞ്ചുമിനിട്ടുനേരത്തേക്കു കരുതി വന്നവനാണ്. എനിക്കു രണ്ടു മിനിട്ടുകൂടി തരണം.

അങ്ങനെ എല്ലാ വിഷയങ്ങളും മലയാളത്തിൽ പഠിപ്പിക്കണമെന്നു തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും അതു മലയാളത്തിലാണോ പഠിപ്പിക്കേണ്ടത്, അതോ ഇംഗ്ലീഷിൽതന്നെവേണമോ എന്ന കാര്യം വിവാദവിഷയമായിത്തന്നെ ശേഷിക്കുന്നു.

അടുത്തതു പ്രീയൂണിവേഴ്സിററിക്ലാസിന്റെ കാര്യമാണ്. പ്രീയൂണിവേഴ്സിററിക്ലാസ്—ഞാനും അതു് ഇംഗ്ലീഷിൽതന്നെ പറയുകയാണ്. വേണമെന്നു തീവ്രമായി വാദിക്കുന്നവർ ഒരു ഭാഗത്ത്, അതല്ല, ഇൻറർമീഡിയററും, പഴഞ്ചൻ ബി. ഏ.-യുംതന്നെ വേണമെന്നു വാദിക്കുന്നവർ മറെറാരുഭാഗത്ത്; ഇങ്ങനെ രണ്ടുപക്ഷക്കാരായി നിന്ന് അവരുടെ

[Mr. Mannathu Padmanabha Pillai.]

വാദങ്ങൾ മുറുകിനടത്തിക്കൊണ്ടുവരികയാണ്. ഇതിനെല്ലാം ശരിയായ പരിഹാരം ഉണ്ടാക്കുകയും ഏതു കോഴ്സാണു വേണ്ടതെന്നു എത്രയും വേഗത്തിൽ തീരുമാനിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാകുന്നു. ഇങ്ങനെയുള്ള നിശ്ചിതമായ പദ്ധതികളൊന്നുമില്ലാതെ രണ്ടുകോടി രൂപാ നീക്കിവച്ചതുകൊണ്ടുമാത്രം കാര്യമൊന്നുമായില്ല.

മറ്റൊരുകാര്യം, പുത്തനായി സ്കൂളുകൾ അനുവദിക്കുന്നതിനെ സംബന്ധിച്ചാണ്. ഇപ്പോൾ പഴയ വിദ്യാഭ്യാസസമ്പ്രദായം മാറി പുതിയ വിദ്യാഭ്യാസസമ്പ്രദായം തുടങ്ങിയിരിക്കുകയാണ്. മുൻപ് പ്രാഥമിക വിദ്യാലയങ്ങളിൽ പഠിച്ചതിനുശേഷം, മലയാളം മിഡിൽ സ്കൂൾ, മലയാളംഹൈസ്കൂൾ എന്നീ സ്കൂളുകളിലേക്കും, ഇംഗ്ലീഷ് സ്കൂളുകളിലേക്കും പോയി തുടർന്നു വിദ്യാഭ്യാസം ചെയ്യുകയായിരുന്നു പതിവ്. ഇപ്പോൾ ഉന്നതരം മലയാളംസ്കൂളുകൾ നിറുത്തി. പ്രാഥമികവിദ്യാലയങ്ങൾ കഴിഞ്ഞാൽ, പിന്നെ ഇംഗ്ലീഷുസ്കൂളുകൾ മാത്രമാണിപ്പോഴുള്ളതു്. ഇങ്ങനെ പുതിയ സമ്പ്രദായം നടപ്പിൽവരുത്തിയതുകൊണ്ടു മലയാളമിഡിൽസ്കൂളുകൾകൂടി ഇംഗ്ലീഷുസ്കൂളുകളാക്കിത്തീർക്കുന്നതിനാലും, ഒരു ക്ലിപ്തവുമില്ലാതെ പുതിയ സ്കൂളുകൾ സ്ഥാപിക്കുന്നതിനാലും പള്ളിക്കൂടങ്ങൾ തമ്മിൽ ചില കൂട്ടിമുട്ടലുകൾ നടക്കുന്നുണ്ടു്. പഴയ ഇംഗ്ലീഷുസ്കൂളിന്റെ മടിയിൽ പുതിയ ഇംഗ്ലീഷുവിദ്യാലയം ചെന്നുവീണു ആ തള്ളയെ കരയിക്കുന്നു. അങ്ങനെയുള്ള സ്ഥലങ്ങളിൽ എവിടെയാണ് പുത്തനായി പള്ളിക്കൂടങ്ങൾ സ്ഥാപിക്കേണ്ടതു്? എവിടെയാണ് ആവശ്യമില്ലാത്തതു് എന്നു് രാജ്യമൊട്ടുക്കു വേണ്ട അന്വേഷണം നടത്തി ഒരു റിപ്പോർട്ടു സമർപ്പിക്കാൻ ഒരു കമ്മിററിയെ നിശ്ചയിക്കണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ, പുതിയ പള്ളിക്കൂടങ്ങൾക്ക് അനുവാദം കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റിനു ഒരു സ്ഥിരമായ നയം ഉണ്ടായിരിക്കേണ്ടതാണ്. ഓരോ മിഡിൽസ്കൂളും ഹൈസ്കൂളും സ്ഥാപിക്കേണ്ടതു് ഇന്നവിധത്തിലായിരിക്കണമെന്നും, അവയുതമ്മിൽ കുറഞ്ഞതു് ഇത്ര അകലമെങ്കിലും വേണമെന്നുമുള്ള നിയമത്തെ ഇന്നത്തെ വിദ്യാഭ്യാസമന്ത്രി അവഗണിച്ചുകൊണ്ടു, പുതിയ പള്ളിക്കൂടങ്ങൾക്കുള്ള അനുവാദം കൊടുത്തതിന് എത്ര ദൃഷ്ടാന്തം വേണമെങ്കിലും ചൂണ്ടിക്കാണിക്കാം. ഇതിന്റെ സ്വാഭാവികമായി ചില പ്രത്യാഘാതങ്ങൾ ഉണ്ടാകാവുന്നതാണ്. കുറച്ചു പള്ളിക്കൂടങ്ങൾമാത്രം സ്ഥാപിക്കപ്പെട്ടിട്ടുള്ള ചില സമുദായക്കാരുടെ സ്ഥാപനങ്ങൾക്കു ക്ഷീണം വരാത്തവണ്ണം ജനസംഖ്യാനുപാതികമായി കൂടുതൽ പള്ളിക്കൂടങ്ങൾ കരസ്ഥമായിരിക്കുന്നവരെ സഹായിക്കത്തക്കവിധ

ത്തിലുള്ള ഈ അനുവാദം അപകടകരമായ ഒന്നാണെന്നും, രാജ്യത്തെ വർഗ്ഗീയസൗഹാർദ്ദത്തിനും, ദേശീയ മനോഭാവത്തിനും ഈ നയം ബാധകമായിരിക്കുമെന്നും അതുകൊണ്ട് ഇന്നത്തെ വിദ്യാഭ്യാസമന്ത്രി ആ കാര്യത്തിൽ കുറെക്കൂടി ശ്രദ്ധിക്കേണ്ടതാണെന്നും ഞാൻ ഈയവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. സർ, ഇങ്ങനെയുള്ള കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുവാൻ ഒരു പക്ഷെ ഇന്നത്തെ വിദ്യാഭ്യാസമന്ത്രിക്കു കഴിയുന്നില്ലായിരിക്കാം. അതു് അദ്ദേഹത്തിന്റെ ജോലിത്തിരക്കുമൂലവുമായിരിക്കാം. രണ്ടുകോടിരൂപയുടെ ചെലവു വഹിക്കേണ്ടിവരുന്ന ഒരു കാര്യമാണു് ഈ രാജ്യത്തെ വിദ്യാഭ്യാസകാര്യം. സമൂലപരിവർത്തനം വരുത്തേണ്ട ഒരു ഡിപ്പാർട്ടുമെന്റുമാണ് അതു്. അതുപോലെ വളരെ പ്രാധാന്യമുള്ള ഒന്നാണു വ്യവസായവകുപ്പ്. ഈ രണ്ടു വകുപ്പുകളും ശരിയായി നോക്കിക്കൊണ്ടുപോകുവാൻ ഒരു മന്ത്രിയെക്കൊണ്ടു മാത്രം സാദ്ധ്യമാകുമോ എന്നു ഞാൻ സംശയിക്കുന്നു. അതുകൊണ്ടു വിദ്യാഭ്യാസത്തിനു പ്രത്യേകം ഒരു മന്ത്രിയെ ചുമതലപ്പെടുത്തണമെന്നാണു് എന്റെ അഭിപ്രായം. അതിനുവേണ്ടി ഒരു പുതിയ മന്ത്രിയെ സൃഷ്ടിച്ചാലും അതൊട്ടും അധികമല്ല.

ഇനി ഒരു കാര്യംകൂടി എനിക്കു പറയുവാനുണ്ടു്. അതു് ഈ രാജ്യത്തെ ഭക്ഷണകാര്യമാണു്. ഈ കാര്യം ആദ്യമെ പറയേണ്ടതായിരുന്നു. അത്ര പ്രാധാന്യമുള്ള കാര്യമാണതു്. അരിവില വർദ്ധിപ്പിച്ചതുനിമിത്തം നാട്ടിലെ സാമാന്യജനങ്ങൾക്കു വളരെ അതൃപ്തിയുണ്ടെന്നറിയാം. അരിവില കൂട്ടിയതു ശരിയായി എന്നു മന്ത്രിസഭയും, തെററായി എന്നു ജനങ്ങളും പറയുന്നുണ്ടു്. ജനങ്ങളും ഗവണ്മെന്റും ഒന്നാണെങ്കിൽ എന്തുപറയുമെന്നു് എനിക്കു നിശ്ചയമില്ല. എന്നാൽ ഒരു കാര്യം തീർച്ചയാണു്. ഇതു് ശരിയാണു് അല്ലെങ്കിൽ തെററാണു് എന്നു പറഞ്ഞതുകൊണ്ടു മാത്രമായില്ല. രാജ്യത്തിലെ ജനങ്ങൾക്കു് ആഹാരം കൊടുക്കുന്നതിനുവേണ്ടി രാജ്യം മൂന്നുകോടിരൂപയുടെ കടം വഹിക്കണമെന്നു ബുദ്ധിയുള്ളവരാരും രാജ്യത്തെ സ്നേഹിക്കാൻ ബാദ്ധ്യതയുള്ളവരാരും പറയുകയില്ല. ഇതിന് ഏതെങ്കിലും തരത്തിൽ പരിഹാരം ഉണ്ടാക്കേണ്ടതാണാവശ്യം. നമ്മുടെ ആഹാരകാര്യത്തിനുവേണ്ടി എത്ര കുറച്ചുമാത്രം നാം അന്യരാജ്യക്കാരെ ആശ്രയിക്കുമോ അത്രയും നാം ഈ പ്രശ്നത്തിനു പരിഹാരം കണ്ടുപിടിച്ചുവെന്നു പറയാം. കഴിവുള്ളിടത്തോളം നെല്ലു് ഈ രാജ്യത്തുതന്നെ ഉണ്ടാക്കുകയാണു വേണ്ടതു്. ഇതിലേക്കു ചില പദ്ധതികൾ ഇന്നത്തെ മന്ത്രിസഭ ആരംഭിച്ചിട്ടുണ്ടെന്നു കാണുന്നതു് ആശ്വാസകരമാണു്. ചെറിഞ്ചോണി

[Mr. Mannathu PadmanabhaPillai.]

അണയുടെ പണി ഗവണ്മെൻറാരംഭിച്ചിട്ടുണ്ട്. അതുപോലെയാ, ഭാരതി നേക്കാൾ പ്രധാനപ്പെട്ടതായ ഒരണയാണ്, ഭൂതത്താൻ കെട്ടണം. ഇതു ഞാൻ പറയുമ്പോൾ, എൻെറ ബഹുമാന്യസ്നേഹിതനായ മി. തയ്യിൽ കുഞ്ഞിത്തൊമ്മന് വിരോധമുണ്ടാകുമോ എന്നറിഞ്ഞില്ല. പക്ഷെ അദ്ദേഹം ഇപ്പോൾ ഇവിടെ ഇല്ലെന്നുള്ളത് ആശ്വാസകരം തന്നെ. ഏകദേശം ഏഴുലക്ഷംരൂപയുടെ ചെലവേ ഈ അണ കെട്ടുന്നതിനു വേണ്ടിവരൂ എന്നറിയുന്നു. തോട്ടുകീറാനാണ് വലിയ ചെലവ് അതിനു രണ്ടു കോടിരൂപ വേണം. ഇരുപതുലക്ഷംരൂപ ചെലവാക്കി ഈ അണകെട്ടിയാൽ അതുകൊണ്ടു രണ്ടു കോടിപ്പറ നെല്ലു ആണ്ടുതോറും ഇവിടെ കൂടുതലായി വിളയിക്കാൻ കഴിയുമെന്നു കാണുന്നു. ഒരു കോടിപറ നെല്ലു ഉണ്ടാകുന്നുള്ള എങ്കിൽതന്നെ അതു ചെറുതല്ല. ഈ കാര്യത്തിൽ ഗവണ്മെൻറിൻെറ സത്വരമായ ശ്രദ്ധ പതിയണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇവിടുത്തെ ഭക്ഷണക്ഷാമത്തിന് ഇതു കുറെയൊക്കെ പരിഹാരമുണ്ടാക്കുമെന്നുള്ളതിന് സംശയമില്ല. ആഹാരദൗർലഭ്യത്തിൽ ജനങ്ങൾക്കു ഇപ്പോഴുണ്ടായിരിക്കുന്ന അതൃപ്തിയും അതു കുറെയൊക്കെ മാററും. ബഹുമാനപ്പെട്ട മന്ത്രിസഭയും അസംബ്ലിയും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണെന്നു പറഞ്ഞുകൊണ്ടു സമയമില്ലെന്നുള്ള വ്യസനത്തോടുകൂടി വിരമിക്കുന്നു.

MR. P. T. CHACKO: സാർ, ആത്മഹത്യാപരമായ ഒരു വിമർശനത്തിനുവേണ്ടി ഞാനും തയ്യാറാകുന്നില്ല. എന്നാൽ എൻെറ നിയോജകമണ്ഡലത്തിലെ ആളുകളെ പ്രതിനിധീകരിക്കുന്ന ഒരു മെമ്പർ എന്ന നിലയിലും തിരുവിതാംകൂറിൻെറ ഭാവിയെ സംബന്ധിച്ച് എൻെറ കഴിവ് അനുസരിച്ചുള്ള നന്മ ചെയ്യുന്നതിനുള്ള അവസരം ഉപയോഗിക്കേണ്ടത് എൻെറ ചുമതലയാണെന്ന ധാരണവച്ചുകൊണ്ടും ഈ ബഡ്ജററിലെ ചില ന്യൂനതകൾ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ജീവത്യാഗങ്ങളും കഷ്ടതകളും ധാരാളം ഹൃദയരക്തം ചിന്തിയും സമ്പാദിച്ച ജനകീയഗവണ്മെൻറിൻെറ ആദ്യത്തെ ബഡ്ജററ് അവതരിപ്പിക്കുവാൻ ഭാഗ്യം ലഭിച്ച ഒരു റെവല്യൂഷനറി പാർട്ടിയുടെ ഫൈനാൻസ് മിനിസ്റ്ററെ ഞാൻ അനുമോദിക്കുന്നു. നാം ഈ ബഡ്ജററിനെപ്പററി വിമർശനം നടത്തിക്കൊണ്ടിരിക്കുമ്പോൾ തിരുവിതാംകൂറിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ ഇറങ്ങി ജീവത്യാഗം ചെയ്ത നെയ്യാററിൻകര രാഘവൻ, പുതുപ്പള്ളി കുഞ്ഞപ്പൻ തുടങ്ങിയവരുടെ ഓർമ്മയും അവരുടെ കുട്ടികളും അവരുടെ വീട്ടുക

ളിലെ ചെറിയ ചെറിയ ബഡ്ജററുകളെ Balance ചെയ്യുന്നതിനെ കഷ്ടപ്പെട്ട് ആലോചിക്കുകയായിരിക്കണം. കഴിഞ്ഞ കൊല്ലം ഈ രാജ്യത്തു് ഒരു ജനകീയഭരണം കൈവരുത്തുവാൻ വേണ്ടി, ഈ രാജ്യത്തിലെ ജനങ്ങൾക്കു വിശ്വാസമുള്ള അവരുടെ നേതാവിന്റെ ആഹ്വാനം അനുസരിച്ചു സമരാങ്കണത്തിലേക്ക് ഇറങ്ങിത്തിരിച്ചവർ ഇന്ന് ഒരു പക്ഷേ പട്ടിണിയിൽ നിമഗ്നരായിരിക്കണം. സർ, അങ്ങ് ഇന്ന് ആ മഹനീയസ്ഥാനത്തിൽ ഇരിക്കുന്നതു "The Big three and the chosen three" എന്നും അറിയപ്പെടുന്ന ബഹുമാനപ്പെട്ട മന്ത്രിമാർ ചുവന്ന നാടകളോടുകൂടിയ ഫയൽ കൂമ്പാരങ്ങളുടെ പിമ്പിൽ redtapism-ത്തിൽ നിന്നും മാററം വന്നിട്ടില്ലാത്ത ഉദ്യോഗസ്ഥവൃന്ദങ്ങളുടെ മുമ്പിൽ ഇരിക്കുന്നതു സ്കൂളുകളും കാളേജുകളും ഉപേക്ഷിച്ച വിദ്യാർത്ഥികളും, ഫാക്ടറികൾ ഉപേക്ഷിച്ചിറങ്ങി വന്ന തൊഴിലാളികളും കർഷകവൃത്തി ഉപേക്ഷിച്ച കൃഷിവലന്മാരും ജീവനേയോ സ്വത്തിനേയോ പരിഗണിക്കാതെ സമരം ചെയ്തതിന്റെ ഫലമായിട്ടാണ് എന്ന് ഓർക്കണം. അതിനാൽ ഈ ബഡ്ജററിനെപ്പററി ആലോചിക്കുമ്പോൾ അവരോടു നാം ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ പരിപാലിക്കുവാൻ കഴിവുള്ളതു് നാം ശ്രമിച്ചിട്ടുണ്ടോ, നിരാശ്രയർക്കും അവശർക്കും വേണ്ടി നാം എന്തെങ്കിലും ചെയ്തിട്ടുണ്ടോ, ഇതു് സാധാരണക്കാരന്റെ ബഡ്ജററാണോ അല്ലയോ എന്നുള്ളതായിരിക്കണം പ്രധാന പരിഗണന. എന്നാൽ, ഈ ബഡ്ജററ് ഡെഫിസിററ് ബഡ്ജററാണോ അതോ സർപ്ലസ് ബഡ്ജററാണോ എന്നും ഈ രാജ്യത്തെ സാമ്പത്തിക ജീവിതത്തിന്റെ പശ്ചാത്തലത്തിൽ ആലോചിക്കേണ്ടതാണ്. ഈ രാജ്യത്തു് കഴിഞ്ഞകാലങ്ങളിലെ ബഡ്ജററുകളുമായി ഒത്തുനോക്കി നമ്മുടെ ബഡ്ജററുകളുടെ ഗതി മനസ്സിലാക്കി ഡെഫിസിററ് ബഡ്ജററാണെങ്കിൽ അതിനു പരിഹാരം കണ്ടുപിടിക്കേണ്ടതു് ഇന്നത്തെ മന്ത്രിസഭയുടെ ചുമതലയാണ്. കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം ലോകത്തിൽ വളരെ പുരോഗമനം ഉണ്ടായി. എന്നാൽ അതോടുകൂടി ലോകം യുദ്ധത്തിനു മുമ്പിലത്തതിനേക്കാൾ വിഭവസമൃദ്ധമായി എന്നാൽ പിൻവന്ന ആയപ്പോഴേയ്ക്കും തൊഴിലില്ലായ്മ വർദ്ധിച്ചു. ലോകത്തിലെ പ്രൊഡക്ഷൻ അധഃപതിച്ചു. തൊഴിലില്ലായ്മ വർദ്ധിക്കുകയും തൻമൂലം വാണിജ്യവ്യവസായങ്ങൾ അധഃപതിക്കുകയും ചെയ്തതിന്റെ ഫലമായി രാജ്യങ്ങളുടെ വരുമാനം കുറഞ്ഞു. അതിന്റെ ഫലമായി യൂറോപ്പിലെ പല രാജ്യങ്ങളിലും അമേരിക്ക

[Mr. P T. Chacko]

യിലും ആസ്ട്രേലിയായിലും ഡെഫിസിററു ബഡ്ജററുകളുണ്ടായി. ഫ്രാൻസിൽ ബഡ്ജററു ശരിപ്പെടുത്തുന്ന ശ്രമത്തിൽ ഒന്നിനുപുറകെ ഒന്നായി പല മന്ത്രിസഭകൾ പൊളിഞ്ഞു. പല രാജ്യങ്ങളിലും പല ക്ലേശങ്ങളും സഹിക്കേണ്ടിവന്നു. ഈ സ്ഥിതി ഇന്നു തിരുവിതാംകൂറിലും ഉണ്ടെന്നു പറഞ്ഞാൽ നമ്മുടെ രാജ്യം ചെറിയ രാജ്യമാണെങ്കിലും കാര്യം ശരിയാണ്. കാർമേഘപടലങ്ങൾ നമ്മുടെ സാമ്പത്തിക ജീവിതത്തിന്റെ അന്തരിക്ഷത്തിൽ ഉയരുന്നുണ്ട്. കഴിഞ്ഞ ൧൮ സംവത്സരക്കാലമായി ഈ രാജ്യത്തുണ്ടായ ദുർഭരണം നമ്മുടെ മുമ്പിൽ ഉണ്ട്. കഴിഞ്ഞ പതിനാറു കൊല്ലമായി ഇവിടെ നടന്ന ദുർഭരണത്തിന്റെയും ധൂർത്തിന്റെയും മർദ്ദനത്തെയും വച്ചുകൊണ്ട് ആലോചിക്കുമ്പോൾ ഇവിടെ ഒരു സർപ്ലസ് ബഡ്ജററ് ഉണ്ടാകുവാനുള്ള ഭാഗ്യം സിദ്ധിക്കുമെന്നും ആരും വിശ്വസിച്ചിരുന്നില്ല. ഇതു ഒരു സർപ്ലസ ബഡ്ജററാണ്. രണ്ടു ലക്ഷത്തിൽ ചില്വാനം രൂപാ മിച്ചമുള്ള സർപ്ലസ് ബഡ്ജററാണ്. യഥാർത്ഥത്തിൽ ഒരു സർപ്ലസ ബഡ്ജററ് ആകാൻ window-dressing ingenuities of public accounting ഉപയോഗിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ തീർച്ചയ് ഇല്ല എന്നു പറയുവാൻ നിർവാഹമില്ല. ഇവിടെ പോസ്ററുവാർ റീകൺസ്ട്രക്ഷൻ ഫണ്ടിന് ആണ്ടുതോറും ഒരു തുക മാററിവയ്ക്കുന്നു. ഈ തുക ൧൧൨൨-ൽ ൩ കോടി ൧൭ ലക്ഷം രൂപാ ഉണ്ടായിരുന്നു. അത് ൧൧൨൩-ൽ ൩ കോടി ൧൬ ലക്ഷം രൂപായാകും, എന്ന് കണക്കാക്കിയിരുന്നു. ഇതൊരു കടമായി സ്ഥിതിചെയ്യുകയാണ്. ആ തുകയിൽ നിന്നും, നിയമസഭയിലെ അംഗങ്ങളും മററാളുകളും ഗവണ്മെന്റിനെ അനുമോദിക്കത്തക്കവണ്ണം വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ ഉൾപ്പെടുത്തിൽ ൯൭ ലക്ഷം രൂപാ Post—war reconstruction ന് മാററിവച്ചിരിക്കുന്നു. ഇതു കഴിഞ്ഞകൊല്ലത്തിൽ പോസ്ററുവാർ റീകൺസ്ട്രക്ഷനുവേണ്ടി ബഡ്ജററിൽകൊള്ളിച്ചിരുന്ന രൂപായിൽ ഉൾപ്പെട്ട ൯൭ ലക്ഷം രൂപായാണ്.

"Credit Bala ces should never be used in balancing the Budget for the current year's expenditure"

എന്ന തത്വം എല്ലാവരും അംഗീകരിക്കുന്ന ഒന്നാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ബഡ്ജററിൽ ൯൭ ലക്ഷം രൂപാ ക്രെഡിററു ബാലൻസിൽ നിന്നു കൈ ഉളിച്ചിരിക്കുന്നു. കൂടാതെ അതൊരു കടത്തിൽ നിന്നുമാണു താനും. ഇതിനുപരിയായി വിദ്ധ്യുച്ഛക്തി വികസനത്തിനുവേണ്ടി

ഉൾപ്പെടുത്തിയിരിക്കുന്ന ൫൭ ലക്ഷം Credit Balance-ൽ നിന്നാണ് ഒരു കോടി ൫൨ ലക്ഷം രൂപാ അങ്ങിനെ ആകെ ക്രെഡിററു ബാലൻസിൽനിന്നും ഗ്രാൻറിനത്തിൽ കൊള്ളിച്ചിരിക്കുന്നു. ഈ തുകകൾ കൂടി ഉൾപ്പെടുമ്പോൾ ഈ ബഡ്ജററ് സർപ്ളസ് ബഡ്ജററാണെന്നു ധരിക്കുവാൻ നിവൃത്തിയില്ല. ൫ കോടി ൫൦ ലക്ഷം രൂപാ ഈ ഇനങ്ങൾ മാത്രം നോക്കിയാലും കമ്മിയാണ്.

മററ് ഒന്നു രണ്ടു കാര്യംകൂടി പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. കഴിഞ്ഞകൊല്ലത്തെ ബഡ്ജററിനെപ്പററി നാം ഒന്നു നോക്കണം. കഴിഞ്ഞ കൊല്ലത്തെ ബഡ്ജററും ഡെഫിസിററാണെന്നു കാണിക്കാൻ വിഷമമില്ല. ആ ബഡ്ജററ് അനുസരിച്ച് guilt edgep Securities-ൽ നിന്നും ൩൦ ലക്ഷവും സസ്പൻസ് അക്കൌണ്ടിൽനിന്നും ൨൭ ലക്ഷവും 'Bullion' -ൽ നിന്നും ൪൦ ലക്ഷവും, ചെറിയ ലോണിനത്തിൽ മൂന്നു കോടി ൨൦ ലക്ഷം രൂപായും കുറവുണ്ട്. വേറെ കമ്മിനത്തിൽ ൩൨ ലക്ഷം ചിലവാക്കി. കഴിഞ്ഞകൊല്ലം ഉള്ള ൯ കോടി ൮൮ ലക്ഷം രൂപായും അതിനുപുറമെയായി മുൻപറഞ്ഞ ഇനങ്ങളിൽ ൭ കോടി ൩൯ ലക്ഷം രൂപായും മുഴുവൻ ചിലവാക്കേണ്ടി വന്നു എങ്കിൽ കഴിഞ്ഞകൊല്ലത്തെ ബഡ്ജററ് ഡെഫിസിററ് ബഡ്ജററ് ആണെന്നു കാണാം. ഇനി നമ്മുടെ കടത്തിന്റെ സ്ഥിതിയും ആലോചിക്കണം. നമ്മുടെ കടം ൫൯൭൩-ൽ ൭൦ ലക്ഷം രൂപാ കൊടുത്തു തീക്കണം. ൫൯൭൨—൭൪ വർഷത്തിൽ mature ആകുന്ന ൮ കോടി ൭൦ ലക്ഷം രൂപാ കൊടുക്കണം. ൫൫൨-ൽ നമ്മുടെ രാജ്യത്തു ഏഴുകോടിയോളം രൂപാ ക്യാഷ്ബാലൻസ് ഉണ്ടായിരുന്നു. ൫൨൨-ൽ minus ൫൫ ലക്ഷമാണ്. ൨൮-ൽ സർപ്ലസ് ചെയ്തിരിക്കുന്നതു് രണ്ടു കോടി ൭൯ ലക്ഷം രൂപായാണെങ്കിലും, overdraft നാം കൊടുക്കേണ്ടതു് ആറുലക്ഷത്തോളം രൂപായാണെന്നു കാണാവുന്നതാണ്. അതിനാൽ മിച്ചമില്ലെന്ന് അർത്ഥം. സാധാരണക്കാരന്റെ ജീവിതത്തെ സ്പർശിക്കാതെ വലിയ ആളുകളുടെ, പണക്കാരുടെ ജീവിതത്തെ സ്പർശിക്കുന്ന പല നികുതികൾമൂലവും, റൂസ് വെൽററ് ചെയ്തതുപോലെ വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അലവൻസും വെട്ടിക്കുറച്ചും, ആദായം ഉണ്ടാക്കുവാൻ വേണ്ടി നാം ശ്രമിക്കണം. അങ്ങിനെ ഭാവിയെ നേരിടുവാൻ കരുതണം. ഞാൻ ഒരു ഭാഗത്തെപ്പററി വിമർശിക്കുന്നില്ല. ഇവിടെയുള്ള ബഡ്ജററ്

[Mr P. T. Chacko]

സാധാരണക്കാരന്റെ ബഡ്ജററ് ആണെന്നു പറയുന്നു. ഇതിൽ ഒന്നു രണ്ടു കാര്യങ്ങൾ അടങ്ങിട്ടുണ്ട് എന്നു സമ്മതിക്കാം. എന്നാൽ കഴിഞ്ഞ കൊല്ലത്തെ നമ്മുടെ വാഗ്ദാനങ്ങൾ നിറവേററാൻ ഈ ബഡ്ജററിൽ എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു ആലോചിക്കണം. കഴിഞ്ഞ കാലങ്ങളിൽ ജയിലിൽ നാം ഒന്നിച്ചു കിടന്നു. എന്നാൽ അവിടെ വിഷമം അനുഭവിക്കുന്ന അവിടത്തെ വാർഡർമാരുടെ ശമ്പളം കൂട്ടുന്നതിനുവേണ്ടി ഒരൊററ രൂപാപോലും ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലെന്നു വന്നതിൽ വ്യസനമുണ്ട്. അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടിക്കൊടുക്കുന്നതിനു ഗ്രാൻറിനത്തിൽ ഒററ രൂപാപോലും കൂടുതൽ വച്ചിട്ടില്ല. പാവപ്പെട്ട പോലീസുകാരന്റെ ശമ്പളം കൂട്ടുന്നതിനോ പാവപ്പെട്ട കുറഞ്ഞ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടുന്നതിനോ വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വെട്ടിക്കുറയ്ക്കുന്നതിനോ ശ്രമിച്ചിട്ടില്ല. നശിപ്പിച്ച് ഒരു പുതിയ വ്യവസ്ഥിതിയിലേക്ക് തിരുവിതാംകൂറിനെ കൊണ്ടുപോകണമെന്ന വിചാരമേ കാണുന്നില്ല. പാവപ്പെട്ട കുറഞ്ഞ ശമ്പളക്കാരുടെ ശമ്പളക്കൂടുതലിനുവേണ്ടി ഒരൊററ പൈസപോലും ബഡ്ജററിൽ ചേർത്തിട്ടില്ല. പല ഡിപ്പാർട്ടുമെൻറിലും ഡിമാൻറ് ചെയ്തിരിക്കുന്നതു കൂടുതൽ ആണെങ്കിലും പാവപ്പെട്ടവന്റെ കാര്യത്തിനുവേണ്ടി ഒരു പൈസാപോലും കൂട്ടിയിട്ടില്ലാ എന്നും പ്രത്യേകം പറയേണ്ടിയിരിക്കുന്നു. പഴയ ഓർഡർ മാറിയിട്ടില്ല. പുതിയതു ജനിച്ചിട്ടുമില്ല.

MR A. P. UDAYABHANU: സർ, ഈ ബഡ്ജററിനെ വിമർശിക്കുന്ന അവസരത്തിൽ കഴിഞ്ഞ രണ്ടു മൂന്നു കൊല്ലമായി ഈ നിയമസഭയുടെ ഒരു കോണിൽ ഇരുന്നുകൊണ്ട് നടത്തിയതുപോലെ ഒരു ഖണ്ഡനപരമായ വിമർശനത്തിൽ ഏർപ്പെടുവാൻ ഞാൻ തയ്യാറില്ല. അങ്ങനെ ഒരു ഖ്യാതി സമ്പാദിക്കാനും ഞാൻ ആഗ്രഹിക്കുന്നില്ല. ഈ മന്ത്രിസഭയ്ക്ക് ഏതെല്ലാം തരത്തിലുള്ള പ്രയാസങ്ങളാണ് അഭിമുഖീകരിക്കേണ്ടിവന്നതു്, എങ്ങിനെയാണ് ഈ ബഡ്ജററ് തയ്യാറാക്കിയതു് എന്നും മററും ശരിയായി വീക്ഷിച്ചുകൊണ്ടല്ലാതെ വിമർശിക്കുന്നതു് ന്യായമല്ല. ഇന്നത്തെ മന്ത്രിസഭ രൂപീകരിച്ചിട്ടു മൂന്നുനാലു മാസമേ ആയിട്ടുള്ളു എന്നു നമുക്കറിയാം. ഇന്നത്തെ ബഡ്ജററിൽ പ്രധാനമായി കാണുന്നതു് സൂക്ഷ്മതയും കരുതലും ആണ്. വളരെ അധികം യാഥാസ്ഥിതികത്വം കാണാമെന്നുള്ളതു് സ്വാഭാവികമാണു. എന്നാൽ ഇത്രയും കുറഞ്ഞ കാലംകൊണ്ടു് തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന ഈ

ബഡ്ജററിൽ, പുതിയ സംവിധാനങ്ങളുടേയും ഏകീകരണപദ്ധതികളുടേയും മററു പുരോഗമനങ്ങളുടേയും ലക്ഷണങ്ങൾ കുറഞ്ഞുപോയതായും വരാം. എന്നാലും ഇതു് പഴയകാലത്തെ ബഡ്ജററല്ലെന്നുള്ളതു് ആശ്വാസപ്രദമാണു്. യുദ്ധാനന്തരമുള്ള ലോകത്തിന്റെ കീഴ്ക്കാംതൂക്കായ മലഞ്ചെരിവിൽ കൂടി പ്രയാണം ചെയ്യുന്നതുപോലെയാണു് നമ്മുടെ ഗവണ്മെന്റും നമ്മുടെ കാര്യങ്ങളും ഇപ്പോൾ പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നതു്. ഇന്നു് വളരെ വേഗത്തിൽ ആളുകളുടെ കയ്യിൽ നിന്നും പണം പിൻവലിഞ്ഞുകൊണ്ടിരിക്കുന്നതായി നമുക്കു് കാണാൻ കഴിയും. അത്ര സാരമായി ജനങ്ങളുടെ ജീവിതത്തോതു് വർദ്ധിച്ചിരിക്കുകയാണു്. ഈ സംഗതിക്കു് ഒരു പരിഹാരം കണ്ടുപിടിക്കുകയാണു് ഇന്നു് ഗവണ്മെന്റിനെ അഭിമുഖീകരിച്ചിരിക്കുന്ന പ്രധാന പ്രശ്നം. കീഴ്ക്കാംതൂക്കായ മലഞ്ചെരിവിൽകൂടെ ഓടിക്കൊണ്ടിരുന്ന രഥത്തിന്റെ സാരഥ്യം വഹിച്ചുകൊണ്ടാണു മന്ത്രിമാർ ഇന്നു് അധികാരത്തിൽ വന്നിരിക്കുന്നതു്. എന്നാൽ ഇവിടത്തെ കുതിരകളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, അവ ഏതെല്ലാം തരത്തിലുള്ളവയെന്നും, എങ്ങനെ പെരുമാറുമെന്നുമുള്ള സംഗതി അവർക്കു് നല്ല നിശ്ചയമില്ല. കുതിരകൾ മുമ്പിലത്തേതു തന്നെയാണു്. ഈ കുതിരകളിൽ ചിലതെല്ലാം പഴയകാലത്തിന്റെ പക ഉള്ളിൽ നിഗ്രഹനം ചെയ്യുന്ന ഘോടൻ കുതിരകളുമാണു്. രഥത്തിന്റെ ചാവിആണിതന്നെ ഉണ്ടോ എന്നു സംശയമാണു്. ഇങ്ങനെയൊക്കെ ഇരിക്കുമ്പോൾ കരഘോഷങ്ങൾക്കും ഹർഷാരവങ്ങൾക്കും വേണ്ടി രഥം വായുവേഗത്തിൽ വിടുന്നതിനു ശ്രമിച്ചിരുന്നു എങ്കിൽ മന്ത്രിമാർ അവരോടും ജനതയോടുംതന്നെ വിശ്വസ്തതയോടെ പെരുമാറി എന്നു പറയുവാൻ സാധിക്കയില്ലായിരുന്നു. അതുകൊണ്ടു് ബഡ്ജററു് ഈ രീതിയിൽതന്നെ മുമ്പോട്ടുപോകണമെന്നർത്ഥമില്ല. ഈ വിമർശനങ്ങളുടെ വെളിച്ചത്തിൽ രാജ്യത്തിന്റെ സാമ്പത്തികപദ്ധതികളെക്കുറിച്ചു് ഒരു പുനഃപരിശോധന നടത്തേണ്ടതാണു്. ഇന്നു് ഈ ബഡ്ജററു് അവതരിപ്പിച്ചിരിക്കുന്ന മന്ത്രിമാർക്കുതന്നെ ബഡ്ജററു തൃപ്തികരമാണെന്നൊരു ആത്മവിശ്വാസമുണ്ടായിട്ടുള്ളതായി തോന്നുന്നില്ല. അവർ രാജ്യത്തിന്റെ യഥാർത്ഥസ്ഥിതിഗതികൾ മനസ്സിലാക്കി കുതിരകളുടെ മേൽ പരിപൂർണ്ണനിയന്ത്രണം സമ്പാദിച്ചശേഷം രഥത്തെ അതിന്റെ ലക്ഷ്യമായ ഫുൾ എംപ്ലായിമെൻറിലേക്കു എത്തിച്ചേക്കും എന്നു് എനിക്കു വിശ്വാസമുണ്ടു്. ഇതൊക്കെയാണെങ്കിലും വളരെ കരുതലും സൂക്ഷ്മതയും ഈ ബഡ്ജററു നിർമ്മാണ

[Mr. A. P. Udayabhanu]

തിൽ കാണിച്ചിട്ടുണ്ടെന്നുള്ള സംഗതി സുവ്യക്തമാണ്. ഇന്നത്തെ അധികാരം ഏറ്റെടുത്ത അവസരത്തിൽ, ൧൧൨൩-ലെ ബഡ്ജററനുസരിച്ചാണ് പൊയ്ക്കൊണ്ടിരുന്നത്. ആ ബഡ്ജററുതന്നെ ഒരു നിയമസഭയുടെ വിമർശനത്തിന് വിധേയമാക്കിയിരുന്നില്ല. ൧൧൨൩-ൽ, ആദായം കണക്കാക്കിയിരുന്നതിൽ നിന്നും, കസ്റ്റംസിൽ ൭൨.൪൩ ലക്ഷം രൂപയും ലാൻഡ് റവന്യൂവിൽ ൨.൪൦ ലക്ഷം രൂപയും ഫാറസ്റ്റിൽ ൩൨.൭൦ ലക്ഷം രൂപയും കുറവായിട്ടാണ് കിട്ടിയിട്ടുള്ളത്. ൧൧൨൩-ൽ ക്യാഷ് ബാലൻസ് ൬൧൩൩ ലക്ഷം രൂപയുണ്ടെങ്കിലും ൭൦ ൨.൧൨ ലക്ഷം ഗിൽറ്റ് എഡ്ജ്ഡ് സെക്യൂരിറ്റീസിനു നീക്കി വച്ചിട്ടുണ്ടെന്നാണ് കാണുന്നത്. എന്നാൽ ൧൧൨൩-ലെ മൊത്ത ആസ്തി ൩൯ ലക്ഷത്തിൽ കൂടുതൽ കാണുന്നില്ല. ൧൧൨൩-ലെ ആസ്തിയിൽ ൪ കോടി രൂപാ അഡ്വാൻസ് 'റീപേയബിൾ' എന്നതിലാണു കൊള്ളിച്ചിരിക്കുന്നത്. അത് എന്തെല്ലാമെന്ന് നിശ്ചയമില്ല. ൧൧൨൨-ൽ ക്യാഷ് ബാലൻസായി കണക്കാക്കിയിരിക്കുന്നത് ൨൧൪ ലക്ഷം രൂപയാണ്. ൧൧൨൩-ൽ അവസാനം Ways and Means-ൽ ഏകദേശം ൩൭ ലക്ഷത്തോളം കടമാക്കിയിരിക്കുകയാണ്. എന്നാൽ ൧൧൨൩ തുടങ്ങുന്നത് ഏകദേശം ൧൨ ലക്ഷത്തോളം രൂപ ഡെഫിസിറ്റോടുകൂടിയാണ്. ൧൧൨൩-ൽ ൨ കോടി രൂപ ഫുഡ് സബ്സിഡിയിൽ നഷ്ടം വന്നിട്ടുണ്ട്. അതുപോലെതന്നെ ഇപ്പോഴും ഭീമമായ ഒരു തുക ആ ഇനത്തിൽ നഷ്ടം വരുംകാണുമിരിക്കുന്നു. ഇങ്ങനെയുള്ള പ്രതികൂലപരിതഃസ്ഥിതിയിലാണ് ഇപ്പോഴത്തെ മന്ത്രിമാർ അധികാരത്തിൽ വരുന്നത്. ഭരണസംബന്ധമായുള്ള വിഷമപ്രശ്നങ്ങളും, സാമ്പത്തികപ്രശ്നങ്ങളും എന്നീ വൈഷമ്യങ്ങളെ അഭിമുഖീകരിച്ചുകൊണ്ടാണ് അവർ ഭരണഭാരം കയ്യേറ്റതും. എങ്കിലും ഈ ചുരുങ്ങിയ കാലംകൊണ്ട് അവർ അതിൽ വളരെ സൂക്ഷ്മതയോടുകൂടി പ്രവർത്തിച്ചുവെന്ന് പറയാതിരിക്കാൻ തരമില്ല. എന്നാൽ ഞാൻ മുൻപറഞ്ഞതുപോലെ ഇത രീതിയിൽ പോകണമെന്നില്ല. താമസിയാതെതന്നെ ഇവയ്ക്കെല്ലാം ഒരു പരിഹാരം കണ്ടുപിടിച്ച് നിശ്ചിതലക്ഷ്യത്തിൽ എത്തിച്ചേരണമെന്നാണ് എനിക്കഭിപ്രായമുള്ളത്. ഈ ബഡ്ജററിനെപ്പററി വളരെ പ്രതികൂലമായി എൻെറ സ്നേഹിതന്മാർ, തമിഴ്നാട് കോൺഗ്രസ്സിൽപെട്ട മെമ്പറന്മാർ വിമർശിച്ചുകണ്ടു. രാജ്യത്തിൻെറ ആസ്തികളെക്കുറിച്ച് അവർ പറഞ്ഞു. എന്നാൽ പള്ളിവാസൽ ഹൈഡ്രോ എലക്ട്രിക്ക് പദ്ധതിക്ക് ഒരു കോടി രൂപ മാററിവച്ചിരിക്കുന്നതു

ആസ്തിയുടെ കൂട്ടത്തിലാണ് കണക്കാക്കേണ്ടതു്. പ്രതികൂലവിമർശനത്തിനിടയായ വേറൊന്നു് സെയിൽസ ടാക്സ് ആണ്. അതു് വരവിനത്തിൽ കണക്കാക്കിയിട്ടില്ല. കൊച്ചിയിലും മദ്രാസ് പ്രവിശ്യയിലും, മൈസൂറിലും സെയിൽസ്‌ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ടു്. ഇതു് ഒരു പിൻതിരിപ്പൻ നയമല്ല. ഏതു സാധനങ്ങളുടെ മേൽ നികുതി ഏർപ്പെടുത്തുന്നു എന്നുള്ളതാണ് ആ നികുതി പിൻതിരിപ്പനോ പുരോഗമനപരമോ എന്നു പറയേണ്ടതു്. കസ്റ്റംസ് ആൻഡ് ഇൻകംടാക്സ് എന്ന ഇനത്തിലെ വരവ് സെൻട്രൽ സബ്ജക്ററായിപ്പോകുമെന്നു മിസ്റ്റർ നേശമണി പ്രസ്താവിച്ചു. എന്നാൽ Draft Constitution പ്രകാരം കുറഞ്ഞതു് അഞ്ചുകൊല്ലക്കാലത്തേക്കെങ്കിലും അതു നമ്മുടെ വരവായി കണക്കാക്കപ്പെടുവാൻ സാധിക്കുമെന്നു കാണാവുന്നതാണ്. അതുകൊണ്ടു ഇക്കൊല്ലത്തെ ആയവ്യയകണക്ക് രൂപീകരിച്ചിരിക്കുന്നതിനെ കുററപ്പെടുത്താൻ സാധിക്കുന്നതല്ല. എന്നാൽ ഒന്നു പറയുവാനുള്ളതു ഗവൺമെൻറിൻെറ ലാൻഡ് പോളിസിയെക്കുറിച്ചാണ്. പാവപ്പെട്ടവർക്കു കിടക്കാൻ വീടില്ലെന്നും, എവിക്ഷൻെറ നിരോധനത്തെ തടയാൻ വേണ്ട നടപടി എടുക്കണമെന്നു ആളുകൾ പരാതിപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്തുകൊണ്ടു് Emergency Powers Act അനുസരിച്ചു് eviction നിരോധിച്ചു Ordinance ഗവൺമെൻറിനു പുറപ്പെടുവിച്ചുകൂടാ? ഭവനനിർമ്മാണപദ്ധതി ആലപ്പുഴ മുതലായ സ്ഥലങ്ങളിലും കൂടി കൊണ്ടുവന്നു ആ സ്ഥലങ്ങളിലുള്ള സാധുക്കളുടേയും വൈഷമ്യങ്ങളെ പരിഹരിക്കേണ്ടതാണ്. മറ്റൊന്നു് പബ്ളിക്ക് സർവ്വീസാണ്. അതിനെക്കുറിച്ചാണ് കൂടുതൽ അസ്വസ്ഥതയുള്ളതു്. നാലു പട്ടിണി ഉദ്യോഗസ്ഥന്മാരുടെ നിയമത്തിനാണു നമ്മുടെ വർഗ്ഗീയനേതാക്കന്മാരുടെ ദൃഷ്ടിയിൽ പ്രാധാന്യം. ഇപ്പോഴുംതന്നെ റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥരുടെ സ്ഥാനങ്ങളിലേക്കുള്ള നിയമനം സംബന്ധിച്ചുള്ള ബഹളത്തിന് കണക്കില്ല. വർഗ്ഗീയതത്വത്തിന് അതീതമായി ത്രാസു നേരെ പിടിക്കുവാൻ കഴിവുള്ളവർ കുറവാണ്. അങ്ങനെ ചെയ്യുമെന്നു സംശയാതീതമായി വിശ്വസിക്കപ്പെടുന്നവർ ഇല്ലതന്നെ. ആ നിലയ്ക്കു നായരും, നസ്രാണിയും, ഈഴവരും അല്ലാതെ, ഈ നാട്ടുകാരല്ലാത്ത മൂന്നുപേരടങ്ങിയ ഒരു പബ്ളിക്ക് സർവ്വീസ് കമ്മീഷൻ നിയമിക്കുന്നതു നന്നായിരിക്കും. ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്രമം retrenchment, ഇതിനെല്ലാം ഒരു പേക്കമ്മീഷനെ നിയമിക്കുന്നതും അഭിലഷണീയമാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

DR. M. O. CHERIYAN Sir, I congratulate the Finance Minister for presenting the first people's budget. I compliment him further for his exhortation to one and all in this House, to take the vow that we shall build up a Travancore in which the common man will occupy the centre of the stage in all our plans of social reconstruction. Let us take the vow and go forward to make our State an ideal one to the rest of India and the rest of the world.

The main ways by which the economic position of this country can be raised are by the increase of transport facilities, increase of agricultural production, increase of productive schemes and facilities for export.

The very unsatisfactory position of our transport system has already been brought to the notice of this House by the volume of questions raised here in that connection. We should make an all-out attempt to be self-sufficient in this direction, not to depend upon uncertain supplies of petrol and coal from outside. Representations have been made to Government and a volume of public opinion has successively come out in the press regarding the necessity of opening up of a railway throughout the length of this country. I do not know whether any provision has been made in the budget for a preliminary opinion on the subject. An electric railway throughout the length of the country will go a long way to solve the problem of internal transport.

Regarding increasing agricultural production we hear of extensive acreages of lands that have been given out for cultivation There are still several thousands of acres of land available in Devicolam taluk which do not require any form of deforestation, suitable for paddy cultivation. The plight of the agriculturists through the haphazard paddy purchasing system, and the arbitrary assessment of agricultural income tax on the basis of figures supplied by the revenue subordinate staff have become very pitiable.

There has been a country-wide demand for lifting food control but Government has given a deaf ear to the cry so far. Wherever one goes in the tate, black market rice is available. In this city under the very nose of the Central Administration rice is available in the black market. No Government can effectively stop the trading in of an elementary article required for existence. And it is high time to knock off the controls and keep the people free from perpetuating the evil trade. It is the landlords, the purchasing and rationing officers and the ration shop keepers who are benefited by the controls and not the piecemeal cultivator or the ration card holder.

The progress with our productive schemes such as the generation of hydro-electric power is not satisfactory. The importance of producing hydro-electric power with its various dependent industrial and irrigation schemes, to increase the economic wealth of our country are too well-known to require further emphasis. If we

mean what we say that we are out to find economic and social redemption of our masses, we should proceed headlong with our productive schemes.

We have to solve our export difficulties on industrial produce, and all facilities for easy export of agricultural products which are not required for our internal consumption have to be given. I understand that the tea industry has attained a stage of shouldering its maximum weight in its cost of production and that tea is losing its ground in foreign markets. Another commodity which labours under export-difficulty is cardamom. Cardamom does not keep its quality except in a very dry place, and the restrictions and impositions in its way of easy export are causing material loss in market-value. It is said that 75 per cent of the world's cardamom is produced in Travancore. The market for the commodity is foreign and it is absolutely necessary on the part of the Government, which is out for the betterment of its masses to give all facilities for the cultivators to market the produce with as little delay as possible. Another agricultural produce which has lost its ground is lemon grass oil. Government should rescue the poor cultivators who are unable to find a market by themselves.

The House adjourned for lunch at 1 p. m. and met again at 2-15 p. m.

MR. PRESIDENT : എനിക്ക് ഒരു സംഗതി ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പറന്മാരോട് പറയാനുള്ളത് ബഡ്ജറ്റ് പൊതുവിമർശനം ഇന്നു നാലരമണിവരെ ഉണ്ടായിരിക്കുന്നതും അതിന്റെ മറുപടി പറയുന്നതിനായിട്ട് ഫിനാൻസ് മിനിസ്റ്റർക്ക് ഒരു മണിക്കൂർവരെ സമയം അനുവദിക്കേണ്ടിയിരിക്കുന്നതുകൊണ്ട് അഞ്ചരമണിവരെ സഭാനടപടികൾ ഉണ്ടായിരിക്കുന്നതും ആണ്.

DR. M. O. CHERIYAN: Any Government for a satisfactory running of its machinery should have a loyal, contented and uncorrupted subordinate staff. Loyalty to a great extent is reciprocal. When Government looks after its employees by giving them enough to keep them above want, provide them for their old age and sympathise with them in their difficulties, loyalty will be automatically reciprocal.

Corruption is rampant in all our departments, more so with the revenue and police subordinates. I do not blame these employees. I blame the Government which has caused them to drift and drift into this state of affairs.

Just like the general masses, I believe, the non-gazetted employees of Government also were entertaining great hopes, dreaming of the prosperous days ahead for them when a popular ministry comes into commission. I won't be surprised at all if this budget

[Dr. M. O. Cheriyan]

as disappointed these unfortunate employees. However, it is gratifying to note the Finance Minister's statements that whatever policies and programmes we make for the future of the State will have to be as far as possible in harmony with those of the Indian Union Government and I feel sure that all attempts will be made by the Government to pay the same remuneration to its employees, as given in the Indian Union, and as a token of our anxiety to better their conditions, I would suggest cutting down our allowances to the level of the lowest paid employees of the Government. To ameliorate their conditions and to do away with all unnecessary employments in the services, it is necessary to constitute a fact finding committee. Superfluous staff should be reduced and the number of working hours should be increased. Obsolete circulars and unnecessary returns remaining in vogue for years to serve no purpose should be deleted from the routine. A thorough overhaul in the system of office routine should be effected. The time honoured tradition of a paper from the Government or Departmental Head going right down to the peon who actually records an answer and returns it through all its paths of descent with the accepted delay should be stopped. Taluk Committees should be constituted to check corruption and to help the services in fair execution of their duties.

The Honourable Finance Minister has stated in his speech that an amount of Rs. 10 lakhs has been set aside for expenditure as a first instalment for establishing a Medical College. While none will be more pleased than I to see a well equipped modern hospital with up-to-date teaching facilities established in the State I would give a note of warning, a double note of warning, that the Government before committing the State to a scheme which will involve great financial capital outlay and recurring expenditure, should make an exhaustive study of the financial implications involved in the scheme. I would suggest that Government, should seek expert opinion in that connection from personages in and outside the State, and details worked out through an appropriate committee and those details brought to the notice of this House for its opinion before launching on any commitment in this connection.

With these few observations, I wish all good luck to the Finance Minister with his budget.

MR. P. BALAKRISHNAN TAMPI: *Sir*, the Prime Minister who as far as I know uses embellished language, for once has allowed himself the luxury of referring to the 'Common man', and therefore I have no sympathy with him if on that score people criticise him for the budget not being a 'Common man's' budget. As a student of economics I have not been able to understand the connotation or denotation of the term "common man". "A man in the street" or "an economic man" are common expressions; they have some meaning but certainly no definite meaning. Now, when on the

common man's basis this budget is attacked, I would say that the criticisms are unanswerable in a sense? If by the common man's budget it is only meant that there is to be a largest good to a largest number, I am confident that this budget could be called a common man's budget.

The Honourable members of this House who are the cream of the population of the State would not have meant that in any scheme of Government, in a common man's budget speech if I can say so, chocolates, toffees and things of the kind could be offered to be distributed, or that roads would be paved with gold. For, by a common man's budget it is only meant that liberal provision is made for nation—building activities. The Budget then certainly deserve the pompous name which the Prime Minister has given the common man's budget.

Sir, in the matter of education, in the matter of research, in the matter of public works, in the matter of village uplift in the matter of land colonisation, liberal provision has been made. I am glad that ample provision has been made for colonisation, in the High Ranges for about a thousand people. Is it not an item which Government have rightly included in that when called a common man's budget?

Sir, before I speak anything about the details of the budget I should like to clear myself as to where I stand in regard to certain matters. As a member of this House I am afraid I am likely to forget certain things. I was rubbing my eyes for a while and wondering at what is happening here. I observed ministerial benches being attacked with reference to budget by some ministerialist and praised on the opposition parties by a few others. After all, the party clevages are only artificial. There is a core of common sense running through every Travancorean A criticism was made that more funds have been provided for defence and police purposes than should have been! I am sure this Government will take up the hint to reduce the expenditure in that line if Mr. Nesamony and his followers give the assurance that there is no need for greater police protection. I am afraid even Mr. Nesamony was embarrassed in stating the details regarding defence As far as I know, this State has acceded only in regard to 3 important subjects. I do not know whether the State has come to any final decision regarding the Standstill Agreement. In the matter of Customs and Income tax it is premature, rather difficult to say, whether these are ear marked for one purpose or other. Therefore it is better to leave these matters to those who are handling the problem; for a little knowledge in administrative matters is a dangerous thing. As the matter is in the stage of negotiations any observation based on inaccurate information would be embarrassing to Government and highly prejudicial to the larger interests of the State. One Honouable member was saying that this budget is of the old world. If so, that is the case with all budgets in all countries; detailing only items of income and expenditure. I would rather say that the

[Mr. P. Balakrishnan Tampi]

speeches of members here are of the old-world. When the Government was manned by a person who in technical language could be called "irresponsible", I remember every member went on to play the part of the jack the giant killer and attacked Government. But conditions are entirely different to-day. People in whom we have confidence have taken the reins of Government. I am afraid we have not changed ourselves to the changed conditions. In the change-over we have not adjusted ourselves. We have followed the old model in criticising Government for the provisions made in the budget. Anyway I have to be cautious in this matter and I would just say that better guidance was needed for criticising the budget.

(President's bell).

Now Sir, in telegraphic language I want to speak about retrocession of Anjengo and Thangacherry to our State. The Government have not been able to tell us anything about it. When Secunderabad has been given to the bellicose successor of one Asaf Jah, when Bangalore cantonment to the descendent of Wodayar, these two bits have not been given to us by the Dominion Government. As our Government have not made any mention of it, I am just referring to it.

I want to know why the Government have not taken up the Pamba and Periyar Schemes for development. A word about the land policy about which copious references have been made here by Honourable members. I would particularly request Government not to precipitate matters in that affair. In the matter of land legislation this State has gone far ahead of other civilized countries. In the matter of relationship between the land lord and tenant this Government has made clear regulations from very early times. The sacredness of contracts has to be maintained for all times. That having been accepted there is no need for legislation in that direction. If it is the idea of Government to provide homes for the homeless people, that is a different matter. But Government should not lend ears for artificial objections in the matter of eviction as it is being carried on now. Government should have the shrewdness to see through the briefs of that character held by Honourable members.

Sir, a word to the effect that this House should not go away with the impression that "flings" can be thrown at the officers of our Government by the Honourable members of this House. A contented service is essential for the security of the State. In olden times civil services must have been a little uppish; our criticisms were generally not well received. Now we are in the regime of the 'chosen' people. All the more it is our duty not to disparage the services as it would only tell on their administrative efficiency. The reputation of the House then will be on the wane. To say that our officers are corrupt etc., must have been just in olden times. At present it is a different thing. Such a criticism does not do good

to the reputation of the State. To the outside world, it will give an appearance that things are not quite well here. Compared with the officers obtaining elsewhere, our officers are of a superior type. Then as regards their salaries, I do not think that any officer of our State is highly paid as is alleged. The Ministers are given nominal compensation for meeting certain expenses which could not otherwise be paid for. But in the case of officers who have devoted the best part of their life not for any political work of course, but for honestly studying problems confronting the people and suggesting solutions therefor, it isonly proper to pay them well. The services should attract the best type of people and adequate payment should be made to them. I ask is it possible to get a Chief Engineer on Rs. 300, a Vice-Chancellor on Rs. 500 or a Surgeon-General on Rs. 250. Certainly not. Such criticisms were alright in days of yore. Even the Central Government pays their officers much more than they pay the Ministers. In a democratic State it is highly essential that the services should be well equipped; of course you should be careful about the choice of people. But I do not say that every one deserves the pay he draws. (President's bell).

Miss ACCAMMA CHERIYAN: തിരുവിതാംകൂറിലെ ജനങ്ങളുടെ പ്രകൊല്ലക്കാലത്തെ ത്യാഗത്തിന്റെയും കഷ്ടപ്പാടുകളുടെയും ഫലമായി ഇന്നെങ്കിലും ഒരു ജനകീയബഡ്ജററ് അവതരിപ്പിക്കുവാൻ സാധ്യമായതു് ഈ രാജ്യത്തിന്റെ ചരിത്രത്തിൽ അവിസ്മരണീയമായ ഒരു സംഭവമാണു്. ജനകീയസമരത്തിന്റെ വിജയത്തിനുവേണ്ടി ജീവാർപ്പണം ചെയ്ത ദേശഭക്തന്മാരേയും അതിനുവേണ്ടി പ്രവർത്തനം നടത്തിയവരും വളരെ കഷ്ടപ്പാടുകളും യാതനകളും സഹിച്ചവരും ആയ വിദ്യാർത്ഥികളേയും തൊഴിലാളികളേയും മറ്റെല്ലാ സാമാന്യജനങ്ങളേയും ഈ സന്ദർഭത്തിൽ സ്മരിക്കാതിരിക്കാൻ നമുക്കു് സാധ്യമല്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നതു് ബഡ്ജററ് തയാറാക്കുന്നതിൽ സാമാന്യമനുഷ്യന്റെ ശരാശരി സാമ്പത്തികനില കഴിയുന്നതും ഉയർത്താൻ ശ്രമിച്ചിട്ടുണ്ടെന്നാണു്. ജനകീയഗവണ്മെന്റിന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യം അതുതന്നെയാണു്. ഈ രാജ്യത്തുള്ള സാമാന്യജനങ്ങളുടെ സാമ്പത്തികനില മാത്രമല്ല, സാമൂഹ്യവും സാന്മാർഗ്ഗികവുമായ നിലയുംകൂടി ഉയർത്തേണ്ടതു് ഒരു ജനകീയഗവണ്മെന്റിന്റെ കടമയാണു്. കേവലം ൩ മാസംമാത്രം പ്രായമുള്ള നമ്മുടെ ജനകീയമന്ത്രിസഭയ്ക്കു് ജനകീയാഭിലാഷത്തെ തൃപ്തിപ്പെടുത്തുന്നതിനുതകുന്ന ഒരു ബഡ്ജററ് രൂപീകരിക്കുവാൻ കഴിയാതെ വന്നതിൽ ഞാൻ അവരെ കുററപ്പെടുത്തുന്നില്ല. പോരെങ്കിൽ

[Miss Accamma Cheriyan]

ആർക്കും സ്വഗ്രാഹ്യമാക്കാൻ വിഷമമായ ഒരു ബഡ്ജററു തയാറാക്കിയതിലും നമ്മുടെ മന്ത്രിമാർ ഉത്തരവാദികളാണെന്നു ഞാൻ പറയുന്നില്ല. വിപ്ലവകരമായ പല പരിവത്തനങ്ങളും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന അഭ്യസ്തവിദ്യരായ ഒരു ജനസമൂഹത്തെ ചുരുങ്ങിയ കാലംകൊണ്ടു തൃപ്തിപ്പെടുത്തുവാൻ ഏതൊരു മന്ത്രിസഭയ്ക്കും സാദ്ധ്യമാകുമെന്നു ഞാൻ കരുതുന്നില്ല. എന്നാൽ പൊതുജനോപകാരപ്രദങ്ങളായ കാര്യങ്ങൾക്കു കൂടുതൽ പണം ചെലവാക്കുന്നില്ലെന്നും അല്ലാത്തവക്കു കൂടുതൽ പണം ചെലവാക്കുന്നു എന്നുമുള്ള ഒരു വിമർശനം പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടായാൽ അതിൽ അത്ഭുതപ്പെടാനില്ല. ഉദാഹരണമായി ചില സാംഗതികൾമാത്രം ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ൧൧൨൧-ൽ സ്വതന്ത്രതിരുവിതാംകൂറും മർദ്ദനഭരണവും നടമാടിയ കാലത്തു പൊളിററിക്കൽ എക്സ്പെൻസ് എന്ന ഇനത്തിൽ ൩൦ ലക്ഷം രൂപാ ചെലവാക്കിയിട്ടുണ്ടെന്നു ബഡ്ജററിൽ കാണുന്നു. ൧൧൨൩-ൽ ഇതിലേക്കു ൯ ലക്ഷം രൂപാ ബഡ്ജററു ചെയ്തിരുന്നു എങ്കിലും ൩൭ ലക്ഷം രൂപാ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു. ൩൭ ലക്ഷം രൂപാ എങ്ങിനെ എന്തിനുവേണ്ടി ചെലവാക്കുന്നു എന്നു നമുക്കറിയേണ്ടിയിരിക്കുന്നു. ജനകീയഗവണ്മെൻറു ഇത്ര ഭീമമായ ഒരു സംഖ്യ പൊളിറ്റിക്കൽ അഡ്മിനിസ്ട്രേഷനു ചെലവാക്കുന്നതെന്തിനാണെന്നു പൊതുജനങ്ങളെ ധരിപ്പിക്കേണ്ടതാവശ്യമാണ്. അടുത്ത കൊല്ലത്തെ ബഡ്ജററിലും പൊളിററിക്കൽ എക്സ്പെൻസ് ഇനത്തിൽ ൯ ലക്ഷം രൂപാ ഉൾപ്പെടുത്തിയിട്ടുണ്ടു. സർ സി. പി.-യുടെ ഭരണകാലത്തിൽ സ്വതന്ത്രതിരുവിതാംകൂറിനുവേണ്ടി പ്രചരണം നടത്തുന്നതിനും, റൗഡികളെ സംഘടിപ്പിക്കുന്നതിനും മററും വലിയ തുകകൾ കണക്കുകൾ വയ്ക്കാതെ ചെലവാക്കിയെന്നു ജനങ്ങളുടെ ഇടയിൽ സംസാരമുണ്ടു. എന്നാൽ ഒരു ജനകീയമന്ത്രിസഭ ഭരണം തുടങ്ങിയതിനു ശേഷവും എന്താവശ്യത്തിനാണ് ഇത്രയും വലിയ ഒരു തുക ചെലവാക്കുന്നതെന്നു നമ്മെ മനസ്സിലാക്കേണ്ടതാണ്.

MR. PRESIDENT: ആർഡർ, ആർഡർ. ഇൻററിം കോൺസ്റ്റിട്യൂഷനൽ ആക്ററു സെക്ഷൻ ൧൩-ൽ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണ്.

> *"Expenditure classified by Our Government as political expenditure shall not be open to discussion by the Legislative Assembly."*

Miss ACCAMMA CHERIYAN: അതു ഞാൻ അറിഞ്ഞുകൊണ്ടുതന്നെ അതിനെപ്പററി ഒന്നു സൂചിപ്പിച്ചു എന്നു മാത്രമേയുള്ളു. സർ, ഈ അവസരത്തിൽ എനിക്കു പറയുവാനുള്ളതു് കഴിഞ്ഞ പത്തുവർഷത്തെ കണക്കെങ്കിലും വെളിയിൽനിന്നു് ഒരു ധനകാര്യവിദഗ്ദ്ധനെ വരുത്തി ആഡിററു ചെയ്യിച്ചു് ഇവിടത്തെ അക്കൌണ്ട്സ് ഡിപ്പാർട്ടുമെൻറു കൂടുതൽ കാര്യക്ഷമമാക്കിത്തീർക്കേണ്ടതാണെന്നാണു്. പൊളിററിക്കൽ, ഫുഡു് എന്നീ ഡിപ്പാർട്ടുമെൻറുകളിൽനിന്നും വളരെ പണം ചോർന്നു പോയതായി പൊതുജനങ്ങളുടെ ഇടയിലുള്ള ധാരണയെ നീക്കുന്നതിനും അതു സഹായിക്കും. മറെറാരിനം പട്ടാളമാണു്. ഇതിലേക്കു് ൩൮ ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ടു്. യുദ്ധകാലമായിരുന്ന ൧൧൧൯-ൽ പോലും ൧൩ ലക്ഷം രൂപായേ പട്ടാളത്തിനു് ചെലവായിരുന്നുള്ളു. തിരുവിതാംകൂർ ഇൻഡ്യൻ യൂണിയനിൽ ചേർന്നിരിക്കുന്ന സ്ഥിതിക്കു് മുമ്പിലത്തതിന്റെ നാലിരട്ടി ഈ ഇനത്തിൽ ചെലവാക്കുന്നതിന്റെ ആവശ്യം എന്താണെന്നു ബഹുമാനപ്പെട്ട പ്രധാനമന്ത്രി വെളിപ്പെടുത്തേണ്ടതാണു്. ഇനിയും ഈ ബഡ്ജററിൽ സാമാന്യജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ചില കാര്യങ്ങളെപ്പററി ചിന്തിക്കേണ്ടിയിരിക്കുന്നു. പൊതുജനാരോഗ്യം, ഗ്രാമോദ്ധാരണം, വിദ്യാഭ്യാസം മുതലായ കാര്യങ്ങൾക്കു് മുൻകൊല്ലങ്ങളെ അപേക്ഷിച്ചു കൂടുതൽ തുക കൊള്ളിച്ചിട്ടുള്ളതു് അഭിനന്ദനാർഹമാണു്. മധ്യവർജ്ജനം ചുരുക്കം ചില താലൂക്കുകളിലെങ്കിലും നടപ്പിലാക്കുന്നതു് ചാരിതാർത്ഥ്യജനകം തന്നെ. സാധാരണക്കാരന്റെ ജീവിതത്തോതു് ഉയർത്തേണ്ടതു് ജനകീയഗവണ്മെൻറിന്റെ ചുമതലയാണു്. അക്കാര്യത്തിൽ കുറച്ചൊക്കെ ചെയ്തിട്ടുണ്ടെന്നു സമ്മതിക്കാമെങ്കിലും ഇനിയും പലതും ചെയ്യേണ്ടിയിരിക്കുന്നു. ഇന്നു നമ്മെ അഭിമുഖീകരിക്കുന്ന ഒരു അടിയന്തിരപ്രശ്നമത്രെ കുടിയിറക്കു്. സ്റേററു് കാൺഗ്രസ്സിന്റെ പ്രകടനപത്രികയിലെ സൂചന മനസ്സിലാക്കി പല ജന്മികളും കുടിയാന്മാരെ ഇറക്കിവിടാൻ ബദ്ധപ്പെടുന്നു. ഇന്നു കുടിയിറക്കുന്നതിനു് യാതൊരു നിയമവും ബാധകമല്ല. ഗവണ്മെൻറിന്റെ ഭൂമിയെപ്പററിയുള്ള നയവും മറ്റും ആശാസ്യമല്ല. ൩൦ കൊല്ലത്തിനു മേലായി ഗവണ്മെൻറു ഭൂമിയിൽ താമസിച്ചു വിലപിടിപ്പുള്ള പല ദേഹണ്ഡങ്ങളും നടത്തിയിട്ടുള്ള കൃഷിക്കാർ വലിയ തുകകൾ കുത്തകപ്പാട്ടമായി കെട്ടിവയ്ക്കുന്നില്ലെങ്കിൽ കുടിയിറങ്ങണമെന്നു് ഉദ്യോഗസ്ഥന്മാർ നിർബന്ധം കാണിച്ചുവരുന്നു. അവർ ഒന്നെങ്കിൽ

[Miss Accamma Cheriyan]

൩.൭൦ രൂപാ ഉടനെ കെട്ടിവയ്ക്കുകയോ ക്ലാസ്സുവിട്ടു ഇറങ്ങിപ്പോകുകയോ ആണ് ചെയ്യേണ്ടിവന്നിരിക്കുന്നത്. ഇത്ര പ്രാധാന്യമുള്ള കാര്യങ്ങളിൽ ഗവണ്മെന്റു അതർഹിക്കുന്ന ഗൗരവത്തോടുകൂടി വീക്ഷിക്കുകയും അതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

സ്ത്രീകളെപ്പററി ഒരു കാര്യം പറയേണ്ടിയിരിക്കുന്നു. നമുക്കു സ്ത്രീകൾക്കുവേണ്ടി ഒരു രണ്ടാംഗ്രേഡ് കാളേജ് മാത്രമേയുള്ളു. നമ്മുടെ അയൽരാജ്യമായ കൊച്ചിയിൽ പെൺകുട്ടികൾക്കുവേണ്ടി രണ്ടു ഒന്നാം ഗ്രേഡ് കാളേജുകൾ ഉണ്ടെന്നുള്ളത് എല്ലാവർക്കും അറിയാം. ഇവിടെ ആൺകുട്ടികൾക്കുതന്നെയും സൗകര്യം ഇല്ലാതിരിക്കെ നമ്മുടെ വിമൻസ് കാളേജ് ഒരു ഒന്നാംഗ്രേഡ് കാളേജായി ഉയർത്തിയാൽ വിമൻസ് കാളേജിൽ പഠിക്കുന്നതിനാഗ്രഹമുള്ള പെൺകുട്ടികൾക്ക് അതു വളരെ സൗകര്യമായിരിക്കും. ഹോസ്ററൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പ്രൈവററ് ഹോസ്റ്റലുകൾക്ക് ഗ്രാൻറുകൊടുത്ത് പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. (ബെൽ)

MR. K. K. CHELLAPPAN PILLAI : സർ, ആദ്യമായിട്ട് ജനകീയ ബഡ്ജററു അവതരിപ്പിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ ബഡ്ജററ് അവതരിപ്പിക്കാൻ നമുക്ക് ശക്തിയും സൗകര്യവും തന്നതായ ഇവിടത്തെ ജനങ്ങളെയും അതിനുവേണ്ടി നമ്മെ നയിച്ച നേതാക്കന്മാരേയും അതിൽ ജീവാർപ്പണം ചെയ്തിട്ടുള്ളവരേയും ഞാൻ അനുസ്മരിച്ചുകൊള്ളുന്നു. തൊഴിലാളികൾ മാത്രമല്ല, മുതലാളികൾ മാത്രമല്ല, വിദ്യാർത്ഥികൾ മാത്രമല്ല എല്ലാ ആളുകളും ഇതിൽ സഹകരിച്ചിട്ടുണ്ട്. അതിൽ നാം എല്ലാം ചേരേയും അനുമോദിക്കേണ്ടതായുണ്ട്. പക്ഷെ, ഈ കിട്ടിയ സ്വാതന്ത്ര്യം, നമ്മുടെ ബഡ്ജററ് എന്തിനുവേണ്ടി ഉപയോഗിക്കുന്നു എന്നുള്ളതിലാണ് സ്ഥിതിചെയ്യുന്നത്. ഈ രാജ്യത്തെ ജനങ്ങൾക്ക് എല്ലാവർക്കും, ൬൦ ലക്ഷം ജനങ്ങൾക്കും ജീവിതസൗകര്യവും സന്ദർഭസമത്വവും എല്ലാ വിധത്തിലും ജീവിതഭദ്രതയും ഉണ്ടാക്കിക്കൊടുക്കുമെന്ന് നാം എല്ലാ അവസരങ്ങളിലും പറഞ്ഞിട്ടുള്ളതാണ്. ഇന്ന് ആ തരത്തിലുള്ള ഒരു ബഡ്ജററാണോ അവതരിപ്പിച്ചിരിക്കുന്നതെന്ന് ചോദിച്ചാൽ അതിനു വേണ്ടിയുള്ള ഒരു ശ്രമം നടന്നിട്ടുണ്ടെന്നാണ് എനിക്കു പറയാനുള്ളത്. ഒരു ആഗ്രഹം മാത്രം. പക്ഷേ ആഗ്രഹം പ്രവൃത്തിരൂപത്തിലാക്കാൻ ഉള്ള ചുരുക്കം കാര്യങ്ങളേ അതിലുള്ളു. യാതൊരുത്തരവാദിത്വവും

ഇല്ലാത്ത കഴിഞ്ഞ കാലങ്ങളിലെ ബഡ്ജററ് രൂപീകരണത്തിനുശേഷം ഇന്നത്തെ ബഡ്ജററു രൂപീകരിക്കേണ്ട ചുമതല ഏൽക്കേണ്ടിവന്നതിൽ നിന്നുള്ള പ്രയാസങ്ങളിൽനിന്ന് വിമുക്തമാകുന്നതിനിടയാകാതെ പഴയ മാതിരി ഒരു ബഡ്ജററ് ഉണ്ടാക്കുവാൻ തന്നെ നമ്മുടെ മന്ത്രിമാർ നിർബന്ധിതരായിയെന്നു കാണുന്നതിൽ ഞാൻ ഖേദിക്കുന്നു. ജനകീയ നേതാക്കന്മാരായ മന്ത്രിമാരോട് ഞങ്ങൾ സഹതപിക്കുക തന്നെ ചെയ്യുന്നു. അതുകൊണ്ടാണ് മി. പി. റ്റി. ചാക്കോ പറഞ്ഞതു പോലെ അനേകം ചോർച്ചകളും പിശകുകളും അടയ്ക്കുന്നതിനുവേണ്ടി പഴയ റിസർവിൽനിന്നും സെക്യൂറിററിസിൽനിന്നും ബുള്ളിയൻ അക്കൗ ണ്ട്സിൽ നിന്നും പണം എടുക്കേണ്ടിവന്നത് എന്നുള്ളതു ശരിതന്നെ. ഇതിന് ആരെയെങ്കിലും കുററപ്പെടുത്തിയതുകൊണ്ട് പ്രയോജനമില്ല. ൧൧൨൮-ൽ ആണ് അങ്ങിനെ ചെയ്തിട്ടുള്ളത്. ൧൧൨൮ ഒടു വിലുള്ള അക്കൗണ്ടിന്റെ ചുമതല നമ്മുടെ മന്ത്രിമാർക്കുംകൂടിയുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഈ ബഡ്ജററ് നോക്കുകയാണെങ്കിൽ ജനങ്ങൾക്കുപകാരമുള്ള ചിലതെല്ലാം അതിലുണ്ട്. വില്ലേജ അപ്പ് ലിഫ്ററ്, മെഡിക്കൽ, വിദ്യാഭ്യാസം മുതലായവകൾക്കെല്ലാം ശരിയായ തുകകൾ നീക്കിവച്ചിട്ടുണ്ട്. പക്ഷെ ഇതൊന്നും പര്യാപ്തമാകുന്നില്ലെന്ന് ഞാൻ നിശ്ചയമായും പറഞ്ഞുകൊള്ളുന്നു. പര്യാപ്തമല്ല എന്നുവച്ചാൽ നാം വിഭാവനചെയ്യുന്ന ഒരു സാമ്പത്തിക ഘടനയ്ക്ക് മതിയായ തുകകൾ ഇതിൽ കാണുന്നില്ല എന്നാണ്. നാന്നൂറോളം പകുതികൾ ഉൾപ്പെടുന്ന ഗ്രാമങ്ങളെ ഉയർത്തുന്നതിന് നിശ്ചയമായും ഈ തുക പോരാത്തതാണ്. ഗ്രാമങ്ങളെ ഉയർത്തണമെങ്കിൽ ഒരു സാമ്പത്തിക സംവിധാനപദ്ധതി തന്നെവേണ്ടിയിരിക്കുന്നു. അതിന് ഒരാണ്ടത്തെയോ രണ്ടാണ്ടത്തെയോ തുക മതിയാകുന്നതല്ല. നമുക്ക് ഇത്ര വർഷംകൊണ്ട് ഈ ഗ്രാമങ്ങളെ യെല്ലാം ഉദ്ധരിക്കാമെന്ന ഒരു പ്ലാനോടുകൂടിയല്ലാതെ ഈ വില്ലേജ് അപ്പ് ലിഫ്ററിനു കുറെ തുകകൾ നീക്കി വച്ചതുകൊണ്ട് പ്രധാനമായ യാതൊരു കാര്യവും നടക്കാൻ പോകുന്നില്ലെന്ന് ഞാൻ പറഞ്ഞു കൊള്ളുന്നു. അപ്രകാരം ഒരു സംവിധാനപദ്ധതി രൂപീകരിക്കാത്ത പക്ഷം ഈ തുകകൾകൊണ്ട് മുമ്പു നടന്നതുപോലെയല്ലാതെ കാര്യമായി യാതൊന്നും നടക്കാൻ പോകുന്നില്ല. അതിന്റെ ഗുണം വളരെ തുച്ഛ മായിരിക്കുകയും ചെയ്യും. ഇന്നു തിരുവിതാംകൂറിൽ അപ്പ് ലിഫ്ററു കൊണ്ടുള്ള പ്രയോജനം വളരെ തുച്ഛമാണെന്ന് എല്ലാവർക്കും അറിയാം,

672124

[Mr. K. K. Chellappan Pillai.]

കഴിഞ്ഞകാലങ്ങളിൽ ജനകീയമായ പിന്തുണ ഇല്ലാത്തതുകൊണ്ടു ഒരു രൂപയ്ക്കു അരരൂപയുടെ ജോലിപോലും ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നു് എല്ലാവരും സമ്മതിക്കേണ്ടതാണു്. ഇനി ഒരു വില്ലേജ് അപ്ലിഫ്റ്റിനു ഒരു പദ്ധതി ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതിനു ഒരു വില്ലേജ് പഞ്ചായത്തു ബിൽ ഇവിടെ വരുന്നുണ്ടു്. ഒരു ശരിയായ സംവിധാനപദ്ധതിയോടൊപ്പം ഒരു ജനകീയ അടിസ്ഥാനത്തിൽ ഇലക്ഷൻ നടത്തി അതിനു വേണ്ട അധികാരങ്ങളും അവകാശങ്ങളും അവർക്കു കൊടുക്കുമെങ്കിൽ ഒരു രൂപയ്ക്കു നാലുരൂപയുടെ ജോലി ചെയ്യാൻ കഴിയുമെന്നും ഇന്നത്തെ നാം ലക്ഷം കൊണ്ടു് ഒരു കോടിരൂപയുടെ പ്രയോജനമുണ്ടാക്കാൻ കഴിയുമെന്നു എനിക്കു നിശ്ചയമുണ്ടു്. (ബെൽ)

MR N. S. KOCHUKUNJU : സർ, ഈ രാജ്യത്തെ സ്വാതന്ത്ര്യജനതയുടെ ഗവണ്മെൻറിൻെറ ആദ്യത്തെ ബഡ്ജററാണു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവർകൾ ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നതു്. ഞാൻ ഈ ബഡ്ജററിനെ സ്വാഗതം ചെയ്തുകൊള്ളുന്നു. തിരുവിതാംകൂർ ജനങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പതിനൊന്നു ദീർഘസംവത്സരത്തെ കൊടും തപസ്സുചെയ്തതിൻെറ ഫലമായിട്ടാണു് ഇന്നിവിടെ ജനകീയ ഗവണ്മെൻറു് രൂപമെടുത്തിട്ടുള്ളതു്. അങ്ങനെയുള്ള ജനകീയ ഗവണ്മെൻറിൻെറ ആദ്യത്തെ ബഡ്ജററാണു് നമ്മുടെ മുമ്പിൽ ഇപ്പോൾ അഭിപ്രായത്തിനു സമർപ്പിച്ചിരിക്കുന്നതു്. ഈ ബഡ്ജററിൽ ചില വലിയ ജനകീയ തത്വങ്ങൾ അടങ്ങിയിട്ടുണ്ടെന്നു കാണാവുന്നതാണു് അതിൽ ഏററവും പ്രാധാന്യത്തെ അർഹിക്കുന്നതു് മദ്യനിരോധനത്തിനു് ഗണ്യമായ ഒരു തുക ഗവണ്മെൻറു് വലിയ നഷ്ടം സഹിച്ചും നീക്കിവച്ചിട്ടുണ്ടെന്നുള്ളതാണു്. അതു് ഇന്നത്തെ പരിതസ്ഥിതികളിൽ ഒരുപക്ഷെ ഗവണ്മെൻറിനു താങ്ങാൻ നിർവാഹമില്ലാത്തതാണെന്നിരുന്നാലും ഈ രാജ്യത്തെ സാമാന്യജനങ്ങളുടെയും മറെറല്ലാ ജനങ്ങളുടേയും രക്ഷയ്ക്കും സാമ്പത്തികമായ അഭിവൃദ്ധിക്കും പരിപോഷണത്തിനും ആവശ്യമായ ഒരു പദ്ധതിയാണെന്നു മനസ്സിലാക്കിയതിൻെറ ഫലമായിട്ടാണു ഈ തുക ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ ഒരു കാരണം കൊണ്ടുതന്നെ ഈ ബഡ്ജററു സ്വാഗതാർഹമാണു്. ഇനി മററു ചില കാര്യങ്ങൾകൂടി ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. ഇന്നത്തെ ജനകീയ

ഗവണ്മെൻറിൻെറ ബഡ്ജററിൽ ഈ രാജ്യത്തെ പാവപ്പെട്ടവൻെറ പ്രതീക്ഷകൾക്ക് കാര്യമായ എന്തെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പറയാൻ നിർവാഹമില്ലാതെയാണ് ഇരിക്കുന്നത്. പാവപ്പെട്ടവർക്കും ഉണ്ണാനും ഉടുക്കാനും കുടിൽകെട്ടി പാർക്കാനും സൗകര്യങ്ങൾ ഉണ്ടാക്കി അവരുടെ ദാരിദ്ര്യത്തിൽനിന്നും ദുരിതത്തിൽനിന്നും അവർക്ക് ആശ്വാസം നൾകുമെന്നു കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷക്കാലം ഉച്ചൈസ്തരം പ്രഖ്യാപനം ചെയ്ത ഈ രാജ്യത്തിലെ രാഷ്ട്രീയ നേതാക്കന്മാർ ഒത്തൊരുമിച്ചിരുന്നു രൂപംകൊടുത്ത ഈ ബഡ്ജററിൽ മർമ്മപ്രധാനമായ ചില കാര്യങ്ങൾ അവഗണിക്കപ്പെട്ടുപോയിട്ടുള്ളതിൽ ഞാൻ അതിയായി ദുഃഖിക്കുന്നു. കുടിയിറക്കുനയവും, അടകുടിയിറക്കലും ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ കേറിക്കിടക്കാൻ ഒരു കുടിലില്ലാത്ത പാവപ്പെട്ടവനെ രക്ഷിക്കുന്നതിനു നമ്മുടെ ഗവണ്മെൻറ് കാര്യമായി എന്തെങ്കിലും ചെയ്തിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. ഈ സഭയിൽത്തന്നെ കുടിയിറക്കു നയത്തെ സംബന്ധിച്ചു ചോദ്യങ്ങൾ ചോദിച്ചപ്പോഴെല്ലാം അതിനെക്കുറിച്ച് ഗവണ്മെൻറ് ആലോചിക്കുന്നുണ്ട്, അതിനുവേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്, എന്നൊക്കെയാണ് ഉത്തരം പറഞ്ഞു കേട്ടത്. ഇങ്ങനെ ചോദ്യോത്തരങ്ങൾ നടക്കുന്ന ഓരോ സെക്കൻറിലും കുടിയിറക്ക് ദ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുകയാണെന്നും അനേകം കുടുംബങ്ങൾ പാർപ്പിടമില്ലാതെ വെയിലിലും മഴയിലും തെരുവുനീളെ അലഞ്ഞു കഷ്ടപ്പെടുന്നുണ്ടെന്നും നാം ഓർമ്മിക്കണം. ഈ രാജ്യത്തിൽ സ്വന്തമായി ഒരു കുടിൽ കെട്ടിപ്പാർക്കുവാൻ തന്നെ സ്ഥലമില്ലാത്ത അനേകം സാധുക്കൾ ഉണ്ടെന്നുള്ള സംഗതി ഗവണ്മെൻറിന് അറിയാവുന്നതാണ്. അവർക്കു വനങ്ങളിൽ പ്രത്യേകം സ്ഥലങ്ങൾ നീക്കിവച്ചിട്ടുണ്ടെന്നാണ് പറയുന്നത്. നാട്ടിൻ പുറങ്ങളിൽ നിന്ന് അവർ വനത്തിലേക്കു പോകുകയാണെങ്കിൽ മലമ്പനി പിടിച്ചു മരിക്കുകയേ ഉള്ളു. പാവപ്പെട്ടവനു വനങ്ങളിൽ സ്ഥലംകൊടുക്കുകയും അവൻ അവിടെച്ചെന്നു മലമ്പനി പിടിച്ചു മരണമടയുകയും ചെയ്യുന്ന ഒരു നിലയാണ് ഉണ്ടായിരിക്കുന്നതെന്നു പറയാതെ നിവൃത്തിയില്ല. അതുകൊണ്ടു ബഹുമാനപ്പെട്ട ഗവണ്മെൻറു പാവപ്പെട്ടവർക്കു കൃഷി ചെയ്യുന്നതിനു മാത്രം വനങ്ങളിൽ സ്ഥലങ്ങൾ കൊടുക്കുകയും അവർക്കു വീടുണ്ടാക്കിത്താമസിക്കുന്നതിനു ഉള്ള സൗകര്യം നാട്ടിൽത്തന്നെ ഉണ്ടാക്കി കൊടുക്കുകയും ചെയ്യുവാൻ സന്മനസ്സുണ്ടാകണമെന്നാണു അവസാനമായി എനിക്കൊരപേക്ഷയുള്ളത്.

MR. K. A. GANGADHARA MENON: സർ, ഈ സഭയിൽ നടന്ന നിശി തമായ പല വിമർശനങ്ങൾക്കുശേഷവും പ്രധാനമന്ത്രി കൂടിയായ ധനകാര്യമന്ത്രിയെ അദ്ദേഹത്തിന്റെ ഈ ബഡ്ജററിനെ സംബന്ധിച്ച് ഹാർദ്ദമായി അനുമോദിക്കണമെന്നു തന്നെയാണു എന്റെ അഭിപ്രായം. ഇവിടെ ചില പഴയ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ആ കണക്കുകൾ നമ്മെ തുറിച്ചുനോക്കുന്നു എന്ന് ഒരു ബഹു: മെംബർ വിമർശന രൂപ ത്തിൽ പ്രസ്താവിക്കുകയുണ്ടായി. ധനകാര്യഡിപ്പാർട്ടുമെൻറിലെ ഉദ്യോ ഗസ്ഥന്മാർ കണക്കുകളിൽ വരുത്തിയിട്ടുള്ള ചില തെററുകളേ മറേറാ തെങ്കിലും കുറവുകളോ വച്ചുകൊണ്ടു നോക്കുന്നതായാൽ തന്നെയും ആ കണക്കുകൾ നമ്മെ തുറിച്ചുനോക്കുകതന്നെയല്ല അതു നമ്മുടെ ധനസ്ഥിതി യെപ്പററി ഒരു സങ്കടകരമായ കഥ നമ്മോടു പറയുകയും ചെയ്യുന്നുണ്ട്. ആ പരമാർത്ഥത്തെ ഒളിച്ചു വയ്ക്കാതെതന്നെ ബഡ്ജററ് രൂപീകരിക്കു ന്നതിനു ചുമതലയുള്ള ഒരു ഗവണ്മെൻറ് അതു് മറച്ചുവയ്ക്കാതെ ഇവിടെ കൊണ്ടുവന്നിട്ടുള്ളതിൽ ഞാൻ വളരെ അഭിനന്ദിക്കുന്നു. കഴി ഞ്ഞകാലങ്ങളിൽ നമ്മുടെ ധനസ്ഥിതി കൂടുതൽ മുതലെടുപ്പുകൊണ്ട് വളരെ വളരെ വർദ്ധിച്ചിട്ടുണ്ടായിരുന്നെങ്കിലും ആ ധനം പല പ്രകാര ത്തിലും ദുർവിനിയോഗം ചെയ്തു നമ്മുടെ ധനസ്ഥിതിക്ക് ഉടവു് തട്ടിയിട്ടു ണ്ടെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. അതാണ് ഗവണ്മെൻറ് ഇന്നവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജററിന്റെ പശ്ചാത്തലം. ആ പശ്ചാത്തലം മറച്ചുവയ്ക്കാതെതന്നെ ഈ ബഡ്ജററിനെ നാം നോക്കേ ണ്ടതാണ്. കാൺഗ്രസ്പാർട്ടി എന്നുള്ള നിലയിൽ നാം നോക്കേ ണ്ടതു് സ്റേററകാൺഗ്രസ്സ് അതിന്റെ എലക്ഷൻ മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുള്ള രാഷ്ട്രീയവും സാമ്പത്തികവുമായ ലക്ഷ്യത്തിലേക്ക് എത്ര തന്നെ വൈഷമ്യങ്ങളുണ്ടായിരുന്നാലും ഈ രാജ്യത്തിലെ ജനതയെ അടുപ്പിക്കുന്നതിന് ഈ ബഡ്ജററ് പര്യാപ്തമാകുന്നുണ്ടോ എന്നുള്ളതു മാത്രമാണ്. അതിനുള്ള അസ്ഥിവാരമെങ്കിലും ഈ ബഡ്ജററ് ഇട്ടി ട്ടുണ്ടെങ്കിൽ ഈ ബഡ്ജററിനെ ഞാൻ അനുമോദിക്കുകതന്നെ ചെയ്യും. അങ്ങനെ ഒരു അസ്ഥിവാരമിടുന്നതിന് ധനകാര്യമന്ത്രി ശ്രമിച്ചിട്ടുണ്ടെ ന്നോ ഈ ബഡ്ജററുകൊണ്ട് കാണാവുന്നതാണ്. ജനായത്തഭരണം ഫലവത്താകണമെങ്കിൽ അതു ഗ്രാമങ്ങളിൽ വ്യാപരിപ്പിക്കണം. നമ്മുടെ ഗ്രാമങ്ങളിൽ ഡെമാക്രസിയുടെ അസ്ഥിവാരം ഇട്ടു പ്രവർത്തിക്കു ന്നതിനു സാദ്ധ്യമായെങ്കിൽ മാത്രമേ ഡെമാക്രസി ശരിയായി വളരുക യുള്ളു. നമ്മുടെ ഡമോക്രസിയുടെ കേന്ദ്രം ഗ്രാമങ്ങളിലേക്ക് മാററുന്ന തിനു ഈ ബഡ്ജററ് ശ്രമം ചെയ്തിട്ടുണ്ടെന്നാണ് എന്റെ അഭി പ്രായം. ഈ ബഡ്ജററ് നോക്കുന്നതായാൽ വില്ലേജ് അപ്പ്ലിഫ്ററി

ലേക്ക് ഒരു വലിയ തുക മാററിവച്ചിട്ടുണ്ടെന്നു കാണാം. ഈ തുക മാററിവച്ചതോടുകൂടിത്തന്നെ ഈ ലജിസ്ലേറ്റീവ് കൗൺസിലിൽ കൊണ്ടുവന്നിട്ടുള്ള വില്ലേജ് പഞ്ചായത്തുബില്ലിലെ വ്യവസ്ഥകളിലേക്ക് ഞാൻ ബഹു: മെമ്പറന്മാരുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. ആ ബില്ലിൻെറ വ്യവസ്ഥകൾക്ക് ഉൾപ്പെട്ടുകൊണ്ടു ഗ്രാമപഞ്ചായത്തുകൾ മൂലം ഡെമാക്രസി നാട്ടിൻപുറങ്ങളിലേക്ക് കൊണ്ടുപോകുന്നതായാൽ യഥാർത്ഥമായ ഗ്രാമസ്വരാജ സ്ഥാപിക്കുന്നതിന് ഈ ബഡ്ജററുകൊണ്ടു സാധിക്കുന്നതാണ്. ഗ്രാമങ്ങളിൽ യഥാർത്ഥത്തിൽ ഡെമാക്രസിക്ക് ആസ്പദമായ വേറെ ചില സംഗതികൾ ഉണ്ടു. വിദ്യാഭ്യാസം—വെറും അക്ഷരജ്ഞാനം മാത്രം പോരാ—ഡെമാക്രസിയുടെ നിലനിൽപിന് ആവശ്യമായതുകൊണ്ടാണ് വിദ്യാഭ്യാസത്തിനും വയോജന വിദ്യാഭ്യാസത്തിനും വലിയ തുകകൾ കൊള്ളിച്ചിട്ടുള്ളതെന്ന് ഞാൻ വിചാരിക്കുന്നു. അങ്ങിനെ നോക്കുമ്പോൾ വാസ്തവത്തിൽ ഡെമാക്രസിയുടെ അസ്ഥിവാരമിടുന്നതിന്—ഞാനുൾപ്പെട്ട കക്ഷിയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ ആദർശങ്ങളിലേക്കു നയിക്കുന്നതിന് ഈ ബഡ്ജററ് പര്യാപ്തമാണെന്ന് ഞാൻ വിചാരിക്കുന്നു. പക്ഷെ ഒരു കാര്യം ഇവിടെ പ്രത്യേകം പറയണമെന്ന് എനിക്കാഗ്രഹമുണ്ടു. ലക്ഷ്യപ്രാപ്തിക്കുള്ള ഒരു പ്രാരംഭമായി മാത്രമേ ഈ ബഡ്ജററിനെ ഞാൻ കരുതുന്നുള്ളു.

നമ്മുടെ പബ്ളിക്ക് സവീസിലേക്കു വേണ്ടി വലിയ തുകകൾ ചെലവായിക്കൊണ്ടിരിക്കുന്നു. നമ്മുടെ വരവിൻെറ അൻപതു ശതമാനത്തിൽ കൂടുതൽ അതിലേക്കുവേണ്ടി ചെലവാക്കുന്നുണ്ടു. എന്നാൽ പബ്ളിക്ക് സർവീസിൻെറ ഇന്നത്തെ അവസ്ഥ എന്താണെന്ന് ഒന്നു പര്യാലോചിക്കേണ്ടിയിരിക്കുന്നു. സമുദായികമായി ഉള്ള നിയമനങ്ങൾ മൂലം വന്നിട്ടുള്ള അഴിമതികൾകൂടാതെ പബ്ളിക്ക് സവീസിൻെറ കാര്യക്ഷമതയ്ക്കും സത്യസന്ധതയോടുകൂടിയുള്ള പ്രവർത്തനങ്ങൾക്കും ന്യൂനത സംഭവിക്കുന്ന പല സംഗതികളും ഈ നാട്ടിൽ നടന്നിട്ടുണ്ടു. കഴിഞ്ഞ കാര്യത്തെപ്പററിയാണു ഞാൻ പറയുന്നതു്. അതിൻെറ പ്രത്യാഘാതങ്ങൾ പബ്ളിക്ക് സവീസിനെ മലിനപ്പെടുത്തുക മാത്രമല്ല രാജ്യത്തെ ആകമാനം അധഃപതിപ്പിച്ചു എന്നുള്ളതിനും സംശയമില്ല. അതിനാൽ പബ്ളിക്ക് സവീസിനെ ശുദ്ധീകരിക്കുന്നതിനും സത്യസന്ധന്മാരായ ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുത്തു പ്രവർത്തിക്കുന്നതിനും ആവശ്യമായ നടപടികൾ എടുക്കേണ്ടതു് ഈ ഗവണ്മെൻറിൻെറ കർത്തവ്യമാണ്.

MR. E. P. PAULOSE (*Muvattupuzha III - General*): സർ, ഈ ബഡ്ജററിന്റെ ഗുണദോഷങ്ങളെപ്പററി പലരും ഇവിടെ പ്രസംഗിച്ചു കഴിഞ്ഞു. ഇതു് ഒരു സർപ്ലസ്സ ബഡ്ജററാണോ, അതോ ഡെഫിസിററു ബഡ്ജററാണോ എന്നുള്ള വാദപ്രതിവാദത്തിലേക്കു കടക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. സാമാന്യജനങ്ങളുടെ ജീവിതത്തോതുയർത്തുവാൻ ഈ ബഡ്ജററു് എത്രമാത്രം പര്യാപ്തമായിട്ടുണ്ടു്, ആ ഉദ്ദേശത്തോടുകൂടിയാണോ ഈ ബഡ്ജററു തയാറാക്കിയിരിക്കുന്നതു്, എന്നാണു് മുഖ്യമായി നോക്കേണ്ടതു്. ആ ഉദ്ദേശം ഇന്നത്തെ മന്ത്രിസഭയ്ക്കുണ്ടെന്നു് ഈ ബഡ്ജററു നോക്കിയാൽ കാണാവുന്നതാണു്. വേണമെങ്കിൽ ഇതിനെക്കാൾ മെച്ചമായ ഒരു ബഡ്ജററു തയ്യാറാക്കാൻ സാധിക്കുമായിരുന്നു എന്നു സമ്മതിക്കാം. എന്നാൽ ഇത്രയും സമയംകൊണ്ടു് ഇതിനെക്കാൾ വളരെ അധികം നല്ലതായി ഒരു ബഡ്ജററു തയാറാക്കാൻ മററാർക്കുംതന്നെ സാദ്ധ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

സർ, ഈയവസരത്തിൽ ഗവണ്മെന്റിന്റെ അടിയന്തിരമായ ശ്രദ്ധയിൽ പതിയേണ്ട ഒന്നു രണ്ടു കാര്യങ്ങളെപ്പററി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സാമാന്യജനങ്ങളുടെ സാമ്പത്തികനില ഉയർത്തുവാൻ വേണ്ടി ചില പദ്ധതികൾ ഗവണ്മെന്റു സ്വീകരിക്കുകയും അതിലേക്കു ആവശ്യമായ തുകകൾ ബഡ്ജററിൽ കൊള്ളിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ഇതു സംബന്ധിച്ചു് വേറെ ചില സംഗതികൾകൂടി ഗവണ്മെന്റു ശ്രദ്ധിക്കേണ്ടതായുണ്ടു്. ഇവിടത്തെ ഗ്രാമീണജനങ്ങളുടെ പ്രധാനമായ ഉപജീവനമാർഗ്ഗം, അവരുടെ പ്രധാന ആദായമാർഗ്ഗം, ഇവിടത്തെ കാർഷികോല്പന്നങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. എന്നാൽ ഇപ്പോൾ കാർഷികോല്പന്നങ്ങളുടെ വില നിമിഷംതോറും ഇടിഞ്ഞുകൊണ്ടിരിക്കുന്നു. ഇവിടെയുള്ള കാർഷികോല്പന്നങ്ങൾക്കു ശരിയായ മാർക്കററുകൾ ലഭിക്കാത്തതാണു് അതിനുള്ള പ്രധാന കാരണം. അതുകൊണ്ടു് ഇതിലേക്കു ഗവണ്മെന്റിൽനിന്നു ഒരു വാണിജ്യവകുപ്പു് സ്ഥാപിച്ചു് വേണ്ട പരിഹാരങ്ങൾ കണ്ടുപിടിക്കുവാനും മററുമായി പ്രവർത്തിക്കേണ്ടതാണു. ഇതിനുമുമ്പു് ഇവിടെ ഒരു ട്രെയിഡ്കമ്മീഷണരെ നിയമിച്ചിരുന്നു. അദ്ദേഹം ഇതുവരെ എന്താണു പ്രവർത്തിച്ചതെന്നു അറിയാൻ നിവൃത്തിയില്ല. ഏതായാലും ഇപ്പോൾ ആ ഉദ്യോഗം വേണ്ടെന്നു വച്ചിരിക്കുന്നു. ട്രെയിഡ്കമ്മീഷണർ ഉദ്യോഗം തുടർന്നുകൊണ്ടു പോകുവാൻ ഗവണ്മെന്റു് ആഗ്രഹിക്കുന്നില്ലെങ്കിൽ, ഡിപ്പാർട്ടുമെന്റു് ആഫ് കാമേഴ്സ് എന്ന പേരിൽ പുതിയ ഒരു ഡിപ്പാർട്ടുമെന്റു സൃഷ്ടിച്ചു ഇതു സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ ചുമതലപ്പെടുത്തേണ്ടതാണു്. ചെയിംബർ ആഫ് കാമേഴ്സിൽ

അംഗങ്ങളായിച്ചേർന്ന് വ്യവസായോൽപന്നങ്ങൾക്ക് മാർക്കററു കണ്ടുപിടിക്കുവാനും മററും ശ്രമിക്കണമെന്നും അങ്ങനെ വ്യവസായോൽപന്നങ്ങൾക്ക് വില കിട്ടുവാൻ എന്തെങ്കിലും നിവാരണം ഉണ്ടാക്കാമെന്നും പ്രധാനമന്ത്രിയുടെ പ്രസംഗത്തിൽ പറയുകയുണ്ടായി. വെറും ഗ്രാമീണരായി കഴിയുന്ന കർഷകജനങ്ങൾ വേണ്ടിടത്തോളം സംഘടനാശക്തിയോ പണമോ ഇല്ലാതെ ചേയിംബർ ആഫ് കാമേഴ്സ പോലെയുള്ള ഒരു സ്ഥാപനവുമായി സമ്പർക്കത്തിലേർപ്പെട്ട് വിപണികളും മററും കണ്ടുപിടിക്കണമെന്നു പറഞ്ഞാൽ, അതു നടപ്പുള്ള കാര്യമല്ല. അതുകൊണ്ടു പ്രത്യേകം ഡിപ്പാർട്ടുമെൻറ് ആപ്പ് കാമേഴ്സ് എന്ന പേരിൽ ഒരു ഡിപ്പാർട്ടുമെൻറുതന്നെ തുറക്കേണ്ടതാണ്.

അടുത്തതു വിദ്യാഭ്യാസകാര്യമാണ്. ഉത്തരതിരുവിതാംകൂറിൽ, മുൻപ് എന്റെ ഒരു മാന്യ സ്നേഹിതൻ ഇവിടെ പ്രസ്താവിച്ചതുപോലെ, ഒരു കാളേജ് സ്ഥാപിക്കേണ്ടതാണ്. അതിനായി ഗവണ്മെൻറിൽ അപേക്ഷിച്ചിട്ടുള്ള കാര്യം ഈ അവസരത്തിൽ ഞാൻ അനുസ്മരിപ്പിക്കുന്നു. ഈ കാര്യത്തെപ്പററി സർവ്വകലാശാലാധികൃതരുമായി ഉടനടി ആലോചിച്ച് ഒരു തീരുമാനം ചെയ്യുന്നതിൽ ഗവണ്മെൻറു വേണ്ട നടപടികൾ നടത്തണമെന്നപേക്ഷിക്കുന്നു.

ഗ്രാമോദ്ധാരണപദ്ധതികൾക്കായി ഏതാനും സംഖ്യ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. വില്ലേജ് യൂണിയനുകളും, വില്ലേജ് പഞ്ചായത്തുകളും വില്ലേജ് ആപ്പ്ലിഫററ് ഡിപ്പാർട്ടുമെൻറും യോജിപ്പിച്ചിട്ടുള്ളതു് ഉചിതമായിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥനിമിത്തം ഈ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾ ശരിക്കു നടപ്പിൽവരുത്തുവാൻ വിഷമിക്കുന്നുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിനെ അറിയിക്കുകയും അതിനു പരിഹാരമുണ്ടാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

അവസാനമായി എനിക്കു പറയുവാനുള്ളതു് ഇവിടത്തെ പബ്ലിക്കു സർവീസിനെപ്പററിയാണ്. ഇവിടെയുള്ള സർക്കാർസർവീസിൽ പല അഴിമതികളും നടക്കുന്നുണ്ട്. ഒരു ജനകീയഗവണ്മെൻറു വന്നാൽ ഈ അഴിമതികൾക്കു ശമനം കിട്ടുമെന്നു പൊതുജനങ്ങൾ ആശിച്ചിരുന്നു. താഴ്ന്ന ഉദ്യോഗസ്ഥന്മാർ പട്ടിണി കിടക്കുകയും, അതേ അവസരത്തിൽ അവരെല്ലാം അഴിമതികളിൽനിന്നും ഒഴിഞ്ഞുനിൽക്കണമെന്ന് അനുശാസിക്കുകയും ചെയ്യുക എന്നുള്ളതു് നടപ്പിൽ വരുത്തുവാൻ പ്രയാസമായ ഒരു കാര്യമാണ്. അതുകൊണ്ടു താഴ്ന്ന ഉദ്യോഗസ്ഥന്മാർക്കു ജീവിക്കുവാനുള്ള ശമ്പളമെങ്കിലും കൊടുക്കുകയും, അതേ അവസരത്തിൽ അവരുടെ ഇടയിലുള്ള അഴിമതികൾ നിറുത്താനുള്ള സത്വരനടപടികൾ നടത്തുകയും ചെയ്യുന്നതിൽ ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണ്.

MR. A. RAMASUBRAMONIA KARAYALAR (*Shencotta—General*): The budget placed before this House by the Hon'ble Prime Minister is indeed a memorable one and an epoch-making one, for, it is the first budget of a popular Government. It is true that the budget is not a deficit budget nor there is a long term plan for the improvement of the common man. But it cannot be denied that there are outstanding figures in the budget which reflect the popular will. Before I go into the relevant figures of the budget, I would like to say a few words with all the emphasis at my command about communalism that is running riot in Travancore. We talk of nationalism and internationalism and speak from the housetops in bold tones and in the press and from the platforms that we are not communal. But we are, in actual practice, thinking always in terms of community and communal representation. There is a strong feeling and great dissatisfaction among the Tamil-speaking people that they are not represented in the Government of the day and that their claims have not been recognised though they form about one-sixth of the population of Travancore. Having regard to the composition of the Cabinet, it cannot be pretended for one moment that it is composed only of members selected on grounds of efficiency and not on grounds of communal representation. But put in a nut-shell the Ministers selected were on communal grounds. This is the feeling not only among the Tamilians but among all the communities. This is a hard fact which has got to be faced. It may be contended that the Tamilian group in the House is small and so it may be difficult to find them representation. If this is the fact, I would suggest a way must be found by making suitable provision for the nomination of a suitable person from the Legislature, and as is done in the Union Government and selecting them to the Cabinet. I may be permitted to cite an instance where Dr. Gurupatham was recently nominated to the Madras Legislative Council and appointed as a Minister. It is therefore not an impossible thing to make a similar provision in order to satisfy the legitimate claims of the Tamilians of the country. Such a gesture on the part of the Government would go a long way towards enlisting the co-operation of the Tamilians in Travancore. I hope, Sir, that Government might have its attention put on this and give satisfaction to the Tamilians (*President's bell*).

Now, Sir, I may go into some salient features of the budget. The Budget is remarkable in several respects and several outstanding features find a place in it. Travancore, like the Indian Union, is a State of villages and there will be no prosperity in the State, unless the villages are prosperous. It is judged by the ample provision of more than 45 lakhs for Village Uplift, Village Unions and Village Panchayats. These will all now be brought under the direction of one officer. The success of the scheme depends on the welfare of the villages.

Another salient feature of the budget is the introduction of prohibition. I think the loss is duly compensated by the sales tax and the possible economic development of the people. (*President's bell*).

One word more, and I have done. It is no exaggeration when I say that corruption is on the increase in every department The poor villagers are put to much difficulty. The first and foremost duty of the popular Government, I think, is to put an end to this evil. I would suggest that in every taluk a Committee be composed to deal with this matter and mete out adequate punishment to the defaulters.

The future beckons to us. Whither shall we go, and what shall be our endeavour, to bring freedom to the oppressed, to the common man, to the peasant, and to the workers, to remove poverty and disease and to build up a prosperous, democratic and progressive nation and to create a social, economic and political class which will ensure in the fulness of time, peace and prosperity for every man and woman in the country?

MR. V. MADHAVAN : സർ, പ്രധാനമന്ത്രി അവർകൾ കാര്യക്ഷമമായ ഒരു ബഡ്ജററാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നാണ് എൻെറ വിശ്വാസം. അതിൽ ഞാൻ അദ്ദേഹത്തെ അനുമോദിച്ചുകൊള്ളുന്നു. പുരോഗമനപരമായ എല്ലാ സംഗതികളും ഉൾപ്പെടുത്തി ഒരു ബഡ്ജററു ക്രോഡീകരിച്ചിട്ടില്ലെന്നു വേണമെങ്കിൽ പറയാമെന്നല്ലാതെ ഇതിൽ വളരെ കുററപ്പെടുത്താവുന്ന കാര്യങ്ങളൊന്നും ഇല്ലെന്നു തന്നെയാണു ഞാൻ വിചാരിക്കുന്നതു്. ജനക്ഷേമകരങ്ങളായ പല അത്യാവശ്യസംഗതികൾക്കുള്ള തുക ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. ബഡ്ജററിനെപ്പററി പല വിധത്തിലും, അനുകൂലമായും, പ്രതികൂലമായും, പല പ്രസംഗങ്ങളും ഇവിടെ നടന്നുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു അതിനെസംബന്ധിച്ചു് കൂടുതലായി എന്തെങ്കിലും പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

ഈയവസരത്തിൽ ഇവിടത്തെ ജനകീയഗവണ്മെൻറിനെ ഒന്നു രണ്ടു കാര്യങ്ങൾ അത്യാവശ്യമായി എനിക്കു അറിയിക്കുവാനുണ്ടു്: ഒന്നാമത്തേതു്, ഈ രാജ്യത്തെ സാധുജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി പല മാന്യന്മാരും ഇവിടെ പറഞ്ഞിട്ടുള്ള സംഗതിയാണ്. ഇവിടെ ഇരിക്കുന്ന ജനപ്രതിനിധികളെല്ലാവരും തന്നെ, അതിൽ തൽപരരായിക്കാണുന്നു. അതുകൊണ്ടു സാധുജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഗവണ്മെൻറു ഒരു പടികൂടി മുന്നോട്ടുനിന്നു പ്രവർത്തിക്കണമെന്നാണു എനിക്കു് ആദ്യമായി പറയാനുള്ളതു്. ഈ പ്രശ്നം ഭാരതത്തിലെന്നു മാത്രമല്ല, ലോകമൊട്ടുക്കുതന്നെ ഒരു കുഴഞ്ഞ പ്രശ്നമായി കിടക്കുകയാണ്. സാധുജനങ്ങൾക്കു യാതൊരു സുഖസൌകര്യങ്ങളും ലഭിക്കുന്നില്ല എന്നു പരാതികൾ ഉണ്ടായിട്ടുണ്ടു. ഈ പരാതികളെ ആസ്പദമാക്കി പല

[Mr. V. Madhavan]

ആളുകളും മുതലെടുത്തുവരുന്നുണ്ടെന്നുള്ള വസ്തുതയും ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. തന്നിമിത്തം പല അസ്വസ്ഥതകളും ഇവിടെയുണ്ട്. ഇതിന് ഒരു പരിഹാരം ഉണ്ടാക്കേണ്ടതു വളരെ ആവശ്യമാണ്. ഇന്ന് ഈ സഭയിൽ രണ്ടുമൂന്നു ദിവസങ്ങളായി നടന്നുകൊണ്ടിരിക്കുന്ന പ്രസംഗങ്ങളിൽനിന്നും ഒരു സംഗതി പ്രധാനമായി കാണുന്നുണ്ട്. ഈ സാധുജനങ്ങളുടെ ഉന്നമനത്തിനു വേണ്ടി എന്തെങ്കിലും ചെയ്യണമെന്നുള്ള കാര്യത്തിന് ഐകകണ്ഠ്യമായ അഭിപ്രായമാണ് ഈ സഭയിൽ ഉണ്ടായിട്ടുള്ളത്. ഇങ്ങനെ ഐകകണ്ഠ്യേന അനുകൂലിച്ചുകൊണ്ട് മററു ഒരു വിഷയത്തിലും ആരും അഭിപ്രായപ്പെട്ടിട്ടില്ല. ഈ സഭയിൽതന്നെ മുതലാളിമാർ, സാധാരണന്മാർ, സ്റ്റേററ്കോൺഗ്രസ്സ്, മുസ്ലിംലീഗ്, തമിഴ്നാടു കോൺഗ്രസ് ഇങ്ങനെ വർഗ്ഗപരമായും, കക്ഷീയമായും ഭിന്നതാൽപര്യങ്ങൾ ഉള്ളവരുണ്ട്. അവരെല്ലാവരും ഒരേ സ്വരത്തിൽ അഭിപ്രായപ്പെടുന്ന ഈ കാര്യത്തിനു ഗവണ്മെൻറു ഒരു പടികൂടി മുന്നോട്ടുവരികയും സത്വരമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്. സാധുക്കൾക്കു ആഹാരം കൊടുക്കുന്ന കാര്യത്തിലും, തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിലും, കേറിക്കിടക്കുന്നതിനു ഭൂമി ഉണ്ടാക്കിക്കൊടുക്കുന്നതിലും, ഭവനങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിലും ഗവണ്മെൻറു ധീരമായ നടപടികൾ നടത്തുവാൻ ഇനി ഒട്ടുംതന്നെ അമാന്തിച്ചുകൂടെന്നാണു എൻെറ അഭിപ്രായം. ഈ കാര്യത്തിൽ നമ്മുടെ ഗവണ്മെൻറു ലോകത്തിൻെറ മുൻപാകെ മാതൃകാപരമായിതന്നെ പ്രവർത്തിച്ചു കാണിക്കണമെന്നാണു എനിക്കു പറയുവാനുള്ളത്. ക്ഷേത്രപ്രവേശനം, പ്രായപൂർത്തിവോട്ടവകാശം, മുതലായ സംഗതികൾ ആദ്യമായി നടപ്പിൽ വരുത്തിക്കാണിച്ച് ലോകത്തിൻെറ പ്രശംസയെ ആർജിക്കുവാൻ സാധിച്ച നമ്മുടെ ഈ കാര്യത്തിലും മാതൃകയായി നിന്നു് പ്രവർത്തിക്കുന്നതു സർവഥാ സമുചിതംതന്നെയായിരിക്കും.

MR. PANDAVATHU SANKARA PILLAI : സർ, ജനകീയഗവണ്മെൻറ് ആദ്യമായി അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററു ഞാൻ സ്വാഗതം ചെയ്യുന്നു. ഈ പരിതഃസ്ഥിതിയിൽ ഇതിനേക്കാൾ തൃപ്തികരമായ ഒരു ബഡ്ജററു ഹാജരാക്കാൻ വിഷമങ്ങൾ വളരെ ഉണ്ടെങ്കിലും ജനസാമാന്യത്തിനെ തൃപ്തിപ്പെടുത്താൻ ഈ ബഡ്ജററു ഒട്ടുംതന്നെ പര്യാപ്തമായില്ലെന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല. വളരെ പ്രത്യാശകളോടുകൂടിയാണു, ഒരു ജനകീയഗവണ്മെൻറു വരുവാൻ ജനങ്ങൾ കാത്തിരുന്നിട്ടുള്ളത്. ഭരണത്തിനുവന്ന മാററം അവരുടെ നിത്യജീവിതത്തേയും

മാററും എന്ന വലിയ പ്രതിക്ഷയിലാണ് അവർ കഴിഞ്ഞുകൂടുന്നത്. എന്നാൽ ഈ ബഡ്ജററിൽ അവർ ആശ്വാസകരമായി അല്പസ്വല്പം ചില കാര്യങ്ങൾ ചേർത്തിട്ടുണ്ടെങ്കിലും അതുകൊണ്ടു അവർ തൃപ്തരായിട്ടില്ലെന്നുള്ള വിവരം ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളട്ടെ. അതുപോലെതന്നെ ജനകീയഭരണം കൈവന്നതിനുശേഷം നാട്ടിൻപുറങ്ങളിൽ അധിവസിക്കുന്ന സാധുജനങ്ങൾക്കു ഗവൺമെൻറുദ്യോഗസ്ഥന്മാരിൽനിന്നുണ്ടായിട്ടുള്ള അനുഭവങ്ങൾ, അതിന് മുൻപ് അവരിൽനിന്നുണ്ടായിട്ടുള്ളതിനേക്കാൾ ഒട്ടുംതന്നെ വ്യത്യാസപ്പെട്ടിരിക്കുന്നില്ല എന്നുള്ളതു ഒരു വെറും പരമാർത്ഥമാണ്. ഗ്രാമീണരായ സാധാരണക്കാർ ഉയർന്ന ഉദ്യോഗസ്ഥന്മാരുമായി വളരെ അധികം ഇടപെടാറില്ലെന്നും അവരുടെ ദൈനംദിനകാര്യങ്ങളിൽ കീഴ്ജീവനക്കാരുമായിട്ടാണു സാധാരണ ഇടപെടാറുള്ളതെന്നും മനസ്സിലാക്കിക്കൊണ്ടുതന്നെയാണു ഞാനിതു പറയുന്നത്. നാട്ടിൻപുറങ്ങളിലുള്ള ഉദ്യോഗസ്ഥന്മാർ അവിടെയുള്ളവരോടു വാസ്തവത്തിൽ ഇതിനു മുൻപു പെരുമാറിക്കൊണ്ടിരുന്ന നിലയിൽനിന്നു വ്യത്യസ്തമായ നിലയിലല്ല, ഇപ്പോഴും വർത്തിക്കുന്നത്. അതിനു എൻറെ സ്നേഹിതന്മാർ പറഞ്ഞതുപോലെ ഒരു ആൻറി കറപ്ഷൻ കമ്മിററിയോ, താലൂക്കുതോറും വിശ്വസ്തരായ ആളുകളെ ഉൾപ്പെടുത്തി ഒരു കമ്മിററിയെ ഏർപ്പെടുത്തി ഇതിനു പരിഹാരമുണ്ടാക്കേണ്ടതാണ്.

ബഡ്ജററിൽ ഒരു നല്ല സംഖ്യ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിട്ടുണ്ടു. ഈ നാടിനെ സംബന്ധിച്ചുടത്തോളം വിദ്യാഭ്യാസത്തിന് ദേശീയവൽക്കരണം ഉണ്ടാകേണ്ടതു വളരെ വളരെ അത്യാവശ്യമായ ഒരു കാര്യമാണെന്നുള്ളതിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. അതു നടപ്പാക്കുന്നതിനുള്ള വൈഷമ്യങ്ങളെ തരണം ചെയ്യുന്നതിന് ആവശ്യമായ മാർഗ്ഗങ്ങൾ അവലംബിക്കുവാൻ വേണ്ട നടപടികൾ നടത്തുന്നതിൽ മന്ത്രിസഭയുടെ സവിശേഷമായ ശ്രദ്ധ പതിയണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മറെറാന്ന്, തൊഴിലാളിപ്രശ്നമാണ്. ഇവിടെ തൊഴിലാളികളുടെ അസ്വാസ്ഥതകളുണ്ടെങ്കിലും, അതു അന്നന്ന് പരിഹരിച്ചുപോരുന്നുണ്ടെന്നും മററും ചില ചോദ്യങ്ങൾക്കുത്തരമായി ബഹുമാനപ്പെട്ട ലേബർ മന്ത്രി പ്രസ്താവിച്ചതായി കേട്ടു. അസ്വാസ്ഥതകളുണ്ടായി, അതു വർദ്ധിച്ചുവരുന്നു എന്നു കാണുമ്പോൾ അതിനുതക്ക പരിഹാരമാർഗ്ഗം കണ്ടുപിടിക്കുവാനാണു ഗവൺമെൻറു ഇപ്പോൾ ശ്രമിച്ചുവരുന്നത്.

[Mr. Paudavathu Sankara Pillai]
അസ്വസ്ഥതകൾ ഉണ്ടാകുകയും അതിനെവർദ്ധിപ്പിക്കുകയും ചെയ്തതിനു
ശേഷം പിന്നീട്ട് അതു പരിഹരിക്കാൻ പോകുന്ന സ്വഭാവം നല്ലതല്ല.
അതുകൊണ്ടു നിശ്ചിതമായ തൊഴിലാളിവ്യവസ്ഥകൾ ഉണ്ടാക്കി അവ
രുടെ അസംതൃപ്തികളെയും അസ്വസ്ഥതകളെയും പരിഹരിക്കുവാനുള്ള
പ്രവർത്തനങ്ങളാണു ഗവണ്മെന്റു ആദ്യമായി നടത്തേണ്ടതു്. അവരുടെ
അവകാശങ്ങളെ അംഗീകരിക്കുകയും, അവശതകൾ പരിഹരിക്കുകയും
ചെയ്തു എത്രയും വേഗത്തിൽ ഈ പ്രശ്നത്തിനു ഒരു പോംവഴി കണ്ടു
പിടിക്കേണ്ടിയിരിക്കുന്നു.

ഇവിടത്തെ ശമ്പളത്തെ സംബന്ധിച്ചുകൂടി രണ്ടുവാക്കു പറഞ്ഞു
കൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിക്കാം. വളരെ ആവേശ
ത്തോടുകൂടി, ഇവിടെ ഒരു ജനകീയഗവണ്മെന്റു സ്ഥാപിക്കുന്ന പക്ഷം
ഉണ്ണാനും ഉടുക്കാനും തികയാതെയും, ജീവിക്കാൻ വിഷമിച്ചും കഴിഞ്ഞു
കൂടുന്ന കുറഞ്ഞ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാർക്കു് അവരുടെ ജീവി
തനിർവ്വഹണത്തിനു മതിയായ ശമ്പളം കൊടുക്കുന്നതാണെന്നു തിരഞ്ഞെ
ടുപ്പു പ്രകടനപത്രികയിൽ പ്രചരിപ്പിച്ചിരുന്നു. അതുപോലെതന്നെ
കൂടുതൽ ശമ്പളംവാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കുന്നതാ
ണെന്നും അതിൽ പ്രസ്താവിച്ചിരുന്നു. എന്നാൽ ഈ ബഡ്ജററിൽ
അതൊന്നും കാണുന്നില്ല. എത്രയും വേഗത്തിൽ ഇതിനും പരിഹാര
മുണ്ടാക്കേണ്ടതാണു്. ഈ വക കാര്യങ്ങളിൽ ഗവണ്മെന്റു സത്വരമായ
നടപടികൾ നടത്തണമെന്നപേക്ഷിച്ചുകൊണ്ടു വിരമിക്കുന്നു.

MR. EAPEN ARAKKAL: സർ, ഈ രാജ്യത്തെ ഭരണചരിത്രത്തിൽ
ഏററവും പ്രധാനമായ മർമ്മസ്ഥാനത്തെ കുറിക്കുന്ന ഒരു സംഭവമാണു്
ഈ ബഡ്ജററ് അവതരണം. ചിരകാലപ്രാർത്ഥിതമായിരിക്കുന്ന സ്വാത
ന്ത്ര്യപ്രാപ്തിക്കുവേണ്ടി ഈ രാജ്യത്തെ ബഹുലക്ഷം ജനങ്ങൾ സമരം നട
ത്തുകയും, അതിന്റെ ഫലമായി ഇന്നു് ഒരു ജനകീയഗവണ്മെന്റു്
സംജാതമാകയും ചെയ്തു. ഈ ഗവണ്മെന്റിന്റെ നേതൃത്വത്തിൽ
തയ്യാറാക്കുന്ന ബഡ്ജററുസംബന്ധിച്ചു് സാധാരണജനങ്ങളുടെ ഇടയിൽ
വലിയ ആശകളും ആശയങ്ങളും ഉണ്ടായിരുന്നു. ഈ ആശയങ്ങൾ
എത്രമാത്രം ഈ ബഡ്ജററുമൂലം സാധിതപ്രായമാകും എന്നു് ഇവിടെ നട
ന്നിട്ടുള്ള പ്രസംഗങ്ങളിൽ നിന്നും നമുക്കു ഏതാണ്ടു അനുമാനിക്കാവുന്ന
താണു്. സാധാരണക്കാരന്റെ ബഡ്ജററ്, ഒരു സാമാന്യപൗരന്റെ
ബഡ്ജററ് എന്നുള്ള നിലയിൽ ഇതിനെ, മുൻ ബഡ്ജററിനെ അപേ
ക്ഷിച്ചു കൂടുതൽ തൃപ്തികരമായ വിധത്തിൽ ആക്കിത്തീർക്കുവാൻ ഗവ
ണ്മെന്റു തീവ്രമായി യത്നിച്ചിട്ടുണ്ടെന്നും സാധാരണക്കാരനെക്കൂടി സംതൃ

പ്പിപ്പെടുത്തുവാൻ ഈ ബഡ്ജററു പര്യാപ്തമായിത്തീരണം എന്നു് ആഗ്രഹിച്ചിട്ടുണ്ടെന്നും കാണാൻ കഴിയും. എന്നാൽ ഇതു് ഒരു ആരംഭദശയാണു്. രാഷ്ട്രീയമായ ഒരു പരീക്ഷണത്തിലേയ്ക്കു് പ്രവേശിക്കുന്ന ഒരു ഭരണകൂടത്തിനു് എല്ലാ കാര്യങ്ങളിലും എല്ലാപേരുടെയും തൃപ്തിക്കനുസരണമായി പ്രവർത്തിക്കുവാൻ സാധിച്ചു എന്നു വരുന്നതല്ല. എനിക്കു ഇപ്പോൾ ഓർമ്മയിൽ വരുന്നതു് ഒരു നാടകവേദിയുടെ കാര്യമാണു്. തിരുവിതാംകൂറിലെ നാല്പതു ലക്ഷം ജനങ്ങളും ഇപ്പോൾ ജനകീയഗവണ്മെൻറാകുന്ന ഈ നാടകവേദിയിലേയ്ക്കു് ഉററുനോക്കിക്കൊണ്ടിരിക്കുകയാണു്. ഈ നാടകത്തിൻെറ ആദ്യത്തിലുള്ള നാന്ദിശ്ലോകംകൊണ്ടു മാത്രം നാടകത്തിൻെറ ജയാപജയങ്ങളെപ്പററി നിശ്ചയിക്കുന്നതു് ബുദ്ധിപൂർവകമായിരിക്കുമോ എന്നു ഞാൻ ചോദിക്കുന്നു? നാന്ദി കേവലം സൂചനമാത്രമായിരിക്കാം നൽകുന്നതു്. പക്ഷെ, നാടകത്തിൻെറ വിജയം സ്ഥിതിചെയ്യുന്നതു് അതിലെ നടനത്തെ ആശ്രയിച്ചായിരിക്കും. അതുകൊണ്ടു നാന്ദിയെസംബന്ധിച്ചുള്ള മുൻവിധി പലപ്പോഴും അസ്ഥാനത്തായിപ്പോകും. അല്പം കഴിഞ്ഞിട്ടു് അതിൻെറ ഭരണസാരഥ്യം വഹിക്കുന്ന നേതാക്കന്മാരുടെ ശ്രമങ്ങൾ എങ്ങനെ പോകുന്നു എന്നുകൂടി കണ്ടതിനുശേഷമല്ലാതെ നാം ഒരു വിധി പറയുവാൻ തുടങ്ങുന്നതായാൽ അതു പലപ്പോഴും അബദ്ധത്തിലേ കലാശിക്കുകയുള്ളു.

സാധാരണക്കാരൻെറ ബഡ്ജററു് എന്നു പറയുമ്പോൾ, സാധാരണക്കാരനു് അത്യാവശ്യമുള്ള കാര്യനിർവഹണത്തിനു് ഇതു പര്യാപ്തമാണോ, അവൻെറ ആഹാരത്തിനുള്ള മാർഗ്ഗങ്ങൾ, വസ്ത്രധാരണത്തിനും, വൈദ്യസഹായം മുതലായവയ്ക്കുമുള്ള സാദ്ധ്യതകൾ ഇവ ഇതിലുണ്ടോ എന്നാണു പ്രധാനമായി നോക്കേണ്ടതു്. ഒരു ഗ്രാമീണനു് രാഷ്ട്രീയമായ കാര്യങ്ങളെപ്പററിയോ, അല്ലെങ്കിൽ രാഷ്ട്രീയ വിഷയങ്ങളെപ്പററിയോ, വലിയ പരിജ്ഞാനം കാണുകയില്ല. അങ്ങനെയുള്ളവർ പ്രധാനമായി നോക്കുന്നതു്, അവരുടെ ദൈനംദിന ആവശ്യങ്ങളായ ആഹാരം, വസ്ത്രം, വൈദ്യസഹായം മുതലായ കാര്യങ്ങളാണു്. ഈ കാര്യത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധ വേണ്ടവിധം പതിഞ്ഞിട്ടുണ്ടോ എന്നു സംശയമാണു. ഗവണ്മെൻറിൻെറ മുൻപാകെ ഒരു ഗ്രാമോദ്ധാരണപരിപാടി ഉണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഗ്രാമപ്പഞ്ചായത്തുകളും, വില്ലേജുയൂണിയനുകളും ഏർപ്പെടുത്തി, ഗ്രാമോദ്ധാരണം നിർവഹിക്കാമെന്നു വിചാരിച്ചു്, അതനുസരണമുള്ള പരിശ്രമങ്ങൾ ഗവണ്മെൻറു ചെയ്യുന്നുണ്ടു്. ഇതു സംബന്ധിച്ചു് ഒരു കാര്യം എനിക്കു

[Mr. Eapen Arakkal]

പ്രസ്താവിക്കേണ്ടതായുണ്ടു്. ഇന്നു ഗവൺമെൻറു സാമാന്യജനങ്ങൾക്കു വേണ്ടി ചെയ്തിട്ടുള്ള രണ്ടുകാര്യങ്ങളെക്കുറിച്ചാണതു്. ഒന്നാമത്തു് മദ്യവർജ്ജനം. മദ്യവർജ്ജനംമൂലം എത്ര ആയിരം സാധുകുടുംബങ്ങളാണു രക്ഷപ്രാപിക്കുന്നതെന്നുള്ള കാര്യം പറഞ്ഞറിയിക്കത്തക്കതല്ല. ഈ ഒരൊററക്കാര്യംകൊണ്ടുതന്നെ തിരുവിതാംകൂറിലെ സാധുജനങ്ങളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു ഗവൺമെൻറു പാത്രമായിത്തീർന്നിട്ടുണ്ടു്. രണ്ടാമത്തു്, തൊഴിലാളികളുടെ കാര്യമാണു്. ഇവിടെ ജരു ജനകീയ ഗവൺമെൻറു സ്ഥാപിക്കുന്നതിൽ ഉള്ളഴിഞ്ഞു പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു വർഗ്ഗമാണു് തൊഴിലാളികൾ. അവരുടെ അസ്വസ്ഥതകൾക്കു പരിഹാരമുണ്ടാക്കുന്നതിനും, അവരുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനുമായി ആവശ്യമുള്ള നിയമനിർമ്മാണം നടത്തുവാൻ ഉള്ള നടപടികളും ഗവൺമെൻറു കൈക്കൊണ്ടിരിക്കുന്നു. സാധാരണജനങ്ങളെ സംബന്ധിക്കുന്ന അവരുടെ കൃതജ്ഞത അർഹിക്കുന്ന ഏററവും നല്ല രണ്ടു കാര്യങ്ങളാണിവ. (ബെൽ)

MR. C. NARAYANA PILLAI: സർ, കഴിഞ്ഞ പത്തു കൊല്ലങ്ങളായി ധനപരമായ കാര്യങ്ങളിൽ ഒരു ഐന്ദ്രജാലികനായിരുന്ന ഒരു ദിവാൻജിയുടെ ൨൦൦ മിനിട്ടു നീണ്ടുനിൽക്കുന്ന സംഭ്രമജനകവും ഉദ്ധതവും പദബഹുലവുമായ ബഡ്ജററു് പ്രസംഗങ്ങൾ കേട്ടു് ചെവി തഴമ്പിച്ച നമുക്കു് പ്രധാനമന്ത്രിയുടെ സംക്ഷിപ്തവും ലളിതവും സൂക്ഷ്മവുമായ ഈ വർഷത്തെ ബഡ്ജററു പ്രസംഗം സമാശ്വാസകരമായിരിക്കുന്നു എന്നു പറയുവാൻ എനിക്കു് അമിതമായ സന്തോഷമുണ്ടു്. സർ സി. പി. രാമസ്വാമി അയ്യരുടെ വീരവാദങ്ങളുടെയും ഔദ്ധത്യത്തിൻേറയും സ്ഥാനത്തു് സ്വാതന്ത്ര്യോചിതമായ ലാളിത്യമാണു് പ്രധാനമന്ത്രി കൈക്കൊണ്ടിരിക്കുന്നതു്. തിരുവിതാംകൂറിലെ ഇന്നത്തെ സാമ്പത്തികസ്ഥിതിയുടെ സൂക്ഷ്മമായ രൂപവും അതിൻെറ കഴിവുകളും ആ പ്രസംഗത്തു പേണ പ്രധാനമന്ത്രി നമ്മുടെ മുമ്പിൽ പ്രദർശിപ്പിച്ചിരിക്കുന്നു. ബഡ്ജററിൽ കാണുന്ന ഈ ലാളിത്യം തന്നെയാണു് ബഡ്ജററിനെപ്പററിയുള്ള എൻെറ പരാതി. സർ, ഇതു് ഒരു കർഷകൻെറ ഗാർഹികബഡ്ജററു പോലെ ലളിതമായിപ്പോയി. ഒരു ഗാർഹികബഡ്ജററിൻെറ കാര്യം എന്നതുപോലെ വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ ഈ ബഡ്ജററിൽ പറഞ്ഞിട്ടുള്ളു. പറയേണ്ട കാര്യങ്ങളിൽ വളരെ കുറച്ചു മാത്രമെ പറഞ്ഞിട്ടുള്ളു എന്നാണു് എൻെറ പരാതി. ഒരു കർഷകനു നാളികേരത്തിൽ നിന്നും, കുരുമുളകിൽ നിന്നും വരുമെന്നു പ്രതീക്ഷിക്കുന്ന

പ്രതിവർഷ ആദായം കഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനും, വസ്ത്രധാരണത്തിനും, ആഹാരത്തിനും മററും നീക്കിവയ്ക്കുന്നതിൽ കവിഞ്ഞ യാതൊരു വൈദഗ്ദ്ധ്യവും ഈ ബഡ്ജററിൽ കാണുവാനില്ല. വമ്പിച്ച കാര്യങ്ങൾ വമ്പിച്ച രീതിയിൽ തന്നെ അഭിമുഖീകരിക്കണം. ഒരു രാജ്യത്തിന്റെ ധനപരമായ കാര്യങ്ങൾ ധീരമായും ചിലപ്പോൾ സാഹസികമായും നേരിടേണ്ടതാണ്.

സർ, ഈ ബഡ്ജററിൽ കാണുന്ന കണക്കുകളുടെ ഉള്ളിലേക്കു കടന്ന് അതു് ഒരു മിച്ച ബഡ്ജററാണോ അല്ലെങ്കിൽ ഒരു കമ്മി ബഡ്ജററാണോ എന്നു വിമർശിക്കുവാൻ ഞാൻ ഒരുങ്ങുന്നില്ല. ആ നിലയിൽ വിമർശിച്ചുകൊണ്ടു മന്ത്രിമാരെ ഈ ഘട്ടത്തിൽ കുററപ്പെടുത്തുന്നതു തെററാണെന്നുതന്നെ ഞാൻ വിചാരിക്കുന്നു. നമുക്കു് ഇതുവരെ ലഭിച്ചിട്ടുള്ള ദുഷിച്ച ഒരു പാരമ്പര്യം കൊണ്ടാണ് നാം ഇപ്പോഴും വിമർശനത്തിനു വേണ്ടി വിമർശിച്ചു പോരുന്നതു്. അതുകൊണ്ടു് ഇങ്ങനെയുള്ള ഒരു വിമർശനത്തിന് ഞാൻ തയാറാകയില്ല. ഒന്നുരണ്ടു കാര്യങ്ങളെപ്പററി സൃഷ്ടിപരങ്ങളായ ചില നിർദ്ദേശങ്ങൾ നൽകണമെന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു. വിദ്യാഭ്യാസത്തിനായി രണ്ടുകോടിയോളം രൂപാ നീക്കിവച്ചിട്ടുള്ളതു് അഭിമാനകരം തന്നെയാണ്. എന്നാൽ ഗവണ്മെൻറിന്റെ വിദ്യാഭ്യാസനയത്തെപ്പററി യാതൊന്നും തന്നെ ബഡ്ജററു പ്രസംഗത്തിൽ കാണുന്നില്ല. കേസില്ലാത്ത വക്കീലന്മാരേയും, ഗുമസ്തന്മാരേയും, ഉദ്യോഗം യാചിച്ചു നടക്കുന്ന യുവാക്കന്മാരേയും സൃഷ്ടിക്കുന്ന പഴയ ആ വിദ്യാഭ്യാസ സമ്പ്രദായം തന്നെ തുടരുവാനാണോ ഗവണ്മെൻറുദ്ദേശിക്കുന്നതു് എന്നും അറിഞ്ഞുകൂടാ. മഹാത്മാഗാന്ധിയുടെ മേധാശക്തിയിൽ നിന്നുത്ഭവിച്ചതും സാർജൻറു തുടങ്ങിയ വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെ അംഗീകാരത്തിനു പാത്രമായതും ഇന്നത്തെ വിദ്യാഭ്യാസ വൈകൃതങ്ങളെ അവസാനിപ്പിക്കുന്നതുമായ ബേസിക് വിദ്യാഭ്യാസരീതി തിരുവിതാംകൂറിൽ സ്വീകരിക്കാൻ തയ്യാറുണ്ടോ എന്നുള്ളതിനെപ്പററി ഒരു സൂചനപോലും ഈ ബഡ്ജററിലില്ല. ബ്രിട്ടീഷ് ഇൻഡ്യൻ യൂണിയനിലെ പ്രാവിൻസുകൾ ഒന്നൊന്നായി അംഗീകരിച്ചുകഴിഞ്ഞിട്ടുള്ള വിദ്യാഭ്യാസസമ്പ്രദായത്തെ ഇവിടെയും നടപ്പിൽ വരുത്തുമെന്നു് ഞാൻ വിശ്വസിക്കുന്നു. അതിലേക്ക് എതാനും അദ്ധ്യാപകന്മാരെ പുറത്തയച്ചു പരിശീലിപ്പിക്കുകയും വിദഗ്ദ്ധന്മാരെ വിളിച്ചുവരുത്തി ഒരു പദ്ധതി തയാറാക്കുകയും ചെയ്യേണ്ടതു് ആവശ്യമാണ്.

[Mr. C. Narayana Pillai]

മറെറാരു കാര്യം ഗ്രാമോദ്ധാരണപദ്ധതിയെപ്പററിയാണ്. ഏകദേശം ൪൩ ലക്ഷം രൂപായാണ് അതിലേക്ക് ബഡ്ജററിൽ നീക്കിവച്ചിരിക്കുന്നത്. ഈ ഘട്ടത്തിൽ ൧൧൨൨-ൽ രാഷ്ട്രീയാവശ്യങ്ങൾക്ക് ൩൭ ലക്ഷം രൂപാ ചെലവഴിച്ച സർ സി. പി. രാമസ്വാമി അയ്യർ ഗ്രാമോദ്ധാരണത്തിന് ൩ ലക്ഷം രൂപാ നീക്കിവച്ചതും നിയമസഭയിൽ അതിനെപ്പററി വിമർശനമുണ്ടായപ്പോൾ നാടകീയമായി ഒരു ൧൦ ലക്ഷം രൂപാ കൂടി അനുവദിച്ചതും എൻെറ സ്മരണയിൽ വരുന്നു. ആ തുകയിൽ ഒരു ഗണ്യമായ ഭാഗം ചിലവാക്കാതെ ബാക്കി വന്നിട്ടുണ്ടെന്ന് ഈ ബഡ്ജററുകൊണ്ട് മനസ്സിലാകുന്നു. തിരുവിതാംകൂറിലെ ഗ്രാമങ്ങൾ വിഭവസമൃദ്ധമായതുകൊണ്ടോ അവിടെ ദാരിദ്ര്യമില്ലാത്തതുകൊണ്ടോ ആയിരിക്കുമോ ഈ തുക മിച്ചം വന്നത്. തീർച്ചയായും അല്ല. ശരിയായ ഒരു പദ്ധതി ഇതിന് ഇതുവരെ ഉണ്ടായിട്ടില്ലെന്നുള്ളതാണ് കാരണം. ഈ സഭയിൽ ഒരു പഞ്ചായത്തു ബിൽ ഹാജരാക്കുവാൻ പോകുന്നുണ്ടെന്ന് എനിക്കറിയാം. അതു മുഴുവൻ വായിച്ചുനോക്കിയാലും യാതൊരു വിവരവും ആക്കും ലഭിക്കയില്ല. ബില്ലുകൾ കൊണ്ട് ഗ്രാമോദ്ധാരണപദ്ധതികൾ സംഘടിപ്പിക്കാൻ സാദ്ധ്യമല്ല. നേരെമറിച്ച് ബില്ലുകൾ പദ്ധതികളെ അനുഗമിക്കണം. മദ്രാസ് നിയമസഭയിൽ ഹാജരാക്കുവാൻ തയ്യാറാക്കിയിരുന്ന പഞ്ചായത്തു ബിൽ ഇപ്പോൾ ന്യൂഡൽഹിയിൽ നടന്നുകൊണ്ടിരിക്കുന്ന പ്രാദേശിക സ്വയംഭരണമന്ത്രിമാരുടെ സമ്മേളനത്തിൻെറ തീരുമാനങ്ങളറിയുവാൻ വേണ്ടി മാററിവച്ചിരിക്കയാണെന്നുള്ള കാര്യം ഞാൻ ഗവണ്മെൻറിൻെറ ഓർമ്മയിൽ കൊണ്ടുവന്നുകൊള്ളുന്നു. നമുക്ക് ഇപ്പോൾ ഒരു ബില്ലല്ല, പദ്ധതിയാണ് ആവശ്യം. ഈ ബില്ലിൽ ഗ്രാമങ്ങളിൽ വിനോദങ്ങൾ ഏർപ്പെടുത്തുവാനും റേഡിയോ പ്രചരിപ്പിക്കുവാനും നിബന്ധനകളുണ്ടെന്ന് എനിക്കറിയാം. എന്നാൽ ഇന്ന് ഗ്രാമങ്ങൾക്ക് പ്രധാനമായി ആവശ്യമുള്ളത് വയറു നിറയെ ആഹാരം കഴിക്കുക എന്ന കാര്യമാണ്. അതിലേക്ക് ഒരു പദ്ധതി ഉണ്ടാക്കുന്ന കാര്യമായിരിക്കണം ഗവണ്മെൻറു പ്രധാനമായി ചിന്തിക്കേണ്ടത്. ചിന്നിച്ചിതറി കിടക്കുന്ന ഭൂവിഭാഗങ്ങൾ ഒന്നിച്ചു ചേർത്ത് സഹകരണ അടിസ്ഥാനത്തിൽ കൃഷി ചെയ്യുവാനും കുടുംബകൃഷിയും നെടുംകൃഷിയും ഏർപ്പെടുത്തുവാനും അങ്ങനെ ഗ്രാമീണരുടെ സാമ്പത്തികസ്ഥിതി ഉന്നമിപ്പിക്കുവാനും ഗവണ്മെൻറു ശ്രമിക്കുന്നതാണെന്നു തിരഞ്ഞെടുപ്പ് പ്രചരണ പത്രികയിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ബഡ്ജററിൽ അതിനുള്ള യാതൊരു പദ്ധതിയു

ദടയും സൂചനപോലും കാണുന്നില്ല. വിദഗ്ദ്ധന്മാരുമായി ആലോചിച്ചു തയാറാക്കിയിട്ടില്ലാത്ത ഒരു ഗ്രാമോദ്ധാരണപദ്ധതി കൂടാതെ എത്ര ബില്ലുകളുണ്ടായാലും യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. (ബെൽ.)

MR. A. K. PACHU PILLAI: സർ, ഒരു നിമിഷംകൊണ്ടു ജനിച്ചു മരിക്കുന്ന ചില ജീവികളുടെ നിലയാണു് ഇപ്പോഴത്തെ അദ്ധ്യക്ഷസ്ഥാനത്തുനിന്നു് പ്രസംഗിക്കുവാനുള്ള അനുവാദം ; എനിക്കു തോന്നിപ്പോകുന്നതു്. പ്രസംഗത്തിന്റെ ദൈർഘ്യം കൂടുതൽ കൂടുതൽ കുറഞ്ഞുവരുന്നതാണു അതിനു കാരണം. ഏതായാലും അനുവദിച്ചിട്ടുള്ള കുറച്ചു സമയത്തിനുള്ളിൽ ഒന്നുരണ്ടു കാര്യങ്ങൾ മാത്രം പറഞ്ഞു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. നമുക്കു കിട്ടിയിരിക്കുന്ന ആകെ മുതലെടുപ്പു് എട്ടരക്കോടിരൂപയാണു്. ഇവിടെ എഴുപതുലക്ഷം ജനങ്ങളുണ്ടു്. അങ്ങനെ ഈ എട്ടരക്കോടി രൂപായെ എഴുപതുലക്ഷം കൊണ്ടു് ഹരിച്ചാൽ കിട്ടുന്നതു്, ൧൨ രൂപയാകുന്നു. അതിന്റെ അർത്ഥം, ഒരാളിനു് ഒരാണ്ടത്തേക്കു് ൧൨ രൂപാ എന്നാണു്. ഇതു ഒരുമാസത്തേക്കു് ഒരു രൂപായും, ഒരു ദിവസത്തേക്കു് ഒരു ചക്രത്തിൽ കുറഞ്ഞ ഒരു തുകയും, ആണെന്നു കാണാം. ഇപ്രകാരമുള്ള ഒരു ധനസ്ഥിതി വച്ചുകൊണ്ടാണു പ്രധാനമന്ത്രി നമ്മുടെ ബഡ്ജററു തയാറാക്കിയിരിക്കുന്നതെന്നു ഓർമ്മിക്കണം.

ഈ ബഡ്ജറ്റിൽ അദ്ദേഹത്തിന്റെ കഴിവു് അദ്ദേഹം പ്രദർശിപ്പിച്ചിട്ടുണ്ടു്. ആകെയുള്ള വരവിൽനിന്നും ഏകദേശം ൪൦ ശതമാനം ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും ൨ ശതമാനം അവരുടെ സഞ്ചാരപ്പടിയും ൮ ശതമാനം അവരുടെ ആഫീസ് ചിലവും ൧൦ ശതമാനം അലവൻസ്, sinking fund, ലോൺ, പാസ്സ് മുതലായ ഇനങ്ങളിലേക്കുള്ള ചിലവും മററും ചിലവാക്കേണ്ടതു്. ഇപ്രകാരം ൬൦ ശതമാനം കഴിഞ്ഞാൽ ബാക്കിയുള്ളതു് ൪൦ ശതമാനംമാത്രമാണു്. ഒരു ചക്രം പോലും ഒരു ദിവസത്തേക്കില്ലാത്ത ഈ ൪൦ ശതമാനംകൊണ്ടു ഓഹരി വീതിക്കുമ്പോൾ മൂന്നു കൊച്ചുകാശാണു് ഒരാളിനു കിട്ടുന്നതു്. ഇപ്രകാരമുള്ള ധനസ്ഥിതിവച്ചുകൊണ്ടു് ഇതിൽക്കൂടുതൽ പകുത്തുകൊടുക്കുവാൻ ഒരു ഇന്ദ്രജാലക്കാരൻ വിചാരിച്ചാലും സാധിക്കുകയില്ലെന്നു് സധൈര്യം പറയുവാൻ സാധിക്കും. ഈ നിലയിൽ നാം വലിയ multi purpose ഹൈഡ്രോ ഇലക്ട്രിക് സ്കീമും Reclamation മുതലായ മററു പല സ്കീമു

[Mr. A. K. Patchu Pillai]

കളും സംവിധാനം ചെയ്യുന്നപക്ഷം തീർച്ചയായും ഒരു വർഷംകൊണ്ടു അവ യാതൊന്നുംതന്നെ സാധിക്കുവാൻ പോകുന്നില്ല. അനേക വർഷത്തെ ചിന്തയുടെ ഫലമായി വിദേശരാജ്യങ്ങളിൽ വിദഗ്ദ്ധന്മാർ പല സ്കീമും ഉണ്ടാക്കിയശേഷം പല പ്ലാനും ഇട്ടുകൊണ്ട് പലതും ചെയ്യുന്നുണ്ട്. എന്നാൽ ഒരു മൂന്നു മാസംകൊണ്ട് നാം എന്തുകൊണ്ട് അവയെല്ലാം ക്ഷണിച്ചുവരുത്തിയില്ലാ എന്നു നോക്കിയാൽ അതു മനുഷ്യരെക്കൊണ്ട് സാദ്ധ്യമല്ലാ എന്നാണ് പറയുവാനുള്ളത്. ഈ നിലയിൽ നോക്കിയാൽ എന്റെ വിനീതാഭിപ്രായത്തിൽ ഇപ്രകാരമുള്ള ബഡ്ജറ്റിന്റെ നിർമ്മാതാവ്, അനുമോദനാർഹനാണ് എന്നു പറയേണ്ടിയിരിക്കുന്നു. ഇതു ഹാജരാക്കിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രസംഗവും അനുമോദനാർഹമാണ്. അതിനു കാരണം ഈ ബഡ്ജറ്റ് പ്രസംഗത്തിന്റെ രണ്ടാമത്തെ പേജിൽ അദ്ദേഹംതന്നെ പറഞ്ഞിട്ടുള്ളതു് വലുതായി ഒന്നും സാധിച്ചിട്ടില്ലാ എങ്കിലും ഒരു ദീർഘകാലപദ്ധതി സംവിധാനം ചെയ്തു് നിയമം സൃഷ്ടിക്കുന്ന ഒരു സഭയുടെ മുൻപാകെ ആദ്യമായി ഈ ബഡ്ജററു് സമർപ്പണംചെയ്യുവാൻ സാധിച്ചു, നമ്മുടെ രാജ്യത്തിന്റെ ഭാവിഭരണത്തിന്റെ ആദ്യത്തെ കല്ലായി ഇതിനെ കരുതുക എന്നും ആണ്. അതു് യഥാർത്ഥത്തിൽ അഭിമാനാർഹമാണ്. അതുകൊണ്ടു് തീർച്ചയായും ഇതു് ആത്മാർത്ഥതയോടുകൂടി സ്വീകരിച്ചു് ഇന്നത്തെ ഭരണകൂടത്തിന് ഇവിടത്തെ ജനങ്ങളെ ഉദ്ധാരണം ചെയ്യുന്നതിന് എന്തെല്ലാം സാധിക്കും എന്ന് നാം വിമർശനബുദ്ധിയോടുകൂടി വീക്ഷിക്കുന്നതിൽ കവിഞ്ഞു് ഒന്നും ചെയ്യുവാനില്ലാ എന്നാണ എന്റെ അഭിപ്രായം.

ബസ്സിൽ യാത്രചെയ്യുമ്പോൾ ആളുകൾ പല വൈഷമ്യങ്ങൾ അനുഭവിക്കുന്നു. കാളേജിൽ പ്രവേശനം കിട്ടാതെ കുട്ടികൾ കഷ്ടപ്പെടുന്നു. ആവശ്യത്തിന് അരി കിട്ടാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നു. കർഷകർക്കും തൊഴിലാളികൾക്കും വലിയ അവശതകൾ ഉണ്ടു്. ഇതിനെല്ലാം പരിഹാരത്തിനുവേണ്ടി ഉദ്യോഗസ്ഥന്മാരെ നിയന്ത്രണം ചെയ്തുകൊണ്ടു ബഹുജനങ്ങളുടെ കഷ്ടത പരിഹരിക്കാനുള്ള ഊർജ്ജസ്വലതയോടുകൂടി having a little more drive for the ministry മന്ത്രിസഭ പ്രവർത്തിക്കുന്ന പക്ഷം നമുക്ക് ഈ വർഷംതന്നെ പല കാര്യങ്ങളും സാധിക്കാമെന്നു വിശ്വസിച്ചുകൊണ്ടും അതിലേക്കു മന്ത്രിസഭാംഗങ്ങളുടെ സഹകരണത്തെ ആഹ്വാനംചെയ്തുകൊണ്ടും വിരമിക്കുന്നു.

MR. PHILIPOSE MUTHALALI: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ സമർപ്പിച്ചിരിക്കുന്ന ബഡ്ജററ് ജനകീയഗവണ്മെൻറുണ്ടാക്കിയശേഷമുള്ള ആദ്യത്തെ ബഡ്ജററ് എന്ന നിലയിൽ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ബഡ്ജററ് ഒരു സാധാരണക്കാരൻെറ ബഡ്ജററ് ആണോ എന്ന് ഇവിടെ പല മെംബറന്മാരും സംശയമുള്ളതായി പ്രസ്താവിച്ചുകഴിഞ്ഞു. എന്നാൽ ധനകാര്യമന്ത്രിതന്നെ ഇതു് ഒരു ജനകീയബഡ്ജററ് എന്ന അഭിപ്രായം പ്രസ്താവിച്ചിരിക്കുന്നിടത്തോളം കാലം നമുക്ക് അങ്ങനെ ഒരു സംശയത്തിന് അവകാശമില്ല. കാരണം ഈ ബഡ്ജററുകൊണ്ടു് നമുക്ക് സാധാരണക്കാരൻെറ ഒരു നില ഉണ്ടാകും എന്നാണ് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രസ്താവിച്ചിരിക്കുന്നതു്. ലാൻഡ്റവന്യൂ വകുപ്പിലേക്ക് ൩൨ ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. അതിൽനിന്ന് ൨൮ ലക്ഷം രൂപ ആർഡിനറി റവന്യൂവിലേക്ക് ചെലവാകുന്നു. ശാശ്വതാദായനിധിയിലേയ്ക്കു് ൩ ലക്ഷം രൂപ ഉൾപ്പെടുത്തുന്നു. ഇതിൽനിന്നുവേണം ദേവസ്വത്തിലെക്കുള്ള അരക്കാൽലക്ഷം രൂപാ നാം കൊടുത്തുകൊണ്ടിരിക്കുന്നതു്. ലാൻഡ്റവന്യൂവിലേക്കുള്ള കൂടുതൽ ചിലവിനെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ശ്രദ്ധ പ്രത്യേകം പതിയേണ്ടതാണ്. ബഡ്ജററിൽ അസെറ്റ്സ് ചെയ്തിരിക്കുന്ന കൂട്ടത്തിൽ പല ഇൻവെസ്റ്റ്മെൻറും കാണുന്നു. എന്നാൽ അതു എവിടെയാണു ഇൻവെസ്റ്റ് ചെയ്തിരിക്കുന്നതു് എന്നു കാണുന്നില്ല. അതു ധനകാര്യമന്ത്രി വിശദീകരിക്കേണ്ടിയിരിക്കുന്നു. രാജ്യക്ഷേമത്തിനായി നീക്കിവച്ചിരിക്കുന്ന തുക കൂടുതലോ കുറവോ ഏതെങ്കിലും ആകട്ടെ. ആ തുക ഏതു് ഏജൻസിമുഖേനയാണ് നടത്തുന്നതു് എന്നറിയേണ്ടതാണ്. കഴിഞ്ഞകൊല്ലങ്ങളെപ്പോലെ ഓരോന്നിനും നിശ്ചയിച്ചിരിക്കുന്ന തുക ലാപ്സാകാനാണോ അതോ താന്നിഷ്ടക്കാരായ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് അതു നടത്താനാണോ ഏതു് ഏജൻസിയെക്കൊണ്ടാണ് കാര്യം നിർവഹിക്കാൻ പോകുന്നതു് എന്നാണ് അറിയേണ്ടതു്; നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെയും സഹമന്ത്രിമാരുടെയും സന്മനസ്സും മഹാമനസ്കതയും അവരുടെ ദൌർബല്യത്തിൻെറ ലക്ഷണങ്ങളായി ചില ഉദ്യോഗസ്ഥന്മാർ ധരിക്കുന്നു. മുൻപുണ്ടായിരുന്ന ഗവണ്മെൻറിനെക്കാൾ വളരെ അധികം ശക്തി ജനകീയമന്ത്രിസഭയ്ക്കുണ്ടു് എന്ന് അവർക്ക് മനസ്സിലാക്കിക്കൊടുക്കണം. നമ്മുടെ മന്ത്രിമാർ അവരുടെ ശക്തി ചില ഉദ്യോഗസ്ഥന്മാർക്ക് എങ്കിലും മനസ്സിലാക്കിക്കൊടുത്താൽ ഈ ബഡ്ജററിലെ തുക കൂടുതലായാലുംശരി കുറവായാലുംശരി പ്രവർത്തനം വളരെ പ്രയോജനകരമാകും എന്നാണ് എൻെറ അഭിപ്രായം.

MR. V. GANGADHARAN NAIR : ഒരു പ്ലാൻഡ് എക്കാണമിയിലേക്കു നമ്മുടെ രാജ്യത്തെ നയിക്കാൻ ഇന്നു നമ്മുടെ മുൻപിൽ ഉള്ള ബഡ്ജററു സഹായകമല്ലാ എന്നതാണ് എൻെറ പ്രധാന പരാതി. പ്രായപൂർത്തി വോട്ടവകാശവും സാമൂഹ്യവും സാമ്പത്തികവുമായ അസമത്വങ്ങളും ഒന്നിച്ചുപോകുന്ന കാര്യങ്ങളല്ല. സാമൂഹ്യവും സാമ്പത്തികവുമായ അസമത്വങ്ങൾ പരിഹരിക്കുന്ന വിഷയത്തിൽ സ്റ്റേററ് എത്രമാത്രം മുൻകൈ എടുത്തു പ്രവർത്തിക്കുന്നു എന്നുള്ളതാണ് ബഡ്ജററിൽക്കൂടി തെളിയിക്കേണ്ടിയിരിക്കുന്നതു്. ആ നിലയിൽ വർഗ്ഗരഹിതമായ ഒരു നൂതന സമുദായത്തെ സൃഷ്ടിക്കാൻ ഇപ്പോഴത്തെ ബഡ്ജററിനു ശേഷിയുണ്ടോ അല്ലെങ്കിൽ അങ്ങനെയുള്ള സംരംഭത്തിനുവേണ്ടിയുള്ള പ്രേരണ ഈ ബഡ്ജററു നൽകുന്നുണ്ടോ എന്നു ചോദിച്ചാൽ ഇല്ലാ എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. പഴയ ചട്ടക്കൂട്ടിൽനിന്നുകൊണ്ടു പഴയ വീക്ഷണഗതികൾ വച്ചുകൊണ്ടു നമ്മുടെ ഇന്നത്തെ പ്രശ്നങ്ങളെ പരിഹരിക്കാൻ ശ്രമിക്കുന്നതു് അപൽക്കരമാണെന്നു മന്ത്രിസഭയേയും ഈ സഭയേയും ഞാൻ അറിയിച്ചുകൊള്ളുന്നു. വർഗ്ഗരഹിതമായ ഒരു സമുദായസൃഷ്ടിക്കുവേണ്ടി ക്ലേശം അനുഭവിക്കുന്ന സമുദായങ്ങൾ വളരെ വ്യഗ്രതയോടുകൂടി പടവെട്ടുന്ന ഒരു സന്ദർഭത്തിലാണ് നാം ഒരു ഗവമെൻറു രൂപീകരിച്ചിട്ടുള്ളതു്. നമ്മുടെ പ്രതിജ്ഞകൾ നിറവേററണമെങ്കിൽ സൃഷ്ടിപരമായ പന്ഥാവിൽക്കൂടി സാമൂഹ്യവും സാമ്പത്തികവുമായ സ്വാതന്ത്ര്യങ്ങളിൽ ചെന്നെത്താൻ നമുക്കു കഴിയുമെന്നു തെളിയിക്കണം. അതു ഗാന്ധിയൻ സ്ഥിതിസമത്വമെന്നോ, മാർക്സിയൻ സ്ഥിതിസമത്വമെന്നോ, കോവാപ്പറേറ്റീവ് കാമൺവെൽത്തെന്നോ ഏതു പേരിലറിയപ്പെട്ടാലും തരക്കേടില്ല. അങ്ങനെ ഒരു ലക്ഷ്യത്തിൽ ചെന്നെത്തുന്നതിലേക്കു ഈ ബഡ്ജററു സഹായകമാണോ എന്ന ചോദ്യവുമായി ബഡ്ജററിനെ സമീപിക്കുന്ന എന്നെപ്പോലെയുള്ളവർക്കു വളരെ നിരാശയാണുള്ളതു് എന്ന വസ്തുത മറച്ചുവയ്ക്കുന്നില്ല. ഏററവും വേഗം നമ്മുടെ ഇടയിലുള്ള തൊഴിലില്ലായ്മ നീക്കാനും നമ്മുടെ നാട്ടിൽ വളർന്നുവരുന്ന അസ്വാസ്ഥ്യതകളെ നേരിടുവാനും നമ്മുടെ അലസതയെ നശിപ്പിക്കുവാനും അദ്ധ്വാനശക്തിയെ മുഴുവൻ സംഘടിപ്പിക്കാനും പ്രയോജനരഹിതമായ മൂലധനത്തെ പ്രയോജനത്തിൽ കൊണ്ടുവരാനും നമ്മുടെ നാട്ടിലെ വിഭവങ്ങൾ പ്രയോജനപ്രദമാക്കാനും, നമ്മുടെ അദ്ധ്വാനശക്തിയേയും വിഭവശക്തിയേയും സംഘടിപ്പിക്കുന്ന ഒരു വിപുലമായ ധീരമായ ബഡ്ജററാണ് എന്നെപ്പോലെയുള്ളവർ ഈ അവസരത്തിൽ പ്രതീക്ഷിക്കുന്നതു്.

MR. K. RAMAKRISHNA PILLAI : സർ, ഭാരതം, സ്വാതന്ത്ര്യമായതോടൊപ്പംതന്നെ സ്വാതന്ത്ര്യമായ ഈ രാജ്യത്തെ ആദ്യത്തെ ബഡ്ജററ്, നിശ്ചയമായും സ്വാതന്ത്ര്യമായ പശ്ചാത്തലത്തിൽ കൂടിയല്ലാതെ വീക്ഷിക്കുക സാദ്ധ്യമല്ല. ഭാരതീയരോടൊപ്പംതന്നെ വളരുവാനും വികസിക്കുവാനും നമുക്കും അവകാശമുണ്ട്. അതിനുള്ള സാഹചര്യം നമുക്കനുകൂലമാണ്. ഈ പശ്ചാത്തലത്തിൽകൂടി ചിന്തിക്കുമ്പോൾ കൽക്കട്ടായിൽവച്ച് അവിടത്തെ റിസർച്ച് ഇൻസ്റ്റിററ്യൂട്ട് ഉൽഘാടനം ചെയ്തുകൊണ്ട് മി. പി. സി. റായി ചെയ്ത പ്രസംഗത്തിലെ ഒരു വാചകം എൻെറ സ്മൃതിപഥത്തിൽ വരുന്നു. അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി. "When Galelio and Bruno were revealing the mysteries of heaven and earth, we in India were dividing and sub-dividing the caste." ഈ ഒരവസ്ഥ ഈ ബഡ്ജറ്റിനെ സംബന്ധിച്ച് അതിൻെറ നിർമ്മാണകാലപരിതഃസ്ഥിതിയെപ്പററി വിചാരിക്കുമ്പോൾ എനിക്ക് തോന്നിപ്പോകുന്നു. ഭാരതീയർ സ്വാതന്ത്ര്യമായശേഷം അനസ്യൂതമായ അനേകം പരീക്ഷണങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. എങ്കിലും കുറച്ചുകാലത്തിനുള്ളിൽ ഭാരതത്തിനു നേരിടാൻ ഇടയായ സംഗതികൾ നാം ഓർക്കണം. ഒന്നാമതായി അഭയാർത്ഥിപ്രശ്നത്തെ ഇന്നത്തെ കാൺഗ്രസ് ഗവൺമെൻറിന് അഭിമുഖീകരിക്കേണ്ടിവന്നു. അതുപോലെ സാമ്പത്തികവികസനത്തിനുള്ള വ്യവസായ നയത്തിൽ ആവശ്യമായ അടിസ്ഥാനം ഇട്ടു. അതിനുശേഷം കാശ്മീർ പ്രശ്നത്തെ അഭിമുഖീകരിക്കുകയും അക്കാര്യത്തിൽ ഒട്ടൊക്കെ വിജയിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ ഹൈദരാബാദ പ്രശ്നത്തിലും കുറച്ചൊക്കെ വിജയം നേടിയിട്ടുണ്ട്. ഇങ്ങനെ അനേകം പ്രതിബന്ധങ്ങളുടെ നടുക്കുകൂടിയാണ് ഈ കാര്യങ്ങളെല്ലാം കാൺഗ്രസ് ഗവൺമെൻറ ചെയ്തത്. എന്നാൽ ചിരകാലമായി പ്രതീക്ഷിച്ചിരുന്ന ആ ഭാവനകൾ എല്ലാം വാസ്തവമായി പരിണമിക്കുന്നതിനു മുമ്പുതന്നെ രാഷ്ട്രപിതാവിൻെറ ദുരന്തംകൂടി ഇൻഡ്യ ദർശിച്ചു. എങ്കിലും അദ്ദേഹം നിർദ്ദേശിച്ച തരത്തിൽ ഈ ചുരുങ്ങിയ കാലംകൊണ്ട് രാജ്യരക്ഷാകരങ്ങളായ പല കാര്യങ്ങളും ചെയ്യുന്നതിന് കാൺഗ്രസ് മന്ത്രിസഭയ്ക്കു സാധിച്ചിട്ടുണ്ട്. അങ്ങനെയിരിക്കെ ഒരു നൂറു ലക്ഷം ജനങ്ങളുടെ അതായതു [illegible] മൈലിന് അകത്തു ഒതുങ്ങുന്ന നമുക്ക് ഒന്നുംതന്നെ ചെയ്യാൻ സാധിച്ചിട്ടില്ല. നമുക്ക് ഇന്നു കിട്ടിയിരിക്കുന്ന അവസരം വാസ്തവത്തിൽ മററൊരു രാഷ്ട്രീയ കക്ഷികൾക്കും ഇതുവരെ ലഭിച്ചിട്ടില്ലാത്ത ഒരു കനകാവസരമാണ്. ഈ അവസരം നാം ശരിയായി ഉപയോഗിച്ചി

[Mr. K. Ramakrishna Pillai]

ട്ടുണ്ടോ? നമ്മുടെ ന്യായപാലക മണ്ഡലങ്ങളോട് നാം ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ ശരിയായി നിറവേററിയിട്ടുണ്ടോ? ഈ കാര്യങ്ങൾ ആലോചിക്കുമ്പോൾ വാസ്തവത്തിൽ പശ്ചാത്താപമാണുണ്ടാകുന്നതു. അവരോട് ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ നിറവേറ്റിയിട്ടില്ലെന്ന് നമുക്കു ബഡ്ജററിൽ നിന്നും കാണാൻ കഴിയും. നമുക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്ന വേറൊരു സുവർണ്ണാവസരം നമ്മോടുകൂടി എല്ലാ നല്ല കാര്യത്തിലും ഒന്നിച്ചുനിന്നു പ്രവർത്തിക്കുന്നതിന് സന്നദ്ധതയുള്ള രണ്ടു പ്രതിപക്ഷകക്ഷികളെ കിട്ടിയിട്ടുള്ളതാണ്. ഈ സന്ദർഭത്തിൽ നമ്മുടെ സകല കഴിവുകളും ഉപയോഗിച്ച് ജനക്ഷേമകരമായി പ്രവർത്തിക്കുക എന്നതാണ്. ഗ്രാമോദ്ധാരണത്തെപ്പററി പല മാന്യസ്നേഹിതന്മാരും പറഞ്ഞുകഴിഞ്ഞു. എങ്കിലും ആ ഒരു കാര്യത്തിൽ വളരെ വ്യത്യാസം ഒന്നും വരുത്തുവാൻ ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് തീർച്ചയായും സാധിക്കുകയില്ലെന്നാണ് എനിക്ക് വിശ്വാസം. ഉദ്യോഗമണ്ഡലത്തെ ഒന്ന് പരിവർത്തനം ചെയ്യാതെ ഈ സംഗതികൾ മുന്നോട്ടു കൊണ്ടുപോവുക സാദ്ധ്യമല്ലതന്നെ. നമ്മുടെ രാജ്യത്തിന്റെ ഏതു ഭാഗത്തും അഴിമതിയേയും കൈക്കൂലിയേയും പററിയുള്ള മുറവിളിയേ കേൾക്കാനുള്ളു. ജയന്തൻ ശങ്കരൻ നമ്പൂതിരിയുടെ മരണകാലത്തിനു ശേഷം പാവനമായ സകലത്തും നശിച്ചു, അങ്ങോളമിങ്ങോളം അസ്വസ്ഥമായ തിരുവിതാംകൂറിനെ വേലുത്തമ്പിദളവ അഭിമുഖീകരിച്ചതു് ഏതു വിധത്തിലാണെന്നുള്ള സംഗതി നമുക്കറിയാവുന്നതാണ്. കൈക്കൂലി വാങ്ങുന്ന കൈകൾ തറയ്ക്കത്തക്കവിധത്തിൽ തിരുവിതാംകൂറിൽ ഒരു നിയമം ഉണ്ടാകുന്നു എന്നു വിചാരിക്കുക; പൊതുജനങ്ങൾ ആക്ഷേപിക്കാൻ പോകുന്നില്ല. കൈക്കൂലി വാങ്ങിക്കുന്നവർ ഉദ്യോഗസ്ഥന്മാരായാലും ശരി അനുദ്യോഗസ്ഥന്മാരായാലും ശരി നിയമപരിധിയിൽ പെട്ട് ശിക്ഷാർഹന്മാരായിത്തീരണം. അതിനാൽ ആ കാര്യത്തിൽ സത്വര ശ്രദ്ധ പതിയേണ്ടതാണ്. അടിയന്തിരമായ മറ്റൊരു വിഷയമാണ് സാധുക്കൾക്ക് കുടിയേറി പാർക്കുന്നതിന് സ്ഥലമുണ്ടാക്കിക്കൊടുക്കുക എന്നുള്ളതു്. ഇതിലേയ്ക്ക് ഗവൺമെൻറിൽനിന്നും സുനിശ്ചിതമായ യാതൊന്നും ചെയ്തുകാണുന്നില്ല. കാർഷികവികസനങ്ങൾക്കു വേണ്ടി ഒരു തുക അനുവദിച്ചിട്ടുണ്ട്. എങ്കിലും അതു് തീരെ അപര്യാപ്തമാണ്. തൊഴിൽ മന്ത്രി പറഞ്ഞു, ഭാവിയിൽ ഇതിനെല്ലാം പരിഹാരമുണ്ടാകത്തക്ക നടപടി സ്വീകരിക്കുന്നുണ്ടെന്ന്. എന്നാൽ ഇതു് അങ്ങനെ നീട്ടിക്കൊണ്ടുപോകത്തക്ക ഒരു കാര്യമല്ല. ഭാഗികമായ പരിഹാരങ്ങളും ഭാവനാരഹിതമായ പരി

പാടികളും ഇതിന് വിജയമുണ്ടാക്കുന്നതല്ല. സുനിശ്ചിതമായ പ്ളാൻ ഉണ്ടാക്കിയിട്ട് വേണം ഇതു് ചെയ്യുവാൻ. ഇത്രയും കാര്യങ്ങൾ മാത്രമേ എനിക്ക് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ തൽക്കാലം പെടുത്തേണ്ടതുള്ളു.

MR. E. K. MADHAVAN: സർ, ബഡ്ജററു് അതായതു്, ആയവ്യയ പത്രിക സാമ്പത്തിക വിദഗ്ദ്ധന്മാരുടെ കസ്റ്റംകളി എന്നാണ എൻെറ അഭിപ്രായം. ഞാൻ ഒരു സാമ്പത്തികവിദഗ്ദ്ധനല്ലാത്തതുകൊണ്ടു് അതിനെപ്പററി എന്തെങ്കിലും വിമർശനം നടത്തണമെന്നു് ഈ അവസരത്തിൽ ആഗ്രഹിക്കുന്നില്ല. എന്നാൽ, ഈ ബഡ്ജററിലുള്ള ചില കുറവുകളെ മാത്രം ചൂണ്ടിക്കാണിച്ചുകൊണ്ടു് ചില സംഗതികൾ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നു. നേഷൻ ബിൽഡിങ്ങ് ആണു് നമുക്ക് അത്യാവശ്യമായിട്ടുള്ള സംഗതി എന്നു് ഒരു മാന്യമെമ്പർ പറഞ്ഞു. വാസ്തവംതന്നെ. എന്നാൽ, സാധാരണ ജനങ്ങൾക്കു് ഇതല്ല അത്യാവശ്യ കാര്യം. അവർക്ക് ജീവിക്കുന്നതിനും കിടന്നുറങ്ങുന്നതിനും വേണ്ട സകല സൌകര്യങ്ങളും ചെയ്തുകൊടുക്കാമെന്നു് ഇലക്ഷൻ കാലത്തു് ആളുകളോടു് വാഗ്ദാനം ചെയ്തിട്ടുള്ളതാണു്. അതനുസരിച്ചുള്ള വല്ല പദ്ധതിയും ഈ ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നു് അവർ ചോദിക്കുകയാണെങ്കിൽ അതിന് തൃപ്തികരമായ ഒരു മറുപടി കൊടുക്കുവാൻ നമുക്കു സാധിക്കുമോ എന്നു സംശയമാണു്. അങ്ങനെയുള്ള ഏതെങ്കിലും പദ്ധതികൾ ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ എന്നും എവിക്ഷനെ സംബന്ധിച്ചു് ഗവണ്മെൻറു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്നും, ചോദിച്ചതിന് — ഇത്തവണത്തെ ചോദ്യങ്ങൾ അധികവും എവിക്ഷനെ സംബന്ധിച്ചായിരുന്നു — ഗവണ്മെൻറു ഭാഗത്തുനിന്നും കൊടുത്ത മറുപടികളിൽനിന്നു്, ഈ കാര്യത്തിൽ ഗവണ്മെൻറു് അത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല എന്നു കാണാവുന്നതാണു്. അടുത്തതായി എനിക്കു പറയുവാനുള്ളതു് ഇവിടത്തെ മെഡിക്കൽ കോളേജ് സ്ഥാപനത്തെപ്പററിയാണു്. ഇവിടെ ഒരു മെഡിക്കൽ കാളേജ് സ്ഥാപിക്കാൻ പോകുന്നുവെന്നും അതിലേക്ക് പത്തുലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടെന്നും കാണുന്നുണ്ടു്. ഈ പത്തുലക്ഷം രൂപ കൊണ്ടു് കാര്യങ്ങൾ ഒന്നും നടക്കാൻ പോകുന്നില്ല. അതായതു ഇവിടത്തെ ജനറലാശുപത്രി പരിഷ്ക്കരിച്ചു് ഒരു വലിയ ആശുപത്രി ആക്കിത്തീർത്തിട്ടു് സകലവിധ ആയുധ സാമഗ്രികളോടും കൂടിയ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കത്തക്ക സൌകര്യമുണ്ടോ എന്നു

[Mr. E. K. Madhavan]

സംശയമാണ്. ഈ ആവശ്യത്തിലേക്ക് കുറഞ്ഞത് നൂറേക്കറെങ്കിലും സ്ഥലം വേണം. അങ്ങനെ ഒരു പോളിടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂഷനായിട്ട് അത് നടത്തിയാൽ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഇതെല്ലാം ആസ്പദമാക്കിക്കൊണ്ട് ഇന്നത്തെ ജനറലാശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഇങ്ങനെ ഒരു ആശുപത്രി സ്ഥാപിച്ച് അതിനോടുതൊട്ട് മെഡിക്കൽ കാളേജും വിദ്യാർത്ഥികൾക്ക് താമസ സൌകര്യത്തോടുകൂടി സ്ഥാപിക്കുന്നതിന് സൌകര്യമില്ലെന്നുള്ള സംഗതി ഗവണ്മെന്റിന് അറിയാം. ഇപ്പോൾ സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആശുപത്രിക്കുതന്നെ എൺപത്തഞ്ചോളം ഏക്കർ സ്ഥലം എടുക്കുവാൻ പോകുന്നുവെന്ന് പറയുന്നു. അങ്ങനെയിരിക്കെ ഈ മെഡിക്കൽ കാളേജ് മേൽപറഞ്ഞ സൌകര്യങ്ങളോടുകൂടി സ്ഥാപിക്കുന്നതിന് കൂടുതൽ സ്ഥല സൌകര്യം ആവശ്യമാണെന്നുള്ള കാര്യം ഓർമ്മിക്കേണ്ടതാണ്. ഇവയോടുകൂടിത്തന്നെ വേറൊരുകാര്യം ഓർമ്മിക്കുവാനുള്ളത്, ഇങ്ങനെ ഒരു സ്ഥാപനം ഉണ്ടാക്കുകയാണെങ്കിൽ അത് യൂണിവേഴ്സിററിയുടെ കീഴിലായിരിക്കണം എന്നുള്ളതാണ്. മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ സ്റ്റാഫിനെ വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അവരെ ഡിപ്പാർട്ടുമെന്റിന്റെ ഇഷ്ടംപോലെ അങ്ങോട്ടും ഇങ്ങോട്ടും മാററുന്നതിന് ഇടയാവുകയും അങ്ങനെ കോളേജിലെ അഭ്യസനത്തിനും മററും തടസ്സം നേരിടാവുന്നതുമാണ്. ഒരുകാര്യംകൂടി പറഞ്ഞിട്ട് ഞാൻ ഇരുന്നുകൊള്ളാം. ഗ്രാമോദ്ധാരണത്തിനായിട്ട് വളരെയധികം രൂപാ നീക്കിവച്ചിരിക്കുന്നത്, എങ്ങനെ ചെലവാക്കുന്നുവെന്നും മററും അറിയുന്നില്ല. എനിക്ക് ഇപ്പോൾ എന്റെ ദിക്കിൽ നിന്നും ഒരു കൺട്രാക്ററർ കമ്പിയടിച്ചു. ഇങ്ങനെയുള്ള താമസത്തിന് കാരണമെന്താണെന്ന് ചോദിച്ചതിൽ മന്ത്രി മി. രാമചന്ദ്രൻ പറഞ്ഞത് പി. ഡബ്ളിയു. ഡി. ഇടപെട്ടതുകൊണ്ടാണ് താമസിക്കുന്നതെന്നുതോന്നുന്നുവെന്ന് മറുപടി പറഞ്ഞു. മറെറാന്ന്, ഗ്രാമോദ്ധാരണത്തിന് ഉത്തരവാദിയായിരിക്കുന്ന ഉദ്യോഗസ്ഥൻ — അദ്ദേഹം ഇവിടെ വന്നിട്ടുണ്ടോ എന്നറിഞ്ഞുകൂടാ — അദ്ദേഹത്തിന്റെ അടുത്ത ഒരു ക്ലാർക്ക് പറയുംപോലെയാണു കാര്യങ്ങൾ നടത്തുന്നതെന്നും അതുകൊണ്ട് ആ ക്ലാർക്ക് വിചാരിച്ചാലേ കാര്യങ്ങൾ നടക്കുകയുള്ളുവെന്നുമാണു ആളുകൾ പറയുന്നത്. ഈ കാര്യങ്ങൾ എല്ലാം ഗവർമെന്റ് വേണ്ടവണ്ണം ശ്രദ്ധിക്കും എന്ന് വിശ്വസിച്ചുകൊണ്ട് ബഡ്ജററിനെ സ്വാഗതം ചെയ്യുന്നു.

MR. V. DEVAN : സർ, വളരെക്കാലം വളരെ ത്യാഗങ്ങൾ അനുഷ്ഠിച്ച് ഈ ജനകീയസഭയുടെ മുമ്പാകെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവർകൾ സമർപ്പിച്ചിട്ടുള്ള ബഡ്ജറ്റിനെപ്പററി ഒരു നിരൂപണം ചെയ്യാൻ സാധ്യമല്ല. അതുതന്നെയുമല്ല എൻെറ നോട്ടത്തിൽ ഒരു വലിയ പാഠം ഈ സദസ്സിനെ അദ്ദേഹം പഠിപ്പിച്ചതിൽ എനിക്കു അഭിനന്ദനം ഉണ്ട്. ഇവിടെ പ്രസംഗിച്ചിട്ടുള്ള മഹാനുഭാവന്മാരെല്ലാം ആ പാഠം പഠിച്ചു കഴിഞ്ഞു. സാധാരണ ജനങ്ങളെ ഉയർത്തിക്കൊണ്ടുവന്നാൽ കൊള്ളാമെന്നും അവരുടെ സാമ്പത്തികസ്ഥിതി നന്നാക്കിയാൽ കൊള്ളാമെന്നും സാധുജനങ്ങൾക്ക് പാർപ്പിടം ഉണ്ടാക്കിയാൽ കൊള്ളാമെന്നും അവർ പഠിച്ചുകഴിഞ്ഞു. പിന്നെ എനിക്ക് ഒന്നും പ്രസംഗിക്കുവാനില്ല. പക്ഷെ എനിക്ക് ഒരു ചോദ്യം ചോദിക്കുവാനുണ്ട്. അതു ദയവായി അനുവദിക്കണം. തിരുവിതാംകൂറിലുള്ള ഏകദേശം ൧൫ ലക്ഷത്തോളം വരുന്ന പിന്നോക്കം നിൽക്കുന്ന ആളുകളെ നന്നാക്കുവാൻ, അവരുടെ സാമ്പത്തികസ്ഥിതി നന്നാക്കുവാൻ അവരുടെ വിദ്യാഭ്യാസത്തിനെ അഭിവൃദ്ധിപ്പെടുത്തുവാൻ വേണ്ട തുക ഈ ബഡ്ജറ്റിൽ ഉണ്ടോ എന്നു ഞാൻ അവരോടു ചോദിക്കുന്നു. അത്രയ്ക്കുള്ള സാമ്പത്തിക നില അവർക്കില്ല. അരിവില കൂട്ടിയതിൽനിന്നും തന്നെ ഗവൺമെൻറിൻെറ സാമ്പത്തിക സ്ഥിതി വളരെ അധഃപതിച്ചാണിരിക്കുന്നതെന്നുള്ളതു മനസ്സിലാകും. അല്ലെങ്കിൽ അരിവില കൂട്ടുമോ? അരിയുടെ വില കൂട്ടിയാൽ ഈ അധഃപതനം ഒന്നു നികരും എന്നു വിചാരിച്ചു. എന്നിട്ടും നികന്നില്ല. നികന്നെങ്കിൽ ബഡ്ജറ്റിൽ മേല്പറഞ്ഞ കാര്യങ്ങൾക്ക് തുക കാണുമായിരുന്നു. അങ്ങിനെയിരിക്കെ ബഡ്ജറ്റിൽ തുക കാണില്ല എന്നു പറഞ്ഞാൽ എവിടെ നിന്നു കൊണ്ടുവന്നു കൊടുക്കാനാണ്. ഉണ്ടെങ്കിലല്ലാതെ കൊടുക്കാനൊക്കുമോ? ഉള്ളതു് അങ്ങോട്ടും ഇങ്ങോട്ടും കുറേശ്ശ കുറേശ്ശ നീക്കിവച്ചു. പിന്നെയില്ല. എങ്ങനെയാണ് പിന്നെയും നീക്കിവയ്ക്കുക. കള്ളൻ കയറിയാൽ ഉള്ളതല്ലേ കൊണ്ടുപോകാനൊക്കൂ. ഇല്ലാത്തതു എങ്ങനെ കൊണ്ടുപോകാനാണു? പിന്നെ വേറൊന്ന്, നികരുന്നില്ല നികരുന്നില്ലെന്നു പറഞ്ഞാൽ ആരാണു നികത്തേണ്ടതു? നികത്തേണ്ടതു് നാമാണ്. ഇതു് നമ്മുടെ മന്ത്രിസഭയാണു. വിദേശീയ ദിവാൻജിയോ സ്വേച്ഛാപ്രഭുവോ അല്ല ഇപ്പോൾ ഭരിക്കുന്നതു. അപ്പോൾ നാമാണ് ഇതു് നികത്തേണ്ടതു്. ഇതു് നികത്തേണ്ടതു എങ്ങനെയാണ്? അതിന് ഒരു പരീക്ഷ എനിക്കു വയ്ക്കുവാനുണ്ട്. ഈ സഭയിലുള്ളവർ ഇതിനുത്തരം എഴുതി ഉത്തരക്കടലാസു ഇവിടെ ഏല്പിക്കണം. ഒരു പാവപ്പെട്ടവനെ നന്നാക്കാനുള്ള

[Mr. V. Devan.]

വഴി, ആ പാവപ്പെട്ടവർ വേലചെയ്തു സമ്പാദിച്ചിട്ടുള്ള ഈ പൌരപ്രമാണികൾ അടുത്ത സമയ്ക്ക മുമ്പായിട്ടു പത്തുസെൻറുവീതം സ്ഥലം അവരുടെ വേലക്കാക്ക് എഴുതിക്കൊടുത്തു് ഉത്തരകടലാസ് ഹാജരാക്കാമെങ്കിൽ നമ്മുടെ കുറവ് പരിഹരിക്കാമെന്നു എനിക്കു തോന്നുന്നു. ഇതു ആദ്യം പ്രധാനമന്ത്രി അവർകൾതന്നെ ചെയ്യുക. പിന്നെ മന്ത്രിമാർ എല്ലാവരും ചെയ്ക, അതു കഴിഞ്ഞു പ്രസിഡൻറും ഇവിടെത്തെ എല്ലാ മെമ്പറന്മാരും ചെയ്യുക. ഞാനും എൻെറ വേലക്കാരന് എന്നാലായ പത്തുസെൻറുസ്ഥലം കൊടുക്കാൻ തയ്യാറാണു. മനുഷ്യനെ മനുഷ്യനല്ലാതെ ഭക്ഷിക്കുക, ഭക്ഷിച്ചാൽ ഉടനേ ഛർദ്ദിക്കുക പിന്നെ കലശലുണ്ടാക എന്നിങ്ങനെയുള്ള സംപ്രദായങ്ങൾ തിരുവിതാംകൂറിലുണ്ടായിരുന്നു. അതിനെ നശിപ്പിക്കാനാണ് തിരുവിതാംകൂറിൽ മദ്യഷാപ്പുകൾ ഒന്നുംതന്നെ പാടില്ലെന്നും മററും ഉള്ള നിയമങ്ങൾ ഉണ്ടാക്കിയിരിക്കുന്നതെന്നു തോന്നുന്നു. ഈ ഇനത്തിൽ ഭീമമായ തുക നഷ്ടമാണെന്നാണ് പറയുന്നത്. എന്നാൽ ഇതു് രണ്ടുതരത്തിൽ ഗവണ്മെൻറിന് ലാഭമുണ്ടാക്കുന്നതാണെന്നാണ് പറയുന്നത്. അവിടെയുള്ളവർ എല്ലാവരുംകൂടി ഒരുമിച്ചു് ട്രാൻസ്പോർട്ടിൽ കയറി തിരുവനന്തപുരത്തു വന്നു് ഇവിടെയുള്ളതെല്ലാം ഇരട്ടിവില കൊടുത്തു കുടിയ്ക്കും. അങ്ങനെ ഈ രണ്ടിനത്തിലും ഗവമെൻറിന് ആദായം വർദ്ധിക്കുമെന്നാണ് ഞാൻ പറയുന്നത്. ഇതിനെ സംബന്ധിച്ചു് എനിക്കു ഇത്രമാത്രമേ പറയാനുള്ളു.

എനിക്ക് പബ്ലിക്ക് സർവീസിനെപ്പററി ഒരു കാര്യംകൂടി പറയണമെന്നു ആഗ്രഹമുണ്ടു് ഉദ്യോഗവിതരണകാര്യത്തിൽ എത്ര സത്യസന്ധന്മാരെ മേധാവികളായിട്ടു നിയമിച്ചു ഉദ്യോഗവിതരണത്തിനുള്ള അധികാരം കൊടുത്താലും ഞങ്ങൾക്ക് അവരിൽ വിശ്വാസവും ഇല്ല, തൃപ്തിയും ഇല്ല. പിന്നോക്കസമുദായക്കാരുടെ നില നോക്കുകയാണെങ്കിൽ ഉയന്ന വിദ്യാഭ്യാസം ഉള്ളവർ വളരെ വിരളമാണ്. അതുകൊണ്ടു പ്രബലസമുദായത്തിൽപ്പെട്ട ബി. എ. പാസ്സായ ഒരാൾക്കും പിന്നോക്കസമുദായത്തിലുള്ള സ്കൂൾഫൈനൽ പാസ്സായ ഒരാൾക്കും ഉദ്യോഗവിതരണകാര്യത്തിൽ ഒരേ ഗ്രേഡ് കൊടുക്കത്തക്കവണ്ണം ഒരു വ്യവസ്ഥ ഇതുവരെ ഗവണ്മെൻറിൽനിന്നും ഉണ്ടാക്കിയിട്ടില്ല. പണ്ടു ഉദ്യോഗങ്ങൾ കൊടുത്തുകൊണ്ടിരുന്നതു് പരീക്ഷായോഗ്യത നോക്കിയല്ലെങ്കിലും, അവർ കാര്യക്ഷമമായി ജോലികൾ നിർവഹിച്ചിട്ടുണ്ടെന്നുള്ളതിന് ധാരാളം തെളിവുകൾ ഉണ്ടു്. ഉദാഹരണമായി പറയുകയാണെങ്കിൽ പണ്ടു് പട്ടാളമൈതാനത്തു് കവാത്തുപഠിപ്പിക്കാനായിട്ടു് കൊണ്ടുവരുന്ന ആള

കൾക്ക് റൈറ്റ്, ലഫ്റ്റ്, എന്ന പാഠം അറിഞ്ഞുകൂടാത്തതുകൊണ്ട് അവരുടെ ഒരുകാലിൽ ഓലയും മറ്റേക്കാലിൽ ശീലയും വച്ചുകെട്ടി 'ഓല ക്കാൽ ശീലക്കാൽ'' എന്നു പറഞ്ഞു്, റൈററും ലഫ്ററും പഠിപ്പിച്ചു. അങ്ങിനെ പഠിച്ചിട്ടുള്ളവർ തങ്ങളുടെ സാമർത്ഥ്യംകൊണ്ടു് ഉദ്യോഗങ്ങളിൽ പല പ്രമോഷനും വാങ്ങി പെൻഷൻ പററിയിട്ടുണ്ടു്. ഇതെനിക്കറിയാവുന്ന ഒരു സംഗതിയാണു്. അതുകൊണ്ടു് പിന്നോക്കസമുദായങ്ങളിൽപ്പെട്ട കുറഞ്ഞ പരീക്ഷായോഗ്യതയുള്ള ആളുകളെ കൂടി ഉദ്യോഗങ്ങളിൽ പ്രവേശിപ്പിച്ച അവരുടെ കാര്യക്ഷമതയേയും ബുദ്ധിസാമർത്ഥ്യത്തേയും പരിശോധിക്കേണ്ടതാണെന്നു ബഹുമാനപ്പെട്ട ഗവ'ണ്മെൻറിനോടു ഞാൻ അഭ്യർത്ഥിക്കുന്നു.

MR. CHERIYAN J. KAPPAN : സർ, ബഡ്ജററിനെപ്പററി അനുകൂലിച്ചും പ്രതികൂലിച്ചും പല പ്രസംഗങ്ങളും ഇവിടെ നടന്നുകഴിഞ്ഞു. ഈ വിമർശനങ്ങളെപ്പററി ചിന്തിച്ചതിൽ ഇവർ ബഡ്ജററിനെപ്പററി ശരിയായി പഠിച്ചിട്ടുണ്ടോ എന്നു സംശയമാണു്. അതായതു് ഒരിക്കൽ പരിശോധനാർത്ഥം ഒരു പള്ളിക്കൂടം ഇൻസ്പെക്ടർ ഒരു പ്രൈമറി സ്കൂളിൽ ചെന്നുകയറി. അവിടെ ഒരു രണ്ടുക്ലാസ്സുകൾ പരിശോധിച്ച ശേഷം മൂന്നാംക്ലാസ്സിലേക്കു് ചെന്നു. അപ്പോൾ അവിടെ പഠിപ്പിച്ചു കൊണ്ടിരുന്ന വിഷയം കണക്കായിരുന്നു. ഇദ്ദേഹം ക്ലാസ്സിൽ കയറി ഒരു കുട്ടിയോടു് ചോദിക്കുന്നു, ''നിങ്ങളുടെ അദ്ധ്യാപകനു് ൩൰ വയസ്സുണ്ടു. നിങ്ങളുടെ ഹെഡ്മാസ്റ്റർക്കു് ൪൰ വയസ്സുമുണ്ടു്. എന്നാൽ എനിക്കു് എത്ര വയസ്സുണ്ടെന്നു പറയാമോ?'' ൨൰ വയസ്സു് എന്നു ഒരു കുട്ടി ഉത്തരം പറഞ്ഞു. അതു് എങ്ങിനെ കിട്ടിയെന്നു ഇൻസ്പെക്ടർ വീണ്ടും ചോദിച്ചു. ഉടനെ കുട്ടി പറകയാണു് ''എന്റെ ജ്യേഷ്ഠൻ ഒരു ഭ്രാന്തനുണ്ടു അ ഭ്രാന്തന്റെ വയസ്സാണു് ഈ ൨൰.'' അതിൽ നിന്നും നാം മനസ്സിലാക്കേണ്ടതു് ഇൻസ്പെക്ടർക്കും ഭ്രാന്തനായ കുട്ടിയുടെ ജ്യേഷ്ഠനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലെന്നാണു്. അതുപോലെ ഇവിടെ ൨൰ കോടി രൂപായുടെ വരവുണ്ടെങ്കിൽ ൧൭ കോടി രൂപയുടെ ചിലവും ഉണ്ടു്. എന്നാലും മിച്ചം ൨൰ ലക്ഷം കാണുന്നു. എന്നാൽ ബഡ്ജററു് സൂക്ഷ്മമായി പരിശോധിച്ചുനോക്കുകയാണെങ്കിൽ ചിലവിനെക്കാൾ കൂടുതൽ വരവുണ്ടെന്നുള്ളതു് നിസ്തർക്കമാണു്. പക്ഷെ ഒരു ബഡ്ജററു് ഡഫിസിററു് ബഡ്ജററോ അല്ലെങ്കിൽ സർപ്ലസ്ബഡ്ജററോ എന്നു നോക്കേണ്ട ഒരു പ്രശ്നമല്ല ഇന്നുള്ളതു്. കഴിഞ്ഞ ൧൰ വർഷത്തെ സ്വേച്ഛാഭരണത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള സാമ്പത്തികമായ പല കുഴപ്പങ്ങളും പരിഹരിച്ചു ഒരു ബഡ്ജററു് രൂപീകരിച്ചു

[Mr. Cheriyan J. Kappan.]

തിന് പ്രധാനമന്ത്രിയെ അനുമോദിക്കുകതന്നെ വേണം. സർ സി. പി.യുടെ കാലത്തുണ്ടായിരുന്ന പല അബദ്ധങ്ങളും പൊതിഞ്ഞുവയ്ക്കുന്നതിനുള്ള ഒരു ശ്രമം ബഡ്ജററിനെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുണ്ടെങ്കിൽ അതു ക്ഷന്തവ്യമാണ്. സർ, പബ്ലിക്ക് സർവീസിലുള്ള അഴിമതികൾ നിവർത്തിയുള്ളിടത്തോളം വേഗത്തിൽ പരിഹരിക്കണമെന്ന് ഒരു ബഹുമാനപ്പെട്ട മെമ്പർ സദയം ഉൽബോധിപ്പിച്ചപ്പോൾ വേറൊരു മെമ്പർ പറയുകയാണ് അതൊരു പ്രതികാരമനോഭാവമാണെന്നു. അതിൽ പ്രതികാരത്തിന്റെ ഒരു ഛായ കലർന്നിരിക്കുന്നു എന്ന് പ്രതീകാരബുദ്ധി പാടില്ലെന്നു കാണിക്കാൻ, ബൈബിളിൽനിന്ന് ചില വാക്യങ്ങളും അദ്ദേഹം ഉദ്ധരിച്ചു. ബൈബിൾ മുതലായ മതഗ്രന്ഥങ്ങൾക്ക് ഒരു വിശേഷമുള്ളത് അതിലെ വാക്യങ്ങൾ ആളുകളുടെ സൌകര്യം പോലെ ഉദ്ധരിക്കാമെന്നുള്ളതാണ്. ഇങ്ങനെ ഉദ്ധരിക്കുന്ന രീതിയെപ്പററിയാണ് Even the devil can quote the Bible എന്നു പറയുന്നത്. എനിക്കു ഇതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നതു ജനകീയ ഗവണ്മെൻറിന്റെ ആവിർഭാവത്തിനുശേഷവും സാമുദായികഛിദ്രത്തിനു കുറെക്കൂടി പ്രാബല്യം സിദ്ധിച്ചിട്ടേ ഉള്ളു എന്നാണ്. ഈ ഒരു മനോഭാവം തുടർന്നുകൊണ്ടുപോകുന്നതു നന്നാണെന്നു ഞാൻ വിചാരിക്കുന്നില്ല. എനിക്കു വേറൊരു സംഗതി പറയാനുള്ളതു ഇവിടത്തെ പത്രപ്രവർത്തനരീതിയെപ്പററിയാണ്. അല്പകാലമായിട്ടു പത്രങ്ങൾക്ക് യാതൊരു നിയന്ത്രണവും ഇല്ലാത്തതുകൊണ്ടു എന്തും പത്രത്തിൽ തട്ടിവിടാമെന്നുള്ള ഒരു മനോഭാവം അവക്കുണ്ടെന്നു തോന്നുന്നു. അല്പദിവസത്തിനു മുൻപ് ഇവിടത്തെ മന്ത്രിമാരെപ്പററി അധിക്ഷേപകരമായി എഴുതിയിരുന്ന ഒരു പത്രം വായിക്കാൻ ഇടയായ എന്റെ ബഹുമാന്യസ്നേഹിതൻ മി. ഈ. ജെ. ഫിലിപ്പോസ് എന്നോടു പറഞ്ഞതു അദ്ദേഹത്തിന്റെ കണ്ണിൽനിന്നും രക്തം വന്നു എന്നാണ്. അതു യഥാർത്ഥമാണെന്നു പറയാതിരിക്കാൻ നിർവാഹമില്ല. തിരുവിതാംകൂറിലുള്ള ഏതാനും പത്രങ്ങൾ നിമിത്തമാണ് സാമുദായികഛിദ്രം വർദ്ധിച്ചുകൊണ്ടിരിക്കുന്നതെന്നു പത്രം വായിക്കുന്ന ഏതൊരാൾക്കും മനസ്സിലാകുന്നതാണ്. വേറൊരാരോപണമുണ്ടായിട്ടുള്ളതു ബഹുമാനപ്പെട്ട ഒരു മന്ത്രി ഓരോ സമുദായത്തിലെയും ആളുകളുടെ എണ്ണംനോക്കി സ്കൂളുകൾ അനുവദിക്കുന്നില്ല എന്നാണ്. ഇങ്ങനെ പള്ളിക്കൂടം അനുവദിക്കുന്ന കാര്യങ്ങൾക്കും കുളം കുഴിക്കുന്ന കാര്യങ്ങൾക്കും കിണറു കുഴിക്കുന്ന കാര്യങ്ങൾക്കും ഒക്കെ ആളെണ്ണി വേണമെന്നുവച്ചാൽ ഏതൊരു ഗവണ്മെൻറിനും സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. അങ്ങിനെ

യായാൽ സന്താനങ്ങൾ ഉല്പാദിപ്പിക്കുന്നതിനും സ്വത്തു സമ്പാദിക്കുന്നതിനും മററും സാമുദായിക അടിസ്ഥാനത്തിന്മേൽ ആകേണ്ടിവരും. എനിക്കു വേറൊരു കാൎയ്യം പറയാനുള്ളതു രാജ്യത്തെ കർഷകരുടെ അവസ്ഥയെപ്പററിയാണ്. പലവിധത്തിൽ ഉള്ള നികുതികൾകൊണ്ടു് ഇന്നു കർഷകരെ വളരെ ഞെരുക്കുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. കർഷകനു അവന്റെ ഉല്പന്നങ്ങളിൽ മിക്കവാറും എല്ലാററിനും നികുതികൊടുക്കേണ്ടിയിരിക്കുന്നു. പാക്ക്, കുരുമുളക്, ചുക്ക് ഇവയ്ക്കെല്ലാം ഒരു തുക ഗവണ്മെൻറിന് കൊടുക്കുന്നതിനും പുറമേ അതിന് മൊത്തത്തിൽ ഉള്ള വരവിന്റെ ആദായനികുതികൂടി കൊടുക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ അവരിൽനിന്നും ഈടാക്കുന്ന പണത്തിനു ഗവണ്മെൻറിൽനിന്നും എന്തു സൗകര്യമാണ് ചെയ്തുകൊടുക്കുന്നതു് എന്നു നോക്കുകയാണെങ്കിൽ, സഞ്ചരിക്കാൻ നല്ല റോഡില്ല. വാഹനസൗകൎയ്യങ്ങൾ ഇല്ലാ. അവരുടെ ആവശ്യത്തിനുള്ള ജലസേചനപദ്ധതികൾ ഇല്ല, ഇങ്ങനെ നോക്കിയാൽ പലതുമില്ല. എന്നാൽ ഈടാക്കുന്ന നികുതിയോ ഭീമമായ ഒരു തുകയുമാകുന്നു. എന്റെ അനുഭവത്തിൽ ഒരു കാൎയ്യം എനിക്കു ഓൎമ്മവരുന്നു. ഒരിക്കൽ സൈക്കിൾ ഉപയോഗിക്കാൻ അറിയാൻ പാടില്ലാത്ത ഒരാളുടെ പേരിൽ സൈക്കിൾ ടാക്സിനു ചാർജ്ജുചെയ്തു കേസ്സെടുക്കുകയും അയാളെ ൨൦ രൂപാ ശിക്ഷിക്കുകയും ചെയ്തു. ഇങ്ങനെ നിരപരാധികളായ ആളുകളുടെ പേരുകളിൽ നിന്നുകൂടി ടാക്സ് വസൂലാക്കണമെന്നുള്ള ഉദ്യോഗസ്ഥന്മാരുടെ മനോഭാവം നല്ലതല്ല. അതുകൊണ്ട് യഥാൎത്ഥത്തിൽ ടാക്സ് കൊടുക്കാൻ അർഹതയുള്ളവരിൽ നിന്നല്ലാതെ ഈടാക്കാൻ പാടില്ലെന്നുള്ള നിർദ്ദേശം ഗവണ്മെൻറിൽനിന്നും നൽകേണ്ടതാണെന്നു ഞാൻ അപേക്ഷിക്കുന്നു. അങ്ങനെ അല്ലെങ്കിൽ സാധുക്കളായ പല ജനങ്ങളും ഉദ്യോഗസ്ഥന്മാരുടെ ഈവിധ അനാശാസ്യപ്രവൃത്തികളിൽപ്പെട്ട് കഷ്ടപ്പെടുമെന്നു് ഉള്ള കാൎയ്യം ബഹുമാനപ്പെട്ട ഗവണ്മെൻറ് ഓൎക്കേണ്ടതാണ്.

MR. S. NEELAKANTA AIYAR: Sir, I welcome this budget and I deem it a great privilege for me to congratulate the Finance Minister for the framing of this budget. It cannot but be admitted that, in framing the budget estimates for the next year, the Prime Minister has kept in view the improvement, in all possible directions, and to the extent possible, of the average economic status of the common people. The budget contains various allotments for the betterment of the general public. An enormous sum has been set apart for the rural development and education. It is really a beneficial budget, especially to the poor people. It is the primary duty of the State to provide for education, roads etc. For the other heads

[Mr. S. Neelakanta Ayar]

also reasonable sums are allotted. If one goes through the present budget he can very easily understand how practical and beneficial it is, especially for the common man In this connection, it may be remembered that when the present Ministry took charge, the Government was incurring huge losses. This loss was due to the supply and distribution of food at a lower price. We have been distributing rice at a much lower price while we bought them at higher rates. This item has caused a considerable loss of money, nearly two and a half crores to Government. It was in these circumstances that the present budget had to be prepared. To prepare a surplus budget at such a juncture is really Herculian. Some of the members expressed diffidence regarding the surplus nature. But I am sure there is no doubt about it. So far as the revenue aspect is considered the estimate of income is very humble. According to the budget there is a surplus of about 2 lakhs of rupees. I have only to make one constructive suggestion Every one knows that Travancore is a deficit area and the population is daily increasing. The most difficult problem that is facing us now is the food problem and there should be ample preparation for an increased production of food under head "Agriculture" and "Grow more food". There is world wide shortage of food and we want to produce more rice. Unless we face this carefully it will bring serious difficulties. The best brains of the country should be used for this and all efforts should be made to increase production I suggest that efficient committees should be formed for every village to increase production. That alone will save us from a crisis in the food position. For the next few years any amount expended for the restoration of tanks and other irrigation and lift irrigation works, for the manufacture and distribution of manures, both artificial and natural, for the distribution of high yielding seeds etc., would not be sufficient. I have already pointed out that the various items should receive carefull consideration. The Finance Minister has done all that is possible under the circumstances. (*President's bell.*)

MR. M. GOVINDAN : സർ, ബഹു. പ്രധാനമന്ത്രി നമ്മുടെ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിനെ ഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. ബഹു: പ്രധാനമന്ത്രിയുടെയും ഈ ഗവണ്മെൻറിൻെറയും ഉദ്ദേശം അദ്ദേഹത്തിൻെറ ഭാഷയിൽ തന്നെ പറയുന്നതായാൽ ആ ഒരു കാര്യംതന്നെയാണ് ഈ ബഡ്ജററിനെ സ്വാഗതം ചെയ്യുന്നതിനു പ്രധാനമായി എന്നെ പ്രേരിപ്പിക്കുന്നത്. അദ്ദേഹം ബഡ്ജററ് അവതരിപ്പിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ പറയുന്നുണ്ട്. ഇതിനേക്കാളും വലിയ ഒരാദർശം വച്ചുകൊണ്ടു ഒരു ബഡ്ജററു ഉണ്ടാക്കുവാൻ സാദ്ധ്യമല്ല. ഈ ബഡ്ജററു തയ്യാറാക്കുന്നതിൽ പല പ്രയാസങ്ങളും ബഹു. പ്രധാനമന്ത്രിക്ക് നേരിടേണ്ടതായി വന്നിട്ടുണ്ട്. അതിനെ

സംബന്ധിച്ച് അനുകൂലിച്ചും പ്രതികൂലിച്ചും പല വിമർശനങ്ങൾ ഇവിടെ നടന്നു കഴിഞ്ഞു. അതിനെ ഒന്നു കൂടി ആവർത്തിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്റെ പ്രധാന ഉദ്ദേശം പാവപ്പെട്ട ജനങ്ങളുടെ സ്ഥിതിയെ നന്നാക്കാൻ നമുക്കു ഒരു ശരിയായ സ്കീം ഉണ്ടായിരിക്കണമെന്നാണു. ഇപ്പോൾ തിരുവിതാംകൂറിൽ ആകമാനമുള്ള ൬൦ ലക്ഷത്തിൽ ചിലപ്പോൾ ജനങ്ങളുടെയിടയിൽ ൧൦ ലക്ഷം ജനങ്ങളെങ്കിലും സ്ഥാവരവസ്തുക്കൾ ഇല്ലാത്തവരാണു. അവർ എവിടെയെങ്കിലും താമസിക്കുന്നുണ്ടായിരിക്കും. പക്ഷേ ആ വീടുകൾ അവരുടെ സ്വന്തസ്ഥലത്തായിരിക്കുകയില്ല. അന്യപറമ്പുകളിൽ അവർതന്നെ വീടുകൾ വച്ചു താമസിക്കുകയായിരിക്കും ചെയ്യുന്നതു്. നമുക്കു് ഒരു പഞ്ചവത്സരപദ്ധതി വേണം. ഒരുമിച്ചു് ഒരു തുക കാര്യത്തിലേക്കു് ചെലവാക്കാൻ നമ്മുടെ വരവു് അനുവദിക്കുകയില്ല. അതുകൊണ്ടു നാം ചെയ്യാനുള്ളതു് തിരുവിതാംകൂർ ഒട്ടാകെ ഉള്ള ഭൂമിയുടെ ഉടമസ്ഥത ക്രമേണ ഇല്ലാതാക്കി തനിക്കു് ഇല്ലാത്തതുകൊണ്ടു് അന്യ ഉടമസ്ഥന്മാരുടെ ഭൂമികളിൽ അങ്ങുകൂടി കിടക്കുന്നവരെ മാറ്റി അവർക്കു സൗകര്യമായി ഒരു സ്ഥാനം കമ്പൽസറിയായിട്ടെങ്കിലും എടുത്തുകൊടുക്കണം. അങ്ങിനെ കൊടുക്കുന്നതിനു വേണ്ടി ഒരു നിയമം തന്നെ രൂപീകരിക്കണമെന്നാണു എന്റെ അഭിപ്രായം. അവർക്കു് കൊടുക്കാൻ സൗകര്യമായ സ്ഥലങ്ങൾ എവിടെയാണെന്നു ഗവൺമെന്റു തന്നെ നിശ്ചയിക്കണം. അതിലേക്കു് ഇരുപതു ലക്ഷം രൂപാ വീതം ആണ്ടുതോറും വിനിയോഗിക്കുകയാണെങ്കിൽ അടുത്ത അഞ്ചുകൊല്ലംകൊണ്ടു ക്രമേണ ൨൦ ലക്ഷം രൂപാ വീതമായിട്ടു് ഒരു കോടി രൂപാ ചെലവാക്കുകയാണെങ്കിൽ തിരുവിതാംകൂറിൽ ഓരോരുത്തർക്കും കിടക്കുന്നതിനു പത്തുസെന്റു സ്ഥലം വീതമെങ്കിലും കൊടുക്കാൻ കഴിയും. പുറമ്പോക്കായി കിടക്കുന്ന സ്ഥലങ്ങളും മറ്റും അവർക്കു് പതിച്ചുകൊടുക്കണം. ദൂരസ്ഥലങ്ങളിൽ വനങ്ങളിലും മറ്റും അവർക്കു കാട്ടുപറമ്പുകൾ ഉണ്ടാക്കിക്കൊടുക്കുന്നതുകൊണ്ടു പ്രയോജനമില്ല. കാടുകളിലായി താമസിക്കുമ്പോൾ എല്ലാവർക്കും വേലകിട്ടാതെ വരികയും തന്മൂലം അവിടെ കിടന്നു് കഷ്ടത അനുഭവിക്കേണ്ടതായി വരികയും ചെയ്യും. അവിടെ തന്നെ ഇന്റൻസിവ് കൾട്ടിവേഷൻ ചെയ്യാമെന്നു പറയുമെങ്കിലും അതൊന്നും അത്ര ശരിയായി നടക്കുന്ന കാര്യങ്ങളല്ല. അതുകൊണ്ടു് ഗവൺമെന്റു് ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. പിന്നെ വേറൊരു കാര്യം എനിക്കു പ്രധാനമായി പറയാനുള്ളതു തിരുവിതാംകൂറിലെ റോഡുകളിൽ ടോൾ ഇടുന്ന കാര്യത്തെപ്പറ്റി

[Mr. M. Govindan.]

യാണ്. ഹജൂർകച്ചേരിയിലേക്ക് കയറി വരുന്ന ഈ റോഡു എങ്കിലും എന്തുകൊണ്ട് ടാർ ഇട്ടിട്ടില്ല എന്നു ഞാൻ ചോദിക്കുന്നു. ഇവിടം മുതൽ വടക്കൻ തിരുവിതാംകൂർ വരെയുള്ള മെയിൻ റോഡെങ്കിലും ടാർ ഇടണം. തിരുവനന്തപുരം മുതൽ കന്യാകുമാരിവരെയുള്ള റോഡ് കാൺക്രീറ്റ് ചെയ്തിട്ടുള്ളതായതുകൊണ്ട് അതിനെപ്പററി ഒന്നും പറയുന്നില്ല. ഇനിയും എനിക്കു പല കാര്യങ്ങളും പറയാനുണ്ട്. സമയമില്ലാത്തതുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. G. P. NEELAKANTA PILLAI : സർ, ചില സത്യങ്ങൾ പറയുവാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ബഡ്ജററിനെ പരാമർശിച്ചു പല വിമർശനങ്ങളും ഇവിടെ ഉണ്ടായി. അനുമോദനപ്രസംഗങ്ങളും അനുകൂലപ്രസംഗങ്ങളും പ്രതികൂലപ്രസംഗങ്ങളുമെല്ലാം ഇവിടെ നടന്നു. പാർട്ടിഭരണമാണ് നടക്കുന്നത്. അതുകൊണ്ട് ബഡ്ജററിനെ വിമർശിക്കുന്നതു പാർട്ടിയുടെ ഭാവിക്കു ദോഷകരമാണെന്നു പറഞ്ഞുകൊണ്ടു ചിലർ പ്രസംഗിച്ചു. കുറെയാളുകൾ ബഡ്ജററിനെ ഹനിക്കത്തക്ക വണ്ണം പ്രസംഗിച്ചു. നാം സ്വീകരിക്കേണ്ട നില എന്തു? ഈ രാജ്യത്തിനു ക്ഷേമകരമായ വിധത്തിൽ വേണ്ട നിർദ്ദേശങ്ങൾ ഗവൺമെൻറിന്റെ മുമ്പിൽ സമർപ്പിക്കുക എന്നുള്ളതാണു നമ്മുടെ കർത്തവ്യം. പാർട്ടിക്കു ദോഷം വന്നെങ്കിലോ, എന്തെങ്കിലും ചില രഹസ്യവസ്തുക്കൾ വെളിയിൽവന്നു പാർട്ടി ഗവൺമെൻറുതന്നെ പൊളിഞ്ഞുപോയെങ്കിലോ എന്നുള്ള യാതൊരു ആശങ്കയ്ക്കും അവകാശമില്ല. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പറഞ്ഞു ബഡ്ജററിന്റെ ലക്ഷ്യം ധനവിനിമയക്രമത്തിൽ ഇന്നു കാണുന്ന ഉച്ചനീചത്വങ്ങൾ നിർമ്മാർജ്ജനം ചെയ്തു സാധാരണക്കാരന്റെ ഒരു ബഡ്ജററു രൂപീകരിക്കുകയാണെന്നു. ഇതുവരെ ഒരു ബഡ്ജററു പ്രസംഗത്തിലും ഇങ്ങനെ ഒരു ലക്ഷ്യപ്രഖ്യാപനം ഉണ്ടായിട്ടില്ല. ഇതെന്തുമാത്രം നിറവേറി, എന്തുമാത്രം നിറവേറാൻ പോകുന്നു എന്നുള്ള വീക്ഷണഗതിയിലായിരിക്കും സാധാരണക്കാരൻ ഈ ബഡ്ജററിനെ നോക്കുന്നതു. (ബെൽ) "ഊട്ടിനു മുമ്പെ" എന്നു പറഞ്ഞതുപോലെ, "പ്രസംഗത്തിനു മുമ്പെ" വരണം. സാധാരണക്കാരൻ എന്നുദ്ദേശിക്കുന്നതു സാധാരണക്കാരനെയാണെന്നു എന്റെ സ്നേഹിതൻ മി. തമ്പി പറഞ്ഞു. Poor man's budget എന്നുള്ള ഇംഗ്ലീഷ് വാക്കിനെ മലയാളീകരിച്ചാണു സാധാരണക്കാരന്റെ ബഡ്ജററ് എന്നു പറയുന്നതു. സാധാരണക്കാരൻ വലിയ ഫൈനാൻഷ്യർ ഒന്നുമല്ല. അതിലെ കണക്കുകളോ സാമ്പത്തികപദ്ധതികളോ വച്ചു

കൊണ്ടല്ല സാധാരണക്കാരൻ ബഡ്ജറ്ററിനെ സംബന്ധിച്ച് ഒരു വിധി കൽപ്പിക്കുന്നതു്. എന്റെ സ്നേഹിതൻ മി.ചെറിയാൻ കാപ്പൻ പറഞ്ഞതുപോലെ വ കോടിരൂപാ നീക്കിവച്ചിട്ടുണ്ട്. ൧൦ കോടി രൂപാ ആവശ്യപ്പെട്ടിട്ടുണ്ട് എന്നൊക്കെ പറഞ്ഞാൽ ആ വ്യത്യാസത്തിന്റെ കാരണം സാധാരണക്കാരന് മനസ്സിലാവുകയില്ല; ഡിമാന്റ് എന്നോ ഗ്രാന്റ് എന്നോ പറഞ്ഞാലും സാധാരണക്കാരന് മനസ്സിലാവുകയില്ല. ഇവിടത്തെ സാധാരണക്കാരന് വേലയില്ല, കൂലിയില്ല, അവന് റേഷൻ വാങ്ങാൻപോലും നിവൃത്തിയില്ല. പഞ്ചവൽസരപദ്ധതിയെന്നും ദശവൽസരപദ്ധതിയെന്നും ദീർഘകാലപദ്ധതിയെന്നും ഹ്രസ്വകാലപദ്ധതിയെന്നുമൊക്കെ നാം ജനങ്ങളോടു പറഞ്ഞിരുന്നു. എന്നാൽ അതൊന്നും നടപ്പിൽ വരുത്തുന്നതിനു ബഡ്ജററിൽ provision ഇല്ല. ഈ പദ്ധതികൾ നടപ്പിൽ വരുത്തിയിരുന്നെങ്കിൽ തൊഴിലില്ലായ്മക്കു പരിഹാരം ഉണ്ടാകുമായിരുന്നു. ഭക്ഷ്യകാര്യത്തെക്കുറിച്ച് ഇവിടെ പലരും പറഞ്ഞുകഴിഞ്ഞു. ഉൽപ്പാദനം വർദ്ധിപ്പിക്കാതെ നിവൃത്തിയില്ല. ഉൽപ്പാദനം വർദ്ധിപ്പിക്കണമെങ്കിൽ കൃഷിക്കാരന്റെ നില അഭിവൃദ്ധിപ്പെടുത്തണം. (ബെൽ) കണിയാൻ വടി കുറുക്കിയതുപോലെ ഞങ്ങളുടെ സമയം കുറുക്കി ഇപ്പോഠം സമയമില്ലാതെ പ്രസംഗിക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നതു്. ഇവിടത്തെ കൃഷിക്കാരന് വളമില്ല, കൃഷിയായുധങ്ങളില്ല, കന്നുകാലികളില്ല, ഒന്നുമില്ല, അവവാങ്ങാൻ പണവുമില്ല. വിത്തു, വളം, വേലക്കൂലി ഇവയെല്ലാം നോക്കിയാണ് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതു്. അങ്ങനെനോക്കുമ്പോഠം ഒരു കൃഷിക്കാരനെത്തന്നെ കൃഷികാര്യമന്ത്രിയായി തിരഞ്ഞെടുത്തതു് അഭിനന്ദനാർഹം തന്നെ. ബഹു:മന്ത്രി നെഞ്ചത്തു കൈവച്ചുകൊണ്ടു് ഒരു പറ നെല്ലു് വിളയിക്കുന്നതിനു എന്തു ചെലവുവരുമെന്നു പറയട്ടെ. കുട്ടനാടൻ പ്രദേശങ്ങളിലാണെങ്കിൽ എന്തു ചെലവാകുമെന്നു ഞാൻ ബഹു:മന്ത്രിയോടു ചോദിക്കുന്നു. രണ്ടു രൂപയ്ക്കു് ഒരിടത്തും ഒരു പറനെല്ലു് വിളയിക്കാൻ സാദ്ധ്യമല്ല. ഞാൻ എന്റെ സ്വന്ത അനുഭവമാണ് പറയുന്നതു്. രണ്ടുരൂപാവച്ചു കൊടുക്കുന്ന നെല്ലു് മൂന്നും മൂന്നരയും രൂപാവച്ചു് തിരിച്ചു വിൽക്കുന്നു. ഇങ്ങനെയാണ് കർഷകന്റെ ദുരിതം. ചിന്തിക്കുകയും നേരു പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കൃഷിക്കാരനെ കരിഞ്ചന്തക്കാരനും കള്ളനും ആക്കാതെ ഗവണ്മെന്റ് സൂക്ഷിക്കണമെന്നാണ് എന്റെ അപേക്ഷ. കൃഷിക്കാരൻ സത്യസന്ധനാണ്. അവൻ ചീത്തയല്ല, അവനെ, അസാന്മാർഗ്ഗിക വഴികളിൽക്കൂടി സഞ്ചരിക്കുന്നതിനു നിർബ

[Mr. G. P. Neelakanta Pillai.]

ഡിക്കരുതേയെന്നു ഗവൺമെൻറിനോട് ഒന്നുകൂടി അപേക്ഷിച്ചുകൊള്ളുന്നു. മഹാത്മജി വിഭാവനം ചെയ്തിട്ടുള്ള മാതിരി ഒരു രാഷ്ട്രം സൃഷ്ടിക്കാനാണ് ഈ ഗവൺമെൻറിൻെറ ഉദ്ദേശം. അതിനുവേണ്ടി നാം ഏകോപിച്ച് പ്രവർത്തിക്കണം. മറെറാരു കാര്യം വളരെ ഹൃദയവേദനയോടെ പറയേണ്ടിയിരിക്കുന്നു. വർഗ്ഗീയത ഇന്നും വളരെ ബലവത്തായി തന്നെയിരിക്കുന്നു. ഒരാൾ ധനകാര്യമന്ത്രിയെ തൊടുകയാണെങ്കിൽ മറെറാരാൾ വിദ്യാഭ്യാസമന്ത്രിയെ പിടിച്ചതു തന്നെ. പിന്നൊരാൾ ലേബർ മന്ത്രിയെ നോക്കിപ്പോയെങ്കിൽ അടുത്തയാൾ ഗ്രാമോദ്ധാരണ മന്ത്രിയുടെ കാലുവച്ചതു തന്നെ. ൧൦ കൊല്ലം ഞങ്ങൾ വളരെ യാതനകളിൽകൂടി കെട്ടിപ്പടുത്തിട്ടുള്ള ഡെമോക്രാററിക്ക ഗവൺമെൻറിനെ ഉലയ്ക്കുന്നതിനു ഞങ്ങൾ ഒരിക്കലും അനുവദിക്കുന്നതല്ല. ഈ വർഗ്ഗീയതയും വിദ്വേഷവും നാം ഇനിയും വച്ചു പുലർത്തുന്നു എന്നു കാണുന്നതിൽ എനിക്കു അതിയായ ദുഃഖമുണ്ട്. ഈ രാജ്യം നന്നാകണമെങ്കിൽ ഈ ഗവൺമെൻറു വിജയിക്കണമെങ്കിൽ വർഗ്ഗീയത അവസാനിക്കുകതന്നെ വേണം. അതിനെന്തെല്ലാം ചെയ്യാമോ അതെല്ലാം ഗവൺമെൻറു ചെയ്യണം.

MR. ALEXANDER VAKAYIL : സർ, തിരുവിതാംകൂറിലെ ധനകാര്യമന്ത്രിയും കൃതിയായ ബഹു. പ്രധാനമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പ്രായപൂർത്തിവോട്ടവകാശാടിസ്ഥാനത്തിൽ ഭാരതത്തിൽ ആദ്യമായി സ്ഥാപിതമായ ഈ നിയമസഭയിൽ ഒരു ജനകീയമന്ത്രി ഒന്നാമതായി അവതരിപ്പിച്ചിരിക്കുന്ന ഒരു ബഡ്ജററാണിതു്. ജനകീയഭരണം ആരംഭിച്ചതോടുകൂടി പൊതുജനങ്ങളുടെ അഭിലാഷങ്ങളും ആവശ്യങ്ങളും പതിന്മടങ്ങു വർദ്ധിച്ചിട്ടുണ്ടു. ദാരിദ്ര്യവും തൊഴിലില്ലായ്മയും നാട്ടിൽ നിന്നു ഉടനടി നിർമ്മാർജ്ജനം ചെയ്യപ്പെടണമെന്നു അവർ ആവശ്യപ്പെടുന്നു. വിപുലമായ തോതിൽ വ്യവസായങ്ങൾ നാട്ടിൽ ഏർപ്പെടുത്തണം; ഭവനരഹിതരായ സാധുക്കളുടെ നന്മക്കായി ഒരു ഭവനനിർമ്മാണപദ്ധതി ആസൂത്രണം ചെയ്യപ്പെടണം; ഉൽപ്പാദനം വർദ്ധിപ്പിച്ച് ഒരു സാമ്പത്തിക പരിവർത്തനം തന്നെ വരുത്തണം. ഇപ്രകാരം അനേകമനേകം ആശകളും പ്രതീക്ഷകളും ജനങ്ങൾക്കുണ്ടായിട്ടുണ്ടെങ്കിൽ അതിൽ അതിശയിക്കാനില്ല. ഇങ്ങനെയുള്ള വമ്പിച്ച കാര്യങ്ങളൊക്കെ കേവലം നാലുമാസം

മാത്രം പ്രായമുള്ള ഒരു ജനകീയ മന്ത്രിസഭയ്ക്കു് ഇന്ദ്രജാലംപോലെ നിർവ്വഹിക്കാൻ സാധിക്കുകയില്ലെന്നുള്ള കാര്യം പൊതുജനങ്ങളും മനസ്സിലാക്കേണ്ടതാണു്. നമ്മുടെ ജനകീയഭരണത്തെക്കുറിച്ചു് ഒരു വിധി പ്രസ്താവിക്കേണ്ടകാലം ആയിട്ടില്ലെന്നോർമ്മിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാരും ബഹുമാനപ്പെട്ട മെമ്പറന്മാരും ഈ രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി അഭിപ്രായഭിന്നതകളെ മാററി ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ രാജ്യത്തു ഐശ്വര്യവും സമാധാനവും സംതൃപ്തിയും ഉണ്ടാകുകതന്നെ ചെയ്യും. പാവപ്പെട്ടവന്റെ രക്ഷയെയും ലാക്കാക്കിക്കൊണ്ടുള്ള ചില പദ്ധതികളും ഈ ബഡ്ജററിൽ കാണുന്നുണ്ടു്. അവയെല്ലാം ഒന്നൊന്നായി എടുത്തു പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അനേകം വ്യക്തികളുടെയും അനേകം കുടുംബങ്ങളുടെയും സമുദായങ്ങളുടെ തന്നെയും സാമ്പത്തികവും സാന്മാർഗ്ഗികവുമായ ക്ഷേമത്തെ മുൻനിറുത്തി പ്രൊഹിബിഷൻ പ്രസ്ഥാനം ഇവിടെ ഏർപ്പെടുത്തുവാൻ പോകുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. അതുപോലെ തന്നെ വിപുലമായ തോതിലുള്ള ഒരു ഗ്രാമോദ്ധാരണപദ്ധതി രൂപീകരിക്കുവാനുള്ള ശ്രമവും അഭിനന്ദനീയം തന്നെ. ഗാന്ധിയൻ ആദർശങ്ങളെ അക്ഷരം പ്രതി അനുവർത്തിക്കുന്ന ഒരു ബഹു: മന്ത്രിയുടെ കീഴിൽ ഈ രാജ്യത്തു് ഗ്രാമോദ്ധാരണ പ്രസ്ഥാനവും പ്രൊഹിബിഷൻ ആരംഭവും വിജയിക്കുമെന്നു ഞാൻ പരിപൂർണ്ണമായും വിശ്വസിക്കുന്നു.

ഇനി ചില പ്രായോഗിക നിർദ്ദേശങ്ങൾ ഈ സഭയുടെ മുമ്പിൽ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിൽ പ്രാധാന്യമർഹിക്കുന്നതു വിദ്യാഭ്യാസകാര്യമാണു്. ൮൯൪ ലക്ഷം രൂപാ, വിദ്യാഭ്യാസത്തിനായി നീക്കിവച്ചിട്ടുണ്ടു്. ഇതു സ്റ്റേററിന്റെ വരുമാനത്തിന്റെ ഏതാണ്ടു് ൨൩ ശതമാനം വരുന്നുണ്ടു്. ഇതൊരു വലിയ തുകയാണെന്നു ഞാൻ വിചാരിക്കുന്നില്ല. മദ്രാസ് പ്രാവിൻസിൽ വരവിന്റെ ൨൯ ശതമാനം വിദ്യാഭ്യാസത്തിനു കഴിഞ്ഞ ബഡ്ജററിൽ കൊള്ളിച്ചിരുന്നു. കൊച്ചീസംസ്ഥാനത്തിലാണെങ്കിൽ വരവിന്റെ ൨൭ ശതമാനം വിദ്യാഭ്യാസത്തിനായി നീക്കിവച്ചിരുന്നു. ഇവിടെയും ഒരു ൨൩ ശതമാനമെങ്കിലും നീക്കിവച്ചിട്ടുള്ളതിൽ ഞാൻ ബഹു: വിദ്യാഭ്യാസമന്ത്രിയെ അഭിനന്ദിക്കുന്നു. എന്നാൽ ഈ രാജ്യത്തു് പാവപ്പെട്ട അനേകായിരം പ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കുവേണ്ടി ഈ ബഡ്ജററിൽ ഒന്നും തന്നെ കൊള്ളിച്ചിട്ടില്ലെന്നുള്ള കാര്യം വളരെ ഖേദകരമാണു്. വെറും വ്യ ഉറപ്പികയാണു് കഴിഞ്ഞകാലങ്ങളിൽ അവർക്കു് കിട്ടിക്കൊണ്ടി

[Mr. Alexander Vakayil]

രുന്നതു്. ഇപ്പോൾ ൧൫ ഉറുപ്പിക അടിസ്ഥാനശമ്പളവും ൧൨ ഉറുപ്പിക ഡിയർനസ് അലവൻസും കൊടുക്കാൻ അനുവദിച്ചു. എന്നാൽ പഴയ വൃത്തിപോലും കിട്ടാതെ എട്ടുപത്തുമാസമായി അവർ നരകിക്കുന്നുണ്ടെന്നുള്ള സംഗതി ബഹു: മന്ത്രി അറിഞ്ഞിട്ടില്ലേ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഇന്നൊരു കൂലിക്കാരനു ശരാശരി മൂന്നുരൂപാ ശമ്പളംകിട്ടുന്നുണ്ടു്. എന്നാൽ നമ്മുടെ കൊച്ചുകുഞ്ഞുങ്ങളുടെ ആത്മാവു്, മനസ്സു്, ശരീരം, എന്നിവയെ പരിപോഷിപ്പിക്കുക എന്ന ഉത്തരവാദിത്വമുള്ള ജോലി നിർവഹിക്കുന്ന അദ്ധ്യാപകനു് ദിവസം ഒരുരൂപ്പിക ശമ്പളംപോലും കിട്ടുന്നില്ല. കൊച്ചിസംസ്ഥാനത്തിൽ എയിഡഡ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാൎക്കു് ൩൦ — ൪൦ ഉറുപ്പിക അടിസ്ഥാന ശമ്പളവും ഇരുപതു ഉറുപ്പിക ഡിയർനസ് അലവൻസും കിട്ടുന്നുണ്ടു്. മൈസൂറിലും ൩൦ — ൪൪ ഉറുപ്പിക ശമ്പളസ്കേയിലും ൨൦ ഉറുപ്പിക ഡീയർനസ് അലവൻസും കൊടുക്കുന്നുണ്ടു. അതുപോലെ മദ്രാസിലും ഒരു നല്ല തുക ശമ്പളം കൊടുക്കുന്നുണ്ടു്. നമ്മുടെ മന്ത്രിമാരുടെയും നിയമസഭാ മെമ്പറന്മാരുടെയും ശമ്പളവും അലവൻസും ഒക്കെ നിർണ്ണയിച്ചപ്പോൾ മദ്രാസിലെയും കൊച്ചിയിലെയും മൈസൂരിലേയും ഒക്കെ ശമ്പളവും അലവൻസും താരതമ്യപ്പെടുത്തിയില്ലേ. ഈ പാവപ്പെട്ട അദ്ധ്യാപകന്മാരുടെ കാൎയ്യത്തിൽ മാത്രം അതു് എന്തുകൊണ്ടു് പാടില്ല എന്നു ഞാൻ ചോദിക്കുന്നു (ബെൽ)

MR. P. CHACKO : സർ, ബഹു: ധനകാൎയ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ഞാൻ ആത്മാൎത്ഥമായി സ്വാഗതം ചെയ്യുന്നു. എന്നെ അങ്ങനെ സ്വാഗതം ചെയ്യുന്നതിനു പ്രേരിപ്പിച്ച പ്രധാന സംഗതി ൧൦ - ൧൨ കൊല്ലത്തെ യാതനകൾ അനുഭവിച്ചതിനുശേഷം സംജാതമായ കാൺഗ്രസ് ഗവണ്മെൻറു സമർപ്പിച്ചിട്ടുള്ള ഒരു ബഡ്ജററായതുകൊണ്ടാണു്. കൂടാതെ മദ്യനിരോധനം നടപ്പിലാക്കുന്ന ഒരു പദ്ധതി ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതുകൊണ്ടും ഗ്രാമവാസികളുടെ നിലയെ ഉയൎത്തുന്നതിനു മുൻ കൊല്ലങ്ങളിൽ കൊള്ളിച്ചിരുന്നതിനേക്കാൾ കൂടുതൽ തുക കൊള്ളിച്ചിട്ടുള്ളതുകൊണ്ടും മാത്രമാകുന്നു. ബഹു: ധനകാൎയ്യമന്ത്രി ഈ ബഡ്ജററു് അവതരിപ്പിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ ഇതു് ഒരു സാധാരണക്കാരൻെറ ബഡ്ജററാണെന്നു പ്രസ്താവിക്കുകയുണ്ടായി. സാധാരണക്കാരൻ ആരാണെന്നു എൻെറ ബഹു: മാന്യസ്നേഹിതൻ മി. ബാലകൃഷ്ണൻതമ്പി അവർകൾ

ഇവിടെ പ്രസ്താവിക്കുന്നതിന് ശ്രമിക്കുകയുണ്ടായി. ആരാണെന്നു നിശ്ചയം വരുത്തുന്നതിനു അദ്ദേഹത്തിനും സാധിച്ചില്ല. പാരമ്പര്യമായി ലഭിച്ചിട്ടുള്ള സ്വത്തുക്കൾ അനുഭവിച്ചുകൊണ്ടു മണിമാളികകളിൽ സുഖലോലുപന്മാരായി കഴിയുന്ന ആളുകളോ, അനുകൂലങ്ങളായ സാഹചര്യങ്ങൾ കൊണ്ട് ധനം ആർജ്ജിച്ചു വമ്പിച്ച തോതിൽ വ്യവസായം നടത്തി ധനാഢ്യരായി കഴിയുന്ന ആളുകളോ ഇവിടത്തെ സാധാരണക്കാരൻ ആണെന്നു ഞാൻ വിചാരിക്കുന്നില്ല. അന്തിയോളം പണിചെയ്താലും ആഹാരത്തിന് വകലഭിക്കാത്ത ഇവിടത്തെ തൊഴിലാളികൾ, അല്പം ശമ്പളം വാങ്ങുന്ന എൻ. ജി. ഓ. മാർ, പാവപ്പെട്ട പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാർ ഇവരെല്ലാമാണ് സാധാരണക്കാർ എന്നാണ് എന്നെപ്പോലെയുള്ളവർ വിശ്വസിക്കുന്നതു. അവരുടെ നില ഉയർത്തുന്നതിനു സഹായകരമായ എന്തെല്ലാം പദ്ധതികൾ ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നാണ് ഞാൻ ചോദിക്കുന്നതു്. കാൺഗ്രസ് ഗവണ്മെൻറു ഉടലെടുത്തയവസരത്തിൽ അരിക്കു വിലകൂട്ടിയെന്നു ആരോപണം നാട്ടിൻപുറത്തു താമസിക്കുന്നയാളുകളുടെ ഇടയിൽ ഉണ്ടെന്ന് അവരോട് അടുത്തു പെരുമാറുന്ന എന്നെപ്പോലെയുള്ളവർക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്. മദ്യനിരോധനം ഏർപ്പെടുത്തുന്നതു നിമിത്തം ഉണ്ടായേക്കാവുന്ന നഷ്ടത്തിൻെറ പരിഹാരത്തിനായി സെയിൽസ് ടാക്സ് ഇവിടെ ഏർപ്പെടുത്തുന്ന എന്നു ബഡ്ജററു പ്രസംഗത്തിൽ പ്രസ്താവിച്ചു കാണുന്നു. സെയിൽസു ടാക്സ് ഏതെല്ലാം സാധനങ്ങൾക്കാണു ഏർപ്പെടുത്തുന്നതെന്നറിവില്ല. തീർച്ചയായും സാധാരണക്കാരൻെറ നിത്യാവശ്യങ്ങൾക്കുള്ള സാധനങ്ങൾക്കും കൂടി വന്നേക്കുമെന്നു ഞാൻ ഭയപ്പെടുന്നു. സോഷ്യലിസ്റ്റ് സ്ഥാനത്തിന്മേൽ ഇവിടെ ഒരു ജനകീയ ഗവണ്മെൻറു സംജാതമാകുമെന്നു കാൺഗ്രസ് മാനിഫെസ്റ്റോവിൽ പറഞ്ഞിട്ടുണ്ടായിരുന്നു. അങ്ങനെയുള്ള ഒരു ഭരണം സൃഷ്ടിക്കുന്നതിനു വമ്പിച്ച ഭൂസ്വത്തുടമസ്ഥന്മാരിൽനിന്നും മററനേകവിധത്തിൽ സാമ്പത്തികമായി ഉയർന്നിരിക്കുന്ന ആളുകളിൽനിന്നും അല്പാല്പമായിട്ടെങ്കിലും എടുത്തു പാവപ്പെട്ടവനു കൊടുക്കുന്ന ഏർപ്പാടാണ് മറെറല്ലാരാജ്യങ്ങളിലും സ്വീകരിച്ചിരിക്കുന്നതു്. കഴിഞ്ഞ വർഷം ആദായനികുതിയിനത്തിൽ ൧൮൦ ലക്ഷം രൂപാ ബഡ്ജററിൽ കൊള്ളിച്ചിരുന്നതു ൧൪൦ ലക്ഷമായി ഈ ബഡ്ജററിൽ കുറഞ്ഞിരിക്കുന്നു. ഈ ൪൦ ലക്ഷത്തിൻെറ കുറവ് വ്യാപാരത്തിലും മററിനത്തിലും അല്പം മാന്ദ്യം ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് എന്ന് ബഹു: ധനകാര്യമന്ത്രി

[Mr. P. Chacko.]

പ്രസ്താവിച്ചു. എന്നാൽ സ്വൽപം കുറച്ചു ൩൫൦൦ രൂപയും മേലുള്ള ആദായത്തിനുകൂടി നികുതി ചുമത്തിയാൽ ഇതു് പരിഹരിക്കാവുന്നതാണു്. അവശസമുദായോദ്ധാരണത്തിലേക്കു നാലേകാൽ ലക്ഷം രൂപാ ഉൾക്കൊള്ളിച്ചിരിക്കുന്നതായി കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഈ രാജ്യത്തെ അവശ സമുദായക്കാർ ആരെല്ലാമാണെന്നു ബഹു; മെമ്പറന്മാർ ചോദിച്ച ചോദ്യങ്ങൾക്കു ഉത്തരം ലഭിച്ചിട്ടില്ല. ഇവിടത്തെ അവശസമുദായങ്ങൾക്കായി ഗവണ്മെൻറു നീക്കിവയ്ക്കുന്ന തുകയിൽ നിന്നുള്ള സഹായം ക്രിസ്ത്യാനികളായ അവശസമുദായക്കാർക്കു് ലഭിക്കുന്നതായിട്ടു് എനിക്കറിവില്ല. അവർക്കു് ഫീസ സൗജന്യവും ലഭിക്കുന്നില്ല. അതുപോലെ അവശസമുദായ ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തുന്ന ഹോസ്റ്റലുകളിലും അവർക്കു പ്രവേശനം ഇല്ല. ക്രിസ്ത്യാനികൾ ആയിപ്പോയി എന്നുള്ളതുകൊണ്ടുമാത്രം അവർ ഈ അസമത്വങ്ങൾ അനുഭവിക്കുകയാണു്. ഇതു് മുമ്പു നിലവിരുന്ന ഗവണ്മെൻറു് ചെയ്തതാണു്. ഇക്കാര്യത്തിൽ ഇവിടത്തെ സ്ഥിതിഗതികൾ നേരിട്ടറിയാവുന്ന ബഹു; മന്ത്രിമാരടങ്ങിയ ജനകീയഗവണ്മെൻറു ഒരു പരിഹാരം ഉണ്ടാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയും അപ്രകാരം ചെയ്യുമെന്നു് വിശ്വസിക്കുകയും ചെയ്യുന്നു.

MR. G. NEELAKANTAN : സർ, പ്രധാനമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇതിനു മുമ്പുള്ള ബഡ്ജററുകൾക്കൊന്നുമില്ലാത്ത ഒരു വിശേഷം ഞാൻ ഇതിൽ കാണുന്നുണ്ടു്. അതായതു ഉൽകൃഷ്ടമായ ഒരാദർശത്തെ അടിസ്ഥാനമാക്കിയാണു് ഈ ബഡ്ജററു് രൂപീകരിച്ചിട്ടുള്ളതു്. അതെന്തെന്നു ചോദിച്ചാൽ ജനായത്ത ഭരണത്തിൻെറ അടിസ്ഥാനമായി ഗ്രാമോദ്ധാരണ പദ്ധതിക്കു് ഈ ബഡ്ജററിൽ പ്രാധാന്യം കൊടുത്തുകാണുന്നു എന്നുള്ളതാണു്. ഈ ഗ്രാമോദ്ധാരണ പദ്ധതിയെപ്പററി ബഡ്ജററു് സമർപ്പിക്കുന്നതിനു മുമ്പായിട്ടു് ഒരു വില്ലേജ് പഞ്ചായത്തു ബിൽ ഹാജരാക്കിയിട്ടുണ്ടു്. ഗ്രാമോദ്ധാരണത്തിനുവേണ്ടി ൨൫ ലക്ഷം രൂപാ നീക്കിവച്ചിരിക്കുന്നു. ഈ ൨൫ ലക്ഷം രൂപയോടുകൂടി വിദ്യാഭ്യാസത്തിനു് ഒരു നല്ല തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. ഗ്രാമോദ്ധാരണത്തിനു് ഒരു പഞ്ചവത്സര പദ്ധതിയേയും ദശവത്സര പദ്ധതിയേയും പററി ചിന്തിക്കുന്നതു് സർവ്വത്ര അഭിനന്ദനീയമാണു്. ഇവിടെ ഒരു ഗൃഹനിർമ്മാണ പദ്ധതി ഉണ്ടാക്കണമെന്നു പറയുകയുണ്ടായി. ഈ

നാട്ടിൽ സാമാന്യം ഉപയോഗിക്കുന്നതിനു കൊള്ളാവുന്ന ഒരു കെട്ടിടം കെട്ടുന്നതിന് കുറഞ്ഞ പക്ഷം ൨൦൦൦ രൂപായെങ്കിലും വേണം. അതു കണക്കുവച്ചു നോക്കിയാൽ ഒരു ൧൫൦ — കോടി രൂപായെങ്കിലും അതിലേക്കു ആവശ്യമായിവരും. ഇങ്ങനെയുള്ള ഒരു പദ്ധതി ഇന്നത്തെ സാമ്പത്തിക സ്ഥിതി നോക്കുമ്പോൾ നമുക്കു സ്വീകരിക്കുവാൻ നിവൃത്തി യില്ല. ഗ്രാമോദ്ധാരണത്തിന് ഓരോ ഗ്രാമത്തിലും ഗ്രാമോദ്ധാരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ സാധിച്ചാൽ മാത്രമേ ഒക്കുകയുള്ളു. അതു കൊണ്ട് ഈ പദ്ധതികൾക്ക് ആവശ്യമുള്ള ധനം ഉണ്ടാക്കുന്നതിനാണ് നാം ഇപ്പോൾ ശ്രമിക്കേണ്ടതു്. ഈ പദ്ധതികൾക്കായി ഒരു കോടി നാല്പത്താറുലക്ഷം രൂപായോളം ഗവണ്മെന്റിനു വേണ്ടിവരും. മുമ്പിലത്തെ ഗവണ്മെന്റു നമ്മുടെ രാജ്യത്തെ ഉല്പാദനം വർദ്ധി പ്പിക്കുന്ന പല കമ്പനികളും ഉണ്ടാക്കിയിട്ടുണ്ട്. ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസ് കമ്പനിയെപ്പറ്റി പലതും കേൾക്കുന്നുണ്ട്. എന്നാൽ നമ്മുടെ ധനകാര്യമന്ത്രി അതിന്റെ യാഥാർത്ഥ്യങ്ങൾ ജന ങ്ങളുടെ മുമ്പിൽ പ്രസ്താവിച്ചിരിക്കുന്നു. അവിടെ അമോണിയം സൾ ഫേററു മുതലായ കെമിക്കലുകൾ ഉണ്ടാക്കുന്നതായി അറിയുന്നു.

(ബെൽ)

At this stage Mr. G. Neelakantan fainted and fell down in his seat. Immediately medical attendance was procured and it was found that Mr. Neelakantan had passed away.

The House adjourned for the day at 4-50. P. M. to meet again at 11 A. M. on the 10th August 1948.

R. KERALAVARMA THIRUMULPAD,

Ag. *Secretary to the Legislative Assembly.*

PROCEEDINGS
of
THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION.

Vol. II—No. 5.

Tuesday the 10th August 1948/26th Karkatakam 1123.

The Travancore Legislative Assembly met at 11 of the clock in the Legislative Chamber, Public Offices, Trivandrum, on Tuesday the 10th August 1948/26th Karkatakam 1123 with the President (the Honourable Mr. A. J. John) in the Chair.

Reference on the death of Mr. G. Nilakantan.

MR. PRESIDENT: ഈ സഭയിലെ ഒരു അംഗമായിരുന്ന ശ്രീ. നീലകണ്ഠൻ ഇന്നലെ വൈകുന്നേരം നിര്യാതനായ വിവരം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. ഈ സഭയിലെ അംഗം എന്ന നിലയിൽ അദ്ദേഹം നിർവഹിക്കേണ്ടതായ കൃത്യം നിർവഹിച്ചു ഉടൻ തന്നെയാണ് അദ്ദേഹത്തിന് ഈ അത്യാഹിതം നേരിട്ടത്. ശ്രീ. നീലകണ്ഠന്റെ നിര്യാണം ഈ സഭയ്ക്കും രാജ്യത്തിനും ഒരു നഷ്ടമാണെന്നുള്ളതിൽ തർക്കമില്ല. അദ്ദേഹത്തിന്റെ നിര്യാണത്തെപ്പറ്റി ഈ സഭയുടെ നേതാവ് ഒരു റഫറൻസ് ചെയ്യുന്നതായിരിക്കും.

HON'BLE MR. A. THANU PILLAI: സർ, ഇന്നലെ നടന്നതായ ഏറ്റവും ദുഃഖകരമായ സംഭവത്തെപ്പറ്റി അങ്ങ് സൂചിപ്പിച്ചു. മി. നീലകണ്ഠൻ ഈ സഭയിലെ ഒരംഗമായിരുന്നു. അതു സംബന്ധമായി അദ്ദേഹത്തിന്റെ ജോലി നിർവഹിച്ചുകൊണ്ടിരുന്നപ്പോൾ തന്നെയാണ് യഥാർത്ഥത്തിൽ ഇഹലോകവാസം വെടിയാൻ ഇടയായിട്ടുള്ളത്. ബഡ്ജറ്റ് സംബന്ധിച്ച് ഇന്നലെ അനൗദ്യോഗസ്ഥപക്ഷത്തുനിന്നും ഒടുവിൽ പ്രസംഗിച്ചത് അദ്ദേഹമായിരുന്നു. ആ പ്രസംഗം അദ്ദേഹത്തിന്റെ ഒടുവിലത്തെ പ്രസംഗമായിരുന്നു. ഈ ഹാളിൽ വച്ച് അദ്ദേഹത്തിന് ബോധക്ഷയമുണ്ടാകുകയും ഹാളിൽ നിന്ന് വെളിയിൽ വരാന്തയിലേക്ക് മാറ്റി കിടത്തുകയും ഉടൻ തന്നെ അദ്ദേഹം നമ്മെ വെടിയുകയുമാണ് ചെയ്തത്.

[Hon'ble Mr. A. Thanu Pillai]

മി. നീലകണ്ഠൻ ഈ സഭയിൽ അംഗമായി ചെയ്തിട്ടുള്ള പ്രവൃത്തികളെപ്പററി, അദ്ദേഹത്തിന് ആ നിലയിൽ ഉണ്ടായിരുന്ന താല്പര്യത്തെപ്പററി, ഞാൻ അങ്ങയെയോ ഈ സഭയിലെ മററംഗങ്ങളെയോ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. മി. നീലകണ്ഠനെപ്പററി ഇവിടെ കൂടിയിരിക്കുന്നവരിൽ പലക്കും അറിയാമായിരിക്കും. എങ്കിലും അദ്ദേഹത്തിൻെറ ജീവിതത്തിൽ പ്രത്യേകിച്ച് അറിയേണ്ടതായ പല കാര്യങ്ങളും ഉണ്ട്.

അദ്ദേഹം ൧൦൪൩-ാമാണ്ട് കൊല്ലത്ത് പെരിനാട് എന്ന സ്ഥലത്ത് ജനിച്ചു. കമ്മാളസമുദായത്തിലാണ് അദ്ദേഹം ജനിച്ചത്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് വേണ്ട സൗകര്യങ്ങൾ അക്കാലത്ത് ഇല്ലാതിരുന്ന ഒരു സമുദായമാണ് അത്. എന്നിട്ടും വിദ്യാഭ്യാസത്തിനുള്ള താല്പര്യംകൊണ്ട് മി. നീലകണ്ഠൻ ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്തു. മദ്രാസ് സർവകലാശാലയിൽ നിന്നും ഒരു ബി. ഏ. ബിരുദധാരിയായി. കമ്മാളസമുദായത്തിൽ തിരുവിതാംകൂറിൽ ആദ്യത്തെ ബി. ഏ. ക്കാരൻ അദ്ദേഹമായിരുന്നു. ഒരു ഉപാദ്ധ്യായൻ എന്നനിലയിൽ അദ്ദേഹം ആദ്യം സർവീസിൽ പ്രവേശിച്ചു. ഏതാനുംകാലം ഒരു മജിസ്ട്രേട്ടായും ജോലി നോക്കിയിരുന്നു. എന്നാൽ സർക്കാർ സർവീസിൽ മിക്കവാറും അദ്ദേഹം എക്സൈസ് ഡിപ്പാർട്ടുമെൻറിലായിരുന്നു കഴിച്ചുകൂട്ടിയത്. മി. നീലകണ്ഠൻ സർവീസിൽ നിന്ന് പെൻഷൻ പററിയപ്പോൾ അദ്ദേഹം ഒരു അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ മാത്രമേ ആയിരുന്നുള്ളു. എന്നു വച്ച് അദ്ദേഹത്തിൻെറ ജീവിതരീതിയെക്കുറിച്ചോ, സ്വഭാവശുദ്ധിയെക്കുറിച്ചോ, കാര്യക്ഷമതയെക്കുറിച്ചോ യാതൊരു സംശയത്തിനും ഇടയില്ല എന്നു മാത്രമല്ല തിരുവിതാംകൂർ സർവീസിൽ ഇരുന്നിട്ടുള്ളവരിൽ വളരെ ഉയർന്ന നിലയിൽ ഗണിക്കപ്പെടേണ്ട ഒരാളുമായിരുന്നു മി. നീലകണ്ഠൻ. സർക്കാരുദ്യോഗസ്ഥന്മാരെപ്പററി നാം പരിഗണിക്കുമ്പോൾ ഏതു ഉയന്ന പടിയിൽ എത്തി എന്നുള്ളതല്ല നോക്കേണ്ടത്. മി. നീലകണ്ഠന് അതിലും ഉയർന്ന ഉദ്യോഗം സിദ്ധിക്കാതിരുന്നതിൻെറ കാരണം അദ്ദേഹത്തിൻെറ കുററമല്ലെന്ന് മി. നീലകണ്ഠനെ നല്ലവണ്ണം അറിയാവുന്ന എനിക്ക് പറയാൻ സാധിക്കും. സ്വഭാവശുദ്ധിയിലും സത്യസന്ധതയിലും മി. നീലകണ്ഠനെ കവിഞ്ഞു നിൽക്കുന്ന ഉദ്യോഗസ്ഥന്മാർ ചുരുക്കമായിരുന്നു. അദ്ദേഹത്തിൻെറ സ്ഥാനത്ത് വളരെ ഭംഗിയായ നിലയിൽ കർത്തവ്യങ്ങൾ നിർവഹിക്കുകയും സത്യസന്ധനായ ഉദ്യോഗസ്ഥൻ എന്നുള്ള പേര് അദ്ദേഹം നിർവ്യാജമായി സമ്പാദിക്കുകയും ചെയ്തു.

പൊതുക്കാര്യങ്ങളിൽ മി. നീലകണ്ഠന് വളരെ വളരെ താൽപര്യമുണ്ടായിരുന്നു. സർവീസിൽ നിന്നും പിരിഞ്ഞതിനുശേഷം അദ്ദേഹം അലസജീവിതം കഴിക്കുകയല്ല ചെയ്തത്. തിരുവിതാംകൂർ നിയമസഭയിൽ ഒന്നിലധികം പ്രാവശ്യം അദ്ദേഹം മെംബറായിരുന്നു. അദ്ദേഹവും ഞാനും ഒരേ സമയത്ത് നിയമസഭാമെംബറന്മാരായിരുന്നിട്ടുണ്ട്. അന്നും അദ്ദേഹം പൊതുക്കാര്യങ്ങളിൽ വളരെ താൽപര്യവും അദ്ദേഹത്തിന്റെ ജോലി ചെയ്യുന്നതിന് വളരെ ശുഷ്കാന്തിയും പ്രദർശിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ സമുദായത്തെ സംബന്ധിച്ച കാര്യങ്ങളെല്ലാം കഴിയുന്നിടത്തോളം ഭംഗിയായി നടത്തണമെന്നു വിചാരിക്കുന്ന ഒരു മെംബറായിരുന്നു മി. നീലകണ്ഠൻ. ഈ സഭയിലെ മെംബർ ആയിരുന്നിട്ടും അദ്ദേഹം എല്ലാ കാര്യങ്ങളിലും വളരെ ജാഗ്രത കാണിച്ചിട്ടുള്ളതായി, ഇവിടെ പറയാതെ തന്നെ എല്ലാവർക്കും അറിയാവുന്നതാണ്. ശ്രീമാൻ നീലകണ്ഠന്റെ സ്വഭാവത്തെപ്പറ്റി പറയുകയാണെങ്കിൽ അദ്ദേഹം ഒരു അജാതശത്രു ആണെന്നു തന്നെ പറയാം. അന്യരെക്കുറിച്ച് ചീത്ത പറയുകയോ ചിന്തിക്കുകയോ അദ്ദേഹം ചെയ്യുകയില്ലായിരുന്നു. ഇംഗ്ലീഷിൽ പറയുകയാണെങ്കിൽ He was one who thought ill of few and spoke ill of none. അങ്ങനെ അദ്ദേഹത്തിന്റെ ജീവിതം അവസാനിച്ചിരിക്കുന്നു. അതു നാം പറയുമ്പോൾ ഈ സഭയ്ക്കും നാട്ടിനും ഒരു വലിയ നഷ്ടമാണ്. എന്നാൽ നമുക്ക് ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ആത്മാവിനു വേണ്ടി പ്രാർത്ഥിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാനില്ല. അദ്ദേഹത്തിന്റെ ഭാര്യയും മക്കളും മററു ബന്ധുക്കളും അദ്ദേഹത്തിന്റെ വിയോഗത്തിൽ ദുഃഖിക്കുകയാണ്. അവരോടൊപ്പം അനുശോചിക്കേണ്ടതു് നമ്മുടെ കർത്തവ്യമാണ്. അദ്ദേഹത്തിന്റെ ആത്മശാന്തിക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

MR. A. NESAMONY (*Vilavancode—S. I. U. C.*): Sir, we associate ourselves with all the sentiments that have been expressed by the President and the Premier. The news was so sudden and the end came so abruptly. When he had finished his remarks on the budget we saw him collapsed. Little did we think then that in so short a time he will breathe his last. The cruel hand of death has snatched him and though he has been transported so high, he leaves behind him a tradition of retired officers willing and coming forward to serve their community and this country. I have known Mr. Nilakantan as an honest and efficient officer; I have known him to be a very sympathetic officer too. I have known him as a member of the last Legislative Assembly when he was nominated to sponsor

the Kammala Bill. We were struck by his tenacity of purpose, his perseverance in pursuing an ideal which he thought was best suited to his community and the progress of the people. We have seen him now here in this Assembly and his voice was always heard and his endeavour to make us hear has been his physical fatigue. We bemoan his loss. Not only we but the country and his commuity have lost a good chum. May his soul rest in peace.

I also request you to communicate to his family our expression of sympathy in their bereavement. May God bless him.

MR. P. S. MUHAMMED (*Muvattupuzha I—Muslim*): സർ, ഏററവും ദുഃഖകരമായ ഒരു കൃത്യം നിർവഹിക്കുന്ന ഈ സന്ദർഭത്തിൽ ഞാനും എന്റെ പങ്കു നിർവഹിക്കാം എന്നു വിചാരിക്കുന്നു. മി. നീലകണ്ഠൻ ആദ്യമേ ഒരു വാദ്ധ്യാരായിട്ടാണ് അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതത്തിൽ പ്രവേശിച്ചതു് എന്നു് ഒസ്റ്ററവ് കാൺഗ്രസ് പാർട്ടി ലീഡർ പ്രസ്താവിച്ചു കഴിഞ്ഞു. എന്നാൽ ആ സേവനം അധികകാലം ചെയ്തതു് ആലപ്പുഴ പട്ടണത്തിലായിരുന്നു. അങ്ങനെ സേവനം നടത്തിയതു് അവിടത്തെ ഗവൺമെൻറു സ്കൂളിലായിരുന്നു. വാദ്ധ്യാരായിരുന്ന കാലമത്രയും അദ്ദേഹത്തോടു് വിദ്യാർത്ഥികൾ വളരെ സ്നേഹമായിട്ടാണ് കഴിഞ്ഞുകൂടിയതു്. അദ്ദേഹത്തിന്റെ വീട്ടിൽ അദ്ദേഹത്തിനു് ചുററും വിദ്യാർത്ഥികൾ കൂട്ടം കൂട്ടമായിരുന്നു. മജിസ്ട്രേട്ട് എന്ന നിലയിൽ അദ്ദേഹം കുറച്ചുകാലം മാത്രമേ ഉദ്യോഗം നിർവഹിച്ചുള്ളു. അദ്ദേഹം എക്സൈസ് ഡിപ്പാർട്ടുമെൻറിൽ പ്രവേശിച്ചു. അവിടെയും ഒരു ഒന്നാംതരം ഉദ്യോഗസ്ഥനായിട്ടാണ് അദ്ദേഹം കഴിഞ്ഞുകൂടിയതു്. അദ്ദേഹത്തിന്റെ സത്യസന്ധതയും സ്വഭാവശുദ്ധിയും മററുള്ളവർക്കു് ഒരു മാതൃകയായിരുന്നു.

ഒരു അസമത്വസമുദായത്തിൽപ്പെട്ട വിദ്യാഭ്യാസമുള്ള ഒരുത്തനു് മററുള്ളവരോടൊപ്പം പ്രവർത്തിക്കുവാൻ കഴിയുമെന്നുള്ളതിനു് അദ്ദേഹം ഒരുദാഹരണമായിരുന്നു. അദ്ദേഹം പെൻഷൻപററിയതിനുശേഷം വീട്ടിൽ വെറുതേ ഇരിക്കാതെ അദ്ദേഹത്തിന്റെ സമുദായത്തെ സംബന്ധിച്ച സംഗതികളിലും രാജ്യത്തിനു പൊതുവായ കാര്യങ്ങളിലും അദ്ദേഹത്തിന്റെ പങ്കു ശരിയായി നിർവഹിച്ചുകൊണ്ടിരുന്നു. പ്രധാനമന്ത്രി അവർകൾ പറഞ്ഞതുപോലെ ഇതിനുമുമ്പു മി. നീലകണ്ഠൻ അംഗമായിരുന്ന നിയമസഭയിൽ പ്രധാനമന്ത്രി കൂടി മെമ്പറായിരുന്നതുപോലെ ഞാനും ആ സഭയിൽ മെമ്പറായിരുന്നു. അദ്ദേഹത്തിന്റെ സമുദായത്തെ സംബന്ധിച്ചും രാജ്യത്തെ സംബന്ധിച്ചു പൊതുവേയും ഉള്ള കാര്യങ്ങളിൽ

അദ്ദേഹം വളരെ ശുഷ്കാന്തിയോടുകൂടി പ്രവർത്തിച്ചു എന്നു കാണാൻ സാധിക്കും. അതിനുശേഷം ബഹുമാനപ്പെട്ട മെംബർ മി. നേശമണി പറഞ്ഞതു പോലെ കമ്മാളബില്ലുസംബന്ധിച്ചും കഴിഞ്ഞ അസംബ്ലിയിൽ അദ്ദേഹം ചെയ്ത പ്രവൃത്തികൾ നമ്മൾ എല്ലാവരും കണ്ടറിഞ്ഞിട്ടുണ്ടു്. അവസാനമായി ഈ ഹൗസിൽ അദ്ദേഹം അവസാന നിമിഷം കഴിച്ചു കൂട്ടിയതു് നമുക്കു് ഒരു വലിയ ദുഃഖത്തിനു് കാരണമാക്കിയിരിക്കുന്നു. രാജ്യത്തെ സേവിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ മനസ്സും സന്തോഷവും അദ്ദേഹം അവസാനനിമിഷം വരെ പ്രദർശിപ്പിച്ചു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി അദ്ദേഹത്തിന്റെ ബന്ധുക്കളോടൊപ്പം നമുക്കും പ്രാർത്ഥിക്കാം.

MISS ANNIE MASCARENE (*Trivandrum I—Latin Catholic*): Sir, little did we dream during the proceedings of this session that we would have to reckon with the proceedings of the other world. Yesterday while rushing through the programme of the day—of all the days the most active day was yesterday,—we all rushed through the programme of this House, also allowing one of us to rush through us into the valley of death, leaving all of us baffled perplexed and to face that grim fact of death that some day or other we have to meet too. But the saddest lot of it was that he had spent the last minute of his life with us and not with his dearest and nearest ones. It is seldom that the proceedings of legislatures have to reckon with such incidents. Few men—and they are great men in the world—have met with a glorious death in the House of legislatures. I should think, Sir, that Mr. Nilakantan has had a glorious death and that it has been recorded in the proceedings of this House. He reminds us of one grim but real fact "Life I know not what thou art, but I know that thou and I must part."

Eternal peace to his soul.

MR. P. KUNJUKRISHNAN (*Quilon II—General*) : എത്രയും ഖേദകരമായ സമയത്താണു് നാം ഇവിടെ കൂടിയിരിക്കുന്നതു്. ഈ സഭയിലെ ഒരു മെംബർ എന്ന നിലയിലും സാമാന്യജനങ്ങളുടെ ഒരു ഗുണകാംക്ഷി എന്ന നിലയിലും ഒരു പൊതുകാര്യപ്രസക്തൻ എന്ന നിലയിലും ഒരു സർക്കാരുദ്യോഗസ്ഥൻ എന്ന നിലയിലും പൊതുജനങ്ങളുടെ അഭിനന്ദനം ആർജ്ജിച്ചിരുന്ന മി. ജി. നിലകണ്ഠൻ അവർകളുടെ അകാലചരമം നമുക്കും രാജ്യത്തിനും അത്യന്തം ദുഃഖകരമായിട്ടുള്ളതാണു്. അദ്ദേഹം എന്റെ സ്വദേശി എന്ന നിലയിൽ എനിക്കു് വ്യക്തിപരമായും ഈ ചരമത്തിൽ അത്യധികമായ ദുഃഖം ഉണ്ടു്. ശ്രീമാൻ ജി. നീലകണ്ഠന്റെ

[Mr. P. Kunjukrishnan]

ജീവിതത്തിലെ ആദ്യകാലത്തിലെ ഒരു ചരിത്രം ഈ അവസരത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. സർക്കാരുദ്യോഗത്തിൽ പ്രവേശിക്കുന്നതിനു മുമ്പ് അദ്ദേഹം പൊതുകാര്യങ്ങളിൽ പ്രവേശിച്ചിരുന്ന ഒരാളായിരുന്നു. വളരെ കാലത്തിനു മുമ്പ് പറവൂർ നിന്നും അക്കാലത്ത് നടത്തിവന്ന "ദീനാനുകമ്പ" എന്ന പത്രത്തിന്റെ പ്രവർത്തനം ഏറ്റെടുത്തു നടത്തി പൊതുജനസേവനം ചെയ്തിട്ടുള്ള ആളാണ്. അതിനുശേഷം ആണ് അദ്ദേഹം ഗവണ്മെന്റു സർവ്വീസിൽ പ്രവേശിച്ചത്. ഗവണ്മെന്റു സർവ്വീസിലും അദ്ദേഹം സ്വാഗതാർഹമായി പ്രവർത്തിച്ചിട്ടുണ്ട്. അതിനുശേഷം ഉള്ള ഈ ദീർഘസംവത്സരങ്ങളിൽ അദ്ദേഹം സമുദായത്തിനുവേണ്ടിയും രാജ്യത്തിനുവേണ്ടിയും അക്ഷീണം പരിശ്രമിച്ചിട്ടുണ്ട് എന്ന് ഇവിടത്തെ പ്രസംഗങ്ങളിൽ നിന്നും അല്ലാതെയും നമുക്കറിയാം. ശ്രീമാൻ നീലകണ്ഠൻ അദ്ദേഹത്തിന്റെ ജീവിതംകൊണ്ട് അദ്ദേഹത്തിന്റെ സമുദായത്തിന്, വിശേഷിച്ച് പല അവശതകളും ഉള്ള അദ്ദേഹത്തിന്റെ സമുദായത്തിന് ഒരു മാർഗ്ഗദർശിയായിരുന്നു. അദ്ദേഹത്തിന്റെ ചരമത്തിൽ അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളോടൊപ്പം അനുശോചിക്കുകയും അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നൽകുന്നതിനു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

MR. KUMARAN ASARI (*Meenachil I—Kammala*) : സർ, ഈ സഭയിലെ ഒരംഗം ആയിരുന്ന ജി. നീലകണ്ഠൻ അവർകൾ ഈ സഭയിൽ വച്ച് നിര്യാതനായ വിവരം നമുക്കെല്ലാവർക്കും വേദനാജനകമാണ്. അദ്ദേഹം ഈ സഭയിലെ ഒരു മെമ്പറായ ശേഷം ഈ സഭയോടു ചെയ്യേണ്ട സകല കാര്യങ്ങളിലും ജാഗരൂകനായിരുന്നു എന്നും ഇന്നലെ ഇവിടെ നടത്തേണ്ട പ്രസംഗവും അദ്ദേഹം കഴിയുന്നതും ശരിയായി നടത്തിയശേഷം ആണ് നിര്യാതനായത് എന്നും നമുക്കറിയാം. ഇപ്രകാരമുള്ള ഒരു മരണം സാധാരണ ഉണ്ടാകുന്നതല്ലെന്നും അദ്ദേഹത്തിന് ഇങ്ങനെ ഒരു ഭാഗ്യം സിദ്ധിച്ചതിൽ അദ്ദേഹത്തിന്റെ കുടുംബത്തോടുള്ള നമ്മുടെ കടമ വിസ്മരിക്കത്തക്കതല്ലെന്നും പറഞ്ഞുകൊള്ളുന്നു. അദ്ദേഹം വിദ്യാഭ്യാസപരമായി മുന്നണിയിൽ എത്തിയ ഒരാളാണ് എന്നു ഞങ്ങളുടെ സമുദായത്തിൽ എല്ലാവർക്കും അറിയാം. വിദ്യാഭ്യാസത്തിൽ നമ്മുടെ നാട്ട് പിന്നോക്കമായിരുന്ന അവസരത്തിലാണ് അദ്ദേഹം ബി. ഏ. പാസ്സായത്. അദ്ദേഹം ഔദ്യോഗികജീവിതത്തിൽ ഏർപ്പെട്ടിരുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ ജോലികൾ ചുമതലബോധത്തോടുകൂടിയും കൃത്യസമത്തും ചെയ്തിരുന്നു എന്ന് അദ്ദേഹത്തെ

[Mr. Kumaran Asari]

പരിചയമുള്ള ഓരോരുത്തർക്കും ശരിയായി അറിയാവുന്ന സംഗതിയാണ്. അതുകൂടാതെ അദ്ദേഹം ഒരു പൊതുജനസേവകൻ എന്ന നിലയിൽ എല്ലാവരും അദ്ദേഹത്തെ അഭിനന്ദിക്കുന്നു. പ്രത്യേകിച്ചു ഞങ്ങളുടെ സമുദായത്തെപ്പറ്റി പറഞ്ഞാൽ ആ സമുദായത്തിന്റെ അഭിവൃദ്ധിക്കും ഐശ്വര്യത്തിനും വേണ്ടി വേണ്ടവണ്ണം അദ്ദേഹം പ്രയത്നിച്ചിട്ടുണ്ട്. പിരിഞ്ഞുനിന്ന ഞങ്ങളുടെ സമുദായത്തെ ഒന്നാക്കുന്നതിനുവേണ്ടി "വിശ്വകർമ്മസമിതി" എന്ന ഒരു സംഘടനയുണ്ടാക്കി ആ സംഘടനയിൽ എല്ലാവരും ഒന്നായി സംഘടിക്കാൻവേണ്ടി അദ്ദേഹം പരിശ്രമിച്ചു. ഏതായിരുന്നാലും അദ്ദേഹം ജനസേവനത്തിനുവേണ്ടി അക്ഷീണപ്രയത്നം ചെയ്തു. വിശേഷിച്ച് അദ്ദേഹം ഈ സഭയിൽ വച്ചു മരിച്ചതിൽ നമുക്ക് അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളോടുള്ള വ്യസനം പ്രകാശിപ്പിക്കുകയും അദ്ദേഹത്തിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

MR. K. RAMACHANDRAN (*Pathanamthitta I—Kammala*): Sir, I am deeply moved by the sudden demise of Mr. G. Nilakantan. With the demise of Mr. Nilakantan we have lost a great personality and the community which he represented has lost its father. He really was a great inspiration for his community and during his leadership it was growing from prosperity to prosperity. He was the first graduate of his community and if I remember right, the second graduate of Quilon taluk. At that time it was considered a great achievement especially in a community which was very backward in education. He had an opportunity to serve the Government of this State in various capacities, as a teacher, as a judicial officer and lastly as an Assistant Excise Commissioner. His services were always quite exemplary and he tried his level best to put down corruption in the departments he had charge of. In character and nobility Mr. Nilakantan has been second to none and he was always an inspiration and source of guidance to the youths of this country. He was also much interested in the cause of the poor and had he been living for a few more years, he would have been able to do a lot for his community and for the general good of the people at large. He was really keen in the uplift and well being of the population of this State, and his experience and knowledge would have helped us. Sir, in his demise as I have already said, the whole Viswakarma community deeply regret and it is really an irreparable loss to the entire population of that community. I sympathise with the bereaved family he has left and pray that his soul rest in peace.

MR. PRESIDENT : മി. ജി. നീലകണ്ഠന്റെ ചരമത്തെപ്പറ്റി ബഹുമാനാർഹമായ പ്രസംഗങ്ങൾ കഴിഞ്ഞു. തൽസംബന്ധമായി ഈ സഭ ഇപ്പോൾ പിരിയുന്നതും വീണ്ടും രണ്ടുമണിക്കു കൂടുന്നതുമാണ്.

[Mr. President.]

ഇന്നത്തെ ചോദ്യോത്തരങ്ങൾ മേശപ്പുറത്തു വയ്ക്കുന്നതും, സഭാ നടപടികളിൽ അനുബന്ധമായി പ്രസിദ്ധപ്പെടുത്തുന്നതുമായിരിക്കും.

The Assembly adjourned at 11-30 A. M. and met again at 2 P. M. with the President (the Hon'ble Mr. A. J. John) in the Chair.

FINANCIAL BUSINESS.

General Discussion on the Budget (contd.)

HON'BLE MR. A. THANU PILLAI: സർ, എന്റെ ബഡ്ജററിനെ സംബന്ധിച്ച് ഇവിടെ മെമ്പറന്മാർ നടത്തിയ പ്രസംഗങ്ങൾ ഞാൻ എത്രയും ശ്രദ്ധാപൂർവ്വംതന്നെ കേട്ടു. ബഡ്ജററിനെപ്പററി ഉണ്ടായതായ വിമർശനങ്ങൾക്കു ഞാൻ സ്നേഹപൂർവ്വം നന്ദിപറഞ്ഞുകൊള്ളുന്നു. ഈ വിമർശനങ്ങൾ സാമാന്യേന ബഡ്ജററിനെ സ്വാഗതം ചെയ്തുകൊണ്ടുള്ളവയായിരുന്നു എന്നുള്ളതും ചാരിതാർത്ഥ്യജനകം തന്നെയാണ്. എന്നാൽ ആദ്യമേതന്നെ ബഡ്ജററ് അവതരിപ്പിച്ചപ്പോൾ പറഞ്ഞതുപോലെ ഇതു് ന്യൂനതകളൊന്നും ഇല്ലാത്ത ഒരു ബഡ്ജററ് ആണെന്നു് അവകാശപ്പെടുന്നില്ല. ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ കഴിവുള്ളത്ര നാട്ടിലെ സാമാന്യജനങ്ങളുടെ ക്ഷേമത്തെ മുൻനിറുത്തി തയാറാക്കീട്ടുള്ള ബഡ്ജററാണെന്നു ഞാൻ ആദ്യം പറഞ്ഞതു വീണ്ടും ആവർത്തിച്ചുകൊള്ളുന്നു. ബഡ്ജററ് ഇതിൽ കൂടുതൽ ഭംഗിയാക്കാൻ കഴിയുമെന്നുള്ളതിൽ സംശയമില്ല. ജനക്ഷേമകരങ്ങളായ മററു കാര്യങ്ങൾക്കു കൂടി പണം നീക്കിവയ്ക്കാമായിരുന്നില്ലേ എന്നു് ചിലർ ചോദിക്കുകയുണ്ടായി. നീക്കിവയ്ക്കാമായിരുന്നു. എന്നാൽ തൽക്കാലപരിതഃസ്ഥിതിയിൽ കഴിവുള്ളതു ചെയ്യുവാൻ ശ്രമിച്ചിട്ടുണ്ടു്. അതിപ്രധാനമായ സംഗതികളിൽ ശ്രദ്ധിച്ചും വേണ്ടിടത്തോളം വിനയത്തോടും ആത്മവിശ്വാസത്തോടും കൂടിയാണ് ഈ ബഡ്ജററ് തയാറാക്കീട്ടുള്ളതു് എന്നാണ് എന്റെ വിശ്വാസം. ഈ ബഡ്ജററിനെപ്പററി ചിലർ ചില ആക്ഷേപങ്ങളും പുറപ്പെടുവിക്കാതിരുന്നില്ല. അവയ്ക്കെല്ലാം കഴിവുള്ളിടത്തോളം മറുപടി പറയണമെന്നുദ്ദേശിക്കുന്നു. പല മെംബറന്മാരും പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ വളരെ കാര്യമായി ഗവണ്മെൻറ് പര്യാലോചിക്കുമെന്നും ആ പര്യാലോചനയുടെ ഫലമായി ഏതുവിധത്തിലാണു വർത്തിക്കേണ്ടതു് എന്നു തീരുമാനിച്ചു് കഴിയുന്നതും വേഗം ഈ സഭയിലെ മെംബറന്മാരുടെ അഭിപ്രായങ്ങൾക്കനുകൂലമായ രീതിയിൽ ഗവണ്മെൻറ് പ്രവർത്തിക്കുമെന്നും ഞാൻ ആദ്യമേ

തന്നെ പ്രസ്താവിച്ചുകൊള്ളുന്നു. ബഡ്ജററിനെപ്പററി ശ്രീമാൻ ശിവരാമപിള്ള ഇവിടെ പുറപ്പെടുവിച്ച ആക്ഷേപങ്ങൾക്ക് ആദ്യം ഞാൻ മറുപടി പറയാം.

അദ്ദേഹം ആദ്യമായി പുറപ്പെടുവിച്ച ആക്ഷേപം കടങ്ങൾക്ക് പലിശകൊടുക്കുവാനായി നീക്കിവച്ചിട്ടുള്ള തുക യഥാർത്ഥത്തിൽ പലിശ തുല്യമായി നോക്കുന്നപക്ഷം കൊടുക്കുവാൻ തികഞ്ഞുവരുന്നതല്ലാ എന്നാണ്. അതിനെപ്പററി പറയാനുള്ളതു് ഈ ഇനത്തിൽ നീക്കിവച്ചിട്ടുള്ള തുകയും യഥാർത്ഥത്തിൽ കൊടുത്തുതീർക്കേണ്ട തുകയും തമ്മിൽ വലിയ വ്യത്യാസം ഇല്ലെന്നാണ്. കൊടുക്കേണ്ട പലിശ മുഴുവൻ കണക്കാക്കിയാലും തന്നെ ആണ്ടുതോറും ആ തുക മുഴുവൻ കൊടുക്കേണ്ടതായി വരുന്നില്ല. അതുകൊണ്ടു തുകയ്ക്കു വ്യത്യാസം ഉണ്ടായിരുന്നാലും അതു ബഡ്ജററിനെ സാരമായി ബാധിക്കുന്ന ഒന്നാണെന്നു വിചാരിക്കേണ്ട ആവശ്യമില്ല. ചിലപ്പോൾ ഉടമസ്ഥന്മാർ മരിച്ചിരിക്കാം. സക്സഷൻ സർട്ടിഫിക്കററു കിട്ടുവാനും മററും വന്നുചേരുന്ന കാലതാമസം കൊണ്ടും കൈമാററം ചെയ്യുതുകൊണ്ടും മററും അതാതു ആണ്ടിൽ കൊടുക്കേണ്ട തുക കൊടുക്കേണ്ടതായി വരുകയില്ല. മി. ശിവരാമപിള്ള പറഞ്ഞതുപോലെ പലിശ ഇനത്തിൽ കൊടുക്കേണ്ടതു് ൧൧,൦൩,൦൦൦ രൂപായാണ്. ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു് ൧൦,൩൧,൦൦൦ രൂപായുമാണ്. വ്യത്യാസം വളരെ തുച്ഛമാണെന്നു കാണാം. അതുകൊണ്ടു് ഈ കാര്യത്തിൽ വളരെ വിഷമിക്കാനൊന്നുമില്ലെന്നു ബഹു. മെമ്പറന്മാർ ധരിക്കണം. ബഡ്ജററിലെ വേയ്സ് ആൻഡ് മീൻസ് (Ways and Means) എന്ന ഭാഗത്തിൽ കാണുന്ന ചില ഐററത്തെ പററിയും മി. ശിവരാമപിള്ള ആക്ഷേപം പുറപ്പെടുവിക്കയുണ്ടായി. ൧൧൨൩-ലും ൧൧൨൪-ലും കാണിച്ചിരിക്കുന്ന ക്യാഷ്ബാലൻസ് യഥാർത്ഥമല്ലെന്നും ആ ക്യാഷ്ബാലൻസ് ഉണ്ടാകുന്നതല്ലെന്നും അദ്ദേഹം പറയുന്നു. അതിന് അദ്ദേഹം കാരണമായി പറയുന്നതു് ൧൧൨൩-ൽ ബാങ്കിൽനിന്നും നാലരകോടി രൂപാ കടം എടുത്തിട്ടുണ്ടു്. ൧൧൨൪-ലും ഒരുകോടി രൂപാ കടം എടുക്കേണ്ടിവരും. ആ സ്ഥിതിക്കു് ൧൧൨൪ അവസാനത്തിൽ ൩.൭ കോടി രൂപാ ക്യാഷ് ബാലൻസായി കാണിച്ചിരിക്കുന്നതിൽ നിന്നും അഞ്ചരകോടി രൂപാ കുറക്കണമെന്നും അങ്ങനെ കുറച്ചാൽ ൧.൯ കോടി രൂപാ കുറവു വരുമെന്നുമാണ്. അതിനെപ്പററി എനിക്കു പറയുവാനുള്ളതു് ഇതാണ്. കടംവാങ്ങിയ കാര്യവും

[Hon'ble Mr. A. Thanu Pillai.]

കടം വാങ്ങിക്കേണ്ട കാര്യവും മറച്ചുവച്ചിട്ടില്ല. ൧൧൨൨ ആദ്യം ൭ കോടിയിൽ ചില്വാനം രൂപാ മിച്ചമുണ്ടായിരുന്നു. ആ തുക സെക്യൂരിറ്റിയിലും ഇൻഡസ്ട്രിയൽ കൺസേൺസിലും മററും മുടക്കിയിട്ടുണ്ട്. ൧൯൪൭ ആഗസ്റ്റ് ൧൪-ാംനു-ക്ക മുൻപു നമ്മൾ അധികാരമേൽക്കുന്നതിൽ കൊടുക്കേണ്ടതായ രൂപാ ഒരുമിച്ചുകൊടുക്കേണ്ടിവന്നു. അതു് ആറുകോടി രൂപയാണ്. ഈ കാര്യത്തിനുവേണ്ടി ബാങ്കിൽനിന്നും കടം എടുക്കേണ്ടതായി വന്നു. ഈ ആണ്ടിലും അടുത്തയാണ്ടിലും ഉള്ള ബഡ്ജററിൽ അതു കടമായി കാണിച്ചിട്ടുണ്ട്. ലയബിലിററി സ്റ്റേററുമെൻറിൽ അതു വിശദമായി കാണിച്ചിട്ടുണ്ട്. ക്യാഷ് ബാലൻസ് കാണിക്കുന്നതിൽ ഈ കടം ഉൾപ്പെടുത്തേണ്ട ആവശ്യമില്ല. ഈ കടം സാധാരണയുള്ള റവന്യൂവിൽനിന്നും കൊടുക്കേണ്ടി വരികയില്ല. വേണ്ടിവന്നാൽ അസ്സററ്സിൽ നിന്നോ അല്ലാത്തപക്ഷം മററൊരു കടം എടുത്തോ ഈ കടം തീർക്കാം. അതിനാൽ ഇവിടെ പ്രസ്താവിച്ച രീതിയിലുള്ള ക്യാഷ്ബാലൻസ് ഉണ്ടാകയില്ലെന്നു പറയുന്നതു ശരിയല്ല.

MR. K. SIVARAMA PILLAI (*Thovala—General*) Over draft account பற்றைசக்காக expenditure side-ல் provision எழுதப்பட்டிருக்கிறதா?

HON'BLE MR. A. THANU PILLAI : ഇൻററസ്റ്റ് ഓൺ ഓവർഡ്രാഫ്റ്റ് അക്കൗണ്ട് ഇതു് ബഡ്ജററിൽ ൧൦൪-ാം വകുപ്പു് ഈ പേരിൽ ൧൧൨൪-ലേക്ക് ൬ ലക്ഷം രൂപാ തന്നെ വച്ചിട്ടുണ്ട്. പിന്നെ അദ്ദേഹം അസറ്റ്സിനെപ്പററി പറയുന്നതു് ഇങ്ങനെയാണ്. ൧൧൨൨ അവസാനത്തിൽ ൨൪.൯ ലക്ഷംരൂപാ അസററ് ഉണ്ടായിരുന്നതു് ൧൧൨൪ അവസാനം ആകുമ്പോൾ ൨൯.൬ ലക്ഷം രൂപാ എന്നു പറയുന്നതു് ശരിയല്ലാ എന്നു പറയുന്നു. അതിന് അദ്ദേഹം പറയുന്ന കാരണം ഇങ്ങനെ അസററു വരികയാണെങ്കിൽ യഥാർത്ഥമായ അസററ് എന്ന ഇനത്തിൽ ബുള്ളിയൻ അക്കൌണ്ട്സ് ഇൻവെസ്ററുമെൻറ്, ഇൻഗിൽററു എഡ്ജിഡ് സെക്യൂറിററി സിങ്കിംഗ് ഫണ്ട്, റിസർവുഫണ്ട് ഈ ഇനങ്ങൾ ഉൾപ്പെടുന്നതാണ്. ഈ ഇനങ്ങളിൽ ൧൧൨൩ ആദ്യം പത്തുകോടിയിൽ ചില്വാനം രൂപാ ഉണ്ടായിരുന്നതു് ൧൧൨൪ അവസാനത്തിൽ ൬ കോടിയിൽ ചില്വാനം ആകുമെന്നാണ് ആക്ഷേപം. അതിനെപ്പററി എനിക്കു പറയുവാനുള്ളതു് ഈ തുക പല ഇൻഡസ്ട്രിയൽ കൺസേൺസിലും റിപ്രൊഡക്ററിവ് കൺസേൺസിലും

മുടക്കിയിരിക്കയാണെന്നും അതുകൊണ്ടാണ് ഈ കുറവു വന്നിട്ടുള്ളതെന്നും ബഹു. മെംബറന്മാർ ധരിക്കണം. അല്ലാതെ മി. ശിവരാമ പിള്ള പറയുന്ന രീതിയിൽ അതു് അസെററിന്റെ ഒരു കുറവായി വരുന്നില്ല. പിന്നെ അദ്ദേഹം, സ്പെഷ്യൽ ലോണിനു വ്യ,൯൩,൦ ൦ ൦ രൂപ യാണ് കൊള്ളിച്ചിരിക്കുന്നതു്. ഇതിൽ ൫ ൦ ലക്ഷം രൂപാ അൺ ഫണ്ടഡു് അക്കൗണ്ട്സ് എന്ന ഇനത്തിൽ കൊള്ളിച്ചിരിക്കുന്നതിനു പുറമെ ആണെന്നു പറഞ്ഞതും ശരിയല്ല. ഇതു് അൺഫണ്ടഡു് അക്കൗണ്ടിൽ നിന്നും വിട്ടുവാൻ ഉദ്ദേശിച്ചിട്ടില്ല. അതു മററു പ്രകാരത്തിൽ കൊടുക്കുവാൻ സാധിക്കും. സേവിംഗ് ബാങ്കു ഡിപ്പോസിററിനെപ്പററിയാണ് അദ്ദേഹം പരാമർശിക്കുന്നതു് എന്നു തോന്നുന്നു. ഫാർമലായി അതിന്റെ കണക്കുകൂടി ഇവിടെ കാണിച്ചു എന്നേയുള്ളു. അതിനായി പ്രത്യേകം ഒരു കടം കാണിക്കുന്നതു് ശരിയല്ല.

ഇനി ശ്രീമാൻ ശിവരാമപിള്ള പറഞ്ഞ ആക്ഷേപങ്ങൾക്കു പുറമേ മി. നേശമണി പുറപ്പെടുവിച്ചു രണ്ടു് ആക്ഷേപങ്ങളെപ്പററി ചിലതു പറയുവാനുണ്ടു്. അദ്ദേഹം പറഞ്ഞതു് കസ്റ്റംസ്, ഇൻകംടാക്സ് ഇവ സെൻട്രൽ റവന്യൂവിലുൾപ്പെടുന്നതുകൊണ്ടു് ചില വിഷമങ്ങൾ ഉണ്ടാകുമെന്നാണ്. നാം ഏതായാലും ഇൻഡ്യൻയൂണിയനിൽ ചേർന്നുകഴിഞ്ഞു. ഇൻഡ്യൻയൂണിയനിൽ ചേർന്നാണ് മേലാലും തുടരുവാൻ പോകുന്നതു്. എന്നാൽ തിരുവിതാംകൂറിലെ ധനാഗമ മാർഗ്ഗങ്ങളും ഇവിടുത്തെ ഭരണച്ചെലവും എല്ലാം നോക്കുമ്പോൾ ഈ നാട്ടിന്റെ ഭാവിക്ക് തടസ്സമുണ്ടാകുന്ന എന്തെങ്കിലും വ്യവസ്ഥ ഇൻഡ്യാഗവൺമെൻറും നമ്മളും തമ്മിൽ ഉണ്ടാകുമെന്നു പ്രതീക്ഷിക്കേണ്ട എന്നാണ് എനിക്കു പറയാനുള്ളതു്. ഇൻഡ്യാഗവൺമെൻറും നമ്മുടെ ഗവൺമെൻറും തമ്മിൽ ഇതു സംബന്ധിച്ചു വ്യവസ്ഥചെയ്യേണ്ടതുണ്ടു്. ആ വ്യവസ്ഥ തിരുവിതാംകൂറിനു ദോഷകരമായി വരുമെന്നു ഞാൻ ഭയപ്പെടുന്നില്ല. ഇൻഡ്യാഗവൺമെൻറിന് ഇതിൽ ഒരു ചുമതലയുണ്ടു്. പല പ്രവിശ്യകളും സ്റ്റേററുകളും ഒരേതരത്തിലല്ല ചെലവു് ക്രമീകരിച്ചിട്ടുള്ളതു്. തിരുവിതാംകൂറിന്റെ കാര്യം പ്രത്യേകിച്ചു് ഇൻഡ്യാഗവൺമെൻറ് കരുതുമെന്നാണ് എന്റെ വിശ്വാസം. ഇല്ലെങ്കിൽ ഈവക പരിതഃസ്ഥിതിയെ പരിഗണിച്ചു് നമ്മുടെ നാട്ടിന്റെ ക്ഷേമത്തിന് ദോഷമുണ്ടാകാതെ ഇരിക്കുവാൻവേണ്ടി നമുക്കു ശ്രമിക്കണം. ന്യായമായ

[Hon'ble Mr. A. Thanu Pillai.]

നമ്മുടെ ആവശ്യങ്ങളെ അവർ സമ്മതിച്ച് അതിനുവേണ്ട വ്യവസ്ഥകൾ ഉണ്ടാക്കുമെന്നാണ് എന്റെ പ്രതീക്ഷ. തിരുവിതാംകൂർ ഇൻഡ്യൻ യൂണിയന്റെ ലക്ഷ്യത്തിൽ ഉൾപ്പെട്ടുമെങ്കിൽ നമ്മുടെ ധനാഗമമാർഗ്ഗങ്ങളും മററു നമ്മുടെ ചെലവുകളും എല്ലാം ആലോചിച്ച് ഇൻഡ്യാഗവണ്മെൻറ് വേണ്ടതു ചെയ്യുമെന്നാണ് എന്റെ വിശ്വാസം. ഏതായാലും ഇപ്പോൾ നമുക്ക് ആശങ്കയ്ക്ക് അവകാശമില്ല. പിന്നെ ഒരാക്ഷേപം— അദ്ദേഹം പറഞ്ഞതു് ഇതൊരു യുദ്ധകാലബഡ്ജററുപോലെ ഇരിക്കുന്നു എന്നാണ്. ആർമി, പോലീസ് ഇവയുടെ ചെലവ് വർദ്ധിച്ചിരിക്കുന്നു എന്നദ്ദേഹം പറഞ്ഞു. അതിനെസംബന്ധിച്ചാണെങ്കിൽ ചെലവു കൂടിയിട്ടുണ്ടെന്നുള്ളതു് ശരിയാണ്. എന്നാൽ, അതിനു കാരണം ഒന്നാമതു് ഇവിടത്തെ പട്ടാളക്കാരുടെ നില ഇൻഡ്യൻപട്ടാളക്കാരുടെ നിലയോട്ട് തുല്യമാക്കിക്കൊണ്ടുവരണമെന്നുള്ളതാണ്. ഇതു് ഇൻഡ്യൻ ഡിഫൻസ് മിനിസ്ട്രിയിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുകൂടിയാണ് ചെയ്യുന്നതു്. അതിനെ ഉദ്ദേശിച്ച് ചെലവു വർദ്ധിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, ഇപ്പോൾ മററു ഡിപ്പാർട്ടുമെൻറുകളിൽ തന്നെയും ചെലവു വർദ്ധിച്ചിരിക്കുന്നതു്. പബ്ലിക്ക് ഹെൽത്തു്, റൂറൽ ഡവലപ്പുമെൻറ്, അഞ്ചൽ ഡിപ്പാർട്ടുമെൻറ് ഇങ്ങനെ പല ഡിപ്പാർട്ടുമെൻറുകളിലും ചെലവുവർദ്ധിച്ചിട്ടുണ്ട്. ആ ക്രമമനുസരിച്ച് ഇവയുടെയും വർദ്ധിപ്പിച്ചിട്ടുണ്ടെന്നേയുള്ളു. പോലീസിനെ സംബന്ധിച്ചാണെങ്കിലും സ്ഥിതി ഇതു തന്നെ. പോലീസ് ഡിസ്ട്രിക്ററു റിസർവിന്റെ ചെലവ് ഇരട്ടിച്ചിരിക്കുന്നു എന്നൊരാക്ഷേപമുണ്ട്. ഇന്നു് നാട്ടിലെ സ്ഥിതി നമുക്കെല്ലാവർക്കും അറിയാം. ഒരു കൂട്ടർ അല്ലെങ്കിൽ മറെറാരു കൂട്ടർ, ഒരു സ്ഥലത്തല്ലെങ്കിൽ മറെറാരു സ്ഥലത്തു അസ്വസ്ഥത തുടർന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെയിരിക്കെ പോലീസിന്റെ സുസംഘടിതമായ നിലനിൽപ്പിന് അത്യാവശ്യമാകത്തക്ക രീതിയിൽ അവിടെയും ചെലവു വർദ്ധിപ്പിച്ചിട്ടുണ്ടെന്നേയുള്ളു. ഇതു തിരുവിതാംകൂറിൽ മാത്രമാണോ എന്നു് നാം ആലോചിക്കണം. ലോകത്തിന്റെ എല്ലാ ഭാഗത്തും ഇപ്പോഴത്തെ സ്ഥിതി ഇതാണ്. അതുകൊണ്ട് ഇവിടെയും അതിന്റെ ആവശ്യം നേരിട്ടിട്ടുണ്ടെന്നു പറയുന്നതിൽ എനിക്കു മടിയില്ല. എന്നാൽ പോലീസിന്റെയും പട്ടാളത്തിന്റെയും ആവശ്യം ഇല്ലാതെ കഴിഞ്ഞുകൂടത്തക്ക ഒരു അന്തരീക്ഷം ഉണ്ടാകുമെന്നാണ് എന്റെയും ആഗ്രഹം. ഏതായാലും ഇന്നത്തെ സ്ഥിതിക്ക് ഇതു് വളരെ അത്യാവശ്യമാണ്.

ഇതിൽ ഗവണ്മെൻറ് വേണ്ടതു ചെയ്യില്ലെങ്കിൽ അതു് കൃത്യവിലോപമായിരിക്കും. ഇതുതന്നെ മെമ്പററിയായിട്ടുണ്ട് കൂട്ടിയിരിക്കുന്നതു്. അതിൻെറ ആവശ്യം ഇല്ലാതെവരുന്ന സമയത്തു് അതു് നീക്കംചെയ്യുന്നതാണു്. പോലീസും പട്ടാളവും കൂടാതെയുള്ള ഭരണമാണു് ഉത്തമമായ ഭരണമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ആ വസ്തുത നാം നമ്മുടെ നാട്ടുകാരെ വേണ്ടതുപോലെ മനസ്സിലാക്കണം. മാത്രമല്ല ഇവിടത്തന്നെ പല മെമ്പറന്മാരും പറഞ്ഞു പോലീസുകാർക്കു് നല്ല ശമ്പളം കൊടുക്കണമെന്നു്. അവർ നമ്മോടു് എന്തെല്ലാം പ്രവർത്തിച്ചാലും അവർക്കു് നല്ല ശമ്പളം കൊടുത്തേ തീരൂ. ഇൻസ്പെക്ടർ ജനറലിനു് ഇതിൽ വളരെ നിർബന്ധമുണ്ടു്. അതുകൊണ്ടു് ഈ കാര്യത്തിൽ തെററില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ ധനശമണി ഇവിടെ പറഞ്ഞു, അദ്ദേഹത്തിൻെറ വാക്കു് ഞാൻ മനസ്സിലാക്കിയിടത്തോളം "മനഃപൂർവ്വമായിട്ടുള്ള സഹകരണമാണു് തമിഴ്‌നാട്ടുകോൺഗ്രസ്സിനോടു് സ്റ്റേററുകോൺഗ്രസ്സ് ആവശ്യപ്പെടുന്നതെങ്കിൽ ആ സഹകരണം ഉണ്ടാകും" എന്നു്. അതിനെ സംബന്ധിച്ചു് എനിക്കു പറയുവാനുള്ളതു് സ്റ്റേററുകോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം സ്റ്റേററുകോൺഗ്രസ്സ് മുഖേന ഉണ്ടായിരിക്കുന്ന ഈ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം, വളരെ ആത്മാർത്ഥമായ സഹകരണമാണു് തമിഴ്‌നാടു കോൺഗ്രസ്സിനോടു് ആവശ്യപ്പെട്ടിരിക്കുന്നതു്. ഇരുകക്ഷികളുടെയും മനഃപൂർവ്വമായ ഉദ്ദേശങ്ങൾ സമീപകാലത്തു് കൂടുതൽ കൂടുതൽ മനസ്സിലാക്കിയിട്ടുണ്ടു്. അതിനാൽ പരിപൂർണ്ണമായ സഹകരണം ഇരുകൂട്ടരും തമ്മിൽ ഉണ്ടാകുമെന്നു് വിശ്വസിക്കുന്നു. എനിക്കൊരു കാര്യം അവരോടു പ്രസ്താവിക്കാനുള്ളതു് ഭരണപരമായ കാര്യങ്ങളിൽ ഈ ഗവണ്മെൻറിനു് കക്ഷിവ്യത്യാസം ഒന്നും ഇല്ലെന്നാണു്. നാട്ടിലെ എല്ലാ ഭാഗങ്ങളിലും ഉള്ള ആളുകൾക്കു ഗുണം ഉണ്ടാകത്തക്കവണ്ണം ഭരണം നടത്തണമെന്നാണു് ഈ ഗവണ്മെൻറിൻെറ ഉദ്ദേശം. ആ ഉദ്ദേശം കഴിയുന്നത്ര ഫലപ്രദമായ വിധത്തിൽ നടപ്പിൽ വരുത്തുവാൻ ഈ ഗവണ്മെൻറു് ശ്രമിക്കുന്നതാണെന്നു് ഉറപ്പു പറഞ്ഞുകൊള്ളുന്നു. ഇതിൽ ആർക്കും ആശങ്കയ്ക്കു് അവകാശമില്ല. ഇതുതന്നെയാണു് മുസ്ലിംലീഗു കക്ഷിയോടും എനിക്കു പറയുവാനുള്ളതു്. അവർ ഒരു സ്ഥലത്തെ പ്രത്യേകം പ്രതിനിധീകരിക്കുന്നില്ലാ, ഒരു ജനവിഭാഗത്തെ പ്രതിനിധീകരിക്കുന്നു. ഈ പറഞ്ഞ തത്വങ്ങൾ വച്ചുകൊണ്ടാണു ഈ ഗവണ്മെൻറു് പ്രവർത്തിക്കുന്നതെന്നുള്ളതിനു്

[Hon'ble Mr. A. Thanu Pillai.]

യാതൊരു സംശയവുമില്ല. ഇതിലേക്കെല്ലാവരുടേയും സഹകരണം ഉണ്ടാകുമെന്നു് വിശ്വസിക്കുന്നു.

മെമ്പറന്മാർ പല വിമർശനങ്ങളും ബഡ്ജററ സംബന്ധമായി നടത്തിയിട്ടുണ്ടു്, പല നിർദ്ദേശങ്ങളും പല മെമ്പറന്മാരും നൽകിയിട്ടുണ്ടു്. അവയെപ്പററിയെല്ലാം ഞാൻ പൊതുവേ പറഞ്ഞുകഴിഞ്ഞു. എന്നാൽ ഒന്നുരണ്ടു സംഗതികളെക്കുറിച്ചുകൂടി ചിലതു പ്രസ്താവിച്ചുകൊള്ളട്ടെ. ഭരണപരമായി ചെലവു് കുറഞ്ഞിട്ടില്ലെന്നു് പൊതുവേ ഒരഭിപ്രായമുണ്ടു്. അൽപ്പം ചെലവു കുറയ്ക്കുന്നതിനു് മാത്രമേ ഇതിനകം സാധിച്ചിട്ടുള്ളു എന്നു ഞാൻ സമ്മതിക്കുന്നു. ഇനിയും ചെലവു കുറയ്ക്കുന്നതിനുള്ള വഴികൾ പലതും ഗവണ്മെൻറു് ആരായുന്നതാണു് എന്നു ഞാൻ ഉറപ്പു പറയുന്നു. എന്നാൽ ഒരു സംഗതി എല്ലാവരും ഓർത്തിരിക്കണം. ഇപ്പോൾ ഈ അലവൻസിനത്തിൽ തന്നെ വളരെ വലുതായ ഒരു തുക ഗവണ്മെൻറിനു് ചെലവു വരുന്നുണ്ടു്. ഇന്നത്തെ സാമ്പത്തിക നില നിൽക്കുന്നിടത്തോളം കാലം ഇതു കൂടാതെ സാധിക്കുന്നതല്ല. വലിയ ശമ്പളങ്ങൾ കുറവുചെയ്യണമെന്നും ചെറിയ ശമ്പളങ്ങൾ കുറയ്ക്കരുതെന്നും ഒരഭിപ്രായമുണ്ടു്. അതിനു് എനിക്കു പറയുവാനുള്ളതു് വലിയ ശമ്പളങ്ങൾ കുറവുചെയ്യുന്നതുകൊണ്ടു് വലിയ ലാഭം ഒന്നും ഉണ്ടാകുന്നില്ല. എന്നാൽ താണതരം ജീവനക്കാരുടെ ശമ്പളം ഉയർത്തുന്നതിനു് വലുതായ തുക വേണ്ടിവരുന്നു. അത്രയുമല്ല ഇന്നു് ൧൫൦ രൂപയ്ക്കു് മേലുള്ള ശമ്പളം കുറവാണു്. അതിനുമുകളിലുള്ളതും ൧൫൦ രൂപയുള്ളതുമായ ഉദ്യോഗങ്ങൾ വളരെ കുറവാണു്. എനിക്കൊന്നു പറയുവാനുള്ളതു് ഇന്നത്തെ സ്ഥിതിഗതികൾക്കു് ഗണ്യമായ ഒരു മാററം വരുന്നതുവരെ കുറെയൊക്കെ ചെയ്യാമെന്നല്ലാതെ ഗണ്യമായ മാററം വരുത്തുന്നതിനു സാദ്ധ്യമല്ല. എങ്കിലും കഴിയുന്നതും ഉദ്യോഗസ്ഥന്മാരുടെ എണ്ണം കുറയ്ക്കുന്നതിനു് വേണ്ടതു് ചെയ്യുന്നുണ്ടു്. അതിനു് വേണ്ട നിർദ്ദേശങ്ങൾ ഇവിടെയും കിട്ടിയിട്ടുണ്ടു്. ഒരു പേ കമ്മീഷൻ വേണമെന്നു് ചിലർ പറയുന്നു. അതിനെപ്പററി ഗവണ്മെൻറു് ഗാഢമായി ആലോചിച്ചു് വേണ്ടതു ചെയ്യും. പബ്ലിക്ക് സർവീസിന്റെ ഇന്നത്തെ നില തുടർന്നുകൊണ്ടു പോയാൽ പോരാ. ഒരു പബ്ലിക്ക സർവീസ് കമ്മിഷൻ വേണമെന്നു് ചില മെമ്പറന്മാർ പറഞ്ഞു. അതിനെപ്പററിയും ഗവണ്മെൻറു് ഗാഢമായി ആലോചിക്കും. ഇവയുടെ ഒക്കെ ഫലം എന്തായി എന്നുള്ളതു് അടുത്ത അസംബ്ലിക്കു്

നാം കൂടുമ്പോൾ നിങ്ങൾക്ക ചോദിക്കാവുന്നതും അറിയാവുന്നതും ആണ്. പക്ഷെ അതിനൊക്കെ അൽപ്പം സമയം വേണമെന്നേയുള്ളു. പിന്നൊരുകാര്യം ഇവിടെ വളരെ പ്രധാനമായി പ്രസ്താവിച്ചതു ഗവണ്മെൻറിന്ന് എന്താണൊരു ലാൻഡ് പോളിസി ഇല്ലാതിരിക്കുന്നത്; അതിനു വേണ്ട തീരുമാനങ്ങൾ ഇതിനകം ചെയ്യേണ്ടതായിരുന്നില്ലേ എന്ന് ഒരു ബലമായ അഭിപ്രായമുണ്ട്. എൻെറ മാന്യസ്നേഹിതൻ ആണറബിൾ മിസ്റ്റർ സി. കേശവൻ ഇതു സംബന്ധമായി കൊടുത്ത മറുപടി തീരെ തൃപ്തികരമല്ലെന്നും പറഞ്ഞു. എനിക്കു പറയുവാനുള്ളത്, ഈ കാര്യങ്ങളിലേയ്ക്കു നമുക്കെല്ലാം ഒരു ക്ഷമവേണം. ലാൻഡ് പോളിസി എന്തായിരിക്കണം? ഈ രാജ്യത്തിലേ വസ്തുഉടമസ്ഥന്മാർ എത്രപേരുണ്ട്? അവർക്ക് വസ്തുക്കൾ എങ്ങനെയെല്ലാം ഉണ്ട്? ഇതൊക്കെ നല്ലവണ്ണം ചർച്ചചെയ്തു കാര്യങ്ങൾ തുടങ്ങിയില്ലെങ്കിൽ കുഴപ്പമുണ്ടാകും. ഇവയ്ക്കൊക്കെ സ്വൽപ്പ കാലതാമസം ഉണ്ടാകും. ഇവയൊക്കെ നാം ആലോചിക്കേണ്ടതാണ്. ഗവണ്മെൻറ് ഈ സംഗതികളെപ്പററി നല്ലവണ്ണം ചർച്ചചെയ്തു ഈ സഭയുടെ അഭിപ്രായം ശരിയായ രൂപത്തിൽ അറിഞ്ഞു വേണ്ടതു ചെയ്യുന്നതാണ്. ഈ കാര്യം ഗവണ്മെൻറു വിസ്മരിച്ചിരിക്കുകയാണ് എന്നു ധരിക്കേണ്ട. ഈ സംഗതിയെസംബന്ധിച്ച് ഇത്രമാത്രമേ പറയാനുള്ളു.

പിന്നെ സാമാന്യജനങ്ങളുടെയെന്നല്ല സാധുജനങ്ങളുടെ രക്ഷയ്ക്കായിട്ട് വേണ്ടിടത്തോളം തുക ബഡ്ജററിലില്ല എന്നൊരഭിപ്രായമുണ്ട്. അതു് ഞാനും സമ്മതിക്കുന്നു. ഇവിടെ പ്രധാനമായി ഉന്നയിച്ച ഒരു സംഗതി ഭവനനിർമ്മാണമാണ്. എന്നാൽ അതു് ഗവണ്മെൻറ് കരുതിയിട്ടില്ല എന്നു പറയുന്നതു് ശരിയല്ല. ഗ്രാമപ്പഞ്ചായത്തുകൾ വഴി ഗ്രാമങ്ങളിലെ ആവശ്യങ്ങൾ നിറവേററണമെന്ന് പറഞ്ഞു. അതിനൊരു തുക നീക്കിവച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ വഴി സാധാരണജനങ്ങൾക്ക് പാർപ്പിടം ഉണ്ടാക്കുന്നതിനും മററും പ്രൊവിഷൻ ഉണ്ട്. അതിനാൽ ആ കാര്യം മറച്ചിരിക്കുകയാണെന്ന് ആരും ധരിക്കരുത്.

എനിക്ക് ഇനി ഒരു സംഗതി പറയുവാനുള്ളതു് ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെപ്പററി ചില മെമ്പറന്മാർ ഉദ്ധരിച്ച ചില വാദമുഖങ്ങളെക്കുറിച്ചാണ്. ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ അഴിമതി ഇല്ലെന്നു ഞാൻ പറയുന്നില്ല. അഴിമതിയുണ്ട്. ഈവക ദുർഗ്ഗുണങ്ങൾ വച്ചുപുലർത്തുന്നതും നല്ലതല്ല. ഇവയെ ഉൻമൂലനംചെയ്യാൻ ഗവണ്മെൻറ്

[Hon'ble Mr. A. Thanu Pillai.]

കഴിയുന്നതും പരിശ്രമിക്കുന്നതാണെന്നു ഞാൻ ഉറപ്പുതരുന്നു. അതിന് ആവശ്യമെന്നു തോന്നുന്നപക്ഷം ഒരു സൂക്ഷ്മാന്വേഷണക്കമ്മിററിയെ നിയമിക്കുന്നതുമാണ്. പക്ഷെ അതിൽ നാം ഒരു കാര്യം ഓർക്കണം. സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് കൈക്കൂലിവാങ്ങാനുള്ള യാതൊരു സൗകര്യവും സാമാന്യജനങ്ങൾ ഉണ്ടാക്കിക്കൊടുക്കരുത്. അതായത് ഉദ്യോഗസ്ഥന്മാർ ആരുംതന്നെ കൈക്കൂലിക്കാരാകരുതെന്നു സാമാന്യജനങ്ങൾ വിചാരിക്കണം. അങ്ങിനെ ജനങ്ങൾ ഏകോപിച്ചു ദൃഢനിശ്ചയത്തോടുകൂടി പ്രവർത്തിച്ചാൽ ഒരുദ്യോഗസ്ഥനും കൈക്കൂലി വാങ്ങാതെതന്നെ കാര്യക്ഷമമായി ജോലിചെയ്തുകൊള്ളും.

മറെറാരു കാര്യം എനിക്കു പറയുവാനുള്ളതു് മെഡിക്കൽ കാളേജിനെപ്പററിയാണ്. മെഡിക്കൽകാളേജു നടത്തുന്നതിനു ശരിയായ രീതിയിൽ സജ്ജീകരിച്ചിട്ടുള്ള ഒരു ഹാസ്പിററൽ ഇല്ലാതെ അതിനു ശ്രമിച്ചാൽ അതു് ദുർവ്യയമായിത്തീരുമെന്നു് എന്റെ ഒരു ബഹുമാന്യസ്നേഹിതൻ ഇവിടെ പറയുകയുണ്ടായി. അതു് ശരിയാണ്. മെഡിക്കൽ കാളേജിന്റെ സ്ഥാപനത്തിനു മുമ്പായി സാധനസാമഗ്രികൾ സംപൂർണ്ണമായി സജ്ജീകരിച്ചിട്ടുള്ള ഒരു ഹാസ്പിററൽ ഉണ്ടായതിനു ശേഷമെ അതിന്റെ പ്രവർത്തനം ആരംഭിക്കുകയുള്ളുയെന്നു ഞാൻ നിങ്ങളോടു ധൈര്യമായി പറയുന്നു. അതിൽ ആർക്കും ദുശ്ശങ്കയ്ക്കു വകയുണ്ടെന്നു തോന്നുന്നില്ല. മറെറാരു ബഹുമാന്യമെമ്പർ ഇവിടെ പറകയുണ്ടായി തെക്കൻതിരുവിതാംകൂറിലെ പെരുഞ്ചാണി സ്കീമിലേക്ക് ൧൫ ലക്ഷത്തിൽ ചില്വാനം രൂപയെ അനുവദിച്ചിട്ടുള്ളു അതുകൊണ്ടു മതിയാകയില്ലെന്നു്. എനിക്കു പറയുവാനുള്ള മറുപടി പണം ഇല്ലാത്തതുകൊണ്ടു് പെരുഞ്ചാണി സ്കീമിന്റെ പണി തീർക്കാൻ താമസം നേരിടുകയില്ലെന്നും നിശ്ചയമായും കഴിയുന്നതും വേഗം ഈ ജോലി തീർക്കാനുള്ള സകല സംരംഭങ്ങളും ഗവണ്മെന്റു് ചെയ്യുന്നതാണെന്നുമാണ്.

സമുദായ സൗഹാർദ്ദമില്ലായ്മയെപ്പററി ഒരൊച്ചപ്പാട് ഇവിടെ കേട്ടു. വിവിധ സമുദായങ്ങൾ ഉൾക്കൊള്ളുന്ന നമ്മുടെ രാജ്യത്തു ഒരു സമുദായമൈത്രി ഉണ്ടാകണമെങ്കിൽ, സകല ജനങ്ങളും ഏകോപിച്ചു സമുദായ മനഃസ്ഥിതി വെടിഞ്ഞു് സൗഹാർദ്ദം പുലർത്തണമെന്നുള്ള ഒരു മനോഭാവം ഉണ്ടാകേണ്ടിയിരിക്കുന്നു. അങ്ങിനെ ഉണ്ടായാൽ അതു് രാജ്യക്ഷേമകരമായിട്ടുള്ള നേട്ടങ്ങളിൽ പ്രഥമസ്ഥാനം അർഹി

ക്കുന്നതാണ്. ആ ഭാഗം [illegible] ജനങ്ങൾക്ക് [illegible] കിട്ടുന്ന [illegible] ങ്ങളെയൊന്നുമുള്ള തല്ലാതെ എനിക്കതിൽ മറ്റൊന്നും ചെയ്യാൻ ഇല്ല.

മി. ഫിലിപ്പോസ് മുതലാളി ഇവിടെ ഉന്നയിച്ച വേറൊരുസംഗതി ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറിലേക്കുള്ള ചെലവു വളരെ കൂടിപ്പോയിയെന്നതാണ്. അതു് വാസ്തവമാണ്. കാരണം, ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുക, നെല്ലെടുപ്പു ജോലികൾ നിർവഹിക്കുക മുതലായവകൾ ഈ ഡിപ്പാർട്ടുമെൻറുവഴി നടത്തുന്നതുകൊണ്ടാണ് ചെലവ് അല്പം കൂടിയിരിക്കുന്നതു്. അതു് കാലക്രമംകൊണ്ട് ചുരുക്കിക്കൊള്ളാം.

പിന്നൊരു ബഹുമാന്യമെമ്പർ ഇവിടെ പറകയുണ്ടായി, ഏതോ ചില കാര്യങ്ങളെല്ലാം ഞാൻ ബഡ്ജററിൽ പൊതിഞ്ഞു വച്ചിരിക്കുന്നു എന്ന്. വാസ്തവത്തിൽ ഒരു പൊതിഞ്ഞുവയ്പിനും ഞാൻ ശ്രമിച്ചിട്ടില്ല. ഒരുവിധ പൊതിഞ്ഞുവയ്പും വേണമെന്നു ഞാൻ ആശിക്കുന്നുമില്ല. തിരുവിതാംകൂറിൽ ഒരു ലാൻഡ് എക്കണോമിക് സർവേ നടത്തേണ്ടതത്യാവശ്യമാണെന്നു പറഞ്ഞതിനോടു ഞാനും കുറേയൊക്കെ യോജിക്കുന്നു. എങ്കിലും മററു ജീവൽപ്രധാനമായ പല കാര്യങ്ങളും ചെയ്യാനുള്ളതുകൊണ്ട് അതിനെപ്പററി ആലോചിക്കാമെന്നുള്ളതല്ലാതെ ഖണ്ഡിതമായ ഒരു മറുപടി പറയാൻ സാദ്ധ്യമല്ല.

ഇന്നത്തെ പരിതഃസ്ഥിതിയിൽ ആഹാരസാധനദൗർലഭ്യം കൊണ്ടു ജനങ്ങൾ വളരെ ക്ലേശിക്കുന്നു. അതിനുള്ള സകല കഴിവുകളും നമ്മുടെ ശക്തിക്കൊത്തവണ്ണം പ്രവർത്തിക്കേണ്ടതായിട്ടാണിരിക്കുന്നതു്. നമ്മുടെ കൃഷിസൗകര്യങ്ങൾക്കുവേണ്ടി ഇറിഗേഷൻ വേലകൾ അതായതു്, കുളങ്ങൾ, കലിങ്കുകൾ മുതലായവ ഉണ്ടാക്കുന്നതിനായിട്ട് ശ്രമിക്കേണ്ടിയിരിക്കുന്നു. ഇറിഗേഷൻ വകയ്ക്കായിട്ട് ൫ കോടി രൂപാ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. ഭൂതത്താൻകെട്ടണയെപ്പററി മി. കുഞ്ഞിത്തൊമ്മൻ ഇവിടെ പറഞ്ഞതു ഞാൻ ശ്രദ്ധിച്ചു. ആ അണ പൂർത്തിയായാൽ കൃഷിക്കു വളരെ ഫലപ്രാപ്തിയുണ്ടാകുമെന്നു എനിക്കു വിശ്വാസവുമുണ്ട്. പക്ഷെ അവിടെയുള്ള ഭൂസ്ഥിതിയെപ്പററി ഒരു ഗവേഷണം നാം ചെയ്യേണ്ടിയിരിക്കുന്നു. അതിനായുള്ള സകല നടപടികളും നടത്തുന്നതിനുവേണ്ടിയുള്ള അന്വേഷണം കൈക്കൊണ്ടിട്ടുണ്ട്. ഫലപ്രദമാണെന്നു കാണുന്നപക്ഷം അതിനാവശ്യമുള്ള പണം മുഴുവനും ചെലവാക്കാൻ തയാറാണ്. നാഞ്ചിനാട്ടെ പേച്ചിപ്പാറ അണകൊണ്ട് ൩൮,൦൦൦ ഏക്കർ സ്ഥലത്തു മാത്രമെ ജലസേചനം നടത്താൻ

[Hon'ble Mr. A. Thanu Pillai.]

ഉപകരിക്കുന്നുള്ളു. എന്നാൽ ശ്രുതത്താൻകെട്ടുണ ഫലപ്രദമാകുന്ന പക്ഷം ൧ ലക്ഷം ഏക്കർ സ്ഥലത്തു് ജലവിതരണം ചെയ്യാൻ സാധിക്കുമെന്നാണു് എനിക്കു് തോന്നുന്നതു്.

അവശസമുദായോദ്ധാരണത്തിനുവേണ്ടി പറയത്തക്ക ഒരു തുക ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലെന്നു ഒരു പരാതി ഞാൻ കേട്ടു. യഥാസ്ഥത്തിൽ എനിക്കു് പറയുവാനുള്ളതു് ഗ്രാമോദ്ധാരണ വകുപ്പിനുവേണ്ടി ഒരു നല്ല തുക അനുവദിച്ചിട്ടുള്ളതും അതിൽ അവശസമുദായോദ്ധാരണം കൂടി ഉൾക്കൊണ്ടിരിക്കുന്നതും കൊണ്ടാണു്, അവശസമുദായോദ്ധാരണത്തിനുവേണ്ടിയുള്ള തുക ബഡ്ജറ്റിൽ കുറഞ്ഞു കാണുന്നതു്. കൂടാതെ വിദ്യാഭ്യാസ വകുപ്പിലും അവശസമുദായങ്ങൾക്കുവേണ്ടി ഒരു നല്ല തുക കൊള്ളിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർ ധരിക്കുമെന്നു വിശ്വസിക്കുന്നു. അവശ സമുദായോദ്ധാരണം ഗവണ്മെൻറിൻെറ ഒരു കടമകൂടി ആണെന്നു ഞാൻ ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ. അതുകൊണ്ടു് ഈ വക സംഗതികളെല്ലാം ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമെന്നു വിശ്വസിക്കയും നമ്മുടെ ഉദ്ദേശങ്ങളെല്ലാം സാധിതപ്രായമാക്കുന്നതിനുള്ള സാഹചര്യവും ചിന്തുണയും അപേക്ഷിക്കയും ചെയ്തുകൊണ്ടു് എൻെറ വിശദീകരണം അവസാനിപ്പിക്കുന്നു.

MR. T A. ABDULLA (*Ambalapuzha I—Muslim*) : ബഡ്ജററിൽ ൪ കോടി ൫൭ ലക്ഷത്തിൽ ചില്വാനം രൂപാ ആസ്തി ഇനത്തിൽ കൊള്ളിച്ചുകാണുന്നു. ഇതു് ഫുഡ് അഡ്വാൻസ് എന്ന അയിററത്തിനുവേണ്ടിയാണു്. അതിൽ ആഹാരസാധനം വാങ്ങിയതിനുള്ള തുകകൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ അതോ അത്രയും തുക ആഹാരസാധനങ്ങൾ വാങ്ങാനുള്ളതിനുവേണ്ടി അഡ്വാൻസു കൊടുത്തിട്ടുള്ളതാണോ ?

HON'BLE MR. A. THANU PILLAI : ആഹാരസാധനങ്ങൾക്കുവേണ്ടി അഡ്വാൻസു ചെയ്തിട്ടുള്ള തുകകൂടി അതിൽ ഉൾപ്പെടും.

MR. T. A. ABDULLA ; ൫ ൦ രൂപാവച്ചു കണക്കാക്കിയാൽ രണ്ടു കോടിരൂപാ വരും. അതു ചരക്കായിട്ടിരിക്കുകയാണു്. ബാക്കി രണ്ടു കോടിരൂപാ അഡ്വാൻസ് ചെയ്തിരിക്കുകയാണോ എന്നാണറിയേണ്ടതു . . .

HON'BLE MR. A. THANU PILLAI : ബാക്കിയുള്ള രണ്ടുകോടിയിൽ കുറെ പണമായിട്ടുണ്ടു്. കുറെ നഷ്ടമായിട്ടും വരും.

MR. K. R. ELANKATH (*Trivandrum IV—General*) : ബഡ്ജററ് മെമ്മോറാണ്ടം ൧൧-ാം പേജിൽ ൧൧൨൩-ലേക്ക് 'Loan advanced by Government' എന്ന ഇനത്തിൽ ഒരുകോടി ഇരുപതു ലക്ഷം രൂപാ കാണിച്ചിട്ടുണ്ട്. എന്നാൽ ൧൧൨൪-ലേക്ക് ഒൻപതുലക്ഷത്തിൽ ചില്വാനമേ കാണിച്ചിട്ടുള്ളു. അതിനു കാരണമെന്താണ്?

HON'BLE MR. A. THANU PILLAI : ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് കമ്പനിക്ക് ൯൫ ലക്ഷം രൂപാ കടംകൊടുത്തിട്ടുണ്ട്. കമ്പനി ഷെയർ കാപ്പിററൽ വർദ്ധിപ്പിച്ചു. ഗവണ്മെൻറ് ആകെയുള്ള ഷെയറിൻെറ ൫൧ ശതമാനം എടുക്കണമെന്നുള്ളതുകൊണ്ടാണ് ആ തുക വന്നിട്ടുള്ളത്.

MR. V. GANGADHARAN NAIR (*Quilon III—General:*) ഒരു പ്ളാനിംഗ് കമ്മററിയെ ഉടനടി നിയമിക്കണമെന്ന് ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. A. THANU PILLAI : അതു ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു. ആലോചിച്ച് വേണ്ടതു ചെയ്യാവുന്നതാണ്.

കൃഷിക്കും മററും പണം കൊടുത്തു സഹായിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ഒരു കമ്മിററിയെ ഏർപ്പെടുത്തിയിട്ടുണ്ട്. ആ കമ്മിററി മുഖേന ജോലികളും നടത്തിക്കൊണ്ടിരിക്കുകയാണ്.

MR. K. RAMACHANDRAN : ആ കമ്മിററിയിൽ ഏതെങ്കിലും എക്സ് സർവീസുകാരെ ഉൾപ്പെടുത്തിയിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : ഉണ്ട്.

MR. P. M. VARGHESE (*Thodupuzha II—General*) : തിരുവിതാംകൂർ ഇൻഡ്യൻ യൂണിയനിൽ ചേർന്നിട്ടും അരിയുടെ വില കുറച്ചിട്ടില്ല; കുറയ്ക്കുമെന്ന് ഒരു പ്രോമിസ്പോലും കിട്ടിയിട്ടില്ല. ആ സ്ഥിതിക്ക് നാം പ്രൊട്ടസ്ററു ചെയ്യുകയെങ്കിലും ചെയ്യേണ്ടതല്ലേ?

HON'BLE MR. A. THANU PILLAI : ഈ പ്രൊട്ടസ്റ്റ് എല്ലായിടത്തും പ്രയോഗിക്കാവുന്നതല്ല. ഇൻഡ്യാഗവണ്മെൻറും തിരുവിതാംകൂറുമായി ഇന്നുള്ള ബന്ധം വച്ചുകൊണ്ടു നോക്കിയാൽ നമുക്ക് അതിനെ പ്രൊട്ടസ്ററു ചെയ്യാൻ സാദ്ധ്യമല്ല.

MR. P. T. CHACKO (*Kottayam II—General*) : ബഡ്ജററ് ഏഴാം പേജിൽ ഐററം നമ്പർ ൫൦ പോസ്ററ്വാർ റീകൺസ്ട്രക്ഷൻ

[Mr. P. T. Chacko.]

സ്കീമിൽ ൻ൦ ലക്ഷത്തിൽ ചിലവാനം രൂപാ വെച്ചിട്ടുണ്ട്. ആ പേജിൽതന്നെ അവസാനമായി അതു ഡിഡക്റ്റു ചെയ്തിരിക്കയാണ്. അപ്പോൾ ആകെയുള്ള ചെലവിനത്തിൽ ഈ തുക കൂടി കൂട്ടുകയില്ലേ?

HON'BLE MR. A. THANU PILLAI : അതു കറൻറു റവന്യൂവിൽ നിന്നല്ല പോകുന്നതു.

MR. P. T. CHACKO : ലൈബിലിററിയായിട്ടല്ലേ ആ തുക ഇരിക്കുന്നതു.

HON'BLE MR. A. THANU PILLAI : അല്ല. അതു അസററു തന്നെ.

MR. PAUL A. CHALIATH (*Parur III—General*) : വടക്കൻ തിരുവിതാംകൂറിൽ റെയിൽവേ നീട്ടുന്നതിനെപ്പററിയും കമ്മേഴ്സ്യൽ ഡിപ്പാർട്ടുമെൻറ് ഉണ്ടാക്കുന്നതിനെപ്പററിയും ഗവൺമെൻറിൻെറ അഭിപ്രായം എന്താണ്?

HON'BLE MR. A. THANU PILLAI : റെയിൽവേ നീട്ടുന്നതിനെ സംബന്ധിച്ച് ഇതുവരെ ഒന്നും ആലോചിച്ചിട്ടില്ല. ആലോചിക്കാം.

MR. N. P. VARGIS (*Muvattupuzha I—General*) : ഗവൺമെൻറിൻെറ ഇൻഡസ്ട്രിയൽ പോളിസി എന്താണ്? ഒരു ഇൻഡസ്ട്രിയൽ പ്ലാനിംഗ് കമ്മിററിയെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. A. THANU PILLAI : കഴിയുന്നിടത്തോളം വ്യവസായങ്ങൾ വർദ്ധിപ്പിക്കണമെന്നാണ് ഗവൺമെൻറിൻെറ ഉദ്ദേശം. അതിനു ഗവൺമെൻറു പലതും ചെയ്തിട്ടുണ്ട്. പല കമ്പനികൾക്കും ഷെയറുകൾ എടുത്തു പണം കടംകൊടുത്തും മററും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. എന്നാൽ ചില കമ്പനികൾ പ്രവർത്തനം തുടങ്ങിയതിനുശേഷവും സാമാനങ്ങൾക്ക് വില വർദ്ധിച്ചിരിക്കുന്നു എന്നും മററും പറഞ്ഞു കടത്തിനായി ഗവൺമെൻറിനെ സമീപിക്കുന്നുണ്ട്. മേലാൽ ഗവൺമെൻറിൻെറ ശരിയായ നിയന്ത്രണമുള്ള കമ്പനികൾക്കു മാത്രമേ പണം കൊടുക്കുകയുള്ളൂ. എന്നാൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാതെയിരിക്കണമെന്ന് ഉദ്ദേശമില്ല. കഴിയുന്നിടത്തോളം പ്രോത്സാഹനം നൽകുന്നതായിരിക്കും.

MR. N. P. VARGIS : ഇൻഡസ്ട്രീസ് നാഷണലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. A. THANU PILLAI : പലതരം വ്യവസായങ്ങളുണ്ട്. എല്ലാററിനേയും ഒരുമിച്ച് തുടങ്ങുവാനൊക്കുന്നതല്ല. മാത്രമല്ല ഇൻഡ്യാ ഗവണ്മെൻറിൻെറ നയത്തിന് അനുസരണമായി മാത്രമേ നമുക്കും പോകാൻ സാധിക്കുകയുള്ളു. അതുകൊണ്ടു പെട്ടെന്നത്തരം പറയാൻ നിവൃത്തിയില്ല.

MR. P. BALAKRISHNAN THAMPI (*Mavelikara III—General*) : Is the Government in a position to state anything in regard to the retrocession of Anjengo and Tangacheri ?

HON'BLE MR. A. THANU PILLAI : No, Sir.

MR. P. BALAKRISHNAN THAMPI : May I know whether negotiations are in progress regarding the retrocession of these areas ?

HON'BLE MR. A. THANU PILLAI : No, Sir.

MR. P. T. CHACKO : ബഡ്ജററ് ൫൩൬-ാം പേജിൽ ഗ്രാൻറ് ഇൻ എയിഡ് പ്രൈമറിസ്കൂളുകൾക്ക് വേണ്ടി ൫൦ ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ട്. അദ്ധ്യാപകന്മാർക്ക് നാൺ കമ്പൽസറി ഏറിയായിൽ ൨൦ രൂപാവീതം ശമ്പളം കൊടുക്കുന്നതാണെന്ന് കാണുന്നു. ൯ രൂപാമാത്രം ശമ്പളം കൊടുത്തുകൊണ്ടിരുന്ന കാലത്തും ഇത്രയും തുക തന്നെ നീക്കിവച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഈ തുക അതിലേക്കു മതിയാകുമോ?

HON'BLE MR. A. THANU PILLAI : പള്ളിക്കൂടങ്ങൾ കൂടുതൽ കൂടുതലായി ഗവണ്മെൻറ് ഏറെറടുത്തു വരുകയാണ്. അങ്ങിനെ പ്രൈവററ് സ്കൂളുകൾ കുറഞ്ഞു കുറഞ്ഞു വരുന്നതുകൊണ്ട് ഈ തുക മതിയാകും.

MR. PRESIDENT : ബഡ്ജററിൻെറ പൊതു വിമർശനത്തിനുള്ള സമയം അവസാനിച്ചിരിക്കുന്നു. അടുത്തതായി Demands for grants ആണ്. എക്സൈസ് ഡിപ്പാർട്ടുമെൻറിലേക്കുള്ള ഡിമാൻഡ് ആണററബിൾ മി. ജീ. രാമചന്ദ്രൻ ഇപ്പോൾ അവതരിപ്പിക്കുന്നതായിരിക്കും.

VOTING OF DEMANDS FOR GRANTS
DEMAND NO. I—EXCISE.

HON'BLE MR. G. RAMACHANDRAN : സർ, എക്സൈസ് ഡിപ്പാർട്ടുമെൻറിലേക്ക് ൨൫,൨൯,൬൬൯ രൂപ അനുവദിക്കണമെന്നുള്ള അഭ്യർത്ഥനയെ ഞാൻ സഭ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. PRESIDENT : ഡിമാൻഡ് നമ്പർ ഒന്നിനെ സംബന്ധിച്ച് അനേകം കട്ട്മോഷൻസ് വന്നിട്ടുണ്ട്. അവ എല്ലാം ഇവിടെ അവതരിപ്പിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് ബഹു. മെമ്പറന്മാർ

[Mr. President.]

ഏററവും പ്രധാനപ്പെട്ടവയെ മാത്രം അവതരിപ്പിക്കുകയാണെങ്കിൽ ബഹു. മെമ്പറന്മാരുടെ അഭിപ്രായങ്ങളും അതേപ്പററിയുള്ള ഗവണ്മെൻറിൻെറ നയവും ഇവിടെ പറയാൻ സൗകര്യമുണ്ടാകുന്നതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ കുറെ നിയന്ത്രണം വരുത്തണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇതിനും പുറമേ ഓരോ പാർട്ടിയിൽനിന്നും ഒന്നോ രണ്ടോ മെമ്പറന്മാർ മാത്രം സംസാരിക്കുന്നതായാൽ വാദപ്രതിവാദം നമുക്ക് എളുപ്പം അവസാനിപ്പിക്കുവാൻ കഴിയുന്നതാണ്.

MR. P. GOPALAN (*Vaikom III—General*): സർ, എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടറന്മാരുടെ ശമ്പളത്തിനായി നീക്കിവച്ചിട്ടുള്ള [illegible] രൂപയിൽ നിന്നും ഒരു രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഈ ഉപക്ഷേപംമൂലം ഞാൻ ഉദ്ദേശിക്കുന്നത് വടക്കൻ തിരുവിതാംകൂറിലെ എക്സൈസ് ചെക്കിംഗ് സ്റ്റേഷനുകൾമൂലം ജനങ്ങൾക്കുണ്ടാകുന്ന കഷ്ടപ്പാടുകളെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തണമെന്നാണ്. വടക്കൻ തിരുവിതാംകൂറിൽ അതിർത്തിയോടു തൊട്ടുകിടക്കുന്ന പ്രദേശങ്ങളിൽ നിരവധി ചെക്കിംഗ് സ്റ്റേഷനുകൾ ഉണ്ട്. അവയുടെ പ്രധാന ജോലി കൊച്ചിയിൽനിന്നും വ്യാജമായി പുകയില ഇവിടെ കൊണ്ടുവന്നു വിൽക്കുന്നതിനെ തടയുകയായിരുന്നു. കുറെ കൊല്ലങ്ങളായി കൊച്ചിയിൽ പുകയിലയുടെ വില്പനവില വർദ്ധിപ്പിക്കുകയും അതിൻെറ ഫലമായി വ്യാജപ്പുകയില വ്യാപാരം നിശ്ശേഷം അവസാനിക്കുകയും ചെയ്തു. അതിനുശേഷം ഈ സ്റ്റേഷനുകളിൽ യാതൊരു ജോലിയുമില്ല. ഇങ്ങനെയുള്ള ചെക്കിംഗ് സ്റ്റേഷനുകളിൽ നിന്നും ജനങ്ങൾക്ക് അനവധി ദുരിതങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു, എന്നുള്ള കാര്യം കൂടി ഗവണ്മെൻറിനെ അറിയിക്കാൻ ഞാൻ ഈ ഉപക്ഷേപം മൂലം ആഗ്രഹിക്കുന്നു. എക്സൈസ് ഡിപ്പാർട്ടുമെൻറിൽ പൊതുവേയും ചെക്കിംഗ് സ്റ്റേഷനുകളിൽ പ്രത്യേകിച്ചും കൈക്കൂലി പാരമ്പര്യമായ ഒരു വാസനയെന്നവണ്ണം അടിയുറച്ച ഒരവകാശമായിത്തീർന്നിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിനെ അറിയിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഈ ചെക്കിംഗ് സ്റ്റേഷനുകളിൽക്കൂടി കടന്നുപോകുന്ന എല്ലാ വള്ളക്കാരും വള്ളത്തിൻെറ വലിപ്പമനുസരിച്ചും അതിലുള്ള സാധനങ്ങളുടെ പെരുപ്പമനുസരിച്ചും ഒരു തുക ചെക്കിംഗ് സ്റ്റേഷനുകളിൽ കൈക്കൂലിയായി കൊടുക്കാതെ കടത്തിക്കൊണ്ടു പോകാൻ നിവൃത്തിയില്ലെന്നുള്ള വസ്തുത

ബഹു. എക്സൈസ് മന്ത്രി തന്നെ രഹസ്യമായി ഒരു വള്ളത്തിലോ ബോട്ടിലോ കയറിച്ചെന്ന് പരിശോധിച്ചാൽ ബോദ്ധ്യമാകുന്നതാണ്. പണം കൊടുത്താലും വളരെ താമസത്തിനു കാരണമാകുന്നു. മൂവാററുപുഴ, തൊടുപുഴ, മീനച്ചിൽ മുതലായ സ്ഥലങ്ങളിലെ ചെക്കിംഗ് സ്റ്റേഷനുകളിൽ ചരക്കു കയററിയ വള്ളങ്ങൾക്കു രണ്ടു മൂന്നു ദിവസം കിടക്കേണ്ടി വരുന്നു. ഇങ്ങനെയുള്ള ദുരിതങ്ങൾ അവിടത്തെ ജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഇതിന്മേൽ ഹർജികൾ മുഖേനയും നിയമസഭ മുഖേനയും പല നിവേദനങ്ങളും ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടെങ്കിലും അതൊന്നും ശരിയായി പ്രയോജനപ്പെടാതെയാണിരുന്നിട്ടുള്ളതു. ഗവണ്മെൻറ് ഇക്കാര്യത്തിൽ അടിയന്തിരമായ ശ്രദ്ധ പതിപ്പിക്കണമെന്നും അവിടത്തെ ജനങ്ങളുടെ കഷ്ടപ്പാടുകൾക്ക് പരിഹാരമുണ്ടാക്കിക്കൊടുക്കണമെന്നും ഗവണ്മെൻറിനോടഭ്യർത്ഥിച്ചുകൊള്ളുന്നു. അതിർത്തി സ്ഥലങ്ങളിലെ ചെക്കിംഗ് സ്റ്റേഷനുകളിൽ ചില സാധനങ്ങൾക്ക് പെർമിററ് കൊടുക്കുന്ന ഒരു സമ്പ്രദായം ഉണ്ട്. ചില കൺട്രോൾ സാധനങ്ങൾക്കും ഡ്യൂട്ടി ചുമത്തിയിട്ടുള്ള ചില സാധനങ്ങൾക്കും ആണ് ഈ പെർമിററ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളതു്. പെർമിററിനു രണ്ടു ചക്രം സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ കൊടുക്കണമെന്നും ഏർപ്പാടുണ്ട്. ഇങ്ങനെ അപേക്ഷ കൊടുത്താലും കൈക്കൂലി കൊടുക്കാതെ പെർമിററ് കിട്ടുകയില്ല. ഇന്നലെതന്നെ ഉദയംപേരൂർ, പുളുക്കോട്ട എന്നീ സ്ഥലങ്ങളിലെ ഒരു സംഘം ആളുകൾ ചേർന്നു എനിക്കു അയച്ചുതന്നിരിക്കുന്ന ഒരു കത്തിൽ അവിടെ നടക്കുന്ന അഴിമതികളേയും കൈക്കൂലിയേയും പററി ഉടനെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് അപേക്ഷിച്ചിരിക്കുന്നു. അവിടത്തെ ഓരോ ഉദ്യോഗസ്ഥന്മാർക്കും കൊടുക്കേണ്ട കൈക്കൂലിയുടെ ഒരു പട്ടിക അതിലുണ്ട്. അതു് ഈ സഭയിൽ വായിക്കുവാൻ യോഗ്യതയുള്ളതല്ല. ബഹു. എക്സൈസ് മന്ത്രിക്കു താൽപര്യമുള്ളപക്ഷം ആ കത്ത് രഹസ്യമായി അദ്ദേഹത്തെ കാണിക്കാവുന്നതാണ്. ഈ മാതിരി സമ്പ്രദായങ്ങൾ തുടർന്നുകൊണ്ടു പോകുന്നതു വളരെ ആക്ഷേപകരമാണ്. ഇതു് ഉടൻതന്നെ നിറുത്തുന്നതിന് ഊർജിതമായ നടപടികൾ കൈക്കൊള്ളണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

മറെറാരു സംഗതികൂടി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. രാമയ്യൻ ദളവായുടെ കാലത്തു കൊച്ചിക്കും

[Mr P. Gopalan.]

തിരുവിതാംകൂറിനും ഇടയ്ക്കു് ഒരു കിടങ്ങും, ഇല്ലിക്കോട്ട എന്നൊരു കോട്ടയും ഉണ്ടാക്കിയിട്ടുണ്ടു്. അന്നത്തെ അളവനുസരിച്ചു രാജ്യത്തിന്റെ വടക്കേ അതിർത്തിയിലാണു് ആ കോട്ട ഉണ്ടാക്കിയിരുന്നതു്. എന്നാൽ നമ്മുടെ ഗവണ്മെന്റും കൊച്ചി ഗവണ്മെന്റും തമ്മിൽ ഉണ്ടായ ഏതോ അവകാശത്തർക്കത്തിന്റെ ഫലമായി അവിടെനിന്നും രണ്ടായിരം ഏക്കറോളം സ്ഥലം തിരുവിതാംകൂറിനു ലഭിച്ചു. അങ്ങനെ ലഭിച്ചിട്ടു് ഒരു ൫൦ കൊല്ലത്തിൽ കൂടുതലായിട്ടില്ല. ആ സ്ഥലത്തു് ഉദ്ദേശം ൩൦൦-ൽ പരം വീട്ടുകാർ താമസിക്കുന്നുണ്ടു്. നമ്മുടെ രാജ്യത്തുതന്നെ ഇല്ലിക്കോട്ടയ്ക്കു വെളിയിൽ താമസിക്കുന്നവർക്കു് ഈ രാജ്യത്തുനിന്നു വല്ല ധനവും കൊണ്ടുപോകണമെങ്കിൽ നികുതി കൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. അവരുടെ നിത്യോപയോഗത്തിനു ഒരു നാളികേരമോ ഒരു ഇടങ്ങഴി എണ്ണയോ പോലും കൊണ്ടുപോകുന്നതിനു് അവർ ഡ്യൂട്ടി കൊടുക്കേണ്ടിയിരിക്കുന്നു. ഇതിനു് ഒരു പരിഹാരം ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണു. അതിനാൽ ആ അതിർത്തി മാറ്റി കൂടുതൽ കിട്ടിയ രണ്ടായിരം ഏക്കറിനു് അപ്പുറം അതിർത്തി സ്ഥാപിക്കേണ്ടതാണു്. ന്യാംകുഴി, നീർപ്പാറ, ഇടച്ചേരി എന്നിവിടങ്ങളിലെ ചെക്കിംഗ് സ്റ്റേഷനുകൾ ഇപ്പോൾ കിടക്കുന്ന സ്ഥലങ്ങളിൽനിന്നു മാറ്റി ഇതിനൊരു പരിഹാരമുണ്ടാക്കേണ്ടതാണു്. വടക്കേ തിരുവിതാംകൂറിലുള്ള പ്രത്യേകിച്ചും കൊച്ചിയോടു തൊട്ടുകിടക്കുന്ന ചെക്കിംഗ് സ്റ്റേഷനുകൾ മൂലം ജനങ്ങൾക്കു വളരെ കഷ്ടപ്പാടുകൾ ഉണ്ടാകുന്നുണ്ടു്. മറ്റൊരു സംഗതികൂടി എനിക്കു് ഗവണ്മെന്റിനെ അറിയിക്കാനുണ്ടു്. വൈക്കം താലൂക്കിൽ നാല്പതിൽപരം ചെക്കിംഗ് സ്റ്റേഷനുകൾ ഉണ്ടു്. ഈ ചെക്കിംഗ് സ്റ്റേഷനുകളിൽ എല്ലാം തന്നെ സൂക്ഷ്മമായി അന്വേഷിക്കുകയാണെങ്കിൽ അഞ്ചാറു കൊല്ലമായി യാതൊരു ജോലിയുമില്ലാതെ കഴിയുകയാണെന്നു് അറിയാൻ കഴിയും. ഈ ഓരോ സ്റ്റേഷനിലും രണ്ടു ഗാർഡുകളും ഒരു പ്രിവന്റീവ് ആഫീസറും അതിനു പുറമേ ഒരു ബോട്ടുമാനും ഒരു ബോട്ടും ഇപ്പോഴുണ്ടു്. ഗവണ്മെന്റു് രഹസ്യമായി ഇതിനെക്കുറിച്ചു അന്വേഷണം നടത്തുകയാണെങ്കിൽ ഈ ചെക്കിംഗ് സ്റ്റേഷനുകൾകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ലെന്നും നേരെ മറിച്ചു് ജനങ്ങൾക്കു് ഉപദ്രവമാണു ഉണ്ടാകുന്നതെന്നും മനസ്സിലാക്കാൻ കഴിയും. എത്രയും വേഗത്തിൽ ഇതിനു ഒരു പരിഹാരമുണ്ടാക്കേണ്ടതാണു്. ഇത്രയും സംഗതികൾ ഗവണ്മെന്റിന്റെ സത്വരമായ ശ്രദ്ധയിൽ പതിയണമെന്നപേക്ഷിച്ചുകൊള്ളുന്നു.

MR. JOSEPH MALIECKAL : *(Thodupuzha I—General)* : ബഹു. മെമ്പർ മി. ഗോപാലന്റെ ഉപക്ഷേപത്തെ അനുകൂലിക്കുന്നതോടുകൂടി ഞാൻ അതേ സംഖ്യയിൽ ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

MR. PRESIDENT : ഒരു ഉപക്ഷേപം ഹാജരാക്കിയിരിക്കുന്ന സ്ഥിതിക്ക് അതേ കാര്യത്തിലേക്കു വേറൊരു ഉപക്ഷേപം ഹാജരാക്കേണ്ടതാവശ്യമില്ല. എന്നാൽ അതിനെപ്പറ്റി ബഹു. മെമ്പർക്ക് സംസാരിക്കാവുന്നതാണ്. പക്ഷേ ൧൦ മിനിട്ടേ സമയം ലഭിക്കുകയുള്ളു എന്നുള്ള കാര്യം പ്രത്യേകം ഓർമ്മിക്കേണ്ടതാണ്.

MR. JOSEPH MALIECKAL : എനിക്ക് ഇതിൽ ചേരാത്ത ഒരു സംഗതിയാണ് പറയാനുള്ളത്. അത് അരൂക്കുറ്റി ചൗക്കയിലെ നടപടി സംബന്ധിച്ചാണ്. ഇവിടെനിന്നും കൊച്ചിയിലേക്ക് സാധനങ്ങൾ കൊണ്ടുപോകുന്നതിന് കയററുമതി ചുങ്കം കൊടുക്കണം. കാലത്തും ഉച്ചയ്ക്കും വൈകുന്നേരവും അപ്പോഴപ്പോഴുള്ള കരം ഒള്ള നിരക്കറിഞ്ഞാണ് അന്നത്തെ കച്ചവടം നടത്തുന്നത്. കാലത്തും വൈകുന്നേരവും കച്ചവടനിലയിൽ വ്യത്യാസം വരുന്നുണ്ട്. അങ്ങനെയുള്ള സമയത്ത് വള്ളങ്ങൾ രണ്ടു മൂന്നു ദിവസം അരൂക്കുറ്റിയിൽ കാത്തുകിടക്കാൻ നിർബന്ധിതമാകുന്നത് പല കഷ്ടനഷ്ടങ്ങൾക്കും കാരണമാകുന്നതാണ്. ഏതെങ്കിലും ഒരു ദിവസം ബഹു. എക്സൈസ് മന്ത്രി രഹസ്യമായി അവിടെ ചെന്നു പരിശോധിക്കുകയാണെങ്കിൽ രണ്ടു മൂന്നു ദിവസങ്ങളായി കാത്തുകിടക്കുന്ന വള്ളങ്ങളെ കാണാൻ കഴിയും. ഇങ്ങനെയുള്ള അവസ്ഥ എത്രയും വേഗത്തിൽ പരിഹരിക്കേണ്ടത് അത്യാവശ്യമാണ്. ഈ ഉദ്ദേശത്തിൽ ഒരു കട്ട്മോഷൻ ഞാൻ അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ അത് വേറൊരു ഗ്രൂപ്പിലാണ് ചേർത്തുകാണുന്നത്. ആ ഗ്രൂപ്പിലുള്ള കട്ട്മോഷൻ ആദ്യമേ വാദപ്രതിവാദത്തിന് എടുത്തിരുന്നുവെങ്കിൽ ഇപ്പോൾ ഈ ഉപക്ഷേപം അവതരിപ്പിക്കേണ്ടയാവശ്യം എനിക്കു നേരിടുകയില്ലായിരുന്നു.

MR. PRESIDENT : ലജിസ്ലേറ്റീവ് അസംബ്ലി റൂൾ ൪൩-ാം വകുപ്പിൽ ഇങ്ങനെയാണ് പറയുന്നത്:

"When several cut-motions on total demand are given notice of by several members the first motion shall be moved and the other movers will be given an opportunity to speak on the subject."
അതനുസരിച്ചാണ് ഈ മോഷനുകൾ എല്ലാം ഗ്രൂപ്പ് ചെയ്തിരിക്കുന്നത്.

MR. K. A. MUHAMMED (*Quilon IV—Muslim*) : ജനറൽ പാളിസിയെ കുറിച്ച് ഡിസ്കസ് ചെയ്യുന്നതിന് ടോട്ടലിൽ ഒരു തുക കുറയ്ക്കണമെന്നു ഒരു കട്ട് മോഷൻ ഉണ്ടായിരിക്കുകയും ഏതെങ്കിലും ഒരു വകുപ്പിനെപ്പററി മാത്രം മററൊരു കട്ട് മോഷൻ ഉണ്ടായിരിക്കുകയും ചെയ്താൽ ഇതിൽ ഏതിനാണ് പ്രിഫറൻസ് കൊടുക്കുന്നതെന്ന് അറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : ടോട്ടലിനാണ് പ്രിഫറൻസ്. ടോട്ടലിനെ സംബന്ധിച്ച കട്ട് മോഷനെക്കുറിച്ച് വാദപ്രതിവാദം നടക്കുമ്പോൾ ഡിപ്പാർട്ടുമെൻറിനെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളെപ്പററിയും പരാമർശിക്കാവുന്നതാണ്. അതുകൊണ്ട് അങ്ങനെയുള്ള കട്ട് മോഷൻ മാത്രം എടുത്താൽ മതിയെന്നാണ് സഭയുടെ അഭിപ്രായമെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്.

MR. K. A. MUHAMMED ; അങ്ങനെ എടുത്താൽ മതിയാകും.

MR. K. R. ELANKATH : ഞാൻ ആ അഭിപ്രായത്തെ പിൻതാങ്ങുന്നു.

MR. PRESIDENT : ടോട്ടലിനെ സംബന്ധിച്ച ആദ്യത്തെ കട്ട് മോഷൻ നമ്പർ ൯ ആണ്. അതു മൂവ് ചെയ്യുന്നതിനു സഭ അനുവദിക്കുന്നു എന്ന് ഞാൻ വിചാരിക്കുകയും അതിലേക്കു മി. നേശമണിയെ ക്ഷണിച്ചുകൊള്ളുകയും ചെയ്യുന്നു.

MR. A. NESAMONY : The allotment may be reduced by Re. 1. The cut motion is intented to reduce the allotmont and to bring to the knowledge of the Minister concerned, the difficulties experienced by passengers and tradesmen at the Aramboli Frontier Gate. The first thing is that the Customs Inspector does not know the boundary of our State. The boundaries of our State do not terminate at the Customs Gate. Beyond the Aramboli Gates, there is yet 3 miles of territory which belongs to Travancore. The Customs House Officer thinks that Travancore boundary terminates with the Aramboly Gate. The Customs Officer stops all vehicles for checking at these Gates. He has not yet learned the fact. There are vast areas of arable land which is under cultivation for various crops. At this time of world shortage of food, the poor agriculturist find it impossible to pass through these gates with the seed paddy etc. He has to carry the seeds for cultivation outside our State. People living in the suburbs of Aramboli find it impossible to carry on cultivation on account of the difficulties which are put on the way. Beyond Aramboly there are three other villages such as Kumarapuram. All the villagers here are put to severe handicaps. Last time, three or four months ago, the cattle had not fodder because, these Customs Officers did not allow people to bring it through this

Aramboli gate. The poor villagers are not allowed to take their ration which they have to bring from outside the Customs Office gate. They have to purchase it from outside this gate. As these articles of food are not allowed to be taken into the State, the poor people are put to innumerable hardships. They complained to the Tahsildar and he afterwards sanctioned to run a ration shop in the village.

Another difficulty is in the case of passengers. The Customs Officers never think that the passengers are also human beings. People come long distances travelling through these gates. If I happen to come in a car the guard comes out with a declaration form and gets declaration and goes back with a salute. Suppose I come in a passenger bus, they pull down all the luggage, dirrty cloth, etc., and take them up one by one. If the conductor is taken into our confidence, and be allowed to negotiate, things are so easy in those Customs Offices. There are people who do not understand the ways of people among them. For example, bananas that are imported into Travancore through these customs are put to such restrictions that sometimes we find the Vadassery market deserted of all these fruits. They ask them to wait and take their own time to let them into Travancore. Tons of articles of food have to wait at these customs. Sometimes, the market is scheduled to meet on Thursday. But these things never reach the market in time. Sometimes, it will reach on Wednesday evening. From that day the trade goes on and by the next evening these plantains are carried straight to Alleppey and other places. If such restrictions are put in bringing things into the State, it will be causing a lot of hardship to the people. When the market in Tinnevelly is so fluctuating, these restrictions cause serious hits to the trade. Vehicles are not allowed to pass into or out of the State. It is so serious a matter that many a merchant now complains that it is not worthwhile to carry on the trade from the Aramboli Gate. I bring these matters to the attention of the honourable Minister concerned so that he may rectify these defects as early as possible.

MR. P. S. MUHAMMED : സർ, ബഹുമാനപ്പെട്ട മെംബർ മി. നേശമണിയുടെ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു ഒന്നുരണ്ടു കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യമായി എനിക്കു പറയുവാനുള്ളതു് "ഇൻറർ പോർട്ടൽ കൺവെൻഷനെ"പ്പററിയാണു്. ഈ സ്റ്റേററിൻെറ നിലനോക്കിയാൽ ഏററവും പ്രധാനമായ വരവു് സ്ഥിതിചെയ്യുന്നതു് കസ്റ്റംസിൽ നിന്നാണെന്നു കാണാൻ കഴിയും. എന്നാൽ നിലവിലിരിക്കുന്ന ചില വ്യവസ്ഥകൾ ആ സംഖ്യ വേണ്ടവിധത്തിൽ വർദ്ധിപ്പിക്കുന്നതിനു ചില പ്രതിബന്ധങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ൧൦൮൦-ാമാണ്ടു് ബ്രിട്ടീഷുഗവണ്മെൻറും, കൊച്ചിഗവണ്മെൻറും, നമ്മുടെ

[Mr P. S. Muhammed.]

ഗവൺമെൻറും തമ്മിൽ ഇവിടത്തെ കസ്റ്റംസിനെ സംബന്ധിച്ച് ഒരു ഉടമ്പടിയുണ്ടാക്കി. ആ ഉടമ്പടിയിലെ വ്യവസ്ഥയനുസരിച്ചു വെളിയിൽനിന്നും ഈ രാജ്യത്തേക്കു വരുത്തുന്ന ഇറക്കുമതി സാധനങ്ങളുടെ ഡ്യൂട്ടി വകയായി ൫൩,൦൦൦ രൂപാ കണക്കാക്കപ്പെട്ടിരുന്നു. അതിൽ ൧൩,൦൦൦ രൂപാ നീക്കി ൪൦,൦൦൦ രൂപായാണ് ബ്രിട്ടീഷ് ഗവൺമെൻറു നമ്മുടെ ഗവൺമെൻറിനു കൊടുക്കുന്നത്. എന്നുമാത്രമല്ല ഇംപോർട്ടു ഡ്യൂട്ടിയായ ൫൩,൦൦൦ രൂപായിൽനിന്ന് ൧൩,൦൦൦ രൂപായോ, അഥവാ ആ തുക കൂടുതലുണ്ടെങ്കിൽ അതോ, നീക്കിവരുന്ന തുക മാത്രമേ നമുക്കു കിട്ടുന്നുള്ളു. ഇതു ൧൦൪൦-ാമാണ്ടു നടന്ന ഉടമ്പടിയിലെ വ്യവസ്ഥയാണ്. ൧൦൪൦-നു ശേഷം കച്ചവടം എത്രമാത്രം വർദ്ധിച്ചിട്ടുണ്ടെന്നും, ആ നിലയ്ക്കു നമുക്കു കിട്ടേണ്ടതായ ഇംപോർട്ടു ഡ്യൂട്ടി ഈ ൫൩,൦൦൦-ൽ നിന്നും ഇപ്പോൾ എത്രമടങ്ങു കൂടുതലായിരിക്കണമെന്നും ഞാൻ പറയാതെ തന്നെ മനസ്സിലാക്കാൻ കഴിയും. എന്നാൽ ഇന്നാകട്ടെ നാം ഈ ൪൦,൦൦൦ രൂപായോ അതിൽ കുറഞ്ഞതോ ആയ സംഖ്യകൊണ്ടു തൃപ്തിപ്പെടണമെന്നാണു വന്നിരിക്കുന്നത്. ഇതുവരെ ഒരു വിദേശഗവൺമെൻറിൻെറ നുകത്തിൻകീഴിൽ കഴിഞ്ഞുകൂടിയിരുന്ന നാം നമുക്കു മനസ്സുണ്ടായാലും ഇല്ലെങ്കിലും ഈ വ്യവസ്ഥകൾ അംഗീകരിക്കുവാൻ നിർബ്ബന്ധിതരായിരുന്നു. ഇപ്പോൾ നമ്മൾ സ്വതന്ത്രരായി എങ്കിലും സ്റ്റാൻറുസ്റ്റിൽ എഗ്രിമെൻറിലെ വ്യവസ്ഥപ്രകാരം പഴയ ഇൻറർപോർട്ടൽ കൺവൻഷനിലെ വ്യവസ്ഥകൾതന്നെ അംഗീകരിക്കേണ്ടതായിട്ടാണിരിക്കുന്നതു. നമുക്കിതു വളരെ നഷ്ടമുണ്ടാക്കുന്നതാണെന്നുള്ള കാര്യം പ്രത്യേകം പരിഗണിക്കേണ്ടതാണ്. അതുകൊണ്ടു ഈ സ്റ്റാൻറുസ്റ്റിൽ എഗ്രിമെൻറു വളരെക്കാലം നീട്ടിക്കൊണ്ടുപോകരുതെന്നും എത്രയും വേഗത്തിൽ വിദേശികൾ നമ്മെ അടിച്ചേൽപിച്ച ഈ ഉടമ്പടി വ്യവസ്ഥകൾ മാറേറണ്ടതാണെന്നും ഞാൻ ഗവൺമെൻറിനെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. ഇൻഡ്യാഗവൺമെൻറിനെ സമീപിച്ച് ഇതു സംബന്ധിച്ച് ഏററവും നീതിപൂർവകമായ ഒരു തീരുമാനം ഉണ്ടാക്കുവാൻ ഗവൺമെൻറു ശ്രദ്ധിക്കേണ്ടതാണ്. മററു കാര്യങ്ങളിൽ ഇൻഡ്യാഗവൺമെൻറുമായി ഇടപെടുന്ന കാര്യം സ്വല്പം നീട്ടിവച്ചാലും തരക്കേടില്ല. ഈ വിഷയത്തിൽ എത്രയും വേഗത്തിൽ ഒരു തീരുമാനം ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതാകുന്നു.

മറെറാരു സംഗതി എനിക്കു പറയുവാനുള്ളതു് ഉദ്യോഗവിതരണത്തെപ്പററിയാണ്. കസ്റ്റംസ് ഡിപ്പാർട്ടുമെൻറിൽ പത്തരുന്നൂറ് ഉദ്യോ

ഗങ്ങളുടെ ഒഴിവുകൾ ഉണ്ടാകും. അവിടെ സമുദായപ്രാതിനിധ്യതത്വം അനുസരിച്ച നിയമിക്കണമെന്നല്ല ഞാൻ പറയുന്നത്. ഗവണ്മെൻറിന്റെ ഇന്നത്തെ തീർച്ച അനുസരിച്ച ഡിപ്പാർട്ടുമെൻറുകളിൽ എല്ലാം കുറെക്കൂടി യുവത്വം ഉണ്ടാക്കണമെന്ന ഗവണ്മെൻറ് ആഗ്രഹിക്കുന്നതായി കാണുന്നു. അതിനുവേണ്ടിയാണല്ലോ ൫൫ വയസ്സു തികഞ്ഞവർ പെൻഷൻ പററിക്കൊള്ളണമെന്ന ഗവണ്മെൻറ് ഇപ്പോൾ ആജ്ഞാപിച്ചിട്ടുള്ളത്. അങ്ങനെ ഈ ഡിപ്പാർട്ടുമെൻറിൽ എത്രത്തോളം യുവത്വം ഉണ്ടാകുമെന്നറിയുന്നതിനുവേണ്ടി ഈയാണ്ടിൽ ഈ ഡിപ്പാർട്ടുമെൻറിൽനിന്നും എത്ര ആളുകൾ പിരിഞ്ഞു പോകുമെന്നറിഞ്ഞാൽ കൊള്ളാം. അങ്ങനെ പോകുന്നവരുടെ സംഖ്യ എത്രയാണെന്നു പറയുവാൻ ഗവണ്മെൻറിനു സന്മനസ്സുണ്ടായി കാണാൻ ആഗ്രഹിക്കുന്നു.

MR. MOHAMMED MUSTAFA (*Pathanapuram—Muslim*) : സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ച് ഞാൻ പറയാനുദ്ദേശിക്കുന്നത് ഇന്നു കസ്റ്റംസ ഹൗസുകളിൽ പൊതുജനങ്ങൾക്കു നേരിടുന്ന വിഷമതകളെ ചൂണ്ടിക്കാണിക്കുകയെന്നുള്ളതാണ്. ഇപ്പോൾ സാധുജനങ്ങൾ ഈ കസ്റ്റംസ്ഹൗസിൽ വളരെ വിഷമതകൾ അനുഭവിക്കുന്നുണ്ട്. ഉദാഹരണമായി കൊല്ലത്ത്, ഒരു കസ്റ്റംസ്ഹൗസുണ്ട്. വെളിച്ചെണ്ണ മുതലായ പ്രധാന സാധനങ്ങൾ മാക്കററിലെ അപ്പപ്പോഴുള്ള റേറനുസരിച്ച് കച്ചവടം നടത്തുന്നത് ഈ കസ്റ്റംസ് ഹൗസൽകൂടിയാണ്. വെളിച്ചെണ്ണ കയററി അയയ്ക്കുന്നതിന് കസ്റ്റംസ്ഹൗസിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പെരുമാററംമൂലം ഇപ്പോൾ വളരെ പ്രയാസം നേരിട്ടുകൊണ്ടിരിക്കുന്നു. കസ്റ്റംസ് ഉദ്യോഗസ്ഥന്മാരുടെ വളരെ നിസ്സാരങ്ങളായ നിർദ്ദേശങ്ങൾപോലും അക്ഷരംപ്രതി അനുസരിച്ചിരുന്നാൽ തന്നെയും കൈക്കൂലി കൊടുത്തല്ലാതെ കാര്യം നടപ്പാകയില്ല എന്നുള്ള നില വന്നിരിക്കുന്നു. വെളിച്ചെണ്ണ സാധാരണ കയററി അയയ്ക്കുന്ന മാതിരി പെട്ടികളിലും വീപ്പകളിലും മററുമായി അവിടെ കൊണ്ടുവരപ്പെടുന്ന ചരക്കുകൾ യഥാസമയം കയററി അയയ്ക്കണമെന്നുണ്ടെങ്കിൽ കൈക്കൂലി കൊടുത്തേ സാധിക്കൂ. അതിനുംപുറമെ മാനിഫെസ്റ്റോ എഴുതി വയ്ക്കുക എന്ന ഒരു സമ്പ്രദായമുണ്ട്. അതിന് എല്ലാ കസ്റ്റംസിലും ഒരു ക്ലിപ്തറേററു വച്ചിരിക്കുകയാണ്. വ്യാപാരികളുടെ പക്കൽ നിന്നും ഈ കസ്റ്റംസ് ഉദ്യോഗസ്ഥന്മാർക്കു മാസം അലവൻസ്, ദിവസം

[Mr. Mohammed Mustafa.]

അലവൻസ് ഇങ്ങനെ ചില ക്ലിപ്തമായ വരുമാനങ്ങളും ഏർപ്പെടുത്തിയിരിക്കുന്നു. ഇപ്പോഴത്തെ ഗവണ്മെൻറിൻെറ നയമനുസരിച്ച് ഈ ഏർപ്പാട് ഉടനടി നിറുത്തൽ ചെയ്യേണ്ടതു് അത്യാവശ്യമാണു്.

അതുപോലെതന്നെ, പാക്കിനു് ഡ്യൂട്ടി വച്ചിരിക്കുന്നതുകൊണ്ടു സാധുജനങ്ങൾക്കു പല വൈഷമ്യങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള നിസ്സാരസാധനങ്ങളിന്മേൽ ചുമത്തുന്ന ഡ്യൂട്ടികളെല്ലാം തന്നെ നിറുത്തൽ ചെയ്യേണ്ടതാണെന്നാണ് എൻെറ അഭിപ്രായം.

മറെറാരു കാര്യം, നിലവിലുള്ള വ്യവസ്ഥകൾ ഒരു സാധനത്തിനു തന്നെ പലവിധത്തിലുള്ള ചുങ്കങ്ങളും ഡ്യൂട്ടികളും ഉണ്ടാക്കിവരുന്നു എന്നുള്ളതാണു്. ഇതു എക്സൈസ് ഡിപ്പാർട്ടുമെൻറിൻെറ സത്വരമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട ഒരടിയന്തിരകാര്യമാകുന്നു. വെളിച്ചെണ്ണയ്ക്കു തന്നെ ഒരു സെസ്സ് മില്ലുകാർ കൊടുക്കുന്നുണ്ടു്. അതു വിപണിയിലേക്കു കടത്തുമ്പോൾ മറെറാരു ചുങ്കം ഉണ്ടാക്കി വരുന്നു. ഇങ്ങനെ ഒന്നിലധികം തവണ ചുങ്കങ്ങൾ പിരിക്കുന്ന പല സാധനങ്ങളും ഉണ്ടു്. ആ പതിവും മറേറതാണ്ടതാണെന്നും കസ്റ്റംസ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കാണുന്ന അഴിമതികൾക്ക് എത്രയുംവേഗം പരിഹാരമുണ്ടാക്കേണ്ടതാണെന്നും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. PRESIDENT : മി. പി. ഗോപാലൻെറ ഉപക്ഷേപമാണ് അടുത്തതു്. മുൻപ് മി. ഗോപാലൻ മറെറാരു ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ചതിനാൽ ഇപ്പോൾ അദ്ദേഹത്തിന് പ്രസംഗിക്കുവാൻ ഉണ്ടാകുമെന്നു തോന്നുന്നില്ല.

MR. P. GOPALAN : സർ, മറെറാരു കാര്യത്തെപ്പററി സംസാരിക്കുവാൻ എനിക്കു രണ്ടു മിനിട്ട് അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

സർ, ഇൻററിംപോർട്ടൽ കൺവൻഷനെപ്പററിയും നിശ്ചലകരാറിനെപ്പററിയും മി. പി. എസ്. മുഹമ്മദ് ഇവിടെ പറയുകയുണ്ടായി. ഈ സ്റ്റേററിൻെറ മുതലെടുപ്പിനെയും ഭാവിയെയും സാരമായി സ്പർശിക്കുന്ന ഒരു പ്രധാന കാര്യമാണതു്. അതിനാൽ വ കോടിരൂപയോളം നമ്മുടെ രാജ്യത്തേക്കു കിട്ടേണ്ട ഡ്യൂട്ടിയബിൾ ആർട്ടിക്കിൾസിൽ നിന്നും ഇൻഡ്യാഗവണ്മെൻറു തരേണ്ടതായിട്ടാണിരിക്കുന്നതു്. എന്നാൽ നിശ്ചലകരാറിലെ വ്യവസ്ഥകളും ഇംപോർട്ടുഡ്യൂട്ടി സംബന്ധിച്ചുള്ള വ്യവസ്ഥകളും ഭേദപ്പെടുത്തിയല്ലാതെ നമുക്കിപ്പോൾ നഷ്ടപ്പെട്ടുകൊണ്ടി

ിക്കുന്ന ആ തുകയ്ക്കു പരിഹാരം ഉണ്ടാക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഒരു പക്ഷെ ഇൻഡ്യാ ഗവണ്മെൻറിന് ഇതിനെതിരായി ചില വാദങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്. ഡിഫൻസ്, കമ്മ്യൂണിക്കേഷൻസ് മുതലായ ഇനങ്ങളിൽകൂടി ഒരു സംഖ്യ ന്യായമായി കിട്ടാൻ അവർക്കും അവകാശപ്പെടാം. മററു ബ്രിട്ടീഷിൻഡ്യൻ പ്രാവിൻസിൽനിന്നും നാട്ടുരാജ്യങ്ങളിൽനിന്നും ജനസംഖ്യാനുപാതികമായോ, വിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയോ ന്യായമായി കൊടുത്തുവരുന്ന തുക, നമ്മുടെ ഇംപോർട്ടുഡ്യൂട്ടി ഇനത്തിൽ ഇൻഡ്യാഗവണ്മെൻറ് ഇപ്പോൾ വാങ്ങിച്ചുകൊണ്ടിരിക്കുന്ന തുകയിൽനിന്ന് എടുത്തുകൊണ്ടു ബാക്കിത്തുക നമുക്കു തരുവാൻ ഇൻഡ്യാഗവണ്മെൻറിനോടു ശക്തിയായി അവകാശപ്പെടണമെന്നു ഞാൻ ഗവണ്മെൻറിനെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

MR. K. P. NILAKANTA PILLAI, *(Chirayinkil I—General)* : സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് മരച്ചീനിമാവ് വെളിയിലേക്കു കടത്തിക്കൊണ്ടു പോകുന്നതിന് ലൈസൻസുകൊടുക്കുന്ന സിസ്റ്റത്തെപ്പററി രണ്ടുവാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നു.

ഇവിടെ ആഹാരസാധനങ്ങളുടെ ദൌർല്ലഭ്യം കൂടിക്കൊണ്ടിരിക്കുന്ന അവസരത്തിലും സാധുജനങ്ങൾക്കു വളരെ പ്രാധാന്യമേറിയ ഒരാഹാരസാധനമാണു മരച്ചീനിയെന്നു മനസ്സിലാക്കിയിട്ടും ഈ നാട്ടിൽനിന്ന് മരച്ചീനിമാവു കടത്തിക്കൊണ്ടുപോകുവാൻ ലൈസൻസുകൊടുക്കുന്നുവെന്നുള്ളതു വളരെ ആക്ഷേപാർഹമായ ഒരു നടപടിയാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. സർ, ഈ മരച്ചീനിമാവു കടത്തിക്കൊണ്ടുപോകുന്നതിനുള്ള ലൈസൻസുകൊടുക്കുന്നതിനെപ്പററി ക്ലിപ്തമായ യാതൊരു ഏർപ്പാടും ചെയ്തിട്ടില്ല. ഗവണ്മെൻറുതന്നെ ഒരു കാര്യത്തെപ്പററി എന്തെങ്കിലും ഒരു തീർച്ച ചെയ്യുമ്പോൾ അതിനു ഒരു അവസാനരൂപം—ഫൈനാലിററി—ഉണ്ടാകണം. മരച്ചീനിമാവു കടത്തിക്കൊണ്ടുപോകുന്നതിന് ലൈസൻസുകൊടുക്കുകയില്ല എന്നു പറഞ്ഞാൽ പിന്നെ കൊടുക്കരുത്. അങ്ങനെ ഒരു നയം പ്രഖ്യാപനം ചെയ്തതിൻെറശേഷവും ഈ രാജ്യത്തുള്ള ചില ആളുകൾ എങ്ങനെയെങ്കിലും കുറെ മരച്ചീനിമാവു ശേഖരിച്ചു സൂക്ഷിച്ച് അവസരം നോക്കിനിന്ന്, ചില ആളുകളുടെ കൂടെ പററിക്കൂടി എങ്ങനെയെങ്കിലും പററിച്ച് ആ മാവു കടത്തിക്കൊണ്ടുപോകുന്നതിനുള്ള ഒരു ലൈസൻസു സമ്പാദിക്കുന്നു. ഒരു നയം ഗവണ്മെൻറു പ്രഖ്യാപിച്ചാൽ അതു നടത്തിക്കൊണ്ടുപോകുന്നതിനുള്ള ത്രാണികൂടി ഗവണ്മെൻറിനുണ്ടായിരിക്കണം.

[Mr. K. P. Nilakanta Pillai.]

അതിനുള്ള ത്രാണി ഇല്ലാതെ വന്നതുകൊണ്ടാണ് കൈക്കൂലി, കറപ്ഷൻ, എന്നും മററും പറയേണ്ടി വരുന്നത്. ചില ആളുകൾക്ക് ഇതു സങ്കടകരമാണെന്നുള്ളതു തീർച്ചയാണ്. പത്തിരുപതിനായിരം ടൺ മരച്ചീനിമാവു ശേഖരിച്ചുവച്ചിരിക്കുന്ന ഒരാളിന് അതു കയററി അയയ്ക്കാൻ സാധിക്കാതെ വന്നാൽ അയാളും നശിക്കും, അയാളുടെ കുടുംബവും നശിക്കും. ഈ വിചാരത്താൽ അവർക്കു ലൈസൻസു കൊടുക്കുവാൻ ഗവണ്മെൻറു വഴിപ്പെട്ടുപോകുന്നു അതു പാടില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. ഇങ്ങനെ ഒരു നയം പ്രഖ്യാപിച്ചശേഷം പലപ്പോഴും ഗവണ്മെൻറുതന്നെ അതിനെതിരായി പ്രവർത്തിച്ചു വരുന്നുണ്ട്. ഇവിടെ ഒരു പുതുവൽചട്ടമുണ്ട്. പുതുവൽ സ്ഥലങ്ങളിൽ ആരും പ്രവേശിക്കരുത് എന്നാണു ചട്ടം. എന്നാൽ പത്തുപേർ അതിൽ പ്രവേശിച്ച് കൃഷിചെയ്തു തുടങ്ങുന്നതായി കാണുമ്പോൾ അത് അവർക്കു പതിച്ചുകൊടുക്കും. ഇങ്ങനെ ഗവണ്മെൻറു ഒരു ഉറച്ച നയം കൈക്കൊള്ളാതിരിക്കുന്നതാണ് ഇവിടത്തെ കുഴപ്പം. ആ നയം മാററണമെന്നും, ഏതെങ്കിലും ഒരു നയം ഗവണ്മെൻറു പ്രഖ്യാപിച്ചാൽ, അതു നടപ്പിൽ വരുത്തുകതന്നെ വേണമെന്നുമാണ് എനിക്കു പറയുവാനുള്ളത്.

ഒരു കാര്യംകൂടി എനിക്ക് ഈയവസരത്തിൽ പറയുവാനുണ്ട്. ആഹാരസാധനങ്ങളുടെ വില കൂട്ടിയപ്പോൾ മരച്ചീനി ഒരു പൌണ്ടിന് ഒരു ചക്രം വിലവച്ചു വില്ക്കണമെന്നു ഗവണ്മെൻറു പരസ്യം ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ അങ്ങനെ ഒരിടത്തും വില്ക്കുന്നില്ല. പാളയം ചന്തയിൽ പണത്തിനു ഒന്നരപൌണ്ടു മരച്ചീനിയാണു കിട്ടുന്നത്. ഇവിടെ പോലീസുകാരുടെ ഒരു കേന്ദ്രസ്ഥാനമാണ്. ഇങ്ങനെ പോലീസിൻെറയും പട്ടാളത്തിൻെറയും നടുവിൽ, ഗവണ്മെൻറിൻെറ തലസ്ഥാനനഗരിയിൽ തന്നെ ഇരിക്കുന്ന ഒരു ചന്തയിൽ, ഈ വിലയ്ക്കാണു കപ്പ വില്ക്കുന്നതെന്നു പറയുമ്പോൾ ഗവണ്മെൻറിൻെറ ഉത്തരവും, അതു നടപ്പിൽ വരുത്തുന്നതിൻെറ ഊർജ്ജിതവും തമ്മിൽ എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പറയാതെതന്നെ മനസ്സിലാക്കാവുന്നതാണ്. 'ഏട്ടിൽ അപ്പടി പയററിൽ ഇപ്പടി' എന്ന നിലയിൽ ആയിത്തീരാതെ ഗവണ്മെൻറ് എന്തെങ്കിലും ഒരു ആർഡർ പുറപ്പെടുവിച്ചാൽ, അതു പാലിക്കുകതന്നെ വേണം. എങ്കിൽ മാത്രമെ സാധുജനങ്ങൾക്കു രക്ഷയുണ്ടാകയുള്ളു. മുൻപിലത്തെ ഉത്തരവനുസരിച്ച് ഒരു പൌണ്ടിന് ഒരു ചക്രം എന്ന വിലയ്ക്കു മരച്ചീനി വില്പിക്കുവാൻകൂടി ഗവണ്മെൻറു ശ്രമിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. P. K. RAMAN (*Shertala II—General*) : സർ, നമ്മുടെ നിത്യോപയോഗസാധനങ്ങളിൽ പലതിനും ഗവണ്മെൻറു കൺട്രോൾ ഏർപ്പെടുത്തി. എന്നാൽ ഈ സാധനങ്ങളിൽ പലതും ഗവണ്മെൻറ് അറിയാതെതന്നെ ചില ചൗക്കസ്ഥലങ്ങളിൽക്കൂടി കൊച്ചീരാജ്യങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്നുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനാമെന്നുള്ള വിചാരത്തോടുകൂടിയാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളത്.

ചേർത്തല താലൂക്കിൻെറ വടക്കേപടിഞ്ഞാറെ അറ്റത്ത് ചെല്ലാനം എന്നൊരു സ്ഥലമുണ്ട്. അവിടെ ഗതാഗതസൗകര്യങ്ങൾ വളരെ കുറവാണ്. കൊച്ചിയിലേക്ക് ജലമാർഗ്ഗം പോകാൻ ഒരു ഉൗടുവഴി മാത്രമേ അവിടെയുള്ളു. ആ മാർഗ്ഗത്തിൽ കൂടി കപ്പ, ചക്കര, ശർക്കര, മധുരവള്ളിക്കിഴങ്ങു മുതലായ സാമാനങ്ങൾ വ്യാജമായി കടത്തിക്കൊണ്ടുപോകുന്നുണ്ട്. ഇതു് അവിടത്തെ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ടുമാത്രമാണ് സംഭവിക്കുന്നതെന്ന് പറയുവാൻ നിവൃത്തിയില്ല. വേണ്ടിടത്തോളം ആളുകളെ അവിടെ നിയോഗിച്ചിട്ടില്ല എന്നുള്ളതും ഒരു കാരണമാകുന്നതാണ്. അവിടെ ഗതാഗതസൗകര്യങ്ങൾ വളരെ കുറവാണെന്നു ഞാൻ പറഞ്ഞല്ലോ. ഈ സാധനങ്ങൾ കടത്തിക്കൊണ്ടുപോകുമ്പോൾ അവരിൽനിന്നും പണം തട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചിലർ അവിടെ എപ്പോഴും ചുററിനടന്ന് ആളുകൾക്ക് അമ്പരപ്പും വിഷമങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതായി അറിയുന്നുണ്ട്. ഈ സംഗതിയിൽ ബഹുമാനപ്പെട്ട ഗവണ്മെൻറു ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുന്നു.

HON'BLE MR. G. RAMACHANDRAN : ആ സ്ഥലത്തിൻെറ പേർ എന്താണെന്നു ഒന്നുകൂടി പറഞ്ഞാൽ കൊള്ളാം.

MR. P. K. RAMAN : ചെല്ലാനം.

MR. PONNARA G. SREEDHAR (*Nedumangad II—General*) : നിരോധിക്കപ്പെട്ട പുസ്തകങ്ങളും ലഘുലേഖകളും മററും അങ്ങനെയല്ലേ കടത്തിവിടുന്നതു്?

MR. P. K. RAMAN : അതെ.

MR. E. K. MADHAVAN (*Parur I—General*) : സർ, എക്സൈസ ഡിപ്പാർട്ടുമെൻറിൻെറ ശല്യം വളരെയുള്ള ഒരു സ്ഥലത്തുനിന്നാണ് ഞാൻ വരുന്നതു്. പറവൂർ തിരുവിതാംകൂറിൻെറ അതിർത്തിയിൽ കിടക്കുന്ന ഒന്നാണ്. തിരുവിതാംകൂറിൽനിന്നും കൊച്ചിയിലേക്കും കൊച്ചിയിൽ

[Mr. E. K. Madhavan.]

നിന്നും തിരുവിതാംകൂറിലേക്കും കയററി അയയ്ക്കുന്നതിനും, വരുത്തുന്നതിനുമായി എക്സൈസുകാരുടെ പക്കൽനിന്നും പലവിധമായ പെർമിററുകൾ വാങ്ങേണ്ടയാവശ്യം ആ താലൂക്കിലുള്ളവർക്ക് ഉണ്ട്. എന്റെ ബഹുമാന്യ സ്നേഹിതൻ മിസ്റ്റർ ഗോപാലൻ പറഞ്ഞതുപോലെ ഈ പെർമിററുകൾ വാങ്ങിക്കുവാൻ പല ഉദ്യോഗസ്ഥന്മാർക്കും കൈക്കൂലി കൊടുക്കണം. കൈക്കൂലി കൊടുത്താൽമാത്രം പോരാ, അവരെ ഏതെല്ലാം തരത്തിൽ തൃപ്തിപ്പെടുത്താൻ കഴിയുമോ, അതെല്ലാം ചെയ്യുകയും വേണം. കൈക്കൂലികൊടുക്കാതെ, ഒരു കാര്യവും അവിടെ നടക്കുകയില്ലെന്നുള്ളതു തീർച്ചയാണ്. ഇതുസംബന്ധിച്ച് അനവധിപരാതികൾ ഗവണ്മെൻറിലേക്ക് അയച്ചിട്ടുണ്ട്. എന്നാൽ ആരെക്കുറിച്ചാണോ പരാതിപ്പെടുന്നതു്, ആ ഉദ്യോഗസ്ഥനെത്തന്നെയാണ് അതിനെക്കുറിച്ച് അന്വേഷണം നടത്തുവാൻ ഗവണ്മെൻറു നിയോഗിക്കുന്നതു്. ഈ നടപടി വളരെ വിചിത്രമായിരിക്കുന്നു എന്നു പറയാതെ തരമില്ല. അങ്ങനെ പരാതിപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ അന്വേഷണം നടത്തിയാൽ തെളിവില്ലാതെ ആ പരാതി ചവററുകുട്ടയിൽ പോകുകയേ ഉള്ളൂ എന്നുള്ളതു നിശ്ചയമാണ്.

കപ്പ ഇവിടെനിന്നും കൊച്ചിയിലേക്ക് അയയ്ക്കരുതെന്നും അഥവാ, അയയ്ക്കുന്നെങ്കിൽത്തന്നെ കമ്മീഷണരുടെ പ്രത്യേക പെർമിറ്റോടുകൂടിമാത്രമേ അയയ്ക്കാവൂ എന്നും നിയമമുണ്ട്. ഇവിടെനിന്നും കൊച്ചിയിലേക്കു കപ്പ അയയ്ക്കുന്നതിന് പെർമിററുകൊടുക്കാറില്ല. എന്നാൽ ചങ്ങനാശ്ശേരിയിൽനിന്നും പറവൂർ താലൂക്കിലേക്കു കരവഴിയായി കപ്പ അയയ്ക്കുന്നതിന് പെർമിററുകൊടുക്കുന്നുണ്ട്. ചിലപ്പോൾ ജലമാർഗ്ഗമായും അയയ്ക്കുന്നതിനു പെർമിററുകൾ കൊടുത്തേക്കും. ചെലവു കുറഞ്ഞും കൂടുതൽ സൗകര്യമായും കപ്പ ജലമാർഗ്ഗേണ കൊണ്ടുപോകുവാൻ സാധിക്കും. എന്നാൽ അങ്ങനെ കൊണ്ടുപോകുന്ന കപ്പ, അതിർത്തിവരെ മാത്രമേ എത്തുകയുള്ളൂ. പിന്നെ പെട്ടെന്ന് അന്തർദ്ധാനം ചെയ്യുകയാണു പതിവ്. കപ്പ കൊണ്ടുപോകുന്നതു നേരെ കൊച്ചിക്കാണ്. അതിനെല്ലാം എസ്കോർട്ടുകാരെ വച്ചിട്ടുണ്ട്. അവർക്ക് ആവശ്യമുള്ള പണം ചങ്ങനാശ്ശേരിയിൽവച്ചുതന്നെ കൊടുത്തു് തൃപ്തിപ്പെടുത്തുന്നതിന്റെ ഫലമായി അവർ എവിടെയോ പോയി ഒളിക്കുകയാണ് ചെയ്യുന്നതു്. ഇങ്ങനെ കപ്പ മുഴുവൻ കൊച്ചിരാജ്യത്തേക്കുപോകുന്നു. കപ്പ വളരെ കുറച്ച് ആവശ്യമുള്ളതും, ഒരുപക്ഷേ ഒട്ടുംതന്നെ ആവശ്യമില്ലാത്തതുമായ മുനമ്പം, പുത്തൻചിറ മുതലായ സ്ഥലങ്ങളിലേക്ക് ലൈസൻസ

കൊടുത്തുവരുന്നു. ഇതു് ആ സ്ഥലത്തേക്കു കൊണ്ടുപോകാൻവേണ്ടിയല്ലെന്നും, കൊച്ചിരാജ്യത്തേക്കു കടത്തുവാനുള്ള ഒരു വിദ്യയാണെന്നുമുള്ളതു സ്പഷ്ടമാണു്. കഴിഞ്ഞകൊല്ലം ഇതിനെപ്പററി പരാതി പറഞ്ഞപ്പോൾ, അന്വേഷണം നടത്താൻ കമ്മീഷണർ അവർകൾ തന്നെ അവിടെ വരികയുണ്ടായി. പിന്നീടു് എന്തു നടന്നുവെന്നു നിശ്ചയമില്ല. ഈയിടെ പറവൂർ താലൂക്ക് സ്റ്റേററുകാൺഗ്രസ്സ് കമ്മിററിയിൽനിന്നും ഇതിനെപ്പററി ഒരു പരാതി അയയ്ക്കുകയും പരാതിപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥനെത്തന്നെ അന്വേഷണം നടത്തുവാൻ തിരിയെ അയയ്ക്കുകയും ചെയ്തു. ഇതിൽനിന്നു് എങ്ങനെ നീതി ലഭിക്കാൻ കഴിയുമെന്നു് എനിക്കു് മനസ്സിലാക്കാൻ കഴിയുന്നില്ല. പരാതിപ്പെടുന്ന ഉദ്യോഗസ്ഥനെത്തന്നെ ആ പരാതിയെപ്പററി അന്വേഷിക്കാൻ ചുമതലപ്പെടുത്തുന്ന പതിവു് ഉടനടി നിറുത്തേണ്ടതാണു്. അതിനുവേണ്ടി പ്രച്ഛന്നവേഷത്തിൽ മന്ത്രി അവർകൾതന്നെ ചുററിസഞ്ചരിച്ചു് അന്വേഷണംനടത്തിയാൽ കൊള്ളാമെന്നു് എനിക്കപേക്ഷയുണ്ടു്. ഡിപ്പാർട്ടുമെൻറിൽനിന്നും പെർമിററു കൊടുക്കുന്നതിന് തടസ്സമായി ഏതെങ്കിലും പൊതുക്കാര്യപ്രസക്തന്മാർ പ്രവർത്തിച്ചാൽ അവരെപ്പററി ചില പരാതികൾ അയയ്ക്കുന്ന പതിവുണ്ടു്. ആ പരാതി വഴിക്കുവഴി ആ സ്ഥലത്തുള്ള പാർവത്യകാരുടെ കൈയിലാണു കിട്ടുന്നതു്. അവർ ഇന്നാരെപ്പററി ഒരു പരാതി കിട്ടിയിട്ടുണ്ടു്, അതു എന്റെ കയ്യിൽ കിട്ടിയിരിക്കുന്നു എന്നു പറഞ്ഞുനടക്കുന്ന ഒരു പതിവും അവിടെ കാണുന്നുണ്ടു്. ഇങ്ങനെയുള്ള അഴിമതികളെല്ലാം എത്രയും വേഗം അവസാനിപ്പിക്കേണ്ടതാണെന്നു പറഞ്ഞുംകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. KANNARA GOPALA PANICKER (*Thiruvalla II—General*) : സർ, വെയർഹൗസ് ആക്ടിന്റെ പ്രവർത്തനത്തെപ്പററി അല്പം ചിലതു പറയുവാനാണു ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു്. ൧൧൨൦-ലെ ൨-ാം ആക്ടാണു വെയർഹൗസ് ആക്ട്. ഇവിടെ സാധനങ്ങൾ സംഭരിക്കുന്നതിന് ശരിയായ വെയർഹൗസുകൾ ഇല്ലാത്തതുകൊണ്ടു് പലവിധമായ നഷ്ടങ്ങൾ ഉണ്ടാകുന്നുണ്ടെന്നും, അതിന് ഒരു പരിഹാരം ഉണ്ടാക്കേണ്ടതു് ആവശ്യമാണെന്നും കണ്ടിട്ടാണ് ഈ ആക്ട് ഉണ്ടാക്കിയിരിക്കുന്നതു്. ആക്ട് പാസ്സായി എങ്കിലും, ഇന്നു ഈ വെയർഹൗസ് ആക്ട് അനുസരിച്ചു് യാതൊരു സംഗതിയും നടക്കുന്നില്ല. ആകപ്പാടെ തിരുവിതാംകൂറിൽ ലൈസൻസ്സുള്ള വെയർഹൗസ് ഒരൊററയെണ്ണം മാത്രമേയുള്ളൂ.

MR. K. A. MUHAMMED : അതു് എവിടെയാണെന്നു പറയാമോ ?

MR. KANNARA GOPALA PANICKER : ആലപ്പുഴയാണ്. വെയർഹൗസു സ്ഥാപിക്കുന്നതിനുള്ള ലൈസൻസ്സിനായി പലരും അപേക്ഷ കൊടുത്തിട്ടുണ്ടു്. അതു കിട്ടാതിരിക്കുന്നതു് ആക്ടിലെ ഒരു വ്യവസ്ഥയുള്ളതുകൊണ്ടാണ്. ലൈസൻസിനു് അപേക്ഷിക്കുന്നവർ അയ്യായിരം രൂപാ കെട്ടിവയ്ക്കുകയോ, അല്ലാത്തപക്ഷം പതിനായിരം രൂപായുടെ സെക്യൂരിറ്റികൊടുക്കുകയോ ചെയ്യണമെന്നു വ്യവസ്ഥയുണ്ടു്. പക്ഷേ, അതു് ഒരു നിർബ്ബന്ധിത വ്യവസ്ഥയാക്കിയിട്ടില്ല. ഇതു ഒരു നിർബ്ബന്ധിത വ്യവസ്ഥയാക്കേണ്ടതു വളരെ അത്യാവശ്യമാണ്. ആലപ്പുഴയിലോ അതുപോലുള്ള വലിയ കച്ചവടസ്ഥലങ്ങളിലോ ഇത്തരം വെയർഹൗസുകൾ സ്ഥാപിക്കുന്നതുകൊണ്ടു് ഉണ്ടാകുവാൻ കഴിയുന്ന ഗുണങ്ങൾ ആക്ടിലെ ഈ വ്യവസ്ഥമൂലം ഇല്ലാതെ പോകുകയാണ് ചെയ്യുന്നതു്. സാമാനങ്ങൾ ഈ വെയർഹൗസിൽ കൊടുത്താൽ അതിലേക്കു ഒരു രസീതു് ഉടമസ്ഥന്മാർക്കു കിട്ടും. ആ രസീതു നെഗോഷ്യബിൾ ഇൻസ്ട്രുമൻറ്സ് ആക്ടിലെ വ്യവസ്ഥപ്രകാരം ബാങ്കിലേല്പിച്ചാൽ പണം കിട്ടുന്നതാണ്. മാത്രമല്ല, വെയർഹൗസിൽ ഏല്പിക്കപ്പെടുന്ന സാധനങ്ങളിൽ കള്ളത്തരം ഒന്നും ചെയ്യാൻ സാധിക്കുന്നതുമല്ല. മായംചേർക്കുകയോ, വെള്ളം, മണ്ണു് മുതലായവ ചേർക്കുകയോ മററു കലർപ്പു സാധനങ്ങൾ ചേർക്കുകയോ ചെയ്യാൻ സാദ്ധ്യമല്ല. അതു കൊണ്ടു ഈ അയ്യായിരം രൂപ കെട്ടിവയ്ക്കുകയോ പതിനായിരം രൂപ സെക്യൂരിററി വയ്ക്കുകയോ ചെയ്യണമെന്നു് നിർബന്ധമായി വ്യവസ്ഥ ചെയ്തു് ഇതിനു ഒരു പോംവഴിയുണ്ടാക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇപ്പോൾ പത്തൊൻപതോ, ഇരുപതോ പേർ ലൈസൻസിനായി അപേക്ഷിച്ചിട്ടുണ്ടു്. അവക്കു് ലൈസൻസു കൊടുക്കുകയുംവേണം. ബഡ്ജററിൽ, ൨൦-ാമത്തെ പേജിൽ ൧൧൨൨-ാമാണ്ടിൽ വെയർഹൗസിൽനിന്നും ൩൦൦ രൂപായും, ൧൧൨൩-ൽ, ൧൦൦൦ രൂപായും, വരവു ലഭിച്ചിട്ടുണ്ടെന്നു കാണുന്നു. ൧൧൨൪-ലേക്കു ൩൦൦൦ രൂപയാണ് എസ്റ്റിമേററു ചെയ്തിരിക്കുന്നതു്. തിരുവിതാംകൂറിലുള്ള എല്ലാ വ്യാപാരസ്ഥലങ്ങളിലും, വെയർഹൗസു ഉണ്ടാക്കുകയാണെങ്കിൽ. ഗവണ്മെൻറിനു് ഈ ഇനത്തിൽ ഒരു വലിയ സംഖ്യ വരവുണ്ടാകുമെന്നു പ്രതീക്ഷിക്കാവുന്നതാണ്. അതുകൊണ്ടു് ഗവണ്മെൻറു ഈ കാര്യത്തിൽ വേണ്ടതു ചെയ്യണമെന്നു് അഭിപ്രായപ്പെടുന്നു.

MR. K. A. MUHAMMED : സർ, ബഹുമാനപ്പെട്ട പ്രധാനമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററ പ്രസംഗത്തിൽതന്നെ പറയുകയുണ്ടായി, ഇൻഡ്യാഗവണ്മെൻറുമായുള്ള നിശ്ചലകരാറുമൂലം നമ്മുടെ രാജ്യത്തിന് സാമ്പത്തികമായ എന്തെല്ലാം ഗുണദോഷങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് ശരിയായി പരിശോധിച്ചിട്ടില്ലാ എന്ന്. ഈ അവസരത്തിൽ ഇൻറർ പോർട്ടൽ കൺവെൻഷൻ മുഖാന്തിരം തിരുവിതാംകൂറിന്ന വളരെ ദോഷമുണ്ടാകുന്നുവെന്ന് ചൂണ്ടിക്കാണിക്കുവാനാണ ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളത്. ഇങ്ങനെയുള്ള കാര്യങ്ങളുടെ ഗുണദോഷങ്ങൾ പരിചിന്തനം ചെയ്യുമ്പോൾ ചിലർ പറയും ഇതു ഒരു പ്രാദേശിക ചിന്താഗതിയാണെന്ന്. ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രധാനമന്ത്രിതന്നെ ഒരവസരത്തിൽ പ്രാദേശികമായി ചിന്തിക്കുന്നതു സാമുദായികമായി ചിന്തിക്കുന്നതുപോലെതന്നെ ദോഷകരമാണെന്ന് ഊന്നിപ്രസ്താവിച്ചതു ഞാൻ ഓക്കുന്നു. എന്നാൽ യാഥാർത്ഥ്യങ്ങളുമായി ഏററുമുട്ടുമ്പോൾ പ്രാദേശികചിന്തയ്ക്കു കുറെയൊക്കെ നാം അധീനരായിപ്പോകുമെന്നുള്ളതിന്ന് സംശയമില്ല. ഇൻഡ്യയുടെ മററുഭാഗങ്ങളിൽ വളരെ കുറഞ്ഞ വിലയ്ക്കു അരികിട്ടുമ്പോൾ വളരെ കൂടുതൽ വില കൊടുത്തെങ്കിൽമാത്രമേ നമുക്ക് അരി കിട്ടുകയുള്ളു എന്ന ഒരു നില വന്നാൽ, നാം നിന്ന് ഒന്നാലോചിക്കും, എന്തുകൊണ്ട് ഇങ്ങനെവന്നു എന്ന്. അതുപോലെ ഇൻറർ പോർട്ടൽ കൺവൻഷൻ വ്യവസ്ഥകൾ ഇപ്പോഴത്തെ നിശ്ചലകരാറിൻപ്രകാരം നാം നിർബന്ധിതമായി പാലിക്കേണ്ടതുണ്ട്. ആ വ്യവസ്ഥയനുസരിച്ച് ൫൦ ലക്ഷം രൂപാ നാം നഷ്ടപ്പെടുന്നു എന്ന് ഈ യാണ്ടത്തെ ബഡ്ജററ് എസ്റ്റിമേററിൽ നിന്നും മനസ്സിലാക്കുവാൻ കഴിയും. ഇപ്പോഴത്തെ ഗവണ്മെൻറിന് ഇതു സംബന്ധിച്ച് ഒന്നും ചെയ്യുവാൻ കഴിയുന്നതല്ലെന്നും എന്തെങ്കിലും വ്യത്യാസം വരുത്തണമെങ്കിൽ സ്റ്റാൻറുസ്റ്റിൽ എഗ്രിമെൻറുതന്നെ വ്യത്യാസപ്പെടുത്തണമെന്നും എനിക്കറിയാം. സ്റ്റാൻറുസ്റ്റിൽ എഗ്രിമെൻറ വ്യത്യാസപ്പെടുത്തുകതന്നെവേണം. അതിനുവേണ്ടി ഗവണ്മെൻറ ശക്തിയായി ശ്രമിക്കണമെന്നാണ് എനിക്ക് ഈയവസരത്തിൽ പറയുവാനുള്ളത്.

മറെറാരുകാര്യം എനിക്കു പറയുവാനുള്ളത് ഇവിടുത്തെ ആഹാരത്തെപ്പററിയാണ്. നമുക്കാവശ്യമുള്ള ആഹാരസാധനങ്ങളിൽ ഏതാണ്ട ൪൦ ശതമാനംമാത്രമേ ഇവിടെ വിളയുന്നുള്ളു. ബാക്കിയുള്ള ൬൦ ശതമാനവും വെളിയിൽനിന്നു വരുത്തുകയാണ്. അങ്ങനെ നോക്കു

[Mr. K. A. Muhammed.]

മ്പോൾ ഇവിടുത്തെക്കാൾ ഇംപോർട്ടു വളരെ കൂടുതലായി നാം നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ എക്സ്പോർട്ട് മൂലത്തിൽ അമേരിക്കയിൽനിന്നും ധാരാളം ഡാളർ നമുക്കു ലഭിക്കുന്നുണ്ട്. ഇൻഡ്യയിൽ ഡാളർ ക്രെഡിററു സമ്പാദിച്ചു കൊടുക്കുന്നതു പ്രധാനമായി ജൂട്ട്സ്, കാഷ്യു എന്നീ സാധനങ്ങളുടെ കയററുമതി മൂലമാണ്. ഇൻഡ്യ വിഭജിക്കപ്പെട്ടതിനുശേഷം ഡാളർ ക്രെഡിററിനെ അടിസ്ഥാനമാക്കി നില്ക്കുന്ന പ്രധാനകയററുമതി കാഷ്യു മാത്രമാണെന്നു കാണാം. അങ്ങനെ ഹാഡ് ക്യാഷ് വേണ്ടത്ര കിട്ടാനുള്ള കയററുമതി നമുക്കുണ്ട്. എന്നാൽ അതു ഉപയോഗിക്കുവാനുള്ള അവകാശവും, അധികാരവും നമുക്കില്ലെന്നാണു വന്നിരിക്കുന്നതു്. ആ അധികാരം കൺട്രോൾ ചെയ്യുന്നതു റിസർവ്വ ബാങ്കും ഇൻഡ്യൻയൂണിയൻ ഗവണ്മെൻറുമാണ്. നേരേമറിച്ച് നാം സമ്പാദിക്കുന്ന ഡാളർ ക്രെഡിററും സ്റ്റേർലിംഗ് ക്രെഡിററും നമുക്കു തന്നെ ഉപയോഗിക്കുവാനുള്ള അവകാശം നമുക്കു ലഭിച്ചിരുന്നാൽ ഇന്നു കൺട്രോളിൽ ഇരിക്കുന്ന പല സാധനങ്ങളും, ഇരുമ്പ്, ഉരുക്ക്, സിമൻറ്, തുണി എന്നിങ്ങനെയുള്ള പല സാധനങ്ങളും നമുക്കു പ്രയാസംകൂടാതെ വാങ്ങിക്കുവാൻ സാധിക്കും. പക്ഷേ, ഇന്ന് അതു സാദ്ധ്യമല്ല. ഏതെങ്കിലും സാധനം ഇവിടെയുള്ള ആരെങ്കിലും അമേരിക്കയിൽനിന്നും വാങ്ങിക്കുവാൻ ഇൻഡ്യാഗവണ്മെൻറു മുഖേന അപേക്ഷിച്ചാൽ ആ അപേക്ഷയേക്കാൾ കൂടുതൽ പരിഗണനകൊടുക്കുന്നതു ബോംബെയിൽനിന്നോ, മദ്രാസ്സിൽനിന്നോ ലഭിക്കുന്ന അപേക്ഷകൾക്കാണ്. ഒരു ഡാളർ പോലും സമ്പാദിച്ചുകൊടുക്കുന്നവർക്കു പ്രത്യേക പരിഗണനകൊടുക്കുമ്പോൾ പ്രദേശികമായി അവരവരുടെ ആവശ്യതകളെക്കുറിച്ചു ചിന്തിക്കാത്തതാരാണ്? നാം സമ്പാദിച്ചുകൊടുക്കുന്ന ഡാളരപ്പൂളിനോ അല്ലെങ്കിൽ സ്റ്റേർലിംഗ് പൂളിനോ വേണ്ടി ഇങ്ങനെ ഇൻഡ്യൻ യൂണിയൻ പ്രാവിൻസുകളിൽ നിന്നു ലഭിക്കുന്ന അപേക്ഷകൾക്കു കൂടുതൽ പരിഗണനകൊടുക്കുന്നതു് എന്തുകൊണ്ടാണ്? ഇന്നത്തെ സ്റ്റാൻഡ്സ്റ്റിൽ എഗ്രിമെൻറാണ് ഇതിനെല്ലാം കാരണം. ആ എഗ്രിമെൻറു നമുക്കു വളരെ ദോഷകരമായ ഒന്നാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. ആ നിലയിലാണ് ഇൻറർപോർട്ടൽ കൺവെൻഷൻ ഉടമ്പടി വ്യവസ്ഥകൾ അക്ഷരംപ്രതി പാലിക്കുവാൻ നാം നിർബ്ബന്ധിതരായിരിക്കുന്നതു്. ആ വ്യവസ്ഥപ്രകാരം ൧൦,൦൦൦-ൽ ചില്വാനം വരുന്ന ഒരു തുക മാത്രമേ നമുക്കു കിട്ടുവാൻ അവകാശമുള്ളു. ആ തുകയിൽനിന്നുതന്നെ നമ്മുടെ കയററുമതി സാധനങ്ങളുടെ ചുങ്കത്തിൽ

നാം ഇൻഡ്യാഗവൺമെൻറിനു കൊടുക്കേണ്ടതായ തുക കഴിച്ചു ബാക്കി വരുന്നതുമാത്രമെ നമുക്കു കിട്ടുകയുള്ളു. സ്വതന്ത്ര തിരുവിതാംകൂർ ഉണ്ടാകുകയാണെങ്കിൽ ആ ഇനത്തിൽ ഒരുകോടി എഴുപതുലക്ഷം രൂപ നമുക്കു ലഭിക്കുന്നതാണെന്നു കണക്കാക്കപ്പെട്ടിരുന്നു. എങ്കിലും യഥാർത്ഥമായ കണക്കുനോക്കിയാൽ നാം പ്രതിവർഷം ഈ ഇനത്തിൽ ഉദ്ദേ. ലക്ഷം രൂപയോളം നഷ്ടപ്പെട്ടുകൊണ്ടാണിരിക്കുന്നതെന്നു കാണാം. അതുകൊണ്ടു ഇന്നത്തെ സ്റ്റാൻറ്സ്റ്റിൽ എഗ്രിമെൻറ് എത്രയും വേഗത്തിൽ വ്യത്യാസപ്പെടുത്തി ഇൻറർപോർട്ടൽ കൺവൻഷൻ ഉടമ്പടി വ്യവസ്ഥകൾ ഭേദഗതിചെയ്യുവാൻ ഗവൺമെൻറു ശ്രമിക്കേണ്ടതാണ്.

അരിക്ക് വില കൂട്ടുന്നതിനെപ്പററി സംസാരിച്ചപ്പോൾ അതിൻെറ പരിഹാരത്തിനായി ഒരു സബ്സിഡി തരുവാൻ ഇൻഡ്യാ ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടും ഇതുവരെ ഇൻഡ്യാഗവൺമെൻറ് അതു തരാതിരുന്നതിൽ നാം പ്രൊട്ടസ്ററു ചെയ്യേണ്ടതല്ലേ എന്നു ബഹുമാനപ്പെട്ട ഒരു മെംബർ പ്രധാനമന്ത്രിയോടു ചോദിച്ചപ്പോൾ എല്ലാകാര്യത്തിലും പ്രൊട്ടസ്ററു ചെയ്യാൻ നിവൃത്തിയില്ല എന്ന മറുപടിയാണ് അദ്ദേഹം പറഞ്ഞതു്. ഈ കാര്യത്തിൽ പ്രൊട്ടസ്റ്റിൻെറ ആവശ്യംതന്നെയില്ല. ഇതു നമ്മുടെ ഒരു അവകാശമാണ്. ഈ അവകാശം ഇൻഡ്യാ ഗവൺമെൻറിനോടു ശക്തിയുക്തം ചോദിച്ചുവാങ്ങുകയാണു വേണ്ടതു്. നാം സമ്പാദിക്കുന്ന ഡാളർക്രെഡിററു നമുക്കുതരണം. അതിന് ബാധകമായി നില്ക്കുന്ന ഇന്നത്തെ സ്റ്റാൻറ്സ്റ്റിൽ എഗ്രിമെൻറ് എത്രയും വേഗത്തിൽ റദ്ദുചെയ്യുന്നതിനുള്ള നടപടികൾ നടത്തണമെന്നാണ് എനിക്കു പറയാനുള്ളതു്.

MR. KRISHNAN AIYAPPAN (*Shertallai III—General*): സർ, ഇവിടെ സമർപ്പിച്ചിരിക്കുന്ന ഖണ്ഡനോപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു ചൗക്കവഴി അയയ്ക്കുന്ന വ്യവസായസാധനങ്ങൾക്കു തീരുവ ചുമത്തുമ്പോൾ ഉണ്ടാകുന്ന താമസത്തെപ്പററിയും ഈ ഡിപ്പാർട്ടുമെൻറിൽ നടത്തുന്ന നിയമനങ്ങളെപ്പററിയും രണ്ടു വാക്കു പറയുവാനാണ് ഞാൻ ഉദ്ദേശിക്കുന്നതു്. ചേർത്തല, അമ്പലപ്പുഴ ഈ താലൂക്കുകളിൽ മുൻപുണ്ടായിരുന്ന വ്യവസായശാലകളിൽ അധികവും ഇന്നു പല കാരണങ്ങളാൽ നിന്നിരിക്കയാണ്. അനേകം ഫാക്ടററികൾ പല തരത്തിൽ ഉണ്ടായിരുന്നവയിൽ ഇപ്പോൾ ൯-൧൦ എണ്ണങ്ങളിൽ മാത്രമേ ശരിയായി ജോലിനടക്കുന്നതായി ഉള്ളൂ. നേരിട്ട് ലണ്ടനിലേക്കും അമേരിക്കയിലേക്കും കപ്പലിൽ കയററി ചരക്ക് അയക്കുന്ന ചില വ്യവസായികൾ

[Mr. Krishnan Aiyappan.]

കയററുവ്യവസായം തുടങ്ങിയവ—ചേർത്തലയിൽ ഉണ്ട്. അവരുടെ വ്യവസായസാധനങ്ങൾ തക്ക സമയത്തു് അവിടെ എത്താൻ കസ്റ്റംസ് ആഫീസരുടെ സഹകരണവും പ്രത്യേകം ഉണ്ടാകേണ്ടിയിരിക്കുന്നു. നാട്ടുകാരുടെ സാമാനം അയയ്ക്കുന്നതിലാണ് ഈ ആപത്തു കൂടുതൽ ഉള്ളതു്. കപ്പലിൽ ചരക്ക് അയയ്ക്കുന്നതിന് ഇന്ന തീയതി കപ്പൽ കൊച്ചിയിൽ എത്തുമെന്നും അതിൽ ഇത്രടൺ സാധനം കയററുന്നതിനേ സ്ഥലം ഉള്ളൂ എന്നും അറിഞ്ഞാൽ ആ ചരക്കയയ്ക്കുന്നതിനാണ് ബദ്ധപ്പാടുകളും ബുദ്ധിമുട്ടുകളും ഉള്ളതു്. ഇപ്പോഴുള്ള തൊഴിലാളിക്കുഴപ്പങ്ങളാൽ അയയ്ക്കുന്നതിനു ൧-൨ ദിവസത്തിനകമേ ചരക്കുകൾ തയാറാകുകയുള്ളൂ. ഒന്നുരണ്ടു ദിവസത്തിനകം വെളിയിൽ ചരക്ക് അയയ്ക്കണം എന്നു വരുമ്പോൾ അവിടെ പലവിധത്തിലുള്ള പരിശോധനകൾ വേണം എന്ന നാട്യം കാണിച്ചു് ബുദ്ധിമുട്ടിക്കുന്ന രീതി ഇപ്പോൾ ചരക്കുകളിൽ ധാരാളമായി കാണുന്നുണ്ടു്. അങ്ങിനെയുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതിനാൽ ചരക്കു സമയത്തിനു കപ്പലിൽ എത്തിക്കുവാൻ സാധിക്കാതെ കപ്പൽ പോകുകയും കൊച്ചിയിൽകൊണ്ടുചെല്ലുന്ന സാധനങ്ങൾ അവിടെത്തന്നെ ഗോഡൗണിൽ കൂടുതൽ കൂലികൊടുത്തു വയ്ക്കേണ്ടതായും വരുന്നു. ഇങ്ങിനെയുള്ള ചരക്കയിലെ പരിശോധനയിലുള്ള താമസംകൊണ്ടു് കൂടുതൽ നഷ്ടം ഉണ്ടാകുകയും ചരക്കയയ്ക്കാൻ സാധിക്കാതെ അതിന്റെ ആഡർ ക്യാൻസൽ ആകുകയും ചെയ്യുന്നു. അതിനാൽ ചരക്കയിൽ ഇരിക്കുന്നവർ വ്യവസായങ്ങളിൽ താൽപര്യം ഉള്ളവർ ആയിരിക്കണമെന്നും കസ്റ്റംസ് നിയമങ്ങളിൽ ചില നയങ്ങൾ ഉണ്ടായിരിക്കണമെന്നുമാണ് എനിക്കു പറയാനുള്ളതു്. സൗകര്യമുള്ളപക്ഷം കസ്റ്റംസ് എക്സൈസിൽനിന്നും വേർതിരിച്ചു പ്രത്യേകമായി വയ്ക്കുകയോ അല്ലാത്തപക്ഷം അതിലേക്ക് ഒരു അഡൈ്വസറിബോർഡ് വയ്ക്കുകയോ ചെയ്യണം. ഇങ്ങനെയുള്ള സ്ഥലത്തു നിയമിക്കപ്പെടുന്നവർ രാജ്യസ്നേഹവും സത്യസന്ധതയും ഉള്ളവരായിരിക്കണം. എനിക്ക് ഈ സഭയെ അറിയിക്കാനുള്ള വേറൊരു സംഗതി, സന്ദർഭം കിട്ടുമ്പോഴാണ് ഗവണ്മെന്റിന് വല്ലതും ചെയ്യുവാൻ സാധിക്കുന്നതു് എന്നാണ്. അധഃകൃതവർഗ്ഗത്തിൽപെട്ട സ്കൂൾഫൈനൽ മുതൽ ബി. ഏ. വരെ പാസ്സായിട്ടുള്ള ഏതാനും ആളുകൾ ഇപ്പോൾ തിരുവിതാംകൂറിൽ ഉണ്ട്. ഉദ്ദേശം നാലായിരത്തോളം ഉദ്യോഗങ്ങൾ ഒഴിവ് ഉള്ളതായും അറിയുന്നു. സർ രാജഗോപാലാചാരി ഇവിടെ ദിവാൻജി ആയിരുന്ന കാലത്തു് ... ...

MR. PRESIDENT: ആർഡർ, ആർഡർ. ഈ മോഷനിൽ ഉൾപ്പെടുന്നതു് ഇത്രമാത്രമേയുള്ളൂ:—

"To discuss the inconvenience, hardships and unnecessary delay caused by the Customs Office to the transport of goods sent for shipping through the Arukutty and Veluthully chowkeys."

MR. KRISHNAN AIYAPPAN : ഈ പ്രമേയത്തെപ്പററി ഇവിടെ അഭിപ്രായം പറയുന്നതിന് അനുവദിച്ചതുകൊണ്ടാണ് ഞാൻ പറയുന്നതു്.

ഈ നിലയിൽ കസ്റ്റംസ് ആഫീസിൽ നിയമിതരാകുന്ന ആളുകൾ സത്യസന്ധത പാലിക്കണം എന്നാണ് എനിക്കു പറയുവാനുള്ളതു്. അധഃകൃതവർഗ്ഗത്തിൽപെട്ട ആളുകൾ നിയമിതരാകുന്നപക്ഷം സത്യസന്ധതയോടുകൂടി യഥായോഗ്യം പെരുമാറുമെന്നും അവർ ധിക്കാരമായി പെരുമാറുകയില്ലെന്നും പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

MR. N. V. CHACKO *(Kunnathunad III—General)* : സർ, ചുങ്കം ഏർപ്പാടുമൂലം ചൗക്കകളിൽ വലിയ അനീതികൾ നടക്കുന്നുണ്ടു്. സാമാനങ്ങൾക്കു് വിലകൂടിയാൽ ചുങ്കം കൂടും. എന്നാൽ സാമാനങ്ങൾക്കു വില കുറഞ്ഞാൽ ചുങ്കത്തിന്റെ നിരക്കു കുറയ്ക്കുന്നില്ല. അങ്ങനെ വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇവിടെ അടയ്ക്കാക്കു ചുങ്കം ഉണ്ടായിരുന്നു. ഇപ്പോൾ നിറുത്തിയിരിക്കയാണെന്നു തോന്നുന്നു. അടയ്ക്കാക്കു ചുങ്കം ഉണ്ടായിരുന്ന കാലത്തു് മുഴുവൻ ചുങ്കവും കൊടുത്തു കച്ചവടക്കാർ കൊച്ചിയിൽ അടയ്ക്കാ കൊണ്ടുപോയി വിററിരുന്നു. അവരിൽ നിന്നു കൂടുതൽ ചുങ്കം ഈടാക്കുവാനുള്ള നടപടി നടത്തിവന്നു. കച്ചവടക്കാർ അതാതു കാലത്തുള്ള ചുങ്കത്തിന്റെ നിരക്കനുസരിച്ചാണ് അടയ്ക്കാ വാങ്ങിയിരുന്നതു്. ഇപ്പോൾ കൂടുതൽ കച്ചവടക്കാരുടെ മേൽ ആണ് ചുങ്കം ചുമത്തുന്നതു്. അതായതു് ചുങ്കം ആവശ്യപ്പെട്ടാൽ അതു അവർക്ക് ഭീമമായ നഷ്ടത്തിനിടയാകും. റവന്യൂഡിപ്പാർട്ടുമെന്റുവഴി കൂടുതൽ ചുങ്കം ഈടാക്കുന്നതിനു നടപടി നടത്തിവരുന്നതായി അറിയുന്നു. മുൻപു് കൊച്ചിയിൽനിന്നും തിരുവിതാംകൂറിലേക്കു പുകയില കടത്തിക്കൊണ്ടുവരുന്ന ഏർപ്പാടു് ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ നേരെ മറിച്ചാണു്. ചുങ്കം ഏർപ്പാടുകൊണ്ടു് പലപ്പോഴും പല അസൗകര്യങ്ങളും വരുന്നുണ്ടു്. അവരെപ്പററി പുരാതനകാലംമുതലേ ചീത്ത അഭിപ്രായമുള്ളതാണ്. അങ്ങനെയുള്ള വിഷമങ്ങൾ ഉണ്ടാകാതെ ചുങ്കം ജീവനക്കാർ നീതിപൂർവമായി പെരുമാറത്തക്കവണ്ണം വേണ്ട ഏർപ്പാട് ഗവണ്മെന്റ് ചെയ്യണം എന്ന അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. T. A. ABDULLA: Sir, I may be permitted to speak on this matter.

മി. നേശമണി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഖണ്ഡനോപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. അതിനുള്ള ഒന്നുരണ്ടു സംഗതികൾ ബഹു: മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എനിക്ക് ആദ്യമായി പറയാനുള്ളത് കള്ളുഷാപ്പിലെ ക്രമക്കേടുകളെ പ്പററിയാണ്. കള്ളുഷാപ്പ് രാത്രി എട്ടു മണിക്കുമേൽ തുറക്കാൻപാടില്ല എന്നാണ് വ്യവസ്ഥയുള്ളത്. അതു പോലെ അന്നന്നുള്ള കള്ള് അന്നന്നു തീരാതെ ബാക്കിവരുന്നതു അന്നന്നു നശിപ്പിക്കണമെന്നും അതു പിറെറ ദിവസം ഉപയോഗിക്കാൻ പാടില്ല എന്നുമാണ് നിയമം. കൂടാതെ.........

MR. PRESIDENT: ഇതു് എക്സൈസിനെപ്പററി പറയുമ്പോൾ പറയേണ്ടതാണ്.

MR. G. P. NILAKANTA PILLAI (*Karunagappalli I—General*) : Sir, on a point of order. The motion is not for a cut in the total allotment.

MR. T. A. ABDULLA : But the point has been referred to by the mover.

മി. കണ്ണാറ ഗോപാലപ്പണിക്കർ വെയർഹൌസ് ആക്ററു നിർബന്ധിതമാക്കണമെന്നഭിപ്രായപ്പെട്ടു. എനിക്ക് അതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രിയോടു പറയാനുള്ളതു് ഇതു് വളരെ സൂക്ഷിച്ചു കൈകാര്യം ചെയ്യേണ്ടതായ ഒരു സംഗതിയാണെന്നാണ്. ഇന്നു് ഒരു വെയർ ഹൌസ് ആക്ററ് നിലവിലുണ്ടെങ്കിലും അതു് നിർബന്ധിതമല്ല. മി. കണ്ണാറ ഗോപാലപ്പണിക്കർ ഈ ആക്ററു കമ്പൽസറിയാക്കിയില്ലെങ്കിൽ വിഷമമുണ്ടെന്നു പറഞ്ഞു. ആ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. കമ്പൽസറി (നിർബന്ധിതം) ആക്കണമെന്നുണ്ടെങ്കിൽ തന്നെയും ഇന്നത്തെ ആക്ററ് സൂക്ഷ്മമായി പരിശോധിച്ചശേഷം മാത്രമേ അങ്ങനെ ചെയ്യാൻ പാടുള്ളൂ. ഇന്നത്തെ ആക്ററിൻെറ വലിയ മെച്ചമായി പറയുന്ന ഒരു പ്രധാന കാര്യം ഇതാണ്. അതായതു് വെയർഹൌസ്മാൻെറ സർട്ടിഫിക്കററ് ഒരു നെഗോഷിയബിൾ ഇൻസ്ട്രുമെൻറാക്കിയിട്ടുണ്ട്. അതു കൊണ്ടു വളരെ സൌകര്യപ്രദമായ വിധം പണം അഡ്വാൻസ് വാങ്ങാമെന്നാണ് പറയുന്നതു. എന്നാൽ വെയർഹൌസമാൻെറ സർട്ടിഫിക്കെററുകൊണ്ടു പണം കിട്ടുന്ന കാര്യത്തിൽ പ്രത്യേകം സൌകര്യമൊന്നും ഉണ്ടാകുവാൻ പോകുന്നില്ല. പണം കിട്ടുന്ന കാര്യം മററു പല സംഗതികളെയും ആശ്രയിച്ചാണിരിക്കുന്നതു്. ചരക്കു ഏററുവാങ്ങി സൂക്ഷിക്കുന്ന ഗുദാമുടമസ്ഥന്മാർ തന്നെയാണ് ഇന്നു് ഉൽപാദകന്മ് അഡ്വാൻസ്

കൊടുക്കുന്നതു്. എന്നാൽ Warehouse Act അനുസരിച്ചു സൂക്ഷിപ്പുകാരനായ ലൈസൻസുള്ള വെയർഹൌസ്മാൻ പണം അഡ്വാൻസ് കൊടുക്കുന്നതു നിയമവിരുദ്ധമാകുന്നു. അതിനാൽ ചരക്കുടമസ്ഥൻ പണത്തിനായി മററുള്ളവരെ ആശ്രയിക്കേണ്ടിവരും. ഇന്നത്തെ പണത്തിന്റെ വിഷമംമൂലം സർട്ടിഫിക്കെററുമായി പണത്തിനു നടന്നാൽ കിട്ടുന്നതിനു വളരെ പ്രയാസമാണു്. തൽക്കാരണത്താൽ തിടുക്കത്തിൽ ചരക്കു മുഴുവൻ കിട്ടുന്ന വിലയ്ക്കു വില്ക്കുവാൻ നിർബന്ധിതമായിത്തീരുന്നു. ഇപ്പോഴത്തെ ആക്ററിൽ മററു പല ന്യൂനതകളും അവ്യക്തതകളും ഉണ്ടു്. Warehouse man-ന്റെ പ്രതിഫലത്തെ സംബന്ധിച്ചു റൂളുകൾ ഇനിയും ഉണ്ടായിട്ടില്ല. മററു പല പ്രായോഗിക വിഷമതകളും ആക്ററു് നടപ്പിലാക്കിയാൽ വന്നുകൂടുന്നതാണു്. ആകപ്പാടെ ഈ ആക്ററിനെ ഒരു സമൂലപുനഃപരിശോധനയ്ക്കുശേഷം നടപ്പിലാക്കിയാൽ മതിയെന്നാണു് എന്റെ അഭിപ്രായം. അതിലേക്കായി ബഹു: മന്ത്രി ഇതിൽ താൽപര്യമുള്ള കക്ഷികളുമായി വേണ്ടതായ ആലോചനകൾ ചെയ്യുമെന്നു വിശ്വസിക്കുന്നു.

MR. M. GOVINDAN (*Trivandrum III—General*): ഇപ്പോഴത്തെ വെയർഹൌസ് ആക്ററു മോശമാണെന്നാണോ മെംബറിന്റെ അഭിപ്രായം.

MR. T A. ABDULLA: ഇന്നുള്ള ആക്ററു മോശമാണെന്നാണ് എന്റെ അഭിപ്രായം.

MR. M. GOVINDAN: സർ, മരച്ചീനി ശകലമെങ്കിലും വെളിയിൽ വിട്ടാൽ ഇവിടത്തെ ആളുകൾ കഷ്ടപ്പെടുമെന്നു മി. കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അതു വലിയ അബദ്ധമാണു്. ഈ രാജ്യത്തു് പണം വരുന്നതിൽ ഏററവും പ്രധാനമായിട്ടുള്ളതു് മരച്ചീനിയിൽ നിന്നാണു്. ഈ രാജ്യത്തുള്ളതിൽ എത്രയോ വളരെ കൂടുതൽ വിലയാണ് വെളിയിൽനിന്നും കിട്ടുന്നതു്. നമ്മുടെ മരച്ചീനി വെളിയിൽപോയാൽ ഇവിടെ കിട്ടുന്നതിൽ എത്രയോ മടങ്ങു പണം ഇവിടെ വന്നുചേരും. അങ്ങനെ വന്നുചേർന്നാൽ നമ്മുടെ ആവശ്യത്തിനുള്ള പല സാധനങ്ങളും വാങ്ങാം. ഇവിടെ ഈ മരച്ചീനി ആരാണു് തിന്നുന്നതു്? ഇവിടെ ഉള്ളവരെല്ലാം ഈ മരച്ചീനി തിന്നുകയാണോ ചെയ്യുന്നതു്? പാവപ്പെട്ടവർ ചോറിനു സമം മരച്ചീനി തിന്നുമെന്നുള്ളതു് വെറും ഒരു തെററിദ്ധാരണയാണു്. വല്ല മീനോ മറേറാ ഉണ്ടെങ്കിൽ തിന്നുമെന്നല്ലാതെ മരച്ചീനിമാത്രം തിന്നുന്നവർ വളരെ

[Mr. M. Govindan]

കുറവാണ്. എന്റെ സ്നേഹിതൻ ഇവിടെ പറഞ്ഞതു് മരച്ചീനി വെളിയിൽവിട്ടാൽ ഇവിടെ ക്ഷാമമുണ്ടാകുമെന്നാണ്. പണം ധാരാളം നമ്മുടെ നാട്ടിൽ വന്നാൽ നമുക്കു ഒന്നാംതരം പോഷകാംശമുള്ള ഭക്ഷണ സാധനം ഇവിടെ വരുത്താം. മരച്ചീനി വെളിയിൽ വിട്ടാൽ അതു് ധാരാളം വിലപോകും. അങ്ങനെയാകുമ്പോഴും മരച്ചീനിക്കൃഷി ഇവിടെ ധാരാളം ഉണ്ടാകും. ഇന്ന് മരച്ചീനിക്കൃഷി വളരെ ചുരുക്കംപേർ മാത്രമാണ് ചെയ്യുന്നതു്. മരച്ചീനി വെളിയിൽ അയച്ച് അതിന്റെ വില കൂടിയാൽ എല്ലാ സ്ഥലത്തും മരച്ചീനിക്കൃഷി ഉണ്ടാകും. ഞാൻ ഈയിടെ രണ്ടായിരം ഏക്കർ സ്ഥലം മരച്ചീനിക്കൃഷി ചെയ്യണമെന്നു വിചാരിച്ചു. അതിനാൽ കുറെ എങ്കിലും ഈ മരച്ചീനിമാവും മരച്ചീനിയും വെളിയിൽ കൊണ്ടുപോകുവാൻ അനുവദിക്കണം. ഞാൻതന്നെ ഒരു വക്കാലത്തു പറഞ്ഞു പത്തു മുന്നൂറു ടൺ മരച്ചീനിമാവ് വെളിയിൽ അയപ്പിച്ചിട്ടുണ്ട്. മനുഷ്യന് തിന്നാൻകൊള്ളരുതാതെയായി ദുർഗന്ധംകൊണ്ടു അടുത്തുള്ളവർക്കു താമസിക്കുന്നതിനുപോലും സൌകര്യമില്ലാത്തവിധം അതു് ചീത്തയായിപ്പോകുന്നതിനുമുമ്പ് അവയെ വെളിയിൽ അയയ്ക്കുന്നതിന് എക്സൈസ് കമ്മീഷണർ കല്പന കൊടുക്കേണ്ടതാണ്. മരച്ചീനി മാത്രമായിട്ട് ഒരു ഭക്ഷണപദാർത്ഥം ആയി ഉപയോഗിക്കാൻ സാധിക്കുകയില്ല. പണം മാത്രം കയ്യിൽ ഉണ്ടായിരുന്നാൽ മതി എല്ലാ സാധനങ്ങളും വാങ്ങിക്കാം, നല്ല അരി വാങ്ങിക്കാം, സുഖിക്കാം. എന്നാൽ പണം ഇല്ലാതെ ഒന്നും ഒക്കുകയില്ല. ഈ മരച്ചീനിക്കും മരച്ചീനിമാവിനും വെളിയിൽ നല്ല ഡിമാൻഡ് ഉള്ളതുകൊണ്ടു് അതു് വെളിയിൽ അയച്ച് നമുക്കു പണം ഉണ്ടാക്കാവുന്നതും ആണ്.

MR. P. T. CHACKO: ബഹുമാനപ്പെട്ട മെമ്പർ മരച്ചീനി ഉപയോഗിച്ചു നോക്കിയിട്ടുണ്ടോ?

MR. M. GOVINDAN: ധാരാളം ഉപയോഗിച്ചു നോക്കിയിട്ടുണ്ട്. അതു് അത്ര നല്ല സാധനം ഒന്നും അല്ല. അതിനാൽ ഞാൻ പറയുന്നതു മരച്ചീനിയും മരച്ചീനിമാവും കുറെ എങ്കിലും വെളിയിൽ അയയ്ക്കുന്നതിന് അനുവാദം നൽകേണ്ടതാണ് എന്നാണ്.

MR. PONNARA G. SREEDHAR: സർ, മരച്ചീനിയോടു് വളരെ അടുത്തു പരിചയമുള്ള ഈ വസ്തുതയെ സംബന്ധിച്ച് രണ്ടു വാക്കു പറയുവാനുണ്ട്. മി. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞു, മരച്ചീനി ഒരു ആഹാരസാധനമായതിനാൽ വെളിയിൽകൊണ്ടുപോകുന്നതിന് അനുവദിച്ചുകൂടെന്ന്. മി. ജോസഫ് മാളിയേക്കൽ പറയുന്നു, അരിയും

നെല്ലും ഡീകൺട്രോൾ ചെയ്യണമെന്ന്. അതിന് അദ്ദേഹവും കൂട്ടരും ഗവണ്മെൻറിനെ പ്രേരിപ്പിച്ചുവരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. എന്നാൽ അതേ സമയത്തുതന്നെ മരച്ചീനിയുടെ വില കൺട്രോൾപ്പെടുത്തണമെന്നും അദ്ദേഹം പറയുന്നു. അതായതു, മരച്ചീനിക്കു പൌണ്ടിനു രണ്ടു ചക്രമാക്കണം എന്ന്. ഈ രണ്ടു കാര്യങ്ങളുംകൂടി ഏതു വിധം യോജിക്കുന്നു എന്നെനിക്കു മനസ്സിലാകുന്നില്ല. മി. ഗോവിന്ദൻ പറഞ്ഞതുപോലെ മരച്ചീനി മാത്രമായി ഒരാഹാരസാധനമായി ഉപയോഗിക്കുവാൻ കൊള്ളാവുന്നതല്ല. അരിയും മററു സാധനങ്ങളും ഉണ്ടെങ്കിലേ അതു ഉപയോഗിക്കാൻ കൊള്ളുകയുള്ളൂ. അതിനാൽ അരിയും മററും ഡീകൺട്രോൾ ചെയ്തിട്ടു മരച്ചീനി കൺട്രോൾ ചെയ്തതുകൊണ്ടു വിശേഷിച്ചു ഗുണം ഒന്നും വരുവാനില്ല. എന്നാൽ അതേ സമയത്തുതന്നെ മരച്ചീനി വെളിയിൽ അയയ്ക്കുന്നതുകൊണ്ട് അതിൻെറ വിലവർദ്ധിക്കുകയുംചെയ്യും. ആ വിധം കൂടുതൽ ലഭിക്കുന്ന പണംകൊണ്ടു ബ്ലാക്കിലെങ്കിലും അരി വാങ്ങാൻ സാധിക്കും. കൃഷിക്കു വേലക്കൂലിയായും മററും ഇപ്പോഴത്തെ നിലയ്ക്കു പണം കൂടുതൽ ചിലവുള്ളതാണ്. അതിനാൽ അതിനെ കൺട്രോൾ ചെയ്താൽ മരച്ചീനികൃഷി ആരും ചെയ്യാതെ ആകും. സാധുക്കൾ വിഷമിക്കും. ഞങ്ങളുടെ നാട്ടിൽതന്നെ മുൻപു മരച്ചീനി കൃഷിചെയ്തുകൊണ്ടിരുന്നു. ഈ കാരണംനിമിത്തം കൃഷിക്കാർ ഇപ്പോൾ കൃഷിചെയ്യാതെ ഇട്ടിരിക്കയാണ്. വളരെ സ്ഥലങ്ങൾ തരിശായിട്ടു കിടക്കുന്നു. ഇതാണ് മരച്ചീനി വെളിയിലയയ്ക്കാൻ പാടില്ലെന്നു വച്ചിട്ടും വില കുറയാത്തതു. ഇതു സാധുക്കൾ ആഹാരസാധനമായി ഉപയോഗിക്കുന്ന എന്നുള്ളതു ശരിതന്നെ. പക്ഷെ അതു വെളിയിലയയ്ക്കാൻ അനുവദിക്കുകയാണെങ്കിൽ അതിൻെറ വില കൂടുന്നതും ആ വിധത്തിൽ കൃഷിവേലക്കാർക്ക് ധാരാളം പണിയും കൂടുതൽ കൂലിയും ലഭിക്കുന്നതുമാണു. പ്രധാന ആഹാരസാധനമായ അരി ഡീകൺട്രോൾ ചെയ്യണമെന്നും അരിയെപ്പോലെ അത്ര പ്രാധാന്യമർഹിക്കാത്ത ഒരു ആഹാരസാധനമായ മരച്ചീനിമാത്രം ചില വൻകർഷകമുതലാളന്മാർക്കു വേണ്ടി കൺട്രോൾ ചെയ്യുന്നമെന്നും പറയുന്നതു അത്ര ശരിയല്ല. ഇത്രമാത്രമെ എനിക്കു പറയുവാനുള്ളൂ.

MR. PRESIDENT: Mr Nesamony, do you press your cut motion?

MR. A. NESAMONY : May we know what the Hon'ble Minister has to say on the points placed before the House and then we shall decide the issue.

HON'BLE MR. G. RAMACHANDRAN : സർ, ഇന്നു ഇവിടെ പല ഉപക്ഷേപങ്ങളും അവതരിപ്പിച്ചുകൊണ്ടു പല മാന്യമെംബറന്മാരും പ്രസംഗിച്ചു കഴിഞ്ഞിരിക്കുന്നു. എനിക്കു പറയുവാനുള്ളതു ഉപക്ഷേപങ്ങളെപ്പററിയുണ്ടായ പ്രസംഗങ്ങൾ എനിക്കു വളരെ അറിവു നൽകിയിട്ടുണ്ടു എന്നാണു; ഇന്നത്തെ ഈ പ്രസംഗങ്ങൾ നല്ലതുപോലെ എനിക്കു ഓർമ്മിക്കാൻ കഴിയുമെങ്കിൽ ഇന്നു ഇവിടെയുണ്ടായ പല ആക്ഷേപങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിനു വേണ്ടി എനിക്കു പ്രവർത്തിക്കാൻ കഴിയുമെന്നാണു എനിക്കു തോന്നുന്നതു. ആദ്യമായിട്ടു കസ്റ്റംസ് ചൗക്കകളിൽ നടക്കുന്ന പല കാര്യങ്ങളെപ്പററിയും ഇവിടെ പറയുകയുണ്ടായി. കസ്റ്റംസ് ചൗക്കകളെപ്പററി പരാതിയില്ലാത്ത ഏതെങ്കിലും രാജ്യം ഉണ്ടോ എന്നു എനിക്കറിവില്ല. നമ്മുടെ നാട്ടിൽതന്നെ വടക്കൻ കസ്റ്റംസ് അതിർത്തിയായ അരൂക്കുററി ചൗക്കയിലും തെക്കൻ കസ്റ്റംസ് അതിർത്തിയായ ആരുവാമൊഴി ചൗക്കയിലും നടക്കുന്ന അനാശാസ്യനടപടികളെക്കുറിച്ചു ഞാനും അനുഭവക്കാരനാണു. എന്നല്ല അതിർത്തികൾ എവിടെയുണ്ടെങ്കിലും അവിടെ പരാതിയില്ലാതിരിക്കുകയില്ല. അതായതു സാധാരണ അങ്ങോട്ടും ഇങ്ങോട്ടും പോകുന്ന ചരക്കുകളെയും ആളുകളേയും തടഞ്ഞു നിറുത്തി കുറേനേരം താമസിപ്പിച്ചു വളരെ ബുദ്ധിമുട്ടുകൾക്കു ഇടയാക്കുന്നു എന്നുള്ളതു വാസ്തവം തന്നെയാണു. ആരോ ഒരാൾ പറഞ്ഞു, ഞാൻ മന്ത്രി എന്നുള്ള ഭാവം കാണിക്കാതെ സാധാരണ ആളുകൾ പോകുന്നതുപോലെ വള്ളത്തിലോ മറേറാ ഒന്നു പോയി പരിശോധിച്ചാൽ കൊള്ളാമെന്നു. എനിക്കു നേരത്തേതന്നെ ഈ കാര്യങ്ങൾ അനുഭവം ഉണ്ടു. അതല്ല, വളരെ നിർബന്ധിക്കുകയാണെങ്കിൽ ഒരിക്കൽകൂടി പോകുന്നതിനും മടിയില്ല. ഈ കാര്യത്തിൽ വളരെ നിഷ്കർഷിക്കണമെന്നാണു എനിക്കു തോന്നുന്നതു. അരൂക്കുററിയിലും മററും വളരെ നേരം വള്ളങ്ങൾ കെട്ടിയിട്ടു പല അനാശാസ്യതകളും നടക്കുന്നതായിട്ടറിയാം. എന്നാൽ ഞാൻ മുൻപു പറഞ്ഞതുപോലെ കസ്റ്റംസിനെപ്പററിയുള്ള പരാതി തിരുവിതാംകൂറിൽ മാത്രമല്ല, എല്ലാ സ്ഥലങ്ങളിലും ഉണ്ടു. ഞാൻ ഒരിക്കൽ സിലോണിൽ പോയിരുന്നു. അവിടെ ഇറങ്ങി രാജ്യത്തിനകത്തു പോകണമെങ്കിൽ ഉടുപ്പു മുതലായ ദേഹത്തുള്ള സകല സാധനങ്ങളും അഴിച്ചു വച്ച് പരിശോധിച്ചിട്ടു മാത്രമേ അവർ അകത്തേക്കു കടത്തി വിടുന്നുള്ളു. ഇതു സിലോൺ ഗവണ്മെൻറും ഇൻഡ്യാ ഗവണ്മെൻറും നിഷ്കർഷിച്ചിട്ടുള്ളതാണു. ഞങ്ങൾ വളരെ ക്ലേശങ്ങൾ അനുഭവിച്ചു. ഒടുവിൽ സിലോൺ പ്രധാന മന്ത്രിയെ കണ്ടു പരാതിപ്പെടേണ്ടതായിട്ടുവന്നു. ഏതായാലും ഈ കാര്യത്തിൽ ഗവണ്മെൻറു വേണ്ടതു പ്രവർത്തിക്കുന്നതാണു.

പിന്നൊരു കാര്യം പറഞ്ഞതു് ചരക്കുകളിലുള്ള കൈക്കൂലിയെ പ്പററിയാണ്. ചരക്കുകളിൽ കൈക്കൂലി നടക്കുന്നു എന്നുള്ളതും എനിക്കു് അറിയാം. അതും ഞാൻ മുമ്പു പറഞ്ഞതുപോലെ തിരുവി താംകൂറിൽ മാത്രമല്ല.

MR. P. M. VARGHESE : സിലോണിൽ വളരെ കർശനമായി യാത്ര ക്കാരെ പരിശോധിക്കുന്നു എന്നു് പറഞ്ഞു. എന്നാൽ അവിടെ ഇവിട ത്തെപ്പോലെ കൈക്കൂലിയുണ്ടോ?

HON'BLE MR. G. RAMACHANDRAN : ഉണ്ടു് ധാരാളമുണ്ടു് പക്ഷെ, അവിടെയായാലും കൈക്കൂലിക്കാരെ എളുപ്പം കണ്ടുപിടിക്കാൻ സാധിക്കും. എന്നാൽ, ഇവിടെ അതു് വളരെ പ്രയാസമാണ്. അതാ യതു് ഈ കാര്യത്തിൽ വളരെ വളരെ നിഷ്കർഷിക്കേണ്ടതായിട്ടാണി രിക്കുന്നതു്. എങ്കിലും ഗവണ്മെൻറു് വേണ്ടത്ര നിഷ്കർഷിക്കുന്ന താണ്. രണ്ടാമതായിട്ടു്, ഇവിടെ ഒരു മെംബർ ഉന്നയിച്ചതു് ഇൻറർ പോർട്ടൽ കൺവെൻഷനെപ്പററിയാണ്. ഇതു് ഏകദേശം എൺപതഞ്ചു വർഷങ്ങൾക്കുമുമ്പു ഏർപ്പെടുത്തിയ ഒരു കാര്യമാണ്. അന്നത്തെ പരിതഃസ്ഥിതികൾ വച്ചു് ഈ ഗവണ്മെൻറും മററു ഗവണ്മെ ൻറുകളുമായി ഏതോ ചില തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടു്. അതിൻെറ ഫലം വാസ്തവത്തിൽ തിരുവിതാംകൂറിനു വളരെ നഷ്ടമാണ്. ആരോ ഒരു സമർത്ഥൻ വളരെ കണക്കുകൾകൂട്ടി ഏകദേശം അഞ്ചു കോടി രൂപായോളം തിരുവിതാംകൂറിനു് നഷ്ടം ഉണ്ടായിട്ടുണ്ടെന്നും അതു തിരി യെ കിട്ടുവാൻ വേണ്ട നടപടി നടത്തുന്നതാണെന്നും വിരവാദം അർത്ഥവ ത്തായി പറയുകയുണ്ടായി. അതു് ഞാൻ ഓർമ്മിക്കുന്നു. ഈ കാര്യങ്ങ ളെല്ലാം സ്റ്റാൻഡ് സ്റ്റിൽ എഗ്രിമെൻറു് അവസാനിച്ച ശേഷം എല്ലാ വർക്കും കൂടിയിരുന്നു് ആലോചിക്കാനെ സാദ്ധ്യമാകയുള്ളു. അല്ലാതെ ഈ കാര്യത്തിൽ ഇപ്പോൾ ഒന്നും പ്രവർത്തിക്കാൻ സാദ്ധ്യമല്ല. ഏതാ യാലും ഗവണ്മെൻറിൻെറ ശ്രദ്ധ ഇതിൽ പതിഞ്ഞിട്ടുണ്ടു്. ആ സമ യത്തു് തിരുവിതാംകൂറിനു് നഷ്ടം ഇല്ലാത്തവിധത്തിൽ ഇൻഡ്യാഗവണ്മെ ൻറിനും പരാതിയില്ലാത്തവിധത്തിൽ വളരെ കാര്യമായും നയത്തോടു കൂടിയും കാര്യങ്ങൾ ശരിപ്പെടുത്തുന്നതാണ്.

MR. T. A. ABDULLA: ഇൻഡ്യൻ യൂണിയൻ ഡ്രാഫററു് കാൺ സ്റ്റിററ്യൂഷനിൽ അഞ്ചുകൊല്ലക്കാലത്തേക്കു് ഈ സ്റ്റാൻഡ്സ്റ്റിൽ എഗ്രി മെൻറു് തുടരുന്നതാണെന്നു് സ്പെസിഫിക്കു് പ്രൊവിഷൻ ഉള്ളതായി അറിയാമോ?

HON'BLE MR. G. RAMACHANDRAN : ഉണ്ടായിരിക്കാം.

MR. T. A. ABDULLA : അതുകൊണ്ട് ഇപ്പോഴത്തന്നെ അടിയന്തിരമായ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണെന്ന് അറിയാമോ?

HON'BLE MR. G. RAMACHANDRAN : അറിയാം. പിന്നെ വേറൊന്ന് മരച്ചീനിമാവിനെക്കുറിച്ചാണ്. മാന്യമെമ്പർ മി. കെ. പി. നീലകണ്ഠപ്പിള്ള ഇതിനെപ്പറ്റി ബലമായി വാദിച്ചത് കേൾക്കുന്നതിന് എനിക്ക് വളരെ സന്തോഷമുണ്ടായിരുന്നു. വേറൊരു മാന്യമെമ്പർ മിസ്റ്റർ ഗോവിന്ദൻ മറുപക്ഷത്തു നിന്നുകൊണ്ട് വാദിച്ചതും നന്നായിരുന്നു. എന്നാൽ കാര്യങ്ങൾ ഇതുവരെ രൂപമെടുത്തിട്ടുള്ളത് ഓർമ്മിക്കുകയാണെങ്കിൽ മരച്ചീനിയും മരച്ചീനിമാവും, ഇവിടെ ആഹാരസാധനസംബന്ധമായ ബുദ്ധിമുട്ടുകൾ തുടർന്നുകൊണ്ടുപോകുന്നതുവരെ വെളിയിൽ അയയ്ക്കുന്നതിനു നിവൃത്തിയില്ല എന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായം. ഇപ്പോഴത്തന്നെ പല ക്വാണ്ടിറ്റിയായി മരച്ചീനി വെളിയിൽ അയയ്ക്കുന്നതിനുള്ള പെർമിറ്റുകൾക്ക് വേണ്ടി വളരെ അപേക്ഷകൾ ഉണ്ട്. ഇവ ഗവണ്മെന്റിന്റെ മുമ്പാകെ വന്നപ്പോൾ മററു സകല കാര്യങ്ങളും മാറ്റിവച്ചിട്ട് ഈ ആഹാരസാധനദൗർലഭ്യം മുൻനിറുത്തി ഈ കാര്യം തീരുമാനിക്കുകയാണ് ചെയ്തത്. അതുകൊണ്ട് ഗവണ്മെന്റിന് ഈ കാര്യത്തിൽ ഒരു സ്ഥിരമായ നിലതന്നെയാണ് ഉള്ളത്. ഇങ്ങനെയാണെങ്കിലും ഗവണ്മെന്റ് ഒന്നുരണ്ടു പെർമിറ്റുകൾ കൊടുത്തിട്ടുള്ളതായി എനിക്കറിയാം. എന്റെ അറിവിൽ പെട്ടിടത്തോളം ഈയിടെ അങ്ങനെ ഒന്നും കൊടുത്തിട്ടില്ല; അഞ്ചാറു മാസങ്ങൾക്കുമുമ്പ് ഒരു പെർമിറ്റ് ഒരു ചെറിയ ക്വാണ്ടിറ്റിക്ക് കൊടുത്തിട്ടുള്ളതായി കാണുന്നു. ഇനി അത് ഉണ്ടാകയില്ല. കാര്യങ്ങൾ ഒന്നു തീരുമാനിച്ചതിനുശേഷം അത് നടപ്പിൽവരുത്തുന്നതിനുള്ള ശക്തി ഈ ഗവണ്മെന്റിന് പരിപൂർണ്ണമായി ഉണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

വേറൊന്ന് പറയാനുള്ളത് വെയർ ഹൗസ് ആക്ടിനെ സംബന്ധിച്ചാണ്. ചുരുക്കത്തിൽ പറയുകയാണെങ്കിൽ ഇങ്ങനെ ഇവിടെ ഒരു ആക്ട് ഉണ്ട്. പക്ഷേ അതനുസരിച്ച് എന്തെങ്കിലും നടന്നിട്ടുണ്ടോ എന്നു ചോദിച്ചാൽ ഇല്ലെന്നാണ് അറിവ്. ഇതിനെപ്പറ്റി ആലോചിച്ചപ്പോൾതന്നെ ഇത് നിർബന്ധിതമാക്കാൻ പാടില്ലെന്ന് ശക്തിയായി വാദിച്ച ഒരു ഭൂരിപക്ഷം ആളുകൾ ഉണ്ടായിരുന്നു. നമ്മുടെ രാജ്യത്തിൽ ഇത് ഫലപ്രദമാണോ എന്നുള്ള കാര്യം സംശയമാണ്.

MR. T. A. ABDULLA: ഈ ആക്ട് നടപ്പിലുണ്ടെന്നു കാണിക്കാൻ വേണ്ടി ആഫീസറന്മാർ നിർബന്ധിച്ച് ആളുകളെക്കൊണ്ട് ഇതിനായി ലൈസൻസ് എടുപ്പിക്കുന്ന വിവരം അറിയാമോ?

HON'BLE MR. G. RAMACHANDRAN: അതു ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നില്ലെങ്കിലും ആളുകൾക്കു ഇതിൽ അതൃപ്തിയാണുള്ളതെന്നു എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ കാര്യങ്ങളെല്ലാം കൂലങ്കഷമായി പര്യാലോചിച്ചതിനുശേഷം ഈ ആക്ട് വേണമോ വേണ്ടയോ എന്നു തീരുമാനിക്കാവുന്നതാണ്.

എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ചില നിയമനങ്ങളെപ്പററി ഒരു പരാതി ഇവിടെ പറയുകയുണ്ടായി. അതിനെപ്പററി എനിക്കു ചുരുക്കത്തിൽ പറയാനുള്ളതു് നിയമനങ്ങൾ നടത്തുന്നതു് സർവ്വീസ് കമ്മീഷണർ മുഖാന്തരവും പ്രൊമോഷനെ സംബന്ധിച്ച് ഡിപ്പാർട്ടുമെൻറ് മേധാവിയുമാണ് നടത്തിക്കൊണ്ടിരിക്കുന്നതു് എന്നുള്ളതാണ്. എന്നാൽ ചില നിയമനങ്ങൾ അങ്ങും ഇങ്ങും തൊടാതെ നടത്തിയിട്ടുണ്ട്. മിക്കവാറും സർവ്വീസ് കമ്മീഷണറാണ് നിയമനങ്ങൾക്കു ശുപാർശകൾ ചെയ്യുന്നതെന്നു പറയാനേ എനിക്കു സാധിക്കുകയുള്ളു.

MR. KRISHNAN AIYAPPAN: നിയമനങ്ങളെപ്പററി പറഞ്ഞ അവസരത്തിൽ അധഃകൃതസമുദായങ്ങളിൽപ്പെട്ടവർക്കു കൂടുതൽ പരിഗണന കൊടുക്കുന്നതായിരിക്കുമെന്നു പറഞ്ഞു. എന്നാൽ ആ വക സംഗതികളെപ്പററിയുള്ള ഒരു കട്ട് മോഷൻ ഞാൻ അയച്ചിട്ടുള്ളതും അതു ആലോചിക്കുവാൻ ഇപ്പോൾ സമയം അനുവദിക്കുന്നതല്ലെന്നു പറഞ്ഞു. കസ്റ്റംസിൽ ആളുകൾ നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെപ്പററി പരിചിന്തിക്കുമ്പോൾ അതിൻെറ പരിഹാരത്തിനായി അതിനു പററിയ ആളുകളെ നിയമിക്കുന്നതുകൊണ്ടുമാത്രമേ സാദ്ധ്യമാകയുള്ളു എന്നാണ് എൻെറ കട്ടു മോഷൻെറ സാരം.

HON'BLE MR. G. RAMACHANDRAN: അധഃകൃതവർഗ്ഗത്തിൽ നിന്നും നിയമനങ്ങൾക്കുവേണ്ടി, എക്സൈസ് ഡിപ്പാർട്ടുമെൻറിൽമാത്രമല്ല തിരുവിതാംകൂറിലുള്ള എല്ലാ ഡിപ്പാർട്ടുമെൻറുകളിലും, മുൻഗണനകൊടുക്കണമെന്നുള്ളതു് ഗവർമ്മെൻറിൻെറ ഒരു പ്രത്യേക നിശ്ചയംകൂടിയാണ്. പല ബഹുമാനപ്പെട്ട മെമ്പറന്മാരും ചെയ്തിട്ടുള്ള വിമർശനത്തെപ്പററി ഞാൻ നല്ലവണ്ണം പരിചിന്തിക്കയും എല്ലാത്തിനും കൂടി ഒരു സംക്ഷേപരൂപത്തിൽ മറുപടി പറകയും ചെയ്യാമെന്നല്ലാതെ ഓരോന്നിനും വിശദമായി മറുപടി പറയാനുള്ള സമയം ഇല്ല. അതുകൊണ്ടു ബഹുമാനപ്പെട്ട മെമ്പറന്മാർ,

[Hon'ble Mr. G. Ramachandran]

എക്സൈസ് ഡിപ്പാർട്ടുമെൻറിനെപ്പററി അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപങ്ങളെ പിൻവലിച്ച്, ഡിമാൻറിനെ അനുകൂലിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

MR. A. NESAMONY: In view of the assurance given by the Hon'ble Minister I do not press the motion.

MR. PRESIDENT: ഈ ഡിമാൻറിനെപ്പററിയുള്ള ഉപക്ഷേപം പ്രസ്സ് ചെയ്യാത്തതുകൊണ്ട് ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നതായി വിചാരിക്കുന്നു.

The motion was by leave withdrawn.

MR. PRESIDENT: എക്സൈസ് ഡിപ്പാർട്ടുമെൻറിൻെറ ടോട്ടൽ ഡിമാൻറിനെപ്പററി ചർച്ച ചെയ്താൽ മതിയോ അതല്ല, സാൾട്ട് കസ്റ്റംസ് മുതലായ ഇനങ്ങളെപ്പററിയുള്ള ഗ്രാൻറുകളെക്കൂടി ചർച്ച ചെയ്യണമോ, എങ്ങനെയാണ് വേണ്ടതെന്നു ഈ സഭയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*): ടോട്ടൽ ഡിമാൻറിനെപ്പററി ചർച്ച ചെയ്താൽ മതിയാകും.

MR. M. O. CHERIYAN (*Devicolam—General*): Sir I move:

"To reduce the total allotment of Rs. 15,70,606| for Excise by Re. 1".

The main purpose of my motion is to discuss about the difficulties experienced in the export of cardamom, tea, etc. Cardamom is an article which grows at an elevation of 3 to 4 thousand feet and that in a cold climate. That article when taken out of the store is green in colour. It fetches better value when the seed sheds its original colour. The colour itself does not last anything more than two or three weeks in a cold place. The cultivators of this commodity were able to take out these articles to the markets outside this State without any sort of permit or duty up to the year 1114. But in the year 1114, Government introduced a duty of Rs. 5 per cwt. Even then the cultivators after the payment of duty were able to market the stuff easily. In the year 1120 on the top of the duty Government brought in the permit system. The permits were issued in the name of merchants who were dealing in the export of the stuff. There is unusual delay in that process thereby taking a very long period to find out the markets in dry places. If the object of the Government is to realise an extra revenue through the permit system, that can as well be recovered through the duty which was in vogue before, that is by enhancing it. By the introduction of the permit system which takes a long time for securing it, market value of the stuff deteriorates and thereby causes unnecessary hardship to the cultivator. Therefore I suggest that the permit system in the export of cardamom be cancelled.

MR. T. K. NARAYANA PILLAI (*Parur II—General*): സർ, ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നതോടുകൂടി പ്രധാനപ്പെട്ട ഒന്നുരണ്ടു സംഗതികളിലേക്ക് ഈ സഭയുടെ ശ്രദ്ധയെ ആകർഷിക്കണമെന്നു എനിക്ക് അഭിപ്രായമുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നിലവിലിരിക്കുന്ന അസഹനീയമായ കൈക്കൂലിയെപ്പററിയാണ് ഒന്ന്. ഇന്നത്തെ എക്സൈസ് കമ്മീഷണർ അവർകൾ സത്യസന്ധതയും നീതിബോധവും ഉള്ള ഒരാഫീസറാണെന്ന് എനിക്കറിയാവുന്നതുപോലെ പരക്കെ സമ്മതമുള്ളതുമാണ്. അദ്ദേഹം ഡിപ്പാർട്ടുമെൻറിൽ മേധാവിയായി വന്നതിനുശേഷം കൈക്കൂലിയേയും അഴിമതിയേയും നിറുത്തൽചെയ്യാൻ വളരെ പരിശ്രമിച്ചിട്ടുണ്ടെങ്കിലും പറയത്തക്കവണ്ണമുള്ള ഫലസിദ്ധി അതിനുണ്ടായിട്ടില്ലെന്നു എനിക്ക് നിശ്ചയമായി പറയാൻ കഴിയും. ഇന്നു തിരുവിതാംകൂറിലുള്ള എക്സൈസ് ആഫീസുകളിൽ എല്ലാംതന്നെ കൈക്കൂലി കൂടാതെ നിസ്വാർത്ഥമായി സേവനം അനുഷ്ഠിക്കുന്നവർ വളരെ വിരളമാണ്. എന്നു പറഞ്ഞാൽ, എവിടെ ചെന്നാലും കൈക്കൂലി കൂടാതെ കാര്യം സാധിക്കുന്നതു് അത്ര എളുപ്പമല്ല. മററുപല ഡിപ്പാർട്ടുമെൻറുകളിലും കൈക്കൂലിയുണ്ടെങ്കിലും ഈ ഡിപ്പാർട്ടുമെൻറിനെപ്പോലെ കൈക്കൂലി ദിനംപ്രതി വളർന്നുവരുന്നില്ല. അതിലേക്കു ബഹുമാനപ്പെട്ട ഗവണ്മെൻറ് കഴിയുന്നതും വേഗത്തിൽ വേണ്ട നടപടി കൈക്കൊള്ളണമെന്നും അങ്ങനെ ചെയ്യുന്നതു് രാജ്യവാസികൾക്കുതന്നെ ക്ഷേമകരമാണെന്നുള്ളതു് നാം എല്ലാവരും ഓർക്കേണ്ട ഒരു കാര്യമാണ്. രണ്ടാമതായി എനിക്കൊന്നു പറയുവാനുള്ളതു മദ്യനിരോധനം നടപ്പിൽ വരുത്താൻ പോകുന്നതിനെ സംബന്ധിച്ചാണ്. മദ്യവർജ്ജനം നടപ്പിൽ ആക്കുന്നതു് തിരുവിതാംകൂറിലെ ജനങ്ങൾക്ക് വളരെ താൽപര്യമുള്ള ഒരു സംഗതിയാണ്. എന്നാൽ ഇപ്പോൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ആറു താലൂക്കുകളിൽ ഒരു സാമ്പത്തികസർവേ നടത്തിയിട്ടുണ്ടെന്നും അവിടെ കള്ളു ഒരുക്കുന്നതിനു രണ്ടാഫീസറന്മാരെ നിയമിച്ചിട്ടുണ്ടെന്നും പറയുകയുണ്ടായി. ഞാൻ ചോദിക്കുന്നു, ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും അവരുടെ സാമ്പത്തികസ്ഥിതി എന്താണെന്നോ മദ്യപാനത്തിലുള്ള ആസക്തി കുറയ്ക്കുന്നതിനു പര്യാപ്തമായിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്നോ ബഹുമാനപ്പെട്ട മന്ത്രി അവർകൾ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന്. സർ, ഒരഭിപ്രായം എനിക്ക് പറയാനുള്ളതു്, അതായതു് ഒരു നേഷൻ ബിൽഡിംഗ് പ്ലാനിൻെറ ആവശ്യം ഉണ്ടെന്നു നമുക്കുണ്ടായിട്ടുണ്ട്. മദ്യവർജ്ജനം നടപ്പിൽവന്ന ഉടൻതന്നെ

[Mr. T. K. Narayana Pillai]

ആളുകളുടെ മനോവികാരത്തെ തിരിച്ചുവിടുന്നതിനുള്ള വിനോദശാലകളും, വായനശാലകളും മുതലായ സ്ഥാപനങ്ങൾ നിർമ്മിക്കയും അവയെ ആളുകളിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്നതിന് മാത്രമേ മദ്യവർജ്ജനംകൊണ്ടു നാം വിചാരിക്കുന്ന ഫലസിദ്ധി ഉണ്ടാകയുള്ളൂ. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. P. S. MUHAMMED : എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ഇതുവരെയുള്ള നയത്തിൽ വ്യത്യാസപ്പെടുത്തേണ്ട സമയം വളരെ അതിക്രമിച്ചുപോയി എന്നുള്ള നിലയിൽ ആണ് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നത്. അമ്പതു കഴിഞ്ഞ ൨൫ വർഷങ്ങൾക്കു മുമ്പുള്ള ഗവർമ്മെന്റിന്റെ നയം നോക്കിയാൽ മദ്യപാനാസക്തി എത്രത്തോളം കുറയ്ക്കാമോ അത്രത്തോളം കുറയ്ക്കുന്നതിനുള്ള സംരംഭങ്ങൾ ചെയ്തുവന്നിരുന്നു. എന്നാൽ കഴിഞ്ഞ ൨൫ വർഷക്കാലമായി ഡിപ്പാർട്ടുമെന്റിൽ വരവു കൂട്ടണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടി മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പല സാഹചര്യങ്ങളും ഉണ്ടാക്കിക്കൊടുക്കയാണ് ചെയ്തിട്ടുള്ളത്. മദ്യവർജ്ജ്യ മുതൽ കൂട്ടിക്കൊണ്ടിരിക്കുന്നതിനാണ് ഡിപ്പാർട്ടുമെന്റു മേധാവി അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരുന്നതെന്നു പറയാൻ എനിക്കു മടിയില്ല. എന്നാൽ ഇപ്പോഴാകട്ടെ മദ്യവർജ്ജനം നടപ്പിൽ വന്നിരിക്കുന്നു. ഇതു നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതു കേവലം നു താലൂക്കുകളിൽ മാത്രമാണ് എങ്കിലും ക്രമാനുഗതമായി തിരുവിതാംകൂർ ഒട്ടുക്ക് വ്യാപിക്കുമെന്നു നമുക്കു ന്യായമായി ആശിക്കാം. അതിന്റെ പ്രാരംഭഘട്ടങ്ങളായി ഒരു കാര്യം ഗവർമ്മെന്റ് ചെയ്യാനുണ്ട്. അതായത് പ്രധാനപ്പെട്ട ടൗണുകളിൽ, പള്ളിക്കൂടങ്ങളുടെ സമീപസ്ഥലങ്ങളിൽ പള്ളി, ദേവാലയം മുതലായവയുടെ പുറമ്പോക്കും, ഇങ്ങനെ ഈ വക സ്ഥലങ്ങളിൽ മദ്യഷാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ലൈസൻസ് കൊടുക്കാതിരുന്നാൽ അതു മദ്യപാനാസക്തിയെ വർജ്ജിപ്പിക്കുന്നതിനുകൂടി പര്യാപ്തമായിരിക്കും എന്നാണ് എന്റെ വിശ്വാസം. ഇതിനു ഡിപ്പാർട്ടുമെന്റലായിട്ടു കുറേ ഒക്കെ ചെയ്യുവാനുമുണ്ട്. അതായത് ഇതു സാദ്ധ്യമാകണമെങ്കിൽ ഡിപ്പാർട്ടുമെന്റിനു തന്നെ ഒരു പുതിയ ജീവൻ ഉണ്ടാകണം. അഴിമതിചെയ്തു തഴമ്പിച്ച ചില ഉദ്യോഗസ്ഥന്മാർ ഈ ഡിപ്പാർട്ടുമെന്റിൽനിന്നു വെളിയിൽ പോകാതെ തരമില്ല. ൫൫ വയസ്സു തികയുന്ന ഉദ്യോഗസ്ഥന്മാരെല്ലാം വെളിയിൽ പോകുന്നപക്ഷം അ

സ്ഥാനങ്ങളിൽ ചൊടിപ്പും കാര്യക്ഷമതയുമുള്ള ചെറുപ്പക്കാർ വരികയും അവർ കാര്യക്ഷമമായി ജോലി ചെയ്യുകയും ചെയ്യുമെന്നുള്ളതാകുന്നു. അങ്ങനെ ഡിപ്പാർട്ടുമെൻറിന് ഒരു പുതിയ ജീവൻ ഉണ്ടാകുമെന്ന് നമുക്ക ന്യായമായി ആശിക്കാം.

MR. PAUL THALIAT : ഏലം വില്പനയ്ക്കു കൊണ്ടുപോകുന്നതിനു ഇപ്പോൾ നിലവിലിരിക്കുന്ന പെർമിററ സമ്പ്രദായം ഇല്ലാതെ ആക്കുന്നതിനെ പററിയും മററും ബഹുമാനപ്പെട്ട മെംബർ മിസ്റ്റർ എം. കെ. ചെറിയാൻെറ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. എൻെറ ഉപക്ഷേപത്തിൻെറ ഉദ്ദേശം കൃഷിചെയ്തുണ്ടാക്കുന്ന ഉൽപ്പന്നങ്ങളെ തീരുവയിൽ നിന്നും ഒഴിവാക്കണമെന്നുള്ള സംഗതി ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയെന്നുള്ളതാണ്. ഇപ്പോൾ കൃഷിക്കാർക്ക് ഇൻകംടാക്സ് അധികാരികൾ, റവന്യൂ അധികാരികൾ അതിനും പുറമേ എക്സൈസ് അധികാരികൾ ഇങ്ങനെ മൂന്നു കൂട്ടം ആളുകളുടെ സേവപിടിച്ചെങ്കിൽ മാത്രമേ ജീവിക്കാൻ സാധിക്കുകയുള്ളു. എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നമ്മൾ നിശ്ചയിച്ചിരിക്കുന്ന തീരുവ കൊടുക്കാമെന്നു വച്ചാൽ തന്നെയും അതിനും പുറമേ കൈക്കൂലിയായിട്ടുകൂടി ഒരു സംഖ്യ കൊടുക്കേണ്ടിവരുന്നു എന്നു പറയാതെ നിവൃത്തിയില്ല. മാനിഫെസ്റ്ററാ കിട്ടണമെങ്കിൽ ഒരു കൈക്കൂലി, എക്സൈസ് സ്റ്റേഷനിൽ ഒരു കൈക്കൂലി, ചെക്കിംഗ് സ്റ്റേഷനിൽ ഒരു കൈക്കൂലി ഇങ്ങനെയാണ് കാര്യങ്ങൾ നടക്കുന്നത്. ഈ തീരുവ നിറുത്തിക്കളയുകയെന്നു വച്ചാൽ ഗവണ്മെൻറിൻെറ വരവിന് ഒരു കുറവുണ്ടാകുകതന്നെ ചെയ്യും. അതിന് എനിക്ക് പറയാനുള്ളത് ആ കുറവു പരിഹരിക്കാൻ കരം കുറച്ചു കൂട്ടിയാലും വേണ്ടുകില്ല, ഞങ്ങളെ തീരുവയിൽ നിന്നും ഒഴിവാക്കണമെന്നാണ്. ചുരുക്കിപ്പറയുന്നതായാൽ മൂ. അധികാരികളുടെ കീഴിൽ നിന്നും ഒരധികാരിയുടെ കീഴിലാക്കിക്കിട്ടുകയെന്നുള്ളതാണ്. ഇപ്പോൾ ഞങ്ങൾ മൂന്നു സ്ഥലത്തും ദുരിതം അനുഭവിക്കേണ്ടതായിട്ടാണിരിക്കുന്നത്. അതുകൊണ്ട് ആ സംഗതി ഗൗരവമായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ഇതോടുകൂടി ഒരു സംഗതികൂടി എക്സൈസ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഞാനാഗ്രഹിക്കുന്നു. പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഡിപ്പാർട്ടുമെൻറിൽ വളരെയധികം കൈക്കൂലി നടക്കുന്നുണ്ടെന്ന് പറഞ്ഞുകഴിഞ്ഞു. എക്സൈസ് കമ്മീഷണർ, ഡിവിഷനുകളും, അസിസ്റ്റൻറു

[Mr. Paul Thaliat]

എക്സൈസ് കമ്മീഷണർമാർ റേഞ്ചുകളും, ഇൻസ്പെക്ടറന്മാർ ചെക്കിംഗ് സ്റ്റേഷനുകളും പരിശോധിച്ച് ഊർജ്ജിതമായ നടപടികൾ കൈക്കൊള്ളുന്നതായാൽ ഈ കൈക്കൂലിക്ക് താൽക്കാലികമായി എങ്കിലും ശമനമുണ്ടാക്കാൻ സാധിക്കും. മേലുദ്യോഗസ്ഥന്മാർ മനഃപൂർവം ശ്രമിച്ചാൽ ക്രമേണ എങ്കിലും കൈക്കൂലി നിശ്ശേഷം നിറുത്താൻ സാധിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അവർകളെ എനിക്ക് അറിയിക്കുവാനുള്ളത്. മുന്നറിയിപ്പു കൂടാതെയുള്ള സർക്കീട്ടുകൾ നടത്തിയാൽ കൈക്കൂലിക്കാരെ കണ്ടുപിടിക്കാൻ കഴിയും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. JOSEPH MALIECKAL : സർ, എനിക്കു രണ്ടു സംഗതികളെക്കുറിച്ചാണ് പറയാനുള്ളത്. ഒന്നാമതു കൈക്കൂലിയെപ്പറ്റിയാണ്. കൈക്കൂലി ഈ രാജ്യത്ത് ഇന്നും ഇന്നലെയും ഉണ്ടായിട്ടുള്ളതല്ല. വളരെ കാലമായി ഇവിടെ തഴമ്പിച്ച് വഴക്കമായി വന്നിരിക്കുന്ന ഒന്നായി തീർന്നിരിക്കുകയാണ് കൈക്കൂലി. കൈക്കൂലി കാര്യം ഇങ്ങനെ നമ്മുടെ മന്ത്രിമാർ നേരിടുമെന്നുള്ളത് അവർക്ക് ഒരു ടെസ്റ്റായി അവരുടെ മുമ്പിൽ വച്ചിരിക്കുന്നു. ആ ടെസ്റ്റിൽ നമ്മുടെ ബഹുമാനപ്പെട്ട മിനിസ്റ്റർ എങ്ങനെ വിജയിച്ചുവരുമെന്ന് എല്ലാവരും നോക്കിയിരിക്കുകയാണ്. ഇതിന്റെ സത്വരമായ പരിഹാരത്തിന് ഒരു വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്. എവിടെയെല്ലാമാണ് കൈക്കൂലി ഉള്ളതെന്ന് എല്ലാവർക്കുമറിയാം. ഇക്കാര്യങ്ങൾ നല്ലവണ്ണം അറിയാവുന്ന ബഹുമാനപ്പെട്ട മന്ത്രി ഇതിനു പരിഹാരമുണ്ടാക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. മേലധ്യക്ഷന്മാർ സത്യസന്ധന്മാരായിരുന്നാൽ കീഴുദ്യോഗസ്ഥന്മാരും അങ്ങനെയായിരിക്കുമെന്ന് ഒരു വെയ്പുണ്ട്. എന്നാൽ എക്സൈസ ഡിപ്പാർട്ടുമെന്റിലെ അനുഭവം നേരെ മറിച്ചാണ്. കാരണം സത്യസന്ധന്മാരായ മേലുദ്യോഗസ്ഥന്മാർക്കു കൈക്കൂലിയുടെ പങ്കു കൊടുക്കേണ്ട ആവശ്യമില്ല. കീഴുദ്യോഗസ്ഥന്മാരിലും ചില സത്യസന്ധന്മാർ ഉണ്ടായിരിക്കാം. അവർ ആ ഡിപ്പാർട്ടുമെന്റിൽ നിന്നും രക്ഷപ്പെട്ടു മററു ഡിപ്പാർട്ടുമെന്റിലേക്ക് മാറാൻ ശ്രമിക്കുകയാണു പതിവ്.

രണ്ടാമത്തെ കാര്യം പ്രോഹിബിഷൻ ആണ്. പ്രോഹിബിഷൻ ഒരു തത്വമായി നാം സ്വീകരിച്ചിരിക്കുന്നു. ഇപ്പോൾ അതു തെക്കൻ തിരുവിതാംകൂറിൽ മാത്രമേ നടപ്പാക്കുന്നുള്ളു. എങ്കിലും അതു വടക്കൻ

തിരുവിതാംകൂറിലും വരുന്നതാണ്, അടുത്തകാലത്തു തന്നെ പ്രോഹിബിഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ മദ്യം എടുക്കുന്നതു് കരിമ്പനയിൽ നിന്നാണ്. അതിൽ നിന്നും കരുപ്പട്ടി മുതലായ മററു പല സാധനങ്ങളും ഉണ്ടാക്കുന്നുണ്ട്. വടക്കൻ തിരുവിതാംകൂറിൽ തെങ്ങിലും ചൂണ്ടപ്പനയിലും നിന്നാണ് മദ്യം എടുക്കുന്നതു്. തെങ്ങിൽ നിന്ന് നാളികേരം കിട്ടിയാൽ അതിന് ഒരു വില, കള്ളെടുത്തു കുടിക്കാൻ കൊടുത്താൽ മറെറാരു വില, കള്ളു ചക്കര ഉണ്ടാക്കിയാൽ അതിനു വേറൊരു വില. ചൂണ്ടപ്പനയിൽ നിന്നും കള്ളെടുക്കുന്നുണ്ട്. ഇപ്പോൾ ചക്കര ദുർലഭമായി ഉണ്ടാക്കുന്നുണ്ട്. അതിൽ നിന്നും ചക്കര ഒരു വ്യാവസായികതോതിൽ ഉണ്ടാക്കാൻ സാധിക്കുമോ എന്നു് നോക്കേണ്ടതാണ്. പ്രോഹിബിഷൻ നടപ്പിൽ വരുന്നതോടുകൂടി ഇങ്ങനെ നമുക്കു കിട്ടുന്ന നാച്ചറൽ റിസോഴ്സിനെ എങ്ങനെയെല്ലാം ഉപയോഗപ്പെടുത്താമെന്നു കൂടി ഡിപ്പാർട്ടുമെൻറ് അന്വേഷിക്കേണ്ടതാണ്. (ബെൽ)

MR. P. K. RAMAN: മദ്യവർജ്ജനം എക്സൈസ് ഡിപ്പാർട്ടുമെൻറ് ഒരു നയമായി സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്ക് ഇപ്പോൾ ഉള്ള മദ്യഷാപ്പുകൾ അല്ലാതെ കൂട്ടമായി ലൈസൻസില്ലാതെ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ മൗനസമ്മതത്തോടുകൂടി നടത്തുന്ന ഷാപ്പുകൾ ഒരിക്കലും അനുവദിക്കാൻ പാടില്ലെന്നാണ് എൻെറ അപേക്ഷ. ഇങ്ങനെയുള്ള ഷാപ്പുകൾ നടത്തുന്നതുകൊണ്ട് പല ദോഷങ്ങളും ഉണ്ടാകുന്നു. പല സ്ഥലങ്ങളിലും ലഹളകൾ തന്നെ രൂപം എടുക്കുന്നതു് ഇത്തരം രഹസ്യസങ്കേതങ്ങളിൽ നിന്നാണെന്നു് സൂക്ഷ്മമായി അന്വേഷിച്ചാൽ അറിയാവുന്നതാണ്. മദ്യപാനം ഒരു സ്ഥലത്തു് കർശനമായി നിരുത്തുകയും അതേ സമയത്തു് മറെറാരു സ്ഥലത്തു് ഷാപ്പുകൾ തുടങ്ങിക്കൊണ്ടുപോകുന്നതിനു് അനുവദിക്കുകയും ചെയ്യുന്ന ഗവമെൻറിൻെറ നയം അഭിനന്ദനാർഹമല്ല. ഷാപ്പുകൾ കഴിയുന്നതും കുറച്ചു നിവൃത്തിയില്ലാത്തതുകൊണ്ടുമാത്രം ചിലതു് നടത്തിക്കൊണ്ടുപോകുന്നു എന്ന ഒരു സ്ഥിതിയിലാകണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

MR. P. M. VARGHESE: സർ, എക്സൈസ് പോളിസിയെ സംബന്ധിച്ചു രണ്ടുവാക്കു പറയുവാനാണ് ഞാനുദ്ദേശിക്കുന്നതു്. എനിക്കു പറയുവാനുണ്ടായിരുന്ന പല ഭാഗങ്ങളും എൻെറ സ്നേഹിതന്മാർ ഇവിടെ പറഞ്ഞു കഴിഞ്ഞു. എങ്കിലും ഒരു സംഗതികൂടി ഇവിടെ പറയണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. അതു് എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഭയങ്കരമായ കൈക്കൂലിയെപ്പററിയാണ്. കൈക്കൂലിയെപ്പററി ഇവിടെ പ്രസംഗിക്കുന്നതുകൊണ്ട് ഒരു വിശേഷവുമില്ലെന്നാണ് എനിക്കു

[Mr. P. M. Varghese]

തോന്നുന്നതു്. അതു് ഇവിടത്തെ ഒരു നടപ്പായിപ്പോയി. ബലമായി ഉറച്ചു കിഴ്നടപ്പിനെ എങ്ങനെയാണു് നിറുത്തിക്കളയുക! നമ്മുടെ രാജ്യത്തുള്ള എല്ലാ ഉദ്യോഗസ്ഥന്മാർക്കും ഈ സ്വഭാവമുണ്ടു്. അതിനെ നിറുത്തണമെങ്കിൽ കുറെ ത്യാഗങ്ങളും സഹിക്കണം. അരിവില കുറയ്ക്കാത്തതിൽ നാം ഇൻഡ്യാഗവണ്മെന്റിനോടു് പ്രതിഷേധിക്കേണ്ടതല്ലേ എന്നു് ബഹു: പ്രധാനമന്ത്രിയോടു ചോദിച്ചതിൽ പാടില്ലെന്നാണു് മറുപടി പറഞ്ഞതു്. എന്തുകൊണ്ടു നമുക്കു് അതിനെ പ്രൊട്ടസ്റ്റു് ചെയ്തുകൂടാ എന്നു് ഞാൻ ചോദിക്കുന്നു. നമ്മളും പ്രൊട്ടസ്റ്റു് ചെയ്താൽ പോരുമെന്നാണു് ഞാൻ പറയുന്നതു്. പക്ഷെ അതിനു കുറെ സത്യസന്ധത വേണം. കൈക്കൂലി നിറുത്തണമെങ്കിലും നമുക്കു കുറെ സത്യസന്ധത വേണം. ഇന്നത്തെ വലിയ ഉദ്യോഗസ്ഥന്മാരെല്ലാം ൫൦ രൂപാ ശമ്പളക്കാരായിരിക്കുന്നതെങ്കിൽ ആ ൫൦ രൂപാ കൊണ്ടു ജീവിക്കുവാൻ പഠിക്കണമായിരുന്നു. വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറച്ചും താണശമ്പളക്കാരുടെ ശമ്പളം കൂട്ടിയും സോഷ്യലൈസ് ചെയ്യണം. അവരെക്കൊണ്ടു് ന്യായമായി ജോലിചെയ്യിക്കണം. താഴ്ന്ന ശമ്പളക്കാർക്കു ജീവിക്കുവാൻ മതിയാകുന്ന ശമ്പളമെങ്കിലും കൊടുത്തിട്ടു് അവരെക്കൊണ്ടു് ജോലി ചെയ്യിക്കണം. പത്തോ, ഇരുപതോ രൂപാ ശമ്പളമുള്ള എട്ടുപത്തു് താഴ്ന്ന ഉദ്യോഗസ്ഥന്മാർ ഒരു ഇൻസ്പെക്ടറുടെ കീഴിൽ കാണും. ഈ താഴ്ന്ന ഉദ്യോഗസ്ഥന്മാരെല്ലാം ഇൻസ്പെക്ടറുടെയോ, അല്ലെങ്കിൽ മറ്റേതെങ്കിലും മേലുദ്യോഗസ്ഥന്മാരുടെ വീട്ടിലെ പരിചാരകവൃത്തി ചെയ്യേണ്ടിവരുന്നു എന്നു് എനിക്കറിയാം. ഈ കീഴുദ്യോഗസ്ഥന്മാരെ അന്തസ്സോടും അഭിമാനത്തോടും ജീവിക്കാൻ പഠിപ്പിക്കണം. മരണം എന്നുള്ളതു് നിശ്ചയമാണു്. സത്യത്തിനുവേണ്ടി മരിക്കുവാൻ പഠിപ്പിക്കണമെന്നാണു് ഞാൻ പറയുന്നതു്. അങ്ങനെ ഒരു മനഃസ്ഥിതി നമ്മുടെ ഉദ്യോഗസ്ഥന്മാർക്കുണ്ടാകാതെ ഈ കൈക്കൂലി നിൽക്കുവാൻ പോകുന്നില്ല. പ്രൊഹിബിഷനെ സംബന്ധിച്ചു് എനിക്കൊരുവാക്കു പറയാനുണ്ടു്. പ്രൊഹിബിഷനുവേണ്ടി രണ്ടുലക്ഷം രൂപാ കൊള്ളിച്ചിരിക്കുന്നതായി കാണുന്നു. ഈ തുക മുഴുവനും കുറവു ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. പ്രൊഹിബിഷനുവേണ്ടി പ്രത്യേകം ഒരു ചെലവു ചെയ്യേണ്ടാ എന്നുള്ള വിശ്വാസക്കാരനാണു് ഞാൻ. നമ്മുടെ രാജ്യത്തു് കള്ളവും, കൊലപാതകവും, വ്യഭിചാരവും ഒക്കെ നിറുത്തലാക്കാൻ പ്രത്യേകം ഒരു തുക ആവശ്യമുണ്ടോ? അവയ്ക്കേതെങ്കിലും നിയമമുണ്ടോ? എന്നു ഞാൻ ചോദിക്കുന്നു. കളവു ചെയ്യുന്നതിനേക്കാളും വലിയ ഒരു കുറ്റമാണോ മദ്യപാനം? കൊലപാതകത്തേക്കാൾ

ഭയങ്കരമായ ഒരു കററമാണോ മദ്യപാനം? വ്യഭിചരിക്കുന്നതനെക്കാഠം വലിയ കററമാണോ മദ്യപാനം? ഇവയ്ക്കൊന്നും പ്രത്യേകം ഒരു തുക ആവശ്യമില്ലെങ്കിൽ ഈ മദ്യവർജ്ജനത്തിനുമാത്രം രണ്ടുലക്ഷത്രപായുടെ ആവശ്യമെന്താണെന്നാണ് ഞാൻ ചോദിക്കുന്നതു്. മദ്യവർജ്ജനം നടപ്പിലാക്കണമെന്നുദ്ദേശമുണ്ടെങ്കിൽ ആദ്യമായി സകല ഷാപ്പുകളും നിറുത്തണം. അപ്പോഠം ചെത്തുകാരനും തനിയെ ചെത്തു നിറുത്തിക്കൊള്ളും. നമ്മുടെ ചെത്തുകാരനെ പ്രേരിപ്പിക്കുന്നതു് പൊതുജനാഭിപ്രായമാണ്. കള്ളുഷാപ്പുകഠം നിറുത്തുകയും മേലാൽ ആരും കുടിക്കരുതു് എന്നൊരു നിയമമുണ്ടാക്കുകയും ചെയ്താൽ മാത്രം മതി, മദ്യവർജ്ജനം നടപ്പായിക്കൊള്ളും. അല്ലാതെ പ്രൊഹിബിഷന് പ്രത്യേകമായി ഒരു സ്റ്റാഫും തുകയും ആവശ്യമില്ലെന്നാണ് എന്റെ ബലമായ അഭിപ്രായം.

MR. K. R. ELENKATH : പോലീസും ആവശ്യമില്ലെന്നാണോ ബഹു. മെമ്പർ പറയുന്നതു് ?

MR. P. M. VERGHESE : പ്രൊഹിബിഷന്ന പ്രത്യേകം ഒരു സ്റ്റാഫ് വേണ്ട. അതു സംബന്ധിച്ച് വല്ല ജോലിയും ഉണ്ടെങ്കിൽ അതു പോലീസ് ചെയ്തുകൊള്ളും. അല്ലാതെ പ്രൊഹിബിഷന് ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറ് ആവശ്യമില്ല. ഒരു ഭാഗത്തു് കുടിവർദ്ധിപ്പിക്കുന്നതിനായിട്ട് ഒരു ഉദ്യോഗസ്ഥനെ ആക്കിയിട്ടുണ്ടു്. ഇതു ശരിയാണോ എന്നാണ് എന്റെ സംശയം. അതുകൊണ്ടു് മദ്യവർജ്ജനം വിജയിക്കണമെങ്കിൽ എല്ലായിടത്തും ഒരുമിച്ച് കുടി നിറുത്തലാക്കാൻ നിഷ്കർഷിക്കുന്ന ഒരു നിയമം ഉണ്ടാക്കുകയാണ് വേണ്ടതു്. അതിലേക്ക് പണം ഉണ്ടാക്കുന്നതിന് എന്തു ത്യാഗങ്ങഠം സഹിക്കുന്നതിനും ഇവിടത്തെ ജനങ്ങഠം തയാറാണ്. കരം കൂട്ടേണ്ടിവന്നാലും അതിനെ ഇവിടെ ഇരിക്കുന്ന അനുദ്യോഗസ്ഥന്മാർ എല്ലാം തീർച്ചയായും അനുവദിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. കുടി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു യത്നമാണ് കഴിഞ്ഞ കാലങ്ങളിൽ നടന്നുകൊണ്ടിരുന്നതു്. എന്റെ ഒരു അനുഭവം പറയാം. ൧൧൧൧-ൽ വടക്കൻ താലൂക്കിൽ മദ്യപാനനിരോധനത്തിനു ജനങ്ങഠം ചേൎന്നു് ഒരു സംരംഭം നടത്തി. എന്നാൽ അന്നു റിസർവു പോലീസിനെക്കൊണ്ടുവന്നു് അടച്ചിരുന്ന ഷാപ്പുകഠം തുറപ്പിക്കുകയും കുടി നിറുത്തിയവരെ കുടിപ്പിക്കുകയും ചെയ്തതു് ഇന്നിവിടെയിരിക്കുന്ന ചിഫ് സെക്രട്ടറിക്കും ഐ. ജി-ക്കും അറിയാവുന്നതാണ്. ഇവിടത്തെ ജനങ്ങഠം മദ്രാസിലെപ്പോലെയുള്ളവരല്ല. ആരും കുടിക്കരു

[Mr. P. M. Verghese]

തെന്ന് ഒരു നിയമം ഉണ്ടാക്കിയാൽ ആരും കുടിക്കുകയില്ല. അതിന് ഗവണ്മെൻറിൻെറ നിർബന്ധം ആവശ്യമില്ല. (ബെൽ)

MR. PRESIDENT : ഇനി പത്തുമിനിട്ടേയുള്ളു. അതുകൊണ്ട് എക്സൈസ് മിനിസ്റ്റർ ബഹു. ജി. രാമചന്ദ്രനെ മറുപടി പറയുന്നതിനു ക്ഷണിച്ചുകൊള്ളുന്നു.

MR. T. A. ABDULLA : സർ, ഇതുവരെ സംസാരിച്ചവരെല്ലാം ഉപക്ഷേപത്തെ അനുകൂലിക്കുകയാണ് ചെയ്തതു്. എനിക്ക് ഇതിനെ പ്രതികൂലിച്ചാണ് സംസാരിക്കുവാനുള്ളതു്. ആ സ്ഥിതിക്ക് അതിനുള്ള അവസരം എനിക്കുകൂടിത്തരണം.

MR. PRESIDENT : മെമ്പറന്മാരുടെ അഭിപ്രായങ്ങളും അനുകൂലമാണോ പ്രതികൂലമാണോ എന്ന് നേരത്തെ അറിയുന്നതിന് യാതൊരു മാർഗ്ഗവുമില്ല. ഇനി പത്തുമിനിട്ടേയുള്ളു. ആ സമയം ബഹു. മന്ത്രിക്ക് മറുപടി പറയുവാൻ കൊടുക്കേണ്ടതാണ്.

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*) : സർ, ഒരു പോയിൻറാഫ് ഓർഡർ. ബഹു. മന്ത്രി മുമ്പേതന്നെ ൨൦ മിനിട്ടു സമയം ഉപയോഗിച്ചുകഴിഞ്ഞിരിക്കുന്നു.

MR. PRESIDENT : ബഹു. മെമ്പർ അതു് അപ്പോഴം പറയേണ്ടതായിരുന്നു.

HON'BLE MR. G. RAMACHANDRAN : സർ, മുഖ്യമായി ബഹുമാനപ്പെട്ട മെമ്പറന്മാർ വീണ്ടും വീണ്ടും ചൂണ്ടിക്കാണിച്ചതു് എക്സൈസ് ഡിപ്പാർട്ടുമെൻറിലെ സർവസാധാരണമെന്നു കരുതപ്പെടുന്ന കൈക്കൂലിക്കാര്യത്തെപ്പററിയാണ്. ഡിപ്പാർട്ടുമെൻറിൽ അങ്ങിനെ ഒരു കൈക്കൂലി ഏർപ്പാട് ഇല്ലെന്നു പറയുവാൻ സാദ്ധ്യമല്ല. അതു കുറെയൊക്കെ സമ്മതിക്കുക തന്നെ വേണം. പക്ഷെ എനിക്കു് ഇതേപ്പററിപറയുവാനുള്ളതു് കസ്റ്റംസിൻെറ കാര്യത്തെപ്പററി പറഞ്ഞതുപോലെ ഗവണ്മെൻറ് ഇതിനും വളരെ നിഷ്കർഷമായ ശ്രദ്ധ പതിപ്പിക്കാമെന്നാണ്. ഒരു ബഹു. മെമ്പർ പറയുകയുണ്ടായി എക്സൈസ് മന്ത്രിയോ ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷനോ മാത്രം കൈക്കൂലിവാങ്ങാതിരിക്കുന്നതു കൊണ്ട് വലിയ പ്രയോജനമൊന്നുമില്ലായെന്നു്. ഒരു വഴിക്കു നോക്കിയാൽ അതിലും കുറച്ചുപരമാർത്ഥമുണ്ട്. പക്ഷെ അതുകൊണ്ട് മേലുദ്യോഗസ്ഥ

ന്മാർ വളരെ സത്യസന്ധന്മാരായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നുള്ളതിനെ ആരും എതിർക്കുമെന്നു തോന്നുന്നില്ല. ആ സത്യസന്ധത മേലുദ്യോഗസ്ഥന്മാർ തുടങ്ങി ഇങ്ങേ അററംവരെ എല്ലാ ഉദ്യോഗസ്ഥന്മാർക്കും ഉണ്ടാക്കുന്നതിന് ഈ ഗവണ്മെൻറിൻെറ സകല ശക്തികളും ഉപയോഗിക്കുമെന്നു് ബഹു. മെമ്പറന്മാരോടു വാഗ്ദാനം ചെയ്യുന്നതിന് എനിക്ക് വളരെ സന്തോഷമാണ്. ഇവിടെ ഏലക്കായുടെ കാര്യത്തെപ്പററി പറയുകയുണ്ടായി. ഏലക്കായ്ക്കു പെർമിററു കിട്ടുന്ന കാര്യത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു എന്നും അതു ഉടനെ നിറുത്തലാക്കണമെന്നും ഒരു മെമ്പർ ആവശ്യപ്പെട്ടു. ഏലക്കൃഷിയിലേർപ്പെട്ടിരിക്കുന്ന പ്രമുഖന്മാരെ വിളിച്ചുവരുത്തി ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതിന് ഗവണ്മെൻറിനു വിരോധമില്ല. അഗ്രികൾച്ചറൽ പ്രാഡക്ററ്സിനെ എക്സ്പോർട്ട് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കണമെന്ന് ബഹു. മറെറാരു മെംബർ പറയുകയുണ്ടായി. ഇതിലെല്ലാം സത്യമുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഒരു ഡ്യൂട്ടി ഏർപ്പെടുത്തുന്നതു് രണ്ടു തരത്തിലാകാം. ഒന്നു ഗവണ്മെൻറിനു ഒരു റവന്യൂ ഉണ്ടാക്കുന്നതിനും മറെറാന്ന് രാജ്യത്തിനകത്തു തന്നെ ചില പരിരക്ഷണ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുമാണ്. അഗ്രിക്കൾച്ചറൽ പ്രൊഡക്ററ്സ് എന്നു പറയുന്നതിൽ കോക്കനട്ട് പ്രൊഡക്ട്സ്, സ്പൈസസ്, ടീ (tea) തുടങ്ങി ചിലതിനെല്ലാം എക്സൈസ് ഡിപ്പാർട്ടുമെൻററിൽ നിന്ന് എക്സ്പോർട്ട് ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം നിറുത്തിക്കളയുന്നതിനു സാദ്ധ്യമല്ല. അഗ്രിക്കൾച്ചറൽ ഡ്യൂട്ടി, എക്സ്പോർട്ട് ഡ്യൂട്ടി എന്നിവ ഒരു ചെറുപ്രസംഗംകൊണ്ടു ഉന്നയിക്കുകയും മറെറാരു ചെറിയ പ്രസംഗംകൊണ്ടു് അതിനുമറുപടി പറയുകയും ചെയ്യാൻ കഴിയുന്ന ചെറിയ പ്രശ്നങ്ങൾ അല്ല. വളരെ ഗൗരവതരമായി അതിൻെറ ഗുണാവശങ്ങളേയും പററി ആലോചിച്ചതിനു ശേഷമേ അതിനെക്കുറിച്ച് ഒരു തീർച്ചചെയ്യുവാൻ നിവൃത്തിയുള്ളു. പിന്നീട് ചില താലൂക്കുകളിൽമാത്രം മദ്യനിരോധനം ഏർപ്പെടുത്തുകയും മററു താലൂക്കുകളിൽ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുന്നതു ഒരു പരസ്പരവൈരുദ്ധ്യമാണെന്ന് പല ബഹു. മെമ്പറന്മാരും അഭിപ്രായപ്പെടുകയുണ്ടായി. അതിൽ ഒരു പരസ്പരവൈരുദ്ധ്യമുണ്ടെന്നു പറയുന്നതു് ഏതാണ്ടു് ശരിയാണ്. അതു നീക്കി ക്രമേണഎങ്കിലും തിരുവിതാംകൂർ മുഴുവൻ പ്രൊഹിബിഷൻ നടപ്പാക്കണമെന്നാണ് ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു്. പ്രൊഹിബിഷൻ മൂലമുണ്ടാകുന്ന സകല നഷ്ട

[Hon'ble Mr. G. Ramachandran.]

ങ്ങളും സഹായിക്കുന്നതിന് പൊതുജനങ്ങൾ സന്നദ്ധരാണെന്ന് ബഹു. മെമ്പർ മി. പി. എം. വർഗ്ഗീസ് ഇവിടെ പറയുകയുണ്ടായി. ഒരു നല്ല കാര്യത്തെപ്പററി ഒരാൾക്കുണ്ടായ അത്യുത്സാഹത്തിന്റെ, പ്രതിച്ഛായ എന്നല്ലാതെ ഒരു ഗവണ്മെന്റിന് അങ്ങനെ പറയുവാൻ സാധ്യമല്ല. ഇൻഡ്യയിൽത്തന്നെ പ്രൊഹിബിഷൻ പ്രസ്ഥാനത്തിനു നേതൃത്വം നൽകിയ മദ്രാസ് പ്രവിശ്യയിലോ മറേറതെങ്കിലും പ്രവിശ്യയിലോ ഒററ ചാട്ടത്തിൽ ഇതു നടത്തിക്കളയാമെന്ന് ആരും കരുതിയില്ല. കഴിയുന്നത്ര വേഗം ചെയ്തു തീർക്കാമെന്നല്ലാതെ ഒരുമിച്ച് നടപ്പിൽ വരുത്തുന്നതു കൊണ്ടു വലിയ കുഴപ്പങ്ങളും കഷ്ടനഷ്ടങ്ങളും ഉണ്ടായേക്കാം.

MR. MANNAR GOPALAN NAIR (*Tiruvella I—General*) : എക്സൈസിനും പ്രൊഹിബിഷനും ഒരാൾ തന്നെയായിരുന്നാൽ ശരിയാകുമോ എന്നാണ് സംശയം. അതിനു രണ്ടുപേരെ നിയമിച്ചുകൂടെ?

HON'BLE MR. G. RAMACHANDRAN : അതും പ്രധാനപ്പെട്ട വേറൊരു കാര്യമാണ്. യൂ ട്യൂബ് എന്നൊരുവകയുണ്ട്. അതിൽ ഒരു വശത്തെ നിരപ്പു താഴുമ്പോൾ മറുവശത്ത് ഉയർന്നുവരും. അങ്ങനെയാണ് പ്രൊഹിബിഷനും ഏർപ്പെടുത്തുവാൻ പോകുന്നത്. പ്രൊഹിബിഷൻ മുഴുവൻ ആകുമ്പോൾ മദ്യവിൽപ്പന നിശേഷം നിന്നുപോകും. രണ്ടു കാര്യങ്ങളും ഒരു നേതൃത്വത്തിൽതന്നെ നടത്തുന്നതാണ് കൂടുതൽ പ്രയോജനകരമെന്നാണ് എന്റെ അറിവ്. ഈ പ്രൊഹിബിഷൻ എന്നു പറയുന്നത് വെറും കള്ളുഷാപ്പുകൾ നിറുത്തുന്ന കാര്യം മാത്രമല്ല. കള്ളുഷാപ്പുകൾ നിറുത്തികഴിഞ്ഞാൽ ഉടൻതന്നെ അവിടെ സകലവശങ്ങളിലും കൂടി സൃഷ്ടിപരമായി പ്രവർത്തനങ്ങൾ നടത്തേണ്ടതു വളരെ അത്യാവശ്യമാണെന്നു ഗവണ്മെന്റു നല്ലപോലെ മനസ്സിലാക്കുന്നുണ്ട്. പ്രൊഹിബിഷൻ ഏർപ്പെടുത്തുന്ന സ്ഥലങ്ങളിലെല്ലാം തന്നെ ഗവണ്മെന്റിന്റെ സകല ശക്തികളും ഉപയോഗിച്ചു സൃഷ്ടിപരമായ പ്രവർത്തനങ്ങൾ തുടങ്ങുന്നതായിരിക്കും. അതിനു യാതൊരു സംശയവുമില്ല. ഒരു എക്കണോമിക്ക സർവ്വെ നടത്തണമെന്നു ചിലർപറഞ്ഞു. തീർച്ചയായും ഇവിടെ ഒരു എക്കണോമിക്ക സർവെയുണ്ടാകും. അതു അത്യന്താപേക്ഷിതമാണ്. ബഹു. എന്റെ സ്നേഹിതൻ മി. പി. എം. വർഗ്ഗീസിന്റെ അഭിപ്രായത്തെക്കുറിച്ച് രണ്ടുവാക്ക് എനിക്ക് പറയാനുണ്ട്. രണ്ടുലക്ഷം രൂപാ പ്രൊഹിബിനുവേണ്ടി ഉൾപ്പെടുത്തിയിരിക്കുന്നതു് ആവശ്യമില്ലെന്നാണ് മി. വർഗീസിന്റെ അഭിപ്രായം. ഈ

പ്രൊഹിബിഷൻകാര്യം എന്താണെന്നും അത് നടത്തുന്നത് എങ്ങനെയാണെന്നും ഉള്ള കാര്യത്തെപ്പററി അദ്ദേഹം നല്ലപോലെ ചിന്തിച്ചിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നതു. വളരെ വഴികളിൽക്കൂടി ചെലവുകൾ ഉണ്ട്. വളരെ അധികം പ്രിവൻറിവ് സ്റ്റാഫ് വേണം. നമ്മുടെ ആളുകൾ വളരെ നല്ലവരാണ്; കുടിക്കരുതെന്നു പറഞ്ഞാൽ, "അവർ കുടിക്കുകയില്ല; ഇതിനു യാതൊരു ചെലവും വരുന്നതല്ല" എന്നൊക്കെ അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം ഏതോ ഒരു കല്പനാലോകത്തിൽനിന്നുകൊണ്ട് സംസാരിക്കുകയാണെന്നു മാത്രമേ എനിക്കുതോന്നുന്നുള്ളു. എല്ലാബുദ്ധിമുട്ടുകളും നമുക്ക് നേരിടേണ്ടിവരും. വ്യാജമായിട്ട് പലവഴികളിൽക്കൂടിയും കള്ളടുക്കുകയും, ചാരായം വാററുകയും, ഒളിച്ചു കുടിക്കുകയും ചെയ്യുന്നതിനുള്ള പ്രയത്നങ്ങൾ ഇവിടെയും നടക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

MR. P. M. VERGHESE : ഞാൻ കല്പിക്കുകയല്ല ചെയ്യുന്നത്, ഒരു ഫാക്റ്റ് പറഞ്ഞുവെന്നേയുള്ളു.

HON'BLE MR. G. RAMACHANDRAN : അതുതന്നെയാണ് ഞാനും പറഞ്ഞതു്. ബഹു. മെമ്പർ തെററിധരിച്ചുവെന്നേയുള്ളു. ചെലവില്ലാതെ പ്രൊഹിബിഷൻ നടത്താമെന്നു ഇതുവരെ ആരും പറഞ്ഞു കേട്ടിട്ടില്ല. ഇത്രയും പറഞ്ഞുകൊണ്ട് ഈ ഉപക്ഷേപം പിൻവലിച്ച് ഈ ഡിമാൻറിനെ പാസാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

Mr. M. O. Cheriyan's motion was, by leave, withdrawn.

MR. PRESIDENT : The question is that a sum of Rs. 21, 28, 668 be granted under Demand No. 1— Excise. (The question was put and carried)

ഈ ഡിമാൻഡ് പാസ്സായിരിക്കുന്നു. ഇപ്പോൾ ഡിമാൻഡ് നമ്പർ ൨. ബഹു. മന്ത്രി സി. കേശവൻ അവതരിപ്പിക്കുന്നതായിരിക്കും.

DEMAND NO II—LAND REVENUE.

HON'BEL MR. C. KESAVAN : ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറിലേക്കുള്ള ൨൫,൪൯,൭൫൩ രൂപാ അനുവദിക്കണമെന്നു ഒരു ഡിമാൻഡ് ഈ സഭ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. PRESIDENT : ഇതിലേക്ക് അനേകം ഉപക്ഷേപങ്ങൾ വന്നിട്ടുണ്ട്. അതിൽ ടോട്ടൽ ഡിമാൻറിലുള്ള കട്ട്മോഷൻ മാത്രം ആലോചനക്കെടുത്താൽ മതിയോ എന്ന കാര്യത്തിൽ സഭയുടെ അഭിപ്രായമറിഞ്ഞാൽ കൊള്ളാം.

MR. A. P. UDAYABHANU (*Karunagappalli II—General)* : ജനറൽ പാളിസിയെക്കറിച്ചു് വാദപ്രതിവാദം ചെയ്യുന്നതിനുള്ള കട്ട്മോഷൻസ് മാത്രം എടുത്താൽ മതിയാകും.

MR. K. P. NILAKANDA PILLAI : Not the grand total, on "Direction" in the total cut.

MR. PRESIDENT : ഈ സഭ ഇപ്പോൾ പിരിയുന്നതും നാളെരാവിലെ ൧൧ മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The House adjourned for the day at 5 P. M.

R. KERALAVRAMATHIRUMULPAD,
Ag. Secretary to the Legislative Assembly.

APPENDIX.

QUESTIONS AND ANSWERS FOR THE DAY WHICH WERE LAID ON THE TABLE.

കൃഷി.

142. MR. P. K. KRISHNAN SASTRI (*Meenachil II—Pulaya*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) സഹകരണസംഘങ്ങൾ മുഖേന നമ്മുടെ കൃഷിയെ പോഷിപ്പിക്കത്തക്ക സാദ്ധ്യതകളുണ്ടെന്ന് ബഹുമാനപ്പെട്ട ഗവൺമെൻറു കരുതുന്നുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

(ബി) ഉണ്ടെങ്കിൽ ഏതെങ്കിലും സംഘത്തിന് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും നല്കിയിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : (a) Yes.

(b) A number of co-operative societies are being given necessary help and advice in the matter.

ഭക്ഷ്യോൽപ്പാദനം.

143. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) ഭക്ഷ്യോൽപ്പാദനം സംബന്ധിച്ച് ൧൧൨൦ മുതൽ ൧൧൨൩ ഇടവം ൩൦-ാനു- വരെ ഓരോ താലൂക്കിലും കൃഷിക്ക

വേണ്ടി പാട്ടത്തിനു കൊടുത്തിട്ടുള്ള ഭൂമി എത്രയെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) ൧൧൨൦-മാണ്ടിൽ വിളഞ്ഞതിൽനിന്നും ൧൧൨൧-ൽ എത്ര ഭക്ഷ്യധാന്യങ്ങൾ കൂടുതൽ കിട്ടിയിട്ടുണ്ടെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(സി) ൧൧൨൧-ൽ ആക്കുളം, വെള്ളായണി എന്നീ കായലുകളിലെ വിളവ് എത്രവീതമെന്നും ഗവണ്മെന്റിനു കിട്ടിയിട്ടുള്ള നെല്ല് എത്രവീതമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH :

	Taluk.	Area. Acre	cent.
(a)	Agasteeswaram	329	0
	Vilavancode	3	30
	Neyyattinkara	502	8
	Trivandrum	108	0
	Nedumangad	61	12
	Chirayinkil	6	63
	Kottatakara	856	11
	Pathanapuram	20	36
	Shencottah	73	62
	Kunnathur	1	78
	Pathanamthitta	42	71
	Kottayam	182	96
	Vaikom	398	34
	Parur	9	98
	Devicolam	426	37
	Peermade	299	0

(b) About 66,000 paras of paddy in the Trivandrum Division. There has been no appreciable increase in production in the other Divisions due to adverse weather conditions.

(c)	*Estimated yield.*	*Quantity purchased.*
Vellayani lake	30,000 paras	4,200 paras.
Akkulam lake	500 „	200 „

കൃഷിഡിപ്പാർട്ടുമെന്റിന്റെ ഭക്ഷ്യോൽപ്പാദന നിർദ്ദേശങ്ങൾ.

144. MR. P. K. KRISHNAN SASTRI : താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടിപറയുമോ?

[Mr. P. K. Krishnan Sastri.]

(എ) ഭക്ഷ്യോൽപ്പാദനം സംബന്ധിച്ച് കൃഷിഡിപ്പാർട്ടുമെൻറിൻെറ ഉപദേശങ്ങളും നിർദ്ദേശങ്ങളും എല്ലാ താലൂക്കുകളിലും നടത്താറുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവർമെൻറിനു ദയവുണ്ടാകുമോ?

(ബി) ഉണ്ടെങ്കിൽ എഴുകോൺ പകുതിയിൽപ്പെട്ട കാർഷിക കേന്ദ്രങ്ങളിൽ കൃഷിഡയറക്ടർ സന്ദർശിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവർമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH; (a) Yes.

(b) No.

Balanced Diet.

145. MR. G. NILAKANTAN (*Quilon III—Kannnala*): Will the Honourable Minister for Education be pleased to state:

(*a*) whether the Research Department has investigated and found out a balanced diet for an adult worker in Travancore; and

(*b*) if so, wheth r it will be placed on the table with information re: its caloric value and also its money value if it has been translated in terms of money?

HON'BLE MR. T. M. VARGHESE: (*a*) Yes.

(*b*) The statement required is placed on the table.

Statement showing the schedule of balanced diet for an adult male labourer.

Food stuffs.		*Ounces consumed per day.*
Cereals	Rice	10
Pulses	Dhall	2
Root Vegetables	Tapioca raw	12
	or	
	Tapioca dried	5
	Yam Colocasia Sweet potatoes	2·4
Leafy Vegetables	Amaranthus Moringa leaves	4
Other Vegetables	Raw plantains Jack fruit Brinjals Cucumber Drum sticks etc.,	2·3
Nuts	Cocoanut	2
Fats and Oils	Cocoanut oil	1/2
Flesh Foods	Fish raw	4
	or	
	Fish dried	1 1/2
Fruits	Plantain Mango	2

Statement showing the schedule of balanced diet for an adult made labourer.

Food Stuffs.		*Ounces consumed per day.*
Foodfactors :		
Protein	(Gm)	68·2
Fat	(Gm)	43.6
Carbohydrate		440
Total calories		2420

This diet will cost about Re. 1 per adult male per day and will have sufficient other food factors—minerals and vitamins.

പിറുത്തിച്ചക്ക കയററുമതി.

146. MR. MUHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടിപറയുമോ?

(എ) പിറുത്തിച്ചക്ക ഒരു സാധാരണ ഭക്ഷ്യസാധനമല്ലാത്തതിനാൽ അതിന്മേലുള്ള കയററുമതിനിരോധനം നീക്കംചെയ്യണമെന്നു ആവശ്യപ്പെട്ടുകൊണ്ടു് പത്തനാപുരം താലൂക്കിലെ കാൺഗ്രസ്സ് കമ്മിററികളും സഹകാരികളും കർഷകരും യോഗങ്ങൾകൂടി നിശ്ചയങ്ങൾ പാസാക്കിയിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ?

(ബി) അനേകം സാധു കർഷകർ ഈ കൃഷിയിൽനിന്നും കിട്ടുന്ന പണംകൊണ്ടാണു നിത്യവൃത്തികഴിക്കുന്നതെന്നു ഗവണ്മെൻറു ഗ്രഹിച്ചിട്ടുണ്ടോ?

(സി) നിരോധനംമൂലം ചക്കയ്ക്കു വിലകിട്ടാതെ കർഷകർ ഈ കൃഷിതന്നെ ഉപേക്ഷിച്ചുവരുന്നതായി ഗവണ്മെൻറിനറിയാമോ?

(ഡി) ഈ പരിതസ്ഥിതികളിൽ നിരോധനം ഉടനടി നീക്കേണ്ടതു് ആവശ്യമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

HON'BLE MR. K. M. KORAH : (എ) ഇല്ല. എന്നാൽ പത്തനാപുരം താലൂക്കിലുള്ള ചില കൃഷിക്കാരിൽനിന്നും ഏതാനും അപേക്ഷകൾ കിട്ടിയിട്ടുണ്ടു്.

(ബി) ഇല്ല. എന്നാൽ ചില പ്രദേശങ്ങളിൽ സാധു കൃഷിക്കാർക്കു് ഇതു് ഒരു ചെറിയതോതിൽ ആദായമാർഗ്ഗമാണെന്നറിയാം.

(സി) ഇല്ല.

(ഡി) നിരോധനം ഇല്ല. പക്ഷേ ഈ സംഗതിയെ സംബന്ധിച്ചു കൂടുതൽ അന്വേഷണങ്ങൾ നടത്തി പെർമിററു വ്യവസ്ഥ മാറേറണ്ടതാണെന്നു കണ്ടാൽ അതിലേക്കു ഗവണ്മെൻറു വേണ്ടതു ചെയ്യുന്നതാണു്.

Forest Industries, Travancore.

147. MR. P. T. CHACKO: Will the Honourable Minister for Labour be pleased to state:

(a) whether Government are aware that Forest Industries Travancore has resorted to a system of giving private contracts to defeat the provisions of the Factory Act by converting the labourers as employees of the private contractors; and

(b) have the Government taken any steps to protect the labourers from this?

HON'BLE MR. C. KESAVAN: (a) No.

(b) The question does not arise in view to answer to (a).

Bridges.

Number of Original aud Small Causes Suits filed in the Munsiff's Courts at Vaikom, Kottayam and Meenachil from 1-7-1115.

Courts.		From 1-7-1115		1116.		1117.		1118.		1119.		1120.		1121.		1122.		Up to the end of 3rd quarter of 1123.	
		O. S.	S. C. S.	O. S.	S. C. S.	O. S.	S. C. S.	O. S.	S. C. S.	O. S.	S. C. S.	O. S.	S. C. S.	O. S.	S. C. S.	O. S.	S. C. S.	O. S.	S. C. S.
(a)	Vaikom	362	271	493	461	572	335	913	400	714	315	850	288	864	305	912	192	483	138
(b)	Kottayam	478	250	837	467	944	378	842	278	784	234	592	164	596	128	540	106	412	100
	Meenachil	479	121	683	240	876	166	1148	176	804	132	575	82	514	57	440	47	246	44

APPENDIX No. 3.

ANSWER TO QUESTION No. 212

Statement of Government Buildings in Trivandrum City given to Government servants for Residence.

	Name of Building.	Name and Designation of present occupant.	Date of occupation.	Rental value in 1117 M. E.	Remarks.
1	Tulsi Hill Bungalow	Major General V. N. Parameswaran Pillai, General Officer Commanding T. S. F.	18-9-1123	1588	
2	Ruadhsgier Bungalow	Dr. Jacob Thaliath, Superintendent, General Hospital	18-8-1122	1342	
3	Barton Hill Bungalow	Dr. K. P. P. Menon, Industrial Liaison Officer	30-1-1122	1086	
4	Xanadu Bungalow	Dr. H. Parameswaran, Director of Industries	23-9-1115	758	
5	Park View Bungalow	Mr. A. J. John, President, Representative Body	1-9-1123	1641	
6	Cotton Hill Bungalow	Brigadier Talbot, Commandant, T. S. F.	11-9-1123	904	
7	Indian Assistant's Quarters, Thycaud	Rao Bahadur T. V. Venkiteswara Iyer, Conservator of Forests	27-1-1123	...	The building was included in the group of Residency Buildings till 15-8-47 and was under control of the Resident for Madras State till then. Present rent is fixed at Rs. 50 per mensem.

MR. ABDUL AZIZ : സർ, ഇന്നലത്തെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ മേശമേൽ വച്ചിട്ടുണ്ടെന്നു പറഞ്ഞു. ഇന്നലെ ഒരു മണിവരെ നോക്കിയിട്ടും ഉത്തരങ്ങൾ മേശമേൽ കണ്ടില്ല.

MR. PRESIDENT : ഉത്തരങ്ങൾ മേശമേൽ വച്ചിട്ടുണ്ടെന്നു പറഞ്ഞതുതന്നെ രണ്ടുമണിക്കാണ്. സെക്രട്ടറിയുടെ മേശമേലാണ് ഉത്തരങ്ങൾ വയ്ക്കുന്നതു്.

VOTING OF DEMANDS FOR GRANTS
DEMAND II - LAND REVENUE

MR. PRESIDENT : ഇപ്പോൾ ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെന്റിലേക്കുള്ള ഡിമാന്റാണ്. ഇതു സംബന്ധിച്ച് [illegible] ഉപക്ഷേപങ്ങൾ വന്നിട്ടുണ്ട്. ഇന്നലെ മി. കെ. പി. നീലകണ്ഠപ്പിള്ള പ്രസ്താവിച്ചതു പോലെ ഡയറക്ഷനെസംബന്ധിച്ച ഉപക്ഷേപങ്ങൾ മാത്രം ആദ്യം വാദപ്രതിവാദത്തിനു എടുത്താൽ മതിയോ എന്നുള്ളതിനെപ്പററി സഭയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

MR. T. A. ABDULLA (*Ambalapuzha I—Muslim*) : എല്ലാം ഉപക്ഷേപങ്ങളും അവതരിപ്പിക്കുന്നില്ലെങ്കിലും ഉപക്ഷേപങ്ങൾ അയച്ചിട്ടുള്ളവർക്കെല്ലാം സംസാരിക്കാൻ സൗകര്യം നൽകുമോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : സംസാരിക്കാൻ കഴിവുള്ളിടത്തോളം സൗകര്യം നൽകുന്നതാണ്. എന്നാൽ ഒരു കാര്യം എനിക്ക് പറയുവാനുണ്ട്. ഏതെങ്കിലും ഒരു കട്ട് മോഷൻ വാദപ്രതിവാദത്തിനു എടുക്കുമ്പോൾ ഒരു മെമ്പർ ഉന്നയിച്ച വാദമുഖങ്ങളെ വീണ്ടും[illegible] മററു അംഗങ്ങൾ ആവർത്തിക്കരുതെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. അങ്ങനെയായാൽ നമുക്ക് സമയം വളരെ ലാഭിക്കാവുന്നതാണ്. ഡയറക്ഷനെ സംബന്ധിച്ച് വാദപ്രതിവാദം ചെയ്യുന്നതിനുള്ള ആദ്യത്തെ മോഷൻ [illegible]-ാമത്തേതാണ്. അതു് അവതരിപ്പിക്കുന്നതിന് മി. കൃഷ്ണൻ അയ്യപ്പനെ ക്ഷണിച്ചുകൊള്ളുന്നു.

MR. KRISHNAN AYYAPPAN (*Shertallai III—General*) : ചേർത്തല താലൂക്കിലെ പാട്ടക്കാർക്ക് നേരിടുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് പ്രതിപാദിക്കുന്നതിനായി ഡയറക്ഷനുവേണ്ടിയുള്ള [illegible] രൂപായിൽ ഒരു രൂപാ കുറയ്ക്കണമെന്ന ഒരുപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. സർ, പാട്ടക്കാരെ സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ ലാൻഡ് പോളിസി അമൻറു ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു ചേർത്തലതാലൂക്കിലെ ചില പ്രത്യേക സംഗതികൾ ഇവ

സഭയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നു ഞാനാഗ്രഹിക്കുന്നു. മറെറല്ലാ ഭാഗങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു രീതിയാണ് ചേർത്തലയിലുള്ളതു്. ചേർത്തലതാലൂക്കിൽ അനേകം സ്ഥലങ്ങൾ ഇപ്പോഴും കൃഷിചെയ്യാതെ തരിശായി കിടക്കുകയാണ്. ഇങ്ങനെ ഭൂമികൾ തരിശായി പോകുന്നതു് ഗവൺമെൻറിനും കുടിയാന്മാർക്കും എന്നല്ല രാജ്യത്തിനുതന്നെയും ദോഷകരമാണ്. ചേർത്തലതാലൂക്കിൽ ജനസംഖ്യ വളരെ കൂടുതലാണ്. ചേർത്തല, പറവൂർ, പിറവിൻകീഴ്, കൊല്ലം എന്നിങ്ങനെ കടൽതീരത്തു കിടക്കുന്ന താലൂക്കുകളിലെല്ലാംതന്നെ ജനസംഖ്യ വളരെ കൂടുതലാണ്. ഇങ്ങനെ ജനസംഖ്യ വളരെ കൂടുതലുള്ള താലൂക്കുകളിൽ ഭക്ഷ്യധാന്യങ്ങൾക്ക വളരെ ക്ഷാമമുള്ള ഇക്കാലത്ത് ഭൂമി തരിശായി കിടക്കാൻ അനുവദിക്കുന്നതു് ഒട്ടും നല്ലതല്ല. ഗവൺമെൻറിൻെറ ലാൻഡ് പാളിസിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ഉടമസ്ഥാവകാശം മിക്കവാറും ഒരു വക ജന്മികളിലാണ് സ്ഥിതിചെയ്യുന്നതു്. എന്നാൽ ഈ സ്ഥലങ്ങൾ കൈവശംവച്ച് കൃഷിചെയ്യുന്നതു് പാട്ടക്കാരാണ്. ഈ പാട്ടക്കാരുടെ വസ്തു കൈവശത്തിന് ഒരു പന്ത്രണ്ടു കൊല്ലത്തേക്കെങ്കിലും സുരക്ഷിതത്വം ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. സ്ഥലങ്ങൾ ശരിപ്പെടുത്തി കൃഷിക്കുപയോഗയോഗ്യമാക്കി തീർക്കുമ്പോൾ ഒഴിപ്പിക്കുന്ന ഒരു നില തുടരുകയാണെങ്കിൽ വസ്തുക്കളെ നന്നാക്കാനും കൃഷി ചെയ്യാനുമുള്ള ഉത്സാഹം പാട്ടക്കാരന് ഇല്ലാതാകുന്നതാണ്. എല്ലാകാര്യങ്ങളിലും കാര്യക്ഷമതയ്ക്കു പ്രാധാന്യം കൊടുക്കുന്ന ഇന്നത്തെ ഗവൺമെൻറ് ഈ കൃഷിസ്ഥലങ്ങളും കാര്യക്ഷമതയുള്ള കൃഷിക്കാർക്ക് കിട്ടുന്നതിനു വ്യവസ്ഥ ചെയ്യേണ്ടതാണ്

കൃഷിചെയ്യാൻ പ്രാപ്തിയില്ലാത്തവർക്ക് ഭൂമി പതിച്ചുകൊടുക്കരുതു്. പാട്ടക്കാർക്ക് കൃഷി നടത്തുന്നതിനു പലവിധമായ അസൗകര്യങ്ങൾ ചേർത്തലതാലൂക്കിലുണ്ട്. ഈ താലൂക്കിലെ നെല്ല് കപ്പ മുതലായ വിളവുകളെ നശിപ്പിക്കുന്ന അനേകം സംഗതികൾ ഉണ്ട്. സൗകര്യമായ റോഡുകൾ ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട ചില്ലറയൊന്നുമല്ല. കാടുകളും മലകളുമെല്ലാം വെട്ടിത്തെളിച്ചു കൃഷിചെയ്തു തുടങ്ങിയതോടുകൂടി കുറുക്കൻ എന്ന ജന്തു ചേർത്തലതാലൂക്കിലെ ഇല്ലെന്നായിട്ടുണ്ട്. തന്നിമിത്തം എലിശല്യം അവിടെ വളരെ വർദ്ധിച്ചിരിക്കുന്നു. ഈ എലിശല്യം നിസ്സാരമാണെന്നു ബ: മെമ്പറന്മാർ ധരിക്കരുതു്. നെല്ല് കപ്പ മുതലായ കൃഷികൾക്ക് ഭയങ്കരമായ നാശമാണ് എലികൾ വരുത്തിക്കൊണ്ടിരിക്കുന്നതു്. തിരുവനന്തപുരം നഗരത്തിൽതന്നെയും കുറുക്കന്മാരുണ്ടു. എന്നാൽ ചേർത്തലതാലൂക്കിൽ ഒറ്റ കുറുക്കൻപോലുമില്ല.

MR. P. T. CHACKO : അതുകൊണ്ടു തിരുവനന്തപുരത്തുനിന്നു കുറെ കുരങ്ങന്മാരെ ചേർത്തല കൊണ്ടുവിടണമെന്നാണോ ബഹു. മെമ്പറുടെ അഭിപ്രായം. (Laughter)

MR. KRISHNAN AYYAPPAN : കൃഷിക്ക് എലികൾ ചെയ്തുകൊണ്ടിരിക്കുന്ന നാശത്തെപ്പററി ആലോചിക്കുമ്പോൾ അങ്ങനെ ചെയ്യാലും തരക്കേടില്ല എന്നു തോന്നിപ്പോകുന്നു.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*) : അതിനു പൂച്ചയെ വളർത്തിയാൽപോരെ ?

MR. KRISHNAN AYYAPPAN : ഒന്നോ രണ്ടോ എലിയെ പിടിക്കാനാണെങ്കിൽ പൂച്ച മതിയാകും. അല്ലാതെ കൃഷിയെ മുഴുവൻ നശിപ്പിക്കുന്ന ഇത്തരം ഭയങ്കരമായ എലിശല്യത്തിനു പൂച്ചയെക്കൊണ്ടു വലിയ പ്രയോജനമില്ല മറെറാരു വൈഷമ്യം ആവശ്യമുള്ളിടത്തു മുട്ടുകൾ ഇല്ലാത്തതാണ്. ഒരു നാലഞ്ചായിരം പറ നിലം മുട്ടുകൾ ഇല്ലാത്തതുകൊണ്ടു ഉപയോഗശൂന്യമായി കിടക്കുന്നു ഇതു സംബന്ധിച്ച് പല പരാതികളും നിവേദനങ്ങളും ഗവണ്മെൻറിൻെറ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെങ്കിലും യാതൊരു പരിഹാരവുമുണ്ടായിട്ടില്ല. ഇവിടെ തന്നെ ചോദിച്ച ചില ചോദ്യങ്ങൾക്ക് "ആലോചിക്കാം—ആലോചിച്ചുകൊണ്ടിരിക്കുന്നു" എന്നൊക്കെയല്ലാതെ തൃപ്തികരമായ ഒരു മറുപടി ലഭിച്ചിട്ടില്ല. ചേർത്തലതാലൂക്കിലെ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഏററവും അത്യാവശ്യമായിട്ടുള്ള മറെറാരു സംഗതി ചേർത്തലത്തോടാണ്. ഈ തോട് എത്രയും വേഗത്തിൽ വെട്ടി തീർക്കണമെന്നു ഞാൻ ഗവണ്മെൻറിനോടഭ്യർത്ഥിക്കുന്നു. ഈ വക സൗകര്യങ്ങളെല്ലാം വരുത്തിയാൽ തിരുവിതാംകൂറിലെ കൃഷിപ്രധാനമായ മററു താലൂക്കുകളിലെപ്പോലെതന്നെ ചേർത്തലതാലൂക്കിലെയും കൃഷി വികസിപ്പിക്കാമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ചേർത്തലതാലൂക്ക് തിരുവിതാംകൂറിനോടു ചേർന്ന കാലംമുതൽതന്നെ നോക്കിയാലും ഒരു കാലത്തും ഗവണ്മെൻറു അതിൻെറ കാര്യത്തിൽ താൽപര്യം പ്രദർശിപ്പിച്ചിട്ടില്ല. ഇന്നത്തെ ഗവണ്മെൻറും അങ്ങനെയാണോ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നു ഞങ്ങൾ ഭയപ്പെടുന്നു. ഈ നില വളരെ പരിതാപകരമാണ്. ചേർത്തല വരുന്ന ഉദ്യോഗസ്ഥന്മാരാണെങ്കിൽ എന്തു ദൌർഭാഗ്യം കൊണ്ടോ എന്നും പുതിയ ആളുകളാണ്. മുൻസിഫ് കോടതികളിലായാലും ശരി, ആശുപത്രികളിലായാലും ശരി, പുതിയ ഉദ്യോഗസ്ഥന്മാരെയാണ് ഞങ്ങൾക്കു കിട്ടുന്നതു.

MR. PRESIDENT : ബഹു. മെമ്പർ ഡയറക്ഷനെ സംബന്ധിച്ചു മാത്രമേ പറയാൻപാടുള്ളൂ.

The Hon'ble member should confine himself to the policy involved in direction and not further.

MR. KRISHNAN AYYAPPAN : സ്ഥലങ്ങൾ രജിസ്റ്റർചെയ്തു പതിച്ചുകൊടുക്കുന്ന കാര്യത്തിൽ ഗവന്മെന്റിന്റെ പാളിസിയെക്കുറിച്ചാണു് ഇനി എനിക്കു പറയുവാനുള്ളതു്. പതിച്ചുകൊടുത്ത സ്ഥലങ്ങൾ എട്ടും പത്തും കൊല്ലങ്ങളായി കൃഷിചെയ്യാതെ കിടപ്പുണ്ടു്. ഭൂമി പതിച്ചുകൊടുക്കുന്ന കാര്യത്തിൽ ഗവന്മെന്റിന്റെ പാളിസി മാററണമെന്ന കാര്യം സഭയുടെ ഗാഢമായ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. U. K. VASUDEVAN ASARI (*Kottayam III—Kammala Reserved*) : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. വളരെ കുറഞ്ഞ ശമ്പളം വാങ്ങിക്കുന്ന പാർവ്വത്യകാരന്മാർ, പിള്ളമാർ മുതലായ ഉദ്യോഗസ്ഥന്മാർ അനുഭവിക്കുന്ന കഷ്ടതകളെപ്പററി ഗവന്മെന്റിനെ അറിയിക്കുന്നതിനും അതിനു ഒരു പരിഹാരമുണ്ടാക്കുന്നതിനുമായാണു് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചു സംസാരിക്കാമെന്നു വിചാരിക്കുന്നതു്. എല്ലാം സാധുക്കളായ കൃഷിവലന്മാരും ഈ ഉദ്യോഗസ്ഥന്മാരിൽനിന്നും വലിയ ഉപദ്രവങ്ങൾ അനുഭവിക്കേണ്ടിവരുന്നു എന്നു് ഇവിടെയുള്ള ബഹു. പല മെമ്പറന്മാരും പറയുകയുണ്ടായി. സെററിൽമെൻറുപാട്ടം സംബന്ധിച്ചോ അല്ലാതെയോ നെല്ലെടുക്കുന്ന കാലങ്ങളിലെല്ലാം ഈ വകക്കാർ കുറെയധികം കൈക്കൂലി വാങ്ങുന്നുണ്ടെന്നുള്ള വിവരം നമുക്കെല്ലാവർക്കുമറിയാം. അതേ സമയത്തുതന്നെ നെൽകൃഷിക്കു ഉപയോഗിക്കാൻ കൊള്ളരുതാത്ത പാടങ്ങളിൽ വാഴ, പയർ, മുളകു് മുതലായവ കൃഷി ചെയ്യാൻ പാടില്ലെന്നും ആ സ്ഥലങ്ങൾ നെൽകൃഷിക്കുമാത്രമേ ഉപയോഗിക്കാൻപാടുള്ളൂ എന്നും മററും പറഞ്ഞു് അവരെ ഭയപ്പെടുത്തി കൈക്കൂലി വാങ്ങിച്ചുവരുന്ന മറെറാരു പതിവും ഉണ്ടു. ഇതു് ഗവന്മെന്റിന്റെ ഗാഢമായ ശ്രദ്ധയിൽപ്പെടുത്തിക്കാണാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ ഈ വക അഴിമതികൾക്കെല്ലാം കാരണം ഈ താഴ്ന്ന ശമ്പളക്കാർക്കു ശമ്പളം കൂട്ടിക്കൊടുക്കാത്തതുകൊണ്ടാണെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ഈ മാതിരിയുള്ള അഴിമതികളിൽനിന്നും കൃഷിക്കാരെ രക്ഷിക്കുന്നതിനും താഴ്ന്ന ശമ്പളക്കാർക്കു മാനമായി ജീവിതം നയിക്കുന്നതിനു പ്രാപ്തമായ ശമ്പളം കൊടുക്കുന്നതിനും വേണ്ടതു് ഗവന്മെന്റു് പ്രവർത്തിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. K. P. NILAKANTA PILLAI: ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് ലാൻറ് റവന്യൂ ഡിപ്പാർട്ടുമെൻറിലെ മേലുദ്യോഗസ്ഥന്മാർ കീഴുദ്യോഗസ്ഥന്മാർക്കു യാതൊരു നിർദ്ദേശങ്ങളും കൊടുക്കാതെ കേവലം നിർദ്ദേശരഹിതമായിട്ടാണ് ഡിപ്പാർട്ടുമെൻറു ഭരിച്ചു വരുന്നത് എന്നുള്ള സംഗതി ഈ സദസ്സിനെ അറിയിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. മേലുദ്യോഗസ്ഥന്മാർക്ക് ഡിപ്പാർട്ടുമെൻറിൻെറ ഫംക്ഷൻസ് എന്തെല്ലാമാണെന്ന് അറിയാൻ പാടില്ലാത്തതുകൊണ്ടോ അഥവാ അറിയാമെങ്കിൽത്തന്നെ സമയമില്ലാത്തതുകൊണ്ടോ കീഴ് സിൽബന്ധികാർക്കു യാതൊരു നിർദ്ദേശവും കൊടുത്തുവരുന്നില്ല. ബ്രിട്ടീഷിൻഡ്യയിലാണെങ്കിൽ കളക്ടറന്മാരാണ് ഈ വകകാര്യങ്ങൾ നോക്കുന്നത്. കൃഷിവലന്മാരുടെ നന്മയ്ക്കും വിളവു നന്നാക്കുന്നതിനും ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടതെല്ലാം നേരിട്ടു അന്വേഷിച്ചിട്ടാണ് അവർ കരം പിരിക്കുന്നത്. കൃഷിവലന്മാരുടെ നന്മയെയാണ് അവർ മുഖ്യമായി കണക്കാക്കുന്നത്. ആ ജോലികൾക്ക് ഇവിടെയുള്ളതു ഡിവിഷൻ പേഷ്കാരന്മാരും തഹശീൽദാരന്മാരും ആണ്. വിളവു കുറവാണെന്നോ കൃഷി നഷ്ടപ്പെട്ടിട്ടുണ്ടെന്നോ ഒന്നും നോക്കാതെ കരം പിരിക്കുന്നതിലും നെല്ലെടുക്കുന്നതിലും മാത്രമാണ് അവരുടെ ശ്രദ്ധ മുഴുവൻ പതിയുന്നത്. കൃഷിവലന്മാരുടെ അഭ്യുദയത്തിനുവേണ്ടി ഒന്നുംതന്നെ നമ്മുടെ റവന്യൂ ഉദ്യോഗസ്ഥന്മാർ ചെയ്യുന്നില്ലെന്ന് വളരെ വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അഥവാ കരം കൊടുത്തില്ലെങ്കിൽ കരക്കുടിശ്ശികയ്ക്കു ലേലം ചെയ്യുന്ന ഏർപ്പാടുണ്ട്. ലേലം ചെയ്യുന്നതിൽ സങ്കടമില്ല. എന്നാൽ ഒരു അഡ്വാക്കേററ് എന്ന നിലയിൽ എൻെറ അറിവിൽപ്പെട്ടിടത്തോളം ൧൦൦-ക്ക് ൯൯ കരക്കുടിശ്ശിക ലേലങ്ങളും റിവിഷൻ വന്ന് അസ്ഥിരപ്പെടുകയാണു ചെയ്യുന്നതെന്ന് എനിക്കു ധൈര്യമായിപ്പറയാൻ കഴിയും. സാധാരണ ലേലം നടത്തുമ്പോൾ വസ്തു ഉടമസ്ഥന് നോട്ടീസ് കൊടുക്കാതെ ചത്തവനോ മറുലോകത്തു ജീവിക്കുന്നവനോ ഒരു നോട്ടീസ് കൊടുത്ത് ലേലം ചെയ്യുകയാണ് പതിവ്. ഇങ്ങനെയുള്ള ലേലങ്ങൾകൊണ്ട് ജനങ്ങൾക്കും ഗവണ്മെൻറിനും പണനഷ്ടവും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നു. ശരിയായി നോട്ടീസു നടത്താതെ ഇമ്മാതിരി രഹസ്യലേലങ്ങൾ നടത്തുന്ന തഹശീൽദാരന്മാരേയും പാർവത്യകാരന്മാരേയും ശക്തിയായ വിധത്തിൽ ഒന്നു ഗൗനിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. മൂന്നാമതായി എനിക്കു പറയുവാനുള്ളത് ലാൻറിൻെറ

കാര്യത്തിൽ നിശ്ചിതമായ ഒരു നയമില്ലാത്തതിനെപ്പറ്റിയാണ്. കുത്തകപ്പാട്ടങ്ങളെ സംബന്ധിച്ചും ശരിയായ ഒരു വ്യവസ്ഥയില്ല. പത്തോ പതിനഞ്ചോ കൊല്ലം കൈവശംവെച്ച് ശരിയായ വിലപിടിപ്പുള്ള ദേഹണ്ഡങ്ങൾ ചെയ്തു സ്ഥലം അഭിവൃദ്ധിപ്പെട്ടു വരുമ്പോൾ ഈ പാർവത്യകാരന്മാർ ആരും ആരും അറിയാതെ ഒരു ലേലം നടത്തി മറ്റൊരാളിനു കൊടുക്കും. ഇതുകൊണ്ട് കുത്തകപ്പാട്ടക്കാരുടെ പല സങ്കടങ്ങളും ഉണ്ടാകുന്നു. അതുകൊണ്ട് ഒരു നിശ്ചിതകാലത്തേക്കെങ്കിലും വസ്തു പാട്ടക്കാരന്റെ കൈവശം ഇരിക്കുന്നതിന് ഒരു നിയമം ഉണ്ടാകേണ്ടതാണ്. ഇനി എനിക്കു പറയുവാനുള്ളത് പുറംപോക്കുകളുടെ കാര്യമാണ്. പുറംപോക്കുകളിൽ ആരും പ്രവേശിച്ചു പോകരുതെന്ന് കർശനമായ വ്യവസ്ഥയുണ്ട്. എന്നാൽ അതിന് ഈ ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെന്റ് എന്തെങ്കിലും ചെയ്യുന്നുണ്ടോ എന്നു നോക്കാം. റോഡുപുറംപോക്കായാലും ശരി, തോട്ടുപുറംപോക്കായാലും ശരി, മറ്റേതെങ്കിലും പുറംപോക്കായാലും ശരി ആരെങ്കിലും കൈവശപ്പെടുത്താതെയുണ്ടോ എന്നു നോക്കിയാൽ ഇല്ലതന്നെ. തഹശീൽദാരന്മാരുടേയും, പാർവത്യകാരന്മാരുടേയും ജോലിയാണ് ഇതിനെപ്പറ്റി അന്വേഷിക്കേണ്ടതു്. ഇങ്ങനെയൊക്കെയാണെങ്കിലും ഈ പുറംപോക്കുകൾ പതിച്ചുകൊടുക്കുകയില്ലെന്നാണ് നിർബന്ധം. നമ്മുടെ നാട്ടുകാരുടെ സ്വഭാവത്തെപ്പറ്റി പറയുകയാണെങ്കിൽ, തിരുവിതാംകൂറുകാരുടെ എന്നല്ല ഇൻഡ്യാക്കാരുടെതന്നെ ഒരു സ്വഭാവം എത്രതന്നെ ഭൂസ്വത്തുള്ളവനായിരുന്നാലും ശരി അടുത്തെങ്ങാനും വല്ല പുറംപോക്കുമുണ്ടെങ്കിൽ അതിൽ നിന്നു് അരസെന്റ് കൂടെ എങ്കിലും എൻക്രോച്ച് ചെയ്തു കൈവശപ്പെടുത്തുക എന്നുള്ളതാണ്. ഇതിൽ പാർവത്യകാരന്മാർക്കും തഹശീൽദാരന്മാർക്കും ഒരു പങ്കുണ്ട്. ഈ ആററുപുറംപോക്കുകളും, തോട്ടുപുറംപോക്കുകളും ഒന്നും പതിച്ചു കൊടുക്കുകയില്ലെന്ന് നിർബന്ധം പിടിക്കുമ്പോൾ അവ എൻക്രോച്ച് ചെയ്തു കൈവശപ്പെടുത്തിയിരിക്കുന്നതിൽ ഈ തഹശീൽദാരന്മാരും പാർവത്യകാരന്മാരും എന്തുകൊണ്ട് കേസെടുക്കുന്നില്ലെന്നു ഞാൻ ചോദിക്കുന്നു. വേണ്ട സമയത്തു പരിഹാരം ചെയ്യാതെ ആളുകൾ വസ്തുക്കളിൽ പ്രവേശിച്ച് വിലപിടിപ്പുള്ള ദേഹണ്ഡങ്ങളെല്ലാം ചെയ്തു നന്നാക്കി വരുമ്പോൾ ഈ പാർവത്യകാരന്മാരോ തഹശീൽദാരന്മാരോ അവിടെ പ്രവേശിച്ച് എവിക്ഷൻ നടത്തുകയാണ് പതിവ്. ചില സാധുക്കളെ ഇങ്ങനെ എവിക്റ്റ് ചെയ്തു. കൊച്ചു കുട്ടികളുമായി [illegible] ഏതെങ്കിലും വിധത്തിൽ അ[illegible]

[Mr. K P. Nilakanta Pillai]

[illegible]. ലാൻറിനെ സംബന്ധിച്ച് ഗവൺമെൻറിനു നിശ്ചിതമായ ഒരു പോളിസി അത്യാവശ്യമാണെന്ന് ഞാൻ പറഞ്ഞുകൊള്ളുന്നു. ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തെ പേഷ്കാരന്മാർ വളരെ കണ്ട്രോൾ ചെയ്യണം. വേണ്ട നിർദ്ദേശങ്ങൾ അപ്പോഴപ്പോൾ കൊടുത്ത് ഭരണം നടത്തിക്കൊണ്ടു പോകുന്ന കാര്യത്തിൽ ഗവൺമെൻറു പ്രത്യേകം ശ്രദ്ധിക്കണം. പുറംപോക്കുകളുടെ കാര്യത്തിലും കൃഷിക്കാരെ ഉപദ്രവിച്ച് കരം പിരിക്കുന്നതിലും പാർവത്യകാരന്മാരുടെ കൈകടത്തലുകളെ ഗവൺമെൻറ് പ്രത്യേകം ശ്രദ്ധവച്ചു തടയേണ്ടതാണ്. കരം പിരിക്കുന്നതിലല്ല കൃഷീവലന്മാരുടെ അഭ്യുദയത്തിലാണ് ഗവൺമെൻറ് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതു. ലാൻറ് റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ ഇപ്പോഴത്തെ അവസ്ഥ നോക്കിയാൽ വെറും പാർവത്യകാരന്മാർ മാത്രം മതിയെന്നുള്ള ഒരു നിലയാണുള്ളത്. പാർവത്യകാരന്മാർ മാത്രമായിരുന്നെങ്കിൽ അവരെക്കൊണ്ട് വല്ലതും ചെയ്യിക്കാൻ ഞങ്ങൾക്കും കഴിയുമായിരുന്നു. അങ്ങിനെയാണെങ്കിൽ ഈ പേഷ്കാരന്മാരും തഹശീൽദാരന്മാരും ഒന്നും വേണ്ടെന്നുവയ്ക്കണം. അല്ലെങ്കിൽ അവർ അവരുടെ ജോലികൾ ശരിയായി നിർവഹിക്കണം. വലിയ ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുക്കുന്നതിനെ ന്യായീകരിക്കത്തക്കവിധം അവരെക്കൊണ്ട് ജോലി ചെയ്യിക്കേണ്ടതാണ്. (Bell)

MR. P. M. VARGHESE (*Thodupugha II—General*): സർ, ലാൻറു റവന്യൂ ഡിപ്പാർട്ടുമെൻറിനേയും ഫുഡ് പ്രൊഡക്ഷനെയും സംബന്ധിച്ചു ചില സംഗതികൾ ഇവിടെ പ്രതിപാദിച്ചു കഴിഞ്ഞു. ആവർത്തനമുണ്ടാകരുതെന്നു പ്രസിഡൻറ് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത് ഈ രാജ്യത്ത് എന്തെങ്കിലും ഒരു നയം പുതിയതായിട്ടു സ്വീകരിച്ചാൽ അതിനെപ്പറ്റി എന്തെല്ലാം പരാതികൾ ഉണ്ടായാലും അതിനെ വകവെയ്ക്കുകയില്ലെന്നുള്ളതാണ്. ആരെല്ലാം പരാതിപ്പെട്ടാലും യാതൊരു പ്രയോജനവുമില്ല. ഉദാഹരണമായി നെല്ലെടുപ്പിനെപ്പറ്റി പറയാം. ഇപ്പോഴത്തെ നെല്ലെടുപ്പു പദ്ധതികൊണ്ട് പല വൈഷമ്യങ്ങളും ഉണ്ടാകുന്നു. യുദ്ധകാലത്ത് ഭക്ഷ്യധാന്യങ്ങൾക്കു ക്ഷാമം വന്നപ്പോൾ ഇവിടെ നെല്ലെടുപ്പാരംഭിച്ചു.

MR. PRESIDENT : ഫുഡ് പ്രൊഡക്ഷനെ സംബന്ധിച്ച് മാത്രമേ ഈയവസരത്തിൽ സംസാരിക്കാവൂ.

MR. P. M. VARGHESE : അതെ, സെറ്റിൽമെൻറു പാട്ടത്തെപ്പറ്റിയാണ് ഞാൻ പറയാൻ പോകുന്നത്. അതു ഫുഡ്പ്രൊഡക്ഷനെ

സംബന്ധിക്കുന്നതാണ്. നെല്ലെടുപ്പു പദ്ധതിയെക്കുറിച്ച് അനേകം പരാതികൾ പല സ്ഥലത്തുനിന്നും ഉണ്ടായിട്ടുണ്ട്. പേഷ്കാരന്മാരാകട്ടെ തഹശീൽദാരന്മാരാകട്ടെ സ്ഥലത്തുപോയി ആ പരാതികളെപ്പററി അന്വേഷണം നടത്തിയിട്ടുള്ളതായി അറിവില്ല. പരാതികളുടെ ഫലമായി ഗവൺമെൻറിൻെറ നയത്തിൽ എന്തെങ്കിലും ഒരു മാററം വന്നിട്ടുണ്ടെന്നു തോന്നുന്നുമില്ല.

MR. K. R. ELANKATH : സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഡയറക്ഷനെ സംബന്ധിച്ചുള്ള ഡിമാൻറിന്മേൽ ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെൻറിൻെറ അധികാരത്തിൽ ഉള്ളതു മാത്രമേ വാദപ്രതിവാദം ചെയ്യാവൂ എന്നുള്ള ഒരു റൂളിംഗ് ഉണ്ടായിട്ടുണ്ട്. നെല്ലെടുപ്പിനെ സംബന്ധിച്ച് ഈ കട്മോഷൻെറ കീഴിൽ വാദപ്രതിവാദം ചെയ്യാമോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : അതു് ആദ്യത്തെ ദിവസം തന്നെ ഞാൻ പറഞ്ഞിട്ടുള്ളതാണ്. ഡയറക്ഷനിൽ ഒരു തുക കുറയ്ക്കുന്നതിനുള്ള കട്മോഷനെ സംബന്ധിച്ചുള്ള വാദപ്രതിവാദം ഭരണനയത്തെപ്പറ്റി മാത്രമായിരിക്കേണ്ടതും ആ പരിധി കഴിഞ്ഞു പോകാൻ പാടില്ലാത്തതുമാണ്.

MR. P. M. VARGHESE : സർ, സെറ്റിൽമെൻറു പാട്ടത്തെപ്പറ്റിയാണ് ഞാൻ പറയുന്നതു്. അതു് കരംപോലെ പിരിച്ചുവരുന്നതാണ്. അതു് ഡയറക്ഷനിൽ ഉൾപ്പെടുമെന്നാണ് എനിക്കു തോന്നുന്നതു്. സെറ്റിൽമെൻറു പാട്ടം പിരിക്കുന്നതുകൊണ്ടു് ഉണ്ടായിക്കൊണ്ടിരിക്കുന്ന ദോഷങ്ങളെപ്പററി ചുരുക്കത്തിൽ ഞാൻ പറയാം. പാർവത്യകാരന്മാർ വസ്തുഉടമസ്ഥന്മാരുടെ അടുക്കൽ സെററിൽമെൻറു പാട്ടം ആവശ്യപ്പെട്ടു കൊണ്ടുചെല്ലുന്നു. നെല്ലു കൈവശമില്ലെങ്കിലും പാർവത്യകാർ അവരെ വിടുകയില്ല. പത്തുപറ നെല്ല് മാത്രമേ അവൻെറ കൈവശമുള്ളു എന്നു വിചാരിക്കുക, പന്ത്രണ്ടുപറ നെല്ല് സെററിൽമെൻറു പാട്ടം ഉണ്ടെങ്കിൽ ബാക്കി രണ്ടുപറ നെല്ലുകൂടെ നിലം ഉടമസ്ഥനിൽനിന്ന് വാങ്ങിക്കാൻ ഈ പാർവത്യകാരന്മാർ ശ്രമിക്കാറുണ്ട്. ഇനി മറെറാരു കാര്യം, സെററിൽമെൻറു പാട്ടത്തിന് ഒരു കണക്കു വ്യവസ്ഥ ഇല്ലെന്നുള്ളതാണ്. ഒരിടത്തു് ഒരു പറ നിലത്തിന് ഒരു പറ നെല്ല് സെറ്റിൽമെൻറു പാട്ടമുണ്ടെങ്കിൽ അതിനു തൊട്ടടുത്തുകിടക്കുന്ന വേറെ അത്രയും നിലത്തിന് ആറോ എട്ടോ പറ നെല്ല് സെററ്ൽമെൻറു പാട്ടമുണ്ടായിരിക്കും. ചില കേസുകളിൽ നിലമുടമസ്ഥന് അവൻെറ റേഷൻ കാർഡനുസരിച്ച് മുപ്പതോ നാല്പതോ പറ നെല്ല് ന്യായമായി

[Mr. P. M. Varghese]

അവകാശമുണ്ടായിരിക്കും. എന്നാൽ അവന്റെ കയ്യിൽ ഉള്ള മുഴുവൻ നെല്ലും ഒന്നരയോ രണ്ടോ രൂപാവച്ച് ഗവണ്മെന്റിനു കൊടുത്തിട്ട്, മൂന്നു രൂപാവച്ച് ചീത്ത നെല്ല് വാങ്ങിവേണം അവനാഹാരം കഴിക്കാൻ. ഇങ്ങനെയായാൽ കിലമുടമസ്ഥന്മാരെന്താണ് ചെയ്യുക. ബഹു: ഗവണ്മെന്റ് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ സെററിൽമെന്റു പാട്ടം അളക്കുന്ന ഏർപ്പാട് പല പ്രകാരത്തിൽ കൃഷിക്കാർക്കു വൈഷമ്യങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇല്ലാത്തവന്റെ അടുക്കൽനിന്നും രണ്ടുരൂപാ വിലവച്ചു വാങ്ങിക്കൊണ്ട് ആ നെല്ലുതന്നെ മൂന്നുരൂപാവച്ച് റേഷൻ കടയിൽനിന്ന് അവൻ തന്നെ വാങ്ങുവാൻ നിർബന്ധിതനാകുന്നതു് [illegible] കഷ്ടം തന്നെ. ഇങ്ങനെ തുടരുകയാണെങ്കിൽ കൃഷിക്കാരന് കൃഷിചെയ്യുവാനുള്ള ഉത്സാഹം നശിച്ചുപോകും. ഞാൻ ഇതിനെപ്പററി മുമ്പും പല പ്രാവശ്യം നിയമസഭയിൽ പരാതിപ്പെട്ടിട്ടുണ്ട്. എന്നാൽ ഇന്നുവരെ അതു സംബന്ധിച്ച് യാതൊന്നും ചെയ്തിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു്. സെററിൽമെന്റ് പാട്ടം അളക്കുന്ന കാര്യത്തിൽ എന്തെങ്കിലും ഒരു തീരുമാനം ഈ നിമിഷത്തിൽതന്നെ ഉണ്ടാക്കിയില്ലെങ്കിൽ കൃഷിക്കാർക്ക് കൃഷി ചെയ്യുന്നതിനുള്ള ഉത്സാഹം കുറഞ്ഞുകുറഞ്ഞു വരുന്നതാണ്. കഴിയുന്നതു ഉൽപാദനം വർദ്ധിപ്പിക്കുവാനാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നതെങ്കിൽ ആദ്യമായി കൃഷിക്കാരന്റെ കഷ്ടപ്പാടുകൾക്കു ഒരു നിവാരണമുണ്ടാക്കി കൃഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രേരണ അവന് നൽകുകതന്നെ വേണം. (Bell)

MR. P. S. MUHAMMED: സർ, തിരുവിതാംകൂറിലെ ഭൂമിയുടെ "ഏരിയാ" ക്ലിപ്തമാണ്. അതിൽ ഒരു വലിയ ഭാഗം ഇന്ന് ജനങ്ങളുടെ കൈവശമുണ്ട്. ബാക്കിയുള്ളതുംകൂടി ജനങ്ങളുടെ കൈവശം വരുകയാണെങ്കിൽ ഉപയോഗപ്രദമായ കാര്യങ്ങൾക്ക് ഗവണ്മെന്റിന്റെ കൈവശം സ്ഥലം ഒഴിച്ചിടാൻ സാധിക്കാതെ വരും. അതിനാൽ ഇനി വളരെ സ്ഥലം, ജനങ്ങളുടെ കൈവശം വച്ചുകൊണ്ടിരിക്കുവാൻ സാദ്ധ്യമല്ല. നൂറു ലക്ഷം ജനങ്ങൾക്കും തിരുവിതാംകൂറിൽ താമസിക്കുന്നതിനു സൗകര്യമുണ്ടായിരിക്കുകതന്നെ വേണം. അതുകൊണ്ട് തിരുവിതാംകൂറിലെ ലാൻറിനെ സംബന്ധിച്ചിടത്തോളം ഒരു നയം രൂപീകരിക്കേണ്ടതു് ഏററവും അത്യന്താപേക്ഷിതമാകുന്നു. ഇതിനു മുമ്പിൽ പണ്ടാരവകയെന്നും ജന്മമെന്നും രണ്ടിനത്തിലാണ് ഭൂമി വിഭജിച്ചിരുന്നതു്.

ജന്മികളിൽ നിന്നും അനുഭവിക്കുന്ന വിഷമങ്ങളെ പൊതുവെ ജനങ്ങൾ എതിർത്തുകൊണ്ടു പ്രവർത്തിച്ചതിന്റെ ഫലമായി ചില നിയമങ്ങൾ ഉണ്ടാകുകയും അന്നത്തെ കുടിയാന്മാർക്ക് സുഖമായി ജീവിക്കാൻ ഉള്ള സൗകര്യം ഉണ്ടാകുകയും ചെയ്തു. എന്നാൽ ഇന്നും ജന്മികളിൽ നിന്നും കുടിയാൻ ദുഃഖം അനുഭവിക്കുന്നുണ്ട്. അതു ജന്മികുടിയാൻ ആക്റ്റിലെ കുടിയാന്മാരല്ല. ഭൂമി ഉടമസ്ഥരിൽ നിന്നും കുടിയാൻ അനുഭവിക്കുന്ന വിഷമമാണ്. ഈ ഭൂമി ഉടമസ്ഥന്മാരിൽ നിന്നും ഉണ്ടാകുന്ന ദുഃഖങ്ങൾക്കു കുടിയാന്മാർക്കു ഒരു പരിഹാരം ഉണ്ടാകണം. അതിനു ഒരു നിയമം തന്നെ നിർമ്മിക്കണം. അതിന് ഇന്നത്തെ ഗവൺമെന്റ് നിശ്ചയമായും ഒരു നയം സ്വീകരിക്കുമെന്നും ആ നയം കൊണ്ട് ഇന്നത്തെ ദുരിതം അനുഭവിക്കുന്ന കുടിയാന്മാർക്ക് രക്ഷയുണ്ടാകുമെന്നും വിശ്വസിക്കുന്നു. ഇനി മറ്റൊരു സംഗതി കൂടി പറയുവാൻ ആഗ്രഹിക്കുന്നു. കുറെ വർഷത്തിനു മുമ്പായി ഇതിനു മുമ്പുണ്ടായിരുന്ന ഒരു നിയമസഭയിൽ ഞാൻ ഭൂമിയുടെ പരമാവധിയെ നിർണ്ണയിക്കുന്ന ഒരു പ്രമേയം അവതരിപ്പിച്ചിരുന്നു. അതിൽ നമ്മുടെ ഇന്നത്തെ ഭൂമി ഉടമസ്ഥാവകാശത്തിനു ഒരു ക്ലിപ്തം ഉണ്ടാകണമെന്ന നില വച്ചുകൊണ്ടാണ് വാദിച്ചത്. അതിന് അന്ന് പല വിധത്തിലുള്ള എതിർപ്പ് ഉണ്ടായിരുന്നു. എന്നാൽ അങ്ങനെയുള്ള ഒരു വ്യവസ്ഥിതി ഉണ്ടാകണമെന്നാണ് സ്റ്റേറ്റ് കാൺഗ്രസ്സ് പാർട്ടിയുടെ നയം എന്നറിയാൻ സാധിച്ചതു് ചാരിതാർത്ഥ്യജനകമാണ്. അതുകൊണ്ടു കഴിയുന്നതും വേഗത്തിൽ ഒരാളിന് തിരുവിതാംകൂറിൽ ഏറ്റവും കൂടുതൽ എത്രമാത്രം സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കാമെന്നും സ്ഥലം ഇല്ലാത്ത ഒരാളിന് കിടക്കുന്നതിനെങ്കിലും എത്ര സ്ഥലം വേണമെന്നും ഉള്ളതിനെ സംബന്ധിച്ച് ക്ലിപ്തമായ ഒരു നയം ഇന്നത്തെ ഗവൺമെന്റ് നിശ്ചയിക്കണമെന്നും ഉള്ള അഭിപ്രായത്തോടുകൂടി വിരമിക്കുന്നു.

(At this stage the Deputy President occupied the chair)

MR. PAUL THALIATH : സർ, മൂന്നു കട്ട്മോഷൻ ആണ് ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. അതു് മൂന്നു സംഗതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താം എന്ന വിചാരത്തിലാണ്. ഓരോന്നിനും ൫ മിനിട്ടു വീതം ൧൫ മിനിട്ടുണ്ടെങ്കിൽ ആ കാര്യങ്ങൾ വിശദമാക്കാൻ സാധിക്കും.

MR. DY. PRESIDENT : ഓർഡർ, ഓർഡർ, മൂന്നു സംഗതികൾക്കുമായി ൫ മിനിട്ടു അനുവദിച്ചിരിക്കുന്നു.

MR. PAUL THALIAT : സർ, ആദ്യമായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനുള്ളതു് ലാൻഡ് റവന്യൂ കമ്മീഷണർ ഉദ്യോഗസ്ഥൻ ആവശ്യമില്ലാ എന്നാണ്. ലാൻഡ് റവന്യൂ കമ്മീഷണർ ഉദ്യോഗം ഒരു കാലത്തു് ഇവിടെ നിലവിലിരുന്നു. അതു കഴിഞ്ഞു് ആ ഉദ്യോഗം നിറുത്തൽ ചെയ്തു. എന്നാൽ രണ്ടാമതും അതു് ഇവിടെ സൃഷ്ടിച്ചിരിക്കുകയാണ്. ഈ ഉദ്യോഗസ്ഥനുള്ള ചുമതല കുറെ എല്ലാം സിവിൽ സപ്ലൈസ് കമ്മീഷണനും കുറെ എല്ലാം ഡിവിഷൻ പേഷ്കാരും ചെയ്യുന്നതിനും ബാക്കിയുള്ളവ അസിസ്റ്റൻറ് ഡിവിഷൻ പേഷ്കാർ ചെയ്യുന്നതിനും ഏർപ്പാടു ചെയ്താൽ കാര്യങ്ങളെല്ലാം ശരിയായി നടക്കുന്നതാണ്. അതുകൊണ്ടു് ഇങ്ങനെ ഒരു ഉദ്യോഗം പുതിയതായി ആവശ്യമില്ല. പബ്ലിക് സർവീസിന് ഭാരിച്ച ചെലവാകയാൽ ഈ ഉദ്യോഗം കുറയ്ക്കേണ്ടതാണ്. ഗവൺമെൻറ് ചെലവു കുറയ്ക്കണമെന്നു മനഃപൂർവ്വം ആഗ്രഹിക്കുന്നെങ്കിൽ ഈ മാതിരിയുള്ള ഉദ്യോഗങ്ങൾ കുറയ്ക്കണം. രണ്ടാമതായി എനിക്കു പറയാനുള്ളതു് വെറുംപാട്ടകുടിയാന്മാരുടെ സംഗതിയാണ്. ഈ നിയമസഭയിൽ ഉള്ള ചോദ്യങ്ങളുടെ എണ്ണം നോക്കിയാൽ വെറുംപാട്ടക്കുടിയാന്മാരെപ്പററിയുള്ള ചോദ്യങ്ങൾ വളരെ കൂടുതലാണ് എന്നു പറയാൻ സാധിക്കും. വളരെ ബുദ്ധിമുട്ടും സങ്കടവും വെറും പാട്ടകുടിയാന്മാർ അനുഭവിക്കുന്നുണ്ട്. അതിനു പരിഹാരം ഉണ്ടാക്കുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാൻ വേണ്ടിയാണ് ഈ മാതിരി ചോദ്യങ്ങൾ കൂടുതലായി അയയ്ക്കുന്നതു്. അതിൽ ഗവൺമെൻറിൻെറ ശ്രദ്ധ പതിഞ്ഞിട്ടുണ്ടു് എന്നു ബഹു: മന്ത്രി സമ്മതിച്ചു. പക്ഷെ അതിനു് ഇനിയും ഒരു കമ്മററി ഉണ്ടാക്കണം, ആ കമ്മററി മുഖേന അന്വേഷണം നടത്തണം എന്നൊക്കെ പറയുന്നതു്, അതു നീട്ടിക്കൊണ്ടുപോകാനാണോ എന്നു ഞാൻ സംശയിക്കുന്നു. ഇതു വളരെ അടിയന്തരമായ ഒരു സംഗതിയാണെന്നു ബഹു: മന്ത്രി ധരിച്ചാൽ കൊള്ളാം. മൂന്നാമതായി പറയാനുള്ളതു് സ്വരൂപവസ്തുക്കളെപ്പററിയാണ്. ഇടവകയും സ്വരൂപവും വസ്തുക്കൾക്കും മററു വസ്തുക്കൾക്കും തമ്മിൽ വ്യത്യാസമുണ്ടു് എന്ന സംഗതി എനിക്കു് ഗവൺമെൻറിനെ അറിയിക്കുവാൻ ഉണ്ടു്. അതു് ൧൦൬൮-ലെ നാലാം റെഗുലേഷൻ ആയ Rent Recovery Act-ൽപ്പെട്ടതാണ് അതിൽ ഒരു ഭാഗം ഞാൻ വായിക്കാം.

"the land holders of estates of Edapally and Kilimanoor shall have the same rights and privileges as the landholders under our Gevernment" എന്നു വിവരിച്ചിട്ടുണ്ടു്. ഈ നിലയിൽ എന്തുകൊണ്ടു് ഗവൺമെൻറിനു് സ്വരൂപം വക ഭൂമിയെ കരം പിരിവിൻെറ കാര്യത്തിൽ

മററു ഗവണ്മെൻറുകൾ ഭൂമിയെ [illegible] ആക്രമിക്കുകയും അതുമൂലം അവശത അനുഭവിക്കുന്നവരെ ആ സങ്കടത്തിൽനിന്നും രക്ഷിക്കുകയും ചെയ്യാൻ പാടില്ലാ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. ഇവ രണ്ടും കൂട്ടികുഴയ്ക്കാതെയിരിക്കാൻ വേണ്ടി അതു് ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തുന്നു. കഴിയുന്നതും വേഗം ഇതിന് ഒരു തീരുമാനം ഉണ്ടാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

MR. JOSEPH MALIECKAL (*Thodupuzha I—General*): ഫുഡ് പ്രൊഡക്ഷനെയും ഭക്ഷ്യനയത്തെയും പററി വേറൊരുപക്ഷേപത്തിൻ സമയം ഉണ്ട് എന്നു പറയുന്നതുകൊണ്ട് ഈ മോഷനിൽ ലാൻഡ് റവന്യൂ കമ്മീഷണരുടെ ഉദ്യോഗത്തെപ്പററി മാത്രം പറയാമെന്നുദ്ദേശിക്കുന്നു. കഴിഞ്ഞ പത്തുപന്ത്രണ്ടു കൊല്ലത്തിനു മുമ്പുവരെ ലാൻഡ് റവന്യൂ ആൻഡ് ഇൻകംടാക്സ് കമ്മീഷണർ ഉദ്യോഗം ഉണ്ടായിരുന്നു. അന്ന് ആ ഉദ്യോഗത്തെപ്പററി ഗവണ്മെൻറ് ആലോചിച്ചശേഷം ഇങ്ങനെ ഒരുദ്യോഗം ആവശ്യമില്ലാ എന്നു നിശ്ചയിച്ചു. അങ്ങനെ നിശ്ചയിച്ച കാലത്ത് റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നും ഭൂമിയെ സംബന്ധിച്ച സകല കരവും പിരിച്ചുകൊണ്ടിരുന്നു. വ്യവസായവും വാണിജ്യവും സംബന്ധിച്ച കരം മാത്രമേ പ്രത്യേകം പിരിച്ചു വന്നിരുന്നുള്ളു. അന്നത്തെ ഉദ്യോഗസ്ഥന്മാർക്കും പല പല ജോലികളും ഉണ്ടായിരുന്നു. അടുത്ത കാലത്ത് യുദ്ധത്തിൻെറ പേരിൽ പല സംഗതികളും ഉണ്ടായി. നിറുത്തൽ ചെയ്തിരുന്ന ലാൻഡ് കമ്മീഷണർ എന്ന ഉദ്യോഗവും ഉണ്ടായി. അതിനാലാണ് ഇവിടെ ഇപ്പോൾ ഒരു തുക വരാൻ കാരണമായത്. ഇങ്ങനെ ഒരു ഉദ്യോഗസ്ഥൻെറ ആവശ്യമില്ല. കഴിഞ്ഞ ൧൨ കൊല്ലംവരെ ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം നടത്തിയത് എങ്ങനെയെന്നു നമുക്കറിയാം. അന്നത്തേതിൽനിന്നും കൂടുതലായി ഇന്ന് യാതൊന്നും ഇല്ല. പിന്നെ വേറൊന്നുള്ളത് ഇപ്പോൾ ലാൻഡ് കമ്മീഷണർ എന്ന ഉദ്യോഗം ആണുള്ളത്. ഇതുമേലെപ്പെട്ട് ലാൻഡ് റവന്യൂ കമ്മീഷണരായി അവസാനം രൂപാന്തരപ്പെട്ടുപോകുമോ എന്നുകൂടി തോന്നുന്നു. അതിനു കാരണം ആദായനികുതി കേസുകൾ താലൂക്കുകളിൽകൂടി കുറേശ്ശെ അയച്ചുകൊടുത്തിരിക്കുന്നു. അതിനാൽ കുറെ കൂടി കഴിയുമ്പോൾ ലാൻഡ് കമ്മീഷണർ, ലാൻഡ് ആൻഡ് ഇൻകംടാക്സ് കമ്മീഷണരാകുമെന്നു തോന്നുന്നു. അങ്ങനെ വരരുത്. ഇങ്ങനെ ഒരുദ്യോഗമേ ആവശ്യമില്ലാ. മി. തളിയത്തു പറഞ്ഞതുപോലെ ഈ ഉദ്യോഗം ഇല്ലെങ്കിലും ഇപ്പോഴുള്ള ജോലികൾ മേലാലും നടത്താൻ സാധിക്കും.

MISS ANNIE MASCARENE: Sir, I have moved this cut motion not to deal with any particular aspect of food production but to deal with it in general. I believe, Sir, that of all the functions of Government, feeding the people is the most essential and fundamental, much more than the administration of justice, much more than the maintenance of law and order, and surely much more than the direction of transport. This has been a naughty problem, a world problem, that has engaged the attention of world experts. In the matter of food problem, Travancore fortunately has had the help of other countries or at least a portion from the world. I am glad to note the reply given by the Premier that he has bestowed his sincere efforts in augmenting food production, and therefore I do not think I need impress much on it. Still I wish to offer my opinion before the House in the shape of a few schemes. I believe my humble suggestions in the line will help the scheme of food production. Concentration of effort in food production is the present essential necessity. We have had already lift irrigation schemes, construction of bunds and the bringing in of more virgin lands under cultivation. We should hereafter bestow all our attention in the double production of crops. My chief suggestion in that line will appear a bit revolutionary, but all the same, I wish to place my suggestion for the consideration of this House. I refer to the co-operative farming. The very mention of it will immediately bring the idea whether my humble self will be bringing in communism. No, certainly not. It is not the co-operative farming that is in vogue in Soviet Russia that I suggest. I simply suggest a modified co-operative scheme for Travancore, because the small peasant proprietor in Travancore, the peasant farmer here, is unwilling to part with his little bit of paddy land. Therefore co-operative farming should be effected by an agency composed of village uplift scheme and the Land Revenue Department. This scheme should be tried first as an experimental measure in one plot of land and if found good and effective and helpful, then we can think of adopting it throughout the State. I would request the Honourable Minister in charge of Food Department to take steps in the line I have suggested. Now there is a ban in the private sale of food grains. That ban needs lifting up. Government are not able to give us enough food. Whenever we feel deficiency, we buy at high rates from elsewhere and satisfy our requirements. Even though the ban is there, we have somehow to manage. To be honest and straightforward in our dealings it would be best to lift the ban. Such an experiment if proved useful will help our schemes.

My next suggestion is not with regard to the land but with regard to the people living in the coastal regions. Any amount of food grains can be produced from land. But Travancore with its maritime importance, and a long coastline, with its resources etc. has got a scheme for the development of fisheries. The question of its development has not yet been taken up by Government.

Only with its development, the food problem of Travancore can be effectively solved. I have sent up a cut motion to deal with that point exclusively when I shall furnish facts and figures in support of it. At present I wish to remind the Honourable Ministers that the people living in the coastal areas are practically starving on account of breakage of bridges etc. and I extremely regret to find that not even a single Minister has turned his attention towards those starving masses. (*Bell*).

(At this stage Mr. President occupied the chair)

MISS ACCANMA CHERIYAN (*Changanachery I General*): സർ, ഗവൺമെൻറിൻെറ പുതുക്കിയ പുതുവൽചട്ടം അനുസരിച്ച്, കൃഷിക്കാർ നേരിട്ടുകൊണ്ടിരിക്കുന്ന വിഷമങ്ങളെ പരാമർശിച്ച് രണ്ടുവാക്കു പറയാൻ ഞാൻ ഉദ്ദേശിക്കുന്നു. ൧൧൦൮-ലെ പുതുവൽചട്ടം അനുസരിച്ചു ആർക്കും പുതുവൽഭൂമിയിൽ പ്രവേശിക്കാനും, അവർക്ക് പതിച്ചുകിട്ടാനുമുള്ള അവകാശം ഉണ്ടായിരുന്നു. എന്നാൽ ൧൧൧൫-ൽ പുതുവൽ ചട്ടം പുതുക്കിയപ്പോൾ മേലാൽ ആർക്കും ഭൂമി പതിച്ചു കൊടുക്കുന്നതല്ലെന്നും എന്നാൽ ൧൧൧൫-നു മുമ്പ് പുതുവൽ ഭൂമിയിൽ പ്രവേശിച്ച് കൃഷി ചെയ്തുവരുന്നവർക്ക് ഭൂമി പതിച്ചു കൊടുക്കുന്നതാണെന്നും അതിൽ വ്യവസ്ഥചെയ്തിരുന്നു. എന്നാൽ ൬൦ കൊല്ലക്കാലമായി ഒരാൾ കൃഷി ഇറക്കിവന്നിരുന്നിട്ടും ഇതുവരെ ആ ഭൂമി അയാൾക്കു പതിച്ചു കൊടുത്തിട്ടില്ല; എന്നുമാത്രമല്ല പുതുക്കിയ പുതുവൽചട്ടമനുസരിച്ചു അയാളോടു വലിയ കരംപാട്ടം ഈടാക്കിവരികയും ചെയ്യുന്നു.

ഒന്ന് ഏക്കർ ഭൂമിയുള്ള ഒരാൾ ൫൦ രൂപാ മുതൽ അറുപതു രൂപാവരെ കരംപാട്ടം കൊടുക്കുന്നുണ്ട്. മാത്രമല്ല, നിരോധനക്കരം ഒടുക്കിയതായ പത്തുകൊല്ലത്തേക്കുള്ള പാട്ടസംഖ്യകൂടി ഒന്നായി കെട്ടിവയ്ക്കുകയും, വേണം. ഈ പ്രകാരമുള്ള ഒരു പരിതഃസ്ഥിതിയാണ് ഇന്നു കർഷകരായ ജനങ്ങൾക്ക് വന്നുചേർന്നിരിക്കുന്നത്. ൧൦ കൊല്ലത്തേക്കുള്ള ഈ തുക ഏകദേശം ൫൦൦ രൂപാ മുതൽ ൬൦൦ രൂപാവരെയാണ്. ആ വസ്തുവിൻെറ വില ഈ തുകയിൽനിന്നു അധികം വരുന്നതല്ല. ഇപ്പോൾ ചുമത്തിയിരിക്കുന്ന കരംപാട്ടം വളരെ കൂടുതലാണ്. ഇപ്പോഴത്തെ ഭക്ഷണസാധനത്തിൻെറ വിലക്കൂടുതൽകൂടി നോക്കുമ്പോൾ ചെറുകൃഷിക്കാരായ സാധാരണജനങ്ങൾക്ക് അവരുടെ ഒരുനേരത്തെ ആഹാരത്തിനുപോലും വഴിയില്ലാതെയാണിരിക്കുന്നതു. ഇങ്ങനെയുള്ള പരിതഃസ്ഥിതിയിൽ ആണെങ്കിൽ ൫൦൦ രൂപാ ഒരുമിച്ചു കെട്ടിവയ്ക്കുന്നതിന് ഈ കൃഷിക്കാർക്കു നിവൃത്തിയില്ല. അങ്ങനെ കെട്ടിവയ്ക്കാതിരുന്നാൽ ഈ

[Miss Achamma coerian]

കൃഷിക്കാർക്ക് ഇവിടത്തെ ഉദ്യോഗസ്ഥന്മാരിൽ നിന്നുണ്ടാകുന്ന ഉപദ്രവങ്ങളും കഷ്ടപ്പാടുകളും എത്രമാത്രമാണെന്നു തിരുവിതാംകൂറ്കാരായ എല്ലാവർക്കും അറിയാം. അവരുടെ ഗൃഹോപകരണങ്ങൾ എടുത്തുകൊണ്ടു പോകുകയും, സ്ത്രീകൾ പട്ടിണികിടന്നാൽ പോലും അഴിച്ചു വിൽക്കുവാൻ മടിക്കുന്ന അവരുടെ കർണ്ണാഭരണങ്ങൾ പറിച്ചെടുത്തുകൊണ്ടു പോകുകയും ചെയ്യുന്നതു നമ്മുടെ ഗവണ്മെൻറിനു അഭിമാനകരമല്ല. സ്റ്റേററു കാൺഗ്രസ്സുപ്രകടനപത്രികയിലെ വാഗ്ദാനങ്ങളെ ഈ അവസരത്തിൽ ഞാൻ ഗവണ്മെൻറിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. മലമ്പനി, കാട്ടുമൃഗങ്ങൾ ഇവയുടെ ശല്യങ്ങൾ വകവെയ്ക്കാതെ ഭൂമി നിവാസയോഗ്യമാക്കി വനപ്രദേശങ്ങളിൽ പ്രവേശിച്ചു കൃഷിചെയ്യുവരുമ്പോൾ ഗവണ്മെൻറു പിടിച്ചെടുത്തു ഗവണ്മെൻറു സേവകന്മാർക്കു ഉദാരമായ പാട്ടത്തിനു പതിച്ചുകൊടുത്തിട്ടുള്ളതിനും ഉദാഹരണങ്ങളുണ്ടു. ഇതു ഒരു വലിയ ഘോരമായകുറ്റമായി പരിഗണിച്ചു ഈ മാതിരി നടപടികൾ നിറുത്തലാക്കുന്നതിനു ഗവണ്മെൻറു ഉടനടി വേണ്ടതു പ്രവർത്തിക്കേണ്ടതാണു.

അടുത്തതായി ഇവിടെ ഒരു ലാൻറു പാളിസി രൂപീകരിക്കാൻ പോകുന്നതിനെപ്പററിയാണു പറയാനുള്ളതു. അതിനു കുറെ സമയം വേണ്ടിവന്നേക്കാം. എന്നാൽ അതു രൂപീകരിക്കുന്നതിനു മുൻപായി നികുതി ഉദ്യോഗസ്ഥന്മാരെക്കൊണ്ടു കഷ്ടത അനുഭവിക്കുന്ന കൃഷിക്കാർക്കു ഉടനടി ആശ്വാസം ലഭിക്കത്തക്ക എന്തെങ്കിലും ഒരു നടപടി ഗവണ്മെൻറു കൈക്കൊള്ളേണ്ടതാണു.

MR. E. K. MADHAVAN : സർ, നാട്ടിനേയും, നാട്ടാരെയും ഒററികൊടുക്കുന്ന ഒരു ഏർപ്പാടു പഴയ ഗവണ്മെൻറു പ്രോത്സാഹിപ്പിച്ചു വന്നിരുന്നു. അങ്ങനെ അതിനുവേണ്ടി പലപ്പോഴും സ്ഥിരമായ ഉദ്യോഗത്തിലിരിക്കുന്നവരെ അങ്ങോട്ടും ഇങ്ങോട്ടും മാററുകയും പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കേണ്ടിവരികയും ചെയ്തിട്ടുണ്ടു. അക്കൂട്ടത്തിൽ പുതിയ ചില ആളുകൾക്കായി പുതിയ ചില ഉദ്യോഗങ്ങൾ സൃഷ്ടിക്കുകയും ചിലതു ഇല്ലാതാക്കുകയും ചെയ്തതായി കേട്ടിട്ടുണ്ടു. എന്നാൽ അങ്ങനെയുള്ള ആവശ്യം ഇന്നത്തെ ഗവണ്മെൻറിനു ഉണ്ടെന്നുതോന്നുന്നില്ല. ആവശ്യമില്ലാത്ത ഉദ്യോഗങ്ങൾ സൃഷ്ടിക്കേണ്ട ആവശ്യം ഇപ്പോഴില്ല.

വളരെ വലിയ ശമ്പളം കൊടുത്തു കമ്മീഷണർ ഓഫ് ലാൻഡ്, ഫുഡ് പ്രൊഡക്ഷൻ ആൻറു പ്രൊക്യൂർമെൻറു എന്ന പേരു കൊടുത്തു ഒരു ഉദ്യോഗസ്ഥനെ ഏർപ്പെടുത്തിയതുകൊണ്ടു വലിയ പ്രയോജനം

ഉണ്ടെന്നു തോന്നുന്നില്ല. ഈ ഉദ്യോഗസ്ഥൻ വലുതായി ഒന്നും ചെയ്തിട്ടില്ല. ലിഫ്റ്റു ഇറിഗേഷൻ മുഖാന്തിരം കൃഷിചെയ്യുന്നതിനായി വടക്കൻ തിരുവിതാംകൂറിൽ ഗവർണ്മെന്റു വളരെ അധികം പണം ചെലവാക്കി. വളരെ അധികം നെല്ല് അതുമൂലം വിളയുമെന്നും പ്രതീക്ഷിച്ചിരുന്നു. എന്നാൽ പ്രതീക്ഷിച്ചതുപോലെ നെല്ല് കിട്ടുകയുണ്ടായില്ല. കിട്ടിയവരിൽ നിന്നുതന്നെ നെല്ല് എടുക്കാതിരുന്നതുകൊണ്ട് സാധാരണ ജനങ്ങൾക്ക് അതുകൊണ്ട് പ്രയോജനമുണ്ടായതുമില്ല. ഇങ്ങനെ ഈ കൃഷികൊണ്ട് കരിഞ്ചന്തക്കാർക്കാണ്, അല്ലാതെ സാധാരണക്കാർക്കല്ല പ്രയോജനമുണ്ടായതെന്നു ഗവർണ്മെന്റ് ധരിച്ചിരിക്കേണ്ടതാണ്. പ്രൊഡക്ഷൻ സംബന്ധിച്ച് വളരെ അധികം കീഴ് ഉദ്യോഗസ്ഥന്മാർ ഈ ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ ഉണ്ടെങ്കിലും, പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിനുവേണ്ടി വേണ്ടത്ര ജോലി ചെയ്തിട്ടില്ലെന്നാണ് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്.

ലിഫ്റ്റ് ഇറിഗേഷൻ വളരെ സ്ഥലങ്ങളിൽ നടപ്പാക്കാൻ സാധിക്കുമെങ്കിലും ചിലസ്ഥലങ്ങളിൽ മാത്രമേ അതു നടപ്പിലായിട്ടുള്ളു. അതിനുവേണ്ടി വളരെയധികം പണം ചെലവാക്കിയിട്ടുമുണ്ട്. ഇതിന് ആവശ്യമുള്ള പണികൾ നടത്താൻ പി. ഡബ്ളിയു. ഡിപ്പാർട്ടുമെന്റിനെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. അതിലേക്കു ചുമതലപ്പെടുത്തിയിരിക്കുന്ന എക്സിക്യൂട്ടീവ് എൻജിനീയർ അദ്ദേഹത്തിന്റെ സേവകന്മാരായ കൺട്രാക്ടർമാർക്ക് കൊടുക്കുന്നതുകൊണ്ട് ഗവർണ്മെന്റിനു വളരെ പണം നഷ്ടപ്പെടുകയാണു ചെയ്യുന്നത്. ഈ കാൺട്രാക്ട് ഏർപ്പാടു നിറുത്തലാക്കണം. അതുപോലെ തന്നെ ആവശ്യമില്ലാത്ത നിരവധി ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കുന്ന ഏർപ്പാടുകളും നിറുത്തൽ ചെയ്യണം. ചെറിയ ശമ്പളക്കാർക്ക് ശമ്പളം കുറച്ചുകൂടി കൂട്ടിക്കൊടുത്ത് അവരെക്കൊണ്ട് ശരിയാംവണ്ണം ജോലിചെയ്യിക്കണം.

നെല്ലുൽപ്പാദനത്തെപ്പറ്റി, ആകെയുള്ള കൃഷിസ്ഥലങ്ങളെയും, അവിടെ നിന്നും ഉണ്ടാക്കുവാൻ കഴിയുന്ന വിളവെത്ര, മുതലായ കാര്യങ്ങളെക്കുറിച്ച് ഒരു സർവ്വേ നടത്തി അതേപ്പറ്റി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നും, എന്നാൽ അതു പൂർത്തിയായിട്ടില്ലെന്നും പ്രധാനമന്ത്രിയുടെ ഉത്തരത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചു. ചില താലൂക്കുകളിൽ റേഷൻ സമ്പ്രദായം നിറുത്തൽ ചെയ്യാൻ പോകുന്നതായി കേട്ടു. അതു വളരെ ബുദ്ധിപൂർവ്വകമായിരിക്കുമോ എന്നു ആലോചിക്കേണ്ടതാണ്.

MR. V. MADHAVAN : സർ, പള്ളിപ്പുറം, തൈക്കാട്ടുശേരി, പാണാവള്ളി, മറ്റത്തിൽഭാഗം ഇങ്ങനെ നാലുപകുതികൾ ഒന്നായി വേമ്പനാട്ടു കായലിന്റെ മദ്ധ്യത്തിൽ കിടക്കുന്ന ഒരു ദ്വീപാണ്. മുൻപ് ഇതു് വൈക്കം താലൂക്കിൽപ്പെട്ടു കിടക്കുകയായിരുന്നു. എന്നാൽ കുറച്ചുകാലമായി ഇതു ചേർത്തല താലൂക്കിനോടു ചേർന്നു കിടക്കുകയാണു. ഈ നാലു പകുതികളിലും താമസിക്കുന്നവർക്കു ഗതാഗതസൗകര്യത്തിനുള്ള വിഷമങ്ങൾകൊണ്ടു ഈ പകുതികൾ തിരിയെ വൈക്കം താലൂക്കിനോടു ചേർത്തു കിട്ടണമെന്നു് അവർ ആഗ്രഹിക്കുന്നു.

ചേർത്തല താലൂക്കിലെ ജനസംഖ്യ നോക്കിയാൽ ൨,൨൭,൦൦൦ ആണെന്നു കാണാം. എന്നാൽ വൈക്കം താലൂക്കിൽ ൧,൬൫,൦൦൦ തന്നെ വരികയില്ല. അങ്ങനെ ജനസംഖ്യ നോക്കിയാലും ഈ നാലു പകുതികളും വൈക്കം താലൂക്കിനോടു ചേർക്കുന്നതാണു് വളരെ സൗകര്യമെന്നു കാണാം. ഗതാഗതസൗകര്യം എല്ലാംകൊണ്ടും ചേർത്തലയ്ക്കു പോകുന്നതിനുള്ളതിനെക്കാൾ കൂടുതൽ വൈക്കത്തേക്കു പോകുന്നതിനാണു ഉള്ളതു. ഈ കാര്യം ഗവൺമെന്റു അടിയന്തിരമായി ശ്രദ്ധിക്കണമെന്നു് അപേക്ഷിക്കുന്നു. ഭരണവിഷയത്തിലാകട്ടെ, മറ്റെന്തെങ്കിലും കാര്യങ്ങൾക്കാകട്ടെ ഈ നാലു പകുതികൾ വൈക്കം താലൂക്കിനോടു ചേർക്കുന്നതുകൊണ്ടു യാതൊരു ദോഷവും ഉണ്ടാകാനുമില്ല.

MR. K. A. MUHAMMED (*Quilon IV—Muslim Reserved*): സർ, ഗവൺമെന്റിന്റെ ലാൻഡു പോളിസിയെക്കുറിച്ചു് വിമർശിക്കുവാനാണു് ഈ ഉപക്ഷേപംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. ഇൻഡ്യ സ്വാതന്ത്ര്യമായതോടുകൂടി ഭൂമി ഉടമയെ സംബന്ധിച്ചു് വളരെ വ്യത്യസ്തമായ ഒരു നയമാണു ഇൻഡ്യാ ഗവൺമെന്റു് ഇപ്പോൾ കൈക്കൊണ്ടിരിക്കുന്നതു്. സെമിന്താരിസിസ്റ്റം ഇല്ലാതാക്കുവാനുള്ള നിയമനിർമ്മാണം ചെയ്യുവാനുള്ള സംരംഭങ്ങൾ ഇപ്പോൾ നടന്നുവരികയാണു. അടുത്ത കാലത്തു് തിരുവിതാംകൂറിൽ ബേസിക് നികുതി ഏർപ്പെടുത്താൻ ആലോചന വന്നപ്പോൾ അതുകൊണ്ടു് ഇവിടത്തെ സാധാരണ ഭൂമി ഉടമസ്ഥന്മാർക്കാണു വളരെ ദൂഷ്യം ഉണ്ടാകാൻ പോകുന്നതെന്നു അന്നത്തെ ഭരണാധികാരികൾ പറഞ്ഞു. അന്നു തന്നെ ഈ പറയുന്ന ദൂഷ്യം ഒന്നും ഉണ്ടാകാൻ പോകുന്നില്ലെന്നു ഞങ്ങളെപ്പോലെയുള്ളവർ ചൂണ്ടിക്കാണിക്കുകയുണ്ടായി. കാരണം ഇടവക ഭൂമികൾക്കും, ജന്മംവക ഭൂമികൾക്കും മുൻപു

പിരിച്ചുകൊണ്ടിരുന്ന ഭോഗങ്ങളും മിച്ചവാരങ്ങളും അതേപടി തുടർന്നു പോകണമെന്നുള്ള വ്യവസ്ഥ നിലനിൽക്കുന്നിടത്തോളം കാലം ഈ ബേസിക്ടാക്സ് സാധാരണക്കാരെ യാതൊരു വിധത്തിലും ഗുണപ്പെടുത്താൻ പോകുന്നില്ലെന്നുള്ളതാണ്. എങ്കിലും ഇവക പ്രശ്നങ്ങളിൽ ഉചിതമായ തീരുമാനം ചെയ്യാവുന്നതാണെന്നുള്ള സമാധാനം പറഞ്ഞുകൊണ്ടാണ് ഞാൻ ഇവിടെ ഈ അടിസ്ഥാനനികുതി ഏർപ്പെടുത്തിയത്. യഥാർത്ഥമായി ഭൂമിയുടമസ്ഥന്മാർക്ക് ഈ അടിസ്ഥാനനികുതി ഏർപ്പെടുത്തുന്നതുകൊണ്ടു ഗുണമുണ്ടാകണമെന്ന ഗവമ്മെൻറിനു ഉദ്ദേശമുണ്ടെങ്കിൽ ഈ ഭൂമികളെല്ലാം ഒരേ നിരക്കിൽ പണ്ടാരവക ഭൂമിയെപ്പോലെ പരിഗണിച്ചു കരം ചുമത്തേണ്ടതാണ്. അതിനുവേണ്ടിയുള്ള നിയമനിർമ്മാണവും നടത്തേണ്ടതാണ്.

HON'BLE MR. C. KESAVAN: ബേസിക്ക് നികുതി ഏർപ്പെടുത്തുന്നതിനു മുമ്പുതന്നെ നിയമനിർമ്മാണം വേണമെന്നാണോ മെംബർ പറഞ്ഞത്?

MR. K. A. MUHAMED: ബേസിക്ക് നികുതി ഏർപ്പെടുത്തിയപ്പോൾ എല്ലാ ഭൂമിയേയും ഒരേ തോതിൽ പരിഗണിച്ചു ബേസിക്ക് നികുതി ഏർപ്പെടുത്തുമെന്നാണു കണക്കാക്കിയിരുന്നത്.

മറെറാരു കാര്യം എനിക്കു പറയുവാനുള്ളത് റവന്യൂഡിപ്പാർട്ടുമെൻറിലെ താഴ്ന്ന ഉദ്യോഗസ്ഥന്മാരെപ്പററിയാണ്. ഇന്ന് യഥാർത്ഥത്തിൽ ഇവർ റവന്യൂസംബന്ധമായ ജോലികൾ അല്ല ചെയ്യുന്നത്. നെല്ലെടുപ്പാണെങ്കിലും തുണി, പഞ്ചസാര, മണ്ണെണ്ണ മുതലായ കൺട്രോൾ സാധനങ്ങളുടെ വിതരണത്തിലായാലും അതുപോലെ അത്യാവശ്യവും അടിയന്തിരവുമായ ഏതു കാര്യത്തിലാണെങ്കിലും നടപടികൾ നടത്തേണ്ടതും പ്രവർത്തിക്കേണ്ടതും തഹശീൽദാരന്മാരും അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുമാണ്. ഏതെല്ലാം കാര്യങ്ങൾ വിശേഷാലായും പ്രധാനമായും ഗവമ്മെൻറിനു ചെയ്തുതീർക്കുവാനുണ്ടോ അതെല്ലാം ഒടുവിൽവന്നു വീഴുന്നതു പാർവത്യക്കാരന്മാരുടെ തലയിലാണ്. യുദ്ധത്തിനുപോയി മടങ്ങിവന്ന ആളുകൾ എത്രയുണ്ട്, അതിൽ മരിച്ചുപോയവരെത്ര, ഓരോ സ്ഥലത്തും എത്ര കന്നുകാലികൾ ഉണ്ട് എന്നിങ്ങനെ വിവിധങ്ങളായ സ്റ്റാററിസ്റ്റിക്സ് മുഴുവൻ ശേഖരിക്കേണ്ടതു ഈ പ്രവർത്തികാരന്മാരുടെ ചുമതലയായി വന്നിരിക്കുന്നു. നേരെ മറിച്ച് ഓരോ പകുതിയിലും കൃഷിയുടെ നില എങ്ങനെയിരിക്കുന്നു? കൃഷി ചെയ്യാൻ കൊള്ളാവുന്ന ഭൂമികൾ ഏതെല്ലാം? ആ സ്ഥലങ്ങളിൽ കൂടുതൽ

[Mr K. A. Muhamed]

വിളവുണ്ടാക്കുവാൻ കഴിയുന്നതു് എന്തു കൃഷി ചെയ്താലാണു്? അവിടെ തോട്ടകൃഷി എത്രയുണ്ടു്? തരിശു ഭൂമികൾ എവിടെയെല്ലാമുണ്ടു്? അവിടെ ജലസേചനസൗകര്യം എങ്ങനെ വർദ്ധിപ്പിക്കാം? അതിനു് നാട്ടിലെ സൗകര്യവും പരിതഃസ്ഥിതിയുമനുസരിച്ചു് എന്തു ചെലവു വരാം? എന്നിങ്ങനെ കൃഷിയെ സംബന്ധിച്ചും ഭൂമിയെ സംബന്ധിച്ചും ശരിയായ അന്വേഷണം നടത്തി തൽസംബന്ധമായ ജോലികൾ ചെയ്യുവാനല്ല ഇന്നത്തെ റവന്യൂ ഉദ്യോഗസ്ഥന്മാർ ശ്രമിക്കുന്നതു്. ഇവർക്കു് അതിനുള്ള സമയവുമില്ല. പലപ്പോഴും അവർക്കു കിട്ടുന്ന ഉത്തരവു് ഏതെങ്കിലുമൊരു കാര്യത്തെ സംബന്ധിച്ചു് ആറു മണിക്കൂറിനകം റിപ്പോർട്ടുചെയ്യപ്പെടേണ്ടതാണെന്നായിരിക്കും. ആ സ്ഥലത്തു് എത്ര പട്ടാളക്കാർ യുദ്ധത്തിനു പോയിട്ടുണ്ടെന്നു ആറു മണിക്കൂറിനുള്ളിൽ റിപ്പോർട്ടുചെയ്യപ്പെടേണ്ടതാണെന്നോ മറ്റോ ഓർഡർ അയാൾക്കു കിട്ടിയാൽ പിന്നെ അതായിരിക്കും അയാളുടെ ശ്രദ്ധ. ആ കാര്യം തന്നെ ശരിയായും കൃത്യമായും നിർവ്വഹിക്കാനും ഇവർ തയ്യാറാകുകയില്ല. അതിനുള്ള സമയമോ സൗകര്യമോ അവർക്കു ലഭിക്കുകയുമില്ല. രസകരമായ ഒരു കഥ എനിക്കു ഈ അവസരത്തിൽ ഓർമ്മയിൽ വരുന്നു. ഒരിക്കൽ ഒരു പ്രവൃത്തികാരനോടു അധികാരാതിർത്തിയിൽ എത്ര കാക്കകൾ ഉണ്ടെന്നു ചോദിച്ചുപോലും. അയാൾ കാക്കകളുടെ എണ്ണം തിട്ടപ്പെടുത്തി ഒരു കണക്കു കൊടുത്തു. അയാളയച്ചു കണക്കിൻപ്രകാരമുള്ള കാക്കകൾ മാത്രമാണോ ആ സ്ഥലത്തുള്ളതെന്നു വീണ്ടും ചോദിച്ചപ്പോൾ വീണ്ടും തിട്ടപ്പെടുത്തുമ്പോൾ കാക്കകളുടെ എണ്ണം കൂടുതൽ കാണുന്നുണ്ടെങ്കിൽ അതു പുറമെ നിന്നും കൂടുതലായി പറന്നുവന്നതായിരിക്കണമെന്നും അഥവാ കുറയുന്നുവെങ്കിൽ അതു് അവിടെ നിന്നും പുറമെ പറന്നുപോകുന്നതുകൊണ്ടായിരിക്കുമെന്നും ആ പ്രവൃത്തികാർ മറുപടി പറഞ്ഞതായി കേട്ടിട്ടുണ്ടു്. പ്രവൃത്തികാർ ചെയ്യുന്ന ജോലികളുടെ ഉത്തരവാദിത്വവും സൂക്ഷ്മവും എത്രമാത്രമാണുള്ളതെന്നു് ഈ കഥയിൽ നിന്നും മനസ്സിലാക്കാവുന്നതാണു. ഏതു കലോസുണ്ടെങ്കിലും അതു താഴോട്ടുവയ്ക്കും. ചെല്ലുന്നതു പ്രവൃത്തികാരുടെ കയ്യിലാണു്. അപ്പോഴപ്പോൾ കിട്ടുന്ന ഉത്തരവിന്റെ ഊർജ്ജിതവും അടിയന്തിരാവസ്ഥയും അനുസരിച്ചു ഏതാണ്ടൊന്നു പെട്ടെന്നു് നിർവഹിക്കേണ്ടതു് ആ ജോലി അവർ നടത്തും. അല്ലാതെ ഇന്നയിന്ന ജോലികളെല്ലാം ചെയ്യേണ്ടതു പ്രവൃത്തിയാരുടെ ചുമതലയാണു് എന്നു ശരിയായ ഒരു നിർദ്ദേശം കൊടുക്കുന്നില്ല. ഇന്നു് ഈ ഡിപ്പാർട്ടുമെന്റിന്റെ മേലധ്യക്ഷനായി നിയമിതനായിരിക്കുന്ന ഉദ്യോഗസ്ഥന്റെ

തന്നെ പ്രധാനമായ ജോലി ഫുഡ് പ്രൊഡക്ഷൻ സംബന്ധിക്കുന്ന കാര്യങ്ങളാണ്. അദ്ദേഹം ഇപ്രകാരം പ്രധാനമായി ഇവരൊക്കെ ചെയ്തു നിർവഹിക്കേണ്ടതു കൃഷിയുടെ അഭിവൃദ്ധിക്ക് ഉതകുന്ന പ്രവർത്തനങ്ങളാണ്. എത്ര കായലുകൾ നികത്താമ്പോയി, എത്ര തോട്ടങ്ങൾ ഉപയോഗയോഗ്യമാക്കിത്തീർക്കാം എന്നിങ്ങനെയുള്ള വിവരങ്ങൾ ശേഖരിക്കുകയാണ് ആദ്യമായി വേണ്ടതു്.

MR. PRESIDENT : സഭ ഇപ്പോൾ പിരിയുന്നതും വീണ്ടും രണ്ടു മണിക്കു കൂടുന്നതുമാണ്.

[The House adjourned for lunch at 1 p. m.]

The Legislative Assembly met again at 2 P. M. with the President (Hon'ble Mr. A. J. John in the Chair)

MR. KANNARA GOPALAPANICKER (*Thiruvalla II—General*): സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു രണ്ടു കാര്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തണമെന്നു വിചാരിക്കുന്നു. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലമായി ഭക്ഷണസാധനങ്ങൾക്കു ക്ഷാമം നേരിട്ടതോടുകൂടി തിരുവിതാംകൂറിൽ ഭക്ഷണക്ഷാമം വളരെ ഉണ്ടായി. അതിനു പരിഹാരമായി കൃഷി വികസിപ്പിക്കണമെന്നും ഭക്ഷണസാധനങ്ങൾ കൂടുതലായി ഉണ്ടാക്കണമെന്നും പൊതുജനങ്ങളും പ്രതിനിധികളും ഗവണ്മെന്റും അഭിപ്രായപ്പെട്ടു. എന്നാൽ എക്സ്റ്റെൻസീവ് കൾട്ടിവേഷൻ വളരെ അധികം നടത്തുന്നതിനു സൗകര്യമില്ലാതെയിരിക്കുന്നതിനാൽ ഇൻടെൻസീവ് കൾട്ടിവേഷൻപ്രകാരം ഭക്ഷണസാധനങ്ങൾ കൂടുതലായി ഉല്പാദിപ്പിക്കുവാൻ ശ്രമിക്കയാണു വേണ്ടതെന്നു എല്ലാവരും സമ്മതിച്ചിട്ടുണ്ടു്. അതിലേയ്ക്കു ഗവണ്മെന്റിൽ നിന്നും ഭൂമി കൃഷിക്കായി പതിച്ചുകൊടുക്കുന്ന ഒരു നടപടിയും ഗവണ്മെന്റു കൈക്കൊണ്ടിട്ടുണ്ടു്. എന്നാൽ ഉദ്ദേശിച്ചിട്ടുള്ളമാതിരി ഫലപ്രാപ്തിയിൽ എത്തിയിട്ടില്ലെന്നാണു എന്റെ അഭിപ്രായം. ഇതിനു ഏറ്റവും പ്രധാനമായി വേണ്ടതു് കൃഷിക്കുള്ള വളം സുലഭമായി കിട്ടുകയെന്നുള്ളതാണ്.

ഇപ്പോൾ വളം ഗവണ്മെന്റിൽ നിന്നുമാണ് കൊടുത്തുവരുന്നതു്. നാട്ടിൽ സാധാരണയായി കിട്ടുന്ന വളത്തിനു പുറമേ ഗവണ്മെന്റുവളം കൂടി ഉപയോഗിക്കുവാൻ ജനങ്ങൾ ഔൽസുക്യം കാണിക്കുന്നുണ്ടു്. ഗവണ്മെന്റു വളത്തിനു കൂടുതൽ ഫലപുഷ്ടിയുണ്ടാകുന്നതാണെന്നു കാണുന്നു. ഈ ഗവണ്മെന്റുവളം സാധുക്കളായ കൃഷിക്കാർക്കു്

ശരിയായി കിട്ടുന്നില്ല. ഈ വളം ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നതു് വ്യക്തികൾ മുഖാന്തിരമാണ്. അവർ സാധാരണയായി വളം ഗവണ്മെൻറിൽ നിന്നും വാങ്ങി ബ്ലാക്കുമാർക്കററിൽ വിററുവരികയാണ് ചെയ്യുന്നതു്. ബാക്കിയുള്ള വളം അവരുടെ ബന്ധുക്കൾക്കും സ്വന്തക്കാർക്കുമായി പോകുന്നു. വേണമെങ്കിൽ വളം ബ്ലാക്കുമാർക്കററിൽ നിന്നും വാങ്ങിക്കൊള്ളണമെന്ന ഒരു നിലയാണ് ഇന്നു് കൃഷിക്കാർക്കുള്ളതു്. അതുമൂലം അവർ വളരെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്നു. അതിനാൽ ഈ വളം വിതരണം വ്യക്തികൾമൂലം നടത്താതെ ഗവണ്മെൻറിൽ നിന്നുതന്നെ കോവാപ്പറേററീവ് സൊസൈററികൾ മുഖേനയോ അല്ലെങ്കിൽ ഗവണ്മെൻറു നിശ്ചയിക്കുന്ന മററേതു് ഏർപ്പാടുകൾ മുഖേനയോ നടത്തുന്നതിന് വേണ്ട വ്യവസ്ഥ ചെയ്യണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

രണ്ടാമതായി എനിക്കു് പറയുവാനുള്ളതു് ൻ൧-ാം ആണ്ടിനുമുമ്പു് ചെങ്ങന്നൂർ എന്ന പേരിൽ ഒരു താലൂക്കുണ്ടായിരുന്നു. എന്തു കാരണത്താലാണോ ചെങ്ങന്നൂർ താലൂക്ക നിറുത്തൽ ചെയ്തു് അതിൻെറ ഏതാനും പകുതികൾ പത്തനംതിട്ട താലൂക്കിനോടു ചേർക്കുകയുണ്ടായി. പത്തനംതിട്ട താലൂക്കിൽ ഇപ്പോൾ ൨൩ പകുതികൾ ഉണ്ടു്, തിരുവല്ലാ താലൂക്കിൽ ൨൩ പകുതികൾ ഉണ്ടു്. എന്നാൽ ഈ ൨൩ പകുതികളിലെയും ഭരണനിർവഹണത്തിനായി ഒരു തഹശീൽദാർ മാത്രമാണുള്ളതു്. അദ്ദേഹത്തിനു് മജിസ്റ്റീരിയൽ പവ്വറും കൂടിയുള്ളതുകൊണ്ടു് ഈ തഹശീൽദാർക്കു ഈ എല്ലാ പകുതികളിലെയും കാര്യങ്ങൾ എത്രമാത്രം ഭംഗിയായി നിർവഹിക്കാൻ കഴിയുമെന്നുള്ളതു് ഞാൻ പറയാതെ തന്നെ അറിയാവുന്നതാണ്. ഇക്കാര്യത്തെപ്പററി ഇന്നത്തെ ഗവണ്മെൻറു് ചിന്തിക്കേണ്ടതാണ്. ചെങ്ങന്നൂർ ഒരു പ്രത്യേക താലൂക്കായി തിരിക്കണമെന്നു കാണിച്ചു് അനവധി മെമ്മോറിയലുകളും അപേക്ഷകളും ഇതിനുമുമ്പു് ഗവണ്മെൻറിലേക്കയച്ചിരുന്നു. യാതൊരു ഫലവുമുണ്ടായില്ല. ഇതിലേക്കു് ഈ ആണ്ടു മിഥുനമാസം ൧ൻ-ാം തീയതി ഒരു ഡെപ്യൂട്ടേഷൻ പോയി പ്രധാന മന്ത്രിയെ സമീപിച്ചു് നിവേദനം നടത്തിയെങ്കിലും ഇതുവരെ ഒരു തീർച്ചയും ഉണ്ടായില്ല. ചെങ്ങന്നൂർ നിവാസികളും അവിടെയുള്ള സമുദായപ്രതിനിധികളും രാഷ്ട്രീയപ്രവർത്തനത്തിൽ മററേതൊരു സ്ഥലത്തേക്കാൾ കൂടുതൽ പങ്കു വഹിച്ചിട്ടുണ്ടു്. ഈ ആണ്ടു മുതൽ അവിടെ ഒരു സബ്ട്രഷറി സ്ഥാപിച്ചിട്ടുണ്ടു്. അവിടെ ഒരു രണ്ടാംക്ലാസ മജിസ്ട്രേട്ടുകോടതിയുമുണ്ടു്.

ഒരു രണ്ടാം ക്ലാസ് മജിസ്ട്രേട്ടാണ് ഈ സബ്ട്രഷറിയുടെ ചാർജ്ജ് വഹിക്കുന്നതു്. അതുകൊണ്ടു് ചെങ്ങന്നൂർ ഒരു പ്രത്യേക താലൂക്കാക്കുന്ന പക്ഷം കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ട ആവശ്യമില്ല. യാതൊരു ചെലവും കൂടുതലായി വരുന്നതുമില്ല. ഇപ്പോഴുള്ള ഉദ്യോഗസ്ഥന് തഹശീൽദാരുടെ അധികാരം കൂടി കൊടുത്താൽ മതിയാകുന്നതാണ്. അതുകൊണ്ടു് ചെങ്ങന്നൂർ ഒരു പ്രത്യേക താലൂക്കായി തിരിക്കാൻ ഗവൺമെന്റു ശ്രദ്ധിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*) : സർ, ഭൂനികുതിയെ സംബന്ധിച്ചു് ഇന്നു നിലവിലിരിക്കുന്ന നിയമം ഭൂമിയെപ്പോലെതന്നെ പഴക്കമുള്ള ഒന്നായിട്ടാണു കാണുന്നതു്. ഈ നിയമം മൂലം സാധാരണക്കാരായ അനവധി ആളുകൾ അനേകം ദുരിതങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്നിവിടെ പറയുകയുണ്ടായി. മി. കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ പ്രസ്താവിച്ച ഉദാഹരണങ്ങളെക്കാൾ കൂടുതലായി ഒരു ഉദാഹരണം കൂടി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

കരക്കുടിശ്ശിക സംബന്ധിച്ച വസ്തുക്കൾ ലേലത്തിൽ കൊണ്ടുവരുന്നതിന് കീഴുദ്യോഗസ്ഥന്മാർ പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായി പങ്കാളികളായിരിക്കുന്നു. തഹശീൽദാരന്മാരും, അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരും അതിനു പങ്കാളികളായി ഇരുന്നിട്ടുണ്ടു്. ഇപ്പോൾ അസിസ്റ്റന്റു സെക്രട്ടറി ഉദ്യോഗം വഹിച്ചുകൊണ്ടിരിക്കുന്ന ഒരു ആളിന്റെ പേരിൽ ഒരു ലക്ഷത്തിൽപരം രൂപാ വിലയുള്ള വസ്തുക്കൾ ലേലത്തിൽ കൊണ്ടുവന്നു ലാഭകരമായി പിടിക്കയുണ്ടായി എന്നു് നെടുമങ്ങാട്ടുതാലൂക്കിൽനിന്നും പരാതിവന്നിട്ടുണ്ടു്. ആ പരാതി ഇപ്പോഴും ഗവൺമെന്റിന്റെ ആലോചനയിലിരിക്കുകയാണു്. ഇതു ഒരു ഉദാഹരണമാണു്. ഇതു അടിയന്തിരമായ ഒരു പ്രശ്നമാണു്. ഇതൊരു കഴിഞ്ഞ പ്രശ്നമാണെന്നു പറഞ്ഞു തള്ളിക്കളയാവുന്നതല്ല. പോരെങ്കിൽ സ്റ്റേറ്റുകോൺഗ്രസ്സ് സാധാരണക്കാരായ കുടിയാനവന്മാരുടെ രക്ഷയ്ക്കു വേണ്ടതൊക്കെ ചെയ്യുമെന്നു വാഗ്ദാനം ചെയ്തിട്ടുമുണ്ടു്.

ഭൂമിയുടമയിലും അനീതിയായ വ്യവസ്ഥയാണു് നിലവിലുള്ളതു്. പൊതുജനക്ഷേമം കൈവരുത്തുവാൻവേണ്ടി സാമൂഹ്യമായും സാമ്പത്തികമായും സകലർക്കും സമത്വം ലഭിക്കത്തക്ക ഒരന്തരീക്ഷം കൈവരുത്തത്തക്കവണ്ണം ഭൂമിയുടെ [illegible]

[Mr. K. Ramakrishna Pillai.]

അതു പെട്ടെന്നു സാധിക്കാൻ ഒക്കുകയില്ലെന്നും മററും ഒഴിക്കൻ മട്ടിൽ സമാധാനം പറഞ്ഞു തള്ളിക്കളയാവുന്നതല്ല. ഇങ്ങനെയുള്ള കാര്യങ്ങളിൽ അർദ്ധമനസ്സോടുകൂടിയോ, അല്ലെങ്കിൽ അധീരതയോടു കൂടിയോ പ്രവർത്തിച്ചതുകൊണ്ടു യാതൊരു ഫലവുമില്ല. ഇപ്പോൾ വില്ലേജു അപ്ലിഫ്ററു പ്രവർത്തനത്തിനും, ഗ്രാമപ്പഞ്ചായത്തുകൾക്കും മററുമായി ഒരു തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. ഗ്രാമങ്ങളെ സ്വയം പര്യാപ്തങ്ങളാക്കിത്തീർക്കുന്ന ഒരു പദ്ധതിയോടുകൂടി അപ്ലിഫ്ററു സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഭൂമിയുടമയുടെ പരിധിനിർണ്ണയപ്രശ്നവും കൂടി അതിൽ ഉൾപ്പെടുത്തി ഓരോ ഗ്രാമത്തിലും ഓരോ പ്രത്യേക ഉദ്യോഗസ്ഥന്റെ കീഴിൽ ഇതുസംബന്ധിച്ചുള്ള പ്രവർത്തനം നടത്തുവാൻ ഏർപ്പാടുചെയ്യുന്നതും സൗകര്യപ്രദമായിരിക്കും. ആ നിലയിലെങ്കിലും ഭൂമിയുടമയുടെ പരിധിനിയന്ത്രണം നടപ്പിലാക്കി സാമൂഹ്യമായ ആ നീതി കൈവരുത്തുവാൻ ഗവണ്മെന്റു ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുന്നു.

MR. THARIATHU KUNJITHOMMEN (*Muvattupuzha II—General*) : സർ, ഇവിടെ പറഞ്ഞ ചില അഭിപ്രായങ്ങൾക്കു എനിക്കു ചില എതിരുമുണ്ട്. ലാൻറുറവന്യൂ വകുപ്പു ഒരു പ്രധാന വകുപ്പായതുകൊണ്ടു ഈ വകുപ്പിന് ഒരു പ്രത്യേക അദ്ധ്യക്ഷൻതന്നെ ഉണ്ടായിരിക്കേണ്ടതു അത്യാവശ്യം തന്നെയാണ്. സർ സി. പി. രാമസ്വാമി അയ്യർ ഇവിടെ ഉണ്ടാക്കി വച്ച പരിഷ്ക്കാരങ്ങൾ നിമിത്തം പല ദോഷങ്ങളും ഉണ്ടായിട്ടുണ്ട്. ആ നിലയിൽ ലാൻറുറവന്യൂ ഡിപ്പാർട്ടുമെൻറിനു വരുത്തിയ പരിഷ്ക്കാരവും വളരെ ദോഷകരമായിതന്നെ ഇരിക്കുന്നു. ഈ പരിഷ്ക്കാരങ്ങളെല്ലാം കളഞ്ഞു് ഈ ഡിപ്പാർട്ടുമെൻറിനെ പഴയ രീതിയിലാക്കുകയും ഇങ്ങനെയുള്ള കാര്യങ്ങളിൽ ഇൻഡ്യൻ യൂണിയൻ അനുവർത്തിച്ചുവരുന്ന സമ്പ്രദായം തന്നെ ഇവിടെയും സ്വീകരിച്ചു ഒരു ഐകരൂപ്യം വരുത്തുകയും ചെയ്യണമെന്നാണു എന്റെ അഭിപ്രായം.

ഭൂമിവിഭജനം നല്ലതുതന്നെ. ധാരാളം ഭൂമി ഒരാളിന്റെ കൈവശത്തിൽ ഇരിക്കുന്നതിനെ തടയേണ്ടതാണെന്നുള്ളതിനു് ആക്ഷേപമില്ല. എന്നാൽ അതിനു എന്തെങ്കിലും ഒരു തത്വം വേണം. ആരുടെയും ഭൂമി പിടിച്ചുപറിച്ചു് കൊടുക്കരുതു്. കൃഷിക്കാരനു് ഇപ്പോൾ പ്രോത്സാഹനമല്ല നൽകിക്കൊണ്ടിരിക്കുന്നതു്. അവന്റെ വിളവു് എടുത്തുകൊണ്ടു പോകുന്ന പതിവു മാററണം. കൃഷിക്കാരനെ നിരാശപ്പെടുത്തുകയും അതേസമയം വിളവു വർദ്ധിപ്പിക്കണമെന്നു പറയുകയും ചെയ്താൽ

എങ്ങിനെ വിളവു വർദ്ധിപ്പിക്കാനാണ്? ഭൂമിയിൽ വേലചെയ്യുന്നവന് അതിൽനിന്നും ലഭിക്കുന്ന ആദായം എടുക്കുവാനുള്ള സൗകര്യം ഉണ്ടാകുകതന്നെ വേണം. സകല കൺട്രോളും നിറുത്തണമെന്നാണ് എനിക്കു പറയാനുള്ളത്. കൺട്രോൾ നിറുത്തിയാൽ നാടു കീഴ്മേൽ മറിഞ്ഞുപോകുമെന്നു ചിലർ ഭയപ്പെടുന്നുണ്ട്. കൺട്രോൾ വച്ചിരിക്കുന്നതുകൊണ്ടു ഇപ്പോൾ എന്തു ഗുണമാണു ലഭിക്കുന്നത് എന്നു ഞാൻ ചോദിക്കുന്നു? കൺട്രോൾ ഏർപ്പെടുത്തിയതു നിമിത്തം നെൽകൃഷി ചെയ്യുന്നതിനുള്ള ആസക്തി ജനങ്ങൾക്കു പ്രായേണ കുറയുകയാണു ചെയ്തിരിക്കുന്നത്. ഉള്ള ഭൂമിയിൽ കപ്പയോ, ചേനയോ, ചേമ്പോ, ഇഞ്ചിയോ, കരിമ്പോ കൃഷിചെയ്യുവാനാണു ആളുകൾ മുതിരുന്നത്. വെറും ചളുപ്പു സ്ഥലങ്ങളിൽ മാത്രമേ നെൽകൃഷി ചെയ്യുവാൻ തയാറാകുന്നുള്ളു. പ്രയത്നിക്കുന്നവനു പ്രയത്നഫലം നുകരുവാൻ അനുവദിക്കുന്നില്ലെങ്കിൽ പിന്നെ സത്യത്തിനും ധർമ്മത്തിനും സ്ഥാനമില്ലാതെവരും. സത്യധർമ്മാദികളെപ്പറ്റി ആളുകൾ ഇപ്പോൾ ചിന്തിക്കുന്നില്ല. കൺട്രോൾ ഏർപ്പെടുത്തിയതു നിമിത്തം, ആ നിലയിൽ കൃഷിക്കാർക്കു പ്രോത്സാഹനം ലഭിക്കാത്തതു നിമിത്തം, സത്യധർമ്മാദികളെപ്പററി ചിന്തിക്കാതിരിക്കുക എന്ന ദുഷിച്ച ഒരു പാരമ്പര്യമാണിവിടെ ഉണ്ടായിരിക്കുന്നത്. അതുകൊണ്ടു കൺട്രോളിൽനിന്നു ചില പ്രദേശങ്ങളെ എങ്കിലും ഒഴിവാക്കേണ്ടതാണ്. അങ്ങനെ ഒഴിവാക്കുന്നതുകൊണ്ടു യാതൊരു ദോഷവും വരുവാൻ പോകുന്നില്ല. അഥവാ എന്തെങ്കിലും ദോഷം ഉണ്ടെന്നു കാണുന്നപക്ഷം വീണ്ടും കൺട്രോൾ ഏർപ്പെടുത്താമല്ലോ. കൺട്രോൾ എടുത്താൽ ആളുകൾ ഉത്സാഹത്തോടുകൂടി കൃഷിചെയ്യും. സത്യവും ധർമ്മവും ഈ രാജ്യത്തു നിലനിൽക്കുകയും ചെയ്യും. കുറെക്കാലംകൂടി കൺട്രോൾ ഇവിടെ നിലനിന്നാൽ രാജ്യത്തു ഒരു സമാധാനവും ഉണ്ടാകുന്നതല്ലെന്നുതന്നെ ഞാൻ വിചാരിക്കുന്നു. രാജ്യത്തിനു ധാർമ്മികമായി വരുന്ന അധഃപതനമാണു ഏററവും വലിയ അധഃപതനം. അതുകൊണ്ടു എത്രയും വേഗത്തിൽ കൺട്രോൾ നീക്കണം. ആദായനികുതി കർഷകനിൽ വച്ചിരിക്കുന്നതു ഒരിക്കലും ശരിയല്ല. കർഷകനെ അധഃപതിപ്പിക്കുന്ന ഒരു വ്യവസ്ഥയാണിതു. ഉൽപ്പന്നങ്ങളുടെ വർദ്ധനവിനെ ആശ്രയിച്ചാണ് രാജ്യത്തിൻെറ സുസ്ഥിതി നിലനിൽക്കുന്നത്. ഒരു കൃഷിക്കാരൻ, കൃഷിചെയ്തു എട്ടുപത്തുകൊല്ലം കാത്തിരുന്നതിനുശേഷമാണു അവനു ആദായം ലഭിക്കുവാൻ തുടങ്ങുന്നത്. ഈ ആദായത്തി

[Mr. Thariathu Kunjithommen]

മേൽ നികുതിഭാരംകൂടി ചുമത്തപ്പെട്ടാൽ അതു അവനെ നിരാശപ്പെടുത്തുകയേ ഉള്ളു. രാജ്യത്തിന്റെ സുസ്ഥിതിയെ സാരമായി ബാധിക്കുന്ന ഈ വ്യവസ്ഥയെയും നീക്കേണ്ടതു വളരെ അത്യാവശ്യമാണു്.

MR. ABDUL MAJEED (*Chirayinkil III—Muslim Reserved*) : സർ, ലാൻഡുറവന്യൂ ഡിപ്പാർട്ടുമെൻറിനെപ്പററി ചിന്തിക്കുമ്പോൾ അനീതിയുടെയും അവ്യക്തതയുടെയും പ്രത്യക്ഷമായ ലക്ഷണങ്ങളാണു നമുക്കു കാണുവാൻ സാധിക്കുന്നതു്. സ്റ്റേറ്റുകോൺഗ്രസ്സ് അനേകമനേകം പ്രതിജ്ഞകൾ ജനങ്ങൾക്കു നൽകിയിട്ടുണ്ടു്. പ്രകടനപത്രികയനുസരിച്ചു് പല പ്രതിജ്ഞകളോടുകൂടിയാണു ജനങ്ങൾ കഴിയുന്നതെന്നുള്ള വിവരം ലാൻഡുറവന്യൂവിന്റെ അധിപനായ മന്ത്രി പ്രത്യേകം അറിയണം. ഇന്നത്തെ സമ്പ്രദായം തികച്ചും അനീതിപരമാണെന്നും പല കുഴപ്പങ്ങളും നിറഞ്ഞ ഒരു വ്യവസ്ഥയിലാണു് ആ ഡിപ്പാർട്ടുമെൻറിൽ പല കാര്യങ്ങളും നടക്കുന്നതെന്നും ഈ സഭയും ഗവണ്മെൻറും പ്രത്യേകം മനസ്സിലാക്കണം.

ചിറയിൻകീഴ് താലൂക്കിനെ സംബന്ധിച്ചിടത്തോളം ഈ മാതിരിയുള്ള അനീതി അതിന്റെ പാരമ്യത്തിൽ എത്തിയിരിക്കുകയാണു്. ഒരേക്കറിനു് ൨൮ ചക്രം എന്ന വ്യവസ്ഥപ്രകാരം ബേസിക് നികുതി മററു സ്ഥലങ്ങളിൽ ഈടാക്കിവരുമ്പോൾ അതിന്റെ നൂറിരട്ടി കരമാണു് അവിടെയുള്ളവർ കൊടുക്കുന്നതു്. ഒരേക്കർ നിലത്തിനു് അവിടെ ഏകദേശം ൨൮ രൂപയോളം കൊടുക്കുന്നുണ്ടു്. ഈ സ്ഥിതി ഈ രാജ്യത്തു നിലനിൽക്കുകയാണെങ്കിൽ ഈ രാജ്യത്തിന്റെയും ജനങ്ങളുടെയും സ്ഥിതി വളരെ ആപൽക്കരമായിത്തീരുമെന്നുള്ളതിനു സംശയമില്ല. അവിടെ കിളിമാനൂർ എന്ന ഒരു ഇടവകയുണ്ടു്. അവിടെ താമസിക്കുന്നവർ നികുതിഭാരംകൊണ്ടു ഞെരിഞ്ഞു നട്ടെല്ലുമുറിഞ്ഞു കിടക്കുകയാണു്. ഈ വസ്തുത അതിന്റെ ശരിയായ രൂപത്തിൽ ഗവണ്മെൻറു ഗ്രഹിക്കുവാനും പരിഹാരം കണ്ടുപിടിക്കുവാനും തയാറാകാത്തപക്ഷം ഭയങ്കരമായ ഒരഗ്നിപരീക്ഷയിൽ കൂടിവേണം ഗവണ്മെൻറിനു കടന്നുപോകുവാൻ എന്നു ഞാൻ മുന്നറിയിപ്പു തന്നുകൊള്ളുന്നു. ഒരു അഗ്നിപർവതത്തിന്റെ മുകളിലാണു ചിറയിൻകീഴ്താലൂക്കിലെ കർഷകന്മാർ ഇരിക്കുന്നതു്. അതുകൊണ്ടു് ഈ കാര്യത്തിൽ ഗവണ്മെൻറു സത്വരമായ നടപടി ഉടനടി കൈക്കൊള്ളുന്നില്ലെങ്കിൽ, അതു ചെയ്യിക്കുവാൻ ഈ സഭ ഗവണ്മെൻറിനെ പ്രേരിപ്പിക്കുന്നില്ലെങ്കിൽ, ഗവണ്മെൻറിന്റെയും ഈ സഭയുടെയും പരമാ—

ഇന്നത്തെ നിലയിൽ ദേവസ്വത്തെക്കുറിച്ചോ, ശ്രീപാദത്തെക്കുറിച്ചോ ഈ സഭയിൽ ഒന്നും പറയുവാൻ പാടില്ലെന്ന് എനിക്കറിയാം. എങ്കിലും ജനങ്ങളുടെ പ്രതീക്ഷകളുടെയും, ആഗ്രഹങ്ങളുടെയും, അഭിലാഷങ്ങളുടെയും ഒരു വിധിയാണ് ഈ ഹൗസിൽനിന്നും ഉണ്ടാകേണ്ടതു്. അവരുടെ അഭിലാഷങ്ങളെ എത്രത്തോളം തൃപ്തിപ്പെടുത്തിയെന്നുള്ളതിന്റെ അളവനുസരിച്ചായിരിക്കും ഈ ഗവണ്മെന്റിന്റെ സുസ്ഥിതിതന്നെ നിലകൊള്ളുന്നതു്. അതുകൊണ്ട് ഈ രാജ്യത്തു് ഇതുവരെ അസമത്വം ഉണ്ടായിരിക്കാൻ പാടില്ലെന്നു കരുതി ഈ അസമത്വത്തെ ഒഴിവാക്കാൻ ഗവണ്മെന്റു വേണ്ടതു ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

MR. P. KUNJUKRISHNAN (*Quilon II—General*): ഒന്നുരണ്ടു കാര്യങ്ങൾ ഡിപ്പാർട്ടുമെന്റു ശ്രദ്ധയിൽ വരുത്തുന്നതിനാണ് ഞാൻ ഉപക്ഷേപത്തോട് അനുകൂലിക്കുന്നതു്. ലാൻഡ് കമ്മീഷണർ എന്നുള്ള ഉദ്യോഗം പുതുതായി നിർമ്മിച്ചതുകൊണ്ടുമാത്രം പോരെന്നും, എന്നാൽ അതു് ഏതു കാര്യത്തിനായി നിർമ്മിച്ചുവോ ആ കാര്യത്തിനുവേണ്ടി വിനിയോഗിക്കണമെന്നുമാണ് എന്റെ അഭിപ്രായം. അതിനാൽ ആ ഉദ്യോഗം നിർത്തണമെന്ന് എനിക്ക് അഭിപ്രായമില്ല. ഈ ഉദ്യോഗം നിർമ്മിച്ചതു ഫുഡ് പ്രൊഡക്ഷന്റെ ആവശ്യത്തിനാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഒരു സ്കീം വച്ചു മററു ഡിപ്പാർട്ടുമെന്റുകളുമായി ആലോചിച്ച് അതായതു് കോവാപ്പറേറ്റീവ്, അഗ്രിക്കൾച്ചറൽ, മുതലായ ഡിപ്പാർട്ടുമെന്റുകളുമായി ആലോചിച്ചു ജോലി തുടരുവാനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യുകയാണെങ്കിൽ ഇങ്ങനെ ഉള്ള ഉദ്യോഗം നിർത്തേണ്ട ആവശ്യമില്ലെന്നാണു ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. ഈ കഴിഞ്ഞ കാലങ്ങളിൽ ധാരാളം കൃഷിചെയ്യിക്കണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അതിനുവേണ്ടി ഗവണ്മെന്റ് പണം ചെലവാക്കിയിട്ടുണ്ടെങ്കിലും കാര്യമായി ഒന്നും നടന്നിട്ടില്ലെന്നുള്ളതു് എല്ലാവർക്കും അറിയാം. ഞാൻ മുൻപറഞ്ഞപ്രകാരം ഉള്ള പദ്ധതിയനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ആഹാരസാധനസംബന്ധമായുള്ള ദൌർലഭ്യം പരിഹരിക്കുന്നതിനു പ്രേരകമായിത്തീരുമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഇങ്ങിനെ ഒരു ഉദ്യോഗം നിർമ്മിച്ചതു് അബദ്ധമായി എന്നു എനിക്ക് അഭിപ്രായമില്ല. ആ ഉദ്യോഗം എന്തിനു സൃഷ്ടിച്ചുവോ അതിനുവേണ്ടിയുള്ള എല്ലാ പദ്ധതികളും നടപ്പിൽ വരുത്തുന്നതിന് ഉടനടി പ്രവർത്തിക്കണമെന്നാണ് എനിക്ക് ഗവണ്മെന്റിനോട് അപേക്ഷിക്കുവാനുള്ളതു്. ഈ ഉദ്യോഗസ്ഥനെ നിലവിൽ വച്ചുകൊണ്ട് ഒരു സ്കീം തയാറാക്കി

[Mr. P. Kunjukrishnan.]

ഈ ഗ്രോ മോർ പദ്ധതി അനുസരിച്ചുള്ള മററു സകല പദ്ധതികളും പരിപൂർണ്ണവിജയത്തിൽ എത്തിക്കണമെന്നാണ് എനിക്ക് ഒന്നാമതായി അഭ്യർത്ഥിക്കുവാനുള്ളത്. അടുത്തതായി എനിക്കു പറയുവാനുള്ളത് ഇപ്പോൾ അഞ്ചേടങ്ങഴി അരി ഒരു സ്ഥലത്തുനിന്നും മററൊരു സ്ഥലത്തേക്കു കൊണ്ടുപോകുന്നതിന് അനുവാദമുണ്ട്. അതുകൊണ്ട് ആളുകൾക്കു കുറെയൊക്കെ സൌകര്യം ഉണ്ട്. അതോടുകൂടിത്തന്നെ ഒരു താലൂക്കിന്റെ ഒരു ഭാഗത്തുനിന്നും മറെറാരു ഭാഗത്തേക്ക് അതായത്, ഒരു പകുതിയിൽനിന്നും മറെറാരു പകുതിയിലേക്കു ആഹാരസാധനങ്ങൾ കൊണ്ടുപോകുന്നതിനു സർക്കാരിൽ കൊടുക്കേണ്ട നെല്ല് കൊടുത്തശേഷം കൊണ്ടുപോകുന്നതിനും കൂടി സൌകര്യപ്പെടുത്തേണ്ടതാണ്. ഈ കാര്യത്തിൽ വ്യക്തമായ ഒരു പ്രസ്താവന ഉണ്ടാകേണം. വേറൊന്നു പറയുവാനുള്ളത്. ഒരു താലൂക്കിൽനിന്നും മററൊരു താലൂക്കിലേയ്ക്കു ആഹാരസാധനം കൊണ്ടുപോകുന്നതിന് പെർമിററു വാങ്ങുന്നതിനുവേണ്ടി ജനങ്ങൾ പല ക്ലേശങ്ങളും അനുഭവിക്കുന്നുണ്ടെന്നുള്ള സംഗതി ഗൌരവമായി ആലോചിക്കേണ്ടതാണ്. എന്റെ അനുഭവത്തിൽതന്നെ ഉള്ള ഒരു കാര്യം പറയാം. കൊല്ലത്തുനിന്നു പത്തനാപുരം താലൂക്കിലേക്ക് ആഹാരസാധനങ്ങൾ കൊണ്ടുപോകുന്നതിന് ഒരു പെർമിററു വാങ്ങിക്കാനായി ഒരു സാധുസ്ത്രീ ഒരിക്കൽ ആ താലൂക്കു കച്ചേരിയിൽ പോയിരുന്നു. പെർമിററു കൊടുക്കുന്നതിന് അവിടത്തെ ക്ലാർക്ക് അഞ്ചുരൂപാ കൈക്കൂലിയായിട്ടു ചോദിച്ചു. സാധുസ്ത്രീക്ക് അതു സാധിക്കാത്തതു നിമിത്തം ആ ക്ലാർക്ക് ആ സ്ത്രീയുടെ അപേക്ഷ യാതൊരു ആവശ്യവുമില്ലാതെ പാർവത്യകാരുടെ റിപ്പോർട്ടിനായിട്ട് അയച്ചു. ഇതിനെസംബന്ധിച്ച് പാർവത്യകാരുടെ റിപ്പോർട്ട് മുമ്പേതന്നെ വന്നിട്ടുണ്ടായിരുന്നു. അതിനാൽ പിന്നെ അതിന്റെ ആവശ്യമില്ലായിരുന്നു. എന്നിട്ടും ആ ക്ലാർക്ക് അങ്ങിനെ ചെയ്തു. സാധുസ്ത്രീ അഞ്ചുരൂപാ കൊടുക്കാനില്ലാതെ പാർവത്യകാരന്റെ അടുക്കൽ പോയി. സ്ത്രീ പാർവത്യകാരുടെ അടുക്കൽ ചെന്നപ്പോൾ അൻപതു രൂപാ ചോദിച്ചു. ആ സ്ത്രീ സങ്കടത്തോടുകൂടി എന്റെ അടുക്കൽ വന്നു. ഞാൻ ഈ വിവരങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയെ അറിയിക്കാമെന്നു പറയുകയും ചെയ്തു. പിറേറ ദിവസം ആ സ്ത്രീയെ അന്വേഷിച്ചപ്പോൾ ആ സ്ത്രീ പെർമിററു കിട്ടാതെ വിഷമിച്ച് പഴയ ക്ലാർക്കിനുതന്നെ അഞ്ചുരൂപാ കൊണ്ടുകൊടുത്തു് പെർമിററു വാങ്ങിച്ചുകൊണ്ടുപോയതായറിഞ്ഞു.

MR. K. A. MATHEW (*Thiruvalla IV—General*): ആ പാർവ്വത്യകാരുടെ പേരറിയാമോ?

MR. P. KUNJUKRISHNAN : ആ സാധുസ്ത്രീയോടു ഞാൻ ചോദിച്ചു. പേരറിയില്ലെന്നു പറഞ്ഞു.

MR. K. A. MATHEW : ഏതു പകുതിയിലെ പാർവത്യകാരാണെന്നറിയാമോ?

MR. P. KUNJUKRISHNAN : അർത്തുങ്കൽ പകുതിയിലെ പാർവത്യകാരാണ്. അതുകൊണ്ട് ഈ പെർമിറ്റു വാങ്ങുന്ന കാര്യങ്ങളിലും മററും ഗവണ്മെൻറു വേണ്ടതു ചെയ്യേണ്ടതാകുന്നു. ഇനി എൻെറ നിയോജകമണ്ഡലത്തിലെ ഒരു ചെറിയ കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചുകൊള്ളാം. മൈനാട്ടുപകുതിയിൽ കന്നുകാലിവളർത്തുന്നതിനു സൌകര്യമുള്ള റിസർവു സ്ഥലങ്ങൾ ഉണ്ട്. എന്നാൽ ഇപ്പോൾ ഗവണ്മെൻറ് ഈ സ്ഥലങ്ങളിൽ ഒക്കെ പറങ്കിമാവു നട്ടുപിടിപ്പിച്ചിരിക്കയാണ്. ഈ റിസർവുവനങ്ങൾ കന്നുകാലികളെ മേയ്ക്കുന്നതിനു സൌകര്യമുള്ളവയാണ്. പാരിപ്പള്ളി, ചാത്തന്നൂർ, മുതലായ സ്ഥലങ്ങളിലും ഇപ്പോൾ പറങ്കിമാവു ധാരാളം വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഇതുകൊണ്ട് ഗവണ്മെൻറിനു യാതൊരാദായവും ഉണ്ടാകുന്നില്ല. അതിനാൽ ഈ സ്ഥലങ്ങൾ കന്നുകാലികളെ മേയ്ക്കുന്നതിനു സൌകര്യപ്പെടത്തക്കവിധത്തിൽ ദാനമായി കൊടുക്കണമെന്നു ഗവണ്മെൻറിനോട് അഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. C. NARAYANA PILLAI (*Mavelikara I—General*) : സർ, ബേസിക്ക് ടാക്സ് ഉണ്ടാക്കുന്ന വിഷയത്തിൽ ഗവണ്മെൻറ് അനുവർത്തിച്ചുവരുന്ന നടപടികൾകൊണ്ട് ജനങ്ങൾ അനുഭവിക്കുന്ന വിഷമതകൾ ഗവണ്മെൻറു മുമ്പാകെ ബോധിപ്പിക്കുന്നതിനായിട്ടാണ് ഞാൻ ഈ ഉപക്ഷേപത്തോട് അനുകൂലിക്കുന്നത്. സർ, ഞാൻ തിരുവിതാംകൂറിലെ ഒരു പൌരനാണെങ്കിലും ഒരു ഇടവകയിലാണെൻെറ ജനനം. പല രാജാക്കന്മാരും ഇടവകകളിൽ ഭരിക്കുന്നുണ്ട്. അവർക്കെല്ലാം പരമാധികാരം ഉണ്ടോ എന്നുള്ള കാര്യം സംശയമാണ്. ഏതായാലും തിരുവിതാംകൂർ ഗവണ്മെൻറ് ഉണ്ടാക്കുന്ന ഏതുനിയമവും രാജ്യത്തിലെ എല്ലാ ജനവിഭാഗങ്ങളേയും ബാധിക്കുന്നവയാണെന്നാണ് എൻെറ അഭിപ്രായം. ഇവിടത്തെ മിക്ക നിയമങ്ങളും ഞങ്ങളെ ബാധിക്കുന്നു. എന്നാൽ ബേസിക്ക് ടാക്സ് നിയമത്തിൽനിന്നും ഇടവകയിലെ ജനങ്ങളെ ഒഴിവാക്കുകയും അതേസമയം അവരിൽനിന്നും ഇംകംടാക്സ് ഈടാക്കുകയും ചെയ്യുന്നത് പൂർവ്വാപരവിരുദ്ധമായിട്ടാണിരിക്കുന്നത്.

[Mr. C. Narayana Pillai.]

ഈ പ്രതിബന്ധങ്ങൾ മുഴുവൻ നിയമത്തിലുള്ള അസൌകര്യങ്ങൾ എനിക്ക് മനസ്സിലാക്കുവാൻ കഴിയും. ഇടവകയിലെ ജന്മിമാർക്ക് ഈ വ്യവസ്ഥ നടപ്പിലാക്കുന്നതുമൂലം ഗണ്യമായ നഷ്ടമുണ്ടാകുമെന്നുവരാം. ഒരുപക്ഷേ ആ നഷ്ടം ഗവണ്മെന്റ് പരിഹരിക്കേണ്ടതായും വരും. പക്ഷേ ഈ പ്രതിബന്ധങ്ങളൊന്നും ജനങ്ങളോട് പറയുവാൻകൊള്ളാവുന്നവയല്ല. ഇടവകയിലെ ജനങ്ങൾ ആകെ അസംതൃപ്തരാണ്. അവർക്കൊക്കെ നഷ്ടംസംഭവിച്ചിട്ടുള്ള ജന്മികളുടെ അവശതകൾ പരിഹരിക്കേണ്ടതാണ്. ഈ കാര്യത്തിൽ ഗവണ്മെന്റ് ശരിയായവിധം പ്രവർത്തിച്ചില്ലെങ്കിൽ രാജ്യത്തിലെ മുറാഹിറഗത്തിൽ ഒരു ഗണ്യമായ സംഖ്യവരുന്ന ഇടവകയിലെ ജനങ്ങൾ ഒരു നികുതിനിഷേധ പ്രസ്ഥാനത്തിനു തന്നെ മുതിരേണ്ടതായിട്ടുള്ള ഒരു മുന്നറിയിപ്പ് ഞാൻ നൽകുന്നു. ഈ അസമത്വങ്ങൾ ഗവണ്മെന്റ് പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

MR. EAPPEN ARAKKAL (*Ambalapuzha I—Latin Catholic*) : സർ, ഭൂനികുതിയെ സംബന്ധിച്ച് ഒരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഇപ്പോൾ എഴുന്നേററു നിൽക്കുന്നത്. സർ, കരപ്പുറം താലൂക്കുകളിൽ സാമ്പത്തികമാന്ദ്യം ഉണ്ടായിരുന്ന കാലത്ത് ധാരാളം വസ്തുക്കൾ കരക്കുടിശ്ശികമൂലം ലേലംനടത്തിയിട്ടുള്ളതായി മനസ്സിലാക്കാം, നാളികേരത്തിന്റെ വില വളരെ കുറഞ്ഞിരുന്നകാലത്ത് ഒരു തെങ്ങിൽനിന്നും ലഭിക്കുന്ന നാളികേരത്തിന്റെ വില കൊണ്ട് അതിന്റെ കരംതന്നെ കൊടുക്കുന്നതിന് പ്രയാസമായിരുന്ന കാലങ്ങളിൽ കരക്കുടിശ്ശിക ഉണ്ടായിരിക്കുകയും അതുനിമിത്തം പല വസ്തുക്കളും പ്രത്യേകിച്ച് ചെറിയ കർഷകരുടെ പല വസ്തുക്കളും ലേലത്തിൽ വിററിട്ടുണ്ടെന്നുള്ള സംഗതി ഇവിടെ വിസ്തരിക്കുവാൻ സാദ്ധ്യമല്ല. അങ്ങനെയുള്ള കരക്കുടിശ്ശികമൂലം ലേലത്തിൽ പോയിട്ടുള്ള വസ്തുക്കൾ തിരിയെ കിട്ടുന്നതിനായിട്ട് സാധുകർഷകർ പലപ്പോഴും ഹർജികൾ മൂലവും നിവേദനങ്ങൾമൂലവും മേലധികാരികളുടെ മുമ്പാകെ സങ്കടങ്ങൾ അറിയിച്ചിട്ടും അവയൊന്നും ഇതുവരെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നാണ് എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. കരക്കുടിശ്ശികവസ്തുക്കൾ ലേലംചെയ്യുമ്പോൾ തണ്ടപ്പേരുകാരന്റെ പേരിൽ നോട്ടീസ് അയയ്ക്കണമെന്ന് ചട്ടം ഉണ്ടെങ്കിലും അത് എത്ര മാത്രം ശരിയായിട്ട് സേർവ് ചെയ്തിട്ടുണ്ട് എന്നു നോക്കിയാൽ പല സംഗതികളിലും ഈ നോട്ടീസുകൾ തണ്ടപ്പേരുകാർക്കു കൊടുക്കാതെ

ഈ വസ്തുക്കൾ ലേലംചെയ്തിട്ടുള്ളതായിട്ടു് ഉണ്ടെന്നുള്ള വസ്തുത ഒരു പച്ചപ്പരമാർത്ഥം മാത്രമാകുന്നു. ഈ കാര്യത്തിൽ കരപ്പുറം താലൂക്കുകളിലെ സാധുക്കൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന വൈഷമ്യങ്ങൾ എനിക്കു് നേരിട്ടറിയാം. എനിക്കു് ഇതിനുമുമ്പുതന്നെ പലതും ഇതിനെസംബന്ധിച്ചു് എഴുതുകയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് ഗവണ്മെൻ്റിൽനിന്നും ഈ സാധു കർഷകരുടെ പരാതികൾ അനുഭാവപൂർവ്വം വീക്ഷിച്ചു് അതിനൊരു പരിഹാരം ഉണ്ടാക്കേണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. വേറൊരുകാര്യം പറയുവാനുള്ളതു് ചേർത്തലതാലൂക്കിൽ ധാരാളം വസ്തുക്കൾ ജന്മിമാരിൽനിന്നും കാണപ്പാട്ടമായിട്ടും മററും സാധുജനങ്ങൾ വാങ്ങിച്ചിട്ടുണ്ടു്. ആ വസ്തുക്കൾ അവർക്കായിട്ടുതന്നെ സ്ഥിരമായി വിട്ടുകൊടുക്കേണമെന്നുംകൂടി ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

കൂടാതെ അവർ ആ ഭൂമികളിൽ നല്ലവണ്ണം വേലചെയ്തു തെങ്ങിൻ ധാരാളം കായ്ഫലമുണ്ടാക്കുകയും, അതിനു് നല്ലവില കിട്ടിത്തുടങ്ങുകയും ചെയ്തപ്പോൾ സാധുക്കളായ കുടിയാന്മാരെ അവരുടെ പാർപ്പിടങ്ങളിൽനിന്നും കുടിയിറക്കണമെന്നുള്ള മനസ്ഥിതി ജന്മിമാരിൽ കടന്നുകൂടിയതിൻ്റെ ഫലമായിട്ടാണു് ഈ കുഴപ്പങ്ങളെല്ലാം ഉണ്ടായതെന്നു് എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണു്. സാധുക്കളായ തിരുവിതാംകൂർരാജ്യത്തെ കുടിയാന്മാരെ സംരക്ഷിക്കുന്നതിനു ഗവണ്മെൻ്റു് ഒരു നിയമമുണ്ടാക്കി നടപ്പിലാക്കണമെന്നു ഞാൻ ഗവണ്മെൻ്റിനെ ഉൽബോധിപ്പിച്ചുകൊണ്ടു് എൻ്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

MR. K. S. JOSEPH: On a point of order. സർ, എനിക്കു് ഒരു കാര്യം പറയാനുള്ളതു് ഓരോ ധനാഭ്യർത്ഥനയിലും ചേർത്തിട്ടുള്ള ആകെ തുകയിൽ നിന്നും ഒരു രൂപ കുറയ്ക്കണമെന്നുള്ള കട്ട്മോഷൻ ആദ്യം മൂവ് ചെയ്കയും അതിനുശേഷം അതിൻ്റെ ഓരോ വിഭാഗത്തിനും ഉള്ള തുകയെപ്പററി ചർച്ചചെയ്യാൻ മതിയെന്നും ആണു്.

MR. PRESIDENT: Order, order. നമുക്കു് ഇതിനെപ്പററി അധികം നീട്ടിക്കൊണ്ടുപോകുവാനുള്ള സമയം ഇല്ലെന്നു എനിക്കു് ഈ അവസരത്തിൽ പറയാനുള്ളൂ.

MR. T. A. ABDULLA: I move the closure of the demand under direction.

MR. PRESIDENT: [illegible] വിചാരിക്കുന്നു[illegible]?

MR. THARIATHU KUNJITHOMMAN : സർ, ഞാൻ ആ അഭിപ്രായത്തോടു യോജിക്കുന്നു.

The closure motion was put and carried.

MR. PRESIDENT : ഫുഡ് ഡിപ്പാർട്ടുമെൻറിനെപ്പററിയുള്ള മോഷൻ നമ്പർ ൯൬-ൽ മി. കെ. പി. നീലകണ്ഠപ്പിള്ളയ്ക്കുള്ള അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

MR. K. P. NILAKANTA PILLAI : I move that the allotment of Rs. 2,87,430 be reduced by rupee one.

The object of this motion is to discuss the general policy of production by the Food Department. Before entering into the details I would like to invite the attention of the Government.

MR. A. EASWARA PILLAI (*Kottarakara III—General*) : Sir, motion number 96 is a total cut.

MR. K. P. NILAKANTA PILLAI : I would like to call the attention of the Government to the 2 1/2 lakhs of rupees.

MR. PRESIDET : ടോട്ടൽ അലോട്ടുമെൻറ് പിന്നീട് വരുന്നതുകൊണ്ട് ഓരോ വിഭാഗത്തിനുവേണ്ടി കൊള്ളിച്ചിട്ടുള്ള തുകകളെപ്പററി ഇപ്പോൾ ചർച്ച ചെയ്യാമെന്നുള്ളതാണ്.

MR. K. P. NILAKANTA PILLAI : I am referring to a state of affairs which took place in 1123. A lump sum allotment of 2 1/2 lakhs of rupees was being given to a Special Officer for revising land tax.

MR. T. A. ABDULLA : This motion does not refer to the total allotment. The total allotment begins with 108 to be moved by Mr. G. P Nilakanta Pillai.

MR. PRESIDENT : ഈ സഭയുടെ അഭിപ്രായം മി. ജി. പി. നീലകണ്ഠപ്പിള്ളയുടെ മോഷൻ മൂവ് ചെയ്യണമെന്നുള്ളതാണെങ്കിൽ എനിക്ക് അതിൽ അഭിപ്രായവ്യത്യാസമില്ല.

(Mr. President invited Mr. G. P. Nilakanta pillai to speak.)

MR. K. P. NILAKANTA PILLAI : Am I to confine my remarks to the Food Production Department or the Land Revenue Department?

MR. PRESIDENT : ഏതായാലും മി. ജി. പി. നീലകണ്ഠപ്പിള്ളയുടെ മോഷൻ എടുക്കണമെന്നു വിചാരിക്കുന്നതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർക്ക് പറയാനുള്ള അഭിപ്രായത്തിന്റെ സൗകര്യം പിന്നീട് അനുവദിക്കുന്നതായിരിക്കും.

MR. K. P. NILAKANTA PILLAI: Anyhow I have a similar motion. I may be allowed to speak and Mr. G. P. Nilakanta Pillai may follow me.

(**MR. PRESIDENT**: Invited Mr. G. P. Neelakanta Pillai to speak.)

MR. G. P. NILAKANTA PIL (*Karunagapally I—General*): സർ, ഈ നിയമസഭയുടെ പരിഗണനയ്ക്കു വിധേയമായ ലാൻഡ് റവന്യൂഡിപ്പാർട്ടുമെൻറിലേക്കു അനുവദിച്ചിട്ടുള്ള [illegible] രൂപയിൽനിന്നും ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. എനിക്കു സംസാരിക്കുന്നതിനു പല സംഗതികളുണ്ടെങ്കിലും അതിനുവേണ്ടിയുള്ള സമയം ഇവിടെ അനുവദിച്ചിട്ടില്ലാത്തതുകൊണ്ട് ഒന്നുരണ്ടു കാര്യങ്ങളെപ്പറ്റി മാത്രം സംസാരിക്കാമെന്നു ഞാൻ വിചാരിക്കുന്നു. ബഹുമാനപ്പെട്ട പല മെമ്പറന്മാരും രാജ്യത്തിൽ നിലവിലിരിക്കുന്ന പലവിധ ടെന്യൂവറുകളെപ്പറ്റിയും സംസാരിച്ചുകഴിഞ്ഞു. എനിക്കതിനെ പറ്റി പറയുവാനുള്ളത് വസ്തുക്കളിന്മേൽ ടെന്യൂവറിന്റെ സ്വഭാവം പലവിധത്തിലിരിക്കുന്നതിനെ ഒരു യൂണിഫാമിറ്റി വരുത്തിയാൽ പല ഗുണങ്ങളും ഉണ്ടാകുന്നതാണ്. സർ, എന്റെ രണ്ടുമൂന്നു ബഹുമാന്യസ്നേഹിതന്മാർ ഇടവക, കുത്തകപ്പാട്ടം, വെറുംപാട്ടം തുടങ്ങിയ അനവധി ടെന്യൂവർകളെപ്പറ്റി പ്രസ്താവിക്കയും അതിനുവേണ്ടിയുള്ള പരിഹാരം നേടിക്കൊടുക്കുന്നതിനു ഗവൺമെൻറിനോട് അഭ്യർത്ഥിക്കയും ചെയ്തുകഴിഞ്ഞു. പക്ഷേ നമ്മുടെ ഇപ്പോഴത്തെ പ്രശ്നം, ചെറുതരം കൃഷിക്കാരും എന്നാൽ സാധുക്കളുമായ അനവധി ജനങ്ങൾ പലവിധ ടെന്യൂവർകൾകൊണ്ട് ക്ലേശിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾക്കും കഷ്ടപ്പാടുകൾക്കും ഒരു നിവാരണമാർഗ്ഗം പെട്ടെന്നുതന്നെ ഉണ്ടാക്കിയേമതിയാവൂ എന്നുള്ള കാര്യം ഒന്നുകൂടി ഞാൻ ഗവൺമെൻറിനെ ഉൽബോധിപ്പിക്കുന്നു. അതിനുവേണ്ടി കുറെ അംഗങ്ങളുടങ്ങിയ ഒരു കമ്മിറ്റിയെ നിയമിക്കേണ്ട ആവശ്യകതയെക്കൂടി ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ബഹുമാനപ്പെട്ട ഒന്നുരണ്ടു മെമ്പറന്മാർ ബേസിക് ടാക്സിനെപ്പറ്റിയും ഇൻകം ടാക്സിനെപ്പറ്റിയും ഇവിടെ സംസാരിച്ചുകഴിഞ്ഞു. ഇന്നു കാർഷികാദായ നികുതി ഇനത്തിൽ തിരുവിതാംകൂർ ഗവൺമെൻറിനു ഒരു നല്ല തുക കിട്ടിക്കൊണ്ടിരിക്കുന്നു എന്നുള്ളത് എല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണ്. എന്നാൽ എങ്ങിനെയാണ് ഇത്ര വമ്പിച്ച ഒരു തുക ഗവൺമെൻറു ഖജനാവിലേക്കു പോകുന്നതെന്നു ചിന്തിച്ചാലേ മനസ്സിലാകുകയുള്ളു. കൃഷിക്കാരന്റെ കായക്ലേശത്താൽ ഉണ്ടാക്കിയിട്ടുള്ള വല്ല

[Mr. G. P. Nil[illegible] Pillai]

സമ്പാദ്യവും [illegible] ഭൂമിയിൽ നിക്ഷേപിക്കുന്നതു [illegible] ബഹുജനങ്ങളുടെ പരിശ്രമത്തിന്റെ ഫലം കൊണ്ടു [illegible] വല്ല തുകയുംകൊണ്ടു് അവർ [illegible] അതു നന്നാക്കി [illegible] ഏക്കറുകളോളം, [illegible] ആദായനികുതിയും അവരെ പിടികൂടും. [illegible] ഉൽപ്പന്നങ്ങൾ കിട്ടുന്ന [illegible], [illegible] ശരി, ലാഭംവന്നാലും ശരി [illegible] സ്ഥന്മാർ നിശ്ചയിക്കുന്ന [illegible] മതിയാകയുള്ളൂ. [illegible]മറിച്ച് ഒരുത്തൻ [illegible] ആദായം [illegible] പക്ഷം ഗവണ്മെന്റിലേക്ക് [illegible] ടാക്സ് എന്നതിൽ ഒരു കാശുപോലും കിട്ടുകയില്ല. [illegible]നിന്നും ഈ ബെനിഫിറ്റ് ടാക്സ് പിരിക്കുന്നതു കണ്ടാൽ അവർ ഭൂമിയിൽ പണം നിക്ഷേപിക്കുന്നതിന്റെ പ്രായശ്ചിത്തമാണെന്നു തോന്നിപ്പോകും. അതുകൊണ്ടു ബഹുമാനപ്പെട്ട ഗവണ്മെന്റിനോട് [illegible] കൃഷിക്കാരിൽനിന്നു കാർഷികാദായനികുതിയും [illegible] നികുതിയും പിരിക്കാതെ അവരെ കർഷകവൃത്തിയിൽ [illegible] ഇന്നത്തെ ആഹാരദൗർലഭ്യത്തിനെങ്കിലും [illegible]മാണ്. കർഷകത്തൊഴിലാളികളാണെങ്കിൽ [illegible] കൃഷി ചെയ്യാനുള്ള സ്ഥലമോ [illegible] വേണ്ടിവരുന്ന ധനമോ ഇല്ല. അങ്ങിനെയുള്ള കർഷകർക്ക് ധനസഹായം ചെയ്തു [illegible] പച്ചിലവളങ്ങളും, മറ്റുതരത്തിലുള്ള വളങ്ങളും [illegible] വേണ്ട വ്യവസ്ഥ ചെയ്യേണ്ടതാണ്. [illegible] സൾഫേറ്റ്, സൂപ്പർ ഫോസ്ഫേറ്റ് [illegible] നമുക്ക് ക്രമാതീതമായ വിളവു ഉണ്ടാക്കാൻ [illegible] വിചാരമുണ്ട്. എന്നാൽ ഭൂമിയുടെ [illegible] നെല്ല് തഴച്ചുവളരുകയും നെന്മണി [illegible] പതിരു കൂടിയിരിക്കയും ചെയ്യും. ഇതു് എനിക്ക് അനുഭവമുള്ള [illegible]. തിരുവിതാംകൂറിന്റെ ഭക്ഷ്യപ്രശ്നമാണ് [illegible] ഗവണ്മെന്റിന്റെ സകല കഴിവുകളും [illegible] ഗവണ്മെന്റിനെ ഉദ്ബോധിപ്പിക്കുന്നു. [illegible] നത്തിന് [illegible] വിചാരിക്കാൻ [illegible]. ഇതു് [illegible] ഒരു പരമാർത്ഥമാണ്.

സർ, സത്യത്തിൽ ഒരു പറ നെല്ലു് വിളയിക്കുന്നതിന് ൩ രൂപാ യിൽ കൂടുതൽ ചെലവായിട്ടുള്ളതുകൊണ്ടാണു്. ബഹുമാനപ്പെട്ട കൃഷി വകുപ്പു മന്ത്രിക്കു് സംസാരിച്ചതിൽ ഇതറിയാം. എന്നാൽ ഗവണ്മെൻറന്ന നിലയ്ക്കു് അദ്ദേഹം [illegible] ഇതൊന്നും അറിഞ്ഞുകൂടാ. ഇതെല്ലാം പരമാർത്ഥമാണെന്ന് മറ്റു മന്ത്രിമാർക്കും അറിയാം. പക്ഷെ ഗവണ്മെൻറന്ന നിലയ്ക്കു് അവർക്കും ഇതൊന്നും അറിഞ്ഞുകൂടാ. കമ്യൂണിസ്റ്റു് പാർട്ടിയിലെ നേതാക്കന്മാരോടു ക്ഷമിക്കണം. ഗവണ്മെൻറിനെ തിരുമമതയില്ലായിരുന്നു. [illegible] നാട്ടിലെ വിസ്തരിച്ചിട്ടില്ലേ [illegible] ഗതാഗതാവശ്യ [illegible] ഒരു [illegible] കാണിച്ചിട്ടുള്ളൂ. ഞങ്ങളും പാകിസ്ഥാനിൽ [illegible] അവരോടു [illegible] പറയേണ്ടിയിരിക്കുന്നു. നിങ്ങളുടെ [illegible] ഇന്ത്യയിൽ ഇരുട്ടക്കരോ [illegible] മതി. ഗവണ്മെൻറു ഒന്നും ചെയ്യുന്നില്ല. നിങ്ങളുടെ [illegible] ഞങ്ങളും അതുകൊണ്ടു് നിർവ്വഹിക്കുകയാണു്. കൃഷി [illegible] കർഷകരും ഇല്ലാത്തതുകൊണ്ടു് വളരെ [illegible] അവർ [illegible] ഉണ്ടു്. യഥാർത്ഥത്തിൽ കൃഷിക്കാർക്കു് വളം കിട്ടുന്നില്ല. ഭക്ഷ്യകാര്യമന്ത്രി പറഞ്ഞു, കൃഷിയായുധങ്ങളും വളവും എല്ലാം കിട്ടുമെന്നു്. എവിടെ കിട്ടുമെന്നു ചോദിച്ചാൽ ഡിപ്പോകളിൽ നിന്നു കിട്ടുമെന്നാണു് അദ്ദേഹം പറയുന്നതു. പക്ഷെ അങ്ങനെയൊന്നും കിട്ടുന്നില്ല. കിട്ടുന്നില്ലെന്നു ഞാൻ പറഞ്ഞാൽ അതു കൃഷിക്കാരൻ പറയുന്നതാണു്. വാസ്തവത്തിൽ കൃഷിക്കാർക്കു് ഇവയൊന്നും കിട്ടുന്നില്ല. അതുകൊണ്ടു് കൃഷിക്കാരുടെ ആവശ്യതകളെപ്പററി പരിശോധിച്ചു് വേണ്ട പരിഹാരം ചെയ്യണമെന്നപേക്ഷിക്കുന്നു.

HON'BLE MR. C. KESAVAN : ബഹുമാനപ്പെട്ട മെമ്പറന്മാരുടെ പ്രസംഗങ്ങളിൽ നിന്നും കൃഷിവകുപ്പിനെ സംബന്ധിച്ചും, ലാൻഡു റവന്യുവിനെ സംബന്ധിച്ചും ഗ്രോ മോർ ഫുഡ് പദ്ധതിയെ സംബന്ധിച്ചും എനിക്കു് പറയാൻ കഴിഞ്ഞിടത്തോളം [illegible] കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു എന്നു് [illegible] ചുരുക്കമായി പ്രസ്താവിച്ചു കൊള്ളട്ടെ. നിങ്ങളുടെ പ്രസ്താവനകളിൽ ഉപദേശരൂപത്തിൽ ചില സംഗതികൾ ഗവണ്മെൻറിനോടു് ആവശ്യപ്പെടുന്നതു മുതൽ ഒരു സമരപരിപാടിവരെ പലതും ഗവണ്മെൻറിൻെറ മുമ്പിൽ

[Hon'ble Mr. C. Kesavan.]

വച്ചുകഴിഞ്ഞിട്ടുണ്ട്. ഈ സമരപരിപാടിയിൽ എത്തുന്നതിനു മുമ്പ് ഗവണ്മെന്റ് അവയെല്ലാംചെയ്തു് സമരവ്യഗ്രരായ വലിയ യോദ്ധാക്കളെ പിന്തിരിപ്പിക്കേണ്ടതു് നിങ്ങളുടെ ഗവണ്മെന്റിന്റെ ചുമതലയാണെന്നു് നിങ്ങളുടെ ഗവണ്മെന്റു വിശ്വസിക്കുന്നു. അതിനു കഴിവുള്ളതെല്ലാം ചെയ്യുന്നതിന് ഗവണ്മെന്റ് സന്നദ്ധമാണെന്നു പറഞ്ഞുകൊണ്ട് ഇവിടെ പ്രധാനമായി ഉന്നയിച്ച ചില പ്രശ്നങ്ങളെ സംബന്ധിച്ച് എനിക്കു കിട്ടിയിരിക്കുന്ന സമയത്തിനുള്ളിൽ മറുപടി പറയാമെന്നു വിചാരിക്കുന്നു. ഇവിടത്തെ ചോദ്യങ്ങളിൽ പ്രഥമവും പ്രധാനവുമായി ഞാൻ കണ്ടതു് ലാൻഡ് കമ്മീഷണരുടെ നിയമനത്തെ സംബന്ധിച്ചതാണ്. ഈ ഉദ്യോഗം നിശ്ശേഷം നിറുത്തണമെന്നാണ് കട്ട്മോഷനിൽ കണ്ടതു്. രാജാഗളസ്തനം പോലെ ആ ഡിപ്പാർട്ടുമെന്റ് ഇപ്പോൾ തൂങ്ങിക്കിടക്കുന്നു എന്നു പറയുന്നവരുമുണ്ട്. ഇതിനെല്ലാംകൂടി എനിക്കു പറയുവാനുള്ള സമാധാനം ഇതാണ്; കുറെ കൊല്ലങ്ങൾക്കു മുമ്പുമുതൽ ഇക്കാലംവരെ ലാൻഡ്കമ്മീഷണർ ഉദ്യോഗം ഇല്ലാതിരുന്നു എന്നും, പെട്ടെന്നു് ആ സ്ഥാനത്തു് ആ ജോലികൾ ചെയ്യുന്നതിന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന് അഭിപ്രായം ഉണ്ടായി എന്നും ഉള്ളതു് നിങ്ങൾക്കറിയാം. അതിന്റെ കാരണങ്ങൾ വളരെ വിശദമായി നിങ്ങളെല്ലാം അറിഞ്ഞിരിക്കയില്ലെന്നാണ് എന്റെ വിശ്വാസം. ൧൧൨൨-ലാണ് അരിയുടെ വില ക്രമാതീതമായി വർദ്ധിച്ചതു്. ഒരു സാർവ്വലൗകികപൂളിൽ നിന്നും വലിയ വിലയ്ക്കു് നമുക്ക് അരി വാങ്ങേണ്ടിവന്നു. ൧൧൨൩-ന് അപ്പുറത്തേക്ക് ആവശ്യമുള്ള അരിയോ നെല്ലോ മററു ധാന്യങ്ങളോ ഇൻഡ്യാഗവണ്മെന്റിനു സംഭരിച്ചു കൊടുക്കാൻ വിഷമമാണെന്നും, ഓരോ പ്രോവിൻസും, സ്റ്റേററും ഭക്ഷ്യകാര്യത്തിൽ അതാതിന്റെ ആവശ്യങ്ങളെ നേരിടാൻ വേണ്ടി കട്ടംകൃഷിയും, നെടുംകൃഷിയും തുടങ്ങണമെന്നും ഇൻഡ്യാ ഗവണ്മെന്റിൽ നിന്നും ഒരു നിർദ്ദേശം ഉണ്ടായി. ആ നിർദ്ദേശമാണു ഒരു ലാൻഡ് കമ്മീഷണരുടെ നിയമനത്തിന് ആദ്യമായി കാരണമായിത്തീന്നതു്. നമ്മുടെ ആവശ്യത്തിനുള്ളതിൽ മൂന്നിൽ ഒന്നു് മാത്രമുള്ള വിളവു് തിരുവിതാംകൂറിലെ ജനങ്ങളുടെ ആഹാരത്തിനു മതിയാകാത്തതുകൊണ്ടും ൧൧൨൩ കഴിഞ്ഞതിനു ശേഷം—

MR. P. NANOO: ഗ്രോ മോർ ഫുഡിനുവേണ്ടി ഇവിടെ ഒരു സ്കീം ഉണ്ടോ? ഉണ്ടെങ്കിൽ അതു് എങ്ങനെ പ്രയോഗത്തിൽ വരുത്താൻ പോകുന്നു?

HON'BLE MR. C. KESAVAN : ഗ്രോമോർ ഫുഡിന് ഒരു സ്കീം ഉണ്ടു്, അതനുസരിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുകയുമാണ്.

MR. K. A. MATHEW : അതു് അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറിൻെറ ഭാഗമായിട്ടാണോ നടത്തുന്നതു് ?

HON'BLE MR. C. KESAVAN : അതിനെക്കുറിച്ചുതന്നെയാണ് പറയാൻ തുടങ്ങുന്നതു്. അതിനു മുമ്പുതന്നെ ചോദ്യങ്ങൾ ചോദിച്ചു് എന്നെക്കൊണ്ടുത്തരം പറയിച്ചു സമയം കളയുന്നതു നന്നല്ല. ഗ്രോമോർ ഫുഡ് വളരെ ആവശ്യമാണ്. തിരുവിതാംകൂറിലെ റവന്യൂ ആഫീസറന്മാരുടെ ജോലിത്തിരക്കുകൊണ്ടു് ഫുഡ് പ്രൊഡക്ഷൻ, പ്രൊക്യൂർമെൻറ് എന്നീ കാര്യങ്ങൾക്കായി ഒരു കമ്മീഷണരെ നിയമിക്കേണ്ട ആവശ്യമുണ്ടായി. അതിൻെറ ഉദ്ദേശം തിരുവിതാംകൂറിൽ കൃഷിക്കുപയോഗമുള്ള എല്ലാ ഭൂമിയേയും കലപ്പയുടെ കീഴിൽ വരുത്തുക എന്നുള്ളതാണ്. മാത്രമല്ല, ആ സ്ഥലങ്ങളിൽ കൃഷിക്കു് ആവശ്യമുള്ള സകല സൗകര്യങ്ങളും ഏതേതു ഡിപ്പാർട്ടുമെൻറുകളെക്കൊണ്ടാണോ ചെയ്യിക്കേണ്ടതു അവയെയെല്ലാം സംയോജിപ്പിച്ചു റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ കൂടുതലായ നിയന്ത്രണത്തിൽ നടത്തി ഫുഡ് പ്രൊഡക്ഷനും പ്രൊക്യൂർമെൻറും വിപുലമായ തോതിൽ സ്ഥാപിക്കുന്നതിനാണ് ൧൧൨൨-ൽ ഒരു ലാൻഡ് കമ്മീഷണരെ നിയമിച്ചതു്. ഈ ലാൻഡ് കമ്മീഷണർ എന്തു ചെയ്തു എന്നു നോക്കിയിട്ടു വേണം അങ്ങനെ ഒരു ഉദ്യോഗം വേണമോ, വേണ്ടയോ എന്നു പറയുവാൻ. തിരുവിതാംകൂറിലെ വിളവു ഭൂമിയുടെ ശരിയായ കണക്കു നമുക്കു് ഇതുവരെ കിട്ടിയിട്ടില്ല. ഇങ്ങനെ ഒരു കണക്കു് എടുക്കുന്നതിനുള്ള ശ്രമവും ഇതിനു മുമ്പു് ഗവൺമെൻറു ചെയ്തിട്ടില്ല. രാജ്യത്തെ ആവശ്യത്തിൻെറ മൂന്നിൽ ഒന്നു വിളവു മാത്രമേ ഇവിടെ ഉണ്ടാകുന്നുള്ളു എന്നു പറയുന്നതുതന്നെ അത്ര ശരിയാണോ എന്നറിയാൻ നമുക്കു കണക്കുകളൊന്നുമില്ല. പണ്ടു നിലമായി കിടന്ന സ്ഥലങ്ങളെല്ലാം ഇന്നും നിലമായിട്ടുതന്നെയാണോ കിടക്കുന്നതു, ഉള്ള നിലങ്ങളിൽതന്നെ ശരിയായി കൃഷി നടക്കുന്നുണ്ടോ, കൂടുതലായി ഏതെല്ലാം സ്ഥലങ്ങൾ നിലമാക്കാൻ സാധിക്കും എന്നീ കാര്യങ്ങളെക്കുറിച്ചു് അന്വേഷിച്ചു് ശരിയായ കണക്കുകൾ ഉണ്ടാക്കുന്നതിനു് ഒരു ലാൻഡ് കമ്മീഷണര നമുക്കു ആവശ്യമാണ്. രണ്ടു മൂന്നു മാസമായി ഈ ജോലികൾ നടന്നുകൊണ്ടിരിക്കയാണ്. ഇനി ഒന്നു രണ്ടു മാസങ്ങൾക്കകം അതു പൂർത്തിയാകുകയും ചെയ്യും. ഒരഞ്ചാറു

[Hon'ble Mr. C. Kesavan].

താലൂക്കുകളിലെ ഖണ്ഡിതമായിട്ടുള്ള കണക്കുകളിൽ നിന്നും, ആ താലൂക്കുകളിൽ എത്രമാത്രം കൃഷിഭൂമിയുണ്ടെന്നും അതിൽ ആണ്ടുതോറും എത്രമാത്രം കൃഷി ചെയ്യുന്നുണ്ടെന്നും എന്തു പരിഹാരം ചെയ്താൽ കൃഷി വർദ്ധിക്കുമെന്നും, കാണാൻ കഴിയും. ആ കണക്കുകൾ മേശപ്പുറത്തു വച്ചിട്ടുണ്ട്. സമയമില്ലാത്തതുകൊണ്ട് അതു മുഴുവൻ പറയാൻ നിവൃത്തിയില്ല. എങ്കിലും ഒന്നു പറയണമെന്നു വിചാരിക്കുന്നു. അതിന്റെ കണക്കുകൾ നോക്കിയിട്ടു കാര്യമായ പല സംഗതികളും ഉദ്യോഗസ്ഥന്മാരെക്കൊണ്ട് ചെയ്യിച്ചു വരുന്നുണ്ട്. അതു പരീക്ഷണാർത്ഥം ചെയ്യിക്കാൻ നിങ്ങൾ അനുവദിച്ചാൽ അടുത്തകൊല്ലം തന്നെ കൃഷി വളരെ അഭിവൃദ്ധിപ്പെടുന്നതാണ്.

MR. P. NANU: ബേസിക്ക് നികുതി നിരത്തുന്ന കാര്യത്തെപ്പററി ഗവണ്മെൻറിന്റെ അഭിപ്രായം എന്തെന്ന് അറിഞ്ഞാൽ കൊള്ളാം.

HON'BLE MR. C. KESAVAN: ബേസിക്ക് നികുതിയുടെ കീഴിൽ എല്ലാ ഭൂമികളെയും കൊണ്ടുവരണമെന്നാണ് ഗവണ്മെൻറിന്റെ ആഗ്രഹം. നിയമം അനുവദിക്കാത്തതുകൊണ്ട് ചില സ്ഥലങ്ങളെ ഉൾപ്പെടുത്തിയിട്ടില്ലെന്നേയുള്ളു. എല്ലാ സ്ഥലങ്ങളേയും ഉൾക്കൊള്ളത്തക്കവണ്ണം വിപുലമായ അന്വേഷണം നടത്തി ഒരു നിയമമുണ്ടാക്കണമെന്നാണ് ഗവണ്മെൻറാഗ്രഹിക്കുന്നത്. റഷ്യയിലെപ്പോലെ ഇവിടെയും സഹകരണാധിഷ്ഠാനത്തിൽ കളക്ററീവ് ഫാമിങ്ങ് പരീക്ഷിച്ചു നോക്കണമെന്നു പറയുമ്പോൾ ചിലർ ഭയപ്പെടുന്നു. അങ്ങനെ യാതൊരു ഭയത്തിനും അവകാശമില്ല. കളക്ററീവ്ഫാമിംഗ് നമ്മുടെ രാജ്യത്തിനു പററിയതാണോ എന്നു നോക്കണം. പററുന്നില്ലെങ്കിൽ കൃഷിക്കു നിവൃത്തിയുള്ളിടത്തോളം ഭൂമികൾ വിട്ടുകൊടുത്തു ഇലക്ട്രിസിററി തുടങ്ങിയുള്ള സകല ശക്തികളേയും സംഭരിച്ചു കൃഷി ആവുന്നിടത്തോളം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാണ് പുതിയ ലജിസ്ലേഷൻ കൊണ്ടു സാധിക്കാനുള്ളത്.

MR. T.A. ABDULLA: അഗ്രേറിയൻറിഫാംസിനു വേണ്ടി ഒരു കമ്മിററിയെ നിയമിക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN: ഒന്നുരണ്ടു ചോദ്യങ്ങൾക്കു ഉത്തരമായി അങ്ങനെ ഒരു കമ്മിററിയെ നിയമിക്കുന്നതിനെപ്പററി ആലോചിക്കുന്നതാണെന്നു ഈ ഹൌസിൽ തന്നെ പറഞ്ഞുകഴിഞ്ഞതാണ്. ഇക്കാര്യത്തെക്കുറിച്ചു മാത്രമല്ല ഗവണ്മെൻറു സ്വീകരിക്കേണ്ട ലാൻഡുപോളി

സിയെ സംബന്ധിച്ചും വെറും പാട്ടക്കുടിയാന്മാരെ സംബന്ധിച്ചും അന്വേഷിക്കുന്നതിന് ഒരു കമ്മററിയെ നിയമിക്കുന്നതിന് ഗവണ്മെൻറ് ആലോചിക്കുന്നുണ്ട്.

MR. PRESIDENT : മി: നീലകണ്ഠപ്പിള്ള ഉപക്ഷേപം പ്രസ്സ് ചെയ്യുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. G. P. NEELAKANTA PILLAI : ഇല്ല.

MR. PRESIDENT : The question is that a sum of Rs. 25,43,886 be granted under Demand No. II- "Land Revenue."

The question was put and carried.

The demand was passed.

DEMAND III—FOREST.

HON'BLE. MR. C. KESAVAN : സർ, ഫാറസ്ററ ഡിപ്പാർട്ടുമെൻറിന്റെ വകയ്ക്കു് ൫,൮,൩൭൭ രൂപയുടെ ഒരു ധനാഭ്യർത്ഥന ഞാൻ ഈ സഭ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. PRESIDENT : ഈ ഡിമാൻഡിനെ സംബന്ധിച്ചുള്ള കട്ട്മോഷനുകളിൽ ടോട്ടൽ കട്ടുമോഷൻ മാത്രം വാദപ്രതിവാദത്തിനു എടുത്താൽ മതിയെന്നാണ് സഭയുടെ അഭിപ്രായമെന്നു വിശ്വസിക്കുന്നു.

MR. P. T. CHACKO : സർ, ഫാറസ്ററ് ഡിപ്പാർട്ടുമെൻറിലേക്കുള്ള ൫,൮,൩൭൭ രൂപയുടെ ഡിമാൻഡിൽ ഒരു രൂപാ വെട്ടിക്കുറക്കണമെന്നാണ് എന്റെ ഉപക്ഷേപം. കൃഷിക്കു ഉപയുക്തമായി ഇന്ന് റിസർവ്വ് വനങ്ങളിലുള്ള ഭൂവിഭാഗങ്ങൾ കൃഷിക്കുവേണ്ടി വിട്ടുകൊടുക്കേണ്ടതിന്റെ ആവശ്യകത ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാണു ഈ ഉപക്ഷേപംകൊണ്ടു ഞാനുദ്ദേശിക്കുന്നതു്. വളരെക്കാലമായി തിരുവിതാംകൂറിലെ കൃഷിക്കാർ കൃഷിചെയ്യാൻ സ്ഥലമില്ലാതെ വിഷമിക്കുകയാണ്. കൃഷിചെയ്യുന്നതിനാവശ്യമായ സ്ഥലങ്ങൾ ഇല്ലാത്തതുനിമിത്തം എനിക്കു കിട്ടിയിട്ടുള്ള ഏകദേശമായ ഒരു കണക്കനുസരിച്ച് തിരുവിതാംകൂറിൽ നിന്നും ആറായിരത്തോളം കുടുംബങ്ങൾതന്നെ മലബാറിലെ മലമ്പനിയോടു പടവെട്ടുന്നതിനായി മലബാറിൽ കുടിയേറിപ്പാർത്തിട്ടുണ്ടെന്നു കാണുന്നു. വളരെക്കാലമായി കൃഷിക്കുപയുക്തമായ സ്ഥലങ്ങൾ വനങ്ങളിൽനിന്നു വിട്ടു

[Mr. P. T. Chacko]

കൊടുക്കണമെന്ന് ജനങ്ങൾ വാദിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനു മുമ്പ് ദിവാൻജിയായിരുന്ന സർ സി. പി. രാമസ്വാമി അയ്യർ ഒരിഞ്ചു സ്ഥലംപോലും കൃഷിക്കു വിട്ടുകൊടുക്കുകയില്ലെന്ന് നിർബന്ധം പിടിക്കുകയാണ് ചെയ്തിരുന്നത്. വനങ്ങളിൽനിന്നും കൃഷിക്കു സ്ഥലം വിട്ടുകൊടുത്താൽ മഴപെയ്യുകയില്ലെന്നും ഭാവിയിൽ വിറകിന് ക്ഷാമം ഉണ്ടാകുമെന്നും പുനലൂരിലോ മറ്റോ ഉള്ള ഒരു പ്ലൈവുഡ് ഇൻഡസ്ട്രീസ് നശിച്ചുപോകുമെന്നുമൊക്കെയായിരുന്നു അദ്ദേഹം അതിനു പറഞ്ഞിരുന്ന ന്യായങ്ങൾ. ആ കാലങ്ങളിലെല്ലാം സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിയിൽ നിന്നു പടവെട്ടുന്നതിന് ഗ്രാമീണജനതയെ ഏററവും കൂടുതൽ പ്രേരിപ്പിച്ചിട്ടുള്ളത്, ജനങ്ങളുടെ ഒരു ഗവണ്മെന്റുണ്ടായാൽ കൃഷിചെയ്യാൻ കൂടുതൽ സ്ഥലങ്ങൾ വനങ്ങളിൽനിന്നും വിട്ടുകിട്ടുമെന്നുള്ള ഒരു പ്രതീക്ഷയായിരുന്നു. വനങ്ങളിൽതന്നെ കട്ടിവനങ്ങൾ എന്നൊരു വിഭാഗമുണ്ട്. ഉദാഹരണത്തിന് മണിമല, എരുമേലി, റാന്നി എന്നീ സ്ഥലങ്ങളിൽ ആളുകൾ നാലുവശത്തും താമസിക്കുന്നതിനു മദ്ധ്യത്തിലായി ഉദ്ദേശം മൂവായിരം ഏക്കർ സ്ഥലം കട്ടിവനമായിട്ടിരിക്കുകയാണ്. വാസ്തവം പറഞ്ഞാൽ ഈ കട്ടിവനങ്ങളിൽ കുറേ കട്ടിക്കരങ്ങളല്ലാതെ മറെറാന്നുമില്ല. ഈ കട്ടിവനങ്ങളിൽനിന്ന് ഗവണ്മെന്റിന് എന്തെങ്കിലും ആദായം കിട്ടുമെന്ന് വിചാരിക്കാൻ യാതൊരു നിവൃത്തിയുമില്ല. പിന്നെ ഈ വനങ്ങൾക്ക് ചുററും താമസിക്കുന്ന കുറെ മോഷ്ടാക്കൾക്കു മാത്രം ആദായം ഉണ്ട്. ഡിപ്പാർട്ടുമെന്റിലെ കീഴ്സിൽബന്തികളുടെ സഹായത്തോടുകൂടി തടി മോഷ്ടിക്കുക, അതു മേലുദ്യോഗസ്ഥന്മാരാരെങ്കിലും കണ്ടുപിടിക്കുകയാണെങ്കിൽ മറെറാരു തടികൂടെ മോഷ്ടിച്ചു അവർക്കു കൊടുക്കുക, അതു സ്വീകരിക്കാതെ കേസാക്കുകയാണെങ്കിൽ മൂന്നാമതൊരു തടികൂടെ മോഷ്ടിച്ചു വിററ് കേസു നടത്തുക ഇതൊക്കെയാണ് ഈ മോഷ്ടാക്കളുടെ ജോലി. ഈ മോഷ്ടാക്കൾക്കുമാത്രം ഈ കട്ടിവനങ്ങളിൽനിന്നും ആദായം കിട്ടുന്നുണ്ടെന്നു സമ്മതിക്കണം. അല്ലാതെ മററാർക്കും ഈ കട്ടിവനങ്ങൾ കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലും ആളുകൾ തിങ്ങിപ്പാർക്കുന്നതിനിടക്കും ഇത്തരം കട്ടിവനങ്ങൾ കിടപ്പുണ്ട്. ഈ കട്ടിവനങ്ങളെ കൃഷിക്ക് വിട്ടുകൊടുക്കേണ്ടതാണ്. കഴിഞ്ഞ സംവത്സരത്തിൽ ഫോറസ്റ്റിൽനിന്ന് കുറെ സ്ഥലങ്ങൾ കൃഷിക്ക് വിട്ടുകൊടുത്തിട്ടുണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ കൃഷിക്കു ഏററവും അസൗ

ദ്യമായ സ്ഥാനങ്ങളാണു വിട്ടുകൊടുത്തിട്ടുള്ളതെന്നു് പറയാതെ നിവൃത്തിയില്ല. ഭയങ്കരമായ മലേറിയായും കാട്ടാനശല്യവുമുള്ള സ്ഥലങ്ങളാണു് കൃഷിക്കു് വിട്ടുകൊടുത്തിട്ടുള്ളതു്. ഇങ്ങനെ വനങ്ങളുടെ നടുക്കു് കാട്ടാനകൾ കൂടി താമസിക്കുന്ന സ്ഥാനങ്ങളിൽ കൃഷിക്കു വിട്ടുകൊടുത്താൽ ഒരു പക്ഷെ അവിടെ കൃഷിചെയ്യാൻ കഴിയുമെന്നല്ലാതെ വിളവെടുക്കാൻ സാധിക്കുകയില്ലെന്നുള്ളതു് വെറും പരമാർത്ഥം മാത്രമാണു്. ചില മലയാനകൾ ഒറ്റക്കൊമ്പൻ ഈ കൃഷികളെ നശിപ്പിക്കാറുണ്ടു്. അങ്ങനെയുള്ള ഒരാനയെ വെടിവയ്ക്കണമെങ്കിൽ വെടിവയ്ക്കുന്നവൻ ആനയുടെ കാലിന്റെ വണ്ണം, വാലിന്റെ നീളം, കൊമ്പിന്റെ അളവു് ഇതെല്ലാം ഗവൺമെന്റിനെ അറിയിച്ചു് മുൻകൂട്ടി അനുവാദം വാങ്ങിക്കണമെന്നു് ഒരേർപ്പാടുണ്ടു്. ഇതേപ്പററി ഒരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്താൻ ആഗ്രഹിക്കുന്നു. ഇത്രയും കാര്യങ്ങൾ നോക്കി ഗവൺമെന്റിനെ അറിയിച്ചു ആനയെ വെടിവച്ചു കൃഷിയെ രക്ഷിക്കുകയെന്നു പറഞ്ഞാൽ പട്ടിണിക്കാരായ കൃഷിക്കാർക്കു്—ഋണഭാരത്തിൽ നിമഗ്നരായിരിക്കുന്ന കൃഷിക്കാർക്കു—അതു സാദ്ധ്യമല്ല. സ്റ്റേറ്റുകോൺഗ്രസിന്റെ മാനിഫെസ്റ്റോയിൽ കൂട്ടുകൃഷിയും നെല്ക്കൃഷിയും വികസിപ്പിക്കുന്നതിനു് സകല ശ്രമങ്ങളും ചെയ്യുന്നതാണെന്നു് പ്രസ്താവിച്ചിട്ടുണ്ടു്. ഇന്നു കൃഷി ചെയ്യാതെ പാഴായിക്കിടക്കുന്ന അനേകം സ്ഥലങ്ങളുണ്ടു്. ഇന്നു ഗവൺമെന്റിനും ജനങ്ങൾക്കും യാതൊരാദായവുമില്ലാതെയും മററു് യാതൊരു പ്രയോജനമില്ലാതെയും കിടക്കുന്ന സ്ഥലങ്ങൾ—പ്രത്യേകിച്ചും ജനങ്ങൾ താമസിക്കുന്ന പട്ടണങ്ങളുടെ മദ്ധ്യത്തിൽ ഇട്ടിരിക്കുന്ന കുട്ടിവനങ്ങൾ—കൃഷിക്കു വിട്ടുകൊടുക്കുകയെന്നുള്ള ഒരു നയം തിരുവിതാംകൂർ ഗവൺമെന്റു് ദയവായി സ്വീകരിക്കുകയാണെങ്കിൽ എന്റെ സ്നേഹിതൻ മി. ജി. പി. നീലകണ്ഠപ്പിള്ള പറഞ്ഞതുപോലെ ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാർക്കും, അനുദ്യോഗസ്ഥന്മാർക്കും, മററെല്ലാ ജനങ്ങൾക്കും ആശ്വാസകരമായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. കൃഷിക്കു് സ്ഥലങ്ങൾ വേണമെന്നു പറയുമ്പോൾ പമ്പാനദിക്കപ്പുറം കടന്നു് വനത്തിന്റെ നടുക്കു് ഈററക്കാടുകളുള്ള സ്ഥലങ്ങൾമാത്രം വിട്ടുകൊടുക്കാതെ ആളുകൾ താമസിക്കുന്നതിന്റെ ഇടയ്ക്കു കിടക്കുന്ന കുട്ടിവനങ്ങൾ കൃഷിക്കു വിട്ടുകൊടുക്കാൻ ഉദാരമാകണമെന്നു് എനിക്കപേക്ഷയുണ്ടു്. മൂവാററുപുഴ, തൊടുപുഴ മുതലായ താലൂക്കുകളിലും ഇമ്മാതിരി കുട്ടിവനങ്ങളുണ്ടു്. ഇതുസംബന്ധിച്ചു് ഉത്തരവാദിത്വമുള്ള ഒരു ഭാഗത്തോടു് എനിക്കു പറ

[Mr. P. T. Chacko]

യാനിടയായപ്പോൾ അദ്ദേഹം അതിനു മറുപടിയായി പറഞ്ഞതു് ഇനി വരാൻ പോകുന്ന കാലത്തു് വിറകിനു വളരെ ക്ഷാമമുണ്ടാകും, അതു കൊണ്ടു് ആളുകൾ താമസിക്കുന്നതിനടുത്തു കിടക്കുന്ന കുട്ടിവനങ്ങൾ ആവശ്യമാണെന്നാകയാണ്. സർ, എനിക്ക് ഒന്നു പറയാനുള്ളതു്, ഇന്നത്തെ വയറിന്റെ പ്രശ്നം കഴിഞ്ഞിട്ടു് വിറകിന്റെ കാര്യം അന്വേഷിച്ചാൽ മതിയെന്നാണ്. എല്ലാവരും പട്ടിണികിടന്നുകൊണ്ടു് ഈ കുട്ടിവനങ്ങളെ വിറകിനുവേണ്ടി സംരക്ഷിക്കുകയാണെങ്കിൽ ആ വിറകു വെട്ടി അവരുടെ ചിതകൂട്ടേണ്ടിവരുമെന്നു മാത്രമേ എനിക്കു പറയാനുള്ളു. ഇവിടെ ഒരു ജനകീയ ഗവണ്മെന്റ് ആവിർഭവിച്ചിരിക്കുന്നു എന്നു് ഈ രാജ്യത്തിലെ ജനങ്ങൾക്ക് വിശ്വാസം വരുത്തുന്നതിനുവേണ്ടി—നാം ജനങ്ങളുടെ മുമ്പിൽ വച്ചിട്ടുള്ള വാഗ്ദാനങ്ങളിൽ ഒരെണ്ണം നിറവേററുന്നതിനുവേണ്ടി ഭക്ഷണത്തെ സംബന്ധിച്ചിടത്തോളമുള്ള സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കുന്നതിന് ഈ കുട്ടിവനങ്ങൾ കൃഷിക്കു വിട്ടുകൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്നു് ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

MR. JOSEPH MALIEKKAL : ൧൯൪൧ലെ സെൻസസ് അനുസരിച്ച് ജനങ്ങളുടെ കൈവശത്തിൽ നാലായിരം സ്ക്വയർ മൈൽ ഭൂമിയും ബാക്കി ൩,൬൦൦ ച. മൈൽ ഗവണ്മെന്റിന്റെ കൈവശത്തിലുമുണ്ടെന്നു കാണുന്നു. അതിൽ കായൽ, ആറ്, പാറ മുതലായവ കഴിച്ച് ഒരു രണ്ടായിരത്തഞ്ഞൂറു സ്ക്വയർ മൈൽ ഭൂമി കൃഷിക്ക് ഉപയോഗമുള്ളതായി ഉണ്ടു്. ൧൯൪൭ ഏപ്രിൽ മാസത്തെ ട്രാവൻകൂർ ഇൻഫർമേഷൻ ആൻഡ് ലിസണറിൽ ഇവിടുത്തെ ഫോറസ്ററ് കൺസർവേററർ എഴുതിയ ഒരു ലേഖനത്തിൽ ഇവിടുത്തെ വനങ്ങളെല്ലാം കൃഷിക്കു പററിയതാണെന്നു സമ്മതിച്ചിട്ടുണ്ട്. അന്നത്തെ ഗവണ്മെന്റിന്റെ പബ്ലിസിററിക്കുവേണ്ടി എഴുതിയതാണോ എന്നു് എനിക്കു നിശ്ചയമില്ല. ഏതായാലും അതിനെ ഞാൻ വിശ്വസിക്കുന്നു. ഈ സ്ഥലങ്ങൾ മുഴുവൻ ഈ നാട്ടിലെ പാവപ്പെട്ട കൃഷിക്കാർക്ക് കൃഷിക്കായി വിട്ടുകൊടുത്താൽ നമ്മുടെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നതാണു. ഇപ്പോൾ ഗ്രോമോർഫുഡ് എന്നു പറഞ്ഞു് ഓരോ താലൂക്കിലും മുപ്പതോ നാല്പതോ ഉദ്യോഗസ്ഥന്മാരെ വച്ചതുകൊണ്ടു കൃഷി വികസിപ്പിക്കുവാൻ സാധിക്കുകയില്ല. കൃഷിക്കുവേണ്ട സ്ഥലമില്ലാതെ കൃഷിക്കാരനു കൃഷിചെയ്യുവാൻ സാധിക്കുകയില്ല. കൃഷിചെയ്യാതെ

സാധനങ്ങൾ ഉണ്ടാകുകയുമില്ല. സർക്കാരിൽനിന്നും അഞ്ചേക്കറിൽ കൂടാത്ത ഒരു സ്ഥലം സർക്കാരിന്റെ ഓരോ കൃഷിക്കാരനും കൃഷി ചെയ്യുന്നതിനായി കൊടുക്കണം. സ്ഥലങ്ങൾ പതിച്ചുകൊടുക്കണമെന്നല്ല ഞാൻ പറയുന്നത്. അവർക്ക് ഒരു മൂന്നുകൊല്ലത്തെയ്ക്കു തുടന്ന് കൃഷിക്കുകൊടുക്കുകയാണെങ്കിൽ രണ്ടുതവണ നെൽകൃഷി നടത്താം. ഈ നെൽകൃഷിക്കിടക്കു പയറോ ഉഴുന്നോ വിതക്കാൻ കഴിയും. പിന്നെ ഒരു അഞ്ചു കൊല്ലം കഴിയുമ്പോൾ ആ നിലങ്ങൾ മുക്കും. ഇങ്ങനെ നമുക്കാവശ്യമുള്ളതിന്റെ നല്ല ഒരുഭാഗം ഭക്ഷ്യസാധനങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നതാണ്. ഈ നാട്ടിലെ നെല്ലോ, കപ്പയോ പുറത്തുപോകാതെ നിയന്ത്രിക്കണമെന്നാണ് എന്റെ അഭിപ്രായം. എന്റെ സ്നേഹിതൻ മി. ശ്രീധർ പറഞ്ഞതുപോലെ നെല്ലിന്റെ നിയന്ത്രണം വിടണമെന്നും കപ്പനിയന്ത്രിക്കണമെന്നും ഞാൻ പറഞ്ഞില്ല. He was creating a devil and that trying to kill him. ഫാറസ്റ്റിൽ കൃഷിക്കു സൗകര്യമുള്ള എല്ലാ സ്ഥലങ്ങളും കണ്ടുപിടിച്ച് കൃഷിക്കു കൊടുക്കേണ്ടതാണ്. അതിലേക്ക് ഗവണ്മെന്റ് ഒരു റിസർച്ചുതന്നെ നടത്തണം. ഇത്തരം ഒരു പദ്ധതി ഉണ്ടാക്കി കൃഷി വർദ്ധിപ്പിക്കേണ്ടതാണ്.

MR. P. S. MAHOMMAD: സർ, കൃഷിക്ക് ഉപയുക്തമായതും എന്നാൽ വനത്തിൽനിന്നും എടുത്ത് കൃഷിക്കു കൊടുത്താൽ വനത്തിനു വലിയ ദോഷമില്ലാത്തതുമായ സ്ഥലങ്ങൾ കൃഷിക്കുവേണ്ടി ജനങ്ങൾക്ക് വിട്ടുകൊടുക്കണമെന്ന സംഗതി സ്വല്പം ഉറച്ചു പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഞാൻ മൂവാററുപുഴ നിയോജകമണ്ഡലത്തിൽ ആണ് നിൽക്കേണ്ടിവന്നത്. എന്നെപ്പററിയുള്ള പരാതി ഞാൻ സ്ഥലം പതിച്ചു കൊടുക്കുന്ന സംഗതിയിൽ എതിരഭിപ്രായക്കാരനാണ് എന്നാണ്. സ്ഥലം പതിച്ചു കൊടുക്കണമോ വേണ്ടയോ എന്ന സംഗതിയും പതിച്ചു കൊടുക്കണമോ കുത്തകപ്പാട്ടമായി കൊടുക്കണമോ എന്ന സംഗതിയും തീർച്ച ചെയ്യേണ്ടതു് ഗവണ്മെന്റാണ്. ഗവണ്മെന്റു അതു നിശ്ചയിക്കുന്ന കാലംവരെയും ഇന്നത്തെ കൃഷിക്ക് ഉപയുക്തമായ വനങ്ങൾ ആ വനത്തിന് ദോഷം വരാതെ ഏതെങ്കിലും വ്യവസ്ഥയിൽ കൃഷിക്കു വിട്ടുകൊടുക്കാൻ അനുവദിക്കുന്നതു് അത്യന്താപേക്ഷിതമായ സംഗതിയാണ്. അങ്ങനെ ചെയ്യുന്നതായാൽ ഇന്നു തൊഴിൽ ഇല്ലാത്തവർക്ക് തൊഴിൽ ഉണ്ടാകും, നമുക്ക് ആവശ്യമായ ആഹാരസാധനങ്ങൾ ലഭിക്കുകയും ചെയ്യും. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. P. M. VARGHESE : സർ, ഏതൊരു പരിഷ്കൃതഗവണ്മെന്റും അടിയന്തിരമായ നടപടികൊണ്ടാണ് അടിയന്തിരഘട്ടത്തെ നേരിടുന്നതു്. എന്നാൽ നമ്മുടെ ഗവണ്മെന്റു് സ്വീകരിച്ചിരിക്കുന്നനയം എന്താണ്. അടിയന്തിര കാര്യങ്ങൾ എന്താണെന്നു അറിയാൻ പാടില്ലാത്ത നിലയിലാണു് നമ്മുടെ ഗവണ്മെന്റു് പ്രവർത്തിക്കുന്നതു്. കഴിഞ്ഞ മഹായുദ്ധത്തിൽ ബ്രിട്ടീഷ് ഗവൺമെന്റു ഇരുമ്പിനു് ദൗർലഭ്യം വന്നപ്പോൾ ബക്കിംഗ്ഹാം കൊട്ടാരത്തിനു ചുറ്റും ഇട്ടിരുന്ന ഇരുമ്പുവേലിയുടെ ഇരുമ്പാണു് പൊളിച്ചുകൊണ്ടു പോയതു. നമ്മുടെ രാജ്യത്തിൽ ഏകദേശം [illegible] ഭാഗം റിസർവ്വ് വനങ്ങളാണു. ഇതു എന്തിനാണെന്നു വച്ചാൽ ആഡംബരത്തിനുവേണ്ടി രാജ്യത്തിന്റെ ഒരു ഭാഗം വനമായിരിക്കണമെന്ന നിലയിൽ ഇട്ടിരിക്കുന്നു എന്നാണു് എനിക്കു പറയാനുള്ളതു്. ഈ രാജ്യത്തിലെ ജനങ്ങൾ ഒന്നാകെ കൃഷിക്കു് സ്ഥലം തരണമെന്നു ആവശ്യപ്പെട്ടാൽ ഗവണ്മെന്റിന്റെ മറുപടി എന്താണു്? വനത്തിൽ ഒരു ഭാഗം കൃഷിക്കു പതിച്ചു തരണം എന്നു് ഗവണ്മെന്റിനോടപേക്ഷിച്ചാൽ അതിനു് കൺസർവേറ്ററുടെ അഭിപ്രായമാണു് ഗവണ്മെന്റു് ചോദിക്കുന്നതു്. കൺസർവേറ്ററോടു് ചോദിച്ചാൽ വനത്തെപ്പറ്റി പഠിച്ച ആ വിദഗ്ദ്ധൻ അദ്ദേഹത്തിന്റെ വിദഗ്ദ്ധാഭിപ്രായത്തിൽ പറയും തിരുവിതാംകൂറിലുള്ള റിസർവ്വ വനങ്ങൾ പോരാതെയാണിരിക്കുന്നതു് എന്നു്. കഷ്ടമല്ലേ. തിരുവിതാംകൂറിലെ ജനങ്ങൾ ഭക്ഷണത്തിനുവേണ്ടി വിശന്നു് വലയുമ്പോൾ നമ്മുടെ ഗവണ്മെന്റു കൃഷിക്കു് ഭൂമി പതിച്ചുകൊടുക്കുന്നതിനു ആരോടാണു അഭിപ്രായം ചോദിക്കുന്നതു്? കൺസർവേറ്ററോടു്. കൺസർവേറ്ററെ വച്ചിരിക്കുന്നതു് റിസർവ്വു സൂക്ഷിക്കാൻ. എനിക്കു കൺസർവേറ്ററോടു് വൈരാഗ്യമില്ല. പക്ഷെ, അടിയന്തിരമായ ഘട്ടത്തെ നേരിടാൻ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നു മാത്രമേയുള്ളു. ഞാൻ ബ്രിട്ടീഷ്കാരൻ സ്വീകരിച്ച നയത്തെ സ്വീകരിക്കാനാണു് ഈ സഭയോടു് അപേക്ഷിക്കുന്നതു. ഈ റിസർവ്വിൽനിന്നും എത്രമാത്രം ആഹാരസാധനം ഉൽപ്പാദിപ്പിക്കാൻ സാധിക്കുമോ അത്രയും വർദ്ധിപ്പിക്കാൻ നാം ശ്രമിക്കണം. അതിനു വേണ്ടിയാണു് സ്ഥലം റിസർവ്വു ചെയ്തിരിക്കുന്നതു്. റിസർവ്വുവനം ഇല്ലാതെ പോയാൽ ഇവിടെ മഴ ഇല്ലാതെ പോകും എന്ന ഒരു സാങ്കേതിക തടസ്സം ഉന്നയിക്കാറുണ്ടു്. മഴയുള്ളതുകൊണ്ടാണോ വനമുണ്ടായതു്, അതല്ല, വനമുള്ളതുകൊണ്ടാണോ മഴയുണ്ടായതെന്നുള്ള സംഗതിയെ

ഷ്പററി ശാസ്ത്രജ്ഞന്മാർക്ക് തന്നെ അഭിപ്രായവ്യത്യാസമാണ്. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം നോക്കിയാൽ പീരുമേട്, ദേവികുളം, തൊടുപുഴ ഈ പ്രദേശങ്ങളിലാണ് ധാരാളം മഴയുള്ളത്. പരീക്ഷിക്കാൻ വേണ്ടി കിളും പീരുമേട്, തൊടുപുഴ ഈ സ്ഥലങ്ങളിലെ വനങ്ങൾ വെട്ടിനശിപ്പിച്ച് കൃഷി ചെയ്യിക്കാമായിരുന്നു. അങ്ങനെ വനം കൃഷികൊണ്ട് നമ്മുടെ ആഹാരപ്രശ്നം പരിഹരിക്കാൻ സാധിക്കും. അതേസമയം, മഴ ഇല്ലാതാകുന്നു എങ്കിൽ അപ്പോൾ മുതൽ നമുക്കു വനം ഉണ്ടാക്കാനും ശ്രമിക്കാം.

MR. K. VELAYUDHAN NAIR (*Changanacherry II—General*): വനം വെട്ടി നശിപ്പിച്ച് മഴയില്ലാതെപോയാൽ എന്തുചെയ്യും?

MR. P. M. VARGHESE : പതിനഞ്ചു കൊല്ലം വെറുതെ ഇട്ടിരുന്നാൽ മതി, പഴയപോലെ വനമുണ്ടാകും.

MR. K. VELAYUDHAN NAIR : ആ പതിനഞ്ചു കൊല്ലം വരെ മഴയ്ക്ക് എന്തുചെയ്യും.

MR. P. M. VARGHESE : വനം എന്നു പറയുന്നത് വൃക്ഷങ്ങൾ കൂടി തിങ്ങി നിൽക്കുന്നതിനാണ്. തൊടുപുഴ വനം വെട്ടിനശിപ്പിച്ചാൽ മനുഷ്യനുപയോഗമുള്ള ഫലവൃക്ഷങ്ങൾ കൃഷിചെയ്തുണ്ടാക്കാം. ഓരോരുത്തരുടെ തോട്ടങ്ങളിൽതന്നെ റബ്ബർ തുടങ്ങിയ മററു വൃക്ഷങ്ങൾ ധാരാളം നട്ടുപിടിപ്പിച്ചിട്ടുണ്ട്. അങ്ങനെയുള്ള വൃക്ഷങ്ങളും വനത്തിലെ വൃക്ഷങ്ങളെപ്പോലെ മഴപെയ്യിക്കും. അതിനാൽ ആഡംബരമല്ലാ നമുക്ക് വേണ്ടത്. ആഡംബരം വേണമെന്നുള്ള കാലം ഉണ്ട്. ഇപ്പോൾ അതിനു പററിയതല്ല. അതിലേക്കു വേണ്ടി വനം സൂക്ഷിക്കേണ്ട ആവശ്യം ഇല്ല. അടിയന്തിരാവശ്യത്തെ നേരിടാൻവേണ്ടി ആഡംബരം മാററിവയ്ക്കണം. അതുകൊണ്ട് തുച്ഛമായി ആദായം ലഭിക്കുന്ന വനങ്ങളെ കൃഷിക്കുവേണ്ടി ധാരാളമായി ജനങ്ങൾക്കു വിട്ടുകൊടുക്കുകയും അതോടൊപ്പം കൃഷിക്കുവേണ്ടി എന്തെല്ലാം സഹായം ചെയ്യാൻ ഗവണ്മെന്റിനു സാധിക്കുമോ അതെല്ലാം ചെയ്തുകൊടുക്കുകയും ചെയ്യണമെന്നാണ് എനിക്ക് ഈ സഭയെ അറിയിക്കാനുള്ളത്.

MR. K. P. NILAKANTA PILLAI: സർ, വനങ്ങൾ മുഴുവൻ ഇപ്പോഴത്തെ അടിയന്തിരാവസ്ഥയെ പരിഗണിച്ച് കൃഷിസ്ഥലം ആക്കണമെന്നുള്ള അഭിപ്രായത്തോട് എങ്ങനെ യോജിക്കുമെന്നു വിഷമിച്ചു നില്ക്കുകയാണ്. ആഹാരസാധനം വിളയിപ്പിക്കാൻ ഫാറസ്റ്റഡിപ്പാർട്ട

[Mr. K. P. Nilakanta Pillai]

മെൻററ നെപ്പററിയുള്ള ഉപക്ഷേപത്തിനു സാംഗത്യം ഇല്ലാത്തതിനാൽ എനിക്കു പറയാനുള്ളതു് ഇതെല്ലാം ഒരു ബഹളം ആണെന്നാണു്. വനം നശിപ്പിക്കാതെയും അറേബ്യൻകടൽ നികത്താതെയും ഇപ്പോഴുള്ള കൃഷിസ്ഥലംകൊണ്ടു് ഇപ്പോഴുള്ളതിന് $\frac{1}{3}$ വീതംകൂടി കൂടുതൽ ഉണ്ടാകത്തക്കവണ്ണം കൃഷിവികസിപ്പാൻ സാധിക്കും എന്നാണു് തോന്നുന്നതു്. റവന്യൂ, പി. ഡബ്ലിയു. ഫാറസ്റ്റു തുടങ്ങിയുള്ള ഡിപ്പാർട്ടുമെൻറുകളുടെ കൊള്ളരുതായ്മകൊണ്ടും ഒരു കാര്യവും മുന്നോട്ടു പോകാൻ സാധിക്കാത്തതിനാലും കൃഷിക്കുപയോഗമുള്ള വിസ്തീർണ്ണമുള്ള സ്ഥലങ്ങൾ ഇപ്പോഴും വെറുതെ കിടക്കുകയാണു്. വനം ഡിപ്പാർട്ടുമെൻറിൽ റിസർവ്വു വനത്തിനകത്തു് ൫൦൦–൧൦൦൦ കൊല്ലം പഴക്കമുള്ള തെങ്ങു്, പ്ലാവു്, മാവു്, കമുകു് മുതലായ വൃക്ഷങ്ങൾ നിൽപുണ്ടു്. ആ സ്ഥലത്തു് ഈ വൃക്ഷങ്ങൾ എങ്ങനെ ഉണ്ടായി എന്നു് ബഹുമാനപ്പെട്ട മിനിസ്റ്റർ ഒന്നു പരിശോധിച്ചാൽ കൊള്ളാം. ൫൦൦–൧൦൦൦ കൊല്ലം പഴക്കമുള്ള അനേകം വൃക്ഷങ്ങൾ വനത്തിനകത്തു് നട്ടുപിടിപ്പിച്ചു കുടിയാനവന്മാർ ദേഹണ്ഡിച്ചിട്ടുണ്ടു്. ഈ വൃക്ഷങ്ങൾ ഫാറസ്റ്റുഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ആദായത്തിനു വേണ്ടി വച്ചുകൊണ്ടിരിക്കുകയാണു്. ആണ്ടുതോറും വൃക്ഷങ്ങൾ ലേലം ചെയ്തു് ഒരു "എക്സിനെ"കൊണ്ടു പിടിപ്പിക്കും.

MR. JOSEPH MALIECKAL: ഇപ്പോൾ ധാരാളം ആളുകൾ വനപ്രദേശങ്ങളിൽ പ്രവേശിച്ചു് കൃഷി ചെയ്തു താമസിച്ചുവരുന്നതായി അറിയാമോ?

MR. K. P. NILAKANTA PILLAI: അറിയാം. റിസർവിനകത്തു പ്രവേശിച്ചു കൃഷിചെയ്തു താമസിക്കുന്നവർക്കു ദേഹണ്ഡസ്ഥലങ്ങൾ പതിച്ചു കൊടുക്കുവാൻ ഒരു സെററിൽമെൻറു് ആഫീസറെ നിയമിക്കേണ്ടതു് അത്യാവശ്യമാണു്. തിരുവിതാംകൂർ കോസ്റ്റൽ ബൽററു്, മിഡ്ലാൻഡ് ബൽററു, ഹൈലാൻഡ് ബൽററു്, എന്നു മൂന്നു തരമാണു്. ഇതിൽ മൂന്നാമത്തെ തരം ഹൈലാൻഡ് ബൽററു് ഒരു തരത്തിലും കൃഷിക്കു കൊടുക്കരുതു്. ആ സ്ഥലം മഴയെ സാരമായി സ്പർശിക്കുന്ന സ്ഥലമാണു്. അവിടെ വാഴ, മരച്ചീനി, തെങ്ങു് ഇവ നട്ടാൽ വേണ്ടപോലെ പരിപാലിക്കാൻ സാധിക്കാത്തതിനാൽ ഒരിഞ്ചുപോലും പതിച്ചു കൊടുക്കാൻ പാടില്ല. പിന്നെ പറയാനുള്ളതു്. വനം കൺസർവ്വ ചെയ്യുന്നതിനു് ഒരു നയവും ഡിപ്പാർട്ടുമെൻറു് കൈക്കൊള്ളുന്നില്ല. പഴയ കാലത്തു വനം ക്ലീയർ ചെയ്തുകൊടുത്താൽ അവിടെ തേക്കു, ഈട്ടി തുട

ങ്ങിയ വൃക്ഷങ്ങൾ നട്ടുവളത്താറുണ്ട്. എന്നാൽ ഇപ്പോൾ ഒററ വൃക്ഷം പോലും നട്ടുവളത്തുന്നുണ്ടോ എന്നു സംശയമാണ്. ഈ കാര്യം ബ: മന്ത്രി അന്വേഷിച്ച് പറഞ്ഞാൽ കൊള്ളാം. ഉണ്ടെങ്കിൽ തന്നെയും അതു ശരിയായി പ്ളാൻറുചെയ്തിട്ടില്ല എന്നാണ് എനിക്കു പറയാനുള്ളത്. അതിനെപ്പററിപ്പറഞ്ഞാൽ അക്കൌണ്ട് ആഫീസറേയും കൺസർവേററേയും മററു ആഫീസറെയും കുററം പറയുന്നതു നല്ലതല്ലെങ്കിലും എന്താണ് പ്ളാൻ എന്നു് അവക്കുപോലും അറിഞ്ഞുകൂടാ. ഫാറസ്ററു ഡിപ്പാർട്ടുമെൻറിനുവേണ്ടി ഈവയാണ്ടിൽ ൩൪.൯ ലക്ഷം രൂപാ അനുവദിച്ചിരിക്കുന്നു. അതു് Royal Trees, jungle wood, plantation Royalties, fire wood and charcoal എന്നീ ഇനങ്ങളിൽ വരുമാനം വർദ്ധിപ്പിക്കാൻ ൩൧ ലക്ഷം രൂപായും ബാക്കി വനവിഭവങ്ങൾ നട്ടുപിടിപ്പിക്കാനും ജോലിചെയ്യിക്കാനും ഉള്ള ചെലവിനും കൂടിയാണ്.

ഈ ഇനത്തിൽ തന്നെ ൧൧൨൨-ൽ ൨൨ ലക്ഷം രൂപയാണു അനുവദിച്ചതു്. ൧൧൨൩-ൽ ൨൪ ലക്ഷംരൂപയും ൧൧൨൪-ൽ ൩൪ ലക്ഷം രൂപയുമാണു അനുവദിച്ചിട്ടുള്ളതു്. ൧൧൨൪-ലെ ബഡ്ജററു എസ്റ്റിമേററു ൨൪ ലക്ഷം രൂപാ ആയിരുന്നു എങ്കിലും റിവൈസഡ എസ്റ്റിമേററ് ൩൭ ലക്ഷം രൂപയാണ്. ഇങ്ങനെ ബഡ്ജററുചെയ്ത തുകയേക്കാൾ ൧൪ ലക്ഷം രൂപാ കൂടുതലായി ചെലവു ചെയ്യുമ്പോൾ ചോദിക്കാൻ ആരും ഇല്ലേ എന്നു ഞാൻ ചോദിക്കുന്നു. ഇതു വളരെ ആക്ഷേപകരമാണ്. പാർലമെൻററിസിസ്റ്റം അനുസരിച്ചും ഫിനാൻഷ്യൽ തീയറി അനുസരിച്ചും ഈ നടപടി അവഹേളിക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ അക്കൌണ്ടുകളുടെ വ്യവസ്ഥിതിയെപ്പററി സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. ഒരു ഡിപ്പാർട്ടുമെൻറിനു ബോധിച്ചപോലെ ബഡ്ജററു എസ്റ്റിമേററിൽ കവിഞ്ഞ ഒരു തുക—അതും ൧൪-ം ൧൫-ം ലക്ഷം രൂപാ ചെലവാക്കാമെന്നു വന്നാൽ

"This is reduced to a mere farce so to say. I emphatically protest against such a system of uncontrolled expenditure in this department"

DR. M. O. CHERIYAN (*Devicolam General*): Sir, I support this motion and in doing so I would bring to the notice of Government the slowness or slackness with which petitions from poor villagers are viewed by the Forest department. I would also say that the extensive damages caused to the paddy crops in villages of Devicolam taluk by wild elephants require the serious attention of the authorities. Along with this I have to mention about the difficul-

[Dr. M. O. Cheriyan.]

ties which cultivators are put to by the forest subordinate employees. Regular exploitation of the poor is going on. Several thousands of acres of paddy lands are being cultivated in the villages of Marayoor, Kanthaloor etc. But the crops are damaged annually by elephants which visit the area during the harvest season. Petitions have been presented to the departmental head during the last several years but no redress to the grievances of the villagers has taken place yet. The adjoining reserve forests give accommodation to a lot of wild animals other than elephants and they destroy crops. The standing rules in relation to the shooting down of elephants are very unhelpful even if Government gives permission to shoot them down and it is absolutely necessary that those rules should be brought up to practical utility to serve the intended purpose on occasions of necessity. The villagers in those localities have been there for the last 150 years and over, and it is no exaggeration for me to say that not one can read or write. Ignorance of these poor inhabitants are taken advantage of by the forest subordinates in exploiting them. I request the attention of Government be sympathetically given to the points I have raised.

MR. K. M. CHANDY (*Meenachil I—General*): സർ, കർഷകന്ന് കൂടുതലായി ഭൂമി പതിച്ചുകൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു മി. ചാക്കോ അവതരിപ്പിച്ച ഉപക്ഷേപത്തോടു ഞാനും അനുകൂലിച്ചുകൊള്ളുന്നു. ഭൂമി കൂടുതലായി കർഷകന്നു പതിച്ചുകൊടുക്കേണ്ടതാണെന്നു പല മെമ്പറന്മാരും ഇവിടെ അഭിപ്രായപ്പെട്ടതിനെപ്പററി മി. കെ. പി. നീലകണ്ഠപിള്ള എതിർത്തതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. സ്വതേ ഒരു ബഹളക്കാരനായ അദ്ദേഹത്തിനു ഇതും ബഹളമായി തോന്നിയതിൽ അതിശയിപ്പാനില്ല. അദ്ദേഹം കണ്ട ഈ ബഹളം ഈ രാജ്യത്തെ കർഷകന്റെ വിളിപ്പിന്റെ ബഹളമാണു. ലോകത്തെ ഏററവും ജനനിബിഡമായ രാജ്യങ്ങളിൽ ഒന്നാണു നമ്മുടെ രാജ്യം. ഈ രാജ്യത്തെ ജനവിഭാഗങ്ങളിൽ ഭൂരിപക്ഷവും കർഷകരാണ്. ആണ്ടുതോറും ജനസംഖ്യ വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു. ഭൂമി അതനുസരിച്ചു വളരുന്നുമില്ല. ഈ പരിതഃസ്ഥിതിയിൽ ജനങ്ങൾക്കു പതിച്ചുകൊടുക്കാതെ വളരെ അധികം ഭൂമി റിസർവ്വുവനമായി സൂക്ഷിക്കുന്നതു ജനങ്ങളോടു ചെയ്യുന്ന ഒരു വലിയ കടുംകയ്യ് തന്നെയാണ്. മുമ്പു ഉണ്ടായിരുന്ന ഗവണ്മെൻറു ഇക്കാര്യത്തിൽ അലസത വിചാരിച്ചിരുന്നു എങ്കിൽ ഇപ്പോഴത്തെ ഗവണ്മെൻറിന്ന് അതിൽ അലസത വിചാരിക്കേണ്ട ആവശ്യമില്ല. അന്നത്തെ ഗവണ്മെൻറു ജനങ്ങൾക്കുവേണ്ടി ഉണ്ടായിരുന്ന ഒരു ഗവണ്മെൻറായിരുന്നില്ല. എന്നാൽ ഇന്നത്തെ ഗവണ്മെൻറ്

ജനങ്ങളുടെ ഗവണ്മെന്റാണ്. ജനങ്ങളോടു ഉത്തരവാദപ്പെട്ട ഗവണ്മെന്റാണ്. ആ ഗവണ്മെന്റ്, ഇവിടത്തെ ഭൂരിപക്ഷം വരുന്ന കർഷകരുടെ ആവശ്യങ്ങൾ നിറവേററാൻ സന്നദ്ധമാകുന്നില്ലെങ്കിൽ ജനങ്ങളുടെ ഗവണ്മെന്റ് എന്നു പറയുവാൻ ഈ ഗവണ്മെന്റിന് യോഗ്യതയില്ലെന്നു പറയേണ്ടിവരുന്നതിൽ ഖേദിക്കുന്നു. ഫാറസ്റ്റ് വനങ്ങൾ ഇല്ലെങ്കിൽ മഴ പെയ്യുകയില്ല എന്നു ചിലർ ഇവിടെ പറഞ്ഞു. ഇവിടത്തെ വനത്തിൽ നിന്ന് ഫാറസ്ററ് ഇൻഡസ്ട്രീസ് ലിമററഡ് എന്ന കമ്പനിതന്നെ ആണ്ടുതോറും അനവധി തടി വെട്ടിയെടുക്കുന്നുണ്ട്. രണ്ടു കോടി രൂപായ്ക്കുള്ള തടി അവർ വെട്ടിയെടുത്തിട്ടുള്ളതായി ബഡ്ജററുകൊണ്ടു കാണാം. അങ്ങനെ ഈ തടികൾ എല്ലാം വനത്തിൽ നിന്നും പോയിട്ടും ഈ രാജ്യത്തു് മഴക്കുറവ് ഒന്നും ഇല്ലല്ലൊ.

MR. P. T. CHACKO: കടലിൽ വനങ്ങളൊന്നുമില്ലല്ലൊ, എന്നിട്ടും കടലിൽ മഴപെയ്യുന്നില്ലെ?

MR. K. M. CHANDY: മഴ പെയ്യുന്ന വാദം അത്ര ശരിയാണെന്നു തോന്നുന്നില്ല. വിദഗ്ദ്ധന്മാർക്കുതന്നെ അതിൽ അഭിപ്രായവ്യത്യാസം ഉണ്ട്.

മററൊരു കാര്യം എനിക്കു പറയുവാനുള്ളതു് തടിവെട്ടിയിറക്കുന്നതിനെപ്പററിയാണ്. നമ്മുടെ ഫാറസ്ററ് ഡിപ്പാർട്ടുമെന്റിലെ വരവ് ഒരു കോടി രൂപയും ചെലവ് ൪൫ ലക്ഷം രൂപയുമാണ്. ഈ ഒരു കോടി രൂപാ വരവിൽ ൯൫ ലക്ഷം രൂപയും തടി വിററവകയിലുള്ള വരവാകുന്നു. കഴിഞ്ഞ കൊല്ലവും അതിനുമുമ്പുള്ള കൊല്ലവും ആയിട്ട് ൨ കോടിരൂപയുടെ തടി വിററിട്ടുണ്ടെന്നു കാണാം. ഇങ്ങനെ ആണ്ടുതോറും ഇത്രയധികം തടി വെട്ടിയിറക്കുന്ന നയം ആശാസ്യമാണോ എന്നുകൂടി നോക്കേണ്ടതാണ്. റീപ്ലാന്റു ചെയ്യുവാനുള്ള ഒരു ശരിയായ പദ്ധതികൂടി ഇതിനോടൊപ്പം നടപ്പിൽ വരുത്താതെ തടി ഇങ്ങനെ ആണ്ടുതോറും വെട്ടാൻ തുടങ്ങിയാൽ വനം നശിച്ചു പോകും. ഇൻഡ്യാഗവണ്മെന്റിന്റെ നവീകരണപദ്ധതി വിപുലപ്പെടുത്താൻപോകുന്ന ഈ ഘട്ടത്തിൽ തടിക്ക് കൂടുതലായി ആവശ്യം ഉണ്ടാകുന്നതാണ്. ആ സന്ദർഭത്തിൽ നമ്മുടെ തടി രാജ്യത്തിന്റെ കൂടുതലായി പ്രയോജനപ്പെടുത്താൻ കഴിയും.

മറെറാരു സംഗതി ഇന്നത്തെ ഫാറസ്ററ് കൺസർവേററരെപ്പററിയാണ്. വളരെ വിപുലമായ ചുമതലകൾ ചെയ്തു തീർക്കേണ്ട

[Mr. K. M. Chandy.]
ഈ ഡിപ്പാർട്ടുമെൻറിൻെറ അദ്ധ്യക്ഷൻ നമ്മുടെ മന്ത്രിമാരുടെ പിറകു വശത്തു ഒരു ചട്ടക്കൂട്ടിൽ തലയുമായി ഇരിക്കുന്ന ദേഹമാണെന്നു പറയപ്പെടുന്നു. ഈ രാജ്യത്തെ ഫാറസ്റ്റുവകുപ്പിൻെറ ജോലികൾചെയ്തു തീർക്കുവാനുള്ള ശരിയായ ആരോഗ്യം ഇപ്പോഴം അദ്ദേഹത്തിനുണ്ടോ എന്നും അതിനുള്ള പ്രാപ്തി അദ്ദേഹത്തിനുണ്ടോ എന്നും ഗവണ്മെൻറു അന്വേഷിക്കേണ്ടതാണ്. ഇതുവരെ ഗവണ്മെൻറ് അതു ചെയ്യാതിരിക്കുന്നതു് ഗവണ്മെൻറിൻെറ ഒരു കൃത്യവിലോപം കൂടിയല്ലേയെന്നു് ഞാൻ സംശയിക്കുന്നു. ഈ കാര്യങ്ങളിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്നു് അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. CHERIYAN J. KAPPAN (*Meenachil III—General*): സർ, റിസർവ്വുവനങ്ങളിൽനിന്നും സ്ഥലം കൃഷിക്ക് പതിച്ചുകൊടുക്കണമെന്നുള്ള കാര്യത്തെപ്പററി പലരും പലതും ഇവിടെ പറഞ്ഞു കഴിഞ്ഞു. ഒരേ സംഗതിതന്നെ ഇവിടെ ആവർത്തിച്ചു പറയരുതെന്നു് അങ്ങു് തന്നെ ഇവിടെ ആജ്ഞാപിക്കുകയുണ്ടായി. ചില കാര്യങ്ങളിൽ ആവർത്തനം വളരെ നല്ലതാണെന്നു അനുഭവത്തിൽ നിന്നും പറയുവാൻ കഴിയും. എത്ര ആവർത്തിച്ചു കഴിഞ്ഞാലും മതിയാകാത്ത ഒരു വിഷയമാണിതു്. എനിക്ക് ഇതിനെപ്പററി പറയുന്നതിന് ഭയമുണ്ടു്. കൃഷിക്ക് റിസർവ്വ് വനത്തിൽ നിന്നും ഭൂമി പതിച്ചുകൊടുക്കണമെന്നു് പറഞ്ഞതിനു് ഒരിക്കൽ ജയിലിൽ പോയ ആളാണു് ഞാൻ. നമ്മുടെ വിദ്യാഭ്യാസമന്ത്രിയോടു എന്താണു് ഇപ്പോഴത്തെ വിദ്യാഭ്യാസനയമെന്നു ചോദിച്ചപ്പോൾ പഴയ നയവും ഇപ്പോഴത്തെ നയവും തമ്മിൽ എന്താണു വ്യത്യാസമെന്നു് മെംബറന്മാർ തന്നെ തീരുമാനിച്ചാൽ മതിയെന്നാണു് അദ്ദേഹം പറഞ്ഞതു്. ഫാറസ്റ്റിനെ സംബന്ധിച്ചു് ഇപ്പോഴത്തെ നയവും മുമ്പിലത്തെ നയവും വ്യത്യാസപ്പെടാതിരിക്കുകയാണു് ചെയ്യുന്നതെങ്കിൽ ഞാൻ ഇനിയും ജയിലിൽ പോകേണ്ടിവരുമോ എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. അതു കൊണ്ടു കൂടുതലായി അതിനേപ്പററി എന്തെങ്കിലും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ റിസർവ്വ് ഫാറസ്റ്റിൽ ഏലകൃഷിക്കു സ്ഥലം പതിച്ചുകൊടുക്കേണ്ടതിനെപ്പററിയും എനിക്ക് ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിനു വെളിയിലുള്ളവരാണു ആദ്യം ഏലകൃഷി നടത്തിക്കൊണ്ടിരുന്നതു്. അപ്പോൾ തിരുവിതാംകൂർ ഗവണ്മെൻറ് ഒരു പ്രഖ്യാപനംചെയ്തു, ഈ രാജ്യത്തെ ജനങ്ങളിൽ ആരെങ്കിലും വനത്തിൽ പ്രവേശിച്ചു് ഏലകൃഷി ചെയ്യുന്ന പക്ഷം അവർക്കു

വേണ്ട ആനുകൂല്യങ്ങളും സഹായങ്ങളും ചെയ്തുകൊടുക്കാമെന്ന്. ആ പ്രഖ്യാപനത്തെ വിശ്വസിച്ചുകൊണ്ട് അനേകം ആളുകൾ വനത്തിൽ പ്രവേശിച്ച് വളരെ പണം ചെലവു ചെയ്തു ഭൂമി നന്നാക്കി ഏല കൃഷി ചെയ്തു. എന്തുകൊണ്ടാണെന്നറിഞ്ഞില്ല, ഗവണ്മെൻറിൻെറ നയത്തിന് ഒരു വ്യത്യാസം വരുകയും അനുവാദംകൂടാതെ വനത്തിൽ പ്രവേശിച്ച് ഏലകൃഷിചെയ്തവർ ആ സ്ഥലത്തു പ്രവേശിക്കുവാൻ പാടില്ലെന്നും സ്ഥലം സർക്കാരിന് വിട്ടുകൊടുത്തു കൊള്ളണമെന്നും വീണ്ടും മറെറാരു പ്രഖ്യാപനം ഉണ്ടാവുകയും ചെയ്തു. ഈ ഉത്തരവിൽ റിട്രോസ്പെക്റ്റീവ് ഇഫെക്റ്റ് കൂടി കൊടുത്തിരുന്നതുകൊണ്ട് അതിനു മുമ്പ് കൃഷിചെയ്തുകൊണ്ടിരുന്ന അനവധി ആളുകളെ ഇറക്കിവിടുകയാണുണ്ടായത്. നയവ്യത്യാസം പിന്നെയുമുണ്ടായി. അപ്പോൾ ഗവണ്മെൻറു പറഞ്ഞത് ഏലകൃഷിക്കായി ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവർക്ക് കുത്തകപ്പാട്ടമായി ഭൂമി പതിച്ചു കൊടുക്കുന്നതാണെന്നാണ്. ഇങ്ങനെ കുത്തകപ്പാട്ടമായി വാങ്ങിച്ച് കൈയ്‌വശംവച്ചു വളരെ അധികംപണം ചെലവാക്കി കൃഷി നടത്തുന്നതിൽ വളരെ അദ്ധ്വാനിച്ചവരവെ വീണ്ടും അതേ വസ്തു മറെറാരാൾക്കു പതിച്ചുകൊടുക്കുന്ന ഒരു നയമാണ് ഗവണ്മെൻറ് ഇപ്പോൾ കൈക്കൊണ്ടിരിക്കുന്നത്. അനേകായിരം രൂപാ ചെലവാക്കി കൃഷി ചെയ്ത ഭൂമി ഇപ്പോൾ കൈവശം വിട്ടുപോയി. തന്മൂലം ഇപ്പോഴും പട്ടിണിപ്പാവമായി കഴിഞ്ഞുകൂടുന്ന ഒരാളെ എനിക്കറിയാം. ഒരു മിസ്റ്റർ പൈലി തോമസ് പള്ളിവാസലിനടുത്തുള്ള റിസർവ്വ്വനത്തിൽ നൂറു ഏക്കർ സ്ഥലം ഏലകൃഷിചെയ്തുവന്നു. ആ ആളെ സ്ഥലത്തുനിന്നും ഗവണ്മെൻറ് ഇറക്കിവിട്ടു. വീണ്ടും അദ്ദേഹത്തിന് തന്നെ പതിച്ചുകൊടുക്കണമെന്ന് പലതവണ ഗവണ്മെൻറിനോടപേക്ഷിച്ചു. എങ്കിലും അദ്ദേഹത്തിനു കൊടുക്കാതെ ഇവിടത്തെ ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻെറ ഭാര്യക്കാണ് ആ സ്ഥലം പതിച്ചുകൊടുത്തതു.

MR. K. M. CHANDY: ആ ഉദ്യോഗസ്ഥൻ ആരാണെന്നു പറയുമോ?

MR. CHERIYAN J. KAPPAN: ആ വിവരം ഇവിടെ വെളിപ്പെടുത്തണമെന്നു ഞാൻ വിചാരിച്ചിരുന്നതല്ല. എങ്കിലും ചോദിച്ചതുകൊണ്ട് പറയാം, ഇവിടത്തെ ഐ. ജി. ആയിരിക്കുന്ന ഉദ്യോഗസ്ഥൻെറ ഭാര്യക്കാണ്, ആ സ്ഥലം പതിച്ചു കൊടുത്തത്. ഒരാളിന് ൱൦ ഏക്കറിൽ കൂടുതൽ സ്ഥലം പതിച്ചുകൊടുക്കാൻ പാടില്ലാ എന്ന് വ്യവസ്ഥയുണ്ടായിരിക്കെ ൩൦൦ ഏക്കർ സ്ഥലം അവിടെ ഉണ്ടായി

[Mr. Cheriyan J. Kappan]

രുന്ന സ്ത്രീയ്ക്കാണ് ആ സ്ഥലം പതിച്ചുകൊടുത്തത്. അതു എത്രത്തോളം ന്യായമാണെന്നു ഞാൻ ചോദിക്കുന്നു. ഏററവും ന്യായപൂർവ്വകമായി ഗവണ്മെൻറ് പ്രവർത്തിക്കേണ്ടതല്ലേ? ആ മി: പൈലിതോമസ് എല്ലാ ഉദ്യോഗസ്ഥന്മാരുടേയും പടിവാതുക്കൽ അപേക്ഷയുമായി ചെന്നിട്ടും ആ സ്ഥലം പതിച്ചുകൊടുത്തില്ല. ആ സ്ഥലത്തിൻെറ സർവ്വേ നമ്പർ കൂടി എനിക്കു പറയുവാൻ കഴിയും. ഇങ്ങനെ ഭൂമിയിൽ പ്രവേശിച്ച് കൃഷി ചെയ്തുകൊണ്ടിരുന്ന അനേകം പേരെ ഗവണ്മെൻറ് നഷ്ടപ്പെടുത്തിയിട്ടുണ്ട്. ഈ കാര്യത്തിൽ ഏററവും നീതിപൂർവ്വകമായ ഒരു നയം ഗവണ്മെൻറ് കൈക്കൊള്ളണമെന്നും ഇപ്പോഴുള്ള ഭൂമികൾ കൃഷിചെയ്തവർക്കുതന്നെ വീണ്ടും വിട്ടുകൊടുക്കണമെന്നും ആണ് എനിക്കു പറയുവാനുള്ളത്.

മറെറാരു കാര്യം ആനയുടെ ശല്യമാണ്. റിസർവ്വുവനങ്ങളിലുള്ള ആനകൾ ആളുകളെ ഇപ്പോഴും ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. ദുഷ്ടമൃഗങ്ങളുടെ ശല്യത്തിൽ നിന്നും രക്ഷനേടുവാനായി തോക്കുകൾ കൈവശം വച്ചുകൊണ്ടിരുന്നവർ എല്ലാവരും അവരവരുടെ കൈവശമിരിക്കുന്ന തോക്കുകൾ അതാതു പോലീസ്സ്റ്റേഷനിൽ ഹാജരാക്കിക്കൊള്ളണമെന്ന് പഴയ ഗവണ്മെൻറ് ഒരു ഉത്തരവു പാസ്സാക്കുകയുണ്ടായി. അങ്ങനെ പോലീസ്സ്റ്റേഷനിൽ ഡിപ്പാസിററു ചെയ്തിരിക്കുന്ന തോക്കുകൾ മുഴുവൻ ഇന്നു തുരുമ്പുപിടിച്ചു നശിച്ചുപോരുകയാണ്. പലർക്കും തിരിയെ തോക്കു കിട്ടിയിട്ടില്ല. തോക്കുകൾ മേടിക്കുവാൻ തയാററായ ഗവണ്മെൻറ് കാട്ടാന ശല്യത്തിൽ നിന്നും മററു ദുഷ്ടമൃഗങ്ങളുടെ ഉപദ്രവങ്ങളിൽ നിന്നും ഈ ജനങ്ങളെ രക്ഷിക്കുവാൻ എന്തു വ്യവസ്ഥയാണ് ചെയ്തിരിക്കുന്നത് എന്നു ഞാൻ ചോദിക്കുന്നു. ആനയെ വെടിവെയ്ക്കുന്ന കാര്യംതന്നെ വളരെ പ്രയാസം. ഒററക്കാലൻ, ഒററച്ചെവിയൻ എന്നെല്ലാം പറഞ്ഞാലേ വെടിവെയ്ക്കാൻ അനുവാദം കിട്ടുകയുള്ളു.

MR. D. GNANASIGAMONI : Sir, பல நண்பர்கள் வன இலாகா (Forest Department) வில் நடைபெறும் பல விஷயங்களைப்பற்றி பேசினார்கள். நானும் ஒன்றிரண்டு விஷயங்களைச் சொல்ல விரும்புகிறேன்.

முதலாவதாக இந்த வருஷ report இதுவரையிலும் நம் முன் சமர்ப்பிக்கப்படவில்லை. இதைப் பார்த்தால் நமது வனங்களும் நமது சமஸ்தானத்தைவிட்டு வெளியே மறைந்துகொண்டே தான் என்று தோன்றிவிடும்.

Sir, கனம் கே. பி. நீலகண்டப்பிள்ளை அவர்கள் சொன்னதுபோல் இவ்விலாகாவின் இவ்வளவு ஒழுங்கீனமான பட்ஜற்றை நம் முன் வைத்தால் நமக்கு எவ்விதம் சரியா ஆலோசிக்கமுடியும் ?

சென்ற காலங்களில் அரசாங்கம் ஒரு (Policy) முறையை கையாண்டது. அதாவது வனங்களில் யாருக்கும் பிரவேசனம் கிடையாது என்று

சொல்லி பலவிதமான சந்தேகிக்கக்கூடிய காரியங்களைச் செய்வதாகவும், நடவடிக்கைகள் எடுப்பதாகவும் ஜனங்களுக்கிடையில் பேசிக்கொள்ளப்படுகிறது. ஆனால் ஒன்று மட்டும் உண்மை. கனம் கே. பி. நீலகண்டப் பிள்ளை அவர்கள் கூறியதுபோல இவ்விலாகாவில் பல குறைகளுண்டு. மேற்கூறியபடி கையாளப்பட்ட முறை கொள்ளையடிக்க இட்ட திட்டமேயன்றி வேறில்லை.

Sir, இவ்விலாகா கையாளும் ஒரு முறைகேடான விஷயத்தை இங்கு கூற விரும்புகிறேன்.

அநேக ஏழை மக்கள் மலைகளில் புகுந்து, கொடிய மிருகங்களோடு போராடி, காடுகளைத் திருத்தி, தங்கள் நெற்றி வியர்வை நிலத்தில் விழ பாடுபட்டு, நிலங்களை பண்படுத்தி பயிர்செய்து, தோட்டங்களை ஏற்படுத்தினார்கள். அப்படிக் கஷ்டப்பட்ட அவர்கள் இவ்விடங்களிலிருந்து விரட்டியடிக்கப்பட்டார்கள். தாங்கள் கஷ்டப்பட்டு வேலைசெய்து, கிருஷிசெய்த இடங்களை மீண்டும் தரவேண்டுமென்று எவ்வளவோ பிரயாசப்பட்டும் ஒருவிதத்திலும் அந்த இடங்கள் அவர்களுக்குத் திரும்பிக் கொடுக்கப்படவில்லை. ஆனால் அந்த இடங்கள் செல்வாக்குள்ளவர்களுக்கும், பெரிய உத்தியோகஸ்தர்களுக்கும் பதிந்துக் கொடுக்கப்படுகின்றன.

இக்காரியம் எப்படியென்றால் அநீதி இழைக்கப்பட்ட பல கேசுகள் நம்மில் அநேகருக்குத் தெரியும்.

Sir, வேறொரு முறைகேடான காரியமும் இருக்கிறது. ஏதாவது ஒரு பூமியை ஒருவர் கிருஷிசெய்து பண்படுத்தி சரியாக வைத்துக்கொண்டிருக்கும்போது, செல்வாக்குள்ளவரோ அல்லது உத்தியோகஸ்தரோ மேற்சொன்ன கிருஷி செய்யப்பட்டுவரும் இடத்தில் கிருஷி இல்லையென்றும், அதைத் தமக்குக் குத்தகைப் பாட்டத்திற்கு மாத்திரம் தற்சமயம் வேண்டுமென்றும் பெற்றிஷன்களை பின்வாசல்கள் வழியாய்க் கொடுத்து, நிலங்களைப் பெற்றுக்கொள்வது சகஜம். மேலதிகாரிகளோ அந்த இடத்தைப் பார்க்காமலும், பெற்றிஷன்களைச் சரியாய் விசாரிக்காமலும், அப்பூமிகளை பெற்றிஷன் அனுப்பிய அவருக்கு அளிக்கிறார்கள். கிருஷி செய்து கொண்டிருக்கும் மனிதனுக்கு அந்த வஸ்து தனது கைவிட்டுப் போனதே தெரியாது. சில சமயம் இப்படி ஏழை மக்கள் வஞ்சித்து பூமியைப் பெறுவோர் அயலூரில் இருப்பார்கள். தமது வஸ்து தமது கையிலிருந்து போனதையே ஏழை மக்கள் அறியமாட்டார்கள். இப்படிப்பட்ட வஸ்துக்கள் பெரிய உத்தியோகஸ்தர்கள் கையிலிருக்கின்றன. அவர்களுக்குப் பதிந்துக் கொடுக்கப்பட்டிருக்கின்றன. இது ஒரு ஒழுங்கீனமான முறை. இப்படிப்பட்ட ஒழுங்கீனமான முறைகள் அடியோடு நிறுத்தப்படவேண்டும்.

இப்படி கிருஷிக்காரர்கள் அறியாமலே வனங்களில் அவர்களது கிருஷி நிலங்களில் எவ்வளவு பேருக்குப் பதிந்துக் கொடுக்கப்பட்டிருக்கின்றனவென்றும், அவைகள் யாருக்குப் பதிந்துக் கொடுக்கப்பட்டிருக்கின்றனவென்றும், விசாரித்து அந்நிலங்களை மீண்டும் அவ்வேழை மக்களுக்குக் கொடுக்கவேண்டிய நடவடிக்கைகள் எடுத்துக்கொள்ளக் கேட்டுக் கொள்வதோடு எனது பேச்சை நிறுத்திக்கொள்கிறேன்.

MR. E. K. MADHAVAN : സർ, റിസർവ് വനങ്ങളിൽനിന്നു കൃഷിക്കു യുക്തമായ ഭൂമികൾ കൃഷിക്കാർക്കു കൊടുക്കണമെന്നുള്ള അഭിപ്രായത്തോട് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. അതേ സമയംതന്നെ ൫൦-ം, ൧൨൦-ം, ൨൦൦-ം ഏക്കർ സ്ഥലങ്ങൾ പ്രാമാണികന്മാർക്കും മുതലാളിമാർക്കും ആയി പതിച്ചുകൊടുക്കുകയും ഭൂമി ഇല്ലാതെ വിഷമിക്കുന്ന സാധാരണ കൃഷിക്കാർക്ക് അതു പതിച്ചുകൊടുക്കാതിരിക്കുകയും ചെയ്യുന്ന നയത്തെ ഞാൻ കഠിനമായി എതിർക്കുകയും ചെയ്യുന്നു. കാടു വെട്ടിത്തെളിച്ചുകഴിഞ്ഞാൽ മഴപെയ്യുകയില്ലെന്ന് ഒരു വിശ്വാസമുണ്ടെന്ന് മി. കെ. ടി. നീലകണ്ഠപിള്ള പറഞ്ഞതിനോട് ഞാനും യോജിക്കുന്നു. കടലിലെ വെള്ളം നീരാവിയായി മലയിൽ തട്ടുന്നതുകൊണ്ടാണ് മലബാറിൽ മഴ ഉണ്ടാകുന്നത് എന്നാണ് നാം മനസ്സിലാക്കിയിരിക്കുന്നത്. അതുകൊണ്ടാണ് കാടുവെട്ടി തെളിക്കുന്നതിനോട് പലരും യോജിക്കാതിരിക്കുന്നത്. കാടുവെട്ടിതെളിക്കാതെതന്നെ കൃഷിക്കുവേണ്ടി ഉപയോഗിക്കാവുന്ന അനേകം ഏക്കർ സ്ഥലങ്ങൾ തിരുവിതാംകൂറിലെ വനങ്ങളിൽ ഉണ്ട്. അതു സാധാരണക്കാരായ കൃഷിക്കാർക്ക് മാത്രമേ പതിച്ചുകൊടുക്കാവൂ എന്നാണു എന്റെ അഭിപ്രായം. വനങ്ങളിൽ ചെറുകൃഷി നടത്തുന്ന ആളുകളുടെ രക്തം ഊററിപ്പിഴിഞ്ഞു വൻകൃഷി നടത്തുകയെന്ന ഒരു വ്യവസായം പണക്കാരായ കൃഷിക്കാർ ഇപ്പോഴും വച്ചുപുലർത്തിപ്പോരുന്നുണ്ട്. ഇൻകംടാക്സു കൊടുക്കാതെ കഴിക്കുവാൻകൂടി എടുക്കുന്ന ഒരു വിദ്യയാണു ഇതു്. ഇതിനേയും, തടയേണ്ടതാണ്.

൧൧൦ ചതുരശ്രമൈൽസ്ഥലം Forest Industries കമ്പനിക്കാർക്ക് വിട്ടുകൊടുത്തിട്ടുണ്ട്. അതു് ഫെർട്ടലൈസേഴ്സ് ആൻറ് കെമിക്കൽസ്-ന്റെ ആവശ്യത്തിലേക്കുവേണ്ടി തടി വെട്ടുന്നതിനാണ്. അതിലേക്കാവശ്യമുള്ള തടി വെട്ടിയതിനുശേഷം ബാക്കിയുള്ള തടി അമിതമായ വിലക്ക് വിറവ് ഈ കമ്പനിക്കാർ വലിയ ലാഭം എടുത്തുവരുന്നു എന്നാണ് എന്റെ അറിവ്. ഇവർ അക്രമമായ വിലക്ക് ആണ് വിറകു വിൽക്കുന്നത്. വിറകു വിൽക്കുവാൻ ഇവരെ അനുവദിക്കുന്ന പക്ഷം സാധാരണക്കാർക്ക് ചുരുങ്ങിയവിലക്ക് വിറകു കിട്ടുവാൻകൂടി ഏർപ്പാടുചെയ്യേണ്ടതാണ്. വനങ്ങളെ ചൂഷണംചെയ്യുവാനുള്ള സൗകര്യം ഒരു പ്രത്യേകവ്യക്തിക്കോ അല്ലെങ്കിൽ പ്രത്യേക സ്ഥാപനങ്ങൾക്കൊ കുത്തകയായി കൊടുക്കുന്നതു് ഒരിക്കലും ശരിയല്ല. സാധാരണക്കാരനായ ഒരാളിന് വനത്തിലെ വിഭവങ്ങൾ അനുഭവിക്കുന്നതിനു

കൂടി സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. വിടില്ലാതെ വളരെ പാവങ്ങൾ നമ്മുടെ രാജ്യത്തു് വിഷമിക്കുന്നുണ്ടു്. അവക്കു് ഭവനനിമ്മാണത്തിനായി താരിപ്പുറെറ്റിന് തടി കൊടുക്കുവാനുള്ള വ്യവസ്ഥകൂടി ഗവണ്മെൻറുണ്ടാക്കേണ്ടതാണു്. കൃഷി ചെയ്യുന്നവനു മാത്രമേ, അതും സാധാരണക്കാരനായ കൃഷിക്കാക്കുമാത്രമേ മേലാൽ റിസർവ് വനങ്ങളിൽനിന്നും ഭൂമി പതിച്ചുകൊടുക്കാവൂ എന്നു് ഒരിക്കൽകൂടി ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. THARIATHU KUNJITHOMMEN : സർ, ഇവിടെ പറഞ്ഞ ചില അഭിപ്രായങ്ങളോടു് എതിരുള്ളവക്കുകൂടി സംസാരിക്കുവാൻ സമയം കൊടുത്താൽ കൊള്ളാം.

MR. PAUL THALIATH : സർ, ഗവണ്മെൻറിനെ വളരെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണു് ഭക്ഷ്യോൽപാദന പ്രശ്നം. കൂടുതൽ ഭക്ഷണസാധനങ്ങൾ ഉൽപാദിപ്പിക്കണമെങ്കിൽ കൂടുതൽ സ്ഥലം കൃഷിക്കു് വിട്ടുകൊടുക്കണമെന്നുള്ളതിന് യാതൊരു സംശയവുമില്ല. അതുകൊണ്ടു് എൻെറ ബഹുമാന്യ സ്നേഹിതന്മാർ പലരും പറഞ്ഞതുപോലെ കൃഷിക്കു് വനത്തിൽനിന്നും സൗകര്യപ്രദമായ സ്ഥലങ്ങൾ വിട്ടുകൊടുക്കേണ്ടതാണെന്നു ഞാനും ഒന്നുകൂടി ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു. എന്നാൽ അഞ്ചേക്കറിൽ കൂടുതൽസ്ഥലം ഒരാളിനു വിട്ടുകൊടുക്കരുതു്. അതും നിവൃത്തിയുള്ളിടത്തോളം പതിച്ചുകൊടുക്കാതെ മറെറതെങ്കിലും വ്യവസ്ഥകളിന്മേൽ 5 കൊല്ലത്തേക്കോ 10 കൊല്ലത്തേക്കോ പാട്ടമെന്നോ മറേറാ വ്യവസ്ഥചെയ്തു വിട്ടുകൊടുക്കേണ്ടതാണു്.

ഇനി എനിക്കു പറയുവാനുള്ളതു ഏലത്തോട്ടക്കാരുടെ കാര്യമാണു്. അവർ ദുഷ്ടമൃഗങ്ങളോടു മല്ലിട്ടു് വനത്തിനകത്തു് പ്രവേശിച്ചു് അനവധി ക്ലേശങ്ങൾ സഹിച്ചു് കൃഷിചെയ്യുന്നവരാകുന്നു. ൧൯൩൮-ൽ ഗവണ്മെൻറു പ്രഖ്യാപനം ചെയ്തു ഏലകൃഷി വനങ്ങളിൽ നടത്തുവാൻ താല്പര്യമുള്ളവക്കു് സ്ഥലം കിട്ടുന്നതാണു് എന്നു്. ൧൯൩൯-ൽ ഇതു സംബന്ധിച്ചു് ഒരു നിയമം പാസാക്കി. ഏക്കറൊന്നുക്കു് 5 രൂപ ഡിപ്പാസിററുവച്ചു അപേക്ഷ കൊടുക്കുകയും ആ അപേക്ഷകരുടെ സ്വന്തചിലവിൽ ഭൂമി സർവെ നടത്തി അതിൽ പ്രവേശിച്ചു് കൃഷി ചെയ്യുകയും ചെയ്താൽ ആ സ്ഥലം ഏലകൃഷിക്കായി അവക്കു വിട്ടുകൊടുക്കുന്നതാണെന്നും ഗവണ്മെൻറിൻെറ അനുവാദത്തോടുകൂടി ആ സ്ഥലത്തു പ്രവേശിക്കുന്നവൻ ഏക്കറൊന്നിന് ഒന്നര രൂപ വച്ചു് കരം കൊടുക്കണ

[Mr. Paul Thaliath]

മെന്നും അനുവാദംകൂടാതെ പ്രവേശിക്കുന്നവർ ൫ രൂപ കരം കൊടുക്കണമെന്നും വ്യവസ്ഥചെയ്തു. ഈ വ്യവസ്ഥയിന്മേൽ അനവധി ആളുകൾ വനത്തിൽ പ്രവേശിച്ച് ഏലകൃഷിചെയ്തു. കാട്ടാനകളുടേയും പുഴുക്കളുടേയും മലമ്പനിയുടേയും ശല്യങ്ങൾ അവർ സഹിച്ചു. എന്നാൽ ൧൧൨൦ വന്നപ്പോൾ ഗവണ്മെന്റിന് വ്യക്തിപരമായ ചില കാരണങ്ങൾകൊണ്ടും ചില സമുദായങ്ങളോടുള്ള എതിർ മനോഭാവംകൊണ്ടും ഇതു സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ നയം പാടെ മാറി. ൧൧൧൭-ലെ വ്യവസ്ഥകൾ ഒന്നുംതന്നെ സ്വീകരിക്കാതെ, ൧൧൨൦-ലെ ഒരു പുതിയ ഉത്തരവിൻപ്രകാരം പലരേയും അവർ കൃഷിചെയ്തിരുന്ന സ്ഥലത്തുനിന്നും ഇറക്കിവിട്ടു. സ്ഥലം നന്നാക്കിയതിനും തോട്ടം ഉണ്ടാക്കിയതിനും യാതൊരു പ്രതിഫലവും കൊടുക്കാതെയാണ്, ഈ ആളുകളെ ആ സ്ഥലങ്ങളിൽനിന്നും ഇറക്കിവിട്ടതു. മി. കാപ്പൻ ഇവിടെ പറയുകയുണ്ടായി മി. പൈലിതോമസിന്റെ സ്ഥലം അയാൾക്കു യാതൊരു പ്രതിഫലവും കൊടുക്കാതെ അയാളിൽനിന്നും ഒഴിപ്പിച്ച് ഇവിടത്തെ ഒരു വലിയ ഉദ്യോഗസ്ഥന്റെ ഭാര്യക്കു കുത്തകപ്പാട്ടത്തിനു കൊടുത്തു എന്ന്. അതു വാസ്തവമായ ഒരു സംഗതിയാണെന്നു എനിക്കും ധൈര്യപൂർവ്വം പറയാൻ കഴിയും. ഞാൻ അതുസംബന്ധിച്ച് ഒരു ചോദ്യംതന്നെ ഇവിടെ അയച്ചിട്ടുണ്ട്. ഏലകൃഷി ചെയ്തുകൊണ്ടിരിക്കുന്നവരെ യാതൊരു പ്രതിഫലവും കൊടുക്കാതെ ആ സ്ഥലത്തുനിന്നും ഇറക്കിവിടുകയും ആ സ്ഥലം അന്യർക്കു കുത്തകപ്പാട്ടത്തിനു കൊടുക്കുകയും ചെയ്യുന്ന നയത്തെപ്പററി ഗവണ്മെന്റു പുനരാലോചിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഗവണ്മെന്റിനു മുമ്പുണ്ടായിരുന്ന വ്യക്തിപരമോ സാമുദായികപരമോ ആയ വിദ്വേഷങ്ങൾ എല്ലാം മറന്ന് ഈ കാര്യത്തിൽ നീതിപൂർവ്വമായ ഒരു തീരുമാനം ഉണ്ടാകുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

ഫാറസ്റ്റ് ഇൻഡസ്ട്രീസ് കമ്പനിക്ക് സ്ഥലം കൊടുത്തിരിക്കുന്നതിനെപ്പററി ഒരു വാക്കു എനിക്കു പറയേണ്ടിയിരിക്കുന്നു. ഇതു് ഈ ഗവണ്മെന്റ് ചെയ്തതല്ല. മുൻപിരുന്ന ഗവണ്മെന്റ് ഈ കമ്പനിക്കാരെ സഹായിക്കണമെന്നുള്ള മനഃപൂർവ്വ ഉദ്ദേശത്തോടുകൂടി അവർക്ക് അനുകൂലമായ വ്യവസ്ഥയിൽ ഈ സ്ഥലം വിട്ടുകൊടുക്കുകയാണു ചെയ്തതു. എന്നാൽ ഇപ്പോഴത്തെ പോക്ക് കണ്ടിട്ട് ഇന്നത്തെ ഗവണ്മെന്റിനോട് അനുസരിച്ചാണു ഈ കമ്പനിക്കാർ ഇപ്പോൾ പ്രവർത്തിച്ചുവരുന്നതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഗവണ്മെന്റു

ഡിപ്പോവിൽനിന്നു വില്ക്കുന്നതിനെക്കാൾ കുറഞ്ഞവിലക്കാണു് അവർ തടി വില്ക്കുന്നതു്. അതിനാൽ ഏതൊരു കരാറിൽ ആണു് ഈ കമ്പനികൾക്കു് തടികൾ മുറിക്കുന്നതിനും മററും ഉള്ള അനുവാദം കൊടുത്തിട്ടുള്ളതു് എന്നു് ആലോചിച്ചു് ഗവണ്മെൻറിനു് ഇതിൽനിന്നും കൂടുതൽ ആദായം കിട്ടത്തക്കവിധം ഈ കരാറുകളിൽ വല്ല മാററങ്ങളും വരുത്തുവാൻ സാധിക്കുമോ എന്നു കാര്യമായ നിലയിൽ ചിന്തിക്കണമെന്നാണു എനിക്കു തോന്നുന്നതു്. ഏതു നിലയിലും ഇതേപ്പററി നിയമപരമായ ഉപദേശം സ്വീകരിച്ചു നിവൃത്തിയുണ്ടെങ്കിൽ പുതിയ കരാറു ഗവണ്മെൻറിനു് കൂടുതൽ ഗുണകരമായ നിലയിൽ പുതുക്കുന്നതിൽ ശ്രദ്ധപതിപ്പിക്കേണ്ടതു് ആവശ്യമാണു്. എൻെറ വിശ്വാസം അങ്ങിനെ ചെയ്യാമെന്നും അപ്പോൾ കൂടുതൽ ആദായം കിട്ടുമെന്നുമാണു്.

MR. K. R. ELANKATH: സർ, എനിക്കു് ഗവണ്മെൻറിനേയും ഈ സഭയേയും പ്രധാനമായി അറിയിക്കുവാനുള്ളതു് ഇന്നു് നമ്മുടെ വനങ്ങൾ വേണ്ടവിധത്തിൽ സംരക്ഷിക്കപ്പെടുന്നില്ല എന്നുള്ളതാണു്. ഫാറസ്റ്റ് കൺസർവേറററുടെ ജോലി ഫാറസ്റ്റ് കൺസർവ്വു ചെയ്യുകയാണെങ്കിലും വാസ്തവത്തിൽ അടുത്തകാലത്തു് തിരുവിതാംകൂറിൽ വനവിഭവങ്ങൾക്കു ഉണ്ടായിട്ടുള്ള മാററത്തെ പരിഗണിച്ചു നോക്കുന്ന പക്ഷം അദ്ദേഹം ഒരു ഡിസ്ട്രോയർ ആയി തീർന്നിരിക്കുകയാണു് എന്നാണു് എൻെറ പക്ഷം. എൻെറ മാന്യസ്നേഹിതന്മാരിൽ പലരും എത്രതന്നെ അഭിപ്രായപ്പെട്ടു എന്നാലും വനങ്ങൾ ലോകത്തിൻെറ സ്വത്താണെന്നും അവ ഒഴിച്ചുകൂടാത്ത നേട്ടമാണെന്നും ഉള്ള സംഗതി ഒരിക്കലും വിസ്മരിക്കാൻ പാടില്ലാത്തതാണു്. ഇന്നു് നമുക്കു് വേണ്ടിടത്തോളം ഭക്ഷണസാധനങ്ങൾ ഇല്ലാത്തതിനുള്ള പ്രധാനകാരണം ഭൂമിയുടെ കുറവല്ലെന്നും എന്നാൽ ആഹാരസാധനോല്പാദനത്തിനു് നാം വേണ്ടവിധം പ്രയത്നിക്കാത്തതുകൊണ്ടാണെന്നും നാം മനസ്സിലാക്കേണ്ടതാണു്. വനങ്ങളുടെ വെളിയിൽതന്നെ ധാരാളം ഭൂമി കൃഷി ചെയ്യാതെ കിടക്കുന്നുണ്ടു്. അവ വേണ്ട വിധത്തിൽ ഇറിഗേഷൻ മുഖവും മററും നെടുംകൃഷി സമ്പ്രദായത്തിൽതന്നെ കൃഷിചെയ്യാവുന്നതാണു്. അങ്ങനെ അല്ലാതെ ഇപ്പോൾ കൃഷിയുള്ള സ്ഥലങ്ങളിൽ കൂട്ടുകൃഷിമൂലം വിളവു് ഇരട്ടിക്കാവുന്നതുമാണു്. അടുത്ത കാലത്തു് ധാരാളം തടികൾ വനങ്ങളിൽനിന്നും വെട്ടിയിറക്കിയിട്ടുള്ളതായി കാണുന്നുണ്ടു്. എന്നാൽ ആ സ്ഥാനങ്ങളിൽ വേറെ വൃക്ഷങ്ങൾ പിന്നെ നട്ടുപിടിപ്പിച്ചിട്ടുണ്ടോ എന്നു നോക്കിയാൽ അതും ഇല്ലാത്തതായാണിരിക്കു

[Mr. K. R. Elankath]

ന്നതു്. ഒന്നാമതു് വനങ്ങളെ അഴിക്കുന്നതുനിമിത്തം മഴയുടെ കുറവു ഉണ്ടാകുന്നു. മററുതരത്തിൽ ഇതു് കൃഷിക്കു ബാധകമാവുകയും ചെയ്യുന്നു. വനങ്ങളിൽനിന്നും ഉള്ള ഒലിച്ചിറക്കംകൊണ്ടു് കുളങ്ങൾ തോടുകൾ മുതലായവയിൽ ഉള്ള വെള്ളപ്പരപ്പത്തിനു് വർദ്ധനവുണ്ടാകുകയും അതുമൂലം കൃഷിക്കാവശ്യമുള്ള ജലസൌകര്യം ലഭിക്കുകയും ചെയ്യുന്നു. എന്റെ അഭിപ്രായത്തിൽ തിരുവിതാംകൂറിലുള്ള വനങ്ങളെ ശരിയായ രീതിയിൽ ഉപയോഗിക്കുകയും മററു കൃഷിസ്ഥലങ്ങളെ ഒരിഞ്ചുതരിശുപോലും വിടാതെ നല്ലവണ്ണം കൃഷി ചെയ്യുകയും ചെയ്താൽ തിരുവിതാംകൂറിൽ ഭക്ഷണക്ഷാമം ഉണ്ടാകുകയില്ലെന്നാണു്. താൽക്കാലികമായ ആദായത്തെ മാത്രം നോക്കി വനവിഭവങ്ങളെ ഇല്ലായ്മ ചെയ്യുന്നതു ആത്മഹത്യാപരമാണു്. തിരുവിതാംകൂറിൽ ഇരുപത്തഞ്ചുകൊല്ലങ്ങൾക്കുമുമ്പു് ആദായത്തു് ൧൦൯൮-ൽ ഫാറസ്റ്റിലെ വരവു് ൧൧ ലക്ഷമാണെങ്കിലും ഇന്നു് അതു് ഒരുകോടി രൂപയായി വർദ്ധിച്ചിരിക്കുന്നു എന്നു കാണുമ്പോൾ വാസ്തവത്തിൽ സന്തോഷമല്ല ഭയമാണുണ്ടാവുന്നതു എന്തെന്നാൽ നല്ല തടി വെട്ടിയിറക്കി പലപലസമയങ്ങളിലായി വിററഴിച്ചാണു് ഈ വരവുണ്ടാക്കിയിരിക്കുന്നതു്. ൧൧൧൪-ൽ ൩൦ ലക്ഷം രൂപയായിരുന്നു ഫാറസ്റ്റിലെ ആദായം. യുദ്ധം ആരംഭിച്ചതിനുശേഷം തടിയുടെ ആവശ്യം വളരെ വർദ്ധിക്കുകയും ഇൻഡ്യാഗവണ്മെൻറിൽനിന്നുതന്നെ യുദ്ധാവശ്യങ്ങൾക്കായി തിരുവിതാംകൂർ ഗവണ്മെൻറിനോടു് തടി ആവശ്യപ്പെടുകയും അങ്ങനെ വമ്പിച്ച രീതിയിൽ കാണ്ട്രാക്ററുകൊടുത്തു ആകർഷണീയമായിരുന്ന നമ്മുടെ വനങ്ങളെ വിററഴിക്കുകയാണു് ചെയ്തിട്ടുള്ളതു്. ൧൧൨൧-ൽ എൺപതുലക്ഷം രൂപയായും, ൧൧൨൨-ൽ ഇതു് ൮൬ ലക്ഷമായും, ൧൧൨൩-ൽ ൯൦ ലക്ഷം രൂപയായും വർദ്ധിച്ചു. എന്നാൽ, നേരേമറിച്ചു് നാം വെട്ടിയിട്ടുള്ള തടികൾക്കു് റീജനറേഷൻ നടത്തിയിട്ടുണ്ടായിരുന്നെങ്കിൽ അതു് അഭിനന്ദനീയമായിരുന്നേനേ. തിരുവിതാംകൂറിലെ വനങ്ങളിലെ ആദായത്തിൽ അധികം ഭാഗവും ഈ തടി വെട്ടുന്നതിൽനിന്നുമാണു് ലഭിക്കുന്നതു്. മൈനർ പ്രൊഡിയൂസിൽനിന്നും മൂന്നുനാലുലക്ഷത്തിൽ കൂടുതൽ കിട്ടുന്നില്ല. ഫാറസ്റ്റു് നിയമം അനുസരിച്ചും മററും അതായതു് പിഴയായും മററും കിട്ടുന്നതുക വളരെ തുച്ഛമാണു്. അതിനാൽ ആദായം മിക്കവാറും മുഴുവനും തന്നെ തടിയിൽനിന്നാണു് ഉണ്ടായിട്ടുള്ളതു് എന്നു പറയുന്നതിൽ തെററില്ല. ൧൧൨൧-ൽ തടി മാത്രം വെട്ടി ൩൨ ലക്ഷവും ൧൧൨൨-ൽ ൭൮ ലക്ഷവും ൧൧൨൩-ൽ ൮൯ ലക്ഷവും എന്നാൽ

അമ്പ ൧൧൨൪ ആകെമ്പോൾ ൻറ ലക്ഷവും ആയിട്ടാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. വേറൊന്നു്, നാം ഇപ്പോൾ ഒരു ഗൃഹനിർമ്മാണപദ്ധതിയെപ്പററി ആലോചിച്ചുകൊണ്ടിരിക്കയാണു്, അതിനു് നമുക്കു തടി വേണം അതു് കോവാപ്പറേറ്റീവ് ഡിപ്പാർട്ടുമെൻറു മുഖേനയോ ഗ്രാമോദ്ധാരണ ഡിപ്പാർട്ടുമെൻറു മുഖേനയോ കാൺട്രാക്ടറുമാർ കൊടുത്തു് ഈ തടി ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണു്. ഇപ്പോൾ നേരത്തേതന്നെ നാം വെട്ടി സംഭരിച്ചിരിക്കുന്ന തടിയേക്കുറിച്ചാണു് ഞാൻ ഈ പറഞ്ഞതു്. ഏതായാലും തടി ഇനി വെളിയിൽ കൊടുക്കുവാൻ പാടില്ലെന്നാണു് എൻെറ അഭിപ്രായം. ഇത്രയും മാത്രമേ എനിക്കു പറയുവാനുള്ളൂ.

MR. N. V. CHACKO: സർ, ഫാറസ്റ്റ് പ്രിസർവ്വ് ചെയ്യേണ്ട ആവശ്യത്തേക്കുറിച്ചു് രണ്ടുവാക്കു പറഞ്ഞാൽ കൊള്ളാമെന്നു് ആഗ്രഹിക്കുന്നു. വനങ്ങൾ ഏതു രാജ്യത്തിൻെറയും വലിയ ഒരു സ്വത്താണു്. പ്രത്യേകിച്ചും നമ്മുടെ തിരുവിതാംകൂറിനു്—സ്വർണ്ണഖനികളോ മററു ലോഹഖനികളോ ഒന്നും ഇല്ലാതിരിക്കുന്ന സ്ഥിതിക്കു വനങ്ങളാണു് ഏററവും വില പിടിച്ചസ്വത്തു്. അവ വെട്ടിനശിപ്പിക്കുന്നതും വിററഴിക്കുന്നതും വളരെ കഷ്ടമാണു്. ഇരുപതുകൊല്ലത്തിനിപ്പുറം പത്തുകൊല്ലത്തിനു മുമ്പുനമ്മുടെ വനങ്ങളുടെ സ്ഥിതി എന്തായിരുന്നുവെന്നും ഇപ്പോൾ വനങ്ങൾ കൂടുകയാണോ കുറയുകയാണോ ചെയ്തിട്ടുള്ളതെന്നും നാം കണ്ടുപിടിക്കണം. അടുത്തകാലത്തു, വനങ്ങളിൽ നിന്നു ധാരാളം തടിയും വിറകും വെട്ടിയിറക്കിയിട്ടുണ്ടു്. യുദ്ധാവശ്യത്തിനായും മററും വൃക്ഷങ്ങൾ എല്ലാം വെട്ടിവിററതുകൊണ്ടു കുടിയിടങ്ങളിലുള്ള യാതൊരു പുരയിടത്തിലും വൃക്ഷങ്ങളില്ലാതായി തീർന്നിരിക്കുന്നു എന്നു തന്നെ പറയാം. തടിയുടെ നിരക്കുവില വർദ്ധിച്ചിരിക്കുന്നതുകൊണ്ടു കൂടുതൽ വില കിട്ടുന്നുവെന്ന കാരണത്താൽ കൂടുതൽ തടി വെട്ടി വില്ക്കുന്നതു ബുദ്ധിപൂർവ്വമല്ല. രാജ്യത്തെ സ്ഥാവരസ്വത്തായ വനങ്ങളെ താല്ക്കാലിക ലാഭത്തിനുവേണ്ടി വെട്ടിത്തെളിക്കുന്നതു് വാസ്തവത്തിൽ വളരെ ബുദ്ധിശൂന്യമാകുന്നു. സർ സി. പി. രാമസ്വാമിഅയ്യരുടെ ഭരണകാലത്തു്, കൃഷിക്കും മററും വനങ്ങളിൽനിന്നും സ്ഥലം വിട്ടുകൊടുക്കാൻ സമ്മതിക്കുകയില്ലെന്നു് അദ്ദേഹം ഖണ്ഡിതമായി പറഞ്ഞുവെങ്കിലും വാസ്തവത്തിൽ അങ്ങനെയല്ല ഉണ്ടായതു്. ഫാറസ്റ്റ് ഇൻഡസ്ട്രീസ് കമ്പനിക്കും ഫെർട്ടിലൈസേഴ്സ് ആൻഡു് കെമിക്കൽസ് കമ്പനിയുടെ ആവശ്യത്തിലേക്കു് വേണ്ടിയും ധാരാളം തടി വെട്ടുന്നതിനു്

[Mr. N. V. Chacko]

സർ സി. പി. രാമസ്വാമിഅയ്യർ അനുവാദം നൽകി. പെട്രോളിന്റെ ക്ഷാമംമൂലം ബസ്സുകളും കൽക്കരിയുടെ ദൗർലഭ്യംമൂലം തീവണ്ടിയും വിറകും കരിയും ധാരാളമായി ഉപയോഗിച്ചുവരുന്നതിനാൽ ഒരു കൊല്ലംകൊണ്ടു നാം വെട്ടിയെടുക്കുന്ന വിറകിനും വൃക്ഷങ്ങൾക്കും പകരം അത്രയുംതന്നെയെങ്കിലും വൃക്ഷങ്ങൾ അതാതുകൊല്ലം നാം നട്ടുപിടിപ്പിക്കണം. അല്ലാത്തപക്ഷം നമ്മുടെ രാജ്യത്തു അധികം താമസിയാതെ തന്നെ വനങ്ങൾ ശോഷിച്ചുപോകുന്നതാണ്. പണ്ടു കാലത്തേക്കാൾ നമ്മുടെ വനങ്ങൾ മോശമായിപ്പോയിട്ടുണ്ടെങ്കിൽ അവയെ പൂർവസ്ഥിതിയിലൊ അതിനെക്കാൾ മെച്ചമായോ ആക്കുന്നതിനു നാം കഴിയുന്ന എല്ലാ ശ്രമങ്ങളും ഉടനെ തുടങ്ങേണ്ടതാകുന്നു. വിറകിനു പകരം കൽക്കരി ഉപയോഗിക്കുന്നതാണ് എല്ലാവിധത്തിലും നല്ലതും ആദായകരവുമെന്ന് "മലയാള മനോരമ" അഭിപ്രായപ്പെട്ടിട്ടുണ്ട്. ഫെർട്ടിലൈസേഴ്സ് കമ്പനിക്കു വിറകുകൊടുക്കുന്നതുകൊണ്ടു രാജ്യത്തിനു ഭീമവും അപരിഹാര്യവുമായ നഷ്ടമുണ്ടാകുന്നുവത്രെ. നമ്മുടെ വനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടിവന്നാൽ ഒരു പത്തുകൊല്ലത്തേക്കു പോലും തടിവെട്ടി വിൽക്കാതിരിക്കാവുന്നതാണു. വനങ്ങൾക്കു ദോഷം കൂടാതെ കൃഷിക്കു സ്ഥലം വിട്ടുകൊടുക്കുന്നതിനു എനിക്കു എതിരഭിപ്രായമുണ്ടെന്നു തെറ്റിദ്ധരിക്കരുത്.

MR. E. P. POULOSE (*Muvattupuzha III—General*) : സർ, വനങ്ങൾ കൃഷിക്കു കൊടുക്കുന്നതിനെപ്പറ്റിയാണ് എനിക്ക് പ്രധാനമായിട്ട് പറയാനുള്ളത്. തൽക്കാലം ഉണ്ടായിരിക്കുന്ന ഭക്ഷണക്ഷാമം പരിഹരിക്കുന്നതിന് നമ്മുടെ വനങ്ങൾ കൃഷിചെയ്യുന്നത് എത്രമാത്രം ആവശ്യമായിരുന്നാലും വനങ്ങളിൽ കൃഷിചെയ്യുന്നതുകൊണ്ടുമാത്രം നമ്മുടെ ഭക്ഷണക്ഷാമം പരിഹരിക്കാമെന്ന് വിചാരിക്കുന്നതു ശരിയല്ല. ഈ ഡ്രൈ കൾട്ടിവേഷൻ ഉള്ള സ്ഥലങ്ങളെ സംബന്ധിച്ചേടത്തോളം വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് വനം ആക്കാവുന്നതാണ്. എന്നാൽ ചതുപ്പുനിലങ്ങൾ കൃഷിക്കുകൊടുത്താൽ മാത്രമേ ഈ ഭക്ഷണക്ഷാമം പരിഹരിക്കാൻ സാധിക്കുകയുള്ളു. അങ്ങനെയാണെങ്കിൽ ഈ ഡ്രൈകൾട്ടിവേഷനായിട്ട് ഭൂമി ഒന്നോ രണ്ടോ വർഷത്തേക്ക് കൊടുക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. മാത്രമല്ല ആ സ്ഥലങ്ങൾ കൃഷിക്കുകൊടുക്കുകയാണെങ്കിൽ അത് നെൽകൃഷി സ്ഥലങ്ങളാക്കി എടുക്കുന്നതിന് വളരെ ഭീമമായ തുക ചിലവു ചെയ്യേണ്ടതായിട്ടു വരും. അങ്ങനെ ധാരാളം പണം ചെലവുചെയ്ത് അത് കൃഷിചെയ്യാൻ സൗകര്യം ഉള്ള വിധത്തിൽ ആക്കിത്തീർക്കുമ്പോഴേക്കും കൊടുത്തിരുന്ന കാലാവധി അവസാനിക്കുന്നതും

അതു് തിരികെ ഏൽപ്പിക്കേണ്ടതായിട്ടും ആണു് വന്നുചേരുന്നതു്. അതിനാൽ ഇങ്ങനെ ഭൂമി പതിച്ചുകൊടുക്കുന്നതു് കുറേക്കാലത്തേക്കെങ്കിലും അതായതു്, കുറഞ്ഞതു് പത്തുകൊല്ലക്കാലത്തേക്കെങ്കിലും കാലാവധി ഉണ്ടായിരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അങ്ങനെയാണെങ്കിൽ മാത്രമേ കർഷകർ ഈ നിലങ്ങൾ പതിച്ചെടുക്കുന്നതിനും അവയിൽ കൃഷിചെയ്യുന്നതിനും ഉൽസുകരായി ഭവിക്കുകയുള്ളൂ. അല്ലാത്തപക്ഷം സ്ഥിരമായി നമ്മുടെ ഭക്ഷണക്ഷാമം പരിഹരിക്കാൻ സാധിക്കുകയില്ല. എനിക്കു് ഒന്നു പറയുവാനുള്ളതു് ഫാറസ്റ്റ് ഏര്യായിൽ ചതുപ്പുനിലങ്ങൾ എത്രയുണ്ടെന്നും എത്രയെണ്ണം നിലങ്ങളായും മററും മാററത്തക്കവിധം കൊടുക്കാമെന്നും അവ ഏതേതു ക്ഷേത്രവ്യവസ്ഥകളിൽ കൊടുക്കുമെന്നും ജനങ്ങളെ അറിയിക്കേണ്ടതാണു്. ഇന്നു് കാലത്തു ചോദിച്ച ഒരു ചോദ്യത്തിനുത്തരമായി ആ വകുപ്പു മന്ത്രി പറഞ്ഞതു സ്ഥലം വിട്ടുകൊടുത്തിട്ടുള്ളതു കൃഷിചെയ്യാതിരുന്നതിനുള്ള കാരണം അവിടെ കൃഷി ചെയ്യാൻ ആളില്ലാത്തതുകൊണ്ടാണെന്നാണു്. എന്റെ അറിവു് പലരും സ്ഥലം ആവശ്യപ്പെട്ടിട്ടും കൊടുത്തിട്ടില്ലെന്നാണു്.

HON'BLE MR. C. KESAVAN: ഞാൻ പറഞ്ഞ മറുപടി ആ അർത്ഥത്തിലായിരുന്നോ?

MR. E. P. POULOSE : എനിക്കു് ഓർക്കുവാൻ കഴിവുള്ളിടത്തോളം അങ്ങനെതന്നെയാണെന്നാണു എന്റെ പക്ഷം. ഏതായാലും ഞാൻ പറയുന്നതു് കൃഷി ചെയ്യുന്നതിനു സൌകര്യമുള്ള ചതുപ്പുനിലങ്ങൾ ആളുകൾക്കു് ഒരു ക്ലിപ്തകാലാവധിക്കു പതിച്ചുകൊടുക്കണം എന്നാണു്. ഇത്രയും മാത്രമേ എനിക്കു ഇതിനെക്കുറിച്ചു പറയാനുള്ളൂ.

MR. P. CHACKO : സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടുതന്നെ രണ്ടു സംഗതികളെപ്പററി പറയണമെന്നു് ഞാൻ വിചാരിക്കുന്നു. ഒന്നാമതു് ഫാറസ്റ്റു കൃഷിക്കുമാത്രമല്ല ഉപയോഗിച്ചുവരുന്നതെന്നും കന്നുകാലികളെ തീററുന്നതിനും പച്ചിലവളം മുതലായ കൃഷിക്കാവശ്യമുള്ള വളങ്ങൾ ശേഖരിക്കുന്നതിനും ഫാറസ്റ്റു സൌകര്യപ്പെടുന്നതാണെന്നും അതിനാൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും അതിനുവേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണെന്നുമുള്ള സംഗതി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാഗ്രഹിക്കുന്നു. മുമ്പു കന്നുകാലികളെ അടുത്തുള്ള റിസർവുവനങ്ങളിൽ മേയുന്നതിനു അനുവദിച്ചുകൊണ്ടിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ അതിനു ഡിപ്പാർട്ടുമെൻറുകാർ

[Mr. P. Chacko.]

വലിയ തടസ്സങ്ങൾ പറകയും മററും ചെയ്തുകൊണ്ടിരിക്കുന്നു. ഫാറസ്റ്റ് തടി വെട്ടുന്നതിനുമാത്രം ഉപയോഗിച്ചുകൂടെന്നല്ല, എന്നാൽ നേരേ മറിച്ച് മുൻപറഞ്ഞ ആവശ്യങ്ങൾക്കുവേണ്ടി പ്രിസർവു ചെയ്യുകയുംകൂടി ചെയ്യണമെന്നാണ് എൻെറ അഭിപ്രായം. കൃഷിക്ക് അത്യാവശ്യമായിട്ടുള്ളത് വളവും വെള്ളവുമാണെന്നുള്ള സംഗതി നിസ്തക്കമാണ്. ഫാറസ്റ്റിൽനിന്നും പച്ചിലവളം ധാരാളമായി ലഭിക്കുന്നതിനും റിസർവു വനങ്ങളിൽ കന്നുകാലികളെ മേയ്ക്കുന്നതിനും സൌകൎയ്യം കൊടുക്കുകയാണെങ്കിൽ ആ വഴിക്ക് കന്നുകാലിവളം പച്ചിലവളം ഇവ ചേൎന്നുള്ള കമ്പോസ്റ്റുവളവും ലഭിക്കുന്നതാണ്. ഫാറസ്റ്റ് പ്രിസർവ് ചെയ്യുന്നതുകൊണ്ടു കൃഷിക്ക് വലിയ സഹായമുണ്ടെന്നുള്ള സംഗതിയും എല്ലാവൎക്കും അറിവുള്ളതാണല്ലോ. അതിനാൽ സർ സി. പി. രാമസ്വാമിഅയ്യരുടെ കാലത്ത് അദ്ദേഹത്തിൻെറ പ്രേരണയ്ക്കു വശംവദരായി ഏതെങ്കിലും കമ്പനികൾക്ക് ഫാറസ്റ്റിൽനിന്നും തടി വെട്ടുന്നതിനു കരാർകൊടുത്തിട്ടുണ്ടെങ്കിൽ അതു മാററി ഇനിമേലാൽ നമ്മുടെ ഫാറസ്റ്റിൽനിന്നും യാതൊരു തരത്തിലും തടി വെട്ടി ഇറക്കാത്തവണ്ണം ഉള്ള നടപടി എടുക്കേണ്ടതാണ് ഗവൺമെൻറിനുതന്നെ മുൻപറഞ്ഞ തരത്തിൽ വളങ്ങൾ ശേഖരിച്ച് വളംഡിപ്പോകൾ മുഖാന്തിരം വിതരണം ചെയ്ത് ആദായം ഉണ്ടാക്കാവുന്നതുമാണ്.

കൂടാതെ കമ്പനിക്കാർ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നുള്ള വനങ്ങളിൽനിന്നും ധാരാളം വിറകുകൾ ശേഖരിച്ചു വിററുവരുന്നുണ്ട്. സാധാരണ ഒരു ടൺ വിറകിനു ൨൰ രൂപാ മുതൽ ൩൰ രൂപാവരെ വിലയുള്ള ഇക്കാലത്ത് ഈ ഇനത്തിൽ നിന്നുതന്നെ അവർ ആയിരക്കണക്കിനു രൂപാ തട്ടിയെടുക്കുന്നുണ്ട്. ഇതു കാണുമ്പോൾ ഗവൺമെൻറിനു വമ്പിച്ച നഷ്ടമുണ്ടാകത്തക്കവണ്ണമുള്ള ഒരുടമ്പടി ഉണ്ടാക്കിയല്ലോ എന്നു വിചാരിച്ചു ഖേദം തോന്നിപ്പോകുന്നു. കമ്പനിക്കാരുടെ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ കന്നുകാലികൾക്ക് മേച്ചിൽ സൌകൎയ്യം ധാരാളം ഉള്ളതും എന്നാൽ അവിടെ കന്നുകാലികളെ പ്രവേശിപ്പിക്കുന്നതിൽ അവൎക്ക് വൈമനസ്യം ഉള്ളതായും കാണുന്നു. കന്നുകാലി വളൎത്തലിൻെറ ഉപയോഗം നാട്ടിനത്യന്താപേക്ഷിതമായതുകൊണ്ടു ഒരു നിയമംമൂലമെങ്കിലും പരിഹാരമുണ്ടാക്കേണ്ടതാകുന്നു. ഇത്രയും പറഞ്ഞുകൊണ്ടു എൻെറ പ്രസംഗത്തെ ഉപസംഹരിക്കുന്നു.

MR. N. P. VARGHIS (*Muvattupuzha I—General*) : സർ, എൻെറ ബഹുമാന്യ സ്നേഹിതന്മാരിൽ ചിലർ തിരുവിതാംകൂറിൽ വനത്തിൻെറ

ആവശ്യം തന്നെ ഇല്ലെന്നും, മറ്റു ചിലർ വനത്തെ തൊട്ടുപോകാൻ പാടില്ലെന്നും ഉള്ള വാദമുഖങ്ങൾ ഇവിടെ ഉന്നയിച്ചു. എന്നാൽ ഈ രണ്ടഭിപ്രായത്തോടും എനിക്കു് യോജിക്കാൻ നിവൃത്തിയില്ല. ആഹാരദൗർലഭ്യം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ പരിതഃസ്ഥിതിയിൽ കൃഷി ചെയ്യാൻ സൗകര്യമുള്ളതും എന്നാൽ ഫാറസ്റ്റിന്റെ യഥാർത്ഥ ആവശ്യത്തിനു വിഘാതം വരാത്തതുമായുള്ള സ്ഥലങ്ങൾ കൃഷിക്കായി പതിച്ചുകൊടുക്കണമെന്നുള്ളതാണു് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മി. കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ പ്രസ്താവിച്ചതു് വനങ്ങളിൽനിന്നും ഒരിഞ്ചു സ്ഥലംപോലും കൃഷിക്കു പതിച്ചുകൊടുക്കാൻ പാടില്ലെന്നാണു്.

MR. K. P. NILAKANTA PILLAI: സർ, ഞാൻ അങ്ങിനെയല്ല പറഞ്ഞതു്. കൃഷിക്കുപയുക്തമല്ലാത്ത ഹൈലാൻഡ്സ് സാധുക്കൾക്കു് വീടു് ഉണ്ടാക്കുന്നതിനു വേണ്ടി കൊടുക്കണമെന്നാണു് പറഞ്ഞതു്.

MR. N. P. VARGHIS: ഏതു സ്ഥലമായിരുന്നാലും ഒരു കൃഷിക്കല്ലെങ്കിൽ മറ്റൊരു കൃഷിക്കു് കൊള്ളിക്കാമെന്നുള്ള വിവരം മെമ്പർക്കറിവില്ലെന്നു തോന്നുന്നു. സർ, എന്റെ മറ്റൊരു ബഹുമാന്യ സ്നേഹിതനായ ഇലങ്കത്തു പറഞ്ഞു, വനങ്ങൾ നമ്മുടെ പൂർവ്വസ്വത്താണു്; അതിനെ തൊട്ടുപോകരുതെന്നു്. ഭൂതം നിധി കാത്തുകൊണ്ടിരിക്കുന്നതുപോലെ സൂക്ഷിച്ചുവയ്ക്കുന്നതിനു അല്ല നമ്മുടെ വനങ്ങൾ.

MR. K. R. ELANKATH: "താറാവിന്റെയും പൊൻമുട്ടയുടെയും കഥ മെമ്പർക്കറിഞ്ഞുകൂടേ."

MR. N. P. VARGHIS: എനിക്കറിയാം. താറാവിന്റെ മുട്ട നമുക്കെല്ലാവർക്കും ആവശ്യമുള്ള ഒരാഹാരപദാർത്ഥമാണു്. എന്നാൽ അതു പൊട്ടിക്കാതെ സൂക്ഷിച്ചു വയ്ക്കാതെ ആവശ്യംപോലെ ഉപയോഗിക്കണമെന്നാണു ഞാൻ പറയുന്നതു്. സർ, ഓരോ വർഷം കഴിയുംതോറും ജനങ്ങൾ വർദ്ധിച്ചുകൊണ്ടുതന്നെ വരുന്നു. അതനുസരിച്ചു ഭൂമിയുടെ വിസ്തീർണ്ണത കൂടുന്നില്ല. ഇവിടെ ൨,൫൦൦ ച. മൈൽ വനമുണ്ടു്. ഇപ്പോൾ ഒരാൾക്കു ശരാശരി ൪൨ സെന്റു് സ്ഥലം വീതമേ കൈവശമുള്ളു. നമ്മുടെ ജീവൽ പ്രശ്നം ആഹാരകാര്യമാണു്. കൃഷിയും വ്യവസായവും കൊണ്ടല്ലാതെ രാജ്യം പുരോഗമിക്കയില്ല. അതുകൊണ്ടു നിവൃത്തിയുള്ളിടത്തോളം സ്ഥലങ്ങൾ കൃഷിക്കു വിട്ടുകൊടുക്കണം. നമ്മുടെ രാജ്യത്തു ധാരാളം കുന്നുകൾ ഉണ്ടു്, അവ പല കൃഷികൾക്കും ഉപകാരപ്രദമാണു്. മൂവാറ്റുപുഴ

[Mr. N. P. Varghis.]

താലൂക്കിൽ ആറൂർ എന്ന സ്ഥലത്തു ഏകദേശം ൩൦൦ ഏക്കർ സ്ഥലം റിസർവ്വായി വെറുതെ ഇട്ടിരിക്കുന്നു. ഈ സ്ഥലം, വളരെക്കാലമായിട്ടു പിടിച്ചുപറി, കൊലപാതകം, ആത്മഹത്യാ മുതലായവയ്ക്കായി ഉപയോഗപ്പെടുത്തുന്നു. കൃഷിക്കു വളരെ ഉപയോഗപ്രദമായ ഒരു സ്ഥലമാണു അത്. ഇപ്പോഴുള്ള കുടിയാന്മാർ കൃഷിക്കു വിട്ടുകൊടുക്കണം. അടുത്തതായി ആലുവാ മുതൽ മൂന്നാർവരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും ഏകദേശം ഒരു മൈൽ വിസ്താരത്തിൽ കൃഷിക്കു പററിയ അനവധി ഏക്കർ സ്ഥലം പതിച്ചുകൊടുക്കാവുന്നതാണ്. മൂന്നാമതായിട്ടു ചതുപ്പുനിലങ്ങൾ (വെററ് ലാൻറ്) ഇവയോടു തൊട്ടുകിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കും കുടിപ്പാർപ്പിനുമായി കൊടുക്കേണ്ടതാണ്. നേര്യമംഗലം എന്ന സ്ഥലത്തു ചതുപ്പുനിലങ്ങൾ കൈവശമുണ്ടായിരുന്ന പത്തു കുടുംബക്കാർ, വീടുവയ്ക്കുന്നതിനു സ്ഥലം ഇല്ലാത്തതിനാലും, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഉപദ്രവം കൊണ്ടും കിട്ടുന്ന വിലയ്ക്കു നിലംവിററിട്ടു പോയതായി എനിക്കറിയാം. തിരുവിതാംകൂർകാരായ അനവധി ആളുകൾ, കൃഷിക്കും താമസത്തിനും സൗകര്യമില്ലാതെ വിഷമിച്ചതിന്റെ ഫലമായിട്ടു, മലബാർ മുതലായ സ്ഥലങ്ങളിൽ കുടിയേറിപ്പാർക്കുന്നു. അതേ അവസരത്തിൽ അനവധി ഏക്കർ സ്ഥലം ഇവിടെ ഉപയോഗപ്പെടുത്തി ഇട്ടിരിക്കുന്നു. ആഹാരക്ഷാമം ജനങ്ങളെ വലയ്ക്കുന്നു. ഭക്ഷ്യോൽപാദനത്തിന്റെ ആവശ്യകത നമ്മെ തുറിച്ചു നോക്കുന്നു. തരിശു ഭൂമികൾ നോക്കുമ്പോൾ ഇഷ്ടം തോന്നുന്നു. ഈ സ്ഥിതിക്ക് ഗവണ്മെൻറ് ഇനിയെങ്കിലും അലസതയെ കൈവെടിയണം. എന്റെ മാന്യസ്നേഹിതൻ മി. പി. എം. വർഗീസ പറയുന്നതുപോലെ വനങ്ങളെ എല്ലാംകൂടി നശിപ്പിക്കണമെന്നു ഞാൻ പറയുന്നില്ല. സ്വർണ്ണം വിളഞ്ഞു കൊണ്ടിരുന്ന മെസപ്പൊട്ടാമിയ, മരുഭൂമിയായതു്, അവിടത്തെ ലെബാനോൻ വനങ്ങളെ വെട്ടി നശിപ്പിച്ചതു കൊണ്ടാണ്. ആ നയം ഇവിടെ സ്വീകരിക്കണമെന്ന് എനിക്ക് അഭിപ്രായം ഇല്ല. യാതൊരു ഉപയോഗവുമില്ലാതെ വെറുതെ ഇട്ടിരിക്കുന്ന വനങ്ങൾ മാത്രം പതിച്ചുകൊടുത്താൽമതി. പറങ്കിമാവ്, റബ്ബർ, തേയില മുതലായവയ്ക്കുവേണ്ടി ഏകദേശം ൫,൦൦൦ ഏക്കറോളം സ്ഥലം ഗവണ്മെൻറു തന്നെ എടുത്തു കൃഷിചെയ്തതായി കാണുന്നു. എന്നാൽ അതിൽ നിന്നും ആദായം കിട്ടിയതായി ബഡ്ജറ്റിലില്ല. ഇതിനും പുറമേ, ഗ്രേസിംഗ് ലാൻറ് ധാരാളമുണ്ട്. ൫,൦൦൦-മോ, ൨,൦൦൦-മോ ഏക്കർ തിരിച്ചിട്ട് ലൈവ് സ്റ്റോക്ക ഫാറംസ് ഉണ്ടാക്കുന്നതു നല്ലതാണ്.

ഇങ്ങനെ നോക്കിയാൽ അനവധി ഏക്കർ സ്ഥലങ്ങൾ തിരുവിതാംകൂറിൽ കൃഷിക്ക് സൗകര്യപ്രദമായിട്ടുണ്ടെന്ന് നമുക്ക് എല്ലാപേർക്കും ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്. അതുപോലെ തന്നെ കുടിപാർപ്പ് പ്രശ്നവും നമുക്ക് അവഗണിക്കാവുന്ന ഒന്നല്ല. തിരുവിതാംകൂറിൽ, കേറിക്കിടക്കാൻ വീടില്ലാതെ അനവധി സാധുക്കളും, അനവധി കൃഷിവേലക്കാർ ചിലപ്പോൾ റോഡുകളെത്തന്നെ ശരണം പ്രാപിക്കുന്നു. ഈ ഒരവസ്ഥയെ തുടർന്നുകൊണ്ടുപോകുന്നത് ഒരു ജനായത്തഗവൺമെന്റിന് യോജിച്ചതല്ല.

MR. MANNATHU PADMANABHA PILLAI: കുടിപാർപ്പിനു സ്വന്തം സ്ഥലം ഇല്ലാത്തവർക്ക് ഒന്നോ, രണ്ടോ ഏക്കർ സ്ഥലം വീതം പതിച്ചുകൊടുത്താൽ മതിയോ?

MR. N. P. VARGHESE: ഒന്നോ, രണ്ടോ ഏക്കറോ, അഞ്ചോ, പത്തോ ഏക്കറോ കൊടുക്കുന്നതിന് എനിക്ക് യാതൊരഭിപ്രായവ്യത്യാസവുമില്ല.

MR. PONNARA G. SREEDHAR (*Nedumangad II—General*): സർ, കൃഷിക്ക് അത്യാവശ്യമായിട്ടുപയോഗിക്കാൻ കൊള്ളാവുന്ന സ്ഥലങ്ങൾ ഈ വനങ്ങളിൽ ധാരാളമുണ്ട്. എന്നാൽ ഞാൻ കൃഷിയെന്നുദ്ദേശിക്കുന്നത് ഏലകൃഷിയോ റബ്ബർ കൃഷിയോ അല്ല. അവയ്ക്കായിട്ടു ഭൂമി പതിച്ചുകൊടുക്കണമെന്നെനിക്ക് അഭിപ്രായവുമില്ല. ഞാൻ ഉദ്ദേശിക്കുന്നതു നെൽകൃഷിയെപ്പറ്റിയാണ്. ഇന്നു മനുഷ്യർക്ക് നേരിട്ടിരിക്കുന്ന ആവശ്യം ആഹാരസാധനങ്ങളെ സംബന്ധിച്ചുള്ളതാണ്. അതാണ് നമ്മുടെ ജീവൽപ്രശ്നം. നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ട് ഫാറസ്റ്റിൽ തന്നെ പതിച്ചുകൊടുക്കപ്പെടാവുന്ന അനവധി ഏക്കർ സ്ഥലം ഉണ്ടെന്നുള്ളത് ബഹുമാനപ്പെട്ട പല മെമ്പറന്മാരും ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞു. ഒന്നുകൂടി ഞാനും അതിനെ പിൻതാങ്ങുന്നു. ജലദൗർലഭ്യംകൊണ്ടു കൃഷിക്കു സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ വളരെ പ്രയോജനപ്രദമായിരിക്കും. അതുകൂടാതെ ടാങ്കിനോ സിസ്റ്റപ്രകാരം അനവധി ഏക്കർ സ്ഥലം നെൽകൃഷിക്കായിട്ടു കൊടുക്കുന്നതും ഇപ്പോഴത്തെ ഭക്ഷണ ക്ഷാമത്തെ പരിഹരിക്കുന്നതിന് ഉതകത്തക്ക ഒന്നാണ്. മുൻപ് ഒരവസരത്തിൽ [illegible] മിനിസ്റ്റർ തന്നെ പറഞ്ഞിട്ടുണ്ട്, കുറ്റിവനങ്ങളും അവയുടെ പ്രാധാന്യത്തെപ്പറ്റിയും. ഞാൻ ഒന്നു സമ്മതിക്കുന്നു. കുറ്റിവനങ്ങൾ കൃഷിക്കുപയോഗപ്പെടുത്താമെങ്കിലും നാം വിചാരിക്കുന്നതുപോലെ നിസ്സാരച്ചെലവുകൊണ്ടു ഗണ്യമായ വിളവ് എടുക്കാൻ സാധിക്കയില്ല. കാരണം മിക്ക

[Mr. Ponnara G. Sreedhar.]

കട്ടിവനങ്ങളിലും ധാരാളം പാറക്കെട്ടുകളുള്ളതുകൊണ്ട് അവിടെ വല്ല മരച്ചീനിയോ മറ്റോ കൃഷിചെയ്യാമെന്നല്ലാതെ പ്രൈംമിനിസ്റ്റർ പറയുന്നതുപോലുള്ള മേന്മ ആ സ്ഥലത്തിന് ഉണ്ടോ എന്നെനിക്കു തോന്നുന്നില്ല. പറമ്പോ മറിച്ചു നെൽകൃഷിക്കു പറ്റിയതും വ്യയം ചുരുങ്ങിയതുമായ സ്ഥലങ്ങളെ പതിച്ചുകൊടുത്തെങ്കിൽ മാത്രമേ സാധുക്കൾക്കതുകൊണ്ട് ഗുണമുണ്ടാകയുള്ളു. നമുക്കവിടെ അടുത്തു ഒരു മുക്കുന്നിമലയുണ്ട്. ഏകദേശം മുന്നൂറേക്കറോളം വിസ്താരം വരുന്ന ആ ഭൂവിഭാഗം ഇങ്ങിനെ ദുരുപയോഗമായി അവിടെ സൂക്ഷിച്ചിട്ടിരിക്കേണ്ട ആവശ്യകത ഈ പരിതഃസ്ഥിതിയിൽ അനുവദനീയമാണോ എന്നു ഗവണ്മെൻറ് ചിന്തിക്കേണ്ടതാണ്. ഇന്നു മുക്കുന്നിമലയിൽ നിന്നും കിട്ടുന്നതു കുറേ ചുള്ളികളും വിറകുകളും അല്ലാതെ മററു യാതൊരാദായവുമില്ല. അതുകൊണ്ട് അങ്ങനെ കൊള്ളാവുന്ന കട്ടിവനങ്ങളെയെല്ലാം കുത്തകപ്പാട്ട വ്യവസ്ഥയിലെങ്കിലും നെൽകൃഷിക്കായാലും കൊള്ളാം മരച്ചീനികൃഷിക്കായാലും കൊള്ളാം, ഭക്ഷ്യോൽപാദനത്തിൻെറ പേരിൽ ചെറിയ ചെറിയ ബ്ലോക്കുകളായി തിരിച്ചു സാധുക്കൾക്കു കൊടുക്കണം. വേണമെങ്കിൽ തടികൾ വെട്ടിമുറിക്കാൻ പാടില്ലായെന്നു ഒരു വ്യവസ്ഥകൂടി ചെയ്താൽ കൊള്ളാം. എനിക്കു മറെറാരു കാര്യംകൂടി പറയാനുള്ളതു ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ചില അഴിമതികളെ സംബന്ധിച്ചാണ്. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ മുഴുവൻ കൈക്കൂലിക്കാരല്ലെങ്കിലും അതിൽ പകുതിയിലധികവും കൈക്കൂലി വാങ്ങുന്നവരാണെന്ന് എനിക്കു നേരിട്ടറിയാം. ഏതു ഫാറസ്റ്റാഫീസറുടെ കാര്യം നോക്കിയാലും രണ്ടു മൂന്നു കൈക്കൂലി കേസ്സുകളിലും ഇല്ലാതിരിക്കയില്ല. ഇതു ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറകയാണ്. വേണമെങ്കിൽ കോടതിയിൽപോലും തെളിവുകൊടുക്കാൻ ഞാൻ തയാറാണ്. എന്നു പറയുന്നതിൻെറ അർത്ഥം ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ കൈക്കൂലിയെപ്പററി ഒരു എൻക്വയറി നടത്താൻ ഗവണ്മെൻറ് തയാറാകുന്നുണ്ടെങ്കിൽ, അതിനുവേണ്ട തെളിവു തരാൻ ഞാൻ സന്നദ്ധനാണ്. ജനകീയഭരണം ആവിർഭവിച്ചതോടുകൂടി ഈമാതിരി ദുഷിച്ച സംപ്രദായങ്ങൾക്ക് സ്ഥാനമില്ലാതെ വരുമെന്നു നമുക്ക് പ്രത്യാശിക്കാം. സർ, തിരുവനന്തപുരം-കോട്ടയം റോഡിൽ ൧൩-ാം മൈലിനു സമീപം ഒരു ൧൫ ഏക്കർ സ്ഥലവും ഏകദേശം ഒരു ൩൦,൦൦൦ രൂപാ ചെലവു ചെയ്തു പണി കഴിപ്പിച്ച ഒരു കെട്ടിടവും ഉണ്ട്. ഇതു ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുവകയാണ്. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാ

ഒരാഫീസെന്നുള്ള രൂപത്തിൽ ആ കെട്ടിടത്തിനെ ഉപയോഗിക്കുന്നില്ല. അത്രയും ഭൂമി വൻകാടുകളും പിടിച്ചു പാമ്പ്, നരി, പെരിച്ചാഴി മുതലായവയുടെ അഭയ കേന്ദ്രവും നാട്ടിനും വീട്ടിനും കൊള്ളരുതാത്ത പല ജന്തുക്കളുടെ സുഖവാസസ്ഥലവുമായി തീർന്നിരിക്കയാണ്. അതുകൊണ്ട് ഈ സ്ഥലത്തിനെ പൊതുജനങ്ങളുടെ ആവശ്യത്തിനു വേണ്ടി ഒരാശുപത്രിയെങ്കിലും കെട്ടിക്കൊടുക്കണമെന്നു ഞാൻ ഈയവസരത്തിൽ ബഹുമാനപ്പെട്ട ഗവൺമെൻറിനെ അറിയിച്ചുകൊള്ളുന്നു. കൂടാതെ ഒരു വൻതുക ചെലവാക്കി പണിചെയ്യിപ്പിച്ചിട്ടുള്ള ആ കെട്ടിടം ഇടിഞ്ഞുപൊളിഞ്ഞു മിക്കവാറും നഗ്നാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. ആയതുകൊണ്ടു പൊതുജനങ്ങളുടെ ആവശ്യത്തിനുവേണ്ടിയെങ്കിലും ഉപയോഗപ്പെടുത്താവുന്ന ഒരു മനോഭാവം ഈ സ്ഥലത്തെ സംബന്ധിച്ചിടത്തോളവും ഗവൺമെൻറ് കൈക്കൊള്ളേണ്ടതും അപ്രകാരം ഗവൺമെൻറ് പൊതുജനോപകാരപ്രദമായ ആശുപത്രിക്ക് വേണ്ടി സത്വര നടപടി എടുക്കണമെന്നും ഞാൻ വിശ്വസിക്കുന്നു.

MR. K. A. GANGADHARA MENON (*Nedumangad I—General*) : സർ, കുട്ടിവനങ്ങളെ സംബന്ധിച്ച് എൻെറ പല സ്നേഹിതന്മാരും പല അഭിപ്രായങ്ങളും ഇവിടെ പറയുകയുണ്ടായി. ഉദ്ദേശം ൩൦൦ ചതുരശ്ര മൈൽ സ്ഥലത്തോളം കുട്ടിവനങ്ങളായി നമ്മുടെ രാജ്യത്തിൻെറ പല ഭാഗങ്ങളിലായി കിടപ്പുണ്ട്. ഈ കുട്ടിവനങ്ങളുടെ ചുറ്റും ജനങ്ങൾ ധാരാളം താമസിക്കുന്നുമുണ്ട്. എൻെറ അറിവ് ശരിയാണെങ്കിൽ ഈ കഴിഞ്ഞ അൻപതു വർഷങ്ങളായി നല്ലപോലെ സംരക്ഷിച്ചു സൂക്ഷിച്ചു വന്നിട്ടുള്ള വനങ്ങളാണിവ. അവയെ അങ്ങനെ സൂക്ഷിക്കുന്നതിന് തക്കതായ കാരണങ്ങളുമുണ്ട്. ജനങ്ങൾ താമസിച്ചു വരുന്നതിനിടക്കാണ് മിക്കവാറും കുട്ടിവനങ്ങൾ സ്ഥിതിചെയ്യുന്നതെന്നു ഞാൻ നേരത്തെ പറഞ്ഞുവല്ലോ. ഈ വനങ്ങളിൽനിന്നു കൃഷിക്ക് ആവശ്യമുള്ള പച്ചിലവളവും കൃഷിക്കാരുടെ ധനസ്ഥിതി അനുസരിച്ചു ചെറിയ വീടുകൾ കെട്ടുന്നതിനാവശ്യമുള്ള തടികളും അവർക്കു കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ കുട്ടിവനങ്ങളെ സംരക്ഷിച്ചു പോരുന്നത്. അതുകൂടാതെ കന്നുകാലികളെ മേയ്ക്കുന്നതിനും അവക്കാവശ്യമുള്ള പുല്ലു കിട്ടുന്നതിനും ഈ കുട്ടിവനങ്ങൾ വളരെ ആവശ്യമാണ്. ഈ കുട്ടിവനങ്ങളിൽ പല സ്ഥലങ്ങളിലും എൻെറ സ്നേഹിതൻ മി. പൊന്നറ ശ്രീധർ പറഞ്ഞതുപോലെ കാടുമൊന്നുമല്ല. കുറെ പുൽപ്രദേശങ്ങളും ഉള്ളതാണെന്ന് എൻെറ സ്നേഹിതൻ മനസ്സിലാക്കിയാൽ കൊള്ളാം.

MR. PONNARA G. SREEDHAR : അതു് അബദ്ധം. റിസർവ്വ് വനങ്ങളിൽ കയറാൻ പാടില്ലെന്നു് അറിയാമോ?

MR. P. T. CHACKO : പുല്ലുപോലുമില്ലാത്ത കുറ്റിവനങ്ങളുണ്ടു്.

MR. K. A. GANGADHARA MENON : ഉണ്ടായിരിക്കാം. പക്ഷെ പൊതുവെ കുറ്റിവനങ്ങളെ സംബന്ധിച്ചാണു ഞാൻ പറയുന്നതു്. നമുക്കു് ആവശ്യമുള്ള വിറകു ഈ കുറ്റിവനങ്ങളിൽനിന്നാണു കിട്ടുന്നതാണു്. ഇനിയുള്ള കാലം വിറകിനു ക്ഷാമം വളരെ ഉണ്ടാകാം. ഇപ്പോൾതന്നെ വിറകിനു മുമ്പത്തെതിന്റെ അഞ്ചോ പത്തോ ഇരട്ടി വില വർദ്ധിച്ചിട്ടുണ്ടു്. വലിയ വനങ്ങളിൽ നിന്നും വിറകുവെട്ടി നാട്ടിലേക്കു് കൊണ്ടുവരാൻ വളരെ ബുദ്ധിമുട്ടും പണച്ചെലവുമുണ്ടു്. ഇനി ഒരു കാര്യംകൂടി കുറ്റിവനങ്ങളെപ്പറ്റി എനിക്കു് പറയാനുണ്ടു്. വളരെക്കാലമായി വല്ലപോലെ സൂക്ഷിച്ചുവരുന്ന ഈ കുറ്റിവനങ്ങളെ സംബന്ധിച്ചു് ഇപ്പോഴത്തെ ഫാറസ്റ്റ കൺസർവേറ്റർ അനുവർത്തിച്ചുവരുന്ന നയം ശരിയാണോ എന്നു് എനിക്കു് സംശയമുണ്ടു്. ക്ലീയർ ഫെല്ലിംഗ് ആണു് ഇപ്പോഴത്തെ നയമെന്നു ഞാൻ മനസ്സിലാക്കുന്നു. നമ്മുടെ ജനങ്ങൾക്കു് ഏററവും ആവശ്യമായ കുറ്റിവനങ്ങളെ ഈ ക്ലീയർ ഫെല്ലിംഗ് പാളിസി അനുസരിച്ചു് വെട്ടിത്തള്ളുന്നതായാൽ കഴിഞ്ഞ ൫൦ കൊല്ലമായി നാം വളരെ സൂക്ഷിച്ചു സംരക്ഷിച്ചു പോന്ന ഈ വനങ്ങളുടെ ഭാവി എന്തായിരിക്കുമെന്നു എനിക്കു് അറിഞ്ഞുകൂടാ.

HON'BLE MR. C. KESAVAN : കുറ്റിവനങ്ങളെ വെട്ടി നശിപ്പിക്കുന്നില്ലെന്നറിയാമോ?

MR. K. A. GANGADHARA MENON : എന്റെ അറിവനുസരിച്ചു് ചില കുറ്റിവനങ്ങളിലും ക്ലീയർ ഫെല്ലിങ് നടത്തിയിട്ടുണ്ടു്. ഇതു വളരെ വ്യസനകരമായ ഒരു സംഗതിയാണു്. ഞാൻ മുമ്പു പറഞ്ഞ പരിതഃസ്ഥിതികൾ വച്ചുകൊണ്ടു് ഈ രാജ്യത്തെ ജനങ്ങൾക്കു വളരെ അത്യാവശ്യമുള്ള ഈ കുറ്റിവനങ്ങളെ മുമ്പിലത്തെപ്പോലെതന്നെ റിസർവ് ചെയ്തു സൂക്ഷിക്കേണ്ടതാണു്. ദോഷം വരാത്ത വിധത്തിൽ കൃഷി ചെയ്യുന്നതിനു സൗകര്യമുള്ള സ്ഥലങ്ങൾ വിട്ടുകൊടുക്കുന്നതുകൊണ്ടു് തരക്കേടില്ല. അല്ലാതെ അവയെ നിശ്ശേഷം വേണ്ടെന്നുവച്ചു് കൃഷിക്കു വിട്ടുകൊടുക്കുന്നതു നമ്മുടെ ഭാവിയെ സംബന്ധിച്ചിടത്തോളം നല്ലതാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ കുറ്റിവനങ്ങൾക്കു് ഏററവും വലിയ ഒരു ഗുണം കൂടിയുണ്ടു്. ജനങ്ങൾ അധിവസിക്കുന്ന സ്ഥലങ്ങളിൽ ചില കുറ്റിവന

ങ്ങൾ ഉള്ളത് ഈ നാട്ടിന്റെ ശീതോഷ്ണാവസ്ഥയെ ക്രമീകരിക്കുന്നതിന് ഉതകുന്നു. അയൽവക്കത്തുള്ള സ്ഥലങ്ങളിലുള്ള കുളങ്ങളിൽ വെള്ളം കിട്ടുന്നതിനും ഈ കാട്ടുവനങ്ങൾ ആവശ്യമാണ്. ഇതെല്ലാം നോക്കിയിട്ടുവേണം കാട്ടുവനങ്ങൾ വേണമോ വേണ്ടയോ എന്നു നിശ്ചയിക്കാൻ. ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. നമ്മുടെ നാട്ടിൽ ആളുകൾക്ക് വീടു പണിയിക്കുന്നതിനു പണ്ട് ടാരിഫ റേററിൽ തടികൾ കൊടുത്തു വന്നിരുന്നു. അങ്ങനെ ഒരു പതിവ് പുരാതനമായി നമ്മുടെ രാജ്യത്ത് ഉണ്ടായിരുന്നു. മുൻകാലങ്ങളിൽ ഡിപ്പോ ആഫീസർമാരായിരുന്നു ഇങ്ങനെ തടികൾ കൊടുക്കാൻ അധികാരപ്പെടുത്തിയിരുന്നവർ. ഡിപ്പോ ആഫീസറന്മാർ ഇങ്ങനെ കൊടുക്കുന്നതിൽ അഴിമതികൾ ഉണ്ടെന്നു പറഞ്ഞു ഡിവിഷൻ ആഫീസർതന്നെ ആ ജോലി ചെയ്യട്ടേ എന്നുവച്ചു. ഡിവിഷൻ ആഫീസർമാർ കൊടുക്കുന്നതിലും അഴിമതികൾ ഉണ്ടെന്നു പറഞ്ഞ് ഒടുവിൽ ആ ജോലികൾ കൺസർവേറററുതന്നെ ഏറെറടുത്തു. അതിനുശേഷം അദ്ദേഹത്തിന്റെ ജോലിത്തിരക്കുകൊണ്ടോ എന്തോ ടാരിഫ് റേററിൽ കൃഷിക്കാർക്കും മററു സാധാരണക്കാർക്കും തടികൾ കൊടുക്കുന്ന ഏർപ്പാട് നിറുത്തൽ ആക്കിയിരിക്കുകയാണ്.

MR. K. A. MUHAMMED : അനാവശ്യമായ ഫേവറിററിസം ഇതുകൊണ്ട് ഉണ്ടാകുകയില്ലേ.

MR. K. A. GANGADHARA MENON : ഫേവറിററിസത്തെപ്പററി അല്ല ഞാൻ പറയുന്നത്. സാധാരണ ആളുകൾക്കു കൺട്രാക്ടറരോട് മത്സരിച്ച് തടി ലേലത്തിൽ പിടിക്കുന്നതിനു സാധിക്കയില്ല. അതുകൊണ്ട് ജനങ്ങൾക്കു വീടുണ്ടാക്കുന്നതിനു തടികൾ കൊടുക്കുന്നതിന് ഒരു ടാരിഫ് നിശ്ചയിക്കുകയും അതനുസരിച്ച് ഉത്തമ വിശ്വാസമുള്ള ആളുകൾക്കു തടികൾ കൊടുക്കാൻ ഏർപ്പാടു ചെയ്യുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

MR. T. K. NARAYANA PILLAI (*Parur II—General*) : സർ, ഫാറസ്റ്റിനെ സംബന്ധിച്ചു ഒന്നു രണ്ടു സംഗതികൾ ഗവൺമെൻറിന്റെ അടിയന്തിരമായ ശ്രദ്ധയിൽ പെടുത്തണമെന്നു മാത്രമേ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതുകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നുള്ളു. ഒന്നാമതായി വനവിഭവങ്ങളെ സംബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ ഗവേഷണങ്ങൾ നടത്തേണ്ടതിന്റെ അത്യാവശ്യകതയെപ്പററി ഗവണ്മെ

[Mr. T. K. Narayana Pillai.]

ൻറിനെ ഓർമ്മിപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഒരിക്കൽ സർ സി. പി. രാമസ്വാമിഅയ്യർ ബാംബെയിൽ നിന്നു ചെയ്ത ഒരു പ്രക്ഷേപിണി പ്രസംഗത്തിൽ ഇവിടത്തെ വനവിഭവങ്ങൾ ഏതെല്ലാം വിധത്തിൽ വൈദ്യസംബന്ധമായും വ്യവസായസംബന്ധമായും ഉള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിൻെറ സാദ്ധ്യതകളെപ്പററി അടുത്ത ഭാവിയിൽതന്നെ ഗവേഷണങ്ങൾ യൂണിവേഴ്സിററി റിസർച്ച് ഇൻസ്റ്റിററ്യൂട്ടിൻെറ ആഭിമുഖ്യത്തിൽ നടത്തുന്നതാണെന്നു പ്രസ്താവിക്കുകയുണ്ടായി. അതിനുശേഷം ഇപ്പോൾ ൧൦ കൊല്ലങ്ങൾ കഴിഞ്ഞു. സർ, നമ്മുടെ ഫാറസ്ററു കൺസർവേററർ ഈ റിസർച്ച് ഇൻസ്റ്റിററ്യൂട്ടിലെ ഒരംഗമാണെന്നും അറിയുന്നു. ഇതുവരെ വനവിഭവങ്ങളെ സംബന്ധിച്ച് യാതൊരു ഗവേഷണങ്ങളും നടത്തിയിട്ടില്ലെന്നു യൂണിവേഴ്സിററി സെനററിലെ ഒരു ചോദ്യത്തിനുത്തരമായി പ്രസ്താവിച്ചിട്ടുള്ളതു് ഞാൻ പത്രങ്ങളിൽ വായിക്കുകയുണ്ടായി. ഉടനടി തന്നെ വനവിഭവങ്ങളുടെ ഗവേഷണം ഫാറസ്ററു കൺസർവേററർ റിസർച്ച് ഇൻസ്റ്റിററ്യൂട്ടിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കണമെന്നു ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഫാറസ്ററു കൺസർവേറററുടെ ഈ അനാസ്ഥയെ വളരെ ഗൗരവത്തോടുകൂടിത്തന്നെ വീക്ഷിക്കുകയും ഈ വനവിഭവഗവേഷണം റിസർച്ച് ഇൻസ്റ്റിററ്യൂട്ടിൻെറ ശ്രദ്ധയ്ക്ക് ഉടനടി വിഷയീഭവിപ്പിക്കുകയും ചെയ്യണമെന്നു ഞാൻ ഒരിക്കൽകൂടി ഉൽബോധിപ്പിച്ചുകൊള്ളുന്നു. വേറൊരു സംഗതി എനിക്കു പറയാനുള്ളതു റ്റീക്ക്പ്ലാൻേറഷനുകളെ സംബന്ധിച്ചാണ്. ൧൦൪൫-ൽ ദിവാൻ സർ ടി. മാധവറാവുവിൻെറ കാലത്താണ് ഇവിടെ റീക്കുപ്ലാൻറിംഗ് ആരംഭിച്ചതെന്നു തോന്നുന്നു. അദ്ദേഹം വളരെ ശ്രദ്ധയോടും കരുതലോടുമാണ് ഈ റ്റീക്ക്പ്ലാൻേറഷൻസ് സൂക്ഷിച്ചുവന്നതു്. ഇന്നത്തെ കൺസർവേററർ ഡിപ്പാർട്ടുമെൻറിൻെറ നേതൃത്വം ഏറെറടുത്തതിനു ശേഷം ഒരു പ്രകാരത്തിലും ന്യായീകരിക്കാൻ പാടില്ലാത്തവിധം ഇവിടത്തെ റ്റീക്ക്പ്ലാൻേറഷൻസ് മുഴുവൻ ക്ലീയർ ഫെല്ലിംഗ് സിസ്റ്റമനുസരിച്ച് വെട്ടിമുറിച്ചുവരുന്നു എന്നുള്ളതു വളരെ ഖേദകരമായ ഒരു സംഗതിയാകുന്നു. പാശ്ചാത്യരാജ്യങ്ങളിലാണെങ്കിൽ വനങ്ങൾക്കും വനവിഭവങ്ങൾ കൊണ്ടുള്ള വ്യവസായത്തിനും പ്രസിദ്ധപ്പെട്ടിരിക്കുന്നതു് ആസ്ത്രിയാ, ഫ്രാൻസ്, ജർമ്മനി, സ്വിട്സർലണ്ടു് തുടങ്ങിയുള്ള രാജ്യങ്ങളാണ്. ഈ രാജ്യങ്ങളിലെല്ലാം എക്സ്പേരിമെൻറൽ സ്റ്റേഷനുകളും

ഉണ്ടെന്നാണ് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ജർമ്മനിയിൽതന്നെ ഏകദേശം ൨ ൦ ൦-ഓളം എക്സ്പിരിമെൻറൽ സ്റ്റേഷനുകൾ പ്രവർത്തനം നടത്തുന്നുണ്ടെന്നാണ് അറിയുന്നത്. വൃക്ഷങ്ങളുടെ വളർച്ച പരിശോധിക്കുന്നതിനും, ഏതു പ്രായത്തിലുള്ള തടികളാണു വെട്ടിമുറിക്കേണ്ടത് എന്നും മററുമുള്ള കാര്യങ്ങളെക്കുറിച്ചു അന്വേഷിക്കുന്നതിനാണ് ഈ സ്റ്റേഷനുകൾ ഉണ്ടാക്കിയിരിക്കുന്നത്. ഇങ്ങനെ ൨ ൦ ൦-ഓളം സ്റ്റേഷനുകളാണു അവിടെ പ്രവർത്തനം നടത്തുന്നതെന്നു നാം പ്രത്യേകം ഓർമ്മിക്കണം. നമ്മുടെ നാട്ടിൽ ആണെങ്കിൽ അത്തരം ഒരു സ്റ്റേഷൻപോലുമില്ല. ക്ലീയർഫെല്ലിംഗ് സിസ്റ്റം അനുസരിച്ച് റീക്ക് പ്ലാൻറേഷനുകളെല്ലാം വെട്ടി ഇടുന്ന നമ്മുടെ ഫാറസ്റ്റ് കൺസർവേററുടെയും അദ്ദേഹത്തിൻെറ അനുയായികളുടെയും സമ്പ്രദായം തീർച്ചയായും വളരെ ആപൽക്കരമാണെന്നു ബഹു: വനംവകുപ്പു മന്ത്രിയെ ഉൽബോധിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇങ്ങനെ ശേഖരമായി തടി വെട്ടിയിടുകയാണെങ്കിൽ നമ്മുടെ നാട്ടിൽ ഒരു ടീക്ക് ഫാമിൻ (ക്ഷാമം) തന്നെ ഉണ്ടാവുകയില്ലേ എന്നു ഞാൻ ഭയപ്പെടുന്നു. വനങ്ങൾ രാജ്യത്തിൻെറ ഉത്തമതാല്പര്യങ്ങൾക്ക് അത്യന്താപേക്ഷിതമാണെന്നു തന്നെ ഞാൻ വിചാരിക്കുന്നു. മറെറാരു പ്രധാന സംഗതികൂടെ എനിക്കു പറയാനുണ്ട്. മുമ്പ് ഫാറസ്ററ സ്ക്കൂളുകൾ തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിലും ഉണ്ടായിരുന്നു. ഫാറസ്ററ ഡിപ്ലോമാകളും കൊടുത്തുവന്നിരുന്നു. ഇന്നു ഫാറസ്ററ സ്ക്കൂളുകളും ഫാറസ്ററ ഡിപ്ലോമാകളും തിരുവിതാംകൂറിൽ ഇല്ലെന്നാണു ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ രാജ്യത്ത് ഈ ഫാറസ്ററ സ്ക്കൂളുകളും ഡിപ്ലോമാകളും ആവശ്യമില്ലാഞ്ഞിട്ടാണോ അവകൾ നിറുത്തലാക്കിയതെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഫാറസ്ററ ഡിപ്പാർട്ടുമെൻറിലേക്ക് പരിശീലനം സിദ്ധിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരെ നമുക്ക് ആവശ്യമുണ്ടെങ്കിൽ ഈ ഫാറസ്ററ സ്ക്കൂളുകളും നമുക്ക് ആവശ്യമുണ്ട്. പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥന്മാരെ കിട്ടാൻ വളരെ വിഷമമുണ്ട്. അതുകൊണ്ട് ഫാറസ്ററ സ്ക്കൂളുകൾ ധാരാളമായി സ്ഥാപിക്കേണ്ടതാണെന്നും ഞാൻ ബഹു. വനംവകുപ്പു മന്ത്രിയെ അറിയിച്ചുകൊള്ളുന്നു.

MR. VARGHESE AUGASTINE (*Ambalapuzha III—General*): സർ, ഇവിടത്തെ വനങ്ങളെല്ലാം കൃഷി ചെയ്യുന്നതിനു കൊടുക്കണമെന്നു പറഞ്ഞുകൊണ്ടുള്ള പല പ്രസംഗങ്ങളും ഞാൻ കേട്ടു. വനങ്ങൾ തെളിച്ച്

[Mr. Varghese Augastine.]

കൃഷി ചെയ്താൽ മഴയുണ്ടാകാതിരിക്കയില്ലെന്നും പലരും പറഞ്ഞു. അതു കേട്ടപ്പോൾ എനിക്കു വളരെ അതിശയമാണുണ്ടായത്. എന്നാൽ ഈ വിഷയത്തെപ്പററി എനിക്കു കൂടുതൽ പറയാൻ കഴിയുമെങ്കിലും ഇപ്രകാരം പ്രസംഗങ്ങൾ ചെയ്ത സ്നേഹിതന്മാരോടും ബഹു: മന്ത്രിയോടും എനിക്കു പറയാനുള്ളത്, ഇതിനെപ്പററി കൂലംകഷമായി പ്രതിപാദിച്ചിട്ടുള്ള ടെന്നിസ്‌വാലി അതോറിററിയുടെ റിപ്പോർട്ടുകൾ വായിക്കണമെന്നാണ്. ഓബിയുടേയും ടെന്നിസി നദിയുടേയും ഉത്ഭവസ്ഥാനങ്ങളിൽ ഉണ്ടായിരുന്ന അനേകലക്ഷം ഏക്കർ വനങ്ങൾ വെട്ടിത്തെളിച്ചതുകൊണ്ട് എന്തുമാത്രം നഷ്ടം ഉണ്ടായി എന്നും ഇപ്പോൾ അതു് എങ്ങനെ പരിഹരിക്കുന്നു എന്നും ഈ റിപ്പോർട്ടുകൾ വായിക്കുന്ന എന്റെ സ്നേഹിതന്മാർക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. എനിക്ക് ഇപ്പോൾ ഒരു കാര്യം പറയാനുള്ളതു് നമ്മുടെ വനങ്ങളെപ്പോലെ വിഭവസമൃദ്ധമായ ഒരു വനം വേറെ ഇല്ലെന്നാണ്. നമ്മുടെരാജ്യത്തു് കൂടുതൽ പണം ഉണ്ടാക്കുന്നതിനായി ഇവയെ എങ്ങനെ രൂപാന്തരപ്പെടുത്തണമെന്നുള്ളതിനെപ്പററിയാണ് നമുക്ക് ആലോചിക്കാനുള്ളതു്. നമ്മുടെ ചികിത്സയ്ക്കു പ്രത്യേകിച്ച് ആയുർവേദത്തിന് ആവശ്യമായ കുറുന്തോട്ടി മുതലായ അനേകം മരുന്നുകൾ നമ്മുടെ വനങ്ങളിൽ വളർന്നു നിൽക്കുന്നതായിട്ടു ഞാൻതന്നെ കണ്ടിട്ടുണ്ട്. അപ്പോഴെല്ലാം എനിക്കു തോന്നിയിട്ടുള്ളതു്, എന്തുകൊണ്ടാണ് നമ്മുടെ ഗവൺമെൻറ് ഈ മരുന്നുകൾ സംഭരിച്ച് അവിടെവച്ചുതന്നെ ആയുർവേദമരുന്നുകൾ തയ്യാറാക്കി എടുക്കാത്തതു് എന്നാണ്. അങ്ങനെയായാൽ ഈ മരുന്നുകൾ എല്ലാം കുറഞ്ഞ വിലയ്ക്കു് നമ്മുടെ സാധുജനങ്ങൾക്കു കൊടുക്കുന്നതിനു സാധിക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. നമ്മുടെ രാജ്യത്തെ Live Stock വളരെ അധഃപതിച്ചു; തൻമൂലം നമ്മുടെ കൃഷിക്ക് ആവശ്യമായ കന്നുകാലികൾ നമുക്കില്ല: അതുകൊണ്ട് നമ്മുടെ കൃഷിയും അധഃപതിച്ചു. നമ്മുടെ വനങ്ങളിൽ വളരുന്ന അനേകലക്ഷം ടൺ പുല്ലു കാട്ടുമൃഗങ്ങൾ തിന്നതിനു ശേഷം ആ പുല്ലുമുഴുവനും ഉപയോഗശൂന്യമായി പോകാതെ സൈലേജ് (sileage) ആയി സംഭരിച്ചു വയ്ക്കുന്നതിനും ഗവൺമെൻറിനു സാധിക്കും. പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ ശാസ്ത്രീയരീതിയിൽ പുല്ലുകൾ ഇതുവിധം സൂക്ഷിക്കുകയാണെങ്കിൽ അതു് നമ്മുടെ കന്നുകാലികൾക്ക് അതൊരു ഒന്നാംതരം ആഹാരസാധനമായിരിക്കും. അതിനു വേണ്ട എല്ലാം സൗകര്യങ്ങളും ഉണ്ടാക്കുകയാണെങ്കിൽ പുല്ലു പാഴായി

പോകാതെ നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. ഞാൻ ഒരു കാര്യംകൂടി ബഹു: വനംവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു. കുട്ടിക്കാനം പീരുമേട് മുതലായ സ്ഥലങ്ങളിൽ ധാരാളം ഏക്കർ സ്ഥലങ്ങൾ വെറുതെ കിടക്കുകയാണ്. ആ സ്ഥലങ്ങൾ നമുക്ക് ഉപയോഗപ്പെടുത്തത്തക്കവണ്ണം എങ്ങനെ രൂപാന്തരപ്പെടുത്താമെന്ന് മന്ത്രി അന്വേഷിക്കണമെന്നപേക്ഷിക്കുന്നു. തേക്കടിയും ഗേയിം സാംക്ചറിയും ഇങ്ങനെ ഉപേക്ഷിച്ചു കളഞ്ഞിരിക്കുന്നതു് എന്തിനാണെന്നു ഞാൻ ചോദിക്കുന്നു. ഇതു പ്രകൃതിരാമണീയകതയുടെ കേന്ദ്രങ്ങളാണ്. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ഈ കേന്ദ്രത്തിലേക്ക് അനേക ടൂറിസ്റ്റ്സ് ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ളവർ ഇവിടെ ധാരാളം വരുന്നതിന് നാം പ്രസിദ്ധീകരണം നടത്തണം. അവരിൽ നിന്നും നമ്മുടെ രാജ്യത്തിന്റെ വരവു വർദ്ധിപ്പിക്കണം. ഇങ്ങനെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വരുന്ന ആളുകളുടെ താമസത്തിനു സൗകര്യമായ ബംഗ്ലാവുകളും നല്ല ഹോട്ടൽസും ഈ വനാന്തരത്തിൽ ഉണ്ടാക്കണം.

MR. K. SIVARAMA PILLAI : (*Thovala II—General*): I wish to bring to your notiec an important point that arises in discussing the budget. A number of cut motions have been sent by various members on various items, and the maximum time is being used by the party in power and the whole function becomes a farce. In consideration of the minority party, some arrangement may be made on important affairs. The minority party should be given the maximum chance to show the defects openly. Otherwise, the party in power will not be able to do full justice on the affairs. To point out the real defects openly some arrangement must be made.

MR. PRESIDENT : If the member had said it in the morning I would have arranged accordingly. Tomorrow onwards I shall try to make some arrangement.

HON'BLE MR. C. KESAVAN : ഫാറസ്റ്റ് ഡിമാന്റു സംബന്ധിച്ചുള്ള ഈ വാദപ്രതിവാദത്തിൽ പ്രത്യക്ഷമായ ഒരു സംഗതി ഫാറസ്റ്റുഭൂമി കൃഷിക്കു കൊടുക്കണമെന്നും, ഫാറസ്റ്റിനു ആവശ്യമുള്ളിടത്തോളം ഒഴിച്ചുള്ളതൊക്കെത്തന്നെയും കൊടുത്തു് കൃഷിയെ വർദ്ധിപ്പിക്കണമെന്നുമാണ്. അതിൽ കുട്ടിവനപ്രശ്നമാണു വളരെ പ്രാധാന്യമർഹിച്ചു കണ്ടതു്. കുട്ടിവനങ്ങളെപ്പറ്റി എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ മി. ഗംഗാധരമേനോൻ പറഞ്ഞതു് അതിന്റെ ശാസ്ത്രീയവശമാണ്. വനങ്ങളെ സംബന്ധിച്ച് ഗവണ്മെന്റിന്റെ നയം പരമാവധി

[Hon'ble Mr. C. Kesavan.]

പ്രയോജനപ്പെടുത്താൻ കഴിവുള്ളതെല്ലാം ചെയ്യണമെന്നാണ്. മി. പി. എം. വർഗ്ഗീസ്സ് പറയുംപോലെ ഈ വനങ്ങളെ സംരക്ഷിക്കുന്നതു വെറും ആഡംബരത്തിനു മാത്രമല്ല. വനം വളരെ പ്രധാനമായ ഒരാവശ്യമാണ്. രാജ്യത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ മുപ്പതു മുതൽ മുപ്പത്തിമൂന്നു ശതമാനംവരെ വരുന്ന വനങ്ങളെ മുഴുവൻ സംരക്ഷിക്കണമോ, അതല്ല ഏററവും പരിമിതമായ ഇരുപത്തഞ്ചു ശതമാനം മാത്രം സംരക്ഷിച്ചിട്ട് ബാക്കിയുള്ളവ കൃഷിക്കു വിട്ടുകൊടുക്കണമോ എന്നുള്ളതാണു നമ്മെ അഭിമുഖീകരിക്കുന്ന ഒരേ ഒരു പ്രശ്നം. വനങ്ങളെ സംരക്ഷിക്കുന്നതു "എമർജൻസി" എന്നു പറയത്തക്കവണ്ണം അത്ര വളരെ അത്യാവശ്യമാണ്. വനങ്ങൾ ഇല്ലെങ്കിൽ ഭൂമിയുടെ ഈർപ്പം നിലനിൽക്കുകയില്ല. വനങ്ങളില്ലെങ്കിൽ, ശരിയായി മഴയുണ്ടാകുകയില്ല. വനങ്ങളില്ലെങ്കിൽ, നമുക്കാവശ്യമുള്ള അനേകം സാധനങ്ങൾ ഉപയോഗത്തിനു കിട്ടാതെ വരും. വനങ്ങൾ തന്നെയായിരിക്കും ഭാവിയിൽ ഒരു അൻപതോ അറുപതോ കൊല്ലങ്ങൾ കഴിയുമ്പോൾ, ജനങ്ങളുടെ ആഹാരമായി തീരുന്നതെന്നു ഒരു ശാസ്ത്രജ്ഞൻ പറഞ്ഞിട്ടുള്ളതു ഞാൻ വായിച്ചിട്ടുണ്ട്. വനങ്ങളെ വുഡ്പൾപ്പ്, കടലാസ്, തുണി ഇവയൊക്കെ ഉണ്ടാക്കുന്നതിനു വിനിയോഗിച്ചുവരുന്നുണ്ട്. കന്നുകാലികളുടെ തീററിക്കും, മനുഷ്യരുടെ ആഹാരത്തിനു തന്നെയും ഈ പൾപ്പ് ഉപയോഗപ്പെടുത്താൻ സാധിച്ചേക്കുമെന്നു ശാസ്ത്രജ്ഞന്മാർ പറയുന്ന സ്ഥിതിക്ക് വനങ്ങൾ നമുക്കത്യാവശ്യമാണെന്നു തീർച്ചയാണ്. അതുകൊണ്ട് വനങ്ങൾ ആഡംബരമല്ലെന്നുള്ളതു വളരെ വ്യക്തമാണെന്ന് എന്റെ സ്നേഹിതന്മാരെ അറിയിക്കുന്നതിന് എനിക്കാഗ്രഹമുണ്ട്.

MR. P. M. VARGHESE: കുട്ടിവനങ്ങളെ സംബന്ധിച്ച് ഞാൻ എതിരല്ല.

HON'BLE MR. C. KESAVAN: വലിയ വനങ്ങളും ആഡംബരമല്ല; അത്യാവശ്യമായ ഒരു സംഗതിയാണെന്നു ഞാൻ വീണ്ടും പറഞ്ഞുകൊള്ളുന്നു. ഈ കുട്ടിവനങ്ങൾ പതിച്ചുകൊടുക്കുന്ന കാര്യത്തിൽ വെറും വിറകിന്റെ പ്രശ്നം മാത്രമല്ല അടങ്ങിയിരിക്കുന്നതു്. മി. ഗംഗാധര മേനോൻ പറഞ്ഞതുപോലെ, അനേകം ആളുകൾ താമസിക്കുന്ന സ്ഥലങ്ങളുടെ ഇടയ്ക്കു് കുട്ടിവനങ്ങൾ ഉണ്ടായിരുന്നാൽ കൃഷിക്കാവശ്യമായ വെള്ളം സംഭരിക്കുന്നതിനും, കന്നുകാലികളെ തീററുന്നതിനും സാധിക്കുന്നതാണ്. ഇന്നത്തെ നിലയിൽ ഈ കുട്ടിവനങ്ങളെ നശിപ്പിച്ചാൽ

പല സ്ഥലങ്ങളിലും കൃഷിക്കാക്ക് കഷ്ടിച്ച മഴയെ മാത്രം ആശ്രയിച്ചു കഴിയേണ്ടിവരും. കൃഷിയെത്തന്നെ അതു നശിപ്പിക്കുമെന്നാണു ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഇതുവച്ചുകൊണ്ടാണ് ഇവിടെ പല കട്ടിവനങ്ങളും സംരക്ഷിച്ചുവരുന്നതു്. ആളുകൾ ചുററും താമസിക്കുന്നതിനിടയിൽ ഒരു പത്തുരണ്ടായിരം ഏക്കർ ഫാറസ്റ്റായി കിടക്കുകയാണെങ്കിൽ തീർച്ചയായും അതു ഭൂമിയുടെ ഈർപ്പം റിസർവ് ചെയ്തു് ഭൂമിയിൽ ആവശ്യമുള്ളിടത്തോളം വെള്ളം നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനു സഹായിക്കുകയും, ഈർപ്പത്തിൻെറ ലെവൽ ഉയർത്തുന്നതിന് ഉപയോഗപ്പെടുകയും ചെയ്യുന്നതാണ്. ഇതിനും പുറമെ 'ഇറോഷൻ' ഇല്ലാതാക്കുന്നതിനും മഴപെയ്യുന്നതിനു സൗകര്യമുണ്ടാക്കുന്നതിനും ഈ കട്ടിവനങ്ങൾ നമുക്ക് ആവശ്യമുണ്ടു്. അതുകൊണ്ടു് കട്ടിവനങ്ങൾ നിശ്ശേഷം കളയുന്നതു ശരിയല്ല.

MR. PONNARA G. SREEDHAR :അങ്ങനെയുള്ള കട്ടിവനങ്ങളല്ല, പതിച്ചുകൊടുക്കണമെന്നു പറയുന്നതു്. ബഹുമാനപ്പെട്ട ഫാറസ്ററുമന്ത്രി വന്നു പരിശോധിച്ചു് പതിച്ചുകൊടുക്കാവുന്നതാണെന്നു കണ്ടാൽ മാത്രം അങ്ങനെ ചെയ്താൽ മതിയാകും.

HON'BLE MR. C. KESAVAN : ഭാവിയിൽ വിറകിൻെറ ആവശ്യം തന്നെ ഈ കട്ടിവനങ്ങൾകൊണ്ടു നിവ്വഹിക്കാൻ കഴിയുന്നതാണു്. നമ്മുടെ ഒരു കമ്മ്യൂണൽ ഫണ്ടായി ഇവയെ ഉപയോഗപ്പെടുത്തേണ്ടതാണ്.

MR. P. T. CHACKO : കന്നുകാലികളെ തീററാൻ ഈ വനങ്ങളിൽ അനുവദിക്കുന്നില്ലെന്ന കാര്യം അറിയാമോ?

HON'BLE MR. C. KESAVAN : പരസ്യമായിട്ട് അനുവദിക്കുന്നുണ്ടു്. ഫാറസ്റ്റിൽ നിന്നു ചെറിയ പുരകൾക്കു വേണ്ടിയും, കൃഷിയായുധങ്ങൾക്കു വേണ്ടിയും അധികം വണ്ണമില്ലാത്ത തടികളും, ചെറിയ ചെറിയ കമ്പുകളും, കന്നുകാലികൾക്കാവശ്യമുള്ള പുല്ലും വെട്ടിയെടുത്തുകൊള്ളുന്നതിനു് പരസ്യമായി അനുവദിക്കുന്ന നിയമമുണ്ടു്. എട്ടണാസ്റ്റാമ്പു് ഒട്ടിച്ച ഒരു പേക്ഷകൊടുത്തുകഴിഞ്ഞാൽ ഒരു കാളയെയോ ഒരു പശുവിനെയോ ഒരു കൊല്ലത്തേക്കു റിസർവ്വുവനങ്ങളിൽ ഇറക്കി തീററുന്നതിന് അനുവദിക്കുന്ന ഒരേർപ്പാടുമുണ്ടു.

MR. P. T. CHACKO: ഇതു് എല്ലാ കട്ടിവനങ്ങളെ സംബന്ധിച്ചും ഉണ്ടെന്നാണോ പറയുന്നതു്?

HON'BLE MR. C. KESAVAN: എല്ലാ റിസർവ്വവനങ്ങളിലും ഇങ്ങനെ കന്നുകാലികളെ തീറ്റുന്നതിന് അനുവദിക്കുന്ന ഒരു വ്യവസ്ഥയുണ്ട്. ഇനി ഫാറസ്ററുഭാഗം പതിച്ചുകൊടുക്കുന്ന സംഗതിയെക്കുറിച്ചാണ് എനിക്കു പറയാനുള്ളത്. ഭക്ഷ്യകാര്യത്തിൽ ഭാവിയിൽ നമുക്കുണ്ടാകാവുന്ന ആപത്തിനെ ഓർത്ത് ഇക്കൊല്ലം ആദ്യംമുതൽ തന്നെ കൃഷിക്കു വേണ്ടി കഴിയുന്നത്ര കൂടുതൽ സ്ഥലങ്ങൾ വെട്ടി ഒഴിക്കുകയായിരുന്നു. അങ്ങനെ ഇരുപതിനായിരം ഏക്കറോളം സ്ഥലം റിസർവ്വിൽ നിന്നും ഒഴിച്ചിട്ടിട്ടുണ്ട്. അങ്ങനെ ഒഴിച്ച സ്ഥലങ്ങൾ മുഴുവൻ കൃഷി ചെയ്തിട്ടില്ല. മുഴുവൻ അളന്നുകൊടുക്കാത്തതുകൊണ്ടാണ് കൃഷിചെയ്യാൻ സാധിക്കാത്തതെന്നു ചിലർ ഇവിടെ പറഞ്ഞതു മുഴുവൻ ശരിയല്ല. അളന്നുകൊടുത്ത സ്ഥലം തന്നെ ലേലത്തിൽ പിടിച്ചു ആരും, പണം കെട്ടിവയ്ക്കാതെയും കൃഷിനടത്താതെയും ഒളിച്ചുമാറി നടക്കുന്നത് എനിക്കു നേരിട്ടറിവുണ്ട്. പത്തുപന്തീരായിരം ഏക്കറോളം കൃഷിചെയ്തിട്ടുണ്ട്. ഒന്നുരണ്ടു ലക്ഷം പറ നെല്ലെങ്കിലും ഇതുമൂലം കൂടുതൽ ഉണ്ടായിട്ടുണ്ട്. ഇക്കൊല്ലത്തെ മലംകൃഷി വളരെ വിജയപ്രദമായിട്ടാണു കാണുന്നത്. രണ്ടു മൂന്നു താലൂക്കുകളിൽ നിന്നുതന്നെ രണ്ടുമൂന്നു ലക്ഷം പറ നെല്ല് കിട്ടും എന്ന് എനിക്കറിയാം. അതുകൊണ്ട് ഭൂമി കൂടുതലായി കൃഷിക്കു കൊടുത്തിട്ടുണ്ടെന്നുള്ളതു തീർച്ചയാണു. കൊടുത്തിട്ടുള്ളത് ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നുള്ളതും തീർച്ചയാണ്. കുറച്ചൊക്കെ ഉപയോഗപ്പെടുത്താതിരിക്കുന്നുണ്ടെന്നുള്ളതും ശരിയാണ്. കൂടുതൽ സ്ഥലങ്ങൾ കൃഷിക്കായി കൊടുത്തുകൊണ്ടിരിക്കുന്നു എന്നുള്ളതും പരമാർത്ഥം തന്നെ. ഇങ്ങനെ കൊടുക്കത്തക്കവണ്ണം വളരെയധികം ഭൂമികൾ റിസർവ്വിൽ ഇനിയും ഉണ്ട്. ഒരു ഫാറസ്ററു വേണ്ടിടത്തോളം ഉപയോഗപ്പെടുത്തി ആ ഫാറസ്റ്റിൽ നിന്നും ഏററവും കൂടുതൽ ആദായം ഉണ്ടാക്കത്തക്കവണ്ണം ആയിരിക്കണം കാലനൈസേഷൻ. നദികളുടെ അടുത്തുള്ള സ്ഥലങ്ങൾ ഇങ്ങനെ ഒഴിച്ചുകൊടുക്കുന്നതുകൊണ്ട് കൃഷിക്കും, സാധനങ്ങൾ കൊണ്ടുപോകുന്നതിനും ഈ നദികളെ ഉപയോഗപ്പെടുത്താവുന്നതാണ്. റോഡുകളുള്ള സ്ഥലങ്ങളിൽ അവയെ ഉപയോഗപ്പെടുത്തുന്നതിനുള്ള സൗകര്യവും നോക്കുന്നുണ്ട്. റോഡില്ലാത്ത സ്ഥലങ്ങളിൽ സൗകര്യമായ റോഡുകൾ ഉണ്ടാക്കി കൂടുതൽ ഗതാഗതസൗകര്യം വരുത്തിയും കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഏർപ്പാടുകൾ ചെയ്തുവരികയാണ്. പത്തനംതിട്ട, മുതലായ സ്ഥലങ്ങളിൽ ഇങ്ങനെയാണു ചെയ്തുകൊണ്ടിരിക്കുന്നതെന്നു ഞാൻ പോയിനോക്കി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. (ബെൽ)

MR. MANNATHU PADMANABHA PILLAI: ബഹുമാനപ്പെട്ട മന്ത്രിക്കു കുറച്ചുസമയംകൂടി അനുവദിച്ചാൽ കൊള്ളാമെന്നാണ് എനിക്കു തോന്നുന്നതു്.

MR. PRESIDENT : സഭ അനുവദിക്കുകയാണെങ്കിൽ അങ്ങനെ ചെയ്യാം.

MR. K. P. NILAKANTA PILLAI : Sir, all the matters have been dealt with.

HON'BLE MR. A. THANU PILLAI : Already there is the feeling that the Tamil Nad Congress Party had no time to say anything on this motion. I think there has been already too much of discussion.

MR. PRESIDENT : മി. ചാക്കോ ഈ ഉപക്ഷേപം പ്രസ്സുചെയ്യുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം?

MR. P. T. CHACKO : ഫാറസ്റ്ററിൽ നിന്നും വനങ്ങൾ കൃഷിക്കു വിട്ടുകൊടുക്കണമെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തണമെന്നാണ് ഈ ഉപക്ഷേപംകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. അല്ലാതെ ഫാറസ്റ്റു ഡിപ്പാർട്ടുമെന്റിലെ മറ്റു പ്രവർത്തനങ്ങളെ കുറിച്ചു് വാദപ്രതിവാദം ചെയ്യാനല്ല. അതുകൊണ്ടു് ഞാൻ എന്റെ ഉപക്ഷേപം പിൻവലിക്കുന്നു.

MR. PRESIDENT : The question is that Government be granted a sum of Rs. 42,26,169 under Demand IV Forest.

The question was put and carried.

The Demand was passed.

MR. PRESIDENT : The House will now adjourn to meet again at 11'O clock to-morrow.

The House adjourned at 5-3 P. M.

R. KERALAVARMATHIRUMULPAD,
Ag. Secretary to the Legislative Assembly.

PROCEEDINGS

OF

THE TRAVANCORE LEGISLATIVE ASSEMBLY

FIRST ASSEMBLY

SECOND SESSION—1948/1123.

VOL. II—No. 7.

Thursday the 12th August 1948/28th Karkatakam 1123.

The Legislative Assembly met in the Legislative chamber, Public offices, Trivandrum at eleven of the clock on Thursday the 12th August 1948/28th Karkatakam 1123, with the President (the Hon'ble Mr. A. J. John) in the chair

QUESTIONS AND ANSWERS.

MR. P. M. VARGHESE (*Thodupuzha II—General*) : Sir, on a point of order. ഇവിടെ ആരംഭംമുതൽ ചോദ്യങ്ങൾക്ക് ആൻസർ കിട്ടുന്നതിനുവേണ്ടി ചോദ്യങ്ങൾ അയച്ചിട്ടുണ്ട്. അതു് എന്നെപ്പോലെ എല്ലാവരും അയച്ചിട്ടുണ്ട്. എന്നാൽ ആൻസർ ഏതാനും ചിലരുടേതുമാത്രം വന്നുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ കുറെപേരുടെ ചോദ്യങ്ങൾക്ക് ഉത്തരം ഇല്ല. നിയമം ഉണ്ടാക്കിയാൽ അതു പാലിക്കണം. ഇല്ലെങ്കിൽ നിയമം റദ്ദുചെയ്യണം. ഇല്ലെങ്കിൽ വളരെപ്പേരുടെ ന്യായമായ പരാതിക്കു വഴിയുണ്ടാകും. അതുകൊണ്ട് എനിക്കു പറയാനുള്ളതു് കുറെപ്പേരുടെ ചോദ്യങ്ങൾക്ക് ആൻസർ പറഞ്ഞും കുറെപ്പേരുടെ ചോദ്യങ്ങൾക്ക് ആൻസർ പറയാതെയും ഇരിക്കുന്നതു ശരിയല്ല.

MR. PRESIDENT : ഇതിനു മുൻപുതന്നെ ഇതിനെപ്പറ്റി ഞാൻ പറഞ്ഞിട്ടുണ്ട്. അതിനാൽ ഇനിയും ഇതിനെപ്പറ്റി പ്രത്യേകമായി പറയാനില്ല.

MR. P. M. VARGHESE : സർ, ഒരു പായിൻറു് ഓഫ് ആർഡർകൂടി. അതായതു് ഇവിടെ, ൭൦ ചോദ്യങ്ങഠം ഉള്ളതിൽ ൨൦ എണ്ണത്തിനാണു ഉത്തരം പറയുന്നതു്. അതും ബഹു. മന്ത്രിമാരുടെ ഉത്തരം പറയുന്നതിനുള്ള താമസംകൊണ്ടു് അവർക്കു കുറെകൂടി സമയം ലഭിക്കും. അതിനാൽ ചോദ്യങ്ങഠം അച്ചടിച്ചു് ഉത്തരം തരണം. അങ്ങനെ ചെയ്യുന്ന സമ്പ്രദായം ഉണ്ടായാൽ ൧൦൦ ചോദ്യങ്ങളിൽ കൂടുതൽ ഉത്തരം പറയാൻ സാധിക്കും. ആ റൂഠം ഉണ്ടാക്കാൻ അധികാരം പ്രസിഡൻറിനുണ്ടു് എന്നാണു് ഇന്നലെ ലീഗൽ റിമെംബ്രൻസറുമായുള്ള സംഭാഷണത്തിൽനിന്നും അറിയുന്നതു്.

MR. PRESIDENT : ഇപ്പോഴുള്ള റൂഠം അനുസരിച്ചു ചോദ്യങ്ങഠംക്കു ഉത്തരം പറയണം, എന്നാണു വച്ചിരിക്കുന്നതു്. ചോദ്യങ്ങഠംക്കു് ഉത്തരം പറയേണ്ടതു് മന്ത്രിമാരുടെ ചുമതലയാണു്.

MR. P. M. VARGHESE : അങ്ങനെയാണെങ്കിൽ നിയമസഭയിൽനിന്നും ആ റൂഠം മാററണമെന്നാണു എനിക്കു പറയുവാനുള്ളതു്. അല്ലെങ്കിൽ മാററണമോ വേണ്ടയോ എന്നുള്ള നിയമസഭയുടെ അഭിപ്രായം അറിയണം.

MR. PRESIDENT : ഇതിനെല്ലാം റൂഠം ഉണ്ടു്. ആ റൂഠം അനുസരിച്ചു വേണ്ടതു ചെയ്യാം. പ്രസിഡൻറിന് റൂഠം ഉണ്ടാക്കാൻ അധികാരമില്ല. സ്റ്റാൻഡിംഗ് ആർഡർ മാററാൻ സഭയ്ക്കാണ് അധികാരം.

MR. P. BALAKRISHNAN THAMPI (*Mavilikara III—General*) : Here the Honourable members are sending too many questions. In the Central Legislature, Honourable members are not allowed to send more than half adozen questions at one Session. The present practice of a member sending about 500 questions may be stopped.

MR. PRESIDENT : അതിനെ സംബന്ധിച്ചു് ഒരു വ്യവസ്ഥയുമില്ല. ഒരു മെമ്പറിന്റെ ൩ ചോദ്യത്തിൽ കൂടുതൽ ഒരു ദിവസം ഉത്തരം പറയാൻ അനുവദിക്കാൻ പാടില്ലാ എന്നാണു വ്യവസ്ഥ. അതിൽ കൂടുതൽ വല്ല വ്യവസ്ഥയും വേണമെന്നു പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

കാർപ്പറേഷൻ കൗൺസിൽ.

230. MR. P. K. KRISHNAN SASTRI (*Meenachil II—Pulaya Reserved*): താഴെ പറയുന്ന ചോദ്യങ്ങഠംക്കു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവനന്തപുരം കാർപ്പറേഷൻ കൗൺസിൽ നാമിനേഷൻ ലഭിക്കാൻ പിന്നോക്കസമുദായങ്ങളിൽനിന്നും അപേക്ഷകരുണ്ടോ

യിരുന്നോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ ?

(ബി) ഉണ്ടായിരുന്നു എങ്കിൽ ആരെല്ലാമെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : (എ) ഇല്ലായിരുന്നു.

(ബി) ഈ പ്രശ്നം ഉദിക്കുന്നില്ല.

MR. P. K. KRISHNAN SASTRI : മുനിസിപ്പാലിററികളിൽ നാമിനേഷൻ സംപ്രദായം നിറുത്തി പ്രായപൂർത്തിവോട്ടവകാശവ്യവസ്ഥ ഉണ്ടാക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ ഒരു ഉദ്ദേശം ഇപ്പോഠം ഇല്ല. അതിനെപ്പററി ആലോചിക്കാം.

മുനിസിപ്പൽ കൗൺസിലുകഠം.

231. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

തിരുവിതാംകൂറിലെ ഏതെല്ലാം മുനിസിപ്പൽ കൗൺസിലുകളിൽ പിന്നോക്കസമുദായപ്രതിനിധികളുണ്ടെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : നാഗർകോവിൽ, മാവേലിക്കര, ചെങ്കോട്ട, വൈക്കം ഈ മുനിസിപ്പാലിററികളിൽ പിന്നോക്കസമുദായക്കാർ ഉണ്ടു്.

Appointments in Municipal Councils

232. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങഠംക്കു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) മുനിസിപ്പാലിററികളിലെ നിയമനങ്ങളെ സംബന്ധിച്ചു് ഗവണ്മെൻറു് എന്തെങ്കിലും നിർദ്ദേശം നൽകാറുണ്ടോ? എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(ബി) മുനിസിപ്പാലിററികളിൽ നടന്നിട്ടുള്ള നിയമനങ്ങളെപ്പററി പരാതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHNADRAN : (എ) ഗവണ്മെൻറു് സർവ്വീസിലെയുള്ള നിയമനങ്ങളുടെ റൂഠം അനുസരിച്ചാണു് മുനിസിപ്പാലിററികളിലും നിയമനം നടത്തുന്നതു്.

[Mr. P. K. Krishnan Sastri.]

(ബി) ഉണ്ട്. പരാതികൾ ലഭിക്കാറുണ്ട്. അതിനെപ്പററി ഗവൺമെൻറ് അന്വേഷിക്കാറും ഉണ്ട്.

MR. P. K. KRISHNAN SASTRI : മുനിസിപ്പാലിററി നിയമങ്ങളും പബ്ലിക്ക്സർവീസ് റൂളും അനുസരിച്ചാണോ നടത്തുന്നത് എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. G. RAMACHANDRAN : എല്ലാം അങ്ങനെയാണെന്നു പറയാൻ പാടില്ല.

അവശസമുദായവും ഭൂമിപതിവും.

233. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*) : വിളവങ്കോട്ടു താലൂക്കിൽ, അവശസമുദായങ്ങൾക്കു സൗജന്യമായി രക്കിൽ പതിച്ചു നല്കാൻ ഒഴിച്ചിട്ടപ്പെട്ട സ്ഥലങ്ങളിൽ ഏതെങ്കിലും ഭാഗം ഇതരസമുദായക്കാർക്ക് നൽകി പതിവു നടത്തിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അത് ആർക്കെല്ലാം എന്നും, എത്ര ഏക്കർ, സെൻറ ഭൂമിയെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഇല്ല. അതുകൊണ്ട് രണ്ടാമത്തെ ചോദ്യം ഉദിക്കുന്നില്ല.

MR. T. T. KESAVAN SASTRI : അവിടെ ഇതർമാർ കയ്യേറിട്ടുള്ള സ്ഥലങ്ങളും ഉണ്ടോ?

HON'BLE MR. G. RAMACHNADRAN : അതിനു നോട്ടീസ് വേണം.

Vazhoor-Mutholy Road.

234. MR. P. T. CHACKO (*Kottayam II—General*) : Will the Honourable Minister for Public works be pleased to state :

(*a*) whether the Vazhoor-Mutholy road was maintained in the year 1123;

(*b*) the amount sanctioned for its maintenance ? and

(*c*) whether the road is cartable at present ?

HON'BLE MR. A. ATCHUTHAN : (*a*) Yes;

(*b*) Rs. 6,203 and

(*c*) Yes.

MR. P. T. CHACKO : ഈ റോഡിൽക്കൂടി ഒരു ബസ്സ് സർവ്വീസ് ഉണ്ടായിരുന്നു എന്നും, ഇപ്പോൾ റോഡു ഗതാഗതസൗകര്യം ഇല്ലാത്തതിനാൽ ആ സർവ്വീസു ബസ്സു നിറുത്തൽ ചെയ്യുവാൻ ഇടയായി എന്നും അറിയാമോ ?

HON'BLE MR. A. ATCHUTHAN : വർഷക്കാലത്ത് ആ റോഡിൽ ഒന്നാംമൈൽ മുതൽ മൂന്നാംമൈൽവരെ വെള്ളം കയറും. അതുകൊണ്ട് റോഡ് ചെളികെട്ടി കിടക്കും എന്നുള്ളതിനാൽ ബസ്സ് സർവ്വീസ് നിറുത്തിയിരിക്കയാണ്.

MR. P. T. CHACKO : അവിടെ വെള്ളം കയറുകയല്ല ചെയ്യുന്നത്, മഴവെള്ളം കെട്ടിക്കിടക്കുകയാണ് ചെയ്യുന്നത് എന്നറിയാമോ ?

HON'BLE MR. A. ATCHUTHAN : മഴ പെയ്യുമ്പോൾ മഴവെള്ളം കയറി ചെളി ഉണ്ടാകും. അതു പരിഹരിക്കുന്നതിനുവേണ്ടി കാൺക്രീറ്റിന് ടെൻഡർ ആവശ്യപ്പെട്ടിട്ടുണ്ട്.

വിചാരണകൂടാതെ തടവിലുള്ളവർ.

235. MR. MOHAMMAD MUSTAFA (*Pathanapuram—Muslim Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) തിരുവിതാംകൂറിലെ പോലീസ് ലാക്കപ്പുകളിലും, ജയിലുകളിലും ഇപ്പോൾ ആകെ എത്രപേരെ വിചാരണകൂടാതെ തടവിൽ വച്ചിട്ടുണ്ടെന്നു പ്രസ്താവിക്കാമോ ?

(ബി) ഇവരുടെ മേൽ നിയമപ്രകാരം കേസ്സെടുത്തു വിചാരണ നടത്താതിരിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ? ഉണ്ടെങ്കിൽ എന്ത്?

HON'BLE MR. A THANU PILLAI : (എ) സെൻട്രൽ ജയിലിൽ ൨൦ പേരും നൂറനാട്ട് ലെപ്പർ കാളനിയിൽ ഒരാളും ഉണ്ട്. ലാക്കപ്പുകളിൽ വിചാരണകൂടാതെ ആരെയും തടവിൽ വച്ചിട്ടില്ല.

(ബി) ഉണ്ട്.

MR. G. CHANDRASEKHARA PILLAI (*Neyyattinkara II—General*) : Sir, on a point of order. ഈ ചോദ്യത്തിന് ഒന്നുരണ്ടു ദിവസം ഉത്തരം പറഞ്ഞിട്ടുണ്ട്. അതിനാൽ ഒരിക്കൽ ഉത്തരം പറയുന്ന ചോദ്യങ്ങൾ വീണ്ടും ചോദിക്കുന്നത് സമയം നഷ്ടപ്പെടുത്താമെന്നല്ലാതെ പ്രയോജനമില്ലായെന്നാണ് എനിക്ക് അറിയിക്കുവാനുള്ളത്.

MR. PRESIDENT : ഇങ്ങനെയുള്ള ചോദ്യങ്ങൾ എല്ലാം ഒരേ സമയത്തുതന്നെ ചോദിച്ച് ഉത്തരം പറയുന്നതു നന്നായിരിക്കും.

HON'BLE MR. A. THANU PILLAI : അവർ സമാധാനം പരിപാലിക്കാൻ സാധിക്കാതെയുള്ള പ്രവൃത്തികൾ ചെയ്യുകയാലാണ് തടങ്കലിൽ വച്ചിരിക്കുന്നത്.

MR. ABDUL RAZAK (*Nedumangaud I—Muslim Reserved*): Is it correct that they have been interned in obedience to a command received from Delhi?

HON'BLE MR. A. THANU PILLAI: No.

Thumpamon-Kozhencherry Road.

236. MR. V. K. VARGHESE (*Pattanamthitta III—General*): Will the Honourable Minister for Public Works be pleased to state:

(*a*) when was the construction of Thumpamon-Kozhencherry road begun;

(*b*) what amount is spent on it till now;

(*c*) what is the total length of the road;

(*d*) how many miles of that road is at present cartable;

(*e*) what is the delay in completing the road?

HON'BLE MR. A. ATCHUTHAN: Answer to (*a*) is 1941, (*b*) Rs 2560/-; (*c*) Eight miles, (*d*) the road is not cartable; and (*e*) due to the heavy expenditure involved for the work of constructing the bridges and culverts and raising the embankments etc.

MR. V. K. VARGHESE: ഏതെങ്കിലും ആണ്ടിൽ അനുവദിച്ചിട്ടുള്ള തുക ചെലവായിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN: ചെലവായിട്ടുണ്ടു് എന്നു പറയാൻ നിവൃത്തിയില്ല.

Roads in Parur taluk.

237. MR. PAUL THALIAT (*Parur III—General*): Will the Honourable Minister for Public Works be pleased to state:

(*a*) the amount provided for in the Budget of 1123 for the improvement and maintenance of roads in Parur taluk; and

(*b*) the amount spent up to 15-11-1123?

HON'BLE MR. A. ATCHUTHAN: (*a*) The amount provided in the budget of 1123 is Rs. 86,452; and

(*b*) the amount spent up to 15-11-1123 is Rs. 69,209/-

MR. PAUL THALIAT: ബാക്കിയുള്ള സംഖ്യ ചെലവുചെയ്യാതെ വന്നതു് ആരുടെ അനാസ്ഥകൊണ്ടാണു്?

HON'BLE MR. A. ATCHUTHAN: ഈ തുക ൧൧൨൩ മിഥുനം ൩൧-വരെ ചെലവാക്കേണ്ടതാണു്. ബാക്കി തുകയും ചെലവായിക്കൊള്ളുമെന്നാണു് തോന്നുന്നതു്.

MR. PAUL THALIAT: അതിനുശേഷം എത്ര സംഖ്യ ചെലവായിരിക്കാം?

HON'BLE MR. A. ATCHUTHAN: അതു് അന്വേഷിച്ചില്ല.

MR. E. K. MADHAVAN (*Parur I—General*) മേൽപറഞ്ഞ തുക ഈ സെക്ക്ഷനിലേക്കാണോ ചെലവായത്? അതോ വേറെ ഏതെങ്കിലും സെക്ക്ഷനിലേക്ക കൂടിയാണോ?

HON'BLE MR. A. ATCHUTHAN: പറവൂർതാലൂക്കിലേക്ക ചെലവാക്കിയതാണ്.

Extension of Electricity.

238. MR. PAUL THALIAT : Will the Honourable Minister for Electricity be pleased to state:

(*a*) whether any application has been received from the peeple of Varapuzha and Kottuvally pakuthies adjoining the Fertilizers and Chemicals Travancore Ltd., for extending electric power to those villages also;

(*b*) if the answer to (a) is in the affirmative when was such an application received; and

(*c*) what action has been taken so far?

HON'BLE MR. A. ATCHUTHAN: Answer to (a) is yes; (b) on 5-4-1047 and (c) an estimate amounting to about Rs. 45,000/- was prepared and load survey conducted. The extension to the locality however, was proposed to lie over for some time more until line materials become available and load condition better, as the return expected is very poor. The position in regard to these has not improved yet.

MR. PAUL THALIAT: ലൈൻ നീട്ടിത്തരാമെന്ന് രണ്ടു കൊല്ലം മുമ്പു ഗവണ്മെൻറ് വാഗ്ദാനം ചെയ്തിട്ടുള്ളതായി അറിയാമോ?

HON'BLE MR. A. ATCHUTHAN. ഈ പ്രതിബന്ധം അന്നേ ഉള്ളതാണ്. അത് ഇപ്പോഴും നീങ്ങിയിട്ടില്ല.

MR. PAUL THALIAT: എന്ന് ആ പ്രതിബന്ധം നീങ്ങും എന്നറിയാമോ?

HON'BLE MR. A. ATCHUTHAN: അടുത്തകാലത്തു നീങ്ങും.

Electric Lights in Thiruvalla Municipal Town.

239. MR. K. A. MATHEW (*Thiruvalla IV—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പി. ഡബ്ല്യു. വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവല്ലാ മുനിസിപ്പൽ ടൗണിലെ റോഡുകളിൽ കൂടുതൽ ഇലക്ട്രിക്ക് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ തിരുവല്ലാ മുനിസിപ്പാലിററിയിൽനിന്നും ആദ്യമായി ലഭിച്ചതെന്നാണ്?

(ബി) തുടർച്ചയായി പ്രസ്തുത കാര്യത്തെപ്പററി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

[Mr. K. A. Mathew]

(സി) എത്ര വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത് ? അതിൽ എത്ര അനുവദിച്ചിട്ടുണ്ട് ?

(ഡി) അനുവദിച്ചവ തന്നെയും സ്ഥാപിക്കുന്നതിനു കാലവിളംബം വരുത്തുന്നതെന്തുകൊണ്ടാണ് ?

HON'BLE MR. G. RAMACHANDRAN : (എ) ൪-൫-൫ ൫ ൨ ൨.

(ബി) ഉണ്ട്.

(സി) ൭ ൨ ൩൭൦ വേണമെന്നാവശ്യപ്പെട്ടതിൽ ൫൫൨൨-ൽ ൭ ൫൦ എണ്ണം അനുവദിച്ചു.

(ഡി) ബാത്തിലുകൾക്ക് ആവശ്യമുള്ള പൈപ്പ് മുതലായ സാമാനങ്ങൾ കിട്ടാനുള്ള വിഷമംകൊണ്ടാണ് താമസം ഉണ്ടായത്.

MR. K. A. MATHEW : എന്നത്തേക്ക് ൭൫ എണ്ണമെങ്കിലും സ്ഥാപിക്കാൻ ഇടയാകും.

HON'BLE MR. G. RAMACHANDRAN : അത് എന്നെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതിന് ആവശ്യമുള്ള പൈപ്പുകൾ വേണം.

MR. K. A. MATHEW : അത് എവിടെനിന്നും കിട്ടും ?

HON'BLE MR. G. RAMACHANDRAN : വെളിയിൽനിന്നും കിട്ടും.

MR. K. A. MATHEW : ഇതിനാവശ്യമുള്ള പൈപ്പുകൾ ഇവിടെയുണ്ടോ ?

HON'BLE MR. G. RAMACHANDRAN : ഉണ്ടെങ്കിൽ അനുവദിക്കാം.

വാഴൂർപകുതിയിൽ കാനാംപാടം.

* 240. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രി സദയം മറുപടി നൽകുമോ ?

(എ) ചങ്ങനാശ്ശേരിതാലൂക്കിൽ വാഴൂർപകുതിയിൽ കാനം കരയിൽ ഏകദേശം ൩൦൦ പറ നിലം (കാനാംപാടത്തിലെ മകരകൃഷി) വെള്ളത്തിന്റെ അഭാവംനിമിത്തം ഉണങ്ങിപ്പോകുന്നതായി ഗവൺമെന്റിനറിയാമോ ?

(ബി) പ്രസ്തുത പാടത്തിലേക്ക വെള്ളം നൽകിക്കൊണ്ടിരുന്ന അമ്പലച്ചിറക്കുളം ൨൫ വർഷം മുൻപ് പതിച്ചുകൊടുത്തുപോയതുകൊണ്ടാണ് ഈ കൃഷിനാശം ഉണ്ടാകുന്നതെന്ന് ഗവൺമെന്റിനറിയാമോ ?

(സി) ഇതിന പരിഹാരമാർഗ്ഗം ഉണ്ടാക്കുന്നതിന ഗവണ്മെൻറ ശ്രമിക്കുമോ ?

HON'BLE MR. K. M. KORAH: (എ) ഗവണ്മെൻറിന് അറിവില്ല.

(ബി) അറിവില്ല.

(സി) എ. ബി ഉത്തരങ്ങൾ അറിവില്ലാ എന്നാകയാൽ സി-ക്ക് ഉത്തരം പറയേണ്ട ആവശ്യമില്ല.

MR. K. A. MATHEW: അതിനെപ്പററി ഗവണ്മെൻറ് അന്വേഷിക്കാൻ ദയവുണ്ടാകുമോ ?

HON'BLE MR. K. M. KORAH: അന്വേഷിക്കാൻ ഏർപ്പാടു ചെയ്യുന്നതാണ്.

തിരുവല്ലായിലെ ഗവണ്മെൻറ് ആശുപത്രി കെട്ടിടം.

241. MR. K. A. MATHEW: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) തിരുവല്ലായിലെ ഗവണ്മെൻറ് ആശുപത്രി കെട്ടിടം ശോച്യമായ അവസ്ഥയിലാണെന്നും, ആശുപത്രിവളപ്പിന മതിലുകൾ എല്ലാവശത്തും ഇല്ലെന്നും ഉള്ള കാര്യം ഗവണ്മെൻറിനറിയാമോ ?

(ബി) നല്ല ആശുപത്രികെട്ടിടങ്ങൾ പണിയിക്കുന്നതിനും പ്രസവവാർഡ് വിപുലമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ ?

(സി) തിരുവല്ലാ ആശുപത്രിയിൽ മുമ്പ് രോഗികളെ ശുശ്രൂഷിക്കുന്നതിന് സിസ്റ്റേഴ്സ് ഉണ്ടായിരുന്നതായും അവരുടെ സേവനം രോഗികൾക്ക് ഏററവും വലിയ സഹായമായിരുന്നു എന്നും അറിയാമോ ?

(ഡി) അവരെ വീണ്ടും നിയമിച്ച് രോഗികളുടെ പരിചരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആലോചിക്കുമോ ?

HON'BLE MR. G. RAMACHANDRAN: (എ) അറിയാം.

(ബി) തിരുവല്ലാ ആശുപത്രിയുടെ പ്രധാന കെട്ടിടങ്ങൾ പൊളിച്ചുപണിയുന്നതിനും മതിലുകൾ നന്നാക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്തുവരികയാണ്.

(സി) അറിയാം.

(ഡി) നഴ്സിംഗ് സിസ്റ്റേഴ്സിനെ കിട്ടുന്നതിന് ഇപ്പോൾ വളരെ പ്രയാസമുണ്ട്. യോഗ്യതയുള്ളവരെ കിട്ടുമ്പോൾ ഇക്കാര്യത്തെപ്പററി ആലോചിക്കുന്നതാണ്.

MR. K. A. MATHEW: അറിയിച്ചിരുന്ന സിസ്റ്റേഴ്സിനെ അവിടെനിന്നും മാററുവാനുള്ള കാരണം എന്താണെന്നു പറയുമോ ?

HON'BLE MR. G. RAMACHANDRAN: They were withdrawn by the Mother Superior of the Government Hospital, Thiruvella due to old age and ill health. Substitutes were not appointed by the Mother Superior.

MR. K. A. MATHEW: മററെവിടെങ്കിലും ആശുപത്രികളിൽ ഇതുപോലെ മാററിയിട്ടുണ്ടോ ?

HON'BLE MR. G. RAMACHANDRAN: അതിനു നോട്ടീസ് വേണം.

Alwaye Railway Bridge.

242. MR. E. K. MADHAVAN: Will the Honourable Minister for Finance be pleased to state

(a) whether the Government have received any representation from the inhabitants of Alwaye and suburbs regarding the conversion of the Alwaye Railway bridge into a rail-road bridge; and

(b) if so, what action they have taken in the matter?

HON'BLE MR. A. THANU PILLAI: Answer to (a) is yes; and (b) the matter is under consideration of Government.

MR. E. K. MADHAVAN: ഇതിനുമുൻപ് ഇതെപ്പററി അന്വേഷണം നടത്തിയിട്ടുണ്ടോ ?

HON'BLE MR. A. THANU PILLAI: ഉണ്ട്. കൊച്ചിഗവൺമെൻറുമായിട്ട് ഇതുസംബന്ധിച്ച് എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

MR. PAUL THALIAT: കൊച്ചിഗവൺമെൻറ് ഇതിൻെറ ചെലവിൽ എത്രഭാഗം വഹിക്കാമെന്നു പറഞ്ഞിട്ടുണ്ടോ ?

HON'BLE MR. A. THANU PILLAI: കൊച്ചിഗവൺമെൻറുമായി നടക്കുന്ന എഴുത്തുകുത്തിൽ ആ കാര്യത്തെപ്പററിയും പറയുന്നുണ്ട്.

MR. PAUL THALIAT: ചെലവിൻെറ എത്ര അംശം വഹിക്കാം എന്നാണ് അവർ പറഞ്ഞിരിക്കുന്നത് എന്നെങ്കിലും പറയാമോ ?

HON'BLE MR. A. THANU PILLAI: ആ എഴുത്തുകുത്തുകൾ പൂർത്തിയായതിനുശേഷമേ പറയാൻ നിവൃത്തിയുള്ളു.

കാട്ടാനശല്യം.

243. MR. A. K. PATCHU PILLAI (*Peermade—general*): താഴെ കാണിക്കുന്ന ചോദ്യങ്ങൾക്ക് ഫാറസ്റ്റ് വകുപ്പിൻെറ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഉത്തരം നൽകുവാൻ ദയവുണ്ടാകുമോ ?

(എ) തിരുവിതാംകൂറിലെ ഓരോ ഫോറസ്റ്റ് ഡിവിഷനിലും കഴിഞ്ഞ ൫ വർഷക്കാലത്തിൽ ഓരോ വർഷവും എത്ര കാട്ടാനകളെ വീതം പിടിച്ചിട്ടുണ്ട് ?

(ബി) തിരുവിതാംകൂറിൽ പല സ്ഥാനങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന കാട്ടാനശല്യത്തിന്റെ പ്രധാന കാരണം ആനപിടിത്തത്തിന്റെ കുറവുകൊണ്ടാണെന്നു വിചാരിക്കാൻ കാരണമുണ്ടോ ?

HON'BLE MR. C. KESAVAN: Answer to (*a*)

	1118	1119	1120	1121	1122
Central Division	7	...	7	7	5
Kottayam Do.	7	1	3	...	...
Malayattur Do.	...	9	...	6	...
High Range Do.	...	...	...	...	6

(*b*) Troubles from wild elephants are not due to the fact that elephants are not adequately captured but due to the fact that more forest lands are brought under cultivation and more lands adjacent to reserved forests are cleared for purposes of cultivation. When the abodes of elephants are cleared and those areas cultivated they usually visit their favourite places and eat and destroy the crops raised there. Troubles are caused mostly by herds. Capturing operation cannot obviously be conducted in all Reserves. Troubles from herds can be avoided by adopting the necessary precautionary methods. The areas from which elephants are captured are no less subject to their trouble than other areas since the number captured is small, when compared with the number at large.

(*c*) Yes. The M. L. A. for Peermade has submitted two petitions to Government.

(*d*) As the damages are caused by herds it is not possible to destroy them wholesale. Rogues are proscribed and destroyed. Damages are caused mostly in estates and it has been suggested that the Estate owners may be asked to make pits in places where the elephents usually visit and the Forest Department will outpit the animals that fall into them; and

(*e*) This question does not arise in view to answers above.

MR. A. K. PATCHU PILLAI: ആന ഇന്നസ്ഥലത്തുകൂടി വരുമെന്നു നിശ്ചയമില്ലാത്തതിലും, മനുഷ്യരേക്കാളും കൂടുതൽ ബുദ്ധിയുള്ള ഒരു മൃഗമാണ് ആനയെന്നുള്ള നിലയിലും കുഴികുത്തി അവയെ പിടിക്കുവാൻ ഇന്നസ്ഥലത്തു കുഴികുഴിക്കണമെന്നുള്ള വല്ല നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടോ ?

HON'BLE MR. C. KESAVAN : ആ ചോദ്യത്തിന്റെ ആദ്യഭാഗം കേവലം അനുമാനമാണ്. അതിന് ഉത്തരം പറയുവാൻ സാദ്ധ്യമല്ല. സാധാരണ ആനകൾ പോകുന്നത് അവ സാധാരണപോകുന്ന വഴിയിൽകൂടിതന്നെയാണ്. അവിടെ മുമ്പ് ചെയ്തിരുന്ന പതിവനുസരിച്ച് കുഴികുഴിക്കുന്നതിനുള്ള ഏർപ്പാട് ചെയ്താൽ ധാരാളം മതിയാകുന്നതാണ്.

MR. A. K. PATCHU PILLAI : മലയിലുള്ള തോട്ടങ്ങളിലും മററും പല വഴികളിൽകൂടിയാണ് ആന നടക്കുന്നതെന്നറിയാമോ ?

HON'BLE MR. C. KESAVAN : ആയിരിക്കാം.

MR. P. M. VARGHESE : കൂടുതൽ ആനകളെ പിടിക്കാതിരിക്കുന്നത്, വനത്തിൽ ആനകൾ ഇല്ലാഞ്ഞിട്ടാണോ, അതോ നമുക്കു കൂടുതൽ ആനകളുടെ ആവശ്യമില്ലാഞ്ഞിട്ടാണോ ?

HON'BLE MR. C. KESAVAN : ഇതുരണ്ടുമല്ല. പിടിക്കാൻ സൗകര്യമുള്ളിടത്തോളം പിടിക്കുന്നുണ്ട്.

MR. P. T. CHACKO : ആന സാധാരണ സഞ്ചരിക്കാത്ത സ്ഥലത്തു കയറി വിളവുകൾ നശിപ്പിക്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെന്റിന് അറിയാമോ ?

HON'BLE MR. C. KESAVAN : അറിഞ്ഞുകൂടാ.

MR. P. T. CHACKO : ആന വരാത്ത സ്ഥലങ്ങളിൽപോലും ആനകളുടെ ശല്യം ഉണ്ടാകുന്നുണ്ടെന്ന ഗവണ്മെന്റ് അറിഞ്ഞിട്ടില്ലെന്നാണോ പറയുന്നത് ?

HON'BLE MR. C. KESAVAN : ഗവണ്മെന്റിന് അങ്ങനെ അറിവില്ല.

MR. P. T. CHACKO : ആന അധികമായി വർദ്ധിച്ചതുകൊണ്ടാണ് ഇങ്ങനെ അവിടെയും ഇവിടെയും കയറി ശല്യപ്പെടുത്തുന്നതെന്ന് ഞാൻ പറഞ്ഞാൽ അതു ശരിയായിരിക്കുമോ ?

HON'BLE MR. C. KESAVAN : ശരിയായിരിക്കണമെന്നില്ല.

MR. P. T. CHACKO : മദംപൊട്ടിയ ആനയെ വെടിവയ്ക്കുവാൻ അനുവാദം ലഭിക്കുന്നതിന് അതിന്റെ ഐഡന്റിഫിക്കേഷൻ മാർക്ക്സ് ചോദിക്കാറുണ്ടോ ?

HON'BLE MR. C. KESAVAN : മലയിലെ ആനയുടെ കാര്യമാണോ പറയുന്നത് ?

MR. P. T. CHACKO : അതെ.

HON'BLE MR. C. KESAVAN : അങ്ങനെ ചോദിക്കാൻ ന്യായമില്ല. ചോദിച്ചിട്ടുണ്ടോ എന്നുള്ളതിന് നോട്ടീസുകിട്ടിയാൽ പറയാം.

MR. P. T. CHACKO : ഐഡന്റിഫിക്കേഷൻ മാർക്ക് കൊടുത്തില്ലെങ്കിൽ വെടിവയ്പുവരെയുള്ള അനുവാദം നൽകുന്നതല്ലെന്ന് ഈ ഗവണ്മെന്റു ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

HON'BLE MR. C. KESAVAN : നോക്കി പറയാം.

Price of Tapioca.

244. **MR. P. GOPALAN** (*Vaikom III—General*) : Will the Honourable Minister for food be pleased to state:

(*a*) whether the Government is aware of the fact that the price of tapioca has risen very high up to 7 chuckrams per pound; and

(*b*) if the answer to part (*a*) is in the affirmative, is there any scheme to check and control the price?

HON'BLE MR. K. M. KORAH : Answer to (a), Government are not aware whether the price of tapioca has risen as high as 7 chs. per lb.

(b) Government have, however, fixed the price of tapioca at 1½ Chs. per pound for raw tapioca and 4 Chs. per pound for dry chips. They have also imposed restriction on the export of tapioca in any form except under a permit issued by the Excise Commissioner.

MR. P. GOPALAN : ഈ വില എന്തടിസ്ഥാനത്തിന്മേലാണ് വച്ചിട്ടുള്ളതെന്ന് പറയാമോ?

HON'BLE MR. K. M. KORAH : അതാതു താലൂക്കിലുള്ള തഹശീൽദാരന്മാരുടേയും, ഡിവിഷൻ പേഷ്കാരന്മാരുടേയും റിപ്പോർട്ട് അടിസ്ഥാനമാക്കിവച്ചിട്ടുള്ളതാണ്.

MR. MOHAMMED MUSTAFA : കപ്പ ഇപ്പോഴും നിശ്ചയിച്ചിരിക്കുന്ന വിലനിരക്കിൽനിന്നും കൂടുതൽ വിലയ്ക്കു വിൽക്കുന്നുണ്ടെന്ന് ഗവണ്മെന്റിന് അറിവുകിട്ടിയാൽ അവരുടെ പേരിൽ ഗവണ്മെന്റു നടപടി നടത്തുമോ?

HON'BLE MR. K. M. KORAH : തീർച്ചയായും.

Deepening canal running through Mundakapadam paddy lands.

245. MR. V. O. MARKOS (*Kottayam III—General*): Will the Honourable Minister for Public Works and Irrigation be pleased to state:

(*a*) whether the Government are aware that the Mundakapadam paddy lands comprising about 150 acres partly in Changanacherry taluk and partly in Kottayam taluk have become impossible for cultivation on account of the silting up of the canal running through the middle of the paddy fields, especially the portion lying in between the places where the Kottayam-Karukachal road and the Puthupally-Pudussery road cross the said canal; and

(*b*) will the Government be pleased to make early arrangements for deepening and widening this canal so as to enable the said paddy fields being cultivated regularly?

HON'BLE MR. A. ATCHUTHAN: Answer to (*a*) Yes.

(*b*) Yes.

MR. V. O. MARKOS: May I know when this widening work will be taken?

HON'BLE MR. A. ATCHUTHAN: There is some difficulty in the way of taking this work. There are some encroachments in this canal and the Land Commissioner has been asked to remove this encroachment. When the encroachments are removed, work will be taken up immediately.

MR. V. O. MARKOS: May I know whether these two works may be taken up together?

HON'BLE MR. A. ATCHUTHAN: ഒരുമിച്ചു ചെയ്യും.

MR. V. O. MARKOS: Is there any co-ordination between the Grow more Food Department and the Irrigation Department in this matter?

HON'BLE MR. A. ATCHUTHAN: I will see that both the works are taken up simultaneously.

MR. P. T. CHACKO: The question is whether there is any co-ordination.

HON'BLE MR. A. ATCHUTHAN: No.

Bridge at Kongandoor

246. MR. V. O. MARKOS: Will the Honourable Minister for Public Works be pleased to state:

(*a*) what steps have been taken by the Government and the Public Works Department with regard to the bridge at Kongandoor across the Pannagam thodu in Kottayam taluk;

(*b*) whether any amount has been sanctioned for the work so far;

(*c*) will the Government be pleased to take necessary steps to start work immediately so as to complete it at least in 1124; and

(*d*) will the Government be pleased to take early steps to improve the road from that bridge across the Meenachil river up to the Ettumanoor-Palai road?

HON'BLE MR. A. ATCHUTHAN: (*a*) Design is already prepared and the estimate is under preparation.

(*b*) No

(*c*) Yes.

(*d*) Yes.

MR. ABDUL AZIZ (*Trivandrum I—Muslim Reserved*): On a point of order.

സർ, പല ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട മന്ത്രിമാരിൽനിന്ന് പലപ്പോഴായി വിപരീതമായ ഉത്തരങ്ങൾ കിട്ടുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഏതു ഉത്തരമാണ് ശരിയെന്നു നിശ്ചയിക്കുന്നതെങ്ങനെ?

MR. PRESIDENT: അതു് ഒരു ക്രമപ്രശ്നമായി ഞാൻ കരുതുന്നില്ല. ബഹുമാനപ്പെട്ട മെമ്പറുടെ ഇഷ്ടംപോലെ ഏതെങ്കിലും ഉത്തരം ശരിയെന്നു സ്വീകരിക്കാം.

MR. V. O. MARKOS: ഈ വർക്ക് എത്രനാളായി തുടങ്ങാതെ കിടക്കുന്നു എന്നറിയാമോ?

HON'BLE MR. A. ATCHUTHAN: അന്വേഷിച്ചില്ല.

MR. V. O. MARKOS: ഈ വർക്ക നടത്തുന്നതിന് മുമ്പു പറഞ്ഞതുപോലെ വല്ല തടസ്സവുമുണ്ടോ?

HON'BLE MR. A. ATCHUTHAN: ഇല്ല.

Amount spent for carrying mails.

247. MR. K. A. MUHAMMED (*Quilon IV—Muslim*): Will the Honourable Minister for Anchal be pleased to state:

(*a*) whether the Department is paying any amount to the Railway authorities for carrying Anchal articles from Shencottah to Trivandrum and from Trivandrum to Shencottah;

(*b*) the amount so paid; and

(*c*) the amount spent for carrying mails from Trivandrum to Kottayam and North Parur and vice versa?

HON'BLE MR. K. M. KORAH: (*a*) Yes.

(*b*) The amount paid annually to the Railway authorities for the transmission of Mails from Trivandrum to Shencottah and back is Rs. 9148-10-6.

(*c*) No payment is being made for carrying Mails from Kottarakara to North Parur and vice versa on the bus route. For any deviation to an Anchal Office from regular bus route, the Transport Department is being paid at the rate of annas 4 per mile. The total length of the deviations at Kottarakara, Thiruvella and Kottayam comes to 7 miles per day.

Polluting Periyar river water.

248. **MR. PAUL THALIAT**: Will the Honourable Minister for Public Health be pleased to state:

(*a*) whether the Government have received any complaints from the public of Varapuzha pakuthi in Parur taluk about their inability to use for drinking and bathing purposes the water of Periyar by the letting out to the river poisonous and dirty water by the authorities of the Fertilisers and Chemicals, Travancore, Ltd.;

(*b*) if the answer to (*a*) is in the affirmative, the dates on which the first and last complaints were received; and

(*c*) whether any action has been taken so far?

HON'BLE MR. G. RAMACHANDRAN: (*a*) Yes.

(*b*) 13-4-1947 and 16-6-1948 respectively; and

(*c*) Yes. Arrangements were made for representative samples of water from the river in the vicinity of the Company being collected at intervals of three months during the rainy season and every month during the summer months, namely, Makaram, Kumbhom, Meenom, Medom and analysed by the water Analyst attached to the Research Laboratory to ascertain the extent of pollution of the water. The results of the analysis revealed that the pollution is only transitory and not of a serious nature.

MR. PAUL THALIAT: സാനിട്ടറി സർക്കിൾ ആഫീസറോ, ഡിസ്ട്രിക്ട് ഹെൽത്താഫീസറോ ഈ വെള്ളം പരിശോധിച്ചിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN I am not aware. The present analysis to which I refer was done by persons who are far more competent to do the work than the Government Officer.

MR. PAUL THALIAT: ഗവർമെൻറ് ഉദ്യോഗസ്ഥനാണോ, അതോ കമ്പനിയുടെ ഉദ്യോഗസ്ഥനാണോ ആരാണ് വെള്ളം പരിശോധിച്ചതും?

HON'BLE MR. G. RAMACHANDRAN: It is the Analyst attached to the Research Laboratory of the Public Health Department of the Travancore Government.

MR. PAUL THALIAT: ആ ഉദ്യോഗസ്ഥൻ ഈ സ്ഥലത്തുപോയി ഈ വെള്ളമാണോ പരിശോധിച്ചതു്, അതോ വേറെ വല്ല വെള്ളവുമാണോ?

HON'BLE MR. G. RAMACHANDRAN: The water examined was the water from the river collected from places mentioned in my answer, and due care has been taken to collect what is called "representative samples" of water.

Outlet to Periyar River.

249. **MR. PAUL THALIAT**: Will the Honourable Minister for Land be pleased to state.

(*a*) Whether any complaint has been received from the public of Eloor and other karas of Varapuzha pakuthi, Parur taluk about

the difficulty of getting an outlet to the Periyar river due to the acquisition of the river coast for a very long distance for the use of the Fertilisers and Chemicals, Travancore, Ltd., and

(*b*) If the answer to (a) is in the affirmative, whether any action has been taken?

HON'BLE MR. A. ATCHUTHAN: (a) No.

(b) Does not arise.

MR. PAUL THALIAT: യാതൊരു പരാതിയും കിട്ടിയില്ലെന്നാണോ മറുപടിയിൽനിന്നും മനസ്സിലാക്കേണ്ടതു് ?

HON'BLE MR. A. ATCHUTHAN: Yes.

MR. PAUL THALIAT: ഞാൻതന്നെ ഒപ്പിട്ട് ഒരു പരാതി അയച്ചിട്ടുണ്ടെന്ന് ധൈര്യമായി പറയാം.

HON'BLE MR. A. ATCHUTHAN: അതിനെപ്പററി അന്വേഷിക്കാം.

ഒററിക്കാരെ ഇറക്കിവിടുന്ന പരാതികൾ.

260. MR. K. A. MATHEW: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

ഭൂമി ഉടമസ്ഥന്മാർ അവരിൽനിന്നും വസ്തുക്കൾ ഒററിയായി ഏററു ദീർഘകാലം അനുഭവിക്കുന്നവരെ ഇറക്കിവിടുന്നതിനുള്ള നടപടികൾ ധൃതിയായി സ്വീകരിച്ചുവരുന്നതായി ഗവണ്മെൻറിന് അറിവുണ്ടോ ? അതിനെപ്പററി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു നടപടികൾ എടുത്തിട്ടുണ്ടു് എന്നു സദയം പറയുമോ ?

HON'BLE MR. C. KESAVAN: ഇല്ല.

Acreage of Puduval Lands in Travancore.

251. MR. SREE V. DAS (*Kalkulam I—Hindu Nadar Reserved*): கனம் ரெவனியூ மந்திரி அவர்கள் தயவுசெய்து கீழே காணும் கேள்விகளுக்கு பதில் அளிப்பார்களா ?

(அ) திருவிதாங்கூரில் புதுவல் கிருஷி நிலங்களின் மொத்த ஏக்கர் எவ்வளவு ?

(ஆ) தோவாளை, அகஸ்தீஸ்வரம், கல்குளம் தாலுகாக்களில் உள்ள புதுவல் கிருஷி நிலங்களின் மொத்த விஸ்தீரணம் என்ன?

HON'BLE MR. C. KESAVAN: (a) 28,053 acres 80·027 cents.

(b) 19,264 acres 47.277 cent.

Accommodation for Visitors in Government Offices.

252. MR. R. K. RAM (*Agasteeswaram General*) : கீழ் குறிப்பிடும் கேள்விக்கு தயவு செய்து கனம் முதல் மந்திரி அவர்கள் பதில் அளிப்பாரா?

சர்க்கார் ஆபீஸ்களுக்கு வரும் காரியஸ்தர்களுக்கு, உட்கார வசதி செய்யப்பட்டு இருக்கிறதா ?

HON'BLE MR. A. THANU PILLAI : Yes, as far as possible.

Petrol.

253. MR. MAJID MARIKAR (*Kunnathnad I—Muslim*): Will the Honourable Minister for Petrol Rationing be pleassd to state:

(*a*) the quanty of petrol alloted by the Government of India for the State for the three previous successive quarters of 1948, whether these allotments were made on the basis of the total number of vehicles run in the State and if so, the quantity so alloted per vehicle;

(*b*) whether the basis on which allotment is made by the Government of India is adhered to by the Travancore Government also in the matter of distribution of petrol;

(*c*) if not, why not; and

(*d*) if there is any deviation, the nature and extent of such deviation?

HON'BLE MR. A. ATCHUTHAN:

(a)	November 1947—January 1948	7,61,000 gallons
	Febuary 1948—April 1948	7,04,000 gallons
	May 1948—July 1948	6,60,000 gallons

(b) Yes.

(c) This question does not arise in view of the answer to part (b)

(d) This question also does not arise in view of answer to part (b).

MR. P. T. CHACKO : ബസ്സുടമസ്ഥന്മാൎക്കു് പെട്രോൾ കൊടുക്കുന്നതിൽ ഏതെങ്കിലും ബസ്സുടമസ്ഥന്മാൎക്കു് പ്രത്യേകത വല്ലതും കാണിക്കുന്നുണ്ടോ ?

HON'BLE MR. A. ATCHUTHAN : അങ്ങനെ ഗവൺമെൻറിനറിവില്ല.

MR. P. T. CHACKO : എല്ലാ ബസ്സുകാൎക്കും ഒരേ തോതുവച്ചാണോ പെട്രോൾ കൊടുക്കുന്നതു് ?

HON'BLE MR. A. ATCHUTHAN : ടണ്ണേജനുസരിച്ചു കൂടുതൽ കുറവുകാണും.

MR. P. T. CHACKO : എസ്സ്. എം. എസ്സ്. ബസ്സുകൾക്ക് മററു ബസ്സുകൾക്ക് കൊടുക്കുന്നതിനേക്കാൾ വളരെ കുറച്ചാണ് പെട്രോൾ കൊടുക്കുന്നതെന്ന് പരാതി കിട്ടിയിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : അങ്ങനെ ഒരു പരാതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ വന്നിട്ടില്ല.

MR. MOHAMMED MUSTAFA : ട്രാൻസ്പോർട്ട ബസ്സുകൾക്കും പ്രൈവററു ബസ്സുകൾക്കും ഒരേ ടണ്ണേജ് ഉണ്ടായിരുന്നിട്ടും പെട്രോൾ കൊടുക്കുന്നതിൽ വ്യത്യാസം കാണിച്ചിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ ?

HON'BLE MR. A. ATCHUTHAN: അതേപ്പററി അന്വേഷിക്കുന്നതാണ്.

Petrol Rations.

254. MR. MAJID MARIKAR : Will the Honourable Minister for Petrol Rationing be pleased to state :

(*a*) whether he is aware that a Memorandum has been submitted by the Travancore Lorry Owners Association regarding the meagre petrol rations allotted for public carrier vehicles and the inequities to petrol rationing ; and

(*b*) whether any action has been taken by the Government on that Memorandum ?

HON'BLE MR. A. ATCHUTHAN : (a) Yes

(b) Action has been taken on the Memorandum and increased quotas of petrol allotted to the lorry owners.

നെല്ലെടുപ്പ്.

255. MR. P. NANOO (*Chirayinkil II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

എ. നെല്ലെടുപ്പു സംഗതിയിൽ അതിൽ ഏർപ്പെട്ടിരുന്ന ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു പരാതികൾ ഉണ്ടായിട്ടുണ്ടോ ?

ബി. വിശ്വസ്തന്മാരായ പാർട്ടികാരന്മാരെയും മററു ജീവനക്കാരെയും മാത്രമേ നെല്ലെടുപ്പു ജോലിയിൽ ഏർപ്പെടുത്താൻ പാടുള്ളു എന്ന് ഗവണ്മെൻറിൽനിന്നോ ഡിപ്പാർട്ടുമെൻറു മേലുദ്യോഗസ്ഥന്മാരിൽനിന്നോ രേഖാമൂലം ഉള്ള ഉത്തരവുകളോ നിർദ്ദേശങ്ങളോ തഹസീൽദാർമാർക്കു കൊടുത്തിട്ടുണ്ടോ ?

[Mr. P. Nanoo.]

൩. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർ നെല്ലെടുപ്പു ജോലിയിൽ ഏർപ്പെട്ടിരുന്നു എന്നു ഗവണ്മെൻറിനറിയാമോ?

൪. (എ) ഗവണ്മെൻറിൽനിന്നും വിലയ്ക്കു വാങ്ങുന്ന നെല്ല് വിൽപ്പനക്കാലം വരെ സൂക്ഷിക്കുന്നതിനു ഓരോ കാലത്തും ചിറയിൻകീഴ താലൂക്കിൽ എന്തു ചെലവു വന്നിട്ടുണ്ട് ?

(ബി) ചെലവ് ആരുമുഖേന നടത്തുന്നു ?

൫. (എ) ഗവണ്മെൻറിൽനിന്നും വിലയ്ക്കു വാങ്ങുന്ന നെല്ല് ചെലവു ചെയ്യുമ്പോൾ ആ നെല്ലിൽ സൂക്ഷിപ്പുകാരനു വല്ല കിഴിവും അനുവദിക്കുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ എത്ര ?

(സി) ഈ കുറവിൻെറ പരിപൂർണ്ണ ഉത്തരവാദിത്വം എല്ലാം സൂക്ഷിപ്പുകാരും എടുക്കുന്നുണ്ടോ ?

HON'BLE MR. K. M. KORAH :

൧. ഉണ്ട്.

൨. ഉണ്ട്.

൩. അറിഞ്ഞുകൂടാ.

൪. (എ) ൧൧൨൨-ൽ, ൩൧൪൭ രൂപാ.

൧൧൨൩-ൽ, ൧൦൯൨ രൂപാ.

(ബി) ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന കീഴ് സിൽബന്തികൾ മുഖേന.

൫. (എ) ഉണ്ട്.

(ബി) ഏററവും കൂടുതലായി രണ്ടുശതമാനംവരെ.

(സി) ഉണ്ട്.

MR. P. NANOO : പരാതികൾ കിട്ടിയിട്ടുള്ളതിൽ ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ ?

HON'BLE MR. K. M. KORAH : ഉണ്ട്.

MR. P. NANOO : അതിൽ തഹശീൽദാരന്മാരിൽ ആരെങ്കിലും ഉൾപ്പെടുമോ ?

HON'BLE MR. K. M. KORAH : ഉൾപ്പെട്ടിട്ടില്ല.

MR. P. NANOO : വിശ്വസ്തന്മാരായ ഉദ്യോഗസ്ഥന്മാരെ ഈ ജോലികൾക്കായി ചുമതലപ്പെടുത്തേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ടെന്നു ഉത്തരത്തിൽ കാണുന്നു. എന്നാൽ വിശ്വസ്തന്മാരല്ലാത്ത ഉദ്യോഗസ്ഥന്മാരും ഇതിൽ പെട്ടിട്ടുണ്ടെന്നു ഗവണ്മെൻറിനറിയാമോ ?

HON'BLE MR. K. M. KORAH : അങ്ങനെ അറിവില്ല.

MR. P. NANOO : നെല്ലു സൂക്ഷിക്കുന്നതിന് അറയും പുരയും കെട്ടുകേണ്ടതിലേക്ക് ഈ ചെലവു ചെയ്യേണ്ടതാവശ്യമാണെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ?

HON'BLE MR. K. M. KORAH : ഉണ്ട്.

MR. P. NANOO : അങ്ങനെ കൊടുക്കുന്ന തുക ആ സൂക്ഷിപ്പുകാർക്കു കിട്ടുന്നില്ലെന്നറിയാമോ ?

HON'BLE MR. K. M KORAH : അറിവില്ല.

MR. P. NANOO : ഈ സംഖ്യ ഇനിമേലെങ്കിലും താലൂക്കിൽനിന്നും കൊടുക്കുവാൻ ഏർപ്പാടുചെയ്യുമോ ?

HON'BLE MR. K. M. KORAH : അതേപ്പററി ആലോചിക്കാം.

MR. P. NANOO : പിരിവിനത്തിൽ കൊടുക്കേണ്ട എല്ലാ തുകകളും താലൂക്കിൽനിന്ന് കൊടുക്കുവാൻ വ്യവസ്ഥ ചെയ്യുമോ?

HON'BLE MR. K. M. KORAH : എല്ലാ തുകകളും കൊടുക്കുവാൻ വ്യവസ്ഥ ചെയ്യുന്നതു ചിലപ്പോൾ വിഷമകരമായിരിക്കും.

Production of paddy.

256. MR. K. R. ELANKATH (*Trivandrum IV—General*): Will the Honourable Minister for Agriculture be pleased to state:

(*a*) whether there is any data as to the production of paddy in the various taluks of the State, the quality of paddy produced in various kinds of soil etc., and

(*b*) whether there is any agency engaged in such works ?

HON'BEL MR. K. M. KORAH : (a) No,
(b) No.

MR. K. R. ELANKATH : ഏതിനത്തിലാണു പ്രതിവർഷം ഇത്ര കൂടുതൽ നെല്ലുകിട്ടുന്നു എന്നു കണക്കെടുക്കുന്നതു് ?

HON'BLE MR. K.M. KORAH: ഇപ്പോൾ എടുത്തുവരുന്നതു് പണ്ടത്തെ കണ്ടെഴുത്തുകാലത്തു് കിട്ടിയിട്ടുള്ള ഒരു ഡാററാ അനുസരിച്ചാണ്. അതു ശരിയല്ലെന്നു കണ്ടിട്ടാണു കണക്കെടുക്കുവാൻ ഒരു പ്രൊഡക്ഷൻ സ്റ്റാഫിനെ ഏർപ്പെടുത്തിയതു്.

MR. K, R. ELANKATH : ബി-യിൽ ചോദിച്ചിരിക്കുന്ന പ്രകാരം ഒരു ഏജൻസിയുടെ ആവശ്യമുണ്ടെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ ?

HON'BLE MR. K. M. KORAH: പ്രൊഡക്‌ഷൻ സ്കീമുകളുള്ളതുകൊണ്ടു പ്രത്യേകം ഒരു ഏജൻസി വേണമെന്നു തോന്നുന്നില്ല.

Pattini thodu.

257. MR. ALEXANDER VAKAYIL (*Parur II—Latin Catholic*): Will the Honourable Minister for Public Works be pleased to state:

(*a*) Whether the Government are aware of the serious inconvenience and hardship caused to boat journey through the Pattini thodu in the Parur taluk;

(*b*) if so, will the Government see to the widening and deepening of this canal which leads to the Parur town; and

(*c*) has any amount been sanctioned for this purpose?

HON'BLE MR. A. ATCHUTHAN: (a) Yes
(b) Yes.
(c) Yes.

MR. ALEXANDER VAKAYIL: എന്തു സംഖ്യയാണു് ഇതിൽ കൊള്ളിച്ചിരിക്കുന്നതെന്നു പറയാമോ?

HON'BLE MR. A. ATCHUTHAN: മൂവായിരം രൂപാ.

MR. ALEXANDER VAKAYIL: ഏതു കൊല്ലത്തെ ബഡ്ജററിലാണു കൊള്ളിച്ചിരിക്കുന്നതു്?

HON'BLE MR. A. ATCHUTHAN: ഈ കൊല്ലത്തെ ബഡ്ജററിൽ.

MR. PAUL THALIAT: കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ ൬,൦൦൦ രൂപാ ഈ പണിക്കുവേണ്ടി നീക്കിവച്ചതായി ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN: ൪,൨൦൦ രൂപാ നീക്കിവച്ചിരുന്നു.

MR. PAUL THALIAT: ഈ സംഖ്യ മുഴുവൻ ൧൧൨൩-ൽ ചെലവു ചെയ്തോ?

HON'BLE MR. A. ATCHUTHAN: ഇല്ല. ചെലവുചെയ്ത തുകയാണു് ൩,൦൦൦ രൂപാ എന്നു ഞാൻ പറഞ്ഞതു്.

MR. ALEXANDER VAKAYIL: ഈ പണി എന്നു പൂർത്തിയാകുമെന്നാണു ഗവണ്മെൻറു കരുതുന്നതു്?

HON'BLE MR. A. ATCHUTHAN: വേനൽക്കാലത്തുമാത്രമെ തോടു കുഴിക്കുവാൻ സാധിക്കുകയുള്ളു. അതിനാൽ കണ്ട്രാക്ടർമാർ ആരും മുൻപോട്ടു വന്നില്ല. അതുകൊണ്ടാണു പണിക്കു താമസം നേരിട്ടതു്.

Control of Tamarind pulp.

258. MR. R. CHELLASWAMI NADAR (*Vilavancode—Hindu Nadar*) : Will the Honourable Minister for Export and Import be pleased to state whether the Government have any idea to lift the control of tamarind pulp being sent to outside without permit?

HON'BLE MR. K. M. KORAH : No conserving the local production of tamarind pulp is necessary to meet the internal demand until surplus stock becomes available.

Lift Irrigation.

259. MR. R. CHELLASWAMI NADAR : Will the Honourable Minister for Land be pleased to state:

(*a*) whether the Government have considered the possibility of introducing lift irrigation schemes in Neyyattinkara and Vilavancode taluks; and

(*b*) if so, the time the Government will take for introducing it?

HON'BLE MR. K. M. KORAH : (*a*) There is no lift irrigation scheme under contemplation for Vilavancode Taluk at present. A scheme for lift irrigation at Vellayani in Neyyattinkara taluk, is under investigation.

(*b*) This can be decided only after the investigation is completed.

റേഷൻപദ്ധതിയും നെല്ലെടുപ്പുപദ്ധതിയും.

260. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

റേഷനിംഗ് പദ്ധതിയും നെല്ലെടുപ്പുപദ്ധതിയും ഒരു ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിൽ കൊണ്ടുവരുന്നതിനും ചെലവു കുറയ്ക്കുന്നതിനും ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ?

HON'BLE MR. K. M. KORAH : ഇല്ല.

Trivandrum-Cape Road.

261. MR. P. THANULINGOM NADAR (*Agasteeswaram Hindu Nadar Reserved*) : கனம் பொது மராமத்து மந்திரி கீழ் குறிப்பிட்டிருக்கும் கேள்விகளுக்கு தயவு செய்து பதில் தருவார்களா?

1. (a) திருவனந்தபுரம்—கன்னியாகுமரி கடற்கரை ரோடு வெட்டப்படுமா?

(b) அது சம்பந்தமாய் என்னவெல்லாம் நடந்திருக்கிறது?

HON'BLE MR. A. ATCHUTHAN: (a) Yes.

(b) Preliminary detailed investigalion and estimating.

Electric Power for Lift Irrigation.

261. MR. P. KUNJUKRISHNAN (*Quilon II—General*): Will the Honourable Minister for Electricity be pleased to state whether they have any scheme to start lift irrigation in Ithicara, Chathannoor and other adjoining areas, in view of the proximity of electric supply and in view of the peculiar conditions necessitating lift irrigation in those areas?

HON'BLE MR. K. M. KORAH: Yes.

അരിവില.

268. MR. MOHAMMED MUSTAFA: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ?

(എ) അരിവില ചില പ്രത്യേക വ്യവസ്ഥകളിന്മേൽ വീണ്ടും വർദ്ധിപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്താണ് ആ വ്യവസ്ഥകൾ?

(ബി) മുസ്ലിം പള്ളികൾക്ക റംസാൻ പ്രമാണിച്ച് വിതരണം ചെയ്തുവരുന്ന അരിക്ക് ചാക്കൊന്നിന ഗവണ്മെൻറ് എന്തു വിലയാണ് ഈടാക്കുന്നത്?

HON'BLE MR. K. M. KORAH: (എ) സ്ഥാപനങ്ങൾക്ക് കൊടുക്കുന്നതും പ്രത്യേക ആവശ്യങ്ങൾക്കും വിശേഷങ്ങൾക്കും കൊടുക്കുന്നതുമായ അരിയുടെ വില ൧൯–൬–൧൧൨൪ മുതൽ ഗവണ്മെൻറ ഗോഡൌണിൽനിന്നും വാങ്ങിക്കുന്നതായ നൂററിഅറുപതു റാത്തൽ തൂക്കമുള്ള ചാക്കൊന്നിന് നാല്പത്തേഴു രൂപയായി ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതേവിലതന്നെ.

MR. MOHAMMED MUSTAFA: ഈ വില ക്ലിപ്തപ്പെടുത്തിയിരിക്കുന്നത് സിവിൽസപ്ലൈസ് കമ്മീഷണരാണോ ഗവണ്മെൻറാണോ?

HON'BLE MR. K. M. KORAH: ഗവണ്മെൻറ്.

MR. K. A. MATHEW: സ്ഥാപനങ്ങൾ എന്നു പറയുന്നത് ഏതെല്ലാമാണ്?

HON'BLE MR. K. M. KORAH : ഹാസ്പിററൽസ്, സ്റ്റേററ്ഫോഴ്സസ്, പോലീസ്, റെസ്റ്റാറൻസ് ബോർഡിങ്ങ് ഹൌസസ്സ്, മുതലായവയാണ്.

MR. K. A. MATHEW : ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങൾ അല്ലാത്തവയിൽനിന്നും കൂടുതൽ വില ഈടാക്കുന്നതു തെററാണെന്ന് അറിയാമോ ?

HON'BLE MR. K. M. KORAH : ഗവണ്മെൻറ് ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനെക്കുറിച്ച് ആലോചിക്കാം.

MR. K. A. MATHEW : ഇതിനെക്കുറിച്ച് ഏതെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ?

HON'BLE MR. K. M. KORAH : കിട്ടിയതായി അറിവില്ല.

MR. MOHAMMED MUSTAFA : ഈ സ്ഥാപനങ്ങളിൽ പള്ളികളും ഉൾപ്പെടുമോ ?

HONB'LE MR. K. M. KORAH : ഇല്ല.

MR. MOHAMMED MUSTAFA : പള്ളികൾക്ക് കൊടുക്കുന്ന അരിക്കും ഈ വില ഈടാക്കിട്ടുള്ളതായി അറിയാമോ ?

HONB'LE MR. K. M. KORAM : അതിനെക്കുറിച്ച് അന്വേഷിക്കാം.

MR. MOHAMMED MUSTAFA : രേഖാമൂലം ഈ സംഗതി ഗവണ്മെൻറ ശ്രദ്ധയിൽ കൊണ്ടുവന്നാൽ അതിനെക്കുറിച്ച് നടപടി നടത്താമോ?

HON'BLE MR. K. M. KORAH : അങ്ങനെ കൊണ്ടുവരുമ്പോൾ അതിനെപ്പററി ആലോചിക്കാം.

MR. K. A. MATHEW : ഈ വിഷയത്തെപ്പററി ഞാൻതന്നെ ഇതിനു മുമ്പു നിവേദനം നടത്തിട്ടുള്ളതായി അറിയാമോ ?

HON'BLE MR. K. M. KORAH : അറിവില്ല. എന്നാൽ അന്വേഷിക്കാം.

Jenmikaram.

263. MR. P. NANOO : Will the Honourable Minister for Land be pleased to state the actual or approximate annual expense met by the Government for collecting jenmikaram ?

HON'BLE MR. C. KESAVAN : Rs. 51,587 approximately.

MR. K. A. MUHAMMED : ഇതിൽ ഗവണ്മെൻറിൽ നിന്നും എടുക്കുന്ന കമ്മീഷൻ എന്താണു ?

HON'BLE MR. C. KESAVAN : ഗവൺമെൻറിൽനിന്നും അങ്ങനെ കമ്മീഷനായിട്ടൊന്നും എടുക്കുന്നില്ല. ചെലവായതുപോയിട്ടു ബാക്കിയേ എടുക്കുന്നുള്ളു.

MR. P. NANOO : ചെലവു് ഏതിനങ്ങൾക്കാണു് ഗവൺമെൻറിൽനിന്നും കൊടുക്കുന്നതെന്നറിയാമോ ?

HON'BLE MR. C. KESAVAN : പ്രോഗ്രാം അനുസരിച്ചുള്ള എല്ലാ ചെലവും ഉൾപ്പെടും.

നെൽ കൃഷി.

264. MR. P. K. KUMARAN ASARI (*Meenachil I—Kammala Reserved*): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടിനൾകുമോ ?

(എ) കരപ്പാടങ്ങളിൽ നെൽ കൃഷി വളരെ മോശമാകുന്നതിൻെറ കാരണം വെള്ളത്തിൻേറയും വളത്തിൻേറയും ദൗർലഭ്യം കൊണ്ടോ മററു വല്ല കാരണങ്ങളാലോ ആണോ എന്നു ഗവൺമെൻറിൽനിന്നു അന്വേഷണം ചെയ്തിട്ടുണ്ടോ ?

(ബി) അപ്രകാരമുള്ള പാടങ്ങൾക്കു സമീപം വളം ഡിപ്പോകൾ സ്ഥാപിക്കുന്നതിനുള്ള വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

HON'BLE MR. K. M. KORAH : (*a*) കരപ്പാടങ്ങളിൽ നെൽ കൃഷി മോശമാകുന്നതിനുള്ള കാരണം മിക്കവാറും വെള്ളത്തിൻേറയും വളത്തിൻെറയും ദൗർലഭ്യം തന്നെയാണു്.

(ബി) അപ്രകാരമുള്ള സ്ഥലങ്ങളിൽ വളം ഡിപ്പോകൾ സ്ഥാപിച്ചിട്ടുണ്ടു്. മററു സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

MR. P. K. KUMARAN ASARI : വെള്ളത്തിൻെറ ദൗർലഭ്യംകൊണ്ടു് വൈഷമ്യം ഉണ്ടാകുന്ന കരപ്പാടങ്ങളെ റ്റ്യൂബ്‌വഴി പമ്പു ചെയ്തു് ജലസൗകര്യം നൽകുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യാമോ ?

HON'BLE MR. K. M. KORAH : ആ കാര്യത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കാം.

MR. P. K. KUMARAN ASARI : എവിടെയെല്ലാം ഇങ്ങനെ സംഭവിക്കുന്നുവെന്ന് അന്വേഷിച്ചിട്ടുണ്ടോ ?

HON'BLE MR. K. M. KORAH : അന്വേഷിക്കുന്നുണ്ട്.

Documents registered in the Monkompu Registry Office.

265. MR. ALEXANDER VAKAYIL: Will the Honourable Minister for Registration be pleased to state:

(a) what is the minimum output of work required for a Sub-Registry Office in a year; and

(b) what is the number of documents registered in the Monkompu Registry Office in the years 1118-1123 Mithunam?

HON'BLE MR. C. KESAVAN: (a) There is no hard and fast rule in the matter.

(b)	1118	—	1911
	1119	—	1641
	1120	—	1496
	1121	—	1478
	1122	—	1572
	1123 up to Mithunam end 1349.		

MR. ALEXANDER VAKAYIL : ഈ രജിസ്റ്റർ ആഫീസ് ഇപ്പോഴും പ്രവർത്തനം നടത്തുന്നുണ്ടോ ?

HON'BLE MR. C. KESAVAN : ഈ ആണ്ടവസാനംവരെ പ്രവർത്തനം നടത്തുന്നതാണ്.

മണ്ണെണ്ണ.

266. MR. ABDUL MAJEED (*Chirayinkil III—Muslim*): താഴെ പറയുന്ന ചോദ്യത്തിനു ബന്ധപ്പെട്ട മന്ത്രി സദയം മറുപടി നല്കുമോ ?

തിരുവിതാംകൂറിനു മാസത്തിൽ എത്ര ടിൻ മണ്ണെണ്ണ ലഭിക്കുന്നു? താലൂക്കുതോറും അതെന്തടിസ്ഥാനത്തിൽ വിതരണം ചെയ്യപ്പെടുന്നു ?

HON'BLE MR. A. THANU PILLAI: There is no fixed monthly quota of kerosene oil. The quota varies every month. The sanctioned quota for each month is proportionately distributed on the basis of ration cards.

MR. ABDUL MAJEED : മണ്ണെണ്ണ വിതരണത്തിൽ വലിയ അനീതികളും ആക്ഷേപങ്ങളും ഉണ്ടെന്നുള്ള കാര്യം ഗവണ്മെൻറിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ?

HON'BLE MR. A. THANU PILLAI : അങ്ങനെ ഉള്ളതായി അറിഞ്ഞുകൂടാ. എന്നാൽ ചില പരാതികൾ ഉണ്ട്. കഴിയുന്നതും ശരിയായി വിതരണം ചെയ്യുന്നതിന് നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

MR. ABDUL MAJEED : ചിറയിൻകീഴ് താലൂക്കിന് കൊടുക്കുന്ന മണ്ണെണ്ണയിൽ ശ്രീമാനും അധികാരികൾ മോഷ്ടിക്കുന്നുണ്ടെന്നുള്ള വിവരം അറിയാമോ ?

HON'BLE MR. A. THANU PILLAI : തെളിവു തരാമെങ്കിൽ കർശനമായ നടപടി നടത്താം.

ചവറ മിനറൽസ് വർക്കേഴ്സ് ബോണസുകാര്യം.

267. MR. K. SARANGADHARAN (*Ambalapuzha II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ ?

(എ) ചവറ മിനറൽവർക്ക്ഴ്സിൻെറ ബോണസുകാര്യം തീരുമാനിക്കുന്നതിനു കൂടിയ ത്രികക്ഷിസമ്മേളനത്തിൽ സംബന്ധിക്കുവാൻ തൊഴിലാളിപ്രതിനിധികളെ ക്ഷണിച്ചില്ലെന്നുള്ള മിസ്റ്റർ ശ്രീകണ്ഠൻ നായരുടെ ആരോപണം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

(ബി) ടി ആരോപണത്തിൽ വാസ്തവമുണ്ടോ ?

HON'BLE MR. T. M. VARGHESE : (*a*) തൊഴിലാളിപ്രതിനിധികളായ മി. ശ്രീകണ്ഠൻനായരും മി. ബേബിജോണും ആ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. നിശ്ചയപ്രകാരമുള്ള ബോണസ് ചില കമ്പനികളിൽ കൊടുത്തിട്ടുണ്ട്.

MR. PONNARA G. SREEDHAR (*Nedumangad II—General*) : ഏതു കമ്പനിയിൽ കൊടുത്തിട്ടുണ്ട്.

HON'BLE MR. T. M. VARGHESE : Hopkins and Williams-ലും മററു ചില കമ്പനികളിലും കൊടുത്തിട്ടുണ്ട്.

(*b*) There is no truth in the allegation, if it has been made.

Chitty Act of 1120.

268. MR. K. A. MUHAMMED: Will the Honourable Minister for Registration be pleased to state:

(*a*) whether the Honourable Minister is aware that there are many flaws in the actual working of the Chitty Act of 1120; and

(*b*) whether the Honourable Minister intends to amend the Act in the near future?

HON'BLE MR. C. KESAVAN: (*a*) Certain defects have been observed.

(*b*) The question of amending the Chitties Act is under consideration.

Files of the Tiruvalla Taluk Rationing Office.

269. MR. K. S. JOSEPH (*Tiruvalla VI—General*): Will the Honourable Minister for Food be pleased to state:

(*a*) whether certain files of the Thiruvalla Taluk Rationing Office were discovered to be missing early this year;

(*b*) if so, whether these files have since been recovered;

(*c*) whether house searches of certain respectable persons—Congressmen—were made in this connection;

(*d*) if so, whether any of the files were thus recovered;

(*e*) at whose instance the searches were made;

(*f*) who were responsible for the custody of these files; and

(*g*) what steps if any were taken against such custodians?

HON'BLE MR. K. M. KORAH: (*a*) Yes.

(*b*) Certain files of the Thiruvalla Taluk Rationing Office were discovered to be missing. These files have not yet been recovered.

(*c*) The houses of Mr. Chacko Puthicote and Mr. Joseph Kaniyanthra are reported to have been searched.

(*d*) No files were thus recovered.

(*e*) The searches were made by the Police at the instance of the Tahsildar.

(*f*) The section clerks were responsible for the custody of the files.

(*g*) The clerks and the peon concerned have been transferred from that office. The matter is still under Police investigation.

MR. K. R. ELANKATH: സ്ഥലം മാററം ഒരു ശിക്ഷയാണോ?

HON'BLE MR. K. M. KORAH. പ്രത്യക്ഷം ചില കേസുകളിൽ അതു ശിക്ഷയായിരിക്കും.

Areas fit for paddy cultivation.

270. MR. E. P. PAULOSE (*Moovattupuzha III—General*): Will the Honourable Minister for Land be pleased to state:

(*a*) whether Government are aware that there are extensive areas fit for paddy cultivation in Kanthalloor pakuthy in Devicolam taluk;

[Mr. E. P. Paulose.]

(b) whether Government have received representations from the public offering to settle down there and cultivate the areas provided Government make it available for cultivation ; and

(c) whether any action has been taken on it?

HON'BLE MR. C. KESAVAN : (a) Yes,

(b) No.

(c) In view of the answer to part (b) this question does not arise.

അരിവിലയുടെ വർദ്ധനവു.

271. MR. MANNAR GOPALAN NAIR (*Thiruvalla I—General*): താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

അരിവില കൂടിയതുനിമിത്തം സാധുക്കളായിട്ടുള്ളവർ യൂണിററു മുഴുവൻ വാങ്ങുന്നില്ലെന്നുള്ള വിവരം ഗവൺമെൻറിനറിയാമോ?

HON'BLE MR. K. M. KORAH : അറിയാം. സാധുക്കളായ ചില കാർഡുടമസ്ഥന്മാർ മുമ്പും മുഴുവൻ യൂണിററും വാങ്ങിക്കാതിരുന്നിട്ടുണ്ടു ?

MR. MANNAR K. GOPALAN NAIR : അങ്ങനെ വാങ്ങിക്കാതിരുന്നിട്ടുള്ളതു് പണം ഇല്ലാഞ്ഞിട്ടാണോ?

HON'BLE MR. K. M. KORAH : അതും കൂടിയാണു്.

റേഷൻ അളവു്.

272. MR. MANNAR K. GOPALAN NAIR : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

റേഷൻ കടക്കാർക്കു നൽകിയിട്ടുള്ള ഇപ്പോഴത്തെ താപ്പും മുമ്പിലത്തെ താപ്പും തമ്മിൽ അളവിനു വല്ല വ്യത്യാസവുമുണ്ടോ?

HON'BLE MR. K. M. KORAH : റേഷൻ കടക്കാർക്കു കൊടുത്തിട്ടുള്ള ഇപ്പോഴത്തെ താപ്പും മുമ്പിലത്തെ താപ്പും തമ്മിൽ അളവിനു് വ്യത്യാസം ഒന്നും ഇല്ല.

Conservator of Forests.

273. MR. T. K. NARAYANA PILLAI (*Parur II-General*) : Will the Honourable Minister for Forests be pleased to state

(a) whether the Conservator of Forests is still suffering from caries bone (Tuberculosis of the spine);

(b) if so what was the idea in allowing a sick invalid having a defective spine to join duty;

(c) whether he was directed to appear before the Medical Board;

(*d*) and if so, what was their opinion;

(*e*) if the opinion of the Medical Board was in the negative or if they have uot expressed any definite opinion or that they have reserved their opinion for a future date how he was admitted to duty before the expiry of such period; and

(*f*) whether it is the opinion of the present Govenrment that a defective spined sickly superannuated person is more efficient than an officer who has vast experience in this department?

HON'BLE MR. C. KESAVAN: (a) to (f) The Conservator of Forests on return from long leave was asked to appear before the Medical Board for a certificate of fitness to re-join duty. On the recommendation of the Board he was allowed to join duty pending further examination after a period of three months which will elapse on 1-1-1124.

MR. T. K. NARAYANA PILLAI: മെഡിക്കൽ ബോർഡിൽനിന്നും അദ്ദേഹത്തിനു സർട്ടിഫിക്കറ്റു എന്തെങ്കിലും കൊടുത്തിട്ടുണ്ടോ?

HON'BLE. MR. C. KESAVAN: ഉണ്ട്.

MR. T. K. NARAYANA PILLAI: ഡാക്ടറന്മാരുടെ പേരുവിവരം പറയാമോ?

HON'BLE. MR. C. KESAVAN: ഡാക്ടറന്മാർ പ്രത്യേകിച്ചല്ല കൊടുത്തതു്. മെഡിക്കൽ ബോർഡിൽനിന്നാണു കൊടുത്തതു്.

MR. T. K. NARAYANA PILLAI: രണ്ടാമതു എന്നു അപ്പീയർ ചെയ്യണമെന്നു പറഞ്ഞിട്ടുണ്ട്?

HON'BLE. MR. C. KESAVAN: ൧൧൨൪ ചിങ്ങം ൧-ാംനു-

MR. T. K. NARAYANA PILLAI: അതിന്റെ കാരണം എന്താണ്?

HON'BLE MR. C. KESAVAN: സുഖക്കേടിന്റെ രീതിനോക്കിയാൽ അതു ഇപ്പോളും ശമിച്ചിട്ടുണ്ടെന്നു കാണുന്നു. എന്നാൽ അതു പെട്ടെന്നു മാറാവുന്നതാണ്. അതുകൊണ്ടു ഒരിക്കൽക്കൂടി പരിശോധിച്ചുകഴിഞ്ഞിട്ടു ഫൈനൽ ആയിട്ടു സർട്ടിഫിക്കറ്റു കൊടുക്കാമെന്നാണു ഡാക്ടറന്മാരുടെ പക്ഷം.

MR. T. K. NARAYANA PILLAI: അദ്ദേഹത്തിനു ഇപ്പോളും ജോലിയിൽ പ്രവേശിക്കുന്നതിനു തക്ക ആരോഗ്യമുണ്ടോ?

HON'BLE MR. C. KESAVAN: ഉണ്ട്.

MR. T. A. ABDULLA (*Ambalapuzha I—Muslim*): മെഡിക്കൽ ബോർഡിൽ ഇപ്പോളും പെൻഷൻപറ്റി പിരിഞ്ഞുപോയ സർജൻ ജനറൽ ഉണ്ടായിരുന്നോ?

HON'BLE MR. C. KESAVAN: ഉണ്ടായിരുന്നു, അദ്ദേഹമാണ് ആ ബോർഡിന്റെ ചെയർമാൻ.

MR. T. A. ABDULLA: ആ സർജൻ ജനറൽ അദ്ദേഹം പെൻഷൻപററുന്നതിന്റെ തലേദിവസമാണ് ഈ സർട്ടിഫിക്കററു കൊടുത്തതു് എന്നുള്ള വിവരം അറിയാമോ?

HON'BLE MR. C. KESAVAN: അറിഞ്ഞുകൂടാ.

MR. P. T. CHACKO: കൺസർവേററർക്ക് കാട്ടിലേക്കുപോയാൽ ഇപ്പോഴത്തെ അദ്ദേഹത്തിന്റെ സ്ഥിതി അനുസരിച്ചു ഇടത്തോട്ടോ വലത്തോട്ടോ തിരിയാൻ സാധിക്കയില്ലെന്നറിയാമോ?

HON'BLE MR. C. KESAVAN: അദ്ദേഹം നേരെതന്നെ നടക്കുന്നുണ്ട്.

ചെറുകൃഷിക്കാരുടെ വിഷമം.

274. MR. N. P. VARGHESE (*Muvattupuzha I General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം ഉത്തരം നൽകുമോ?

(എ) ചെറുകൃഷിക്കാർ ഉണ്ടാക്കുന്ന വിളവിൽ ഭൂരിഭാഗവും സർക്കാരിലേക്കു കൊടുത്തിട്ടു പിന്നീടു പത്തുമാസവും റേഷനരി കരിഞ്ചന്തയിലും വാങ്ങി ജീവിക്കുകയാണെന്നു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(ബി) അതിനാൽ 5 ഏക്കറിൽ താഴെമാത്രം നെൽകൃഷി ചെയ്യുന്നവരോടു സെററിൽമെൻറുപോലും വാങ്ങരുതെന്നു നിർദ്ദേശം കൊടുപ്പാൻ ബഹുമാനപ്പെട്ട മന്ത്രി ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH: ചെറു കൃഷിക്കാർക്കുണ്ടാകുന്ന വിളവിൽ ഭൂരിഭാഗവും സർക്കാരിനു കൊടുക്കുന്നുണ്ടോ എന്നറിവില്ല.

(ബി) ഇതേസംബന്ധിച്ച് ഗൗനിക്കുന്നതാണ്.

MR. N. P. VARGHESE: പത്തോ ഇരുപതോ സെൻറുമാത്രം നിലമുള്ള ചെറുകൃഷിക്കാർക്കു അതിൽനിന്നും ആദായം ഒന്നും കിട്ടുകയില്ലെന്നറിയാമോ?

HON'BLE MR. K. M. KORAH: അങ്ങനെ കൃഷിക്കാർ ഉള്ളതായിട്ടറിവില്ല.

MR. N. P. VARGHESE: അവർക്ക് നെല്ലല്ലാതെ വേറെ ആദായമാർഗ്ഗം ഒന്നും ഇല്ലെന്നറിയാമോ?

HON'BLE MR. K. M. KORAH: അതിനെസംബന്ധിച്ച സൂക്ഷ്മമായി അറിയാൻ പാടില്ല. ചിലപ്പോൾ അങ്ങനെ ആയിരിക്കാം.

നെല്ലുവിലയിൽ ഐകരൂപ്യം വരുത്തേണ്ട ആവശ്യം.

275. MR. N. P. VARGHESE : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

എ. കൃഷിക്കാരുടെ പക്കൽനിന്നും പറയ്ക്ക് ൨ രൂപാ വില വച്ചു ഗവണ്മെൻറ് എടുത്ത നെല്ല് ഇപ്പോൾ ൩ ൽ രൂപ വച്ചു കച്ചവടക്കാർ വിൽക്കുന്നതു് ഒരു പ്രത്യേക കരം കൃഷിക്കാരനോട് ഈടാക്കുന്നതിന് തുല്യമാണെന്നു ബഹു: ഭക്ഷ്യവകുപ്പ് മന്ത്രിക്കറിയാമോ ?

ബി. മേൽപ്രകാരം വില വ്യത്യാസമുള്ളതു കരിഞ്ചന്ത വർദ്ധിക്കാൻ സൗകര്യം കൊടുക്കുകയാണെന്നു ബഹു. മന്ത്രിക്കറിയാമോ ?

സി. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കരിഞ്ചന്ത ഇല്ലാതാക്കുന്നതിനും വാങ്ങുന്ന വിലയും വിൽക്കുന്ന വിലയും തമ്മിൽ ഐകരൂപ്യം വരുത്തേണ്ടതാവശ്യമാണെന്നു ബഹു. മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

HON'BLE MR. K. M. KORAH : എ. റേഷൻ അരിയും നെല്ലും ഉപഭോക്താക്കൾക്ക് ഒരേ രീതിയിലുള്ള വിലയ്ക്കു കിട്ടത്തക്ക നിലയിൽ വില്പനവില സമപ്പെടുത്തണമെന്നുള്ളതാണ്, നെല്ലിൻെറ വില്പനവില (ഗോഡൌണിൽ) പറ ഒന്നിന് മൂന്നുരൂപായായി ക്ലിപ്തപ്പെടുത്തിയതിൽ ഗവണ്മെൻറിൻെറ ഉദ്ദേശം. അല്ലാതെ കൃഷിക്കാരുടെ മേൽ ഒരു പ്രത്യേക കരം ചുമത്തണമെന്നല്ല.

ബി. അറിഞ്ഞുകൂടാ. ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന അന്തരാർത്ഥം ഗവണ്മെൻറ് അംഗീകരിക്കുന്നില്ല.

സി. ഉൽപാദകന് തൻെറ നെല്ലിന് ന്യായമായ വില കിട്ടണമെന്നും ഉപഭോക്താവിനെ സംബന്ധിച്ചിടത്തോളം അരിയുടെയും നെല്ലിൻെറയും വില്പനവിലയിൽ വ്യത്യാസം ഉണ്ടായിരിക്കരുതെന്നും മാത്രമേ ഗവണ്മെൻറിന് ആകാംക്ഷയുള്ളു.

സെററിൽമെൻറു പാട്ടം അളവു.

276. MR. N. P. VARGHESE : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

എ. പാർവത്യകാർ നെല്ല് അളന്നെടുക്കുമ്പോൾ ക്രമാതീതമായി പൊലി ഇടുന്നതുകൊണ്ടു് പറയ്ക്ക് രണ്ടുനാഴിവച്ചു കൃഷിക്കാരനും,

[Mr. N. P. Varghese.]

അളന്നു കച്ചവടക്കാരനു കൊടുക്കുമ്പോൾ പറയ്ക്കു് രണ്ടുനാഴിവച്ചു കച്ചവടക്കാരനും നഷ്ടംനേരിടുന്നതായി ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

ബി. ഇപ്രകാരം വാങ്ങുകയും കൊടുക്കുകയും ചെയ്തശേഷം അളവുവാശി എന്ന പേരിൽ പാർവത്യകാർ നൂറുക്കു് ഒന്നും രണ്ടും വീതം കുറവെഴുതി എടുക്കുന്നുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

സി. നെല്ലിന്റെ ഗുണം, ഘടന ഇവ നോക്കാതെ വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നതുകൊണ്ടു റേഷൻ നെല്ലിൽ പത്തിന് ൧-ം, ൨-ം വീതം ഉപയോഗശൂന്യമായ പതിരുണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഡി. ഇപ്രകാരമുള്ള നഷ്ടങ്ങൾ വരാതെയിരിക്കുന്നതിനുവേണ്ടി നെല്ലു തൂക്കിവാങ്ങുകയും കൊടുക്കുകയും ചെയ്യണമെന്നു് ഒരു നിർദ്ദേശം കൊടുക്കാൻ ദയവുണ്ടാകുമോ ?

HON'BLE MR. K. M. KORAH : എ. അറിഞ്ഞുകൂടാ.

ബി. അളവുവാശി എടുക്കുന്നില്ല. എന്നാൽ ചുരുക്കം ചില സന്ദർഭങ്ങളിൽ ഉണക്കുകുറവു നിമിത്തം ഏകദേശം രണ്ടുശതമാനത്തോളം വകവച്ചു കൊടുക്കാറുണ്ടു്.

സി. ഇല്ല.

ഡി. ആലോചിക്കുന്നതാണു.

റൈസ്മില്ലുകൾ.

277. MR. N. P. VARGHESE : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ ?

നെല്ലുകുത്തി കിട്ടുന്നതിന് കൂലിക്കാരെ കിട്ടുന്നതിനുള്ള വിഷമതകളെ പരിഗണിച്ച് റൈസ്മില്ലുകൾ നടത്തുന്നതിനു അനുവാദം കൊടുക്കുന്നതിന് പ്രധാനമന്ത്രിക്കു ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : ക്ഷാമകാലം ബാധിച്ചപ്പോഴാണു നെല്ലു കൈകൊണ്ടു കുത്തി എടുക്കുന്നതുമൂലം കൂടുതൽ അരി കിട്ടുമെന്നും ആ അരി കൂടുതൽ പോഷകാംശമായിരിക്കുമെന്നും ഉള്ള കാരണങ്ങളെ അടിസ്ഥാനമാക്കി മില്ലുകൾമുഖാന്തരം നെല്ലുകുത്തുന്നതിനെ നിരോധി

ച്ചതു്. ഭക്ഷ്യനിലയ്ക്കു് സ്ഥിരമായ അഭിവൃദ്ധിയുണ്ടാകുന്നതിന്റെ നിശ്ചിതമായ ലക്ഷണങ്ങൾ യാതൊന്നും ഇതേവരെ കാണുന്നില്ലാത്തതുകൊണ്ടു് യന്ത്രംവഴി നെല്ലുകുത്തുന്നതിന്റെ നിരോധനം നീക്കുന്ന പ്രശ്നം അതിസൂക്ഷ്മമായി പരിശോധിച്ചതിനു ശേഷമേ ഈ വിഷയത്തിൽ എന്തെങ്കിലും ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ നിർവാഹമുള്ളു.

കൃഷിയാവശ്യത്തിനുള്ള ക്രൂഡായിൽ.

278 MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*): താഴെപ്പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

കുട്ടനാട്ടിലെ കൃഷിയാവശ്യത്തിനു വേണ്ട ക്രൂഡായിൽ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ ഗവണ്മെന്റു് എടുത്തിട്ടുണ്ടോ?

MR. PRESIDENT: ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുന്നു. ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിലേക്കുള്ള ഡിമാൻഡു് അവതരിപ്പിക്കുന്നതിനായിട്ടു മി. സി. കേശവനെ ക്ഷണിച്ചുകൊള്ളുന്നു.

MR. KANNARA GOPALA PANICKER (*Thiruvalla II—General*): സർ, ഒരു പായിന്റു് ഓഫ് ഓർഡർ. മോഷൻ അവതരിപ്പിച്ചു അതിനെപ്പറ്റി ചർച്ചചെയ്യുന്നതിന് ഒരു പരിമിതമായ സമയമേ നമുക്കനുവദിച്ചിട്ടുള്ളു. അതുകൊണ്ടു എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു കഴിഞ്ഞാൽ മെഡിക്കലും പി. ഡബ്ളിയു. ഡി-യും അതു കഴിഞ്ഞു ഇൻകം ടാക്സും എടുത്താൽ മതിയെന്നാണ് എന്റെ അപേക്ഷ.

MR. PRESIDENT: ഇതു് സഭയുടെ തീരുമാനത്തിനു വിട്ടുകൊടുക്കേണ്ട കാര്യമാണ്, ബഹുമാനപ്പെട്ട മെമ്പറിന്റെ അഭിപ്രായം സഭ സ്വീകരിക്കുന്നെങ്കിൽ എനിക്കതിൽ അഭിപ്രായവ്യത്യാസമില്ല.

MR. A. P. UDAYABHANU (*Karunagapally II—General*): Constant reshuffling is very inconvenient for the purpose of discussion.

The puestion was put and lost and the Demand for Income Tax Department was taken up for consideration.

FINANCIAL BUSINESS.

DEMANDS FOR GRANTS.

Demand V—Taxes on Income.

HON'BLE MR. C. KESAVAN: സർ, ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിലേക്ക് [illegible] രൂപാ അനുവദിക്കണമെന്നുള്ള പ്രമേയം ഞാൻ ഈ സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

MR. N. V. CHACKO (*Kunnathunad III—General*): ഒരു പായന്റ് ഓഫ് ഓർഡർ. ഉപക്ഷേപം അയച്ചിട്ടുള്ളവർക്ക് മാത്രമെ അതിനെപ്പററി സംസാരിക്കാനുള്ള സമയം കൊടുക്കുന്നുള്ളു. എന്നാൽ ഏതെങ്കിലും മെമ്പറന്മാർക്ക് വല്ല അഭിപ്രായവും ആ ഉപക്ഷേപത്തിന്മേൽ രേഖപ്പെടുത്താനുണ്ടെങ്കിൽ ഒരു പരിമിതമായ സമയം അവർക്കുകൂടി അനുവദിച്ചാൽ കൊള്ളാം.

MR. PRESIDENT: ഇവിടെ അയച്ചിട്ടുള്ള മോഷൻ ൪൦–൪൫ എണ്ണംവരെയുണ്ട്. ആ സ്ഥിതിക്ക് അവർക്കും സമയംകൊടുത്തു അല്ലാതുള്ളവർക്ക് സമയംകൊടുക്കുന്ന കാര്യം അത്ര എളുപ്പമല്ല. എല്ലാവർക്കും സമയം കൊടുക്കയാണെങ്കിൽ നാം വിചാരിക്കുന്ന തീയതിക്കകം നടപടികൾ അവസാനിക്കുമോ എന്നു എനിക്ക് സംശയമാണ്.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*): ഉപക്ഷേപം അയച്ചിട്ടുള്ളവർക്ക് ൰ മിനിററ് സമയം കൊടുക്കയും അല്ലാതുള്ളവർക്ക് ൫ മിനിററ് സമയം കൊടുത്തുകൂടേ?

MR. K. SIVARAMA PILLAI (*Thovala—General*): After the cut motions have been moved by certain Hon'ble Members, opportunity may be given for the members of the Tamil Nad and Muslim League Party to participate in the discussion of those cut motions.

MR. PRESIDENT: That will be done. ഒരേ കട്ട്മോഷനെപ്പററിയാണെങ്കിൽ അത് അയച്ചിട്ടുള്ള ആളുകൾക്ക് ഒരു ക്ലിപ്ത സമയം അനുവദിക്കാം. അല്ലാത്തവരുടെ കാര്യത്തെപ്പററി ആലോചിക്കാമെന്നേ എനിക്കിപ്പോൾ പറയാൻ നിവൃത്തിയുള്ളൂ.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): സർ, ഇൻകംടാക്സിന്റെ ഡിമാന്റിന് ഇവിടെ അവതരിപ്പിച്ചതിൽ, ഇതിനു മുമ്പുള്ള വർഷങ്ങളിലെപ്പോലെ ഈ വർഷത്തിലും ഇൻകം ടാക്സിന്റെ നയരൂപവൽക്കരണത്തിനു യാതൊരു മാററവും ഉണ്ടായിട്ടില്ലെന്നു പ്രസ്താവിച്ചുകൊണ്ടു ഞാൻ ഡിമാന്റിനെ അനുകൂലിക്കുന്നു. ഈ ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമതയെക്കുറിച്ച് ഉണ്ടായിട്ടുള്ള പരാതികളെപ്പററി കഴിഞ്ഞ സമ്മേളനത്തിൽ ഞാൻ തന്നെ ഒരു വിശദീകരണം നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ കുറേവർഷങ്ങളായി ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ് ഭരണം എങ്ങനെയാണ് നിർവഹിച്ചുകൊണ്ടിരുന്നത് എന്നു തിരുവിതാംകൂറിലുള്ള എല്ലാപേർക്കും അറിയാമായിരിക്കെ അതിന്റെ ഇന്നത്തെ മേധാവിയെ കുററപ്പെടുത്തണമെന്നോ അദ്ദേഹത്തിൽ എന്തെ

ങ്കിലും ആരോപണം ചുമത്തണമെന്നോ ഞാൻ ഇപ്പോൾ വാദിക്കുന്നില്ല. ഇന്നത്തെ ഉദ്യോഗസ്ഥ മേധാവിയുടെ ഡിപ്പാർട്ടുമെൻറു ഭരണത്തിൽ പല ക്രമക്കേടുകളും ഉണ്ടായിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയുമില്ല. സാധുക്കളിൽ നിന്നു നികുതിയുടെ പേരിൽ അമിതാദായം വസൂലാക്കിവരുന്നുണ്ടെന്നുള്ളതും അതേസമയം പണവും ശുപാർശയുമുള്ള ധനവാന്മാരിൽ നിന്നും അർഹതയുള്ള നികുതി ഈടാക്കിവരുന്നില്ലെന്നും ഉള്ള കാര്യം ഞാൻ ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരുകയാണു. കാര്യക്ഷമതയില്ലാത്ത ഈയൊരു നയം ഇനിയെങ്കിലും തുടർന്നുകൊണ്ടുപോകാതെ എന്തെങ്കിലും ഒരു വ്യത്യാസം ഇപ്പോൾ തന്നെ വരുത്തണമെന്നാണ് എൻെറ അഭിപ്രായം. സർ സി. പി. യുടെ ഭരണകാലത്താണ് അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഇവിടെ നടപ്പാക്കിയത്. അപ്പോൾ തന്നെ അതിൻെറ ദൂഷ്യങ്ങളെ ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. എങ്കിലും ആ അഭിപ്രായത്തിനു ഭൂരിപക്ഷം കിട്ടാത്തതുകൊണ്ട് അന്ന് അത് പാസ്സാക്കുകയാണ് ചെയ്തത്. എന്നാൽ ജനകീയഗവൺമെൻറിൻെറ ആവിർഭാവത്തിനുശേഷം ഉണ്ടായ സമ്മേളനത്തിൽ ഇതിനെ സംബന്ധിച്ചു പരാതിപ്പെട്ടതിൻെറ ഫലമായി അഴിമതികളെയും ക്രമക്കേടുകളെയും ഒരു നിയമംമൂലം പരിഹരിക്കാമെന്നു പ്രസ്താവിക്കയും ചെയ്തിട്ടുമുണ്ട്. എന്നിട്ടും പണ്ടത്തെ പഴയ നയംതന്നെ ഇപ്പോഴും തുടരുന്നു എന്നുള്ളതു പരിതാപകരം തന്നെയാണ്. അതുകൊണ്ട് അടുത്ത തവണയെങ്കിലും ഇൻകം ടാക്സ് ഡിപ്പാർട്ടുമെൻറിനെപ്പററി പൊതുജനങ്ങളുടെ ഇടയിൽ അവജ്ഞയോ, അതൃപ്തിയോ ഉണ്ടാകാതിരിക്കത്തക്കവണ്ണമുള്ള നടപടികൾ ഗവൺമെൻറ് എടുക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. സാധുക്കളെ ചൂഷണംചെയ്തു അന്യായമായി ധനം സമ്പാദിച്ചു ഉന്നതസൗധങ്ങളും തേയിലത്തോട്ടങ്ങളും മററും യുദ്ധകാലത്തു സമ്പാദിച്ചിട്ടുള്ളവരിൽ നിന്നും അർഹതയുള്ള ഇൻകംടാക്സ് ഈടാക്കുകയും അനർഹമായി ഇൻകം ടാക്സ് കൊടുത്തിട്ടുള്ളവരുടെ പണം തിരിച്ചുകൊടുപ്പിക്കയും ചെയ്യണം. മാത്രവുമല്ല അമിതമായി ധനം ആർജിച്ചിട്ടുള്ള കരിഞ്ചന്ത വ്യാപാരികളുടെ സ്വത്തുക്കളെ കണ്ടുകെട്ടുകയുംകൂടി ചെയ്യണമെന്നു ഞാൻ ഈ അവസരത്തിൽ ഗവൺമെൻറിനെ ഉൽബോധിപ്പിക്കുന്നു. ജനകീയഗവൺമെൻറിലെ ഇന്നത്തെ ഭരണകർത്താക്കൾ പലയവസരങ്ങളിലും പൊതുജനങ്ങളോട് ചെയ്തിട്ടുള്ള വാഗ്ദാനത്തെ പാലിക്കണം. ആ കാര്യം ഒരിക്കലും വിസ്മരിക്കത്തക്കതല്ല. സാധുജനസംരക്ഷണമാണ്

[Mr. K. K. Chellappan Pillai]

ഗവണ്മെൻറിൻെറ ഏററവും പ്രധാനപ്പെട്ട ഒരു കർത്തവ്യം. ആയതുകൊണ്ടു് ഇതിൽ അലസത പ്രകടിപ്പിക്കുന്നുവെങ്കിൽ അതു് ഗവണ്മെൻറിൻെറ ഒരു കൃത്യവിലോപമായിരിക്കുമെന്നു പറഞ്ഞുകൊണ്ടു് ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. V. O. MARKOS: സർ, ഞാൻ ഹാജരാക്കിയിരിക്കുന്ന ഉപക്ഷേപംകൊണ്ടു് ഒന്നുരണ്ടു സംഗതികൾ വിശദമാക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നതു്. ഒന്നാമതായിട്ടു ആദായത്തെ സംബന്ധിച്ചുള്ള നികുതിയും കാർഷികാദായനികുതിയും ഒരുമിച്ചു വസൂൽചെയ്യുന്നതുകൊണ്ടു പൊതുജനങ്ങൾക്കുണ്ടാകുന്ന വൈഷമ്യങ്ങളെപ്പററിയും, രണ്ടാമത്തേതു് കാർഷികാദായനികുതിയെ അസസ്സ് ചെയ്യുന്നതിൽ സംഭവിക്കുന്ന വൈകല്യങ്ങളെപ്പററിയും ഗവണ്മെൻറിനെ ഉൽബോധിപ്പിക്കണമെന്നു് എനിക്കാഗ്രഹമുണ്ടു്. ൧൧൨൦-ൽ ഇതിനു നിയന്ത്രിക്കാൻ ഒരു നിയമം ഉണ്ടായിരുന്നു. എന്നാൽ ൧൧൨൨-ൽ കാർഷികാദായനികുതിയും സാധാരണ ആദായനികുതിയും ഒന്നായി അസസ്സ് ചെയ്തുതുടങ്ങി. അതുകൊണ്ടു നികുതിദായകന്മാർക്കു നേരിട്ടിട്ടുള്ള ബുദ്ധിമുട്ടുകളും വൈഷമ്യങ്ങളും വിശദീകരിക്കുന്നതിനുവേണ്ടി ഇപ്പോൾ ഞാൻ ഒരുങ്ങുന്നില്ല. എനിക്കു പറയാനുള്ളതു് ഈ രണ്ടു നികുതികളും ഒരുമിച്ചു വസൂൽചെയ്യാതെ രണ്ടിനങ്ങളുടെ പേരിൽ പ്രത്യേകം പ്രത്യേകം വസൂൽചെയ്യേണ്ടതാണ്. അതിനുള്ള കാരണം ഇൻഡ്യൻ യൂണിയനിൽ ചേർന്നിരിക്കുന്ന തിരുവിതാംകൂർരാജ്യത്തെ ആദായനികുതിയുടെ വരവു് മുഴുവനും സെൻട്രൽ റവന്യൂവിൽ ലയിച്ചുപോകുമെന്നുള്ള സംഗതി നാം പ്രത്യേകം ഓർക്കേണ്ടതാണ്. നേരെമറിച്ചു കാർഷികാദായനികുതിയിനത്തിൽ ഉള്ള വരവു് പ്രത്യേകം തിരിക്കുന്നതായാൽ അതു് രാജ്യത്തെ ബഡ്ജെട്ടിനോടു് ചേർക്കാൻ സാധിക്കുന്നതാണ്. അങ്ങനെ കാർഷികാദായനികുതി ഇനത്തിൽ കിട്ടുന്ന തുക മുഴുവൻ രാജ്യത്തിൻെറ ബഡ്ജെട്ടിൽ ചേർക്കേണ്ടതു് നമുക്കത്യാവശ്യമാണു. എന്നാൽ ഈ രണ്ടിനത്തിൽ നിന്നും കിട്ടുന്ന തുകകളെ വേർതിരിച്ചു കണ്ടുപിടിക്കുന്ന കാര്യം വളരെ വിഷമമുള്ള ഒന്നാണ്. അങ്ങനെയിരിക്കെ കാർഷികാദായനികുതിയെ സംബന്ധിച്ചു ഒരു പ്രത്യേക നിയമം ഉണ്ടാക്കുമ്പോൾ നിലവിലിരിക്കുന്ന നിയമത്തിൽ വന്നിട്ടുള്ള പല വൈകല്യങ്ങളും ഉണ്ടാകാതെ സൂക്ഷിക്കേണ്ടതാണ്. കാർഷികാദായനികുതി പിരിക്കുന്ന കാര്യത്തിൽ ഗവണ്മെൻറിൻെറ സത്വരശ്രദ്ധ പതിയേണ്ടതായ ഒരു പൊതു തത്വമുണ്ടു്.

അതായത് നമ്മുടെ രാജ്യത്തു ആളുകൾ യുദ്ധകാലത്തു പല തൊഴിലുകളും ചെയ്തു ആദായം ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെ അമിതാദായം കൊണ്ടു വലിയ സമ്പാദ്യം ഉണ്ടാക്കിയിട്ടുള്ളവരിൽ നിന്നും വളരെ കർശനമായ നടപടികൾമൂലം നികുതി പിരിക്കേണ്ടതാണ്. അതേ സമയം കാർഷികാദായനികുതിയെ സംബന്ധിച്ചിടത്തോളവും അവരെ അധികം ഞെക്കിപ്പിഴിയാതെ അവരുടെ യഥാർത്ഥവരവ് എന്താണെന്നു അന്വേഷിച്ചതിനുശേഷമേ നികുതിയുടെ തുക നിശ്ചയിക്കാവു. കാർഷികാദായനികുതി പിരിക്കുന്നതുമൂലം മുപ്പതോ നാൽപ്പതോ ശതമാനം ആളുകൾക്കുമാത്രം ഭക്ഷണസാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ പര്യാപ്തമായ തിരുവിതാംകൂർ രാജ്യത്തെ കൃഷി നശിച്ചുപോകരുതെന്നുംകൂടി ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. നമ്മുടെ ഇന്നത്തെ പ്രധാന പ്രശ്നം ഭക്ഷ്യോൽപാദനമാണ്. നമ്മുടെ സകല കഴിവുകളുമുപയോഗിച്ചു കർഷകരെ പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ ആദായനികുതി പിരിക്കുന്നതിനു സാധിക്കുകയില്ലെന്നു മാത്രമല്ല ക്രമാനുഗതമായി കൃഷിക്ക് സാരമായ അധഃപതനവും ഉണ്ടാകുന്നതാണ്. അതുകൊണ്ട് കൃഷിക്കാരെ സഹായിക്കണം. വിശേഷിച്ചു ചെറുതരം കൃഷിക്കാർക്കു വേണ്ടിവന്നാൽ ഗവണ്മെന്റിൽനിന്നും ധനസഹായംകൂടി ചെയ്തുകൊടുക്കുന്നതു ഒരു പ്രോൽസാഹജനകമായിരിക്കും.

മററു തൊഴിലാളികളെ അപേക്ഷിച്ചു നോക്കിയാൽ കൃഷിക്കു പണം മുടക്കുന്നവരെ ഇൻകം ടാക്സ് കൂടാതെ ബേസിക് ടാക്സ് എന്നൊരു പെനാല്ററി കൂടി ചുമത്തിയിട്ടുണ്ടെന്ന് എന്റെ സ്നേഹിതൻ മി. ജി. പി. നീലകണ്ഠപ്പിള്ള പറയുകയുണ്ടായി. ആദായനികുതി കൊടുക്കുന്നതിനു പുറമേ ബേസിക് ടാക്സുകൂടെ ഈടാക്കുന്നതു ഒരു പ്രകാരത്തിൽ നോക്കിയാൽ ഒരു പെനാല്ററിയാണ്. ഏതെങ്കിലും ഒരു വ്യവസായം നടത്തുന്നവർക്കു യന്ത്രസാമഗ്രികളുടെ പഴക്കം, തേയ്മാനം ഇവയ്ക്കുവേണ്ടി ഒരു ഡിപ്രീസിയേഷൻ അലവൻസ് കൊടുക്കുന്നുണ്ട്. സാധാരണയായി ഒരു അഞ്ചോ പത്തോ ശതമാനം ഡിപ്രീസിയേഷൻ അലവൻസായി കൊടുക്കാറുണ്ട്. ഈ രാജ്യത്തുള്ള കൃഷികളിൽ പലതും ധനം കൂടുതൽ മുടക്കിയിട്ടുള്ളവയാണ്. കാപ്പിത്തോട്ടത്തിലെയോ റബ്ബറോ എടുത്തുനോക്കിയാൽ പത്തോ ഇരുപതോ കൊല്ലംകൂടുമ്പോൾ ഓരോന്നിന്റെ സ്വഭാവമനുസരിച്ചു് റീപ്ലാന്റ് ചെയ്യേണ്ടതായി വരും. റീപ്ലാന്റിംഗിന് വലിയ ചെലവുണ്ടെങ്കിലും. ഇൻകം അസ്സസ്സു ചെയ്യേണ്ടതായി വരുമ്പോൾ അതിനു യാതൊരു അലവൻസും കൊടുക്കാറില്ല. അതുകൊണ്ട് കൃഷി

[Mr. V. O. Markos]

കൾ നശിച്ചുവരികയാണു ചെയ്യുന്നതു്. അഞ്ചോ പത്തോ കൊല്ലത്തേക്കു മാത്രം അനുഭവം കിട്ടുന്നതും അതു കഴിയുമ്പോൾ റീപ്ലാൻറു് ചെയ്യേണ്ടിവരികയും ചെയ്യുന്ന കൃഷികൾക്കു് ഇൻകം അസ്സസ്സ് ചെയ്യുമ്പോൾ ഒരു ഡിപ്രീസിയേഷൻ അലവൻസ് അനുവദിക്കുന്നതിനു വ്യവസ്ഥ ഉണ്ടാകേണ്ടതാണു്. ജായിൻറു് എൻജായിമെൻറിൽ അതായതു് ഒന്നിലധികം ആളുകൾ ഷെയർ അനുഭവിക്കുന്ന വസ്തുക്കളുടെ ഇൻകം അസ്സസ്സ് ചെയ്യുന്നതു വളരെ ദോഷകരമായിട്ടാണു് കാണുന്നതു്. മുൻപിലത്തെ കാർഷികാദായനികുതിനിയമത്തിൽ സെക്ഷൻ പത്തിൽ പ്രതിവിധി വ്യവസ്ഥ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോഴത്തെ നിയമത്തിൽ നിന്നു് ആ ഭാഗം എടുത്തുകളഞ്ഞിരിക്കുകയാണു്. അക്കാലത്തെ നോട്ടം തൽക്കാലം ഗവർമ്മെൻറിൻെറ മുതലെടുപ്പു കൂട്ടണമെന്നുള്ളതു മാത്രം ആയിരുന്നു. എന്നാൽ പൊന്മുട്ട ഇടുന്ന താറാവിനെ ഒരുമിച്ചു കൊല്ലുന്നതിനു പകരം അതിൻെറ ഓരോ അവയവമായി അറുത്തു കൊല്ലുന്ന ഒരു നയമാണു് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതെന്നു പറയാതെ നിവൃത്തിയില്ല.

MR. D. GNANASIGAMONY: Sir, in connection with this motion I want to point out certain difficulties experienced by the assessees when they appear before the Income Tax officers in the matter of assessment. When an assessee appears before the officer, he is asked to produce his accounts. Without seeing whether the accounts are kept in the regular course of business or not, for some reason or other, the accounts are rejected as untrue and assessment made. That in good many cases assessments are made arbitrarily and in utter disregard of the facts disclosed admits of no doubt, and the parties concerned have practically no remedy. When an appeal is preferred against such improper assessment, the appellate Assistant Commissioner also after a farce hearing of the case rejects the appeal entirely basing his conclusion on the confidential information at his hands. Although the appellate officers are prevented from disclosing the confidential information communicated to them from the officers, according to Sec. 80 of the Act, there must be some fairness shown to the assessees in the matter of assessment. It is true that the relevant section prevents the Income Tax officers from disclosing the confidential information. But at the same time, it should not be forgotten that they make the assessment based on that information. Unless the assessees are made known about this data against them they cannot explain things before the officers concerned. The advocates appearing for the assessees are also in a handicap. Whatever may be the arguments advanced by the parties or their vakils in support of the vexatious assessments made by the Income Tax Officers, the appellate tribunal rejects the petitions for reasons only known to them. I will illustrate. In the

case of an Abkari contractor who holds shops in several places from Tovala to Neryattinkara, the Income Tax Officer concerned knows the amount of gallons of arrack supplied to the respective shops. But it is found that he is not assessed on any definite basis but different rates for calculation of amount are adopted such as Rs. 7½ per gallon for Tovala, Rs 10 for Agasthiswaram, Rs. 12 for Kalkulam, Rs. 15 for Neyyattinkara and so on. Appeals in respect of such irregular assessments are also rejected without any reason whatever. Therefore what I wish to point out is that in all these matters some definite principle should be followed in the matter of assessment. When the petitioners appear before the officers, at least there must be some justice meted out to them on principle. Without disclosing the material on which assessment is based, merely to make an assessment based no confidential communications, is, to say the least, proper. The parties or advocates appearing before the officers should be given an opportunity of explaining the points raised therein so that the injustice in the matter of assessment may be minimised. Hereafter at least, assessment made must be on well defined lines, giving an opportunity to the assessees to explain matters appearing against them, and suitable modification must be made in Section 80 of the Income Tax Act in consonance with well defined principles of justice.

MR. P. CHACKO (*Thiruvalla V—General*): സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു് രണ്ടു പ്രധാനമായ സംഗതികൾ ഈ സഭയുടെ മുമ്പാകെ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ജോലി വളരെക്കൂടുതലുള്ള ഒരുകൂട്ടരാണു് ഇവിടത്തെ തഹശീൽദാരന്മാർ. മജിസ്ട്രേട്ട് എന്ന നിലയിലുള്ള ജോലിക്കു് പുറമേ കച്ചേരിയുടെ ചുമതലയും വേറെ പല ജോലികളും ചെയ്യുന്ന തഹശീൽദാരന്മാർ ആദായനികുതിയുടെ ചുമതലകൂടി വഹിക്കുന്നതായാൽ ശരിയായ വിധത്തിൽ ജോലിചെയ്യുവാൻ പ്രാപ്തരാകുകയില്ലെന്നു് ജനങ്ങളുടെ ഇടയിൽ ഒരു സംസാരമുണ്ടു്. ഇപ്പോൾ തഹശീൽദാരന്മാർ നിർവഹിക്കുന്ന ജോലിയുടെ മുക്കാലംശം അവരുടെ കീഴിൽ ജോലിചെയ്യുന്ന ക്ലാർക്കന്മാരാണു് നിർവഹിച്ചുവരുന്നതു്. ഈ രീതി കാര്യക്ഷമമായ കൃത്യനിർവഹണത്തിനു ബാധകമെന്നു തന്നെയല്ല ക്ലാർക്കന്മാർക്കു് കൈക്കൂലിവാങ്ങുന്നതിനു സൗകര്യംകൂടെ നൽകുന്നു. തിരുവിതാംകൂറിൽ നെല്ലുപിരിവു പദ്ധതി തുടങ്ങിയതിനുശേഷം പ്രവൃത്തികാരന്മാരെക്കുറിച്ചു വലിയ അതൃപ്തിയാണു് ജനങ്ങൾക്കുള്ളതു്. അങ്ങിനെയിരിക്കുമ്പോൾ ആദായനികുതിപിരിക്കുക എന്ന ഈ പ്രധാനപ്പെട്ട ജോലികൂടി അവരെ ഏൽപ്പിച്ചാൽ പല സങ്കടങ്ങളും ജനങ്ങൾ അനുഭവിക്കേണ്ടതായിവരും. കൈക്കൂലികൊടുക്കുന്നവർക്കേ അവരിൽനിന്നു

[Mr. P. Chacko]

ന്യായമായ കാര്യങ്ങൾ സാധിക്കാൻ കഴികയുള്ളു. പ്രത്യേകിച്ചു കാർഷികാദായനികുതി പിരിവു് നടത്തുമ്പോൾ കൈക്കൂലി കൊടുക്കുന്നവർ ന്യായമായി കൊടുക്കേണ്ട ആദായനികുതിയിൽ നിന്നും വിമുക്തരാകുന്നതിനും കൊടുക്കാതിരിക്കുന്നവർ ന്യായമായി കൊടുക്കേണ്ടവരല്ല എങ്കിലും കൊടുക്കേണ്ടവരായിട്ടും വരുന്നതിനു് സാദ്ധ്യതകളുണ്ടു്. അതുകൊണ്ടു് ആദായനികുതി ഈടാക്കുന്ന ജോലി പാർവത്യകാരന്മാരിൽ നിന്നും ഒഴിച്ചുവിടുന്നതായാൽ കുറച്ചുകൂടി കാര്യക്ഷമമായി നിർവഹിക്കുന്നതിനു് സാധിക്കും. അടുത്തതായി എനിക്കു പറയുവാനുള്ളതു് തിരുവിതാംകൂറിൽ ഒരു ജനകീയഭരണം സ്ഥാപിതമായാൽ സോഷ്യലിസ്റ്റു് രീതിയിലുള്ള ഒരു ഭരണം നടപ്പാക്കുമെന്നു് ജനങ്ങൾ വിശ്വസിച്ചിരുന്നു എന്നാണു. പരിഷ്കൃതരാജ്യങ്ങളിൽ ആദായ നികുതിഇനത്തിൽ ആണ്ടുതോറും തുക കൂടിക്കൂടിവരുന്നതായികാണ്മാൻ കഴിയും. നേരെമറിച്ചു് നമ്മുടെരാജ്യത്താണെങ്കിൽ കഴിഞ്ഞവർഷം ആദായനികുതി ഇനത്തിൽ ബഡ്ജററിൽ വരവായികൊള്ളിച്ചിരുന്ന ൫൰ ലക്ഷം രൂപാ ഇക്കൊല്ലം ൪൰ ലക്ഷമായി കുറയുകയാണു് ചെയ്തിരിക്കുന്നതു്. തീർച്ചയായും ആദായനികുതി ഇനത്തിൽ യാതൊരു കുറവും വരുത്താതെ വരവു് വർദ്ധിപ്പിച്ചു് ഈ നാട്ടിലുള്ള എൻ. ജി. ഓ-മാരുടേയും അഞ്ചൽ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെയും അദ്ധ്യാപകന്മാരുടെയും ശമ്പളം സാരമായി വർദ്ധിപ്പിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇപ്പോൾ ആദായനികുതി ഈടാക്കിവരുന്നതു ൨,൦൦൦ രൂപയോ അതിൽകൂടുതലോ വരവുള്ളവരിൽ നിന്നാണു് ഈരീതി മാററി ഈ തുകയിൽനിന്നും കുറച്ചുകൂടെ കുറച്ചു ൧,൫൦൦ രൂപായോ അതിൽകൂടുതലോ വരവുള്ള ആളുകൾക്കുകൂടി ആദായനികുതി ചുമത്തുന്നതായാൽ വ്യാപാരമാന്ദ്യത്താലും മററും ആദായനികുതി ഇനത്തിൽ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്ന ൧൰ ലക്ഷം രൂപാ നഷ്ടം ഈവർഷം പരിഹരിക്കാൻ ഗവണ്മെൻറിനു സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ വിധത്തിൽ കൂടുതൽ വരവുള്ള ആളുകളിൽനിന്നും അല്പമായ തുകകൾ നികുതിമൂലം ഈടാക്കി അതും, സാധുക്കളായ ആളുകളുടെ ജീവിതത്തോതു ഉയർത്തുന്നതിനു് വിനിയോഗിക്കുന്നതായാൽ അതു് രാജ്യത്തോടു ചെയ്യുന്ന വലിയ ഒരു സേവനമായിരിക്കും. കൂടാതെ ആദായനികുതി കാര്യമായവിധത്തിൽ പിരിച്ചെടുക്കുന്നതിനു ഞാനാദ്യം സൂചിപ്പിച്ച പ്രകാരം ഒരു പ്രത്യേകഡിപ്പാർട്ടുമെൻറുതന്നെ ഏർപ്പെടുത്തി

ഈ റവന്യൂ അധികൃതന്മാരുടെ കൈയ്യിൽനിന്നു ആ ജോലി ഒഴിവാക്കുന്നതു ഗവൺമെൻറിനും പൊതുജനങ്ങൾക്കും പ്രയോജനകരവുമായിരിക്കും.

MR. PAUL THALIAT: കൃഷിക്കാരിൽ നിന്നു ആദായനികുതി പിരിക്കുന്നതിൻെറ ചില ന്യൂനതകളെ ഗവൺമെൻറിനെ ചൂണ്ടിക്കാണിക്കുക എന്നതാണ് എൻെറ ഉപേക്ഷാപം കൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു സാധാരണ കർഷകർക്കു കണക്കു സൂക്ഷിക്കുകയെന്നുള്ള ഒരു സമ്പ്രദായമില്ലെന്ന് ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അറിയാമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ . വല്ലവിധത്തിലും ഒരു കണക്കു ശരിപ്പെടുത്തിക്കാണിച്ചാൽതന്നെയും ഈ ആദായനികുതിയുദ്യോഗസ്ഥന്മാർ സ്വീകരിക്കുവാൻ തയാറല്ലെന്നു കാണാൻ കഴിയും. എനിക്ക് തന്നെ അതു അനുഭവമുണ്ട്. കണക്കിൽ പരിചയം ഉണ്ടെന്നു ഗവൺമെന്റു പോലും അംഗീകരിക്കുന്ന എനിക്കു മൂന്നു കൊല്ലം തുടർച്ചയായി എൻെറ കണക്കുകൾ ഇൻകംടാക്സ് ഉദ്യോഗസ്ഥന്മാരെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചിട്ടില്ല. മൂന്നു കൊല്ലം അപ്പീൽ കൊടുത്താണ അംഗീകരിപ്പിച്ചത്. എൻെറ സ്ഥിതി ഇങ്ങനെയായാൽ കണക്കിൽയാതൊരു പരിചയവുമില്ലാത്തവരുടെ കാര്യം എങ്ങനെയാണെന്നു നമുക്ക് ഊഹിക്കാമല്ലോ. അതുകൊണ്ടു എനിക്കു ഗവൺമെൻറിനോടു പറയുവാനുള്ളതു ചെറിയകൃഷിക്കാർ—പത്തേക്കറോ അതോ ക്കറോ ഉള്ളവർക്കു ഒരിക്കലും അസ്സസ്മെൻറു നോട്ടീസ് പോലും അയയ്ക്കരുതു എന്നാണ്. കൂടുതൽ ആദായമുള്ളവരിൽനിന്നും കൂടുതൽ നികുതിപിരിക്കണം. അതിൽ ഞാൻ പൂർണ്ണമായിയോജിക്കുകയാണു ചെയ്യുന്നത്. ഇപ്പോൾ ൫,൦൦൦ രൂപയെം അതിൽ കുറവൊ കാർഷികാദായം ഉള്ളവരുടെ ആദായനികുതി ചുമത്തേണ്ട ചുമതല തഹശിൽദാർമാർക്ക് വിട്ടുകൊടുത്തിരിക്കുന്നു. മജിസ്ട്രേറിയൽ പൗവ്വർ, ഭക്ഷ്യധാന്യവിതരണം, റെവന്യൂ ഇങ്ങനെ പലജോലികളും ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനാണു തഹശിൽദാർ. എനിക്കു സമ്പാദിക്കുവാൻ കഴിഞ്ഞകണക്കുകളിൽ നിന്നും ഒരു ഇൻകംടാക്സ് ആഫീസർക്കു ഒരാണ്ടിൽ ൧,൦൦൦, കൂടിയാൽ ൧,൨൦൦ കേസുകളെ ഡിസ്പോസ ചെയ്യാൻ കഴിയുകയുള്ളുവെന്നാണ് മനസ്സിലാക്കേണ്ടത്. എന്നാൽ തഹശിൽദാർമാരുടെ കയ്യിലേക്കുമാററിയിട്ടുള്ള കണക്കുകൾനോക്കിയാൽ ഓരോ തഹശിൽദാർക്കും ഏകദേശം ൫൦൦ കേസുകൾ ഉണ്ടെന്നു കാണുന്നു. ഈ ൫൦൦ കേസുകൾ മററുജോലികളുടെ തരക്കിൽ

[Mr. Paul Thaliat]

എങ്ങനെയാണ് ഇവർ അവസാനിപ്പിക്കുവാൻ പോകുന്നതെന്നു ഞാൻ ഗവണ്മെൻറിനോട് ചോദിച്ചുകൊള്ളുന്നു. ഈ ഡിപ്പാർട്ടുമെൻറിൻെറ വരവ് നോക്കിയാൽ ൧൭൦ ലക്ഷത്തോളം രൂപയുണ്ടെന്നു കാണുന്നു. അതിലേക്കു ചെലവുവരുന്നതു മൂന്നുലക്ഷത്തിൽ ചില്വാനം രൂപയാണ്. അതിനാൽ കുറെക്കൂടി ചെലവ് ചെയ്തു ഡിപ്പാർട്ടുമെൻറിൽതന്നെ സർക്കിളുകൾ ഒന്നു രണ്ടു വർദ്ധിപ്പിച്ചെങ്കിലും തഹശീൽദാരന്മാരിൽ നിന്നു ഈ ജോലി ഒഴിവാക്കേണ്ടതാണ്. തഹശീൽദാരന്മാരാണെങ്കിൽ അവരുടെ താഴെയുള്ള ഒരു ക്ലാർക്കിനെയോ ഒരു പ്രവൃത്തികരനെയോ ഏൽപ്പിച്ചാണ് ഈ വക ജോലികൾ നിർവ്വഹിക്കുന്നത്. ജനങ്ങളെ പലപ്രകാരത്തിലും ഉപദ്രവിക്കാൻ റവന്യൂ ഉദ്യോഗസ്ഥന്മാർക്കു കഴിവുണ്ട്. അതിനൊരുദാഹരണം പറയാം: ഒരിടത്തു് ഒരു തഹശീൽദാർ തിരുനാൾ സംബന്ധിച്ച് പണംപിരിക്കുവാൻ വന്നു ചില കർഷകർ അതു കൊടുക്കാതെ ഒഴിഞ്ഞുമാറി. എന്നാൽ പിന്നെ, ൩-൪ ദിവസം കഴിഞ്ഞപ്പോൾ ഇൻകംടാക്സ് നോട്ടീസാണ് ഈ മാറിയവർക്കു വന്നതു്. ഇങ്ങനെ ആളുകളെ ഉപദ്രവിക്കാൻ സാധിക്കുന്ന ഒരു ഉദ്യോഗസ്ഥൻെറ കയ്യിൽ ചൊദ്യകൃഷിക്കാരെ വിട്ടുകൊടുക്കുന്നതു വളരെ സങ്കടകരമാണ്. അതുകൊണ്ട് ഗവണ്മെൻറ് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചു വേണ്ടതു ചെയ്യണമെന്നപേക്ഷിച്ചുകൊള്ളുന്നു. ഈ അവസരത്തിൽ സെയിൽസ്ടാക്സ് വരാൻപോകുന്ന ഏതെല്ലാം സാധനങ്ങൾക്കാണെന്നറിവില്ല. ഇതിൻെറ ചുമതല എക്സൈസ് കാർക്കുകൊടുക്കാൻ പോകുന്നുഎന്നു കേൾക്കുന്നു. അതു ശരിയാണെങ്കിൽ ഇതിൽ കൂടുതൽ ഒരു അബദ്ധം ഗവണ്മെൻറ വേറെചെയ്യാനില്ല. ഇതും ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറ് തന്നെ പിരിക്കണമെന്നാണ് എൻെറ അഭിപ്രായം. മദ്രാസിലെന്നല്ല ഇൻഡ്യയുടെ എല്ലാഭാഗങ്ങളിലും സെയിൽസ്ടാക്സ് ആദായനികുതി ഡിപ്പാർട്ടുമെൻറിൽ നിന്നുമാണു പിരിക്കുന്നതു്. ഇങ്ങിനെ ചെയ്യുന്നതു് മററു് ടാക്സ് പിരിക്കുന്നതിനു സഹായമായിരിക്കും. ഒരു സംഗതികൂടി ഗവണ്മെൻറിനെ അറിയിക്കാനുണ്ട്. അതായതു ജായിൻറസ്റ്റാക്ക് കമ്പനികൾക്ക് ഒരു രൂപാ ആദായം ഉള്ള കമ്പനിക്കും പത്തുലക്ഷം രൂപാ ആദായം ഉള്ള കമ്പനിക്കും ഒരു ഫ്ളാററു റേററു നിശ്ചയിരിക്കുന്നതു് ശരിയല്ലന്നുള്ളതാണ്. ഇൻഡ്യൻ യൂണിയനിലോ മറെറവിടെയെങ്കിലുമോ ഇങ്ങനെ ഒരു സമ്പ്രദായം ഉണ്ടെന്നു തോന്നുന്നില്ല. ആദായത്തിൻെറ കൂടുതൽകുറവ് അനുസരിച്ച് റേററിൻെറതോതു നിശ്ചയിക്കേണ്ടതാണെന്നാണ് എനിക്ക് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെടുത്താനുള്ളതു്.

MR. A. P. UDAYABHANU: സർ, ഇവിടെ ബഡ്ജററ് വിമർശന വേളയിൽ വീടില്ലാത്തവരും, നഗ്നരും, നാമരഹിതന്മാരുമായ സാധാരണക്കാരനെ ക്ലാസിന്റെ ഒരു തട്ടിലും ബഡ്ജററിനെ മറെറാരു തട്ടിലും വച്ചു തൂക്കിനോക്കിയിട്ടു ബഡ്ജററിന് ഭാരമില്ലെന്നു കാണുകയുണ്ടായി എന്നു ബഹുമാനപ്പെട്ട പല മെമ്പറന്മാരും പ്രസ്താവിച്ചു. എന്നാൽ കാർഷികാദായനികുതിയെപ്പററി ഇവിടെ നടന്ന വിമർശനങ്ങൾ കണ്ടിട്ടു സാധാരണക്കാരനെ അവർ പൂജിച്ചുപോരുന്നതു വെറും വാക്കുകൊണ്ടുമാത്രമാണെന്നും അല്ലാതെ ഹൃദയംകൊണ്ടുള്ള ഒരു പൂജയല്ലെന്നും പറയേണ്ടിയിരിക്കുന്നു. ഇന്നു സാധാരണക്കാരന്റെ ജീവിതത്തോത് ഉയർത്തുന്നതിനു ഒരു നേഷൻ ബിൽഡിംഗ് ധനം അത്യന്താപേക്ഷിതമാണ്. അതിലേക്കു കരം ചുമത്താതെ ഗവണ്മെന്റിനു സാദ്ധ്യമല്ല. ഇന്നത്തെ ഗവണ്മെന്റിനു ഏററവും നീതിപൂർവ്വകമായി ചുമത്തുവാൻ സാധിക്കുന്ന ഒരു കരം ഇൻകംടാക്സ് ആണ്. ഒരോരുത്തരുടെയും കഴിവനുസരിച്ചു നികുതി ചുമത്തിയാൽ മാത്രമേ സാധാരണക്കാരന്റെ പൊതുവെയുള്ള ജീവിതത്തോതുയർത്താൻ സാധിക്കുകയുള്ളു. ഇൻകംടാക്സും അഗ്രികൾച്ചറൽ ടാക്സും ഒരുമിച്ചു ചേർക്കുന്നതിന് ൧൧൨൦-ൽ ഒരു ആക്ററ് കൊണ്ടുവന്നതിനെ ഞാനും അനുകൂലിക്കുകയുണ്ടായി. എന്തുകൊണ്ടെന്നാൽ ഏതുമാർഗ്ഗത്തിൽക്കൂടെയായാലും ആദായം എല്ലാം ഒരുമിച്ചു ചേർത്ത് അതിൽനിന്നു കിട്ടുന്ന ആദായത്തിന്റെ തോതനുസരിച്ചു നികുതി ഉണ്ടാക്കുക എന്നുള്ളതു ഏററവും നീതിപൂർവ്വകമായ ഒരു വ്യവസ്ഥയാണ്. കച്ചവടം കൊണ്ടായാലും ശരി, വ്യവസായംകൊണ്ടായാലും ശരി, കൃഷി കൊണ്ടായാലും ശരി ആദായം ഉണ്ടെങ്കിൽ ആ ആദായത്തിന്റെ ഒരംശം ഗവണ്മെന്റിനു നികുതിയായി കൊടുക്കണമെന്നു പറയുന്നതിൽ ആർക്കും ആക്ഷേപിക്കത്തക്കതരത്തിലൊന്നുമില്ല. ഇൻകംടാക്സ് മിക്കവാറും ഒരുപക്ഷെ ഒരു സെൻട്രൽ സബ്ജക്ററ് ആയിട്ടു പോകുമെന്നും അഗ്രികൾച്ചറൽ ഇൻകംടാക്സ് മാത്രമേ പ്രവിശ്യകൾക്കു കിട്ടുകയുള്ളുവെന്നും ചിലർ ഇവിടെ പറഞ്ഞുകേട്ടു. തിരുവിതാംകൂറിനെപ്പോലുള്ള ഒരു നാട്ടുരാജ്യത്തിന് ഇൻഡ്യാഗവർമെന്റുമായി ആലോചിച്ച് ഈ ഇൻകംടാക്സും എല്ലാംതന്നെ രാജ്യത്തിനു ഗുണകരമായ കാര്യങ്ങൾക്കു ഉപയോഗിക്കുവാൻ സാധിക്കത്തക്കവിധം വേണ്ട വ്യവസ്ഥ ചെയ്യാവുന്നതാണ്. അഥവാ ഇനി വരാൻപോകുന്ന വ്യവസ്ഥയനുസരിച്ചു ഇൻകംടാക്സും കേന്ദ്രഗവണ്മെന്റിനു കൊടുക്കേണ്ടിവരുമെന്നു വിചാരിച്ചു ഇപ്പോൾ അതിനെപ്പററി ആലോചിക്കേണ്ടയാവശ്യമില്ല.

[Mr. A. P. Udayabhanu]

വരുന്ന ജന്മത്തിൽ പട്ടിയായേക്കുമെന്നു വിചാരിച്ച് ക്ഷേമനടപടികളിൽ ഇപ്പോഴെ മാററം വരുത്തണമെന്നു തോന്നുന്നില്ല. എന്റെ സ്നേഹിതൻ മിസ്റ്റർ പാറതലിയത്ത് പറഞ്ഞതുപോലെ ഇൻകംടാക്സ് പിരിക്കുന്ന ജോലി തഹശീൽദാരന്മാരെ ഏൽപ്പിക്കുന്നതല്ല നല്ലതെന്നാണ് എനിക്കും തോന്നുന്നതു്. തഹശീൽദാരന്മാരെപ്പോലെ ജോലി കൂടുതലുള്ള ഉദ്യോഗസ്ഥന്മാരുണ്ടോ എന്നു സംശയമാണ്. ഏതു കാര്യത്തിനും എത്ര വൈഷമ്യമുള്ളതായാലും ശരി ഈ തഹശീൽദാരന്മാർ എന്തണം. അതിനിടയിൽ ഇൻകംടാക്സ് പിരിക്കുന്ന ജോലികൂടി അവരെ ഏൽപ്പിച്ചാൽ അതു കാര്യക്ഷമതയെ സാരമായി ബാധിക്കും. അതുകൊണ്ട് അതൊട്ടും അഭിലഷണീയമല്ല. അതുപോലെതന്നെ എന്റെ സ്നേഹിതൻ പറഞ്ഞ മറെറാരുകാര്യത്തോടും ഞാൻ പൂർണ്ണമായി യോജിക്കുന്നു. സെയിൽസ് ടാക്സ് പിരിക്കുന്നതിനുള്ള ചുമതല എക്സൈസ് ഡിപ്പാർട്ടുമെന്റുകാരെ ഏൽപ്പിക്കുകയാണെങ്കിൽ അതു വലിയ അപകടമാണു. അവർക്കു കള്ളുവിൽക്കുന്നതും വിൽപിക്കുന്നതിനുമൊക്കെ അറിയാമെന്നല്ലാതെ കണക്കുകൾ സൂക്ഷിക്കുന്നതിനുള്ള യാതൊരു പരിചയവുമില്ല. അവരുടെ കൈയിൽ ഈ ചുമതലവച്ചു കൊടുക്കുകയാണെങ്കിൽ അവർ സകലതും കുഴപ്പത്തിലാക്കും. സെയിൽസ ടാക്സു് നാട്ടുരാജ്യങ്ങളിൽ ചെയ്തുവരുന്നതുപോലെ ഈ ജോലിയും ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കുകയാണു കാര്യക്ഷമതയ്ക്കും പ്രയോഗക്ഷമതയ്ക്കും നല്ലതെന്നാണ് എനിക്കു തോന്നുന്നതു്. ഇന്നു ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിനെപ്പററി ഏററവും പ്രധാനമായി പറയാനുള്ളതു് ഈ ഡിപ്പാർട്ടുമെന്റ് ശരിയായി ഭരിക്കപ്പെടുന്നില്ലാ എന്നുള്ളതാണ്. ഇന്നു ഇൻകംടാക്സ് ആഫീസറന്മാരെ പോലീസുകാരെക്കാളും പട്ടാളക്കാരെക്കാളും കൂടുതലായി ജനങ്ങൾ ഭയപ്പെടുന്നുണ്ടു. ഇൻകംടാക്സ് ആഫീസറന്മാർക്കു ജനങ്ങളെ പലപ്രകാരത്തിൽ ഉപദ്രവിക്കാൻ സാധിക്കും. അതുകൊണ്ടു സർവീസിൽ നല്ല സ്വഭാവശുദ്ധിയും സത്യസന്ധതയുമുള്ള ആളുകൾ അത്യാവശ്യമാണു. വളരെ സ്കാണ്ഡലസ് ആയിട്ടു ഒരാഫീസറെപ്പററി ഞാൻ കേട്ടിട്ടുണ്ടു്. അദ്ദേഹം വളരെ കുപ്രസിദ്ധനാണ്. മിസ്റ്റർ ശേഷഗിരിറാവുവിനെപ്പററി വളരെ സ്കാൻഡലസായിട്ടുള്ള അഭിപ്രായങ്ങളാണ് ഞാൻ കേട്ടിട്ടുള്ളതു. മററുള്ള ഡിപ്പാർട്ടുമെന്റുകളെപ്പോലെയല്ല ഈ ഇൻകംടാക്സ ഡിപ്പാർട്ടുമെന്റു. വരവുധാരാളമുള്ള ഒരു ഡിപ്പാർട്ടുമെന്റാണ്. ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റു ഉദ്യോഗസ്ഥന്മാരുടെ ജനങ്ങളോടുള്ള പെരുമാററത്തെ നോക്കു

യാണ് ആളുകൾ ഗവണ്മെൻറിനെ ആദരിക്കുന്നതു്. സ്വഭാവശുദ്ധിയില്ലാത്ത ഉദ്യോഗസ്ഥന്മാരാണ് ഡിപ്പാർട്ടുമെൻറിലുള്ളതെങ്കിൽ വളരെ പണമുള്ള ആളുകൾ ഒന്നൊന്നായി ഇൻകംടാക്സിൽനിന്നും ഒഴിഞ്ഞു പോകുന്നതു കാണാൻ കഴിയും. അങ്ങനെയല്ലെങ്കിൽ ഈ ബഡ്ജററിൽ വിഭാവന ചെയ്തിരിക്കുന്നതുപോലെ ഇൻകംടാക്സ് കുറയേണ്ടയാവശ്യമില്ല. ന്യായമായികൊടുക്കേണ്ടുന്ന ടാക്സ കൊടുക്കാതെ ഒഴിഞ്ഞു നിൽക്കുന്നജനങ്ങളെ തേടിപ്പിടിച്ച് അസ്സെസ്സ്മെൻറ് ചെയ്കയാണെങ്കിൽ ഈ ബഡ്ജററിൽ വിഭാവനചെയ്തിരിക്കുന്നതിൽ വളരെക്കൂടുതലായ തുക ഈടാക്കിക്കൊടുക്കുവാൻ സാധിക്കുമെന്നാണ് എനിക്കുപറയുവാനുള്ളതു്. ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിൽ കാര്യശേഷിയും സ്വഭാവശുദ്ധിയുമുള്ള ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അവർ അർഹിക്കുന്ന പ്രമോഷനുകളും സ്ഥാനങ്ങളും കൊടുക്കണം. സ്വഭാവശുദ്ധിയില്ലാത്ത ഇൻകംടാക്സ് ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറ് റവന്യൂവിനെ നശിപ്പിക്കുമെന്നു മാത്രമല്ല ഗവണ്മെൻറിൽ ജനങ്ങൾക്കുള്ള വിശ്വാസത്തെത്തന്നെ നശിപ്പിക്കുന്നതാണെന്നു നാം നല്ലവണ്ണം അറിയേണ്ടതാണ്.

MR. P. T. CHACKO : സർ, ആനുപാതികമായി ആദായനികുതി ഈടാക്കി ഈ രാജ്യത്തു് സമ്പത്തിലുള്ള വലിയ അന്തരത്തെ ഇല്ലാതാക്കുമെന്നു വിശ്വസിക്കുകയും അങ്ങിനെ ഈ രാജ്യത്തു് വളരെ വലിയ കാര്യങ്ങൾ സാധിക്കാമെന്നു് വിശ്വസിക്കുകയും ചെയ്യുന്ന ഒരു പാർട്ടിയിലെ അംഗമാണ് ഞാൻ. എന്നാൽ അതുകൊണ്ടുമാത്രം ആദായനികുതി ഈടാക്കുന്നതിൽ നടന്നുകൊണ്ടിരിക്കുന്ന അനീതിയുടെ നേരെ കണ്ണടയ്ക്കുക സാദ്ധ്യമല്ല. ഇന്നു് ആദായനികുതി ഈടാക്കുന്ന രീതിയിൽ പ്രത്യേകിച്ചും കാർഷികാദായനികുതി ഈടാക്കിവരുന്നതിൽ അപലപനീയങ്ങളായ അനേകം സംഗതികൾ ഉണ്ട്. ചുരുങ്ങിയ സമയംകൊണ്ടു് പറയാൻ നിവൃത്തിയില്ലാത്ത വിധം അത്രയധികം കാര്യങ്ങൾ ഉണ്ട്. ഒരാളുടെ ആവശ്യത്തിനുള്ളതുകഴിച്ച് ബാക്കിയുള്ള പണം ഒരു വ്യക്തിയുടെ കൈയ്യിൽ കേന്ദ്രീകൃതമാകുമ്പോൾ, നീതിയുടെ മാർഗ്ഗംവിട്ട് അതു് കൊള്ളയുടെ മാർഗ്ഗം അവലംബിക്കുമ്പോൾ അതിനെ നിയന്ത്രിക്കുന്നതിനാണ് ഇൻകംടാക്സ് ചുമത്തുന്നതു്. എന്നാൽ തന്റെ ഭാര്യയേയും കുഞ്ഞുങ്ങളേയും പോററുവാൻ തന്നെ കഴിവില്ലാത്ത പാവപ്പെട്ട കൃഷിക്കാരനെ കൊള്ളനടത്തികൊണ്ടു് പോകുന്നതിനു് ചുരുക്കം ചില ആളുകൾക്ക് അവസരം ഉണ്ടാക്കികൊടുക്കുകയാണ് ഈ കാർഷികാദായനികുതി ഏർപ്പാടുകൊണ്ടു് ചില ഭാഗങ്ങളിൽ നടക്കുന്നതു്. ഉദാഹരണ

[Mr P. T. Chacko]

ങ്ങൾ എത്ര വേണമെങ്കിലും പറയുവാൻ സാധിക്കും. മൂന്നു തെങ്ങുകൾ മാത്രമുള്ള പതിനാറു് ഏക്കർ സ്ഥലത്തിനു് പതിനാറു് ഏക്കർ തെങ്ങിൻതോപ്പു് എന്നു കണക്കാക്കി ആദായനികുതി തിട്ടപ്പെടുത്തിയതായി എനിക്കറിയാം. റബ്ബർകൃഷി എന്തെന്നറിയാൻ പാടില്ലാത്ത ആളുകളാണു് പലപ്പോഴും റബ്ബറിന്റെ ആദായം തിട്ടപ്പെടുത്തുന്നതു്. ഒരേക്കർ സ്ഥലത്തു് തെങ്ങുകളുടേയും കമുകുകളുടേയും ഇടയ്ക്കു് ഒരു കൃഷിക്കാരൻ രണ്ടു റബ്ബർ നട്ടിരുന്നതിനു് ഒരേക്കർ റബ്ബർ തോട്ടത്തിന്റെ ആദായമാണു് തിട്ടപ്പെടുത്തിയതു്. ആദായം കണക്കാക്കുമ്പോൾ ചെലവിനു നീക്കിവയ്ക്കുന്നതു് ൪൦ ശതമാനമാണു്. ഇങ്ങനെ അസസ്സ് ചെയ്യുന്ന ആദായത്തിൽ ചെലവിനു നിക്കിവയ്ക്കുന്ന ൪൦ ശതമാനം പോകെ ബാക്കിയുള്ള ൬൦ ശതമാനത്തിൽ ൨൦ ശതമാനംകൂടെ സൗജന്യമായി കൊടുക്കാം. ബാക്കി ൪൦ ശതമാനം കൊടുത്തു് വസ്തു ഏറെറടുക്കാൻ ആ ഉദ്യോഗസ്ഥൻ തയ്യാറുണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. സർ, അതു സാദ്ധ്യമല്ല. തെങ്ങും കമുകും, റബ്ബറും എല്ലാംകൂടി കൃഷിചെയ്തിട്ടുള്ള സ്ഥലങ്ങൾക്കു് വയ്ക്കുന്ന ആദായനികുതി വളരെ അമിതമാണു്. ചില സ്ഥലങ്ങളിൽ വസ്തുവിന്റെ വിലയേക്കാൾ വളരെ കൂടുതൽ ആദായനികുതി കണക്കാക്കുന്നു എന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. ചെററക്കുടിലുകളിൽ താമസിക്കുന്ന ഒന്നരണ്ടേക്കർകാരായ കൃഷീവലന്മാരുടെ കാര്യമാണു് ഞാൻ പറയുന്നതു്. ഇങ്ങനെ അസ്സസ് ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ തയാറുണ്ടെങ്കിൽ അവർ അസ്സസ് ചെയ്യുന്ന ആദായത്തിനു് അവർക്കു് ആ വസ്തുക്കൾ ഞാൻ പാട്ടത്തിനു് എഴുതിക്കൊടുപ്പിക്കാം. മറെറാന്നുള്ളതു് ആദായം കൂടുതലുള്ളവർക്കു ആദായനികുതിയില്ലാതിരിക്കുകയും ആദായമില്ലാത്ത പാവപ്പെട്ടവർക്കു് ആദായനികുതി ചുമത്തുകയും ചെയ്യുന്നു എന്നുള്ളതാണു്.

ഞാൻ അറിയുന്ന ഒരു സ്ഥലത്തു് ഒരു പകുതിയിൽ ഏററവും കൂടുതൽ സ്വത്തുണ്ടെന്നു പരക്കെ സമ്മതിച്ചിട്ടുള്ള ഏററവും വലിച്ച ഭൂസ്വത്തുടമസ്ഥനു് ആദായനികുതിയില്ല. ആ പകുതിയിൽ രണ്ടേക്കറും, മൂന്നേക്കറും, നാലേക്കറും ഭൂമി ഉള്ളവർക്കെല്ലാം ആദായനികുതിയുണ്ടു്. അതുപോലെ ചങ്ങനാശ്ശേരി താലൂക്കിൽനിന്നും ആദായനികുതി തിട്ടപ്പെടുത്തിവരുന്ന രീതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെടേണ്ടതാണു്.

സാധാരണ അയ്യായിരം രൂപയാണ് വരവു നിശ്ചയിച്ചിട്ടുള്ളത്. അവിടത്തെ തഹശീൽദാർക്ക് മജിസ്ട്രേട്ടുജോലികൂടിയുണ്ട്. അദ്ദേഹത്തിനു ഹെഡ്ക്വാർട്ടേഴ്സ് സംബന്ധിച്ച ജോലിയും ഉണ്ട്. അതിനാൽ ആദായ നികുതി സംബന്ധിച്ച ജോലികളിൽ ഇടപെടുവാൻ അദ്ദേഹത്തിനു സാധിക്കുകയില്ല. ആ ജോലിക്ക് അവിടെ ഒരു ക്ലാർക്കുണ്ട്. ഇവിടത്തെ ആരുമന്ത്രിമാർക്കുമുള്ള ശമ്പളം ആ ക്ലാർക്കിന് ആദായമുണ്ട്. ആ ക്ലാർക്കിനു പണം കൊടുത്താൽ ഒരാറര ...ളിനും ആദായനികുതി അസെസ് ചെയ്യുകയില്ല.

MR. K. A. MOHAMMED : അദ്ദേഹത്തിൻെറ പേരെന്താണ്?

MR. P. T. CHACKO : ആ ഉദ്യോഗസ്ഥൻ മഹമ്മദുകുഞ്ഞ് എന്നു ഒരു ക്ലാർക്കാണ്. ഗവൺമെൻറിൽ നിന്നും തെളിവെടുക്കുമെങ്കിൽ ഓരോ ദിവസവും വാങ്ങിയ കൈയ്ക്കൂലിക്കു തെളിവു കൊടുക്കാം. അവിടെ ഒന്നു പരിശോധന ചെയ്താൽ ആദായം ഉള്ളവരും ഇല്ലാത്തവരും ആദായനികുതി കൊടുക്കുന്നതിൽ ഉള്ള അപാരം ഉദാഹരണസഹിതം കാണിച്ചു കൊടുക്കാം. വടക്കൻതിരുവിതാംകൂറും തെക്കൻതിരുവിതാംകൂറും ആയി ഇക്കാര്യത്തിൽ പല വ്യത്യാസങ്ങളും ഉണ്ട്. പുനലൂർ വശത്തുള്ളവർക്ക് സാധാരണ ന്യായമായി മാത്രം ആദായം തിട്ടപ്പെടുത്താറുള്ളതായി അനുഭവമുണ്ട്. അവർതന്നെ വടക്കൻതിരുവിതാംകൂറിൽ ആണെങ്കിൽ കാർഷികാദായനികുതി ഒരു ഭാഗത്തും പ്രവർത്തിയാർക്കും ക്ലാർക്കന്മാർക്കും കൊടുക്കുന്നതിനു മറുഭാഗത്തും വസ്തു വിൽക്കേണ്ടിവരും.

MR. JOESPH MALIEKAL (*Thodupuzha I—General*) : സർ, ഞാൻ ആദായനികുതിയെപ്പററി പറയുമ്പോൾ നികുതി കൊടുക്കുന്നതിനു ഞാൻ എതിരാണെന്നു തെററിദ്ധാരണ ആർക്കും ഉണ്ടാകരുതെന്നപേക്ഷിക്കുന്നു. ഈ രാജ്യത്തിലെ ചെലവു വഹിക്കാൻ ഈ രാജ്യത്തിലെ പൗരന്മാർക്കു ചുമതലയുണ്ട്. അതിലേക്കു നികുതി പിരിക്കാൻ ഗവൺമെൻറിനു അവകാശമുണ്ട്. എന്നാൽ ഭൂമിയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ നിലവിലിരിക്കുന്ന നികുതിനിയമം കഴിഞ്ഞ ഭരണകാലത്തു മർദ്ദനപരമായി നടപ്പിലാക്കിയതാണ് എന്നു പറയാൻ ഞാൻ മടിക്കുന്നില്ല. ആ നിയമം ഈ ജനകീയഗവൺമെൻറും ആവർത്തിക്കുന്നതു സങ്കടകരമാണ്. നീതിയായ ഒരടിസ്ഥാനത്തിൽ നികുതിനിയമം പാടേ പരിഷ്കരിക്കണം. ഇവിടത്തെ ഭൂനികുതിയെ സംബന്ധിച്ചിടത്തോളം മുൻപ് ഒരു സെററിൽമെൻറുപ്രൊക്ലമേഷൻ ഉണ്ടായി. അതനുസരിച്ചു കരം നിശ്ചയിച്ചു.

[Mr. Joseph Maliekal.]

അന്നു കരം നിശ്ചയിച്ചതു് അന്നത്തെ ഭൂമിയുടെ സ്ഥിതിഗതികളെ എല്ലാം ആലോചിച്ചാണു്. Mathematical ആയി സംഗ്രഹിച്ചാൽ, The tax imposed on a plot of land was a mathematical function of the several variables like the extent of the land, soil quality, productive power, cost of cultivation, cultivator's fair share of profits, the Sovereign right and the variation of prices. ആ ഫോർമുലാ ഇന്നു വച്ചിരുന്നു എങ്കിൽ ഒന്നാംതരം സൊല്യൂഷൻ അതിൽനിന്നും കിട്ടുന്നതാണു്. ൧൧൧൯-ൽ അന്നത്തെ ഭരണകർത്താക്കന്മാർക്കു തോന്നി ഇവിടെ ഒരു കാർഷികാദായനികുതി ഏർപ്പെടുത്തണമെന്നു്. ആ അവസരത്തിൽ മദ്രാസിലും ഈ ആലോചന വന്നു. വെങ്കിട്ടരാമശാസ്ത്രി, ഗോപാലസ്വാമി അയ്യങ്കാർ തുടങ്ങിയവർ ഇതു് Double Taxation ആണെന്നും അതിനാൽ, നിയമവിരുദ്ധമാണെന്നും പറഞ്ഞു. ഹിന്ദു എന്ന ഇംഗ്ലീഷുപത്രം അന്നു പറഞ്ഞതു്:

"The question of agricultural income-tax or any other income-tax is not taken up as an end in itself. When inflationary tendencies exist that will be done. The moment deflation starts, all these steps will have to be retraced." എന്നാണു്. ഇങ്ങനെയുള്ള ആക്ഷേപങ്ങൾ കേട്ടശേഷം ഇവിടത്തെ മേധാവി അവയ്ക്കു സമാധാനം എന്നോണം പറഞ്ഞതു് ഇപ്രകാരമാണു്:

HON'BLE MR. C. KESAVAN: ഈ ടാക്സു് ഇൻഡ്യയിൽ ഉള്ള പ്രവിശ്യകളിൽ എവിടെയെങ്കിലും ഉണ്ടോ?

MR. JOESPH MALIEKAL: ബീഹാറിലുണ്ടു്. അവിടെ അയ്യായിരത്തിനുമേലേ ഉള്ളൂ. പാവപ്പെട്ട കൃഷിക്കാർക്കു ദോഷം വരാതെയിരിക്കുവാൻവേണ്ടി അയ്യായിരത്തിനു താഴെ ആദായമുള്ളവരെ ബാധിക്കയില്ല എന്നു പറഞ്ഞു. ഇപ്പോൾ ൧൧൨൧-ൽ ആക്ററുണ്ടാക്കിയപ്പോൾ ഈ വാഗ്ദാനങ്ങളെയെല്ലാം മറന്നു് ൧൫൦൦ രൂപാവരെ തോതു് വർദ്ധിപ്പിച്ചു. അതു് അന്നത്തെ ഗവണ്മെൻറു് ചെയ്ത ഒരു വിശ്വാസവഞ്ചനയാണു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഇപ്പോൾ ആണ്ടുതോറും നികുതി ചുമത്തുന്നതിന്റെ ഭയങ്കര ദോഷങ്ങൾ ജനങ്ങൾ എത്ര പറഞ്ഞിട്ടും ആർക്കും മനസ്സിലാകുന്നില്ല. എന്നാൽ, നാം കൊല്ലം മുൻപു ഇവിടെ സെററിൽമെൻറു പ്രൊക്ലമേഷൻ പുറപ്പെടുവിച്ച

പ്പോൾ, അന്നു ൧൨ കൊല്ലത്തിലൊരിക്കൽ കരം കണ്ടെഴുതുന്നതിൽ വച്ചുണ്ടാകുന്ന അഴിമതികളെപ്പററി അന്നത്തെ മഹാരാജാവുതിരുമനസ്സു കൊണ്ടു സെററിൽമെൻറു പ്രൊക്ലമേഷൻ ൧൫-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു് പ്രജകളുടെ രക്ഷയിൽ എത്ര ഉൽക്കണ്ഠയോടുകൂടിയാണെന്നു നോക്കുക:—

"The employment of a large staff of such lowpaid agency means petty exaction and oppression on the one hand and fraud and chicanery on the other. Such a process once in 12 years must have the effect of destroying the confidence of the ryots and impairing industry and free employment of labour and capital"

ഇതു പരിഹരിക്കാൻ വേണ്ടി ൩൦ കൊല്ലത്തേക്കു സ്ഥിരപ്പെടുത്തണമെന്നു് ഗവൺമെൻറു തീർച്ചപ്പെടുത്തി. ഇതിനെയെല്ലാം മറന്നു് അക്രമപരമായി ഏർപ്പെടുത്തിയ ഈ ആദായനികുതിയുടെ വേറൊരന്യായം കർഷകനു മററുള്ളവരെക്കാൾ നികുതിഭാരം കൂടുതലാക്കി എന്നുള്ളതാണു്. ഒരു കച്ചവടക്കാരനു് അവൻെറ മുതലിൻെറ പലിശയും ചെലവും നീക്കിയുള്ള ആദായത്തിനു നികുതി കൊടുത്താൽ മതി. കർഷകൻ അവൻെറ ഭൂമിക്കു ഒരു നികുതി കൊടുക്കണം, ഭൂമിയിൽനിന്നുണ്ടാകുന്ന റബ്ബർ, തേയില മുതലായവയ്ക്കു പ്രത്യേകം നികുതി കൊടുക്കണം. അതിനെല്ലാം പുറമെ, എല്ലാ വിഭവങ്ങൾക്കും എക്സ്പോർട്ടു ഡ്യൂട്ടിയും കൊടുക്കണം. സർ, കണക്കറിയാവുന്ന ആരെങ്കിലും വരട്ടെ, അവരെ ഞാൻ ഒരു സംഗതി പഠിപ്പിച്ചു കൊടുക്കാം. ഇപ്പോൾ കർഷകൻ കൊടുക്കുന്ന കയററുമതിനികുതി വകവച്ചു കണക്കാക്കിയാൽ, ഇന്നത്തെ നിരക്കിൽ ഒരു വ്യാപാരി ൧൫൦൦ രൂപാവരെയുള്ള ആദായത്തിനു കൊടുക്കുന്ന നികുതി ഈ കയററുമതിച്ചുങ്കംകൊണ്ടുതന്നെ കർഷകരിൽനിന്നു് ഈടായിപ്പോകുന്നു. അതുകൊണ്ടു് തുല്യമായ നികുതിഭാരമല്ലാതെ ഒരു വ്യക്തിയെ മററു വ്യക്തികളെക്കാൾ കൂടുതൽ നികുതിഭാരംവഹിക്കാൻ ഇടവരുത്തുന്ന നിയമം അക്രമപരമാണു് അതുകൊണ്ടു്, കർഷകൻ ൧൫൦൦ രൂപവരെയുള്ള ആദായത്തിനു നികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥനല്ലെന്നു കാണാം. A worm will turn എന്നുള്ള മൊഴി ഞാൻ ഓർമ്മിക്കുന്നു. എൻെറ സ്വരത്തിൽ അല്പം നിരാശയുണ്ടെങ്കിൽ അതു ക്ഷമിക്കണം. പൊതുജനങ്ങളുടെ നിരാശ എന്നിൽകൂടി ഇവിടെ പ്രതിഫലിക്കുന്നതു മാത്രമാണു്. അതുകൊണ്ടു് ഇവിടത്തെ നികുതിനിയമം നീതിപരമായ അടിസ്ഥാനത്തിന്മേൽ പാടെ പരിഷ്കരിക്കണമെന്നു ഞാൻ ആദ്യം പറഞ്ഞതു് ഒരിക്കൽകൂടി ആവർത്തിച്ചുകൊള്ളുന്നു.

MR. ABDUL AZIZ: സർ, ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിൻെറ സമൂലമായ ഒരു ഉടച്ചുവാർക്കലിനെപ്പററി പ്രതിപാദിക്കാനാണു് ഈ ഉപക്ഷേപത്തെ അനുകൂലിച്ചു ഞാൻ സംസാരിക്കാൻ പോകുന്നതു്. ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറു്, ഭരണത്തിൽ പ്രാധാന്യം അർഹിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണു്. കഴിഞ്ഞ പത്തു കൊല്ലത്തെ ഇൻകംടാക്സ് ഇനം പരിശോധിക്കുന്നപക്ഷം ൧൧൧൪-ൽ പത്തര ലക്ഷം രൂപാ ആയിരുന്നതു് ൧൧൧൭ മുതൽ ക്രമാതീതമായി വർദ്ധിച്ചു് ൧൧൧൯-ൽ പത്തൊൻപതര ലക്ഷവും ൧൧൨൩ അവസാനം ആകുമ്പോൾ ഏകദേശം ൨ കോടിയോളവും ആയി വർദ്ധിക്കുന്നു. ഈ നിലയിൽ വളർന്നുകൊണ്ടിരിക്കുന്ന വലിയ ആദായമാർഗ്ഗത്തിനു കാരണമായിരിക്കുന്ന ഈ ഡിപ്പാർട്ടുമെൻറിൻെറ ഇന്നത്തെ പ്രവർത്തനസാമർത്ഥ്യം എത്ര ഉണ്ടെന്നു പരിചിന്തനം ചെയ്യുമ്പോൾ ഈ ഡിപ്പാർട്ടുമെൻറു് പ്രവർത്തനത്തിനു എത്രത്തോളം ശക്തമായ മെഷിണറി നൾകിട്ടുണ്ടു് എന്നു ആലോചിക്കണം. ഇവിടെ പലതരത്തിലുള്ള വിഷമങ്ങൾ കാർഷികാദായനികുതിമൂലവും മററു നികുതികൾമൂലവും ജനങ്ങൾ അനുഭവിക്കുന്നതായി പ്രസ്താവിച്ചു. ഇവിടത്തെ ഇന്നത്തെ നിലയിൽ ഉള്ള ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിനു് സുശക്തമായ ഒരു സ്റ്റാഫ് പ്രവർത്തനത്തിനു് ഇല്ലാത്തതുകൊണ്ടല്ലേ ഈ ദോഷം എന്നു ഞാൻ ചോദിക്കുന്നു. ഇന്നത്തെ ഗവമ്മെൻറു് പല ഡിപ്പാർട്ടുമെൻറിൻെറ നേക്കും ഔചിത്യത്തോടല്ലാ നോക്കുന്നതു് എന്നു പറയേണ്ടിയിരിക്കുന്നു. അടുത്ത കൊല്ലത്തെ ബഡ്ജററിൽ ഫാറസ്റ്റ്, സാൾട്ട്, രജിസ്ട്രേഷൻ, അഞ്ചൽ ഈ ഡിപ്പാർട്ടുമെൻറുകളുടെയെല്ലാം വ്യയം കൂട്ടുകയും അതേസമയം ഇൻകംടാക്സിൻെറ വ്യയം കുറക്കുകയും ആണു് ചെയ്തിരിക്കുന്നതു്. വ്യയന്യൂനീകരണത്തിനു് ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിനെ വിധേയമാക്കിയതു് ഇന്നു നാം അനുഭവിക്കുന്ന അഴിമതികൾക്കു കൂടുതൽ ശക്തിയുണ്ടാക്കാൻ കാരണമാക്കുന്നതാണു്. അയൽരാജ്യമായ കൊച്ചിയിലെ ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഇവിടെ വളരെ ന്യൂനമായ മെഷിണറിയാണു് പ്രവർത്തനം നടത്തുന്നതു് എന്നു കാണാം. കൊച്ചിയിൽ ഇൻകംടാക്സ് സംബന്ധമായി ഒരാഫീസർ ൭൦൦ കേസ്സിൽ കൂടുതൽ കൈകാര്യം ചെയ്യേണ്ടിവരുകയില്ല. നേരെമറിച്ചു് ഇവിടെയാണെങ്കിൽ ൧൭൦൦ കേസുകൾ തീർക്കാനും കുടിശിക ഉണ്ടായിരിക്കും. അവിടെ ഈ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനു ൧൬൭ മുതൽ ൩൦൦ വരെ ശമ്പളം കൊടുക്കുമ്പോൾ ഇവിടെ ൧൬൭ മുതൽ ൨൨൫ വരെയാണു് ശമ്പളം. അവിടെ ഇൻകംടാക്സ് സ്റ്റാഫ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു് എക്സാമിനേഴ്സ് എന്ന

സ്റ്റാഫ് നിയമിച്ച്, അവക്ക് ൧൭൫ മുതൽ ൨൨൦ വരെ ശമ്പളം നിശ്ചയിക്കുകയും, ശരിയായ കണക്കെടുക്കുവാൻ അവക്ക് സാധിക്കുകയും ചെയ്യുന്നു. ഇൻകംടാക്സ് ആഫീസറെ സഹായിക്കാൻ നല്ല സ്റ്റാറസ് ഉള്ള ഉദ്യോഗം കൊച്ചിയിൽ ഉള്ളപ്പോൾ ഇവിടെ എന്താണുള്ളത്? ഇവിടെയുള്ള ഇൻകംടാക്സ് ആഫീസർക്ക് ൧൭൫ മുതൽ ൨൨൫ വരെ രൂപായാണ് ശമ്പളം. കൊച്ചിയിലുള്ളതിൽ രണ്ടുമൂന്നു ഇരട്ടി ജോലി കൂടുതൽ ഉള്ളതോ പോകട്ടെ; ഇവിടെ ൪൦ മുതൽ ൧൦൦ രൂപാവരെ ശമ്പളമുള്ള ക്ലാർക്കന്മാരാണ് ആഫീസറെ സഹായിക്കുന്നതിനുള്ളത്. ന്യായമായി അവരുടെ ജോലി തക്ക സമയത്തിനുള്ളിൽ തീർക്കാൻ സാധിക്കാത്തതിനാൽ അവർ പല കുറുക്കുവഴികളും സ്വീകരിക്കേണ്ടിവരുന്നു. ഈ കാരണങ്ങളാൽ ആണ് ഇവിടത്തെ അസെസ്മെൻറ് ശരിയായി മുന്നോട്ടു പോകാത്തത്. അതിനാൽ ഒരു പുനഃസംഘടന ഈ ഡിപ്പാർട്ടുമെൻറിനുണ്ടാകണം. വലിയവലിയ അധികാരപരിധികളും ആഫീസറുടെ കീഴിൽ ഉണ്ട്. അത് ചെറുതുചെറുതാക്കി ആഫീസർക്കുള്ള ജൂറിസ്ഡിക്ഷൻ കുറയ്ക്കുന്നപക്ഷം ശരിയായി അസെസ്സ് ചെയ്യുവാൻ ഉള്ള സൗകര്യം അവക്ക് ലഭിക്കും. വേറൊരു കാര്യം ഈ സഭയുടെ മുമ്പിൽ പെട്ടതാണുള്ളത് ഇൻകംടാക്സ് ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറിനോടുകൂടി ഉൾപ്പെടുത്താൻ ആലോചനയുള്ളതായി കാണുന്നു. അതിനാണ് തഹശീൽദാരന്മാരെക്കൂടി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നു തോന്നുന്നു. അങ്ങനെയാണെങ്കിൽ അത് ഏററവും ആപത്താണ് എന്ന് ഇവിടെ നടന്ന പ്രസംഗങ്ങളിൽനിന്നും മനസ്സിലാക്കാം. നാലഞ്ചു താലൂക്കുകൾ ഉൾപ്പെടുന്ന ഒരു ടാക്സ് ആഫീസരും താലൂക്കതോറും തഹശീൽദാരും ഉണ്ട്. ഇങ്ങിനെ concurrent jurisdiction ഉള്ള ഉദ്യോഗസ്ഥന്മാർ ഒരേ അധികാരപരിധിയിൽ ജോലിചെയ്താൽ ഔദ്യോഗികവിഴ്ചകൾ കൂടുവാനേ തരമുള്ളു. തഹശീൽദാരുടേയും പാർവ്വത്യകാരുടേയും കാര്യം പറയാതിരിക്കുകയാണ് ഭേദം.

The House adjourned for lunch at 1 P. M. and met again at 2 P. M. with the President (Hon'ble Mr. A. J. John) in the chair.

MR. ABDUL AZIZ: സർ, ഇനി എനിക്ക് ഒരു കാര്യത്തെപ്പററി മാത്രമേ പറയുവാനുള്ളു. ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിലെ അഴിമതിയെക്കുറിച്ചു നാശിതമായ വിമർശനങ്ങൾ നടന്നകൂട്ടത്തിൽ മി. പി. റി. ചാക്കോ ഒരു മഹമ്മദുകണ്ണിൻെറ പേർ ഇവിടെ പറയുകയുണ്ടായി. ഇന്നു തിരുവിതാംകൂറിൽ, ഉദ്യോഗസ്ഥന്മാരിൽ അങ്ങേ അററം മുതൽ ഇങ്ങേ അററംവരെയുള്ളവർ അഴിമതിക്കാരാണെന്നുള്ള കാര്യം വിസ്മരിക്കാവുന്നതല്ല. മി. പി. റ്റി. ചാക്കോ ആ നിലയിൽ

[Mr. Abdul Aziz.]

എല്ലാ ഉദ്യോഗസ്ഥന്മാരും അഴിമതിക്കാരാണെന്നു ചൂണ്ടിക്കാണിച്ച കൂട്ടത്തിൽ മി. മഹമ്മദുകണ്ണിൻെറ കാര്യംകൂടി പറഞ്ഞതായിരിക്കണം. തിരുവിതാംകൂറിൽ കൈക്കൂലി ഒരു പാരമ്പര്യമായി നടന്നുവരികയാണ്. സാധാരണയായി വിശ്വസിക്കാവുന്നവർ എന്നും വിശ്വസിച്ചാൽ ചതിക്കയില്ലെന്നും പാരമ്പര്യേണതന്നെ പ്രത്യേകം പ്രശസ്തി ആർജ്ജിച്ചിട്ടുള്ള മുസ്ലീം സമുദായത്തിലെ ഒരംഗത്തെ തൻെറ കയ്യിലാക്കിയാൽ തരക്കേടില്ല എന്ന വിചാരത്തോടുകൂടി ഒരു തഹശീൽദാർ ഈ മി. മഹമ്മദുകണ്ണിനെ ആയുധമാക്കി അഴിമതി നടത്തുന്നു എന്നുള്ളതാണ് പരമാർത്ഥം.' ഇൻകംടാക്സ് കമ്മീഷണർക്ക് ഇൻകംടാക്സ് പിരിക്കുന്നതിനെ സംബന്ധിച്ച് ഒരു അപ്പ്ലറ്റ് ജൂറീസ്ഡിക്ഷൻ ഇല്ല. അതുണ്ടായിരുന്നുവെങ്കിൽ ഇങ്ങനെയുള്ള അഴിമതികൾ ഈ ഡിപ്പാർട്ടുമെൻറിൽ അത്രവളരെ നടക്കുകയില്ല. ഇൻകംടാക്സ് കമ്മീഷണർക്ക് അപ്പലറ്റ് ജൂറിസ്ഡിക്ഷൻകൂടി കൊടുക്കേണ്ടതു അത്യാവശ്യമാണ്.

MR. P. K. RAMAN (*Shertalai* II—*General*) : സർ, കാർഷികാദായനികുതിയെ സംബന്ധിച്ച ആർക്കും ഇവിടെ എതിരഭിപ്രായം ഉണ്ടായിരുന്നില്ല. അതു കണക്കാക്കുന്നതിലുള്ള സ്ഖലിതങ്ങൾ ഒഴിവാക്കണമെന്നാണ് ഇവിടെ ശക്തിയായി അഭിപ്രായപ്പെട്ടതു്. തിരുവിതാംകൂറിനു വെളിയിൽ ചില പ്രാവിൻസുകളിൽ ൧൦൦൦ രൂപയിൽ കൂടുതൽ ആദായമുണ്ടെങ്കിൽ മാത്രമേ നികുതിചുമത്തുകയുള്ളു എന്നാണു മറെറാരഭിപ്രായം ഇവിടെ ഉണ്ടായതു്. എന്നാൽ ഇൻഡ്യയിൽ പല ഭാഗത്തും ലാഭകരമായ വിധത്തിൽ കൃഷിചെയ്യുവാനും കുടിയേറിപാർക്കുവാനും ധാരാളം സ്ഥലങ്ങൾ കിടപ്പുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഗവണ്മെൻറു വളരെ ഉദാരമായ നയങ്ങൾ കൈക്കൊള്ളേണ്ടതായുണ്ട്. അതിൻെറ ഫലമായി ഇൻഡ്യാഗവണ്മെൻറു ഇങ്ങനെ ഒരു വ്യവസ്ഥ ചെയ്തതായിരിക്കണം. അതുകൊണ്ടായിരിക്കും കാർഷികാദായനികുതിയെ ബന്ധിക്കുന്ന തുക കൂട്ടിവച്ചിരിക്കുന്നതു്. ഇവിടെ ഗവണ്മെൻറിനു വളരെ അധികം ജനങ്ങളെ താമസിപ്പിക്കേണ്ട ചുമതലയുണ്ട്. ഇൻഡ്യയിൽ എവിടെയും ഉള്ളതിനെക്കാൾ ജനപ്പാർപ്പുള്ള തിരുവിതാംകൂറിൽ കൃഷിക്കായി കിട്ടുന്ന ഭൂമി ശരാശരി ൪൦ സെൻറുമാത്രമാണ്. അങ്ങനെയുള്ള ഈ രാജ്യത്തു കൃഷിക്കായി വളരെയധികം ഭൂമി ജനങ്ങൾക്കു അനുവദിച്ചുകൊടുക്കുവാൻ നിവൃത്തിയില്ല. ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങളെ രക്ഷിക്കുന്ന ഒരു ഗവണ്മെൻറിനു അവരുടെ താമസസൗകര്യത്തെപ്പററി ശ്രദ്ധിക്കാ

തിരിക്കാൻ നിർവ്വാഹമില്ല. അതുകൊണ്ടു കാർഷികാദായനികുതി ചുമത്തപ്പെടുന്ന സംഖ്യ ശരിയായിരിക്കണമെന്നല്ലാതെ അതു ജനങ്ങൾക്കു ഉപദ്രവമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല ഇവിടെ നടപ്പിലാക്കിയിരിക്കുന്നതു്.

നമ്മുടെ ആളുകൾ കണക്കുവയ്ക്കുന്നതിൽ പ്രായേണ വിമുഖന്മാരാണു്. നാം വ്യാവസായികവും വാണിജ്യപരവുമായ മനസ്ഥിതിയുള്ള ഒരു ജനസമുദായമല്ല. പൂർവ്വികമായിത്തന്നെ നല്ല നിലയിൽ കഴിഞ്ഞുകൂടുന്ന പല കുടുംബങ്ങളിലും സാധാരണ അങ്ങനെ സൽക്കാര്യം എന്നപോലെ മറയ്ക്കപ്പെടുകയാണുള്ളതു്. കണക്കു വയ്ക്കുന്ന കാര്യത്തിൽ അവർ ശ്രദ്ധിക്കാറില്ല. ഉള്ള കണക്കുകൾതന്നെ ശരിയായി പരിശോധിക്കാതെയാണു ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറു നികുതിചുമത്തിവരുന്നതു് കണക്കു പരിശോധിക്കുന്നതിലും ചെലവു കണക്കാക്കുന്നതിലും പല കുറ്റങ്ങളും അവർ കാണിക്കുന്നുണ്ടു്. ഒരു പുതിയ നിയമം വരുമ്പോൾ സാധാരണ ജനങ്ങൾക്കു സ്വാഭാവികമായി അതിൽ ഒരു ഭയം തോന്നും. ആ നിലയിൽ ഇൻകംടാക്സ് ചുമത്തുന്ന കാര്യത്തിൽ പലർക്കും പലപ്പോഴും പല സങ്കടങ്ങളും അനുഭവിക്കേണ്ടതായി വരുന്നു. ഇതു കാർഷികാദായനികുതിയുടെയും കച്ചവടാദായനികുതിയുടെയും കാര്യത്തിൽ ശരിയാണു്. അവർ കണക്കുകൾ പരിശോധിക്കുമ്പോൾ ഉദ്യോഗസ്ഥന്മാർ കാണിക്കുന്ന പല വിക്രിയകൾക്കും ഇരയായിത്തീരുന്നു എന്നുള്ളതു് ഒരു പരമാർത്ഥമാണു്.

ഈ കാർഷികാദായനികുതി കൊടുക്കുന്നതിൽനിന്നും ഇപ്പോൾ ഒഴിഞ്ഞുമാറി നിൽക്കുന്ന ആളുകൾ ഉണ്ടു്. അങ്ങനെയുള്ള ആളുകളെ കണ്ടുപിടിച്ചു കരം ചുമത്തുന്നപക്ഷം ഗവണ്മെൻറിനു ഇന്നു കിട്ടുന്നതിനേക്കാൾ വളരെ കൂടുതലായ ഒരു സംഖ്യ ഇൻകംടാക്സ് എന്ന ഇനത്തിൽ കിട്ടും.

ഇവിടെ നേഷൻ ബിൽഡിംഗ് സ്കീം എന്നു പറയുന്ന പുനരുദ്ധാരണസംവിധാനപദ്ധതിക്കായി പണമൊന്നും കൊള്ളിച്ചിട്ടില്ലെന്നും കൊള്ളിച്ചിട്ടുണ്ടെങ്കിൽതന്നെ ആ തുക കേവലം അപര്യാപ്തമാണെന്നും പറയുകയുണ്ടായി. ഇന്നു് ഗവണ്മെൻറു വസൂൽചെയ്തു വരുന്ന അമിതാദായനികുതി കുറെക്കൂടി ഉർജ്ജിതമായും നിർദ്ദാക്ഷിണ്യമായും പിരിച്ചെടുക്കുവാൻ ഏർപ്പാടുചെയ്യുന്നപക്ഷം നമ്മുടെ നേഷൻബിൽഡിംഗ് പദ്ധതികൾക്കു ആവശ്യമുള്ള തുക നിഷ്പ്രയാസം ലഭിക്കുന്നതാണു്.

[Mr. P. K. Raman.]

അധികം പണം സമ്പാദിച്ച പൂർണ്ണസ്റ്റേജ് എന്നു പറയുന്ന ഒരു പുതിയ സ്റ്റേജിലേക്കു പ്രവേശിക്കുന്ന ധനവാന്മാരുണ്ട്. അവർ ആദായനികുതി കൊടുക്കുന്നതിൽനിന്നും ഒഴിഞ്ഞുനിൽക്കുവാൻ ഒരു പുതിയ വിദ്യ കണ്ടുപിടിച്ചിരിക്കുന്നു. വലിയ കമ്പനി രൂപീകരിച്ചു തന്റെ ഭാര്യയേയും മക്കളേയും അവകാശികളേയുംമാത്രം അതിൽ ഷെയറിക്കാരായി ചേർത്തു അങ്ങനെ കമ്പനി ഷേരിൽ കച്ചവടങ്ങൾ നടത്തുക, കമ്പനിനിയമപ്രകാരമുള്ള സൗജന്യങ്ങൾ അനുഭവിക്കുക ഇതാണു ആ വിദ്യ.

അതാതുസ്ഥലത്തെ കർഷകരുടെ ശരാശരി ചെലവു കഴിച്ചു എത്ര ആദായം ഉണ്ടാകും എന്നതിനെപ്പറ്റി അന്വേഷിക്കുന്നതിനു കർഷകരടങ്ങിയ ഒരു കമ്മിററി രൂപീകരിച്ചു ഗവമെന്റുമായി സഹകരിച്ചു പ്രവർത്തിച്ചാൽ ഇതിനെല്ലാം ഒരു പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണു എന്റെ അഭിപ്രായം.

MR. P. M. VARGHESE: സർ, ഗവമെന്റിന്റെ വരവു എങ്ങനെങ്കിലും വിധത്തിൽ വർദ്ധിപ്പിക്കേണ്ടതു ആവശ്യമാണു. അതിനായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു ന്യായമായ ശമ്പളം കൊടുക്കണമെങ്കിൽ ഗവമെന്റിനു വരവുണ്ടായിരിക്കണം. വരവുണ്ടാക്കുവാനുള്ള മാർഗ്ഗം കാർഷികാദായനികുതിയോ, അല്ലെങ്കിൽ വ്യാവസായികാദായനികുതിയോ ഏതായാലും കൊള്ളാം, ആദായമുള്ള വരിൽനിന്നും നികുതി ഈടാക്കാനേ നിവൃത്തിയുള്ളു. പക്ഷെ, ഇവിടെ നടക്കുന്ന വാദപ്രതിവാദത്തിൽനിന്നും ആദായനികുതി ഈടാക്കുന്ന സമ്പ്രദായത്തെ സംബന്ധിച്ചാണു ആക്ഷേപമുള്ളതെന്നു മനസ്സിലാക്കാം. കാർഷികാദായനികുതി ഈ അടുത്തകാലത്തു മാത്രമാണു നമ്മുടെ നാട്ടിൽ കൊണ്ടുവന്നിട്ടുള്ളതു. അതിന്റെ പ്രവർത്തനത്തിൽ ധാരാളം വൈകല്യങ്ങൾ വരാനിടയുണ്ടു. കാരണം അതിൽ പരിചയമുള്ള ഉദ്യോഗസ്ഥന്മാർ ഈ രാജ്യത്തു വളരെ പരിമിതമാണു. ഈ രാജ്യത്തു കമ്പനികളും വളരെ പരിമിതമാണു. വിദേശങ്ങളിൽ, ഇംഗ്ലണ്ടിലോ, അമേരിക്കയിലോ ആണെങ്കിൽ കമ്പനികളും വ്യവസായികളും ശരിയായ കണക്കു സൂക്ഷിക്കുന്ന പതിവുണ്ടു, എന്നാൽ ഈ നാട്ടിൽ ആ പതിവില്ല, വിശേഷിച്ചും കർഷകർക്കു ഒട്ടുമില്ല. കർഷകരിൽനിന്നും ആദായം ഈടാക്കുന്നതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ആദായത്തെപ്പറ്റിയുള്ള കണക്കുകൾ നോക്കുമ്പോൾ വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു.

ഇന്നത്തെ നടപടി നോക്കുന്നപക്ഷം ഡിപ്പാർട്ടുമെൻറധികൃതർ താലൂക്കധികൃതർക്ക് പേർ മണിക്കൂറിനുള്ളിൽ, ഇരുനൂറോ, മുന്നൂറോ, നാനൂറോ പേരുടെ ആദായം തിട്ടപ്പെടുത്തി കണക്ക് അയക്കണമെന്ന ഉത്തരവിടും. ചിലപ്പോൾ ൧൨ മണിക്കൂർ മാത്രമേ സമയം കിട്ടുകയുള്ളു എന്നും വരാം, അവർ ശിവനെ എന്നുവിചാരിച്ചു അവിടെ ഇരുന്നുകൊണ്ടുതന്നെ ഒരു കണക്കു തയാറാക്കി അയക്കുകയാണു ചെയ്യുന്നതു്. ജനങ്ങൾ അതു ഒരു തലയിലെഴുത്തു പോലെ കരുതി പ്രവർത്തിച്ചുകൊള്ളണം. കാർഷികാദായം കൊല്ലം തോറും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണു്. അനിശ്ചിതമായ ഒരടിസ്ഥാനത്തിന്മേൽ തിട്ടപ്പെടുത്തേണ്ട ഈ സമ്പ്രദായം മാററി വേറെ വല്ല മാർഗ്ഗവും നടപ്പിലാക്കാൻ കഴിയുമോ എന്നും ഗവൺമെൻറാലോചിക്കേണ്ടതാണു്.

എനിക്കു ഇതു സംബന്ധിച്ചു ഒരു സ്കീം തോന്നുന്നുണ്ടു്. ഇന്നു കർഷകരായിട്ടുള്ളവർക്കു്, അഞ്ചേക്കറിൽ കീഴോട്ടു കൃഷിയുള്ളവർക്കു് ഇത്ര, അഞ്ചേക്കറിൽ കൂടുതലുള്ളവർക്കു് ഇത്ര, പത്തേക്കറിൽ കൂടുതലുള്ളവർക്കു ഇത്ര, എന്ന തോതിൽ ഒരു പ്രോഗ്രസീവ് ടാക്സേഷൻ സമ്പ്രദായം ഏർപ്പെടുത്തി ഈ കുഴപ്പം പരിഹരിക്കാമെന്നു് എനിക്കു തോന്നുന്നു. ഗവൺമെൻറിനു വരാവുന്ന ആദായത്തെ സംബന്ധിച്ചിടത്തോളം ഒരു കാശുപോലും നഷ്ടം വരാത്തവിധത്തിൽ ഇതു ഏർപ്പെടുത്താൻ സാധിക്കുമെന്നാണു് എൻെറ അഭിപ്രായം.

ഇന്നു നാം കരം പിരിക്കുന്നതുപോലെ കൂടുതൽ വസ്തുക്കാരം ഉള്ളവരിൽനിന്നു് സൂപ്പർടാക്സ് പിരിക്കുന്നതും നന്നായിരിക്കും. ഇങ്ങനെയായാൽ വസ്തുക്കാരം കൃഷിചെയ്യാതെ വെറുതെ ഇടുകയില്ല. ഗവൺമെൻറു ഇതൊന്നു പരീക്ഷിച്ചുനോക്കിയാൽ കൊള്ളാം.

വേറൊരുകാര്യം പറയാനുള്ളതു് ഇന്നലെ ബഹുമാനപ്പെട്ട ഒരു മന്ത്രി പറഞ്ഞ സംഗതിയെപ്പററിയാണു്. ഓരോ വിഷയങ്ങളെപ്പററി ഇവിടെ വാദപ്രതിവാദം നടക്കുമ്പോഴും അഴിമതിയെപ്പററി പറയുന്നുണ്ടു്. അഴിമതി എല്ലാ നാട്ടിലും നടക്കുന്നുണ്ടെന്നു മന്ത്രി അവർകൾ പറഞ്ഞു. അതു കേട്ടപ്പോൾ എനിക്കു വളരെ ഖേദംതോന്നി. പരമാർത്ഥത്തിൽ വളരെ ഗൗരവമായ ഒരു കാര്യമാണു് ഇതു്. മന്ത്രിയുടെ സമാധാനം കേട്ടാൽ എല്ലാ നാട്ടിലും നടക്കുന്നതുകൊണ്ടു് ഇവിടെയും അനുവദിച്ചിരിക്കുകയാണെന്നു തോന്നും. നമ്മുടെ മന്ത്രിമാർ ഈ നയം സ്വീകരി

[Mr. P. M. Varghese]

ക്കകയാണെന്നാണ് എനിക്ക പറയുവാനുള്ളത്. യാതൊരു അഴിമതിയും ഇല്ലാതാക്കവാനാണ് ഇവിടത്തെ ഭരണമുഖ്യമതല നിർവഹിക്കന്നവർ ശ്രമിക്കേണ്ടതു എന്ന ഞാൻ അഭ്യർത്ഥിക്കുന്നു.

MR. K. P. NILACANTA PILLAI (*Chirayinkil I—General*) : സർ, ഇവിടത്തെ വാദമുഖങ്ങൾ മനസിലാക്കവാൻ വളരെ വിഷമമായിട്ടാണു എനിക്ക തോന്നിയിട്ടുള്ളത്. ആദ്യമായി ആലോചിക്കേണ്ടതു് ജനങ്ങളിൽനിന്ന് കാർഷികാദായത്തിന്മേൽ നികുതി ചുമത്തുക എന്ന തത്വം ഒരു മൗലികതത്വമായി സ്വീകരിക്കണമോ വേണ്ടയോ എന്നുള്ളതാണ്. വേണ്ടാ എങ്കിൽ എനിക്കും വേണ്ടാ. ചുമത്തണമെങ്കിൽ ഏതുവിധത്തിൽ ചുമത്തണം, അതിന്റെ നയം എന്തായിരിക്കണം എന്നും മററുമുള്ള കാര്യംകൂടി വ്യവസ്ഥചെയ്യേണ്ടതുതന്നെ. അതിനുമുൻപായി, അതായതു് ആദായനികുതി ചുമത്തണമോ വേണ്ടയോ എന്ന തീരുമാനിക്കുന്നതിനു മുൻപാകി, അതേപ്പററി വളരെ സങ്കടമായി ഇവിടെ പറയുന്നതു കാർഷികാദായനികുതി ചുമത്തുന്ന അവസരത്തിൽ യാതൊരാദായവും ഇല്ലാത്ത ആളുകളെക്കൂടി അതിൽ ഉൾപ്പെടുത്തിപ്പോരുമെന്നുള്ളതാണ. അതു വേറൊരുകാര്യമാണ്. എവിടെ നികുതിയുണ്ടോ, അവിടെ അതിൽനിന്ന ഒഴിഞ്ഞുനിൽക്കവാൻ ശ്രമിക്കുന്നവരും, എവിടെ നികുതിപ്പിരിക്കുന്നുണ്ടോ അവിടെ നികുതികൊടുക്കുവാൻ അർഹതയില്ലാത്തവർകൂടി അതു കൊടുക്കവാൻ നിർബന്ധിതരായിത്തീരുന്നവരും കാണുമെന്നുള്ളതിൽ സംശയമില്ല. ഇതടാക്കുന്ന സമ്പ്രദായത്തിൽനിന്ന ഒഴിഞ്ഞുനോക്കാൻ ശ്രമിക്കുന്നവരെ നശിപ്പിക്കവാൻ ചെയ്യുന്നശ്രമത്തിൽ ചില ക്രമക്കേടുകൾ വന്നുപോകും. അതു കുറയ്ക്കുവാൻ നോക്കേണ്ടതു അത്യാവശ്യമാണെന്നുള്ളതിൽ രണ്ടുപക്ഷത്തിനവകാശമില്ല.

രണ്ടാമതു് ലോകം എങ്ങോട്ടുപോകുന്നു എന്നുകൂടി നാം നോക്കണം. ലോകത്തിന്റെ ഗതി എല്ലാം സമത്വാനുഭവയോഗ്യങ്ങളാക്കിത്തീർക്കണമെന്നുള്ള ഒരു ആദർശത്തിലേക്ക പോകുകയാണ്. ഭൂമിയെപ്പോലും ക്യാപ്പിററിലൈസ് വാല്യൂനോക്കി അനുഭവമുണ്ടായാലും ഇല്ലെങ്കിലും കൂടുതൽ ഭൂമിയുണ്ടെങ്കിൽ അതിനും നികുതിവെക്കണമെന്നൊരു തത്വം ഇന്ന് നടപ്പിൽ കൊണ്ടുവന്നിട്ടുണ്ട്. ഇരുപതു ഏക്കർ ഭൂമിയുള്ള ഒരാൾ ഒരു ബംഗ്ലാവും എല്ലാംവച്ചു് അതിനുചുററും റോസാചെടിയും മററും നട്ടുപിടിപ്പിച്ചു് നല്ല ഉദ്യാനവും ഉണ്ടാക്കി സുഖാനുഭവത്തിൽ കഴിയുന്നു എന്നു വിചാരിക്കുക. ആ സ്ഥലത്തുനിന്നും യാതൊ

ദായവും ആ ആളുകൾക്ക കിട്ടുന്നില്ല. എന്നാൽ ഇവിടെ ആളുകൾക്ക കിടക്കാൻ സ്ഥലമില്ലാത്ത വിഷമം ഉണ്ടാകുന്നു. ആ നിലയ്ക്ക ഇത്രയധികം സ്ഥലം ഒരാൾ കൈവശംവെച്ചു സുഖിക്കുന്നതിന് ആ സ്ഥലത്തിനും കരം ചുമത്തണമെന്നാണ് ഇന്നത്തെ ചിന്താഗതി. ചിലർ ജനനഫലം കൊണ്ട് ധാരാളം വിസ്താരമായ ഭൂമി കൈവശംവെച്ചുകൊണ്ടിരിക്കുന്നു എന്നുവന്നാൽ അത് അവരുടെ ഒരു പ്രത്യേകവകയല്ലെന്നും ഭൂമി സമുദായത്തിന്റെ വകയാണെന്നും മററുള്ളവർക്ക അവകാശപ്പെടുന്നതിൽ കൂടുതലായ പ്രിവിലെജസ് ഇവൻ വച്ചുകൊണ്ടിരിക്കുന്നത് ശരിയല്ലെന്നും അതിനാൽ ആ പ്രിവിലേജിനു ടാക്സ് ചെയ്യണമെന്നുമാണ് ഇന്നത്തെ അഭിപ്രായം. അതുകൊണ്ടാണ് എസ്റ്റേറ്റഡ്യൂട്ടി ചുമത്തണമെന്ന് പറയുന്നത്. എസ്റ്റേറ്റഡ്യൂട്ടി കൊടുക്കണമെന്നു നിർബന്ധിച്ചാൽ സോഷ്യലൈസേഷൻ ഓഫ് ലാൻഡ് എന്ന പടിയിലേക്ക് രാജ്യത്തെയും ജനതയേയും കൊണ്ടുപോകാൻ കഴിയുമെന്നാണ് ആധുനികലോകം വിചാരിക്കുന്നത്. അങ്ങനെ കൊണ്ടുപോകുവാനാണ് ഇപ്പോൾ ലോകമൊട്ടുക്ക ശ്രമം നടന്നുവരുന്നതും.

ഇവിടെ ചിലർ പറയുകയുണ്ടായി, കാർഷികാദായനികുതി വേണ്ടെന്ന്. അതു ഒരു തെററായ ധാരണകൊണ്ടു പറയുന്നതാണെന്നാണ് എനിക്കു തോന്നുന്നത്. ഇതിന്റെ അർത്ഥം അതായത്, കാർഷികാദായനികുതി എന്നു പറയുന്നതിന്റെ അർത്ഥം, എന്താണെന്നു മനസ്സിലാക്കണം. യാതൊരാദായവുമില്ലാത്ത ഭൂമിക്കു കരം കൊടുക്കണമെന്നു പറയുമ്പോൾ, ആദായമില്ല, പട്ടയം പെട്ടിയിൽ വച്ചുകൊണ്ടു അതിന്റെ ഉടമസ്ഥൻ ഉറങ്ങുകയാണ്, എങ്കിലും ഇത്രയും ഭൂമി തന്റെ കൈവശമുള്ളതുകൊണ്ട് താൻ ഒരു പണക്കാരനാണ് എന്ന് ആ പട്ടയക്കാരൻ വിചാരിക്കുന്നു. ആ വിചാരത്തിനെയാണ് ടാക്സ് ചെയ്യണമെന്നു പറയുന്നതു. ഇവിടെ കാർഷികാദായത്തെയാണ് ടാക്സ് ചെയ്യുന്നതു. ആദായമില്ലാത്തവന് കരം കൊടുക്കേണ്ടിവരുന്നില്ല.

MR. K. A. MOHAMED : ആദായമില്ലാത്തവരിൽനിന്നുകൂടി ആദായനികുതി ഈടാക്കിവരുന്നു എന്നാണ് ഇവിടെ പറഞ്ഞ പരാതി.

MR. K. P. NILACANTA PILLAI: അതേപ്പററി ഞാൻ പറഞ്ഞുകഴിഞ്ഞു. എല്ലാനികുതി ഈടാക്കുന്നകാര്യത്തിലും ഈ പരാതി വരുന്നതാണ്. അതു പരിഹരിക്കേണ്ടതുമാണ്.

[Mr. K. P. Nilacanta Pillai.]

എല്ലാം പരിഷ്കൃതരാജ്യങ്ങളും സോഷ്യലൈസേഷനാണ് നടപ്പിൽ വരുത്തുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നത്. ഒരുവൻെറ ആവശ്യത്തിൽ കവിഞ്ഞു സ്ഥലം കൈവശംവെച്ചുകൊണ്ടിരിക്കുന്നവരുടെ പക്കൽനിന്നും വേണ്ടിവന്നാൽ ക്യാപ്പിററലൈസ്ഡുവാല്യുനോക്കി കരം ചുമത്തണമെന്നാണ് എൻെറ അഭിപ്രായം.

ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെപ്പററി ഇവിടെ പറയുകയുണ്ടായി. ഞാൻ ഉദ്യോഗസ്ഥന്മാരെപ്പററി ഒന്നും പറയുന്നില്ല. പറഞ്ഞിട്ടു കഥയില്ലല്ലോ. എന്നാൽ ഒരു ഉദ്യോഗസ്ഥൻ ഇങ്ങനെ ചെയ്യാൻ വേറൊരു ഉദ്യോഗസ്ഥനെ പ്രേരിപ്പിച്ചു അതുകൊണ്ടാണ അയാൾക്ക് ഈ അബദ്ധം പററിയത് എന്നെല്ലാം സമാധാനം പറയുന്നതു അന്തസ്സാരമില്ലായ്മയാണെന്നേ എനിക്കു പറയാനുള്ളൂ. അങ്ങനെയാണെങ്കിൽ കഴിഞ്ഞ ലോകമഹായുദ്ധം ഉണ്ടായതിൻെറ കാരണക്കാരനായി ഹിററ്ലറെമാത്രം വിസ്തരിച്ചു തൂക്കിക്കൊന്നാൽ മതിയായിരുന്നു. എന്തിനു പിന്നെ ഗോറിങ്ങിനെയും, ഗോബൽസിനെയും അതുപോലെ മററുള്ളവരെയും വിസ്തരിച്ചു, എന്നു ഞാൻ ചോദിക്കുന്നു. ഹിററ്ലർ പറഞ്ഞതു ഇവർ പ്രവർത്തിച്ചു എന്നുമാത്രമേയുള്ളൂ. അപ്പോൾ അതല്ല കാര്യം. അവർ ചെയ്യുന്ന പ്രവൃത്തിയുടെ ഗുരുത്വവും ഗൗരവവും അറിഞ്ഞുകൊണ്ടുതന്നെയാണ് അവർ ഹിററ്ലറെ അനുസരിച്ചതെന്നുള്ളതാണ് അവർ ചെയ്ത കുററം. അതുപോലെ തിരുവിതാംകൂർ ഗവമ്മെൻറു ഓരോ കാര്യത്തിനായി ചുമതലപ്പെടുത്തി നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ തഹശീൽദാർ അങ്ങനെ പറഞ്ഞു, അതുകൊണ്ടു ഞാൻ അതു ചെയ്തു എന്നു പറയത്തക്കവണ്ണം നിരുത്തരവാദിയാകുവാൻ പാടില്ല. പാൽക്കുപ്പിയും കയ്യിൽ വച്ചുകൊണ്ടിരിക്കുന്ന ആളുകളെയല്ല ഗവമ്മെൻറു നിയമിച്ചിരിക്കുന്നത്. ഞാൻ അറിയാതെ അങ്ങനെ ചെയ്തു, നക്കി, പിടിച്ചുപറിച്ചു എന്നൊക്കെ പറയുന്നതിൽ ഒന്നും അർത്ഥമില്ല.

കാർഷികാദായത്തിനുവേണ്ടി പ്രത്യേകം ഒരാഫീസുണ്ടായിരുന്നാലും ശരി, കാർഷികാദായം തിട്ടപ്പെടുത്താൻ ഒരു കാർഷികാദായബോർഡു ഉണ്ടായിരിക്കുന്നതു വളരെ നല്ലതാണ്. മദ്രാസിൽ അപ്രകാരം ഒരു റവന്യു ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെയുള്ള വലിയ അബദ്ധം കർഷകനേയും കൃഷിയേയും ബന്ധിക്കുന്ന കാര്യങ്ങൾ നിർവഹിക്കുവാൻ ചുമതലപ്പെട്ട വിവിധഡിപ്പാർട്ടുമെൻറുകൾ തമ്മിൽ ഒരു കോഓർഡിനേഷൻ ഇല്ലെന്നുള്ളതാണ്. ഭൂമിയുടെ അളവ്,

വിളവിന്റെ ശക്തി, അതിൽനിന്നും ലഭിക്കുന്ന ആദായം, ഇവയെല്ലാം പ്രത്യേകം കണക്കാക്കിയിട്ടുവേണം കാർഷികാദായനികുതി പിരിക്കേണ്ടതു്. അതിലേക്കു ഇംഗ്ലണ്ടിലും മദ്രാസിലുംമററുമുള്ളതുപോലെ ഒരു ബോർഡു ആഫ് റവന്യൂ ഇവിടെയും ഏർപ്പെടുത്തണമെന്നാണു എനിക്കു പറയുവാനുള്ളതു്.

DR. M O. CHERIYAN (*Devicolam—General*) : Sir, I am anxious to apprise the Government of three things in connection with agricultural income tax. The assessment of agricultural income-tax is in several cases done more or less on an arbitrary basis. Secondly the basic minimum taxable income in the case of agricultural income tax should be raised to Rs. 5,000. The third thing is that agricultural income should be separated from the other incomes of a person for purposes of assessment. As I said, the assessment of agricultural income is done more or less on an arbitrary basis. it is not within the scope of an ordinary agriculturist to keep accounts on the basis of proper accounting. Fantastei and whimsical figures are supplied even in regard to uncultivated lands by the revenue subordinates. I do not know whether there are any other twisters or corrupt officers in the services of Government other than the agriculturists' blood suckers, the Revenue subordinates. By raising the amount to Rs. 5,000, the small agriculturist will get a lot of amelioration. The combination of agricultural and other incomes for taxation purposes, will only help to bring in an unfair artificial over-taxation.

MR. CHERIYAN J. KAPPAN (*Meenachil III—General*) : സർ, ആദായനികുതിയെപ്പററി പ്രതിപാദിച്ച മുൻപൊരവസരത്തിലും, ഇപ്പോൾ ചില പ്രസംഗങ്ങൾ നടന്ന അവസരത്തിലും വളരെ ഹൃദയവേദനയോടുകൂടിയാണു് ഞാൻ ഇവിടെ ഇരുന്നതു്. ഒരു കർഷകന്റെ മകനായി ജനിച്ചു്, വയലിൽ എന്റെ സഹോദരന്മാരോടുകൂടിപോയി പലപ്പോഴും ജോലിചെയ്തു പരിചയിച്ച എനിക്കു് ഒരു കർഷകന്റെ ക്ലേശം എന്താണെന്നു നല്ലവണ്ണമറിയാം. ചിലർ ഇപ്പോൾ മണിമന്ദിരത്തിൽ ഇരിക്കുന്നതുകൊണ്ടു അവരുടെ പിന്നിൽ ക്ലേശമുണ്ടായിരുന്നില്ലെന്നോ, ആ ഒററ കാരണംകൊണ്ടുമാത്രം അവരിൽ നിന്നും ആദായനികുതി ഈടാക്കണമെന്നോ ഇവിടെ ആരും പറയുന്നില്ല. ഇന്നു് നമ്മുടെ പ്രധാനമന്ത്രിയും, ശ്രീ. വർഗ്ഗീസും, ശ്രീ. കേശവനും മണിമന്ദിരങ്ങളിൽ പാർക്കുന്നുണ്ടെങ്കിൽ, അതവർ ചെയ്തിട്ടുള്ള ത്യാഗത്തിന്റെയും യാതനകളുടെയും ഫലമായിട്ടാണെന്നുകൂടി ഓർക്കണം. അതിൽ ആരും അസൂ

[Mr. Cheriyan J. Kappan.]

യപ്പെടേണ്ടതില്ല. മലമ്പനിയോടും, കാട്ടാനയോടും, മല്ലിട്ട് അനവധി ക്ലേശങ്ങൾ സഹിച്ചതിന്റെ ശേഷം കുറേനാൾ അവൻ ഒരു നല്ല കെട്ടിടത്തിൽ താമസിച്ചാൽ അതുകൊണ്ട് അവന്റെ പക്കൽ നിന്നും ആദായനികുതി ഈടാക്കണമെന്നു പറയുന്നതിന്റെ ന്യായം ഗ്രഹിക്കാൻ മനസ്സിലാകുന്നില്ല. മി. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞു, ഇംഗ്ലണ്ടിലും അമേരിക്കയിലും മറ്റും ആദായനികുതി, ലാഭം നിലത്തിനുകൂടി ഈടാക്കുന്നുണ്ടെന്ന്. ഇംഗ്ലണ്ടും തിരുവിതാംകൂറും തമ്മിലുള്ള വ്യത്യാസംകൂടി ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ടതുണ്ട്. ഇംഗ്ലണ്ട് ഒരു കർഷകപ്രധാനമായ രാജ്യമല്ല. ഇവിടെയാകട്ടെ, കൃഷി, പ്രധാന തൊഴിലായി ജീവിക്കുന്നവരുടെ ഒരു രാജ്യമാണ്.

MR. P. T. CHACKO: ഇംഗ്ലണ്ടിൽ നിലത്തിനു ടാക്സ് ചെയ്യുന്നുണ്ടോ?

MR. CHERIYAN J. KAPPAN: അറിഞ്ഞുകൂടാ. ഇംഗ്ലണ്ട് വ്യവസായത്തെ ആശ്രയിച്ചു കഴിയുന്ന ഒരു രാജ്യമാണ്. വ്യവസായത്തിൽ നിന്നും ലഭിക്കുന്ന ആദായംകൊണ്ടാണ് അവിടുത്തെ ജനങ്ങൾ ജീവിക്കുന്നത്. നമ്മൾ കർഷകരാണെങ്കിലും, നമ്മുടെ രാജ്യം കൃഷിപ്രധാനമാണെങ്കിലും നാൽപതു ശതമാനം ഭക്ഷണധാന്യങ്ങൾ മാത്രമേ ഈ രാജ്യത്തുണ്ടാകുന്നുള്ളു. ബാക്കി അറുപതു ശതമാനം ഭക്ഷണധാന്യങ്ങളും, തുണി, ചക്കരപാകം, മണ്ണെണ്ണ, പഞ്ചസാര എന്നിങ്ങനെയുള്ള പല സാധനങ്ങളും അന്യരാജ്യങ്ങളിൽ നിന്നു വിലകൊടുത്തു വാങ്ങേണ്ട ഒരു പരിതസ്ഥിതിയാണ് നമുക്കുള്ളത്.

MR. K. P. NILACAUTA PILLAI: ഈ സാമാനങ്ങൾ വാങ്ങുന്നതിൽ ഇംഗ്ലണ്ടും തിരുവിതാംകൂറും തമ്മിൽ വ്യത്യാസമില്ലെന്നു മെമ്പർക്കറിയാമോ?

MR. CHERIYAN J. KAPPAN: ഈ സാധനങ്ങൾ ഇവിടെ നാം ഉണ്ടാക്കുന്ന വ്യവസായികോൽപ്പന്നങ്ങളിൽ നിന്നു ലഭിക്കുന്ന ആദായം കൊണ്ടല്ല നാം വാങ്ങിക്കുന്നത്. നേരെമറിച്ച് കാർഷികവിഭവങ്ങളിൽ

നിന്നുമാത്രം ലഭിക്കുന്ന വരവുകൊണ്ടാണ്. അതുകൊണ്ട് കർഷകന്റെ മേൽ അത്രവലിയ നികുതിഭാരം കൊടുത്താൽ നമ്മുടെ രാജ്യം നശിക്കുമെന്നാണ് എനിക്കു പറയാനുള്ളതു്.

കാർഷികാദായനികുതി ചുമത്തുന്നതിനെക്കാൾ കൂടുതലായ പരാതിയാണ് അതു് ഈടാക്കുന്ന രീതിയെപ്പററി എനിക്കുള്ളതു്. ഇവിടെ ൧൧൨൧-ലാണ് ഒരു സെററിൽമെൻറു പ്രൊക്ലമേഷൻ വന്നതു്. ഈ പ്രൊക്ലമേഷനു മുൻപ് തിരുവിതാംകൂറിന്റെ വരുമാനം എന്തായിരുന്നു? പ്രൊക്ലമേഷനു ശേഷം വരുമാനം എത്രമാത്രം വർദ്ധിപ്പിച്ചു? ൧൧൨൧-നു മുൻപു ഇവിടത്തെ കൃഷി എങ്ങനെ കിടന്നിരുന്നു. ഇവിടത്തെ കർഷകന് ൧൧൨൧-നു മുൻപ് ഉൽപ്പന്നങ്ങൾ കൃഷി ചെയ്താൽ അവന്റെ ഉപയോഗത്തിനു കിട്ടാത്ത ഒരു നിലയാണുണ്ടായിരുന്നതു്. അതുകൊണ്ടു കൃഷിക്കു അത്രവലിയ പ്രോത്സാഹനം ആരും കാണിച്ചിരുന്നില്ല. നേരെമറിച്ച് അവൻ കൂടുതൽ ആദായം ഉണ്ടാക്കിയാൽ അതു മുഴുവനും അവന്റെ സന്താനങ്ങൾക്കും അനുഭവിക്കാം എന്നുള്ള നിലവന്നപ്പോൾ കൃഷി അഭിവൃദ്ധിപ്പെട്ടുതുടങ്ങി, രാജ്യവും അഭിവൃദ്ധിപ്പെട്ടുവന്നു.

എനിക്കു കാർഷികാദായനികുതി ഏർപ്പെടുത്തുന്നതിൽ വിരോധമില്ല. എന്നാൽ ഇന്നത്തെ രീതി മാററി ൩ കൊല്ലത്തേക്കോ ൫ കൊല്ലത്തേക്കോ എന്നു ഒരു ക്ലിപ്തകാലത്തേക്കു ഒരു ക്ലിപ്തസംഖ്യ ആദായനികുതി ചുമത്തുക. തനിക്കു ഇന്നതു ആദായനികുതിയായി കൊടുക്കാനുണ്ടെന്നു കർഷകൻ മുൻകൂട്ടി അറിയണം. ഇപ്പോഴാകട്ടെ ഏതെങ്കിലും ഒരു പാർവത്യകാരുടെ ഇഷ്ടംപോലെ പത്തോ, പതിനഞ്ചോ എന്നു നിശ്ചയിച്ചാൽ ആ തുകയാണ് കർഷകൻ കൊടുക്കേണ്ടതു. അതിനു വരുന്ന ഫാറം ഇംഗ്ലീഷിൽ അച്ചടിച്ചയയ്ക്കുകയാണു ചെയ്തുവരുന്നതു്. ഈ ഫാറം എന്താണെന്നോ, അതു പൂരിപ്പിക്കേണ്ടതു എങ്ങനെയെന്നോ അറിവില്ലാത്ത കർഷകരാണ് ഇന്നു തിരുവിതാംകൂറിൽ അധികവും ഉള്ളതു്. കാർഷികാദായനികുതി ഏർപ്പെടുത്തിയതോടുകൂടി ഓരോ വർഷവും കർഷകർ അതാതു സ്ഥലത്തുള്ള പാർവത്യകാരുടെ മുൻപിൽ ദാസന്മാരായി നട്ടെല്ലു കുനിച്ചു നിന്നുകൊണ്ടു് അവരുടെ അനുകമ്പയെ യാചിച്ചു നിൽക്കേണ്ട പരിതഃസ്ഥിതിയാണ് ഉണ്ടാ

[Mr. Cheriyan J. Kappan]

യിരിക്കുന്നതു് ആ പരിതഃസ്ഥിതി മാററി കൊടുക്കണമെന്നാണു എനിക്കു പറയുവാനുള്ളതു്. മി. പി. ററി. ചാക്കോ പറഞ്ഞു, ആദായം തിട്ടപ്പെടുത്തുന്നതിൽ വടക്കൻതിരുവിതാംകൂറിലും തെക്കൻതിരുവിതാംകൂറിലും വ്യത്യസ്തമായ രീതികളാണു് ഏർപ്പെടുത്തിയിരിക്കുന്നതെന്നു്. ഒരു ഉദാഹരണം എനിക്കു പറയുവാൻ കഴിയും. മദ്യത്തിന്റെ പേരിൽ ചുമത്തുന്ന ആദായനികുതിക്കു് തിരുവനന്തപുരത്തും, മദ്ധ്യതിരുവിതാംകൂറിലും കണക്കാക്കിയിരിക്കുന്ന തോതു് ഒരേ തരത്തിലുള്ളതല്ല. ഒരു ഗ്യാലൻ പട്ടചാരായത്തിൽ നിന്നു് തിരുവനന്തപുരത്തു 8 രൂപാ ആദായം കിട്ടുമെന്നു കണക്കാക്കപ്പെടുമ്പോൾ കോട്ടയം ഡിവിഷനിൽ ഒരു ഗ്യാലൻ ചാരായത്തിൽ നിന്നു് ഒമ്പതു രൂപാ ആദായം കിട്ടുമെന്നു് കണക്കാക്കപ്പെടുന്നു. ഈ വ്യത്യാസത്തിനുള്ള കാരണം എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നില്ല. ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. മദ്യത്തിന്റെ ആദായം നിശ്ചയിക്കുന്നതിനു് ഒരു തോതു് വേണമെന്നുള്ളതിനെ സംബന്ധിച്ചാണു് എനിക്കു പറയുവാനുള്ളതു്. ആയിരത്തി ഒരുനൂററി ഇരുപത്തൊന്നിൽ തിരുവനന്തപുരത്തു ഒരു ഗ്യാലൻ ചാരായത്തിനു് ആദായം ഉണ്ടാക്കിയിട്ടുള്ളതു് 8 രൂപാ നിരക്കിലാണെന്നു കാണുന്നു. എന്നാൽ കോട്ടയത്തെ തോതു വച്ചു നോക്കുകയാണെങ്കിൽ അവിടെ ഒമ്പതുരൂപ 9 രൂപ എന്നിങ്ങനെ വീതം ഉണ്ടാക്കിയിട്ടുള്ളതായി കാണാം. കോട്ടയത്തു കൂടുതൽ ആദായം കിട്ടുകയും തിരുവനന്തപുരത്തു ഒരു രൂപാ കുറച്ചു കിട്ടുകയും ചെയ്യുന്നതിനുള്ള സംഗതി എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇതു് ഈ ആദായം നിശ്ചയിക്കുന്ന ആളുകളുടെ ഇഷ്ടം അനുസരിച്ചു് നികുതി ഇടുന്നു എന്നുള്ളതിനു് ഒരു ലക്ഷ്യമാണു്. സമയക്കുറവുകൊണ്ടു് ഈ സംഗതിയെപ്പററി അധികമൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. എന്നാൽ ഒരു ചെറിയ സംഗതി മാത്രം ഗവമെന്റിന്റെ മുൻപിൽ കൊണ്ടുവരാനാഗ്രഹിക്കുന്നു. അതു് കൈക്കൂലിയെപ്പററിയാണു്. എന്നാൽ അതു മററു പലരും പറയുകയും പറഞ്ഞിരിക്കുന്നതുകൊണ്ടു് അധികമായി ഞാൻ സ്പർശിക്കുന്നില്ല. ഒന്നേ പറയുവാനുള്ളതു് ഇതിനു തന്നെ; അതായതു്, ഇൻകംടാക്സ് തന്നെ ഒരു ക്ലിപ്തമായ റേററു് നിശ്ചയിച്ചു് ഈടാക്കണം. അതു് കുറഞ്ഞതു്

അഞ്ചുകൊല്ലത്തേക്കോ പത്തുകൊല്ലത്തേക്കോ ക്ലിപ്തപ്പെടുത്തി വേണം നിശ്ചയിക്കുവാൻ. ഇത് പ്രധാനമായി പറയുന്നതു കാർഷികാദായത്തെ സംബന്ധിച്ചാണ്. ഇത്രമാത്രമേ എനിക്കു പറയാനുള്ളു.

MR. PRESIDENT : ഇനി ആരെങ്കിലും ഉപക്ഷേപത്തെ പ്രതിനിധീകരിച്ചു സംസാരിക്കുവാനുണ്ടെങ്കിൽ സംസാരിക്കാം.

MR. THARIATHU KUNJITHOMMEN (*Muvattupuzha—General*) : സർ, കാർഷികാദായനികുതിയെക്കുറിച്ച് ... ഞാൻ വിചാരിക്കുന്ന ഈ കാർഷികാദായനികുതി ... വല്ല രാജ്യങ്ങളിലും ഉണ്ടോ എന്ന് എനിക്കു തോന്നുന്നില്ല. ... ഈ ഗവണ്മെന്റ് മിക്ക കാര്യത്തിനും ഇൻഡ്യൻയൂണിയനെ ആശ്രയിക്കുന്നവരാണ്. ... ഈ കാര്യത്തിൽ മാത്രം ഒരു വ്യത്യസ്ത നില സ്വീകരിച്ചതു എന്താണെന്നു മനസ്സിലാകുന്നില്ല. ഇൻഡ്യൻയൂണിയനിൽ വല്ല പ്രോവിൻസസ്സിലും കാർഷികാദായനികുതി ഉള്ളതായിട്ട് എനിക്കു തോന്നുന്നില്ല. ഏതിനും ഒരു ഐകരൂപ്യം വേണം. എന്നാലേ കാര്യങ്ങൾ മുന്നോട്ടു പോകുകയുള്ളു. ... കാര്യങ്ങളെപ്പററി ചിന്തിച്ച് വേണ്ട ... ചെയ്തു കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനു ഇൻഡ്യൻയൂണിയനിലെ ഗവണ്മെന്റു സന്നദ്ധരാകുമ്പോൾ നമ്മുടെ ഗവണ്മെന്റു ... കാര്യങ്ങൾ നടത്തിക്കൊണ്ടുപോകണമെന്നാണ് എനിക്കു പറയുവാനുള്ളത്. അല്ലെങ്കിൽ ആളുകൾക്കു വിഷമമുണ്ടാകും. വേറൊരു കാര്യംകൂടി ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു. ഈ ആദായനികുതി തന്നെ നിശ്ചയിക്കുന്നത്, സ്ഥലത്തിന്റെ കിടപ്പ്, കൃഷി ചെയ്യുന്നതിനുള്ള ചെലവ് ഇതൊക്കെ ആലോചിച്ചു വേണം എന്നാണ് എനിക്കു പറയുവാനുള്ളത്. ഇൻഡ്യയിൽ വളരെ ഭാഗങ്ങളിലും മഴവെള്ളം മാത്രമായ ഭൂമിയിലുള്ള കൃഷിയാണ്. അവിടെ കൃഷിചെയ്യുന്നതിന് വലിയ അദ്ധ്വാനം ഒന്നും ഇല്ല. അതിനനുസരിച്ചാണ് അവിടത്തെ കൃഷി. അതായതു പരുത്തി, പുകയില മുതലായ കൃഷികൾ. ... ഏതെങ്കിലും രാജ്യത്തിന്റെ ഉൽപ്പന്നങ്ങൾക്കു നികുതി നിശ്ചയിക്കുന്നില്ലെങ്കിൽ സമമായ തോതിനു നിശ്ചയിക്കാൻ കഴിയും. നമുക്ക് അതിനു നിവൃത്തിയില്ല. നമ്മുടെ കൃഷി അധികവും ... ഒരു പുരയിടത്തിൽ തന്നെ വിളവ് പലമാതിരി ഇരിക്കും. ഒരു ഭാഗത്തുള്ള

[Mr. Thariathu Kunjithommen.]

തെങ്ങിൽ ഒരു തേങ്ങാ കായ്ക്കുമ്പോൾ മറുവശത്തുള്ള തെങ്ങിൽ അഞ്ചോ ആറോ മാത്രമേ കായ്ക്കുന്നുള്ളു എന്നുംവരാം. അതിനാൽ ആദായം ഒരു പോലെ കണക്കാക്കുവാൻ പാടില്ല. ചില സ്ഥലത്ത് ചൊരിമണലായിരിക്കാം. മറ്റു സ്ഥലത്ത് നല്ല സാധനങ്ങൾ ഉണ്ടാകുന്ന നല്ല പശിയുള്ള മണ്ണായിരിക്കും. ഇങ്ങനെയൊക്കെയാണ് ഇവിടത്തെ ഭൂസ്ഥിതി. ഇവിടെ കാർഷികാദായനികുതി കൂടുതലാണ്. അതുകൊണ്ട് നിങ്ങൾ വേണമെങ്കിൽ കൃഷി ചെയ്തുകൊള്ളണം അല്ലെങ്കിൽ വേണ്ടെന്നെല്ലാം പറയുന്നത് അർത്ഥവത്തായതായി തോന്നുന്നില്ല. കയ്യും കാലുംകൂടി വയറിനോട് മത്സരിച്ച് ആഹാരം മുട്ടിച്ച കഥ എനിക്ക് ഓർമ്മ വരുന്നു. ഞങ്ങളാണ് വേല ചെയ്തു കൊണ്ടുവരുന്നത് താൻ നല്ലവണ്ണം തിന്നുന്നു. അതുകൊണ്ട് ഞങ്ങൾ ഇനിയും വേല ചെയ്യാൻ കഴികയില്ല എന്നു പറഞ്ഞ് കയ്യും കാലും ചുമ്മാതിരുന്നു. ഫലം സകല അവയവങ്ങളും ക്ഷീണിച്ച് തളരുകയാണുണ്ടായത്. അതുപോലെ നാട്ടിന്റെ നട്ടെല്ലായ കർഷകനെ നിരുത്സാഹപ്പെടുത്തിയാൽ രാജ്യത്തിന് ദോഷമാണുണ്ടാകുന്നത്. കഴിഞ്ഞ ആണ്ട് ൩൨ കോടി രൂപ കാർഷികോല്പന്നങ്ങൾ വെളിവിലയ്ക്കു വിറ്റതിൽ കിട്ടിയിട്ടുള്ളതായി മനസ്സിലാകുന്നുണ്ട്. ഇതിൽ രണ്ടുകോടി രൂപയോ മറ്റോ ആണ് പുകയില മുതലായ മറ്റു സാധനങ്ങൾക്ക് കിട്ടിയിരിക്കുന്നത്. ബാക്കി നമ്മുടെ നാളികേരം കുരുമുളക് ഇവയിൽ നിന്നുമാണ് കിട്ടുന്നത്. അതിനാൽ കർഷകരെ പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ രാജ്യം സാമ്പത്തികമായി അധഃപതിക്കും. ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് വരവ് ചെലവിൽ നിന്നും കുറവാണ് വരുന്നത്. അതിനു പരിഹാരമുണ്ടാകണമെങ്കിൽ കാർഷികോല്പന്നങ്ങൾ കൃഷി ചെയ്യുന്നതിന് വേണ്ട പ്രോത്സാഹനം കൊടുക്കണം. ആണ്ടുതോറും കാർഷികാദായനികുതി ഈടാക്കുന്നതിനു ഒരു ക്ലിപ്തമായ വ്യവസ്ഥ നൽകണം, ഏതായാലും ഭൂമിയുടെ വിളവനുസരിച്ചും ചെലവു നോക്കിയും വേണം ആദായം നിശ്ചയിക്കുവാനെന്നു അഭിപ്രായമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ മി. വറുഗീസു പറഞ്ഞതുപോലെ കരത്തിന്റെ കാര്യം പറയുന്നില്ല. എന്നാൽ കരത്തിന്റെ കാര്യംകൂടി നോക്കണം. അങ്ങനെ കണക്കാക്കിയാൽ ആക്കം ആദായനികുതി കൊടുക്കുന്നതിൽ നിന്നും കഴിയാൻ സാധിക്കുകയില്ല, ഇങ്ങനെ ക്ലിപ്തമായി നിശ്ചയിക്കുകയാണെങ്കിൽ ഇന്ന് ആദായനികുതി ആഫീസിൽ

ഇരിക്കുന്ന ആളുകൾക്ക് ഇന്നയാൾക്ക് ഇത്രയേക്കർ സ്ഥലമുണ്ടെന്നും മററും ഒരു നിശ്ചയവുമില്ലാതെ അവർ ഇഷ്ടംപോലെ നികുതി ചുമത്തുകയാണ്. ഇത്രയും മാത്രമേ എനിക്കു പറയുവാനുള്ളൂ.

MR. K. A. MUHAMMED: തിരുവിതാംകൂറിൽ ഇന്ന് നിലവിലിരിക്കുന്ന അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ഇവിടെ നിയമത്തിലുണ്ടെങ്കിലും വാസ്തവത്തിൽ അതു പ്രയോഗത്തിൽ ഇല്ല എന്നുള്ള സംഗതി മിക്ക മെമ്പറന്മാരും മനസ്സിലാക്കാതെയാണ് സംസാരിച്ചത് എന്നുള്ള കാര്യം ഞാൻ ഹൌസിൻെറ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു. ഒരാൾ അയാളുടെ ആദായം കൃഷിയിൽ നിന്നായാലും ശരി മറെറതിനത്തിൽ നിന്നായാലും ശരി കൊടുക്കണമെന്ന് മാത്രമാണ് ഇപ്പോഴുള്ള നിയമം കൊണ്ട് ഇവിടെ ഉണ്ടായിട്ടുള്ള വ്യത്യാസം. മുമ്പ് ഇതു തിരുവിതാംകൂറിൽ ഏർപ്പെടുത്തിയപ്പോൾ തന്നെ ഇതിന് വലിയ ഒരു എതിർപ്പ് ഉണ്ടായിരുന്നു എന്നുള്ള സംഗതി വാസ്തവമാണ്. അന്നു പറഞ്ഞ വലിയ ആക്ഷേപം ഉദ്യോഗസ്ഥന്മാർക്ക് അഴിമതിക്കു പുതിയ ആദായനികുതി നിയമം അവസരം കൊടുക്കുമെന്നായിരുന്നു. ഈ നിയമം ഏർപ്പെടുത്തിയപ്പോൾ ആദ്യം ആക്ഷേപിച്ചതു ഇതു എങ്ങനെ ബാധിക്കുമെന്നല്ല, ആരെയെല്ലാം ബാധിക്കുമെന്നാണ്. ൩൦൦൦ രൂപയോ അതിനു മുകളിലോ എന്നുള്ള ഇൻകംടാക്സ് നിയമം കാർഷികാദായനികുതി വന്നപ്പോൾ ൧൫൦൦ രൂപയാക്കുകയാണു ചെയ്തതു. ഇതാണ് ഇന്നത്തെ പരാതികൾക്കുള്ള ഒരു കാരണം. രണ്ടാമതു ഈ ആദായം നിശ്ചയിക്കുന്നതു തന്നെ പാർവത്യകാരുടെ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയാണ്. യാതൊരുവിധമായ ആദായങ്ങളും ഇല്ലാത്ത സ്ഥലങ്ങൾക്കു പലപ്പോഴും ആദായനികുതി ചുമത്തുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാർ സ്ഥലത്തു ചെന്നു പരിശോധിക്കുന്നപക്ഷം ഇങ്ങനെയുള്ള നികുതി ചുമത്തുന്നതിൻെറ അനൗചിത്യം അവർക്കു മനസ്സിലാകുന്നതാണ്. എന്നാൽ ഇൻകംടാക്സ് ഉദ്യോഗസ്ഥർക്ക് ഈ സ്ഥലങ്ങൾ നേരിട്ടു പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല. അപ്പീൽ കേൾക്കുന്ന ഉദ്യോഗസ്ഥന്മാരോടുപോലും പരാതിപ്പെട്ടതിൽ സ്ഥലം പരിശോധിച്ചു കരം നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ലാത്ത അനുഭവങ്ങളുണ്ട്. സ്ഥലത്തുപോകാതെ പകുതിയിലെ സെററിൽമെൻറ് റിക്കാഡുകളെ ആധാരമാക്കിയാണ് പാർവത്യകാരന്മാരുപോലും കരം നിർണ്ണയിക്കുന്നതു. നിലങ്ങളായിരുന്നതു പിന്നീട്

[Mr. K. A. Muhammed]

പുരയിടങ്ങളായിട്ടും അന്നു പുരയിടങ്ങളായിരുന്നതു നിലങ്ങളായിട്ടും മാറിയിട്ടുണ്ടു്. അതിനാൽ പാർവ്വത്യകാരന്മാരുടെ റിപ്പോർട്ടു വച്ചുകൊണ്ടു് പഴയ കണക്കിൻപ്രകാരം തുക നിശ്ചയിക്കാതെ വാസ്തവത്തിൽ സ്ഥലത്തു പോയി നോക്കി യഥാർത്ഥത്തിലുള്ള ആദായം തിട്ടപ്പെടുത്തുകയും ഈ ൧൭൦൦ രൂപ എന്നുള്ളതു മാറി ൫൦൦൦ രൂപ എന്നാക്കുകയും ചെയ്താൽ ഈ കുഴപ്പങ്ങൾക്കു ഒരു പരിഹാരം ലഭിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

MR. K. S. JOSEPH: സർ, ഇന്നലെ ആരെന്നു തോന്നുന്നു കാർഷികാദായനികുതി ചുമത്തുന്നതു് ആദായനികുതി ഉദ്യോഗസ്ഥൻ സ്ഥലത്തു ചെന്നു വിളവു തിട്ടപ്പെടുത്തിയതിനു ശേഷമേ നിശ്ചയിക്കുകയുള്ളു എന്നാണു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളതു്. എന്നാൽ അതർഹിക്കുന്ന പരമാർത്ഥം അതിൽ ഇല്ലെന്നുള്ളതിലേക്കു് ഞാൻ ഒരു ഉദാഹരണം കൊണ്ടു വിശദമാക്കാം. സർ, കടൽപ്പുറത്തു അരയന്മാരുടെ താമസസ്ഥലത്തിനും ചാന്നാങ്കര തോട്ടിനും ഇടയ്ക്കു് എന്റെ ഒരു സ്നേഹിതൻ ൨൭ ഏക്കർ സ്ഥലം വിലയ്ക്കുവാങ്ങി. എന്നാൽ വെറും സുഖവാസസ്ഥലത്തിനു കൊള്ളാവുന്ന ഭൂമിക്കു് ആദായനികുതി ഉദ്യോഗസ്ഥൻ ൨൭൦ രൂപാ ആദായം ചുമത്തിയിരിക്കുന്നതായി എന്നോടു പറകയുണ്ടായി. ആ സ്ഥലത്തിന്റെ യോഗ്യതകൂടി അല്പം ഒന്നു വിശദമാക്കാം. കടൽപ്പുറത്തെ മണൽ നാം എല്ലാവരും കണ്ടിട്ടുള്ളതാണു്. ആ മണലിൽ നിന്നും യാതൊരനുഭവവും ഇല്ലെന്നുള്ളതു് നമുക്കു് ന്യായമായി ഊഹിക്കാം. അഥവാ വല്ല പുല്ലുകളോ മറ്റോ നട്ടുപിടിപ്പിക്കണമെങ്കിൽ തന്നെയും അമിതമായ വളം ചെയ്തു ഭൂമിയെ നന്നാക്കിയതിനു ശേഷമേ സാധിക്കുകയുള്ളു. ആ സ്ഥലം യാതൊരനുഭവവുമില്ലാതെ വെറും തരിമണലായിട്ടു കിടക്കുന്നു. ആ സ്ഥലത്തിനാണു് ൧൭൦ രൂപാ ആദായം കണക്കാക്കിയിരിക്കുന്നതു്. ഇതു് ഏതു തരത്തെ അടിസ്ഥാനമാക്കിയാണു് അർത്ഥകരിക്കുന്നതെന്നു എനിക്കു് മനസ്സിലാകുന്നില്ല. സർ, എന്റെ അറിവിൽപ്പെട്ട വേറെ ഒരുദാഹരണംകൂടെ ഇവിടെ ഉദ്ധരിക്കുന്നതു് ഞാൻ മുമ്പു് പറഞ്ഞതായ കാര്യത്തിനു ഉപോൽബലകമാകുമെന്നു കരുതുന്നു. ൨൦ ഏക്കർ വെറും തറയുള്ള ഒരു കർഷകനു ൩൦,൦൦൦ രൂപാ ഇതിൽ നിന്നും ആദായം കിട്ടുമെന്നു കണക്കാക്കി ഗവണ്മെൻറിൽനിന്നും ചാർജ്ജ് ചെയ്തു് അയാളെ നികുതിക്കു വിധേയനാക്കി. അതിന്മേൽ അപ്പീൽ കൊടുത്തി

ട്ടുള്ളതായി എനിക്ക് അറിവുണ്ട്. ഇങ്ങനെ യാതൊരന്വേഷണവുമില്ലാതെ പല സ്ഥലങ്ങളിലും ആദായ നികുതി കൊടുക്കണമെന്നു വരുന്നതു പരിതാപകരമായ ഒരവസ്ഥയാണ്. യഥാർത്ഥത്തിൽ ആദായം കണക്കാക്കുന്നതു ഊഹത്തിനെ അടിസ്ഥാനപ്പെടുത്തിയാണ്. എന്നാൽ നേരേമറിച്ചു ഏക്കറേജു കണക്കാക്കി ഇത്ര ആദായം ഉണ്ടാകുമെന്ന് ആഫീസിലിരുന്നു അനുമാനിച്ചു വരുന്നതു ഡിപ്പാർട്ടുമെൻറിലെ കാര്യക്ഷമമായ ജോലി നിർവ്വഹണം ആണെന്നു എനിക്ക് പറയാൻ നിവൃത്തിയില്ല.

MR. ABDUL AZIZ : ഒരു പുരയിടത്തിൽ ഒരാണ്ടിൽ രണ്ടും മൂന്നും തവണ വിളവെടുക്കാറുള്ള കൃഷി ചെയ്യുകയാണെങ്കിൽ അതിൻെറ ആദായം തിട്ടപ്പെടുത്താൻ അപ്പോഴൊക്കെ ഉദ്യോഗസ്ഥന്മാർ സ്ഥലത്തു വരേണ്ടതില്ലേ?

MR. K. S. JOSEPH : ഞാൻ പറയുന്നതിൻെറ അർത്ഥം അതല്ല. രണ്ടും മൂന്നും തവണയല്ല ഒരു തവണപോലും സ്ഥലത്തുവന്നു പരിശോധിക്കാതെയാണു ഉദ്യോഗസ്ഥന്മാർ ആദായ നികുതിയുടെ തുക നിശ്ചയിക്കുന്നതു എന്നാണ്. ഒരഭിഭാഷകനെന്ന നിലയിൽ ഉള്ള അനുഭവം വച്ചുകൊണ്ടു് ഇനിയും പല ഉദാഹരണങ്ങൾ പറയാനുണ്ട്. എന്നാൽ അതിനു സഭയുടെ സമയം വിനിയോഗിക്കുന്നില്ല. അതുകൊണ്ടു ആദായ നികുതി ഈടാക്കുന്നതു ഉദ്യോഗസ്ഥന്മാരുടെ ഒരു സൂക്ഷ്മാന്വേഷണത്തിനു ശേഷമായിരിക്കണമെന്നു ഞാൻ ഗവൺമെൻറിനെ ഉൽബോധിപ്പിക്കുന്നു. ജനകീയ ഗവൺമെൻറ് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുമെന്നു ഞാൻ വിശ്വസിക്കയും ചെയ്യുന്നു.

MR. E. K. MADHAVAN : സർ, ആദായനികുതി ഗവൺമെൻറിൽ നിന്നും ഈടാക്കുന്നതിനെപ്പററിയും അങ്ങനെ ഈടാക്കുന്നതിൽ ഉദ്യോഗസ്ഥന്മാർ നടത്തിക്കൊണ്ടിരിക്കുന്ന അനാശാസ്യമായ നടപടികളെപ്പററിയും പല ബഹുമാന്യസ്നേഹിതന്മാരും ഇവിടെ പ്രസ്താവിച്ചു. എനിക്ക് ഒരു കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ട്. ഒരു കർഷകൻെറ ഒരാണ്ടത്തെ ദേഹണ്ഡം കൊണ്ടു ഒരിക്കലും ൫൦൦൦ രൂപ ലാഭം ഒരു കൃഷിയിലും ഉണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. എന്നാൽ ഇന്നു ആയിരക്കണക്കിനു ആദായം ഉണ്ടാക്കുന്ന കർഷകൻ എന്നറിയപ്പെടുന്ന മുതലാളി പണക്കൊഴുപ്പുകൊണ്ടു് അനവധി ഏക്കർ ഭൂമി സമ്പാദിക്കുകയും കുറഞ്ഞ

[Mr E. K. Madhavan.]

കൂലികൊടുത്തു തൊഴിലാളികളെ ഏതുപോലെ വേല ചെയ്യിപ്പിച്ചും അതായതു് അവരുടെ രക്തം വെള്ളമാകുന്നതുവരെ ജോലി ചെയ്യിപ്പിച്ചും, അവരെക്കൊണ്ടു സമ്പാദിക്കപ്പെട്ടിട്ടുള്ള ഭീമമായ വരുമാനത്തിൽനിന്നും ന്യായമായി ഗവർമ്മെൻറിനു് കൊടുക്കേണ്ടതായിട്ടുള്ള നികുതി ഈടാക്കുന്നില്ലെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അങ്ങിനെയുള്ള ഇത്തരം കമ്പനികൾക്കാണു് ഇന്നു കാർഷികാദായനികുതി നിഷ്പ്രയാസം കൊടുക്കാൻ സാധിക്കുന്നതു്. നേരെമറിച്ചു് ആദായം ഇല്ലാത്തതും ചിലപ്പോൾ നാമമാത്രമായ ആദായം കിട്ടുന്നതും ആയ വസ്തു ഉടമസ്ഥന്മാരോടു്, അതായതു് ചെറിയ ചെറിയ വസ്തുക്കളുടെ ഉടമസ്ഥന്മാരോടു് അനർഹമായ രീതിയിൽ കാർഷികാദായ നികുതി ഈടാക്കി വരുന്നതായി എനിക്കറിയാം. യാതൊരു കൃഷിയും ചെയ്യാതെ തരിശായി അനവധി ഏക്കർ സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുന്ന സമ്പന്നന്മാരും തിരുവിതാംകൂറിൽ ധാരാളം ഉണ്ടു്. അതേ സമയത്തു അനവധി ഏക്കർ സ്ഥലം ഒന്നായി കൃഷി ചെയ്തു് ആദായം ഉണ്ടാക്കുന്ന പല വ്യക്തികളും തിരുവിതാംകൂറിൽ ഉണ്ടു്. ഇങ്ങനെയുള്ള കൂട്ടരിൽ നിന്നും, ഒട്ടും ഭൂമിയില്ലാത്തവരും കൃഷിചെയ്യാൻ സൗകര്യമുള്ളവരുമായ സാധുജനങ്ങൾക്കു് എടുത്തു കൊടുക്കത്തക്കവണ്ണം ഒരു നിയമം ഉണ്ടാക്കേണ്ടതിൻെറ ആവശ്യകതയെ ഞാൻ ചൂണ്ടിക്കാണിച്ചു കൊള്ളുന്നു. ഇന്നു് ആദായനികുതി ഈടാക്കുന്ന സമ്പ്രദായത്തിൽ പല തെററുകളും സ്ഖലിതങ്ങളും ഉണ്ടാകുന്നുണ്ടു്. ആദായനികുതി പിരിക്കുന്ന ഉദ്യോഗസ്ഥൻ സത്യസന്ധനും നീതിബോധമുള്ള ഒരു ഉദ്യോഗസ്ഥനുമായിരിക്കണമെന്നു നിർബന്ധമുണ്ടു്. എന്നാൽ തിരുവിതാംകൂറിലെ ആദായനികുതി ഡിപ്പാർട്ടുമെൻറിലെ മേധാവിയുടെ പേരിൽ പല പരാതികളും ഉണ്ടായിട്ടുള്ളതായി എൻെറ ബഹുമാനപ്പെട്ട രണ്ടു മൂന്നു സ്നേഹിതന്മാർ ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞു. ആ സ്ഥിതിക്കു ഒരു വിശദീകരണം കൂടി നൽകണമെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ആദായ നികുതി ഇൻവെസ്റ്റിഗേഷൻ ആഫീസറായി നിയമിക്കപ്പെട്ട ഒരു മാന്യദേഹം, എക്സൈസിൽ ഇൻസ്പെക്ടറായി എത്രയോ കൊല്ലം ജോലി നോക്കി കുപ്രസിദ്ധി നേടിയിട്ടുള്ള ഒരാളാണെന്നു പറയേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ അങ്ങനെയുള്ള ആളെ നിയമിച്ചതിൽ പൊതുജനങ്ങളുടെ ഇടയിലുള്ള അഭിപ്രായങ്ങൾ ഞാൻ പറയാതെ തന്നെ ബഹുമാനപ്പെട്ട ഗവൺമെൻറിനു് ഊഹിക്കാവുന്നതാണു്.

MR. ABDUL AZIZ: ഇപ്പോൾ അദ്ദേഹം എവിടെയാണെന്നു പറയാമോ?

MR. E. K. MADHAVAN: ഇപ്പോൾ അദ്ദേഹം തിരുവനന്തപുരത്താണെന്നു തോന്നുന്നു. ഏതായാലും അദ്ദേഹത്തെ ആദായനികുതി ഡിപ്പാർട്ടുമെന്റിൽ കണ്ടതു് വളരെ ആശ്വാസമായി എന്നു എനിക്കു് പറയുവാനുള്ളൂ. ചുരുക്കംകൊണ്ടു് അവസാനമായി എനിക്കു് പറയുവാനുള്ളതു് ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിനെ ഉടച്ചുവാർക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നാണു്. അതിലേക്കു് ഒരു വലിയ സ്റ്റാഫിന്റെ ആവശ്യം നേരിടുമായിരിക്കാം. എന്നാലും സത്യസന്ധതയും നീതിബോധവും കൃത്യനിഷ്ഠയുമുള്ള വ്യക്തികളെ ഈ ഡിപ്പാർട്ടുമെന്റിൽ നിയമിക്കയും, വസ്തുക്കളിന്മേൽ ഉള്ള ആദായം തിട്ടപ്പെടുത്തുന്നതു് സ്ഥലത്തു ചെന്നു ഒരു സൂക്ഷ്മാന്വേഷണം നടത്തിയതിനു ശേഷംമാത്രമേ പാടുള്ളൂ എന്നും ഉള്ള ഒരു വ്യവസ്ഥകൂടി ചെയ്യുന്നതു് നന്നായിരിക്കുമെന്നു പ്രസ്താവിച്ചുകൊണ്ടു ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. PANDAVATHU SANKARA PILLAI *(Karthikapalli III—General)*: സർ, ആദായനികുതി സംബന്ധിച്ചുള്ള ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു എന്റെ മാന്യ സ്നേഹിതന്മാർ ചെയ്തിട്ടുള്ള പ്രസംഗങ്ങളെപ്പറ്റി പരിചിന്തിക്കുമ്പോൾ എനിക്കു് വളരെ വ്യസനമുണ്ടാകുന്നു. ആദായനികുതി തിരുവിതാംകൂർ രാജ്യത്തിലൊന്നല്ല, മറ്റെല്ലാ രാജ്യങ്ങളിലും നടപ്പാക്കിയിട്ടുണ്ടു. അവിടങ്ങളിൽ അതു് വർഷംവർഷം വർദ്ധിച്ചുകൊണ്ടു തന്നെ ഇരിക്കുന്നു. എന്നാൽ ഇവിടെ പല ബഹുമാന്യ മെമ്പറന്മാരും അഭിപ്രായപ്പെട്ടതു് ആദായനികുതി കുറയ്ക്കണമെന്നാണു്. ഇവരുടെ പ്രസംഗങ്ങൾ കേട്ടാൽ "ഉത്തരത്തിൽ ഇരിക്കുന്നതു് എടുക്കയും വേണം, കക്ഷത്തിരിക്കുന്നതു് വീഴാനും പാടില്ല" എന്ന മട്ടാണു്. ആദായനികുതി എന്നതു സ്റ്റേറ്റിന്റെ വരവിനങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു്. ജനകീയ ഗവൺമെന്റു് ഏറ്റിരിക്കുന്ന വാഗ്ദാനങ്ങൾ പുലർത്തണമെങ്കിൽ സ്റ്റേറ്റിന്റെ റവന്യൂ വർദ്ധിപ്പിക്കാതെ നിവൃത്തിയില്ല. ഇങ്ങനെ ആദായം ഉണ്ടാക്കുന്ന ആളുകളിൽനിന്നു നികുതി ഈടാക്കാത്തതു് ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥയാണെന്നു പറയുന്നതിനോടു് ഞാൻ യോജിക്കുന്നില്ല. സ്റ്റേറ്റിന്റെ സമ്പത്തു മുഴുവനും ജനങ്ങൾക്കു വേണ്ടി വിനിയോഗിക്കണമെന്നാണു് പറയുന്നതെങ്കിൽ അതിനോടു് ഞാൻ യോജിക്കാൻ തയ്യാറാണു്. എന്നാൽ ആദായനികുതി ഈടാക്കുന്നതിനെ സംബന്ധിച്ചു പല തകരാറുകളും വ്യതിയാനങ്ങളും വന്നുപോയിട്ടുണ്ടു് എന്നു് പറഞ്ഞതിൽ ഞാനും യോജിക്കുന്നു. മേലാൽ

[Mr. Pandavathu Sankara Pillai.]

അപ്രകാരമുള്ള പരാതികൾ ഇൻകം ടാക്സ് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളവും ഉണ്ടാകാതിരിക്കാൻ ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണെന്നും ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചു കൊള്ളുന്നു. ആദായനികുതി ഡിപ്പാർട്ടുമെൻറിൽ നിലവിലിരിക്കുന്ന അഴിമതികളും കൈക്കൂലിയും ഇല്ലാതാക്കുന്നതിനുവേണ്ടി ഒരാൻറി കറപ്ഷൻ കമ്മററിയെ നിയമിക്കാൻ ഉദ്ദേശിക്കുന്നതുകൊണ്ടു കാര്യക്ഷമമായ പ്രവർത്തനം ഇൻകംടാക്സു ഡിപ്പാർട്ടുമെൻറിൽ ഉണ്ടാകുമെന്നുള്ളതു സുനിശ്ചിതമാണു. അതുകൊണ്ടു് ആദായനികുതി പിരിക്കുന്നതിൽ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ നോക്കാതെ നിഷ്പക്ഷമായ ഒരു നയം അവലംബിച്ചു അർഹതയുള്ളവനോടെല്ലാം നികുതി ഈടാക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നു പ്രസ്താവിച്ചുകൊണ്ടു അവസാനിപ്പിച്ചു കൊള്ളുന്നു.

MR. PRESIDENT: ഇതിൻെറ മറുപടിക്കായി ഞാൻ സി. കേശവനെ ക്ഷണിച്ചു കൊള്ളുന്നു.

HON'BLE MR. C. KESAVAN: ആദായനികുതിയെ സംബന്ധിച്ചു് ഉണ്ടാകുന്ന വാദപ്രതിവാദങ്ങൾക്കും വിമർശനങ്ങൾക്കും ശരിയായ സമാധാനം പറയുന്നതിനു വൈഷമ്യം ഉണ്ടായേക്കുമെന്ന ഭയത്തോടുകൂടിയാണു ബഹു. മെമ്പറന്മാരുടെ നിരൂപണങ്ങൾക്കു ഞാൻ ശ്രദ്ധാലുവായിരുന്നതു്. പക്ഷെ ഞാൻ പ്രതീക്ഷിച്ചിരുന്നതുപോലെയുള്ള ഭയപ്പാടു് നിരൂപണങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടാകാതെയിരുന്നതിൽ അല്പ സമാധാനത്തിനു വകയുണ്ടു്.

സർ, കോൺഗ്രസ് ഗവണ്മെൻറിനെ സംബന്ധിച്ചു പല ആരോപണങ്ങളും ഇവിടെ ഉണ്ടായി. കോൺഗ്രസ്, അതിൻെറ സാമ്പത്തിക നയത്തെപ്പററി സമഷ്ടിയായ ഒരു പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. ആ പ്രഖ്യാപനത്തിൽ കോൺഗ്രസിൻെറ സുനിശ്ചിതമായ ലക്ഷ്യം പ്രാപിക്കുന്നതിനു ആവശ്യമുള്ള പ്രഥമ പരിപാടികൾ നൽകിയിട്ടുണ്ടു്. ലക്ഷ്യത്തിൽനിന്നു അല്പംപോലും വ്യതിചലിക്കാൻ കോൺഗ്രസ്സിനു നിവൃത്തിയില്ല. ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥയിലേക്കു് ഈ രാജ്യത്തെ ക്രമാനുഗതമായി രൂപാന്തരപ്പെടുത്തണമെന്നുള്ളതാണു് കോൺഗ്രസ്സ് ഗവണ്മെൻറു രൂപവൽക്കരിക്കാൻ പോകുന്ന ഭരണ വ്യവസ്ഥയെന്നു്, അതിൻെറ മാനിഫെസ്റ്റോയിൽ തന്നെ ചൂണ്ടികാണിച്ചിട്ടുണ്ടു്. അതുകൊണ്ടു ആദായ നികുതിയെ സംബന്ധിച്ചിടത്തോളം, സമ്പന്നരുടെ വരവിനെ നിയന്ത്രിച്ചു്, പ്രത്യക്ഷമായ ആദായ നികുതിയിൽകൂടെ അതിനെ പൊതുജനങ്ങൾക്കു ഉപകാരപ്രദമാക്കി തീർക്കുക എന്നുള്ളതു്, ഗവണ്മെൻറി

ന്റെ ചുമതലയാണ്. എന്റെ മാന്യസ്നേഹിതൻ പറഞ്ഞതുപോലെ ഗവൺമെന്റിന്റെ ഈ കടമ, ഈ കൃത്യനിർവഹണം ഒരിക്കലും മാററി വയ്ക്കാൻ സാദ്ധ്യമല്ല. പക്ഷെ പൊതുജനങ്ങളെ ചൂഷണം ചെയ്തു അമിതാദായം ഉണ്ടാക്കുന്നതിനെയും, ഗവൺമെന്റ് അനർഹമായ ആദായനികുതി പൊതുജനങ്ങളിൽ ചുമത്തിയിട്ടുണ്ടെങ്കിൽ അവയെയും പരിഹരിക്കാൻ സാധിക്കുമെന്നു എനിക്കു പറയാൻ കഴിയും. അതുകൊണ്ടു ബഹുമാനപ്പെട്ട സാമാജികന്മാരുടെ നിർദ്ദേശങ്ങളും അനുസരിച്ച് നികുതി ഈടാക്കുന്ന വിധത്തിൽ ചില ഭേദഗതികളും വരുത്തി പ്രവർത്തിക്കാമെന്നല്ലാതെ, ആദായനികുതിയിൽനിന്നു —കാർഷികം ആയാലും ശരി, മറ്റേതെങ്കിലും തരത്തിലുള്ളതായാലും ശരി, ആരെയെങ്കിലും ഒഴിവാക്കാനോ ഈ നികുതി നിശ്ശേഷം വേണ്ടെന്നുവയ്ക്കുവാനോ ഗവൺമെന്റിനു സാദ്ധ്യമല്ല.

MR. CHERIYAN J. KAPPAN : ആരെയെങ്കിലും ഒഴിവാക്കണമെന്നു പറഞ്ഞിട്ടുണ്ടോ ?

HON'BLE MR. C. KESAVAN : ഒഴിവാക്കണമെന്നു പറഞ്ഞിട്ടുണ്ട്. ഇൻകംടാക്സ് ഈടാക്കുന്ന ആദായത്തിന്റെ പരിധി വർദ്ധിപ്പിക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഇൻകംടാക്സ് ഈടാക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന തുകയായ ൧൫൦൦ രൂപായായി ഭേദപ്പെടുത്താമോ എന്നു ഗവൺമെന്റ് ആലോചിക്കുന്നതാണ്. അതു ആലോചിച്ചു തീർച്ചപ്പെടുത്തുന്നതിനുമുമ്പ് രണ്ടായിരമാക്കുമോ മൂവായിരമാക്കുമോ എന്നൊക്കെ ചോദിച്ചാൽ സമാധാനം പറയുക സാദ്ധ്യമല്ല.

MR. P. M. VARGHESE : ഇൻഡ്യൻ യൂണിയനിൽ ഇൻകംടാക്സ് കുറവാണെന്നറിയാമോ ?

HON'BLE MR. C. KESAVAN : അറിയാം. പക്ഷെ അവിടെ വളരെ വലിയ ഒരു തുകയാണ് കരമായി ഈടാക്കിക്കൊണ്ടിരിക്കുന്നതു്. തിരുനൽവേലിയിലേക്ക് പോയി അന്വേഷിച്ചാൽ അറിയാം ഇതിന്റെ പരമാർത്ഥം. തിരുവിതാംകൂറിലാണെങ്കിൽ ഏക്കർ ഒന്നിനു ൨൫ ചക്രം ബേയ്സിക്ക് ടാക്സ് മാത്രമേ ഉള്ളൂ. മദ്രാസ്, ബംഗാൾ, ബീഹാർ എന്നീ പ്രവിശ്യകളിലെല്ലാം തന്നെ അമിതമായ കരം ഈടാക്കിവരുന്നുണ്ട്.

MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar*): மந்திரி அவர்களுக்கு, இவ்விடங்களில் Bank Tax-ம் Water Tax-ம் எடுத்துக் கொண்டிருப்பது தெரியுமா?

HON'BLE MR. C. KESAVAN : ഈടാക്കി വരുന്നുണ്ട്. മൂലധനം ഇറക്കിച്ചെയ്യുന്ന ജോലികൾക്ക് അതുകൊണ്ടുണ്ടാകുന്ന ആദായത്തിൽ നിന്നും ഒരംശം ഈടാക്കുന്നതു് ന്യായമാണ്.

MR. A. CHIDAMBARANATHA NADAR : அது நியாயமானதென்று நீங்கள் கருதுகின்றீர்களா? ஒரு பெரிய ராஜ்யத்தில் பல குடியானவர்கள் இருக்கும் போது ஒரு வரி மாத்திரம் எடுத்தால் போதாதாவென்று கேட்கிறேன்.

HON'BLE MR. C. KESAVAN : It is really justifiable. കുറെ പണം ചെലവുചെയ്തു് ഏതെങ്കിലും ഒരു സ്ഥലത്തു് ഒരു സൗകര്യം വരുത്തി കുറെ കൃഷിക്കാൎക്കു ആദായം ഉണ്ടാക്കിക്കൊടുക്കുകയാണെങ്കിൽ ആ കൃഷിക്കാരിൽനിന്നും മുടക്കിയ മുതലിന്റെ ഒരു ഭാഗമെങ്കിലും ഈടാക്കുകയെന്നുള്ളതു സ്വാഭാവികവും ആവശ്യവുമാണു്.

MR. K. SIVARAMA PILLAI (*Thovala—General*) : Acre-க்கு ஒன்பது கோட்டை வரை மணியம் கரம் இருப்பது மந்திரி அவர்களுக்குத் தெரியுமா?

HON'BLE MR. C. KESAVAN : അതു പ്രസക്തമല്ല. അതുകൊണ്ടു ഇപ്പോൾ അതിനു മറുപടി പറയണമെന്നു വിചാരിക്കുന്നില്ല.

MR. T. KOCHUKRISHNA PILLAI : அந்த அணை கட்டுவதற்குச் செலவான பணத்தை, ஒரு Business-ஆக நீங்கள் கருதுகின்றீர்களா?

HON'BLE MR. C. KESAVAN: ബിസ്സിനസ്സാണെങ്കിൽ മുടക്കുന്ന മൂലധനം കൊണ്ടു് ഏറ്റവും കൂടുതൽ ആദായം ഉണ്ടാക്കണമെന്നായിരിക്കും പ്രധാനമായി ഉദ്ദേശിക്കുന്നതു്. പക്ഷേ ഇത്തരം മുതൽമുടക്കുകൾ ആദായത്തെ മോഹിച്ചല്ല, അതിന്റെ പ്രയോജനത്തെ ഉദ്ദേശിച്ചാണു്. മുടക്കു മുതലിന്റെ ഒരംശമെങ്കിലും അതുകൊണ്ടു് പ്രയോജനപ്പെടുന്നവരിൽ നിന്നു ന്യായമായി ഈടാക്കണമെന്ന വിചാരം മാത്രമേയുള്ളു.

ഇൻകംടാക്സ് ഈടാക്കുന്ന തുകയിൽ എന്തെങ്കിലും ഭേദഗതി വരുത്തി ഒരു മാക്സിമം നിശ്ചയിക്കണമെന്നാണെങ്കിൽ അങ്ങനെ ചെയ്യാം. അല്ലാതെ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് വേണ്ടെന്നുവയ്ക്കുക സാദ്ധ്യമല്ല. പിന്നെ വലിയ പരാതിയായി ഇവിടെ പറഞ്ഞുകേട്ടതു ഇൻകംടാക്സും അഗ്രിക്കൾച്ചറൽ ഇൻകംടാക്സുംകൂടി ഒരുമിച്ചു് പിരിച്ചു വരുന്നതിനെപ്പറ്റിയാണു്. എന്റെ സ്നേഹിതൻ മി. മാക്കോസിന്റെ ന്യായം എന്തുമാത്രം സ്വീകാര്യമാണെന്നു് നാം ആലോചിക്കണം. ഇൻകംടാക്സും അഗ്രിക്കൾച്ചറൽ ഇൻകംടാക്സും ഒരുമിച്ചു പിരിക്കുകയാണെങ്കിൽ ഇൻകംടാക്സ് സെൻട്രൽ ഗവമ്മെന്റിനു് കൊടുക്കേണ്ടി വരുമ്പോൾ അതിൽ അഗ്രിക്കൾച്ചറൽ ഇൻകംടാക്സുംകൂടെ ചോൎ്പ്പോകുമെന്നാണു് അദ്ദേഹത്തിന്റെ ഭയം. അങ്ങനെ ഭയപ്പെടേണ്ട ആവശ്യമില്ല. രണ്ടിനും പ്രത്യേകം പ്രത്യേകം കണക്കുകൾ സൂക്ഷിക്കുന്നുണ്ടു.

MR. K. A. MOHAMMAD : ഇപ്പോൾ പ്രത്യേകം പ്രത്യേകം കണക്കാക്കിവരുന്നില്ലല്ലോ. എല്ലാംകൂടെ ഒരുമിച്ചു ചേർന്നല്ലേ പിരിക്കുന്നതു

MR. PRESIDENT : ബഹു. മന്ത്രിക്കു മറുപടി പറയാൻ പത്തു മിനിട്ടേ കൊടുത്തിട്ടുള്ളു. ഇങ്ങനെ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നാൽ അദ്ദേഹത്തിനു സമയം തികയാതെ വരും.

HON'BLE MR. C. KESAVAN : ഇന്നത്തെ പരിതഃസ്ഥിതികളിൽ ഈ രണ്ടുംകൂടി യോജിച്ചു പോകുന്നതു് കാര്യനടപ്പിനു് കൂടുതൽ പ്രയോജനമുള്ളതാണെന്നാണു് കാണുന്നതു.

പിന്നെയൊന്നു ഈ സഭയിൽ പറഞ്ഞുകേട്ടതു് തഹശീൽദാരന്മാർ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് അസസ് ചെയ്യുന്നതിനെപ്പററിയാണു്. അതു് യഥാർത്ഥത്തിലുള്ള ഒരു പരാതിയാണെന്നു് ഗവൺമെൻറിനു ബോദ്ധ്യമുണ്ടു്. അതുകൊണ്ടുതന്നെയാണു് ഒരു ചോദ്യത്തിനുത്തരമായി ഈ ഏർപ്പാടു് ഒരു ടെമ്പററി മെഷറായി സ്വീകരിക്കുകയാണെന്നും അല്ലാതെ സ്ഥിരമായ ഒരേർപ്പാടല്ലെന്നും പറഞ്ഞിട്ടുള്ളതു്. അടുത്ത കൊല്ലത്തിൽ ഈ ഏർപ്പാടു് തുടരണമോ വേണ്ടയോ എന്നുള്ള കാര്യം ഗവൺമെൻറു് ഉടനടി തീരുമാനിക്കുന്നതാണു്. നിവൃത്തിയുള്ള പക്ഷം തഹശീൽദാരന്മാരിൽനിന്നും ഈ ചുമതല എടുത്തു് ഇൻകംടാക്സ് ആഫീസറന്മാരെ തന്നെ ഏൽപ്പിക്കണമെന്നാണു ഗവൺമെൻറു വിചാരിക്കുന്നതു്.

പിന്നെയൊരു പരാതി അസ്സസ്സ്മെൻറിൽ കൃഷിക്കാർക്കു് വന്നുകൂടുന്ന വൈഷമ്യങ്ങളെ സംബന്ധിച്ചാണു്. ബിസ്സിനസിൽ നിന്നായാലും ശരി കൃഷിയിൽ നിന്നായാലുംശരി, പണമാണുണ്ടാകുന്നതു്. ബിസ്സിനസിൻെറ ഇൻകം അസ്സസ് ചെയ്യുമ്പോൾ ഡിപ്രീസിയേഷൻ കൊടുക്കുന്നതുപോലെ കൃഷിക്കാരൻെറ ഇൻകം അസ്സസ്സു ചെയ്യുമ്പോൾ ഡിപ്രിസിയേഷൻ ഒന്നും കൊടുക്കുന്നില്ലെന്നും അതിനു ഒരു പരിഹാരം ഉണ്ടാക്കണമെന്നും എൻെറ സ്നേഹിതൻ മി. മാർക്കോസു പറയുകയുണ്ടായി. ബിസ്സിനസിലാണെങ്കിൽ യന്ത്രസാമഗ്രികളുടെ പഴക്കത്തേയും തേയ്മാനത്തേയും അടിസ്ഥാനമാക്കി ഡിപ്രിസിയേഷൻ കൊടുക്കാറുണ്ടു്. കൃഷിക്കാരണെങ്കിൽ അങ്ങനെ യന്ത്രസാമഗ്രികളൊന്നും ഇല്ല. മനുഷ്യനാണു യന്ത്രം. ഡിപ്രീസിയേഷൻ കൊടുക്കുന്നെങ്കിൽ അതു ദേഹാദ്ധ്വാനത്തെ പരിഗണിച്ചായിരിക്കണം. അതു പ്രായോഗികമല്ല. കൃഷിക്കും യന്ത്രസാമഗ്രികളുണ്ടെങ്കിൽ അതിനും ഡിപ്രിസിയേഷൻ കൊടുക്കാവുന്നതാണു്. കൃഷിയുടെ ആദായം കണക്കാക്കുമ്പോൾ ചെലവുകഴിച്ചുള്ളതാണു ആദായമായി കണക്കാക്കുന്നതു. കണക്കു ബോദ്ധ്യപ്പെടുത്താ

[Hon'ble Mr. C. Kesavan]

ങ്ങളും വൈഷമ്യങ്ങളെപ്പററിയാണ് പിന്നെ പറഞ്ഞുകേട്ടതു്. സാധാരണ കൃഷിക്കാർക്കു കണക്കു് വെച്ചു് സകല കാര്യങ്ങളും ചെയ്യുക സാദ്ധ്യമല്ല. കണക്കു ബുക്കുകൾ വയ്ക്കുന്ന പതിവും അവർക്കില്ല. കണക്കിന്റെ ആവശ്യം ഉണ്ടെന്നു തോന്നുകയാണെങ്കിൽ എഴുതാൻ അറിയാവുന്ന ആളുകളുള്ള നമ്മുടെ രാജ്യത്തു് അതിനു വലിയ ബുദ്ധിമുട്ടുണ്ടാകയില്ല.

MR. V. GANGADHARAN NAIR (*Quilon III—General*): കാർഷികാദായ നികുതി കൊടുക്കുന്ന എത്ര കൃഷിക്കാർ ഉണ്ടെന്നു് പറയാമോ ?

HON'BLE MR. C. KESAVAN: നേരത്തെ നോട്ടീസുതന്നാൽ അന്വേഷിച്ചു പറയാം.

MR. K. A. MOHAMMED: കൃഷിക്കാർ കൊടുക്കുന്ന കണക്കുകൾ ഗവൺമെൻറു് സ്വീകരിക്കുന്നില്ലെന്നറിയാമോ?

HON'BLE MR. C. KESAVAN: അതിനു് ഉദ്യോഗസ്ഥന്മാരെ മാത്രം കുററപ്പെടുത്തുന്നതു ശരിയല്ല. കൃഷിക്കാർ കള്ളക്കണക്കുകൾ ഉണ്ടാക്കി ന്യായമായി കൊടുക്കാനുള്ള ആദായ നികുതിയിൽനിന്നും ഒഴിഞ്ഞുമാറാൻ ബദ്ധശ്രദ്ധരാണ്. ഗവർമെൻറു് ഇങ്ങനെയുള്ള കള്ളപ്രമാണങ്ങളെ വിശ്വസിച്ചില്ലെന്നുവരാം. കള്ളക്കണക്കുകൾ ഉണ്ടാക്കുന്ന കൃഷിക്കാരോടൊപ്പം നിർബന്ധം ഗവൺമെൻറിനില്ലെന്നാണ് എന്റെ വിശ്വാസം. ഏതായാലും നിവൃത്തിയുള്ളിടത്തോളം സൂക്ഷ്മമായിത്തന്നെ അസ്സസ് ചെയ്യുന്നതിനു ഗവൺമെൻറു് ശ്രദ്ധിക്കുന്നതാണ്. മി. ജോസഫ് മാളിയേക്കൽ പറഞ്ഞതുപോലെ കൃഷിചെയ്യാതെ കിടക്കുന്ന സ്ഥലങ്ങളെ വെറുതെ വിടാൻ സാദ്ധ്യമല്ല. അദ്ദേഹം പറഞ്ഞതുകൊണ്ട് സ്ഥലങ്ങൾ വെറുതെയിട്ടേക്കാൻ അവകാശമുണ്ടെന്നു്. പക്ഷേ അതിനു് നികുതി [illegible]കാരം ഗവൺമെൻറിനുണ്ടെന്നാണ് എനിക്കു പറയാനുള്ളതു്.

MR. PRESIDENT: മി. കെ. കെ. ചെല്ലപ്പൻപിള്ള ഉപക്ഷേപം പ്രസ്സ് ചെയ്യുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. K. K. CHELLAPPAN PILLAI: ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

PRESIDENT: The question is that Government be granted a sum of Rs. 3,17,383 under Demand V—Taxes on Income.

The question was put and carried.

The Demand was made.

DEMAND VII—RAILWAYS.

HON'BLE MR. A. ATCHUTHAN: Sir. I move for a grant of Rs. 2,00,000 under Demand VII—Railways.

MR. KANNASA GOPALA PANICKER: I move that the total allotment of Rs. 2,00,000 under Demand VII be reduced by Re. 1.

The object of my motion is to discuss about the necessity of extending railway lines from Kottarakara to Alwaye.

സർ, കൊട്ടാരക്കര മുതൽ ആലുവാവരെ തീവണ്ടി ലൈൻ നീട്ടേണ്ടതിന്റെ ആവശ്യകതയെ ഈ സഭയുടെയും ഗവണ്മെന്റിന്റെയും മുൻപിൽ കൊണ്ടുവരികയാണ് എന്റെ ഉപക്ഷേപത്തിന്റെ ഉദ്ദേശം. കൊട്ടാരക്കര മുതൽ ആലുവാ വരെ ലൈൻ നീട്ടുന്നതായാൽ കേരളത്തിന്റെ വടക്കെ അററം മുതൽ തെക്കേ അററം വരെ തീവണ്ടിയിൽ സഞ്ചരിക്കാൻ സാധിക്കും. സഞ്ചാരസൗകര്യം മാത്രമല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്. യുദ്ധകാലങ്ങളിൽ സാധാരണയായി കൃഷി, വ്യവസായം, കച്ചവടം, മുതലായവയെ കഴിവുള്ള എല്ലാ മാർഗ്ഗങ്ങളിലുംകൂടി അഭിവൃദ്ധിപ്പെടുത്താൻ എല്ലാ ഗവണ്മെന്റുകളും ശ്രമിക്കാറുണ്ട്. കഴിഞ്ഞ രണ്ടു ലോകമഹായുദ്ധകാലങ്ങളിലും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും കാർഷികമായും വ്യാവസായികമായും വാണിജ്യപരമായും വളരെ ഉൽക്കർഷം സമ്പാദിച്ചിട്ടുണ്ടു. തിരുവിതാംകൂറിലും അതിന്റെ ഫലങ്ങൾ കാണാറുണ്ട്. തിരുവിതാംകൂറിലെ കാർഷികവും വ്യാവസായികവുമായ ഉല്പന്നങ്ങൾ വിദേശങ്ങളിലേക്ക് കയററുമതി ചെയ്യുന്നത് കൊച്ചീ തുറമുഖം വഴിയാണ്. കുരുമുളക്, ചുക്ക്, റബ്ബർ, ഏലം മുതലായ മലഞ്ചരക്കുകൾക്ക് സൌകര്യപ്രദമായി ഇപ്പോഴുള്ള മാർക്കററ് കോട്ടയമാണ്. ഈ കോട്ടയം മാർക്കററിൽ വരുന്ന സാധനങ്ങളെ എല്ലാം ലോറികളിലും വള്ളങ്ങളിലും വണ്ടികളിലും കയററിയാണു കൊച്ചിയിലേക്ക് കൊണ്ടുപോകേണ്ടിയിരിക്കുന്നത്. ഇതുകൊണ്ട് വളരെ സമയനഷ്ടവും ധനനഷ്ടവും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നു മാത്രമല്ല മഴക്കാലങ്ങളിൽ കായലുകളിൽ പല അപകടങ്ങളും ഉണ്ടാകാറുണ്ട്. അതുപോലെതന്നെ കൊച്ചി തുറമുഖത്തു് ഇറക്കുന്ന സാധനങ്ങൾ കോട്ടയത്തേക്കും തിരുവനന്തപുരത്തേക്കും മററും കൊണ്ടുവരുന്നതു വള്ളങ്ങളിലും ലോറികളിലുമാണ്. അങ്ങിനെ തിരുവിതാംകൂറിൽനിന്നും കൊച്ചിയിലേക്കും അവിടെനിന്നും ഇങ്ങോട്ടേക്കും സാധനങ്ങൾ കൊണ്ടുപോകുന്നതിനും കൊണ്ടുവരുന്നതിനും ഒരു തീവണ്ടിലൈൻ ഉണ്ടെങ്കിൽ വളരെ ലാഭകരവും സൌകര്യപ്രദവും ആയിരിക്കുന്നതാണ്. യാത്രക്കാർക്കും ഇങ്ങിനെ ഒരു തീവണ്ടിയില്ലാത്തതുകൊണ്ടുള്ള വൈഷമ്യങ്ങൾ ട്രാൻസ്പോർട്ടുബസ്സുകളിൽ യാത്ര ചെയ്യുന്നവർക്ക് അറിയാൻ കഴിയും. ട്രാൻസ്പോർട്ടുബസ്സുകളിലെ തിരക്ക് അസഹ്യമാണ്. കൂടാതെ തിരുവിതാംകൂറിൽ ബസ്സപകടങ്ങൾ സർവ്വസാധാരണമാണു. തീവണ്ടി അപകടങ്ങൾ തിരുവിതാംകൂറിൽ ഉണ്ടായിട്ടുള്ളതായി അറിവില്ല. മററു പല സ്ഥലങ്ങളിലും ചില അപകടങ്ങൾ ഉണ്ടായിട്ടില്ലെന്നു ഞാൻ പറയുന്നില്ല.

[Mr. Kannara Gopala Panicker]

എന്നാൽ അതു് അത്ര സാധാരണമല്ല. വല്ല രാഷ്ട്രീയപ്രക്ഷോഭണങ്ങൾ മൂലമോ വർഗ്ഗീയസംഘട്ടനങ്ങൾ മൂലമോ ഇൻഡ്യയുടെ ചില ഭാഗങ്ങളിൽ തീവണ്ടി അപകടങ്ങൾ ഉണ്ടായിട്ടുണ്ടു്. എന്നാൽ അവ അസാധാരണ പരിതഃസ്ഥിതികളിൽ മാത്രമാണു്. ഇന്നു് സർവ്വസാധാരണമെന്നുതന്നെ പറയാവുന്ന തിരുവിതാംകൂറിലെ ബസ്സപകടങ്ങൾ കൊണ്ടുള്ള മരണത്തിനു് ഒരു നിവാരണമാർഗ്ഗമായും ഈ തീവണ്ടി ലൈൻ പ്രയോജനപ്പെടുത്താവുന്നതാണു്. ബസ്സിൽ യാത്ര ചെയ്യുന്നതിനു് ചെലവും വളരെ ഉണ്ടു്. ഒരു തീവണ്ടി ഉണ്ടെങ്കിൽ ധാരാളം ആളുകൾക്കു് യാത്ര ചെയ്യാനുള്ള സൌകര്യം ഉണ്ടാകും. യാത്രച്ചെലവു് കുറയും. അപകടങ്ങളും ഉണ്ടാവുകയില്ല. ഇതിനുമുൻപു കൊട്ടാരക്കര മുതൽ ആലുവാവരെ തീവണ്ടിലൈൻ നീട്ടണമെന്ന അഭിപ്രായം ഈ നിയമസഭയിൽ പലരും പറയുകയും അപ്പോഴെല്ലാം അതിനെപ്പററി ആലോചിക്കാമെന്നു ഗവൺമെൻറു മറുപടി പറയുകയും ചെയ്തിട്ടുണ്ടു്. തീവണ്ടിലൈൻ നീട്ടുന്നതിനു് ഒരു സർവ്വെ നടത്തുകയും ചെയ്തിട്ടുണ്ടു്. എന്നാൽ അതിൽ പിന്നീടു് കാര്യമായി ഒന്നുംതന്നെ ചെയ്തിട്ടില്ല. യുദ്ധകാലത്തു് അതിനു് പല അസൌകര്യങ്ങളും ഉണ്ടായിരുന്നു എന്നുള്ളതു് ശരിതന്നെ. എന്നാൽ ഇപ്പോഴെങ്കിലും ജനങ്ങൾക്കു് വളരെ ഉപകാരപ്രദമായ ഈ പദ്ധതി നടപ്പിൽ വരുത്തേണ്ടതാണെന്ന സംഗതി സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊണ്ടു് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MISS. DEVAKI GOPIDAS (*Kottayam I—General*): സർ, കൊട്ടാരക്കര മുതൽ കോട്ടയംവഴി ആലുവാവരെ റെയിൽവേലൈൻ നീട്ടണം എന്നുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുക എന്നുള്ളതാണു് ഞാൻ എൻെറ ഉപക്ഷേപംകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇന്നു തിരുവിതാംകൂറിലെ വ്യാവസായികമായി ഏററവും പ്രധാനമുള്ള ഒരു പട്ടണമാണു് കോട്ടയം. തിരുവിതാംകൂറിലെ മലഞ്ചരക്കുകളുടെ മാർക്കററു കോട്ടയം ആണു്. അങ്ങനെയുള്ള കോട്ടയത്തു് സാധനങ്ങൾ കയററുന്നതിനും ഇറക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിയെങ്കിൽ മാത്രമേ ഈ സാധനങ്ങൾ സൗകര്യമായി വിദേശങ്ങളിലേക്കു കയററി അയച്ചു ചിലവഴിക്കുന്നതിനു സാധിക്കുകയുള്ളു. ഇന്നു കോട്ടയത്തു് ചരക്കുകളിറക്കുന്നതിനും കയററുന്നതിനും വളരെ വൈഷമ്യങ്ങളുണ്ടെന്നു് ഇവിടെ പറഞ്ഞുകഴിഞ്ഞു. ഏതൊരു രാജ്യവും വ്യാവസായികമായും വാണിജ്യപരമായും പുരോഗമിക്കണമെങ്കിൽ ട്രാൻസ്പോർട്ടേഷനുള്ള സൗകര്യങ്ങൾ ധാരാള

മുണ്ടായിരിക്കണം. പുരോഗമനപരമായ രാജ്യങ്ങളിലെല്ലാംതന്നെ ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിച്ചുവരുന്നതായി നമുക്ക് കാണാൻ കഴിയും. ഈ രാജ്യത്തും അതുപോലെ ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ നമ്മുടെ രാജ്യവും പുരോഗമിക്കുകയുള്ളു. കോട്ടയത്തുനിന്നും കൊട്ടാരക്കരക്ക് ട്രാൻസ്പോർട്ടുബസ്സുകളല്ലാതെ മറെറാരു വാഹനവുമില്ല. ട്രാൻസ്പോർട്ടുബസ്സുകളിൽ യാത്ര ചെയ്യുന്നതിനുള്ള വൈഷമ്യങ്ങൾ പ്രത്യേകം പറയണമെന്നില്ല. ഒരു റെയിൽവേലൈൻ ഉണ്ടാക്കുകയാണെങ്കിൽ അത് യാത്രക്കാരുടെ സഞ്ചാരത്തിനും ചരക്കുകൾ കയററിക്കൊണ്ടുപോകുന്നതിനും വളരെ സൗകര്യമായിരിക്കും; ചിലവും വളരെ ചുരുങ്ങിയിരിക്കും. ഈ സഭയിലെ മെംബറന്മാരുടെ ടി. എ. ഇനത്തിൽതന്നെ ഗവൺമെൻറിനു അതുകൊണ്ടു വളരെ ലാഭമുണ്ടാകുന്നതാണ്. എന്നാൽ ഇതിനു ധാരാളം പണച്ചിലവുണ്ടെന്നും ഇപ്പോൾ ഗവൺമെൻറിനു അതിനുള്ള പണമില്ലെന്നും നമുക്ക് അറിയാം. പക്ഷെ ഇത്തരം ഒരു പദ്ധതി നടപ്പിൽ വരുത്തുന്നതിനുവേണ്ടി ഒരു ലോൺ എടുക്കുന്നതുകൊണ്ട് ദോഷം ഒന്നും വരാനില്ല. നമ്മുടെ രാജ്യത്തിൻെറ പുരോഗതിക്കു ഏററവും അത്യന്താപേക്ഷിതമായ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു സൗകര്യം ഉണ്ടാക്കണമെന്നു അപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

MR. VARGHESE AUGUSTINE (*Ambalapuzha III—General*): സർ, ഉത്തരതിരുവിതാംകൂറിലേക്ക് റെയിൽവേലൈൻ നീട്ടേണ്ടതിൻെറ ആവശ്യകതയെപ്പററി ഇന്നു ഒരു ദീർഘമായ പ്രസംഗത്തിൻെറ ആവശ്യമില്ല. മുമ്പിലത്തെ നിയമസഭകളിൽ പല അവസരങ്ങളിലും കൊട്ടാരക്കര മുതൽ ആലുവാവരെ തീവണ്ടിലൈൻ നീട്ടുന്നതിനെക്കുറിച്ച് ചർച്ചകൾ ചെയ്തിട്ടുണ്ട്. ആ അഭിപ്രായം തന്നെ ബഡ്ജററിനെ സംബന്ധിച്ചുള്ള ജനറൽ ഡിസ്കഷൻ നടന്നുകൊണ്ടിരുന്നപ്പോൾ ഈ നിയമസഭയിൽ ബഹുമാനപ്പെട്ട പല മെംബറന്മാരും വിശദമാക്കിയിട്ടുണ്ട്. തീവണ്ടി സൗകര്യം ഉണ്ടാക്കുന്നതുകൊണ്ട് സഞ്ചാരസൗകര്യം മാത്രമല്ല ഉണ്ടാകുന്നതു. നമ്മുടെ മലഞ്ചരക്കുകൾ മുഴുവനും വിദേശങ്ങളിലേക്ക് കയററി അയയ്ക്കുവാൻ തുറമുഖങ്ങളിൽ എത്തിക്കുന്നതിനും വിദേശങ്ങളിൽനിന്നും നമ്മുടെ ആവശ്യങ്ങൾക്കായി തുറമുഖങ്ങളിൽ കിടക്കുന്ന ചരക്കുകളെല്ലാം നമ്മുടെ രാജ്യത്തിൻെറ എല്ലാ ഭാഗത്തേക്കും കൊണ്ടുപോകുന്നതിനു സൗകര്യവും ഇതുകൊണ്ടുണ്ടാകുന്നതാകുന്നു. തിരുവിതാംകൂറിലെ ജനങ്ങൾക്ക് ഏററവും അത്യാവശ്യമായ ഒരു സംഗതിയാണിതെന്നു സഭയെ അറിയിക്കണമെന്നു മാത്രമെ ഞാൻ വിചാരിക്കുന്നുള്ളു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. D. GNANASIGAMONI (*Kalkulam II—General*): நான் கொண்டுவந்திருக்கும் பிரேரணை என்னவென்றால், "to discuss the need for the extension of Railways to the southern end of Travancore." எனக்கு முன்னே பேசின சில சிநேகிதர்கள் வடதிருவிதாங்கூருக்கு ரெயில்வே மிகவும் அவசியம் பல இடங்களிலும் அது வேண்டுமென்றெல்லாம் சொன்னார்கள். அதுபோலவே, தென் திருவிதாங்கூருக்கு, திருவனந்தபுரம் கன்னியாகுமரிவரை ரெயில்வே லைன் போட்டு வைத்தால் அது பொதுஜனங்களுக்கு மிகவும் பிரயோஜனமாயிருக்குமென்று எனக்குத் தோன்றுகிறது. ஏனென்றால் இது தென் திருவிதாங்கூர் வாசிகளுக்கு மட்டுமல்ல எல்லோருக்கும் பிரயோஜனமுள்ளது. பொதுவாகப் பார்த்தால், தென் திருவிதாங்கூர் வாசிகளுக்கும் மற்ற எல்லா மக்களுக்கும் ரெயில்வே மூன்று போல உபயோகப்பட ஏதுவாகும். பின்னர் ஒரு குறை போதுமான இருக்கிறது. அந்தக்குறை என்னவென்றால் திருவனந்தபுரத்திலிருந்து வந்தால் அவ்விடமிருந்து தெற்கே போவதற்கு பொது மக்களுக்கு வசதியான யாதொரு மார்க்கமுமில்லை. முக்கிய ஸ்தலங்களாகிய, நாகர்கோவில், கன்னியாகுமரி, முதலிய இடங்களுக்குப்போக அசௌகரியமாயிருக்கிறதென்று இந்நாட்டில் பிரவேசிக்கும் எவரும் குறை கூறுவதுண்டு. இப்பொழுது நமக்கு சுதந்திரம் கிடைத்துவிட்டது. அதன் மார்க்கம் ஒரு "நாஷனல்ரூட்" ஆகும் இந்த ரெயில்வேயென்று நான் தைரியமாய் சொல்லுவேன். இன்னொரு அசௌகரியம் என்னவென்றால் தெற்கே போவதற்கு ஒரு Alternative Route தற்பொழுது கிடையாது. தென் திருவிதாங்கூருக்கு மாத்திரம் Concrete Road இருக்கிறது. அதுபோல் மற்றுமிடங்களில் இல்லையென்று சொல்கிறார்கள். ஆனால் தென் திருவிதாங்கூருக்கு Alternative Route இல்லை என்பது எல்லோர்க்கும் தெரிந்த விஷயமாகும். ஆதலால் ரெயில்வேயை வடக்கே, பாலூர் முதல் தெற்கே கன்னியாகுமரி வரைக்கொண்டுபோனால், இது நம் வளர்ச்சிக்கும், தேசத்தின் நலத்திற்கும், நன்மைக்கும் மிகப் பிரயோஜனமாயிருக்குமென்று என் அபிப்பிராயத்தை தெரிவித்துக் கொள்கிறேன்.

MR. N. P. VARGHESE; സർ, ൧൧൨൪-ലെ ബഡ്ജററിൽ പുതിയതായി പല സ്കീമുകളും കണ്ടേക്കുമെന്നാണ പ്രതീക്ഷിച്ചിരുന്നതു. എന്നാൽ ജനങ്ങൾക്ക ഉപയോഗപ്രദമായ യാതൊരു പദ്ധതികളും ഇത്തവണത്തെ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നുള്ളതിനെപ്പററി സംസാരിക്കുന്നതിനാണ് ഞാൻ ഒരു കട്ട്മോഷൻ അയച്ചിട്ടുള്ളതു. തിരുവിതാംകൂറിന്റെ തെക്കേഅററം മുതൽ വടക്കേഅററംവരെ ഒരു തീവണ്ടിപ്പാത ഏർപ്പെടുത്തണമെന്ന ഇവിടെ ബഡ്ജററിനെപ്പററിയുള്ള പൊതുവിമർശനം നടന്നുകൊണ്ടിരുന്നപ്പോൾ പല ബഹുമാനപ്പെട്ട മെമ്പറന്മാരും പറയുകയുണ്ടായി. ഇതിനുമുമ്പുള്ള നിയമസഭകളിലും പലപ്പോഴും പല മെമ്പറന്മാരും പ്രസ്താവിച്ചിട്ടുള്ള ഒരു സംഗതിയാണ ഇതു. ഉദ്ദേശം ൨൰ വർഷങ്ങൾക്കുമുമ്പാണെന്നുതോന്നുന്നു, ദിവാൻ മി. വാട്ട്സിന്റെ കാലത്തു റെയിൽവേ ലൈൻ

നീട്ടുന്നതിനെ സംബന്ധിച്ച് ഒരു സർവേ നടത്തിയതായി എനിക്ക് ഓർമ്മയുണ്ട്. അതിനുശേഷം അതു സംബന്ധമായി യാതൊരു പ്രവൃത്തി നങ്ങളും ഗവണ്മെന്റിൽനിന്നും ചെയ്തിട്ടില്ല. ഇതിനു പ്രധാന ഉത്തരവാദി സർ. സി. പി. രാമസ്വാമി അയ്യർ ആണെന്നു അദ്ദേഹത്തിന്റെ ചില പ്രസ്താവനകളിൽനിന്നുതന്നെ മനസ്സിലാക്കാൻ സാധിക്കും. റോഡ് ട്രാൻസ്പോർട്ടും തീവണ്ടിയുമായി മത്സരിക്കാൻ അനുവദിച്ചുകൂടെന്നും റോഡുട്രാൻസ്പോർട്ടിനാണ് പ്രാധാന്യം കല്പിക്കേണ്ടതെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. അമേരിക്കയിലും മററും റോഡും ട്രാൻസ്പോർട്ടും തീവണ്ടിയുമായി മത്സരിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ചില ബുദ്ധിമുട്ടുകളെയും കുഴപ്പങ്ങളെയും അദ്ദേഹം ഉദാഹരണമായി പറയാറുണ്ടായിരുന്നു. അമേരിക്കയിലും മററും അങ്ങനെ ഉണ്ടായി എന്നുള്ളതു വാസ്തവമാണ്. പക്ഷേ അവിടെ ചതുരശ്രമൈലിനു നാലോ അഞ്ചോ മൈൽ റെയിൽവേയെങ്കിലും ഇല്ലാത്ത സ്ഥലങ്ങളില്ല. ഏതു രാജ്യത്തിനും ഒരു തീവണ്ടി ഏർപ്പെടുത്തുക എന്നുള്ളതു വ്യാവസായികാഭിവൃദ്ധിക്ക് വളരെ വളരെ അത്യാവശ്യമാണ്. വടക്കൻ പറവൂർ മുതൽ കന്യാകുമാരിവരെ ഒരു ട്രങ്ക്‌ലൈൻ ഉണ്ടാകേണ്ടതു നമ്മുടെ രാജ്യത്തിന്റെ വ്യാവസായികപുരോഗതിക്ക് വളരെ അത്യന്താപേക്ഷിതമാണ്. തിരുവനന്തപുരത്തു വരുന്നതിലും വളരെ എളുപ്പമാണ് ഞങ്ങൾക്കു മദ്രാസിൽ പോകുന്നത്. വൈകുന്നേരം 6 മണിക്കു ട്രെയിനിൽ കയറിയാൽ പിറേറദിവസം രാവിലെ സുഖമായി മദ്രാസിലെത്താം. എന്നാൽ തിരുവനന്തപുരത്തുനിന്നും കോട്ടയംവരെയോ കോട്ടയത്തുനിന്നും ആലുവാവരെയോ പോകുന്നതിനുള്ള ബുദ്ധിമുട്ടുകൾ ചില്ലറയൊന്നുമല്ല. ഒരാഴ്ച മുമ്പ് എക്സ്പ്രസ്സു വണ്ടിയിൽ ടിക്കററു ബുക്കുചെയ്താൽപോലും സൗകര്യമായി സഞ്ചരിക്കുന്നതിനു വളരെ വിഷമമാണ്. കോട്ടയം ട്രാൻസ്പോർട്ടാഫീസിൽ ഒരുമണിക്കൂർ സമയംനിന്ന് അവിടത്തെ തിക്കും തിരക്കും കസർത്തുകളുമൊക്കെ കണ്ടാൽ ട്രാൻസ്പോർട്ടുലൈൻകൊണ്ടു മാത്രം തിരുവിതാംകൂറിലെ ജനങ്ങളുടെ ഗതാഗതാവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുകയില്ലെന്നു മനസ്സിലാക്കാൻ യാതൊരു പ്രയാസവുമില്ല. അതുകൊണ്ട് ഒരു തീവണ്ടിലൈൻ ഏർപ്പെടുത്തേണ്ടതാണെന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസത്തിനു വകയില്ല. ഇനി അതിനുള്ള പണം എങ്ങനെയുണ്ടാകുമെന്നാണു നോക്കേണ്ടതു. തല്ക്കാലം ഗവണ്മെന്റിനു ഇതിനുള്ള പണം ഇല്ലെങ്കിൽ ഒരു പത്തോ ഇരുപതോ കോടി രൂപാ ഇൻഡ്യാഗവണ്മെന്റിൽനിന്നോ [illegible]ൽനിന്നോ കടമായി എടുത്താൽ അതു ഒരിക്കലും ഒരു നഷ്ടമായി തീരുക

യില്ലെന്നുള്ളതു് നിർവിവാദമാണു്. ഇത്തരം പുരോഗമനപരമായ പദ്ധതികൾക്കുവേണ്ടി കടമെടുക്കുന്നതു് എല്ലാ ഗവർമ്മെൻറുകളും ചെയ്യാറുള്ള ഒരേർപ്പാടു് ആണു്. ഇത്തരം സ്കീമിനുവേണ്ടി പണം കടമായി എടുക്കുന്നതിനു് ആർക്കും യാതൊരു ആശങ്കക്കും വകയില്ല. ഈ വർഷത്തെ ബഡ്ജററിൽ ഇതിനുവേണ്ടി ഒരു സർവേ നടത്തുന്നതിനുള്ള ഒരു പ്രോവിഷനെങ്കിലും ചെയ്യാതിരുന്നതു് വളരെ ഖേദകരമാണെന്നു പറയാതെ നിവൃത്തിയില്ല.

ഇപ്പോൾ നമ്മെ അഭിമുഖീകരിച്ചിരിക്കുന്ന ഭയങ്കരമായ ഒരു പ്രശ്നം എല്ലാവരും ശരിക്കു മനസ്സിലാക്കുന്നുണ്ടോ എന്നു സംശയമാണു്. നാട്ടിൻപുറങ്ങളിൽ ഇന്നു ഭയങ്കരമായ ക്ഷാമം ഉണ്ടായിട്ടുണ്ടു്. തൊഴിലില്ലായ്മ ഗ്രാമീണജനങ്ങളെ വളരെ കഠിനമായി ബാധിച്ചിരിക്കുന്നു. തീവണ്ടി ലൈൻ നിർമ്മിക്കുന്നതുപോലുള്ള എന്തെങ്കിലും സ്കീമുകൾ ഗവർമ്മെൻറു തുടങ്ങി സാധാരണക്കാരനു ജോലി കൊടുക്കേണ്ടതു് അത്യാവശ്യമുണ്ടു്. നമുക്കാണെങ്കിൽ കന്യാകുമാരിമുതൽ പറവൂർവരെ ഒരു തീവണ്ടിലൈൻ പണിയുന്നതുകൊണ്ടു് ഒരൻപതിനായിരം കൂലിക്കാർക്കെങ്കിലും വേല കൊടുക്കുന്നതിനു സാധിക്കുന്നതാണു്. ജനങ്ങളുടെ തൊഴിലില്ലായ്മക്കും തന്നിമിത്തം ഉണ്ടായിട്ടുള്ള ക്ഷാമത്തിനും ഇതു് പരിഹാരമുണ്ടാക്കുന്നതാണു്. ഒരു തീവണ്ടിപ്പാതയുണ്ടാക്കുവാൻ നമുക്കു് മററു രാജ്യങ്ങളെ അപേക്ഷിച്ചു വളരെ കൂടുതൽ സൗകര്യങ്ങളുണ്ടു്. റെയിൽ ഒഴിച്ചു് ബാക്കിയുള്ള എല്ലാ സാധനങ്ങളും നമുക്കു് ധാരാളമായി ഉണ്ടു്. റെയിലുകൾക്കാണെങ്കിലും ഇന്നു വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നു തോന്നുന്നില്ല. ആ സ്ഥിതിക്കു് തിരുവിതാംകൂറിൻെറ തെക്കേ അററംമുതൽ വടക്കേഅററംവരെ എത്തുന്ന ഒരു തീവണ്ടിലൈൻ ഏർപ്പെടുത്തുന്നതു് എല്ലാംകൊണ്ടും ഗുണകരമാണു്.

MR. K. RAMAKRISHNA PILLAI: ആ ലൈൻ കോട്ടയംവഴി വേണമെന്നാണോ ആലപ്പുഴവഴി വേണമെന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം.

MR. N. P. VARGHESE: ആലപ്പുഴവഴി ഇപ്പോൾ നല്ല ഒരു റോഡുണ്ടു്. അതുകൊണ്ടു് കോട്ടയംവഴി വേണമെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു്.

MR. K. RAMAKRISHNA PILLAI: കോട്ടയംവഴി എം. സി. റോഡില്ലെന്നാണോ മെമ്പർ പറയുന്നതു്.

MR. N. P. VARGHESE : പലയുക്തികൊണ്ടുനോക്കിയാലും ഈ ട്രങ്ക് റെയിൽവെ കോട്ടയംവഴി പോകുന്നതാണ് നല്ലതു്. പോരെങ്കിൽ കടൽതീരം വഴി സൗകര്യമായ ജലമാർഗ്ഗവുമുണ്ടു്.

MR. P. T. CHACKO : അതു് ഇപ്പോൾതന്നെ അങ്ങു തീർച്ചപ്പെടുത്തുകയാണോ?

MR. N. P. VARGHESE : ഞാൻ പറയുന്നതു് എന്റെ അഭിപ്രായമാണ്. ഈ ട്രങ്ക് റെയിൽവെ കോട്ടയംവഴിയാകുന്ന പോകേണ്ടതെന്നാണ് എന്റെ ശക്തിയായ അഭിപ്രായം. അതു കൂടാതെ ഒരു കോസ്റ്റൽ ലൈൻ കൂടെ ഉണ്ടാക്കാൻ സാധിക്കുമെങ്കിൽ വളരെ നല്ലതുതന്നെ. നമുക്ക് ഇലക്ട്രിസിറ്റി ഉണ്ടാക്കുന്നതിന് ധാരാളം സൗകര്യമുള്ളതുകൊണ്ടു് ഒരു ഇലക്ട്രിക് ട്രെയിൻ സർവീസുതന്നെ നമുക്കു് ആരംഭിക്കാമെന്നാണ് എനിക്കു തോന്നുന്നതു് തിരുവിതാംകൂറിലെ ജനങ്ങളുടെ ക്ഷേമത്തിൽ—തിരുവിതാംകൂറിന്റെ ഭാവിയെക്കുറിച്ചു് നമ്മുടെ മന്ത്രിസഭക്കു താല്പര്യമുണ്ടെങ്കിൽ ഇങ്ങനെയൊരു തീവണ്ടിലൈൻ പണിയിക്കുന്നതിനുള്ള ഒരു സർവ്വെ എങ്കിലും ഈ ൧൧൨൪-ൽ തന്നെ ആരംഭിക്കേണ്ടതാണെന്നു് ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. K. A. MATHEW : സർ, എന്റെ ഉപക്ഷേപംകൊണ്ടുദ്ദേശിച്ചിട്ടുള്ള റെയിൽവേ നിർമ്മാണകാര്യത്തെപ്പററി ബഹുമാനപ്പെട്ട പല മെമ്പറന്മാരും ബഡ്ജററിന്റെ ജനറൽ ഡിസ്കഷനിൽ തന്നെ പറഞ്ഞുകഴിഞ്ഞു. അതുകൊണ്ടു് വിശേഷവിധിയായി എന്തെങ്കിലും ഇതിനെപ്പററി പറയേണ്ട ആവശ്യമില്ല. റെയിൽവേയെപ്പററി ഒരു കട്ട് ഉപക്ഷേപംമൂലം ആദ്യമായിട്ടാണ നിയമസഭയിൽ ഉണ്ടാകുന്നതു്. മുമ്പിലത്തെ നിയമസഭകളിലും വടക്കൻതിരുവിതാംകൂറിലേക്കു് തീവണ്ടി നീട്ടണമെന്നുള്ള വിഷയം പലപ്പോഴും അഭിപ്രായപ്രകടനത്തിനു് ഹേതുവായിത്തീർന്നിട്ടുണ്ടു്. കഴിഞ്ഞ നിയമസഭയിൽ ഞാൻ അംഗമായിരുന്ന കാലത്തു ഇക്കാര്യത്തെപ്പററി വാദിച്ചപ്പോൾ അന്നത്തെ ദിവാൻജി [illegible] പോലും കൂടുതലായി തിരുവിതാംകൂറിൽ തീവണ്ടിപ്പാതകളായി നടക്കുന്നതല്ലെന്നും ഇപ്പോഴുള്ള സൗത്തു് ഇൻഡ്യൻ റെയിൽവേ തന്നെ ഇവിടെ നിന്നും വലിച്ചുകൊണ്ടു പൊയ്ക്കൊള്ളണമെന്നും പറഞ്ഞതായി ഞാൻ ഓർക്കുന്നു. ആ അഭിപ്രായത്തിനു തിരുവിതാംകൂറിലെ ജനങ്ങളുടെ പിൻതുണ ഉണ്ടായിരുന്നില്ലെന്നുള്ളതു് തീർച്ചയാണ്. ഇന്നു തിരുവിതാംകൂറിലെ ജനങ്ങൾക്കു ഗതാഗതസൗകര്യം വർദ്ധിപ്പിക്കുവാൻ ഗവണ്മെൻറ്

[Mr. K. A. Mathew.]

ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനു മധ്യതിരുവിതാംകൂറിൽകൂടെ ഉത്തരതിരുവിതാംകൂറിലേക്ക് ഒരു തീവണ്ടിപ്പാത ഏർപ്പെടുത്തുകയാണ് വേണ്ടത്. മി. എം. ഇ. വാട്ട്സ് ഇവിടെ ദിവാൻജിയായിരുന്ന കാലത്തു സുപ്രസിദ്ധ ഇൻജിനീയരായിരുന്ന മി. മെർണിയുടെ മേൽനോട്ടത്തിൽ ഒരു സർവേ നടത്തുകയുണ്ടായി. അതിനു അഞ്ചോ ആറോ ലക്ഷം രൂപാ ഗവണ്മെന്റു ചെലവിടുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം അതു സംബന്ധിച്ച് ഗവണ്മെന്റിനു സമർപ്പിച്ച റിപ്പോർട്ട് ഇപ്പോഴും ഗവണ്മെന്റിന്റെ പക്കൽ ഉണ്ടെന്നാശിക്കുന്നു. അതിനുശേഷം തീവണ്ടി ഏർപ്പെടുത്തുന്നതിന് യാതൊരു ശ്രമവും നടന്നിട്ടില്ല. സർ സി. പി. രാമസ്വാമി അയ്യരുടെ വൈമുഖ്യംകൊണ്ടാണ് ഇതു നടക്കാതെ പോയിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

MR. P. K. KUNJU (*Karunagapalli II—Muslim Reserved*): മി. വാട്ട്സിനുശേഷം ഇവിടെ മൂന്നു ദിവാൻജിമാർ വന്നല്ലോ. അവരിലാരെങ്കിലും ഈ സ്കീമിനെപ്പററി ആലോചിച്ചിട്ടുണ്ടോ?

MR. K. A. MATHEW: അതെനിക്കറിഞ്ഞുകൂടാ. ഇവിടെ ൧൧൨൪-ലേക്കുള്ള ബഡ്ജററ് അവതരിപ്പിക്കുമ്പോഴെങ്കിലും അതിൽ ഇതിന് എന്തെങ്കിലും ഒരു പദ്ധതി വിഭാവനം ചെയ്തുകാണുമെന്ന് എല്ലാവരും പ്രതീക്ഷിച്ചിരുന്നു. ബഡ്ജററിൽ ഇതിനൊരു പ്രൊവിഷൻ കാണാതിരിക്കുന്നതു നിർഭാഗ്യകരമെന്നേ പറയാനുള്ളൂ. എന്നാൽ അതിന്റെ ആവശ്യത്തെപ്പററി ബോദ്ധ്യമല്ലാത്തതുകൊണ്ടല്ല അങ്ങിനെ ചെയ്തതെന്നു ഞാൻ വിശ്വസിക്കുന്നു. റെയിൽവെ നമുക്ക് അടിയന്തിരമായ ഒരാവശ്യമാണ്. ഗവണ്മെന്റ് ഉടനെ വേണ്ട നടപടി കൈക്കൊള്ളും എന്നു വിചാരിക്കുന്നു. ഇവിടെ ഇപ്പോൾ പണത്തിന് ദൗർലഭ്യം ഉണ്ട്. ലോൺ എടുത്തെങ്കിലും ഈ കാര്യം സാധിക്കേണ്ടതാണ്. റെയിൽവേ പണിക്ക് വേണ്ട സാമാനങ്ങൾ (Materials) കിട്ടാൻ വിഷമമുണ്ടായിരിക്കാം. കേന്ദ്രഗവണ്മെന്റിലെ റെയിൽവേ മന്ത്രി തിരുവിതാംകൂറുകാരനാണ് എന്നുള്ളത് നമുക്ക് അഭിമാനകരമായിരിക്കുന്നതുപോലെ പ്രയോജനകരവുമാണ്. അദ്ദേഹത്തിന്റെ ആനുകൂല്യം നമുക്കുണ്ടാകുമെന്നുള്ളതു തീർച്ചയാണ്. എലക്ട്രിസിററി വർദ്ധിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ നമുക്ക് ധാരാളമുണ്ട്. അതുകൊണ്ട് എലക്ട്രിസിററി ഉപയോഗിച്ച് ട്രെയിൻ ഓടിക്കാനുള്ള സാദ്ധ്യതകളെപ്പററി അന്വേഷിക്കുന്നതു നന്നായിരിക്കും. ട്രാൻസ്പോർട്ടുബസ്സുകളിൽ യാത്ര ചെയ്യാനു എന്തു കഷ്ടതയാണ് ജനങ്ങൾ അനുഭവിക്കുന്നതു എന്നു പറയാനില്ല. വടക്കുനിന്നും തിരുവനന്തപുരത്തു വരുന്നതിനുള്ള യാത്രാക്ലേശങ്ങൾ സീമാതീത

മാണ്. മാത്രമല്ല തിരുവിതാംകൂറിനെ കൊച്ചിയും മലബാറുമായി ഘടിപ്പിക്കുന്നതിനു ഈ റെയിൽവേ നീട്ടൽ അത്യാവശ്യമാണ്. നമ്മുടെ വിഭവങ്ങൾ പുറത്തേക്കയക്കുന്നതിനും തന്മൂലം നമ്മുടെ വാണിജ്യവും വ്യവസായങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിനും തിരുവിതാംകൂറിന്റെ മദ്ധ്യത്തുകൂടെ ഇങ്ങനെ ഒരു റെയിൽവേ കഴിച്ചുകൊള്ളുവാൻ പാടില്ലാത്ത ആവശ്യമാണ്. ഇതിനെ ഒരു യുദ്ധാനന്തര പുനഃസംവിധാനസ്കീം ആയി ഗവൺമെന്റ് എടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

Mr. N. V. CHACKO: സർ, റെയിൽവേ നീട്ടുന്ന കാര്യത്തെപ്പറ്റി പല മെമ്പർമാരും ഇവിടെ പ്രസംഗിച്ചിട്ടുണ്ട്. ഒരാളോ രണ്ടോ പേർ തിരുവനന്തപുരത്തുനിന്നും തെക്കോട്ടു കന്യാകുമാരിവരെ നീട്ടണമെന്നു പറഞ്ഞു. ബാക്കിയുള്ളവർ കൊല്ലത്തുനിന്നു വടക്കോട്ടും, കൊട്ടാരക്കരമുതൽ വടക്കോട്ടും നീട്ടണമെന്ന അഭിപ്രായക്കാരാണ്. ആദ്യം എവിടെയാണ് റെയിൽവേ നീട്ടേണ്ടതെന്നുള്ള അഭിപ്രായവ്യത്യാസം ഉണ്ട്. ഇവിടെയുള്ള മെമ്പറന്മാർ എല്ലാം റെയിൽവേ നീട്ടണമെന്ന അഭിപ്രായക്കാർ ആണെന്നുള്ളതിനു സംശയമില്ല. അതു് ആലപ്പുഴവഴി വേണമോ, കൊട്ടാരക്കരനിന്നും കോട്ടയംവഴി വേണമോ ഭൂമിക്കടിയിൽകൂടി വേണമോ എന്നൊക്കെ പിന്നീടു ആലോചിക്കാം. കൊച്ചി ഹാർബറും, ആലപ്പുഴ തുറമുഖവും ഷൊറണൂരിനോടും മറ്റും യോജിപ്പിക്കുന്ന കരുകെയുള്ള റെയിൽവേകളും ആവശ്യമാണ്. അതു് ഒരു പ്രധാനമായ കാര്യമാണ്. റെയിൽവേ ഇല്ലാത്തതിനാൽ ഇപ്പോഴും സഞ്ചാരത്തിനു വളരെ വിഷമം വടക്കൻ നാട്ടുകളിൽ അനുഭവിക്കുന്നു. റയിൽവേയ്ക്കു പകരമായി ഇപ്പോഴത്തെ ട്രാൻസ്പോർട്ടുപദ്ധതി ഉപകരിക്കുന്നതല്ല. നമുക്കു രണ്ടും ആവശ്യമാണ്. അടിയന്തിരപരിതഃസ്ഥിതിയും മറ്റും വരുമ്പോൾ കന്യാകുമാരിയിൽനിന്നു ധാരാളം പട്ടാളക്കാരെ കയറ്റിക്കൊണ്ടു ഡൽഹിക്കും മറ്റും പോകുന്നതിനു റെയിൽവേ വളരെ അത്യാവശ്യമാണ്. സർ സി. പി. രാമസ്വാമി അയ്യർ പറഞ്ഞതു് ഇവിടെ റയിൽവേതന്നെ ആവശ്യമില്ലെന്നാണ്. അദ്ദേഹം ഇവിടെ പല അഭിപ്രായങ്ങളും പറഞ്ഞിട്ടുണ്ട്. അതൊന്നും നാം നോക്കേണ്ടതില്ല. പണ്ഡിതനെഹ്‌റു തുടങ്ങിയ രാഷ്ട്രീയനേതാക്കന്മാരെയും സ്വതന്ത്രതിരുവിതാംകൂറിനെയും മറ്റും പറ്റി അദ്ദേഹം പറഞ്ഞതു് നമുക്കു സ്വീകാര്യമല്ല. ഏതായാലും റയിൽവേ ശരിയായി ഇവിടെ ഇല്ലാത്തതിനാൽ രാജ്യത്തിനു യഥാർത്ഥമായ വളരെ ദോഷങ്ങൾ ഉണ്ട്. റയിൽവേ ഉണ്ടായാൽ മാത്രമേ അതിന്റെ ഗുണം നാം അറിയുകയുള്ളൂ. റയിൽവേ ഒരിക്കലും നഷ്ടമായി

Mr. N. V. Chacko.]

വരികയില്ല. കൊല്ലംമുതൽ ചെങ്കോട്ടവരെയുള്ള റയിൽവേലൈനാണ് നഷ്ടകരമായിരുന്നതു്. റയിൽവേ തിരുവനന്തപുരത്തോളം നീട്ടിയശേഷം ആ നഷ്ടം തീർന്നുകിട്ടിയെന്നാണ് അറിയുന്നതു്. കൊച്ചി തുറമുഖവും ആലപ്പുഴ തുറമുഖവും കിഴക്കൻ പ്രദേശങ്ങളുമായി ബന്ധിപ്പിച്ചു് റയിൽവേകൾ ഉണ്ടാക്കുന്നപക്ഷം ഈ രാജ്യത്തിനു് അഭിവൃദ്ധിയുണ്ടാകും. ഡോക്ടർ എം. ഒ. ചെറിയാനും ടി. കെ. വി. മാത്യുവും പറഞ്ഞതുപോലെ നമുക്കു ഇലക്ട്രിക് പവ്വർ ഉപയോഗിച്ചു ട്രെയിൻ ഓടിക്കാൻ സാധിക്കും. വളരെ പണം ചിലവാകും എന്നു പറയുന്നതിൽ വലിയ അർത്ഥം ഉണ്ടെന്നു തോന്നുന്നില്ല. റയിൽവേയ്ക്കുവേണ്ടി പത്തു പണം കടം വാങ്ങി ചെലവാക്കിയാലും അതു നഷ്ടമാകയില്ല. അതിനാൽ സാധിക്കുന്നിടത്തോളം വേഗത്തിൽ നമ്മുടെ രാജ്യത്തിന്റെ ഒരററംമുതൽ മറെറ അററംവരെ റയിൽവേ നടപ്പാക്കണമെന്നു് അഭിപ്രായപ്പെട്ടുകൊള്ളുന്നു. അങ്ങനെയാകുമ്പോൾ പട്ടാളങ്ങളെയും മററും കൊണ്ടുപോകുന്നതിനും കപ്പൽവഴിയും വിമാനംവഴിയും വരുന്നവർക്കു സാമാനങ്ങൾ കൂടാതെ സഞ്ചരിക്കുന്നതിനും ഉള്ള സൗകര്യം ഉണ്ടാകും. ഇത്രയും പറഞ്ഞുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. E. K. MADHAVAN: ആസന്നഭാവിയിൽതന്നെ ഒരു ഐക്യകേരളപ്രസ്ഥാനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്ന ഈ സന്ദർഭത്തിൽ രാജ്യത്തിന്റെ നാനാഭാഗങ്ങളുമായുള്ള ബന്ധത്തിനു് റെയിൽവേയുടെ ആവശ്യം ഏററവും വളരെ ഉണ്ടു്. ഇതുകൊണ്ടാണ് റയിൽവേയുടെ കാര്യം പ്രതിപാദിക്കാൻ ഈ അവസരം നമുക്കുള്ളതു്. നാട്ടുകാരനായ ദിവാൻജി ഈ രാജ്യം ഭരിച്ചിരുന്ന കാലത്താണ് റയിൽവേ ആലുവാ വരെ നീട്ടണമെന്ന അഭിപ്രായം ഉണ്ടായതു്. ഇപ്പോൾ ജനകീയഭരണം ഉണ്ടായിരിക്കുന്നു. അതിനാൽ നമുക്കു് എപ്പോഴും ആവശ്യമുള്ള റയിൽവേയുടെ കാര്യത്തിൽ താമസം ഉണ്ടാകരുതെന്നാണ് വിചാരിക്കുന്നതു്. എന്നാൽ ഇതിലേക്കു് ബഡ്ജററിൽ ഒരു തുകയും കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. കടം വാങ്ങി ചിലവാക്കുകയില്ലാ എന്നു് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ബഡ്ജററ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. അങ്ങനെയാണെങ്കിൽ പണമുള്ള വല്ല കമ്പനികളും റയിൽവെ ഉണ്ടാക്കാനുള്ള അവകാശം കൊടുത്തു് വേഗം നടപ്പാക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. എങ്ങോട്ടാണു നീട്ടേണ്ടതു് എന്നു ചോദിച്ചാൽ കൊട്ടാരക്കരനിന്നും കോട്ടയംവഴി ആലുവായ്ക്കും

തിരുവനന്തപുരത്തുനിന്നും കന്യാകുമാരിവരെയും കൊല്ലത്തുനിന്നും ആലപ്പുഴവഴിയും വേണമെന്നാണ് അഭിപ്രായമായിട്ടുള്ളത്. കൊച്ചി തുറമുഖം ഉള്ളതിനാൽ കൊച്ചി അടുത്തകാലത്തുതന്നെ ഒരു വലിയ പട്ടണമാകുന്നതാണ്. അതിനാൽ അവിടത്തേയ്ക്ക് സാമാനങ്ങൾ കയററി അയയ്ക്കുന്നതിനും സാധനങ്ങളെ കയററി ഇറക്കുന്നതിനും റയിൽവെ കൊണ്ട് പ്രയോജനമുണ്ട്. ഇപ്പോൾ റയിൽവെ ഏതെങ്കിലും ഒരു സ്ഥലത്തേയ്ക്ക് മാത്രമേ നീട്ടാൻ സാധിക്കുകയുള്ളു എന്നുള്ളതു പരമാർത്ഥമാണ്. അതിനാൽ ഏതു വഴിയാണ് നീട്ടേണ്ടതു് എന്നുള്ളതു് ആലോചിച്ചു തീരുമാനിക്കുന്നതിനു് ഒരു കമ്മററി ഉണ്ടാക്കി ആ കമ്മിറ്റി അവശ്യം തീരുമാനിക്കേണ്ടതാണ്. അല്ലാതെ വ്യക്തിയുടെ അഭിപ്രായത്തിനു വിട്ടുകൊടുക്കുന്നതു ശരിയല്ല. ഒരു ഐക്യകേരളം വരികയാണെങ്കിൽ മിക്കവാറും പാലക്കാട്ടാണ് നീട്ടേണ്ടതു്. റയിൽവേ ഏതായാലും അത്യാവശ്യമാണ്. അതു വടക്കോട്ട് ആയിരിക്കണം എന്നാണ് എന്റെ അഭിപ്രായം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ വിരമിക്കുന്നു.

MR. S. NEELAKANTA AIYAR (*Trivandrum I—General*) : റയിൽവെ നീട്ടുന്ന കാര്യത്തിൽ ഉള്ള അഭിപ്രായങ്ങളോട് ഞാൻ യോജിക്കുന്നു. നമ്മുടെ രാജ്യത്തു് നാനാഭാഗത്തും റയിൽവെ ഉണ്ടായാൽ എല്ലാ കാര്യത്തിനും വളരെ പ്രയോജനമാണ്. ഇപ്പോഴുള്ള റയിൽവേതന്നെ കൂടുതൽ കമ്പാർട്ടുമെന്റുകളും മററും ഇപ്പോഴുള്ള ട്രാൻസ്പോർട്ട കുറെക്കൂടി നന്നാക്കി പരിഷ്കരിച്ചും ജനങ്ങളുടെ ഗതാഗതത്തിനു സൗകര്യം ഉണ്ടാക്കേണ്ടതാണ്. റയിൽവേ നീട്ടേണ്ടതു് അത്യാവശ്യമാണ്. ആ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. ജനങ്ങളുടെ സഞ്ചാരസൗകര്യത്തിനുവേണ്ടി കൂടുതൽ സർവീസുകളുണ്ടാക്കുകയാൽ വളരെ പ്രയോജനകരമാണ്. ഇത്രയും പറഞ്ഞുകൊണ്ടു വിരമിക്കുന്നു.

MR. CHERIYAN J. KAPPAN : റയിൽവെ നീട്ടണമെന്ന കാര്യത്തെപ്പററി അഭിപ്രായവ്യത്യാസം ഇല്ലെന്ന് ഇവിടത്തെ പ്രസംഗങ്ങളിൽനിന്നു മനസ്സിലാകുന്നു. മി. റി. കെ. നാരായണപിള്ള പറയുന്നു ഗവൺമെൻറിനു അഭിപ്രായൈക്യമില്ലാ എന്നു്. നമുക്ക് അഭിപ്രായ ഐക്യമാണുള്ളതു് എന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. വടക്കൻ താലൂക്കുകളിൽ ഉള്ള ജനങ്ങളോടു മുൻ ഗവൺമെൻറു ഒരു ചിററമ്മനയമാണ് സ്വീകരിച്ചിട്ടുള്ളതു് എന്നു പറയേണ്ടിയിരിക്കുന്നു. വടക്കൻ താലൂ

[Mr. Cheriyan J. Kappan.]

കകളിലുള്ള ഉൽപ്പാദനങ്ങളും കയററി അയക്കാനും ശരിയായ സഞ്ചാര സൗകര്യങ്ങളില്ലാ ഇപ്പോഴും സൗകര്യമില്ലാ എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചു മീനച്ചൽ താലൂക്കിലെ സംഗതി പറഞ്ഞാൽ ഈ രാജ്യത്തിലെ വരുമാനത്തിൽ വളരെ വലിയ തുക നികുതിയായി കൊടുക്കുന്ന ആ താലൂക്കിൽ അവിടത്തെ വിഭവങ്ങളായ മുളക്, ചുക്ക്, തേയില തുടങ്ങിയ സാധനങ്ങളും കയററി അയയ്ക്കുന്നതിനു സൗകര്യമില്ലാതെയാണിരിക്കുന്നതു്. കൊട്ടാരക്കര നിന്നും ആലുവായ്ക്കു ഒരു റയിൽവെ നടപ്പാക്കുന്ന പക്ഷം അതു മീനച്ചൽതാലൂക്കിൽകൂടി വേണം എന്നു പറയുന്നില്ല. മുൻപ് റയിൽവേയ്ക്കു സർവെ നടത്തിയപ്പോഴും അതു മീനച്ചൽ താലൂക്കിൽകൂടി ഉൾപ്പെട്ടതായിരുന്നു.

MR. K. A. MOHAMMED : റയിൽവേ ലൈൻ ഏതു വഴി ആയിരിക്കണമെന്നാണു് പറയുന്നതു്. മീനച്ചിൽ താലൂക്കിൽകൂടി വേണമെന്നാണോ?

MR. CHERIYAN J. KAPPAN : അതു കൊട്ടാരക്കരനിന്നും കോട്ടയംവഴി വടക്കോട്ട് മീനച്ചിൽകൂടി വേണമെങ്കിലും ആലുവായ്ക്കു പോകാം. ഈ റയിൽവെലൈൻ എവിടെ കൂടി കൊണ്ടുപോകണം എന്നതല്ലാ പ്രശ്നം. ഇപ്പോഴത്തെ ബസ്സുവഴിയുള്ള യാത്ര മരത്തിൽ കയറ്റാൻ തൂങ്ങിക്കിടക്കുംപോലെയാണ് എന്നു കാണാവുന്നതാണ്. അതിനാൽ എന്തു ബുദ്ധിമുട്ടുണ്ടായാലും റയിൽവേ നിർമ്മിക്കുന്നതിനെ സംബന്ധിച്ചിടത്തോളം കടം എടുത്തോ മററു വിധേനയോ പണമുണ്ടാക്കേണ്ടതു് കാർഷികാഭിവൃദ്ധിക്കു അത്യന്താപേക്ഷിതമാണു്. അതിനാൽ ഗവൺമെൻറിൻെറ സത്വരശ്രദ്ധ ഈ കാര്യത്തിൽ പതിയണം എന്നാണു എൻെറ അഭിപ്രായം.

MR. KRISHNAN AIYAPPAN (*Shertallai III—General*) : സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു രണ്ടുവാക്കു പറയണമെന്നു ഞാനും ആഗ്രഹിക്കുന്നു. കൊച്ചിയിൽ കപ്പലിൽ അരിവന്നാൽ പല സ്ഥലങ്ങളിലേക്കും അരികൊണ്ടു പോകുന്നതിനു കാലതാമസം വരുന്നുണ്ടു്. വള്ളങ്ങളും കണ്ട്രോൾ ചെയ്ത വള്ളം വഴിയാണു് ഈ അരി ഇപ്പോഴും കൊണ്ടു പോകുന്നതു. അതുകൊണ്ടു് പല ആളുകളുടെ വള്ളങ്ങളും നാശപ്പെട്ടും കൂലി കിട്ടാതെയും മററും നഷ്ടപ്പെട്ടുപോകുകയുണ്ടായി. ചേർത്തല, അമ്പലപ്പുഴ എന്നീ താലൂക്കുകളിൽകൂടി പോക

ന്നും പ്രധാനവ്യവസായ കേന്ദ്രങ്ങളും തുറമുഖങ്ങളുമായ ആലപ്പുഴ, കൊച്ചി എന്നിവയെ സംയോജിപ്പിക്കുന്നതുമായ ഒരു കോസ്റ്റൽ റയിൽവേലൈൻ കൊച്ചിതുറമുഖത്തേക്ക് നീട്ടി, വേണ്ടിവന്നാൽ ഒരു ലോൺ എടുത്തും ഈ രാജ്യത്തെ കച്ചവടത്തെയും വ്യവസായത്തെയും പ്രോത്സാഹിപ്പിക്കുവാൻ ഗവൺമെൻറു ശ്രമിക്കണമെന്നപേക്ഷിക്കുന്നു.

MR. T. T. KESAVAN SASTRI : സർ, ഉപക്ഷേപത്തിൻെറ തത്വത്തെ അനുകൂലിക്കുന്നു. എൻെറ ഉപക്ഷേപംകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് കൊട്ടാരക്കരനിന്ന് അടൂർ, പന്തളം, ചെങ്ങന്നൂര, തിരുവല്ലാ, ചങ്ങനാശ്ശേരി, കോട്ടയം, മൂവാററുപുഴ, പെരുമ്പാവൂർ വഴി ആലുവായിലേക്ക് റയിൽവേ നീട്ടി രാജ്യക്ഷേമത്തെ നിലനിറുത്തുവാൻ വേണ്ട പരിപാടികൾ ഗവൺമെൻറ് ഉടനെ അംഗീകരിക്കണമെന്നുള്ളതാണ്. ഏററവും പ്രാധാന്യം അർഹിക്കുന്ന ഒരു പ്രശ്നമാണിത്.

തീവണ്ടി ഒരു ഭൂലോകവിമാനമാണല്ലോ. നമുക്ക് ഇവിടെനിന്നും പോകാൻ ആകാശവിമാനവും ഉണ്ടല്ലോ. റയിൽവേ വർദ്ധിപ്പിക്കേണ്ടതു് ഏററവും ആവശ്യമാകുന്നു. താമസം വരുത്തുന്നതു് ഒട്ടും ശരിയല്ല. തിരുവിതാംകൂർ ജനതയ്ക്കു് തിരുവനന്തപുരം-ചെങ്കോട്ട ലൈൻകൊണ്ടു തന്നെ, റയിൽവേയുടെ ഗുണദോഷങ്ങളെപ്പററി നന്നായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ചെങ്കോട്ട-തിരുവനന്തപുരം റയിൽവേ ലൈൻ നീട്ടിയതു പഴയ ഗവൺമെൻറായിരുന്നു. പഴയ ഗവൺമെൻറ് എന്ന് ഞാൻ പറഞ്ഞതു് രാജായത്ത ധർമ്മത്തിൻേറയും സചിവായത്ത സിദ്ധാന്തത്തിൻേറയും പേരിൽ ഭരണം നടത്തിയ സർക്കാരിനെ ഉദ്ദേശിച്ചാണ്. ഇന്നത്തെ ഗവൺമെൻറ് രാജായത്ത ധർമ്മത്തിൻേറയും ജനായത്ത സിദ്ധാന്തത്തിൻേറയും പേരിൽ ഭരണം നടത്തുന്നു. അതിനാൽ ഭാവിയെ ശോഭനമാക്കിത്തീർക്കാൻ പര്യാപ്തമായ പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രമിക്കേണ്ടതാണ്. പണച്ചെലവു കരുതി തിരുവനന്തപുരം റയിൽവേ ലൈൻ ആരംഭിക്കുവാൻ തുടങ്ങിയ അവസരത്തിൽ ബഹുജനസമ്മതി ലഭിച്ചിരുന്നില്ല. ഇന്ന് അത്യന്തശ്രേയോപ്രയോജനത്തിൽ ആയിരിക്കുന്നു.

MR. K. K. CHELLAPPAN PILLAI : സർ, റയിൽവേ നീട്ടുന്നതിനെ സംബന്ധിച്ച് ഇവിടെ പല വാദപ്രതിവാദങ്ങൾ നടന്നു. റയിൽവേ നീട്ടണമെന്നുള്ള കാര്യത്തിൽ എല്ലാവരും ഒരേ അഭിപ്രായക്കാരായിട്ടാണ് കാണുന്നത്. കന്യാകുമാരി മുതൽ കോഴിക്കോട്ടുവരെ റയിൽവേ നീട്ടുന്നതിൽ എല്ലാവരും അനുകൂലിക്കുകയാണു ചെയ്യുന്നത്.

MR. KANNARA GOPALA PANICKER : ആലുവാ മുതൽ കോഴിക്കോട്ടു വരെ ഇപ്പോൾ റെയിൽവെ ഉണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെംബർക്ക് അറിയാമോ?

MR. K. K. CHELLAPPAN PILLAI : ഉചിതമായ എല്ലാ വഴികളും കൂടിയും നീട്ടിക്കൊള്ളട്ടെ എന്ന അർത്ഥത്തിലാണ് ഞാൻ പറഞ്ഞത്. റെയിൽവേ നീട്ടുന്നതു നല്ലതുതന്നെ. പക്ഷെ അതിന്റെ പ്രായോഗിക കാര്യം കൂടെ ചിന്തിക്കേണ്ടതുണ്ട്. ഇപ്പോൾ ഒരു പാർട്ടി വന്നതുകൊണ്ട് ഇങ്ങനെ ഉള്ള കാര്യങ്ങൾ വരുമ്പോൾ മുൻപ് മെമ്പറന്മാർ ഏകാഭിപ്രായക്കാരായിനിന്ന് പഴയ ഗവണ്മെന്റിനോട് പറയുന്നതുപോലെ ഇപ്പോൾ പറയാൻ പാടില്ലെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. കാരണം രാജ്യത്തിന്റെ ഭരണം ഇപ്പോൾ ജനങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. രാജ്യത്തിന്റെ നില, ജനാഭിലാഷം, അതു സാധിക്കുന്നതിലുള്ള പ്രായോഗിക വൈഷമ്യം, അതിനുള്ള പരിതഃസ്ഥിതി, സമ്പൽസ്ഥിതി ഇങ്ങനെ പല കാര്യങ്ങളെപ്പറ്റി ചിന്തിച്ചതിനു ശേഷമേ എന്തെങ്കിലും നിർദ്ദേശം ഇപ്പോൾ ഗവണ്മെന്റിനു നൾകാവൂ എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഏകാധിപത്യത്തിന്റെ കീഴിൽ ഒരു എസ്റ്റേറ്റിന്റെ ഭരണം പോലെ നടത്തുന്ന പഴയ ഭരണ സമ്പ്രദായത്തോടു കൊച്ചു കുട്ടികൾ രക്ഷകർത്താക്കളോട് പറയുന്നതുപോലെ കണ്ണുമടച്ചുകൊണ്ട് റെയിൽവേ കൊണ്ടുവാ, സ്റ്റേറ്റ് ട്രാൻസ്പോർട്ട് കൊണ്ടുവാ, എന്നും മറ്റും പറയുന്നതിൽ പക്ഷേ തെറ്റില്ലായിരിക്കാം. ഉത്തരവാദിത്വമില്ലാതെ ഭരണം നടത്തുമ്പോൾ നമ്മുടെ ആവശ്യങ്ങളും അവകാശങ്ങളും പറയേണ്ടതാണ് നമ്മുടെ കടമ. ഇന്ന് നാം ഉത്തരവാദിത്വം ഏറ്റിരിക്കുന്നവരാണെന്ന് ഓർക്കണം.

സർ, തിരുവിതാംകൂറിന്റെ തെക്കേ അറ്റത്തുനിന്നും വടക്കേ അറ്റംവരെ റെയിൽവെ ഉണ്ടാക്കുന്നതു വളരെ അഭിലഷണീയംതന്നെ. അതിൽ ആർക്കും അഭിപ്രായ വ്യത്യാസത്തിന് വകയില്ല. ഇന്നത്തെ ട്രാൻസ്പോർട്ടിൽ കൂടിയുള്ള യാത്രയുടെ വൈഷമ്യങ്ങളോർക്കുമ്പോൾ നിശ്ചയമായും റെയിൽവേ കൂടിയേ തീരൂ എന്ന് തോന്നിയും പോകും. പക്ഷേ അതു സംബന്ധിച്ചു നാം ചെലവു ചെയ്യേണ്ട പണം എത്രയാണെന്നാലോചിക്കണം. സ്റ്റേറ്റ് ട്രാൻസ്പോർട്ടിനുവേണ്ടി ൧൧൨൪-ലെ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നതു ൭൦ ലക്ഷം രൂപയാണ്. ഇനി സ്റ്റേറ്റ് ട്രാൻസ്പോർട്ട് രാജ്യം മുഴുവൻ നടപ്പിൽ വരുത്തുന്നതിന് ൨[illegible] ലക്ഷം

രൂപാകൂടി ചെലവു ചെയ്യേണ്ടതായും വരും. കൊട്ടാരക്കര മുതൽ ആലുവാ വരെ റെയിൽവേ ലൈൻ നീട്ടുന്നതിന് ഞാൻ മുൻപ് ഒരു കണക്ക് എടുത്തതിൽ രണ്ടുകോടി രൂപായുടെ ചെലവു വരുമെന്നാണു കണ്ടതു്. അതു് യുദ്ധത്തിനു മുൻപാണു്. ഇപ്പോൾ നിശ്ചയമായും മൂന്നു കോടി രൂപായെങ്കിലും ചെലവു വരും. തിരുവനന്തപുരത്തുനിന്നും കന്യാകുമാരിവരെ ലൈൻ നീട്ടുന്നതിന് മൂന്നു നാലു കോടി രൂപായുടെ ചെലവു വരും. ഇങ്ങിനെ പത്തു പന്ത്രണ്ടുകോടി രൂപാ ചെലവു വരുന്ന ഒരു പദ്ധതിയാണ് നാം ഇപ്പോൾ നിർദ്ദേശിക്കുന്നതു്. ഇതു് ആലോചിച്ചു തീരുമാനിക്കേണ്ട ഒരു കാര്യമാണെന്നേ എനിക്കു പറയുവാനുള്ളൂ.

MR V. O. MARKOS : സർ, ഏററവും പ്രാധാന്യമർഹിക്കുന്ന ഈ റയിൽവേയുടെ ആവശ്യകതയെപ്പററിയുള്ള ചർച്ചയിൽ ഇവിടെ നടന്ന പ്രസംഗങ്ങൾ കേട്ടപ്പോൾ എന്റെ മനസ്സിൽ ഓർമ്മവന്നതു് അടുത്ത കാലത്തു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി മദ്ധ്യതിരുവിതാംകൂറിൽ എവിടെയെങ്കിലും ഒരു കാളേജ് തുടങ്ങുവാൻ ഗവമെന്റു ആലോചിച്ചുവരുന്നു എന്നൊരു പ്രസ്താവന മുമ്പൊരവസരത്തിൽ ചെയ്തതിനെ തുടർന്ന് അതു ഏതു സ്ഥലത്താണു സ്ഥാപിക്കേണ്ടതെന്നുള്ളതിനെപ്പററി പത്രങ്ങൾ മുഖേനയും പൊതുയോഗങ്ങൾമുഖേനയും നിവേദനങ്ങൾമുഖേനയും നടന്ന വാദകോലാഹലങ്ങൾ ആണു്. രാജ്യത്തിന്റെ വാണിജ്യപരവും സാമ്പത്തികപരവുമായ അഭിവൃദ്ധിയെ സാരമായി സ്പർശിക്കുന്നതും ഏററവും പ്രാധാന്യമർഹിക്കുന്നതുമായ ഈ കാര്യത്തെപ്പററി ചർച്ച നടന്ന അവസരത്തിൽ അതു് ഇന്നിന്ന സ്ഥലങ്ങളിൽകൂടി ഇന്നിന്ന വഴിയെ പോകണമെന്നുള്ള അഭിപ്രായത്തിനാണു പ്രാധാന്യം കൊടുക്കേണ്ടതു. കേവലം ഗതാഗതസൗകര്യത്തെ കരുതി മാത്രമാണു റയിൽവെ ഉണ്ടാക്കുന്നതെന്നുള്ള തെററിദ്ധാരണ പല മാന്യമെമ്പറന്മാരുടെ മനസ്സിൽ കടന്നുകൂടീട്ടുണ്ടോ എന്നു തോന്നിപ്പോയി. മി. ചെല്ലപ്പൻപിള്ളയുടെ പ്രസംഗത്തിലും റയിൽവെ നീട്ടുന്നതു് പ്രധാനമായി ഗതാഗതാവശ്യത്തിനാണെന്നു പറഞ്ഞതുപോലെതന്നെ തോന്നി. എന്നാൽ ഗതാഗതത്തേക്കാൾ രാജ്യത്തിന്റെ വ്യവസായത്തെയും കച്ചവടത്തെയും അഭിവൃദ്ധിപ്പെടുത്തുക എന്ന ആവശ്യമാണു് റയിൽവേ കൊണ്ടു പ്രധാനമായി നിർവഹിക്കുന്നതു എന്നുള്ള വസ്തുത മനസ്സിൽ വച്ചുകൊണ്ടുവേണം നാം റയിൽവേയെപ്പററി ചിന്തിക്കയും സംസാരിക്കയും ചെയ്യാൻ.

[Mr. V. O. Markos]

സർ സി. പി. രാമസ്വാമി അയ്യരവർകളുടെ സ്വതസിദ്ധവും സാധാരണവുമായ Superlative ഭാഷയിൽ അദ്ദേഹം "I shall not have one inch of Railway in this State" എന്നു പുറപ്പെടുവിച്ച കല്പന ഇവിടെ ഇനി നടപ്പിലാകാൻ പോകുന്നില്ല എന്നുതന്നെയാണ് ഞാൻ വിചാരിക്കുന്നതു്. പ്രത്യേക ഉദ്ദേശത്തിൽ അദ്ദേഹം ധിക്കാരമായി പുറപ്പെടുവിച്ച ആ കല്പനയുടെ മൗഢ്യം ഇന്നത്തെ ജനകീയഗവൺമെൻറു മനസ്സിലാക്കുക തന്നെ ചെയ്യും. റോഡ്ട്രാൻസ്പോർട്ട് എത്രതന്നെ വിപുലമാക്കിയാലും വ്യാവസായികവാണിജ്യ ആവശ്യങ്ങൾ അതുകൊണ്ടുമാത്രം ഒരിക്കലും നിർവഹിക്കപ്പെടാവുന്നതല്ല. യാതൊരു പരിഷ്കൃതരാജ്യങ്ങളിലും റയിൽവേയുടെ ആവശ്യത്തെപ്പററി സന്ദേഹിച്ചിട്ടില്ല. പ്രത്യേകിച്ചും തിരുവിതാംകൂർ രാജ്യത്തിൻെറ കിടപ്പും ഭൂപ്രകൃതിയും ഇവിടത്തെ റോഡ് ട്രാൻസ്പോർട്ടിൻെറ അസൗകര്യങ്ങളും ഇവിടത്തെ വിഭവങ്ങളുടെ വൈവിദ്ധ്യവും ഉൽഭവസ്ഥാനങ്ങളും പരിഗണിക്കുമ്പോൾ തിരുവിതാംകൂറിൻെറ തെക്കെ അററം മുതൽ വടക്കെ അററം വരെ റയിൽവെ ഉണ്ടാക്കേണ്ടതു് ഏററവും അത്യാവശ്യമാണെന്ന് ആർക്കും കാണാവുന്നതാണ്. ആ റയിൽവെ ഏതു വഴിക്കാണു പോകേണ്ടതെന്നുള്ള കാര്യം ഞാൻ മുമ്പു പറഞ്ഞതുപോലെ വ്യവസായത്തേയും വാണിജ്യത്തേയും അഭിവൃദ്ധിപ്പെടുത്തുക എന്ന ഉദ്ദേശത്തെ ലക്ഷ്യമാക്കി വിദഗ്ദ്ധാഭിപ്രായപ്രകാരം നിശ്ചയിക്കേണ്ടതാണ്.

മി: വാട്ട്സ് ദിവാനായിരുന്ന കാലത്താണ് ഇങ്ങനെയുള്ള റയിൽവെയ്ക്കുള്ള ഒരു ഔദ്യോഗികപദ്ധതി ആദ്യമായി സമാരംഭിച്ചതു്, അന്ന് ഏകദേശം ൧൦൦ മൈൽ ദൂരം വരുന്ന കൊല്ലവും എറണാകുളവുമായി ബന്ധിപ്പിക്കുന്ന ഒരു റയിൽവെ ലൈനാണ് തുടങ്ങുവാൻ പ്രധാനമായി ആലോചനയിലിരുന്നതു്. അതിലേക്ക് ഒരു കോടിരൂപയ്ക്കുമേൽ ചെലവു വരുമെന്ന് അന്നു കണക്കാക്കിയിരുന്നു. ഇന്ന് അതിൻെറ മൂന്നിരട്ടിയോ നാലിരട്ടിയോ ചെലവു വന്നേക്കാം. ഇല്ലാതെ ഇവിടെ ചില ബഹുമാനപ്പെട്ട മെംബറന്മാർ പറഞ്ഞതുപോലെ ആ റയിൽവേയ്ക്കു ൧൨ കോടി രൂപയോ മററോ ചെലവാകുവാൻ പോകുന്നില്ല. ഇതിലേയ്ക്ക് നാലഞ്ചു ലക്ഷം രൂപ ചെലവുചെയ്തു അക്കാലത്തു ഒരു സർവേ നടത്തി പ്ലാനും തയാറാക്കിയിരുന്നതായി എനിക്കറിയാം. എൻെറ മാന്യസ്നേഹിതൻ മി: മാത്യു പറയുകയുണ്ടായി, ഇതു സംബന്ധിച്ചുള്ള റിക്കാർഡുകൾ ഇപ്പോഴും ഉണ്ടെന്ന്. അന്നു മുതൽ ഇക്കാര്യത്തിൽ എനിക്കുണ്ടായിരുന്ന താല്പര്യംകൊണ്ട് അടുത്തകാലത്തു് ഞാൻ

അതിനെപ്പററി ആലോചിക്കയുണ്ടായി. ഇന്നു തിരുവിതാംകൂർ സംസ്ഥാനത്തു് യാതൊരു ആഫീസുകളിലും ആ പ്ലാനില്ലെന്നാണു് ഞാൻ കേട്ടതു്. ഇന്നു ബഹുമാനപ്പെട്ടമന്ത്രി ഇതു സംബന്ധിച്ചു് മറുപടി പറയുമ്പോൾ ഈ പ്ലാനും മററു റിക്കാർഡുകളും എവിടെയെങ്കിലും ഇരിപ്പുണ്ടോ എന്നുകൂടി പറഞ്ഞാൽ കൊള്ളാം. വളരെ പണം ചെലവുചെയ്തു നിർമ്മിച്ചിട്ടുള്ള ഒരു റിക്കാർഡാണു് അതു്. ആ പ്രമാണങ്ങൾ നോക്കി എടുത്തു പരിശോധിച്ചു രാജ്യത്തിന്റെ ജീവനാഡിയാകേണ്ട ഈ റയിൽവെയുടെ പണി ആരംഭിക്കുന്നതിനു വേണ്ട നടപടികൾ ഗവണ്മെൻറു ഉടനെ തുടങ്ങണം.

MR. P. CHACKO: സർ, ബഹു. റയിൽവേ വകുപ്പ് മന്ത്രി ഈ സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയ്ക്കു് എതിരായി ഈ സഭയിലെ ൨൭ ബഹു. മെംബറന്മാർ ഖണ്ഡനോപക്ഷേപങ്ങൾ അയച്ചിട്ടുള്ളതായി കാണുന്നു. മററു ധനാഭ്യർത്ഥനകളിൽ കണ്ടുവരാറുള്ളതുപോലെ പലവിധ കാര്യങ്ങൾക്കായുള്ള ഉപക്ഷേപങ്ങൾ ഈ ധനാഭ്യർത്ഥനയ്ക്കു കൊണ്ടുവന്നിട്ടുള്ളതായി കാണുന്നില്ല. എല്ലാവരും റെയിൽവേ നീട്ടണമെന്നുള്ള കാര്യത്തെപ്പററി പ്രതിവാദിക്കുന്നതിനായിട്ടാണു് ഉപക്ഷേപങ്ങൾ അയച്ചിട്ടുള്ളതു്.

തിരുവിതാംകൂറിലെ തീവണ്ടി കണ്ടിട്ടില്ലാത്ത അദ്ധ്യാപകന്മാർ തന്നെ ഉണ്ടെന്നു പറയുമ്പോൾ ഇതിന്റെ അത്യാവശ്യം എത്രമാത്രമാണെന്നു് അറിയാവുന്നതാണു്. അടുത്ത കാലത്തു് ഏഴാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുന്ന ഒരു വിദ്യാർത്ഥി തീവണ്ടിക്കു് ചക്രങ്ങളില്ലാ എന്നു പറയുകയുണ്ടായി. അങ്ങിനെയാണു് ആ ക്ലാസ്സിലെ അദ്ധ്യാപകൻ ആ കുട്ടിയെ പഠിപ്പിച്ചതെന്നു പറഞ്ഞു. തിരുവിതാംകൂറിൽ വിശേഷിച്ചു് മദ്ധ്യതിരുവിതാംകൂറിൽ താമസിക്കുന്ന ആളുകൾക്കു് തീവണ്ടി കാണണമെങ്കിൽ ൪൦-൫൦ മൈൽ സഞ്ചരിക്കണം എന്നു വരുന്നതു് വളരെ ശോചനീയമായ ഒരു നിലയാണെന്നു പറയാതെ നിവൃത്തിയില്ല. വടക്കൻ തിരുവിതാംകൂറിലുള്ളവർക്കു് ഉണ്ടാകുന്നതുപോലെ യാത്രക്കുള്ള സൗകര്യം മററാർക്കുംതന്നെ ഇല്ല. ഈ സഭയിൽ ഇരിക്കുന്ന പല ബഹുമാനപ്പെട്ട മെംബറന്മാരും ഈ സഭയിൽ ഹാജരാകുവാൻ എത്രമാത്രം ക്ലേശങ്ങൾ അനുഭവിക്കുന്നുണ്ടെന്നുള്ളതു് അനുഭവമുള്ള കാര്യമാണല്ലോ. എക്സ്പ്രസ്സ് വണ്ടിക്കുപോലും ഒരാഴ്ചയ്ക്കു മുമ്പു ശ്രമിച്ചില്ലെങ്കിൽ ടിക്കററു കിട്ടുകയില്ല. അഥവാ ടിക്കററു കിട്ടിയാൽതന്നെ എം. സി. റോഡിന്റെ ശോചനീയമായ സ്ഥിതി

[Mr. P. Chacko]

കൊണ്ടു് കുറച്ചു ഭാരം മാത്രം കയററുന്ന എക്സ്പ്രസ്സ് വണ്ടിയിൽ സഞ്ചരിക്കുന്നവരുടെ അസ്ഥിയും മാംസവും സഞ്ചാരവേളയിൽ നടത്തുന്ന മൽപ്പിടിത്തം വളരെ ശക്തിയേറിയതാണു. ഒരു പതിനാലു മൈൽ സഞ്ചരിച്ചാൽ ഉണ്ടാകുന്ന ശരീരക്ഷീണം അനേകം ദിവസങ്ങളോളം നീണ്ടുനില്ക്കും. സാധാരണ ബസ്സുകളിലെ കാര്യം പറയേണ്ടതുമില്ല. സർ, ഈ യാത്രയുടെ അസൌകര്യത്തെ കരുതിയെങ്കിലും റെയിൽവേ ഉത്തര തിരുവിതാംകൂറിലേക്കു് നീട്ടേണ്ടതാണു്.

കൂടാതെ ഗവണ്മെൻറിനു് ആണ്ടുതോറും വലിയ ഒരു സംഖ്യ ആദായം, റയിൽവേ നീട്ടുന്നതു മൂലം ലഭിക്കുന്നതാണു്. കാരണം ഇപ്പോൾ ഗവണ്മെൻറിൽനിന്നും ഒന്നാംക്ലാസ്സ് ഉദ്യോഗസ്ഥന്മാർക്കും ഈ സഭയിലെ ബഹു. മെംബറന്മാർക്കും സഞ്ചാരപ്പടി നൽകുന്നതു് മൈലിനു് പതിനാലു ചക്രം എന്ന നിരക്കിലാണു്. തീവണ്ടി മദ്ധ്യതിരുവിതാംകൂറിൽകൂടി വടക്കേ അററംവരെ ഉണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ തീവണ്ടിയിൽ സഞ്ചരിക്കുന്നതിനു് അനുവദിച്ചിരിക്കുന്ന ഒന്നാംക്ലാസ്സിന്റെ ഇരട്ടിപ്പടി എന്ന നിരക്കാണെങ്കിൽ തന്നെ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയിൽനിന്നു വളരെ കുറവായിട്ടു മാത്രമേ കാണുകയുള്ളു. പക്ഷേ സ്വന്തം കാറിൽ സഞ്ചരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു് ഇതു് നഷ്ടത്തിനു് ഹേതുവായിരിക്കാം. എന്നിരുന്നാലും ഗവണ്മെൻറിനു് ആണ്ടുതോറും ഈ ഇനത്തിൽ വളരെ ലാഭമുണ്ടാകുന്നതാണു്. കോട്ടയത്തുള്ള ഒരാളിനോടു അടുത്ത റയിൽവേ സ്റ്റേഷൻ ഏതാണെന്നു വിദേശത്തുള്ളവർ ചോദിച്ചാൽ പതിനാലു മൈൽ ദൂരമുള്ള കൊട്ടാരക്കര എന്നോ ആലുവാ എന്നോ വേണം പറയുവാൻ. സർ, ഇതു് നമുക്കു് വളരെ ആക്ഷേപകരമായ ഒരു കാര്യമാകുന്നു.

പോസ്ററുവാർ റീകൺസ്ട്രക്ഷൻ പദ്ധതിക്കു് പല ഇനങ്ങളിലായി നല്ല തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടെങ്കിലും റയിൽവേ വകുപ്പിനു് അതിൽനിന്നും യാതൊരു തുകയും കൊള്ളിച്ചിട്ടില്ല. എന്നിരുന്നാലും പോസ്റ്റു വാർ റീകൺസ്ട്രക്ഷൻ ഫണ്ടിൽ നിന്നും, റയിൽവേ നീട്ടുന്നതിനു് കൂടി ഒരു പദ്ധതി ഉണ്ടാക്കി പണം ചെലവാക്കുന്നതു് തൊഴിലില്ലായ്മയ്ക്കു ഒരു പരിഹാരമെന്ന നിലയിലും സഞ്ചാരസൌകര്യം വർദ്ധിപ്പിക്കുന്നു എന്ന നിലയിലും വളരെ നന്നായിരിക്കുമെന്നു് എനിക്കു തോന്നുന്നു.

ഇവിടെ മറെറാരു ബഹു: മെമ്പർ പറഞ്ഞു റയിൽവേ സമുദ്രതീരത്തുകൂടി നീട്ടണമെന്നു്. വ്യവസായത്തേയും വാണിജ്യത്തേയും അഭി

വ്യാപ്തിപ്പെടുത്തുവാൻ ആ വഴിയിൽക്കൂടി റെയിൽവേ നീട്ടുന്നതാണ് കൂടുതൽ സൌകര്യമെന്നുള്ളതാണ് അദ്ദേഹത്തിന്റെ അഭിപ്രായം. കൊല്ലത്തേയും കൊച്ചിയേയും ആലപ്പുഴയേയും അതു സംയോജിപ്പിക്കുമെന്നും ഇവ വ്യവസായ പ്രധാനങ്ങളായ പട്ടണങ്ങളാണെന്നും അദ്ദേഹം സൂചിപ്പിച്ചു. എന്നാൽ ഈ രാജ്യത്തെ ഭൂരിപക്ഷം വരുന്ന കർഷകർക്ക് ആ വഴിയിൽ കൂടിയുള്ള റെയിൽവേകൊണ്ട് വലിയ പ്രയോജനം ഉണ്ടാകാൻ പോകുന്നില്ല. കൊല്ലത്തേയും ആലപ്പുഴയേയും പോലെ തന്നെ കോട്ടയം പട്ടണവും വ്യവസായത്തെയും വാണിജ്യത്തെയും സംബന്ധിച്ചിടത്തോളം അത്ര മോശമായ ഒരു പട്ടണമല്ല. അതുകൊണ്ട് കോട്ടയം വഴി റെയിൽവേ നീട്ടുന്നത് രാജ്യത്തിന്റെ അഭിവൃദ്ധിക്കു അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. ഈ വർഷംതന്നെ അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

(At this stage the Deputy President occupied the chair)

MR. EAPEN ARAKKAL: (*Ambalapuzha I—Latin Catholic*) സർ, ഞാൻ ഒരു പായിന്റു ഓഫ് ഓർഡർ കൊണ്ടുവരുന്നു. ഇവിടെ നടന്ന എല്ലാ പ്രസംഗങ്ങളും ഒരേ കാര്യത്തെ പരാമർശിച്ചു മാത്രമാണ് നടന്നിട്ടുള്ളത്. അതായത് റയിൽവേ ലൈൻ ആലുവാവരെ നീട്ടണം എന്നുള്ള കാര്യം. ഈ വിഷയത്തെപ്പററി വളരെ അധികം പ്രസംഗങ്ങൾ ഇതിനകം നടന്നുകഴിഞ്ഞു. പ്രസിഡന്റു അവർകൾ അംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്തിരിക്കുന്ന വ്യവസ്ഥലേഖയിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഒരേ വിഷയത്തെക്കുറിച്ച് അനവധി പ്രസംഗങ്ങൾ ഉണ്ടാകുന്നതിനെ തടയേണ്ടതാണ്. എന്നാൽ ഒരു ക്ലോഷർമോഷൻ എനിക്കു തന്നെ കൊണ്ടുവരാമായിരുന്നു. പക്ഷെ, റയിൽവേയെ സംബന്ധിച്ചു തന്നെ മററു ചില കാര്യങ്ങൾകൂടി പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് ക്ലോഷർമോഷൻ കൊണ്ടുവരാതിരിക്കുന്നത്.

DEPUTY PRESIDENT: മെംബർ ഒരു പോയിന്റു ഓഫ് ഓർഡർ ഉണ്ടെന്നാണ് പറഞ്ഞത്. ഇപ്പോൾ ഒരു പ്രസംഗം ചെയ്യുന്നതായി കാണുന്നു.

MR. EAPEN ARAKKAL: അതുകൊണ്ടു ഈ വിഷയത്തെപ്പററിയുള്ള വാദപ്രതിവാദം ഇപ്പോൾ അവസാനിപ്പിക്കുകയും റയിൽവേ സംബന്ധിച്ച മററുകാര്യങ്ങൾ പറയുവാൻ സമയം അനുവദിക്കുകയും ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളത്.

DEPUTY PRESIDENT : മി. അറയ്ക്കൽ പറഞ്ഞ കാര്യം ആലോചിക്കാവുന്നതാണ്. മി. അറയ്ക്കലിനു പ്രസംഗിക്കാൻ സമയം അനുവദിക്കാം.

MISS. ACCAMMA CHERIYAN (*Changanacherry I—General*) : സർ, കൊട്ടാരക്കരനിന്നും ആലുവായിലേക്കു റയിൽവേ നീട്ടുന്നതിനെപ്പറ്റിയാണ് ഞാൻ ഉപക്ഷേപം അയച്ചിരിക്കുന്നത്. ആ വിഷയത്തെപ്പറ്റി ഇവിടെ മററു ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞിട്ടുള്ളതിൽ കൂടുതലായി എനിക്കു യാതൊന്നും തന്നെ പറയാനില്ല. ഇതിനുവേണ്ടി വരുന്ന പണച്ചെലവു കണക്കാക്കാതെ ഈ പ്രശ്നം എത്രയും താമസംവിനാ പൂർണ്ണമായി ഗവണ്മെൻറു ആലോചിക്കുകയും നടപ്പിൽ വരുത്തുവാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്.

MR. K. A. GANGADHARA MENON (*Nedumangad I—General*) : സർ, ഈ ഉപക്ഷേപത്തെപ്പററി ഇവിടെ പറയാത്ത കാര്യം പറഞ്ഞാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു

DEPUTY PRESIDENT : ഉപക്ഷേപങ്ങൾ അയച്ചിട്ടുള്ള മെമ്പറന്മാർ സംസാരിച്ചു കഴിയട്ടെ.

MR. K. N. SANKUNNY PILLAI (*Kottayam IV—General*) : സർ, കൊട്ടാരക്കരനിന്നും ആലുവായ്ക്കു് റെയിൽവെ നീട്ടുന്നതിനെപ്പററി പലരും ഇവിടെ പറഞ്ഞു. ഈ സഭയിലെ എല്ലാ അംഗങ്ങളും ഇതിൽ ആനുകൂല്യം പ്രദർശിപ്പിച്ചതിൽ എനിക്കു് വളരെ ചാരിതാർത്ഥ്യമുണ്ടു്. മന്ത്രിസഭ ഈ ഏകകണ്ഠമായ ആനുകൂല്യത്തെപ്പററി പ്രത്യേകം ഗൌനിക്കുമെന്നു് വിശ്വസിക്കുന്നു. എന്റെ സ്നേഹിതൻ മി. മാക്കോസ് വ്യാവസായികവും വാണിജ്യപരവുമായ അഭിവൃദ്ധിയെപ്പററി ചൂണ്ടിക്കാണിച്ചതിനോടു് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ആലുവാ നമ്മുടെ ഒരു പ്രധാനവ്യവസായകേന്ദ്രമാണ്. അതുകൊണ്ടു്, റയിൽവേ കന്യാകുമാരിമുതൽ ആലുവാ വരെ നീട്ടുന്നതായാലും വിരോധമില്ലാ.

ഈ റയിൽവേയുടെ ആവശ്യകതയെക്കുറിച്ചു് മി. എൻ. പി. വർഗ്ഗീസു ശക്തിയായി വാദിച്ചപ്പോൾ ഇതു് നാളെത്തന്നെ അനുവദിക്കുവാൻ പോകുന്ന കാര്യമാണോ എന്നു് ആക്ഷേപസ്വരത്തിൽ ചോദിക്കയുണ്ടായി. കോട്ടയത്തുനിന്നുമുള്ള ഒരു നിയോജകമണ്ഡലത്തിൽനിന്നും വന്ന പ്രതിനിധി അങ്ങിനെ ചോദിച്ചതിൽ ഞാൻ വ്യസനിക്കുന്നു. കൂടാതെ, മി. ചാക്കോയുടെ ചോദ്യം കേട്ടാൽ അദ്ദേഹം പറയുന്നതു് മാത്രം മന്ത്രിസഭ സ്വീകരിച്ചു് ഒരു പ്രസ്സ്നോട്ടായിട്ടു് പിറേറ ദിവസം പ്രസിദ്ധപ്പെടുത്തുന്ന രീതി ഉണ്ടെന്നു് തോന്നിപ്പോകും.

MR. P. T. CHACKO : റയിൽവേ നാളെ വരാൻ പോകുന്നുവോ എന്ന് ഞാൻ ചോദിച്ചത് വേറെ അർത്ഥത്തിലാണ്. ബഹുമാനപ്പെട്ട ഒരു മെമ്പർ അഭിപ്രായപ്പെടുകയും മറെറാരു മെമ്പർ അനുകൂലിക്കയും ചെയ്തതുകൊണ്ടുമാത്രം ഇവർ പ്രസംഗിക്കുന്ന ആ നിമിഷങ്ങൾക്കിടയിൽ നടപ്പിൽ വരാൻ പോകുന്നില്ലെന്നും ഇതിൻെറ നാനാവശങ്ങളെപ്പററി പര്യാലോചിച്ചിട്ട് നടപ്പിലാക്കുവാനേ സാധിക്കുകയുള്ളു എന്നും അപ്പോൾ പ്രസംഗിച്ചുകൊണ്ടിരുന്ന ബഹുമാനപ്പെട്ട മെമ്പറെ മനസ്സിലാക്കാൻവേണ്ടി അർത്ഥം വരത്തക്കനിലയിലാണ് ഞാൻ പറഞ്ഞത്.

MR. K. N. SANKUNNY PILLAI : മി. ചാക്കോയുടെ വിശദീകരണം എനിക്കു വളരെ സന്തോഷത്തിനു വക തരുന്നുണ്ട്. ഞങ്ങളുടെ ഭാഗത്തുനിന്നും വരുന്ന ഒരു മെമ്പർ ഇതിനെ എതിർത്തല്ലോ എന്നുള്ള സങ്കടംകൊണ്ടു പറഞ്ഞതാണ്. മി. രാമകൃഷ്ണപിള്ള ആലപ്പുഴ വഴി കൊച്ചിയ്ക്കാണ് റയിൽവേ ലയിൻ ഇടേണ്ടതെന്ന് ഇടയ്ക്കു കേറി പറയുകയുണ്ടായി. ആ വഴിയും ലയിൻ നീട്ടുന്നതിൽ ഞാൻ വിരോധിയല്ല. ആ വഴിയ്ക്കു റയിൽവേ ആവശ്യമുണ്ടെന്നു തോന്നുന്നവർ അതു പറഞ്ഞുകൊള്ളണം. എന്നാൽ, അതുകൊണ്ട് കൊട്ടാരക്കര—കോട്ടയം—ആലുവാ ലയിൻ വേണ്ടാ എന്നു പറയുവാൻ അദ്ദേഹത്തിന് അവകാശമില്ല.

ഈ സഭയിലെ അംഗങ്ങൾ എല്ലാവരും ഈ ലയിനിൻെറ ആവശ്യകതയെപ്പററി ചൂണ്ടിക്കാണിച്ച സ്ഥിതിക്ക് ഈ സംഗതി നിശ്ചയമായും മന്ത്രിസഭ നടപ്പിൽ വരുത്തേണ്ട ചുമതലയുണ്ട്. അതു് ഉടനെ നടപ്പിലാക്കണമെന്നും വേണ്ടിവന്നാൽ ഇക്കാര്യത്തിലേക്ക് അടുത്തുതന്നെ ഒരു സപ്ലിമെൻററി ഗ്രാൻറ് അവർ കൊണ്ടുവരുമെന്നുമാണ് എൻെറ വിശ്വാസം.

MR. JOSEPH MALIECKAL : സർ, റയിൽവേ സംബന്ധിച്ച് നമ്മുടെ നാട്ടിനു വലിയ അധഃപതനം വന്നുപോയിട്ടുണ്ട്. അതും സർ. സി. പി. രാമസ്വാമി അയ്യരുടെ ഭരണത്തിൻെറ മറെറാരു ഫലമാണ്. കൊല്ലം മുതൽ ചെങ്കോട്ടവരെയുള്ള റയിൽവേ നിട്ടാൻവേണ്ടി സൗത്തിൻഡ്യൻ റയിൽവേ കമ്പനിക്കാരുമായി നമ്മുടെ ഗവണ്മെൻറു ഒരു വ്യവസ്ഥയിൽ ഏർപ്പെട്ടു. ആ വ്യവസ്ഥപ്രകാരം ൧൧൨൦-ൽ ൧൨ ലക്ഷം രൂപാ തെൻഇൻഡ്യാ റയിൽവേ കമ്പനിക്കാർക്ക് കൊടുത്താൽ കൊല്ലം ചെങ്കോട്ട റയിൽവേ നമ്മുടേതായിത്തീരും; ഉടനെ അതിലേക്കു ഒരു സിങ്കിംഗ് ഫണ്ട് ഏർപ്പെടുത്തി. ഈ നിലയിൽ ഈ ഫണ്ട്

[Mr. Joseph Maliackal.]

റയിൽവേ കടം വീട്ടുന്നതിന് ൧൧൨൦-ൽ പര്യാപ്തമായി ഭവിക്കുമെന്നു ജനങ്ങൾ വിചാരിച്ചു. എന്നാൽ സർ. സി. പി. രാമസ്വാമിഅയ്യർ ആ സിങ്കിംഗ് ഫണ്ടിലെ പണം വേറെ ആവശ്യത്തിനു എടുക്കുകയാണു ചെയ്തതു്. റയിൽവേ ഇൻഡ്യാഗവൺമെന്റിനു് വിട്ടുകൊടുക്കുന്നതാണു നല്ലതെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. അങ്ങനെ കൊല്ലം ചെങ്കോട്ട ലൈൻ നമ്മുടെ കയ്യിൽനിന്നും പോകുകയും ചെയ്തു. ഇപ്പോൾ കൊല്ലം തിരുവനന്തപുരം ലൈൻമാത്രമെ നമ്മുടെ കൈവശമുള്ളു.

സർ, ഞാൻ ഇതിനുമുൻപു ഇതുസംബന്ധിച്ചു ഒരു ചോദ്യം ഇവിടെ അയച്ചിട്ടുണ്ടായിരുന്നു. കൊല്ലം മുതൽ ആലുവാ വരെയുള്ള റയിൽവേ നീട്ടുന്നതിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും അതു സംബന്ധിച്ചു മി. മെർണി നടത്തിയ സർവെയും പ്ലാനും അദ്ദേഹത്തിന്റെ റിപ്പോർട്ടും ഈ സഭയിൽ വയ്ക്കുമോ എന്നായിരുന്നു ചോദ്യം. ചോദ്യം അയച്ചിട്ടു് നാലുമാസമായിട്ടും ഇതുവരെ മറുപടി കിട്ടിയിട്ടില്ല. എന്റെ സ്നേഹിതൻ മി. മാർക്കോസു പറഞ്ഞതായിരിക്കണം മറുപടി കിട്ടാത്തതിന്റെ കാരണമെന്നു് ഞാൻ വിചാരിക്കുന്നു.

സർ, ഇപ്പോൾ പഴയകാര്യം വിചാരിച്ചിട്ടു ഫലമില്ല. റയിൽവേ ഇന്നു് ഇൻഡ്യൻ യൂണിയന്റെ ചുമതലയിൽ ഇരിക്കുകയാണു്. കൊച്ചി ഹാർബർ ഇൻഡ്യാഗവൺമെന്റും, കൊച്ചിഗവൺമെന്റും തിരുവിതാംകൂർ ഗവൺമെന്റുംകൂടി യോജിച്ചു് നടപ്പിൽ വരുത്തിയ ഒരു പദ്ധതിയാണല്ലോ. നമ്മുടെ രാജ്യത്തു് റയിൽവേ നീട്ടുന്ന ചുമതല കൊച്ചി ഹാർബറിന്റെ പണി നടത്തിയതുപോലെതന്നെ ഇൻഡ്യായൂണിയന്റെ നേരിട്ടുള്ള ചുമതലയിൽ ഏല്പിക്കുവാൻ സാധിക്കുമോ എന്നു് ഗവൺമെന്റു ശ്രമിച്ചുനോക്കേണ്ടതാണു്. കൊല്ലം ചെങ്കോട്ട റയിൽവേ ഇപ്പോൾ ഇൻഡ്യായൂണിയന്റെ വകയായിട്ടാണിരിക്കുന്നതു്. സെൻട്രൽ ഗവൺമെന്റു് ഈയാണ്ടിൽ, രണ്ടായിരം മൈൽദൂരം ഇൻഡ്യൻ യൂണിയൻ പ്രദേശങ്ങളിൽ റയിൽവേ നീട്ടുവാനായി ബഡ്ജറ്റുചെയ്തിട്ടുണ്ടു്. അതിൽ ഒരു നൂറുമൈൽ ദൂരംവരുന്ന റയിൽവേ ഈ രാജ്യത്തു് ഉണ്ടാക്കിത്തരുവാൻ ഈ ഗവൺമെന്റു യൂണിയൻഗവൺമെന്റിനോടു അപേക്ഷിക്കണം. കൊച്ചി ഗവൺമെന്റും നമ്മുടെ ഗവൺമെന്റും ഇൻഡ്യാഗവൺമെന്റുമായി ഇതുസംബന്ധിച്ചു ചില എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ടെന്നാണു് എന്റെ അറിവു്. ഞാൻ അതിനെപ്പററിയും ചോദ്യം അയച്ചിരുന്നു. കടം വാങ്ങാൻ നമുക്കു പേടിയുണ്ടെങ്കിൽ ഒരു വിഷമവു

കൂടാതെ ഈ കാൎയ്യത്തിലേക്കു പണമുണ്ടാക്കുവാൻ ഒരു വിദ്യയുണ്ടു്. പത്തോ പതിനഞ്ചോ കൊല്ലം കഴിഞ്ഞു് ഗവൎമ്മെൻറിലേക്കു വിട്ടുകൊടുക്കണമെന്നുള്ള വ്യവസ്ഥയോടുകൂടി ഇതിനുവേണ്ടി ഒരു കമ്പനി സ്ഥാപിക്കുവാൻ യാതൊരു വിഷമവും ഇല്ല. അങ്ങനെ ഒരു കമ്പനി തുടങ്ങുന്ന പക്ഷം ഒരു മിനിട്ടുകൊണ്ടു് അതിന്റെ ഓഹരികൾ വിററുതീരും. ഉത്തരവാദിത്വത്തോടുകൂടി ഇങ്ങനെയുള്ള ഒരു കമ്പനി ആരംഭിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയാൽ മാത്രം മതിയാകും. അതിലേയ്ക്കു മുന്നിട്ടുനിന്നു പ്രവൎത്തിക്കാൻ ആരുമില്ലെങ്കിൽ, ഉത്തരവാദിത്വമുള്ളവർ ചുമതലപ്പെടുത്തിയാൽ ആ ചുമതല ഏററു നടത്തുവാനും ഞാൻ തയ്യാറാണു്.

MR. PAUL THALIAT : സാർ, വടക്കൻ തിരുവിതാംകൂറിൽ അതായതു് പറവൂർ, കുന്നത്തുനാട്ടു്, മൂവാററുപുഴ, ഈ താലൂക്കുകളിലെ സാധാരണ ജനങ്ങളുടെ ഇടയിൽ ഒരു സംസാരമുണ്ടു്. അതായതു്, കോട്ടയത്തിനപ്പുറം തിരുവിതാംകൂർ രാജ്യം ഇല്ലെന്നാണു്. അതു് തെററായ ഒരു ധാരണയായിരിക്കാം. പക്ഷെ മുമ്പിലത്തെ ഗവൎമ്മെൻറു നിലവിലിരുന്നപ്പോൾ അവർ അതിനെ വിശ്വസിച്ചിരുന്നു. അങ്ങനെ വിശ്വസിക്കാൻ ചില കാരണങ്ങളും ഉണ്ടു്. എന്നാൽ, നമ്മുടെ ഇപ്പോഴത്തെ മന്ത്രിസഭ ഭരണം കയ്യേററിട്ടും ഇതിനകം ആ വിശ്വാസത്തിനു യാതൊരു മാററവും വന്നിട്ടില്ല. ഇപ്പോഴത്തെ ബഡ്ജററു് നോക്കുമ്പോഴും അവർക്കു് ആ ധാരണയിൽനിന്നും പിൻമാറാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. ഇതിനു് കാരണമായി ഞാൻ കാണുന്നതു് ആ പ്രദേശങ്ങളും തിരുവിതാംകൂറിലെ തലസ്ഥാനനഗരവും മററു പ്രധാന നഗരങ്ങളുമായി ഗതാഗതസമ്പർക്കം ഇല്ലാത്തതുകൊണ്ടാണെന്നാണു്. ജനങ്ങൾക്കു് അവിടെയും ഇവിടെയും എളുപ്പത്തിൽ പോയി വരുന്നതിനും മററും അതാതു സ്ഥലങ്ങളിൽ ഉള്ള സൗകൎയ്യക്കുറവുമാണു് ഇങ്ങനെ ഒരു തെററിദ്ധാരണ അവർക്കുണ്ടാകുന്നതിനുള്ള കാരണം. അതിനുള്ള പരിഹാരമെന്ന നിലയിൽ ഞാൻ ഗവൎമ്മെൻറിനോടപേക്ഷിക്കുന്നതു് ഒരു റെയിൽവേ ലൈൻ വടക്കോട്ടു ആലുവാവരെ നീട്ടുന്നതിനുള്ള നടപടി ൧൧൨൪-ൽ തന്നെ തുടങ്ങണമെന്നാണു്. ഗവൎമ്മെൻറു ഭാഗത്തുനിന്നും ഇതിലേക്കു് ആവശ്യമായിരിക്കുന്ന പണം ഇല്ലെന്നും മററും മറുപടി പറഞ്ഞേക്കാം. എനിക്കു പറയുവാനുള്ളതു് പണം വേണമെന്നു വച്ചാൽ ഗവൎമ്മെൻറിനു് അതുണ്ടാക്കുവാൻ സാധിക്കുമെന്നാണു്. പോസ്ററുവാർ റീ കൺസ്ട്രക്ഷൻ ഫണ്ടിൽനിന്നോ കടം വാങ്ങിച്ചോ ഒരു കമ്പനിയെപ്പോലും ഇതിന്റെ ചുമതല ഏല്പിച്ചോ

[Mr. Paul Thaliat]

എങ്ങനെ ആയാലും ഈ കൊല്ലത്തിൽതന്നെ ഇതിനുവേണ്ട നടപടി തുടങ്ങണമെന്നാണ് എന്റെ അഭിപ്രായം. പല കാര്യങ്ങളിലും അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നാലും ഈ കാര്യത്തിൽ അതായത് റയിൽവേലയിൻ നീട്ടുന്ന കാര്യത്തിൽ ഇവിടെയുള്ള മെമ്പറന്മാർക്ക് ആർക്കും അഭിപ്രായവ്യത്യാസമില്ലെന്നാണ് എന്റെ വിശ്വാസം. ഗവണ്മെന്റിനും മെമ്പറന്മാരുടെ യോജിച്ച അഭിപ്രായം ഈ കാര്യത്തിൽ ഉണ്ടായിട്ടുണ്ടെന്ന് ബോദ്ധ്യം ഉണ്ടായിരിക്കണം. അതുകൊണ്ട് റയിൽവേലയിൻ ആലുവാവരെ നീട്ടുന്നതിന് ഗവണ്മെന്റ ഉടനടി ശ്രമിക്കേണ്ടതാണ്..

At This Stage the President resumed the Chair.

MR. P. M. VARGHESE : സർ, ഈ നാട്ടിൽ റയിൽവേ ലയിൻ കുറേക്കൂടി നീട്ടണമെന്നുള്ള അഭിപ്രായം ഈ അസംബ്ലി സ്വീകരിച്ചിട്ടുള്ളതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ, അത് ഉടൻതന്നെ വേണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് വല്ലവർക്കും സംശയം ഉണ്ടായിരുന്നാൽ അത് തീർക്കണമെന്നാണ് എന്റെ അഭിപ്രായം. മുമ്പ് ഷൊർണ്ണൂരിൽനിന്നും എറണാകുളത്തേക്ക ഉണ്ടായിരുന്ന റയിൽവേവണ്ടി മീററർഗേജ് ആയിരുന്നു. അത് അങ്ങനെ ആ രൂപത്തിൽതന്നെ നടത്തിക്കൊണ്ടുപോയാൽ റയിൽവേ നടത്തുന്നതുകൊണ്ടുള്ള പൂർണ്ണമായ ഫലം ലഭിക്കുന്നില്ലെന്ന് ഭാരവാഹികൾ മനസ്സിലാക്കിയതോടുകൂടി അത് ബ്രോഡ്ഗേജ് ആക്കി. കൊച്ചിയിൽ ഒരററം മുതൽ മറെറ അററംവരെ ചുരുക്കം മൈലുകളേ ഉള്ളു. അതിൽ ഉണ്ടായിട്ടുള്ള വരവും അതിന്റെ ആവശ്യവും ഇത്രവളരെ കൂടിയിരിക്കണമെങ്കിൽ തിരുവിതാംകൂറിന്റെ വടക്കേ അററംമുതൽ തെക്കേ അററംവരെ റയിൽവേ നീട്ടണമെങ്കിൽതന്നെ ആ കാര്യത്തിൽ ആരും വിരോധം പറയുകയില്ലെന്നാണ് എന്റെ വിശ്വാസം. സർ സി. പി. രാമസ്വാമി അയ്യർ ഇവിടെ ദിവാൻജി ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഭരണകാലത്തിൽ തിരുവിതാംകൂറിൽ റയിൽവേ നീട്ടുന്നതിനെപ്പററി ആലോചിക്കപോലും ഇല്ലെന്ന് മാത്രമല്ല ഉള്ള ലൈൻകൂടി വേണമെങ്കിൽ പറിച്ചെടുത്തുകൊണ്ടുപോകുന്നതിന് നടപടി നടത്തുമെന്നും അദ്ദേഹം പറയുകയുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ ഒരു വിശേഷം അദ്ദേഹത്തിന് ഒന്നു ശരിയാണെന്നു ബോദ്ധ്യപ്പെട്ടാൽ അതായതു അദ്ദേഹം ഒന്ന് തീർച്ച ചെയ്താൽ ഏതു രീതിയിലെങ്കിലും അത് നടത്തുകതന്നെ

ചെയ്യം എന്നുള്ള നിർബന്ധമുണ്ടായിരുന്നു. ഇന്നാണെങ്കിൽ ഇവിടത്തെ മെമ്പറന്മാർ എല്ലാവരും യോജിച്ച് ഈ സഭ റയിൽവേ നീട്ടണമെന്നുള്ള കാര്യം പാസാക്കിയിരിക്കുകയാണ് അതിനാൽ നമ്മുടെ ഈ ഗവണ്മെൻറ് അത് നടപ്പിൽ വരുത്തിയേ മതിയാകയുള്ളൂ. അങ്ങനെയല്ലെങ്കിൽ എന്തുചെയ്യുമെന്നുള്ള കാര്യം ഞാൻ ഇപ്പോൾ പറയുന്നില്ല. ഗവണ്മെൻറിന് ഇനി ഇതിൽനിന്നും ഒഴിയുവാൻ നിവൃത്തിയില്ല. അതിനാൽ ഈ സംഗതിയിൽ ഉടൻ സത്വരനടപടികൾ നടത്തണമെന്ന് ഞാൻ ഗവണ്മെൻറിനോട് അപേക്ഷിച്ചുകൊള്ളുന്നു.

MR. PRESIDENT : ഇനി മററു വല്ല മെമ്പറന്മാർക്കും ഉപക്ഷേപത്തെ എതിർത്തു സംസാരിക്കണമെങ്കിൽ സംസാരിക്കാം.

MR. V. GANGADHARAN NAIR : റയിൽവേ നീട്ടുന്നതിന് പണം ഇല്ലാത്ത ഈ അവസരത്തിൽ അതിനെക്കുറിച്ച് ആലോചിക്കുന്നതിന് നിവർത്തിയില്ലെന്നായിരിക്കും ഗവണ്മെൻറിന് ഈ കാര്യത്തിൽ പറയാനുള്ള മറുപടി. Defence, foreign affairs and communicationsഈ മൂന്നു വിഷയത്തിലും നാം സെൻട്രൽ ഗവണ്മെൻറിനോട് ചേർന്നിരിക്കുകയാണ് എന്നുള്ള സംഗതി നമ്മുടെഗവണ്മെൻറ് ഓർമ്മിക്കുമെന്നു ഞാൻ വിചാരിക്കുന്നു. നമ്മുടെ വ്യാവസായികാഭിവൃദ്ധിക്ക് വേണ്ടിആയാലും നമ്മുടെ ഗതാഗതസൗകര്യങ്ങൾക്കുവേണ്ടി ആയാലും റയിൽവേ നീട്ടേണ്ടതു വളരെ അത്യാവശ്യമാണ്. എന്നാൽ ഇൻഡ്യയുടെ ഡിഫൻസ് എന്ന കാര്യം വച്ചുകൊണ്ടു നോക്കുമ്പോൾ ഇന്ത്യൻയൂണിയന് ആലുവാ മുതൽ കന്യാകുമാരിവരെ റയിൽവേനീട്ടേണ്ടതു് അതിനേക്കാൾ കൂടുതൽ ആവശ്യമായിരിക്കുമെന്നാണ് എൻെറ വിനീതമായ അഭിപ്രായം. ഈ വിഷയം ശരിയായവിധത്തിൽ ഇന്ത്യാഗവണ്മെൻറിൻെറ മുമ്പാകെകൊണ്ടുവരികയാണെങ്കിൽ ഒരുപക്ഷേ നമുക്ക് ചെലവൊന്നും കൂടാതെ തന്നെ റയിൽവേ നീട്ടാൻ ഇടവന്നേക്കാം. കൊച്ചിക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന സൈനികപ്രാധാന്യം വച്ചുനോക്കുമ്പോൾ നാം ഈ വിഷയത്തിൽ ഒന്നും ചെയ്തില്ലെങ്കിൽ പോലും റയിൽവേ നീട്ടുന്നതിൽ ഇന്ത്യാഗവണ്മെൻറ് വളരെ താൽപര്യം കാണിക്കുമെന്നാണ് എൻെറ പ്രതീക്ഷ. ഏതായാലും ഈ കാര്യം നമുക്കും അത്യാവശ്യമായിരിക്കുന്നതുകൊണ്ട് ഉടനടി ഇന്ത്യാഗവണ്മെൻറിൻെറ മുമ്പാകെ ഈ കാര്യം കൊണ്ടുവരികയും, റയിൽവേ നീട്ടുന്നതിന് ആവശ്യമായ സകല നടപടികളും ഇന്ത്യാഗവണ്മെൻറിൻെറ ചെലവിൽ തന്നെ എടുപ്പിക്കുകയും ചെയ്യേണ്ടതാണ്. സജീവമായ സഹായസഹകരണങ്ങൾ നാം ഇന്ത്യാഗവണ്മെൻറിന് ഈ വിഷയത്തിൽ നൽകാൻ

[Mr. V. Gangadharan Nair.]

തയ്യാറായാൽ, യൂണിയൻ ഗവൺമെൻറിൻെറ ഡിഫൻസും കമ്മ്യൂണിക്കേഷനും വകുപ്പുകൾ ഈ കാര്യത്തിൽ താല്പര്യപൂർവ്വം ഏർപ്പെട്ടുമെന്നാണ് എൻെറ വിശ്വാസം. കൂടാതെ പെട്രോൾ കിട്ടുന്നതിലുള്ള ഇപ്പോഴത്തെ വൈഷമ്യം വച്ചു നോക്കുമ്പോഴും വടക്കൻ ലൈനിൽ സഞ്ചരിക്കുന്നവരുടെ പ്രയാസങ്ങൾ ഒഴിവാക്കുന്നതിനു റെയിൽവേ ഏററവും വേഗം സ്ഥാപിക്കേണ്ട ആവശ്യം ബോദ്ധ്യപ്പെടും. ആലുവാമുതൽ കൊട്ടാരക്കര വരെയും തിരുവനന്തപുരംമുതൽ കന്യാകുമാരിവരെയും റയിൽവേ നീട്ടുന്നതിനുള്ള വിപുലമായ പദ്ധതികൾ ഉടനടി ആരംഭിക്കത്തക്കവിധം വേണ്ട നടപടികൾ ഗവൺമെൻറ് കൈക്കൊള്ളേണ്ടതാണ്.

MR. EAPEN ARAKKAL: സർ, റയിൽവേ നീട്ടുന്ന കാര്യത്തെപ്പററി ഏകീകൃതമായ അഭിപ്രായമാണുള്ളത്. ഏതുഭാഗം ആദ്യം എങ്ങോട്ടു നീട്ടണം, ഏതു ലൈൻ നീട്ടണമെന്നുള്ളതിനെപ്പററി മാത്രമേ, എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ ഉള്ളു. ഇവിടെ പ്രസംഗിച്ചിട്ടുള്ള അധികം മെമ്പറന്മാരും കൊട്ടാരക്കര നിന്നും ആലുവായിലേക്ക് റയിൽവേ നീട്ടുക എന്നുള്ള സംഗതിയെപ്പററിയാണു ശക്തിയായി പ്രസംഗിച്ചിട്ടുള്ളത്. അങ്ങനെ ഒരു ലൈൻ ഉണ്ടാക്കുക എന്നുള്ളത് വളരെ നല്ലതു തന്നെയാണു. അതിനെപ്പററി ആർക്കും അഭിപ്രായവ്യത്യാസത്തിനു വകയില്ല. പക്ഷെ തിരുവിതാംകൂറിൽ ഏററവും വിശേഷമായ വാണിജ്യ കേന്ദ്രമെന്നു പറയപ്പെടുന്ന ആലപ്പുഴപ്പട്ടണം റയിൽവേയുമായി ഘടിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം വിസ്തരിക്കത്തക്കവണ്ണമാണ് വാദഗതിയിൽ നിന്നും മനസ്സിലായിട്ടുള്ളത്. ആലപ്പുഴ പട്ടണം തിരുവിതാംകൂറിലെ പ്രമുഖ തുറമുഖവും വാണിജ്യവ്യവസായങ്ങളിൽ അദ്വിതീയ സ്ഥാനത്തെ അർഹിക്കുന്ന ഒന്നുമാണ്. അവിടെ നിന്നുമാണ് നമ്മുടെ ചരക്ക് കയററിറക്ക് നടത്തുന്നതിനുള്ള സൗകര്യമുള്ളതെന്ന് ഞാൻ പ്രത്യേകിച്ചു പറയണമെന്നില്ല. അതിനാൽ ആലപ്പുഴ പട്ടണമാണ് റയിൽവേ നീട്ടുന്നതു സംബന്ധിച്ച നമ്മുടെ ദൃഷ്ടിയിൽ പെടേണ്ട സംഗതി. ഇപ്പോൾ ചരക്കുകൾ കൊച്ചിക്കും, കൊച്ചിയിൽ നിന്നും ആലപ്പുഴയ്ക്കും അയക്കുന്നതു കായൽ വഴിയാണ്. വർഷകാലങ്ങളിൽ അങ്ങനെ കായൽ വഴി ചരക്കുകൾ അയക്കുന്നതുകൊണ്ടു വലിയ അപകടങ്ങൾക്കും, ഭീമമായ നഷ്ടത്തിനും ഇടയാകുന്നുണ്ടെന്നുള്ള സംഗതി വാസ്തവമായ ഒരു കാര്യമാണ്. അതിനാൽ ആലപ്പുഴനിന്നും കൊച്ചിക്കു റയിൽവേ നീട്ടുകകൂടി ചെയ്യുകയാണെങ്കിൽ റെയിൽ മാർഗ്ഗം ചരക്കുകളെ വേഗത്തിലും നാശം കൂടാതെയും എത്തിക്കാവുന്നതാണ്.

MR. K. A. MUHAMMED : അങ്ങിനെയാണെങ്കിൽ ഫ്രെയിററിനു വ്യത്യാസം വരികയില്ലേ?

MR. EAPAN ARAKKAL: ഇല്ല. അതിനെക്കുറിച്ചു പിന്നെ പറയാം. കച്ചവടത്തിനും കയററിയിറക്കിനും സൗകര്യമുള്ള സ്ഥലമാണു് ആലപ്പുഴ എന്നു നമുക്കറിയാം. കൊച്ചിയിൽ ചരക്കുകൾ അത്യാവശ്യമുള്ള സമയങ്ങളിൽ വളരെ വളരെ കയററിറക്കു നടത്തുന്നതിനുള്ള സൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയെന്നുള്ളതു് വ്യവസായാഭിവൃദ്ധിക്കു് അത്യന്താപേക്ഷിതമാണു്. അതിലേയ്ക്കു് കൊച്ചിയും ആലപ്പുഴയും തമ്മിൽ റയിൽവേ കണക്ഷൻ ഉണ്ടാകുകയെന്നുള്ളതു് വളരെ അത്യാവശ്യമാണു്. കൊല്ലത്തുനിന്നും ആലപ്പുഴയും അവിടെ നിന്നും ചേർത്തലവഴി കൊച്ചിയിലും എത്തത്തക്കവണ്ണം ഒരു റയിൽവേ വേണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഈവിധം റെയിൽവേ തുറക്കുകയാണെങ്കിൽ, ചെലവു മററു സ്ഥലങ്ങളെ അപേക്ഷിച്ചു് കുറഞ്ഞിരിക്കുമെന്നുള്ളതാണു്. നിരപ്പായതും വലിയ വലിയ ഫലവൃക്ഷങ്ങൾ ഒന്നും അവിടങ്ങളിലില്ലാത്തതു കൊണ്ടും അവിടെ കുന്നുകളുണ്ടാക്കുകയോ മററുവിധത്തിൽ അനാവശ്യമായി പണം ചെലവാക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. അതിനാൽ ആലപ്പുഴ കൊച്ചി റയിൽവേക്കു് വളരെ പരിമിതമായ ചെലവേ വരികയുള്ളു. മാത്രമല്ല ചേർത്തല-അമ്പലപ്പുഴ മുതലായ താലൂക്കുകളെ സംബന്ധിച്ചിടത്തോളം ഗതാഗത സൗകര്യത്തിൽ ദരിദ്രരാണു്. അതിനാൽ, കൊച്ചി-ആലപ്പുഴ റയിൽവേ ഹാർബർ ടെർമിനസ് വരെ നീട്ടുന്നതായാൽ രാജ്യത്തിലെ വ്യവസായ വാണിജ്യങ്ങൾക്കും അഭിവൃദ്ധി വരുന്നതാണെന്നുള്ള വിവരം ഗവൺമെൻറു ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

MR. THARIATHU KUNJITHOMMEN : എനിക്കു റയിൽവേ നീട്ടുന്നതു സംബന്ധിച്ചു ഒന്നു രണ്ടു കാര്യങ്ങൾകൂടി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുണ്ടു്. രാജ്യത്തിൻെറ വടക്കേ ഭാഗത്തു അധിവസിക്കുന്ന ജനവിഭാഗത്തിനു ഇന്നു സഞ്ചാരസൗകര്യം തീരെ ഇല്ലെന്നുള്ളതു് വ്യക്തമാണു്. എന്നാൽ സഞ്ചാരസൗകര്യം മാത്രമല്ല ഞാൻ പറയാനുദ്ദേശിക്കുന്ന കാര്യങ്ങൾ. നമ്മുടെ രാജ്യത്തിൻെറ വടക്കേഭാഗം വിസ്താരമേറിയതായി കിടക്കുന്നു. അവിടെയാണു് റിസർവും ഉള്ളതു്. നമ്മുടെ കാർഷികോൽപ്പന്നങ്ങളിലധികവും കൃഷി ചെയ്യപ്പെടുന്നതു് ഈ റിസർവിലാണു്, എന്നാൽ ഇവ ദേശത്തിൻെറ മററു ഭാഗങ്ങളിലെത്തിക്കുന്നതിനു് ഇന്നു വളരെ പ്രയാസമായിട്ടാണിരിക്കുന്നതു്. നമ്മുടെ രാജ്യം താരതമ്യേന കർഷകരാജ്യമാണു് കാർഷികോല്പന്നങ്ങൾ വെളിക്കയച്ചാണു് നമുക്കു പണം ഉണ്ടാക്കേണ്ടിയിരിക്കുന്നതു് എന്നാൽ ഇവ മററു ഭാഗങ്ങളിലേക്കു അയക്കുന്നതിനു ഗതാഗതത്തിൻെറ അസൗകര്യംമൂലം വലിയ

[Mr. Thariathu Kunjithomman.]

വൈഷമ്യമുണ്ടാകുന്നുണ്ട്. സാമാനങ്ങൾ ഉൾനാട്ടുകളിൽ നിന്നു സമുദ്രതീരപ്രദേശത്തേക്ക കൊണ്ടുവരുന്നതിനു തന്നെ വളരെ പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ട്. അവിടെ നിന്നും ജലമാർഗ്ഗമായി കൊച്ചി മുതലായ സ്ഥലങ്ങളിലയക്കുകയാണെങ്കിൽ ഈ കാലസ്ഥിതിക്ക വലിയ അപകടങ്ങളും നഷ്ടങ്ങളുമുണ്ടാകാനിടയുണ്ട്. മാത്രമല്ല വള്ളത്തിലും മററും അയക്കുന്നതുകൊണ്ടു ചരക്ക എത്തിച്ചേരുവാൻ തന്നെ വളരെ താമസം നേരിടുന്നുണ്ട്. മറെറാന്നു ഇന്നു പെട്രോളിന്റെ ക്ഷാമം വളരെ വർദ്ധിച്ചിരിക്കുകയാണ്. ആളുകൾക്ക് സഞ്ചരിക്കുന്നതിന് തന്നെ വളരെ ബുദ്ധിമുട്ടും നഷ്ടങ്ങളും ഉണ്ടാകുന്നു എന്നുള്ളതു് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഒരു റയിൽവേ രാജ്യത്തിന്റെ മദ്ധ്യഭാഗത്തുക്കൂടി ആലുവായിലേക്കും, ഉൾനാട്ടിൽ നിന്നു തീരപ്രദേശമായ ആലപ്പുഴക്കും നീട്ടുകയാണെങ്കിൽ രാജ്യത്തിനു വളരെ ഉപകാരപ്രദമായിരിക്കുന്നതാണെന്നാണ് എനിക്കു പറയുവാനുള്ളതു്

MR. M. GOVINDAN (*Trivandrum III—General*) : സർ, ഇവിടെ അനേകം പ്രസംഗങ്ങൾ കേട്ടു. റയിൽവേ നീട്ടേണ്ടതത്യാവശ്യമാണെന്നു എല്ലാവരും പറഞ്ഞു. റയിൽവേ എവിടെ നിന്ന് നീട്ടണമെന്നുള്ളതിൽ ആർക്കും അഭിപ്രായമില്ല. 'അതു് ആലുവാവരെ നീട്ടിക്കൊണ്ടുപോയാൽ മതിയെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ' ആലപ്പുഴയെ എല്ലാവരും വിട്ടുകളഞ്ഞു, എന്നു മാന്യമെമ്പർ മി ഈപ്പൻ അറയ്ക്കൽ പറഞ്ഞു. അധികം പേരും അതു് വിട്ടുകയാണ് ചെയ്തതു്. ഏററവും പ്രധാനമായ ഒരു സംഗതി ആലോചിക്കുവാനുള്ളതു് കൊട്ടാരക്കരനിന്നും ആലുവായ്ക്കുപോകുന്ന വഴിക്ക് വച്ചുതന്നെ ചങ്ങനാശേരിയിൽനിന്നു ആലപ്പുഴയ്ക്കുകൂടി ഒരു സബ്‌ലൈൻ തുറക്കാമെന്നാണ് എന്റെ അഭിപ്രായം. ഇടയ്ക്കു് ഒരു വരമ്പു വേണമെന്നേയുള്ളു. 'ഇതു് സാധിക്കാമെന്നാണ് എനിക്ക് തോന്നുന്നതു്. ഒരു രാജ്യത്തിന്റെ അഭിവൃദ്ധി അവിടത്തെ ഗതാഗതസൗകര്യത്തേയും വിദ്യാഭ്യാസത്തേയും ആശ്രയിച്ചാണിരിക്കുന്നതു്. ഇവിടെ ഗതാഗതസൗകര്യം വളരെ കുറവുതന്നെ എന്നുള്ളതിനു സംശയമില്ല. ഗതാഗതത്തിനു ഇവിടെയുള്ള പ്രയാസങ്ങളെപ്പററി ഞാൻ ഒന്നും പറയുന്നില്ല. എനിക്കു യാത്രയെന്നുവച്ചാൽ തീരെ താല്പര്യമില്ലാത്ത കൂട്ടത്തിലാണു. മുമ്പേതന്നെ ഇങ്ങനെയാണ്. ബി. എ.-ക്കു പഠിക്കുവാൻവേണ്ടി ൩൨ വർഷങ്ങൾക്കുമുമ്പു് കാളവണ്ടിയിൽ കയറി നാലു ദിവസംകൊണ്ടു തിരുനൽവേലിയിൽ എത്തി. അതിനുമുമ്പു് മി. നാഗമയ്യാ മദ്രാസുവരെ കാളവണ്ടിയിൽ പോയതായി കേട്ടിട്ടുണ്ട്.

ഇപ്പോഴാണെങ്കിൽ റയിൽവേസൗകര്യം ഉണ്ട്. പലർക്കും കുറേക്കൂടി ഉണ്ടായാൽ കൊള്ളാമായിരുന്നു. നമ്മുടെ പല സൗകര്യങ്ങളും ഈ സംഗതിയിൽനിന്നു വേണം ഉണ്ടാകുവാൻ. ഒരു കാര്യം പറഞ്ഞു, റയിൽവേ നീട്ടുന്നതിനു ചുരുങ്ങിയത് ഒരു കോടി രൂപയെങ്കിലും വേണമെന്നാണ്. എന്തിനാണെന്ന് എനിക്കു മനസ്സിലായില്ല. ഒരിക്കൽ ഇവിടത്തെ റയിൽവേ ഇഞ്ചിനീയരായിരുന്ന മി. മെക്കിൻസിയെക്കണ്ടു ചോദിച്ചപ്പോൾ ഒരുകോടി രൂപ ഒരു വർഷത്തിൽ ചിലവാക്കാനമോ മറ്റോ ആകുമെന്ന് അദ്ദേഹം പറഞ്ഞതായി ഞാൻ ഓർക്കുന്നു.

MR. K. K. CHELLAPPAN PILLAI: അത് പണ്ടത്തെ കാലത്തായിരുന്നു ?

MR. M. GOVINDAN: പണ്ടായാലും ഇന്നു തീർച്ചയായും വേണ്ട. അഞ്ചോ ആറോ കോടിയാണെങ്കിൽ മൂന്നു കൊല്ലം നാലു കൊല്ലം വേണമായിരിക്കാം. അതല്ലല്ലോ. ഇതിലൊക്കെ ഗവൺമെന്റിന്റെ ശ്രദ്ധ മനഃപൂർവ്വമായി ഈ വിഷയത്തിൽ പതിയേണ്ടതാണ്. അതിനു ഒരു പഞ്ചവത്സരപദ്ധതി കാത്തിരിക്കേണമെന്നില്ല. രണ്ടു വർഷങ്ങൾക്കുള്ള ഒരു പദ്ധതി മതി. അതുകൊണ്ട് ഇതു സാധിക്കാം. ഒന്നുകൂടി പറഞ്ഞുകൊണ്ടു നിറുത്താം. പ്രധാനപ്പെട്ട രാജ്യങ്ങളിലെല്ലാം ഇന്നു സ്റ്റേറ്റിന്റെ വകയായി റയിൽവേയുണ്ട്, ഹൈദ്രാബാദിലെയും മൈസൂരിലെയും ഇന്നു സ്റ്റേറ്റ് റയിൽവേ സ്റ്റേറ്റിന്റെ പല ഭാഗത്തും ഉണ്ട്. തിരുവിതാംകൂറിൽ, ഈ കാര്യത്തിലുള്ള കുറവു തീർക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി നിറുത്തുന്നു.

MR. S. KUTTAN (*Neyyattinkara I—General*): സർ, ഇവിടത്തെ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ പ്രസംഗങ്ങൾ കേട്ടിടത്തോളം റയിൽവേ നീട്ടുന്ന കാര്യത്തിൽ എല്ലാവരും ഒരു തീരുമാനത്തിൽ എത്തിച്ചേർന്നതായിട്ടാണ് മനസ്സിലാക്കേണ്ടത്. ഈ സഭയുടെ മുമ്പാകെ ചർച്ചക്കു വന്നിട്ടുള്ള മറ്റു ഏതൊരു കാര്യവും ഇത്ര യോജിപ്പോടുകൂടി ഇതിനു മുമ്പ് തീർച്ചയാക്കിയിട്ടുണ്ടോ എന്നുള്ള കാര്യം സംശയമാണ്. നിശ്ചയമായും ഇവിടത്തെ പ്രാതിനിധ്യം ഉള്ള ജനകീയഭരണം ഇവിടെ വന്നതോടുകൂടി തിരുവിതാംകൂറിലെ ജനാഭിലാഷങ്ങൾ സാധിതപ്രായമാകുമെന്നു ജനങ്ങൾ വിശ്വസിക്കാൻ തക്കവണ്ണം നമ്മുടെ ഗവൺമെന്റ് പ്രവർത്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. റയിൽവേ നീട്ടേണ്ടതു കൊല്ലത്തുനിന്നും ആലപ്പുഴക്കോ, കോട്ടയത്തുനിന്നും ആലപ്പുഴക്കോ, എന്നുള്ള കാര്യമാണ് ഇവിടെ വാദവിഷയം. ഒരു കാര്യംമാത്രമേ

[Mr. S. Kuttan.]

ഞാൻ പറയുവാൻ ഉദ്ദേശിക്കുന്നുള്ളു. സ്വേച്ഛാധികാരം ഇവിടെ നടമാടിക്കൊണ്ടിരുന്ന കാലത്തു ഈ വാദം നിയമസഭയിൽ ഉന്നയിച്ചപ്പോൾ "അതു ഞാൻ തിരുവിതാംകൂറിൽ ഇരിക്കുന്നതുവരെ സാദ്ധ്യമല്ലെന്നു" സർ. സി. പി. രാമസ്വാമിഅയ്യർ പറയുകയുണ്ടായി. ഗതാഗതസൗകര്യം രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വേണ്ടതാണെന്നുള്ളതു നിസ്തർക്കമായ ഒരു സംഗതിയാണ്. ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ തെക്കൻതിരുവിതാംകൂറിൽ ഗതാഗതത്തിന്, ജലമാർഗ്ഗം ഇല്ലാതിരിക്കുന്നതുകൊണ്ട് യഥാർത്ഥത്തിൽ റയിൽവേയുടെ ആവശ്യം ഈ ഭാഗങ്ങളിലേക്കാണ്. ഗതാഗതം ചെയ്യുന്ന ആളുകളുടെ ഒരു കണക്കെടുക്കുകയാണെങ്കിൽതന്നെയും തിരുവനന്തപുരത്തുനിന്നും തെക്കോട്ടു സഞ്ചരിക്കുന്ന ജനങ്ങൾ വളരെ കൂടുതലാണെന്നു കാണാൻ കഴിയും. എന്നാൽ നടപ്പിൽ ഇരിക്കുന്ന ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റു അതിനു തക്കവണ്ണം ഉള്ള ബസ്സ് ഏർപ്പാടുകൾ ചെയ്യുന്നില്ല. ഉദാഹരണമായി, തിരുവനന്തപുരം-നാഗർകോവിൽ ലൈൻ എടുക്കാം. ഏഴു മാസം ഗർഭമുള്ള ഒരു സ്ത്രീ തിരുവനന്തപുരത്തുനിന്നും നാഗർകോവിലിലേക്ക് ട്രാൻസ്പോർട്ടുബസ്സിൽ യാത്ര ചെയ്യുകയാണെങ്കിൽ അവരുദ്ദേശിക്കുന്ന സ്ഥലത്തു ചെല്ലുന്നതിനു മുമ്പു തന്നെ പ്രസവം നടന്നുപോകയില്ലേ എന്നു തോന്നിപ്പോകും. അത്ര തള്ളലാണ് ബസ്സിൽ കയറുന്നതിനും ഇറങ്ങുന്നതിനും, കേറിയാൽ അവിടെ ഇരിക്കാൻ തന്നെയും. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു തിരുവിതാംകൂറിന്റെ ഏതുഭാഗത്തേക്കാളും തിരുവനന്തപുരം-നാഗർകോവിൽ റയിൽവേ വളരെ ആവശ്യമാണെന്നാണ്. സർ, ഇന്നു ഉത്തരതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും അവർക്ക് സഞ്ചരിക്കുന്നതിന് വാട്ടർവെയിസ് ധാരാളം ഉണ്ട്. അതിനുപുറമെ തിരുവനന്തപുരത്തുനിന്നും വടക്കോട്ടു റയിൽവേയുണ്ട്, ട്രാൻസ്പോർട്ടു സൗകര്യവുമുണ്ട്. അതുകൊണ്ടു റയിൽവേ നീട്ടുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു വിഭിന്നമായ മനഃസ്ഥിതി തെക്കൻതിരുവിതാംകൂറിൽ നിവസിക്കുന്ന എന്റെ മാന്യസ്നേഹിതന്മാരായ തമിഴ്നാട് കോൺഗ്രസ്സ് മെമ്പറന്മാർ ഉൾപ്പെടെ ഉള്ള ജനങ്ങളിൽ ഉണ്ടാകരുതെന്ന് ഞാൻ ഗവണ്മെന്റിനോടപേക്ഷിച്ചുകൊള്ളുന്നു.

MR. K. P. NEELAKANTA PILLAI: സർ, തിരുവിതാംകൂറിൽ എല്ലാ സ്ഥലത്തും റയിൽവേ നീട്ടേണ്ട ആവശ്യമുണ്ടോ, അതോ ഇല്ലയോ എന്നുള്ള സംഗതിയിൽ എനിക്ക് അഭിപ്രായവ്യത്യാസം ഇല്ലെങ്കിലും

റയില്‍വേ ഒരു രാജ്യത്ത് ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത പ്രധാനമായിട്ട് ഗതാഗതത്തിനാണോ, അഥവാ വ്യവസായങ്ങളെ വര്‍ദ്ധിപ്പിക്കുന്നതിനാണോ എന്നുള്ളതിനെപ്പറ്റി ഒരു സംഗതി ഗവണ്മെന്റിനെ ഉല്‍ബോധിപ്പിക്കാമെന്നു ഞാന്‍ വിചാരിക്കുന്നു. സര്‍, തിരുവിതാംകൂര്‍ ഒരു ചെറിയ രാജ്യമാണ്. അതിനെ ഒരു വ്യവസായകേന്ദ്രമാക്കേണ്ടത് നമ്മുടെ ആവശ്യമാണ്. കൃഷിയും വ്യവസായവും കൊണ്ടു മാത്രമേ രാജ്യം ധനപുഷ്ടമായി പുരോഗമിക്കുകയുള്ളു എന്നുള്ളതില്‍ രണ്ടു പക്ഷമില്ല. ജനങ്ങളുടെ ഗതാഗതസൌകര്യത്തേക്കാള്‍ വ്യവസായപരിപോഷണത്തിനു വേണ്ടിയാണ് ഒരു റയില്‍വേ രാജ്യത്തു തുടങ്ങേണ്ടതോ വേണ്ടയോ എന്നു ചിന്തിക്കേണ്ടത്. എന്റെ സ്നേഹിതന്‍ മി. മാക്കോനി പറഞ്ഞതു ഗതാഗതസൌകര്യത്തിനെ ഉദ്ദേശിച്ചല്ല; നമ്മുടെ രാജ്യത്തുണ്ടാകുന്ന ഉല്പന്നങ്ങളെ കയററി അയക്കാനും ഇതരരാജ്യങ്ങളില്‍ നിന്നും നമുക്കാവശ്യമായ സാധനങ്ങളെ ഇറക്കുമതി ചെയ്യുന്നതിനും വേണ്ടിയാണ് ഒരു രാജ്യത്തെ റയില്‍വേയുടെ ആവശ്യം എന്ന്. സര്‍, ഞാന്‍ ആ അഭിപ്രായത്തോടു യോജിക്കുന്നു. തിരുവിതാംകൂറില്‍ വ്യവസായകേന്ദ്രങ്ങളെന്നു പറയപ്പെടുന്ന ആലപ്പുഴ, കൊല്ലം, കോട്ടയം എന്നീ സ്ഥലങ്ങളെ കൊച്ചിയുമായി യോജിപ്പിക്കുന്നതിനു ഒരു റയില്‍വേ കൊണ്ടല്ലാതെ ജലമാര്‍ഗ്ഗം ധാരാളം സൌകര്യം ഉള്ളതുകൊണ്ട് വലിയ പണച്ചിലവു കൂടാതെ കാര്യങ്ങള്‍ സാധിക്കാവുന്നതാണ്. വാട്ടര്‍ വെയിസ് ധാരാളം ഉള്ള നമ്മുടെ രാജ്യത്തു വ്യവസായകേന്ദ്രങ്ങള്‍ തമ്മില്‍ സംഘടിപ്പിക്കുന്നതു ജലമാര്‍ഗ്ഗംമുഖേന ആയിരിക്കുന്നതാണ് എളുപ്പം എന്നുള്ള കാര്യം നമുക്ക് ചിന്തിച്ചാല്‍ മനസ്സിലാകുന്നതാണ്. വന്‍വ്യവസായങ്ങള്‍ നിലവിലിരിക്കുന്ന ഫ്രാന്‍സില്‍തന്നെയും റയില്‍വേ ഉണ്ടാക്കിയതിനുശേഷവും വാട്ടര്‍വേയിസ് ഉപയോഗപ്പെടുത്തിയാണ് വ്യവസായങ്ങള്‍ നടത്തുന്നതു. ആ സ്ഥിതിക്കു തിരുവിതാംകൂറില്‍ എന്തുകൊണ്ട് ഈ നയം സ്വീകരിച്ചുകൂടാ. എന്റെ മാന്യസ്നേഹിതന്‍ മി. കുന്തിത്തൊമ്മന്‍ ഇവിടെ പറഞ്ഞതു പണമില്ലെങ്കില്‍ കടമെടുത്തെങ്കിലും ആലുവാവരെ റയില്‍വേ നീട്ടണമെന്നാണ്. സര്‍, ഒരു ധനകാര്യവിദഗ്ദ്ധന്‍ പറയുന്നതു ഈ പ്രകാരമാണ്. എക്കണോമിക്കലായിട്ട് രാജ്യത്തെ പുരോഗമിപ്പിക്കണമെങ്കില്‍ ഉള്ള ധനം ശേഖരിച്ചു വസ്തുക്കളെയും യഥോചിതമായ ഗുണബാഹുല്യതയും നിവൃത്തിയുള്ളിടത്തോളം വര്‍ദ്ധിപ്പിക്കുന്നതായാല്‍മാത്രമേ രാജ്യം സമ്പല്‍സമൃദ്ധമാകയുള്ളു എന്നുള്ളതാണ്. പല കാരണങ്ങളാലും ഇനിമേല്‍ രാജ്യത്തു വരവ്

[Mr. K. P. Neelakanta Pillai.]

കുറയുന്നതിനാണ് എളുപ്പമെന്നു ചിന്തിച്ചാൽ മനസ്സിലാകും. അങ്ങിനെയിരിക്കെ ഒരു വൻതുക കടം എടുത്തു് ഒരു റയിൽവേ ഉണ്ടാക്കുന്നതു് വിഹിതമാണോ എന്നു് എനിക്കു് തോന്നുന്നില്ല.

എന്നുമാത്രമല്ല ഇൻഡ്യയിലെ മററു ഭാഗങ്ങളിലെപ്പോലെ തിരുവിതാംകൂറിൽ വില്ലേജുകളില്ല. തിരുവിതാംകൂർ ആകപ്പാടെ ഒരു വില്ലേജാണ്. ബ്രിട്ടീഷിൻഡ്യയിലാണെങ്കിൽ പത്തോ പതിനഞ്ചോ മൈൽ വിട്ടുവിട്ടു് ആണ് വില്ലേജുകൾ കിടക്കുന്നതു്. അതുകൊണ്ടു് അവയെ തമ്മിൽ ഘടിപ്പിക്കുന്നതിന് ഒരു റയിൽവേ അത്യാവശ്യമാണ്. തിരുവിതാംകൂർ മുഴുവൻ ഒരു വില്ലേജായതുകൊണ്ടു് നമുക്കു അതിന്റെ ആവശ്യമില്ല. സാധാരണ കാലങ്ങളിൽ ജനങ്ങൾക്കു് സഞ്ചരിക്കുന്നതിനായിരുന്നാലും ശരി ചരക്കുകൾ കൊണ്ടുപോകുന്നതിനായിരുന്നാലും ശരി ലോകത്തു് എവിടെയും റെയിൽവേയും ബസ്സു സർവീസുമായി കാമ്പററിഷൻ നടക്കാറുണ്ടു്. ബസ്സുകൾ ഓടുന്നില്ലെങ്കിൽ റെയിൽവേകൊണ്ടും ഉപയോഗമുണ്ടാകുകയില്ല. റെയിൽവേയുടെ ക്യാപ്പിററൽ എക്സ്പെൻഡിച്ചർ വലിയ ഒരു ധനതത്വശാസ്ത്രമാണ്. ഇപ്പോഴത്തെ ധനകാര്യവിദഗ്ദ്ധന്മാർ പറയുന്നതു് കടംവാങ്ങിയോ ജനങ്ങളുടെ കയ്യിൽനിന്നും ശേഖരിച്ചോ ഇങ്ങനെയുള്ളതു് ഒന്നും തുടങ്ങരുതെന്നാണ്. ട്രാൻസ്പോർട്ടിനെ സംബന്ധിച്ചു് ഗവൺമെൻറിനു് നിശ്ചിതമായ ഒരു പാളിസി വേണം. റെയിൽവേ ഉണ്ടാക്കുന്നതിനു വലിയ ഒരു തുക കടം എടുക്കേണ്ടിവരും. അങ്ങിനെ കടം എടുത്തു് റെയിൽവേ ഉണ്ടാക്കേണ്ട ആവശ്യം നമുക്കില്ല. അങ്ങിനെ മുടക്കുന്ന തുക മററു സൃഷ്ടിപരമായ മാർഗ്ഗങ്ങളിൽക്കൂടി വിനിയോഗിക്കുകയാണെങ്കിൽ സാമ്പത്തികമായി നമ്മുടെ രാജ്യത്തിന്റെ നില അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുമെന്നാണ് എനിക്കു തോന്നുന്നതു്.

MR. P. KUNJUKRISHNAN : സർ, എന്റെ മുൻപേ പ്രസംഗിച്ച ബഹു: മെമ്പർ പറഞ്ഞ അഭിപ്രായത്തോടു് എനിക്കു് യോജിക്കുവാൻ സാധിക്കുന്നില്ല. അദ്ദേഹം പറഞ്ഞു വ്യവസായങ്ങളുടെ ആവശ്യത്തിനാണ് റെയിൽവേ, അല്ലാതെ യാത്രക്കാരുടെ ആവശ്യത്തിനല്ലെന്നു്. എന്നാൽ രണ്ടാമതു പറഞ്ഞതു് ജലമാർഗ്ഗമായിട്ടുള്ള ഗതാഗതസൗകര്യത്തെ അപേക്ഷിച്ചു നോക്കുമ്പോൾ വ്യവസായ പ്രവർത്തനങ്ങൾക്കു റെയിൽവേ ഉപയോഗമാവുകയില്ലാത്തതാണെന്നും അതുകൊണ്ടു് വാട്ടർട്രാൻസ്പോർട്ട് വികസിപ്പിക്കണമെന്നുമാണ്. അദ്ദേഹത്തിന്റെ രണ്ടാമത്തെ വാദം ആദ്യത്തെ വാദത്തെ തലകുനിപ്പിക്കുകയാണ് ചെയ്യുന്നതു്. എനിക്കു

പറയുവാനുള്ളതു്, ഈ റെയിൽവേ കന്യാകുമാരി മുതൽ ആലുവാ വരെ നീട്ടേണ്ടതു് ഏററവും അത്യാവശ്യമാണെന്നാണു്. നമ്മുടെ നാട്ടുകാരനായ ഒരു ദിവാൻജി ഭരണം നടത്തിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹം കാര്യങ്ങൾ ശരിക്കു് മനസ്സിലാക്കിയതിന്റെ ഫലമായി റെയിൽവേ നീട്ടുന്നതിനുള്ള പ്രാരംഭ നടപടികൾ നടത്തുകയുണ്ടായി. ഇപ്പോൾ ജനകീയ ഗവണ്മെന്റിന്റെ ഭരണമാണു് നടക്കുന്നതു്. ആ സ്ഥിതിക്കു് നാട്ടിലെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതു് ആ ഗവണ്മെന്റിന്റെ കർത്തവ്യമാണെന്നു് ഞാൻ വിശ്വസിക്കുന്നു. വടക്കൻ തിരുവിതാംകൂറും തെക്കൻ തിരുവിതാംകൂറും ഇപ്പോൾ രണ്ടു രാജ്യങ്ങൾ എന്ന മട്ടിലാണു് ഇന്നു് കഴിയുന്നതു്. വ്യവസായത്തിലും വാണിജ്യത്തിലും മററും വളരെ മുന്നണിയിൽ നിൽക്കുന്ന വടക്കൻ തിരുവിതാംകൂറിനേയും തെക്കൻ തിരുവിതാംകൂറിനേയും ഒരു റെയിൽവേ മൂലം യോജിപ്പിക്കേണ്ടതു് ഏററവും അത്യാവശ്യമാണു്. കൂടാതെ ജനങ്ങളുടെ നാഗരികതയും വിദ്യാഭ്യാസവും സംസ്കാരവും എല്ലാം വർദ്ധിപ്പിക്കുന്നതിനു് ഈ മാതിരി റെയിൽവേ ഗതാഗതം വളരെ പ്രയോജനപ്പെടുന്നതാണെന്നു് നാം ഓർക്കണം. പാശ്ചാത്യ രാജ്യങ്ങളിൽ വെറും വ്യവസായത്തിനു മാത്രമല്ല ഈ റെയിൽവേ ഉപയോഗിക്കുന്നതു്. ജനങ്ങളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ഉന്നമനത്തിനുംകൂടി റെയിൽവേ ഉപകരിക്കുന്നുണ്ടു്. ഈ അടിയന്തിരമായ കാര്യങ്ങൾ മനസ്സിലാക്കി ഗവണ്മെന്റു് വേണ്ടതു് ഇക്കാര്യത്തിൽ ചെയ്യുമെന്നു് ഞാൻ വിശ്വസിക്കുന്നു. തൽക്കാലം ഇതിലേക്കു് ഗവണ്മെന്റിന്റെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ലെന്നു് പറഞ്ഞേക്കാം. എന്നാൽ ഇക്കാര്യം ഇൻഡ്യാഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയോ, ലോൺ എടുത്തോ, അല്ലെങ്കിൽ ഏതെങ്കിലും കമ്പനികൾക്കു് വിട്ടുകൊടുത്തോ, ഈ പദ്ധതി നടപ്പിൽ വരുത്തണമെന്നു് ഞാൻ ഗവണ്മെന്റിനോടു് അപേക്ഷിച്ചു കൊള്ളുന്നു.

MR. P. T. CHACKO : റെയിൽവേ നീട്ടുന്നതിന്റെ ആവശ്യകതയെപ്പററി ഈ സഭയിൽ ഇനി ഒരു പ്രസംഗത്തിന്റെ ആവശ്യകത ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ അതിന്റെ ആവശ്യകതയെപ്പററി പറഞ്ഞപ്പോൾ ഇതുവരെ എന്റെ സ്നേഹിതന്മാർ ചൂണ്ടിക്കാണിക്കാതിരുന്ന ഒരു പ്രത്യേക സംഗതി ഗവണ്മെന്റിന്റെ മുൻപിൽ കൊണ്ടുവരുവാനാണു് ഞാൻ ആഗ്രഹിക്കുന്നതു. ബഡ്ജററിനെപ്പററിയുള്ള വിമർശനവേളയിൽ ഞാൻ സൂചിപ്പിച്ചതുപോലെ നമുക്കു് വളരെ വൈഷമ്യ

[Mr. P. T. Chacko.]

പൂർണ്ണങ്ങളായ ദിനങ്ങളെയാണ് പ്രതീക്ഷിക്കാനുള്ളത്. കാലത്തിന്റെ സൂചനകളെ നാം കാര്യമായി എടുക്കുന്നപക്ഷം സാമ്പത്തികമായ വൈഷമ്യങ്ങൾ ഭാവിയിൽ നമുക്ക് ഉണ്ടാകുമെന്നു കാണാൻ കഴിയും. ഏറ്റവും ഭയങ്കരമായ ഒരു തൊഴിലില്ലായ്മ പ്രശ്നം ഭാവിയിൽ നമ്മെ അഭിമുഖീകരിക്കാൻ പോകുന്നുവെന്നു കാലത്തിന്റെ ഭിത്തികളിൽ തെളിഞ്ഞു കാണുന്നുണ്ട്. സാമ്പത്തികമായി പല വൈഷമ്യങ്ങൾ ഒന്നിച്ചു വരുമ്പോൾ ജനങ്ങളുടെ പർച്ചേസിംഗ് പവ്വർ നശിക്കുകയും വ്യവസായം പൊതുവേ മന്ദീഭവിക്കുകയും രാജ്യത്തിന്റെ വരുമാനം കുറയുകയും സാമ്പത്തികമായി അധഃപതിച്ച് പോകയും ചെയ്യുന്നതു സാധാരണമാണ്. അങ്ങിനെ ഒരു സാമ്പത്തികാധഃപതനത്തിന്റെ സൂചനകൾ ഇന്നു കാണുന്നതിനെ നമുക്കു അവഗണിക്കാവുന്നതല്ല. തിരുവിതാംകൂറിലും യുദ്ധകാലം കഴിഞ്ഞതോടുകൂടി വ്യവസായത്തിന് ഒരു മാന്ദ്യം സംഭവിച്ചുകൊണ്ടിരിക്കുന്നു. തന്നിമിത്തം തൊഴിലില്ലായ്മയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുന്നതിന്റെ പ്രാരംഭമായി ഏതു വിധേനയും തൊഴിലില്ലായ്മക്കു ഒരു പരിഹാരം ഉണ്ടാക്കേണ്ടതുണ്ട്. തൊഴിലില്ലായ്മക്കു പരിഹാരം ഉണ്ടാക്കാനായി ഇപ്പോൾ തന്നെ ചില പദ്ധതികൾ ഗവർമ്മെന്റു ചെയ്തുവരുന്നു എന്നുള്ളതിനെ ഞാൻ വിസ്മരിക്കുന്നില്ല. അങ്ങനെ പത്തോ ലക്ഷം രൂപാ ചെലവ് ചെയ്തു ചെറിയ തോതിൽ റോഡുകൾ വെട്ടിയതുകൊണ്ടോ തോടുകൾ വെട്ടിയതുകൊണ്ടോ ഇതിനൊരു പരിഹാരം ഉണ്ടാകാൻ പോകുന്നില്ലെന്ന് ഈ രാജ്യത്തുള്ള ജനങ്ങൾക്കറിയാം. തൊഴിലില്ലായ്മക്കു ഒരു പരിഹാരം ഉണ്ടാകുമ്പോൾ അതു ശാശ്വതമായ ഒരു പരിഹാരമായിരിക്കേണ്ടതാണ്. ഈ റെയിൽവേയെപ്പറ്റി പറയുമ്പോൾ പ്രധാനമായും അതു തൊഴിലില്ലായ്മക്കു ശാശ്വതമായ ഒരു പരിഹാരമായി പരിണമിക്കുമെന്നാണ് എനിക്കു പറയുവാനുള്ളത്. അതു ഏതു ദിക്കിലേക്ക് ആയിരിക്കണമെന്നുള്ള കാര്യത്തിലേക്ക് പ്രവേശിക്കാൻ ഞാനിപ്പോൾ ഇഷ്ടപ്പെടുന്നില്ല. ഏതെങ്കിലും വിധത്തിൽ കുറെ മുതൽ കണ്ടുപിടിച്ചു അതു മുടക്കാൻ സാധിക്കുമെങ്കിൽ ഈ രാജ്യത്തെ ആളുകളെ എല്ലാം ഏകോപിച്ചുകൊണ്ടു വരുന്നതിന് സാധിക്കത്തക്ക രീതിയിൽ ഒരു റെയിൽവേ ഉണ്ടാക്കി ഇന്നത്തെ തൊഴിലില്ലായ്മക്കു ഒരു പരിഹാരം ഉണ്ടാകുന്നതിനായിരിക്കണമെന്നുള്ള വസ്തുത ഗവർമ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു, റെയിൽവേ ലൈനിന്റെ പണി നടക്കുമ്പോൾമാത്രമല്ല പണി പൂർത്തിയായിക്കഴിഞ്ഞാലും അതു ധാരാളം പേർക്ക് തൊഴിലുണ്ടാക്കിക്കൊടുക്കുവാൻ പര്യാപ്തമായിരിക്കും. തൊഴിലി-

ല്പായ് മറ്റും ശാശ്വതമായ ഒരു പരിഹാരമുണ്ടാക്കാതെ പോലീസിന്റെയും പട്ടാളത്തിന്റെയും സംഖ്യ വർദ്ധിപ്പിച്ചതുകൊണ്ട് ഈ രാജ്യത്തു സമാധാനമുണ്ടാകാൻ പോകുന്നില്ല. എന്റെ ഈ അഭിപ്രായങ്ങൾ ആദരണീയങ്ങളാണെങ്കിൽ മറ്റു സംഗതികൾകൂടി പരിഗണിച്ച് കടം വാങ്ങിയെങ്കിലും ഗവൺമെന്റ് ഈ കാര്യത്തിൽ മുതൽ മുടക്കുന്നത് ഒരു മുതൽ തന്നെയായിരിക്കുമെന്ന് അഭിപ്രായപ്പെട്ടുകൊള്ളുന്നു.

HON'BLE MR. A. ATCHUTHAN : സർ, ഈ സഭയിലെ ബഹു: മെമ്പറന്മാർ ഏകാഭിപ്രായമായി ഈ സംഗതികളിൽ ശ്രദ്ധപതിപ്പിച്ചു കാണുന്നുണ്ടു. ഇതിന്റെ ആവശ്യകതയെ ഗവൺമെന്റ് നല്ലപോലെ മനസ്സിലാക്കുന്നുണ്ടെന്നാണ് എനിക്കു പറയുവാനുള്ളത്. എന്നാൽ ഇതിനെക്കുറിച്ചു ആലോചിക്കുമ്പോൾ പല സംഗതികളും നാം ചിന്തിക്കേണ്ടതായുണ്ട്. റെയിൽവേ തിരുവിതാംകൂറിൽ പല ഭാഗങ്ങളിലും നീട്ടുന്നതു സംബന്ധിച്ച് മുൻപു സർവേ നടത്തിയിട്ടുണ്ട്. അതിനുശേഷം അതു നിറുത്തിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. സാധനങ്ങളുടെ വില, പണച്ചെലവ് ഇതെല്ലാം നാം ഓർക്കണം. ഈ അവസരത്തിൽ മുൻപു നടത്തിയിട്ടുള്ള റെയിൽവേ സർവേയെക്കുറിച്ചും അതിനോടു സംബന്ധിച്ച് തയാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിനെക്കുറിച്ചും സഭയെ അറിയിക്കാമെന്ന് ഞാൻ ഉദ്ദേശിക്കുന്നു. നാലു ലയിനുകളാണ് മുൻപു സർവേ നടത്തിയിട്ടുള്ളത്. അത് തിരുവനന്തപുരം–നാഗർകോവിൽ, കൊല്ലം–എറണാകുളം, മാവേലിക്കര–കൊച്ചി, തൃപ്പൂണിത്തുറ–നേര്യമംഗലം, ഏറ്റുമാനൂർ–മുണ്ടക്കയം എന്നീ ലൈനുകളാണ്. ഈ ഓരോ സർവ്വേക്കും തയാറാക്കിയിട്ടുള്ള എസ്റ്റിമേറ്റും ബഹു: മെമ്പറന്മാരുടെ അറിവിലേക്കായി ഞാൻ ഇവിടെ വായിച്ചു കൊള്ളുന്നു. ആ സർവ്വേയെക്കുറിച്ചും എസ്റ്റിമേറ്റിനെക്കുറിച്ചും യാതൊരു റിക്കാർഡുകളും ഗവൺമെന്റിൽ കാണുകയില്ലെന്നു മി. മാർക്കോസ് ഇവിടെ പറയുകയുണ്ടായി. എന്നാൽ അതു സംബന്ധിച്ചുള്ള പ്ലാനും എസ്റ്റിമേറ്റും ഇവിടെ എന്റെ മേശപ്പുറത്തുതന്നെ ഉണ്ട്.

	മൈൽ	ചെലവ്.
തിരുവനന്തപുരം–		
നാഗർകോവിൽ	൫൨.൯൧	൬൦,൫൮,൭൧൫
കൊല്ലം–എറണാകുളം	൯൫.൮൪	൧,൬൪,൨൩,൪൦൨
മാവേലിക്കര–കൊച്ചി	൫൯.൮൨	൧൪,൪൩,൯൩൨
തൃപ്പൂണിത്തുറ–നേര്യമംഗലം	൭൪.൫൬	൧൮,൮൦,൫൫൭
ഏറ്റുമാനൂർ–മുണ്ടക്കയം		

[Hon'ble Mr. A. Atchuthan.]

ഇന്ന് ആ തുകകളുടെ അഞ്ചിരട്ടിയെങ്കിലും വേണ്ടിവരുമെന്നാണ് ഊഹിക്കേണ്ടിയിരിക്കുന്നതു്. അതിനുള്ള സാദ്ധ്യതകൾ ഇന്നു നമുക്കു ഉണ്ടോ എന്നു ബഹു: മെമ്പറന്മാർ തന്നെ ആലോചിക്കേണ്ടതാണ്. ഇതിലേക്കു കടം വാങ്ങിക്കാമെന്ന് പല മെമ്പറന്മാരും അഭിപ്രായപ്പെടുകയുണ്ടായി. ഇന്ന്, കടം വാങ്ങിക്കാൻ പററിയ സമയമാണോ എന്നും ഗവണ്മെൻറിന് ബോദ്ധ്യമില്ല. മി. മള്ളിയേക്കൽ ചെയ്ത പ്രസംഗത്തിൽ പറയുകയുണ്ടായി, ഇൻഡ്യാഗവണ്മെൻറിൻെറ പദ്ധതിയോടു ഘടിപ്പിച്ച് നമ്മുടെ നാട്ടിലും റെയിൽവേ നീട്ടുന്നകാര്യം ആലോചിക്കേണ്ടതാണെന്ന്. ൫൦൦൦-മൈൽ റെയിൽവേ നീട്ടുന്നതിന് ഇൻഡ്യാ ഗവണ്മെൻറ് ആലോചിക്കുന്നുണ്ട്. അതിൻെറ ഒരു വിഭാഗമായിട്ട് നമ്മുടെ നാട്ടിലും റെയിൽവേ നീട്ടുന്നതിന് ആവശ്യപ്പെടേണ്ടുന്നതാണ്. അതിനുള്ള ചെലവ് ആര് ചെയ്യുമെന്നിരുന്നാലും അതിൻെറ പകുതി നാം കൊടുക്കേണ്ടതായിവരും. അതുകൊണ്ട് അതു് സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറുമായി ആലോചിക്കണമെന്നു മാത്രമേ ഈ സഭയോട് എനിക്കു പറയുവാനുള്ളു. ഇനി മി. കെ. പി. നീലകണ്ഠപ്പിള്ള ഉന്നയിച്ച പ്രശ്നത്തെപ്പററിയും ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ. റെയിൽവേ ആണോ, റോഡ് ട്രാൻസ്പോർട്ടാണോ, വാട്ടർ ട്രാൻസ്പോർട്ടാണോ, വ്യവസായങ്ങൾക്കു മററും കൂടുതൽ സൗകര്യപ്രദവും ലാഭകരവുമെന്ന് നാം ആലോചിക്കേണ്ടതാണ്. ഈ സംഗതികളെപ്പററിയെല്ലാം ആലോചിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുവാൻ ഗവണ്മെൻറു തയ്യാറാണെന്നുള്ള വിവരം ഈ സഭയെ അറിയിച്ചുകൊള്ളുന്നു. ഇതിൽ കൂടുതലായി ഒന്നും പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

MR. PRESIDENT : മി: കണ്ണാറ ഗോപാലപ്പണിക്കർ ഉപക്ഷേപം പ്രസ്സ് ചെയ്യുന്നുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം.

MR. KANNARA GOPALA PANICKER : ഞാൻ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

The motion, by leave, was withdrawn.

MR. PRESIDENT : The question is that Government be granted a sum of Rs. 2,00,000 under Demand VII—Railways.

The motion was put and carried.

The Demand was made.

MR. PRESIDENT : ഈ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ ൧൧ മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The House adjourned at 5 P. M.

R. KERALAVARMA TIRUMULPAD,
Ag: Secretary to the Legislative Assembly

51638

Proceedings of Travancore Legislative Assembly

Vol. 2

p1 Aug 2, 1948-Questions and Answers
p32 Aug 2, 1948-Adjournment Motions
p35 Aug 2, 1948-Financial Business
p37 Aug 2, 1948-Presentation of the Budget
p52 Aug 2, 1948-Travancore University Act(Amendment)Bill-Legislative Business
p82 Aug 2, 1948-Travancore Tea Control Act(Amendment)Bill-Legislative Business
p85 Aug 5, 1948-Questions and Answers
p127 Aug 5, 1948-Appointment of the Committee on Petitions
p128 Aug 5, 1948-Procedure for the General Discussion on the Budget
p130 Aug 5, 1948-General Discussion on the Budget
p135 Aug 5, 1948-Prohibition Bill-Legislative Business
p201 Aug 6, 1948-Questions and Answers
p223 Aug 6, 1948-General Discussion on the Budget
p284 Aug 9, 1948-Questions and Answers
p322 Aug 9, 1948-General Discussion on the Budget
p387 Aug 9, 1948-Death of Mr G Nilakantan References
p394 Aug 9, 1948-General Discussion on the Budget
p407 Aug 9, 1948-Excise-Voting of Demands for Grants
p473 Aug 11, 1948-Questions and Answers
p510 Aug 11, 1948-Land Revenue-Voting of Demands for Grants
p547 Aug 11, 1948-Forest-Voting of Demands for Grants
p587 Aug 12, 1948-Questions and Answers
p621 Aug 12, 1948-Taxes on Income-Demands for Grants
p662 Aug 12, 1948-Railways-Demands for Grants